# മംഗളോദയം

## ൧൦൮൮ വൃശ്ചികം

| പുസ്തകം ൫ | വൃശ്ചികമാസം | ലക്കം ൧ |
| --- | --- | --- |

### മംഗളം

---

'മംഗളോദയം' ... പുസ്തകത്തിന്റെ

# വിഷയാനുക്രമണിക

(അകാരാദി)


| | | |
|---|---|---|
| 1. | ആര്യന്മാരും പൌരാണികകാലവും ... ...<br>ചിറയിൻകീഴ് പി. ഗോവിന്ദപിള്ള | 46 |
| 2. | അംബാസ്തവനവകം ... ...<br>പി. കെ. കേശവപിള്ളശാസ്ത്രി | 125 |
| 3. | ഇക്കാലങ്ങളിലെ വ്യവസായരീതി ..<br>തർജ്ജിമ സി. കെ. | 216 |
| 4. | എടച്ചേനക്കുങ്കന്റെ പരാക്രമങ്ങൾ<br>എം. ആർ. കെ. സി. | 114, 137, 226, 273 |
| 5. | ഒരു മഹാച്ചരമം ... ...<br>കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ | 71 |
| 6. | ഒരു അസാധാരണപരസ്യം ...<br>തേലപ്പുറത്ത് നാരായണനമ്പി | 346 |
| 7. | കപിലനാഥൻ അഥവാ കൃതഘ്നതയുടെ ഫലം ...<br>വി. ഗോപാലമേനോൻ | 9 |
| 8. | കന്നുകാലിസംരക്ഷണസംഘം ... | 189 |
| 9. | കല്ക്കിപുരാണം ... ...<br>അപ്പൻതമ്പുരാൻ | 218 |
| 10. | കീചകന്റെ പുനർജ്ജന്മം ... ...<br>ചെറുശ്ശേരി ഗോവിന്ദൻനമ്പൂരി | 76 |
| 11. | കടിപ്പക .... ...<br>എം. ആർ. കെ. സി. | 49 |
| 12. | കൈത്തൊഴിൽപ്രദർശനം ...<br>കോയത്തു കൊച്ചുണ്ണിമേനോൻ | 290 |
| 13. | കൈലാസയാത്രാപ്രബന്ധം | 231, 263, 326, 344 |
| 14. | കൊച്ചിസാഹിത്യസമാജം ... | 205 |
| 15. | കൊച്ചിയിലെ മനുഷ്യവർഗ്ഗങ്ങളും ജാതികളും | 297, 333 |
| 16. | ചന്ദ്രസംബോധനം ... ....<br>വനജ്യോത്സ്നി | 4 |
| 17. | ചിത്രശ്ലോകാഷ്ടകം ... | 27 |

18. മുടിനെ സംബന്ധിച്ച ചില ശാസ്ത്രതത്വങ്ങൾ ... 36,
ഭാസ്കരാചാര്യർ

19. ജീവിതരഹസ്യം ...
വടക്കേപ്പാട്ട് നാരായണൻനായർ

20. ഞങ്ങളുടെ വായനശാല ... 25, 5

21. ടിപ്പുസുൽത്താനും ബാഠത്തുചട്ടണിയും ... 105, 130,
മൂർക്കോത്തുകുമാരൻ

22. താമരത്തുചെകിത്താൻ ... 283, 3
കെ. ആർ. കെ. ബി. എ. ബി. എൽ.

23. തിരപ്പുറപ്പാട് ... 2
വി. ജി[illegible]

24. തിരുവോണം ... ... 29
കോയാത്തു കൊച്ചുണ്ണിമേനോൻ

25. ദ്രൗപദീസ്വയംവരം ... 19, 33, 69, 112, 145, 20

26. നമ്പൂരിമാരുടെ വിവാഹം ... 11

27. നമ്മുടെ ഭാഷ ... 33
സാമാജികൻ

28. നോവൽ ... 3
മൂർക്കോത്തുകുമാരൻ

29. പാലിഭാഷ ... 2
കെ. വി. എം.

30. പികസന്ദേശഃ ... 123, 231, 297, 333, 36
കൊടുങ്ങല്ലൂർ ആർ. രംഗാചാര്യർ

31. പുസ്തകവായന ... 93, 11
കാവിൽ അവിട്ടത്തിക്കാട്ടു ഭവദാസൻ ഭട്ടതിരിപ്പാട്

32. പൂർണ്ണസരസ്വതീകാവ്യകീർത്തിഃ ... 5

33. പ്ര[illegible]മാഹാത്മ്യം. ... 134, 20
തെക്കേക്കുന്നത്തു കല്യാണിക്കുട്ടിയമ്മ

34. പ്രകൃതിതന്ത്രസാരം ... 234, 21
പി. കൃഷ്ണപിള്ള ബി. എ.

35. പ്രസ്താവന ... 14.

36. പ്രിയംവദയും അനസൂയയും ... 115.
കെ. വി. എം.

37. ബാലകൃഷ്ണന്റെ പിറന്നാൾ ... 516.
പി. ആർ. നാരായണയ്യർ

38. ഭ്രമരികാവിലാപം ... 268, 17.
സി. ഗോദവർമ്മ തിരുമുല്പാട്

ലയാളത്തിലെ ചരിത്രസാമഗ്രികൾ — 181
കെ. എം.

ലയാളഭാഷാസാഹിത്യസംസ്കരണം — 193

ലയാളഭാഷാപോഷണം — 245, 269

മപ്പുത്തൂർ ഭട്ടതിരി — 265
എൻ. പി.

യഥാത്ഥകവിത — 61
അമ്പാടി നാരായണമേനോൻ

യാഗീശ്വരശാപവും അതിന്റെ ഫലവും — 248
എം. ആർ. കെ. സി.

വസൂരി കിറിവെയ്ക്കുന്നതുകൊണ്ടുള്ള ചില ദോഷങ്ങൾ — 44
ടി. പി. ആർ. മേനോൻ

വള്ളോർക്കവിത — 362
കെ. പി. കറുപ്പൻ

വായനശാലയും അതിന്റെ ആവശ്യകതയും — 257
കോയിപ്പിള്ളിൽ പരമേശ്വരക്കുറുപ്പ്

വിദ്യാഭ്യാസം — 266
കെ. വി. എസ്സ്.

വിഷുവും പുതുവർഷാരംഭവും — 252
സി. കെ.

വ്യായാമവും അതിന്റെ ഫലങ്ങളും — 327, 357
കോയാത്തു കൊച്ചുണ്ണിമേനോൻ

ശരീരസുഖം — 147, 220
കോയാത്തു കൊച്ചുണ്ണിമേനോൻ

ശാസ്ത്രീയതത്വങ്ങൾ — 258
സി. കെ.

സജ്ജനസഭ. — 359
തോരണത്തു പരമേശ്വരമേനോൻ

സാഹിത്യസമാജം — 155

സൌന്ദര്യബോധം — 85
കെ. വി. എം.

സംസ്കൃതഭാഷയും പാശ്ചാത്യപണ്ഡിതന്മാരും — 2
നന്ത്യേലത്തു പത്മനാഭമേനോൻ

സംസ്കൃതഗ്രന്ഥസമ്പാദനം — 90
കശ്ശിൽ ഭട്ടാചാര്യ

സ്ത്രീകളുടെ അവകാശങ്ങളും ബാദ്ധ്യതകളും — 97
ടി. സി. കല്യാണിയമ്മ

കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ

# മംഗളോദയം

## ൧൦൮൪ വൃശ്ചികം

| പുസ്തകം ൧ | വൃശ്ചികമാസം | ലക്കം ൨ |
|---|---|---|

### മംഗളം

പൊൽപ്പൂവിൽപ്പെണ്ണുനല്ലാരകത്തുകമിളൽപ്രേമസാരം മുളപ്പി-
ത്തപ്പോളപ്പോളണിപ്പോർമുലയിണയിലണപ്പോരു ചിൽപ്രൌഢിമാനം
കെല്പേറും ദൈത്യദർപ്പോദയപരമനിദാഘാംബുവാഹം ത്രിലോകീ-
ശില്പാകല്പാവികല്പേതരമയി മനമേ! പത്മനാഭം ഭജേഥാഃ.

# പ്രസ്താവന.



വൃശ്ചികമാസത്തിലാണല്ലോ 'മംഗളോദയ' മാസികയുടെ ജന്മനക്ഷത്രം. ചാർച്ചക്കാരെയും വേഴ്ചക്കാരെയും സൽക്കരിക്കുവാനുള്ള ഈ അവസരം പാഴാക്കിക്കളയുന്നത്, ഈ പത്രകുഡുംബത്തിലെ കൈകാര്യകർത്താവിന്റെ മാനത്തിന്നും മര്യാദെക്കും യോജിച്ച ഒരു പ്രവൃത്തിയാകയില്ലെന്നു ഞങ്ങൾക്കു നല്ലവണ്ണം അറിയാം. എങ്കിലും, കൊച്ചിവലിയതമ്പുരാൻതിരുമനസ്സിലെ ഷഷ്ടിപൂർത്തിസത്രത്തിന്നു മംഗളോദയക്കാരും വട്ടംകൂട്ടിവരുന്നതിനാൽ തല്ക്കാലം ഒരു പ്രാതൽമാത്രംകൊണ്ടു കഴിച്ചുകൂട്ടുന്നതിൽ പത്രബന്ധുക്കളാരും പരിഭവിക്കയില്ലെന്നു വിശ്വസിക്കുന്നതിന്നു വിരോധമൊന്നും കാണുന്നില്ല.

ഞങ്ങളുടെ മാസികക്കു ചെറുപ്പകാലം വിട്ടിട്ടില്ലെങ്കിലും, കളിവിടേണ്ട കാലമായി എന്നാണു തോന്നുന്നത്. അതിനെ എടുത്തു ലാളിക്കുന്നവരിൽ ആൾഭേദംകൊണ്ടും പ്രകൃതിഭേദംകൊണ്ടും നല്ലതു പറഞ്ഞു

കൊടുക്കുന്നവരും ചീത്ത പറഞ്ഞുകൊടുക്കുന്നവരും, അതിനെ പരിപാലിക്കുന്നവരിൽ വേണ്ടതുകൊടുക്കുന്നവരും കൊടുക്കേണ്ടതു കൊടുക്കാത്തവരും ധാരാളം ഉണ്ടെന്നുള്ളതു സാധാരണ നാട്ടുനടപ്പിന്നു വിരോധമല്ലെങ്കിലും, ദോഷങ്ങളുടെ ബാധ കഴിയുന്നതും കൂടാതെ കാത്തുരക്ഷിക്കേണ്ടുന്ന ഭാരം അകൈതവമായി അതിനെ അറിഞ്ഞുകൊണ്ടു സ്നേഹിക്കുന്നവരിൽനിന്നു് ഒരു കാലത്തും ഒഴിഞ്ഞുപോകുന്നതല്ല. ഈ ഒരു ചുമതല നിൎവ്വഹിക്കുന്നതു സുഖസാദ്ധ്യമാവണമെന്നുള്ള വിചാരത്തോടുകൂടിയാണ് ഞങ്ങൾ അതിനെ ഒരു യോഗത്തിൽ സമൎപ്പിച്ചിട്ടുള്ളത്. യോഗംകൊണ്ടുള്ള ഫലംതന്നെയാണ് അതിന്റെ ഭാവിശ്രേയസ്സിന്നു് അവലംബമായിട്ടുള്ളതും. ദുഷ്ടസംസൎഗ്ഗം അത് ാരികലും ഉണ്ടായിക്കൂടെന്നും, ഉള്ള ന്ന ഉദാസിക്കണമെന്നും, നല്ലതിനെ ത്ഥവാഹിക്കണമെന്നും, മുട്ടുശാന്തി മേലാൽ കൂടാതെ കഴിക്കണമെന്നും, ആയതിലേക്കു താമസിയാതെ ഒരു സാഹിത്യയോഗം കൂടണമെന്നും, വരുവാൻപോകുന്ന ഷഷ്ടിപൂൎത്തിലക്കം പോലെ വിശേഷവിധിയായ എന്തെങ്കിലും ഒരേൎപ്പാടു കൊല്ലംതോറും വേണമെന്നും ആകുന്നു ഈ യോഗത്തിലെ നിബന്ധനകൾ. വരുന്നതു വരാതെകഴിക്കുവാൻ ആരെക്കൊണ്ടും സാധിക്കുന്നതല്ലെങ്കിലും 'വരുന്നതുവരട്ടെ' എന്നു വിചാരിച്ചു് കാൎയ്യംവിട്ടു കളിക്കുവാൻ യോഗക്കാരും, കളികണ്ടുരസിക്കുവാൻ ശേഷമുള്ളവരും മേലാൽ ഒരുക്കമുള്ളവരല്ല.

"ഉലകാം നെടുപോൎക്കളത്തിലെക്കെ-
നിലയാം ജീവിതകാലമായതിങ്കൽ
അടയും ജഡഗോക്കളാകൊലാ, വൻ-
പടയാളിപ്പടി പോരടിച്ചു നില്ക്ക."

സംസ്കൃതഭാഷയും

# പാശ്ചാത്യപണ്ഡിതന്മാരും.

ഈ തലവാചകത്തോടുകൂടി ഒരു ലേഖനം 'മംഗളോദയ'ത്തിന്റെ നാലാംപുസ്തകത്തിലെ ഒരു ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ടല്ലോ. അതിൽ പറഞ്ഞ സംഗതികളുടെ അവശേഷമായി ഏതാനും വിഷയങ്ങൾകൂടി എഴുതേണ്ടതായിട്ടുണ്ട്. അതിൽ പറഞ്ഞുനിൎത്തിട്ടുള്ളത് വിൽസന്റെ കാലംവരെയാണ്. "വിൽസന്റെ" കൃതികളിൽ പ്രധാനമായ ഒന്നു "മുദ്രാരാക്ഷസ"മെന്ന സംസ്കൃതനാടകത്തിന്റെ തൎജ്ജമയാകുന്നു. ഇദ്ദേഹം "മാലതീമാധവം"–"വിക്രമോൎവ്വശീയം" എന്ന പ്ര

സിദ്ധനാടകങ്ങളുംകൂടി ലളിതമായും അത്ഥപൂൎണ്ണമായും ഉള്ള ഭാഷയിൽ തൎജ്ജമ ചെയ്തിട്ടുണ്ട്. "വിൽസൻെറ" മരണകാലത്തോടുകൂടി സംസ്കൃതഭാഷാപരിണാമത്തിൻെറ രണ്ടാംദശയാരംഭിച്ചുവെന്നു പറയാം. കാളിദാസപ്രഭൃതികളുടെ ജനനകാലത്തു തുടങ്ങിയ ആദ്ധ്യത്തെ ദശ ഭവഭൂതിയുടെ മരണത്തോടുകൂടിയവസാനിച്ചു. പിന്നീടു രജപുത്രപ്രാധാന്യകാലത്തു ചില കൃതികൾ ഉണ്ടായിട്ടുണ്ടെങ്കിലും അവയ്ക്കു മുമ്പുള്ളവയോളം പ്രചാരം സിദ്ധിച്ചിട്ടില്ല. ഹൈന്ദവസാഹിത്യകോശത്തിലെ അനശ്വരരത്നങ്ങളായ പല കൃതികൾക്കും ലോകമാസകലം പ്രചാരം സിദ്ധിച്ച 'വിൽസൻെറ' കാലത്തെയാണു സംസ്കൃതഭാഷയുടെ അഭ്യുന്നതിയിൽ മദ്ധ്യകാലമായി വിചാരിക്കേണ്ടത്. "കാളിദാസൻെറ" കാലത്തു സംസ്കൃതഭാഷ "ഇന്ത്യ" മുഴവനും വ്യാപിച്ചു. "ജോൺസ്"-"വിൽസൻ" ഇവരുടെ കാലത്തു ഈ ഭാഷയുടെ മാഹാത്മ്യം ലോകമെങ്ങും വ്യാപിച്ചു. ആദ്യകാലത്തുണ്ടായ സംസ്കൃതകൃതികളുടെ തൎജ്ജമകൾ, ഇംഗ്ലീഷിൽ എന്നപോലെ മററുപല ഭാഷകളിലും ഉണ്ടായതു് ഇക്കാലത്താണ്.

"വിക്രമാദിത്യ" മഹാരാജാവിൻെറ പിൻവാഴ്ചക്കാരായ "ശിലാദിത്യൻ" മുതലായവരുടെ കാലത്തുണ്ടായ പല കൃതികളെയും പല ഭാഷകളിലേയ്ക്കും തൎജ്ജമ ചെയ്തിട്ടുണ്ട്. "ഗ്രിഫിത്ത്" എന്ന പണ്ഡിതൻ കുമാരസംഭവവും "ബോയ്ഡ്" എന്ന മഹാൻ നാഗാനന്ദവും ഭാഷാന്തരപ്പെടുത്തിയിരിക്കുന്നു. 'നാഗാനന്ദം' ഹിന്തുമതത്തേയും ബൌദ്ധമതത്തേയും അനുസരിച്ചുള്ള ഒരു കൃതിയാണ്. ക്രിസ്ത്വാബ്ദത്തിന്നു മുമ്പു ആറാംനൂററാണ്ടിൽ സംസ്കൃതത്തിൽ ആദ്യമായി രചിച്ചിട്ടുള്ള "പഞ്ചതന്ത്ര" കഥകൾ പിന്നീടു ഇംഗ്ലീഷിലേയ്ക്കു തൎജ്ജമ ചെയ്തിട്ടുണ്ട്. ഏഷ്യയിലുള്ള 'പെർഷ്യൻ' 'അറബി' 'ഹീബ്രു' എന്നീ ഭാഷകളിലും യൂറോപ്പിലുള്ള 'ജൎമ്മൻ' 'സ്പാനിഷ്' 'ഗ്രീക്ക്' എന്നീ ഭാഷകളിലും ഈ കഥകൾ 'പില്പയുടെകഥകൾ' എന്ന വ്യാജനാമധേയത്തിൽ പകൎത്തിയിരിക്കുന്നു. കാലക്രമേണ ഈ ഗ്രന്ഥം യൂറോപ്പിലെ സകലഭാഷകളിലും ധാരാളം പ്രചരിക്കുവാൻതുടങ്ങി. 'പ്രഫസർടാണി' എന്ന മഹാൻ ഭർത്തൃഹരിയുടെ കൃതികളിൽ പലതും ഭാഷാന്തരപ്പെടുത്തിയിരിക്കുന്നു.

സംസ്കൃതഗ്രന്ഥങ്ങളുടെ തൎജ്ജമകൾ പുറത്തായതോടുകൂടി അവയുടെ മൂലഗ്രന്ഥങ്ങൾതന്നെ വായിക്കുവാനുള്ള മോഹം ജനസാമാന്യത്തിന്നു വൎദ്ധിച്ചുതുടങ്ങി. ഇതിൽ എന്താണ് അത്ഭുതം? പ്രാചീനകാലത്തു പൌരാണികന്മാരുടെ ഇടയിലും മദ്ധ്യകാലങ്ങളിൽ (Mediæval ages) പാശ്ചാത്യന്മാരുടെ ഇടയിലും വളരെ പ്രാബല്യം സിദ്ധിച്ചിരുന്ന ആശയങ്ങൾ അടങ്ങിയിരിക്കുന്ന കൃതികളിൽ ആൎക്കാണ് അഭിരുചിജനിക്കാതിരിക്കുന്നതു? സംസ്കൃതഭാഷയുടെ ആദിമകാലത്തു വളരെ പ്രാബല്യത്തോടുകൂടി രാജ്യഭാരം ചെയ്തിരുന്ന 'വിക്രമാദിത്യൻ' മുതലായ രാജാക്കന്മാരുടെയും, നന്ദവംശക്കാരുടെയും ജനസാമാന്യത്തിൻെറയും ശക്തിയേയും സ്ഥിതിയേയും അറിവാനുള്ള മുഖ്യമാൎഗ്ഗങ്ങൾ ഈവിധമുള്ള കൃതികളാകുന്നു. ചരിത്രനിൎമ്മാണത്തിൽ പരിശീലമില്ലായ്മയാലോ വൈമുഖ്യമുള്ളതിനാലോ നമ്മുടെ പൂൎവ്വികന്മാർ അവരെപ്പററി യാതൊന്നും എഴുതിവെച്ചിട്ടില്ല. അതുകൊണ്ടു, ഇക്കാലങ്ങളിൽ ചരിത്രകാരന്മാരെ സഹായിക്കുന്ന ചില സംഗതികൾ ചിന്ത

വികിടക്കുന്നതു ഈ ഗ്രന്ഥങ്ങളിലാകുന്നു. സാഹിത്യരസികന്മാരെയും തത്വജ്ഞാനികളെയും ചരിത്രകാരന്മാരെയും ഒരുമാതിരി രസിപ്പിക്കുന്ന ഈ കൃതികൾ വിൽസന്റെ കാലത്താണു പൊതുജനദൃഷ്ടിയിൽപ്പെട്ടതു്.

ഇതുവരെ രാജ്യാധികാരം കൈവശമുള്ള കമ്പനിക്കാർ സംസ്കൃതഭാഷാപോഷണാർത്ഥം യാതൊന്നും പ്രവർത്തിച്ചിരുന്നില്ല. എന്നാൽ "വാറൻ ഹേസ്റ്റിങ്ങ്സ്" (Warren Hastings) ഗവർണർ ജനറലായപ്പോൾ ഈ ദുരവസ്ഥ തൽക്കാലം ഒരു പരിഹാരം സിദ്ധിച്ചു. സംസ്കൃതഭാഷ പഠിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിലും നവീനഗ്രന്ഥങ്ങൾ രചിക്കുന്നവരെ സഹായിക്കുന്നതിലും ഇദ്ദേഹം അതിയായ താല്പര്യം കാണിച്ചിരുന്നു. ഇങ്ങിനെ പല സംഗതികൾ ചേർന്നാണു ഇക്കാലത്തെ ഇത്ര മഹത്താക്കിത്തീർത്തിട്ടുള്ളതു്. ഇനി സംസ്കൃതഭാഷാപരിണാമത്തിന്റെ മൂന്നാംദശയായ "മോണിയർ വില്യംസ്"-"മാക്സ് മുള്ളർ" ഇവരുടെ കാലത്തെപ്പറ്റിയും കൃതികളെപ്പറ്റിയും പരിചരിക്കാം.

നന്ത്യേലത്തു പത്മനാഭമേനോൻ

# ചന്ദ്രസംബോധനം.

നീരിത്താർമകൾ, കല്പദ്രുമ,മമൃതു മുതല്ക്കുള്ള സദ്വസ്തുപൂരം
പൂരിക്കും പൂർണ്ണഭാഗ്യത്തൊടു തവ ജനനം സന്മുഹൂർത്തത്തിലല്ലോ;
ആരിമ്മട്ടുള്ള കൂടപ്പിറവിയൊടു പിറന്നുള്ള നിയ്യെന്നിയിന്നി-
പ്പാരിൽസ്സൗഖ്യം തിരഞ്ഞാ,ലൊരുപുരുഷനായോ! നീയു പീയൂഷമൂർത്തേ!
(2) താരാജാലങ്ങളില്ലേ, മഹിമ പെരുകിടുന്നാഗ്രഹസ്തോമമില്ലേ,
സാരാലങ്കാരമാകും സുഷമ തടവിടും മറ്റു ഗോളങ്ങളില്ലേ,
ആരാണങ്ങെന്നിയന്യർ നിശയിലിരുളകറ്റീടുവാൻ തക്കരാജാ-
വാരാലും പൂർണ്ണനങ്ങു നവികലസുഷമം ഭൂരി ശോഭിച്ചിടുന്നു.
(3) എന്നാലപ്പൂർണ്ണസൗഖ്യം ജനഗണമവിടേക്കില്ലെങ്കിലും തിങ്കളേ! ചെ-
റൊന്നല്ലാക്കൂടി നോക്കീടുകിലൊരു വലുതാം ദോഷവും കാണ്മു നിന്നിൽ
നന്നല്ലോ ഹന്ത നിന്നാശ്രയകമിഹ നന്നാം കജ്ജളം നീ സുധാംശോ
തിന്നുന്നുള്ളോരു വൈമലസുരർ വിഷകണ്ണപ്പൊട്ടു തൊട്ടോരു മട്ടിൽ.

വനജ്യോൽസ്നി

# ജീവിതരഹസ്യം*

ബന്ധമോക്ഷനിരൂപണം—തുടൎച്ച.

—oXo—

ഈ ജന്മത്തിലുള്ള പ്രാപഞ്ചികവ്യവഹാരങ്ങൾ മിഥ്യാരൂപങ്ങളും അസത്തുക്കളുമാണെന്നു വന്നിരിക്കുമ്പോൾ മററുള്ള ജന്മങ്ങളുടെ കഥ പറയേണ്ടതുണ്ടോ. മോക്ഷം എന്നുവേണ്ട, ഒരു കാൎയ്യവും അറിവുള്ളവരുടെ ആലോചനയിൽ, പൂൎവ്വജന്മത്തിന്റെ ഫലമോ പുനൎജ്ജന്മത്തിന്റെ കാരണമോ അല്ല. തത്വവിചാരത്തിന്റെ ഫലം പ്രത്യക്ഷമായിരിക്കുന്നതാകുന്നു. അതു ഭാവിയായ ഒരു ജന്മത്തിന്നുശേഷം അനുഭവിപ്പാനുള്ളതല്ല. ജീവിച്ചിരിക്കുമ്പോളുള്ള സന്തോഷത്തെ ഉദ്ദേശിച്ചാണ് സകല ശാസ്ത്രങ്ങളുടേയും പ്രവൃത്തി. ഈ മോക്ഷസുഖത്തെ അനുഭവിച്ചുംകൊണ്ടു ജീവിക്കുന്നവരെ ജീവന്മുക്തന്മാരെന്നു പറയുന്നു. ജീവന്മുക്തന്മാരെ നമ്മുടെ ശാസ്ത്രങ്ങളിൽ വളരെ പ്രശംസിക്കുന്നു. യഥാൎത്ഥത്തിൽ അവരാണ് എത്ര വലിയ പ്രശംസക്കും പാത്രമായിട്ടുള്ളവർ. ജീവന്മുക്തിയിൽനിന്നു ഭിന്നമായ ഒരു മോക്ഷംതന്നെ ഇല്ല. മരണത്തിന്നുശേഷം മോക്ഷത്തെ ലഭിക്കുക എന്നുള്ള സംഗതി യുക്തിക്കു യോജിക്കുമെന്നു തോന്നുന്നില്ല. ബന്ധത്തിന്റെ സ്വരൂപം ആലോചിക്കുമ്പോൾ മുമ്പറഞ്ഞ സങ്കല്പസാമാന്യം തന്നെയാണതെന്നു വെളിപ്പെടുന്നുണ്ടല്ലോ. ആ ബന്ധത്തിൽനിന്നു വേർപെടുന്നതു മരണത്തിന്നുശേഷമേ സാദ്ധ്യമാകയുള്ളു എന്നോ, ജീവനുള്ളപ്പോൾ സാധിക്കയില്ലെന്നോ വരുന്നതല്ല. ബന്ധം, ലൌകികമായും ശാസ്ത്രീയമായും രണ്ടു വിധത്തിലാകുന്നു. ലൌകികമായ ബന്ധം ഭൌതികങ്ങളായ പദാൎത്ഥങ്ങളിൽ എല്ലാററിലും തനിക്കുണ്ടാകുന്ന സങ്കല്പഭേദമാകുന്നു. ശാസ്ത്രീയബന്ധം അതല്ല. ശാസ്ത്രത്തിന്റെ വകയായി നമ്മുടെ സങ്കല്പത്തിലേക്കു കടന്നുകൂടീട്ടുള്ള ചില പ്രതിബിംബങ്ങളെ ശാസ്ത്രീയബന്ധമെന്നു പറയാം. ലൌകികബന്ധത്തെക്കാൾ ഇതിന്നു ബലമധികമുണ്ട്. നമ്മുടെ നിത്യാനുഭവത്തിന്നു ഗോചരമായ ലൌകികബന്ധവും ശാസ്ത്രശാസനാസിദ്ധമായ ബന്ധവും, തമ്മിൽ സദൃശങ്ങളായിരിക്കയില്ലല്ലോ. ഈശ്വരൻ, സ്വൎഗ്ഗം, നരകം, ദേവന്മാർ തുടങ്ങിയ പദാൎത്ഥങ്ങൾ ശാസ്ത്രസമ്പ്രദായസിദ്ധങ്ങളാണല്ലോ. ഈ വസ്തുക്കളെക്കൊണ്ടു ശാസ്ത്രകാരന്മാർ വളരെ പ്രയോജനങ്ങളെ ആഗ്രഹിച്ചിട്ടുണ്ട്. അവ സാധിച്ചുവരുന്നുണ്ടു; സാധിക്കേണ്ടതും തന്നെ. ലോകത്തിൽ സാമുദായികജീവിതസൌകൎയ്യം കിട്ടേണമെങ്കിൽ ഈശ്വരാദികളായ ശാസ്ത്രീയബന്ധസാമഗ്രികളില്ലാതെ സാധിക്കുമെന്നു തോന്നുന്നില്ല. ഈശ്വരാദികളെപ്പററിയുള്ള നമ്മുടെ സങ്കല്പങ്ങളൊന്നും ഈ ശരീരത്തേയോ പ്രത്യക്ഷമായ ഈ ലോകത്തേയോ സംബന്ധിച്ചിരിക്കുന്നതല്ല. ശാസ്ത്രത്തിന്റേയും പുരാണാദികളുടേയും സൃഷ്ടികളാണ് ആ പദാൎത്ഥങ്ങൾ. ഈ ശാസ്ത്രീയബന്ധം മനുഷ്യന്നു ഹിതകരമായി

* പകൎപ്പവകാശം ലേഖകന്നു സ്വാധീനം.

ിക്കുന്നതുകൊണ്ടു, ജ്ഞാനികൾ അതിനെ സർവ്വാത്മനാ നിഷേധിക്കുന്നില്ല. അതുകൊണ്ടു മരണത്തിനു ശേഷമാണ് സ്വർഗ്ഗാദ്യുപാധികളും മറ്റും നമുക്ക് അനുഭവപ്പെടുന്നതെന്നു പറഞ്ഞിട്ടുള്ള കൂട്ടത്തിൽ മോക്ഷത്തേയും ഉൾപ്പെടുത്തി പറഞ്ഞു എന്നു മാത്രമേ ഉള്ളൂ. ലോകത്തിൽ സത്യധർമ്മാദികളെക്കൊണ്ടു സമാധാനം നിലനിർത്തുന്നതിന് പരലോകം എങ്ങിനെ ഉപകരിക്കുന്നുവോ, അതുപോലെ പ്രപഞ്ചതത്വഗ്രഹണമില്ലാത്തതുകൊണ്ടുള്ള ചിന്ത, ഭയം മുതലായ മനോവികാരങ്ങളെ നശിപ്പിച്ച് ശാന്തിയേയും ആനന്ദത്തേയും വർദ്ധിപ്പിക്കണമെന്നുള്ള പരമോദ്ദേശത്തിന്മേൽ വിദേഹമോക്ഷത്തെപ്പറ്റി മഹാന്മാർ പ്രസ്താവിച്ചതാകുന്നു. മേൽപ്പറഞ്ഞ സങ്കല്പസാമ്രാജ്യമാകുന്ന മായാബന്ധത്തിൽനിന്നു വേർപെടുന്നതുകൊണ്ടുള്ള വലിയ കൃതാർത്ഥതയായ അനുഭവംകൊണ്ടു മാത്രം വിശ്വസിക്കുന്നതിനേ നിവൃത്തിയുള്ളൂ. 'അനുഭവൈകവേദ്യ'മെന്ന് ആ പരമാനന്ദത്തെപ്പറ്റി പറയുന്നത് ഇതുകൊണ്ടാകുന്നു. ആ കൃതാർത്ഥതയെ മുൻനിർത്തിക്കൊണ്ടു തത്വചിന്തനമാകുന്ന സാത്വികസുഖത്തിലേക്കു സുലഭമാകുന്നതു സാധാരണ ആധിഭൗതികസുഖങ്ങളിൽ തൃപ്തിപ്പെട്ടു പരിചയിച്ചിട്ടുള്ള ഹൃദയത്തിന്നു അസാദ്ധ്യമാകുന്നു. ആ പ്രത്യക്ഷവും സർവ്വാതിശായിയുമായ ഒരു പരമാനന്ദത്തെ ലക്ഷ്യമാക്കിക്കാണിച്ചു കൊടുക്കുന്നതായാൽ വിഷയവിഷരസാർദ്രമായ മനോവൃത്തിക്കു സരസമായ പ്രവേശത്തിന്നിട വരുന്നതാണ്. ഈ വക സംഗതികളാണ് വിദേഹമോക്ഷത്തിന്റെ ആവിർഭാവത്തിന്നു കാരണം. ശാസ്ത്രങ്ങളിൽ വളരെ പ്രകാരത്തിൽ വർണ്ണിച്ചു ദൃഢമായി സ്ഥാപിച്ചിട്ടുള്ള വിദേഹമോക്ഷത്തെ ഇങ്ങിനെ ഒരു വാക്കുകൊണ്ടു ഞാൻ ഖണ്ഡിക്കുന്നതായി വായനക്കാർ വിചാരിക്കരുത്. എനിക്കും നിങ്ങൾക്കും ഈ വക സംഗതികളിൽ ഒരു പക്ഷപാതവുമില്ല. ജീവന്മുക്തികൊണ്ടു ജന്മാന്തരത്തെയുണ്ടാക്കുന്ന വാസന നശിച്ചിരിക്കുന്നു. പ്രാരബ്ധവശാൽ ജീവന്മുക്തന്മാർ അനുവർത്തിച്ചു കാണുന്ന വാസന ഭ്രഷ്ടബീജംപോലെയോ ദഗ്ദ്ധപടംപോലെയോ ഇരിക്കുന്നതാണ്. ശരീരനാശാനന്തരം ഈ ബീജം പിന്നെ മുളയ്ക്കുകയില്ല. അപ്പോൾ പിന്നെ ജീവന്മുക്തന്മാർക്കുള്ള അനുഭവമെന്ത്? ആയാൾ ശരീരധാരണം ചെയ്തുകൊണ്ടിരുന്നപ്പോളനുഭവിച്ചിട്ടുള്ള മോക്ഷാനന്ദംതന്നെ. ജീവന്മുക്തിസുഖത്തിന്നായി നാം പ്രയത്നം ചെയ്ക; നമുക്കു നിത്യാനന്ദാനുഭവമുണ്ടാകും. ശരീരനാശം നാമാവശ്യപ്പെടാതെതന്നെ വരും. അതുവരെയുണ്ടായിരുന്ന നിരർത്ഥമായ വാസനാശകലം നീങ്ങും. പിന്നെയുണ്ടാകുന്നതു മുമ്പത്തെ നിത്യാനന്ദം മാത്രം. ഈ സ്ഥിതിക്കു നിങ്ങൾ വിദേഹമുക്തിയെന്നോ മറ്റോ പേരു കൊടുക്കുന്നുവെങ്കിൽ വിരോധമില്ല. ജീവന്മുക്ത്യനുഭവത്തിന്നർഹനല്ലാത്തവന്നു വിദേഹമോക്ഷമില്ല. അതുള്ളവന്നു വിദേഹമോക്ഷം വേണ്ടെന്നുവെച്ചാൽ പോകയുമില്ല. ഇതാണു പരമാർത്ഥം. പ്രാപഞ്ചികങ്ങളായ വിഷയങ്ങളിൽനിന്നു മാത്രമല്ല, ഈശ്വരാദികളിൽനിന്നും വിദേഹമോക്ഷത്തിൽനിന്നുകൂടിയും നമുക്കു മോക്ഷം ആവശ്യകമാണെന്നു ഇപ്പോൾ സ്പഷ്ടമായി. ഇത് മഹാവാക്യത്തിന്റെ താല്പര്യത്തിൽ അടങ്ങിയിരിക്കുന്ന സംഗതിയാകുന്നു. ഈ മോക്ഷത്തെ ലഭിക്കേണമെങ്കിൽ നാം എന്തു ചെയ്യേണമെന്നുള്ള ചോദ്യത്തിന്നു തത്വവിചാരം ചെയ്യേണമെന്നു മാത്രമാണ് ചുരുക്കത്തിൽ പറവാനുള്ള ഉത്തരം. പ്രപഞ്ചത്തിന്റെ യഥാർത്ഥസ്വഭാവമെന്തെന്നു

ള്ള അന്വേഷണത്തെയാണു് ആത്മവിചാരമെന്നിവിടെ പറഞ്ഞതു്. അതുകൊണ്ടു നമ്മുടെ സുഖദുഃഖങ്ങൾക്കു കാരണഭൂതമായി നാം കാണുന്ന ലൌകികങ്ങളായ ഭാവാഭാവങ്ങൾക്കു നമ്മുടെ മേലുള്ള അധികാരം തീരെ നശിച്ചുപോകും. അപ്പോൾ നമുക്കുണ്ടാകുന്ന ഭയത്തിന്നും വ്യസനത്തിന്നുമുള്ള വലിയ അവലംബം ശൂന്യമായിത്തീരും.

ഈ സ്ഥിതിയിൽ എത്തീട്ടുള്ള ഒരു തത്വജ്ഞന്റെ ജീവിതം ഏതു നിലയിലായിരിക്കണമെന്നാണു് ഇനിയത്തെ ഒരു കാൎയ്യമായ ആകാംക്ഷയുള്ളതു്. ഇതിൽ നമ്മുടെ പൂൎവ്വന്മാർ പലരും പലവിധം അഭിപ്രായം പറയുന്നുണ്ടു്. പ്രപഞ്ചസുഖങ്ങളുടെ അവ്യവസ്ഥിതത്വം മനസ്സിലായാൽ—വൈരാഗ്യമുണ്ടായാൽ— ഉടനെത്തന്നെ സന്ന്യസിക്കണം ('യദഹരേവ വിരജേത്തദഹരേവപ്രവ്രജേൽ') എന്നു ചിലരും, ആത്മദ്ധ്യാനം ചെയ്തു നിൎവ്വികല്പസമാധിയിൽത്തന്നെ ജീവിതത്തെ നയിക്കേണമെന്നു് വേറെ ചിലരും, സൽക്കൎമ്മങ്ങൾ ചെയ്തു സ്വസ്ഥമായി ആഗ്രഹംകൂടാതെ പ്രപഞ്ചത്തിൽ ജീവിച്ചിരിക്കേണമെന്നു ചിലരും, "തച്ചിന്തനം തൽകഥനമന്യോന്യം തൽഭാഷണം, ഏതദേകപരത്വംച ബ്രഹ്മാഭ്യാസം വിദുർബുധാഃ" എന്നുള്ള വചനപ്രകാരം ബ്രഹ്മാഭ്യാസം ചെയ്യേണമെന്നു മറ്റു ചിലരും, "ഇതൊന്നും ആവശ്യമില്ല; കൃഷി, കച്ചവടം, കൈത്തൊഴിൽ, തുടങ്ങിയ ഏതൊരു വ്യാപാരവും ജ്ഞാനത്തിന്നോ മോക്ഷത്തിന്നോ പ്രതികൂലമാകുന്നതല്ല. അതുകൊണ്ടു് ജ്ഞാനിയായ ഒരുവന്റെ അതുവരെയുള്ള ഒരു വ്യാപാരത്തേയും മാറ്റുകയോ പുതുതായ കൎമ്മത്തെ ചേൎക്കുകയോ ആവശ്യമില്ല. അവന്റെ ആഭ്യന്തരമായ ബോധം ദശപടന്യായേന പ്രകാശിക്കുന്ന ബാഹ്യപ്രപഞ്ചത്താൽ ബാധിക്കപ്പെടുന്നതല്ല. ബന്ധം സങ്കല്പസാമാന്യമാണെന്നും അതു മിഥ്യയും അവ്യവസ്ഥിതവുമാണെന്നും ഇതുവരെ താൻ ബദ്ധനും ദുഃഖിതനുമാണെന്നു വിചാരിച്ചിരുന്നതു അവിവേകംകൊണ്ടാണെന്നും ഏതവസരത്തിൽ മനസ്സിലാകുന്നുവോ ആ ക്ഷണം അവൻ മുക്തനായിത്തീരും. അതിന്നുമുമ്പും അവൻ മുക്തൻതന്നെ ആയിരുന്നു എന്നതിന്നു സംശയമില്ല. പിന്നെ അതേ രീതിയിൽ പ്രപഞ്ചവ്യവഹാരത്തിൽത്തന്നെ ജീവിതം കഴിച്ചുകൂട്ടുന്നതുകൊണ്ടു ബന്ധം പുത്തനായി വന്നുചേരുന്നതിന്നു വഴിയുണ്ടോ? അതുകൊണ്ടു ഏതു പ്രവൃത്തിയും മൂഢന്മാരായ ജനങ്ങളെപ്പോലെതന്നെ ചെയ്തുകൊണ്ടിരിക്കുന്നതു് കേവലം അറിവില്ലായ്മകൊണ്ടാണെന്നു വിചാരിക്കേണ്ടതില്ല." എന്നു വേറെ ചിലരും അഭിപ്രായപ്പെടുന്നുണ്ടു്.

എപ്പോഴും നാം ചെയ്യേണ്ടതു പൊതുവിലുള്ള സങ്കല്പസാമാന്യത്തെ അനുസരിച്ചിരിക്കയാകുന്നു. അതു അവ്യവസ്ഥിതമാകകൊണ്ടു്, അതിന്റെ മാറിമാറിവരുന്ന ധൎമ്മങ്ങളെ അനുഗമിക്കുന്നതിന്നു കുറെ പ്രയാസമുണ്ടു്. എന്നാൽ പ്രയാസപ്പെട്ടും നാം അതിനെ അനുഗമിക്കുകതന്നെ വേണം. ലോകത്തിൽ മാംസാദിഭക്ഷണം ഒരു ഉൽകൃഷ്ടകൃത്യമാണെന്നു കാണുന്ന അവസരങ്ങളിൽ ആ ധൎമ്മത്തിൽ താൻ ഇഷ്ടപ്പെടണം. ഏതവസരത്തിൽ തന്റെ മനോവൃത്തിക്കു് അരോചകമായി സങ്കല്പസാമാന്യത്തിന്റെ ധൎമ്മത്തിന്നു മാറ്റം വരുന്നുവോ ആ അവസരത്തിൽ അതിന്റെ ആ മാറ്റത്തിന്നു കഴിയുന്നത്ര വിഘ്നങ്ങളു

ണ്ടാക്കുന്നതിന്നു ശ്രമിക്കണം. സാധിക്കാത്തപക്ഷം തന്റെ വ്യഷ്ടിസങ്കല്പത്തിന്റെ വൃത്തിയെ അതിനോടു യോജിപ്പിച്ച് ശീലിപ്പിക്കണം. ഇതിനാണ് പൌരുഷം എന്നു പേർ. ഈ പൌരുഷംകൂടാതെ ജീവിച്ചിരിക്കുന്നതിന്നു വിഷമം തന്നെ. ഈ പൌരുഷത്തെത്തന്നെയാണ് പ്രാരബ്ധമെന്നു മഹാന്മാർ പറയുന്നതും. "പ്രാരബ്ധം ബലവത്തരം ഖലു വിദാം ഭോഗേന തസ്യ ക്ഷയഃ" എന്നും മററും പറയപ്പെട്ടിരിക്കുന്നതു നോക്കുക. മേൽപ്പറഞ്ഞ വിധം സങ്കല്പസാമാന്യത്തിന്റെ ധൎമ്മങ്ങളെ അനുഗമിക്കുന്നതിന്നോ എതിൎക്കുന്നതിന്നോ താൻ ചെയ്യുന്ന പൌരുഷം അസ്ഥാനത്തിലോ അനുചിതമായോ പരിണമിക്കുമ്പോളുണ്ടാകുന്ന ദുഃഖത്തെ അനുഭവിപ്പാൻ മുക്തനും ബാദ്ധ്യസ്ഥൻ തന്നെ. മുക്തന്റെയും അവിവേകിയുടെയും സുഖദുഃഖാനുഭവങ്ങൾക്കു കാൎയ്യമായ വ്യത്യാസമുണ്ട്. യഥാൎത്ഥജ്ഞാനത്തോടുകൂടിയും ഭയംകൂടാതെയും ഇരിക്കുന്ന ജ്ഞാനിയുടെ മനോവൃത്തിയിൽ ദുഃഖങ്ങൾക്കു കുറെ നേരത്തേയ്ക്കു താമസിക്കാനുള്ള അവകാശമില്ല. അജ്ഞാനിയുടെ ഹൃദയത്തിലാവട്ടെ ഇവയുടെ വിലാസലീലകൾക്കു ധാരാളം സ്ഥലം അനുവദിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു പൌരുഷപ്രാരബ്ധാനുഭവത്തോടുകൂടി സൎവ്വകൎമ്മങ്ങളും ചെയ്തുകൊണ്ടു ജീവിക്കുന്നതു വിരുദ്ധമല്ല. "കുൎവ്വന്നേവേഹ കൎമ്മാണി ജിജീവിഷേച്ഛതം സമാഃ" ഇത്യാദി ശ്രുതിവാക്യങ്ങൾ മേൽപറഞ്ഞ സംഗതിയെ ദൃഢമായി സ്ഥാപിച്ചിട്ടുണ്ടല്ലോ.

പ്രപഞ്ചതത്വഗ്രഹണമുള്ളവൎക്ക് ഏതുവിധം കൎമ്മത്തിലും വൈഷമ്യം തോന്നുന്നതല്ല. ഇപ്പോൾ നമ്മുടെ ഇന്ത്യാരാജ്യത്തു മുഴുവൻ ഇംഗ്ലീഷുകാരുടെ മാഹാത്മ്യവും, പരിഷ്കാരവും, ഭാഷയും പരന്നിരിക്കുന്നു. ഇന്നത്തെ ഇന്ത്യൻസങ്കല്പസാമാന്യം ഇംഗ്ലീഷുസമ്പ്രദായങ്ങളെ അഭിനന്ദിക്കുന്നു. ഒരുവന് ഈ കാലത്തു മാന്യമായ സ്ഥാനം കിട്ടേണമെങ്കിൽ തീൎച്ചയായും ഇംഗ്ലീഷുസമ്പ്രദായങ്ങളെ പിന്തുടരണം. ഇംഗ്ലീഷുഭാഷ പഠിക്കുന്നതിന്നു തനിക്കരുചിയോ അശക്യതയോ ഉണ്ടായിവന്നാൽ ഇംഗ്ലീഷുസമ്പ്രദായത്തിൽ രസിക്കുന്ന എല്ലാവരെയും നിന്ദിച്ചും പരിഹസിച്ചും അവൎക്കു വേണ്ടേടത്തോളം ഉപദ്രവങ്ങളുണ്ടാക്കിയും അവരുടെ അഭിമാനത്തെ നശിപ്പിച്ചു ശുദ്ധവൈദികന്മാരാക്കി തന്റെ വൃത്തിയിൽ രസം ജനിപ്പിക്കണം, അങ്ങിനെ തനിക്കീ അവസരത്തിൽ നല്ല സന്തോഷത്തോടെ ജീവിച്ചിരിക്കാം. എന്നാൽ ഇതു നമുക്ക് ഇന്നത്തെ സ്ഥിതിക്കു സാദ്ധ്യമെന്നു തോന്നുന്നുണ്ടോ? ഇല്ല. അതുകൊണ്ടു നാം ഇപ്പോൾ, ഉടനെ ഇംഗ്ലീഷു പഠിക്കണം. ഇംഗ്ലീഷുകാരെ എല്ലാവരും പിന്തുടരുന്നതിന്നു കാരണഭൂതമായ മൎമ്മമെന്തെന്നു കണ്ടുപിടിക്കണം. അതിനെ ഉടനെ നമ്മുടെ ഭാഷയിലും നമുക്കു പററിയ രീതിയിലും മാററിവെച്ചു തൃപ്തിപ്പെടണം. ഇങ്ങിനെ ലോകത്തിൽ വരുന്ന സകല വ്യാപാരങ്ങളിലും തനിക്കു സന്തോഷിപ്പാനുള്ള മാൎഗ്ഗങ്ങളിൽ ശ്രമിക്കണം. ഇംഗ്ലീഷുവൈദ്യം വളരെ പ്രചാരത്തിൽ വന്നിട്ടുള്ള ഇപ്പോൾ നാട്ടുവൈദ്യത്തിന്റെ മാഹാത്മ്യത്തെ വെളിപ്പെടുത്തി അതിനെ ജയിക്കാൻ ശ്രമിക്കയോ അതു കഴിയില്ലെന്നുവന്നാൽ ഉടനെ നാം ഇംഗ്ലീഷുവൈദ്യം പഠിക്കയോ ചെയ്യണം. ഇതാണ് പൌരുഷം. ഈ പുരുഷപ്രയത്നത്തിന്റെ അപജയത്തിൽ നമുക്കു പരമാൎത്ഥത്തിൽ വ്യസനിപ്പാനുണ്ടോ? സങ്കല്പധൎമ്മത്തിന്റെ മാററം അ

വ്യവസ്ഥിതമാണെന്നും എല്ലാററിന്നും അവസാനമുണ്ടെന്നും നമുക്കറിയാമല്ലൊ. ഈ വക സംഗതികളെയെല്ലാം അന്തർഭവിപ്പിച്ചുകൊണ്ടാണ് നമ്മുടെ തത്വശാസ്ത്രങ്ങളിൽ പ്രാരബ്ധം അനിവാൎയ്യമാണെന്നും പൌരുഷം ശ്രേഷ്ഠമാണെന്നും മററും പറയപ്പെട്ടിരിക്കുന്നത്. എന്നിങ്ങിനെ ചില പരിഷ്കൃതതത്വശാസ്ത്രവേദികൾ അഭിപ്രായപ്പെടുന്നു.

ജീവബ്രഹ്മൈക്യം അപരോക്ഷമായി അനുഭവപ്പെട്ടിട്ടുള്ള മഹാത്മാവിന്നു ഈ വക നിയമങ്ങളൊന്നുമില്ല. അവന്റെ ജീവിതസ്ഥിതിയെങ്ങിനെയാണെന്ന് ആൎക്കും അറിഞ്ഞുകൂടാ. അതൊരു ശാസ്ത്രത്തിന്നും യുക്തിവിചാരത്തിന്നും ഗോചരമായിട്ടുള്ള സ്ഥിതിയല്ല. മുമുക്ഷുക്കളുടെ ദിനചൎയ്യയെപ്പററിയല്ലാതെ മുക്തന്റെ ദിനചൎയ്യയെപ്പററി നിൎണ്ണയിക്കാൻ വാസ്തവത്തിൽ ആൎക്കും അധികാരമില്ല. സങ്കല്പഹീനമായ ആ പുണ്യപുരുഷന്റെ വ്യവഹാരത്തിന്ന് എന്തൊരു വ്യവസ്ഥയാണു നാം കല്പിക്കുന്നത്? അതുകൊണ്ട് ജ്ഞാനം യഥാൎത്ഥമായി സിദ്ധിച്ചിട്ടുള്ളവൻ ജീവിച്ചിരിക്കുന്നു എന്നു തന്നെ പറഞ്ഞുകൂടാ. പ്രപഞ്ചവ്യവഹാരത്തിന്മേൽ ഏതെങ്കിലും വിധത്തിൽ ബന്ധപ്പെടാതെ ഒരു പ്രാണധാരണം ഉണ്ടായിരുന്നാൽ അതിനെ ജീവിതം എന്നു തന്നെ പറഞ്ഞിട്ടാവശ്യമെന്തു? ശരീരത്തിന്റെ അവസ്ഥാനം മാത്രമാണോ ജീവിതം? അതുകൊണ്ട് എപ്പോൾ അപരോക്ഷസാക്ഷാൽക്കാരം സിദ്ധിക്കുന്നുവോ അപ്പോൾ തന്നെ ആ ശരീരം നശിച്ചതായി വിചാരിക്കണം. അതു വിചാരിപ്പാൻ പാടില്ലാത്തവിധമാണ് ആ ആളുടെ വ്യവഹാരങ്ങൾ കാണപ്പെടുന്നത് എങ്കിൽ അത്ര മാത്രമുള്ള ഒരു വാസന അവന്റെ മനസ്സിന്നുണ്ടെന്നും പരിപൂൎണ്ണമായ തത്വാനുഭവം അവന്നുണ്ടായിട്ടില്ലെന്നും പറയാതെ നിവൃത്തിയില്ല. ഈ നിലയിലെത്തിട്ടുള്ളവരുടെ ജീവിതക്രമത്തെയാണു ശാസ്ത്രങ്ങളിൽ നിയമിച്ചിട്ടുള്ളത്. മാറുള്ളവരെപ്പററി ഈ സംഗതിയിൽ വല്ലതും പറയുന്നതും എപ്പൊഴും അബദ്ധമായിട്ടേ ഇരിക്കയുള്ളു. അതിനാൽ മേൽപ്പറഞ്ഞ പക്ഷങ്ങളൊന്നും അനിൎവ്വാച്യമായ അവരുടെ അനുഭവത്തെ സംബന്ധിച്ചല്ലെന്നറിയേണ്ടതാകുന്നു.

വടക്കേപ്പാട്ടെ നാരായണൻ നായർ

—:(*):—

# കപിലനാഥൻ

അഥവാ

## കൃതഘ്നതയുടെ ഫലം.

---



പണ്ടൊരിക്കൽ കലിംഗരാജ്യത്തിൽ കപിലനാഥൻ എന്നു പേരായ ഒരു പ്രഭുവുണ്ടായിരുന്നു. ധനസമൃദ്ധികൊണ്ടും ആഭിജാത്യംകൊണ്ടും അദ്ദേഹം ആ രാജ്യത്തുണ്ടായിരുന്ന പ്രഭുക്കന്മാരുടെ കൂട്ടത്തിൽ ഒന്നാംസ്ഥാനം വഹിച്ചിരുന്നു. സകല സൽഗുണസമ്പൂൎണ്ണനായ അദ്ദേഹത്തിന്നു വല്ല ദുൎഗ്ഗുണവുമുണ്ടായിരുന്നുവെങ്കിൽ അതു മനസ്സിന്നു ശുദ്ധത ഏറിയതുകൊണ്ടുള്ള ദൌൎബ്ബല്യം മാത്രമായിരുന്നു. കപിലനാഥന്റെ ദാതൃത്വം അതിരുകവിഞ്ഞ നിലയിലായിരുന്നു. "അതിസൎവ്വത്ര വൎജ്ജയേൽ" എന്ന പ്രമാണമുള്ളതുകൊണ്ടു ദാ

നംചെയ്യുന്ന കാൎയ്യത്തിലും ഒരു അതിരോ അളവോ ആവശ്യമാണെന്നു വരുന്നുണ്ട്. ഈ അതിദാനം ഹേതുവായിട്ടാണ് കൎണ്ണന്നു നാശം വന്നത് എന്നു മഹാഭാരതത്തിൽ നാം വായിച്ചിട്ടുണ്ടല്ലൊ.

കപിലനാഥൻ സത്യം, മൎയ്യാദ, സ്നേഹം, ദയ, കൃതജ്ഞത മുതലായ സൽഗുണങ്ങളുടെ ഒരു വിളനിലമായിരുന്നു, തന്റെ പ്രകൃതിക്കു വിപരീതമായ പ്രകൃതിയോടുകൂടിയ ജനങ്ങൾ ലോകത്തിലുണ്ടെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. എല്ലാവരേയും ഒരുപോലെ വിശ്വസിക്കയും നിൎവ്യാജമായ സ്നേഹത്തോടുകൂടി സൽക്കരിക്കയും ചെയ്തു. കപിലനാഥന്റെ അമൃതോപമങ്ങളായ പലവിധ ഭോജ്യപേയങ്ങളെ ആസ്വദിച്ച് സംതൃപ്തന്മാരാവാത്ത ജനങ്ങൾ കലിംഗരാജ്യത്തുണ്ടായിരുന്നില്ലെന്നു തന്നെ പറയാം. വരുന്നവൎക്കൊക്കെ പക്ഷഭേദം കൂടാതെ മൃഷ്ടാന്നം കൊടുക്കാൻ അദ്ദേഹം എപ്പോഴും സന്നദ്ധനായിരുന്നു. കുലീനന്മാരായ പ്രഭുക്കന്മാർ പോലും കപിലനാഥന്റെ ആശ്രിതന്മാരും അനുചരന്മാരും ആയിരിക്കാൻ മടിച്ചിരുന്നില്ല. ധാരാളം സമ്പത്തും അന്യാസാധാരണമായ ഔദാൎയ്യശീലവുമുള്ളവരുടെ ഗൃഹങ്ങളിൽ സാധാരണ കാണാറുള്ളതുപോലെ കപിലനാഥന്റെ മന്ദിരം എപ്പോഴും വിരുന്നുകാരെക്കൊണ്ടു നിറഞ്ഞിരുന്നു.

ഇങ്ങിനെ ആശ്രിതന്മാരായി അടുത്തുകൂടിയിരുന്നവരിൽ ഒന്നോ രണ്ടോ വിശ്വസ്തഭൃത്യന്മാരൊഴികെ ശേഷം എല്ലാവരും കപടമിത്രങ്ങളും മുഖസ്തുതിക്കാരും അസൂയക്കാരും വല്ലവിധത്തിലും കപിലനാഥൻ നശിക്കണമെന്ന വിചാരത്തോടു കൂടിയവരുമായിരുന്നു. അതു ലോകസ്വഭാവമാണല്ലൊ.

“ശ്രാന്തരായ്ത്തണൽമരത്തെയൊന്നിനെ-
ഞ്ഞു പാന്ഥർ മരുവീടവേ (യണ-
സ്വാന്തമോദമൊടൊരുത്തനങ്ങു കരുതു-
ന്നതിന്നു ഫലത്തും ശുഭം
കാന്തമായൊരു വടിക്കതിന്റെ വിടപത്തി
ലൊട്ടൊരുവനോർത്തിട്ടു-
ന്നാന്തരം പരന്നാച്ചിട്ടന്നതുമറിച്ചുടൻ
കൃതകൃതീക്കുവാൻ”.

അകൃത്രിമമിത്രങ്ങളേയും കപടമിത്രങ്ങളേയും തിരിച്ചറിവാൻ ഋജുബുദ്ധിയായ കപിലനാഥന്നു കഴിഞ്ഞില്ല. അതുകൊണ്ടു ‘മിന്നുന്നതൊക്കയും പൊന്നാ’ണെന്ന് ആ ശുദ്ധാത്മാവു വിചാരിച്ചു. സ്നേഹഭാവം കാണിക്കുന്നവരൊക്കെ സ്നേഹിതന്മാരാണെന്നു വിശ്വസിച്ചു. വിരുന്നുകാർ അധികമുണ്ടാവാൻ വേണ്ടി, വരുന്നവൎക്കൊക്കെ സുഖമായി ഭക്ഷണം നൽകിയതിന്നു പുറമെ ചില സമ്മാനങ്ങളും കൊടുത്തു തുടങ്ങി.

കപിലനാഥന്റെ ഔദാൎയ്യം നാടൊക്കെ പ്രസിദ്ധമായി. കേവലം അപ്രസിദ്ധനായ ഒരു കവി ഒരു കാവ്യമുണ്ടാക്കിയെങ്കിൽ ആ ഗ്രന്ഥം കപിലനാഥന്നു സമൎപ്പണം ചെയ്താൽ മതി. എന്നാൽ ഗ്രന്ഥത്തിന്നു ധാരാളം പ്രചാരമുണ്ടാവും. എന്നു മാത്രമല്ല നല്ലൊരു സംഖ്യ അദ്ദേഹത്തിന്റെ കയ്യിൽ നിന്നും കിട്ടും. പോരെങ്കിൽ ആ പരിചയം പറഞ്ഞ് വിരുന്നുകാരുടെ കൂട്ടത്തിൽ സ്ഥാനം പിടിക്കയും ചെയ്യാം. ഒരു ചിത്രമെഴുത്തുകാരൻ താൻ എഴുതിയ ചിത്രം കപിലനാഥനെ കാണിച്ച് അഭിപ്രായം അറിവാനാണെന്നു പറഞ്ഞ് കൊണ്ടുചെന്നാൽ മതി. അദ്ദേഹം അതു വാങ്ങി വെക്കും; നല്ല സമ്മാനവും കൊടുക്കും. അതുപോലെ തന്നെ കച്ചവടക്കാരുടെ വശം വിലയേറിയ രത്നങ്ങളൊ

ആഭരണങ്ങളോ തുണികളോ മററോ ചി ലവാവാതെ കിടപ്പുണ്ടെങ്കിൽ കപിലനാഥൻെറ മന്ദിരത്തിൽ കൊണ്ടുപോയാൽ അവർ പറഞ്ഞ വിലകൊടുത്ത് അതൊക്കെ മേടിക്കും. സ്നേഹപൂർവ്വം അതൊക്കെ കൊണ്ടുപോയി കൊടുത്തതിന്നു നന്ദി പറകയും ചെയ്യും. ഇങ്ങിനെ കുറെക്കാലം കഴിഞ്ഞപ്പോഴെയ്ക്കു കപിലനാഥൻെറ മന്ദിരം വെറും ആഡംബരത്തിന്നല്ലാതെ മറൊന്നിന്നും ഉപയോഗമില്ലാത്ത സാമാനങ്ങൾ കൊണ്ടു നിറഞ്ഞു. അത്യാഗ്രഹികളും ഹീനബുദ്ധികളുമായ കവികളും, ചിത്രകാരന്മാരും, പാട്ടുകാരും, കലീനന്മാരായ പുരുഷന്മാരും സ്ത്രീകളും, പ്രഭുമന്ദിരത്തിൽ യഥേഷ്ടം തിന്നും കുടിച്ചും കളിച്ചും പുളച്ചും കപടസ്നേഹം ഭാവിച്ചും "ഇന്ദ്രനോടൊക്കും സ്വാമി—ചന്ദ്രനോടൊക്കും ഭവാൻ" എന്നും മററും പ്രഭുവിനെ പുകഴ്ത്തിയും അവിടെ ഒരുമാതിരി സ്ഥിരവാസികളെപ്പോലെയായി.

ഇവരിൽ ചിലർ കലീനന്മാരായിരുന്നുവെങ്കിലും മുക്കററം കടമുള്ളതുകൊണ്ടു സിവിൽ ജേലിൻെറ പടിക്കലോളം എത്തിയവരായിരുന്നു. കപിലനാഥൻ തൻെറ ഭണ്ഡാരത്തിൽനിന്നു പണമെടുത്ത് അവരുടെ കടമൊക്കെ വീട്ടി. അങ്ങിനെ ഉപകാരം ചെയ്യതിൻെറ കൃതജ്ഞത കാണിക്കാനാണെന്നു ഭാവിച്ച് ഭക്ഷണസമയത്തുകൂടി അവർ പ്രഭുവിനെ പിരിയാതെയായി.

കപടമിത്രങ്ങളുടെ കൂട്ടത്തിൽ അതിസമർത്ഥന്മാരായിരുന്ന ചിലർ പ്രഭുവിന്നു എന്തെങ്കിലും നല്ല സാധനങ്ങൾ കാഴ്ചയായി കൊടുത്തയച്ചിരുന്നു. അവരുടെ അധീനത്തിലുള്ള എന്തെങ്കിലും ഒരു സാധനത്തെ കപിലനാഥൻ അഭിനന്ദിക്കുന്നതു കണ്ടാൽ പിറെറ ദിവസം ആ സാധനം കൊട്ടാരത്തിൽ എത്തും. അങ്ങിനെ കാഴ്ചയായി അയയ്ക്കുന്ന സാധനത്തിൻെറ യഥാർത്ഥവിലയിൽ പത്തിരട്ടിയെങ്കിലും സമ്മാനം കിട്ടുമെന്ന് അവൎക്ക് നല്ല നിശ്ചയമുണ്ടായിരുന്നു. ചിത്രസേനൻ എന്ന ഒരു പ്രഭു ഒരിക്കൽ തന്നെ നാല് വെള്ളക്കുതിരകളെ കപിലനാഥന്നയച്ചുകൊടുത്തു. ചിത്രപ്രസാദൻ എന്ന മറൊരു പ്രഭു ഒന്നാം തരം രണ്ട് നായാട്ടുനായ്ക്കളേയും കൊടുത്തയച്ചു. ഈ മൃഗങ്ങളെപ്പററി കപിലനാഥൻ ഒരിക്കൽ നല്ല അഭിപ്രായം പറഞ്ഞതിനാലാണത്രെ ഇവർ അവയെ കാഴ്ചയായി കൊടുത്തയച്ചത്. കപിലനാഥൻ നന്ദിപൂർവ്വം അവയെ സ്വീകരിക്കയും അവയ്ക്കു കിട്ടുന്ന വിലയിൽ ഇരുപതിരട്ടി വിലപിടിക്കുന്ന രത്നങ്ങൾ സമ്മാനമായി കൊടുക്കുകയും ചെയ്തു.

കുറെക്കൂടി ധൈര്യമുള്ള ചില കള്ളന്മാർ കപിലനാഥൻെറ കൈവശമുള്ള ഓരൊ സാധനങ്ങളെപ്പററി പ്രശംസിക്കും. അവൎക്ക് അതിൽ ആഗ്രഹമുണ്ടെന്നു വിചാരിച്ച് അദ്ദേഹം ഒട്ടും മടിക്കാതെ അതൊക്കെ സമ്മാനിക്കയും ചെയ്യും. പ്രഭുമന്ദിരത്തിലുണ്ടായിരുന്ന വിലപിടിച്ച സാമാനങ്ങളൊക്കെ ഈ പരിഷ്കരിച്ച കള്ളന്മാർ ഇങ്ങിനെ കൈവശപ്പെടുത്തി. ഒരിക്കൽ സാധുപ്രഭു താൻ പതിവായി സവാരിക്കുപയോഗിക്കുന്ന പ്രിയപ്പെട്ട കുതിരയെക്കൂടി മറൊരാൾക്കു സമ്മാനിച്ചു.

ദുഷ്ടരായ മുഖസ്തുതിക്കാർ മാത്രമേ കപിലനാഥൻെറ ഔദാര്യത്തിൻെറ ഗുണം അനുഭവിച്ചിരുന്നുള്ളു എന്നുപറവാൻ പാടില്ല. ഒരിക്കൽ തൻെറ ഭൃത്യന്മാരിൽ ഒരുവൻ സാമാന്യം ധനികനായ ഒരാളുടെ പുത്രിയെ വിവാഹംചെയ്യാൻ ആഗ്രഹിക്ക

യും അവനു് മുതലില്ലാത്തതുകൊണ്ടു് സ്ത്രീയുടെ അച്ഛൻ വിരോധം പറകയും ചെയ്ത പ്പോൾ കപിലനാഥൻ തന്റെ ഭൃത്യന്നു് ആവശ്യമുള്ളേടത്തോളം പണം കൊടുത്തു് കല്യാണം കഴിപ്പിച്ചു. എന്നാൽ അദ്ദേഹത്തിന്റെ മുതലിൽ അധികഭാഗവും അനുഭവിച്ചിരുന്നതു് കള്ളന്മാരും കപടമിത്രങ്ങളുമായിരുന്നു. അവർ ആ തരക്കാരാണെന്നു് അദ്ദേഹം അറിഞ്ഞതുമില്ല. സ്നേഹിതന്മാരുടെ ഭാവം നടിച്ചു് എപ്പോഴും കൊട്ടാരത്തിൽ വന്നുപോകുന്നതുകൊണ്ടു് അവർ വാസ്തവത്തിൽ സ്നേഹിതന്മാരും തന്റെ ഗുണകാംക്ഷികളുമാണെന്നു് അദ്ദേഹം തീർച്ചപ്പെടുത്തുകയും, ഇത്ര അധികം സ്നേഹിതന്മാരുള്ളതുകൊണ്ടു് താൻ വലിയ ഭാഗ്യവാൻതന്നെ എന്നു വിചാരിച്ചു് കൃതാത്ഥനായി ഭാവികാലത്തെപ്പററി യാതൊരു ചിന്തയുംകൂടാതെ കാലംകഴിക്കയും ചെയ്തു.

കയ്യും കണക്കുമില്ലാതെ വാരിക്കോരി ചിലവുചെയ്താൽ എത്ര വലിയ സമ്പന്നന്റെയും 'നെല്ലിപ്പടിച്ചോട്' കാണാതെവരുന്നതല്ലല്ലൊ. എന്നാൽ ഈ പരമാത്ഥം കപിലനാഥനോടു് ആരു പറയും? സ്തുതിപാഠകന്മാരായ വിരുന്നുകാർ ആ കായ്യം ശബ്ദിക്കുമൊ? എന്നാൽ അവരുടെ സുഖഭോഗത്തിന്റെ അവസാനമായില്ലെ?.

പ്രഭുവിന്റെ ഭണ്ഡാരകാര്യസ്ഥനായ പിശുനൻ ഈ സംഗതിയെപ്പററിതന്റെ യജമാനനോടു് സംസാരിക്കാൻ അഞ്ചാറു പ്രാവശ്യം ശ്രമിച്ചു. അപ്പോഴൊക്കെ അദ്ദേഹം "അതിനെപ്പററി പിന്നെ സംസാരിക്കാം" എന്നുപറഞ്ഞു് വേറെ വല്ല വിഷയത്തെയുംപററി സംസാരിക്കാൻ തുടങ്ങും. ഒടുവിൽ വരവു ചിലവിന്റെ കണക്കെഴുതിയുണ്ടാക്കി പ്രഭുവിന്റെ മുമ്പാകെ വെച്ചു് "ഇതൊന്നു് മനസ്സിരുത്തി വായിച്ചുനോക്കണെ സ്വാമി!" എന്നു് ധാരയായി ഒഴുകുന്ന കണ്ണീരോടുകൂടി അപേക്ഷിച്ചിട്ടും ഫലമുണ്ടായില്ല. "ആപത്തുവന്നു തലയിൽക്കയറിയാൽ ശോഭിക്കയില്ലഹോ സജ്ജനഭാഷിതം" എന്നുണ്ടല്ലൊ. വലിയ സമ്പന്നന്മാർ പെട്ടെന്നു് ദരിദ്രന്മാരായിത്തീരുമ്പോൾ ഇങ്ങിനെതന്നെയാണു്. അവരുടെ സ്ഥിതിക്കു് വലിയ മാററം സംഭവിച്ചിരിക്കുന്നുവെന്നു് അവരെ ബോദ്ധ്യപ്പെടുത്തുന്നതു് എളുപ്പമല്ല. കായ്യം അപകടത്തിൽ കലാശിക്കുമെന്നു് അവർക്കറിയാമെങ്കിലും അപകടം എത്രകണ്ടുണ്ടെന്നറിയുന്നതു് കഴിയുന്നേടത്തോളം താമസിച്ചിട്ടുമതിയെന്നു വിചാരിച്ചു് അവർ അലസന്മാരായിരിക്കും. തന്റെ യജമാനന്റെ മന്ദിരത്തിൽ ദീപാവലികളും തീനും കുടിയും പാട്ടും കൂത്തും പൊടിപാറുന്ന സമയങ്ങളിലൊക്കെ സ്വാമിഭക്തനായ പിശുനൻ വല്ല വിജനസ്ഥലത്തും പോയി കവിണുകിടന്നു് കരയുക പതിവായിരുന്നു.

കുറെ കാലംകൂടി ഇങ്ങിനെ കഴിഞ്ഞു. കായ്യം വലിയ അപകടത്തിലായി. കപിലനാഥന്റെ കണ്ണു തുറക്കാതെ നിവൃത്തിയില്ലെന്നുള്ള ഘട്ടത്തിലെത്തി. ഭണ്ഡാരത്തിൽ പണമില്ല. ഒരു കാശുപോലുമില്ല. കിട്ടാനുള്ള മാഗ്ഗവുമില്ല. "എന്തു ചെയ്യേണ്ടു?" എന്നു പിശുനൻ ചോദിച്ചു. "ഭൂസ്വത്തുക്കളിൽ ചിലതു് വില്ക്കാം" എന്നു കപിലനാഥൻ പറഞ്ഞു. വസ്തുക്കളൊക്കെ പണയത്തിലാണെന്നും മുഴുവൻ വിററാൽതന്നെ പണയസംഖ്യ കൊടുത്തുതീത്താൽ ബാക്കിയുള്ളതുകൊണ്ടു് ഉള്ള കടത്തിൽപകുതി വിട്ടാൻതന്നെ ഞെരുങ്ങുമെന്നും, ഇരു

സംഗതികളൊക്കെ ഉണൎത്തിക്കാൻ താൻ പലപ്പോഴും ശ്രമിച്ചുവെന്നും അപ്പോഴൊക്കെ സംസാരിക്കാൻ സമ്മതിക്കാതെ പറഞ്ഞയയ്ക്കയാണുണ്ടായതെന്നും പറഞ്ഞ് പിശുനൻ കരഞ്ഞുതുടങ്ങി. കപിലനാഥൻ ആശ്ചൎയ്യത്തോടുകൂടി "എന്ത്! എന്റെ വക സ്വത്തുക്കൾ കലിംഗരാജ്യത്തിന്റെ ഒററംമുതൽ മററെ അററംവരെ നീണ്ടു കിടക്കുന്നില്ലേ?" എന്നു ചോദിച്ചു.

പിശുനൻ: "പ്രഭൊ! കലിംഗരാജ്യം എന്നല്ല ഭൂലോകം മുഴുവനായാൽകൂടി അതിന്നൊരതൃത്തിയുണ്ട്. ഇവിടെ കഴിയുന്ന മാതിരി കയ്യുംകണക്കുമില്ലാതെ ചിലവുചെയ്താൽ ഒരു ചക്രവൎത്തിപോലും ദരിദ്രനാവാൻ പ്രയാസമില്ല."

മുതൽ മുഴുവൻ നശിച്ചത് തന്റെ സ്വന്തം ആവശ്യത്തിന്നുവേണ്ടി ചിലവു ചെയ്തിട്ടല്ലെന്നും സ്നേഹിതന്മാരെ സൽക്കരിക്കാൻവേണ്ടിയാണെന്നും മുതൽമുഴുവൻ നശിച്ചുവെങ്കിലും അനവധി സ്നേഹിതന്മാരെ സമ്പാദിച്ചിട്ടുള്ളതുകൊണ്ട് ഭയപ്പെടാനില്ലെന്നും കപിലനാഥൻ സമാധാനിക്കയും തന്റെ പ്രിയഭൃത്യനെ സമാധാനിപ്പിക്കകയും ചെയ്തു.

ഇത്ര കാലം തന്റെ ആതിഥ്യം സ്വീകരിച്ചവരും തന്നോടു പല സമ്മാനങ്ങളും വാങ്ങിയവരുമായ ധനികന്മാരോട് അത്യാവശ്യം പണം കടം വാങ്ങാൻ പ്രയാസമില്ലെന്നു നിശ്ചയിച്ച് ചിത്രസേനന്റെയും, ചിത്രപ്രസാദന്റെയും, തന്റെ കയ്യിൽനിന്ന് പണംകൊടുത്ത് സിവിൽ ജേലിൽനിന്ന് താൻ രക്ഷപ്പെടുത്തിയവനും പിന്നീടു വലിയ ധനവാനായിത്തീൎന്നവനുമായ ചന്ദ്രസേനന്റെയും, വേറെ രണ്ടു മൂന്നാളുകളുടേയും അടുക്കലേക്ക് ആളെ അയച്ചു. ചന്ദ്രസേനനുവേണ്ടി താൻ കടംവീട്ടിയ നൂറുപവൻ ആയാൾ മടക്കിത്തരണമെന്നും ശേഷമുള്ളവർ നൂറീതു പവൻ കടംതരണമെന്നുമാണ് പറഞ്ഞയച്ചത്.

ആദ്യം ആൾ ചെന്നത് ചിത്രസേനന്റെ അടുക്കലാണ്. ആയാൾ തലെ ദിവസം രാത്രി ഉറക്കത്തിൽ കപിലനാഥന്റെ മധുരതരങ്ങളായ പലഹാരങ്ങളേയും പാലടപ്രഥമനേയുംകുറിച്ച് സ്വപ്നം കണ്ടിരുന്നു. ആൾ ചെന്നതു തന്നെ ഭക്ഷണത്തിന്ന് ക്ഷണിക്കാനാണെന്നു തീൎച്ചപ്പെടുത്തീട്ട് "എപ്പോഴാണ് വരേണ്ടത്" എന്നു ചോദിച്ചു. കാൎയ്യം പറഞ്ഞുകേട്ടപ്പോൾ ആ ദുഷ്ടന്റെ മുഖഭാവം മാറി. കുറെനേരം ആലോചിച്ചശേഷം ഭൃത്യനൊടിങ്ങിനെ പറഞ്ഞു: "തന്റെ യജമാനന്റെ കാൎയ്യം അപകടത്തിലാവുമെന്ന് എനിക്ക് മുമ്പുതന്നെ അറിയാം. വാസ്തവം പറകയാണെങ്കിൽ അതിനെപ്പററി ഗുണദോഷം പറയാനായിരുന്നു ഞാൻ അവിടെ വന്നിരുന്നത്. രാവിലെ ഭക്ഷണസമയത്ത് പറയാമെന്നു വിചാരിച്ച് അവിടെ പോവും. അപ്പോൾ തരമാവില്ല. ഉച്ചയായാൽ സൌകൎയ്യമുണ്ടാവുമെന്ന് വിചാരിച്ച് ഭക്ഷണസമയത്തവിടെ എത്തും. അപ്പോഴും തരം കിട്ടായ്കയാൽ അത്താഴവും അവിടെത്തന്നെ എന്നാക്കും. ആൾത്തിരക്കുകൊണ്ട് ഇതുവരെ ആ കാൎയ്യം പറയുവാൻ സാധിച്ചില്ല. ഓരൊ പ്രവൃത്തിത്തിരക്കിനാൽ ഭക്ഷണസമയത്തല്ലാതെ എനിക്കവിടെ വരാൻ സമയവുമില്ല. ഇങ്ങിനെ തുടങ്ങീട്ടു കുറെക്കാലമായി. എന്തുചെയ്യാം? കാലദോഷംതന്നെ."

ഇങ്ങിനെ കപിലനാഥൻെറ ഗൃഹത്തിൽ താൻ പതിവായി പോയിരുന്നതിന്ന് ശുദ്ധകളവായി ഒരു ഒഴികഴിവ് പറകയും തന്നെ കണ്ടില്ലെന്ന് കപിലനാഥനോട് പറയാൻവേണ്ടി ഭൃത്യന്ന് കയ്ക്കൂലി കൊടുക്കാൻ ശ്രമിക്കയും ചെയ്തു. പക്ഷെ അവൻ അത് സ്വീകരിക്കാതെ അവിടെ നിന്നിറങ്ങിപ്പോയി.

ചിത്രപ്രസാദനെ കണ്ടതിൻെറ ഫലവും മേപ്പടിതന്നെ. ഈ ദുഷ്ടൻ കപിലനാഥൻെറ മന്ദിരത്തിൽ ശാപ്പാട് തുടങ്ങിയശേഷം ഒരു പീപ്പന്നിപോലെ തടിച്ചിരിക്കുന്നു. കപിലനാഥനോട് വാങ്ങീട്ടുള്ള സമ്മാനങ്ങൾക്കും കണക്കില്ല. അതൊക്കെ ക്ഷണനേരംകൊണ്ടു മറന്നിട്ട് ആയാൾ ഭൃത്യനോടിങ്ങിനെ പറഞ്ഞു: "തൽക്കാലം യാതൊരു സഹായവും ചെയ്യാൻ കഴിയാത്തതിനാൽ ഞാൻ വളരെ വ്യസനിക്കുന്നു. ഒരു നിലം വാങ്ങാൻവേണ്ടി കയ്യിലുണ്ടായിരുന്ന പണമൊക്കെ ഇന്നലെ എടുക്കേണ്ടിവന്നു. ഇത്ര നല്ലൊരു സ്നേഹിതനെ സഹായിക്കാൻ കഴിയാത്ത ഞാൻ നിർഭാഗ്യവാൻ തന്നെ".

മാന്യ വായനക്കാരെ! കപടമിത്രങ്ങളെ മാത്രം വിശ്വസിക്കരുതെ! കപിലനാഥൻ ചിത്രപ്രസാദനെ ഒരു മകനെപ്പോലെയായിരുന്നു വിചാരിച്ചിരുന്നത്. ആയാൾക്ക് വളരെ മോടിയോടുകൂടിയ ഒരു ഭവനം പണിയാനും, വണ്ടിയും കുതിരയും വാങ്ങാനും വേറെ ചില വിശേഷച്ചിലവുകൾക്കും സഹായിച്ചതിനുപുറമെ ആയാളുടെ വണ്ടിക്കാർക്കും ഭൃത്യന്മാർക്കും മാസപ്പടികൂടി കപിലനാഥൻ കൊടുത്തിരുന്നു. എന്നിട്ടും ഇത്ര ചെറിയൊരു സംഖ്യ ഈ തിടുങ്ങിയ സമയത്ത് കടംകൊടുക്കാൻ ആ ദുഷ്ടന്ന് മനസ്സു വന്നില്ല. നിലം വാങ്ങി എന്നുപറഞ്ഞത് ശുദ്ധകളവായിരുന്നു. കഷ്ടം! മനുഷ്യനോളം നന്ദികെട്ടതായിട്ട് ബ്രഹ്മസൃഷ്ടിയിൽ മററു വല്ല ജീവിയുമുണ്ടൊ!

കപിലനാഥൻ സഹായത്തിന്നപേക്ഷിച്ച മററു പ്രമാണികളും മേല്പറഞ്ഞവിധത്തിൽ ഓരോ ഒഴികഴിവു പറഞ്ഞു ആളെ മടക്കി അയച്ചതേ ഉള്ളു. തടവിൽനിന്ന് മോചിക്കപ്പെട്ട ചന്ദ്രസേനൻകൂടി യാതൊരു സഹായവും ചെയ്തില്ല. "അന്നു നൂറു പവൻ എനിക്ക് തന്നതു കടമായിട്ടല്ല. സൌജന്യമായി തന്നതാണ്. വേറെ എത്ര ആളുകൾക്കിങ്ങിനെ കൊടുത്തിട്ടുണ്ട്. എൻെറ കയ്യിൽ ഇപ്പോൾ ഒന്നുമില്ല" എന്ന് അവനും പറഞ്ഞയച്ചു.

ചുരുക്കിപ്പറകയാണെങ്കിൽ കപിലനാഥനെ എല്ലാവരും വെടിഞ്ഞു. അദ്ദേഹത്തിൻെറ സമ്പത്സമൃദ്ധിയിങ്കൽ അടുത്തുകൂടിയിരുന്നവരൊക്കെ ദാരിദ്ര്യദേവതയുടെ ആഗമനത്തോടുകൂടി ഒഴിച്ചുകളഞ്ഞു. മാങ്ങ തിന്നാൽ പിന്നെ മാവിൻെറ ചോട്ടിൽ ആര് പോവും? കപിലനാഥൻെറ ആതിഥ്യമര്യാദയേയും ഔദാര്യത്തേയും കുറിച്ചു പ്രശംസിച്ചിരുന്നവരൊക്കെ ഇപ്പോൾ അദ്ദേഹത്തിൻെറ അവിവേകത്തെപ്പററി ലജ്ജകൂടാതെ അധിക്ഷേപിക്കാൻ തുടങ്ങി. അവർ പറയുന്നതും കാര്യമാണ്. കപിലനാഥൻ നിശ്ചയമായും അവിവേകം കാണിച്ചിട്ടുണ്ട്. ഇത്ര കൃതഘ്നന്മാരും വഞ്ചകന്മാരുമായ മനുഷ്യരെ സ്നേഹിക്കയും വിശ്വസിക്കയും തീററിപ്പോററുകയും സമ്മാനിക്കയും ചെയ്തത് അവിവേകമല്ലെ?

പ്രഭുമന്ദിരത്തിൽ പാട്ടും കളിയുമൊക്കെ അവസാനിച്ചു. വിരുന്നുകാരാരും ഇല്ലാതായി. കടക്കാരുടെ ഉപദ്രവം തുടങ്ങി.

മാംസം വില്ക്കുന്നവനും, അപ്പക്കാരനും, പാൽക്കാരനും, പിടികക്കച്ചവടക്കാരും, രത്നവ്യാപാരികളും, ഉണ്ടികക്കച്ചവടക്കാരും എന്നുവേണ്ട പലരും വന്നു ബുദ്ധിമുട്ടിക്കാനും ലഹളകൂട്ടാനും തുടങ്ങി. ഭൃത്യന്മാർ പലരും ബാക്കി മാസ്സപ്പടി കൊടുക്കണമെന്നു തിരക്കിത്തുടങ്ങി. പിശുനൻ വളരെ പ്രയാസപ്പെട്ട് അവരെയൊക്കെ തല്ക്കാലം ഒരുവിധം സമാധാനപ്പെടുത്തി.

അങ്ങിനെയിരിക്കുന്ന കാലത്ത്, കപിലനാഥൻെറ മുതൽ മുഴുവൻ നശിച്ചിട്ടില്ലെന്നും അനവധി രത്നങ്ങളും സ്വർണ്ണവും അദ്ദേഹം സൂക്ഷിച്ചുവെച്ചിട്ടുണ്ടെന്നും ഒരു പ്രസ്താവം എങ്ങിനെയോ പുറത്തായി. ഒരു ദിവസം കപിലനാഥൻ ഒരു വിരുന്നുകൂട്ടി കഴിക്കാൻ നിശ്ചയിച്ചു പ്രമാണികളായ പഴയ സ്നേഹിതന്മാരെയൊക്കെ ക്ഷണിച്ചപ്പോൾ ഈ പ്രസ്താവം വാസ്തവമാണെന്നു തീർച്ചയായി. ക്ഷണം സ്വീകരിക്കാൻ ആരും സംശയിച്ചില്ല. മുതലൊക്കെ നശിച്ചു എന്നു പറഞ്ഞതു തങ്ങളുടെ സ്നേഹബലം പരീക്ഷിക്കാൻ വേണ്ടിയായിരിക്കുമോ എന്നു ശങ്കിച്ചു കൂട്ടർക്കൊക്കെ വലിയ പരിഭ്രമമായി. ആവശ്യപ്പെട്ടപ്രകാരം ദ്രവ്യസഹായം ചെയ്യാത്തതിനെപ്പററി അവർ പശ്ചാത്തപിക്കാൻ തുടങ്ങി. "പ്രിയസ്നേഹിതന്നു" ഒരു സഹായവും ചെയ്യാൻ തല്ക്കാലം സാധിക്കാതെ വന്നതിനെപ്പററി ഓരോരുത്തർ ഓരോന്നു പറവാൻ തുടങ്ങി. "അതിനെപ്പററി ഇനി ഒന്നും സംസാരിക്കണ്ടാ. ഞാനതൊക്കെ മറന്നിരിക്കുന്നു." എന്നു പറഞ്ഞ് കപിലനാഥൻ അവരെ സമാധാനപ്പെടുത്തി. പതിവായി എത്തിച്ചേരാറുള്ള പ്രമാണികളൊക്കെ അന്നും ഉണ്ടായിരുന്നു. ചിത്രസേനനും ചിത്രപ്രസാദനും ചന്ദ്രസേനനും ഒക്കെ ഹാജരുണ്ടായിരുന്നു. മുമ്പു പല ഉപകാരങ്ങളും ചെയ്തിട്ടുള്ള ഒരാൾ നന്നു കഴിഞ്ഞപ്പോൾ സ്വല്പമായ ഒരു സഹായം ആവശ്യപ്പെട്ടതു കൊടുക്കാൻ മനസ്സുവരാത്ത ഈ വക പ്രഭുക്കന്മാർക്കു ഭക്ഷണത്തിനു ക്ഷണിച്ചപ്പോൾ ഉടനെ പുറപ്പെട്ടുവരാൻ ഒട്ടും മടിയോ ലജ്ജയോ ഉണ്ടായില്ല.

കപിലനാഥൻ എല്ലാവരേയും ആദരവോടുകൂടി എതിരേററു വലിയൊരു വട്ടമേശയുടെ ചുററും ഇരുത്തി. ഉടനെ ഭൃത്യന്മാർ വിശേഷപ്പെട്ട ഓരോ പിഞ്ഞാണം എല്ലാവരുടേയും മുമ്പിൽവെച്ചു. ആദ്യം ഒരു ചായയുടെ വട്ടമായിരിക്കുമെന്നു വിരുന്നുകാർ വിചാരിച്ചു. പിഞ്ഞാണങ്ങൾ അടച്ചിട്ടാണ് വെച്ചിരുന്നത്. മൂടിയുടെ ഇടയിൽക്കൂടി ആവി പോകുന്നതു കണ്ടപ്പോൾ കൊതിയന്മാരായ വിരുന്നുകാരുടെ വായിൽ വെള്ളം നിറഞ്ഞു. കപിലനാഥൻ ഒരു സംജ്ഞ കാണിച്ചപ്പോൾ ഭൃത്യന്മാർ വന്ന് പിഞ്ഞാണങ്ങളുടെ മൂടി നീക്കി. എന്തൊരു വിശേഷപദാർത്ഥമാണ് അപ്പോൾ കാണപ്പെട്ടത്? എല്ലാ പിഞ്ഞാണത്തിലും നിറച്ചു കാഞ്ഞ വെള്ളമുണ്ടായിരുന്നു. അതിൽനിന്ന് ആവിയും പോയ്ക്കൊണ്ടിരുന്നു. ഇതിൻെറ ആവശ്യം എന്തെന്നറിയാതെ വിരുന്നുകാർ പരുങ്ങുന്നതു കണ്ടിട്ടു കപിലനാഥൻ അവരെ നോക്കി ഇങ്ങിനെ പറഞ്ഞു: "ഞാൻ ഒരു വലിയ സമ്പന്നനായിരുന്ന കാലത്ത് അന്നത്തെ പദവിക്കനുസരിച്ചു വിരുന്നു കഴിച്ചിരുന്നു എന്ന് നിങ്ങൾക്കറിയാമല്ലോ. ഇത് ഇപ്പോഴത്തെ സ്ഥിതിക്കനുസരിച്ച വിരുന്നാണ്. വെള്ളംപോലെ ഉറപ്പില്ലാത്ത ഹൃദയത്തോടും ആവിപോലെ ക്ഷണത്തിൽ ഇല്ലാതായ്പോകുന്ന സ്നേഹത്തോടും

കൂടിയ നിങ്ങളുടെ അവസ്ഥക്കു പററിയ വിരുന്ന് ഇതുതന്നെയാണ്."

എല്ലാവരും ഇച്ഛാഭംഗത്തോടും ലജ്ജയോടുംകൂടി പരസ്പരം നോക്കിത്തുടങ്ങിയപ്പോൾ കപിലനാഥൻ ക്രോധാക്രാന്തനായി "ലജ്ജയില്ലാത്ത നായ്ക്കളെ! നക്കി കുടിക്കിൻ. എന്തിനു മടിക്കുന്നു?" എന്നു പറഞ്ഞ് എഴുനീററു. അവരുടെ പരിഭ്രമം തീരുന്നതിനുമുമ്പായി "നല്ലവണ്ണം തൃപ്തി വരട്ടെ" എന്നു പറഞ്ഞു പിഞ്ഞാണങ്ങളിലെ വെള്ളമൊക്കെ അവരുടെ മുഖത്തേത്തൊഴിച്ചു. അതിഥികൾ എഴുനീററ് ഓട്ടം തുടങ്ങി. കപിലനാഥൻ പിന്നാലെ ഓടി "നിസ്സാരന്മാരായ ഏരപ്പാളികളെ! നാണമില്ലാത്ത കഴുതകളെ!! മര്യാദക്കാരായ മനുഷ്യരുടെ വേഷം കെട്ടിയ ദുഷ്ടമൃഗങ്ങളെ!!! കടക്കിൻ പടിപ്പുറത്ത്" എന്നു പറഞ്ഞു പിഞ്ഞാണങ്ങളെക്കൊണ്ടുതന്നെ അവരെ എറിഞ്ഞോട്ടിക്കളഞ്ഞു. വിരുന്നുകാർ ഭയപ്പെട്ടും പരിഭ്രമിച്ചും ലജ്ജിച്ചും തൊപ്പിയും തലപ്പാവും വടിയും കുടയും ഉത്തരീയങ്ങളും ആഭരണങ്ങളും ഒക്കെ വഴിയിലിട്ടു വീണുരുണ്ടു വല്ലവിധത്തിലും ഈ ഭ്രാന്തൻ പ്രഭുവിന്റെ മുമ്പിൽനിന്നു രക്ഷപ്പെട്ടാൽ മതി എന്നു വിചാരിച്ചു മരണപ്പാച്ചിൽ പാഞ്ഞു. ഇതു കപിലനാഥന്റെ അവസാനത്തെ വിരുന്നായിരുന്നു.

ഈ വിരുന്നു കഴിഞ്ഞ ഉടനെ അദ്ദേഹം കലിംഗരാജ്യത്തെയും മനുഷ്യവർഗ്ഗത്തെയും ഉപേക്ഷിച്ച് വനവാസത്തിനായി ഗമിച്ചു. പോകുമ്പോൾ, ഓരോ രാജ്യങ്ങളുടേയും ജനങ്ങളുടേയും ഉന്മൂലനാശം വരുത്തുന്നതായ യുദ്ധം, കൊള്ള, ദാരിദ്ര്യം, പകച്ചവ്യാധി മുതലായ അത്യാപത്തുകളെല്ലാം കലിംഗരാജ്യത്തെ ബാധിക്കണമെന്നും ആ രാജ്യവും അതിലെ ദുഷ്ടജനങ്ങളും നാമാവശേഷമാവണമെന്നും പ്രാർത്ഥിച്ചിട്ടാണ് പോയത്. ഏററവും ക്രൂരതയുള്ള കാട്ടുമൃഗങ്ങൾപോലും മനുഷ്യരേക്കാൾ ദയയുള്ളവയാണെന്ന് അദ്ദേഹം തീർച്ചപ്പെടുത്തി. താൻ ഒരു കാലത്ത് ഒരു മനുഷ്യനായിരുന്നു എന്നുള്ള ഓർമ്മ മേലാൽ ഉണ്ടാവരുതെന്നു വിചാരിച്ച് വസ്ത്രങ്ങളൊക്കെ അഴിച്ചു വലിച്ചെറിഞ്ഞു നഗ്നനായി, മലമൂട്ടിൽ കുത്തിക്കഴിച്ച് ഒരു ഗുഹയുണ്ടാക്കി, കായ്കനികൾ ഭക്ഷിച്ചും കാട്ടാറിലേയും ഉറവുകളിലേയും വെള്ളം കുടിച്ചും ഒരു മൃഗത്തെപ്പോലെ ആ ഗുഹയിൽ താമസിച്ചു. ആഹാരം അന്വേഷിച്ചു പുറത്തിറങ്ങി സഞ്ചരിക്കുമ്പോൾ വല്ല മനുഷ്യരെയും ദൂരെ കണ്ടാൽ ഭയപ്പെട്ടോടി അവർ പോകുന്നതുവരെ വല്ല നരിമടയിലോ മറേറാ പോയി ഒളിക്കും. ഹാ! എന്തൊരു മാററം. കുബേരതുല്യനും ജഗൽപ്രസിദ്ധനും ആശ്രിതന്മാർക്ക് ഒരു കല്പവൃക്ഷവും ആയിരുന്ന കപിലനാഥപ്രഭു, മനുഷ്യരുടെ കൃതഘ്നതനിമിത്തം ദിഗംബരനും മനുഷ്യവൈരിയുമായ ഒരു സത്വമായിത്തീർന്നു!

ഒരു ദിവസം കപിലനാഥൻ കാട്ടിൽ ഒരേടത്തു കിഴങ്ങിനുവേണ്ടി കിളക്കുമ്പോൾ കൈക്കോട്ട് ഒരു ലോഹംകൊണ്ടുള്ള പാത്രത്തിന്മേൽ തട്ടി. പാത്രം എടുത്തു നോക്കിയപ്പോൾ അതു വിലപിടിച്ച രത്നങ്ങളും സ്വർണ്ണനാണ്യങ്ങളും നിറച്ചുള്ള ഒരു ചെമ്പുപാത്രമാണ്. ശത്രുസൈന്യങ്ങളുടെ ആക്രമവും കൊള്ളയും ധാരാളം നടപ്പുണ്ടായിരുന്ന അക്കാലത്തു പണക്കാർ ദേഹരക്ഷക്കായി ഓരോ ദിക്കിലേക്കോടിപ്പോകുമ്പോൾ അവരുടെ ധനം വല്ല വിജനസ്ഥലങ്ങളിലും നിക്ഷേപിക്കുക പതിവായിരുന്നു. ചിലർ പിന്നെ മടങ്ങിവന്ന് അതെടുക്കും. ചിലർക്കു മടങ്ങിവരാൻ സാധി

ക്കയില്ല. ഏതായാലും കപിലനാഥന് ഈ നിക്ഷേപം എടുത്തുപയോഗിക്കാമായിരുന്നു. അതെടുത്തുവെങ്കിൽ നശിച്ചു സമ്പത്തു മുഴുവനും വീണ്ടെടുക്കാനും പണ്ടത്തേക്കാൾ വലിയ പദവിയിൽ എത്താനും അദ്ദേഹത്തിനു സാധിക്കുമായിരുന്നു. എന്നാൽ അദ്ദേഹത്തിനു സുഖഭോഗത്തിൽ വിരക്തിയും മനുഷ്യവർഗ്ഗത്തെപ്പററി അസാമാന്യമായ അവിശ്വാസവും വെറുപ്പും വന്നു കഴിഞ്ഞിരിക്കുന്നു. നിക്ഷേപം ആ കുഴിയിൽതന്നെ വെച്ചു മൂടാൻ ആദ്യം വിചാരിച്ചു. വീണ്ടും ആലോചിച്ചതിൽ മനുഷ്യരുടെ ഇടയിൽ കളവ്, കവച്ച്, കുലപാതകം, കയ്ക്കൂലി, കയ്യേററം, ദ്രോഹം മുതലായ അക്രമങ്ങൾ ഉണ്ടാവാൻ പണം വളരെ ഉപയോഗമുള്ളൊരു സാധനമാണെന്നു തോന്നുകയാൽ തൻെറ ബദ്ധവൈരികളായ മനുഷ്യവർഗ്ഗത്തെ കുറെയെങ്കിലും നശിപ്പിക്കാൻ ഈ പണം ഉപയോഗിക്കാം എന്നുറച്ച് ആ കുടമെടുത്തു സൂക്ഷിച്ചുവെച്ചു. അന്നുതന്നെ ആ കാട്ടിൽക്കൂടി വലിയൊരു സൈന്യം കടന്നുപോകുന്ന കോലാഹലം കേട്ട് അടുത്തു ചെന്നു. സൈന്യനാഥനോട് സംസാരിച്ചപ്പോൾ അതു കുന്തളരാജാവിൻെറ സൈന്യമാണെന്നും കലിംഗരാജ്യത്തെ ആക്രമിക്കാൻ പോകയാണെന്നും ബുദ്ധിയും ഗാംഭീര്യവും യുദ്ധപാടവവുമുള്ള കപിലനാഥൻ രാജ്യം വിട്ടുപോയിരിക്കുന്നു എന്ന് ചാരന്മാർ പറഞ്ഞറിഞ്ഞിട്ട് ഇപ്പോൾ ജയം ക്ഷണസാദ്ധ്യമാണെന്നു വിചാരിച്ചു കുന്തളേശൻ തക്കം നോക്കി ഒരു വലിയ സേനയോടുകൂടിതന്നെ അയച്ചതാണെന്നും അയാൾ പറഞ്ഞു. കപിലനാഥനു വലിയ സന്തോഷമായി. തൻെറ ഉദ്ദേശസിദ്ധിക്ക് ഇതുതന്നെ തരം എന്നു വിചാരിച്ച് സൈന്യാധിപനെ വിളിച്ചുകൊണ്ടുപോയി തനിക്കു കിട്ടിയ നിക്ഷേപകുംഭം അയാളെ ഏല്പിച്ചിട്ടിങ്ങിനെ പറഞ്ഞു:—

കപിലനാഥൻ:— ഈ കുടം നിറച്ച് രത്നവും സ്വർണ്ണവുമാണ്. കുന്തളേശൻെറ യുദ്ധച്ചിലവിലേക്ക് ഇതു വലിയൊരു സഹായമായി തീരുന്നതാണ്. ഇതു നിങ്ങൾക്കു തരുന്നതിനു പ്രതിഫലമായി നിങ്ങൾ ഒന്നു മാത്രമേ ചെയ്യേണ്ടതുള്ളൂ. "കലിംഗരാജ്യത്തിലെ കൊട്ടാരങ്ങളും ഭവനങ്ങളും കോട്ടകളും കൊത്തളങ്ങളും ഒക്കെ തവിട്ടുപൊടിയാക്കിക്കളകയും ആ രാജ്യനിവാസികളെ കഴിയുന്നേടത്തോളം കൊന്നൊടുക്കുകയും ചെയ്താൽ മതി. സ്ത്രീകളേയും കുട്ടികളേയും കൂടി ബാക്കി വെക്കരുത്. കുട്ടികളെ ബാക്കി വെച്ചാൽ അവർ വലുതാവുമ്പോൾ ദുഷ്ടന്മാരായി തീരും. സ്ത്രീകളെ ബാക്കി വെച്ചാൽ അവർ ഇനിയും ദുഷ്പ്രജകളെ പ്രസവിക്കും."

"അങ്ങിനെ തന്നെ ചെയ്യാം" എന്നു പറഞ്ഞു സൈന്യാധിപൻ നിക്ഷേപകുംഭം വാങ്ങി കപിലനാഥനെ വന്ദിച്ച് അത്യുത്സാഹത്തോടുകൂടി തൻെറ സൈന്യങ്ങളെ കലിംഗരാജ്യത്തിനു നേരെ നടത്തി.

കപിലനാഥൻ ഇങ്ങിനെ ഒരു മൃഗത്തെപ്പോലെ കാലക്ഷേപം ചെയ്യുമ്പോൾ ഒരു ദിവസം തൻെറ ഗുഹാദ്വാരത്തിൽ ഒരു മനുഷ്യൻ നില്ക്കുന്നതു കണ്ട് അദ്ഭുതപ്പെട്ടു. അത് അദ്ദേഹത്തിൻെറ വിശ്വസ്തഭൃത്യനായ പവിത്രനായിരുന്നു. തൻെറ യജമാനൻെറ നേരെ അളവററ ഭക്തിയും കൃതജ്ഞതയുമുള്ള ആ സാധു പല ദിക്കിലും അന്വേഷിച്ചുനടന്ന് ഒടുവിൽ അവിടെ വന്നുചേർന്നു. അന്യാസാധാരണമായ പ്രാഭവവും ഗാംഭീര്യവുമുള്ള തൻെറ

സ്വാമിയുടെ താല്ക്കാലികാവസ്ഥ കണ്ടപ്പോൾ പിശുനൻ ആശ്ചൎയ്യപ്പെട്ടു് ഒരു സ്തംഭംപോലെ കുറെ നേരം ഗുഹാമുഖത്തു നിന്നു. ഒടുവിൽ, താൻ വല്ലതും ചെയ്യേണ്ടതുണ്ടോ എന്നു കണ്ണുനീരൊലിപ്പിച്ചുകൊണ്ടു ചോദിച്ചു.

കപിലനാഥൻ:— "നീയൊരു മനുഷ്യനോ മൃഗമോ? മനുഷ്യൎക്കു സ്നേഹവും ഉപകാരസ്മരണയുമുണ്ടാവാൻ തരമില്ല. അതുകൊണ്ടു നീയൊരു മൃഗംതന്നെ. അല്ലെങ്കിൽ നീ കാണിക്കുന്നതു കപടഭക്തിയാണ്. നിന്റെ കണ്ണീരു് നിശ്ചയമായും കള്ളക്കണ്ണീരാണ്."

തന്റെ പ്രിയപ്പെട്ട സ്വാമിയുടെ പേരിലുള്ള അതിരററ ഭക്തിയും സ്നേഹവുമാണ് തന്നെ അവിടെ എത്തിച്ചതു് എന്നു പിശുനൻ കരഞ്ഞുകൊണ്ടു പറഞ്ഞപ്പോൾ കപിലനാഥൻ "കപടബുദ്ധിയില്ലാത്ത ഒരു മനുഷ്യനെങ്കിലും ലോകത്തിലുണ്ട്" എന്നു് ഒരു വിധം സമ്മതിച്ചു. എന്നിട്ടും "നിന്റെ പ്രകൃതി നന്നെങ്കിലും ആകൃതി മനുഷ്യന്റേതുതന്നെയാകകൊണ്ടു വെറുപ്പും അവിശ്വാസവുംകൂടാതെ നിന്റെ മുഖത്തു നോക്കാനോ നീ പറയുന്ന വാക്കു കേൾക്കാനോ എന്നാൽ സാദ്ധ്യമല്ല. അതുകൊണ്ടു് ഇനി ഒരു നിമിഷംപോലും ഇവിടെ നില്ക്കണ്ടാ" എന്നു പറഞ്ഞു് അവനെ ഓടിക്കയാണ് ചെയ്തതു്. ആശ്ചൎയ്യത്തോടും വ്യസനത്തോടുംകൂടി ആ സാധു മടങ്ങിപ്പോയി. 'രാഗം ദ്വേഷമായി പരിണമിച്ചാൽ അതിനോളം ചീത്തയായ ഒരു വികാരം ലോകത്തിലില്ല' എന്നു് ഒരു വിദ്വാൻ പറഞ്ഞിട്ടുള്ളതു് എത്ര വാസ്തവമാണ്.

പിശുനൻ പോയശേഷം കപിലനാഥനെ അന്വേഷിച്ചു വേറെ ചിലരും അവിടെ എത്തി. അതു്, അദ്ദേഹത്തിന്റെ പണ്ടത്തെ സ്നേഹിതന്മാരും വിരുന്നുകാരുമായിരുന്ന പ്രഭുക്കന്മാരിൽ ചിലരായിരുന്നു. കലിംഗരാജ്യത്തിലെ രാജാവിനു പ്രായം തികഞ്ഞിട്ടില്ലായിരുന്നതിനാൽ രാജപ്രതിനിധികളായി രാജ്യകാൎയ്യങ്ങൾ അന്വേഷിച്ചിരുന്നതു് ഇവരായിരുന്നു. കന്ദളേശന്റെ പട കലിംഗരാജ്യത്തിൽ കടന്നു കൊള്ള തുടങ്ങിയപ്പോഴാണ് ആ രാജ്യത്തിന്റെ കീൎത്തിസ്തംഭം കപിലനാഥനായിരുന്നു എന്നു് ഈ വക പ്രഭുക്കന്മാൎക്കു് ഓൎമ്മവന്നതു്. കപിലനാഥന്റെ ബുദ്ധിയും ഗാംഭീൎയ്യവും യുദ്ധസാമൎത്ഥ്യവും ഈ സന്ദൎഭത്തിൽ വിസ്മരിക്കാൻ അവൎക്കു കഴിഞ്ഞില്ല. കപിലനാഥനു് എത്രയെങ്കിലും ധനവും, സ്ഥാനമാനങ്ങളും, രാജപ്രതിനിധികളുടെ നേതൃത്വംകൂടിയും കൊടുപ്പിക്കാമെന്നും ദയചെയ്തു് ഈ ആപത്തുകാലത്തു മടങ്ങിവന്നു രാജ്യത്തെയും പ്രജകളെയും രക്ഷിക്കണമെന്നും അവർ വീണ്ടു കേണപേക്ഷിച്ചു. എന്നാൽ പ്രഭുത്വവും, ഔദാൎയ്യവും, വീൎയ്യവും, ശൌൎയ്യവും, ഉൽക്കൎഷേച്ഛയും ഒക്കെ കെട്ടിവെച്ചു് ദിഗംബരമൂൎത്തിയും മനുഷ്യവൈരിയുമായിത്തീൎന്നിരുന്ന കപിലനാഥൻ പറഞ്ഞ ഉത്തരം ഇതാണ്: "കന്ദളേശൻ കലിംഗരാജ്യം മുഴുവൻ നശിപ്പിക്കണമെന്നുതന്നെയാണ് എന്റെ ആഗ്രഹം. അതിനു ഞാൻ യഥാശക്തി സഹായിച്ചിട്ടുമുണ്ട്. നിസ്സാരന്മാരായ നിങ്ങളുടെയൊക്കെ കഴുത്തിനേക്കാൾ കന്ദളേശന്റെ വാളിനെയാണ് ഞാനിപ്പോൾ അധികം വിലവെക്കുന്നതു്. വേണമെങ്കിൽ ഒരു ഉപകാരം മാത്രം ഞാൻ ചെയ്യാം. കന്ദളേശന്റെ കോപത്തിൽനിന്നും ക്രൂരതയിൽനിന്നും രക്ഷപ്പെടാൻ ക

ന്ന മാർഗ്ഗം ഞാൻ കാട്ടിത്തരാം." അതെന്താണു്?" എന്നു പ്രഭുക്കന്മാർ ജയാശയോടുകൂടി ചോദിച്ചു.

കപിലനാഥൻ:—ഈ ഗുഹയുടെ സമീപം ഒരു വലിയ വൃക്ഷം നില്ക്കുന്നതു കണ്ടില്ലേ? അതിന്മേൽ നല്ല നീളവും ബലവുമുള്ള കൊമ്പുകൾ ധാരാളമുണ്ടു്. കുന്തളേശന്റെ വാളിനെ ഭയമുള്ളവരൊക്കെ ഓരോ കഷണം കയറു കഴുത്തിലിട്ടു് ഇങ്ങോട്ടു പോന്നുകൊള്ളട്ടെ."

വെറുപ്പോടും ഹാസ്യത്തോടുംകൂടി കപിലനാഥൻ ഇങ്ങിനെ പറഞ്ഞതു കേട്ടു ലജ്ജിച്ചു പ്രഭുക്കന്മാർ മടങ്ങിപ്പോയി. കലിംഗരാജ്യം കുന്തളേശൻ കൈവശപ്പെടുത്തുകയും ചെയ്തു.

കുറെക്കാലം കഴിഞ്ഞിട്ടു് ആ കാട്ടിൽകൂടി ചിലർ കടന്നുപോകുമ്പോൾ ഒരു ഗുഹാദ്വാരം കല്ലിട്ടടച്ചതായും അതിന്റെ സമീപം താഴെ കാണുന്നവിധം ഒരു ശിലാരേഖ നിർമ്മിച്ചതായും കണ്ടു:—

"മനുഷ്യവൈരിയായ കപിലനാഥൻ ജീവിച്ചിരിക്കുമ്പോൾ മനുഷ്യരെ വെറുക്കുകയും, മനുഷ്യവർഗ്ഗം മുഴുവൻ മഹാമാരി പിടിപെട്ടു നശിക്കണമെന്നു പ്രാർത്ഥനയോടുകൂടി മരിക്കുകയും ചെയ്തു".

വി. ഗോപാലമേനോൻ.

—:*:—

# ദ്രൗപദീസ്വയംവരം

പ്രബന്ധം.

---

ലക്ഷ്മീമാതിൻനറുംകുങ്കുമസുരഭിലമാം
കൊങ്കതൻപുണ്യപാളീ-
മുഖ്യാഭോഗംജഗൽപ്പാലനനിപുണതകൾ-
ക്കൊണ്ടെത്രിക്കൺവിലാസം
ഉൾക്കാമ്പിൽക്കണ്ടുപാസേസജലജലധര-
ശ്രേണിനാണുന്നകാന്തി-
പ്രക്ഷോഭംനിത്യമായക്കമലഭവമഹേ-
ന്ദ്രാദിവന്ദ്യംമുകുന്ദം. 1

ഗാഢാനന്ദസ്വരൂപംനരകവിജയിനം
ചിന്മയംമദ്ധ്യനാഡീ-
വാടീമദ്ധ്യേവളർക്കേണ്ടുകിലവിടെനടേ
മുമ്പിലൊന്നുണ്ടുവേണ്ടു
പാടേപഞ്ചേന്ദ്രിയാണാമുടനൊരുമവരേ-
ണം,തഥാചേതനായാം (ധ്രാ
പ്രൌഢാനാംപാണ്ഡവാനാമമിതരുചിയ
പണ്ടുപാഞ്ചാലജായാം. 2

ധാത്രീഗീർവ്വാണവേഷംതടവിവിലസിതാ
വിശ്വലോകാവതാര-
സ്ഫൂർത്തിംചേർക്കുംബകഭസ്വംസന്മുദിതമ
ദേവസംഭാവ്യമാനാഃ (ഹീ
നേത്രാനന്ദംജനാനാംദിവസമനുഷമ്-
ർത്തകചക്രാപ്രദേശേ
മാത്രാസാകംസുഖേനവ്യദധതസുചിരം
പാണ്ഡവാസ്സേനിവാസം. 3

കാലേതത്രബലാലറിഞ്ഞുപഥികാൻ
കാണേണമെന്നുത്സുകാഃ
പാഞ്ചാലീമഹിതസ്വയംവരമഹാ-
കല്യാണകോലാഹലം
വേലാതീതഗുണോജ്ജ്വലാഗൃഹപതിം
ഭൂദേവമാമന്ത്ര്യതം
ചേലേന്തുംധരണീസുരൌഘസഹിതാ
നിശ്ചക്രമുഃപാണ്ഡവാഃ. 4

ഭൂദേവാവലിയോടുകൂടിവഴിമേൽ
നിഗ്ഗത്യമാത്രാസമം
വീതാശങ്കമമീവിസൃതരമഹാ-
സ്സംഭാരരമ്യോജ്ജ്വലാഃ
സ്വാതന്ത്ര്യേണ കടന്നനേകതടിനീ-
സ്സ്വൈരം നടന്നീടിനാർ
മോദം പൂണ്ടഥ യജ്ഞസേനനഗരീം
നോക്കിപ്രവൃദ്ധോത്സവാം. 5

ചൊല്ലാവതല്ലയി സഖേ! ഘനമോദമുദ്രാ-
മുല്ലാസയന്മനസി വിശ്വജുഷാം വിശേഷാൽ
കല്യാണഘോഷസമുപക്രമവിസ്മയശ്രീ-
ഹല്ലോഹലം ദ്രുപദരാജപുരേ തദാനീം. 6

പൊന്നിൻപതമങ്ങൾ നീളപ്പുതുമയൊടു വി-
ഞ്ഞൊക്കനിന്നംബരാന്തേ (ത്രി
മിന്നും പോലെ വിളങ്ങും നഗരവരവധൂ-
വക്ത്രമാലാഭിരാമം
എണ്ണം കോലാതസൌധോൽക്കരമഭിനവ
താംശുസന്ദീപ്തമുച്ചൈ- (ര-
ഭ്രാഭോഗമയ്യാ! പ്രതിദിശി ലളശേ
ഭംഗിയിൽത്തീർന്നൊരാരാന്നേ.
ചീനപ്പട്ടാംബരം കൊണ്ടുചര ചിതവിതാ-
നേഷു തൂക്കിക്കിടക്കും
നാനാരത്നാവലിമാലകളിൽനിറമുലാ-
വുന്നകാന്ത്യാ തദാനീം
താനേ ദിക്ചക്രമൊക്കപ്പരികലിതമഹേ-
ന്ദ്രായുധസ്തോമമയ്യാ!
കാണായ്വന്നു തദാനീം, കഥമിവ കഥയേ
മുഖ്യകല്യാണഘോഷം?
പ്രതിനവപനിനീരിലാസ്ഥലക്കം
ഘുസൃണരസേന തളിച്ചു രാജധാനീം
ചിതമൊടു മെഴുകിച്ചമച്ചണിഞ്ഞാർ
മധുരതരം തരളാക്ഷിമാർ തദാനീം.
നല്ലാവാടവിരിച്ചു മേദിനിതലേ
മേളം വളർത്തീടിനാർ
കസ്തൂരത്തിമിയിട്ടു ദീപകലികാ-
ജാലം കൊളുത്തീടിനാർ,
കല്പിച്ചാർ നിരവേ തദാനിറപറ-
ച്ചാർത്തും, പുകത്തോവത-
ല്പപ്പാരകൾ മഹിതസ്വയംവരമഹാ-
കോലാഹലാഡംബരം.
ലോലംബാവലിലോഭനീയമധുധാ-
രാം ചാരുപൂമഞ്ജരീം
ലോലം പൂണ്ടുണ്ണാനചിതാം ദ്രുപദജാം
ലബ്ധും നിബദ്ധോദ്യമാഃ
മേളം പൂണ്ടൊരുമിച്ചു നീളയിളകി
ഭൂതാനനാകാരിതാ
നാലംഭോനിധിചുഴ്ന്നഴിയിലെഴും
നാനാനൃപാധീശ്വരാഃ
അവതസിതശിഖിപിഞ്ഛരാ
നവമേഘശ്യാമളോമഹാതേജാഃ
യദുഭിസ്സഹ സമഭിയയൌ
ശ്രീകൃഷ്ണോ വൃഷ്ണിവംശസീമന്തഃ.
തൽക്കാലേ പാണ്ഡവാമാതരമിനിയ കലാ-
ലാലയേ വച്ചു വിപ്രൈ-
രൊക്കത്തക്കത്തദാ ചെന്നഖിലജനഘടാ-
പൂരിതേ ഗോപുരാന്തേ
അഗ്രേ തലഞ്ഞ മാഗ്ഗം ദ്രുപദപുരമകം
പുക്കനിമ്മായരമ്യം
മുഖ്യാനാം ഭൂസുരാണാം നടുവിലുടനിരു-
ന്നീടിനാർ ഗ്ഗൂഢഗ്ഗൂഢം.

ഗദ്യം—ശിവശിവ പറവാൻ പണി പെട്ടവൊന്നിതു പാഞ്ചാലസുതാകല്യാണോത്സവകലവിവിശേഷാൻ. ദ്രുപദപുരേ വരകല്യാണോത്സവമുണ്ടെന്നു കേട്ടിളകിവരുന്ന ജനങ്ങളോടൊക്കയകംപുക്കവിടെഗ്ഗോപുര വീഥിയിലരയർ പെരുന്തെരുവോടു നടന്നു നരേന്ദ്ര ന്മാരിഹവന്നീലെന്നും ഭൂതന്മാരെ ദ്രുപദനയച്ചു നാലഞ്ചാറുദിനമേപോലും പോലെങ്കിലതെല്ലാവാറ്റിനിനാദം പോകമതിന്മേലേറിക്കൊണ്ടാലോക്കൊന്നാം വരവുവിശേഷം വന്നമഹീശ്വരന്മാരവരെങ്ങു സമ

ഭൂമിയാസ്സു പൊറുക്ക നിമേഷം ഉത്സാഹനി
ന്നു തകർത്തീട്ടേതും കേൾക്കരുതല്ലോ വര
വിൻഘോഷം കാൺക വലർത്തൊരു പൊടി
ധൂളിച്ചതു കാഹളശൃംഗദ്ധ്വനിതമിതല്ലോ
കാണൊരകമ്പടിമേളന്നിമ്മെ പ്പെരികമുഴ
ത്തൊന്നിത്തുമ്പതസൈന്യം കനകമണി
ഞ്ഞ കരീന്ദ്രന്മാരുണ്ടൊരുവകനിരവേ പു
നരത്രവിചിത്രാ കുതിരപ്പടകൾ കുതിക്ക
ന്നതു കാണ്മനടുവിൽത്തിരമാലകണക്കെ
ചവുളമിളക്കിച്ചാടുന്നതുകാൺക ചമയന്ന
ന്നിതു സമരഭടാനാം ഉരമേറൊരുപതി
ഷയതെല്ലോ ചാമരനിരയത നിഖിലരുന്തു
കാണതിനേക്കാളിതുപടയൊട്ടേറും മറ്റൊ
ന്നെങ്കിലതെല്ലോ വന്തു കൊററക്കുടകൾ
നിഖിന്നതുകൊണ്ടേ കോലാഹലമുണ്ടതി
നവിശേഷാൽ കൊള്ളാനഗരിയിലിപ്പട
യൊക്ക ത്രിഭുവനമിളകിവരുമ്പോലേ കാ
ൺ പിന്നാലേയും പിന്നാലേയുമിതല്ലോമ
റ്റൊന്നത്ഭുതമങ്ങതപെടവന്തു മതിമതി
സംഖ്യ കഴിഞ്ഞു വരവിതു സകലദിഗ
ന്താൽ നല്ലപ്പാ ചിലനരപതിമാരതു പ
ല്ലക്കേറിവരുന്നതുമമ്മാ തണ്ടിന്മേലേ ചില
രതവന്തു കണ്ടാൽവേഷമതെത്ര മനോ
ജ്ഞം തേർമേലേറിവരുന്നതു കാൺ ചി
ലർ മേന്മകലന്ന ഗജങ്ങളിലന്യേ കാൺ
ചില മംഗിക്കോപ്പുകളയ്യോ പാഞ്ചാലീഹൃ
ദയഭ്രാമകമിപ്പൊല്ലൂളാഞ്ചികൾ കാഞ്ച
നമാലമണിക്കണ്ണാടികൾ താംബൂലപ്പണി
രത്നപ്പെട്ടികൾ വിസറിചുഴററികൾ ക്ഷത്ത
ക്കോൽചില പിച്ചാങ്കത്തികളിത്തരമെത്ര
മനോഹരവസ്തുകദംബം പരിജനപാണി
സ്ഥിതം കാൺനിരവേ ഹരഹരപാത്താലാ
ഡംബരമിതു വെൺകൊററക്കുടകൊണ്ടോ
തിർത്തു പങ്കജഭവനിതു ഗഗനമശേഷം
വെഞ്ചാമരനിരകൊണ്ടോശിവശിവ സ
ഞ്ചാരോചിതവീഥികളെല്ലാം പൊടികൊ
ണ്ടോ ബത ഭുവനകടാഹം വിസ്മയമഖി
ലംമുഴുവൻ പാത്താൽ ഇതന്തമ്മിലഴച്ചപ
റഞ്ഞുവിലോളിതചിത്തം കയ്യുംകോപ്പുംപി
ടിച്ചു നടന്നീടും ചില കാഴ്ചക്കാർകൾ മ
ഹാജനഘോഷം കഥചന ഭാഗേ കല്യാ
ണോത്സവസന്തോഷഭ്രമ കലവിലകലന്ന
രുവേലം ചമയക്കോപ്പുകളൊരതമൊരുക്കിയു
മഞ്ഞോടിഞ്ഞോടനിശമുഴന്നും തരുണേരോ*
ടൊക്കവഴക്കപറഞ്ഞും തരമല്ലാതവിഭ്രഷ
ണമെന്നും ഞാനോപോകന്നിലിതിനെ
ന്നും കളഭമരച്ചതുകൊണ്ടോപൊണ്ണനിച്ചി
രികത്തിക്കേതും പോകാ കാഴ്ചക്കാർകളശേ
ഷംപോയാർ നാശമിതൊന്നുമൊററക്ക
ളിളയാട്ടമിതെന്നും രാജവരാണാം വരവു
തുടങ്ങീ നാശമിതൊന്നുമൊരുങ്ങീലെന്നും
ഗോപുരനികടേ കേളതു പടഹം മാതർ ച
മഞ്ഞു പുറപ്പെട്ടാർപോൽ മതിമതിയെ
ല്ലാം പിന്നെച്ചമയാം മരതകമാടത്തിന്മേ
ലോ നാം മണിലേഖേ! ബത വന്നായോ
നീകുവലയമാലേ! കുറിയിട്ടീലേ സത്രംകൊ
ണ്ടു മറന്നെങ്ങാനോ മണിമഞ്ജീരമിതെ
ന്തൊരു കാല്ക്കോ മരതകലേഖേ! കാഞ്ചിമ
റന്നാ ചെമ്പത്തിച്ചാറിട്ടീലയ്യോ സംഭ്രമ
മായാലൊന്നും വല്ലേൻ കണ്ണാഭരണമിതെ
ന്തണിയാഞ്ഞു കണ്ണെഴുതീല വലത്തേഹാ
യ്യോ ചമയംകൊണ്ടോ പാവികളേ! ഞാൻ
കാണുന്നു ചില വരവുവിശേഷം മുന്നിൽ
വരുന്നതു കണ്ടായോനീ മന്നവർമുടിയതു
ശിശുപാലൻപോൽ മഗധനരേന്ദ്രനകം
പുക്കാൻപോൽ പെരികവിദഗ്ദ്ധൻപോല
വനധുനാ മേളമിയന്നൊരു യാത്രയതാർ
പോൽ മാളവനാഥനോ മാരസമാനൻ കോ
സലഭൂമിപനങ്ങത വന്തു കോലാഹലമുണ്ട
തിനവിശേഷാൽ കേരളരാജനിതെല്ലോ

* തരുണേരൊത് = തരുണികൾ

വന്നു കേൾക്കാകുന്നു ഘോഷമിതെ മിഥിലമഹീപതിവരവിതു കാൺനീ മിതേമിതേ പടാഹവിരാവം കൌരവനൃപതികൾ വന്നീലാരും പാപമിതാസ്സാം ദൈവവിരോധം നിശ്ചയമെപ്പോഴമജ്ഞനാണെന്നോ നേന്നവളന്നൊരു പെണ്ണിവളല്ലോ ഭാഗ്യമിതിന്നു നമുക്കില്ലല്ലോ തെളിവിനൊടിത്ഥം കതിചന പറയും ഘോഷം കൊണ്ടുവിശിഷ്ടമിതന്നൊരു ഭാഗം സമ്മതമിളകി മഹോത്സവവിഭവമിളക്കാ ലോലമശേഷദിഗന്താൽ വന്നുമുതിന്നൊരു പരിതുഷ്ടാശയമധിരംഗം പോയിപ്പുക്കതുമിതുമഴകിലഴച്ചുപാത്തു മാരോ നരപാലന്മാരെക്കണ്ടും കണ്ടാൽ നല്ലനിവൻബലവാനഭിജന്മംകൊണ്ടുവനെന്തൊരുദാനപടുതമവനെന്നും ചില ഘോഷമുടക്കും ഭ്രൂസ്വരവിലസിതമൊരു ഭാഗാന്തേ രംഗേ വരസംഭാരമൊരുക്കിയുമുമ്പേരിടിന പൂമ്പട്ടാൽ പല പണിനിറമിട്ടു വിതാനിച്ചിടയിട മണിമുകുരങ്ങൾ പതിച്ചണിമാലകൾ ചേർത്തോരോതരമിത്ഥം സത്രംപൂജനടക്കമമാത്യാഞ്ചിതമൊരു ഭാഗാന്തേ മണിരംഗേവരമംഗലസംഭാരങ്ങളൊരുക്കിയുമമ്പേറീടിനപൂമ്പട്ടാൽ പല പണിനിറമിട്ടുവിതാനിച്ചിടയിട മാൎദ്ദളികന്മാർ മൌരജികന്മാർ മാൎദ്ദംഗികരും വൈണികരിതവിധ വൈണവികന്മാർ പാഠകരരുത്തമൊരമ്മാനക ളുന്നകലാകുശലന്മാരും പാടുന്നവരുടനാടുന്നവരും തിക്കിഞെരിച്ചു തദീയംകഴ്യോടിയുന്നു കാലൊടിയുന്നു തലമുടിവിടുവിൻ പുടവപൊളിഞ്ഞു മുണ്ടിതഴിഞ്ഞതുകണ്ടീലെന്നും തൊപ്പികളുത്തമൊപ്പംപോയി കുപ്പായത്തിനു ശില്പം മാഞ്ഞു പൊക്കിളുട്ടം മുമ്പിൽനടന്നു തിക്കായ്യെന്നും തിക്കട്ടെന്നും ശിവശിവയെന്നു പോപോയെന്നും പോകട്ടെന്നും തിക്കുന്നു വരെത്തച്ചുമൊഴിച്ചും ചൂരക്കോൽകൊണ്ടോങ്ങിയുമിയ്യിടക്കൂട്ടംപാടും ചാടുന്നവരും പ്രതിമുഹൂരിടകലരുന്ന മഹാഡംബരകലവിയിലാഭരണങ്ങൾ മുറിഞ്ഞുതെറിച്ചും മൈമേൽക്കുംകുമപൊടിയുളിച്ചും പൌരസ്ത്യണചിലമ്പൊലികൊണ്ടും വാദ്യഗണദ്ധ്വനിമാറൊലികൊണ്ടും ഘോഷമിയന്നതിമാത്രംമെത്തും പുരഹരതാണ്ഡവഘോഷം പോലെ ജലനിധിമഥനപ്രൌഢിമപോലെ പ്രളയമഹാജലമിളകിനപോലെ സമ്മോഹത്തിനു ജന്മാലയമാനന്ദത്തിനുകളിനിലയന മാശ്ചര്യത്തിനൊരാകരമായ്നിറിവാസ്സമൊരുത്സവകോലാഹലമിതു പറകിലസാദ്ധ്യം.

(തുടരും)

---

# പ്രിയംവദയും അനസൂയയും*

സംസ്കൃതസാഹിത്യത്തിലെ രണ്ടു തപസ്വിനികൾ നമ്മുടെ മനസ്സാകുന്ന ക്ഷേത്രത്തിൽ പൎണ്ണശാല കെട്ടി പാൎത്തുവരുന്നുണ്ട്. അവരുടെ പേര് 'പ്രിയംവദ' എന്നും 'അനസൂയ' എന്നും ആകുന്നു. ശകുന്തള ഭൎത്തൃഗൃഹത്തിലേയ്ക്കു പോകുമ്പോൾ അവർ വഴിയ്ക്കു വെച്ചു യാത്രപറഞ്ഞു കരഞ്ഞു പിരിഞ്ഞതായി നമ്മൾ കണ്ടുവല്ലോ

* ബാബു രവീന്ദ്രനാഥടാഗോരുടെ ഒരുപന്യാസത്തിൽ നിന്നെടുത്തത്.

അതിനു ശേഷം ഒരിക്കലും അവർ നാടകത്തിൽ പ്രവേശിച്ചിട്ടില്ല, വളരെക്കാലമായി നമ്മുടെ മനസ്സിൽത്തന്നെ താമസിച്ചുവരികയാണ്.

കാവ്യങ്ങളിലുള്ള എല്ലാ പാത്രങ്ങൾക്കും അവകാശവും അധികാരവും സമമായിരിക്കാൻ പാടില്ലെന്നു സമ്മതിക്കാം. എന്നാൽ, കഠിനഹൃദയനായ കവി തൻെറ നായികാനായകന്മാരെ ഗൌരവപ്പെടുത്തുവാൻ വേണ്ടി ചില ഭംഗിയുള്ള പ്രതിമകൾ കൊത്തിയുണ്ടാക്കി അവയെ ദയയില്ലാതെ വലിച്ചെറിയുകയാണു ചെയ്തിട്ടുള്ളത്. ശുശ്രൂഷിക്കാരായ മുനിശിഷ്യന്മാരും മനസ്സുമങ്ങി വിലപിപ്പാൻ തുടങ്ങിയ ഗൌതമിയും, രാജധാനിയിൽനിന്നു മടങ്ങി ആശ്രമത്തിൽച്ചെന്നു രാജസഭയിലുണ്ടായ വർത്തമാനം പറഞ്ഞപ്പോൾ, ശകുന്തളയുടെ വിവരമറിയുവാൻ ഉൽകണ്ഠയോടുകൂടിയിരിക്കുന്ന അവളുടെ "ഇഷ്ടതോഴികൾക്കു" ണ്ടായ മനോവ്യഥയെപ്പററി പറയുന്നതു മൂലനാടകത്തിന് അനാവശ്യംതന്നെ ആയിരിക്കാം. പക്ഷെ, ആ ഭാഗം വിട്ടുകളയുന്നതുകൊണ്ടു മാത്രം ആ ഇഷ്ടതോഴികളുടെ അനിർവചനീയമായ മനോവേദന അല്പമെങ്കിലും ശമിക്കുമോ? ആ വിഷയത്തിൽ കവി ഒരു ശ്ലോകമെങ്കിലും എഴുതീട്ടില്ലെങ്കിലും, ഒരു വാക്കുപോലും പ്രസ്താവിച്ചിട്ടില്ലെങ്കിലും അവരുടെ ആ മനോവേദന നമ്മുടെ മനസ്സിൽ കിടന്നു തിരിയുന്നില്ലയൊ?

കാവ്യം എന്നതു വജ്രമണിപോലെ കഠിനമാണ്. പ്രിയംവദയും അനസൂയയും ശകുന്തളയ്ക്കു ആരായിരുന്നുവെന്നു വിചാരിച്ചുനോക്കുമ്പോൾ, അവളുടെ ആ കഠിനദുഃഖസമയത്ത് അവരെ ഒരു വിധത്തിലും അടുപ്പിക്കാഞ്ഞത് എന്തു ന്യായമാണ്? ഇത് വല്ലാത്ത കഠിനപ്രവൃത്തിയല്ലേ?

വാസ്തവത്തിൽ ഈ രണ്ടു ലാവണ്യപ്രതിമകൾ ശകുന്തളയെ ആശ്രയിച്ചിരുന്നത്, അവളുടെ സുഖത്തിന്നും സൌന്ദര്യത്തിന്നും ഗൌരവത്തിന്നും ഉൽകർഷമുണ്ടാക്കുവാനായിട്ടു മാത്രമാണ്. ആ മൂന്നുപേരുംകൂടി വൃക്ഷങ്ങൾ നനയ്ക്കുവാനുള്ള കുടവും കയ്യിലെടുത്ത്, അകാലത്തിൽ പുഷ്പിച്ച വനജ്യോൽസ്നയുടെ അടുത്ത് ഒത്തുകൂടിയ സമയത്ത് ദുഷ്യന്തനു മാത്രമല്ലാ ശകുന്തളയുടെ പേരിൽ പ്രീതിയുണ്ടായിരുന്നുള്ളൂ. യൌവനവിലാസങ്ങൾക്കനുരൂപമായ നേരംപോക്കുകൾ പറഞ്ഞ് ശകുന്തളയുടെ അപ്പോഴത്തെ ഭാവത്തെ പരിപൂർണ്ണമാക്കിയിരുന്നത് ഈ രണ്ടു തോഴിമാരല്ലാതെ മററാരായിരുന്നു? ശകുന്തള എന്ന പാത്രം മൂന്നംശങ്ങൾ കൂടിയതാണ്. അതിൽ രണ്ടംശങ്ങൾ ഈ രണ്ടു തോഴിമാരാകുന്നു. അതിലുംവിശേഷിച്ച്, ശകുന്തളയേക്കാൾ അധികം വലിയ അംശങ്ങൾ അവരാകുന്നു. അതുകൊണ്ടാണ് ശകുന്തളയുടെ പ്രേമസല്ലാപങ്ങളെല്ലാം അവർതന്നെ നിർവ്വഹിച്ചത്. മൂന്നാമങ്കത്തിൽ നിസ്സഹായയായ ശകുന്തളയോടുകൂടിയിരിക്കുന്ന രാജാവിൻെറ പ്രണയപാരവശ്യത്തെ വർണ്ണിക്കുന്നതിൽ, കവി തീരെ ബലഹീനനെന്നപോലെ ഗൌതമിയെക്കൊണ്ടുവന്നു ഒരുവിധം തൃപ്തിപ്പെട്ടു. കവിയുടെ ഈ ക്ലേശത്തിന്നു കാരണം മററൊന്നുമല്ല. ശകുന്തളയുടെ പ്രിയപ്പെട്ട തോഴിമാർ അപ്പോൾ അവിടെ ഇല്ലാതിരുന്നതുതന്നെ. ഞെട്ടററുവീണ നറുമലരിൽ ചൂടേറിയ സൂര്യകിരണങ്ങൾ തട്ടുന്നതു തീരെ ദുസ്സഹമാകുന്നു. ഞെട്ടിൻെറയും തളിരുകളുടെയും അന്തരാളത്തിൽക്കൂടിയാണെങ്കിലേ സൂര്യരശ്മിയുടെ സമ്പ

ക്കം പൃഷ്ഠത്തിന്നു ശോഭാവഹമായിരിക്കയുള്ളൂ. നാടകത്തിന്റെ ആ ഘട്ടങ്ങളിൽ സഖിമാരോടുള്ള വേർപാടുനിമിത്തം ശകുന്തള തീരെ അനാവൃത എന്നപോലെയിരിക്കുന്നു. കാണികളുടെ കണ്ണുകൾക്ക് ആ സ്ഥിതി കാണുമ്പോൾ എന്തെന്നില്ലാത്ത ഒരു സങ്കോചം ജനിക്കുന്നു. ആര്യയായ ഗൌതമി പെട്ടെന്നു പ്രവേശിക്കുമ്പോൾ വായനക്കാരുടെ മനസ്സിൽ ഒരു ശാന്തരസമാണ് ഉണ്ടാവുന്നത്.

രാജസഭയിൽവെച്ച് ശകുന്തളയെ തിരിച്ചറിയാതിരുന്നതിന്നു മുഖ്യകാരണം ശകുന്തളയുടെകൂടെ പ്രിയംവദയും അനസൂയയും ഇല്ലാതിരുന്നതാണെന്നു ഞാൻ വിചാരിക്കുന്നു. തപസ്വിനിയായ ശകുന്തളയെ തപോവനത്തിൽനിന്നു പുറമെ ഒററയ്ക്കുപെട്ടു കണ്ടപ്പോൾ രാജാവിന്നു പ്രത്യഭിജ്ഞയുണ്ടായില്ലെന്നുള്ളത് തീരെ അസംഭാവ്യമല്ല.

ശകുന്തള യാത്രപറഞ്ഞു ഭർത്തൃഗൃഹത്തിലേയ്ക്കുപോയതിന്നുശേഷം, അവളുടെ ശൈശവസഖികളായ പ്രിയംവദയ്ക്കും അനസൂയയ്ക്കും, ശൂന്യമായ ആ തപോവനത്തിൽ സഖീവിയോഗം മാത്രമേ ദുഃഖകാരണമായിരുന്നുള്ളൂ. സഖീവിയോഗമല്ലാതെ മറെറാരു മാററവും തപോവനത്തിനു വന്നിട്ടില്ലായിരുന്നുവെങ്കിലും, അവക്ക് സർവ്വവും ദുഃഖകാരണമായിരുന്നു. ഹാ! അവരല്ലെ ജ്ഞാനഫലത്തെ അനുഭവിച്ചവർ. അജ്ഞാതമായ തത്ത്വത്തെക്കൂടി അറിഞ്ഞതും അവരല്ലയോ!! കവി കെട്ടിയുണ്ടാക്കിയ നായികയുടെ ചാരിത്രപാഠമല്ലാ, തങ്ങളുടെ 'ഉററ തോഴി'യുടെ ഹൃദയതീർത്ഥത്തിൽ ആഴമായി ഇറങ്ങിയതുതന്നെയാണ് ഇതിന്നുകാരണം. എടയ്ക്കെടയ്ക്കു ഉപവനവൃക്ഷങ്ങളെ നനയ്ക്കുന്ന പതിവ് മേലിൽ അവർ വിസ്മരിച്ചേയ്ക്കുമോ? വല്ല ഉണങ്ങിയ എലകളുടെയും ശബ്ദംകേട്ടിട്ട് അവർ ആ അശോകമദ്ധ്യവർത്തിയായ അതിഥിയുടെ ആഗമത്തെ അനുസ്മരിക്കാതിരിക്കുമോ? തപോവനത്തിലെ ആ മാൻകിടാങ്ങൾക്കു മേലാലും അന്നുണ്ടായിരുന്ന വിസ്രംഭാദരങ്ങൾ ഉണ്ടായിരിക്കുമോ?

ആ തപോവനത്തിൽ ചെന്ന് നമുക്കിപ്പോൾ പ്രിയംവദയുടെയും അനസൂയയുടെയും വർത്തമാനമെന്തെന്ന് ഒന്നന്വേഷിച്ചുനോക്കുക. അവർ കവികല്പിതങ്ങളായ വെറും പ്രതിബിംബങ്ങളായിരിക്കുമോ? ഇല്ല; അങ്ങിനെയാണെങ്കിൽ, അവർ ശകുന്തളയോടൊന്നിച്ചുതന്നെ അനുവർത്തിക്കമായിരുന്നു. അതുകൊണ്ട്, ജീവനുള്ളവർതന്നെയാണവരെന്നു നിർണ്ണയിക്കാം. അതുപോലെതന്നെ അവക്ക് ശരീരവും ഉണ്ട്. പക്ഷെ ആ ശരീരത്തിന്നു കാവ്യത്തിന്റെ പുറത്തും, നാടകത്തിന്റെ അണിയറയിലുമിരുന്നിട്ടുമാത്രമെ വളരുവാനിടയായിട്ടുള്ളൂ. അതിവിനമ്രമായ മരവിരികൊണ്ടെങ്കിലും ശകുന്തളയുടെ കുചങ്ങളെ വലുതാക്കുന്ന യൌവനത്തെ കെട്ടിനിർത്തുവാൻ അവക്ക് കഴിഞ്ഞു. അപ്പോഴത്തെ അവരുടെ സാകൂതമായ മന്ദസ്മിതത്തിന്മേൽ, പുതുമഴയുടെ ആരംഭത്തിൽ ആകാശദേശത്തു കാർമേഘമെന്നപോലെ ബാഷ്പകലുഷമായ ഒരു ഛായയാണ് ഇന്നു പതിഞ്ഞിരിക്കുന്നത്. ഇപ്പോൾ അനന്യമാനസമാരായി ശകുന്തളയെത്തന്നെ വിചാരിച്ചു കഴിച്ചുകൂട്ടുന്ന അവരുടെ തപോവനത്തിൽനിന്നു ഓരോ ദിവസവും പൂജാർഹരായ പല അതിഥികളും സൽക്കാരം ലഭിക്കാതെ മടങ്ങിപ്പോകയാണ്. അതുകൊണ്ടു നമുക്കും മടങ്ങുകതന്നെ.

കെ. വി. എം.

# ഞങ്ങളുടെ വായനശാല

## ൧. ചെറുശ്ശേരിഭാരതം

പൂർവ്വസ്വത്തിന്റെ കൈകാര്യകർത്തൃത്വം കാരണവന്മാർക്കാണല്ലോ. ഗ്രന്ഥസമുച്ചയവും പൂർവ്വസ്വത്തുക്കളുടെ കൂട്ടത്തിൽ കൂട്ടാവുന്നതാണ്. നിലവും, പറമ്പും, പണ്ടവും, പാത്രവും, എന്നു വേണ്ട എളകുന്നവയും എളകാത്തവയുമായ തറവാട്ടുമുതലുകൾ മുക്കാലേമുണ്ടാണിയും അന്യാധീനപ്പെടുത്തുന്നതിന്നു കാരണവന്മാർക്കു വിരോധമില്ല. എന്നാൽ, പെരുമാററംകൊണ്ടു് ആകത്തുകത്തിന്നു് അണുമാത്രം വ്യത്യാസം വരാത്തതായ ഏട്ടിൽപ്പെട്ടു കിടക്കുന്ന പഴയ അക്ഷരസ്വത്തുക്കളെ ഇക്കൂട്ടർ കഴുത്തറുത്താലും പകുത്തു കാണിക്കുക പതിവില്ല. കാററുകടക്കാത്ത പെട്ടികളിൽ കത്തിനിറച്ചു വെച്ചിട്ടുള്ള ഗ്രന്ഥങ്ങൾ ആണ്ടിലൊരിക്കൽ സരസ്വതീപൂജ പ്രമാണിച്ചു് ആദിത്യനെക്കാട്ടുക പതിവുണ്ടെങ്കിലും, അതും സമക്ഷത്തു വെച്ചേ ചെയ്യാറുള്ളു. പെട്ടി തുറക്കുമ്പോഴയ്ക്കു് അനവധി ഇരട്ടവാലന്മാർ അങ്ങുമിങ്ങും ഓടിത്തുടങ്ങും. ഓരോന്നായി തട്ടിക്കുടഞ്ഞു് ഉതരുനീക്കി കെട്ടിമുറുക്കുമ്പോഴയ്ക്കു് അവയും ഇടയിൽ കടന്നിട്ടുണ്ടായിരിക്കും. ഗ്രന്ഥസംഹാരികളായ ഈ ദുഷ്ടകീടങ്ങൾ ഈത്തരം മനുഷ്യകീടങ്ങളുടെ പുനർജ്ജന്മമായിരിക്കാം. ഉടമസ്ഥന്നു കാക്കാശുപോലും നഷ്ടമില്ലാത്തതും അർത്ഥികളെ കൃതാർത്ഥരാക്കിത്തീർക്കുന്നതുമായ അക്ഷരനിക്ഷേപത്തെ ഇങ്ങിനെ പുഴുക്കുത്തി പൊടിച്ചുകളയുന്നതുകൊണ്ടുള്ള മഹാപാപം, ഇരുവാലന്മാരല്ലാ എട്ടുകാലന്മാരായി ജനിച്ചാലും ഇവരെ വിട്ടുപോകുമെന്നു തോന്നുന്നില്ല. ഇങ്ങിനെയിരിക്കെ, 'ചെറുശ്ശേരിഭാരതം' എന്ന ഈ ഗ്രന്ഥരത്നം ഒരു നോട്ടക്കാരന്റെ കയ്യിൽ പെട്ടതുകൊണ്ടു് പണ്ഡിതന്മാർക്കു് ഇതിന്റെ വിലമതിക്കാൻ എടവന്നു. അല്ലെങ്കിൽ ഇതും വാല്മീകിയുടെ ഗോത്രക്കാർക്കു കാഷ്ഠദ്രവ്യമായി കലാശിക്കുമായിരുന്നു. ചിറക്കൽ കോവിലകത്തു രാമവർമ്മ എളയരാജാവവർകളുടെ പരിശ്രമശീലത്തിന്റെ ഫലമായി പുറത്തു പുറപ്പെട്ട ഈ ഭാരതഗാഥ, കൃഷ്ണഗാഥയുടെ കർത്താവും പ്രസിദ്ധനുമായ ചെറുശ്ശേരി നമ്പൂതിരി ഉണ്ടാക്കിയതാണെന്നു സ്ഥാപിപ്പാൻ രാജാവവർകളുടെ അവതാരിക ധാരാളം മതിയാകുന്നതാണ്. അല്ലെന്നുള്ള പക്ഷക്കാർ ഇതിലും നല്ല തെളിവു ഹാജരാക്കുന്നതുവരെ ഈ അവതാരികയ്ക്കു വിലക്കുറവു വരുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഇതിലും കൃഷ്ണഗാഥയിലും പ്രയോഗചാതുര്യത്തിന്നു പ്രകാരഭേദം കാണുന്നതിന്നു കവിയുടെ പരിചയഭേദം കാരണമായിരിക്കാമെന്നല്ലാതെ പേരുമാററം വേണമെന്നു തോന്നുന്നില്ല. ഒരേ രീതിയിലുള്ള പഴയ പദങ്ങൾ സൂചവഴിക്കപയോഗിച്ചിട്ടുള്ള പാദങ്ങൾ കൃഷ്ണഗാഥയിലെന്നപോലെ ഇതിലും ധാരാളം കാണുന്നുണ്ടു്. ഫലിതപ്രയോഗവും വേണ്ടേടത്തോളമുണ്ടു്. പക്ഷെ, 'സ്നാനിച്ചു' എന്നു മുതലായ ക്രിയകൾക്കും 'പുംസന്മാർ' എന്നു തുടങ്ങിയ പദങ്ങൾക്കും കാലഭേദംകൊണ്ടല്ലാതെ സാധുത്വം കല്പിപ്പാൻ നിവൃത്തിയില്ല. ഏതായാലും, രാമവർമ്മരാജാവവർകളുടെ സാ

ഹിത്യപരിശ്രമം ചിരാനുബന്ധിയായിരിക്കുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ൨. മണിപ്രവാളശാകുന്തളം

രുചിഭേദം കാലവ്യത്യാസത്തെ അനുസരിച്ചിരിക്കും. 'ഭാഷാശാകുന്തള'ത്തിൽ സംസ്കൃതപദപ്രയോഗം കുറെ അധികമാണെന്നുള്ള പക്ഷം ഇന്നുള്ളതുപോലെ അന്നും ഉണ്ടായിരുന്നുവെങ്കിലും, അതിനെ ഒന്നു നവീകരിക്കണമെന്നു പരിഭാഷകനായ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലേയ്ക്കു തന്നെ അഭിപ്രായമുണ്ടാവത്തക്ക രുചിഭേദം, ഭാഷാസാഹിത്യസ്നേഹികളുടെ ഇടയിൽ ഒരു കാൽനൂററാണ്ടിനു മുമ്പ് ഉണ്ടായിരുന്നില്ല. ഇപ്പോൾ കാലാനുസാരേണ ജനങ്ങൾക്കുള്ള രുചിഭേദത്തെ നല്ലവണ്ണം അറിഞ്ഞ്, അവിടുന്നു തന്നെ ആ ഗ്രന്ഥം ഒന്നു പരിഷ്കരിച്ച് 'മണിപ്രവാളശാകുന്തളം' എന്ന നാമധേയത്തിൽ അവതരിപ്പിച്ചിരിക്കുന്നു. വളരെ പഴമപ്പെട്ട 'മണി'(സംസ്കൃതം)യും 'പ്രവാള'(മലയാള)വും ചേർത്തുകോർത്തുണ്ടാക്കിയതാണെങ്കിലും, മണം നിറഞ്ഞ പൂനിരകൾ കൂട്ടിത്തൊടുത്തുണ്ടാക്കിയ പൂത്തുമാലയിലെന്നപോലെ ഈ കൃതിമാലയിൽ ഹൃദയംഗമമായ വാസന വിളയാടുന്നുണ്ട്. കോയിത്തമ്പുരാൻ തിരുമനസ്സിലെ കവിതയ്ക്കുള്ള ആസ്വാദ്യത എന്നപോലെ അവിടുന്നുണ്ടാക്കിയ ശാകുന്തളത്തിന്റെ രസികതയും വിശ്വവിശ്രുതമായതുകൊണ്ട്, കേരളഭാഷയുള്ള കാലത്തോളം ഇളകാത്തതായ പ്രതിഷ്ഠ നേടിയ അവയെപ്പററി ഇപ്പോൾ ഒരു നിരൂപണം ചെയ്യുക എന്ന സാഹസത്തിനു ഞങ്ങൾ ഒരുങ്ങുന്നില്ല. ഈ നവീനകരണത്തിൽ ചെയ്തിട്ടുള്ള മാററങ്ങൾ വളരെ കുറച്ചേ ഉള്ളുവെങ്കിലും, ഉള്ളത് ഉള്ളതുതന്നെയായിട്ടുണ്ടെന്നതിനു 'അശിശിരകരൻ' ഇത്യാദി പദ്യങ്ങൾ തെളിവാകുന്നു. ഈ കൃതിയിൽ ഇനിയും വിശദപ്പെടാതെ വല്ല പദാർത്ഥങ്ങളുമുണ്ടെങ്കിൽ, തിരുവനന്തപുരം കോളേജിലെ മലയാളപണ്ഡിതരായ ആററൂർ കൃഷ്ണപിഷാരോടി അവർകളെഴുതിയ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ അവ തെളിഞ്ഞുകാണുകയും ചെയ്യാം. ഈ ഉത്തമഗ്രന്ഥത്തിന് കൊച്ചി ൧൧-ാം കൂറ് രാമവർമ്മ (അപ്പൻ) തമ്പുരാൻ തിരുമനസ്സുകൊണ്ട്, മൂലശാകുന്തളത്തിലെ ഉള്ളുകള്ളികളും കണ്ടറിഞ്ഞ് എഴുതിട്ടുള്ള രസജനകമായ അവതാരിക ഒരാഭരണമായിട്ടുണ്ട്.

## ൩. മലയാളശാകുന്തളം

വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെയ്ക്കുള്ള ഭാഷാവാത്സല്യം അന്യാദൃശം തന്നെ. "താരേകതസ്ഥവണിഭത്തി ഗുരുവിദിന്ദ്രസ്യസ്യാ ഭവാനാപരധുഷ്യപദാവലംബി" എന്നു പറഞ്ഞതുപോലെ, കേരളഭാഷാപോഷണത്തിനായി അവിടുന്ന് ഒരിടത്തു പരിശ്രമിക്കുമ്പോൾ, അവിടത്തെ പ്രിയഭാഗിനേയനും ശിഷ്യാഗ്രഗണ്യനും ഭാഷാസാഹിത്യത്തിൽ ഗണ്യങ്ങളായ പല ഗ്രന്ഥങ്ങളുണ്ടാക്കി പ്രസിദ്ധി നേടിയ ദേഹവുമായ എ. ആർ. രാജരാജവർമ്മ എം. എ. അവർകൾ മറെറാരിടത്തു പരിശ്രമിക്കുന്ന സംഗതി ആ ഭാഷാഗുരുവിനെന്നപോലെ കേരളീയർക്കൊക്കെയും അഭിമാനകാരണമാകുന്നു. ഈ പരിശ്രമത്തിന്റെ ഫലമായിട്ട് നമുക്ക് കിട്ടീട്ടുള്ള ഒരു പുതിയ പുസ്തകമാണ് 'മലയാളശാകുന്തളം'. സംസ്കൃതഛായ തീരെ ഒഴിച്ച്, മലയാളരീതിയെ മാത്രം

അവലംബിച്ചിട്ടാണ് ഇതെഴുതിയിരിക്കുന്നത്. സംസ്കൃതപദങ്ങളെ വിഭക്തി പ്രത്യയങ്ങളോടുകൂടി എടുകലന്ന് പ്രയോഗിക്കുന്ന ഭാഷാകവിതയാണല്ലൊ മണിപ്രവാളം. എന്നാൽ സംസ്കൃതവിഭക്തികളെയും മാറ്റം കഴിച്ച്, സംസ്കൃതപദങ്ങൾക്കു കൂടി ഭാഷാവിഭക്തികളെ ചേൎത്തുണ്ടാക്കുന്നതാണ് മലയാളകവിത. ഈ രണ്ടു ജാതി കവിതാരീതിയും അതാതിന്റെ സ്ഥാനത്തു ഉൽകൃഷ്ടമെന്നല്ലാതെ ഒന്നിനോടൊന്നു താരതമ്യപ്പെടുത്തുവാൻ നോക്കുന്നത് എപ്പോഴും അസാദ്ധ്യമായിരിക്കും. മലയാളരീതി പിടിച്ച് നിൎമ്മിച്ചിട്ടുള്ള ഈ ശാകുന്തളം ഒന്നിലധികം പരിവൃത്തി വായിച്ചു നോക്കിയതിൽ, രാജരാജവൎമ്മതമ്പുരാനവർകളുടെ ഉദ്ദേശം ധാരാളം നിറവേറുന്നതിന്നു ഇതു മതിയായിട്ടുണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായം. വായനക്കാൎക്ക് എളുപ്പത്തിൽ അൎത്ഥം മനസ്സിലാവുന്നവയും മൂലകാരന്റെ ഭാവങ്ങളെ വെളിപ്പെടുത്തുന്നവയുമായ ഇതിലുള്ള ഗദ്യപദ്യങ്ങൾ എടുത്തുദാഹരിക്കുക എന്നു വെച്ചാൽ പുസ്തകത്തിലെ പല ഭാഗങ്ങളും പകൎത്തേണ്ടതായി വരും.

"ചിത്രത്തിലാദ്യമെഴുതീട്ടുയിർചേൎത്തതാമോ
ചിത്തത്തിൽവെച്ചഴകുചേൎത്തു രചിച്ചതാമോ"

എന്നു മുതലായ ശ്ലോകങ്ങൾ എത്ര ഹൃദയംഗമങ്ങളായിരിക്കുന്നുവെന്ന് പറഞ്ഞറിയിപ്പാൻ പ്രയാസമാണ്. എന്നാൽ, പരിഭാഷകൻ മനസ്സിരുത്തിയത്ര പോരാഞ്ഞിട്ടോ എന്തോ ചില പ്രയോഗങ്ങൾ കുറേക്കൂടി പരിഷ്കരിക്കാമായിരുന്നു എന്നു ഞങ്ങൾക്കു പക്ഷമുണ്ട്. 'താലവൃന്തം' കൊണ്ടു വീശുമ്പോഴുണ്ടാവുന്ന സുഖം 'ആലവട്ടം ചാൎത്തു'ന്നതുകൊണ്ടു സൎവ്വസാധാരണമായി ഉണ്ടാവുമെന്നു തോന്നുന്നില്ല. ഈ മാതിരി പ്രയോഗങ്ങൾകൂടി കൂടാതെ കഴിക്കുവാൻ വേണ്ട പഠിപ്പും പരിചയവും, തഴക്കവും പഴക്കവും ഉള്ള ഒരു കവിയാണ് ഇതിന്റെ പരിഭാഷകനെന്നു പൂൎണ്ണബോദ്ധ്യമുള്ളതുകൊണ്ടാണ് ഈ ന്യൂനതയെ ഞങ്ങൾ എടുത്തുകാണിച്ചത്. എന്തുകൊണ്ടു നോക്കിയാലും, ഈ മലയാളശാകുന്തളത്തെ സംസ്കൃതസാഹിത്യരസികന്മാർ കാളിദാസരുടെ ശാകുന്തളത്തെ എന്നപോലെ മലയാളികൾ ആദരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുസ്തകം കേരളഭാഷയുടെ ഗുരുഭൂതനായ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലേക്കല്ലാ സമൎപ്പിച്ചതെങ്കിൽ അതൊരു ന്യൂനതയായി കരുതത്തക്കവിധം, ഇതവിടേക്കു സമൎപ്പിച്ചിട്ടുള്ളത് യുക്തരൂപമായിരിക്കുന്നു. മേല്പറഞ്ഞ രണ്ടു ശാകുന്തളവും നമുക്കു സമ്പാദിച്ചുതന്നത്, അൎത്ഥശാസ്ത്രത്തിന്റെ ഉള്ളുംകള്ളിയും അറിഞ്ഞിട്ടുള്ള തിരുവനന്തപുരം ബി. വി. ബുക്കുഡിപ്പോക്കാരാകയാൽ അവരെ അഭിനന്ദിക്കാതെ നിവൃത്തിയില്ല.

☞ ശേഷം പുസ്തകങ്ങളുടെ അഭിപ്രായം മകരമാസത്തിലെ ലക്കത്തിൽ

മാ. പ.

# चित्रश्लोकाष्टकम् ॥

-:o:-

किं काम्यते का मधुरा क ईड्यः
स्त्रीभूषणं किं मधुलोलुपः कः ।

को न्यक्स्वरः कीदृगभूद्दशास्यो
रामास्त्रपाळीनिहतो बभूव ॥ १ ॥

लुप्यन्ते स्मरशौरिपद्मजपुरारीणां क संबुद्धयः
का सारग्रहणैषिणामुपमितिर्विद्वज्जनोदीरिता ।
वक्षोभूनिलया च का मुररिपोः का वा भवेत् सुभ्रुवां
लीलालंकृतिरत्र भाति चतुरा पादादिवर्णावलिः ॥ २ ॥

कस्मिन् वाञ्छन्ति सन्तो जगति भवति कः प्रत्ययः प्रत्ययान्ता-
दुग्धाम्भोधेः कया वाजनि सनि परतः किंस्विदभ्यासगातः ।
किं वा ब्रूते वयस्यं मुररिपुकमलाकामसंबुद्धयः काः
किं सूर्योद्योतकान्तं खलु सरसिजराजीति राजत्यजस्रम् ॥ ३ ॥

कास्स्युः संबुद्धयोऽपांपतिकुसुमशरश्रीशगौरीश्वराणां
कौ धातू स्तामदादौ हरिगुणमसहन् पौण्ड्रकः कीदृशोऽभूत् ।
कालो नात्येति कास्मिन्नुपमितिवचनं किन्तु कौ मोहनीया-
वन्तस्थप्रायसूत्रं विलसति सकलस्यास्य साभूत्तराय ॥ ४ ॥

यस्याकीर्तिश्या प्रहर्षजननी भद्रेण भागीरथी
सा मालात्यधिमौलि लोचनपदे चित्रं कराब्जं विदुः ।
व्यामार्द्धांगमुमापि को दहति मव्येन स्मरेण स्मरं
सत्क्षेमाय स सर्वकालमपि यो वेदात्मभूतः स नः ॥ ५ ॥

विश्वामित्रमखं ययावसुरवैरिभ्यो यदङ्घ्र्यंबुजो-
पस्पर्शाच्छिलयापि यौवनमहोभूमेरुदाराश्रियम् ।
यो यातून्यनभिष्ट दूषणमुखान्यानन्दपाथोनिधौ
सेतुं रावणसप्यहन्नरतनुं गायन्तमिष्टाप्तये ॥ ६ ॥

यत्तत्त्वावगमे सनाळकमलोद्भूतिश्च लक्ष्मीस्स्वयं
दुष्प्रापं यमपि प्रपद्यत इदं विश्वं विचित्रात्मकम् ।
चक्रुर्लोकसुमङ्गलानि जगतां द्रुह्यन्ति यातूनि यो
जघ्नुस्तं प्रणमामि पूर्णकरुणं श्रीपूर्णवेदेश्वरम् ॥ ७ ॥

यः सिद्ध्यै तापसानां नयनहुतकुमारः कुमारः कुमारो
यद्वीर्येणोदपादि त्रिदशरिपुकृतान्तः कृतान्तः कृतान्तः ।
येनार्तत्रायकेण क्षपितसुरविषादो विषादो विषाद-
श्चेतश्शुद्धिं विदध्यात् समुपनमसस्सोमः ससोमः ससोमः ॥ ८ ॥

# ഷഷ്ടിപൂൎത്തിലക്കം

മംഗളോദയം



ധനു 11-ാംതിയ്യതി

വാള്യം 5

ലക്കം 2



PRINTED AND PUBLISHED BY **MANGALODAYAM CO., LTD.**, K. K. PRESS, TRICHUR.

# മംഗളോദയം കമ്പനി ക്ലിപ്തം

ഏതു ഭാഷയിലും ശൈലിയിലും അച്ചടിച്ചു കിട്ടേണമെങ്കിൽ മംഗളോദയം കമ്പനിയോട് അപേക്ഷിക്കുക.

മലയാളഭാഷയിൽ അച്ചടിച്ചിട്ടുള്ള മിക്ക പുസ്തകങ്ങളും ഇവിടെ വില്പാനുണ്ട്.

മംഗളോദയം. ഈ മാസിക സാഹിത്യം മുതലായ വിശിഷ്ട വിഷയങ്ങളെ പററി പ്രതിപാദിക്കുന്നു. വരിസംഖ്യ കൊല്ലത്തിൽ 2½ ഉറുപ്പിക മാത്രം.

മലയാളത്തിലെ പുസ്തകം പല തരത്തിലും വില്പാനുണ്ട്. അധികം [illegible] കം ഒന്നായി വാങ്ങുന്നവർക്ക് കുറയുമുണ്ട്.

വിശേഷതരമായ കത്തുകടലാസ്സ്, ലക്കോട്ട്, അച്ചടികടലാസ്സ് മുതലായവ വില്പാൻ എപ്പോഴും തയാർ.

പുസ്തകങ്ങൾ വിശേഷമായി ബൈൻഡു ചെയ്തു കിട്ടേണമെങ്കിൽ ഇവിടെ തന്നെ വരണം.

സ്കൂൾ ടെക്സ്റ്റുബുക്കുകൾ മിക്കതും ഇവിടെ കിട്ടുന്നതാണ്.

ദേവനാഗരിയിൽ അച്ചടിച്ചിട്ടുള്ള സംസ്കൃത പുസ്തകങ്ങൾ വില്പാനുണ്ട്. ഈ ലിപിയിൽ പുസ്തകങ്ങൾ കമ്പനിയിൽ അച്ചടിച്ചുകൊടുപ്പാനും സൌകര്യമുള്ളതാണ്.

ഇപ്പോൾ ഞങ്ങളുടെ വകയായ കേരളകല്പദ്രുമം അച്ചുകൂടത്തിലെ അക്ഷരങ്ങളുടെ ഭംഗി ഒന്നു പ്രത്യേകം തന്നെ എന്ന് സുപ്രസിദ്ധമാണല്ലോ.

ശ്രീ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, രാജരാജവർമ്മ കോയിത്തമ്പുരാൻ മുതലായ മഹാകവികളുടെ നല്ല നല്ല പുസ്തകങ്ങൾ ധാരാളം വില്ക്കപ്പെടുന്നു.

കത്തുകടലാസ്സ്, ലക്കോട്ട്, വിസിറ്റിങ്ങ് കാർഡ് മുതലായവ വളരെ കൌതുകാകൃതിയിൽ അച്ചടിച്ച് തപാൽമാർഗ്ഗം അയച്ചുകൊടുക്കുന്ന സമ്പ്രദായം എപ്പോഴും നടന്നു വരുന്നു.

അച്ചടിച്ചു പ്രസിദ്ധം ചെയ്യാതെ കിടപ്പുള്ള വിശിഷ്ടഗ്രന്ഥങ്ങളുടെ പകർപ്പവകാശം വാങ്ങുവാൻ മംഗളോദയം കമ്പനിക്കാർ തയാറാണ്.

ശ്രീ കേരളത്തിലെ മികച്ച സാഹിത്യരസികന്മാരും മംഗളോദയം കമ്പനിയിലെ ഓഹരി എടുത്തവരും കമ്പനിയുടെ നന്മയെ പ്രതീക്ഷിച്ചിരിക്കുന്നവരാണ്. അധികം ഓഹരികൾ ബാക്കിയില്ല.

അച്ചടിവേലകൾ പ്രത്യേക പാണ്ഡിത്യം സിദ്ധിച്ച പ്രവൃത്തിക്കാരാൽ നടത്തപ്പെട്ടുവരുന്നു. അതുകൊണ്ട് സാധാരണ വേറെ അച്ചുകൂടക്കാരാൽ അതിശയിപ്പാൻ കഴിയാത്തവിധത്തിലുള്ള വേലകൾ കൂടി ഞങ്ങൾ നടത്തി വരുന്നു.

എല്ലാ തരം അച്ചടിവേലകളും കൃത്യമായി സമയത്തു നടത്തിക്കൊടുക്കുന്നതിനും പ്രത്യേകം ഏർപ്പാട് ചെയ്തിട്ടുണ്ട്.

ഇംഗ്ലീഷിൽ ഇഷ്ടംപോലെ അച്ചടിച്ചുകൊടുക്കുക, തമിഴിൽ ഒരുവിധം വേലകൾ ധാരാളം നടത്തുക, പുറംദിക്കുകളിൽനിന്ന് പുസ്തകങ്ങൾ വരുത്തിക്കൊടുക്കുക മുതലായവയെല്ലാം ഇവിടെ സാധാരണയായി നടന്നുവരുന്നതാണ്. പുസ്തകക്കച്ചവടക്കാർക്ക് നല്ല കമിഷനും അനുവദിച്ചുകൊടുക്കും. അച്ചടിയന്ത്രങ്ങളും സ്റ്റേഷനറി സാമാനങ്ങളും ആവശ്യംപോലെ വരുത്തിക്കൊടുക്കുന്നതാണ്.

## മലമ്പനി

## ജലദോഷപ്പനി

കഠിനമല്ലാത്ത പ്ലേഗ്.

| | |
|---|---|
| ഈ രോഗങ്ങൾക്കുള്ള ഗുളികകൾ | ക. 1—0—0 |
| ബലഹീനതയേയും ക്ഷീണത്തേയും അകററുന്ന ഗുളികകൾ | ക. 1—8—0 |
| ഔഷധം ചേർത്തുണ്ടാക്കിയ വിശേഷമായ പല്പൊടി | ക. 0—4—0 |
| ചർമ്മരോഗങ്ങൾക്കുള്ള തൈലം | ക. 0—[illegible]—0 |

*Dr. H. L. Batliwalla.*
*P. O. Worli (Bombay)*

മംഗളോദയം കമ്പനിയിൽ വില്പാനുള്ള

## സംസ്കൃതപുസ്തകങ്ങൾ

(നാഗരാക്ഷരത്തിൽ അച്ചടിച്ചുള്ള)

പി. എസ്സ്. അനന്തനാരായണശാസ്ത്രികൾ

| | |
|---|---|
| 1. വാക്യതത്വം. | 0—6—0 |

ആർ. കൃഷ്ണപ്പിഷാരോടി പ്രസാധകൻ.

| | |
|---|---|
| 2. സിദ്ധാന്തമാല | 0—6—0 |

ശീവൊള്ളി നാരായണൻ നമ്പൂരി.

| | |
|---|---|
| 3. പാർവ്വതീവിരഹം. | 0—2—0 |

...ന്നൻ വാരിയർ.

| | |
|---|---|
| 4. ദേവീസ്തവമാലിക. | 0—2—0 |
| 5. ദേവീമാഹാത്മ്യം നാരായണീയം. | 0—1—0 |

☞ അധികവിവരത്തിന്ന മംഗളോദയം കമ്പനി മാനേജർ തൃശ്ശിവപേരൂർ എന്ന മേൽവിലാസത്തിൽ എഴുതി അപേക്ഷിക്കുക.



## സർ. രാമവർമ്മ

ജി. സി. എസ്സ്. ഐ., ജി. സി. ഐ. ഇ., എൽ. എൽ. ഡി.


**കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട്**

മംഗളോദയം കമ്പനിവക കേരളകല്പദ്രുമം അച്ചുക്കൂടം, തൃശ്ശിവപേരൂർ.

# സർ. രാമവർമ്മ ജി.സി.എസ്സ്.ഐ., ജി.സി.ഐ.ഇ., എഫ്. എം. യൂ.

## കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട്

"യഥാ തഥാപി യഃ പൂജ്യോ യത്ര തത്രാപി യോച്ചിതഃ ।
യോപി വാ സോപി വാ യോസൌ ദേവോ വിജയതേതരാം." ॥



76-ൽ തീപ്പെട്ട വലിയമ്മ തമ്പുരാൻ 1008—1076.
(തിരുമനസ്സിലെ അമ്മ)

### തിരുമനസ്സിലെ കുട്ടിക്കാലം.


ഇപ്പോഴത്തെ കൊച്ചി രാജകുടുംബം മുഴുവനും ഒരു പെൺവഴി തമ്പുരാനിൽ നിന്നാണ് ഉണ്ടായിട്ടുള്ളത്. അവിടുന്ന 971.ൽ (സാക്ഷാൽ ശക്തൻ തമ്പുരാൻ തിരുമനസ്സിലെ കാലത്ത്) തിരു അവതാരം ചെയ്ത് 1036.ൽ തീപ്പെട്ട വലിയമ്മതമ്പുരാനാണ്. അവിടേക്ക് നാലു പെൺമക്കളുണ്ടായിരുന്നു. അതിൽ മൂന്നാമത്തെ ആളാണ് തിരുമനസ്സിലെ അമ്മ. അവിടുന്ന് 1008 വൃശ്ചികത്തിൽ തിരുഅവതാരം ചെയ്തു. 1021.ൽ അവിടത്തെ തിരണ്ടുകല്യാണം കഴിഞ്ഞു. കുടലൂരാവണത്ത് മാസ്റ്റർ (അനുജൻ) നമ്പൂതിരിപ്പാട്, അവിടേക്ക് ഇരിപ്പായി. 1026.ൽ അവിടേക്ക് ഒരു പെൺവഴി തമ്പുരാനുണ്ടായി. 1028 കർക്കടമാസത്തിൽ കാശിയിൽ നിന്നു തീപ്പെട്ട വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു കാശിക്കെഴുന്നള്ളുന്ന സമയം ഇപ്പോഴത്തെ തിരുമനസ്സിലെ തിരുവയററിൽ ഉണ്ടായിരിക്കുന്ന കാലമായിരുന്നു. "കുഞ്ഞിക്കാവു പ്രസവിച്ച് ഉണ്ണിയാണെങ്കിൽ പേരിട്ട് എന്നെ അറിയിക്കണം." എന്നരുളിച്ചെയ്തിട്ടാണ് കാശിക്കെഴുന്നള്ളിയത്. അതുപോലെ തന്നെ 1028-ാമാണ്ടു ധനുമാസം 11-ാംനു മീനരാശിയിൽ തിരുഅവതാരം ചെയ്ത് 'രാമവർമ്മൻ' എന്ന തിരുനാമമിട്ട വിവരം കാശിയിൽ അറിയിക്കുകയും പേരു ചൊല്ലി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു സ്നാനം ചെയ്കയും ഉണ്ടായിട്ടുണ്ട്.



കൊച്ചി കൊച്ചു തമ്പുരാൻ 1026—1058.
(തിരുമനസ്സിലെ മൂത്ത സഹോദരി)

അഞ്ചാമത്തെ തിരുവയസ്സിൽ എഴുത്തിനു വച്ചു. അന്നു തന്നെ 17 മാസം പ്രായം കൂടിയ അവിടത്തെ മൂത്ത സഹോദരിയും ഒരുമിച്ചു പഠിച്ചുതുടങ്ങി. അന്നു പഠിപ്പിക്കുവാൻ മൂഴിക്കുളത്തു കുഞ്ഞുണ്ണി നമ്പ്യാർ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളു. സംസ്കൃതത്തിൽ അദ്ദേഹത്തിനു നല്ല വ്യുല്പത്തി ഉണ്ടായിരുന്നു. വ്യാകരണത്തിൽ വിശേഷിച്ചും നിപുണനായിരുന്നു. പ്രായം അറുപതോളമായി. തമ്പുരാക്കന്മാരെ വളരെക്കാലം പഠിപ്പിച്ചിട്ടുണ്ട്. അന്നുണ്ടായിരുന്ന ആൺവഴി തമ്പുരാക്കന്മാരും, അമ്മതമ്പുരാനും കുഞ്ഞമ്മതമ്പുരാനും ഒഴികെ മററുള്ള പെൺവഴി തമ്പുരാക്കന്മാരും നമ്പ്യാരുടെ ശിഷ്യരായിരുന്നു. അന്നു പഠിച്ചിരുന്നവരിൽ ചിങ്ങ മാസത്തിൽ തീപ്പെട്ട തിരുമനസ്സിലേക്കാണ് പ്രായം കൂടിയത്.


എന്നാൽ ഈ കാലത്ത് അന്നത്തെ വലിയ തമ്പുരാന്റെ കല്പനപ്രകാരം വൈകുന്നേരം നാലു മണി മുതൽ അഞ്ചു മണി വരെ [?]രാമ തമ്പുരാൻ കോവിലകത്തു നടപ്പുരയിൽ 'പൊന്നാവള്ളു' എന്ന പേരായ ഒരു സാധുക്കരിയുടെ പുറത്തു "സവാരി ചെയ്തു" അഭ്യസിച്ചുവന്നു.



1. 1065 മിഥുനമാസത്തിൽ തീപ്പെട്ട വലിയമ്മ തമ്പുരാൻ.



2. 1055 മീനമാസത്തിൽ തീപ്പെട്ട കുഞ്ഞമ്മ തമ്പുരാൻ



3. 1077-ൽ തീപ്പെട്ട വലിയമ്മ തമ്പുരാൻ

([illegible])

തിരുമനസ്സിലേക്ക പഠിക്കുവാൻ ശേഷം ഉണ്ടായിരുന്നില്ല. ഒരു തരത്തിൽ കബളിപ്പിക്കുവാൻ നോക്കിയിരുന്നു. അവിടത്തെ അമ്മയ്ക്ക് അപ്രിയമായ സംഗതികളിലൊഴികെ മറ്റുള്ളതിലൊക്കെ അവിടത്തെ മൂത്ത സഹോദരിയും സഹായിച്ചിരുന്നു. കൂടെ പഠിച്ചിരുന്ന മറ്റുള്ളവരെപ്പോലെ ഇല്ലെങ്കിലും അവിടേക്ക ഉത്സാഹശീലം ഒരു വിധം കൗശലമായിരുന്നു. ആറു വയസ്സായപ്പോൾ തന്നെ പ്രായം ചെന്നവർകൂടി വിശ്വസിക്കത്തക്കവണ്ണമുള്ള സൂത്രങ്ങളും വ്യാജങ്ങളും സൃഷ്ടിക്കുന്നതിൽ സാമർത്ഥ്യം നല്ലവണ്ണം ഉണ്ടായിരുന്നു. ആ വക സൂത്രങ്ങൾ മറ്റുള്ളവർക്ക മാലിന്യം ഉണ്ടാക്കത്തക്കവയായിരുന്നു എങ്കിലും വളരെ ഉപദ്രവകരങ്ങളായിരുന്നില്ല. മറ്റുള്ള കൊച്ചുതമ്പുരാക്കന്മാരായിട്ട തിരുമനസ്സുകൊണ്ട് അങ്ങോട്ട തല്ലിത്തല്ലാൻ പോയിരുന്നില്ല. കെട്ടിനടന്ന കളികൾ ആയിരുന്നു അവിടത്തെ ജോലി. ഒരു ദിവസം ഇത്ര വീഴുകയുള്ള പാറുകയുള്ള എന്ന കണക്കില്ല. ഏകദേശം പന്ത്രണ്ട വയസ്സായിരുന്ന കാലത്തു ചങ്ങാതികളെ തൂക്കൺപാലത്തു കയറ്റി കിഴക്കേ കൊട്ടാരത്തിന്റെ പിന്നിലത്തെ മതിലിന്മേൽ പിടിച്ച് കെട്ടി ദേവതമാളികയുടെ സമീപത്തിലുള്ള ലായത്തിലേക്ക കടക്കുവാൻ ഭാവിച്ചപ്പോൾ പഴയ ഒരാൾ എന്നൊരു വാലിയക്കാരൻ കുതിരയെ പിടിച്ചുനിർത്തിയില്ലായിരുന്നു എങ്കിൽ വലുതായ ആപത്തു വന്നു സംഭവിക്കുമായിരുന്നു. തിരുമനസ്സിലെ അന്നു അവിടത്തെ ദേഹം വേണ്ടവിധം സൂക്ഷിച്ചിരുന്നു. ഒരു മരുന്നു സേവിപ്പിക്കാത്ത ദിവസം ഇല്ല. പത്ഥ്യമാചരിപ്പിക്കാത്ത നേരത്തും ഇല്ല. അവിടത്തെ തിരുമേനി "ഔഷധംകൊണ്ടാണ് ഉണ്ടാക്കീട്ടുള്ളത്, അന്നംകൊണ്ടല്ല. അതുകൊണ്ട കത്തിക്കിടാവിനു ഇതിൽ ശക്തി കൂടാൻ തരമില്ല" എന്ന മിഥുനമാസത്തിൽ തീപ്പെട്ട തിരുമനസ്സുകൊണ്ട നേരംപോക്കായിട്ട് അരുളിച്ചെയ്യാറുണ്ട്.



(മകരമാസത്തിൽ തീപ്പെട്ട വലിയ തമ്പുരാൻ 1078—1089)

അവിടന്ന നല്ലവണ്ണം പഠിച്ച കണ്ടാൽ കൊള്ളാമെന്ന വളരെ മോഹമുണ്ടായിരുന്നതിനാൽ അമ്മയ്ക്ക് അവിടത്തെ മടി കണ്ടിട്ട വളരെ സങ്കടമുണ്ടായിരുന്നു. പലപ്പോഴും ശകാരിക്കാറുണ്ട്. അടിക്കുന്നതുകൂടി അരുളിച്ചെയ്യപ്പെട്ടതാവും ഉണ്ട്. ഇത്രയൊക്കെയായിട്ടും വിനോദം പഠിക്കുവാൻ കൂട്ടാക്കിയിരുന്നില്ല. പന്ത്രണ്ട വയസ്സായപ്പോൾ മലയാള അക്ഷരങ്ങൾ നല്ലവണ്ണം വായിക്കുവാൻ മാത്രം ശീലമായിരുന്നു.

രാമവർമ്മ എന്നാകുന്നു പേരിട്ടിരുന്നത് അവിടത്തെ നാമകരണം. അവിടത്തെ അമ്മയ്ക്ക് ഏഴ വയസ്സായ മുതലേ കൂടെ താമസിച്ചിരുന്ന ഒരാളാണ് ഇദ്ദേഹം. തിരുമനസ്സുകൊണ്ട് "ആശാൻ" എന്നാണ് ഇദ്ദേഹത്തിനെ വിളിച്ചിരുന്നത്. തിരുവല്ല കിട്ടിയതിന്നു ശേഷം കുളങ്ങര കാര്യക്കാരായിരുന്ന് ഒടുവിൽ 40 ക പെൻഷ്യൻ വാങ്ങിയിരിക്കുന്ന കാലത്താണ് മരിച്ചത്. ഇദ്ദേഹം ദീനം പിടിച്ച കിടക്കുമ്പോൾ കാണാൻ എഴുന്നള്ളുന്നതാണെന്ന പറഞ്ഞയച്ചു. അതിനു മറുവടിയായി "വേണ്ടതൊക്കെ ചെയ്തിട്ടാൽ മതി. ഇങ്ങോട്ടെഴുന്നെള്ളുന്നത് ഉചിതമല്ല" എന്നാണ് പറഞ്ഞയച്ചത്. അവിടത്തെ കുറിച്ച് ഇതുപ്രകാരത്തിലെ അഭിമാനത്തിന്ന സ്വഭാവം ഉണ്ടായിരുന്നുള്ള എന്ന പറഞ്ഞുകൂടാ. അവിടേക്കും അദ്ദേഹത്തിന്റെ നേരെ വളരെ സ്നേഹവും അദ്ദേഹത്തെക്കുറിച്ച ഭയവും കൂടി ഉണ്ടായിരുന്നു. അവിടത്തെ മേൽ അദ്ദേഹത്തിന്നുണ്ടായിരുന്ന സ്വാധീനം അവിടത്തെ ശ്രേയസ്സിനല്ലാതെ മറ്റൊന്നിന്നും ഉപയോഗിച്ചിട്ടില്ല. അസത്സംസർഗ്ഗത്തിന് ഇടവരാതെ അദ്ദേഹം വളരെ സൂക്ഷിച്ചിരുന്നു. തൽക്കാലം അവിടേക്ക് അതു അത്ര രുചിച്ചിരുന്നില്ല. എങ്കിലും അതുകൊണ്ടുള്ള ഗുണം മേലാലാണ് കണ്ടിട്ടുള്ളത്. അമ്മയുടെ ആനുകൂല്യവും അദ്ദേഹത്തിന്ന നല്ലവണ്ണം ഉണ്ടായിരുന്നു. ദിവസവും രണ്ടു മണിക്കൂറു നേരം അദ്ദേഹം മലയാളം എഴുതിച്ചിരുന്നു. മലയാളകയ്യക്ഷരം ക്രമേണ നന്നായി വന്നു എങ്കിലും സംസ്കൃതപാഠം അന്നും അമാന്തം തന്നെ.

അവിടത്തെ മൂത്ത ജ്യേഷ്ഠത്തിയമ്മ 1036-ൽ തീപ്പെട്ടു. പിറ്റേ കൊല്ലം അന്നു തിരുമൂപ്പായിരുന്ന അവിടത്തെ അമ്മാമന്റെ കല്പനപ്രകാരം കളിക്കോട്ടയിൽ "ഭാഷ" (ഇംഗ്ലീഷ്) പഠിക്കുവാൻ തുടങ്ങി. അന്നു മൂന്ന തമ്പുരാക്കന്മാർ കളിക്കോട്ടയിൽ പഠിച്ചിരുന്നു. 1. അന്നു വീരകേരള തമ്പുരാനായിരുന്ന ചിങ്ങമാസത്തിൽ തീപ്പെട്ട തിരുമനസ്സുകൊണ്ട്, 2. 4-ാം കൂറു തമ്പുരാൻ, 3. 5-ാം കൂറു തമ്പുരാൻ. ഇവിടന്ന് അന്ന് ആറാം കൂറായിരുന്നു. റോബർട്ട് വൈറ്റ് എന്ന സായ്പും, ടി. നാരായണയ്യരും ആയിരുന്നു അന്നു പഠിപ്പിച്ചിരുന്നത്. തിരുവനന്തപുരം സ്കൂളിൽ പഠിപ്പിച്ചിരുന്ന പ്രസിദ്ധനായ റോബർട്ട്സ് സായ്പിന്റെ ശിഷ്യന്മാരായിരുന്നു ഇവർ. 4-ം, 5-ം കൂറു തമ്പുരാക്കന്മാരുടെ അനുജനായ 7-ാം കൂറു കുഞ്ഞുണ്ണി തമ്പുരാൻ അവിടത്തെ കൂടെ ചേർന്നാണ് കളിക്കോട്ടയിൽ ചേർന്നത്. അന്ന് ഇംഗ്ലീഷ് പഠിപ്പിക്കുന്ന സമ്പ്രദായം ഇപ്പോഴത്തെപ്പോലെ ആയിരുന്നില്ല. പടവി (ക്ലാസ്) വിഭാഗവും നിശ്ചയമായ പാഠക്രമവും സമയനിശ്ചയവും ഒന്നുമുണ്ടായിരുന്നില്ല. പുസ്തകം കയ്യിട്ടാണ് പഠിക്കുന്നതെങ്കിൽ പദവി മാറി എന്നാണ് സങ്കല്പം. അതുതന്നെ രണ്ടു കിട ഏകദേശം രണ്ടു മണിക്കു പാഠം തുടങ്ങും. അവരെ നാരായണയ്യരാണ് പഠിപ്പിച്ചിരുന്നത്. പ്രായം കൂടിയവർ രണ്ടര

മണിയോടുകൂടിയേ വരികയുള്ളൂ. അവരെ "വൈദി"സാസ്ത്രം പഠിപ്പിച്ചുവന്നു. തിരുമനസ്സുകൊണ്ട് ആദ്യം ചേർന്ന ദിവസം നാരായണയ്യരാണ് പഠിപ്പിച്ചത്. 7-ാംകൂറു കുഞ്ഞുണ്ണിത്തമ്പുരാനെ സാസ്ത്രം പഠിപ്പിച്ചു. കുഞ്ഞുണ്ണി തമ്പുരാനു മുമ്പേതന്നെ ഇംഗ്ലീഷ് അക്ഷരം ഉച്ചരിപ്പാൻ



4-ാംകൂറു തമ്പുരാൻ
(തൃപ്പൂണിത്തുറ തീപ്പെട്ട വീരളയതമ്പുരാൻ.)
1023—1055.

വശമായിരുന്നു. വായിക്കുവാൻ ത്രാപമുണ്ടായിരുന്നില്ല. അന്നു തിരുമനസ്സുകൊണ്ട് അക്ഷരം പകുതി പഠിച്ചുതീർന്നപ്പോഴെക്കും കുഞ്ഞുണ്ണി തമ്പുരാൻ അവിടുത്തെ ജോലി മുഴുവൻ ഒതുക്കി. മുമ്പു പഠിച്ചിട്ടുണ്ടെന്നുള്ള കഥ അറിയാതെ കുഞ്ഞുണ്ണിത്തമ്പുരാന പഠിക്കുവാൻ എളുപ്പമുണ്ടെന്നു സാസ്ത്രം നാരായണയ്യരും തീർച്ചയാക്കി. വാസ്തവത്തിൽ കുഞ്ഞുണ്ണിത്തമ്പുരാൻ എളുപ്പമില്ലാത്താളായിരുന്നില്ല. ശബ്ദവാസന നല്ലവണ്ണം ഉള്ളാളായിരുന്നു. തിരുമനസ്സിലേക്കു പഠിക്കുവാൻ മടിയുണ്ടായിരുന്നു എങ്കിലും ഈ തോൽവിയിൽ വളരെ കുസൽ തോന്നി. പോവാറായപ്പോൾ നാരായണയ്യർ അവിടുത്തെ സമാധാനമാക്കി. പിറ്റെദിവസം കുഞ്ഞുണ്ണിതമ്പുരാനെ തോല്പിക്കത്തക്കവണ്ണം പഠിപ്പിക്കാമെന്നും പറഞ്ഞു.

പിറ്റെദിവസം () മുതൽ Z വരെയുള്ള അക്ഷരങ്ങളെ ഒരേ ണിക്കൂറുകൊണ്ടു പഠിച്ചു F എന്നുള്ള അക്ഷരം നല്ലവണ്ണം ഉച്ചരിപ്പാനും വശമാകി. പിന്നെ ഉണ്ടായിരുന്ന സമയംകൊണ്ട് ചെറിയ അക്ഷരേവും അന്നു. അന്നു ഉണ്ട് പള്ളിവാഴന്നെള്ളിയത്. അവസാനം മുതെയുള്ള അക്ഷരങ്ങൾ കാട്ടിയിപ്പാൻ പഠിപ്പിച്ചു കുഞ്ഞുണ്ണി തമ്പുരാന് പോലെ സാധിക്കേ അതിൽ ഉണ്ടായില്ല. കുറാന് ഉച്ചാ



(ഫോബ്സ് സൊറാ ഴ്)

പഠിച്ചുകൊണ്ടി ത്സാഹമായിട്ടായന കഴിച്ചു എട്ടാം ദിവസം തൽ ആദ്യംവരങ്ങളും ഒരൊ കൊട്ടത്ത് വാക്കു. കുഞ്ഞുണ്ണി ത്സൊരാക്കില്ല. അവിടുശേഷം കുസലും ഞ്ഞുണ്ണി തമ്പുണ്ണം ത്രാപമുണ്ടാ

യിരുന്നതുകൊണ്ട് പഠിക്കുന്ന സമയം ലിപികളിൽ കണ്ണുപതിഞ്ഞിരുന്നില്ല. അവിടുന്നു നോക്കി പഠിച്ചതുകൊണ്ടാണ് ബുദ്ധിമുട്ടു തോന്നാഞ്ഞത്. ദിവസം മൂന്നു മണിക്കൂറുവീതം കളിക്കോട്ടയിൽപോയി ഇരുന്നിരുന്നു എങ്കിലും നിഷ്കർഷപോരാഞ്ഞതുകൊണ്ട് പാഠം ലേശം കേറിയിരുന്നില്ല. ഇങ്ങിനെ പന്ത്രണ്ടുകൊല്ലം കഴിഞ്ഞിട്ടും ഇംഗ്ലീഷിൽ ചെറിയ വാചകങ്ങളും എഴുതുവാൻകൂടി അവിടേക്കു സാധിച്ചിരുന്നില്ല. കഴിഞ്ഞ തിരുവെങ്കിടാചാര്യർ ഒരു എഴുത്തോടുകൂടി ചില മരായകം തിരുമനസ്സിലേക്കു അയച്ചുകൊടുത്തപ്പോഴും മറുവടി അയക്കുവാൻ കൂടി അവിടുന്നു കുഴങ്ങിച്ചു. സ്കൂൾവിട്ടാൽ പുസ്തകം തൊടുക തന്നെ പതിവില്ല. സ്കൂളിൽ ചെന്നാലും സംസാരിച്ചു സമയം കളകയാണ് പതിവ്. അമ്മക്കു ഇംഗ്ലീഷിന്റെ കാര്യത്തിൽ വലിയ നിഷ്കർഷയൊന്നും ഉണ്ടായിരുന്നില്ലെങ്കിലും സംസ്കൃതം നല്ലവണ്ണം പഠിപ്പിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു. അമ്മയുടെ ഈ ശുഷ്കാന്തിയും രാമപട്ടരുടെ സഹായവും ഇല്ലായിരുന്നു എങ്കിൽ അവിടുത്തെ ഭാവി എന്തായിരുന്നേനെ!

തിരുമനസ്സിലേയും സഹോദരി കൊച്ചിക്കാവു തമ്പുരാൻ തിരുമനസ്സിലേയും അടുത്ത അനുജൻ 8-ാംകൂറ് കൊച്ചുണ്ണിതമ്പുരാൻ തിരുമനസ്സിലെയും (1076ൽ തീപ്പെട്ട എളയ തമ്പുരാൻ) 1041-ൽ ഗോവിന്ദൻ ന



5-ാംകൂറു തമ്പുരാൻ
(ശയ്യയിൽ തീപ്പെട്ട വീരകേരള തമ്പുരാൻ)
1025—1062.

മ്പ്യാരുടെ അടുക്കൽ പഠിക്കുവാനാക്കി. നമ്പ്യാരെപ്പോലെ വിദ്വാനെ പഠിപ്പിക്കുവാൻ സമർത്ഥനും ആയ ഒരാൾ അന്ന് കൊച്ചിരാജ്യത്തുണ്ടായിരുന്നില്ല. ഈ കൊച്ചുതമ്പുരാക്കന്മാരെ ഒരു വിനാഴികപോലും പഠിക്കാതിരിക്കുവാൻ നമ്പ്യാർ സമ്മതിച്ചിരുന്നില്ല കാലത്ത് 7. മണി മുതൽ 9 മണി വരെ നമ്പ്യാർ തന്നെ പഠിപ്പിക്കും. കുളിയും ഊണും കഴിഞ്ഞു വരുന്നതു വരെ നമ്പ്യാരുടെ മകനെ പഠിച്ചതു ചൊല്ലുന്നതു കേൾക്കുവാനാക്കിട്ടപോകും. 10 മണി മുതൽ 12 മണി വരെ ചോട് പഠിച്ചതു ചൊല്ലുകയായിട്ടു കഴിയും. രണ്ടു മണി മുതൽ കളിക്കോട്ടയിൽ ഭാഷ പഠിക്കുവാൻ പോയിരിക്കും. മൂന്നു മണി മുതൽ അഞ്ചു വരെ നമ്പ്യാർ തന്നെ പിന്നെയും പഠിപ്പിക്കും. കാലത്തു ഒരു മണിക്കൂറും ഉച്ചക്കു ഒരു മണിക്കൂറും ഒഴികെ 7 മുതൽ 5 വരെ യാതൊരു ഒഴിവും ഇല്ലെന്നു പറയാം. ഇങ്ങിനെ ഏകദേശം കഴിഞ്ഞു. പാ


തന്റെ ഒട്ടും കാലത്തിന്റെ കാരെ ഭേദവും ടുന്ന കൊച്ചു തിരുമനസ്സിലെ ത്തിൽ നമ്പ്യാരുടെ ശ്രമം ഏറ്റ അധികം ഫലിച്ചില്ലെന്നെ. കുളിലേശം സമയം ഉണ്ടായിരുന്നില്ല. ഒന്നാംകൂടി ലീ



(നാരായണയ്യർ)

ഴിഞ്ഞു. പാഠ്യത്തിൽ വളർന്നു. അവിടിടക്കാലത്തുയിരുന്നു എങ്കിലും ടെ ശ്രമം എപ്പത്തിൽ ഇതിവത്തായി തീർക്കുവാൻ ലവകൊടുത്തിരുന്നില്ല നമ്പ്യാരുടെ ലാവതി ചെ

ഷ്ളികകാരം നാട്ടകം വസ്തികരണവും ചെയ്തു പതിവാണ്. ഇങ്ങിനെ ഒരു കൊല്ലത്തോളം കഴിഞ്ഞപ്പോഴേക്ക് നമ്പ്യാക്ക് വസൂരി ഇടങ്ങേടി ലിച്ചു. സാമൃതായതുകൊണ്ട് ഈ വ്യസനം അവിടുന്ന വളരെ അനുഭവിച്ചോ എന്നു സംശയമാണ്.



(7-ാം കൂറ് കത്തൂട്ടിത്തമ്പുരാൻ 1029—1059)

നമ്പ്യാർ മരിച്ചതിന്ന ശേഷം പിന്നെയും മടി പിടിക്കുവാൻ തുടങ്ങി. എന്നാൽ പണ്ടത്തെപ്പോലെ അതിന്ന തഴിയുണ്ടായിരുന്നില്ല. ഈ ഒരു മരണം പ്രായംകൊണ്ടും കഴിഞ്ഞ ഒരു കൊല്ലത്തെ ശീലത്തിന്ന് വിപരീതമായതുകൊണ്ടും ആവിരിക്കാം. ഈ കാലത്ത് തൃപ്പൂണിത്തുറ തീപ്പെട്ട വീരെളയതമ്പുരാൻ തിരുമനസ്സുകൊണ്ട് അവിടത്തെ പഠിപ്പിക്കാമെന്ന ഏറ്റെടുത്തു.

ഈ വീരെളയതമ്പുരാൻ വളരെ കാലമായിട്ട് അവിടത്തെ ചേരിൽ പ്രത്യേകമായിരുന്നു. അവിടുന്ന് മലയാളം മുഴുവൻ പ്രസിദ്ധി കേട്ട ഒരാളും ആയിരുന്നു. തിരുമനസ്സിലെ അമ്മാവനായ തീപ്പെട്ട എളയ തമ്പുരാനും പഠിക്കുവാൻ ഒരു മിച്ചണ്ടായിരുന്നു. വീരെളയതമ്പുരാന് കൊച്ചുതമ്പുരാക്കന്മാരെ പഠിപ്പിക്കുന്നതിൽ സ്വന്തം വിദ്യാഭിവൃദ്ധി കൂടി ഉദ്ദിഷ്ടമായിരുന്നു. പാറമേക്കാവിൽ രാമൻ നമ്പ്യാരെയും സഹായത്തിന്നായി അവിടുന്ന് വരുത്താറുണ്ട്. നമ്പ്യാക്ക് വലിയ വ്യുല്പത്തി ഒന്നും ഇല്ലായിരുന്നു എങ്കിലും ആദിപാഠം നടത്തുന്നതിൽ മിടുക്കനായിരുന്നു.

വീരെളയതമ്പുരാൻ തിരുമനസ്സുകൊണ്ടും സഹോദരന്മാരുടെയും [illegible] മക്കളാണ്. അവർ തങ്ങളുടെ [illegible] പല വിദ്യ നടന്നിട്ടും ഉണ്ട്.


ഈ തമ്പുരാക്കന്മാർ [illegible] വശേഷിച്ച് കൂട്ടുകെട്ടായിരുന്നു. ഈ ഒരു പ്രത്യേകസ്നേഹം [illegible] തമ്പുരാൻ തീപ്പെട്ടതുവരെ ഒരുപോലെ നിലനിന്നിട്ടുണ്ട്. ആ തിരുമനസ്സിലെ അടുക്കൽ അവിടുന്ന് മൂന്നു കൊല്ലത്തോളം സംസ്കൃതം പഠിച്ചു. അതിനൊക്ക ഒരുവിധം ലോകവ്യുല്പത്തിയുമായി. നമ്പ്യാക്കും. വീരെളയതമ്പുരാൻ തിരുമനസ്സിലേക്കും അറിയാവുന്നേടത്തോളം ഇവിടേക്കും അറിയാറായി.



തിരുവെങ്കിടാ ചാക്യർ



ഗോവിന്ദൻ നമ്പ്യാർ.



കളിക്കോട്ട

## തിരുമാടംപുറപ്പാട കഴിഞ്ഞതിന്റെ ശേഷം

തിരുമനസ്സിലെ തിരുമാടം പുറപ്പാടിനു മുഹൂർത്തം നിശ്ചയിച്ചപ്പോൾ കുളിക്കുന്നവാരിയരോട് തല്ലൂരല ലക്ഷണംകൂടി പറയേണമെന്നാവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. "കുട്ടിയെ എടുത്തുകൊണ്ടു ഓലക്കുടിയിൽനിന്നു കടന്നു വടക്കുപുറെ ഒരു ദ്വാരസമീപത്തിൽ വന്നിരിക്കും" എന്നു കുളി കുഞ്ഞുവാരിയരോട് കൃഷ്ണവാരിയർ പറഞ്ഞയച്ചു. അതു പോലെതന്നെ ഗർഭിണിയായ ഒരു നമ്പിഷ്ഠാതിരി മുഹൂർത്തസമയത്തു വന്നു നില്ക്കുകയുണ്ടായിട്ടുണ്ട്. തിരുമാടം പുറപ്പാട കഴിഞ്ഞു ആറുമാസത്തിനു ശേഷം (പള്ളിഭജനകാലത്ത്) തിരുമനസ്സിലേയും തീപ്പെട്ട എളയതമ്പുരാൻ തിരുമനസ്സിലേയും ശ്രീശേഷാചാര്യരുടെ അടുക്കൽ പഠിക്കുമാനാക്കി. ശേഷാചാര്യർ കോവിലകത്ത് സഭാപണ്ഡിതനായിരുന്നു. അദ്ദേഹം തർക്കത്തിൽ വളരെ നിപുണനും വ്യാകരണത്തിൽ അറിവുള്ള ആളും ആയിരുന്നു. ആചാര്യരുടെ പാണ്ഡിത്യത്തെ വളരെ നിസ്തുല്യമായിട്ടാണ് ഉണ്ടായിട്ടുള്ളത്. സ്വഭാവത്തിനും വിശേഷമുണ്ട്. ചുരുക്കിപ്പറയുന്നതായാൽ അദ്ദേഹത്തിനെപ്പോലെ തർക്കവിഷയത്തിന്റെ അവഗാഹം ദക്ഷിണഖണ്ഡത്തിൽ അന്നു മറ്റാർക്കും ഉണ്ടായിരുന്നില്ല.

ദ[illegible]ം ച്ചതിവ[illegible]സത്തെ പരിചയംകൊണ്ടുതന്നെ സംസ്കൃതപാഠം അത്ര എളുപ്പമല്ലെന്നും വളരെ ക്ലേശിച്ചും മനസ്സിരുത്തിയും സാധിക്കേണ്ടതാണെന്നും മനസ്സിലായി. എന്നാൽ തിരുമനസ്സിലേക്കു പാഠത്തിൽ അത്ര ആവേശം ഉണ്ടായിരുന്നില്ല. നല്ല തമ്പുരാക്കന്മാർ സാധാരണ നേരംപോക്കായിട്ടാണ് കഴിച്ചുകൂടിയിരുന്നത്. അവർക്കുണ്ടായിരുന്ന അറിവിൽ ഒട്ടും കുറവായിരുന്നില്ല തിരുമനസ്സിലെ അറിവ്. ഇതും ഈ ഉദാസീനതക്ക് ഒരു കാരണമായിരുന്നു.



തിരുമനസ്സുകൊണ്ട് 17-ാം വയസ്സിൽ.

പിന്നത്തെ മൂന്നുകൊല്ലമായിട്ടു പാഠത്തിനുള്ള ആരംഭം. അക്കാലത്തെ ദിനചര്യയിൽനിന്നു അറിയാവുന്നതാണ്. അഞ്ചുമണിക്കു പള്ളിക്കുറുപ്പ് ഉണർന്ന് ആറുമണിക്കു നീരാട്ടുകുളികഴിച്ചു എട്ടുമണിവരെ പള്ളിത്തേവാരം ആയിരിക്കും. എട്ടുമണികഴിഞ്ഞാൽ അമൃതേത്തായി. പിന്നെ ഏകദേശം പന്ത്രണ്ടുമണിവരെ ചതുരംഗമായിട്ടു കഴിയും. അതിനുശേഷം മൂന്നുമണിവരെ കുളിക്കോട്ടയിൽ എഴുന്നെള്ളി വെറുതെ സംസാരിച്ചു സമയം കളയും. അഞ്ചുമണിവരെ പിന്നെയും ചതുരംഗംതന്നെ. അതിനുശേഷം കതിരസ്സവാരിക്കെഴുന്നള്ളുകയായി. ആറുമണിക്കുശേഷം നീരാട്ടുകുളി മുതലായതു കഴിഞ്ഞാൽ ഏഴുമണിക്കു അമൃതേത്തിനെഴുന്നള്ളും. ഒമ്പതു മണിക്കു പള്ളിക്കുറുപ്പിനും എഴുന്നള്ളും. ഇപ്പോൾ തീപ്പെട്ട വലിയതമ്പുരാൻ തിരുമനസ്സിലെ ദിനചര്യയും അക്കാലത്തു ഏകദേശം ഇതുപോലെ തന്നെയായിരുന്നു. അത്താഴം അമൃതേത്തിനു മുമ്പുള്ള സമയം സാധാരണയായി അവിടത്തെ അടുക്കലാണ് തിരുമനസ്സുകൊണ്ടു കഴിച്ചുവരാറ്. അവിടെ പടുതോൾ വിദ്വാൻ നമ്പൂതിരിപ്പാട്, ചേന്നാസ്സ് നാരായണൻ നമ്പൂതിരിപ്പാട് മുതലായ മഹാന്മാർ യോഗംകൂടുന്ന ഒരു സമയമാണ് അത്. ശ്ലോകാർത്ഥം പറയുക, രസമായിട്ടുള്ള വർത്തമാനം പറയുക മുതലായവയായിരിക്കും അവിടെയുള്ള വെടിവട്ടം. വേനൽകാലം രണ്ടുമാസം ചൊവ്വരെയോ പഴയ കന്നിമേൽ നാലുകെട്ടിലോ ആയിരിക്കും എഴുന്നള്ളി താമസിക്കുക. ആ കാലത്തു സവാരിയുടെ നേരംകൂടി ചതുരംഗമായിട്ടു കഴിക്കുമെന്നുമാത്രമേ ദിനചര്യയിൽ ഒരു ഭേദമുള്ളൂ. ഇങ്ങിനെ ചതുരംഗത്തിലും കതിരസ്സവാരിയിലും തിരുമനസ്സുകൊണ്ടു അസാമാന്യമായ നൈപുണ്യം സമ്പാദിച്ചു. 1045; 46 കാലത്തു തിരുമനസ്സുകൊണ്ടും തീപ്പെട്ട എളയതമ്പുരാൻ

തിരുമനസ്സുകൊണ്ടുംകൂടി കവൂർ സ്വാമിയാരെ കണ്ടു ഒരു മന്ത്രോപദേശം വാങ്ങുകയുണ്ടായിട്ടുണ്ട്.

ഇതിൽ പിന്നെ നാലു മാസം വരെ കഴിഞ്ഞു. 1015-ൽ ഒരു സംഭവം ഉണ്ടായി. തൃപ്പൂണിത്തുറെ പുത്തൻമഠത്തിൽ "ചെറിയത്തി" എന്നും, "ഏട്ടൻ" എന്നും വിശേഷാൽ പേരുകളുള്ള കൊച്ചുണ്ണി തിരുമുല്പാട് തിരുമനസ്സിലേയും തീപ്പെട്ട എളയതമ്പുരാൻ തിരുമനസ്സിലെയും ഒരുമിച്ചു കളിച്ചു നടന്നിരുന്ന ആളായിരുന്നു. ഇദ്ദേഹത്തിനു ബുദ്ധി സാമാന്യക്കാരിലധികമില്ലെങ്കിലും അഭിമാനം സാമാന്യത്തിലധികമുണ്ടായിരുന്നു. തിരുമേനികളെക്കാൾ സംസ്കൃതത്തിൽ അറിവു കൂടുമെന്നായിരുന്നു തിരുമുല്പാടിന്റെ വിചാരം. തിരുമേനികൾ ശേഷാചാര്യരുടെ അടുക്കൽ പഠിക്കുവാൻ തുടങ്ങിയപ്പോൾ തിരുമുല്പാട് മുഖവായും സഭാപണ്ഡിതനും ആയിരുന്ന രങ്കപ്പാചാര്യരുടെ അടുക്കലും പഠിക്കുവാൻ തുടങ്ങി. തിരുമുല്പാട് വളരെ ക്ലേശിച്ചു പഠിച്ചിരുന്നതുകൊണ്ട് കുറെ അറിവു സമ്പാദിച്ചു. തിരുമേനികളുടെ അഭിമാനം കൊണ്ട് പാഠത്തിനു ന്യൂനത ഉണ്ടായിരുന്നതിനാൽ തിരുമേനികളെക്കാൾ മേലെയാണ് താൻ എന്നായിരുന്നു തിരുമുല്പാടിന്റെ പക്ഷം. കുറെയൊക്കെ സമ്മതിക്കാതെ നിവൃത്തിയില്ലാതെയും തീർന്നു. ഇതു തിരുമേനികൾക്കു സഹിച്ചില്ല. ഈ കാലത്താണ് തിരുമനസ്സിലെക്കു പുതിയതായി പണിയിപ്പിച്ച കോവിലകത്തേക്കു മാറിയെഴുന്നെള്ളി താമസിച്ചത്. 13 മുതൽ 15 വരെ തിരുമനസ്സുകൊണ്ട് സാക്ഷാൽ അമ്മതമ്പുരാൻ കോവിലകത്തിന്റെ പടിക്കലുള്ള കിഴക്കേക്കോവിലകം എന്നു പറയുന്ന സ്ഥലത്തിന്റെ കിഴക്കെ ഭാഗത്താണ് എഴുന്നെള്ളിത്താമസിച്ചിരുന്നത്. പുതിയ കോവിലകത്ത് സ്ഥലസൌകര്യം ധാരാളം ഉണ്ടായിരുന്നു. അവിടെ എഴുന്നെള്ളി താമസം തുടങ്ങിയ ഉടനെതന്നെയാണ് തിരുമുല്പാടായിട്ടുള്ള സ്പർദ്ധക്കു ഇടവന്നത്. അന്നുമുതൽ തർക്കം നിഷ്കർഷയായി പഠിക്കുവാൻ തുടങ്ങി. ഒരുമിച്ചു സഹപാഠികളായിട്ടു തീപ്പെട്ട എളയതമ്പുരാൻ തിരുമനസ്സുകൊണ്ടും പാട്ടിവട്ടത്തു നാരായണൻ നമ്പൂതിരിയും "കരുത്തോപ്പ്" എന്നു വിളിച്ചു വന്നിരുന്ന ചാഴൂർകോവിലകത്ത് കൊച്ചുണ്ണിത്തമ്പുരാനും ഉണ്ടായിരുന്നു. പാഠം തുടങ്ങി അധികതാമസംകൂടാതെ ആചാര്യരുടെ ഗൃഹത്തിൽ ഒരു ആപത്തുണ്ടായ കാരണം പാഠത്തിനു കുറച്ചു വിഘ്നം വന്നു. അതുകൊണ്ട് 'മുക്താവലി' കഴിയുവാൻ ഒരു കൊല്ലത്തിൽപരം വേണ്ടിവന്നു. എന്നാൽ അതു നിഷ്കർഷയായി പഠിച്ചു. 'ദിനകരം' പഠിക്കുന്ന കാലത്തും ചില വിഘ്നങ്ങൾ വന്നതു കാരണം അത് അവസാനിപ്പാനും പതിനെട്ടു മാസത്തിൽ അധികം വേണ്ടിവന്നു. എങ്കിലും പാഠം കഴിഞ്ഞപ്പോൾ കണ്ഠപാഠകമ്പ് ഹൃദിസ്ഥമായി. 'ശാബ്ദബോധ'ത്തിൽ പ്രത്യേകം അ



(ശ്രീശേഷാചാര്യരും സീമന്തപുത്രനും)


(തിരുമനസ്സുകൊണ്ട് 18-ാം വയസ്സിൽ)


തിരുമനസ്സുകൊണ്ട് 20-ാം വയസ്സിൽ

ങ്കിരുചിയും ഉണ്ടായി. 'വ്യുല്പത്തിവാദം' പഠിച്ചു തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ തീപ്പെട്ട എളയതമ്പുരാൻ തിരുമനസ്സിലേക്ക് അതിൽ മുഷിച്ചിൽതോന്നി അവിടുന്നു ശികാചാര്യന്മാരുടെ അടുക്കൽ അനുമാനഖണ്ഡം പഠിക്കുവാൻ തുടങ്ങി. അന്നു മുതല്ക്കാണ് രണ്ടു തമ്പുരാക്കന്മാരുടേയും പാഠം വേറെയായത്. അതിൽ പിന്നെ ഒരുമിച്ചു പാഠം ഉണ്ടാവാനം ഇടവന്നിട്ടില്ല.

'വ്യുല്പത്തിവാദം' കൊണ്ടുപിടിച്ചു പഠിച്ചുകൊണ്ടിരിക്കുമ്പോൾ 52 ചിങ്ങം ആദ്യം തിരുമനസ്സിലേക്കു കഠിനമായ ദീപനക്ഷയം, ഇടക്കിടക്കു മാറാത്ത ദുസ്സഹമായ വേദന, അരുചിക്ഷയം, പള്ളിക്കുറുപ്പില്ലായ്മ, ക്ഷീണം മുതലായ അസ്വസ്ഥതകളെക്കൊണ്ടു തിരുമേനി സൌഖ്യം തീരെ ഇല്ലാതായിത്തീർന്നു. ഈ ഉപദ്രവങ്ങൾ തുടങ്ങി



തിരുമനസ്സുകൊണ്ടു കുതിരസ്സവാരിക്കെഴുന്നള്ളത്.



രങ്കപ്പാചാരി.

ട്ടും പാഠം മതിയാക്കിയില്ല. ദീനം ക്രമത്തിൽ വദ്ധിച്ചു തുടങ്ങി. എറ്റേടത്തു തെസ്ലാട്ട് ഇട്ടീരിമ്മസ്സ് പറഞ്ഞിട്ടു പാഠം തന്നെ നിറുത്തേണ്ടതായി വന്നു. ശീലായ്മ തുടങ്ങിയതു മുതൽ 53 വൃശ്ചികം വരെ അദ്ദേഹത്തിന്റെ ചികിത്സയായിരുന്നു. എന്നിട്ടും ശീലായ്മ ക്രമത്തിൽ വദ്ധിച്ചതേയുള്ളൂ. ഒടുക്കം ഗന്തുടെ ചികിത്സയായിക്കളയാമെന്നു തീച്ചയാക്കി ധനുമാസത്തിൽ എറണാകുളത്തേക്ക് എഴുന്നള്ളി. രൊട്ടുവട്ടംകൊണ്ടു തന്നെ രുചിക്ക ഗുണം കിട്ടി. ഈ ഗുണം ക്രമേണ കണ്ടുകൊണ്ടു വന്നിരുന്നപ്പോഴാണ് തിരുമനസ്സിലേക്ക തൃപ്പൂണിത്തുറെയ്ക്കു തിരിയെ എഴുന്നള്ളേണ്ടതായി വന്നത്. അവിടത്തെ മൂത്തസഹോദരിയായ കൊച്ചിക്കാവു തമ്പുരാന്റെ ദീനം മൂഛിച്ചു വൈഷമ്യത്തിലാകേണ്ടുന്ന ദിക്കായി. തൃപ്പൂണിത്തുറെക്ക് എഴുന്നള്ളി രണ്ടാഴ്ചവട്ടം കഴിഞ്ഞ് 53 മകരം 14-ാനു- കൊച്ചിക്കാവുതമ്പുരാൻ തിപ്പെട്ടു. അവിടെക്ക് ഒരു പെൺവഴിതമ്പുരാനും നാല് ആൺവഴിതമ്പുരാക്കന്മാരും ഉണ്ടായിരുന്നു. എല്ലാവരേക്കാൾ മൂത്ത പെൺവഴി തമ്പുരാന് എട്ടു വയസ്സും ഒടുക്കത്തെ കൊച്ചുതമ്പുരാനു രണ്ടു വയസ്സും മാത്രമേ ആയിരുന്നുള്ളൂ. ഈ രത്യാപത്തും കിടാങ്ങളെ രക്ഷിപ്പാനുള്ള ഭാരവും നിമിത്തം തിരുമനസ്സിലെ ശീലായ്മ രണ്ടാമതും വദ്ധിച്ചു. എറണാകുളത്തേക്ക രണ്ടാമതും എഴുന്നള്ളി ഗന്തളുടെ ചികിത്സ തുടങ്ങി. എന്നാൽ മുമ്പിലത്തെപ്പോലെ അത്ര വേഗത്തിൽ ഗുണം കണ്ടിരുന്നില്ല. എങ്കിലും ഭേദമുണ്ടായിരുന്നു. ആ ദീനം, മേടം കാലം ചൊവ്വരെയാണ് എഴുന്നള്ളി താമസിച്ചത്. പിന്നെ ഒരു കൊല്ലത്തോക്കു തൃപ്പൂണിത്തുറയും എറണാകുളത്തുമായിട്ട കഴിഞ്ഞു. ഇക്കാലത്തു ശീലായ്മ വളരെ ഭേദം കണ്ടു. വേദന ഒട്ടും ഇല്ലാതായി. രുചിയും ഉറക്കവും നേരെയായി. 1054 ഒട്ടുവോടുകൂടി തീരെ സുഖമാവുകയും ചെയ്തു.



തിരുമനസ്സുകൊണ്ട് 24-ാം തിരുവയസ്സ്.

പ്രായം കുറിച്ചു. എന്നാൽ അവിടത്തെ മേഹസ്ഥിതിയും ചാത്തിനു വരാവുന്ന വിഘ്നവും അന്നത്തെ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു ബ്രഹ്മചയ്യം അനുഷ്ഠിച്ചുകൊണ്ടിരുന്നതും ആലോചിച്ച് ഈ കായ്യത്തിൽ തിരുമനസ്സിലേക്ക് എപ്പെടുവാൻ കുറച്ചു മടിയുണ്ടാ



ദീക്ഷാചായ്യർ.

1052, 53, 54 ഈ കാലങ്ങളിൽ പാഠം തീരെ ഉണ്ടായിരുന്നില്ല. എന്നാൽ ഒന്നൊന്നര കൊല്ലത്തോളം ഇംഗ്ലീഷ് എഴുത്തുകൾ എഴുതുവാൻ ശീലിച്ചിരുന്നു. "ഡിക്കൻസ് നോവൽസ്" "ഷാറേബിയൻ നൈറ്റ്സ്" മുതലായി എളുപ്പമായ ചില പുസ്തകങ്ങളാണ് വായിച്ചിരുന്നത്. ശീലായ്മ തീരെ മാറിയപ്പോൾ സംസ്കൃതപാഠം രണ്ടാമതു തുടങ്ങുവാൻ ഉത്സാഹിച്ചു. വളരെ ബുദ്ധിമുട്ടുവാൻ ശക്തിയുണ്ടായിരുന്നില്ല. എന്നിട്ടും "ഗദായിതം" മുതലായ ഉപരിഗ്രന്ഥങ്ങൾ ഒരു മട്ടിൽ പഠിച്ചുകൊണ്ടിരുന്നു.

1054 എടവത്തിൽ ന്നു ശേഷം തിരുമനസ്സിലെ അമ്മാമ്മ, അവിടുന്നു സംബന്ധം തുടങ്ങി കണ്ടാൽ കൊള്ളാമെന്ന് അഭി



ഇട്ടീരിമ്മസ്സ്



അപ്പൻ ഗന്തർ.

യിരുന്നു. എങ്കിലും 55 വൃശ്ചികത്തിൽ, അന്നു ശിരസ്തേദാരായിരുന്ന എടക്കുന്നി ഇട്ടിയ്യാത്ര വാരിയരുടേയും കോമരത്തു കുഞ്ഞികാളി അമ്മയുടേയും മകളായ പാറുക്കുട്ടിഅമ്മയെ നേത്യാരാക്കി. അവർ സുന്ദരിയും പാട്ടുകാരത്തിയും ആയിരുന്നു. പാറുക്കുട്ടിഅമ്മയ്ക്കു അന്നു 16 വയസ്സു പ്രായമാണ്. അവിടേക്കു നേത്യാരമ്മയുടെ പേരിലും അവക്കു തിരുമനസ്സിലെ പേരിലും വളരെ പ്രത്യേകമായിരുന്നു.



കുഞ്ഞിക്കാവുതമ്പുരാൻ.
അപ്പൻ തമ്പുരാൻ. കൊച്ചുണ്ണിതമ്പുരാൻ.
കൊച്ചുണ്ണിതമ്പുരാൻ.



(തീപ്പെട്ട കൊച്ചിക്കാവു തമ്പുരാൻ 1026—1058)



1. കുഞ്ഞിക്കാവുതമ്പുരാൻ
2. കൊച്ചുണ്ണിതമ്പുരാൻ



തിരുമനസ്സുകൊണ്ടു 27-ാം വയസ്സിൽ.



കോമരത്ത് പാറുക്കുട്ടിഅമ്മ.

ആമേടത്തിൽ വീരെള്ളയ തമ്പുരാൻ തീപ്പെട്ടു. അവ്യ്ടന്ന 4-ാം കൂറായി.


(തീപ്പെട്ടഎളയതമ്പുരാൻ1030-1075)

വീരെള്ളയതമ്പുരാൻ തീപ്പെട്ടതോടുകൂടി അവിടേക്ക് വേണ്ടതു പറഞ്ഞു കൊടുക്കുവാൻ തക്കതായ ഒരാളും ഇല്ലാതായി. 56 തുലാത്തിൽ പാറുക്കുട്ടി അമ്മയും മരിച്ചു. അടുത്തടുത്തുണ്ടായ ഈ രണ്ടാപത്തും കൂടി അവിടേക്കു വളരെ മനസ്സല്യത്തിന്നിടയാക്കിത്തീൎത്തു എങ്കിലും സംസ്കൃതപാഠത്തിലുള്ള ആസക്തികൊണ്ട് ഈ ദുഃഖം സഹ്യമായിത്തീൎന്നു. ഈ കാലത്താണ് ആചാൎയ്യരുടെ അടുക്കൽ വ്യാകരണം പഠിക്കുവാൻ തുടങ്ങിയത്. തീപ്പെട്ട എളയതമ്പുരാൻ തിരുമനസ്സുകൊണ്ട് അക്കാലത്ത് സംസ്കൃതപാഠം ശരിയാക്കി ഇംഗ്ലീഷു പഠിക്കുവാൻ എറണാകുളത്തേക്ക് എഴുന്നള്ളി. ഈ കാലം ഏകദേശം മൂന്നു കൊല്ലത്തോളം ഉണ്ടായിട്ടുണ്ട്. തിരുമനസ്സുകൊണ്ടു വ്യാകരണത്തിൽ നല്ല വ്യുല്പത്തി സമ്പാദിച്ചു. 59 മിഥുനം മുതൽ മൂന്നുമാസം കൂടല്ലൂര കുഞ്ഞുണ്ണിനമ്പൂതിരിപ്പാട്ടിലെ അടുക്കൽ മനോരമ പഠിച്ചു. 60-ൽ കൂടല്ലൂര കുഞ്ഞുണ്ണിനമ്പൂതിരിപ്പാടു മരിച്ചില്ലായിരുന്നു എങ്കിൽ കുറെക്കൂടി പഠിച്ചേനെ. പക്ഷെ വ്യുല്പത്തിയായതുകൊണ്ടു സാധാരണ വ്യാകരണഗ്രന്ഥം നോക്കി അൎത്ഥം ഉണ്ടാക്കാൻ പ്രയാസമില്ലാതായി. തൎക്കം സഹായംകൊണ്ടു പഠിച്ചിട്ടില്ലെങ്കിലും പൂൎവ്വോത്തരമീമാംസകൾ സഭയിൽ പറയുമ്പോൾ മനസ്സിലാക്കുവാനും പൂൎവ്വപക്ഷങ്ങൾ ചെയ്യാനുംകൂടി അവിടേക്കു സാധിച്ചു.


(തിരുമനസ്സുകൊണ്ട് 28-ാം വയസ്സിൽ)



(കൂടല്ലൂർ കുഞ്ഞുണ്ണി നമ്പൂതിരിപ്പാട്)


പാഴൂർ പടുതോൾ വിദ്വാൻ നമ്പൂതിരിപ്പാട്

൨൧ തകംകൊണ്ടു ദ്വാത്രിംശത്ത് ഉണ്ടെന്നു കണ്ടിട്ടു പട്ടത്തോളം വിടാൻ നമ്പൂതിരിപ്പാട്ടിലെ അഭിപ്രായപ്രകാരം തിരുമനസ്സുകൊണ്ടു തിരുവഞ്ചിക്കുളത്തു പള്ളിഭജനം തുടങ്ങി. 29-ാമത്തെ വയസ്സിൽ അവിടുന്നു ഉജ്ജ്വലവ്രതം പള്ളിഭജനമുണ്ടായിട്ടുണ്ട്.



തിരുവഞ്ചിക്കുളം ക്ഷേത്രം.



വടക്കുന്നാഥ ക്ഷേത്രം.



(തീപ്പെട്ട ഏളയതമ്പുരാൻ)
1030—1075.



(കൊച്ചുമ്മാമൻ തമ്പുരാൻ
1045 തുലാം.)



(കുഞ്ഞുണ്ണിത്തമ്പുരാൻ
1041—ക.ട.)



(തിരുമനസ്സുകൊണ്ട് 84-ാം വയസ്സിൽ.)



(അമ്മിണിത്തമ്പുരാൻ
1050—കുംഭം.)




(മങ്കത്തമ്പുരാൻ
1038—1065.)



(കൊച്ചിക്കാവു തമ്പുരാൻ. 1026–1058.)

തിരുമനസ്സിലെ രണ്ടാമത്തെ സഹോദരിയുടെ (അമ്മുതമ്പുരാൻ 1035—1069.) മക്കളായ ഏട്ടത്തിപ്പു.



കാഞ്ഞിരപ്പിള്ളി പഴയ കോവിലകം.

അന്നു കൊച്ചുതമ്പുരാക്കന്മാരുടേയും തമ്പുരാട്ടിമാരുടേയും സംസ്കൃതപാഠം വളരെ അമാന്തത്തിലായിരുന്നു. അതു കണ്ടിട്ട് അവിടുന്നും അടുത്ത അനുജന്മാർ രണ്ടുപേരും കൂടി സ്വന്തചിലവിന്മേൽ 1060 കർക്കിടകം 3-ാംനു തൃപ്പൂണിത്തുറ ഒരു പാഠശാല ഏർപ്പെടുത്തി. കുറച്ചു കാലം കഴിഞ്ഞതിനു ശേഷം പാഠശാല സർക്കാരു വകയാക്കി. പക്ഷേ പരിപാലിക്കേണ്ട ഭാരം തിരുമേനിക്കുതന്നെയായിരുന്നു. തിരുമുല്പു കിട്ടുന്നതുവരെ അവിടുന്നു തന്നെയാണ് പാഠശാലയുടെ മേൽനോട്ടം നോക്കിവന്നത്. അവിടത്തെ ഗുരുവിന്റെ നാമത്തെ [illegible] "ശ്രീശേഷശാസ്ത്രപാഠശാല" എന്നു പാഠശാലക്കു പേരും ഇട്ടിരുന്നു. ആ പാഠശാലയിൽ പ്രത്യേകിച്ചു പഠിപ്പിക്കേണ്ടുന്ന ആവശ്യത്തിലേക്കായി തിരുമനസ്സുകൊണ്ടു "[illegible]" എന്ന ഒരു സംസ്കൃത വ്യാകരണപുസ്തകം ഉണ്ടാക്കി അച്ചടിപ്പിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ [illegible] കൊച്ചുണ്ണിത്തമ്പുരാൻ ഉണ്ടാക്കിയ "[illegible]" എന്നൊരു പുസ്തകംകൂടി പഠിപ്പിച്ചിരുന്നു.

കാണാനിടയായി. അവിടെ ഒരു കോവിലകം പണിയിച്ചുവരുന്നുണ്ടായിരുന്നു. 1062-ൽ സാധു മുഖാന്തിരം തന്നെ വേണ്ട ഏർപ്പാടുകളും ചെയ്തു. ആ കന്നിയിൽ വീരകേരളവലിയ തമ്പുരാൻ [illegible] വെച്ചു തീപ്പെട്ടു അവിടേക്കു

## [illegible]യായി.

1063-ൽ കാഞ്ഞിരപ്പിള്ളി തെക്കുമ്പാവു പണി തീർന്നു [illegible] നാൽ തന്നെ അവിടെ എഴുന്നള്ളി താമസം തുടങ്ങി. [illegible] 10-ാം [illegible] അവിടെ എഴുന്നള്ളി താമസിച്ചു. ആ [illegible] വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു തീപ്പെട്ടു.

## അവിടുന്നു എളയതമ്പുരാനായി.

6[illegible]1 [illegible] തുലാമാസത്തിൽ അവിടുന്നു [illegible] വലിയതമ്പുരാൻ തിരുമനസ്സിലെ [illegible] തുടങ്ങിയ [illegible] എഴുന്നള്ളി. അവിടെ എഴുന്ന[illegible]



[illegible] വലിയതമ്പുരാൻ.
(1010 — 1067)

ന[illegible] [illegible]

1[illegible]0 ൽ ആറ് ആന വിണ്ണ് കെട്ടിൽ ആക്കി എന്നു കേട്ടു ഗയയിൽ തീപ്പെട്ടു വീരകേരളതമ്പുരാൻ തിരുമനസ്സുകൊണ്ടും അവിടുന്നും കൂടി കൊമ്പനാക്ക് എഴുന്നള്ളി. അവിടെ അന്നു കാൺസർവേറ്ററായിരുന്ന കോലപ്പസാസ്ത്രിയുടെ തെക്കുമ്പാവു നിന്നും നോക്കിയപ്പോൾ പുഴയുടെ കാഴ്ച വളരെ വിശേഷമായി തോന്നി. പിന്നെക്കൊല്ലം ഒരു മാസം അവിടെ എഴുന്നള്ളി താമസിച്ചു. സ്ഥലം നോക്കി നടന്നെഴുന്നള്ളുമ്പോൾ കാഞ്ഞിരപ്പിള്ളി

[illegible] എഴുന്നള്ളി [illegible] താമസിക്കുമ്പോൾ [illegible] എഴുന്നള്ളി [illegible] താമസിച്ചു [illegible] അടുത്തുതന്നെ [illegible] ദിവസം [illegible] സ്വയം [illegible] യാണു. ആ കൊല്ലം [illegible] എഴുന്നള്ളിയപ്പോൾ [illegible] മനസ്സിലെ [illegible] കേമമായുണ്ടായി. [illegible] തിരുമനസ്സുകൊണ്ടു [illegible] എഴുന്നള്ളി. 63-ൽ തിരുമനസ്സുകൊണ്ടു [illegible] വലിയ തമ്പുരാൻ കോവിലകത്തേക്കു [illegible] എഴുന്നള്ളി താമസം തുടങ്ങി. ആ കൊല്ലത്തിൽ പാലപ്പിള്ളി കൊപ്പത്തിൽ 7 ആന വീണു എന്നു കേട്ടിട്ട് അതു കാണുവാനായിട്ടു എഴുന്നള്ളി. അവിടെ [illegible]ട്ടിന്നു വളരെ മോഹമാണ്. വെടിവെക്കുവാൻ [illegible] [illegible]വും ഉണ്ട്.



[illegible]



[illegible]

67-ാമാണ്ടു തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ വഴി രാമേശ്വരത്തേക്ക് എഴുന്നള്ളി. അവിടെ എഴുന്നള്ളി താമസിച്ചിരുന്ന ദിക്കിൽനിന്നു പത്തു നാഴിക അകലെയുള്ള 'ചൂരിപ്പാറ' എന്ന സ്ഥലത്തുവച്ച് ഒരു കാട്ടുപോത്തിനെ വെടിവച്ചു. അതിന്റെ തല പഞ്ഞി നിറച്ചു ഇപ്പോഴും ഹിൽ പാലസിൽ മുമ്പുണ്ടായിരുന്ന കാഴ്ചബംഗ്ലാവിൽ വച്ചിട്ടുണ്ടായിരുന്നു. ഇപ്പോഴും സംസ്ഥാനം ഏറ്റെടുത്ത ഇതും കാണുപോയിരിക്കണം. ഇക്കൊല്ലം തന്നെയാണ് അവിടുന്നു കിഴക്കൻ ചിറയിൽ എഴുന്നള്ളിട്ടുള്ളത്. മൂന്നു മാസത്തോളം. ഒന്ന് 59-ലും മറ്റേത് ഈ കൂടിയാട്ടുകൊല്ലമാണ്.

മിഥുനമാസത്തിൽ തീപ്പെട്ട വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് 68-ൽ കാശിക്ക് എഴുന്നള്ളുന്ന സമയം തിരുമനസ്സുകൊണ്ട് ഗംഗായാത്രയായി ചെറുതുരുത്തി വരെ എഴുന്നള്ളുകയും വലിയതമ്പുരാൻ തിരിയെ എഴുന്നള്ളുമ്പോൾ എതിരേല്പുവാൻ തിരുമനസ്സുകൊണ്ട് "വെല്ലൂർ" വരെ



തിരുമനസ്സുകൊണ്ടു ചിറയിൽ.

യ് ആനകളെ നോക്കുകയും ഉണ്ടായിട്ടുണ്ട്. ആ യാത്രയിലാണ് അവിടുന്ന് ആദ്യം തിരുവനന്തപുരം കണ്ടിട്ടുള്ളതും. 67-ാമാണ്ടിൽ തന്നെ തൃപ്പൂണിത്തുറ വച്ച് അവിടുത്തെ വകയായി അശോകവനികാങ്കവും ... കൂടിയാട്ടം ഉണ്ടായിട്ടുണ്ട്. അന്നു പൊതിയിൽ സാക്ഷാൽ നാരായണച്ചാക്യാരും ചെറുപരിഷ മാധവച്ചാക്യാരും ഉള്ള കാലമായിരുന്നു. അവർ തന്നെയാണ് അന്നത്തെ കൂടിയാട്ടത്തിന്റെ പ്രധാനികൾ. ശ്ലോകം കിട്ടുന്നതിനു മുമ്പു തിരുമനസ്സിലേക്കു കിലത്തിന്റെ ഉപദ്രവത്തിനു രണ്ടു തവണ ക്ഷൗരം ചെയ്യുകയുണ്ടായി. എഴുന്നള്ളുകയും അവിടെയുള്ള പ്രധാനമായ ജെയിൽ എഴുന്നള്ളി കാണുകയും ഉണ്ടായിട്ടുണ്ട്.

68 തുലാത്തിൽ അവിടുന്ന് ഇളയതമ്പുരാൻ ... നെന്ത്യാതമ്മയാക്കി. ഏഴുമൂത്തതമ്പുരാനായിരുന്ന ... ലത്ത തിരുമനസ്സിലേക്കു ചായത്തെക്ക ശീലായ്മയൊന്നും ഉണ്ടായിട്ടില്ല. ദിനചര്യ ശുദ്ധപ്രകാരമാണ്. പള്ളിത്തേവാരം കഴിഞ്ഞാൽ കൈകൂപ്പി പാപ്പച്ചൊല്ലുക. എട്ടുമണിക്ക് അത്താഴ ... പന്നിമണിമുതൽ നമ്പൂരിമാരുമായി വെടിപ്പ



കിഴക്കെ വലിയ തമ്പുരാൻ കോവിലകം.



ഇട്ട്യാണത്ത് പാറുക്കുട്ടി നേത്യാരമ്മ.



തിരുമനസ്സിലെ സീമന്തപുത്രൻ.



തിരുമനസ്സുകൊണ്ടും കുട്ടികളും.



(ചെറിയ കുഞ്ഞുണ്ണിത്തമ്പുരാൻ.)

പിന്നെ പഠിക്കുവാനുള്ളതു നോക്കുകയായി. 11 മുതൽ ഒരു മണിവരെ കൊച്ചമ്മാമൻതമ്പുരാനെയും ചെറിയ കുഞ്ഞുണ്ണിത്തമ്പുരാനെയും തർക്കം പഠിപ്പിക്കും. ഈ തമ്പുരാക്കന്മാർ ദിനകരം തുടങ്ങിയപ്പോൾ ഏടമന കുഞ്ഞൻ നമ്പൂതിരിപ്പാട്ടിന്നും ഒരുമിച്ചുകൂടി. ഇവർ മഹാമഹോപാദ്ധ്യായ ശ്രീശേഷാചാര്യരുടെ അടുക്കൽ വ്യുല്പത്തിവരെ പഠിച്ചിരുന്നതും അവിടത്തെ തിരുമുമ്പിൽവച്ചുതന്നെയാണ്. തിരുമനസ്സിലെ എഴുന്നേല്പ് അമൃതേത്തു കഴിഞ്ഞാൽ ചിങ്ങമാസത്തിൽ തീപ്പെട്ട വലിയതമ്പുരാൻ തിരുമനസ്സിലെ അടുക്കലേക്കു എഴുന്നള്ളുകയായി. വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ഇവിടുത്തോടുകൂടി ആലോചിക്കാതെകണ്ടു ഒരു കാര്യവും നടത്തീട്ടില്ലെന്നു സംശയമാണ്. സംസ്കൃതകാര്യങ്ങളിൽ തിരുമനസ്സുകൊണ്ടു പ്രവേശിച്ച് സ്വാധികാരമായി തന്നെ പുസ്തകങ്ങൾ നടത്തിട്ടുണ്ട്. അന്നു [illegible] ഡമരിയും [illegible] കാലമായിരുന്നു. എല്ലാ ദിവസം ഉച്ചവരെ തിരുമുമ്പിലായിട്ടുതന്നെ കഴിയും. പിന്നെ സന്ധ്യവരെ മാൻ, കൊക്ക്, പൊന്മാൻ തുടങ്ങിയ മൃഗങ്ങളെ കളിപ്പിക്കും. അവയെ കോവിലകത്ത് മാറ്റുന്നതുവരെ വളർത്തിയിരുന്നു. ഒന്നു രണ്ടു മയിലുകളും ഉണ്ടായിരുന്നു. പിന്നെ അന്ത്യാത്തായി. എട്ടുമണിക്കു അമൃതേത്ത്. കുറെ വെടി പറഞ്ഞു 9 മണിയോടുകൂടി പള്ളിക്കുറുപ്പിന്നു എഴുന്നള്ളും. ഈ കാലത്തു അവിടുന്ന് വലിയതമ്പുരാൻ കോവിലകത്തെ പാട്ടുംകൂടി നോക്കിയിരുന്നു. ഇതൊക്കെ ജോലിയുണ്ടായിരുന്ന അന്നും തിരുമനസ്സുകൊണ്ടു എടുത്ത് ചതുരംഗം വയ്ക്കുകയും അവിടത്തെ വക പടക്കക്കാരൻ വെള്ളക്കുതിരയുടെ പുറത്ത് സവാരിചെയ്യുന്നുണ്ടാകയും ചെയ്തുവന്നിരുന്നു. ശ്രീശേഷാചാര്യ പാദശാല തിരുമനസ്സുകൊണ്ടു എഴുന്നള്ളിയിരുന്ന കോവിലകത്ത് കൊണ്ടുപ്പള്ളിയറയിലേക്കു മാറി. 71 ചിങ്ങം 27-ാംനു- അന്നത്തെ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു തീപ്പെട്ടു. തിരുമനസ്സിലേക്കു മൂപ്പുകിട്ടി.




(കൊച്ചമ്മാമൻതമ്പുരാൻ.)



(ശേഷാചാരി.)



ചിങ്ങമാസത്തിൽ തീപ്പെട്ട വലിയ തമ്പുരാൻ
1021—1071.



തിരുവരംഗ്.

## തിരുമനസ്സിലേക്കു മൂപ്പുകിട്ടി

### 1071

പള്ളിപ്പുല കഴിഞ്ഞതിന്റെ ശേഷം തിരുമനസ്സിലേക്ക് തീപ്പെട്ട തിരുമനസ്സിലെ പള്ളിദീക്ഷ തുടങ്ങി. കൊച്ചി കോവിലകത്തുവെച്ച് ആ കന്നിയിൽ (1895 ഒക്ടോബർ 23-ാം നു-)



(തിരുമനസ്സിലെ ദീനകാലം.)

### 1072

തിപ്പെട്ട വ... തമ്പുരാൻ ... തിരുമനസ്സിലെ തിരുമാസവും ... വിട്ടതെ പള്ളിദീക്ഷയും ... ണത്തിൽ കഴിഞ്ഞു. ധനുമാ... ത്തിൽ ദിവാൻ സുബ്രഹ്മ... പിള്ളക്ക് പെൻഷ്യനായി.



(ദിവാൻ സുബ്രഹ്മണ്യപിള്ള.)



(ദിവാൻ രാജഗോപാലാചാരി)

ബ്രിട്ടീഷ് റസിഡണ്ട് തോംസൻ സായ്പായിട്ട് ഒരു കൂടിക്കാഴ്ചയുണ്ടാവുകയും ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ അനുമതിയോടുകൂടി തിരുമനസ്സുകൊണ്ട് ക്രമപ്രകാരം തിരുവാഴ്ച തുടങ്ങുകയും ചെയ്തു. ഈ കാലത്തു സുബ്രഹ്മണ്യപിള്ള തന്നെയായിരുന്നു ദിവാൻ.



തിരുമനസ്സുകൊണ്ട് ദീക്ഷ കഴിഞ്ഞിട്ട.

...ജഗോപാലാചാര്യർക്ക് ദിവാ... പണിയായി. ഉടനെ തന്നെ... അസിസ്റ്റണ്ട് റസിഡണ്ട്, ... വാൻ, സർവ്വാധികാര്യക്കാർ ... തലായ ഉദ്യോഗസ്ഥന്മാരു... കൂടി തിരുമനസ്സുകൊണ്ടു ... ദ്രാശിയിലേക്ക് എഴുന്നള്ളു...

അവിടെ 20 ദിവസത്തോളം താമസിച്ചു. അന്ന് ഗവർണ്ണരായിരുന്ന ഹാവ്‌ലോക്ക് പ്രഭുവും, ഭാര്യയും, മററു പലെ യോഗ്യന്മാരായിട്ടു കൂടിക്കാഴ്ചയുണ്ടായി. മദ്രാശിയിൽ പലെ സ്ഥലങ്ങളും എഴുന്നള്ളി കാണുകയും ഉണ്ടായിട്ടുണ്ട്. വിക്ടോറിയാ മഹാരാജ്ഞിയുടെ രാജ്യഭാരം 60 കൊല്ലം തികയുന്നതിനെ സംബന്ധിച്ച ജൂബിലി ആഘോഷവും ഈ



സർ. ആർതർ ഹാവലോക്ക്



ഭാര്യ

കൊടുത്തു. കണക്ക് സംബന്ധമായ ചില പരിഷ്കാരങ്ങൾ വരുത്തുവാൻ ആരംഭിച്ചതും ഇ കാലത്തു തന്നെയാണ്.

## 1673

മദ്രാശി ഗവർണ്ണർ ആയിരുന്ന ഹാവ്‌ലാക്ക് പ്രഭുവും ഭാര്യയും ഈ കൊല്ലം കന്നിമാസത്തിൽ തൃശ്ശിവപേരൂർ വഴി എറണാകുളത്ത് വ-

കൊല്ലത്തിലാണ് നടന്നിട്ടുള്ളത്. ആ വിശേഷദിവസത്തിന്റെ ഓർമ്മക്കായി എറണാകുളത്തു പൊതുവെ ഉള്ള ഒരു വായനശാലയും ടൌൺഹാളും ഏർപ്പെടുത്തുവാനും തൃശ്ശിവപേരൂര് സ്ത്രീകൾക്കൊരാസ്പത്രി പണിയിക്കുവാനും തീർച്ചപ്പെടുത്തി. ഈ കൊല്ലത്തിൽതന്നെയാണ് മുറക്കുള്ള ഒരു സർവ്വെ തുടങ്ങുവാൻ ഉത്സാഹിച്ചത്. ജെയിലിൽ ഉണ്ടായിരുന്ന ചില ന്യൂനതകൾ തീർക്കുവാനുള്ള ശ്രമവും ചെയ്തുതുടങ്ങി. മലകൾ പരിശോധിക്കുവാനായി മദിരാശി ഗവർമ്മെണ്ടിൽനിന്ന് ഗവർമ്മെണ്ടുദ്യോഗസ്ഥനായ ഫോഷ്ട് എന്ന സായ്വിനെ _ അയച്ചു



തിരുമനസ്സിലേക്ക് കെ. സി. എസ്സ്. ഐ.
എന്ന സ്ഥാനം കിട്ടിയതിന്നു ശേഷം

രികയും തിരുമനസ്സിലെ സല്ക്കാരം സ്വീകരിക്കയും ഉണ്ടായിട്ടുണ്ട്. അന്ന് തിരുമനസ്സിലെ അപേക്ഷപ്രകാരം എറണാകുളത്ത് വായനശാലക്ക് ഗവർണ്ണർ കല്ലിടുകയും ചെയ്തു. തിരുമനസ്സിലേക്ക കെ. സി. എസ്സ്. ഐ. എന്ന ബഹുമതി കിട്ടിയതും ഈ കൊല്ലത്തിലാണ്. തിരുമനസ്സിലേക്ക തിരുമൂപ്പ കിട്ടീട്ട് ഏറെക്കാലം കഴിയുന്നതിനു മുമ്പുതന്നെ ഈ ബഹുമതി കിട്ടുവാൻ സംഗതിയായത് മദിരാശി ഗവർമ്മെണ്ടിന്ന് അവിടുത്തെ രാജ്യഭാരത്തിലുള്ള തൃപ്തി നിമിത്തമാണെന്ന് അന്നത്തെ റസിഡണ്ടായ റീസ്‌സായ്വ് കൂടിക്കാഴ്ച സമയത്തു പറകയും ഉണ്ടായിട്ടുണ്ട്.

ദിവാനായിരുന്ന രാജഗോപാലാചാര്യർ ശരീരത്തിന്റെ സുഖക്കേടായിട്ട ഒന്നരമാസം അവധി എടുത്തു. കണ്ടെഴുത്തായിരുന്ന സ്വാമിനാഥയ്യരാണ് പകരം നോക്കിയിരുന്നത്. ഈ കൊല്ലത്തിൽ ലാണ് റവന്യൂ ഡിപ്പാർട്ടുമെണ്ടിലും രജിസ്ത്രേഷൻ ഡിപ്പാർട്ടുമെണ്ടിലും മുൻ കൊല്ലത്തേക്കാൾ അഭിവൃദ്ധി ഉണ്ടായി. ക്രമപ്പെ കാരങ്ങളുള്ള സർവ്വേ ആരംഭിച്ചു. അഞ്ചൽ ഡിപ്പാർട്ടുമെണ്ടിൽ പരക്കോട്ടുകളുടെയും സ്റ്റാമ്പുകളുടെയും ആകൃതിയും നിറവും മാറുകയും തപാൽ കാർഡും കൂടാതെ സ്റ്റാമ്പും നടപ്പാക്കുകയും ചെയ്തു. കൊച്ചി സ്റ്റാമ്പുകളിൽ ... ഇന്ത്യയിലെ ... ങ്ങൾ എല്ലാത്തിനും അക്കൊല്ലത്തെ സ്റ്റാമ്പ് ഡിപ്പാർട്ടുമെണ്ടിൽ

എന്നീ രണ്ടു കോടതികളിലെ തീവണ്ടി നടപ്പാക്കാൻ ഉദ്യോഗവർഗ്ഗത്തിൽ തന്നെ സമ്പാദിക്കുകയും കൊല്ലാവസാനത്തോടുകൂടി പണി ആരംഭിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. ബ്രിട്ടീഷ് ഗവർമ്മെണ്ട് ... ആൽഫ്രഡ് ... ഫോറസ്റ്റ് കൺസർവേറ്ററായി വന്നു. മലവാക ... നടപ്പിൽ ഏർപ്പെടുത്തി. കോർട്ടുഫീസ്സ് പണമായി വാങ്ങിയിരുന്നതിന്ന പകരം കോർട്ടുഫീസ്സ് സ്റ്റാമ്പ് മുതലായതു നടപ്പാക്കി. ഈ കൊല്ലം മുതൽ റിക്കാർഡ് പരിശോധനയിൽ ... ആയിരത്തി ... തൊണ്ണൂറായിരവും ... ഈ കൊല്ലം ... ങ്ങളുടെ വരി



(തിരുമനസ്സുകൊണ്ട് കുനൂരിൽ)

വിന്നുള്ള വരവിൽ ചില മുതലായവക 6000 ക. കുറവുവന്നുകൊണ്ടറിയാവുന്നതാണ്. മഴയും കൊടുങ്കാറ്റും ചെയ്തു വന്നിരുന്ന രണ്ട് ഡിസ്പെൻസറികൾ ... കിടത്തിച്ചികിത്സിക്കുന്ന ആസ്പത്രികളാക്കി. മുൻകൊല്ലത്തിൽ വിദ്യാഭ്യാസക്കോടതികളിൽനിന്ന് 2710 ഉറുപ്പിക മാത്രമെ ആദായമുണ്ടായിട്ടുള്ളൂ. ഈ കൊല്ലത്തിൽ മുപ്പത്തിനാലായിരം ഉറുപ്പിക കിട്ടുകയുണ്ടായിട്ടുണ്ട്.

ന്ന കോടതി 1500 ഉറുപ്പികയോളം ചിലവായിച്ചു. തീവണ്ടിപ്പണിവകക്ക് 50½ ലക്ഷം ഉറുപ്പിക ആകെ അടങ്കലിട്ടു. മുതലും സംബന്ധിച്ച പല പരിഷ്കാരങ്ങളും വരുത്തി. കൊച്ചി ചിറ്റൂർ ... നടപ്പാക്കി. മുതലെടുപ്പും വർദ്ധിച്ചു.

## 1074

ഈ കൊല്ലത്തിൽ തിരുമനസ്സുകൊണ്ടു മദിരാശി ... ഗവർണ്ണറുമായി ... മാന്യമായിട്ടുള്ള ഒരു റവന്യൂ സർവ്വേ തുടങ്ങി. ... സംബന്ധിച്ച് (P. W. D.) ഒരു നിയമം നടപ്പാക്കി. സർക്കാർ ചിലവിന്മേൽ ... മുതൽ



സർ. ജോർജ്ജ് വൂൾസ്ലി

## 1075

തിരുമനസ്സിലെ സഹോദരനായ ... വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് ഈ തുലാം 22-ാംനു-ഇ ... നാടുനീങ്ങി. ഈ കൊല്ലത്തിൽ തിരുമനസ്സുകൊണ്ട് മൂന്നു മാസത്തോളം കുനൂർ ... താമസിച്ചു. ... ക്രമീയക്ക് ... ഉണ്ടായി. മദിരാശി സേനയുടെ അധ്യക്ഷനായിരുന്ന സർ. ജോർജ്ജ് വൂൾസ്ലി ... കൊച്ചി ... ഒന്ന.

കണയന്നൂർ, കൊടുങ്ങല്ലൂർ ഈ രണ്ടു താലൂക്കും കൊച്ചി എ താമതു ഭാഗവും സർവ്വെ കഴിഞ്ഞു. പള്ളിപ്പുറം, വൈപ്പ് ഈ പ്രവൃത്തികളിലുണ്ടായിരുന്ന കടൽവച്ച ഭൂമികൾ കുടികൾക്കു ലേ

1076

ഈ കൊല്ലത്തിലാണ് വൈസ്രായി കർസൺ പ്രഭുവും ഭാര്യയും കൂടി നമ്മുടെ രാജ്യം കാണുവാൻ വ



ഇന്ത്യാ വൈസ്രായിയായിരുന്ന കർസൺപ്രഭുവും പത്നിയും.



ടു വിളിച്ച് ചാർത്തിക്കൊടുത്തു. ജയിലിനെസ്സംബന്ധിച്ച നിയമം ഉണ്ടാക്കി. മലയാളം പട്ടാളം പരിഷ്കരിച്ചു. മലങ്കാട് നിയമവും കറുപ്പിനെസ്സംബന്ധിച്ച നിയമവും ഉണ്ടാക്കി മദിരാശി ഗവർമ്മേണ്ടിലേക്കു അനുവാദത്തിന്നയച്ചു. തീവണ്ടി വഴിപ്പണി ആരംഭിച്ചു. ഈ വിധത്തിൽ ഈ കൊല്ലം 21 ലക്ഷം ഉറുപ്പിക ചിലവായിട്ടുണ്ട്. 6 പുതിയ അഞ്ചലാപ്പീസുകൾ സ്ഥാപിച്ചു. കണക്കുകൾ പരിഷ്കാരപ്പെടുത്തിയായി.




എളയതമ്പുരാൻ തിരുമനസ്സുകൊണ്ടു

ന്നത്. ഇവരെ പോഞ്ഞിക്കരയിൽ ചെന്ന് എതിരേല്പാൻ തിരുമനസ്സുകൊണ്ടും എളയതമ്പുരാൻ തിരുമനസ്സുകൊണ്ടും കൂടി എഴുന്നള്ളിയിരുന്നു. ഇതിന്മുമ്പ് ഒരു വൈസ്രായി ഇവിടെ വരികയുണ്ടായിട്ടില്ല. കൊച്ചി എറണാകുളം കായൽപോലെ ഒരു കായൽ വേറെ ഒരു ദിക്കിലും കണ്ടിട്ടില്ലെന്നു വൈസ്രായി അഭിപ്രായപ്പെടുകയുണ്ടായി.



എറണാകുളം കായൽവക്ക്



തിരുമനസ്സിലെ അമ്മയുടെ ദീക്ഷക്കാലം

തിരുമനസ്സിലെ അമ്മയായ വലിയമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ട് ഈ മാസം 14-ാംനു- തൃപ്പൂണിത്തുറെനിന്നും തീപ്പെട്ടു. തിരുമനസ്സിലേക്ക് ഒരു കൊല്ലത്തേക്ക് പള്ളിദീക്ഷയും ആയി.

ഈ കൊല്ലം എഴുമാസത്തിലധികം ദിവാൻ രാജഗോപാലാചാരിക്ക് അവധിയായിരുന്നു. ലോക്ക് സായ്വാണ് പകരം നോക്കിയിരുന്നത്. തോംസൻ സായ്വിന്റെ അധികാരത്തിൽ സർവ്വെ മുറക്കു നടന്നുകൊണ്ടിരുന്നു. ഇക്കൊല്ലം നൂറുക്ക തൊണ്ണൂറൊമ്പതേക്കാലും നികുതിയിൽ പിരിവുണ്ടായിട്ടുണ്ട്. എഴുകൊല്ലത്തേക്ക് ഒരു പോലീസ്സ് ഡിപ്പാർട്ടുമെണ്ട് മേലുദ്യോഗസ്ഥനെ (എ. സുബ്ബറാവു) ബ്രിട്ടീഷിൽ നിന്നും വരുത്തി. ഈ കൊല്ലത്തിൽ പുതുതായി എട്ടുനിയമങ്ങൾ നടപ്പാക്കി. ചാലക്കുടിവഴിക്ക് മലയിൽനിന്നു ഒരു ട്രാം പണിക്കവേണ്ട വട്ടങ്ങൾ കൂട്ടിത്തുടങ്ങി. മലയിൽനിന്നുള്ള ആദായം നാലിരട്ടിച്ചു. തീവണ്ടിപ്പണിക്ക് തന്നാണ്ടിൽ 26½ ലക്ഷം ഉറുപ്പിക മുടക്കി. പണി അവസാനിച്ചകൂട്ടത്തിലായി. ഈ കൊല്ലത്തിൽ ആകെ ചിലവു കഴിച്ച് 3½ ലക്ഷം ഉറുപ്പിക മിച്ചം കണ്ടു.



(ലോക്ക് സായ്വ്)

## ൧൦൭൭

തിരുമനസ്സിലെ ചിററയായ വലിയമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ട് കുംഭം 8-ാം നു- തൃപ്പൂണിത്തുറ നിന്നും തീപ്പെട്ടു. അവിടത്തോടുകൂടി 81-ൽ തീപ്പെട്ട വലിയമ്മതമ്പുരാൻ തിരുമനസ്സിലെ മക്കൾ എല്ലാവരും കഴിഞ്ഞു. ഈ കൊല്ലത്തിൽ മുക്കാൽ ഭാഗവും ദീ



വലിയമ്മത്തമ്പുരാൻ.


ഖാനായിരുന്നതു് ലോക്ക് സായ്പാണ്. അതിന്റെ ശേഷം പട്ടാഭിരാമരാവു ദിവാനായി. ഇക്കൊല്ലം ഒരു നിയമം മാത്രമെ നടപ്പാക്കിയിട്ടുള്ളുവെങ്കിലും മററു പല ബില്ലുകളെപ്പററിയും ആലോചന നടത്തിയിരുന്നു. കൊല്ലാവസാനത്തോടുകൂടി തീവണ്ടി നടപ്പായി. ഈ വകക്കു് ആകെ 63½ ലക്ഷം ക. ചിലവായിട്ടുണ്ടു്. മലവക ട്രാം പണി തുടങ്ങി. ഇക്കൊല്ലത്തിൽ സ്കൂളുകളുടേയും പഠിക്കുന്ന കുട്ടികളുടേയും തുക വളരെ വൎദ്ധിച്ചു. ഈ കൊല്ലത്തിലും ചിലവു കഴിച്ചു് 2 ലക്ഷം ക. കൂടുതലുണ്ടായിട്ടുണ്ടു്.

## 1078

മദിരാശി ഗവൎണ്ണരായിരുന്ന ആംപ്റ്റിൽ പ്രഭുവും ഭാൎയ്യയും ഇക്കൊല്ലത്തിലാണു് ആദ്യം കൊച്ചിയിലേക്കു വന്നതു്. തിരുമനസ്സിലെ ഡല്ലിയാത്ര ഇക്കൊല്ലത്തെ പ്രധാനസംഗതികളിൽ ഒന്നാണു്. തിരുമനസ്സുകൊണ്ടു തുലാമാസത്തിൽ ഇവിടെനിന്നു് എഴുന്നള്ളത്തു പുറപ്പെട്ടു പൂന, ബോമ്പെ, അലഹബാദ്, ശ്രീകാശി, കല്ക്കട്ട മുതലായ പ്രധാനസ്ഥലങ്ങളിൽകൂടി സഞ്ചരിച്ചു് ധനു ആദ്യം ഡല്ലിയിൽ എഴുന്നള്ളത്തെത്തി. ഡർബാർ കഴിഞ്ഞ രണ്ടാംദിവസം തിരുമനസ്സിലേക്കു ജി. സി. എസ്സ്. ഐ. എന്ന സ്ഥാനം ലഭിച്ചു. പട്ടാഭിരാമരാവു എഴുന്നള്ളത്തൊന്നിച്ചു ഡല്ലിയിലേക്കു പോയിരുന്ന കാലം രണ്ടു മാസത്തേക്കു ചീഫ് കോടതി ജഡ്ജിയായിരുന്ന ടി. സി. കൃഷ്ണമേനോനാണു് പകരം നോക്കിയിരുന്നതു്.



ദിവാൻ പട്ടാഭിരാമരാവു.



ആലുവാ തീവണ്ടിപ്പാലം,




ആംപ്ഥിൽ പ്രഭു




ഭാൎയ്യ.



കാശി പണ്ഡിതസമാജം.



അസ്സിഘട്ടം.



രണ്ടാമത്തെ ദൽഹി ദർബാർ.



ടി. സി. ഉണ്ണിമേനോൻ

## 1079

ഈ കൊല്ലം വൃശ്ചികമാസത്തിൽ തിരുമനസ്സുകൊണ്ട് എഴുന്നള്ളത്തു പുറപ്പെട്ട്, തൃശ്ശിനാപ്പള്ളി, തഞ്ചാവൂര്, കുംഭകോണം, ചിദംബരം, പാണ്ടിച്ചേരി മുതലായ ദിക്കുകളിൽകൂടി ധനു ആദ്യം മദിരാശിയിൽ എഴുന്നള്ളിയെത്തി. അവിടെ ഗവർണ്ണരുടെ അതിഥിയായി പന്ത്രണ്ടു ദിവസം എഴുന്നള്ളിത്താമസിച്ചു. അവിടെനിന്ന് തൃശ്ശിനാപ്പള്ളി, മധുര, രാമനാഥപുരം മുതലായ ദിക്കുകളിൽകൂടി രാമേശ്വരത്തേക്ക് എഴുന്നള്ളി. അവിടെ അഞ്ചുദിവസം എഴുന്നള്ളിത്താമസിച്ച് തിരുവനന്തപുരം വഴിയാണ് തിരികെ എഴുന്നള്ളിയത്. പതിമൂന്നു ദിവസത്തോളം അവിടുന്നു തിരുവിതാംകൂർ മഹാരാജാവിന്റെ അതിഥിയായിരുന്നു. ഇതിൽ മൂന്നുദിവസം തിരുവനന്തപുരത്തു തന്നെയായിരുന്നു എഴുന്നള്ളിത്താമസം.

തിരുമുമ്പാകെയുള്ള സ്പെഷ്യൽ അപ്പീൽ വേണ്ടെന്നു വെച്ച് ആ അധികാരം ചീഫ്കോടതിക്കുതന്നെ കൊടുത്തു.



തിരുമനസ്സുകൊണ്ട് പാണ്ടിച്ചേരിയിൽ.



തിരുമനസ്സുകൊണ്ട് തിരുവിതാംകൂറിൽ.



തിരുവിതാംകൂർ മഹാരാജാവ്.



കാശി മഹാരാജാവ്.




# സർ. രാമവർമ്മ

ജി. സി. എസ്സ്. ഐ., ജി. സി. ഐ ഇ., എഫ്, എം. യു.

കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട്.

1080-ാം കൊല്ലത്തിൽ തിരുവിതാംകൂർ മഹാരാജാവ് എറണാകുളത്തേക്ക് എഴുന്നള്ളി. അവിടെ രണ്ടു ദിവസം തിരുമനസ്സിലെ അതിഥിയായി താമസിച്ച് തിരികെ എഴുന്നള്ളി. ഇക്കൊല്ലത്തിൽ കാശ്മീർ മഹാരാജാവും മദിരാശി സേനയുടെ അധിപനായ സർ ജാർജ് പ്രെട്ടിമെൻ സായ്വും സർക്കാർ അതിഥികളായി ഇവിടെ വരികയുണ്ടായിട്ടുണ്ട്. പതിവുപോലെ ഇക്കൊല്ലവും തിരുമനസ്സുകൊണ്ട് ചിങ്ങമാസം കാലത്തു കാഞ്ഞിരപ്പിള്ളിയിൽ എഴുന്നള്ളിത്താമസിച്ചു. രണ്ടുതവണ തൃശ്ശിവപേരൂരും എഴുന്നള്ളത്തുണ്ടായി. തിരുവഞ്ചിക്കുളത്തേക്ക് തൃക്കൺപാർക്കാനും എഴുന്നള്ളി. സർ ജേയിംസ് തോംസൺ സായ്വിന് കെ. സി. എസ്സ്. ഐ. എന്ന സ്ഥാനം കൊടുക്കുന്ന അവസരത്തിൽ തിരുമനസ്സുകൊണ്ട് മദിരാശിക്ക് എഴുന്നള്ളിയിരുന്നു. ഇതു കഴിഞ്ഞു തിരിയെ എഴുന്നള്ളി ഒരു മാസം കഴിഞ്ഞു കന്നൂർക്ക് എഴുന്നള്ളി.



മദിരാശിയിലെ "കൊച്ചിൻ ഹൌസ്"

## 1081

കൊച്ചി മലവക ട്രാം നടപ്പാക്കുന്നതിന്നും നായാട്ടിന്നും ആയി ആരംഭിൽ പ്രവൃത്തി വന്നിരുന്നത് ഇക്കൊല്ലത്തിലാണ്. ആറപ്പിൽ പ്രഉ കന്നിമാസത്തിൽ (1905 സപ്തമ്പർ 26-ാംനു) ചാലക്കുടി എത്തി വൈകുന്നേരം തൊപ്പുത്തിക്കവലെ എത്തി അന്നു രാത്രി അവിടെ താമസിച്ചു. പിറേറ ദിവസം കാലത്തു പാമ്പിക്കുളത്തേക്കു യാത്ര പുറപ്പെട്ടു. ട്രാം വഴിയുടെ അവസാനത്തിൽ ഇരുട്ടായപ്പോഴേക്കും എത്തി. തിരുമനസ്സുകൊണ്ടു ഗവർണ്ണരായിട്ടു തൊപ്പുത്തിക്കവലെവെച്ചു കണ്ടുകൂടി പാമ്പിക്കുളത്തേക്ക് എഴുന്നള്ളി. പിന്നെ നാലു ദിവസത്തേക്കു ഗവർണ്ണരും പരിവാരവും പാമ്പിക്കുളത്തുതന്നെയാണ് താമസിച്ചത്. ഗവർണ്ണരുടെ മടക്കത്തിൽ തിരുമനസ്സുകൊണ്ട് ഉയരക്കൊമ്പർകുട്ടിയിൽവെച്ച് ഒരുമിച്ചുകൂടി. അവിടെനിന്നു രണ്ടുപേരും ഒരുമിച്ചു ട്രാംവെ ഇൻക്ലയിൻ (കയറ്റമായിട്ടുള്ള എറക്കം) പോയി കണ്ടു. രാത്രി തൊപ്പുത്തിക്കവലെ താമസിച്ചു പിറേറ ദിവസം പന്ത്രണ്ടുമണിക്കു ചാലക്കുടിയിൽ എത്തി. അവിടെവെച്ച് എടനേരം സൽക്കാരത്തിന്റെ വകയായി ഗവർണ്ണർക്ക് ഒരു സല്ക്കാരം ഉണ്ടായി. അതു കഴിഞ്ഞു തിരുമനസ്സുകൊണ്ടു ഗവർണ്ണർ ഒരുമിച്ചു ട്രാംവെ സമീപിച്ച് പ്രത്യേകിച്ചു കെട്ടിയുണ്ടാക്കീട്ടുള്ള മണ്ഡപത്തിലേക്ക് എഴുന്നള്ളി. അവിടെവെച്ചു ട്രാംവെയുടെ ആരംഭം മുതൽക്കുള്ള ഒരു ചരിത്രം ദിവാൻ വായിക്കുകയും മലവക ട്രാംവെ ദ്രാക്ഷ ഏൽപ്പെടുത്തിയതായി ഗവർണ്ണർ വളരെ പ്രശംസിച്ചു പ്രസംഗിക്കുകയും ചെയ്തു. അതിനുശേഷം ആനക്കൊമ്പുകൊണ്ടു പിടിയും വെള്ളികൊണ്ട് അലകും, പുറത്തു സ്വർണ്ണംകൊണ്ടു കൊച്ചി മലവക ട്രാംവെയെന്ന് എഴുത്തും മറെറാപ്പുറത്തു രാജമുദ്രയും ഉള്ളതായ ഒരു കോടാലി നല്ലതായ വീട്ടിപ്പെട്ടിയിൽ ആക്കി തിരുമനസ്സുകൊണ്ടു ഗവർണ്ണർക്കു സമ്മാനമായി കൊടുത്തു. അന്നുതന്നെ ഗവർണ്ണർ ഉദകമണ്ഡലത്തിലേക്കു പുറപ്പെടുകയും ചെയ്തു.

വെയിൽസ് രാജകുമാരനും രാജകുമാരിയും മദിരാശിയിൽ വന്നിരുന്നകാലം ഈ കൊല്ലമായിരുന്നു. തിരുമനസ്സുകൊണ്ടും മദിരാശിക്ക് എഴുന്നള്ളിട്ടുണ്ടായിരുന്നു. അന്നു മദിരാശിയിൽ കൊച്ചി വക സ്ഥലം പണിതീർന്നിരുന്നു. അവിടെവെച്ചു തന്നെയാണ് വെയിൽസ് രാജകുമാരൻ തിരുമനസ്സിലെ തിരിയെ വന്നു കാണുകയുണ്ടായത്. തിരുമനസ്സുകൊണ്ടു മദിരാശിയിൽനിന്നും തിരിയെ എഴുന്നള്ളി അഞ്ചുമാസം കഴിഞ്ഞിട്ടു കുത്താലത്തേക്കെഴുന്നള്ളി. ആലപ്പുഴ കൊല്ലം ഈ വഴിക്കാണ് എഴുന്നള്ളിയത്. മടങ്ങി എഴുന്നള്ളിയതും കൊല്ലം, തൃക്കുന്നപ്പുഴ, ആലപ്പുഴ മുതലായ ദിക്കുകളിൽ കൂടിയാണ്. അവിടെ തിരുവിതാംകൂർ മഹാരാജാവിന്റെ അതിഥിയായിട്ടാണ് ഈ ദിക്കുകളിൽ എഴുന്നള്ളി താമസിച്ചത്. കൊട്ട്യാരപ്രസ്സ് ആഫീസ്, പള്ളിയിൽ ഓടിയും തുടങ്ങി.




തിരുമനസ്സുകൊണ്ടു കന്നൂരിൽ.




പാമ്പ് കുളം




റസിഡണ്ടിന്റെ കൂടാരം




കവലയിലെ കത്തായ ഇറക്കം



കവലയിലെ മദ്ധ്യപതനം (ബ്രേക്ക് ഹൌസ്സ്)



പോണ്ടിയിൽ എഴുന്നള്ളത്ത്



കരിയാർകുട്ടി പാലം



പറമ്പിക്കുളം

## 1082

1907 ജനുവരി മാസത്തിൽ മദിരാശി ഗവർണ്ണർ സർ. ആർതർ ലാലിയും ഭാര്യയും ഗവർണ്ണരായിരുന്ന വെൻലോക്ക് പ്രഭുവും കൊച്ചിരാജ്യം കാണുവാൻ വന്നു. ഇക്കൊല്ലം കാഞ്ഞിരപ്പിള്ളിയിൽ എഴുന്നള്ളിത്താമസിച്ച് തിരിയെ എഴുന്നള്ളുമ്പോൾ പള്ളിപ്പുറം, ഞാറക്കൽ, [illegible] ഈ ദിക്കുകളിലെഴുന്നള്ളുകയുണ്ടായി. മാർച്ച് മാസത്തിൽ നാലഞ്ചുദിവസം ഇല്ലിവളപ്പിൽ എഴുന്നള്ളിത്താമസിച്ച കാലത്ത് ഊരകത്തും പെരുമനത്തും തൃക്കൺപാക്കൽ വാരവുമുണ്ടായി.



സർ ആർതർ ലാലി



ഭാര്യ

ദിവാൻ പട്ടാഭിരാമറാവു മൂന്നു മാസത്തെ അവധി എടുത്ത്, അതിന്റെ അവസാനത്തോടുകൂടി ദിവാൻ പണിയിൽ നിന്ന് ഒഴിഞ്ഞു. കുറച്ചുകാലം ലോക്ക് സായ്പ് പകരം നോക്കി. മേടമാസം 15-ാംനു തിരുമനസ്സുകൊണ്ട് എ. ആർ. ബാനർജിയെ ദിവാനായി നിശ്ചയിച്ചു.



വെൻലോക്ക് പ്രഭു

സർക്കാരിൽനിന്നു പുതുതായി ചെയ്തുവന്നിരുന്ന പല ഏർപ്പാടുകളിലും ചിലവു മാത്രമായിട്ടുള്ള കാലം അവസാനിക്കേണ്ടിക്കായി. മദിരാശി ബാങ്കിൽനിന്നു വാങ്ങിയിരുന്ന രണ്ടേകാൽ ലക്ഷം ഉറുപ്പിക തിരിയെ അടച്ചു. സർവ്വേ സെറ്റിൽമെണ്ട് കഴിഞ്ഞ കൂട്ടത്തിലായി. ട്രാംവെ പണിതീർന്നു. റവന്യൂ, ക്രിമിനൽ, മരാമത്ത്, പോലീസ്സ്, വസൂരികുത്തിവെപ്പ്, വൈദ്യം, ധനം ഈ വക ഡിപ്പാർട്ടുമെണ്ടുകളും ഹജൂർ സിക്രട്ടരിയുടെ ഡിപ്പാർട്ടുമെണ്ടും പരിഷ്കരിച്ച പുതിയ ഏർപ്പാടുകൾ നടപ്പാക്കി. ഡിവിഷൻ പേഷ്കാർമാരുടെ സ്ഥാനം വേണ്ടെന്നുവെച്ച് ആ സ്ഥാനത്ത് ദിവാൻപേഷ്കാരെ നിയമിച്ചു. തീവണ്ടിയുടെ കരാറ് വേണ്ടപോലെ മാറ്റുക, ട്രാംവെക്കുള്ള ചിലവു ചുരുക്കുക, കണ്ടെഴുത്തുപ്രകാരമുള്ള കരം പിരിച്ചു തുടങ്ങുക, ആയവ്യയം നോക്കുവാൻ വഴിപോലെ ഒരു ഡിപ്പാർട്ടുമെണ്ട് ഉണ്ടാക്കുക ഇതൊക്കെ ചെയ്താൽ ഇതുവരെ പരിഷ്കരിച്ച ഡിപ്പാർട്ടുമെണ്ടുകളിലേക്കും, പരിഷ്കരിക്കുവാൻ പോകുന്ന ദേവസ്വം, കൃഷി, ഇറിഗേഷൻ (നന), നഗരശുചീകരണം, കോവിലകച്ചിലവ്, വിദ്യാഭ്യാസം മുതലായ ഡിപ്പാർട്ടുമെണ്ടുകളിലേക്കും വേണ്ടേടത്തോളം ചിലവു ചെയ്വാൻ പണമുണ്ടാകുമെന്നും ഇതെല്ലാം ഒന്നായി നടത്തുവാൻ സാധിക്കുമെന്നും കണ്ടു.



ദിവാൻ ബാനർജി

## 1083

ഒക്കേപത്തിലെ സദസ്സുസംബന്ധിച്ച് തിരുമനസ്സുകൊണ്ട് ഇല്ലിവളപ്പിലും മൊത്തവും എഴുന്നള്ളിത്താമസിച്ചിട്ടാണ് ഇക്കൊല്ലം കാഞ്ഞിരപ്പിള്ളിയിലേക്ക് എഴുന്നള്ളിയത്. അവിടെ എഴുന്നള്ളിത്താമസിക്കുന്ന കാലത്ത് ട്രാംവഴിയായി പറമ്പിക്കുളത്തേക്ക് എഴുന്നള്ളി ആറുദിവസം അവിടെ താമസിച്ചു.

കഴിഞ്ഞകൊല്ലം ആലോചിച്ചു ഉറപ്പിച്ചിട്ടുണ്ടായിരുന്ന ക്രിമിനൽ പോലിസ്സ് മുതലായ ഡിപ്പാർട്ടുമെണ്ടു പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തി. എന്നാൽ ഈവക പരിഷ്കാരങ്ങൾ ഒക്കെ വരുത്തീട്ടും ചിലവിൽ കൂടുതൽ ഒന്നും ഉണ്ടായിട്ടില്ല. ജെയിൽനിയമം ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തി. ദേവസ്വം 'മത്സ്യഗ്രഹണം' ഇതുകളെപ്പറ്റി വേണ്ട അന്വേഷണങ്ങൾ നടത്തി. പുകയിലക്കുത്തക ലേലംവിളിക്കുന്ന സമ്പ്രദായം ഏർപ്പെടുത്തി. കുറേക്കാലമായി ആലോചനയിൽ കിടന്നിരുന്ന ഏഴു നിയമങ്ങൾ നടപ്പിൽ വരുത്തി. പിന്നെ ചിലത് ആലോചിക്കുവാനും തുടങ്ങി. വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ട് തീരെ ഉടച്ചുവാർത്തു. കാളേജിലും സ്കൂളുകളിലും ഉദ്യോഗസ്ഥന്മാരെ വർദ്ധിപ്പിച്ചു. സ്കൂൾ ഇൻസ്പെക്ടർമാരെ ഏർപ്പെടുത്തി. പ്രൈമറി സ്കൂളുകളിലും അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടുവാൻ അനുവദിച്ചു. കീഴ്ജാതികൾക്കും പെൺകുട്ടികൾക്കും ആദിപാഠത്തിനു ഫീസ്സ് വേണ്ടെന്നുവെച്ചു. ആൺകുട്ടികൾക്കു പകുതിയും പെൺകുട്ടികൾക്കു [illegible] കീഴ്ജാതികൾക്കു പ്രത്യേകമായി അനേകം സ്കൂ

കളും ഏർപ്പെടുത്തി. കൃഷി, നന, ശുചീകരണം ഇവയെപ്പറ്റി ആലോചന തുടങ്ങി. മൃഗങ്ങൾക്ക് ഒരു ആസ്പത്രിയും ഉദ്യോഗികൾക്ക് ഒരു താവളവും അനുവദിച്ചു. പശുക്കളെ കുത്തിവെച്ച് ഇവിടത്തന്നെ ലിംഫ് എടുക്കുന്ന പതിവു നിർത്തൽചെയ്തു. കോവിലകം ചിലവിനെപ്പറ്റിയുള്ള പുതിയ ഏർപ്പാട് തുടങ്ങി. കൊല്ലംതോറും കുമാരന്മാരെ ഉതകിച്ചു താമസിപ്പിച്ചു പഠിപ്പിക്കേണ്ടുന്ന കാര്യത്തെക്കുറിച്ച് ആലോചന ആരംഭിച്ചു. ഈ കൊല്ലത്തിൽ സർവ്വേ സെറ്റിൽമെണ്ട് ഒരുവിധം അവസാനിച്ചു. ദേവസ്വം വക സെറ്റിൽമെണ്ട് തുടങ്ങി. മൂന്നുലക്ഷം രൂപ നിലവരിയിൽകൂടി. ലാണ്ട്‌റിക്കാർട്ടു ഡിപ്പാർട്ടുമേണ്ട് ഏർപ്പെടുത്തി. ദേവസ്വം വക പഴയ ഏടവാടുകൾ ഒക്കെ തീർത്തു. കൊച്ചി തിരുവിതാംകൂർ അതൃത്തികൾ വീണ്ടും പരിശോധിച്ചു വ്യവസ്ഥപ്പെടുത്തി. വടക്കോട്ട് കൊച്ചിരാജ്യത്തിലേക്കു ചേർന്നു. ഈ കൊല്ലം 632340 ക. ആദായം ഉണ്ടായി. കടംവീട്ടുവാൻ ഒരു മൂലധനം ശേഖരിക്കുവാൻ വിചാരിച്ചിരുന്നതും സാധിച്ചു.

## 1084

തിരുമനസ്സുകൊണ്ട് ക്ഷണിച്ചിട്ട് ഗവർണ്ണർ സർ. ലാലിയും പരിവാരവും അക്ടോബർമാസത്തിൽ നായാട്ടിന്നായി കൊച്ചിരാജ്യത്തുവന്നു. ഒന്നാന്തരം ഒരു കൊമ്പനേയും രണ്ടു കാട്ടുപോത്തിനേയും ഗവർണ്ണർ വെടിവെച്ചുകൊന്നു.

ഇന്ത്യാസൈന്യത്തിന്റെ നായകനായ കിച്ചനർപ്രഭുവും തിരുമനസ്സിലെ ക്ഷണം സ്വീകരിച്ച് ഇക്കൊല്ലം ഇവിടെ വന്നു. മദിരാശിപ്പട്ടാളത്തിന്റെ അധിപനായിരുന്ന കാലത്ത് റോബർട്ട്സ് പ്രഭു ഒരിക്കൽ ഇവിടെ വന്നിട്ടുള്ളതല്ലാതെ ഇന്ത്യയിലുള്ള പട്ടാളം മുഴുവനും തന്റെ കീഴിൽ ഉള്ളതായിട്ട് ഒരാൾ ഇതിന്നുമുമ്പ് ഇവിടെ വന്നിട്ടില്ല. കൊച്ചി തുറമുഖം ഒരുകാലത്ത് നല്ല സ്ഥിതിയിൽ കാണുവാൻ സംഗതിവരുമെന്നും കിച്ചനർപ്രഭു ആശംസിച്ചിട്ടുണ്ട്. പതിവുപോലെ ചിങ്ങമാസ കാലത്ത് തിരുമനസ്സുകൊണ്ട് കാഞ്ഞിരപ്പിള്ളിയിൽ തന്നെയാണ് എഴുന്നള്ളിത്താമസിച്ചത്. ഇക്കൊല്ലത്തിലാണ് കൃഷ്യവും കന്നുകാലിപ്രദർശനവും ആദ്യം തുടങ്ങിയത്. അക്കാലത്ത് തിരുമനസ്സുകൊണ്ടും തൃശ്ശിവപേരൂർക്കെഴുന്നള്ളിയിരുന്നു.


കാണാളരേയും സർക്കാർ അച്ചുകൂടം സൂപ്രണ്ടിനേയും മദിരാശിക്ക് വേല പരിചയിക്കുവാൻ അയച്ചു. വിദ്യാഭ്യാസം അധികാരിയെ കല്ക്കത്തയിലും മദിരാശിയിലും ഉള്ള സ്കൂളുകൾ നോക്കിക്കാണുവാനും അയച്ചിരുന്നു.

സർക്കാരും സൌത്തിന്ത്യൻ റെയിൽവെ കമ്പനിയും ആയി തീവണ്ടിയെപ്പറ്റി സർക്കാരിലേക്ക് മുമ്പേത്തേക്കാൾ ഗുണകരമായ ഒരു കരാറു ചെയ്തു. പോന്നിക്കര ഭാഗങ്ങളാവ് ശാശ്വതമായിട്ട് ബ്രിട്ടീഷുഗവർമ്മെണ്ടിലേക്ക് പാട്ടത്തിന്നു കൊടുത്തു.



കിച്ചനർ പ്രഭു.

കഴിഞ്ഞ കൊല്ലത്തിലെ പരിഷ്കാരത്തിൽപെടാത്ത ഡിപ്പാർട്ടുമേണ്ടുകൾ ഒക്കെ ഇക്കൊല്ലം ശുദ്ധമാക്കി 'മത്സ്യഗ്രഹണ'ത്തിന്റെ കാര്യം ഏർപ്പാടായി. കൃഷിവ്യവസായപരിഷ്കാരം ആരംഭിച്ചു. ഉദ്യോഗികൾക്കുള്ള താവളവും ഏർപ്പെടുത്തി. എട്ടു പുതിയ നിയമങ്ങൾ വളരെ കാലമായിട്ട് ആലോചനയിൽ കിടന്നിരുന്നതു നടപ്പാക്കി. അളവുകളുടേയും താപ്പുകളുടേയും കാര്യം വ്യവസ്ഥപ്പെടുത്തി. ഇക്കൊല്ലം നാല്പത് ലക്ഷം ഉറുപ്പിക മുതലെടുപ്പ്, ഡിപ്പാർട്ടുമെണ്ടു പരിഷ്കാരത്തിന് ഒന്നേമുക്കാൽ ലക്ഷം അധികച്ചിലവുള്ളതു കൂടികഴിച്ച് ഏഴ് ലക്ഷത്തിൽ ചില്വാനം ഉറുപ്പിക ലാഭവും ഉണ്ടായിട്ടുണ്ട്.



കൊച്ചി തുറമുഖം.

1085

നവംബർ 21-ാം൹ തിരുമനസ്സുകൊണ്ട് വൈസറായിയെ കാണ്മാനായി മദിരാശിക്കെഴുന്നള്ളി. അവിടെ കൊച്ചുസ്സർക്കാർ സ്ഥലത്തുവെച്ച് വൈസ്രാ[യി] തിരുമനസ്സിലെ തിരിയെ വന്നു കണ്ട സമയം ഒരു ഉദ്യാനവിരുന്നും ഉണ്ടായി. മദിരാശിയിൽനിന്നു അവിടുന്ന് കല്ക്കത്തായിലേക്കാണ് എഴുന്നള്ളിയത്. എഴുന്നള്ളത്തുവഴി രാജമന്ദിരം, വിജയനഗരം, ബാലസൂർ ഈ ദിക്കുകളിൽ താമസിക്കയും ചെയ്തു. കല്ക്കത്തായിൽ മൂന്നാഴ്ചവട്ടത്തോളം എഴുന്നള്ളിത്താമസിച്ചു. അക്കാലത്ത് വൈസ്രായിയേയും ബങ്കാൾ ലെഫ്റ്റനന്റ് ഗവർണ്ണരേയും എഴുന്നള്ളി കാണുകയുണ്ടായി.

രണ്ടാമത്തെ കാഴ്ചക്കാലത്ത് ഒരാഴ്ചവട്ടം അവിടെനിന്ന് തൃശ്ശിവപേരൂർ എഴുന്നള്ളിത്താമസിച്ചു. ധനുമാസത്തിൽ ചെറുവരെ എഴുന്നള്ളിത്താമസിച്ചിരുന്ന കാലത്താണ് ശൃംഗേരിമഠം ശങ്കരാചാര്യസ്വാമികളെ കാലടിയിൽ എഴുന്നള്ളിക്കണ്ടത്. ചെറുവരയിൽനിന്ന് പിന്നെ കഞ്ഞിരപ്പള്ളിക്ക് എഴുന്നള്ളി. മൈസൂർ മഹാരാജാവ് കാലടിയിൽനിന്നു തിരിയെ വരുമ്പോൾ തിരുമനസ്സുകൊണ്ട് കാഞ്ഞിരപ്പിള്ളിയിൽനിന്നു തൃശ്ശിവപേരൂർക്ക് എഴുന്നള്ളിയിരുന്നു. തിരുമനസ്സുകൊണ്ടു ക്ഷണിച്ചിട്ട് കാശിമഹാരാജാവ് രാമേശ്വരത്തുനിന്ന് വരുന്നവഴി എറണാകുളത്തു താമസിച്ചു.

ഇന്ത്യാസഭയിലെ മെമ്പ്രായസർ. കെ. ജി. ഗുപ്ത തിരുമനസ്സിലെ അതിഥിയായിട്ട ഈ രാജ്യത്തു വന്നിട്ടുണ്ട്.

പൊലീസ് സൂപ്രണ്ടിനെ വെല്ലൂർ വേല പരിചയിക്കവാനും, സർക്കാരിൽനിന്ന് ഒരു കീഴ്ഉദ്യോഗസ്ഥനെ വിരൽമുദ്രയെപ്പററി പഠിക്കവാനും അയച്ചു.

ഈ മൂന്നു കൊല്ലത്തിനിടക്ക് ഡിപ്പാർട്ടുമെണ്ടുപരിഷ്കാരങ്ങളും നിയമങ്ങളും പൂർത്തിയായി. മേലാൽ സ്ഥിരമായ ഒരു രാജ്യഭരണരീതിയും ആയി. നടക്കാവുമരങ്ങൾ 20 ഉറക്ക വെച്ചുവന്നിരുന്നു. തൃശ്ശിവപേരൂർ, എറണാകുളം, കൊച്ചി ഈ ദിക്കുകളിൽ മുൻസിപ്പാലിററി ഏർപ്പെടുത്തി. വ്യവസായസംബന്ധമായും ശ്രീ പ്രകൃതിയെ സംബന്ധിച്ചും ഒരു സർവ്വേ നടത്തിത്തുടങ്ങി.

ദിവാൻ ബാനർജി 8 മാസത്തെ അവധിയിലായിരുന്നു. അക്കാലത്ത് ദിവാൻ പേഷ്കാർ കൃഷ്ണമാചാര്യരാണ് ആ ജോലി കൂടി നോക്കിയിരുന്നത്.



പ്രദർശനത്തിന്നെഴുന്നള്ളത്ത്.



പ്രദർശനകാലത്തുണ്ടായ കായികാഭ്യാസവിനോദങ്ങൾ.



തിരുമനസ്സുകൊണ്ട് കളിയിൽ വിനോദിക്കുന്നത്.

1086

ഈ കൊല്ലത്തിൻ മുഖ്യമായിട്ടുള്ള ഒരു സംഗതി ചക്രവർത്തിയുടെ കിരീടധാരണാഘോഷമാണ്. തിരുമനസ്സിലെ കല്പനപ്രകാരം അതു സംബന്ധിച്ച് ജൂൺ 22-ാം൹ എറണാകുളത്തു കോവിലകത്തും പറമ്പിൽ വെച്ച് ഒരു ദർബാറും അതിനെത്തുടർന്ന് ഒരു ഘോഷയാത്രയും ഉണ്ടായി. ഇക്കൊല്ലവും കാഴ്ചക്കാലത്ത് ഒരാഴ്ചവട്ടം തിരുമനസ്സുകൊണ്ട് തൃശ്ശിവപേരൂർ എഴുന്നള്ളിത്താമസിച്ചു. കിളിമംഗലത്തു നടവത്തു നാരായണൻ നമ്പൂതിരിപ്പാട്ടിലേക്കും കൊടുങ്ങല്ലൂർ വലിയ ഗോദവർമ്മരാജാവിനും മഹാമഹോപാദ്ധ്യായസ്ഥാനം റസിഡണ്ടു മുഖാന്തിരം കൊടുക്കുന്നതിന്നായി തൃശ്ശിവപേരൂർ കൂടിയ സഭക്ക് തിരുമനസ്സുകൊണ്ടും എഴുന്നള്ളിട്ടുണ്ടായിരുന്നു. വേനൽക്കാലത്തു തിരുമനസ്സുകൊണ്ടു പതിവുപോലെ രണ്ടുമാസത്തോളം കന്നൂർ എഴുന്നള്ളിത്താമസിച്ചു. മദിരാശി ഏക്കൌണ്ടന്റ് ജനറാൾ ആപ്പീസിൽ കണക്കുവെക്കുന്ന രീതി പരിശീലിപ്പാനും അബ്കാരി ഡിപ്പാർട്ടുമെണ്ടിൽനിന്ന് രണ്ടാളെ ചാരായം ഉണ്ടാക്കുന്നതു പഠിക്കവാനും അയച്ചിരുന്നു. രാജ്യകാര്യത്തിൽ 85 വരെ ഉണ്ടായിട്ടുള്ള പരിഷ്കാരങ്ങൾ ഫലിച്ചു എന്ന് സർക്കാരിലേക്ക് അനുഭവം കൊണ്ടു ബോദ്ധ്യം വന്നു. നികുതി 43 ലക്ഷത്തിൽ എത്തി. 83-ലെക്കാൾ പത്തുലക്ഷം കൂടുതലുണ്ട്; ചിലവ് അഞ്ചുകൊല്ലം മുമ്പു ഉണ്ടായിരുന്നതു തന്നെ ഉള്ളൂതാനും. വ്യവസായവിദ്യാഭ്യാസരീതി ഉപകാരമാവത്തക്ക വി

ധത്തിൽ പരിഷ്കരിച്ചു. പത്തു ലക്ഷം ഉറുപ്പിക കടം വീട്ടി. കഴിഞ്ഞ മൂന്നു കൊല്ലം കൊണ്ട് റൊക്കം പത്തു ലക്ഷം കൂട്ടീട്ടുണ്ട്. ഇതുവരെ പുറമെയുള്ളവർ നോക്കിവന്ന മേലുദ്യോഗങ്ങൾക്കു നാട്ടുകാരെ തന്നെ വെച്ചു. പേഷ്കാർ, കൊൺസർവേറ്റർ, പോലീസ് സൂപ്രണ്ട്, കണ്ട്രോളർ ഇവരൊക്കെ നാട്ടുകാർ തന്നെയാണ്. ഇതിൽ കൊൺസർവേറ്റർ ശീമയിലും പേഷ്കാർ ഒഴികെ മറ്റുള്ളവർ മദിരാശി മുതലായ ദിക്കുകളിലും പോയി പണി പരിചയിച്ചവരാണ്. കൃഷി സൂപ്രണ്ടിന്റെ വേല പഠിക്കുവാൻ ഒരാളെ ശീമക്കും, കണക്ക്, മരാമത്ത്, മല ഈ ഡിപ്പാർട്ടുമെണ്ടു വക പണി പഠിക്കുവാൻ നാട്ടുകാരെ മദിരാശിക്കും ഡീറാഡൂണിലേക്കും അയച്ചിട്ടും ഉണ്ട്.

വിടെനിന്ന് ബാംഗളൂർ, പൂന, ബറോഡ, രട്ലം, ആജ്മീയർ, ജയപുരം ഈ വഴിയായി നവമ്പർ 26-ാംനു- ഡൽഹിയിൽ എത്തി. ബറോഡ, ജെയപുരം, രട്ലം, ഇവിടങ്ങളിൽ അതാതു രാജാക്കന്മാരുടെ അതിഥിയായിട്ടാണ് എഴുന്നള്ളിത്താമസിച്ചത്. ബറോഡയിൽ രാജാവു റസിഡണ്ടിനോടും ഉദ്യോഗസ്ഥന്മാരോടും കൂടി തിരുമനസ്സിലെ റെയിൽവെ സ്റ്റേഷനിൽ വന്നു സ്വീകരിച്ചു. ബറോഡയിൽ പല പ്രധാന സ്ഥലങ്ങളും അവിടുന്ന് എഴുന്നള്ളി കണ്ടു. ആജ്മീയറിൽ താമസിക്കുമ്പോൾ അവിടെയുള്ള മേയോരാജകുമാർകാളേജും എഴുന്നള്ളികണ്ടു. ഡൽഹിയിൽ ഡിസമ്പർ 8-ാംനു- ചക്രവർത്തിയെ എഴുന്നള്ളിക്കാണുവാനും അവിടേക്ക് സംഗതിയായി. ഡിസമ്പർ 14-ാംനു- തിരുമനസ്സിലേക്ക് ചക്രവർത്തി തിരുമനസ്സുകൊണ്ടു തന്നെ ജി. സി. ഐ. ഇ. എന്ന സ്ഥാനം കല്പിച്ചു കൊടുത്തു. തിരുമനസ്സിലേക്ക് ഒരു ഡർബാർ സപ്തമുദ്ര്യം കല്പിച്ചുകിട്ടി. ദിവാൻജി അവർകൾക്കും സി. ഐ. ഇ. എന്ന സ്ഥാനം ലഭിച്ചു. തിരുമനസ്സുകൊണ്ട് ഡിസമ്പർ 18-ാംനു- ഡൽഹിയിൽ നിന്നു പുറപ്പെട്ട് ആജ്മീയർ, അഹമ്മദാബാദ്, ബോമ്പെ, കോലാപുരം, ബാംഗളൂർ, മദിരാശി ഈ വഴിക്കാണ് തിരിയെ എഴുന്നള്ളിയത്. ബോമ്പായിൽ നിന്നു എഴുന്നള്ളത്ത് പുറപ്പെടാറായപ്പോൾ തിരുമനസ്സിലേക്ക് തിരുവയറ്റിൽ കാച്ചു ശീലായ്ക തുടങ്ങി. കോലാപുരത്ത് എഴുന്നള്ളത്ത് എത്തിയപ്പോൾ ഒന്നുകൂടി കലശലായി (വല്ലാതെ ക്ഷീണിച്ചുവെങ്കിലും ഈശ്വരകാരുണ്യത്താൽ ബാംഗളൂരിൽ വെച്ചുതന്നെ മുക്കാലും സുഖമായി.) ഡിസമ്പർ 29-ാംനു- തിരിയെ എറണാകുളത്ത് എഴുന്നള്ളത്തെത്തി. തിരുമനസ്സിലെ തിരിയെ എഴുന്നള്ളത്ത് അവിടത്തെ പ്രജകൾ ഇന്നവിധത്തിലേ ആഘോഷിച്ചുള്ളുവെന്നു കണക്കില്ല. പതിവുപോലെ അവിടുന്ന് ചിങ്ങമാസത്തിൽ കാഞ്ഞിരപ്പിള്ളിക്ക് എഴുന്നള്ളി. തിരിയെ എഴുന്നള്ളുമ്പോൾ


ശങ്കരാചാര്യർ.



സർ കെ. ജി. ഗ്രപ്പ്.

## I 1087

911 ഡിസമ്പർ 12-ാംനു- ഡൽഹിയിൽ വെച്ചു നടന്ന ഡർബാർ പോലെ പ്രധാനമായിട്ടു ഇന്ത്യാചരിത്രത്തിൽ ഒരു സംഗതി പറവാനില്ല. അതു സംബന്ധിച്ചു തിരുമനസ്സിലെ എഴുന്നള്ളത്താണ് ഇക്കൊല്ലത്തിൽ മുഖ്യമായിട്ടൊന്നുള്ളത്. വൈസ്രായിയുടെ ക്ഷണം അനുസരിച്ച് തിരുമനസ്സുകൊണ്ട് ദിവാൻമുതലായ ഉദ്യോഗസ്ഥന്മാരോടും പരിവാരത്തോടുംകൂടി ഒക്ടോബർ 27-ാംനു- എറണാകുളത്തു നിന്ന് എഴുന്നള്ളത്തു പുറപ്പെട്ടു. തൃശ്ശിവപേരൂർ മൂന്നു ദിവസവും മദിരാശിയിൽ ഒരാഴ്ചവട്ടവും എഴുന്നള്ളിത്താമസിച്ചു. അ


മൈസൂർ മഹാരാജാവ്.

അന്നമനട, ഇരിങ്ങാലക്കട, കല്ലൂർ, പൊയ്യ, തിരുവഞ്ചിക്കുളം, ചിറവൂർ ഈ ക്ഷേത്രങ്ങളിൽ എഴുന്നള്ളി തൃക്കൺപാളു. കാട്ടുകാലത്ത് അവിടന്ന് തൃശ്ശിവപേരൂർക്കും, വേനക്കാലത്ത് കന്നൂർക്കും എഴുന്നള്ളിയിരുന്നു. ഒാനജ്ജി ഡൽഹിയിലേക്ക് എഴുന്നള്ളത്ത് ഒരുമിച്ചു പോയിരുന്നപ്പോഴും കെ. നാരായണമേനോൻ ഇഞ്ചാർജ്ജായിട്ടും അവധിയിൽ ആയിരുന്നപ്പോഴും പകരമായിട്ടും ദിവാൻപണി നോക്കിയിരുന്നു. തോല്പ്പാകൊണ്ടുള്ള വേലകളും പഠിക്കുന്നതിന്നായി ഒരാളെ ശീമയിലേക്കും അയച്ചിട്ടുണ്ട്.



കവാത്ത്

*****

**8** 5 ഉൾപ്പെടെയുള്ള രാജ്യഭരണത്തെപ്പറ്റി കൊച്ചി സ്റ്റേറ്റുമാനുവലിന്റെ തർജ്ജമയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

*****


പതിനഞ്ചു കൊല്ലത്തിനകത്ത് ഈ രാജ്യത്ത് സകല കാൎയ്യങ്ങളിലും ഉണ്ടായിട്ടുള്ള ആശ്ചൎയ്യകരമായ അഭിവൃദ്ധി മേലധ്യായങ്ങളിൽ അതാതു ഡിപ്പാർട്ടുമെണ്ടുകളെപ്പറ്റി പ്രത്യേകം വിവരിക്കുന്ന സംഗതികളിൽ നിന്നു വ്യക്തമാകുന്നതാണ്. ഈ കാലത്തിന്നുള്ളിൽ സാധിച്ചിട്ടുള്ള അധികം മുഖ്യങ്ങളായ കാൎയ്യങ്ങളുടെ കേവലം ഒരു സൂചന മാത്രമേ താഴെ കാണിക്കുന്നുള്ളൂ. ഈ സന്ദർഭത്തിലാവശ്യമുള്ളൂ. ഈ രാജ്യത്തെ കണ്ണാൽ വെക്കുന്ന സംപ്രദായം ബ്രിട്ടീഷ് ഇന്ത്യയിലുള്ളപോലെയാക്കിത്തീൎക്കുക, സൎക്കാർ ചിലവിന്മേൽ തന്നെ തീവണ്ടി തലസ്ഥാനംവരെ നടപ്പാക്കുക, രാജ്യം മുഴുവൻ സൎവ്വെ ചെയ്യുന്നതിന്നാരംഭിക്കുക, ആധുനികശാസ്ത്രസംപ്രദായ പ്രകാരം ഈ രാജ്യത്തെ മലകളിൽ വേല നടത്തിത്തുടങ്ങുക, ഇതുവരെ ദുൎഗ്ഗമങ്ങളായി കിടന്നിരുന്ന പൎവ്വതങ്ങളിൽ നിന്നു തടിയിറക്കിക്കൊണ്ടു വരുന്നതിന്നും മറ്റുമായി അവിടങ്ങളിലേക്ക് ഒരു വഴി ഉണ്ടാക്കുന്നതിന്നു വേണ്ടി ആവിയന്ത്രം കൊണ്ടു നടത്തുന്ന ഒരു ട്രാംവേയുടെ പണിയാരംഭിക്കുക എന്നിവയെല്ലാം ആദ്യത്തെ അഞ്ചു കൊല്ലത്തിനകത്തു ചെയ്തിട്ടുള്ള പ്രധാന കാൎയ്യങ്ങളുടെ കൂട്ടത്തിൽ ഗണിക്കാവുന്നതാണ്. രണ്ടാമത്തെ വൎഷപഞ്ചകത്തിൽ സൎവ്വ മുഴുവനായ കൂട്ടത്തിലായി. ട്രാംവെ പണിയും ഒട്ടു മുഴുവൻ കലാശിച്ചു. ന്യായമായും ചിട്ടയോടുകൂടിയുമുള്ള ഒരു പദ്ധതിയെ അടിസ്ഥാനമാക്കിക്കൊണ്ട് റവന്യൂസെറ്റിൽമെണ്ട് ആരംഭിക്കുകയും, എക്സൈസ് ഡിപ്പാർട്ടുമെണ്ടിലെ ഭരണം കുറെക്കൂടി നന്നാക്കുകയും ചെയ്തു. മൂന്നാമത്തെ വൎഷപഞ്ചകത്തിൽ റവന്യൂസെറ്റിൽമെണ്ട് അവസാനിച്ചു. റവന്യൂജോലിയും മജിസ്ത്രേട്ടു ജോലിയും വേർ




മഹാമഹോപാദ്ധ്യായൻ കൊടുങ്ങല്ലൂർ വലിയ ഗോദവമ്മരാജാവ്




മഹാമഹോപാദ്ധ്യായൻ കിള്ളിമംഗലത്തു നടുവത്തു നാരായണൻ നമ്പൂതിരിപ്പാട്



രണ്ടാമത്തെ ദർബാർ.




തിരുമനസ്സിലെ അതിരപ്പിള്ളിയിലെ കാമ്പ്




അതിരപ്പിള്ളി വെള്ളച്ചാട്ടം (കൊച്ചിസ്സീമ)



അതിരപ്പിള്ളിവെള്ളച്ചാട്ടം (തിരുവിതാംകൂർ ഭാഗം)



ചോലയാർ വെള്ളച്ചാട്ടം



പുതുക്കാട്ട് റബ്ബർ തോട്ടം

ഏർപ്പെടുത്തി. പൊതുജനങ്ങളുടെ ക്ഷേമത്തിനായിക്കൊണ്ട് ആരോഗ്യരക്ഷാവിഷയമായിട്ട് ഒരു ഡിപ്പാർട്ടുമെണ്ട് ഏർപ്പെടുത്തി. ദേവസ്വം ഡിപ്പാർട്ടുമെണ്ട് നിശ്ശേഷം ഉടച്ചുവാർക്കുകയും ദേവസ്വം കാര്യങ്ങളെ ശ്രീകാര്യങ്ങളിൽനിന്നു വേർപെടുത്തുകയും ചെയ്തു. എക്കൌണ്ടുഡിപ്പാർട്ടുമെണ്ടിൽ കണക്കു വെക്കുന്ന സമ്പ്രദായം കുറെക്കൂടി മെച്ചപ്പെടുത്തി. കൃഷിയെ സംബന്ധിച്ച് ഒരു ഡിപ്പാർട്ടുമെണ്ട് സ്ഥാപിച്ചു. മത്സ്യം പിടിക്കുന്ന സമ്പ്രദായത്തിലും വില്പനക്കായിക്കൊണ്ടു അവയെ ഉണക്കി സൂക്ഷിക്കുക മുതലായ സമ്പ്രദായത്തിലും വേണ്ടുന്ന പരിഷ്കാരങ്ങൾ ചെയ്യുന്നതിലേക്കു ഉത്സാഹം തുടങ്ങി. വ്യവസായവിഷയമായിട്ട് രാജ്യത്താസകലം ഒരു പരിശോധന നടത്തി. വിവിധവ്യവസായങ്ങളെ ശീലിപ്പിക്കുന്നതിന്നും പല ശില്പവേലകളെ അഭ്യസിപ്പിക്കുന്നതിന്നും കൃഷിയും കൈത്തൊഴിലും പരിഷ്കരിക്കുന്നതിന്നും വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്തു. ചില പട്ടണങ്ങളിൽ മുൻസിപ്പൽ ഭരണം നടപ്പാക്കി. ഓരോ ഡിപ്പാർട്ടുമെണ്ടുകളിലും നടക്കേണ്ട വേലകൾ കാലത്തെ അനുസരിച്ചും ഏറ്റവും യോഗ്യമായും ഉള്ള സമ്പ്രദായത്തിലാക്കിത്തീർത്തു. ഈ സമ്പ്രദായം നിലനില്ക്കുന്നതിന്നു വേണ്ടി എല്ലാ ഡിപ്പാർട്ടുമെണ്ടിലെ നടപടികളും നിയമപ്പെടുത്തിക്കൊണ്ട് കോഡുകൾ ഉണ്ടാക്കുകയും ചെയ്തു. ഈ പതിനാലു കൊല്ലത്തിനകത്ത് വിദ്യാഭ്യാസത്തിന്ന് വളരെ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. ഇപ്പോൾ നടപ്പുള്ളതായിട്ട് എഴുപത്തിനാലു റെഗുലേഷനുകളും വിളംബരങ്ങളും ഉണ്ട്. അവയിൽ അയ്മ്പത്തിനാലോളം ഇക്കാലത്താണ് പാസ്സാക്കീട്ടുള്ളത്".




കന്നിമേൽ പഴയ ബങ്കളാവ്.

മുൻസിപ്പാലിററിയും നഗരശുചീകരണവും സംബന്ധിച്ച് മുമ്പുണ്ടായിരുന്ന നിയമത്തെ നവീകരിച്ചതായി ഈ വൃശ്ചികം 17-ാംനു- ഒരു [illegible]വും പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഇനിയും പല ഉപകാരമുള്ള നിയമങ്ങൾ ആലോചിച്ചുവരുന്നുമുണ്ട്.



കന്നിമേൽ ബങ്കളാവ് (പടിഞ്ഞാറെ ഭാഗത്തെ കാഴ്ച.)



കന്നിമേൽ ബങ്കളാവ് (വടക്കുപടിഞ്ഞാറു ഭാഗത്തുനിന്നുള്ള കാഴ്ച).

തിരുമനസ്സിലെ രാജ്യഭരണകാലത്ത് എത്രത്തോളം അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്ന് താഴെ കാണിക്കുന്ന വിവരത്തിൽ നിന്ന് അറിയാവുന്നതാണ്:—


| | 1070 ൽ | 1087 ൽ |
|---|---|---|
| * ആകെ മുതലെടുപ്പ് | 2902940 | 4446000 |
| ജനസംഖ്യ: | | |
| 1 പുരുഷന്മാർ | 361904 | 457342 |
| 2 സ്ത്രീകൾ | 361002 | 460768 |
| ആകെ. | 722906 | 918110 |
| അക്ഷരജ്ഞാനമുള്ളവർ (ആയിരത്തിൽ) | | |
| 1 പുരുഷന്മാർ | 223 | 243 |
| 2 സ്ത്രീകൾ | 39 | 61 |
| ആകെ | 262 | 304 |
| ഇംഗ്ലീഷറിയുന്നവർ (പതിനായിരത്തിൽ) | | |
| 1 പുരുഷന്മാർ | 26 | 199 |
| 2 സ്ത്രീകൾ | 3 | 81 |
| ആകെ | 29 | 280 |
| സ്കൂളുകൾ | 107 | 1015 |
| സ്കൂൾകുട്ടികൾ | 7635 | 51363 |

111-ം സംസ്ഥാനം മുഴുവൻ നോക്കുന്നതായാൽ 78-ം വീതം മാത്രമാണ് ഉള്ളത്.

അക്ഷരജ്ഞാനമുള്ളവർ ആകെ ജനസംഖ്യയിൽ 1000-ത്തിന്നു വീതപ്രകാരം

| | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| കൊച്ചി | 243 | 61 |
| തിരുവതാംകൂർ | 248 | 50 |
| മലബാർ | 190 | 35 |
| തഞ്ചാവൂർ | 218 | 15 |
| മദിരാശി പട്ടണം | 421 | 129 |
| മദിരാശിസംസ്ഥാനം മുഴുവൻ | 139 | 13 |
| ബരോഡ | 175 | 20 |
| മൈസൂർ | 112 | 12 |

വ്യവസായസംബന്ധമായും കൃഷിസംബന്ധമായും പല പരിഷ്കാരങ്ങളും തിരുമനസ്സിലെ കാലത്തുണ്ടായിട്ടുണ്ട്. സർക്കാരിൽനിന്ന് ഈ കാര്യത്തിൽ പല സഹായങ്ങളും ചെയ്തുവരുന്നതുകൊണ്ട് വഴിപോലെ അഭിവൃദ്ധിയും ഉണ്ടായിട്ടുണ്ട്. സീതാരാമ നെയ്ത്തുകമ്പനി. മംഗളോദയം അച്ചുകൂടകമ്പനി, വന്നേരി പാ? ? കമ്പനി, ഗോകലവിലാസം കന്നുകാലികമ്പനി ആറാക്കമ്പനി മുതലായ റജിസ്റ്റർ ചെയ്ത കമ്പനികളും മററു വ്യവസായങ്ങളും അടുത്തകാലങ്ങളിലാണ് ഉണ്ടായിട്ടുള്ളത്. പരിഷ്കൃത്യ നോക്കുവാനായി വിക്ടർ പാർക്കിൽ പലവിധത്തിലും ഉള്ള കൃഷിവേലകൾ തുടങ്ങി. കൃഷിക്കാർക്കു ചു



കന്നിന്മേൽ ബങ്കളാവും കുളവും മാറും

* മദിരാശിപട്ടണം കഴിഞ്ഞാൽ തെക്കെ ഇന്ത്യയിലെ എല്ലാ ജില്ലകളിലും നാട്ടുരാജ്യങ്ങളിലും വെച്ച് കൊച്ചിശ്ശീമയാണ് സാധാരണ വിദ്യാഭ്യാസവിഷയത്തിൽ മുമ്പിട്ടുനില്ക്കുന്നത്. കഴിഞ്ഞ കാനേഷുമാരികണക്കുപ്രകാരം 139083 ആളുകൾ കൊച്ചിശ്ശീമയിൽ എഴുതുവാനും വായിപ്പാനും ത്രാണിയുള്ളവരുണ്ട്. ഇതിൽ 111146 പുരുഷന്മാരും 27937 സ്ത്രീകളും ആണ്. ആകെ ജനസംഖ്യയിൽ 1000-ത്തിന്നു 151-വീതം അക്ഷരജ്ഞാനമുള്ളവരായിക്കാണാം.

തിരുവിതാംകൂറിൽ 1000-ത്തിന്നു 149-ം ബറോഡയിൽ 101-ം മൈസൂരിൽ 68-ം തഞ്ചാവൂരിൽ 112-ം മലയാളജില്ലയിൽ



ദിവാൻ നാരായണമാരാർ.

തങ്ങിയ പലിശക്ക് സർക്കാരിൽ നിന്നും പണം കടംകൊടുത്തുവരുന്നുണ്ട്. പുഷ്പഗിരി നെയ്ത്തുകമ്പനിക്ക് സർക്കാരിൽനിന്നു ധനസഹായം ചെയ്തിട്ടുള്ളതിന്നു പുറമെ തിരുമനസ്സുകൊണ്ടു തന്നെ അതിൽ ഓഹരികൾ ചേർന്നിട്ടുണ്ട്.

പല സംഗതികളിലും തിരുമനസ്സുകൊണ്ട് പ്രജകളായിട്ടു നേരിട്ടു കണ്ടു സംസാരിച്ച് അവക്ക് സങ്കടനിവൃത്തി വരുത്തിക്കൊടുത്തിട്ടുണ്ട്. ഞാണക്കെട്ടിനെപ്പററി പ്രജകൾക്ക് ഉണ്ടായ സങ്കടം കേട്ട് തീർപ്പാൻ കരിക്കൽ അവിടുന്ന് ചിററൂരവരെ എഴുന്നള്ളി. എളങ്കുന്നപ്പുഴെ കടിയാന്മാരുടെ കേസ്സ് എറണാകുളത്ത് ഹജൂർ കച്ചേരിയിൽ

* പലഡിപ്പാർട്ടുമെണ്ടുകളിൽക്കൂടി കലമേനി ശരിപ്പെടുത്തിയ എസ്റ്റിമെററ്

എഴുന്നള്ളിയിരുന്നതുകേട്ടു് കുടിയാനവന്മാരെസമാധാനപ്പെടുത്തി. 1899-ൽ ശീമയാത്രയെപ്പററി ഒരു തീരുമാനമുണ്ടാക്കുവാൻ ഭാഷ്യമഠക്കാർ വൈദികന്മാർ, ആഢ്യന്മാർ മുതലായ പല യോഗ്യരേയും വരുത്തി തൃശ്ശിവപേരൂർ വെച്ചു് ഒരു സഭ കൂട്ടുകയും അതിന്നശേഷം അവിടത്തെ പ്രജകളിൽ പലരും ശീമക്ക പോയി വരികയുമുണ്ടായിട്ടുണ്ടു്. ദോഷവിചാരത്തിൽ പുരുഷവിചാരം കൂടി വേണോ എന്നാലോചിക്കുവാനും ഒരു മഹായോഗം കൂട്ടുകയുണ്ടായിട്ടുണ്ടു്. 85 തുലാം 9-ാംനു-തൃശ്ശിവപേരൂർ കോവിലകത്തു വെച്ചു് ജന്മികുടിയാൻ കാര്യസംബന്ധമായി ഉള്ള സങ്കടങ്ങളെ കേൾപ്പാൻ കൊച്ചി ജന്മിസമാജമെമ്പ്രന്മാരുടെ ഒരു ഡെപ്യൂട്ടേഷൻ സ്വീകരിക്കയും ഉണ്ടായി.

മൂപ്പു കിട്ടിയതിന്നു ശേഷം ഒരിക്കൽ കീലത്തിന്നു ക്ഷീണം വെക്കുകയും ചിലപ്പോൾ തിരുമുടിക്കുത്തുണ്ടാവുകയും ഈയിടയിൽ തൃക്കയ്യിന്മേൽ ഒരു വേദന ഉണ്ടാവുകയും ചെയ്തിട്ടുള്ളതല്ലാതെ പറയത്തക്ക ശീലായ്മ ഒന്നും ഉണ്ടായിട്ടില്ല. മൂപ്പു കിട്ടിയതിന്നു ശേഷം എഴുന്നള്ളിത്താമസം കന്നിമേൽ ബംഗ്ലാവിൽ തന്നെയാണു്.

അവിടുത്തെ ദിനചര്യ വളരെ കൃത്യമായിട്ടാണു് നടന്നുവരുന്നതു്. സംസ്കൃതഗ്രന്ഥങ്ങൾ നോക്കുകയും പഠിപ്പിക്കുകയും എളയതമ്പുരാനായിരുന്ന കാലത്തെപ്പോലെ മൃഗങ്ങളെ വളൎത്തുകയും ലാളിക്കുകയും ഇപ്പോഴും ചെയ്തുവരുന്നുണ്ടു്. തിരുനാളുതോറും അവിടത്തെ തിരുമുമ്പിൽ വെച്ചു് സദസ്സും നടന്നുവരുന്നുണ്ടു്.

ഈ വരുന്ന ധനുമാസം 11-ാംനു- തിരുമനസ്സിലേക്കു അറുപതു തിരുവയസ്സു തികയുന്ന തിരുനാളാകുന്നു. 1002-ൽ കൎക്കിടകമാസത്തിൽ തീപ്പെട്ട വലിയ തമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂൎത്തി കഴിഞ്ഞതിൽപിന്നെ ഇങ്ങിനെ ഒരു മഹോത്സവം ഇതുവരെ ഉണ്ടായിട്ടില്ല.

തിരുമനസ്സുകൊണ്ടു ഇനിയും അനേകകാലം ആയുരാരോഗ്യൈശ്വൎയ്യത്തോടുകൂടി രാജ്യം വാണുകാണുവാൻ ശ്രീപൂൎണ്ണത്രയീശൻ കടാക്ഷിക്കട്ടെ.

ആകാരസദൃശപ്രജ്ഞഃ പ്രജ്ഞയാസദൃശാഗമഃ
ആഗമൈസ്സദൃശാരംഭഃ ആരംഭസദൃശോദയഃ.

ശുഭം

## തിരുമനസ്സിലെ കാലത്തു് കൊച്ചിശ്ശീമയിൽ വന്നിട്ടുള്ള മഹാന്മാർ.

1. മദിരാശി ഗവൎണ്ണരായിരുന്ന സർ. എ. ഇ. ഹാവ്ലോക്കു്.
2. മദിരാശി സൈന്യനായകനായിരുന്ന സർ. ജോൎജ്ജ് ലൂഡ്ലോ.
3. ഇന്ത്യാ വൈസറായി ആയിരുന്ന കഴ്സൻ പ്രഭുവും പത്നിയും.
4. മദിരാശി ഗവൎണ്ണരായിരുന്ന ആംപ്തിൽ പ്രഭുവും പത്നിയും.
5. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു്.
6. കാശി മഹാരാജാവു് സർ. പ്രഭു നാരായണസിങ്ങ് ബഹദൂർ.
7. മദിരാശി സൈന്യനായകനായിരുന്ന സർ. ജോൎജ്ജ് ലെപ്രട്ടിമാനും പത്നിയും.
8. മദിരാശി ഗവൎണ്ണർ ആയിരുന്ന സർ. ആർതർ ലാലിയും പത്നിയും.
9. മദിരാശി ഗവൎണ്ണരായിരുന്ന വെൻലോക്ക് പ്രഭു.
10. ഇന്ത്യയിലെ സേനാനായകനായിരുന്ന കിച്ച്നർ പ്രഭു.
11. കാശിയിലെ കുമാരരാജാവു്.
12. മൈസൂർ മഹാരാജാവു് സർ. കൃഷ്ണരാജവൊഡയാർ ബഹദൂർ.
13. ഇന്ത്യാ കൌൺസിൽ മെമ്പർ സർ. കൃഷ്ണഗോവിന്ദഗുപ്ത

## തിരുമനസ്സുകൊണ്ടു് എഴുന്നള്ളിക്കഴിഞ്ഞിട്ടുള്ള സ്ഥലങ്ങൾ

| തെക്കെ ഇന്ത്യ | വടക്കെ ഇന്ത്യ |
| --- | --- |
| 1 മദിരാശി | 1 കല്ക്കത്ത |
| 2 കന്നൂർ | 2 കാശി |
| 3 തൃശ്ശിനാപ്പള്ളി | 3 അലഹബാദ് |
| 4 [illegible] | 4 ഡൽഹി |
| 5 കുംഭകോണം | 5 ജയപുരം |
| 6 ചിദംബരം | 6 അജമീയർ |
| 7 പോണ്ടിച്ചേരി | 7 ഒട്ടം |
| 8 മധുര | 8 അഹമ്മദബാദ് |
| 9 രാമനാട് | 9 ഷോളാപുരം |
| 10 രാമേശ്വരം | 10 ആഗ്രാ |
| 11 തിരുവനന്തപുരം | 11 കൃഷ്ണമധുര |
| 12 കുത്താലം | 12 ബറോഡ |
| 13 ആലപ്പുഴ | 13 ബൊംബായി |
| 14 കൊല്ലം | 14 പൂനാ |
| | 15 ബംഗളൂർ |
| | 16 രാജമഹേന്ദ്രി |
| | 17 ബാലസൂർ |

കൊച്ചിശ്ശീമയിലുള്ള എല്ലാ പ്രദേശങ്ങളും

മംഗളോദയം കമ്പനി വക അവകാശ

# പുസ്തകങ്ങളുടെ പട്ടിക.

വിദ്വാൻ കുഞ്ഞുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ പ്രസിദ്ധപ്പെട്ട ഗ്രന്ഥങ്ങൾ.

1. അഷ്ടാംഗഹൃദയം സൂത്രസ്ഥാന വ്യാഖ്യാനം „ 1 14 0
2. ചികിത്സിതം „ 1 14 0
3. ഉത്തരസ്ഥാനം „ 2 2 0
4. ശാരീരസ്ഥാനം „ 0 12 0
5. നിദാനസ്ഥാനം „ 0 13 0
6. കല്പസ്ഥാനം „ 0 6 0
7. അമരം [illegible] വ്യാഖ്യാന 8 0
8. പഞ്ചസിദ്ധാന്തചന്ദ്രിക 3 8 0
9. ഹോരാവ്യാഖ്യാനം P. I 2 0 0
10. „ P. II 3 8 0
11. [illegible] വ്യാഖ്യാനം 0 10 0
12. [illegible] 0 6 0
13. സംഗീതകല്പ വ്യാഖ്യാനം 0 5 0
14. [illegible] 0 4 0
15. [illegible] 0 6 0
16. വൈദ്യമാലിക 0 5 0
17. വിദ്യാമാലനുതി 0 0 9
18. വിദ്യാഭരണമാല 0 1 9
19. [illegible] 0 7 0
20. [illegible] 0 4 0

വിദ്വാൻ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ ഗ്രന്ഥങ്ങൾ.

21. സ്വർഗ്ഗാരോഹണം തുള്ളൽ എട്ട് അദ്ധ്യായം 0 6 0
22. [illegible] 0 1 0

എ. കൃഷ്ണപ്പിഷാരടി.

23. [illegible] വ്യാഖ്യാനം 2 8 0

വള്ളത്തോൾ നാരായണമേനോൻ.

24. ആരോഗ്യചിന്താമണി ബാലചികിത്സ 2 0 0
25. [illegible] മണിപ്രവാളം 0 0 9

സി. വി. ഡേവിഡ്.

26. കൊച്ചിചരിത്ര സംക്ഷേപം 0 4 0
27. കണക്കുസാരം 0 1 6
28. നീതിസാരസംഗ്രഹം 0 0 4
29. ഐവർനാടകം 0 1 0

കട്ടപ്പിള്ളി നീലകണ്ഠൻനമ്പൂതിരി.

30. [illegible] വ്യാഖ്യാനം 0 1 0

ഉള്ളൂർ എസ്. പരമേശ്വരയ്യർ.

31. സുജാതോദ്വാഹം 0 12 0

നരസിംഹൻ എമ്പ്രാന്തിരി.

32. വ്യാസോല്പത്തി വഞ്ചിപ്പാട്ട് 0 0 8
33. [illegible] തുള്ളൽ 0 1 0

നടുവത്ത് മഹൻ നമ്പൂതിരി

34. [illegible] 0 0 6

നടുവത്ത് അച്ഛൻ നമ്പൂതിരി

35. കാളിയമർദ്ദനം കൈകൊട്ടിക്കളിപ്പാട്ട് 0 0 6

മാക്കോത്ത് കുഞ്ഞുമേനോൻ.

36. [illegible] 0 1 0

[illegible] മേനോൻ.

37. [illegible] വൃത്തം 0 0 [illegible]

കളരിക്കൽ മാധവ പണിക്കർ.

38. [illegible] വൃത്തം 0 0 9

[illegible] അമ്മ

39. [illegible] കൈകൊട്ടിക്കളിപ്പാട്ട് 0 1 0

[illegible] ഗോവിന്ദൻ നമ്പി.

40. [illegible] കൈകൊട്ടിക്കളിപ്പാട്ട് 0 2 0
41. യയാതിചരിതം തുള്ളൽ 0 1 3

കിളിമാനൂർ [illegible] നമ്പൂതിരിപ്പാട്.

42. [illegible] കൈകൊട്ടിക്കളിപ്പാട്ട് 0 0 7
43. [illegible] തുള്ളൽ 0 0 3
44. ശ്രീകൃഷ്ണസ്തുതി പാന 0 0 6
45. കീചകവധം തുള്ളൽ 0 0 6

മാങ്കുഴി നമ്പൂതിരിപ്പാട്.

46. [illegible] വഞ്ചിപ്പാട്ട് 0 0 6

വടക്കെ [illegible] ഗോവിന്ദമേനോൻ.

47. ഉത്തരാസ്വയംവരം തുള്ളൽ 0 0 9

നമ്പ്യാത്ത് രാമുണ്ണിമേനോൻ.

48. [illegible] തുള്ളൽ 0 0 8

[illegible] നമ്പൂതിരി.

49. കാലകേയവധം തുള്ളൽ 0 1 0
50. [illegible] 0 1 0

[illegible] നമ്പൂതിരി.

51. [illegible] തുള്ളൽ 0 0 6
52. [illegible] തുള്ളൽ 0 1 0
53. സ്യമന്തകം [illegible] 0 2 0

വെള്ളാംഗത്ത് മാത്തിൽ [illegible] നായര്.

54. പുതിയ കീർത്തനങ്ങൾ 0 2 0

കോടശ്ശേരി [illegible] തമ്പാൻ.

55. [illegible] മണിപ്രവാളം 0 0 10

[illegible] നാരായണൻ നമ്പ്യാർ.

56. [illegible] ശതകം 0 0 6

മറ്റത്തു കല്ലമ്പള്ളി ഗോവിന്ദൻ നമ്പൂതിരി.

57. ശ്രീകൃഷ്ണ[illegible] 0 2 0

[illegible] ഗ്രാമം [illegible].

58. [illegible] നാടകം 0 1 6

[illegible] തിരുമുല്പാട്.

59. [illegible] 0 3 0

കോമരത്ത് [illegible] മേനോൻ.

60. [illegible] 0 1 0

എടമരത്ത് [illegible] നമ്പൂതിരി.

61. [illegible] തുള്ളൽ 0 1 0

പി. [illegible].

62. [illegible] കളമ്പാട്ട് 0 0 6

കണിശൻ [illegible].

63. കല്യാണസൌഗന്ധിക കളമ്പാട്ട് 0 0 6

നമ്പ്യാത്ത് [illegible] മേനോൻ.

64. [illegible] മണിപ്രവാളം 0 0 8

(തുടരും)

---


പട്ടുതുണികൾ [illegible]


[illegible]

[illegible]

ഓർഡറുകൾ അയക്കേണ്ട മേൽവിലാസം:—

The Manager
Silk Pitamber Company
Benares City.


H. H. Rama Varma
11th. Prince of Cochin


Company's Registered Office.


Kurur Damodaran
Nambudiripad

# *Only few shares available*


A. K. T. K. M. Cheria
Narayanan Nambudiripad

Printers,
Publishers,
Booksellers,
Stationers,
Printing Material
Merchants Etc. Etc.

## The Mangalodayam Co. Ltd., Trichur.

Printing in
Malayalam,
English,
Devanagari,
Tamil,
Undertaken here,
Trial Solicited.


Punnasseri Neelakandha
Sarma

## CAPITAL Rs. 30,000
## 3000 Shares of Rs. 10 Each.

## Office Bearers.

**Managing Directors:**

1. H. H. Rama Varma Eleventh Prince of Cochin.
2. Kurur Damodaran Nambudiripad.

**Directors:**

3. A. K. T. K. M. Cheria Narayanan Nambudiripad.
4. Punnasseri Neelakandha Sarma.
5. C. T. Avinhikat Neelakandhan Bhattathiripad.
6. Vadakkiniyedath Kirangat Sreedharan Anujan Nambudiripad.
7. Dr. T. C. Krishna Menon.
8. Changarankotha Krishnan Kartha.


C. T. A. Neelakandhan
Bhattathiripad


V. Kiranghat Sreedharan
Anujan Nambudiripad

**Auditor:** A. K. T. K. M. Valia Narayanan Nampudiripad.
**Legal Adviser:** K. Kunjunni Nair B. A., B. L.
**Manager:** C. Kunhi Rama Menon.


Dr. T. C. Krishna Menon


C. Kunhi Rama Menon


C. Krishnan Kartha

# മംഗളോദയം

## ൧൦൮൮

| പുസ്തകം ൫ | മകരമാസം | ലക്കം ൬ |
|---|---|---|


മംഗളം.

ശുദ്ധസത്വഗുണമൂർത്തിയാൽസത്ത-
സ്സിദ്ധനെന്നൂഴിവിശ്വവിശ്രുതൻ
ബുദ്ധമാമുനിജഗൽഗുണോദയ-
ശ്രദ്ധ നമ്മളിലണയ്ക്കയിക്ഷണം.

# പാലിഭാഷ.

ഇന്ത്യാരാജ്യത്തു ബുദ്ധമതം പ്രചരിക്കുവാൻ തുടങ്ങിയ കാലത്ത്, ആ മതത്തി



ന്റെ പ്രചാരകന്മാരായ സന്ന്യാസിമാരുടെ ഇടയിൽ നടപ്പുണ്ടായിരുന്നതും, അന്നുണ്ടായിരുന്ന ആൎയ്യസമുദായക്കാരിൽ ഭൂരിപക്ഷം ജനങ്ങൾ സംസാരിച്ചിരുന്നതും ആയ ഒരു ഭാഷയാണ് പാലിഭാഷ. അക്കാലത്ത് ഇന്ത്യാരാജ്യത്തിന്റെ പല ഭാഗങ്ങളിലും ലങ്കാദ്വീപിലും (Ceylon) താമസിച്ചിരുന്ന ആളുകളിൽ അധികഭാഗക്കാൎക്ക് ഈ ഭാഷ അറിയാമായിരുന്നു എന്നു വിചാരിക്കുവാൻ വഴിയുണ്ട്. പാലി = സമൂഹം (ജനസമൂഹം); അവരുടെ ഭാഷ പാലിഭാഷ; എന്നുള്ള അൎത്ഥപ്രകാരം, അധികജനങ്ങൾ സംസാരിച്ചിരുന്ന ഭാഷയാകകൊണ്ടാണ് ഇതിന്നു 'പാലിഭാഷ' എന്ന പേരു സിദ്ധിച്ചത്. മറ്റുള്ള പല മതങ്ങളിലേക്കാൾ എത്രയോ അധികം ഗ്രന്ഥ

സംഖ്യയുള്ള ബുദ്ധമതത്തിലെ പ്രധാനപ്പെട്ട സകല ഗ്രന്ഥങ്ങളേയും രചിച്ചിട്ടുള്ളത് ഈ ഭാഷയിലാണ്. സംസ്കൃതഭാഷയിൽ തന്നെ ബുദ്ധമതസിദ്ധാന്തങ്ങളെ വിവരിക്കുന്ന ഗ്രന്ഥങ്ങൾ വളരെ കുറവാണ്. വേറെ വല്ല ഭാഷകളിലും ബുദ്ധമതക്കാരുടെ ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ അൎവ്വാചീനകാലങ്ങളിൽ നിൎമ്മിക്കപ്പെട്ടവയുമാകുന്നു. ബുദ്ധമുനിയുടെ കാലത്തും അതിന്നടുത്ത കാലങ്ങളിലും എഴുതിയ മിക്ക ഗ്രന്ഥങ്ങളും — ഇന്ത്യയിലും ലങ്കാദ്വീപിലും ഉണ്ടാക്കപ്പെട്ട ഗ്രന്ഥങ്ങൾ പ്രത്യേകിച്ചും — പാലിഭാഷാമയങ്ങൾ തന്നെയാകുന്നു. ബുദ്ധമതതത്വങ്ങളെ ശരിയായി ഗ്രഹിക്കേണമെന്നു വിചാരിക്കുന്നവൎക്ക് ഈ ഭാഷയുടെ ജ്ഞാനം ഒഴിച്ചുകൂടാത്തതുമാണ്.

പാലിഭാഷ സംസ്കൃതത്തോടു വളരെ അടുപ്പമുള്ളതും സംസ്കൃതത്തെ അനുസരിച്ചിട്ടുള്ളതും ആയ ഒരു ഭാഷയാകുന്നു. സംസ്കൃതത്തിന്റെ താവഴിയിൽപ്പെട്ട പതിനെട്ടു പ്രാകൃതഭാഷകളിൽ മാഗധി എന്നോ ശ്രാവസ്തി എന്നോ പേരുള്ള ഒരു ജാതി പ്രാകൃതം തന്നെയാണ് ഈ ഭാഷ. നാടകങ്ങളിലും മററും കാണുന്ന പ്രാകൃതത്തേക്കാൾ ഈ ഭാഷയിലെ ശബ്ദങ്ങൾക്കും വാക്യങ്ങൾക്കും സംസ്കൃതത്തോട് അധികം സംബന്ധമുള്ളതുകൊണ്ട്, സാധാരണ പ്രാകൃതസ്ഥിതിയിൽനിന്നു കുറെ ഉയൎന്ന ഒരു പദവി ഇതിന്നു കൊടുക്കാവുന്നതാണ്. സംസ്കൃതത്തിൽനിന്ന് ആകൃതിയിലും അൎത്ഥത്തിലും ഒരു വ്യത്യാസവും ഇല്ലാത്തതായിത്തന്നെയും പല ശബ്ദങ്ങൾ പാലിയിൽ കാണുന്നുണ്ട്. പാപം, സുഖം, കല്യാണം, പണ്ഡിതൻ, ബാലൻ, ഇന്ദ്രിയം, ഭൂതം, സാരഥി ഇത്യാദി ശബ്ദങ്ങൾ സംസ്കൃതത്തിലും പാലിയിലും ഒരുപോലെ തന്നെയാകുന്നു. വേറെ ചില ശബ്ദങ്ങൾ സംസ്കൃതത്തിൽനിന്നു പാലിയിലേക്കു വരുമ്പോൾ അല്പമായ വികാരത്തെ പ്രാപിക്കുന്നതായിട്ടും കാണുന്നുണ്ട്. എന്നാൽ, ആ ശബ്ദങ്ങൾതന്നെ പ്രാകൃതഭാഷയിലേക്കു പകരുമ്പോൾ വരുന്ന അംഗവൈകല്യത്തേക്കാൾ ഈ വികാരം അല്പമാണു താനും. സംസ്കൃതത്തിലെ 'സ്ഥവിര'ന്റെ കടമുറിച്ച് 'ഥേര'നാക്കീട്ടാണ് പാലിഭാഷക്കാർ പെരുമാറുന്നത്. പ്രാകൃതക്കാരാണെങ്കിൽ ഇതിന്റെ ആദ്യക്ഷരം തീരെ മാററിക്കളയും. 'കൃത്വാ' എന്ന പൂൎവ്വകാലക്രിയയെ 'കഡിയ' എന്നാക്കിയ പ്രാകൃതക്കാരുടെ ധൈൎയ്യം പാലിയിലെ പണ്ഡിതന്മാൎക്കില്ല. അവർ, കകാരോപരിയുള്ള ഋകാരത്തിന്നു ഭംഗം വരുത്തീട്ടെങ്കിലും 'കൃത്വാ' എന്നതിന്റെ ഭംഗി വിടാതെ കാക്കുന്നുണ്ട്. 'സാൎത്ഥ'ത്തെ സംബന്ധിച്ചേടത്തോളം പ്രാകൃതക്കാൎക്കും പാലിക്കാൎക്കും പ്രത്യേകിച്ചൊരു സ്വാൎത്ഥവും ഇല്ല; രണ്ടു കൂട്ടരും 'സത്ഥം' എന്നുതന്നെയാണു പറയുന്നത്. ഇങ്ങിനെ നോക്കുന്നതായാൽ പാലിയിലുള്ള മിക്ക ശബ്ദങ്ങൾക്കും പ്രാകൃതശബ്ദങ്ങൾക്കെന്നപോലെ മൂലം സംസ്കൃതം തന്നെയാണെന്നു കാണാം. ചില ദിക്കിൽ അക്ഷരക്രമത്തിന്ന് അല്പാല്പം വ്യത്യാസം വരുന്നതിന്നു കാരണം ഉച്ചാരണത്തിലുള്ള വൈകല്യം മാത്രമാകുന്നു. ധൎമ്മ–ധമ്മ, കൎമ്മ–കമ്മ, പുത്ര–പുത്ത, ദ്വീപ–ദീപ, വൎണ്ണ–വണ്ണ, മിത്ര–മിത്ത, ആത്മാ–അത്താ, രാഷ്ട്ര–രട്ഠ, ഷഷ്ഠ–ഛട്ടോ, ഇത്യാദി ശബ്ദങ്ങളിൽ പൂൎണ്ണോച്ചാരണമായ സംസ്കൃതശബ്ദങ്ങൾക്കു പാലിഭാഷാസംക്രമത്തിൽ അക്ഷരാവയവങ്ങളിൽ കുറച്ചെന്തെങ്കിലും ഒരു വൈകല്യം വരുന്നതല്ലാതെ, ശബ്ദങ്ങൾതന്നെ തിരി

ച്ചറിയുവാൻ പാടില്ലാത്തവിധം ഭേദപ്പെട്ടുകയോ അൎത്ഥത്തിന്ന് വല്ല വ്യത്യാസവും വരുകയോ ചെയ്യുന്നില്ല.

മേൽക്കാണിച്ച ഉദാഹരണങ്ങൾ സംസ്കൃതത്തോട് ഏറെക്കുറവ്വും ചൊരുത്തമുള്ള പാലിശബ്ദങ്ങളെപ്പററിയാണ്. ഇതുപോലെ തന്നെ, സംസ്കൃതത്തോട് എത്രയോ അകന്ന ഒരു ഛായ മാത്രമുള്ള ചില ശബ്ദങ്ങളുണ്ട്. പക്ഷെ, അവയുടെ മൂലം തന്നെ സംസ്കൃതമല്ലെന്നു തോന്നത്തക്കവിധം ആ വക ശബ്ദങ്ങളും വ്യത്യാസപ്പെടുന്നില്ല. ഉദാഹരണം:—

| സംസ്കൃതം | പാലി |
|---|---|
| സമ്യക് | സമ്മാ |
| ഭൂയഃ | ഭോയ്യ |
| വൃഷ്ടിഃ | വുട്ടോ |
| അമുത്ര | ഹുരം |

ഇത്യാദി.

ഇപ്രകാരം, പാലിഭാഷയിലുള്ള ശബ്ദങ്ങൾക്ക സംസ്കൃതശബ്ദങ്ങളോട് അടുത്തിട്ടില്ലെങ്കിൽ അകന്നിട്ടെങ്കിലും ആരാലും അപലപനീയമല്ലാത്തതായ ഒരു സംബന്ധം എവിടെയും ഉള്ളതായിക്കാണാം. സാധാരണ നാമപദങ്ങൾക്കുള്ളതുപോലെ ക്രിയാപദങ്ങൾക്കും ഈ സംബന്ധം ഉണ്ട്. ക്രിയാപദങ്ങളെല്ലാം പ്രാകൃതത്തിലെന്നപോലെ ഈ ഭാഷയിലും പരസ്മൈപദമായിട്ടാണ് പ്രയോഗിക്കുക പതിവ്; ആത്മനേ പദത്തിന്ന് ഈ ഭാഷയിൽ പ്രവേശംതന്നെ ലഭിച്ചിട്ടില്ല. ക്രിയാപദഘടിതങ്ങളായ പാലിവാക്യങ്ങൾക്ക് സംസ്കൃതവാക്യങ്ങളോട് എത്രമാത്രം യോജിപ്പുണ്ടെന്നു പരീക്ഷിച്ചു നോക്കുക.—

'ധീരോ ബാലേ അവെക്ഖതി'

'അപ്പമാദേന മഘവാ ദേവാനം സെട്ടതാം (ഗതോ'

'അത്താണം ഉപമം കത്വാ ന ഹനേയ്യ (ന ഘാതയേ'.

ഈ പാലിവാക്യങ്ങൾക്ക ശരിയായ സംസ്കൃതം:—

ധീരോ ബാലാനവേക്ഷതേ'

'അപ്രമാദേന മഘവാ ദേവാനാം ശ്രേഷ്ഠ (താം ഗതഃ'

'ആത്മാനമുപമാം കൃത്വാ ന ഹന്യാന്ന (ഘാതയേൽ'.

എന്നാണ്.

ഇത്രയും പ്രസ്താവിച്ചതിൽനിന്ന്, പാലിഭാഷ സംസ്കൃതത്തിൽനിന്നു തീരെ വ്യതിരിക്തയായ ഒരു ഭാഷയല്ലെന്നും, പരിഷ്കൃതസമുദായക്കാരുടെ വ്യവഹാരത്തിൽ നിന്നും സംസ്കൃത വ്യാകരണപദ്ധതിയിൽനിന്നും ഭ്രംശിക്കയാൽ ഇതിന്ന് വലുതായ ഉച്ചാരണദോഷം സംഭവിച്ചുവെന്നേയുള്ളു എന്നും സിദ്ധമായി. ബുദ്ധമുനിയുടെ അവതാരകാലത്ത്, മഗധം മുതലായ ദിക്കുകളിൽ ഇതു നാട്ടുഭാഷയായി ഉപയോഗിച്ചിരുന്നു. പണ്ഡിതന്മാർ ഗ്രന്ഥനിൎമ്മാണത്തിന്നും മററും ഇതിനെ അംഗീകരിച്ചിരുന്നതുമില്ല. പണ്ഡിതസമാജക്കാരുടെ അനാദരത്തിന്നു പാത്രമായ ഈ ഭാഷയെ ബുദ്ധമുനിയും അദ്ദേഹത്തിന്റെ അനുഗാമികളും എടുത്തു പെരുമാറുവാൻ പുറപ്പെട്ടത് ഈ ഭാഷയുടെ സൌഷ്ഠവം വിചാരിച്ചിട്ടല്ല. ബുദ്ധമുനിയുടെ സിദ്ധാന്തപ്രകാരമുള്ള നവീനമതത്തിലെ തത്വങ്ങളെ ബഹുജനങ്ങൾക്കറിയിക്കുവാനുതകുന്നതായ ഒരു ഭാഷവേണമെന്നേ അവൎക്കാഗ്രഹമുണ്ടായിരുന്നുള്ളു. ബുദ്ധമുനിയാൽ ആദരിക്കപ്പെട്ടതോടുകൂടി പാലിഭാഷയ്ക്കു ശക്തിവൎദ്ധിക്കയും, അതിൽ അനേകം ഗ്രന്ഥങ്ങൾ ഉണ്ടായിത്തീരുകയും ചെയ്തു.

ബുദ്ധമതക്കാരുടെ ഗ്രന്ഥങ്ങൾ മിക്ക

ളും ഈ ഭാഷയിലാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്ന് ആദ്യം പറഞ്ഞുവല്ലോ. മനുഷ്യജീവിതത്തിന്റെ പരമമായ ഉൽക്കർഷം, മനുഷ്യജന്മം സിദ്ധിച്ചാൽ ചെയ്യേണ്ടതായ കടപ്പാടുകൾ, അതുകളുടെ വിധികൾ, വർണ്ണസംസ്കാരങ്ങൾ, ആശ്രമധർമ്മങ്ങൾ മുതലായ സാധാരണ മതസിദ്ധാന്തങ്ങളെ എത്രയും ഭംഗിയായും സ്വാഭാവികതയോടുകൂടിയും വിവരിക്കുന്നതായ പലഗ്രന്ഥങ്ങളും ഈ ഭാഷയിലുണ്ട്. ബുദ്ധമതപ്രകാരം ജഗത്തിന്റെ ഉൽപത്തി, അതിന്നു കാരണമായ പരമാണുസംയോഗം, വിലയം മുതലായ ദാർശനികവിഷയങ്ങളേയും അവയവവാദം, വൈഭാഷികവാദം, പരമാണുവാദം മുതലായ പ്രത്യേക സിദ്ധാന്തങ്ങളേയും ശാസ്ത്രീയമായ രീതിയിൽ പൂർവ്വപക്ഷസിദ്ധാന്താദിക്രമത്തോടുകൂടി വിവരിക്കുന്നവയായും അനേകം ഗ്രന്ഥങ്ങൾ ഇതിലുണ്ട്. ബൌദ്ധദാർശനികന്മാരുടെ ഇടയിൽ അഭിപ്രായഭേദങ്ങൾ ഉത്ഭവിച്ചപ്പോൾ അവയെ പ്രതിപാദിക്കുന്നവയായും ഒട്ടധികം ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്.. ഇതിന്നു പുറമെ ചരിത്രം, സാഹിത്യം മുതലായ വിഷയങ്ങളിലും പല പണ്ഡിതന്മാരുടെ വകയായി പല ഗ്രന്ഥങ്ങൾ പാലിഭാഷയിൽ ഉണ്ടായിട്ടുണ്ട്. പരിഷ്കൃതരീതിയിൽ ജീവചരിത്രം എഴുതുന്നതിന്റെ മാതൃകയായി അംഗീകരിക്കുവാൻ അർഹതയുള്ളവയായിത്തന്നെ പല കഥാഗ്രന്ഥങ്ങളും ഈ ഭാഷയിലുണ്ട്. ബുദ്ധമുനിയുടെ ജീവചരിത്രത്തെ അതിഭംഗിയായും അതിവിസ്തൃതമായും വിവരിക്കുന്ന ഗ്രന്ഥങ്ങളും അപൂർവ്വമല്ല. 'ധമ്മപദം' എന്നു പേരായ പാലിഭാഷാഗ്രന്ഥത്തെ, ഹിന്തുക്കൾ മഹാഭാരതത്തെയെന്നപോലെ ബുദ്ധന്മാർ പ്രശംസിച്ചുവരുന്നു. ആ വിശിഷ്ടഗ്രന്ഥത്തിൽ, ബുദ്ധമതത്തിന്റെ സാമാന്യ സിദ്ധാന്തങ്ങളെ വളരെ വിശദമായി പ്രതിപാദിച്ചിട്ടുള്ളതിന്നു പുറമെ, ഗൃഹസ്ഥന്മാർ, ഭിക്ഷുക്കൾ മുതലായ ആശ്രമികളുടെ പ്രത്യേകധർമ്മങ്ങളേയും വിവരിച്ചിട്ടുണ്ട്. എല്ലാററിലും ഉപരിയായിട്ട് അതിൽനിന്നു പഠിപ്പാനുള്ളത് ബുദ്ധമുനി ഓരോ അവസരങ്ങളിലായി തന്റെ ശിഷ്യന്മാൎക്കും ഭക്തന്മാൎക്കും കൊടുത്തിട്ടുള്ള ഉപദേശങ്ങളാണ്. സത്യം, സ്നേഹം, ദയ, അഹിംസ മുതലായ വിശിഷ്ട ഗുണങ്ങളുടെ ആവശ്യകതയെക്കുറിച്ച് യുക്തിയുക്തമായും ഉദാഹരണസഹിതമായും ഇടയ്ക്കിടയ്ക്ക് ചില ചെറിയ കഥകളെ ഘടിപ്പിച്ചും ബുദ്ധമുനി തന്റെ ശിഷ്യന്മാൎക്കു കൊടുത്തിട്ടുള്ള നീത്യുപദേശങ്ങളെ, ഹിന്തുക്കൾ വൈദികസൂക്തങ്ങളെ എന്നപോലെ ബുദ്ധമതക്കാർ ബഹുമാനിക്കുന്നുണ്ട്. ആ വക നീത്യുപദേശങ്ങളുടെ ഹൃദയംഗമതയെപ്പററി ഒരു സ്വല്പജ്ഞാനമെങ്കിലും ഉണ്ടാകുവാൻ വേണ്ടി ഒന്നു രണ്ടു നീതിശ്ലോകങ്ങളെ പാലിയിൽനിന്നു ശുദ്ധസംസ്കൃതത്തിലാക്കി താഴെ കാണിക്കുന്നു.—

'ന തം സജലദാ വാതാ
ന ചാപി ഹരിചന്ദനം
നൈവ ഹാരാ ന മണയോ
ന ചന്ദ്രകിരണാംകുരാഃ
ശമയന്തീഹ ജന്തൂനാം
പരിദാഹം സമുദ്ധതം
യം സംശമയതി ശ്രേഷ്ഠം
ശീലമത്യന്തശീതളം.'

ശീലമാഹാത്മ്യത്തെപ്പററിയ ഈ ഉപദേശംപോലെ തന്നെ രമണീയമായി ശമത്തെക്കുറിച്ചുള്ള ഒരുപദേശം ഇങ്ങിനെയാണ് —

‘നഹി. വൈരേണ വൈരാണി
ശാമ്യന്തീഹ കദാ ചന
അവൈരേണതു ശാമ്യന്തി
ഏഷധമ്മഃ സനാതനഃ’

ഇങ്ങിനെ പറഞ്ഞുതുടങ്ങിയാൽ ബുദ്ധമുനിയുടെ ഉപദേശങ്ങളെക്കുറിച്ചുതന്നെ അനേകം ലേഖനങ്ങൾ എഴുതേണ്ടതായി വരും.

ചുരുക്കിപ്പറയുന്നതായാൽ പാലിഭാഷയിലുള്ള ഗ്രന്ഥസമുച്ചയം ഏതു സഹൃദയന്റെയും ശ്രദ്ധയെ ആകർഷിക്കുന്നതാണെന്നു തന്നെവേണം പറയുവാൻ. ബൌദ്ധസാഹിത്യത്തിന്റെ നിക്ഷേപങ്ങളായ ആ വക ഗ്രന്ഥങ്ങളെ വായിക്കേണമെങ്കിൽ ബുദ്ധഭാഷയായ പാലിയെ അഭ്യസിക്കാതെ സാധിക്കുന്നതുമല്ല. ആ ഭാഷയാകട്ടെ സംസ്കൃതത്തോടു വളരെ അടുപ്പമുള്ളതാകയാൽ, സംസ്കൃതത്തിൽ സാമാന്യമായ ലോകവ്യുൽപത്തിയും സംസ്കൃതനാടകങ്ങളിലുള്ള പ്രാകൃതഭാഷയിൽ പരിചയവും ഉള്ളവരായ വിദ്വാന്മാർക്കു സ്വയമായി വായിച്ചാൽ തന്നെ അതിന്റെ അർത്ഥം മനസ്സിലാക്കുവാൻ സാധിക്കുകയും ചെയ്യും.

കെ. വി. എം.

# ദ്രൗപദീസ്വയംവരം

പ്രബന്ധം — തുടർച്ച

ശ്രീമാൻപാഞ്ചാലരാജസ്സദനേ നിജതനൂ-
ജംവിളിച്ചാശു ധൃഷ്ട-
ദ്യുമ്നംചൊന്നാനിവണ്ണംഗുരുനയവിനയൌ-
ദാര്യസൌജന്യശാലീ
ശ്രീമൻവത്സ! പ്രസിദ്ധാനിവരെ നരപതീ-
നാഗതാൻപേർത്തുമോരോ
സമ്മാനംകൊണ്ടു സംഭാവയ സമുചിതമോ-
ർത്താത്തനാനാഗുണാഢ്യാൻ. 14

ഇത്ഥംതാതാജ്ഞ കേട്ടാണ്ടമുദിതമനാ-
മെല്ലവേ ചന്ദനാന്ദ്ര
പൃത്ഥീപാലാനൊരോരോ കനിരകളിൽ ബ
നിച്ചിരുത്തിത്തദാനീം (ഹേമാ-
വൃത്താർഘ്യമാലികാകുങ്കുമമലയജകർപ്പൂ-
രതാംബൂലപൂഗൈഃ
പ്രത്യേകംവ്യഞ്ജനൈരപ്യതനുഭിരുപചാരൈഃ
പൂജയാമാസപൂജ്യാൻ. 15

കല്യാണിമദ്ദ്വരായാംകനിവിനൊടുകളി-
പ്പിച്ചുകൊണ്ടമ്മമാരും
ചൊല്ലേറുംതോഴിമാരുംകുശലവിധിവിശേ-
ഷങ്ങളുംചെയ്തോരോരോന്നേ
മല്ലാർമംഗല്യഭൂഷാമണിനികരമെടു-
ത്തന്തികേകൊണ്ടു വച്ചു-
ങ്ങെല്ലാരുംകൂടിഞാൻഞാനിദമിദമിതിമാ-
നിച്ചുലാളിച്ചണഞ്ഞാർ. 16

ഓമൽപ്പൂമ്പട്ടണിഞ്ഞാളൊരുവൾ, തിരുകി
ന്നായ്മലർക്കുന്തൽമീതെ (ന-
സീമന്തംചേർത്തണിഞ്ഞാളൊരുവൾ, തില
ട്ടാൾമനോരമ്യമന്യാ, (കമി-
വാർമെത്തുംകണ്ഠഭൂഷാമഴകിനൊടപരാ,
പിന്നെവാർകങ്കണാദി-
ശ്രീമന്നാനാമനോജ്ഞാഭരണഗണമൊ-
നാരിമാർചേർത്തണിഞ്ഞാർ. (രോ

ബാലാന്താം ചമയിച്ചു കൊണ്ടുലളിതാ-
ലങ്കാര ചാരുപ്രഭാ-
മാലാപാടലപാടലീകൃതസമ-
സ്താശാംകുലേശാനനാം
കാലംപാർത്തുപരംഗമങ്ങൊരുമണി-
ക്കെട്ടിങ്കൽനിന്നീടിനാർ
ചാലേ, യക്കതകിന്നടുത്തു ചതുരാം-
ലാപാസ്സഖീനാംഗണാഃ. 18
അന്നേരംവരകന്യാസന്നിധൌ
പുക്കതോഴി-
പ്പുരിഷയിലതിവൃദ്ധാകാപി
വാചിപ്രഗത്ഭാ
സദസിമരുവുമോരോഭൂപതീൻ
നീളനോക്കി-
ക്കലിതമൃദുലഹാസംവാച
മൂചേ തദാനീം:— 19
“പാഞ്ചാലക്ഷിതിപാലഭാഗ്യകലികേ!
ബാലേ! സദസ്സന്നിധൌ
കാൺചാലച്ചിലരാജവീരനിവഹാൻ
നാനാദികന്താഗതാൻ
തേഞ്ചോരുംകളവാണി! മുന്നമറിയു-
ന്നീ, ലൊക്കമോനിയ്യിമാൻ
വാഞ്ഛരാചേൽത്തചകേളു ശേഷമറിയി-
ക്കുന്നുണ്ടുഞാനോമലേ!. 20
ധന്യേ! കാണിന്ദ്രകോപപ്പുണികലരെവിതാ
നിച്ചിരിക്കുന്നതേകൻ
പൊന്നിൻതണ്ടിട്ടവെഞ്ചാമരകലംചുഴല
രത്നഭൂഷാവിശേഷൈഃ (വേ
മന്നിൽച്ചൊല്ലാൻചാവുംകരുകലപെരുമാ
ധാത്തരാഷ്ട്രായമേനം (ദം
പുണ്യാത്മാനംമനോജ്ഞേ! കമലമകൾകളി
ച്ചംപിരിഞ്ഞീടവല്ലാൾ. 21
ബിഭ്രാന്തിപുനരന്തികേ ചുഴലവും
തദീയാനുജാ
ബിഭൂഷണപരമ്പരാവിലസമാ
നരമ്യാംഗകാഃ
അപേതഭയമാടിവന്നരിചമൂ-
മദമൊററവേ-
രുപേതധൃതിവാഴ്ത്തുവാനരിമപാ-
ക്കിലേഷാംഗണം. 22
തോളിന്മേലടിപെട്ടകുണ്ഡലകലാ-
പംപൂണ്ടരത്നസന്നിധൌ
വാളുംകുത്തിവലത്തുകാണൊരുമഹാ-
വീരൻമനോജ്ഞാനനേ!
കേളിന്നംഗമഹീന്ദ്രനായതിവനല്ലോ
തന്വി! മാററാക്കകം-
കാളുംവിക്രമരാശിയെന്നുളവനേ
കണ്ണേറായമാകുണ്ണ്യതാം. 23
അച്ഛിക്രൂരഭാവംതടവിടുമുരുചാ
കാണൊരുത്തൻവലത്ത-
ങ്ങശ്വത്ഥാമാവിരിക്കുന്നതുപുനരയമാ-
ചാര്യപുത്രോമഹാത്മാ
വിശ്വത്തിങ്കൽക്ഷണംനേരിടുവരൊരുവരി-
ല്ലന്യവീരേഷുപാത്താ-
ലച്ഛോ*കേൾപ വ്യതീനന്ദനതുലനകല-
ന്നൊന്നിതേതൽപ്രഭാവം. 24
മൂച്ഛ്യേരതാസനേകാണതിപരിണതിപൂ
ണ്ടന്യതഃകശ്ചിദാസ്തേ
വിഖ്യാതോഭീഷ്മനാമാപുനരയമമിതോ
ദ്ദണ്ഡദോർദ്ദണ്ഡശാലീ
സഖ്യാസാകംകൃപേണസഹയമിഹഗുരുരാ-
ഭാസതേദ്രോണനാമാ
ചൊല്ലേറുള്ളംവിശ്വവില്ലാളികളിൽവിരു-
ന്നെന്നുകേൾപ്പീലയോനീ? (തിവ-
മാണിക്കക്കല്ലുഴ്ത്തുംപുതിയമരതക
ത്തുണ്ടുടത്തിന്ദുധാമാ
കാണഗ്രേകശ്ചിദാസ്തേഹലധരനതുഹാ-
ലാമദോല്ലാസശാലീ
താനൽക്കോപാൽവലിച്ചങ്ങുപനതയമുനാ-
വീചികൊണ്ടെന്നപോലെ
ചേർന്നീടുന്നനീലപ്പുണിനവതുകിൽകൊ-
ണ്ടുജ്ജ്വലോദ്ദമഹാത്മാ. 26

ഭൂഭരക്ഷയകൃതേപിറന്നയദുവംശ-
സീമിനിവളന്നെഴും
ശ്രീപതിസ്സ്വയമയംവിരാജതിജഗത്ത്ര-
യീമണിവിഭൂഷണം
പാൽപഴിച്ചമൊഴിസത്യഭാമമൊഴികേട്ട
വാനവർമരംബലാൽ
ഭേർ പറിച്ചവൻനികേതപാർശ്വഭുവിനട്ടു-
കൊണ്ടനയശീലവാൻ. 27
സാമിംധിംസേഅരളജണാംണസംസകാദ്
തേംലൊകംപഹവപള്ളസസ്കവ്സെ
സ് ജാകാവിഉളസമിംധിപ്പുംണപ്പുംണെ
സൊംഏ്യസൊവഉരകള്കമുംധര്തോ. 28
കിംസാകിംസെകിയുകീകിയുകീയാ
കീയാകിയെണോഘര്എ്യസകംഫ്ണോ
സാമിംധീഎ്യസൊംമദാഏ്യഖമാഏ്യ
ഭാഏ്യധീഏ്യഉംണദിയെസിരീയെ. 29
കേവലന്ദധതികത്തൃവാചിനഃ
പ്രത്യയാനിഹനജാതുകർമ്മണി
ധാതവസ് സൃജതിസംഹ്വശാസ്ത്രയഃ
സ്ത്രൈനിരത്രവിപരീതകാരകഃ.
തസ്യസ്വീപേചയുഗലം
കണ്ടേയദുവീരമണ്ഡലംബാലേ!
പൂർണ്ണകലേശനചുററും
വിലസിനനവതാരകാഗണംപോ
പച്ചപ്പട്ടുവിരിച്ചവജ്രമണിപീ- (ലെ.
ഠേകാണെഅത്തൻപല-
ത്തുച്ചശ്രീമരുവുന്നതക്കരതലേ
കല്പപ്രസൂനംവഹൻ
നിച്ചത്തസ്യവശംവദാവിജയല-
ക്ഷ്മീസ്സുപ്രസിദ്ധോയമി-
ന്നിച്ചക്രേമഗധേന്ദ്രനെന്നയി!
ജരാസന്ധോയമാകർണ്യതാം. 32
വെള്ളപ്പുട്ടാംബരംകൊണ്ടുപരചിതമനോ-
ജ്ഞോത്തരീയേണനീകാ-
ണല്ലൊക്കം വേണി!കശ്ചിന്മാതകമണി
രാധിതുഡെധാമഹാത്മാ (പീ-
ചെല്ലെത്തുംചേദിഭൂമീശ്വരനിതുശിശു
പാലാഭിധാനൊജഗത്ത്രാ- (പാ-
മില്ലത്രേനൂനമേതത്സമനാരധരണീ-
വല്ലഭൻമല്ലനേത്രേ! 33
തുംഗേറീടെഴുമിന്ദ്രനീലമണിപീ-
ഠേചൻകണ്ടീലയോ
മംഗല്യാംഗി!വലത്തുഹാഹയമഹീ-
ചന്ദ്രോയമാരോമലേ!
ലങ്കാനായകനെപ്പിടിച്ചവിരവിൽ-
ക്കാരാഗൃഹേചെത്തെഴും
മംഗല്യാംബുധികാർത്തവീര്യനൃപതേ-
ർവംശോത്ഭവോയംബലീ. 34
മമ്മാ?കാൺചിത്രമാലംകൃതചതുരമണി-
പ്പാദപീഠോപകണ്ഠേ
പൊന്മാരക്കന്തമൂന്നിക്കലിതരസമിരി-
ക്കന്നോതന്യൻമനോജ്ഞേ!
പെണ്മാനേൽക്കണ്ണിമാർനൂതനമലർവിശ
മാളവക്ഷോണിമാതിൻ (ഖൻ
കമ്രാലങ്കാരമല്ലോപുനരിതുനയനാ-
നന്ദനിഷ്യന്ദഭൂമാ. 35
കല്യാണാത്മാകലിംഗൻപുനരിതുകരതാർ
കൊണ്ടുകേളീസരോജം
മെല്ലെമെല്ലെത്തിരിക്കുന്നവനവനിഭുജാ-
മഗ്രണീരുഗ്രതേജാഃ
ചൊല്ലേറും കോസലാധീശ്വരനിതുമൃദുസ-
ഞ്ചാരിവെൺചാമരാളി
മല്ലാർമന്ദാനിലാന്ദോളിതസുലളിതമ-
ന്ദാരമാലാകലാപീ. 36
കല്യോയംഭഗദത്തനത്തമഗുണേ!
തദാമഭാഗസ്ഥിതൻ
നല്ലാർമഞ്ജരി!സിന്ധുരാജനരികേ
കാണായവീരാഗ്രണീഃ
ചൊല്ലാംതന്നികടസ്ഥിതോയമബലേ!
മാത്സ്യൻമഹാധീരധീ-
രല്ലാസംകലരുന്നപാണ്ഡ്യനൃവരൻ
മററുമൃഗേക്ഷണേ!.

* നിച്ചം=നിശ്ചയമായിട്ട് * അരല്ലാം=അത്യന്തം ‡ മമ്മ=അത്യന്തം

### ചൂടിനെ സംബന്ധിച്ച

# ചില ശാസ്ത്രതത്വങ്ങൾ

പ്രാണധാരണത്തിന്ന് ഒരുവിധത്തിലും ഒഴിക്കുവാൻ വയ്യാത്ത വായു, വെള്ളം മുതലായവയുടെ കൂട്ടത്തിൽ ഒട്ടും അപ്രധാനമല്ലാത്തതാണ് ചൂട് എന്നറിയാത്തവർ ചുരുക്കമാണ്. എന്നാൽ ചൂടിന്റെ അധിഷ്ഠാനവസ്തുക്കൾ എന്തെല്ലാമാണ്, അത് എങ്ങിനെ നമുക്കു കിട്ടുന്നു എന്നു മുതലായ സംഗതികളെ ശാസ്ത്രീയരീതിയിൽ അറിഞ്ഞിട്ടുള്ളവർ വളരെ ചുരുക്കമാണ്. നാം നിത്യമായി ഉപയോഗപ്പെടുത്തുന്ന സാധനങ്ങളെപ്പററിയ അറിവിൽ നിന്നാണ് നമ്മുടെ ശാസ്ത്രജ്ഞാനം അഭിവൃദ്ധിയെ പ്രാപിക്കേണ്ടത്.

ചൂടിനെക്കുറിച്ചുള്ള ഈ വിവരണത്തിൽ ഒന്നാമതായി ചിന്തിക്കേണ്ട സംഗതി ചൂട് എന്നതെന്താണ് എന്നാകുന്നുവല്ലൊ. ചൂട് എന്നത് ഒരു ശക്തിയാണെന്നാണ് ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തം. ലോകത്തിൽ സകല വിദ്യകളും നടക്കുന്നതു ശക്തികൊണ്ടാകുന്നു. ശബ്ദം, ഗതി, വിദ്യുത്ത്, ചൂട് ഇത്യാദി വിവിധരൂപത്തിൽ ശക്തി നമുക്കനുഭവപ്പെടുന്നുണ്ട്. എന്നാൽ, ശക്തി ഏതേതു രൂപത്തിലൊക്കയാണൊ നമുക്കനുഭവപ്പെടുന്നത് ആ വക എല്ലാ രൂപങ്ങളിലുംവെച്ചു മുഖ്യമായതു ചൂടാകുന്നു. എന്തുകൊണ്ടെന്നാൽ, ചൂട് മററുള്ളവയെക്കാൾ അതിരിക്തവും അധികം ഉപയുക്തവും ആകകൊണ്ടുതന്നെ. എന്നുമാത്രമല്ല, മററു ശക്തികളെ ചൂടിന്റെ രൂപത്തിൽ പരിണമിപ്പിക്കുവാനും നമുക്കു കഴിയും. ഈ സംഗതിയും ചൂടിന്റെ പ്രാധാന്യത്തിന്നു കാരണമാണ്.

ചൂട് നമുക്കു കിട്ടുന്നത് സൂര്യങ്കൽ നിന്നും ഭൂമിയിൽനിന്നും രസായനപ്രയോഗത്തിൽനിന്നും ആകുന്നു. ഈ മൂന്നിലും വെച്ച് അധികം പ്രധാനമായത് സൂര്യനാണ്. സൂര്യങ്കൽനിന്നു പ്രതിദിനം ലഭിക്കുന്ന ചൂടിന്നു സുമാർ ഒരു കോടി എഴുപതു ലക്ഷം കൊല്ലംകൊണ്ടുകൂടി ഹ്രാസം ഭവിക്കുന്നതല്ല. ഇതുകൊണ്ടാണ് സൂര്യനെ തേജസ്സുകളുടെ അധിഷ്ഠാനമെന്നു വിദ്വാന്മാർ പറയുന്നത്. സൂര്യൻ, ഭൂമി, രസായനശക്തി എന്നിങ്ങിനെ ചൂടിന്റെ അധിഷ്ഠാനവസ്തുക്കളായ മൂന്നിൽനിന്നും നമുക്കു ചൂടു കിട്ടുന്ന പ്രകാരത്തെ ഓരോന്നായി പര്യാലോചിക്കാം.

സൂര്യഗോളത്തിന്റെ ചുററുപാടും എററവും വലുതായ അനേകം ഉപഗ്രഹങ്ങൾ (Nabulac) സ്ഥിതിചെയ്യുന്നുണ്ട്. ഭൂമി, കുജൻ, മുതലായ ഗ്രഹങ്ങളെപ്പോലെ അവയും സൂര്യനെ പ്രദക്ഷിണം ചെയ്യുന്നു. ചിലപ്പോൾ അവ അവയുടെ ഭ്രമണരേഖയിൽനിന്നു തെററി സൂര്യമണ്ഡലത്തിൽ മറിഞ്ഞുവീഴുന്നു. അപ്പോൾ അതേവരെയും അവയ്ക്കുണ്ടായിരുന്ന ഗതിശക്തിക്കു തടസ്ഥം വരികയും, ആ ഗതിശക്തി താപശക്തിയായി പരിണമിക്കയും ചെയ്യും. ഒരിരുമ്പുകട്ടിയിൽ മറെറാന്നുകൊണ്ടു മേട്ടുമ്പോൾ അതിൽ ചൂടുണ്ടാകുവാനുള്ള കാ-

ങ്ങളും അവ അന്യോന്യം കൂട്ടിമുട്ടി അവയുടെ ഗതിശക്തി തടസ്ഥപ്പെടുന്നതാകുന്നു. ഉപഗ്രഹങ്ങൾ സൂൎയ്യമണ്ഡലത്തോടു കൂട്ടിമുട്ടുമ്പോൾ ചൂടുണ്ടാവുന്നതും ഇതുപോലെതന്നെ. ഈ പ്രകാരം മിനുട്ടിനു മിനുട്ടിനു ലക്ഷോപലക്ഷം ഉപഗ്രഹങ്ങൾ സൂൎയ്യമണ്ഡലത്താൽ ആകൎഷിക്കപ്പെട്ടു സൂൎയ്യഗോളത്തിൽ പതിക്കുന്നുണ്ടെങ്കിൽ, അതിങ്കൽ എത്ര വളരെ ചൂടു ക്ഷണം തോറും ഉത്ഭവിക്കുന്നുണ്ടായിരിക്കണം? എന്നുമാത്രമല്ല; സൂൎയ്യമണ്ഡലത്തിന്റെ പണിപ്പാടു അനേകം രാസായനികവസ്തുക്കളെക്കൊണ്ടാണു. രാസായനികപദാൎത്ഥങ്ങൾക്കു അതിമാത്രമായ ചൂടുതട്ടിയാൽ അവയുടെ സ്വതേയുള്ള രൂപം മാറി മറെറാരുരൂപം ഉണ്ടാവുകയും, അപ്പോൾ അതുകളിൽ നിന്നു ചൂടു ഉത്ഭവിക്കയുംചെയ്യും. സൂൎയ്യഗോളത്തിലുള്ള ചില വസ്തുക്കൾ ആവിമയങ്ങളും വേറെ ചിലതു തരളങ്ങളുമാകുന്നു. സൂൎയ്യഗോളം അത്യുഷ്ണവും, അതിന്റെ നാലുപാടുമുള്ളപദാൎത്ഥങ്ങൾ സൂൎയ്യഗോളത്തെ അപേക്ഷിച്ചു ശീതവും ആകയാൽ സൂൎയ്യഗോളത്തിൽനിന്നു എല്ലായ്പോഴും ചൂടു ഉത്ഭവിച്ചുകൊണ്ടിരിക്കും. ഈ വിദ്യ രസശാസ്ത്രപ്രകാരമുള്ള പരിവൎത്തനനിയമം (Theory of Exchanges) കൊണ്ടുവരുന്നതാണു. ചൂടുവെള്ളം നിറച്ചിട്ടുള്ള ഒരു കുടത്തോടു തൊട്ടു തണുത്തവെള്ളം നിറച്ച ഒരു കുടം അഭിമുഖമായി വെച്ചാൽ തണുത്ത വെള്ളം നിറച്ച കുടത്തിലെ ജലം ഉഷ്ണമായും ചൂടുവെള്ളം തണുപ്പായും പരിണമിക്കുന്നതു നമുക്കു നിത്യാനുഭവമുള്ള സംഗതിയാണല്ലോ. ഈ മാററം സംഭവിക്കുന്നതിനുള്ള കാരണത്തെയാണു പരിവൎത്തനനിയമം എന്നു പറയുന്നതു. ഈ നിയമം വിചാരിച്ചുനോക്കുമ്പോൾ നാലുപുറവും നിറച്ച നാനാവിധപദാൎത്ഥങ്ങൾ ഇടതിങ്ങിയ സൂൎയ്യഗോളത്തിൽ നിന്നു സദാപി ചൂടുപുറപ്പെടുന്നതിൽ ആശ്ചൎയ്യമില്ലല്ലോ. ഇങ്ങിനെ എന്നും ഏടവിടാതെ ചൂടു ചിലവുചെയ്യുന്നതുകൊണ്ടു സൂൎയ്യഗോളം അല്പാല്പമായി തണുക്കുവാൻ ഭാവിക്കുന്നു എങ്കിലും അപ്പോഴപ്പോ പിന്നേയും അതിന്നു ചൂടു ലഭിക്കുന്നു. സൂൎയ്യമണ്ഡലത്തിൽനിന്നു നാനാതാവും പുറത്തു പോകുന്ന അത്യധികമായ ചൂടിന്റെ എത്രയും ചുരുങ്ങിയ ഒരംശം മാത്രമേ ഭൂമിയിൽ സംക്രമിക്കുന്നുള്ളു. എന്തുകൊണ്ടെന്നാൽ, സൂൎയ്യനും ഭൂമിയും തമ്മിൽ സുമാർ 2,30,82,500 യോജന അകലത്താണു സ്ഥിതിചെയ്യുന്നതു. പുറമേ സൂൎയ്യന്റെ ചൂടു ഭൂമിയിലേക്കു മാത്രമല്ലാ, അതുപോലെ നാലു പുറത്തുമുള്ള നാനാവസ്തുക്കളിലേക്കും പോയിക്കൊണ്ടിരിക്കുന്നു. ഇങ്ങിനെ പലവസ്തുക്കളിലേക്കു പകരുന്നതുകൊണ്ടും സൂൎയ്യനും ഭൂമിക്കും തമ്മിലുള്ള ദൂരം കൊണ്ടും അത്യല്പമായ ചൂടു മാത്രമേ ഭൂമിക്കു കിട്ടുകയുള്ളു എങ്കിലും അതു ഭൂമിയിലുള്ള സകല വസ്തുക്കളുടേയും ജീവധാരണത്തിന്നുപയോഗപ്പെടുന്നു. ഭൂമിയിലുള്ള വൃക്ഷലതാദികളായ ഉത്ഭിജവസ്തുക്കളുടെ വളൎച്ചക്കു സൂൎയ്യതേജസ്സു ഉപയോഗമുള്ളതാകുന്നു. അവ സൂൎയ്യങ്കൽനിന്നു തേജസ്സിനെ ആകൎഷിക്കുകയും, പ്രകാരാന്തരേണ അതിനെ പുറത്തു പ്രകാശിപ്പിക്കയും ചെയ്യുന്നു. മനുഷ്യരും മൃഗങ്ങളും ഉത്ഭിജ്ജഭക്ഷണക്കാരായതുകൊണ്ടു സസ്യാദികളിലേക്കു പകരുന്ന തേജസ്സിന്റെ ഒരംശം അവൎക്കും അനുഭവപ്പെടുന്നുണ്ടു. ഉത്ഭിജ്ജങ്ങളെപ്പോലെ മററുള്ള ജീവജാലങ്ങളും സൂൎയ്യങ്കൽനിന്നു തേജസ്സിനെ ആകൎഷിക്കുന്നുണ്ടു. ഭൂമിയിലേക്കും അതിന്റെ ഒരംശം പ്രതിഫലിക്കുന്നു

ണ്ട്. ഇതിനെ സൂൎയ്യങ്കൽ നിന്നു പ്രകാശത്തെയും ചൂടിനെയും (Light and Heat) ഭൂമി ആകൎഷിക്കയും ആവശ്യംപോലെ അവയെ വിനിയോഗിക്കയും ചെയ്യുന്നു. നൊമ്മൾ നിത്യത ചിലവിന്നായിട്ട് ഒരു പെട്ടിയിൽ അരണ്ണാച്, കാലു്, അരരൂപ്യ ഇങ്ങിനെ പല ചില്ലറ നാണ്യങ്ങളായിട്ടു പണം സൂക്ഷിച്ചു വെച്ചു, അതിൽനിന്നു ഓരോന്നായോ മുഴുവനായോ എടുത്തു ചിലവു ചെയ്യുന്നതുപോലെ ഭൂമിയും സൂൎയ്യങ്കൽ നിന്നു മുമ്പറഞ്ഞ രണ്ടു ശക്തികളേയും വാങ്ങി സൂക്ഷിച്ച് ആവശ്യംപോലെ പുറത്തേക്കു വിടുകയാണു ചെയ്യുന്നത്. ഭൂമി സൂൎയ്യങ്കൽനിന്നു ആകൎഷിക്കുന്ന ചൂടിന്റെ തരംഗങ്ങൾ പ്രതിദിനം ഭൂമിയുടെ അടിത്തട്ടിലേക്കു പോയ്ക്കൊണ്ടിരിക്കുന്നു. അടിയിലേക്കു ചെല്ലുന്തോറും ഭൂമിയിൽ അധികാധികമായ ചൂട് നിക്ഷേപിച്ചു വെച്ചിട്ടുള്ളതായിക്കാണാം. ഭൂമിയുടെ അടിത്തട്ടിൽ ചൂടിന്റെ ഒരു കലവറ ഉണ്ടെന്നുള്ളതിലേക്ക് അഗ്നിപൎവ്വതങ്ങളും ഉഷ്ണപ്രവാഹങ്ങളും തെളിവുകളാണല്ലൊ. ഭൂമിയുടെ അടിത്തട്ടിലെ സ്ഥിതിയെ അപേക്ഷിച്ച് മുകൾത്തട്ടിൽ ചൂട കുറവാകയാൽ മുമ്പറഞ്ഞ പരിവൎത്തന നിയമപ്രകാരം അടിയിലെ ചൂട മുകളിലേക്കു പൊന്തുന്നു. ഇങ്ങിനെ, സൂൎയ്യങ്കൽനിന്നാകൎഷിക്കപ്പെടുന്ന ചൂടിന്റെ തരംഗങ്ങൾ ഉൾക്കൊള്ളീട്ടുമാത്രമല്ല, വേറെ വിധത്തിലും ഭൂമിയുടെ അടിയിൽ ചൂടുണ്ടാവാനവകാശമുണ്ട്. കേൾവിൻപ്രഭു(Lord Kelvin)വിന്റെ സിദ്ധാന്തപ്രകാരം ഉദ്ദേശം ഇരുപതുകോടി കൊല്ലങ്ങൾ മുമ്പ് ഭൂമി ഒരുതരം തരളദ്രവ്യമായിരുന്നുവെന്നും പിന്നെ അതിന്റെ മീതെ അനിബിഡമായ പാട പററി ക്രമേണ അതു [illegible]യിട്ടാണ് ഭൂമിക്ക് ഇപ്പോഴത്തെ ആകൃതി വന്നതെന്നും കാണുന്നു. ഭൂമിക്കു തരത്വം വരണമെങ്കിൽ അത്യധികമായ ചൂടകൂടാതെ നിവൃത്തിയില്ല. എന്നാൽ ആ ചൂട് ഭൂമിയുടെ ഉള്ളിൽ എല്ലാടവും വ്യാപിച്ചിരിക്കയും ചെയ്യുണമല്ലൊ. ഭൂമിയുടെ മുകൾത്തട്ടിൽ ഇരിക്കുന്ന നമുക്ക നേരെ ചോടെയായി എത്രയോ അധികം തട്ടുകൾ ഉള്ളതുകൊണ്ട് അടിയിലുള്ള ആ ചൂട് നമുക്കത്ര അനുഭവപ്പെടുന്നില്ലെന്നേ ഉള്ളു. ഇങ്ങിനെ ഒരു ചൂട് ഭൂമിയുടെ അടിയിലിരിപ്പുണ്ടെന്നു സമ്മതിക്കാത്തപക്ഷം, അഗ്നിപൎവ്വതം മുതലായവ ഉണ്ടാവത്തക്കവിധം അത്രയധികം ചൂട് സൂൎയ്യങ്കൽനിന്നു കിട്ടുന്നുണ്ടെന്നു തന്നെ പറയേണ്ടിവരും. അതിനേക്കാൾ യുക്തവും പ്രമാണസഹിതവും* ആയത് ഈ അഭിപ്രായമാണ്.

മേൽപറഞ്ഞപ്രകാരം സൂൎയ്യങ്കൽനിന്നു നേരിട്ടും, സൂൎയ്യങ്കൽനിന്നു ഭൂമിയിലേക്ക് പകൎന്ന് ആ ഭൂമിയിൽനിന്നും നമുക്ക ചൂടുകിട്ടുന്നുവെന്നു സിദ്ധിച്ചുവല്ലൊ. ഇതുപോലെതന്നെ രസായനശക്തി(Chemical Nnergy)യിൽനിന്നും നമുക്ക ചൂട ലഭിക്കുന്നുണ്ട്. വിറക്, കല്ക്കരി മുതലായ സാധനങ്ങൾ കത്തിച്ചാൽ ധാരാളം ചൂടുണ്ടാവുന്നതു നമുക്ക് നിശ്ചയമുണ്ടല്ലൊ. ഈ ചൂട് എങ്ങിനെ ഉണ്ടാവുന്നതാണെന്നു വല്ലവരും ചിന്തിച്ചിട്ടുണ്ടോ? കല്ക്കരിയുടെ പരമാണുക്കളെ അന്യോന്യം വേർപെടുത്തിയാൽപ്പിന്നെ അതിൽനിന്നു ചൂടുണ്ടാവുമോ? ഉണ്ടാവുമെങ്കിൽ എങ്ങിനെ? അതിന്നു പ്ര


* പണ്ട് ഭൂമിയുടെ സ്ഥാനത്ത് ഒരുമാതിരി തെളിഞ്ഞ ചൂടുവെളിച്ചം നിറഞ്ഞുനില്ക്കുമായിരുന്നുവെന്നും, പിന്നീട് ക്രമേണ അതിൽ ഒരു പാട കെട്ടി, കാലാന്തരത്തിൽ തണുത്തിട്ടാണ് ഭൂമിയുണ്ടായതെന്നും, ടിയറാളിലുള്ള ബൃഹദ്ഗ്രന്ഥങ്ങളിൽ ചിലഗ്രന്ഥങ്ങളിൽ പറയുന്നു.

ഭാണമെന്തു്? ഈ ചോദ്യങ്ങൾക്കുത്തരം പറയേണമെങ്കിൽ 'ശക്തി' എന്നും 'പദാൎത്ഥ'മെന്നും പറയുന്നതു് ഒന്നിനെയല്ലെന്നും അവ രണ്ടും രണ്ടുതന്നെയാണെന്നും സമ്മതിക്കേണ്ടിവരും. എന്നാൽ, ശക്തിക്കു് എന്തെങ്കിലും ഒരു പദാൎത്ഥത്തെ അവലംബിക്കാതെ നില്ക്കുവാൻ കഴികയില്ലെന്നേ ഉള്ളൂ. ഒരു പരമാണുവിൽ(Atcm)തന്നെ പല പ്രകാരത്തിൽ നാനാശക്തികളെ പ്രതിഫലിപ്പിക്കുന്നതായാൽ അതു് അനന്തമായ ശക്തിസഞ്ചയത്തിന്നു് അധിഷ്ഠാനമായിപ്പരിണമിക്കുമെങ്കിലും ഒന്നിലധികം പരമാണുക്കൾ കൂടിച്ചേൎന്നുണ്ടാവുന്ന സാധാരണ അണുക്കൾക്കു് അതാതവസ്ഥയിൽ നില്ക്കുവാൻ എത്രത്തോളം ശക്തി ആവശ്യമാകുന്നുവോ അത്രമാത്രമല്ലാതെ അതിൽ കൂടിയോ കുറഞ്ഞോ ശക്തിയെപ്പുറപ്പെടുവിക്കുവാൻ അതുകൾക്കു കഴികയില്ല. ഈ ശക്തിമാത്രമല്ലാതെ, രസായനപ്രയോഗത്തിന്നുപയോഗിക്കുന്ന പദാൎത്ഥങ്ങളിൽ പുതുതായി ഒരു ശക്തിയും ഉണ്ടാവുന്നില്ല; അതിൽ സ്വതേയുള്ള ശക്തി പ്രകാശിക്കുക മാത്രമേ ചെയ്യുന്നുള്ളൂ.

ഭാസ്കരാചാൎയ്യർ.

# നോവൽ

സാങ്കേതികശബ്ദങ്ങളുടെ പരിഭാഷയെപ്പറ്റിയുള്ള സംശയം ഇതുവരെ തീൎന്നിട്ടില്ല. ലോകത്തിൽ സൎവ്വസാധനങ്ങളുടെയും കാൎയ്യങ്ങളുടെയും വളൎച്ചയും അഭിവൃദ്ധിയും ക്രമപ്പെടുത്തുന്ന പ്രകൃതിയുടെ



ശക്തിയെ ലംഘിക്കുവാൻ മനുഷ്യൎക്കു വളരെ എളുപ്പമല്ല. മനുഷ്യപ്രയത്നംകൊണ്ടു് വളൎച്ചയ്ക്കും അഭിവൃദ്ധിക്കും കുറെ തടസ്ഥമോ മാറ്റമോ വരുത്താമെന്നല്ലാതെ, അവയെസംബന്ധിച്ചുള്ള പ്രകൃതിസിദ്ധാന്തങ്ങൾക്കു് ഭേദംവരുത്താൻ അസാദ്ധ്യമാണു്. ഭാഷയുടെ വളൎച്ചയെ സംബന്ധിച്ചും ഇങ്ങിനെയുള്ള ചില പ്രകൃതിസിദ്ധാന്തങ്ങളുണ്ടു്. അന്യഭാഷകളിൽ നിന്നു വാക്കുകൾ വന്നുചേരുന്ന സമ്പ്രദായവും ഇങ്ങിനെയുള്ള ചില സിദ്ധാന്തങ്ങൾക്കു കീഴടങ്ങിയിരിക്കും. ശാസ്ത്രസംബന്ധമായും മറ്റുമുള്ള സാങ്കേതികശബ്ദങ്ങൾക്കു് പുതിയ വാക്കുകൾ സംസ്കൃതത്തിന്റെ സഹായത്തോടുകൂടി സൃഷ്ടിക്കേണ്ടതാണെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും ആ വക അനേകം വാക്കുകൾ മലയാളഭാഷയുടെ ഉച്ചാരണനിയമത്തിനനുസരിച്ചുള്ള ഭേദഗതിയോടുകൂടി ഭാഷയിൽ കടന്നു സ്ഥലം പിടിച്ചിട്ടുണ്ടു്. അവയെ ഉപദ്രവിക്കാതെ യഥേഷ്ടം ഭാഷയിൽ കുടികൊണ്ടുകൊൾവാൻ അനുവദിക്കയാണു് വൈയാകരണന്മാർ ചെയ്യേണ്ടുതെന്നു തോന്നുന്നു.

നോവൽ എന്ന ഇംഗ്ലീഷ് പദത്തിന്റെ സ്ഥാനത്തു് 'ആഖ്യായിക'യെന്നും

ക്ക വാക്ക് ചിലർ ഉപയോഗിക്കുന്നുണ്ടെങ്കിലും അതിനു നോവലിനെപ്പോലെ പ്രചാരമില്ല. നോവൽ എന്നു പറഞ്ഞാൽ ഇന്നവിധം ഗ്രന്ഥത്തെയാണ് സൂചിപ്പിക്കുന്നതെന്ന് അറിയാത്തവർ ഇംഗ്ലീഷുഭാഷ അറിഞ്ഞുകൂടാത്ത സഹൃദയന്മാരുടെ ഇടയിൽപോലും ആരുമില്ലെന്നു ധൈര്യത്തോടെ പറയാം.

അതുകൊണ്ട് ഇവിടെ നോവൽ എന്ന വാക്കുതന്നെ ഉപയോഗിക്കുന്നതിന് വൈയാകരണന്മാരോട് ക്ഷമായാചന ചെയ്യേണ്ടുന്ന ഒരു ആവശ്യത എനിക്കുണ്ടാകയില്ലെന്നു വിശ്വസിക്കുന്നു.

നോവൽ എന്ന പദംപോലെതന്നെ ആ പദംകൊണ്ട് അറിയപ്പെടുന്ന ഗ്രന്ഥങ്ങളും നമ്മൾക്ക് ഇംഗ്ലീഷുഭാഷയുടെ സഹായത്താൽ ലഭിച്ചിട്ടുള്ളവയാകുന്നു. ഇംഗ്ലീഷുഭാഷയിലാകട്ടെ, ഇന്നുള്ള നോവൽ എന്നത് സാഹിത്യസമുച്ചയത്തിൽ ക്രമേണ വളർന്നുവന്ന ഒരു പ്രത്യേക പ്രസ്ഥാനമാണ്. ആംഗ്ലേയപണ്ഡിതന്മാർ അനേകശതവർഷത്തിനുമുമ്പു നട്ടുനനച്ചു വളർത്തി വലിയ വൃക്ഷമാക്കിയതിനുശേഷം അതിന്മേൽ കാണുന്ന പുഷ്പങ്ങളെ നാം പറിച്ചെടുത്തു, സ്വഭാഷാസൂത്രത്തിൽ കോർത്തു നമ്മുടെ സാഹിത്യവനിതയ്ക്കു മാലയായി അർപ്പിക്കയാണു ചെയ്തിട്ടുള്ളത്. ആ പുഷ്പങ്ങളുടെ സൌരഭ്യാദിഗുണങ്ങളെ കണ്ടറികയും ആസ്വദിക്കുകയും ചെയ്തിരുന്ന രസികന്മാർ വളരെ ഉണ്ടായിരുന്നുവെങ്കിലും, അവയെ പറിക്കാനെന്നും മാലയാക്കി കോർക്കാനെന്നും നമ്മുടെ സാഹിത്യവനിതയ്ക്കു അലങ്കാരമാക്കിത്തീർക്കാനെന്നും കണ്ടുപിടിച്ച അങ്ങിനെ ചെയ്യുവാനുള്ള മാന്യതയ്ക്കും തന്നിമിത്തം കേരളീയരുടെ കൃതജ്ഞതയ്ക്കും ഒന്നാമതു് അർഹനായിത്തീർന്നതു് 'കുന്ദലത' കർത്താവായ ടി. എം. അപ്പുനെടുങ്ങാടി അവർകളുമാണെന്നുള്ളത് ഒരിക്കലും വിസ്മരിക്കാൻ പാടില്ലാത്ത പരമാർത്ഥമാകുന്നു.

'കുന്ദലത'യുടെ ജനനത്തിനുശേഷം കേരളഭാഷയിൽ വളരെ നോവലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇംഗ്ലീഷുഭാഷയിൽ പലതരത്തിലും പല ഉദ്ദേശങ്ങളിലും ദിനംപ്രതിയെന്നപോലെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനേകായിരം നോവലുകളുടെ ഓരോ തരത്തിന്റെ മാതൃകയായിട്ടുള്ളവയൊക്കെ ഓരോന്നെങ്കിലും നമ്മുടെഭാഷയിൽ ഉണ്ടായിട്ടുണ്ടെന്നു വിചാരിക്കുന്നത് അബദ്ധമാകുന്നു. ഇംഗ്ലീഷുഭാഷയിൽ ആദ്യമായി ഉണ്ടായിരുന്ന നോവലുകളുടെ ഉദ്ദേശങ്ങൾ എന്തുതന്നെ ആയിരുന്നാലും ഈ പരിഷ്കൃതകാലത്ത് ഇംഗ്ലീഷിൽ എന്നല്ല, ഫ്രഞ്ചു മുതലായ മററു യൂറോപ്യൻഭാഷകളിലും ഉണ്ടാകുന്ന നോവലുകൾ പലവിധ ഉദ്ദേശങ്ങളോടുകൂടി എഴുതപ്പെടുന്നവയാകുന്നു.

എല്ലാതരം നോവലുകളെക്കൊണ്ടും പ്രത്യക്ഷത്തിലുള്ള ഉദ്ദേശം വിനോദമാകുന്നു. കഥയുടെ രസത്തിനായിട്ടല്ലെങ്കിൽ നോവലുകൾ വായിക്കുന്നവർ വളരെ വളരെ ദുർല്ലഭമായിരിക്കും. ശരീരത്തിനു ഗുണമുള്ള ഔഷധങ്ങളടങ്ങിയതാണെങ്കിലും കയ്പുരസമുള്ള ഗുളികകൾ രോഗിയുടെ വായിക്കു രുചികരമായിരിക്കത്തക്കവണ്ണം വൈദ്യന്മാർ പഞ്ചസാരയിൽ പൊതിഞ്ഞു കൊടുക്കുന്നപോലെ ആത്മീയമായും സാമുദായികമായും ഉള്ള കുറവുകളെ ചൂണ്ടിക്കാണിച്ചും, അവയ്ക്കുള്ള നിവാരണമാർഗ്ഗങ്ങൾ ഉപദേശിച്ചുകൊണ്ടുള്ള തത്വങ്ങൾ രസകരങ്ങളായ കഥകളിൽ കൂട്ടിക്കലർത്തിയാണ് വിദ്വാന്മാരും വിദുഷികളും നോവലുകൾ എഴുതി പരസ്യം ചെയ്യുന്നത്. ചിലർ പ്രാചീനാചാരങ്ങളെ നോവൽരൂപേണ പ്രത്യക്ഷപ്പെടുത്തു

ന്ന ആംഗ്ലേയപണ്ഡിതനായിരുന്ന സ്കാട്ട് എന്ന നോവൽകർത്താവ് ചരിത്രസംബന്ധമായ അനേകം നോവലുകൾ എഴുതീട്ടുള്ളവകൊണ്ട് ഈ ഒരു സാദ്ധ്യമുണ്ടാകുന്നുണ്ട്. എന്നാൽ ആ വക നോവലുകളിൽ പറയുന്നവയൊക്കെ ചരിത്രസംബന്ധമായ പരമാർത്ഥങ്ങളായിരിക്കേണമെന്നോ ഇരിക്കുമെന്നോ ഇല്ല. ചരിത്രത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള ചില കാര്യങ്ങളെയും ചരിത്രപ്രസിദ്ധരായ ആളുകളെയും കൂട്ടിപ്പിടിച്ചു ഗ്രന്ഥകാരന്റെ ഉല്ലേഖശക്തിക്കും സരസ്വതീകടാക്ഷത്തിനും അനുസരിച്ച് കഥാരൂപമാക്കി വിവരിക്കുകയേ ചെയ്യുന്നുള്ളു. നമ്മുടെ 'മാർത്താണ്ഡവർമ്മ' ഈവിധം ഒരു നോവലാണ്. ഈവിധം നോവലുകൾ എഴുതുന്നവൎക്ക് ചരിത്രസംബന്ധമായ ജ്ഞാനം ഉണ്ടായിരിക്കണമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. പോർത്തുഗീസ്സുകാർ, ഡച്ചുകാർ മുതലായവർ കേരളത്തിൽ ആദ്യകാലത്ത് വന്നിരുന്ന സംഗതികളെ അടിസ്ഥാനമാക്കി മലയാളഭാഷയിൽ അനേകായിരം നോവലുകൾ ഉണ്ടാക്കാവുന്നതാണ്. അതെ, 'അനേകായിരം' എന്നുതന്നെയാണ് ഞാൻ പറഞ്ഞത്. പക്ഷേ, അതിനു സാമർത്ഥ്യവും വാസനയും ഉള്ള സഹൃദയന്മാർ ഉണ്ടായിരിക്കണമെന്നേ ഉള്ളൂ. സ്കാട്ട്, ഡിക്കൻസ്, മുതലായ ആംഗ്ലേയവിദ്വാന്മാരും, മിസ്സിസ്സ് യങ്ങ്, മിസ്സിസ്സ് ഹേൻറിവുഡ്, മുതലായ വിദുഷികളും എഴുതിയിട്ട അനേക നോവലുകൾ കണ്ടാൽ ഇവയൊക്കെ ഒരു പുരുഷായുസ്സിൽ എഴുതിത്തീർത്തതാണോ എന്നു നമുക്ക് തോന്നിപ്പോകും. അത്ര അധികമുണ്ട്, അവരിൽ ചിലർ നോവൽ എഴുതുക എന്നതുതന്നെ ജോലിയാക്കിയവരായിരിക്കും. ലോർഡ് ബീക്കൻസ്ഫീൽഡ് മുതലായവർ മറ്റുള്ള അനേകജോലികൾക്കിടയ്ക്കു വളരെ നോവലുകൾ, വലിയ നോവലുകൾ, എഴുതിത്തീർത്തതായി കാണാം. സ്വന്തം ജോലി കഴിഞ്ഞു മടങ്ങി വീട്ടിൽവന്നു പാർല്യമെണ്ട് സഭയിലേക്കുപോവാൻ വസ്ത്രങ്ങൾ മാറ്റി ഉടുക്കുന്നതിനിടയ്ക്കു പറഞ്ഞുകൊടുത്തു, തന്റെ സെക്രട്ടേറി അതു പകർത്തിയും അങ്ങിനെ പല നോവലുകളും എഴുതിത്തീർത്തവയായി അറിയുന്നു. കുന്ദലത, ഭാസ്കരമേനോൻ, എന്ന നോവലുകളുടെ കർത്താക്കന്മാൎക്ക് ആ വക ഗ്രന്ഥങ്ങൾ രചിക്കുന്നുള്ള വാസനയും വൈഭവവും ഉണ്ടായിട്ടു കൂടി ആ വിധം ഓരോന്ന് എഴുതി തൃപ്തിപ്പെട്ടതിൽ നാമൊക്കെ അത്ഭുതപ്പെടേണ്ടതല്ലയോ?

ജെയിൻ ആസ്റ്റിൻ എന്ന വിദുഷി അവരുടെ കാലത്ത് സ്വജനങ്ങളുടെ സമുദായാചാരങ്ങളെ വിവരിച്ചുകൊണ്ട് ചില നോവലുകൾ എഴുതീട്ടുണ്ട്. സമുദായാചാരങ്ങളിൽ ഉള്ള പല കുറവുകളും അവയിൽവിവരിക്കപ്പെട്ടിട്ടുണ്ട്. ഈ വക കുറവുകൾ ഇങ്ങിനെ നോവൽമാർഗ്ഗം പ്രത്യക്ഷപ്പെടുത്തുമ്പോൾ അവയുടെ അനുഭവം അവയെപ്പറ്റി പ്രത്യേകം ഉപന്യാസങ്ങൾ എഴുതിയോ പ്രസംഗങ്ങൾ ചെയ്തോ വിവരിക്കുന്നതിനേക്കാൾ വളരെ അധികരിക്കുന്നുണ്ട്. മദ്യപനായ ഒരു മനുഷ്യനെ കഥാപാത്രമാക്കി വിവരിക്കുകയും മദ്യപാനംകൊണ്ടുള്ള ദോഷങ്ങൾ അവനു കഥയിൽ അനുഭവമാക്കി പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു വായിക്കുന്ന മദ്യപന്മാർക്കൊക്കെ അതു തന്നെപ്പറ്റിയാണൊ എന്നു തോന്നിപ്പോകും. അതുനിമിത്തം തനിക്കു മേലാൽ ഉണ്ടാവാൻ ഇടയുള്ള ദോഷങ്ങൾ ഒരാൾക്കു യഥാർത്ഥത്തിൽ സംഭവിച്ചതുപോലെ അവൻ കാണുകയും ചെയ്യും. പ

ട്ടത്തോ ഇരുപതോ മുപ്പതോ കൊല്ലങ്ങൾക്കിടയിൽ ഒരു മദ്യപന്നുണ്ടായിട്ടുള്ള അനുഭവങ്ങളായിരിക്കാം മൂന്നോ നാലോ മണിക്കൂറുകൾകൊണ്ട് ഒരുവൻ വായിച്ചറിയുന്നത്. അതുകൊണ്ടാണ് ലോകത്തിൽ ജീവിച്ചു മരിക്കുന്ന ഒരു മദ്യപന്റെ ചരിത്രത്തിൽ നിന്നു ദീൎഘകാലംകൊണ്ട് ഒരാൾക്ക് മനസ്സിലാകാത്ത കാൎയ്യങ്ങൾകൂടി നോവലിൽ നിന്നു ക്ഷണത്തിൽ ധരിക്കാൻ സംഗതിയാകുന്നത്. പുരുഷായുസ്സിൽ ഉണ്ടാകുന്ന സൎവ്വസംഭവങ്ങളും അവയുടെ കാൎയ്യകാരണസംബന്ധങ്ങളോടുകൂടി അല്പനേരംകൊണ്ടു ധരിക്കാവുന്നതിനാലാണ് നോവൽവായനകൊണ്ട് ഗുണങ്ങളുണ്ടാകുന്നത്.

എന്നാൽ ആ വക ഉദ്ദേശങ്ങളോടുകൂടി സമൎത്ഥന്മാരും, ലോകത്തോടു അനുകമ്പയുള്ളവരും ആയ ആളുകൾ എഴുതിയ നോവലായിരിക്കണം വായിക്കുന്നത്. ഇംഗ്ലണ്ടിൽ റെയിനാൾഡ് എന്നും ഫരന്ത്രീസ്സ് രാജ്യത്തിൽ സൊള എന്നും പേരായ രണ്ടു നോവൽ എഴുത്തുകാർ മഹാ സമൎത്ഥന്മാരും അത്യന്തം വാസനയുള്ളവരും ആയിരുന്നു. എന്നാൽ അവർ അവരുടെ സമുദായത്തിലുള്ള ഏററവും നികൃഷ്ടങ്ങളും സഭ്യേതരങ്ങളും ആയ ആചാരങ്ങളെ മടി കൂടാതെ പ്രത്യക്ഷത്തിൽ അവരുടെ ഗ്രന്ഥങ്ങളിൽ വിവരിച്ചു. അവർ വിവരിച്ചതൊക്കെ പരമാൎത്ഥമായിരിക്കാമെങ്കിലും ആ വക സംഗതികൾ കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത മാന്യൎക്കു കൂടി അവ അറിവാൻ സംഗതി വരികയും ചിലൎക്ക് അതനുഭവിക്കാൻ ആഗ്രഹം ജനിക്കയും ചെയ്യാവുന്നതാകയാൽ ആ വക നോവലുകൾ യോഗ്യന്മാരാൽ സ്വീകാൎയ്യങ്ങളായിത്തീൎന്നില്ല.

മേരികൊറല്ലി എന്ന മഹാവിദുഷി വളരെ ശക്തിയുള്ള ഒരു എഴുത്തുകാരിയാണ്. അവരുടെ നോവലുകൾ വളരെ പ്രസിദ്ധങ്ങളുമാണ്. എന്നാൽ അവർ റോമൻ കത്തോലിക്ക് മതക്കാരുടെ ഇടയിൽ ഉള്ളതായി അവർ വിചാരിക്കുന്ന ചില ദുരാചാരങ്ങളെ തന്റെ നോവലുകളിൽ കഠിനമായി ആക്ഷേപിക്കുന്നതുകൊണ്ട്, ആ മതക്കാർ അവരുടെ പുസ്തകങ്ങൾ വായിക്കരുതെന്ന് മാർപാപ്പാ കല്പിച്ചിട്ടുണ്ട്. ചിലപ്പോൾ നോവലുകൾ യഥാൎത്ഥങ്ങളായ ദുരാചാരങ്ങളെ വായനക്കാൎക്ക് അനുഭവമാകത്തക്കവണ്ണം വിവരിക്കുന്നതിനായി പലരുടേയും ദുഷിച്ചലിന്നു തൽകൎത്താക്കൾ പാത്രങ്ങളായിത്തീരും. ഡിക്കൻസിന്റെ ഒരു നോവലിൽ ഉള്ള ഒരു വക്കീലിന്റെ വിവരണം തന്നെ സംബന്ധിച്ചാണ്, എന്നു സ്കാട്ട്ലാണ്ട്, അയർലാണ്ട്, എന്നീരാജ്യങ്ങളിൽ ഉള്ള ചില വക്കീൽമാർ പോലും വിചാരിക്കുകയും ഡിക്കൻസിനെ അവർ കഠിനമായി പകക്കുകയും ചെയ്തിരുന്നു. ചിലർ ആ കാൎയ്യം സംബന്ധിച്ചു അദ്ദേഹത്തിനു രജിസ്ത്രകത്തുപോലും അയച്ചു. ഇതൊക്കെ കണ്ടപ്പോൾ "എന്റെ വിവരണം ഇത്ര മേൽ ക്ഷോഭം വരുത്തിയ അവസ്ഥ ആലോചിച്ചാൽ അതു അത്രമേൽ തന്മയത്വമുള്ളതായിരിക്കുന്നുവെന്നു അഭിമാനിക്കാനെ എനിക്കു സംഗതിയുള്ളു". എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്.

സമുദായാചാരങ്ങളെ മാത്രമല്ല, ലോകത്തിൽ നടപ്പുള്ള സകല പ്രവൃത്തികളെയും കാൎയ്യങ്ങളെയും ഓരോരുത്തരുടെ വാസനയും പരിചയവും അനുസരിച്ചു വിവരിച്ചുകൊണ്ടു വിദ്വാന്മാർ നോവലുകൾ എഴുതുന്നുണ്ട്. ചിലർ പൊലീസ്സുകാരെയും കുറ്റാന്വേഷണങ്ങളെയും വിവരിച്ചു അതിൽ ചില കാൎയ്യങ്ങൾ ഉപദേശി

ച്ചുംകൊണ്ട് കഥകളെഴുതുന്നു! ചിലർ ചില രാജ്യത്തെ നീതിന്യായക്രമത്തെ വിവരിക്കുന്നു. പുതിയ പുതിയ ഓരോ കണ്ടുപിടുത്തങ്ങളെ വിവരിച്ചു ചിലർ എഴുതുന്നു. വിദ്യുച്ഛക്തി, വായുവിമാനം, കമ്പിയില്ലാക്കമ്പി, മുതലായവ, പുതുതായി പുറപ്പെടുന്ന അവസരത്തിൽ അവയെ വിവരിച്ചുകൊണ്ടും, പരിഹസിച്ചുകൊണ്ടും നോവലുകൾ പുറപ്പെട്ടു.

ഇങ്ങിനെ ഇംഗ്ലണ്ട് മുതലായ പാശ്ചാത്യരാജ്യങ്ങളിൽ പലതരത്തിലും പല മാതൃകയിലും നോവലുകൾ ദിനംപ്രതി അനേകം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ആ പുതിയപ്രസ്ഥാനമാകുന്ന വൃക്ഷം സർവ്വത്തു ഫലകുസുമാഢ്യമായി അവിടെ ജീവിച്ചുകൊണ്ടിരിക്കുമ്പോൾ അങ്ങിനെ ഉണ്ടാവുന്നതിൽ അത്ഭുതപ്പെടുവാനില്ല. നമ്മൾക്കുകട്ടെ, അതിന്റെ പുഷ്പം ഊരത്തു നിന്നു കൈ എത്തിച്ചുപറിക്കാൻ സാധിക്കുന്നവർ അവിടവിടെ ഉണ്ടാകയും അവർ അതിന്നായി "നല്ല പൊന്നുപോലത്തെ" മനസ്സുണ്ടാകയും ചെയ്യുമ്പോഴല്ലാതെ ആ വിധം ഗ്രന്ഥങ്ങൾ ഭാഷയുടെ സ്വത്തായിത്തീരാൻ ഭാഗ്യമില്ല.

ഇപ്പോൾ ഭാഷയിൽ ഉണ്ടാകുന്ന നോവലുകളെ മൂന്നു തരമായി ഭാഗിക്കാം. ഇംഗ്ലീഷുനോവലുകളിലെ പാത്രങ്ങളുടെയും സ്ഥലങ്ങളുടെയും മറ്റും പേരുകൾ മാററി ചിലതൊക്കെ മാററിയും മറച്ചും കൂട്ടിയും കിഴിച്ചും ഉള്ള നിലയിൽ ഒരു കഥയായി എഴുതുന്നവയാണ് ഒന്നാമത്തേത്. ഇങ്ങിനെ പലകഥകളും ഇപ്പോൾ വെളിക്കു വരികയും അവയെ പുസ്തകശാലക്കാർ തട്ടിമുട്ടിക്കുകയും ചെയ്യുന്നുണ്ടല്ലോ. ഇവയിൽ ഒരു സമുദായത്തെയോ ദേശാചാരത്തെയോ വിവരിച്ചുകാണാത്തതിനാൽ അവയെ ഒരു കഥയെന്നേ വിചാരിക്കേണ്ടതുള്ളു. രണ്ടാമത് വല്ല നോവലുകളിലും അന്തർഭവിച്ചുകിടക്കുന്ന കഥാവസ്തുവെ മാത്രം എടുത്തു സ്വദേശമായ കൊടുത്തു പുതിയ ആവരണങ്ങൾ മാത്രമല്ല, പുതിയ ജീവൻ കൊടുത്തു അവതരിപ്പിക്കുന്നതും യഥാർത്ഥനോവലുകൾ എന്നു പറയാവുന്നതുമാകുന്നു. ഇന്ദുലേഖ പോലുള്ള ഇത്തരം പുസ്തകങ്ങൾ വളരെ ദുർല്ലഭമാണ് ഇപ്പോൾ. ചിലർ ഇംഗ്ലീഷു നോവലുകളെ പേരുകളും മററും മാറാതെ തർജ്ജമ ചെയ്യുന്നുണ്ട്. ആദ്യംപറഞ്ഞവയേക്കാൾ എത്രയൊ നല്ലതാണ് ഇവ. ഇവയെക്കൊണ്ടു പലപ്രയോജനങ്ങളും ഉണ്ടു. പ്രസിദ്ധരായ പാശ്ചാത്യപണ്ഡിതശിരോമണികളുടെ ആശയങ്ങളും ഘടനാചാതുര്യവും മാത്രമല്ല, പാശ്ചാത്യരാജ്യങ്ങളിലെ സമുദായാചാരങ്ങളും മററും ധരിക്കാൻ ഇവ സഹായിക്കുന്നുണ്ട്. ഇന്ത്യയിൽ ഉള്ള യോഗ്യന്മാരിൽ ചിലർ ഇംഗ്ലീഷിൽ എഴുതിട്ടുള്ള ചില നോവലുകളും ഇങ്ങിനെ പരിഭാഷ ചെയ്തു തുടങ്ങീട്ടുണ്ട്. താലപുഷ്കരിണി എന്ന പേരിൽ ഭാഷാപോഷിണിയിൽ പരസ്യം ചെയ്തു വരുന്നത് ഡട്ട് എന്ന മഹാൻ ഇംഗ്ലീഷിൽ എഴുതിയ ഒരു നോവലിന്റെ പരിഭാഷയാണ്. ഡട്ട് ഈ നോവലിനു പുറമേ വേറെയും ഒന്നു രണ്ടു നോവലുകൾ എഴുതീട്ടുള്ളവയും ഇങ്ങിനെ തന്നെ പരിഭാഷ ചെയ്യപ്പെടുമെന്നു വിശ്വസിക്കുന്നു. ഡട്ട് മാത്രമല്ല, മൈഡോസ് ടെയിലർ, ജെഗന്ദ്ര സിങ്ങ് മുതലായ ആൾക്കാരുകളും ഈ വിധം നല്ല കഥകൾ എഴുതീട്ടുണ്ട്. ഇംഗ്ലീഷുകാരും, പ്രത്യേകിച്ചു ആംഗ്ലോ ഇന്ത്യൻ സ്ത്രീകളും ഇന്ത്യാരാജ്യത്തെ സംബന്ധിച്ചു അനേകം കഥകൾ എഴുതിയിരിക്കുന്നു. ടെയിലർ എന്ന പണ്ഡിതന്റെ ടിപ്പു സുൽത്താൻ താരാ, സീതാ

ഗ്രന്ഥീ കഥകളും മിസ്സിസ്സ് പെന്നി എന്ന മദാമ്മയുടെ സന്യാസി, ദേവദാസി, മുതലായ അനേകം കഥകളും, മിസ്സിസ്സ് ഘ്യൂളിൽ എഴുതിയ ഒരുപടി നോവലുകളും മറ്റും മലയാളത്തിൽ പരിഭാഷ ചെയ്യാൻ ഭാഷാഭിമാനികൾ ശ്രമിക്കേണ്ടതാകുന്നു.

ഇതിലിടക്ക്, അപ്പനെട്ടങ്ങാടി അവർകളും, അപ്പൻതമ്പുരാൻ തിരുമനസ്സു കൊണ്ടും, നോവൽ എഴുതാൻ വാസനയും പാടവവും ഉള്ളവരാണെന്നു തെളിയിച്ചിരിക്കയാൽ ആ യോഗ്യന്മാർ 'ഇന്ദുലേഖ'പോലുള്ള പല നോവലുകളും ഉണ്ടാക്കി ഭാഷയേയും മലയാളികളേയും അനുഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു.

മൂർക്കോത്തു കുമാരൻ.

---

## വസൂരി കീറിവെക്കുന്നതുകൊണ്ടുള്ള

# ചില ദോഷങ്ങൾ

വസൂരി രോഗത്തിന്റെ നിവാരണത്തിന്നായി വസൂരി കീറിവെക്കുക എന്ന സമ്പ്രദായം ഇപ്പോൾ പരക്കെ നടപ്പായിട്ടുണ്ടല്ലോ. ഈ പ്രയോഗം വളരെ ഗുണപ്രദമാണെന്നു വൈദ്യന്മാരും നാട്ടുകാരും ധരിച്ചിട്ടുമുണ്ട്. എന്നാൽ, പണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരുമായ ചിലർ ഈ അഭിപ്രായത്തെ വിരോധികളായിട്ടും ഇല്ലെന്നില്ല. വസൂരികീറിവെക്കലിന്നു ഫലമില്ലെന്നു മാത്രമല്ല, അപാരങ്ങളായ ദോഷങ്ങളെ വരുത്തുവാൻ ശക്തിയുണ്ടുതാനും എന്നാണ് ആ വക വിദ്വാന്മാരുടെ അഭിപ്രായം. അവരുടെ അഭിപ്രായങ്ങളിൽ ചിലതു നേരെ തർജ്ജമ ചെയ്തു താഴെ ചേർക്കുന്നു:—

I. "വസൂരിയെ തടുക്കുന്നതിന്നും, തീരെ ഇല്ലാതാക്കുന്നതിന്നും വസൂരി കീറിവെക്കുന്നതിനേക്കാൾ അധികം നല്ലമാർഗ്ഗം വേറെ വല്ലതുമാണെന്ന്, കഴിഞ്ഞ ഇരുപത്തഞ്ചു കൊല്ലങ്ങൾക്കുള്ളിൽ തെളിഞ്ഞിരിക്കുന്നു. ഇങ്ക്ലണ്ടിലെ ലിസ്റ്റർപട്ടണത്തിലെ മുൻസിപ്പാലിട്ടി ചരിത്രം വായിച്ചുനോക്കിയാൽ ഇതു പ്രത്യക്ഷപ്പെടും. ബുദ്ധിപൂർവ്വകമായും ശാസ്ത്രീയമായും ആലോചിച്ചുനോക്കിയാൽ വസൂരി കീറിവെക്കുന്നതു തീരെ നിരുപയോഗമാണെന്നു കാണാം. ഇയ്യിടയിൽ പാർല്ലിമേണ്ടിൽ ഇതിനെപ്പററി വാദങ്ങളുണ്ടായപ്പോൾ ഒരു സാമാജികനെങ്കിലും വസൂരി കീറിവെക്കുന്നതിന്റെ ഗുണഭാഗം പിടിച്ചു പറയുവാനൊരുങ്ങിയില്ല. ഇതിന്റെ ഫലമായി, ഗ്രേറ്റ്ബ്രിട്ടനിൽ വസൂരി കീറിവെക്കുന്നതിന്നു നിർബ്ബന്ധമില്ലെന്നും, ഇഷ്ടമുണ്ടെങ്കിൽ മാത്രം ചെയ്യേണ്ടുന്നതാണെന്നും തീർച്ചയാക്കിയിരിക്കുന്നു. ......................വസൂരി കീറിവെക്കുന്നതിന്നു പരിപൂർണ്ണമാതൃകാഭൂമിയായി സർവ്വരും ചൂണ്ടിക്കാണിക്കുന്ന ജർമ്മനിരാജ്യത്തിലുംകൂടി ലിസ്റ്റർ മുനിസിപ്പാലിട്ടിനിയമത്തെ പിൻതുടർന്നുകൊണ്ടാണത്രെ രാജ്യത്തെ വസൂരിയിൽനിന്നു രക്ഷപ്പെടുത്തിയത്. ആവക്ടത്തെ നിയമങ്ങൾ നിർബ്ബന്ധമായിരിക്കുന്നതിന്റെ ഫലം വസൂരിരോഗത്താൽ മരണങ്ങൾ വർദ്ധിക്കുകമാത്രമാണ്. ശരീരത്തെ കട്ടാകെ ഇളക്കിമറിക്കുന്നതും തീവ്രവുമായ ഒരു പ്രത്യേകരോഗത്തെ, ഇതു

ത്ത്യകിച്ച ശിശുജനങ്ങളിൽ നിർബ്ബന്ധിച്ച പകത്തുന്നതിന്റെ ഫലം ശിശുക്കളുടെ മരണനിലവാരത്തെ (Death-rate)വദ്ധിപ്പിക്കുന്നതിന്നേ ഉപകരിക്കയുള്ളൂ. എല്ലാജാതി സീറം ചലത്തെപ്പോലെ പശുവിന്റെ ലിമ്പ് എന്ന പറഞ്ഞുവരുന്ന ചലവും വിഷമയമായ ജന്തുപദാത്ഥമാകുന്നു. അതിലുള്ള പൃഥക്പദാത്ഥങ്ങളെ (Elements)വേർതിരിച്ച്, രസതന്ത്രപ്രകാരം പരിശോധിച്ചറിവാൻ കാര്യംകൊണ്ട് അസാദ്ധ്യംതന്നെ. പക്ഷേ, അതിൽ വിഷാംശമില്ലെന്ന ഉറപ്പിച്ചപറവാൻ ആരും ധൈര്യപ്പെട്ടുകയില്ല............................"

London. J. H

* * *

II. സർ വില്യം കാളിൻസ് എം. ഡി, എം. പി. ആവശ്യപ്പെട്ടതനുസരിച്ച് ഇന്ത്യാ ആപ്പീസ്സിൽനിന്ന രയ്യാറാക്കിയ കണക്കപ്രകാരം 1876മുതൽ 1906 വരെയുള്ള മുപ്പതുകൊല്ലങ്ങൾക്കുള്ളിൽ എല്ലാംകൂടി ഇന്ത്യയിൽ 33, 34, 225 വസൂരിമരണമുണ്ടായിട്ടുണ്ടെന്ന കാണുന്നു. അപ്പോൾ ഒരുകൊല്ലത്തേയ്ക്ക ശരാശരി മരണം 111,140 എണ്ണമായി. ഇന്ത്യാഗവമ്മെണ്ട റിപ്പോർട്ടുകളിൽ കാണുന്നവിധം അത്യധികം കീറിവെക്കലുണ്ടായിട്ടും 1906-ൽ 1,09,583 മരണമുണ്ടായിട്ടുണ്ട്. ഈ കണക്കനോക്കുന്നതായാൽ കീറിവെക്കുന്നതുകൊണ്ട് ഗുണമുണ്ടെന്ന വിചാരിക്കുന്നതെങ്ങിനെ?

* * *

III. "ചീത്തസാധനങ്ങൾ ഭക്ഷിക്കുക, ക്ഷാമം, ജനത്തിരക്ക്, നഗരശുചീകരണത്തിൽ അശ്രദ്ധ, വൃത്തികെട്ട ഭവനങ്ങൾ, അശുദ്ധമായ നിലം, ശുദ്ധജലമില്ലായ്മ, എന്നിവയാണ് വാസ്തവത്തിൽ രോഗങ്ങളെ ഉണ്ടാക്കുന്നത്, അവയെ തടയുവാനാണ് ശ്രമിക്കേണ്ടത്. അല്ലാതെ കീറിവെക്കുന്നതിനാൽയാതൊരു ഫലവും ഭവിക്കുന്നതല്ല."

"Charles Gave—H. S. N, A. V. League"

* * *

IV. "വസൂരി കീറിവെക്കൽ നിഷ്പ്രയോജനവും ക്രൂരവുമായ ഒരു പ്രയോഗമാകുന്നു. കുട്ടികൾക്കു കളിക്കുന്നതിന്നും കിടക്കുന്നതിന്നും വൃത്തികെട്ട വെറും നിലം മാത്രമുള്ള ഇന്ത്യാരാജ്യത്ത്, രണ്ടു കയ്യിലും കുത്തിവെക്കുന്നത് എത്രതിക്രൂരതതന്നെയാകുന്നു."

"Charles Gave"

* * *

V. മമ്പൊരിക്കൽ വസൂരി കീറിവെക്കലിനെപ്പററിയുണ്ടായ റോയൽ കമിഷന്റെ റിപ്പോർട്ടു പുസ്തകം 203-ാംഭാഗം 227-ാംഖണ്ഡികയിൽ ഇങ്ങിനെ അഭിപ്രായപ്പെട്ടിരിക്കുന്നു—"ഇന്ത്യയിൽ വസൂരി, കീറിവെക്കൽകൊണ്ടു നിത്താവുന്ന ഒരു വ്യാധിയല്ല. ശുചീകരണക്രമങ്ങളെക്കൊണ്ടാണ് അതിനെ തടുക്കേണ്ടത്." പഞ്ചാബിലെ ആർമികമീഷൻ റിപ്പോർട്ടിൽ (1879) 186-ാംഭാഗത്ത് ഇങ്ങിനെയും കാണുന്നു,—"ഇന്ത്യയിലെ മററുഭാഗങ്ങളിലെന്നപോലെത്തന്നെ പഞ്ചാബിലും, കീറിവെക്കലിന്ന് ഒരു പകച്ചവ്യാധിയുടെ ഗതിയെ തടുക്കുന്നതിന്നോ മറേറാ യാതൊരു ശക്തിയും അധികാരവുമില്ല."

* * *

VI. വില്യം ടെബ്ബ് William Tebb എന്നൊരു ശാസ്ത്രജ്ഞൻ കുഷ്ഠരോഗത്തിന്റെ ഉത്ഭവത്തെയും മററും കുറിച്ച് "The Recrudescence of Leprosy" എന്നൊരു ഗ്ര

നടമെഴുതീട്ടുണ്ട്. സാർഡ്വിച്ച് ദ്വീപുകൾ, അമേരിക്കയിലെ ബ്രസീൽ, ഇന്ത്യ, വെസ്റ്റ് ഇൻഡീസ് മുതലായരാജ്യങ്ങളിൽ കുഷ്ഠരോഗത്തെ പരത്തിയതു വസൂരികുത്തിവെക്കുന്ന സമ്പ്രദായമാണെന്ന് ആ ഗ്രന്ഥത്തിൽ തെളിയിച്ചിരിക്കുന്നു.

* * *

VII. ഡാക്ടർ ഡബ്ളിയു. ജെ. ഡിമ്പ്സൻ, 1890 ഡിസമ്പ്ര് മാസത്തിൽ "Culcutta Microscopical Society" എന്ന സഭയിൽ ഒരു ദീർഘലേഖനം വായിക്കയുണ്ടായി ആ അവസരത്തിൽ മുൻപറഞ്ഞ ടെബ്ബ്സാസ്സിന്റെ മകൻ ഡാക്ടർടെബ്ബ്, ഗോവസൂരിപ്രയോഗംകൊണ്ട് കുഷ്ഠരോഗം അധികാധികം പരക്കുന്നതായിപ്പറഞ്ഞിരിക്കുന്നു.

* * *

VIII. ഇന്ത്യയിലെ കുഷ്ഠരോഗത്തെപ്പറ്റി നല്ലവണ്ണം ആലോചിച്ചറിഞ്ഞിട്ടുള്ള ഒരു അമേരിക്കാക്കാരൻ ഡാക്ടർ, ആയാൾ ചികിത്സിക്കുവാനിടവന്നിട്ടുള്ള വളരെയധികം രോഗങ്ങൾ ഗോവസൂരിപ്രയോഗംകൊണ്ടുണ്ടായവയാണെന്നു കണ്ടിരിക്കുന്നു.

* * *

IX. കയ്യിൽനിന്നു ചലമെടുത്തുവെക്കുന്ന മനുഷ്യവസൂരികൊണ്ട് ഉഷ്ണപ്പുണ്ണ് (സിഫലിസ്) എന്ന രോഗം പരന്നതിനാലാണത്രെ ഇംഗ്ലണ്ടിൽ ഈ സമ്പ്രദായത്തെ നിൎത്തൽചെയ്തത്. 1898-നു ശേഷം മനുഷ്യവസൂരിക്കുപകരം ഗോവസൂരി നടപ്പിലാക്കി ഡോക്ടർ ക്രേട്ട (Dr. Creighton)ന്റെ അഭിപ്രായപ്രകാരം ഈ പശുച്ചലത്തിനെപ്പറ്റിയും സംശയിപ്പാനിടയുണ്ട്. ഇതിന്റെ പ്രയോഗംകൊണ്ടുണ്ടാവുന്നതാണെന്നു വിശ്വസിക്കുവാൻ പാടില്ലാത്ത രോഗങ്ങൾ വളരെ കുറച്ചേ ഉള്ളൂ.

* * *

X ഇംഗ്ലാണ്ടിലെ വൈദ്യശ്രേഷ്ഠന്മാരിൽ ഒരാളായ പ്രൊഫസ്സർ ടി. ക്ലിഫോർഡ് ആൽബർട്ട് എന്ന മഹാൻ എഴുതിയ "System of Medicine" എന്ന ഗ്രന്ഥത്തിൽ കീറിവെക്കലിന്റെ ഫലത്തെപ്പറ്റി ഇങ്ങിനെ വിവരിച്ചു കാണുന്നു:— "വസൂരി കീറിവെക്കുന്നതിന്റെ ഫലമായി അത്യന്തം പരിതാപത്തോടും വേദനയോടും കൂടി കുട്ടികൾ നിരന്തരം മരിച്ചുകൊണ്ടിരിക്കുന്നു. ഇതിനെ തെളിയിക്കുവാൻ ഡോക്ടർമാരുടെ അഭിപ്രായങ്ങൾക്കുപുറമെ ലോകത്തിലെ അനുഭവവും ലക്ഷ്യമാകുന്നു. കീറിവെക്കൽ നിർബ്ബന്ധമാക്കുന്നതിന്നുമുമ്പു, അത് ഇഷ്ടമുള്ളവൎക്കാവാമെന്നാക്കിയതിന്നു ശേഷം നിർബ്ബന്ധമാക്കിയതിന്നു ശേഷം, ഇങ്ങിനെ മൂന്നു തരത്തിൽ കാലത്തെ വകതിരിച്ച്, ചില രോഗങ്ങളുടേയും മരണങ്ങളുടെയും കണക്കുകൾ 1877 ആഗസ്റ്റ് 14-ാംനു- 433-ാം നമ്പ്രായി ബ്രിട്ടീഷ് ഗൊവർമെന്റ് സഭമുമ്പാകെ ഹാജരാക്കിയിരുന്നു. ആ കണക്കു മുൻപറഞ്ഞ അഭിപ്രായത്തെ പിൻതാങ്ങുന്നുണ്ട്. ആദ്യത്തേതിൽ അധികം രണ്ടാമത്തെ കാലത്തിലും രണ്ടാമത്തേതിൽ അധികം മൂന്നാമത്തെ കാലത്തിലും രോഗങ്ങളും മരണങ്ങളും വളരെ വൎദ്ധിച്ചു കാണുന്നു. ഇതുകൾ മുഖ്യമായി കുട്ടികളെ ബാധിക്കുന്നവയുമാണ്.

* * *

XI "വസൂരി കീറിവെക്കുന്നതുകൊണ്ട് രക്തത്തിൽ ഒരുവക മാലിന്യം ഉണ്ടാകുന്നു. അവ മാറു രോഗങ്ങൾക്കും വഴികാണിച്ചുകൊടുക്കുന്നു. ശിശുക്കൾക്ക് കത്തിവെക്കുന്നതുകൊണ്ട് അവരുടെ ശരീ

ശരി മരണം വദ്ധിച്ചുതന്നെ വരുന്നു. ചിലപ്പോൾ ഒട്ടാകയുള്ള സാധാരണ മരണത്തേയും ഇതു വദ്ധിപ്പിക്കുന്നു. പുതിയ സീഠം, അൻറിടൊക്സിൻ വഗ്ഗത്തിൽപെട്ടവ എന്നിതുകൾ പലപ്പോഴും പല വലിയഅപകടങ്ങളെയും ഉണ്ടാക്കുന്നു."

"Ornold Supton M. P."

* * *

XII ഗ്രാവൻബഠ് എന്ന പട്ടണത്തിൽനിന്ന് പ്രസിദ്ധനായ ബാറൻ ഫൊംബോൽട് അവിടത്തെ റജിസ്ത്രാക്ക് എഴുതിയ എഴുത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു: "ഗോവസൂരിപ്രയോഗം മതതത്വങ്ങളോട് എത്രത്തോളം യോജിക്കുന്നുവെന്ന് അന്വേഷിക്കവാൻ ഞാൻ തുനിയുന്നില്ല. നമുക്കിതെങ്ങിനെ സമ്പാദിക്കുവാൻ സാധിച്ചുവെന്നും അന്വേഷിക്കേണ്ട. പ്രധാനമായി സ്ക്രാഫുലാ (Scrofula) തുടങ്ങിയ അനേകം രോഗങ്ങളെ പരത്തുവാൻ ഇതെത്ര സഹായിക്കുന്നുണ്ടെന്നും ചിന്തിക്കേണ്ട. ഈ പ്രയോഗംകൊണ്ട എത്ര അപകടം വരുന്നുണ്ടെന്നും വിചാരിക്കേണ്ട. ഈ ക്രൂരതയെ നിശ്ശേഷമായി ഉപേക്ഷിക്കേണ്ടതിലേക്ക് അതിന്റെ നിഷ്പ്രയോജനതതന്നെ മതിയായ കാരണമാവുന്നതാണ്."

* * *

XIII മിസ്സ് ഫ്ലോറൻസ് നൈററിംഗൽ എന്ന പ്രസിദ്ധ വിദുഷി, സർ. ജെ. സി. ജെർവൊയിസ് എന്ന കവിയുടെ 'ഇൻഫാക്ഷൻ' എന്ന പുസ്തകത്തിന്റെ മുഖവുരയിൽ പറയുന്നതു നോക്കുക — 'ഏതു പാർല്ലിമെണ്ട് നിയമത്തിൽനിന്നും വല്ല നന്മയുമുണ്ടാകുമെന്ന ഊഹത്തിന്മേൽ, വല്ല ആചാരസിദ്ധാന്തമോ രോഗകൃമിസിദ്ധാന്തമോ നിയമങ്ങൾക്കടിസ്ഥാനമാക്കി പ്രവൃത്തിക്കുമ്പോഴാണ് കാര്യം വൈഷമ്യത്തിലാകുന്നത്. ഇങ്ങിനെയുള്ള നിയമങ്ങൾ, ഇംഗ്ലണ്ടിലെ ശാസ്ത്രജ്ഞന്മാരുടെ മനസ്സ് അന്ധവിശ്വാസാവസ്ഥയിലേയ്ക്കു മുങ്ങിത്താഴുന്നുവെന്നതിന്നു മതിയായ ദൃഷ്ടാന്തമാകുന്നു................."

* * *

XIV Charles Blornfield എന്നു പേരായി എട്ടു മാസം പ്രായമുള്ള ഒരു കുട്ടിയുടെ ശരീരം മരണശേഷം പരിശോധിച്ചു. 'എറിസിപെലാസ്' എന്ന വ്യാധിയെ ഉണ്ടാക്കുന്ന വിഷബീജങ്ങൾ വസൂരികീറിയിരുന്ന ദ്വാരങ്ങളിൽക്കൂടി കടന്നതുകൊണ്ടാണ് കുട്ടി മരിച്ചതെന്നു ഡോക്ടർ പറയുന്നു. ഈ മരണം പക്ഷെ കീറിവെച്ചതുകൊണ്ടുണ്ടായതല്ലെങ്കിലും, രോഗം ബാധിക്കവാൻ അതു സഹായിച്ചു."

—Vaccination Enqiurer.

* * *

XV ബ്രിട്ടീഷ് മെഡിക്കൽ ജർണ്ണലിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—'കീറിവെച്ചതിന്നശേഷം ജനങ്ങൾ സുഖക്കേടായി കിടക്കുന്നതിന്നുംപുറമെ, വേറെ ചില അനത്ഥങ്ങൾക്കൂടി ഉണ്ടാകുന്നുണ്ട്. ആയത് കീറിവെക്കലുകൊണ്ടുണ്ടാകുന്നതല്ലെങ്കിലും, ഇതിന്റെ സഹചരനായ 'എറിസിപെലാസ്' എന്ന രോഗത്താൽ വരുന്നതാണ്." ഈ അഭിപ്രായത്തെ "What it costs to eb Vaccinated" എന്ന ഗ്രന്ഥത്തിൽ ജോസപ്പ് കാളിൻസൻ എന്ന മഹാൻ ചിൻതാങ്ങുന്നതുമുണ്ട്.

* * *

XVI ബി. എ. ചാർലസ് വത്ത് ജെ. പി. എന്ന മഹാൻ ആട്ട്രത്തിൽ ഗോവസൂരി പ്രയോഗത്തിന്റെ ഭാഗം പിടി

ച്ച പ്രസംഗിച്ചിരുന്ന ഒരാളായിരുന്നു. അദ്ദേഹം ഒരു ജഡ്ജിയായിരുന്നതിനാൽ അദ്ദേഹത്തിന്റെ മുമ്പാകെ അനേകം പേർ ഒഴിവു സർട്ടിഫിക്കററിന്നു ഹരജിയുംകൊണ്ടുപോയിരുന്നുവത്രെ. അപ്പോഠം ആ അപേക്ഷകന്മാരെപ്പററി ദയയും നിന്ദയും ആയിരുന്നു അദ്ദേഹത്തിന്നുണ്ടായിരുന്നത്. കീറി വെക്കാത്തതിന്ന് അനേകംപേൎക്ക് പിഴയും തടവുശിക്ഷകൂടിയും അദ്ദേഹം വിധിച്ചിട്ടുണ്ടു. പിന്നീടു അദ്ദേഹം ഈ വിഷയത്തിന്റെ രണ്ടു ഭാഗവും പഠിച്ചുതുടങ്ങി. അപ്പോൾ ഈ പ്രയോഗം "നാശകരമായ ഒരു മായാപ്രയോഗ"മാണെന്ന് അദ്ദേഹത്തിന്നു ബോദ്ധ്യപ്പെട്ടു. ഒരു കാലത്ത് ആ ജഡ്ജിതന്നെ ഒരു പൊതുലേഖനത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—'ഗ്ലിസറിൻ ചേൎത്ത പശുച്ചലംകൊണ്ടു കീറിവെച്ചതിനാൽ അനേകം ആരോഗ്യമുള്ള മനുഷ്യർ മരിച്ചിട്ടുണ്ടെന്ന്, ആൎക്കെങ്കിലും ഇഷ്ടമുണ്ടെങ്കിൽ ഉദാഹരണസഹിതം തെളിയിച്ചു കൊടുക്കാം. പക്ഷെ, അത് കീറിവെച്ചതുകൊണ്ടുള്ള മരണമാണെന്നു പറയില്ലായിരിക്കാം. കശാപ്പുകാൎക്ക് സാധാരണ പിടിപെടാറുള്ള ഒരു തരം വ്യാധി എന്നേ ഇതിനെ പറകയുള്ളൂ."

* * *

XVII നേഷനൽ ആൻറി വാക്സിനേഷൻ ലീഗ് എന്ന സംഘംവകയായി നടത്തിവരുന്ന "Vaccination Enqurer and Health Review" എന്ന പത്രഗ്രന്ഥത്തിൽ, കീറിവെക്കുന്നതിന്റെ ദോഷഫലങ്ങളെ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. അതിൽ 1844 മുതൽ 1908 വരെ ഇംഗ്ലാണ്ടിലും വെയിത്സിലും ഗവൎമ്മെണ്ടു ചിലവിന്മേൽ പൊതുവെ കീറിവെക്കൽ നടത്തിച്ചിട്ടുള്ളതിന്റെ കണക്ക കാണാവുന്നതാണ്. കീറി വെക്കുന്നതിന്നു തടസ്ഥം പറയുന്നവർ അധികം വൎദ്ധിച്ചുവരുന്നതുകണ്ട് ആ പത്രത്തിന്റെ അധിപർ സന്തോഷിക്കുന്നു. തടസ്ഥക്കാർ 1906-ൽ നൂറുക്ക് സുമാർ ആറും, 1907-ൽ ഏഴും, 1908-ൽ പതിനെട്ടും, 1909-ലെ ആദ്യത്തെ ആറു മാസത്തിൽ പത്തൊമ്പതും വീതമാണെന്നു കാണുന്നു.

* * *

XVIII "ജെ. എച്ച്. ഹെൻറിക്സ്, എം. സി. എമർസൻ, ഡബ്ളിയു. എൽ. സ്മിത്ത് ഇങ്ങിനെ മൂന്നു പേർ കുത്തിവെച്ചതുകൊണ്ടുണ്ടായ രോഗത്താൽ മരിച്ചു."

Vaccination Enquirer.

* * *

XIX "വസൂരി കീറിവെക്കുന്നതിനാൽ ഉണ്ണുപ്പുണ്ണുണ്ടാവാനും പരക്കുവാനും ഇടയുണ്ട്."

Royal Commission.

* * *

ഇങ്ങിനെ അനേകം മഹാന്മാരുടെ അഭിപ്രായങ്ങളും പരിശോധനകളുടെ ഫലങ്ങളും ഇനിയും എടുത്തു പറയാനുണ്ട്. കീറിവെക്കുന്നതിന്നു യാതൊരു ഗുണഫലമില്ലെന്നു സിദ്ധാന്തിക്കുന്നവരുടെ സംഖ്യ നാഠംക്കുനാഠം വൎദ്ധിച്ചു വരികയാണ് ചെയ്യുന്നത്.

ടി. പി. ആർ. മേനോൻ.

# കുടിപ്പക.

കൊല്ലവർഷം ഇപ്പോൾ രണ്ടു നൂററാണ്ടു കഴിഞ്ഞിരിക്കുന്നു. എന്നാലും, 858-ാമാണ്ടിൽ (1683) മകരം 3-ാംനു-മുതൽ തിരുനാവായെ വെച്ചു നടത്തിയമഹാമഘമെന്ന തലപ്പൂയോത്സവമാകാറായിട്ടില്ല. മാമാങ്കം എന്ന ക്രിയ തിരുനാവായെ വെച്ച് ഒന്നേ പിന്നെ കഴിഞ്ഞിട്ടുള്ളു. സാമൂതിരിയും, മങ്ങാട്ടച്ചനും, തേനയഞ്ചേരിയും, അകമ്പടിജനവും, ലോകരും. 'ചാവർ'മാരും ഒന്നും അതിന്നുശേഷം തിരുനാവായെ വെച്ച് ഒത്തുകൂടുകയുണ്ടായിട്ടില്ല. ഒടുവിലത്തെ മാമാങ്കത്തിന്നുശേഷം വല്ലതും 'കിഞ്ചിൽശേഷ'മായി നിന്നിട്ടുണ്ടെങ്കിൽ അതു കുടിപ്പകമാത്രമായിരുന്നു. 858-ാമാണ്ടുമകരത്തിൽ നടത്തിയ മാമാങ്കത്തിന്നു ചാവർവൃതം(1) എടുത്തുപോയ ചന്ദ്രാട്ടിൽ കണ്ടരുമേനവനേയും അകമ്പടിക്കാരെയും വഴിക്കൽ തടഞ്ഞുപിടിച്ചുകെട്ടി മാമാങ്കം കഴിഞ്ഞതിന്നുശേഷം വാളിന്ന് ഇരയാക്കിയതു സാമൂതിരിപ്പാട്ടിലെ പ്രധാനമന്ത്രി മങ്ങാട്ടു രാമനച്ചന്റെ കല്പനപ്പടിയായിരുന്നുവത്രെ. കണ്ടരുമേനവനെ ചതിച്ചുകൊന്നതിന്നു പകവീട്ടുവാൻ പിന്നെ ആരാണ് ഉള്ളത്. അക്കാലത്തൊക്കെ ഒരുവൻ മറൊരുവനെ ധർമ്മയുദ്ധത്തിലല്ലാതെ കൊന്നാൽ, മരിച്ചവന്റെ ശവം കൊന്നവന്റെ വീട്ടിൽ കൊണ്ടിട്ട് വീടിന്നു തീക്കൊടുത്തു ശവദാഹം കഴിപ്പിക്കയായിരുന്നു നാട്ടുനടവടി. നാടുവാഴുന്നതു സാമൂതിരിപ്പാട്, കണ്ടരുമേനവനെ വെട്ടിക്കൊല്ലാൻ കല്പന കൊടുത്തതു മങ്ങാട്ടച്ചനും, വെട്ടിക്കൊല്ലിച്ചതു മങ്ങാട്ടച്ചന്റെ മകൻ ധർമ്മോത്തു ചെറിയപണിക്കരും ആണെന്നുവന്നാൽ പിന്നെ അവിടെയുണ്ടോ വള്ളുവനാട്ടുകാരന്നു 'കുടിപ്പക' വീട്ടാൻ തരം കിട്ടുന്നു!

കാരണവൻ കണ്ടരുമേനവന്റെ മരണവർത്തമാനം അനന്തിരവൻ ഇട്ടിരാരിശ്ശൻ കേട്ടതു നാലഞ്ചുദിവസം കഴിഞ്ഞതിന്നു ശേഷമാണ്. താൻ പത്തുപതിനാറുവയസ്സു മാത്രം പ്രായംചെന്ന ഒരു ചെറുപ്പക്കാരനാണെങ്കിലും ഈ ചതിക്കു പ്രതിക്രിയചെയ്യാതെ തറവാട്ടിൽ കയറുന്നതല്ലെന്നു പ്രതിജ്ഞയുംചെയ്ത് വീട്ടിൽനിന്നു പടിയിറങ്ങി. അമ്മയായ ഉണ്ണൂലി അമ്മയുടെ മുറവിളിയും ഉപദേശവുമൊന്നും മകന്റെ ചെവിയിൽ കടന്നില്ല. കൊല്ലം പിന്നെയും പന്ത്രണ്ടുകഴിഞ്ഞു. ഒടുവിലത്തെ മാമാങ്കവും കഴിഞ്ഞു. ഇട്ടിരാരിശ്ശന്റെ കുടിപ്പകമാത്രം പിന്നെയും ബാക്കിയായി കിടക്കുന്നു.

പറങ്കികൾ എന്നു പറയപ്പെട്ടിരുന്ന പോർത്തുഗീസ്സുകാരുടെ ആധിപത്യം ക്രമേണ ക്ഷയിച്ച് ലന്തക്കാരെന്നു പറയപ്പെട്ടിരുന്ന ഡച്ചുകാരുടെ ഐശ്വര്യം മൂർദ്ധന്യ

(1) ഈ മാമാങ്കത്തിന്നു വള്ളുവനാട്ടുകാരായ 1 ചന്ദ്രാട്ടിൽ പണിക്കർ, 2 പുതുമണ്ണ് പണിക്കർ, 3 കോലൊട്ടു പന്നിക്കർ, 4 വേർക്കോട്ടു പണിക്കർ ഈ നാലുവീട്ടുകാർ ചാവർവൃതം എടുത്തതായി കേട്ടിട്ടുണ്ട്.

[illegible]ത്തിയിരിക്കുന്നു. കച്ചവടത്തിനായ് [illegible]യാളക്കരയിൽ കയറിക്കൂടിയ ഈ വിദേശീയർ, കച്ചവടത്തിൽ അവരവൎക്ക ജയംനേടേണമെന്ന നിലയിൽ അന്യോന്യം മത്സരിച്ച് കേരളീയരെ ഇവരുടെ മത്സരക്കളിയിൽ ഭാഗഭാക്കുകളാക്കി തമ്മിൽ തല്ലിച്ചും പരിഷ്കൃതരീതിയിലുള്ള യുദ്ധസാമഗ്രികൾ ഇറക്കുമതിചെയ്ത് ശത്രുപക്ഷക്കാരെ കുഴക്കിയും ദേശവാഴിയെ നാടുവാഴിയാക്കിയും നാടുവാഴിയെ രാജാവാക്കിയും രാജാക്കന്മാരെ ഇരപ്പാളികളാക്കിയും, ഇങ്ങിനെ കേരളമൊക്കെ കുട്ടിക്കലക്കിമറിച്ച കാലമായിരുന്നു ഇത്. 1661-മുതൽ പറങ്കികളുടെ ആധിപത്യത്തിന്നു ക്ഷയംതുടങ്ങി. അക്കാലത്തെ കൊച്ചിത്തമ്പുരാനെ രാജ്യഭ്രഷ്ടനാക്കി അവിടുത്തെ ഇളയമ്മത്തമ്പുരാനെ റാണിയാക്കിയ പോൎത്തുഗീസ്സുകാരോടെതിൎപ്പാൻ ഇക്കാലത്താണല്ലോ പാലിയത്തച്ചൻതമ്പുരാന്റെ ഭാഗംനിന്നു ലന്തക്കാരെ കൊച്ചിയിൽ കടത്തിയതും മട്ടാഞ്ചേരിയിൽവെച്ചു റാണിത്തമ്പുരാട്ടിയെ തടവുകാരിയാക്കി പിടിച്ചതും, തമ്പുരാനു രാജ്യം കീഴടക്കി കൊടുത്തതും. അന്നുമുതൽ, പോൎത്തുഗീസ്സുകാരുടെ രക്ഷയിൽ കിടന്നിരുന്ന കൊച്ചിരാജ്യം ലന്തക്കാൎക്കധീനമായി. ലന്തക്കാരുടെ ഐശ്വൎയ്യം വൎദ്ധിച്ച്, 1680-ൽ മൂൎദ്ധന്യത്തിലെത്തി, പിന്നെ ക്രമേണ അധഃപതനമാൎഗ്ഗത്തിലേക്കു കാൽവെച്ചു. ഈ അവസരത്തിൽ ഇംഗ്ലീഷുകച്ചവടക്കാർ അഞ്ചുതെങ്ങ്, കോഴിക്കോട്, തലശ്ശേരി, കണ്ണൂര് ഇവിടങ്ങളിൽ ഓരോ പാണ്ടികശാലകൾ കെട്ടിക്കഴിഞ്ഞിരിക്കുന്നു. ബിലാത്തിയിൽ ലന്തക്കാരും ഇംഗ്ലീഷുകാരും യുദ്ധം തുടങ്ങിയാൽ മലയാളത്തിലെ ലന്തക്കാരും ഇംഗ്ലീഷുകാരും നായ്ക്കളുടെയും പൂച്ചയുടെയും മട്ടിലായി. ഒരു പക്ഷക്കാർ സാമൂതിരിപ്പാട്ടിലാകും; മറേറ പക്ഷക്കാർ കൊച്ചി തമ്പുരാനെ കൈവശപ്പെടുത്തും. ബിലാത്തിയിൽ നടത്തുന്ന യുദ്ധംപോലെ, ലന്തക്കാൎക്കും ഇംഗ്ലീഷുകാൎക്കുംവേണ്ടി കൊച്ചിത്തമ്പുരാനും സാമൂതിരിപ്പാടും തമ്മിൽ ഇവിടെയും യുദ്ധംതുടങ്ങും. ഇങ്ങിനെയുള്ള തമ്മിൽത്തല്ലു കാലത്താണ് നമ്മുടെ കഥ നടന്നത്.

1691-ൽ ചേററുവായ ലന്തക്കാർ സാമൂതിരിപ്പാട്ടിലേക്കു വിട്ടൊഴിഞ്ഞുകൊടുക്കേണ്ടിവന്നു. ചേററുവായ കീഴടങ്ങിയമുതൽ സാമൂതിരിപ്പാട്ടിലേക്കു കൊച്ചിത്തമ്പുരാന്റെ രാജ്യങ്ങൾ ആക്രമിപ്പാൻ നല്ല സൌകൎയ്യവുമായി. കൊച്ചിത്തമ്പുരാനെ സാമൂരിരിപ്പാട്ടിലെ ആക്രമത്തിൽനിന്നു രക്ഷിപ്പാൻ ലന്തക്കാർ ചേററുവായ അതിൎത്തിക്കു തെക്കുവശം വൈപ്പ് ദ്വീപിൽ ഒരു കോട്ട കെട്ടിയുണ്ടാക്കേണ്ടിവന്നു. അവിടെ കൊച്ചിത്തമ്പുരാന്റെയും ലന്തക്കാരുടെയും കുറെ സൈന്യങ്ങളെ എപ്പോഴും പാൎപ്പിക്കുകയും പതിവായി. സാമൂതിരിപ്പാട്ടിലേക്ക് ഇംഗ്ലീഷുകച്ചവടക്കാരുടെ മേധാവിയായ റോബർട്ട് ആഡംസാസ്സ് പിന്നിലുമുണ്ട്.

കൊല്ലം 872-ാമാണ്ട് വൃശ്ചികമാസമാണ്. തുലാവൎഷം കഴിഞ്ഞ് അല്പം മഞ്ഞും തണുപ്പും തുടങ്ങിയിരിക്കുന്നു. ഇട്ടിരാരിച്ചമേനവൻ ഗുരുവായൂർ ക്ഷേത്രത്തിലെ ഒരു ഭജനക്കാരനാണ്. ഈ ഭജനം ഈശ്വരനെ പ്രത്യക്ഷമാക്കാനൊ, അല്ല ചന്ത്രാട്ടിൽ കണ്ടരുമേനവനെ കൊന്ന ധൎമ്മോത്ത ചെറിയ പണിക്കരെ കാണ്മാനോ, അതല്ല ഉളനാട്ട് ഇട്ടിക്കോമപ്പണിക്കരുടെ മകൾ കുമ്മിണിക്കുട്ടിയെ സംബന്ധം കഴിപ്പാനോ അതുമല്ല പാലിയത്തച്ചന്റെ ദൂതനായി സാമൂതിരിപ്പാട്ടിലെ ത

ന്ത്രന്മാർ മനസ്സിലാക്കുവാനോ എന്തോ ആൎക്കും നിശ്ചയമില്ല. ധൎമ്മോത്ത് ചെറിയപണിക്കരെ, ചേററുവായ നിത്തിയ നായന്മാരായ ഭടന്മാരുടെ നായകനായി സാമൂതിരിപ്പാടു നിശ്ചയിച്ചിട്ടു് ഇപ്പോൾ മാസം ആറുകഴിഞ്ഞിരിക്കുന്നു. ധൎമ്മോത്ത പണിക്കർ ചേററുവായക്കു വരുമ്പോൾ അച്ഛനോടു് (മങ്ങാട്ടച്ഛനോടു്) ഉളനാട്ടു മൃത്യപണിക്കൎക്കു ഒരു ശിപാൎശിക്കത്തും കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ധൎമ്മോത്ത പണിക്കർ ലന്തക്കാരുടെ കോട്ടയാക്രമിപ്പാൻ തക്കംനോക്കുകയായിരുന്നു. ഇയ്യിടയിൽ പുന്നത്തൂർ തമ്പുരാനെ കാണ്മാൻ കോട്ടപ്പടിക്കും, ആ വഴിക്കു് അച്ഛന്റെ സ്നേഹിതനായ ഉളനാട്ടുപണിക്കർ താമസിക്കുന്ന ഗുരുവായൂരെ ഭവനത്തിലും പോക പതിവായിരുന്നു.

കുമ്മിണിക്കുട്ടിയുടെ കുളിച്ചുതൊഴാൻ പോക്കിന്നു് കുറച്ചുദിവസമായി നല്ല കൃത്യമുണ്ടായിവന്നിട്ടുണ്ടു്. വാകച്ചാൎത്തലിനു് എങ്ങിനെയായാലും ഗുരുവായൂരമ്പലത്തിൽ എത്താതിരിക്കയില്ല. തണുപ്പു് നന്നെയുണ്ടെങ്കിലും ഇട്ടിരാരിശ്ശമേനവനെ കണ്ടു സംസാരിപ്പാനുള്ള അവസരം വേറെ കിട്ടാൻ തരമില്ല. എല്ലാവരും ജപിച്ചു പ്രദക്ഷിണം വെക്കുമ്പോൾ കുമ്മിണിക്കുട്ടിയും ഇട്ടിരാരിശ്ശമേനവനും തമ്മിൽ എന്തോ ഗൌരവമായി സംസാരിച്ചുകൊണ്ടിരിക്കുന്നതായി കാണാം. താടിയും തലയും വളൎത്തി സന്ന്യാസിയായി നടക്കുന്ന ഇട്ടിരാരിശ്ശമേനോൻ പതിനെട്ടുവയസ്സായ കുമ്മിണിക്കുട്ടിക്കു മുക്തിമാൎഗ്ഗം ഉപദേശിച്ചുകൊടുക്കുകയാണെന്നല്ലാതെ മറിച്ചു വല്ലതും സംശയിപ്പാൻ തരമുണ്ടോ? ഇട്ടിരാരിശ്ശമേനവന്റെ കഥയൊക്കെ കുമ്മിക്കുട്ടി അറിഞ്ഞിട്ടുണ്ടു്. അയാളുടെ സ്ഥിതി എങ്ങിനെ എന്നും എന്തിനായിട്ടാണു് ഭജനക്കാരന്റെ വേഷം കെട്ടിയതെന്നും അവൾക്കറിയാം. കൊച്ചിത്തമ്പുരാനും ലന്തക്കാരുംകൂടി ചാവക്കാട്ടുവെണ്ഡം ഉടനെ പിടിച്ചടക്കുമെന്നും, പിന്നെ സാമൂതിരിപ്പാട്ടിലെയോ ആൾക്കാരെയോ ഭയപ്പെടേണ്ടതില്ലെന്നും, തങ്ങൾക്കു സുഖമായി കൂടാമെന്നും കുമ്മിണിക്കുട്ടിയെ പറഞ്ഞു മനസ്സിലാക്കീട്ടുണ്ടു്. പാവം! പെൺകുട്ടിയല്ലെ. എന്തു ചെയ്യും?

ഇട്ടിരാരിശ്ശമേനോൻ—വീട്ടിന്റെ പടികയറീട്ടു് കൊല്ലം പതിന്നാലായി. ധൎമ്മോത്ത പണിക്കരുടെ നെഞ്ഞത്തു് എന്റെ കട്ടാരം എല്പിക്കലും പാലിയത്തച്ഛന്റെ ആവശ്യം നിവൃത്തിക്കലും കഴിഞ്ഞാൽ, കുമ്മിണിക്കുട്ടിയുടെ കൂടെ ഇവിടെ സുഖമായി താമസിക്കേണമെന്നേ എനിക്കു മോഹമുള്ളു. ഗുരുവായൂരപ്പൻ അതിന്നു കടാക്ഷിക്കാതിരിക്കുമോ?

കുമ്മിണിക്കുട്ടി—ആവോ, എനിക്കൊന്നും അറിഞ്ഞുകൂടെ ഈശ്വരാ! അച്ഛനും ധൎമ്മോത്തപണിക്കരും വല്യ ലോഗ്യത്തിലാണു്. അമ്മാളു ഏട്ടത്തിക്കും പണിക്കരെ വല്യ പത്ഥ്യമാണു്. ഈ കൂട്ടത്തിന്നും കുറിക്കാനും ഞാനാളല്ലപ്പാ, അച്ഛൻ ഇതൊക്കെ അറിഞ്ഞാൽ എന്നെ കൊന്നുകളയും.

ഇട്ടിരാരിശ്ശമേനോൻ—കുമ്മിണിക്കുട്ടി ഇത്ര ഭീരുവാണെന്നറിഞ്ഞിരുന്നുവെങ്കിൽ—ഉം, പെണ്ണുങ്ങളുടെ കാൎയ്യം അങ്ങിനെയാവാനെ തരമുള്ളൂ. ഞാൻ കണ്ടുരു മേനവന്റെ മരുമകനാണെന്നും പാലിയത്തച്ഛന്റെ ദൂതനാണെന്നും ഇന്നുതന്നെ അച്ഛനെ അറിയിക്കുക കൂടി വേണം, എന്നാൽ പിന്നെ നാളെ രാവിലെ മമ്മിയൂർ പാടത്തു് എന്റെ ശവ

സംസ്കാരം കാണ്മാൻ കുമ്മിണിക്കുട്ടി വന്നാൽ മതി.

ഈ പറഞ്ഞതു കുറെ കടന്നുപോയെന്നു ഇട്ടിരാരിശ്ശമേനവന്നു തോന്നി. കുമ്മിണിക്കുട്ടിയുടെ കണ്ണിൽ വെള്ളം നിറഞ്ഞു കഴിഞ്ഞു. തൊണ്ട ഇടറി ഒന്നും മറുപടി പറയാൻ വയ്യാതെയായി. താൻ എത്രയോ വിശ്വസിച്ച്, അച്ഛനേയും ജ്യേഷ്ഠത്തിയേയും കബളിച്ച് പല ഗോപ്യമായ വൎത്തമാനങ്ങളും പറഞ്ഞു കൊടുത്തിട്ടുള്ളതിന്റെ പ്രതിഫലം ഇതാണോ എന്നു പശ്ചാത്താപത്തോടു കൂടി അധോമുഖിയായി നില്ക്കുന്നതിനിടയിൽ ദാസി തീൎത്ഥക്കിണ്ടിയും കൊണ്ട് അടുത്തെത്തിത്തുടങ്ങി. "ദിവസവും ഉറങ്ങാൻ പോകുന്നതിന്നു മുമ്പായി പടിപ്പുരവാതലിന്റെ മേല്പടിയുടെ തെക്കെ വശം വല്ലതും ഉണ്ടോ എന്നു നോക്കണേ" എന്നു മാത്രം പറഞ്ഞ് ക്ഷേത്രവാസി ഇട്ടിരാരിശ്ശമേനോൻ ഒരു ഭാഗത്തേക്കു മാറിത്തിരിഞ്ഞു. കുമ്മിണിക്കുട്ടി വീട്ടിലേക്കും പോയി.

ഈ സംഭവം കഴിഞ്ഞിട്ടു നാലഞ്ചു ദിവസം കഴിഞ്ഞതിന്നുശേഷം ഒരു ദിവസം അമ്മാളുവും അനുജത്തി കുമ്മിണിക്കുട്ടിയും വടക്കിനിയിൽ ഉണ്ണാനിരിക്കുന്നു. ഇവരുടെ അമ്മയായ ശ്രീദേവി അമ്മ കുളിയും ജപവും കഴിഞ്ഞ് 'ധൎമ്മോത്ത് പണിക്കരുടെ വാല്യക്കാരന്നു ചോറു കൊടുത്തുവൊ?' എന്ന ചോദ്യവും ചോദിച്ച് വടക്കിനിയിൽ കടന്നു. 'ധൎമ്മോത്ത് പണിക്കർ' എന്ന പേരു കേട്ടപ്പോൾ അമ്മാളുവും കുമ്മിണിക്കുട്ടിയും രണ്ടാളും ഒന്നു ഞെട്ടി. ഇവർ രണ്ടാൾക്കും ഇയ്യാളുടെ പേരു രണ്ടു വിധത്തിലാണ് വികാരമുണ്ടാക്കിയത്. 'പണിക്കര് എവിടെ' എന്നു രണ്ടു മക്കളുംകൂടി ഒപ്പം അമ്മയോടു ചോദിച്ചു. 'അച്ഛൻ ഉണ്ണാൻ വന്നപ്പോൾ ഒന്നും പറഞ്ഞില്ലേ' എന്നും പറഞ്ഞ് ശ്രീദേവി അമ്മ അടുക്കളയിലേക്കു പോയി.

കുമ്മിണിക്കുട്ടി— ധൎമ്മോത്ത് പണിക്കരുടെ ഈ പേരക്കവരവും തലപ്പള്ളിനായന്മാരുടെ ഒരുക്കവും ഒക്കെ കാണുമ്പോൾ എന്തൊക്കെയോ കലാപം അടുത്തുവരുന്നതുപോലെ തോന്നുന്നു. അങ്ങേലെ രാമൻ നായരല്ലെ ഇന്നലെ അച്ഛന്റെ ലന്തത്തോക്കുകളൊക്കെ തുടച്ചു വൃത്തിയാക്കി കോട്ടയിലേക്കു കൊണ്ടുപോയത്. ഇതൊന്നും എനിക്കു മനസ്സിലാവുന്നില്ല.

അമ്മാളു— ഇതൊന്നും നിനക്കും എനിക്കും മനസ്സിലാകേണ്ടതല്ല. നീ ചിലപ്പോൾ ഓരോന്നു ചോദിക്കുന്നതു കേട്ടാൽ ഞാൻ ഇതൊക്കെ അറിഞ്ഞോളണമെന്നുണ്ടെന്നു തോന്നുന്നു.

കുമ്മിണിക്കുട്ടി— ഇന്നാളല്ലേ ഏട്ടത്തി അച്ഛനും പണിക്കരും ഓരോന്നു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ എന്നെ അടുക്കളയിൽ ആക്കി തെക്കിനിയിൽ പോയി നിന്നത്? ഏട്ടത്തി അറിഞ്ഞുപോലും അറിഞ്ഞില്ലപോലും— എനിക്കെന്താ?

അമ്മാളു— നിന്നെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ ഞാൻ വിചാരിച്ചാൽ നിവൃത്തിയില്ല. ലന്തക്കാരുടെ പാണ്ടികശാലയിൽനിന്ന് നിണക്കും എനിക്കും ഒരു പുതിയതരം വസ്ത്രം വരുത്തുവാൻ പണിക്കരെ അച്ഛൻ പറഞ്ഞേല്പിക്കയും, ആ വസ്ത്രത്തിന്റെ നീളവും വീതിയും പറവാൻ എന്നെ വിളിച്ചിട്ടു ഞാൻ പോകയുമാണുണ്ടായത്.

ഇത്രയും പറഞ്ഞവസാനിക്കുമ്പോഴക്ക് ധൎമ്മോത്ത് പണിക്കരുടെ വാല്യക്കാരന്ന് ഇലയുംവെച്ച് ശ്രീദേവി അമ്മതന്നെ

പോറു വിളമ്പാൻ വന്നുതുടങ്ങിയിരിക്കുന്നു. പണിക്കർ വൈകുന്നേരം ഉണ്ണാൻ അവിടെ എത്തുമെന്നും, അടിയന്തരമായി ചിലർ കോഴിക്കോട്ടുനിന്നു വന്നിട്ടുണ്ടെന്നും, അവർ പുന്നത്തൂർ തമ്പുരാനെ കാണ്മാൻ പോയിരിക്കയാണെന്നും അമ്മാളുവും കമ്മിണിക്കുട്ടിയും വേഗത്തിൽ മനസ്സിലാക്കി. കമ്മിണിക്കുട്ടിയുടെ നെഞ്ഞ് ഇടിപ്പു് തുടങ്ങി. എന്തോ ചില ആപത്തുകൾ സംഭവിപ്പാൻ പോകുന്നുണ്ടെന്ന് ഒരു സംശയം ഉള്ളിൽ കടന്നുകൂടി.

സന്ധ്യ മയങ്ങിയപ്പോഴേയ്ക്കും ധർമ്മോത്ത് പണിക്കരും രണ്ടു കമ്പടിക്കാരും എത്തിക്കഴിഞ്ഞു. ഉമ്മനാട്ട് മൂത്ത പണിക്കരും ധർമ്മോത്ത് ചെറിയ പണിക്കരും തെക്കിനി മാളികമേലിരുന്ന് എന്തൊക്കെയോ സ്വകാര്യം പറകയായിരുന്നു. 'കുട്ടികൾ കുളിച്ചു വന്നാൽ പടിവാതിലടയ്ക്കണം' എന്നു മൂത്ത പണിക്കർ മുകളിൽനിന്നു വിളിച്ചു പറകയും ഉണ്ടായിട്ടുണ്ട്. കുളിച്ചു വരുമ്പോൾ പടികടന്നത് ഒന്നാമതു കമ്മിണിക്കുട്ടിയായിരുന്നു. പിന്നാലെ അമ്മാളുവും കടന്നു പടിവാതിലടയ്ക്കുമ്പോൾ ഒരു ഓലക്കഷണം താഴെ വീണു. ഉടനെ കമ്മിണിക്കുട്ടി അതു കയ്യിലെടുത്ത് അകത്തു പോയി ഈറൻ മാറുമ്പോൾ പെട്ടിപ്പുറത്തു വെച്ചു; ഇതിലിടയ്ക്ക് ശ്രീദേവി അമ്മ അകത്തു കടന്ന് ഒരു തൂക്കുവിളക്ക കത്തിച്ച് കമ്മിണിക്കുട്ടിയുടെ കയ്യിൽ കൊടുത്തു തെക്കിനിമാളികയുടെ മുകളിൽ കൊണ്ടു വെക്കുവാൻ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഈ ഓലക്കഷണം കമ്മിണിക്കുട്ടി എടുക്കുന്നതും പെട്ടിപ്പുറത്തു വെക്കുന്നതും കൂടെയുണ്ടായിരുന്ന അമ്മാളു കണ്ടിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. ഈറൻ മാറിയതിന്നു ശേഷം കമ്മിണിക്കുട്ടി മടങ്ങി വരുന്നതുവരെ തനിക്കു പ്രത്യേകം ജോലിയൊന്നും ഇല്ലാത്തതുകൊണ്ട്, ഈ ഓലക്കഷണം എന്താണെന്നു വിളക്കിന്നരികെ കൊണ്ടുവന്നു വായിച്ചു നോക്കി.

'ശത്രു ഇന്നു രാത്രി അവിടെയാണ് കിടപ്പു. കയ്യിലുള്ള റിക്കാർട്ടു കിട്ടിയാൽ ഞാൻ കൃതാർത്ഥനായി. പടിവാതിലും തെക്കിനിയുടെ വാതിലും തുറന്നുവെക്കണേ രാത്രി പതിനഞ്ച് നാഴിക — എന്ന് ഇ.'

ഇത്രമാത്രമാണ് എഴുത്ത്. ഈ എഴുത്തു വേഗം പെട്ടിപ്പുറത്തുവെച്ചു. അടുത്തുള്ള കട്ടിലിന്മേൽ കമിഴ്ന്നു കിടന്ന് അമ്മാളു ആലോചനയായി. കമ്മിണിക്കുട്ടി അകത്തു കടന്ന ഉടനെ പെട്ടിപ്പുറത്തേക്കു നോക്കുന്നതും അവിടെ കിടന്നിരുന്ന കത്തെടുത്തു മടിയിൽ വെക്കുന്നതും അമ്മാളു കണ്ടിരിക്കുന്നു. 'എന്താ ഏട്ടത്തി കിടക്കണ്' എന്നു ചോദ്യവും, 'ഏ! ഒരു തലവേദന– സാരമില്ല' എന്നു മറുവടിയും കഴിഞ്ഞു വേഗം ഈ എഴുത്തു വായിക്കേണ്ട ധൃതഗതിയോടുകൂടി കമ്മിണിക്കുട്ടി മറ്റൊരകത്തേയ്ക്കു പോകയും ചെയ്തു.

ഈ എഴുത്തിലെ വാചകം ആലോചിക്കുംതോറും അമ്മാളുവിന്നു വ്യസനം വർദ്ധിച്ചുതുടങ്ങി. 'ഈ എഴുത്ത് ആരെഴുതി ആർക്കെഴുതി, ഈ എഴുത്തു പടിവാതിലിന്മേൽനിന്നു വീണപ്പോൾതന്നെ അമ്മുക്കുട്ടി എടുപ്പാനും പിന്നെ പെട്ടിപ്പുറത്തു വെച്ചേടിക്കിൽനിന്ന് എടുത്തുകൊണ്ടുപോവാനും എന്താണ് കാരണം ഇവളുടെ കൂട്ടുകെട്ടു ആരറിഞ്ഞു, ധർമ്മോത്ത് പണിക്കരെ സംബന്ധിച്ചാണ് ഈ എഴുത്ത് എഴുതീട്ടുള്ളതെന്നതിന്നു യാതൊരു സംശയവുമില്ല അച്ഛന്റെ മിത്രവും സാമൂതിരിപ്പാട്ടിലെ ആളും, മാങ്ങാട്ടച്ചന്റെ മകനും തന്റെ— ധർമ്മോത്ത് ചെറിയ പണിക്കരാണെങ്കിൽ

കണ്ടാൽ കോമളൻ 35 വയസ്സിൽ അധികം പ്രായം ചെന്നിട്ടില്ല. അമ്മാളുവോട് ഒന്നു രണ്ടു തവണ സംസാരിപ്പാൻ അവസരമായപ്പോൾ അസാധാരണയായ ഔദാര്യം കാണിച്ചിട്ടുമുണ്ട്. എന്തെങ്കിലുമാവട്ടെ കമ്മിണിക്കുട്ടി ഇതിനെ പററി വല്ലതും സംസാരിക്കുമൊ എന്നു നോക്കുകതന്നെ, എന്നുവെച്ച് സമാധാനിച്ചു. അച്ഛൻെറയും പണിക്കരുടെയും ഊണു കഴിഞ്ഞു. ധൎമ്മോത്ത് പണിക്കർ തെക്കിനി മാളികയിലേക്കും മൂത്ത പണിക്കർ കിഴക്കിനിമാളികയിലേക്കും കിടപ്പാൻ പോയി. അമ്മാളുവും കമ്മിണിക്കുട്ടിയും ശ്രീദേവിഅമ്മയൊപ്പം ഉണ്ണാനിരുന്നു. കമ്മിണിക്കുട്ടിയുടെ മുഖം അല്പം വിളറിയതായും ഭക്ഷണം സാധാരണപോലെ കഴിക്കുന്നില്ലെന്നും എന്തൊ കലശലായ വിചാരം അവളുടെ മനസ്സിൽ കിടന്നു കളിക്കുന്നുണ്ടെന്നും അമ്മാളുവിന്നു മനസ്സിലായി. രാത്രി നടപ്പാൻ പോകുന്ന നാടകത്തിൽ കമ്മിണികുട്ടി എന്തൊ ഒരു ഭാഗം എടുപ്പാൻ തീൎച്ചയാക്കീട്ടുണ്ടെന്നപോലെ അമ്മാളുവിന്നു തോന്നി. ഇതിന്നു എന്താണ് ഒരു പ്രതിക്രിയ ചെയ്യേണ്ടത്? എങ്ങിനെയാണ് ധൎമ്മോത്ത് പണിക്കരെ വിവരം അറിയിക്കേണ്ടത്? പണിക്കരുടെ ശത്രുവും അമ്മുക്കുട്ടിയെ വശീകരിച്ച വിദ്വാനും ആരാണ്? കമ്മിണിക്കുട്ടിയെ ഇപ്രകാരം സംശയിക്കുന്നത് ഒടുവിൽ തെററാണെന്നു ദൃഷ്ടാന്തപ്പെട്ടാൽ എന്തു കഷ്ടമാണ്? ഇപ്രകാരമുള്ള വിചാരത്തിൽ മുങ്ങി അമ്മാളു വല്ലാതെ കുഴങ്ങി. കമ്മിണിക്കുട്ടി ഊണു കഴിഞ്ഞ ഉടനെ വാലിയക്കാൎക്കും ദാസികൾക്കും ധൎമ്മോത്ത് പണിക്കരുടെ അകമ്പടിക്കാൎക്കും ഭക്ഷണം കൊടുക്കുന്ന ജോലിയിൽ ഉത്സാഹിച്ചു. ഇതിനിടക്ക്, അമ്മാളു അച്ഛന്നു കിടപ്പാൻ കാച്ചിതെയ്യാറാക്കിയ പാലും കൊണ്ടു കിഴക്കിനിമാളികയിലേക്ക് പോയി. തെക്കിനിമാളികമേൽ എങ്ങിനെ കയറിച്ചെല്ലും? അതു വയ്യ. എന്തെങ്കിലുമാകട്ടെ. രാവിലെ ഉണ്ടായിരുന്ന ഒരു വാൾ ഉപായത്തിൽ എടുത്ത് താൻ കിടക്കുന്ന മുറിയിൽ കൊണ്ടുവെച്ചു. പടിവാതിൽ അടക്കുന്ന കാൎയ്യത്തിലും വാതിലുകൾ അടക്കുന്ന കാൎയ്യത്തിലും താൻ പ്രത്യേകം ശ്രദ്ധ വെച്ചതിൽ ഒരു സമയം കമ്മിണിക്കുട്ടിക്കു സംശയം തോന്നി കാൎയ്യം ഒക്കെ അവതാളത്തിലാകുമോ എന്ന ഭയംനിമിത്തം അമ്മാളു ഉറങ്ങാറുള്ള അകത്തേക്കാണ് പോയത്. കമ്മിണിക്കുട്ടി സാധാരണയിലധികം താമസിച്ചാണ് കിടപ്പാൻ അകത്തു പോയതെന്ന് അമ്മാളുവിന്നു മനസ്സിലായി. വീട്ടിൽ ശബ്ദം ഒക്കെ ഒതുങ്ങി എന്നു കണ്ടപ്പോൾ അമ്മാളു മെല്ലെ എഴുനേററു. അച്ഛൻെറ മുറിയിൽ നിന്നെടുത്തു കൊണ്ടുവന്ന വാൾ കയ്യിലെടുത്തു! മെല്ലെ നാലുകെട്ടിൽ കടന്നു തെക്കിനിയിൽ നിന്നു പുറത്തേക്കുള്ള വാതിൽ നോക്കിയപ്പോൾ അതു സാക്ഷയിട്ടിട്ടില്ലെന്നു കണ്ടു. കമ്മിണിക്കുട്ടി കാൎയ്യം പാറിച്ചുവെന്നു തീൎച്ചയാക്കി; മെല്ലെ കോണി കയറി, ധൎമ്മോത്ത് പണിക്കർ കിടക്കുന്ന മുറിയുടെ മുൻവശത്തുള്ള തളത്തിൽ ഒരു മൂലയിൽ ചെന്നു നിന്നു. അൎദ്ധരാത്രി. ധൎമ്മോത്ത് പണിക്കർ വാതിൽ തഴുതിട്ടിരുന്നു. അകത്തു വിളക്കു കത്തുന്നുണ്ട്. പണിക്കർ കിടക്കുന്ന മുറിയുടെ മറെറ വശം വേറെ ഒരു മുറിയിൽ അകമ്പടിക്കാരും വാല്യക്കാരനും കിടക്കുന്നുണ്ടായിരുന്നു. ആരോ ഒരാൾ കോണി കയറി വരുന്നുണ്ടെന്ന് അമ്മാളുവിന്നു തോന്നി. വാൾ നല്ലവണ്ണം മുറുകെ പിടിച്ചു. കോണി കയറി ചെല്ലുന്നത് ഒരു ആ

ളത്തിലേക്കാണ്. ആ തളത്തിൽ നിന്നാണ് പണിക്കർ കിടക്കുന്ന മുറിയിലേക്കു കടക്കേണ്ടത്. ആ മുറിയിൽ ഒരു മൂലയ്ക്കാണ് അമ്മാളു നിൽക്കുന്നതും. ഈ വന്ന ആൾ വാതിലിന്മേൽ മുട്ടിവിളിച്ചു. ധർമ്മോത്ത് ചെറിയ പണിക്കർ ഉണർന്നു വാതിൽ തുറക്കലും, പുറത്തു നിന്നാൾ കട്ടാരംകൊണ്ട് ഒരു കുത്തു കുത്തിയതും, 'അയ്യോ ചതിച്ചുവല്ലോ' എന്നു പറഞ്ഞ് അമ്മാളു വാൾകൊണ്ട് കട്ടാരം പിടിച്ച കൈക്ക് ഒരു വെട്ടുവെട്ടിയതും എല്ലാം ഒരു നിമിഷംകൊണ്ടു കഴിഞ്ഞു. ഭാഗ്യവശാൽ കട്ടാരത്തിന്റെ കുത്ത് പണിക്കരുടെ കയ്യിലാണ് കൊണ്ടത്. അമ്മാളുവിന്റെ വെട്ട് കട്ടാരം പിടിച്ച കൈ ഏതാണ്ട് രണ്ടു കഷ്ണമാക്കിയിരിക്കുന്നു. ഇട്ടിരാരിശ്ശമേനവൻ തിരിയുന്നതിനു മുമ്പായി വേറെ ഒരു വെട്ടും അമ്മാളു കൊടുത്തിരിക്കുന്നു. ഇട്ടിരാരിശ്ശമേനവൻ ബോധംകെട്ട് തളത്തിൽ വീഴലും, കോണിപ്പടിയിൽ നിന്നു ദീർഘശ്വാസത്തോടുകൂടി വേറെ ഒരു ദേഹം ഉരുണ്ടുരുണ്ടു താഴെ വീഴലും ഒപ്പംകഴിഞ്ഞു. വീട്ടിൽ എല്ലാവരും ഉണർന്നു. വിളക്കും ഓട്ടവും ഒക്കെയായി. കമ്മിണിക്കുട്ടി കോണിപ്പടിക്കു താഴെ മരിച്ചുകിടക്കുന്നു. ഇട്ടിരാരിശ്ശമേനവൻ മരണവേദനയോടെ കിടക്കുന്നു. അമ്മാളു സർവ്വാംഗം തരിച്ചു നില്ക്കുന്നു. ധർമ്മോത്ത് ചെറിയ പണിക്കർ കാര്യമൊക്കെ മനസ്സിലായി. ചോരാത്ത വിവരം ഒരു ദിവസം അമ്മാളു രഹസ്യാവസരത്തിൽ പറഞ്ഞുകൊടുത്തു. ചന്ദ്രാട്ടിൽ ഇട്ടിരാരിശ്ശമേനവന്റെ "കുടിപ്പക"യും ഇങ്ങിനെ അവസാനിച്ചു. *

* സാമൂതിരിപ്പാട്ടിലെ ആൾക്കാർ മുഖ്യപ്രവൃത്തിക്കാരുടെ വേഷമെടുത്തു ലന്തക്കോട്ടയിൽ കടന്നുകൂടിയതും പട്ടാളക്കാർ ഒരുക്കമില്ലാത്ത അവസരം നോക്കി സാമൂതിരിപ്പാട്ടിലെ പട്ടാളക്കാരെ കോട്ടയിൽ കടത്തി ലന്തക്കാരെയൊക്കെ പിടിച്ച് കോട്ട അധീനമാക്കിയതും ഈ അവസരത്തിൽ ധർമ്മോത്ത് പണിക്കർ കാണിച്ച ബുദ്ധിസാമർത്ഥ്യവും മറ്റും ചരിത്രപ്രസിദ്ധമായതുകൊണ്ട് ഇവിടെ പ്രസ്താവിക്കേണ്ടതില്ലല്ലോ.

എം. ആർ. കെ. സി.

—— :o: ——

# ഞങ്ങളുടെ വായനശാല

൧. പാലാഴിമഥനം

'പഴയതെല്ലാം പരമാർത്ഥം; പുതിയതൊക്കെ പേക്കൂത്ത്;' എന്നു ഞങ്ങൾക്കഭിപ്രായമില്ല. എന്നാൽ, പഴയ വഴികളെ വിട്ട് പുതിയതിലേയ്ക്കു പകരുമ്പോൾ പല തകരാറുകളും വരുവാനിടയുണ്ട്. സകലവസ്തുക്കളിലും സമാനമായ ഈ സംഗതി സാഹിത്യത്തിന്റെ കാര്യത്തിലും സത്യംതന്നെയാണ്. ഈ അവസ്ഥയ്ക്ക്, സാഹിത്യശാസ്ത്രികൾ [illegible] എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. മലയാള സാഹിത്യത്തിൽ ഇപ്പോൾ പുതിയ പരിഷ്കാരം എത്രതന്നെ പരന്നിട്ടുണ്ടെങ്കിലും, അതിന്റെ അന്തരാളാവസ്ഥ തീരെ തീർന്നുവെന്നു തോന്നുന്നില്ല. അതിനാൽ, ഭാഷാകവിതയ്ക്കു പല പുതുമോടികളും വന്നിട്ടുള്ള ഇക്കാലത്തു പഴയ മണിപ്രവാളത്തിന്റെ ചട്ടങ്ങളനുസരിച്ചു വല്ലവരും കവിതയുണ്ടാക്കുന്നുണ്ടെങ്കിൽ അവരുടെ നേരെ [illegible] തെറ്റാണെന്നു

പറയാതെ കഴികയില്ല. 'പാലാഴിമഥനം' എന്ന ഈ പുസ്തകം പഴയ പ്രബന്ധങ്ങളുടെ രീതി പിടിച്ചു നിർമ്മിച്ചിട്ടുള്ളതാണ്. ഇതിൽ ചില ദിക്കുകളിൽ പഴയ ചിട്ടസ്സുകാരെപ്പോലെ വൈകല്യം വന്നിട്ടുണ്ടെങ്കിലും, കവിയുടെ അനുകരണസാമർത്ഥ്യം പ്രശംസാർഹമായിരിക്കുന്നു. ഇതിലെ പല ഗദ്യപദ്യങ്ങൾക്കും നല്ലവണ്ണം ഓജസ്സും ശക്തിയും വന്നിട്ടുണ്ട്. പക്ഷെ, നിരർത്ഥകശബ്ദപ്രയോഗം മുതലായ ചില ദോഷങ്ങൾ ഇടയ്ക്കിടയ്ക്കു പററിപ്പോയിട്ടുണ്ട്. "കേളീകന്ദുകഖേലനാദിവിവിധക്രീഡാവിനോദങ്ങളി"ലും മററും ഒരേ അർത്ഥത്തിലുള്ള ശബ്ദങ്ങളെ പല പ്രാവശ്യം ആവർത്തിച്ചിട്ടുള്ളതു നോക്കുക. എങ്കിലും കവി ഒരു നല്ല വാസനക്കാരനാണെന്ന് ആർക്കും ബോദ്ധ്യപ്പെടാതിരിക്കയില്ല. അതുകൊണ്ട്, ഈ പ്രബന്ധത്തിന്റെ പ്രണേതാവായ വെള്ളിങ്ങന്നൂർ പുഷ്പകത്തു ശങ്കരൻനമ്പ്യാരവർകളുടെ കവിതാപരിശ്രമം ചിരാനുബന്ധിയായിക്കാണണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

## ൮. ആത്മപുരാണം

പുരാണങ്ങളെയും മററും തർജ്ജമചെയ്യുന്നതിന്നു പഴമക്കാർ അവലംബിച്ചിരുന്ന കിളിപ്പാട്ടുരീതിക്കു പുറമെ, ശ്ലോകത്തിന്നു ശ്ലോകമായി തർജ്ജമ ചെയ്യുക എന്നൊരു സമ്പ്രദായം കൂടി ഇയ്യിടയിൽ ഉണ്ടായിട്ടുണ്ടല്ലൊ. ഈ രണ്ടു രീതിയും മൂലത്തിന്റെ പദ്യമയത്വത്തിന്നനുസരിച്ചിട്ടുള്ളവയാണ്. എന്നാൽ, മൂലത്തിലുള്ള പദ്യങ്ങളെ ലളിതഭാഷയിൽ ഗദ്യമായി തർജ്ജമ ചെയ്താൽ അർത്ഥഗ്രഹണത്തിന്നു കുറെക്കൂടി എളുപ്പമുണ്ടെന്നു പുതിയ ചില തർജ്ജമക്കാർ അഭിപ്രായപ്പെടുന്നു. ഇയ്യിടയിൽ ഈ രീതിയിലും ചില തർജ്ജമകൾ ഉണ്ടാവുന്നതുമുണ്ട്. ഗദ്യപക്ഷപാതികളായ ഈ പക്ഷക്കാർ പുറപ്പെട്ടിട്ടുള്ള വഴി, പഴയ സംസ്കൃതഗ്രന്ഥങ്ങളെ മലയാളത്തിലേയ്ക്കു തർജ്ജമ ചെയ്യുന്നതിലുള്ള മൂന്നാമത്തെ പ്രസ്ഥാനമാണ്. ഈ മൂന്നു രീതിയും ഓരോ വിധത്തിൽ വിചാരിക്കുമ്പോൾ നല്ലതെന്നു പറയുന്നതല്ലാതെ, അവയെ ഒന്നിനോടൊന്നു താരതമ്യപ്പെടുത്തുന്നത് ഈ സന്ദർഭത്തിൽ പ്രസക്തമല്ല. ആത്മപുരാണത്തിന്റെ ഈ തർജ്ജമ പല വട്ടമായി ഞങ്ങൾ വായിച്ചു നോക്കിയതിൽ, ഇതുപോലെ ഗംഭീരാർത്ഥങ്ങളായ ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ എത്രതന്നെ ഉണ്ടായിവന്നാലും ഭാഷാസ്നേഹികൾക്ക് അരോചകം വരികയില്ലെന്നു തെളിഞ്ഞിരിക്കുന്നു. ഗഹനങ്ങളായ ഭാഗങ്ങളിൽ തർജ്ജമയ്ക്കു പുറമെ ടിപ്പണികൂടി ചേർത്തിട്ടുള്ളതും, തർജ്ജമയെ മൂലത്തോടൊത്തു നോക്കുവാൻ സൌകര്യമാവത്തക്ക വിധം മൂലം കൂടിച്ചേർത്തച്ചടിച്ചിട്ടുള്ളതും ഉചിതമായിട്ടുണ്ട്. 'വിചാരസാഗരം' മുതലായ വിശിഷ്ടഗ്രന്ഥങ്ങളുണ്ടാക്കി നല്ല വിദ്വാനെന്നു പേരു നേടിയ കോരാത്തു നാരായണമേനോനവർകളുടെ ഈ തർജ്ജമയെ ഉപനിഷത്സാരങ്ങളറിവാനാഗ്രഹിക്കുന്നവർ ആദരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. റോയൽ എണ്ണൂറു ഭാഗങ്ങളടങ്ങിയ ഓരോ ലക്കമായി ഈരണ്ടു മാസം കൂടുമ്പോൾ പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകം സുമാർ നാലു കൊല്ലംകൊണ്ടു മുഴുവനാവുമെന്നാണു കാണുന്നത്.

## ൯. നീതികഥകൾ

പെൻഷ്യൻറ് റേഞ്ച് ഇൻസ്പെക്ടർ ആർ. ഈശ്വരപിള്ള ബി. എ. അവർകൾ ഉണ്ടാക്കിയതും, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ മുഖവുരയോടുകൂടി ബി. വി. ബുക്ക് ഡിപ്പോ ഉടമസ്ഥൻ ആ

ച്ചടിപ്പിച്ച പ്രസിദ്ധപ്പെടുത്തിയതുമാണ് ഈ പുസ്തകം. എലിമെണ്ടറി, സെക്കൻഡ്രി എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുപകരിക്കത്തക്ക പാകത്തിലുള്ള 82 ചെറുകഥകളാണ് ഇതിലെ വിഷയം. കാക്ക, മയിൽ മുതലായി ചെറുപ്പത്തിൽത്തന്നെ പരിചയമുണ്ടാവാവുന്ന ജന്തുക്കളേയും മററും പററിയവയായ ഇതിലെ കഥകൾ ബാലോപയോഗത്തിന്നു വളരെ ഉപകരിക്കും. വാചകങ്ങൾ ഒരുമാതിരി ലളിതമായിട്ടുണ്ട്. വിദ്യാദാനത്തിൽ വിദഗ്ദ്ധനായ ഗ്രന്ഥകർത്താവവർകളുടെ ഈ പരിശ്രമത്തെ പാഠപുസ്തകക്കമ്മിററിക്കാർ ആദരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

### ൪. കലിംഗവധം ആട്ടക്കഥ.

ആട്ടക്കഥക്കാരുടെ പോരാട്ടത്തിന്നു നാടകങ്ങളുടെ പ്രചാരത്തോടുകൂടി കോട്ടം തട്ടിത്തുടങ്ങി. കുറച്ചുകാലമായിട്ടു കളിക്കാരുടെ എന്നപോലെ കഥാപുസ്തകങ്ങളുടെയും പുറപ്പാട് ഒന്നു നിലച്ചിരിക്കയാണ്. ഈ സ്ഥിതിക്ക്, യുവകവിയായ ചങ്ങരങ്കോത കൃഷ്ണൻകർത്താവവർകളുടെ ഈ പുസ്തകം ഭാഷാസാഹിത്യത്തിന്ന് ആവശ്യം തന്നെയാണ്. പഴയ സമ്പ്രദായത്തിൽ പച്ച, കത്തി, കരി മുതലായ വേഷങ്ങൾക്കെല്ലാം ഈ കഥയിൽ സന്ദർഭങ്ങളുണ്ട്. കവിതയും സാമാന്യം ഭംഗിയായിട്ടുണ്ടു. പഴയ കൃതികളുടെ മാതിരി ശ്ലോകങ്ങളെല്ലാം സംസ്കൃതമായിരുന്നുവെങ്കിൽ ഭാഗവതന്മാൎക്കു കുറെക്കൂടി ഉപയോഗപ്പെടുമായിരുന്നു എന്നു ചിലർ ശങ്കിക്കുമായിരിക്കാം.

### 5. മനം പോലെ മംഗല്യം.

"As a man thinketh" എന്ന ഇംഗ്ലീഷു പുസ്തകത്തെ ആധാരമാക്കി കെ. ആർ. ജനാൎദ്ദനമേനോനവർകളെഴുതിയ ഒരു ചെറുപുസ്തകമാണിത്. ജനങ്ങൾക്ക് ആത്മസംബന്ധമായ അറിവുകളുണ്ടാക്കുന്നതിന്ന് ഇതുപകരിക്കുമെന്നാണ് ഞങ്ങളുടെ അഭിപ്രായം. വിചാരശക്തി മുതൽ ശാന്തതകൂടി എട്ടുപന്യാസങ്ങൾ ഇതിലുള്ളതിൽ ചിലത് ഇതിന്നു മുമ്പു ചില മാസികകളിൽ ചേൎത്തിട്ടുള്ളവയാണ്. പുതിയ ഗദ്യമെഴുത്തുകാരിലൊരാളായ ജനാൎദ്ദനമേനോനവർകളുടെ മനംപോലെ മലയാളഭാഷയ്ക്കു കിട്ടീട്ടുള്ള ഈ മംഗല്യത്തെ മലയാളികൾ ആദരിക്കേണ്ടതാണ്.

# മംഗളോദയംപത്രാധിപർ

'വിദ്യാവിനോദിനി'പത്രാധിപരായിരുന്നും മററു പ്രകാരത്തിലും വിഖ്യാതി സമ്പാദിച്ച സി. പി. അച്യുതമേനോൻ അവർകൾ (ബി എ) മംഗളോദയം മാസികയുടെ പത്രാധിപത്യം ഏറെറടുത്തിട്ടുള്ള സന്തോഷവൎത്തമാനം ഞങ്ങളുടെ വായനക്കാരേയും പൊതുജനങ്ങളെയും അറിയിച്ചുകൊള്ളുന്നു.

# पूर्णसरस्वतीकाव्यकीर्तिः ।

---***---

मंगळश्लोकाः—

विस्तारभाजि घनपत्रलतासनाथे
मुक्तावलीविमलनिर्झरधाम्नि तुंगे ।
गोवर्धने कुचतटेऽपि च गोपिकाना-
मापद्घ्नं सुमनसां रममाणमीडे ॥ १ ॥

नतनाभिनितम्बखिन्नमध्या-
दधरे शोणमचाक्षुषं विलग्ने ।
स्तनशालि वपुस्तवांब ! धातु-
र्महिळासृष्टिषु मातृकायमाणम् ॥ २ ॥

विश्वव्यापन्निशिचरमयी विक्षिपन्ती नगेन्द्रे
मन्दाक्रान्ता किसलयरुचा यस्य पादाञ्चलेन ।
भ्रश्यच्चेष्टै रुपरिनिपतच्छैलविष्टैः प्रवेष्टैः
सस्मारार्तिं स्वकृतविपदां तं स्मरामः स्मरारिम् ॥३॥

कविप्रशस्तिः—

गुणैर्वा त्रिविधैश्शब्दैर्भावास्तैरेव निर्मितान् ।
नवयन्ती जयत्युच्चैश्शक्तिः स्रष्टुर्महाकवेः ॥ ४ ॥

ताल्वादियत्नसापेक्षवाग्विलंबभयाद्ध्रुवम् ।
द्रुतमास्यैःस्तुवन् सूक्तिं जीयात्सहृदयो जनः ॥ ५ ॥

कालशक्तिः—

देहिनामिति विचित्रकर्मणा-
मुच्चनीचफलभोगसाक्षिणी ।
कालकालमपहाय केवलं
कालशक्तिरिह केन लङ्घ्यते ॥ ३ ॥

वासरं वासतेयीश्च पाराधीन्येन पश्यतः ।
सुस्थान्याभ्यामवस्थाभ्यां स्वस्थाभ्यां कौ मदेतरौ ॥७॥

वर्षावैभवम् —

ऋतुभिरिहकिमन्यै रेक एवाहमीशो
जगति विरहभाजां जीवताकर्षणाय ।
इति नियतमतानीन्मारवीरप्रतिज्ञां
प्रकटविकटनादः प्रावृषेण्यः पयोदः ॥ ८ ॥

विरहिणीदशा —

अधिकरतलतल्पं कल्पितस्वापकेळी
परिमलननिमीलत्पाण्डिमा गण्डपाळी ।
सुतनु ! कथय कस्य व्यञ्जयत्यञ्जसैव
स्मरनरपतिलीलायौवराज्याभिषेकम् ॥ ९ ॥

चर्मण्वतीचरितम् —

आसीत् पुरा नरपतिः किल रन्तिदेवः
कीर्तिप्रसूनसुरभीकृतदिङ्मुखश्रीः ।
यो वर्णसंकरवतीमपि रत्नपुञ्जैः
क्षोणीमपालयदसंकरवर्णहृद्याम् ॥ १० ॥

राष्ट्रे च तस्य रमणीयगुणाम्बुराशे-
र्गावः कदाचिदटवीं गहनां प्रविष्टाः ।
दृष्ट्वा श्रिया परमया ज्वलिता सुधेनूः
पप्रच्छुरच्छकनकच्छविमङ्गलांगीः ॥ ११ ॥

"सख्यः ! कथन्नु भवतीभिरवाप्तमेत-
द्रूपं जरामृतिरुजारहिता च लक्ष्मीः" ।
इत्यादृतं सुरभयः परिपृच्छ्यमाना-
स्ताभ्यः शशंसुरथ तत्त्वमुदारशीलाः ॥ १२ ॥

" यज्ञे वयं सुकृतिभिर्विधिना विशस्ताः
पुण्यस्य तस्य फलमेतदपेतपुण्याः ।
अर्थं गिरामपुरुषाशयदूषिताना-
मासेव्य को हि भुवने न भवेत्कृतार्थः " ॥ १३ ॥

इति गिरममलां निशम्य तासा-
मवनिचरः किल गोगणः स्पृहावान् ।
नरपतिमुपगम्य वाचमूचे
सुरपितृमानवमाननैकदक्षिम् ॥ १४

" यजस्व राजन्नस्माभिः श्रेयोऽस्माकं भवेत्ततः
तवापि सुमहत्पुण्यं कीर्तिश्चाभ्युदये"दिति ॥ १५ ॥

अथ प्रीतो राजा पशुनिवहमालभ्यविधिना
बहूनीजे यज्ञान् बहुमतिपदं भूदिविषदाम् ।
विशस्तानां तस्यां मखभुवि पशूनामयुतशः
स्रवन्ती सस्यन्दे क्षतजविसरैश्चर्मगलितैः ॥ १६ ॥

यागे यथाविधि कृते विबुधाः प्रसन्ना-
स्तस्मै वरं सुकृतिने कृतिने वितेरुः ।
" चर्मण्वतीति तव कीर्तिरनन्तकीर्तेः
शश्वत्पुनातु धरणीं सरिदात्मने"ति ॥ १७ ॥

धेनवोऽपि गतिमापुरभीष्टां
तेन शिष्टमहितेन विशस्ताः ।
रन्तिदेवनृपतिश्च महीया-
निन्द्रलोकमधुनाप्युपभुङ्क्ते ॥ १८ ॥

☞ मेघसन्देशस्य "विद्युल्लता"ख्यां व्याख्यां प्रणीतवता पूर्णसरस्वतीति विदुषा निर्मितानीमानि पद्यानि । यः किल पण्डितः केरळेषु "कार्ट्टुमाट्टस्" इत्यत्र प्रसिद्धद्विजकुले कृत जन्मा पूर्णवेदपुरीश्वरभक्तश्चेति प्रथास्ति । पद्यानीमानि पाठकानानन्दयेयुरिति विश्वस्य सप्रमोदमुपहूयन्तेऽस्माभिः पाठकानां पुरस्तात् ॥

मम । पत्राधिपः ।

# മംഗളോദയം.

## ൧൦൮൮

| പുസ്തകം ൫ | കുംഭമാസം | ലക്കം ൪ |
|---|---|---|


### മംഗളം.

സാരഗ്രന്ഥാക്ഷമാല്യാഭയവരധരമാം നാലുകയ്യൊത്ത ലീലാ-
കാരത്തോടേ വിളങ്ങും ഭവതിയുടെ കൃപാമന്ദഹാസാംശുലേശം
സ്വൈരം സേവിച്ചുനേടിച്ചില സുകൃതിജനം സ്വച്ഛവൎണ്ണസ്വരൂപേ!
പാരമ്പെഗ്ഗൌരമാക്കീ പെരിയ കവിയശസ്സായ പൂവെണ്ണിലാവാൽ.

വള്ളത്തോൾ നാരായണമേനോൻ.

# യഥാൎത്ഥകവിത.

കവിതയുടെ ഉദ്ദേശം, വായനക്കാരെ തല്ക്കാലത്തേയ്ക്കുമാത്രം രസിപ്പിച്ചതുകൊണ്ടു സാധിച്ചു എന്നു പറഞ്ഞുകൂടാ. വിശിഷ്ടങ്ങളും ഫലപ്രദങ്ങളുമായ പല ഉദ്ദേശങ്ങളും അതുകൊണ്ടു സാധിക്കുവാനുണ്ട്.



'യഥാൎത്ഥകവിത മനുഷ്യജീവിതക്രമത്തെ വിവരിക്കയും നിരൂപണം ചെയ്കയും ചെയ്തു്, മനുഷ്യൎക്കു മനസ്സമാധാനം വരുത്തി അവരെ നിലനിൎത്തിക്കൊണ്ടുപോകുന്നു' എന്നു് 'മാത്യൂ ആർനോൾഡ്' പറഞ്ഞിട്ടുണ്ട്. കവിതയ്ക്കു ഭാവിയിൽ വലുതായ ഒരു യോഗം വരുമെന്നു് അദ്ദേഹം വാദിക്കുവാനുള്ള ഒരു പ്രധാനകാരണം, മുമ്പറഞ്ഞ ഗുണങ്ങൾ അതിന്നുണ്ടാവുമെന്നുള്ള വിശ്വാസമാണു്.

* മദിരാശി ക്രിസ്ത്യൻകോളേജ് മലയാളസമാജത്തിൽ വായിച്ച ഒരു പ്രബന്ധത്തിലെ പ്രധാനസംഗതികൾ.

'നെപ്പോളിയൻ' ഒരിക്കൽ; കപടത്തിനു പ്രവേശം ലഭിക്കാതെ ലോകത്തിൽ ഒന്നുംതന്നെ ഇല്ലെന്നു പറഞ്ഞതിനെപ്പററി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ 'സെൻറ്ബീവ്' കാപട്യം കടന്നുകൂടാത്ത ചില വിഷയങ്ങളെ പ്രസ്താവിച്ച കൂട്ടത്തിൽ കവിതയുടെ കാര്യവും വിസ്മരിച്ചില്ല. അദ്ദേഹം വിചാരിച്ച കവിത യഥാർത്ഥകവിതയാണ്. അതു് ഏററവും വാസ്തവവും വിശിഷ്ടവുമായ ആശയങ്ങളുടെ വിളനിലമാകുന്നു. ആ യഥാർത്ഥകവിതയെപ്പററിയുള്ള നമ്മുടെ വിചാരം വളരെ ഉന്നതമായിരിക്കണം. അതിനെ തുലനംചെയ്യുന്നതിൽ നാം സൂക്ഷിച്ചിരിക്കയുംവേണം. സാധാരണയായി കാണുന്ന കവിതകളെല്ലാം യഥാർത്ഥകവിതകളായി ഗണിക്കുവാൻ പാടില്ല.

കവിതയില്ലെങ്കിൽ നമ്മുടെ ശാസ്ത്രങ്ങൾ അപൂർണ്ണങ്ങളായിരിക്കുമെന്നും, ഇപ്പോൾ നാം മതമെന്നും തത്വശാസ്ത്രമെന്നും വിചാരിച്ചുവരുന്നവയെല്ലാം ദൂരെ തള്ളി കവിത അവയുടെ സ്ഥാനം കയ്യേറുമെന്നും 'മാത്യു ആർനോൾഡ്' പറയുന്നുണ്ട്. കവിത സകലശാസ്ത്രങ്ങളുടെയും മുഖമാണെന്നു 'വേർഡ്സ്‌വർത്തും' പറയുന്നു. മുഖമാണല്ലോ ദേഹത്തിലെ പ്രധാനമായ അവയവം. യഥാർത്ഥജ്ഞാനമടങ്ങീട്ടുള്ള കവിത, ഇപ്പോൾ നമുക്കു വാസ്തവമെന്നു തോന്നുന്നവയുംഗാഢമായാലോചിച്ചാൽ അടിസ്ഥാനരഹിതങ്ങളും ആയ തത്വശാസ്ത്രതത്വങ്ങളെയും മതനിബന്ധനകളെയും ഭാവിയിൽ ബലഹീനങ്ങളാക്കി ചെയ്യുമെന്നു 'മാത്യു ആർനോൾഡ്' പറഞ്ഞിട്ടുള്ളതിൽ ധാരാളം വാസ്തവമുണ്ട്. ഒരു യഥാർത്ഥകവി, സാധാരണക്കാർ കാണാത്ത ലോകരഹസ്യങ്ങളെയും ദൈവോദ്ദേശങ്ങളെയും അറിയുന്നുണ്ട്. ആയാൾ കണ്ടറിയുന്ന ചില വാസ്തവസംഗതികൾ ചില മതസ്ഥാപകന്മാരുടെയും തത്വജ്ഞാനികളുടെയും ആലോചനയിൽ പെട്ടില്ലെന്നു വരുന്നതു് അസാധാരണയല്ല. കാലക്രമംകൊണ്ടു്, ജനങ്ങളുടെ ഇടയിലുള്ള നാഗരികതവും ബുദ്ധിവികാസവും വർദ്ധിക്കുമ്പോൾ, യഥാർത്ഥകവികളുടെ ഉപദേശങ്ങളെ അവർ സ്വീകരിക്കയും ആരാധിക്കയും ചെയ്യുന്നതാണ്. ഇതിൻെറ ഫലങ്ങളിൽ ഒന്നു ചില മതങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും പ്രാധാന്യത്തിന്നു് ഇടിവു തട്ടുന്നതായിരിക്കും.

വാസ്തവസംഗതികളെപ്പററി മാത്രം വ്യവഹരിക്കുന്നതും ഗൌരവത്തോടുകൂടിയിരിക്കുന്നതും ആണു് കവിതയുടെ രണ്ടു പ്രധാനഗുണങ്ങൾ എന്നു് 'അരിസ്റ്റോട്ടൽ' പറയുന്നുണ്ടു്. കവിതാവിഷയത്തിൽ അതിശയോക്തിക്കോ അവാസ്തവപ്രലാപത്തിനോ ഇടം അനുവദിക്കരുതു്. ജനങ്ങളെ പഠിപ്പിക്കുന്നതാണു് കവിതയുടെ ഒരു പ്രധാനോദ്ദേശമെങ്കിൽ അതു ഗൌരവംവിടാതെതന്നെ സാധിക്കുവാനാണു് നോക്കേണ്ടതു്. എന്നാൽ, ഇവകൂടാതെ വേറെ ചില ഗുണങ്ങളും കവിതയ്ക്കാവശ്യമാണ്. ഒരു യഥാർത്ഥകവിതയ്ക്കു നല്ല ശയ്യാഗുണവും രചനാവിശേഷവും ഉണ്ടായിരിക്കും. അർത്ഥപുഷ്ടിയുള്ള കവിതയ്ക്കു ശബ്ദപുഷ്ടിയുണ്ടാകയില്ലെന്നു വിചാരിക്കുന്നതു് അബദ്ധമാണെന്നു 'മാത്യു ആർനോൾഡ്' അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഒരു കൃതിയിൽ ഉയൎന്ന രീതിയിലുള്ള രചനാവിശുദ്ധിയും ശയ്യാഗുണവും ഇല്ലാതിരിക്കുന്നതിനെ അനുസരിച്ചു്, ഉയൎന്നരീതിയിലുള്ള ഗൌരവസ്വഭാവവും വാസ്തവവുംകൂടി അതിൽ ഇല്ലാതെ കാണാ

വൃന്നതാണെന്നാകുന്നു ഈ അഭിപ്രായത്തിന്റെ തത്വം.

കവിതയുടെ പ്രധാനഗുണങ്ങളിൽ മറെറാന്ന്, കവി മനസ്സിന്നുവിരോധമായി ഒന്നും പറയാതെ നിഷ്കപടതയോടെ ഇരിക്കുന്നതാണെന്ന് 'കാർലൈൽ' സിദ്ധാന്തിച്ചിരിക്കുന്നു. "നിങ്ങൾ പറയുന്നത് വിശ്വസിക്കണമെങ്കിൽ വാസ്തവം പറയൂ" എന്നാണ് അദ്ദേഹം കവികളോടുപദേശിക്കുന്നത്. മനുഷ്യരുടെ മനോവൃത്തികൾക്കു തമ്മിൽ ഏതാണ്ടു യോജിപ്പുള്ളതുകൊണ്ട്, ഒരു കവി, താൻ വാസ്തവമായി വിശ്വസിക്കുന്ന സംഗതികളെ ലേശവും അതിശയോക്തികൂടാതെ പറയുകയാണെങ്കിൽ അവ കേൾക്കുവാനും വിശ്വസിക്കുവാനും ധാരാളം ആളുകൾ ഉണ്ടാകും.

പ്രകൃതിയെ ആദരിക്കുന്നതും, പ്രകൃതിയിൽ കാണുന്നതു ലേശവും പൊടിപ്പും തൊങ്ങലും കൂട്ടാതെ വിസ്തരിക്കുന്നതും യഥാർത്ഥകവിധർമ്മങ്ങളിൽ ഒന്നാണ്. ദിവസംപ്രതി കാണുന്ന പക്ഷിമൃഗാദികളേയും വൃക്ഷലതാദികളേയും കണ്ടറിഞ്ഞ്, അവയെ യഥാർത്ഥകവി സ്നേഹിക്കുന്നു. മനുഷ്യരെ സ്നേഹിക്കാത്തവർ കവിതയെഴുതുവാൻ പുറപ്പെടരുത്. മനുഷ്യവർഗ്ഗത്തെ സ്നേഹിക്കുവാൻ പഠിച്ചിട്ടുള്ള കവികൾ പലരും മിക്ക സംഗതികളിലും മാതൃകാകവികളോടടുത്തുവന്നിട്ടുണ്ട്. താൻ പ്രതിപാദിക്കുവാൻ വിചാരിക്കുന്ന വിഷയത്തിൽ വിശ്വാസവും സ്ഥായിയും ഉണ്ടായിരിക്കുന്നതു യഥാർത്ഥകവിയുടെ ലക്ഷണമാകുന്നു. വിശ്വാസവും സ്നേഹവും ജനിച്ചാൽ, അതിശയോക്തിയുടെ സഹായം കൂടാതെതന്നെ അതിന്റെ വാസ്തവങ്ങളെ പരസ്യമാക്കുവാനും അനുമോദനമോ അനുകമ്പയോ വേണ്ടിവരുന്ന സംഗതികളിൽ വായനക്കാരിലും ആ വികാരങ്ങൾ ജനിപ്പിക്കുന്നതിനും ഒരു യഥാർത്ഥകവിക്കു പ്രയാസമില്ല. ഇതിനു ഉദാഹരണമായി കാർലൈൽ ബേൺസിന്റെ കവിതകളെ എടുത്തു കാണിക്കുന്നു. ബേൺസിന്റെ നാട്ടുപ്രദേശങ്ങളിലുള്ള മുണ്ടെലികളേയോ പറക്കമുററിട്ടുള്ള ഒരു വെറും മുയലിനേയോ പററി കവിതയെഴുതി വായനക്കാരിൽ ആർദ്രത ജനിപ്പിക്കുവാൻ ലേശംപോലും പ്രയാസമുണ്ടായിരുന്നില്ല. ഇതിന്റെ കാരണം, ആ കവിപുംഗവന്ന് ആ വക ജീവികളിലുള്ള കളങ്കരഹിതമായ സ്നേഹം തന്നെയാണ്.

കവിതയിൽ വാസ്തവം മാത്രമേ ഉണ്ടാകുവാൻ പാടുള്ളു എന്നു നിഷ്കർഷയുള്ള കവികൾ, തങ്ങൾക്കു നല്ല പരിചയമുള്ള സ്ഥലങ്ങളേയോ വസ്തുക്കളേയോ കാഴ്ചകളേയോ മാത്രം വിസ്തരിക്കുവാൻ പുറപ്പെട്ടാൽ നന്ന്. ബേൺസും വേർഡ്സ്വർത്തും ഇംഗ്ലീഷ് കവികളുടെ കൂട്ടത്തിൽ പ്രമാണികളാവാനുള്ള പ്രധാനകാരണം ഇതുതന്നെയാണ്. ഉതാററായ സങ്കല്പവും ഉദ്ദേശവും കവിതയുടെ ഗുണത്തിനു ഹാനികരമാകുന്നു. പരിചയമുള്ള വിഷയങ്ങളെപ്പററി പറയുമ്പോൾ, മനസ്സമാധാനത്തോടും സ്വാതന്ത്ര്യത്തോടും കൂടിയാണ് കവി തന്റെ ജോലിയിൽ പ്രവേശിക്കുന്നത്. അതിനാൽ ആയാൾക്കു വലിയ പരാജയമൊന്നും വരുവാൻ മാർഗ്ഗമില്ല. താൻ നല്ലവണ്ണം കണ്ടറിഞ്ഞിട്ടുള്ള വസ്തുക്കളെപ്പററി കവിതയെഴുതുന്നത്, അതിലുള്ള രസം ആയാളുടെ മനസ്സു നിറഞ്ഞു കവിഞ്ഞൊഴുകുന്നതുകൊണ്ടാണ്.

ഒരു യഥാർത്ഥകവിക്ക് ഏതു വിഷയത്തെപ്പററിയും കവിതയെഴുതി ഫലിപ്പിക്കുവാൻ സാധിക്കുമെന്നു കാർലൈൽ പറ

ഞ്ഞിട്ടുണ്ട്. കവിയുടെ ഹൃദയഗുണത്തിലാണ്, അല്ലാതെ കവിതയുടെ വിഷയവിശേഷത്തിലല്ലാ കവിതയുടെ മാഹാത്മ്യം സ്ഥിതിചെയ്യുന്നതെന്നാണ് അതിന്റെ താല്പര്യം. ഇതിൽ കുറെ വാസ്തവമുണ്ടെങ്കിലും, വിഷയഗുണംകൊണ്ടു കവിതയ്ക്കു യാതൊരു വിശിഷ്ടാവസ്ഥയും വരാനില്ലെന്നു പറയുന്നതു ശരിയാണോ എന്നു സംശയിക്കുന്നു. 'പോപ്പ്' എന്ന കവി ഗുണദോഷനിരൂപണത്തെപ്പററി പദ്യത്തിലെഴുതിയ പ്രബന്ധം ഗദ്യത്തിലായിരുന്നെങ്കിൽ കുറെക്കൂടി നന്നാകുമായിരുന്നുവെന്നു ചില സാഹിത്യരസികന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ചില മനോവികാരവിശേഷങ്ങളേയും പ്രകൃതിയിലെ ചില പ്രത്യേകാവസ്ഥകളേയും വിസ്തരിക്കുന്നതുപോലെ വെറും വിനോദത്തിനു മാത്രം കൊള്ളുന്ന ക്ഷുദ്രവിഷയങ്ങളെ കവി ഇഷ്ടപ്പെടുമോ എന്നു സംശയമാണ്. ഒരു നല്ല കവിക്കു കവിത ഉദിക്കേണമെങ്കിൽ പ്രപഞ്ചത്തിൽ നിത്യവും നടക്കുന്ന സംഗതികളെ വിട്ട് മനോരാജ്യത്തിൽ കഴിയുന്ന ചില യുദ്ധങ്ങളേയോ നായകന്മാരേയോ തേടിപ്പിടിച്ചേ കഴിയൂ എന്നില്ല. ഗൃഹത്തിലിരുന്നാൽത്തന്നെ അയാൾക്കു കവിതയ്ക്കു വേണ്ട വിഷയങ്ങൾ സുലഭമായി കിട്ടും. വധൂവരന്മാരുടെ സംയോഗവും സല്ലാപവും, ബന്ധുജനങ്ങളുടെ വിയോഗവും അപായവും, തന്മൂലം വരാവുന്ന മനസ്താപവും, വിശ്വസ്തന്മാരാണെന്നു വിചാരിച്ചിട്ടുള്ളവർ ചെയ്യുന്ന വഞ്ചനയും ദ്രോഹവും, ആഹ്ലാദത്തിനും വിനോദത്തിനും ഉതകുന്ന മററു പല സംഗതികളും നമ്മുടെ ചുററും നടന്നുകൊണ്ടിരിക്കെ, വിഷയസമ്പാദനത്തിനായി ദേവലോകത്തേയ്ക്കോ മറേറാ യാത്രചെയ്യുന്ന കവിയുടെ ഹൃദയം യഥാർത്ഥകവിയുടെ ഹൃദയമാണോ എന്നു സംശയമാകുന്നു. ഒരു കവിയുടെ ശക്തിയും പ്രാബല്യവും ആയാളിൽത്തന്നെയാണ് സ്ഥിതിചെയ്യുന്നത്. തനിക്കു ചുററും കഴിയുന്ന സംഭവങ്ങളെ കണ്ടു മനസ്സിലാക്കുവാനുള്ള ശക്തി കവിയിൽത്തന്നെ ഉണ്ടായിരിക്കണം, അല്ലെങ്കിൽ അവ ആയാളറിയാതെ വന്നുകൊണ്ടും പോയ്ക്കൊണ്ടും ഇരിക്കും. യഥാർത്ഥകവിക്ക്, സാധാരണ മനുഷ്യരിൽ ഉല്ക്കടവും വിശിഷ്ടവുമായ ഒരു ശക്തിയുണ്ട്. മനുഷ്യജീവിതത്തിനും പ്രകൃതിയിൽ കഴിയുന്ന സംഗതികൾക്കും സാധാരണക്കാർ കാണാത്ത ചില ഉദ്ദേശങ്ങളുണ്ടെന്ന് ഒരു യഥാർത്ഥകവി കണ്ടറിയുന്നു.

യഥാർത്ഥകവികൾക്ക് ഉന്നതവിദ്യാഭ്യാസം ആവശ്യമാണോ എന്നും, അവരുടെ ഉദ്യമങ്ങൾ ഫലപ്രദങ്ങളാകേണമെങ്കിൽ അവർ സമുദായത്തിൽ വലിയ പദവിയെ അലങ്കരിച്ചിരിക്കണമോ എന്നും ഉള്ള കാര്യത്തിൽ കാർലൈലിന്റെ പക്ഷം വിപരീതമായിട്ടാണ്. തന്റെ മനസ്സിനെ ശരിയായി പരിശോധിച്ചു ശീലിച്ചിട്ടുള്ള ഒരു കവിയുടെ അറിവിൽത്തന്നെ സൌമ്യതയും ക്രൂരതയും, ധർമ്മവും അധർമ്മവും, നിർവേദവും കപടവും ഒരുപോലെ സ്ഥിതിചെയ്യുന്നുണ്ടെന്നാണ് 'കാർലൈൽ' പറയുന്നത്. ബുദ്ധമഹർഷിയെപ്പോലെയുള്ള മതസ്ഥാപകന്മാരുടേയോ, നെപ്പോളിയനെപ്പോലെയുള്ള യുദ്ധവീരന്മാരുടേയോ മനോവ്യാപാരങ്ങളെ കവിസ്സുതന്നെ ആലോചിച്ചാൽ അറിയാവുന്നതാണ്. തൂക്കിക്കൊല്ലുവാൻ വിധിക്കപ്പെട്ട ഒരു മാനുഷകീടത്തിന്റെ മനോവികാരങ്ങളെ ശരിയാംവണ്ണം മനസ്സിലാക്കി, ആയാൾ തുടങ്ങിവെച്ച ഒരു കവിതയെ വേണ്ടുംവണ്ണം പൂർവ്വസ്ഥിതിയിൽ കൊണ്ടുവന്ന

തിനു ബാൻസിന് ധനികന്മാരും പ്രഭുക്കന്മാരും വസിച്ചിരുന്ന നഗരപ്രദേശങ്ങളിൽ പോകേണ്ട ആവശ്യം ഉണ്ടായിരുന്നില്ലെന്നും, നേരെ മറിച്ച് ദരിദ്രനായ ആയാൾ ധനികന്മാരും പരിഷ്കാരികളുമായി ഇടപെട്ടതാണ് ആയാളുടെ ജീവിതത്തിന്റെ ഒരു പ്രധാനഭാഗത്തെ ആഹ്ലാദരഹിതവും രസശൂന്യവും ആക്കുവാൻ കാരണമായതെന്നും കാർലൈൽ പറയുന്നു.

യഥാർത്ഥകവിയാകുവാൻ ഒരാൾ ഒരു പ്രത്യേകകാലത്തു ജീവിച്ചിരിക്കേണമെന്നു പറയുന്നതു തെററാണ്. അധികമായി കവികളൊന്നും ഇല്ലാതിരുന്ന കാലത്ത് എഴുത്തച്ഛന്റെ വാണീവിലാസം പ്രത്യക്ഷപ്പെട്ടതു കേരളീയർക്കറിയാവുന്നതാണല്ലോ. കവിതയുടെ പ്രവാഹം പ്രകൃതിക്കു വിരുദ്ധമായി മനുഷ്യന്റെ ചില പ്രത്യേക നിശ്ചയങ്ങൾക്കനുസരിച്ചായിരുന്ന കാലത്തുകൂടി, കൌപ്പറും, ബാൻസും, വേർഡ്സ്വർത്തും, കോളറിഡ്ജും യഥാർത്ഥഗുണങ്ങളുള്ള കവിതകളെഴുതീട്ടുള്ളത് ഇംഗ്ലീഷു സാഹിത്യവുമായി പരിചയമുള്ളവർക്കെല്ലാം അറിയാവുന്നതാണ്. ഒരു കവിയുടെ സമകാലീനന്മാർ ആരും തന്നെ പ്രകൃതിയുടെ മാഹാത്മ്യങ്ങളെ കാണാതിരിക്കട്ടെ; അന്യ കവികളാരും അക്കാലത്ത് ഇല്ലാതിരിക്കയും ചെയ്യട്ടെ; എന്നാലും യഥാർത്ഥമായ കവിതാവാസനയുണ്ടെങ്കിൽ, പ്രകൃതിവർണ്ണനയ്ക്കോ മനുഷ്യനെ സ്നേഹിക്കുന്നതിനോ വലിയ ആയാസമൊന്നും വേണ്ടിവരികയില്ല.

ഒരു കവി, ജീവിതായോധനത്തിനു ചാടിപ്പുറപ്പെട്ട് സാധാരണ മനുഷ്യരെപ്പോലെ തലതല്ലിപ്പൊളിക്കാതിരിക്കുവാൻ വളരെ സൂക്ഷിക്കേണ്ടതാണ്. ധനാർജ്ജനത്തിന്നൊരുമ്പെടുന്ന കവികളുടെ യത്നം ഫലപ്രദമായില്ലെങ്കിൽ അവരുടെ മനസ്സിടിഞ്ഞുപോകുമെന്നും, തന്നിമിത്തം അവർക്കു ലോകജീവിതത്തിൽ അതൃപ്തിയുണ്ടാകുമെന്നും, അത് അവരുടെ കവിതയ്ക്കു വലിയ ഒരു ഹാനിയായിത്തീരുമെന്നും, കാർലൈൽ പറയുന്നു. തന്റെ ശരിയായിട്ടുള്ള കടമ എന്താണെന്നു ധരിച്ചിട്ടുള്ള ഒരു കവിയെ ധനത്തിനോ ലോകജീവിതത്തിലുള്ള ക്ഷണഭംഗുരങ്ങളായ സുഖങ്ങൾക്കോ അടിമപ്പെടുത്തുവാൻ സാധിക്കുന്നതല്ല. ലൌകിക സുഖങ്ങൾക്കുള്ള പരിശ്രമങ്ങളും കവിതാവൃത്തിയും ഒരുമിച്ചു യോജിപ്പോടെ പോകുവാൻ വളരെ പ്രയാസമുണ്ട്. ചില സമയങ്ങളിൽ, ഇവ വിരുദ്ധങ്ങളായ ഫലങ്ങളെയാണ് ചെയ്യുന്നതെന്ന് ബൈറൻ, ബാൻസ് മുതലായവരുടെ ജീവചരിത്രങ്ങളിൽനിന്നറിയാവുന്നതാകുന്നു. ജീവിതായോധനത്തിനായി പരിശ്രമിക്കുന്നവരെ സ്നേഹിക്കുന്നതു കവിയുടെ ചുമതലയാണെങ്കിലും, തന്റെ ഉദ്ദേശത്തിനു വൈകല്യം വരത്തക്കവണ്ണം അവരുമായിട്ടിടപെടുന്നതുകൊണ്ട് ദോഷം മാത്രമേ ശേഷിക്കയുള്ളു. താൻ ഒരു ഭാഗത്തേയ്ക്കു മാറിനിന്ന്, മനുഷ്യലോകത്തെ പരിശോധിച്ച് ഗുണദോഷഭാഗങ്ങളെ ഒരുപോലെ ചൂണ്ടിക്കാണിക്കുകയാണ് യഥാർത്ഥകവിയുടെ ജീവിതോദ്ദേശം. സമുദായത്തിൽ കഴിയുന്ന വഴക്കുകളോ രാജ്യതന്ത്രവിഷയങ്ങളോ കവിയെ ഈ മഹനീയമായ ഉദ്ദേശത്തിൽനിന്നു പിൻവലിപ്പിക്കാതിരുന്നാൽ, അതു ലോകത്തിന്റെ വലിയ ഒരു ഭാഗ്യമായി കരുതാവുന്നതാണ്. കവി, സമുദായത്തിലെ ഒരംഗമായിരുന്നുകൊള്ളട്ടെ; എന്നാൽ അതിൽ സാധാരണയായുണ്ടാകാറുള്ള വഴക്കുകളിൽ ആയാൾ [illegible] ച്ചിച്ചുവന്നു. അ
രിക്കരുത്.

ഇവിടെ കവിതയെപ്പററി പറഞ്ഞ കൂട്ടത്തിൽ കവികളെക്കുറിച്ചും പ്രസ്താവിക്കേണ്ടതായിവന്നു. കവിയും കവിതയും തമ്മിലുള്ള സംബന്ധം അത്ര ബലവത്തായതാണ്. ഇനി കവിതയെപ്പററിത്തന്നെ രണ്ടു വാക്കു പറഞ്ഞവസാനിപ്പിക്കാം. ഒരു കവിയുടെ ഹൃദയം മനോരാജ്യത്തു സ്ഥിതിചെയ്യുന്നതിനേക്കാൾ എത്രയോ നല്ലത് വാസ്തവമായിട്ടുള്ള ലോകത്തിൽത്തന്നെ ഇരിക്കുന്നതാണ്. കവിതയിലുള്ള രസം കവിയും അനുഭവിച്ചുകൊണ്ടിരിക്കണം. ലോകത്തിനെ ഭരിച്ചുകൊണ്ട് ഒരു മഹാശക്തി സദാ പ്രവഹിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും, അതിനെ വിസ്മരിച്ച് സ്വാതന്ത്ര്യതല്പരതയിൽ കടക്കുന്നത് അപകടമാണെന്നും കവി അറികയും ലോകത്തെ ധരിപ്പിക്കയും വേണം. ഈ വക ഗുണങ്ങൾ മുഴുവനല്ലെങ്കിൽ ചിലതെങ്കിലും ഇല്ലെങ്കിൽ ഒരു പദ്യത്തിനെ 'കവിത' എന്നു പറയുവാൻ പാടില്ല. അത് അതിവേഗത്തിൽ നശിച്ചുപോകുന്ന പദ്യങ്ങളുടെ കൂട്ടത്തിൽത്തന്നെ കിടക്കും; സംശയമില്ല.


ആമ്പാടി നാരായണമേനോൻ.

---

ആര്യന്മാരും

# പൌരാണികകാലവും.*

---



പൌരാണികകാലത്തിൽ ആര്യന്മാരുടെ നില വൈദികകാലത്തേതിൽനിന്നു വളരെ ഭേദപ്പെട്ടുപോയി. ജാതിഭേദവും, ഓരോ ജാതിക്കാരും അനുസരിച്ചു നടക്കേണ്ട നിയമങ്ങളും ഉണ്ടായി. ഈ നിയമങ്ങളെ എല്ലാ ജാതിക്കാരും സ്വീകരിക്കയും, ജാതിധർമ്മപ്രകാരം ഓരോ തൊഴിലുകളിൽ ഏർപ്പെട്ടു സ്വൈരമായി കാലം കഴിക്കയും ചെയ്തു. നഗരികാഭിവൃദ്ധിയും വിദ്യാപ്രചാരവും അചിരേണ അവർക്കധീനമായി. എല്ലാ പട്ടണങ്ങളിലും ഗോപുരങ്ങൾ, രാജാലയങ്ങൾ, രമണീയങ്ങളായ മാറു നിലയനങ്ങൾ, ആമന്ത്രണമണ്ഡപങ്ങൾ, സത്രങ്ങൾ മുതലായവ പണിയിക്കപ്പെട്ടു. രാജാക്കന്മാർ ഈ മന്ത്രണമണ്ഡപങ്ങളിലെക്കു പോകുംമുൻപെ നിത്യകർമ്മങ്ങൾ വിധിപോലെ ചെയ്ത് ബ്രാഹ്മണരുടെ ആശിസ്സുകളെ നമ്രശിരസ്സന്മാരായി സ്വീകരിച്ചുവന്നിരുന്നു. സിംഹാസനത്തെ സാദരം വലംവെച്ച് അതിൽ ഉപവിഷ്ടരാക പതിവായിരുന്നു. രാജനിലയനങ്ങളിൽ ഉദ്യോഗസ്ഥന്മാരായി ശരിയായ ശിക്ഷാസാമർത്ഥ്യവും അനുഭവജ്ഞാനവും ഉള്ളവ

---

* ലോക ...ന്മാ. ഉപനിഷത്തുകളെയും 'മററും പരിശോധിച്ചിട്ടാണ് ഈ ഉപന്യാസത്തിലെ വിഷയം
വിയുടെ ഹൃദയം ൨

രെയല്ലാതെ നിയമിച്ചുകൂടുന്നതല്ലെന്നുപ്രബലമായ നിയമമുണ്ടായിരുന്നു. രാജാക്കന്മാർ അവരുടെ രാജ്യങ്ങളിൽ വിദ്യാപ്രചാരത്തിനു പ്രത്യേകം പ്രയത്നിച്ചുവന്നു. അന്യരാജ്യങ്ങളിൽ നിന്നു കവികളേയും മററു മഹാപണ്ഡിതന്മാരേയും വരുത്തി ബഹുമാനിക്കയും അവൎക്കു ധനസഹായം ചെയ്കയും ഉണ്ടായിരുന്നു. ജനക്ഷേമത്തിനു നിയോജ്യന്മാരായ ഉദ്യോഗസ്ഥന്മാർ അവരുടെ ധൎമ്മങ്ങളെ ന്യായമായി ചെയ്തു രാജ്യൈശ്വൎയ്യം വൎദ്ധിപ്പിക്കുന്നുണ്ടോ എന്നറിയുവാൻ നാടുവാഴി പ്രച്ഛന്നവേഷങ്ങളോടെ നാടു ചുററിവന്നു. കൃഷിക്കാർ കാലാകാലങ്ങളിൽ ജലം, വളം, ഇവ ശരിയായുപയോഗിച്ചു കൃഷിചെയ്വാനും, അവൎക്കു നാനാപ്രകാരേണയുള്ള സഹായം ലഭിക്കാനും ഏൎപ്പാടുകൾ ചെയ്തിരുന്നു.

പാഞ്ചാലം, വിദേഹം, കാശി ഇത്യാദി പ്രധാന രാജ്യങ്ങളിലെ രാജാക്കന്മാർ വിദ്യാവിശേഷന്മാരും ശാസ്ത്രപരിചിതന്മാരും ആയ ബ്രാഹ്മണരെ മന്ത്രിമാരായി നിയമിക്കയും യാഗങ്ങൾ നടത്തുകയും വിദ്യാപ്രചാരത്തിനായി വിദ്വത്സമാജങ്ങൾ സ്ഥാപിച്ചു നടത്തുകയും ചെയ്തുവന്നു. ബ്രാഹ്മണങ്ങളും ഉപനിഷത്തുകളും ഈ കാലത്തുണ്ടായവയായിരിക്കണമെന്നാണ് ഊഹിക്കപ്പെടുന്നത്. ഉപാന്തങ്ങളിലും ദൂരദേശങ്ങളിലും ഉള്ള വിദ്വാന്മാർ ശിഷ്യന്മാരോടുകൂടി ഈ രാജ്യങ്ങളിലെത്തി രാജവിദ്വത്സദസ്സുകളിൽവെച്ചു നിത്യകൎമ്മം, ഗൃഹാചാരം, മരണാനന്തരം ആത്മാവിന്റെ ഗതി, ഈശ്വരചൈതന്യത്തിന്റെ യാഥാൎത്ഥ്യം, പിതൃദേവതകൾ, എവിടേയും പ്രകാശിക്കുന്ന പരബ്രഹ്മം എന്നീ വിഷയങ്ങളെ കുറിച്ചു പ്രസംഗിക്കയും വിവാദിക്കയും ചെയ്തുവന്നു. ബ്രാഹ്മണർ അവരുടെ ഗൃഹങ്ങളിൽ വിദ്യാഭ്യാസത്തിനായി വരുന്നവരെ പലവിധം സഹായിക്കയും വിദ്യയഭ്യസിപ്പിക്കയും ചെയ്തിരുന്നു. രാജാക്കന്മാരാൽ സ്ഥാപിക്കപ്പെട്ട കലാലയങ്ങളിൽ ശാസ്ത്രാധ്യാപനത്തിനു സൗകൎയ്യങ്ങളായ പല മാൎഗ്ഗങ്ങൾ ഏൎപ്പെടുത്തപ്പെട്ടു. ശ്വേതകേതു എന്നൊരാൾ പാഞ്ചാലദേശത്തെ കലാശാലയിൽ വിദ്യാഭ്യാസത്തിനായി പോയിരുന്നുവെന്നു് ഒരു ഉപനിഷത്തിൽ കാണുന്നു. ഓരോ കലാശാലയിൽ രത്നവിജ്ഞാനീയത്തിലും മററു ശാസ്ത്രങ്ങളിലും പടുക്കളായ ഇരുപത്തൊന്നു ബ്രാഹ്മണർ വീതം ആചാൎയ്യന്മാരായുണ്ടായിരിക്കണമെന്നും, അല്ലാത്തപക്ഷം ഔപാസനം, അഗ്നിഹോത്രം, വേദാദ്ധ്യയനം ഇവയ്ക്കു ചില ആചാൎയ്യന്മാരുണ്ടായിരുന്നാലും മതിയാകുമെന്നും പരാശരമുനി പറഞ്ഞിരിക്കുന്നു. മേല്പറയപ്പെട്ട കലാശാലകളിൽ ആചാൎയ്യന്മാരോടൊന്നിച്ചു നിവസിച്ചു പഠിച്ചു വിദ്വാന്മാരായി ഗുരുദക്ഷിണ കഴിച്ചു അനുഗ്രഹം വാങ്ങി സ്വഗൃഹങ്ങളിൽ പലരും ചെന്നുചേരുക പതിവായിരുന്നു. ചില പുണ്യവാന്മാർ ശിഷ്യന്മാരോടുകൂടി കാടുകളിൽ പോയി ആശ്രമങ്ങളുണ്ടാക്കി ഗൃഹവാസാശയകററി അവിടെ താമസിച്ചു് അന്യോന്യോപകാരത്തിനായി പല പ്രബന്ധങ്ങൾ നിൎമ്മിച്ചുവന്നു. പണ്ടു വിദ്യതന്നെയാണ് ജ്ഞാനത്തിനു കാരണമെന്നും ആ ജ്ഞാനം മുക്തിസാധനമായിരിക്കുമെന്നും ഗ്രഹിച്ചിട്ടുള്ളവർ ഹിന്ദുക്കളെല്ലാതെ വേറെയാരുമല്ലെന്നു വിശദമായിരിക്കുന്നു. വിദ്യാഭ്യാസാനന്തരം ഗുരുവിന്റെ അനുഗ്രഹം വാങ്ങി ഗൃഹത്തിലെത്തുന്നവൻ ഗൃഹസ്ഥധൎമ്മം സ്വീകരിച്ചു നിയമപ്രകാരമുള്ള അഗ്നിഹോത്രം, അതിഥിപൂജ മുതലായ കൎമ്മങ്ങൾ അനുഷ്ഠിച്ചുവന്നു. അ

രണ്യകോപനിഷത്തിലുള്ള ചില മതാചാരതത്വങ്ങളെ കീഴിൽ പ്രസ്താവിക്കുന്നു:—

"ഒരു ഗൃഹസ്ഥൻ സത്യംതന്നെ പറയണം. കർമ്മങ്ങൾ വേദവിധിയനുസരിച്ച് ചെയ്യണം. നന്മതിന്മകളെ തിരിച്ചറിയിക്കുന്ന ഗ്രന്ഥങ്ങൾ വായിക്കണം. വിദ്വാന്മാരെ അന്വേഷിച്ച് അവരുമായി സഹവസിക്കണം. കൂടക്കൂടെ ശാസ്ത്രാർത്ഥങ്ങളെ അഭിജ്ഞന്മാരോട് ചോദിച്ചറിഞ്ഞു ഗ്രഹിക്കണം. മാതാപിതാക്കന്മാരേയും ആചാര്യന്മാരേയും ഈശ്വരനെ എന്നപോലെ ആദരിക്കണം. പിതൃദേവതകളേയും ദൈവങ്ങളേയും ആരാധിക്കണം. കളങ്കരഹിതങ്ങളായ വഴികളെ അവലംബിക്കയും എന്നും പുണ്യകർമ്മങ്ങൾ ചെയ്കയുംവേണം."

ജനങ്ങൾ ദുരാശാപാശങ്ങളിൽനിന്നു വിമുക്തരായി ഈശ്വരഭക്തിയോടെ ദിവസം കഴിച്ചുവന്നു. ഒരിക്കൽ അശ്വമേധം ചെയ്ത ഒരു വേദിയൻ താഴെ പറയപ്പെടുന്ന വിധം ഈശ്വരനോട് പ്രാർത്ഥിച്ചതായി യജുർവ്വേദത്തിൽ കാണുന്നു.

"വൈദികബ്രാഹ്മണർ സൂക്ഷ്മജ്ഞാനം ഗ്രഹിച്ച് സന്യാസമവലംബിച്ച് നിത്യാനന്ദം പൂണ്ടു മുക്തിയെ പ്രാപിക്കണം. ക്ഷത്രിയൻ അവന്റെ കുലധർമ്മമായ പോർതൊഴിൽ ചെയ്ത് അഹിതന്മാരെയടക്കി കീർത്തി സമ്പാദിക്കണം. നാല്ക്കാലി മൃഗങ്ങൾ ശാദ്വലപ്രദേശങ്ങളിൽ മേഞ്ഞു ധാരാളം പാലുതരണം. അശ്വങ്ങൾ ശുചിയായി കുളിപ്പിക്കപ്പെട്ട് കുതിരക്കാരന്റെ ആജ്ഞയിലടങ്ങി വേഗം ഓടണം. സ്ത്രീകൾ പാതിവ്രത്യത്തെ പാലിച്ച് പതികളെയാദരിച്ച് നടക്കണം. വരുണൻ തൃപ്തനായി യഥാകാലം മഴ പെയ്യിച്ച് കൃഷിയെ സംരക്ഷിക്കണം"

* * *
* * *

പൊൻവെള്ളിയാഭരണങ്ങൾ, ഗജതുരഗങ്ങൾ, പശുക്കൾ, കോവർകഴുതകൾ, വേലക്കാർ, നിലങ്ങൾ, ഇവ ധാരാളം ആൎക്കുണ്ടോ അവരെ മാത്രം ഗൃഹസ്ഥന്മാരെന്നു പറയാം എന്നാണ് മാണ്ഡൂക്യം മുതലായ ഉപനിഷത്തുകളിൽ പ്രസ്താവിച്ചിരിക്കുന്നത്. യാഗകാലത്തു സ്വർണ്ണമല്ലാതെ വെള്ളി നാണയങ്ങൾപോലും ബ്രാഹ്മണർക്കു ദാനംചെയ്യാവുന്നതല്ലെന്നേർപ്പാടുണ്ടായിരുന്നു. എന്തെന്നാൽ, ഒരുകാലത്ത് ദേവതകൾ അഗ്നിഭഗവാന്റെ പക്കൽ കുറെ ധനംവെച്ചു സൂക്ഷിക്കാൻ കൊടുത്തുവെന്നും അവയെ തിരികെ ആവശ്യപ്പെട്ടപ്പോൾ ഇദ്ദേഹം കണ്ണുനീരൊഴിച്ചു കരഞ്ഞപ്പോൾ ആ നീരെല്ലാം വെള്ളിമയമായി പോയെന്നും അതുനിമിത്തം വെള്ളിനാണയത്തെ ദക്ഷിണയായി കൊടുത്താൽ ആ ഗൃഹത്തിൽ എന്നും ദുഃഖം വർദ്ധിച്ചുകൊണ്ടിരിക്കുമെന്നും ബ്രാഹ്മണങ്ങളിൽ പറയപ്പെട്ടിരിക്കുന്നു. ഇതിൽനിന്നു അക്കാലത്തെ ബ്രാഹ്മണരുടെ ദ്രവ്യാഗ്രഹം വെളിപ്പെടുന്നുണ്ടല്ലോ. അന്നു ബ്രാഹ്മണർ ധാരാളം ധനംസമ്പാദിച്ചിരുന്നു. അത്രിമഹർഷിയുടെ ഒരു പുത്രൻ യാഗംചെയ്ത അവസരത്തിൽ പതിനായിരം ആനകളേയും ഭൂഷണാദികളോടുകൂടി പതിനായിരം ദാസിമാരേയും ദാനംചെയ്തതായി ഐത്രേയബ്രാഹ്മണത്തിൽ ഘോഷിച്ചിരിക്കുന്നു. വൈദികകാലത്തിൽ എന്നപോലെ അവർ മാംസത്തേയും ധാന്യങ്ങളേയും ഭക്ഷിച്ചിരുന്നു. അരി, വാൽക്കോതമ്പ്, എള്ള്, പയറ്, ഉഴുന്നു, തിന മുതലായവയെക്കുറിച്ചും അവകൊണ്ടുണ്ടാക്കിയ പലവിധപലഹാരങ്ങളെ സംബന്ധിച്ചും ഓരോ ദേവന്മാർക്കു യാഗസമയങ്ങളിൽ ബലികഴിക്കേണ്ട മൃഗങ്ങളെപ്പറ്റിയും യജുർവേദം പ്രസ്താവിക്കുന്നു

ണ്ടു്. ഒരുവനു് വിവേകവും പൂർണ്ണായുസ്സും ഉള്ള ഒരു പെൺകുട്ടി ജനിക്കണമെങ്കിൽ അവനും അവന്റെ പത്നിയും വെണ്ണചേർത്തുകൂട്ടിയ തിലോദനം ഭുജിക്കണമെന്നും ധാരാളം പാണ്ഡിത്യം, കീർത്തി, വാഗ്മിത്വം, പൂർണ്ണായുസ്സു്, ഇവയോടുകൂടിയ ഒരു സൽപുത്രൻ ഉണ്ടാകണമെങ്കിൽ വെണ്ണയും കാളമാംസവും കലർത്തി പചിച്ച ചോറുണ്ണണമെന്നും ബൃഹദാരണ്യകത്തിൽ പറയപ്പെടുന്നു. ഇതിനാൽ ഹസ്തിനപുരം അയോദ്ധ്യ മുതലായ പണ്ടത്തെ രാജ്യങ്ങളിലെ ജനങ്ങളുടെ നടവടികൾ ഏതുവിധത്തിലാണെന്നു തെളിയുന്നു. രാജധാനികൾ പട്ടണങ്ങളുടെ മദ്ധ്യഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ടിരുന്നു. അവിടെ പ്രശസ്തന്മാരായ വാഗ്മികളും പോർക്കളത്തിൽ മുൻപോട്ടുവച്ച കാലു പിറകോട്ടു വയ്ക്കാത്ത യോധാക്കളും മഹായോഗികളും വിദ്യാവിശാരദന്മാരായ ആചാര്യന്മാരും സംയോജിച്ചു് രാജാക്കന്മാർക്കു് ആവശ്യമുള്ള സഹായങ്ങൾ ചെയ്തിരുന്നു. ജനങ്ങൾ പ്രത്യേക ദിവസങ്ങളിൽ രാജസമക്ഷം സമസ്താദരം ചെന്നുചെന്നു രാജാവിനെ ദൈവത്തെയെന്നപോലെ കരുതി അവരുടെ സങ്കടങ്ങളെ തീർക്കുന്നതിനു നേരിട്ടുണർത്തിച്ചുവന്നു. രാജവിശ്വാസംതന്നെയാണു് സകലപുരുഷാർത്ഥങ്ങൾക്കും കാരണമെന്നോർച്ചു നടന്നുവന്നു. ഗൃഹസ്ഥന്മാർ അവരുടെ ആലയങ്ങളിൽ ഔപാസനം, അഗ്നിഹോത്രം, അതിഥിപൂജ, അദ്ധ്യയനം, യാഗങ്ങൾ മുതലായവ ചെയ്തും രാജകല്പനയെ അനുസരിച്ചും കാലംകഴിച്ചു. ദ്വിജന്മാർ ബാല്യത്തിലെ വിദ്യാഭ്യാസത്തിനായി ഗുരുവോടൊന്നിച്ചുപാർത്തശേഷം ഗൃഹങ്ങളിൽപോയി മാതാപിതാക്കന്മാരുമായ് ചേർന്നു സാനന്ദം ഗൃഹസ്ഥധർമ്മം സ്വീകരിച്ചിരുന്നു. ദ്വിജന്മാരുടെയിടയിൽ യാതൊരു വിഭാഗവാദവുംകൂടാതെ വിവാഹം നടന്നുവന്നു. നാഗരികം വർദ്ധിച്ചുവരുന്തോറും ജനങ്ങൾ പലവിധതൊഴിലുകൾ പഠിച്ചു അതിൽ പടുക്കളായി അവരുടെ സന്തതികളും ആ തൊഴിലുകളെ പരമ്പരയാ സ്വീകരിക്കത്തക്കവണ്ണം പഠിപ്പിച്ചുവന്നു. പല തൊഴിലുകാരും ആഭിജാത്യഭേദംകൂടാതെ യോജിച്ചു കഴിഞ്ഞിരുന്നു. കൃഷിക്കാർ നഗരത്തിനു ചുറ്റും കന്നുകാലികളോടും കൃഷ്യുപകരണങ്ങളോടുംകൂടി പാർത്തിരുന്നു. മഹായോഗികളും പണ്ഡിതന്മാരും നഗരത്തിനു പുറമെയുള്ള വനങ്ങളിൽ വസിച്ചു ഗ്രന്ഥകാലക്ഷേപം ചെയ്തു ജ്ഞാനംവർദ്ധിപ്പിച്ചു ദേഹായാസത്തെ ഗണിക്കാതെ ദിവസം കഴിച്ചു.

ചിറയിൻകീഴ് പി. ഗോവിന്ദപിള്ള.

---

# ദ്രൗപദീസ്വയംബരം.

(പ്രബന്ധം തുടച്ചു)

---

"ഇക്കാണായതുമുറ്റുമിന്ദുവദനേ!
സാല്വൻ, വിദർഭൻ മഹീ-
ശക്രൻ, കേൾ നിഷധക്ഷമാപതി, തുല്യ-

സ്ഥാത്ത്യാഃ പരേ ഭൂമിപാഃ
മൈക്കാർവേണികൾവേണിരത്നകലികേ!
കൃഷ്ണേ! ധരിച്ചീടു നീ

ഖ്യാതാ ബത നിങ്കലുൽസുകത പൂ-
ണ്ടേതേ മതിൻ ഗതാഃ!" 38

ഇതി പലവിധവാചാ തത്ര
തസ്യാം സ്ഥിതായാം
ഭൂപേന്ദ്രസുതനിയോഗാൽ കാപി
സന്ദേശഹാരീ
നെറിതടവിനചൂരക്കോല-
മായ്പ്പോന്നുവന്നാൾ
വിരവൊടു മണിരംഗം നേത്ര-
കാമഃ കുമാരീം. 39

കോമള്ളാദാംബുജംതൊട്ടണികുഴലൊളമ-
മ്പോടു പൂമേനി മൂടി-
ട്ടോമൽപ്പട്ടാംബരംകൊണ്ടണിമണിമുകുരം
കയ്യിലിട്ടിച്ചുലാക്കി
ശ്രീമന്മഞ്ജീരമഞ്ജുക്വണിതമിയലവേ
കോമളാഭ്യാം പദാഭ്യാ-
മാമന്ദം നീയമാനാ ചതുരസഖികളാൽ,
പ്രാപ്യകല്യാണരംഗം. 40

ചൂരക്കോല്ക്കാരർചൂഴും 'നടനടനട'* യെ-
ന്നുഗ്രഹുങ്കാരഘോഷം
വാരസ്ത്രീപാളിപിമ്പേ കരവനെറിവള-
ത്താളിമാരും വിശേഷാൽ
ചാരുശ്രീപൊൻവിളക്കിൻനിര, ചമരി, മ
ച്ചെപ്പു, കണ്ണാടി, മുക്താ- (ണി-
ഹാരം, പൂമാല, താലം, പവിഴവലയമെ-
ന്നിട്ടശോഭ്യൽക്കരാബ്ജാ. 41

ഉന്നിദ്രാത്മാ തദാനീം ദ്രുപദതനയനാ-
മഹ്യമംഗല്യരംഗം
മാണിക്യസ്തംഭകാന്തിപ്രസരനിരസിതാ-
ശേഷദോഷാന്ധകാരം
ധന്യശ്രീ ചെന്നിരിക്കും ധരണിപരിവൃഢൻ
നീളെ നിർവ്വർണ്ണ്യ മോദം
മുന്നിട്ടേവം ബഭാഷേ വചനമനുപമ-
പ്രൗഢിമാനന്ദധാനം. 42

"കേൾക്കേണം ബാഹുവീര്യപ്രകടിതവിജ-
ദ്ദാമശൌര്യപ്രവാഹം (യോ-
വാസ്സും ഭൂപാലവീരാ മമ വചനമിദം
മാനനീയം വിശേഷാൽ;
ഗ്ഗാംഭീര്യാദംകണ്ടതല്ലീ കലചിലയു,മിദം
പഞ്ചകം പാശരാണാം,
ലാക്കും വൈചിത്ര്യപാത്രം പടുതരകൃതഹ-
സ്തൈകദേശ്യം നരേന്ദ്രാഃ 43

ഏതച്ചാപം കലച്ചിട്ടുപവഴികൾകൊ-
ണ്ടിന്നുലക്ഷ്യം വിലോലം
ഭേദിച്ചീടുന്നതേവർ കനിവൊടു ഭവതാം
മണ്ഡലേ മാനശാലീ,
ചോദിക്കേണ്ടാ വിശേഷിച്ചവനുമലകലാ-
ചാരചാരുപ്രശസ്ത്യ-
രാധിക്യം പൂണ്ടു ഭൂയോ ഭവതി കലവതീ
സോദരീയം മനോജ്ഞാ. 44

കൂട്ടാക്കാതേ മദീയം വചനമിഹ ബലാൽ-
ക്കാരമിപ്പോളൊരുത്തൻ
കാട്ടീടുന്നാകിൽ വശ്യോ നിജഭുജബലഗ-
ർവ്വേണ ദുർവ്വാരശാലി,
കേട്ടാലും തന്നെ ഞാൻ തന്നെതിരസമവർ-
ത്താനൊട്ടുംതന്നമിന്ന-
ന്നച്ചൂർത്തനാണഹാനം, ദ്രുപദതനയനേ-
ല്ലേവമുച്ചാസ്തിചി ഞാൻ" 45

ഇതി പ്രൗഢപൂരതോ നൃപാന്നാ-
മതിസ്ഫുടം വാക്യമുദീര്യ ധീമാൻ
അടുത്തു ചെന്നാത്മസഹോദരീന്താം
തുടർന്നു വാത്സല്യവശേന ചൊന്നാൻ:— 46

"കല്യാണി! കാണ്ക മണിമഞ്ചസംസ്ഥാൻ
കല്യാണതോദേതാ നൃപാലവീരാൻ
ചൊല്ലാന്ന ശൌര്യാദികുണപ്രഭാവൈ-
രെല്ലാരുമത്യുത്തമച്ചനീയാഃ 47

ഇവരിലൊരുവനാവർ
വനൊടുത്തശ്രമമേകേ ദി-
ധാരിദമയി! സജ്യം
കല്ലയർ ഭല്ലിതാന്മോ.

* 'നടനടനട' എന്നു നാട്ടുവിളിക്കുന്ന ശബ്ദം.

ദളയതി പുനരേതൈ-
സ്സായകൈരദ്യ ലക്ഷ്യം
വരയ വരഗുണന്തം
മാലയാ ബാലികേ! ത്വം" 48
കല്യാണീമുപദിശ്യ സാദരമിവ-
ണ്ണം നൃത്തിയുംവെച്ചമസൌ
മെച്ചു മൂടുപടാം ബാലാമുടനെടു-
ത്തുംകൊണ്ടുപിൻവാങ്ങിനാൻ
ഉല്ലാസം പെരുമിന്ദുമണ്ഡലമതി-
ക്കന്നേരമംഭോനിധൌ
കല്ലോലപ്പരിചാണഭ്രവ സഹസാ
രാഗേ നൃപാണാം ഗണം. 49
ചിത്രം ചിത്രം ക്ഷിതിതലഗതാ
സ്ഥായിനീ കാപി വിദ്യുൽ,
തസ്യാശാഗ്രേ തിമിരഭരഭൃൽ
പാർവ്വണശ്ചന്ദ്രബിംബാ,
തസ്മിൻ ബിംബേ കുവലയയുഗം,
വിദ്രുമസ്തത്സമീപേ,
തസ്യാധസ്താൽ കനകകലശൌ,
നൈനവ കിഞ്ചിത്തതോധഃ. 50
സീമാ സൌന്ദര്യഭൂവഃ കരകൌശലാനാ-
മാകർഷണാത്ഭുതമഹൌഷധമിന്ദ്രിയാണാം
സാമ്രാജ്യസമ്പദധിദൈവതമംഗയോനേഃ
സ്ത്രീരത്നമേതദിഹ തിഷ്ഠതി വിശ്രാമം 51
സ്നിഗ്ദ്ധേന്ദ്രോപലസുന്ദരഃ കചഭരോ
വക്ത്രം സഗോത്രം വിധോഃ
വക്ഷോജൌ മണികുംഭഡംബരമുഷൌ
മദ്ധ്യോസ്തി വാ നാസ്തി വാ
ശ്രോണീമണ്ഡലമൂരുദ്വയമഹോ
ശോണാബ്ജതുല്യേ പദേ
മന്യേ മഞ്ജുഗിരോ മരാളമഹിളാ-
ശ്ലേഷ്യയോ ഗതേർവ്വിഭ്രമഃ. 52
അസ്യാസ്സർഗ്ഗവിധൌ പ്രജാപതിരഭൂ-
ച്ചന്ദ്രോനു കാന്തിപ്രദഃ
ശൃംഗാരൈകരസസ്സ്വയം നു മദനോ
മാസോ നു പുഷ്പാകരഃ
വേദാഭ്യാസജഡഃ കഥം നു വിഷയ-
വ്യാവൃത്തകൌതൂഹലോ
നിർമ്മാതും പ്രഭവേന്മനോഹരമിദം
രൂപം പുരാണോ മുനിഃ? 53
വിധായ ശ്വേതാംശും കമലവ-
സതിഗ്ഗ്ളനപടം
തതഃ സച്ചീഭൂതപ്രചുരത-
രലാവണ്യസുധയാ
വിശാലാക്ഷീമേനാമസൃജദ-
ത എവാമൃതകരേ
കളങ്കവ്യാജേന സ്ഫുരതി മ-
ലജാലവ്യതികരഃ. 45

ഗദ്യം — ചൊല്ലാവതോ ചുഴലമുല്ലാസകാന്തിഭരകല്ലോലമാല വിതറുന്ന — ചുരുളുമിരുൾക്കേശം ചുളുകിതഘനാംശം സ്ഫുരിതരുചി കരൾനിരയുമതിലളിതമൊളിതിരളുമളികഫലകമിളകാതിനികാശം. മല്ലാർകലേശകലവെല്ലന്നിടാലമലർവില്ലോടു തല്ലുമണി ചില്ലീമഴുമിളമാന്നം കലിതദ്യുതിമിന്നും മലർവിശിഖശരവുമൊരുമദമുലയുമണിമിഴികളോടു കരുതുമളവിലിതു നൂനം. മല്ലീമലർപ്രതിമമെല്ലാമുള്ളസ്മിതമതെല്ലാം മറക്കമിതുകണ്ടാൽ — അധരമണിസാരം ജനഹൃദയചോരം കളർമതിയുമതിവികചസരസിജവുമടിമപെടുമണിവദനമനുപമമുദാരം. അല്ലേ മുലക്കലശമെല്ലായിലും നയനകല്യാണമായതു നരന്മാം — കൊടിനടുവു മിന്നൽക്കൊടിയോളമധരം പുഴലമണിരഥച്ചലിത മണിജഘനമിളയതളിരണിമിത്തു ചരണമഭിരാമം.

ഇത്ഥം ചേത്തും പുകണ്ണുനിജനയനപുടം
കൊണ്ടു പൂർണ്ണാനുരാഗം
പ്രത്യംഗം പാർത്തു ത്രപാ മുതമതൻ നക-
ന്നും കലർന്നും വിമോഹം
അത്യന്തേഷം കലർന്നിടിന കമല ശരാ-
തങ്കസംക്ഷോഭവേഗ-

പ്രസ്താരം പൂണ്ടനാനാവികൃതി വിലസിതാ-
സ്തത്ര ജാതാ നരേന്ദ്രാഃ. 55
സ്ഥൂണാകാരഞ്ചമഞ്ഞോർ ചില, രന്തിമിഷ
പൂണ്ട തിരസ്സിന്ന ഹസ്താൽ- (താം
ത്താനേ താംബൂലവല്ലീം ഝടിതി നിപ-
മോത്തരില്ലേത്തുമന്യേ (തിതാ.
ഊനാത്മസ്ഥൈര്യമന്യേ പ്രിയസഖമവ-
ബ്ധ്യ സ്ഥിതാ മാരബാണ- (ലം-
ക്ഷീണാശ്ലോണാധരീന്താം പ്രതിബദ്ധവി-
കല്പസൌധാധിരൂഢാഃ. (ധ.സ.
മാനംകൊണ്ടും മനോജ്ഞാകൃതിമധുരിമ-
ണ്ടും മഹാകീർത്തികൊണ്ടും (കൊ-
നൂനം ഞാനേവ മന്യേ സദൃശത കലത്രം
കാന്തനസ്യാമൃഗാക്ഷ്യാഃ
എന്നാലെല്ലാപ്രകാരത്തിലു മഴകൊടുനാം
കൊണ്ടുപോയ്ക്കൊണ്ടു മേന്മേ.
ലാനന്ദക്രീഡിതാഡംബരപരമരസ.
പ്രൌഢി വാഴേണമിന്നേ. 57
എല്ലാവനും കുലസ്ഥാം ധനുരിദമതുകൊ-
ണ്ടെന്തു? ലക്ഷ്യം മുറിപ്പാൻ
വല്ലോന്നാർ നൃപന്മാർ പലരുള, രതുകൊ-
ണ്ടും ഫലം കിന്നു പാർത്താൽ?
ഇല്ലല്ലോ ചാരുരൂപാമൃതമധുരിമകൊ
ണ്ടന്യനിക്കന്യകായാ.
സ്തുല്യോ ഞാനെന്നി നൂനം, വിധിമതവുമ-
ന്നൊത്തവാറന്നു മന്യേ. (തി-
നില്ക്കട്ടേ വിൽകുലയ്ക്കുന്നതു, മെളുതിതു ല-
ക്ഷ്യം മുറിയ്ക്കുന്നതും, ചെ-
റുൽകൃഷ്ടം കർമ്മമല്ലങ്ങിതു; മമ പെരിക
പ്രൌഢമുണ്ടിപ്രമേയം
ഇക്കന്യാചിത്തമാരിൽ ച്ചലതി പുനരതോ-
ക്കേണ്ണ, മെന്തിന്നിതസ്സാം
സൃക്ഷേത്രാ നൂനമയ്യോ! പരമവരിവരിൽ
ക്കങ്കൊണ്ടാ പങ്കജാക്ഷി. 59
അന്ധാനാമീന്ദ്രചാപണാം പുനരിഹ നിനവാ
കന്നതെന്തംഗലക്ഷ്മീ-

സന്താനപ്രൌഢി ചേരുന്നവനൊഴിയെ-
കന്യകാഭാഗ്യയോഗ്യം (വരാ
ചിന്താഭേദൈരമീഷാം കിമിഹ ബത വൃ-
ഞാൻനിനയ്ക്കുന്നതുണ്ടോ (ഥാ
സന്ദേഹം, ദ്രൌപദീവല്ലഭനിവനുടനെ-
ന്നൊച്ചകൊള്ളേണമിന്നേ.
എപ്രകാരമണിതിങ്കളും നിറമുലാവു-
മക്കളുർനിലാവു, മ-
ങ്ങെപ്രകാരമഴകേറു മംബുധിയുമമ്പി-
ലുമ്പർപുരവാരിയും,
അപ്രകാരമിടചേർന്നു ഞാനുമനുരാഗ-
ലോലമിവൾ കൃഷ്ണയും
പുഷ്പബാണരണകേളിവിചിയിലഴിഞ്ഞു-
ലഞ്ഞു വിലസീടുമോ! 61
കണ്ടിരിക്കെ നരപാലസംഘമതു ഞാനെ-
ടുത്തു ബത കൊണ്ടുപോ-
യ്ക്കൊണ്ടു മൽപ്പുരിയിൽ വെച്ചുകൊണ്ടിനി.
ശൃംഗമണിരംഗകേ (യസൌധ-
കണ്ടു കണ്ടിവൾ മുഖാരവിന്ദമധുരം
നുകർന്നുമധുരം നമു-
ക്കുണ്ടൊരുത്സവമകപ്പെടുന്നിതു ചിരേണ
വിശപ്പണശാലിനാം. 62
ഇന്നനിത്യമവരോധമാനിനികൾ മുന്ന-
മുള്ളവരശേഷവും
നിർണ്ണയം വിളിപണിക്കലേ, മിവൾ നമുക്കു
തുല്യമഹിഷീപദം;
അന്നു ഹം ദ്രുപദപുത്രിയോടിവളൊടൊക്കെ-
വേ ബത കളിക്കൊഴി- (ശ്രീ-
ഞ്ഞൊന്നുമെങ്ങുമിളകെന്നിനി; പ്രകൃതിവ-
മസ്സുചവനിപാലനേ. 63
പാർത്ഥനെന്നുനിയമേന നേർന്നിവളെ ലഭ്യം-
വാൻ ദ്രുപദനത്ഭുതം
പ്രാർത്ഥനാഫലമിതന്തരിച്ചതിനു മൂല-
മുണ്ടു കരുതുംവിധൌ
തീർത്തിതിശരനിനിക്കിതെന്നുടനിരിക്കി
ലാം, വിധി വധൂവര-

പ്രാപ്തിയോഗ്യതയിലേ വരുത്തുന്നീ;ത്തുമസ്സു
കാന്തനന്നല്ലയോ? 64
അഹോ പരം ഭാവം പെരുത്തുമ-
ദമേഷാം ക്ഷിതിഭൃതാം
മഹാശക്തോ ഞാനെന്ന മവ-
നർത്തോന്നുന്നിതധുനാ
സഗർവ്വം നോക്കിക്കൊണ്ടഴകൊട്ടു
ദുരാശാവിഗളിതാം
മനോജ്ഞാമിക്കന്യാമഹമന്ദ-
ഭവാമ്യേവനിയതം. 65
ഉൽക്കതാപം പൂണ്ടുദഗ്രഭ്രമമുടനടനേ
ചെന്നുരംഗേ കരേറി- (ടിട-
ത്തിക്കിത്തള്ളിക്കിളഞ്ഞും ചിലർ ചിലരൊ
ഞ്ഞും പിടഞ്ഞും തടഞ്ഞും
കൈത്തക്കപ്പിടിച്ചാർ കതിചന കലവി,-
ല്ലൊട്ടുപിന്നിൽക്കിടന്നാർ (പിൻ-
തിക്കിക്കൈകാലൊടിഞ്ഞും വിഗളിതധൃതി
വാങ്ങിനാർ കേചി ഭൂപാഃ. 66
കേഷാഞ്ചിൽക്കാലൊടിഞ്ഞൂ തുടിതി കര
ഞ്ഞൂ ചിലക്കങ്ങുമിങ്ങും (മൊടി-
ഭൂഷാജാലങ്ങളാച്ചൂഴം വിഗളിതധൃതിപൊ-
ട്ടിത്തെറിച്ചു പരേഷാം,
രോഷാവേശേന തമ്മിൽ പ്രകടിതമദമാ-
ത്സര്യമേഷാം നൃപാണാം (നം
ഘോഷം മറ്റൊന്നുമൊറ്റൊന്നുദിതു;മൊരുവ
ച്ചെന്നിളക്കീല ചാപം 67
“വില്ലും വേണ്ടാ നമുക്കിങ്ങഥ പുനരധുനാ-
ചാരുപോയെങ്കിലത്രേ
പല്ലും വേണ്ടാ കണക്കേ പെരുത്ത ശകുനദോ-
ഷം നമുക്കെന്നമന്യേ (പൊടിയാ-
പെണ്ണും വേണ്ടീല, ഹാഹാ! ശിവശിവ!!
കുന്നിതെന്നംഗമയ്യോ
കണ്ണും കൊണ്ടങ്ങു പൊയ്ക്കൊള്ളുകിൽമതി-
മതി,പെട്ടന്നു കഷ്ടാദശേയം 68
എന്നെല്ലാം ചാപലം കൊണ്ടവശതയിലഴ
ച്ചും പറഞ്ഞും തളർന്നും
ഖിന്നം വ്രീളാവിനമ്രാനനമഖിലമഹീ-
പാലജാലം വ്യരംസീൽ
ചിന്നും ധൈര്യം ചിരിച്ചും ചിലരുപഹസി
ച്ചും പഴിച്ചും പറഞ്ഞും
കണ്ണും പൊട്ടും പ്രകാരം വരസദസി തദാ
കോപി കോലാഹലോഭൂൽ. 69

---

ചൂടിനെ സംബന്ധിച്ച

# ചില ശാസ്ത്രതത്വങ്ങൾ

കഴിഞ്ഞ ലക്കം മംഗളോദയത്തിൽ ഈ തലവാചകത്തിൻകീഴിൽ എഴുതിയിരുന്ന ലേഖനത്തിന്റെ അവശേഷമായി കുറെ വിഷയങ്ങൾ കൂടി എഴുതുവാനുണ്ട്. അതുകളെ ക്രമേണ പ്രതിപാദിച്ചുകൊള്ളുന്നു.

പരമാണുവാദം

ചൂടിനു പരമാണു ഉണ്ടോ ഇല്ലയോ എന്നുള്ള കാര്യം പാശ്ചാത്യശാസ്ത്രത്തിൽ ഏറ്റവും പ്രധാനവും പല പണ്ഡിതന്മാരുടെയും പരിശോധനയ്ക്കു വിഷയീഭവിച്ചതും ആയ ഒരു സംഗതിയാകുന്നു. ഇതിനെപ്പറ്റിയ സിദ്ധാന്തത്തിനു താപപരമാണുവാദം (Theory of Phlogiston) എന്നു പേരു പറഞ്ഞുവരുന്നു. ആദ്യകാലങ്ങളിൽ പാശ്ചാത്യതത്വശാസ്ത്രജ്ഞന്മാരൊക്കെയും ചൂടിനു പരമാണു ഉണ്ടെന്നു തന്നെ വിചാരിച്ചുപോന്നു. ചൂടിന്റെ പരമാണു സകല ദ

വ്യാങ്ങളിലും സമാനമായി ലയിച്ചു കിടക്കുന്നതെന്നും, ചില പ്രയോഗവിശേഷങ്ങളെക്കൊണ്ട് അതിനെ ഒരു വസ്തുവിൽ നിന്നു മറ്റൊന്നിലേക്കു പ്രവേശിപ്പിക്കുവാൻ കഴിയുമെന്നും അവർ സിദ്ധാന്തിച്ചിരുന്നു. ഈ അഭിപ്രായം പാശ്ചാത്യരുടെ ഇടയിൽ കുറെ കാലത്തേക്കു നിലനിന്നു. ക്രിസ്താബ്ദം പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ 'കൌണ്ട് റംഫോർഡ്' (Count Rumford) എന്ന വിദ്വാൻ ഒരു അഗ്നിയന്ത്രശാലയുടെ അദ്ധ്യക്ഷനായിരുന്നു. മ്യൂനിക്ക് എന്ന നഗരത്തിൽ വെച്ച് ആയാൾ തോക്കുകൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. ഒരിക്കൽ, തോക്കിൽ തിയ്യ തട്ടിക്കുവാനുള്ള സ്ഥലം തുളയ്ക്കുമ്പോൾ ആയാൾക്കു ചില സംഗതികൾ കണ്ടുപിടിക്കുവാൻ സാധിച്ചു. തോക്കിന്മേൽ തുളയ്ക്കുമ്പോൾ അവിടെ വെള്ളം ഒഴിച്ചു നോക്കിയതിൽ ആ വെള്ളം കൂടി ചുട്ടുപഴുത്ത് ആവിയായിപ്പോകത്തക്കവിധം, ആ തുളയുടെ സ്ഥാനത്ത് അത്ര കലശലായ ചൂടു ബാധിച്ചു. അപ്പോൾ, താൻ എത്ര സമയത്തോളം അവിടെ തുളയ്ക്കുവാനായിട്ടു തുളയ്ക്കാനുള്ള യന്ത്രത്തെ പ്രയോഗിക്കുന്നുവോ, അത്രയും സമയത്തേക്ക് അവിടെ ചൂട് അധികമായിക്കൊണ്ടിരിക്കുമെന്നും, അതിന്നു കാരണം ആ തോക്കു തുളയ്ക്കുവാനായി താൻ പ്രയോഗിക്കുന്ന ശക്തി ചൂടിന്റെ രൂപത്തിൽ പരിണമിക്കുന്നതാണെന്നും ആയാൾ ഊഹിച്ചു. ഈ സംഗതിയിൽ നിന്നുള്ള ആലോചനയുടെ ഫലമായിട്ട്, ചൂടിനു പരമാണു ഇല്ലെന്നായി ആ വിദ്വാൻ സിദ്ധാന്തിച്ചു. ഈ സിദ്ധാന്തത്തിനുള്ള യുക്തി ഇങ്ങിനെയാകുന്നു - ഒന്നാമത് തോക്കിന്മേൽ തുളയ്ക്കുന്ന ആൾ അതിന്മേൽ തന്റെ ശക്തിയെ പ്രയോഗിക്കുകയാണല്ലോ ഉണ്ടായത്. ആ ശക്തിതന്നെ, പിന്നെ ചൂടായി പരിണമിച്ചു. തോക്കിന്ന് തുളയ്ക്കുവാൻ തുടങ്ങുന്നതിന്നു മുമ്പിൽ എത്ര ഘനം ഉണ്ടായിരുന്നുവോ ആ ഘനം, പിന്നെ തുളച്ചു തുടങ്ങിയപ്പോൾ തുളയ്ക്കുന്ന സ്ഥലം തുരക്കുന്നതിൽ നിന്നു പൊടി പുറപ്പെടുമ്പോഴും അതേ നിലയിൽത്തന്നെ ഇരുന്നിരുന്നു. ചൂടിന്നു പരമാണു ഉണ്ടായിരുന്നുവെങ്കിൽ, തോക്കിന്മേൽ തുളയുണ്ടാക്കുമ്പോൾ ആ തോക്കിന്റെ പരിമാണം കുറഞ്ഞുപോന്നു ചുരുങ്ങേണ്ടതായിരുന്നു. എന്തുകൊണ്ടെന്നാൽ, തോക്കിന്മേൽ നിന്നാണല്ലോ അതു തുളയ്ക്കുന്ന സ്ഥലത്തൊഴിച്ച വെള്ളത്തിലേക്കു ചൂടു പകർന്നത്. എന്നുതന്നെയല്ല, തോക്കിന്നു മുമ്പുണ്ടായിരുന്ന ഘനം ആ തോക്കിന്നു പുറമെ അതിൽ അന്തർഭവിച്ചു കിടക്കുന്ന ചൂടിന്റെ വകയായിട്ടു കൂടി ഉണ്ടായതായിരുന്നിരിക്കണം. ഇപ്പോഴാകട്ടെ തോക്കിന്റെ ഘനം മുമ്പിലത്തെപ്പോലെ നിലനിന്നു കണ്ടതുകൊണ്ട് ചൂടിന്നു പരമാണു ഇല്ലെന്നു സിദ്ധിക്കുന്നു. ഇനി വേറെ ഒരു യുക്തി: അതായത്, ചൂട് എന്നതു ശക്തിയുടെ ഒരവസ്ഥാന്തരം മാത്രമാണല്ലോ. എന്തുകൊണ്ടെന്നാൽ, ഏതു വസ്തുവിലും ശക്തിയെ പ്രയോഗിക്കുന്നതായാൽ സമമായ ചൂട് ലഭിക്കുന്നതുകൊണ്ടു തന്നെ. ഈ സ്ഥിതിക്കു ചൂടിന്നു പരമാണു ഉണ്ടെന്നു സമ്മതിക്കുന്ന പക്ഷം, ശക്തിയെ മാറ്റം ചെയ്യുന്നതുകൊണ്ട് ചൂടു ലഭിക്കുന്നതെങ്ങിനെ? ഇതിന്നു പുറമെ മറ്റൊരു യുക്തി: രണ്ടു മരക്കഷണങ്ങൾ തമ്മിൽ എത്രത്തോളം അധികമധികം കൂട്ടി ഉരയ്ക്കുന്നുവോ, അത്രത്തോളം അവയുടെ സംഘർഷണത്തിൽനിന്നു വീണ്ടും ചൂടുണ്ടാവുന്നു. ചൂടിന്നു പരമാണു ഉണ്ടായിരുന്നു

വെങ്കിൽ അതു പിന്നെപ്പിന്നെ അധികപ്പെടുവാൻ അവകാശമില്ലായിരുന്നു പരിമിതമായ ഒരു പദാൎത്ഥത്തിൽ നിന്നു് അപരിമിതമായ പദാൎത്ഥം ഉത്ഭവിക്കുകയില്ലെന്നാണല്ലോ ശാസ്ത്രത്തിലെ നിയമം. ഇതുമല്ല; ക്രിസ്താബ്ദം 1807-ൽ 'ഡേവിസ്' (Davis) എന്ന പാശ്ചാത്യപണ്ഡിതൻ ഒരു പരീക്ഷ ചെയ്തു നോക്കുകയുണ്ടായി. ആയാൾ രണ്ടു മഞ്ഞുകട്ടകളെ ആ മഞ്ഞുകട്ടയും അതു വെയ്ക്കുന്ന സ്ഥലത്തിന്നും തണുപ്പു സമമായ ഒരിടത്തു വെച്ചുനോക്കി. അപ്പോൾ ആ മഞ്ഞുകട്ടകൾ ദ്രവിച്ചില്ലെന്നു മാത്രമല്ല, അതു ദ്രവിക്കുവാനുള്ള ലക്ഷണങ്ങളൊന്നും ഉണ്ടാവുകകൂടി ചെയ്തില്ല. പിന്നെ ആയാൾ ആ മഞ്ഞുകട്ടകളെത്തന്നെ എടുത്തു തമ്മിൽ ഉരുമ്മിനോക്കി. അപ്പോൾ, സംഘൎഷണജന്യമായ ചൂടുനിമിത്തം ആ കട്ടകൾ ദ്രവിക്കുവാൻ തുടങ്ങി. തണുപ്പേറിയ മഞ്ഞുകട്ടകൾ ദ്രവിക്കേണമെങ്കിൽ ചൂടുകൂടാതെ നിവൃത്തിയില്ലെന്നു് എല്ലാ ശാസ്ത്രജ്ഞന്മാൎക്കും സമ്മതമാണു്. ഈ മഞ്ഞുകട്ടകളിലാകട്ടെ ചൂടു് എവിടെനിന്നു വന്നു? ചൂടിന്റെ പരമാണുക്കൾ കൂടിക്കലരാതിരുന്നാൽ മാത്രമേ വെള്ളം ഘനമായിരിക്കയുള്ളു എങ്കിൽ, ഇവിടെ ചൂടിന്റെ പരമാണുക്കൾ ഇല്ലാത്തതുകൊണ്ടു്, ചൂടു് എവിടെനിന്നു വന്നിട്ടാണു് ഘനമായ മഞ്ഞുകട്ടയെ വീണ്ടും ദ്രവമയമാക്കിയതു്? അതിനാൽ സംഘൎഷണജന്യമായ ശക്തി മാത്രമാണു് മഞ്ഞുകട്ടകളിൽ ചൂടിനെ ഉണ്ടാക്കിയതെന്നും, ചൂടിന്നു പരമാണു ഉണ്ടായിട്ടില്ലെന്നും തെളിയുന്നു.

ഈ ഒടുവിൽ പറഞ്ഞ പണ്ഡിതൻ ചെയ്ത പരീക്ഷയുടെ ഫലം അറിഞ്ഞതിന്നുശേഷം, പാശ്ചാത്യരുടെ ഇടയിൽ ചൂടിന്നു പരമാണുക്കൾ ഇല്ലെന്നുള്ള സിദ്ധാന്തം പ്രചരിച്ചുതുടങ്ങി. ആ അഭിപ്രായം ക്രമേണ പ്രബലപ്പെട്ടു്, ഇപ്പോൾ പാശ്ചാത്യതത്വശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ചൂടിന്നു പരമാണു ഉണ്ടെന്നു് ഒരു കാലത്തുണ്ടായിരുന്ന അന്ധാളിത്വം തീരെ വിസ്മൃതമായിരിക്കുന്നു.

ചൂടു് എന്നതു ശബ്ദം, ഗതി, വിദ്യുത്തു് ഇത്യാദി ശക്തികളെപ്പോലെയുള്ള ഒരു ശക്തിയാണെന്നും, മറ്റു ശക്തികളെ ചൂടിന്റെ രൂപത്തിൽ പരിണമിപ്പിക്കുവാൻ കഴിയുമെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ശക്തികൾക്കുള്ള ഈ അഭേദത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു്, പല സിദ്ധാന്തങ്ങളും പാശ്ചാത്യശാസ്ത്രത്തിൽ ഉണ്ടായിട്ടുണ്ടു്. 'മേയാർ' എന്നു പേരായ ഒരു ജൎമ്മൻ പണ്ഡിതൻ, "ഒരു ക്ലിപ്തമായ കണക്കിൽ ചൂടിനെ പ്രയോഗിക്കുന്നതായാൽ തദനുരൂപമായ മറ്റു ശക്തിയെ ഉണ്ടാക്കാൻ കഴിയും" എന്നുള്ള വിഷയത്തെക്കുറിച്ചു് ഒരു പ്രബന്ധം എഴുതിട്ടുണ്ടു്. ഡാക്ടർ 'ജൂൽ' (Dr. Jule) എന്ന വിദ്വാൻ ഒരു പരീക്ഷ(Experiment) ചെയ്തു നോക്കി, ശക്തി എന്നും ചൂടെന്നും പറയുന്നതു് ഒരേ പദാൎത്ഥമാണെന്നും, എന്നാൽ പ്രയോഗവിശേഷങ്ങളെക്കൊണ്ടു അവ അവസ്ഥാന്തരത്തെ പ്രാപിക്കുന്നു എന്നും, എത്ര ചൂടിനെ പ്രയോഗിച്ചാൽ എത്രത്തോളം ശക്ത്യന്തരത്തെ സമ്പാദിക്കുവാൻ കഴിയുമെന്നും മറ്റും സവിസ്തരമായി പ്രതിപാദിച്ചു. ഒരു പൌണ്ടു വെള്ളത്തിൽ ഒരു ശതാംശകല(One degree Centigrade)യോളം ചൂടുണ്ടാകുവാൻ എത്രത്തോളം ശക്തി ആവശ്യമാകുന്നുവോ ആ ശക്തികൊണ്ടു് ആയിരത്തിമുന്നൂറിതൊണ്ണൂറു പൌണ്ടു് ഘനമുള്ള ഒരു സാധനം ഒരടി ഉയരത്തിലോ ഒരു പൌണ്ടു് ഘനമുള്ള ഒരു പദാൎത്ഥം ആയിരത്തിമുന്നൂറിതൊണ്ണൂറു് അടി

ഉയരത്തിലോ പൊക്കുവാൻ കഴിയുമെന്നാണ് മേയാർ പണ്ഡിതൻെറ സിദ്ധാന്തം. മനുഷ്യപ്രയത്നംകൊണ്ടു മൌലികപദാർത്ഥം (Matter) ഉണ്ടാക്കുവാൻ കഴികയില്ലല്ലോ. ചൂടിനെ മേൽപറഞ്ഞപ്രകാരം ഉണ്ടാക്കുവാൻ സാധിക്കുന്നതിനാൽ അതൊരു മൌലികപദാർത്ഥമല്ല. ഒരു വണ്ടിയുടെ ചക്രം ഗതിവേഗത്താൽ ഉരുണ്ടുരുണ്ടു തുടങ്ങുമ്പോൾ അതിൻെറ ഗതിശക്തി ക്ഷയിക്കുകയും അതു ക്രമേണ താപശക്തിയായി പരിണമിക്കയും ചെയ്യുന്നു. ആവി വണ്ടിയിലാകട്ടെ, ചൂട ഗതിരൂപേണ പരിണമിച്ചു വണ്ടിയെ ഓടിക്കുന്നു. അതുകൊണ്ടു വന്നുകൂടുന്നതെന്തെന്നാൽ, ക്ലിപ്തമായ ശക്തിയുടെ വിനിയോഗംകൊണ്ടു ക്ലിപ്തമായ ചൂടുണ്ടാക്കുവാൻ കഴിയുമെന്നുതന്നെ. അപ്പോൾ ചൂട് എന്നതെന്താകുന്നു? അത് അവസ്ഥാന്തരേണ പരിണമിച്ചിട്ടുള്ള ഗതിശക്തിതന്നെ. ഇതാണ് മേയാറുടെ സിദ്ധാന്തത്തിൻെറ ചുരുക്കം. (തുടരും)

ഭാസ്കരാചാര്യർ.

# കീചകൻെറ പുനർജ്ജന്മം

പുരുഷന്മാരെപ്പോലെ വിദ്യാഭ്യാസം ചെയ്യുന്നതിന്നും ഉദ്യോഗങ്ങൾ ഭരിക്കുന്നതിന്നും തൊഴിലുകളിൽ ഏർപ്പെടുന്നതിന്നും സ്ത്രീകൾക്കും സാധിക്കുമെന്ന് ഈ ഇരുപതാം നൂററാണ്ടിലെ അനുഭവം നമുക്കു പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. ഇതിനൊക്കയും സ്ത്രീകൾക്കു പാടവമുണ്ടെങ്കിൽ കവിതയ്ക്കുമാത്രം അവർ ആളല്ലെന്നു വരുമോ? ഇല്ല, ഒരിക്കലും ഇല്ല. പ്രസിദ്ധവിദുഷിയായിരുന്ന മനോരമത്തമ്പുരാട്ടിയുടെ കവിത നാട്ടിലൊക്കയും പേരുകേട്ടതാണല്ലോ. സുഭദ്രാർജ്ജുനം നാടകം എഴുതി, ഇക്കാലത്തെ കവികളുടെ ഇടയിൽ ഉയൎന്ന ഒരു സ്ഥാനം കയ്ക്കലാക്കിയതും ഒരു സ്ത്രീയല്ലേ? ഇതൊക്കയും ശരിയാണെങ്കിൽ, ഇക്കാലത്തു പത്രങ്ങളിലും മാസികകളിലും സ്ത്രീകൾ കവിതയെഴുതുവാൻ തുടങ്ങിയതിനെപ്പററിയും എന്താ സംശയിപ്പാനുള്ളത്? സ്ത്രീകളുടെ പേർവെച്ചു കാണുന്ന കവിതകൾ മുക്കാലും യഥാർത്ഥത്തിൽ അവരുണ്ടാക്കിയതായിരിക്കയില്ലെന്നും അവരുടെ വല്ല കൂററുകാരും ഉണ്ടാക്കിക്കൊടുത്തതായിരിക്കുമെന്നും ചിലർ അഭിപ്രായപ്പെടാറുണ്ട്. ഇത് സാധാരണയായി പുരുഷന്മാൎക്കു സ്ത്രീകളുടെ പേരിലുള്ള ദുരഭിപ്രായംകൊണ്ടുണ്ടായതല്ലാതെ വാസ്തവത്തിൽ ശരിയാണോ എന്നു സംശയമാണ്. ആണുങ്ങളെപ്പോലെ പെണ്ണുങ്ങളും പ്രസിദ്ധിസമ്പാദിക്കുന്നതിൽ അസൂയ ഉള്ള ഞങ്ങൾ കണ്ണുകടി പറഞ്ഞാൽ വസാനിക്കയില്ല.

കുറച്ചു കാലമായി പല പത്രങ്ങളിലും ചില "ചീരുക്കുട്ടി"യും "ചിരുതേവി"യും മററും കടന്നുകയറീട്ടുണ്ടെങ്കിലും "തങ്കമ്മ" എന്നൊരു കവിതക്കാരത്തിയുടെ പേര് ഇതേവരെ ആരും കേട്ടിട്ടില്ല. "കവിതക്കോളാമ്പി" എന്ന പത്രത്തിലാണ് ആ സ്ത്രീ ആദ്യമായി അരങ്ങേററം കഴിച്ച് കവിതാനാടകം ആടുവാൻ തുടങ്ങിയത്. നാട്ടിലൊക്കയും പ്രസിദ്ധനായ പാറപ്പുറത്ത് ആരോരിപ്പാട്ടിലെപ്പററി സ്തുതിച്ചുകൊ

ണ്ടാണ് ആദ്യത്തെ ആട്ടം ഉണ്ടായത്. ആരേരി ഇന്ദ്രനാടൊക്കെമെന്നും ചന്ദ്രനാടൊക്കെമെന്നും കണ്ടാൽ നല്ല അഴകുണ്ടെന്നും കാമദേവന്റെ തന്നെ അവതാരമാണെന്നും പണംകൊണ്ട് കുബേരനെക്കൂടി തോല്പിച്ച ആളാണെന്നും, അവിടത്തെ കണ്ണു താമരയിതളുപോലെയും മൂക്കു എള്ളിൻപൂവുപോലെയും കോമളമാണെന്നും എന്നുവേണ്ട പല വിധത്തിലും ആ കവിതയിൽ പ്രശംസിച്ചു വൎണ്ണിച്ചിരുന്നു. "കവിതക്കോളാമ്പി" പത്രാധിപർ ഈ കവിതയെ "കോളാമ്പി"യുടെ ഒരു പ്രധാന സ്ഥാനത്തു വലിയക്ഷരത്തിൽ —വലിയ വെണ്ടയ്ക്കായിലും വഴുതിനിങ്ങയിലുമല്ല— ചേൎത്തു കൂടാതെ താഴെകാണുന്ന ഒരു കുറിപ്പു കൂടി കവിതയുടെ ചുവടെ എഴുതിച്ചേൎത്തിരുന്നു.

"ഈ കവിതയിൽ കവിതാഗുണങ്ങൾ വളരെയധികമുണ്ടെന്നു പറഞ്ഞുകൂടെങ്കിലും, സൌഭാഗ്യവതി തങ്കമ്മയുടെ കവിതയ്ക്കു നല്ല വാസന കാണുന്നതുകൊണ്ടും വിശിഷ്യ യോഗ്യനായ ആരേരിപ്പാട്ട് തിരുമേനിയുടെ ഗുണഗണങ്ങളെ വൎണ്ണിക്കുന്നതാകകൊണ്ടും ഞങ്ങൾ ഇതിനെ സസന്തോഷം ഇവിടെ പ്രസിദ്ധപ്പെടുത്തിയതാണ്. ഇങ്ങിനെയുള്ള കവിതകളെ മേലിലും "കോളാമ്പി" പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. എന്ന് ക. കോ. പത്രാധിപർ"

മേൽപ്രകാരം താമരപ്പറമ്പത്തു തങ്കമ്മയുടെ സ്തുതിക്കു വിഷയമായിത്തീൎന്ന ഭാഗ്യവാനായ ആരേരിപ്പാട്ട് തിരുമേനിയെപ്പറ്റി വായനക്കാരോട് ഏതാനും സംഗതികൾ പറയേണ്ടതായിട്ടുണ്ട്. പാറപ്പുറത്ത ആരേരി എന്നു കേട്ടാൽ ഒന്നു ഞെട്ടാത്ത ആളുകൾ ഭൂലോകത്തിലുണ്ടോ എന്നു സംശയമാണ്. പാറപ്പുറം എന്ന വലിയ ദേശവഴിയുടെ ഉടമസ്ഥനും, വളരെക്കാലമായി കെട്ടുവളരെ സ്ഥാനമാനങ്ങളോടുകൂടി കഴിഞ്ഞുപോരുന്ന പാറപ്പുറം സ്വരൂപത്തിലെ നാഥനും ആയ ഒരു എടപ്രഭുവാണ് ആരേരി. എത്രയോ വലിയ സമ്പത്തുപോലെ അപാരമായ ജനസംഖ്യയും ഉള്ള ആ താവഴിയിലെ കാരണവസ്ഥാനം കിട്ടുന്നവർ "പാറപ്പുറം" എന്ന ബങ്കളാവിലാണ് താമസിക്കുക പതിവ്. കാൎയ്യസ്ഥന്മാരും കുടിയാന്മാരും മന്ത്രക്കാരും തന്ത്രക്കാരും സേവന്മാരും നിറഞ്ഞ ആ സ്ഥലത്ത് ഈ കഥ നടന്ന കാലത്തെ ആരേരി ഇന്ദ്രപുരിയിൽ ഇന്ദ്രനെന്നപോലെ വളരെ വലിയ പദവിയിൽ താമസിക്കുകയാണ്. സാധാരണയായി ഈ സ്ഥാനത്തു കയറുന്നവൎക്കില്ലാത്തതായ പല ഗുണങ്ങളും പുതിയ ആരേരിക്കുണ്ടായിരുന്നു. സംസ്കൃതഭാഷയിൽ വളരെക്കാലം പഠിച്ച് പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ളതിനു പുറമെ ഇംഗ്ലീഷു മുതലായ ഇതരഭാഷകളും അവിടെക്കറിയാം. പാശ്ചാത്യപരിഷ്കാരത്തിന്റെ മട്ടുകളിലൊക്കെ വലിയ ഭ്രമമാണ്. സായ്പന്മാരെ സല്ക്കരിച്ച് അവരുടെ പ്രീതി സമ്പാദിക്കുവാൻ ആരേരിയെപ്പോലെ വേറെ ആരും ഉണ്ടായിട്ടില്ല. ഇതിന്നൊക്കെ പുറമെ കവിതയുടെ കാൎയ്യത്തിലും ആരേരിക്കു കുറെ "അസ്ഖിത" ഉണ്ട്. അതു ചെറുപ്പം മുതല്ക്കേ ഉള്ളതുമാണ്. ഈ കഥ നടന്ന കാലത്തു വയസ്സ് ഏകദേശം പുരുഷായുസ്സിന്റെ മുക്കാൽ ഭാഗവും തികഞ്ഞിട്ടുള്ള ഈ പുരുഷകേസരിയുടെ സ്വന്തം കവിതകളായിട്ട് ആ വയസ്സിന്റെ സംഖ്യയോളം പുസ്തകങ്ങൾ അദ്ദേഹം ഉണ്ടാക്കീട്ടുണ്ട്. കവിതക്കാരെ സൽക്കരിക്കുക, വല്ല സഭകൾക്കും ക്ഷണം കിട്ടിയാൽ സഭാനാഥനായി പോവുക, പല സഭകളും ത

ൻെറ ബങ്കളാവിൽത്തന്നെ വിളിച്ചുകൂട്ടിക്കുക, അതുകളിൽ താൻതന്നെ സഭാനാഥനായിരിക്കുക ഇങ്ങിനെ പല വലിയ സംഗതികളും ആലോചി നിത്യമായി നടത്തിവന്നിരുന്നു. ഇതിൽപരം വലുതായ ഒരു ഭാഗ്യം മനുഷ്യജന്മത്തിൽ സിദ്ധിപ്പാനുണ്ടോ? ഈ വക ഭാഗ്യങ്ങൾക്കനുസരിച്ചു നല്ല രസികത്വവും ആ പുരുഷപുംഗവനുണ്ടായിരുന്നു. പാറപ്പുറം ദേശവഴിയിലുള്ള മിക്ക ആളുകൾക്കും അവിടുത്തെ രസികത്വത്തിൻെറ ഫലം അനുഭവിക്കുവാൻ സാധിക്കാതിരുന്നിട്ടില്ല. ഇതുപോലെ നല്ല വീര്യവും അവിടേക്കുണ്ട്. വീര്യംകൊണ്ടു നോക്കിയാൽ സാക്ഷാൽ പരശുരാമനോടു ഏകദേശം സമമാണ്. പക്ഷെ, ഒരു ദോഷം മാത്രം ഈ യോഗ്യനിൽ ചന്ദ്രനിൽ കളങ്കമെന്നപോലെ ഉണ്ട്. അതെന്തെന്നാൽ, സ്ത്രീകളുടെ വിഷയത്തിൽ അതിരുകവിഞ്ഞ കമ്പം ഉണ്ട്; അതുതന്നെ. സ്വന്തം ഭാര്യയെക്കൊണ്ടു മാത്രം തൻെറ തൃതീയപുരുഷാർത്ഥം സാധിക്കുന്നതാണ് ധർമ്മമെന്നുള്ള ബോധം ഉണ്ടായിരുന്നിട്ടും, ആ മനുഷ്യൻെറ മനസ്സു മറ്റോരോ ദിക്കിൽ പതറിപ്പോവുക പതിവാണ്. നല്ല സൌന്ദര്യമുള്ള സ്ത്രീകളെക്കാളധികം സംഗീതം, ചിത്രമെഴുത്ത്, കവിത, നാടകമാട്ടം ഈ വക സാംഗതികളിൽ സാമർത്ഥ്യമുള്ള സ്ത്രീകളെ ബഹുമാനമുള്ള കൂട്ടത്തിലാണ് അദ്ദേഹം. അങ്ങിനെയുള്ളവരുടെ പേരിലുള്ള ബഹുമാനം പലപ്പോഴും അവരുടെ പേരിൽ അനുരാഗമായിപ്പരിണമിക്കയും, അതിനെ നിവൃത്തിക്കുവാൻ അദ്ദേഹം ത്രിവിധകരണങ്ങളെക്കൊണ്ടും പ്രവൃത്തിക്കയും ചെയ്ക പതിവാണ്. ഒരിക്കൽ ഒരു നാടകത്തിലെ സ്ത്രീപാർട്ടുകാരിയെ കണ്ടിട്ടു വല്ലാതെ ഭ്രമിച്ച്, അതിനുവേണ്ടി വളരെ പണം ചിലവിട്ടു. ഇതുപോലെ വേറേയും പല ഉദാഹരണങ്ങളുണ്ട്. ഈ ഒരു ദോഷം ഇത്രയും വയസ്സായ കാലത്തുകൂടി മററു പല ഗുണങ്ങളുടേയും വിളനിലമായ ആഠേരിയെ വിട്ടുപിരിയാതിരുന്നത് ആശ്ചര്യകരമല്ലെങ്കിലും വ്യസനഹേതുവാണ്.

ഒരു ദിവസം ആഠേരിപ്പാടു രാവിലത്തെ ഭക്ഷണം കഴിഞ്ഞു സ്വകാര്യമുറിയിൽ ഇരിക്കയായിരുന്നു. ഈ സമയം അവിടേക്കു വരുന്ന കത്തുകൾ നോക്കുക, പത്രങ്ങളും മാസികകളും വായിക്കുക ഈ വക സംഗതികൾക്കാണ് ചിലവാക്കുക പതിവ്. ആ സമയത്ത് ഭാര്യയല്ലാതെ വളരെ ഇഷ്ടപ്പെട്ട സേവന്മാർകൂടി അവിടെ ചെന്നുകൂടെന്നാണ് നിശ്ചയം. ചിലപ്പോൾ ഭാര്യക്കുംകൂടി പ്രവേശം അനുവദിക്കാതേയും പതിവുണ്ട്. ഇന്നത്തെ ദിവസം ഭക്ഷണം കഴിഞ്ഞുവന്നപ്പോൾ, തൻെറ വെള്ളിത്തട്ടായ സ്വകാര്യമേശയുടെ പുറത്തു പതിവിലധികം പത്രങ്ങളും മാസികകളും അടുക്കിയടുക്കി വെച്ചിരുന്നു. വന്ന ഉടനെ പത്രങ്ങളെ ഓരോന്നോരോന്നായി എടുത്തു നോക്കി, അതിന്നിടയിലുണ്ടായിരുന്ന "കവിതക്കോളാമ്പി" പൊട്ടിച്ചു വായിക്കുവാൻ തുടങ്ങി. മേൽവിലാസം പൊളിച്ചു നോക്കിയപ്പോഴെക്ക് "ആഠേരിദശകം" എന്നു വലിയക്ഷരത്തിൽ എഴുതിയ ഒരു തലക്കെട്ടു കണ്ടെത്തി. അതു മുമ്പറഞ്ഞ തങ്കമ്മയുടെ കവിത ആയിരുന്നു. ആഠേരി അതിയായ ഉൽകണ്ഠയോടുകൂടി ആ കവിത അഞ്ചാറു തവണ വായിച്ചുനോക്കി. അതിലെ ശ്ലോകങ്ങളെക്കാളധികം അദ്ദേഹത്തിൻെറ മനസ്സിനെ അപഹരിച്ചത്, പത്രാധിപർ അതിന്നു താഴെ എഴുതിയ ആ കുറിപ്പാണ്. അഞ്ചെട്ടു പ്രാവശ്യം അത് വായിച്ചതിനുശേഷം മററുള്ള കടലാ

സ്സുകളുടെ കാര്യം ഓക്കുകപോലും ചെയ്യാതെ, ആ അറയിലുണ്ടായിരുന്ന ആട്ടുകട്ടിലിന്മേൽ കേറിക്കിടന്ന് ആരേരി ആലോചനയായി:—"ഹാ! എന്തു കവിത! നല്ല അർത്ഥപുഷ്ടി. ശബ്ദഭംഗിയും അങ്ങിനെ തന്നെ. ഈ വക കവിത വായിക്കാത്ത ആളുകളല്ലേ ഭാഗ്യം കെട്ടവർ. നമ്മെപ്പററി ഇങ്ങിനെ വർണ്ണിച്ചെഴുതിയ തങ്കമ്മ ആരായിരിക്കും? ആരായാലും അവൾ നല്ല കവിതക്കാരത്തിയാണ്. സംശയമില്ല. കവിതക്കാരുടെ മനസ്സിലുള്ള ഭാവങ്ങളാണ് കവിതാരൂപേണ പ്രവഹിക്കുന്നതെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നതു ശരിയാണെങ്കിൽ, തങ്കമ്മ നമ്മെ വല്ലാതെ ഭ്രമിച്ചിരിക്കുന്നു നിശ്ചയം. നാം വലിയ ധനികനും സുന്ദരനും ആയതു മാത്രമല്ലാ പ്രസിദ്ധനായ ഒരു കവികൂടി ആകയാൽ തങ്കത്തിനങ്ങിനെ മോഹം തോന്നുന്നതിൽ ആശ്ചര്യവുമില്ല. ഹാ തങ്കം! അങ്ങിനെയേ നാം വിളിക്കയുള്ളു. വലിയ സ്ഥാനിയായ നാം അമ്മക്കുട്ടി വിളിക്കയോ? തങ്കം—ഹാ! പേരുകൂടി എത്ര തങ്കമായിരിക്കുന്നു. ഏതായാലും അവളുടെ സകല വർത്തമാനങ്ങളും അറിയുവാൻ ശ്രമം ചെയ്യണം. ശരൽക്കാലത്തെ സാന്ദ്രചന്ദ്രിക ശരീരത്തിൽ വന്നു തട്ടുമ്പോൾ മുണ്ടുകൊണ്ടു പുതയ്ക്കുന്നതായാൽ വല്ലാത്ത വിഡ്ഢിത്തമാവുമല്ലോ. ഏതായാലും തങ്കത്തിനെ അഭിനന്ദിച്ച് കുറെ ശ്ലോകങ്ങൾ ഉണ്ടാക്കി "കവിതക്കോളാമ്പി" പത്രാധിപന്നയക്കുകതന്നെ. പക്ഷെ പത്രാധിപൻ അതു പ്രസിദ്ധപ്പെടുത്തിയില്ലെങ്കിലോ? തമ്മിൽ പരിചയമൊന്നുമില്ലല്ലോ. ഛേ—അങ്ങിനെയല്ല. പത്രാധിപന്നു നമ്മെപ്പററി വളരെ ബഹുമാനമുണ്ടായിട്ടല്ലേ അതിന്നു ചോടെ ആ കുറിപ്പ് എഴുതിയത്? ഏതായാലും ഈ കാര്യത്തിൽ പത്രാധിപനെ പാട്ടിൽ വെക്കുന്നത് ഉപയോഗമായിരിക്കും. "ഹാ! നാം എത്ര ഭാഗ്യവാൻ......"

ആട്ടുകട്ടിലിന്മേൽ കിടന്നിട്ടുള്ള ആലോചന ഇത്രയുമായപ്പോൾ നേരം ഏകദേശം രണ്ടു മണിയായിരിക്കുന്നു. തേയിലയുംകൊണ്ടു കുട്ടിപ്പട്ടർ വൈത്തി എത്തിയ സമയം വാതിലടച്ചേച്ചു പുറത്തു പോകുവാൻ കല്പനയായി. വാതിൽ തുറക്കുന്നതുവരെ ആരും അവിടെ വരരുതെന്നും പറഞ്ഞേയച്ചു. എന്നിട്ട്, അവിടെയുള്ള കസേരകളിലൊന്നിൽ ഇരുന്ന് ശ്ലോകം ഉണ്ടാക്കിത്തുടങ്ങി "ദശക"മല്ലേ ഇങ്ങോട്ടെഴുതിയത്. അതുകൊണ്ട് ഒരു "വിംശതി" ഇരിക്കട്ടെ. എന്നുവെച്ച് ഇരുപതു ശ്ലോകങ്ങൾ പല വൃത്തത്തിലായി എഴുതിയുണ്ടാക്കി. തന്നെപ്പററി തങ്കമ്മ ശ്ലാഘിച്ചതിനൊന്നും താൻ അർഹനല്ലെന്നും, എന്നിരിക്കെ തന്നെ ഇങ്ങിനെ വർണ്ണിച്ചതിന്നു താൻ വളരെ കൃതജ്ഞനായിരിക്കുമെന്നും പറഞ്ഞിട്ടുള്ളതിന്നു പുറമെ തങ്കമ്മയുടെ സൌന്ദര്യത്തെക്കുറിച്ചും കാര്യൊക്കെ ആ കവിതയിൽ പറഞ്ഞിട്ടുണ്ട്. ശ്ലോകങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞപ്പോഴയ്ക്കു നേരം സന്ധ്യയായിരിക്കുന്നു. അപ്പോൾതന്നെ പത്രാധിപക്കൊരെഴുത്തോടുകൂടി അഞ്ചലിലിടുവാൻ കൊടുത്തയച്ചു. എഴുത്തിൽ ഈ തങ്കമ്മയുടെ വിവരങ്ങൾ ശരിയായി അറിയിക്കേണമെന്നും, തരമുണ്ടെങ്കിൽ പത്രാധിപർതന്നെ ബങ്കളാവിലോളം വരുന്നതു സന്തോഷമാണെന്നും കാണിച്ചിരുന്നു. അന്നു രാത്രിതന്നെ വളരെ നേരം ഉറക്കൊഴിച്ചിരുന്ന് തന്റെ സ്നേഹിതന്മാർക്കൊക്കയും, തങ്കമ്മയെപ്പററി വല്ലതും അറിയുമോ എന്നറിയിച്ചു തരുവാൻ കത്തുകൾ എഴുതുകയും ചെയ്തു.

ഈ സംഭവം കഴിഞ്ഞിട്ട് ഏകദേശം

ഒരാണ്ടു കഴിഞ്ഞു. കുംഭമാസമാദ്യത്തെ ബുധനാഴ്ചയിലെ "കോളാമ്പി" പത്രവും എത്തി. ആദ്യത്തെ ഭാഗത്തുതന്നെ തന്റെ "വിംശതി" ബഹുഭംഗിയായി അച്ചടിച്ചു ചേൎത്തുകണ്ടു. ആ പത്രത്തോടുകൂടി തങ്കമ്മയെപ്പററി ആഫീസിൽ ഒരു വിവരവുമില്ലെന്നു പത്രാധിപരുടെ മറുവടിയും കിട്ടി. തന്റെ കവിത പത്രത്തിൽ ചേൎത്തുകൊണ്ടുള്ള കൃതാൎത്ഥത മുഴുവനനുഭവിക്കുവാൻ പത്രാധിപരുടെ കത്തിലെ ഈ സംഗതി ഒരു പ്രതിബന്ധമായിത്തീൎന്നു. എങ്കിലും, മേലിൽ വല്ല വിവരവും അവിടെ കിട്ടിയാൽ ഇങ്ങോട്ടറിയിക്കണമെന്നു് ഒരെഴുത്തുകൂടി അയച്ചു. താൻ പത്തിരുനൂറു പേൎക്കു കത്തുകൾ അയച്ചിരിക്കെ ആരുടെ മറുവടികൊണ്ടെങ്കിലും വിവരം അറിയാതിരിക്കയില്ലെന്നും, മേൽവിലാസം ശരിയായി കിട്ടിയാൽ ആ സൌഭാഗ്യവതിക്കു വല്ല സമ്മാനവും അയച്ചുകൊടുക്കേണമെന്നും ഉറച്ചു് സമയവും കാത്ത് ആശാരി ഇരിപ്പായി. ഇങ്ങിനെ കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ ബങ്കളാവിൽ വരുന്നവരേയും പോവുന്നവരേയും ഒക്കെ തന്നെപ്പററി തങ്കമ്മ എഴുതിയ ശ്ലോകങ്ങളും അതിന്നു താൻ അയച്ച മറുവടി ശ്ലോകങ്ങളും വായിച്ചു കേൾപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ വിനോദം. ആ രണ്ടു കവിതകളുടേയും പത്തിരുനൂറു പകൎപ്പുകളെടുത്തു പലൎക്കും അഞ്ചലിലയക്കേണ്ടിവന്നതിനാൽ, പാറപ്പുറത്തു ബങ്കളാവിലെ ഗുമസ്തന്മാൎക്കു് ഒന്നുരണ്ടു ദിവസം ഒഴിവില്ലാതെ പണിയെടുക്കേണ്ടി വന്നു.

ആശാരിയുടെ താല്പൎയ്യക്കാർ അദ്ദേഹത്തിനെപ്പററി എത്രതന്നെ ബഹുമാനമുള്ളവരാണെങ്കിലും അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ആവശ്യം നിറവേററുവാൻ അവൎക്കാൎക്കും കഴിഞ്ഞില്ല. അതിനാൽ പ്രതിദിനമെന്നപോലെ ആശാരിക്കു പാരവശ്യം വൎദ്ധിച്ചുവന്നു. "തങ്കം തങ്കം" എന്നല്ലാതെ വേറെ ഒരു വിചാരവും ആശാരിക്കില്ലാതെയായി. "സ്യനാ ഭവതി താപായ" എന്ന പ്രമാണം നോക്കുമ്പോൾ അപ്രകാരം പാരവശ്യം നേരിട്ടതിൽ ഒട്ടും അത്ഭുതമില്ലതാനും. ഇങ്ങിനെ കഷ്ടപ്പെട്ടു കഴിയുന്ന കാലത്ത് ഒരു ദിവസം അഞ്ചലിൽ ഒരെഴുത്തു കിട്ടിയതു് അദ്ദേഹത്തിന്നു് അല്പം ആശ്വാസത്തിന്നു കാരണമായി. ഇതാണ് എഴുത്ത്—

"K. Kolambi Office,
Trivancherry 8—10—1898.

ശ്രീ.

തിരുമേനിയുടെ ആവശ്യപ്രകാരം പലവിധത്തിലും ഇവിടെ പരിശ്രമിച്ചു നോക്കി. കവിതക്കാരി തങ്കമ്മയുടെ ഒരു വിവരവും അറിഞ്ഞില്ല. എങ്കിലും ഏതു വിധത്തിലെങ്കിലും ഈ ആവശ്യം സാധിക്കണമെന്നുറച്ചു്, പലൎക്കും കത്തുകൾ അയക്കയും ചില ദിക്കിൽ സൎക്കിട്ടു ചെയ്കയും ചെയ്തു. ഇപ്പോൾ വിവരമെല്ലാം ആയിരിക്കുന്നു. മേൽപറഞ്ഞ തങ്കമ്മ താമരപ്പാമ്പത്ത് എന്ന ഒരു വീട്ടിലെ പെൺകിടാവാണ്. തറവാട്ടിൽ അമ്മയും രണ്ടു ചെറുകിടാങ്ങളും മാത്രമേ ഉള്ളൂ. സംഗീതം, ചിത്രമെഴുത്ത്, കവിത, നാടകാഭിനയം ഇതിലൊക്കെ ബഹുസാമൎത്ഥ്യമുണ്ട്. പ്രായം പതിനെട്ടു വയസ്സ്. ബഹുസുന്ദരി. ഇപ്പോൾ ലോകമോഹനം എന്ന മലയാള നാടകയോഗത്തിൽ സ്ത്രീപ്പാൎട്ടുകാരിയായിട്ടിരിക്കുന്നു. ആ നാടകക്കാരുടെ Camp നവമ്പർ 30-ാംനു-വരെ തിരുവനന്തപുരത്താണ്. ഈ യുവതിയെപ്പററി ഈ എഴുത്തിൽ പറഞ്ഞതിൽ വല്ലതും അതിരുക

ലിന്നതുവെന്നു തോന്നുന്നപക്ഷം ക്ഷമിക്കുമല്ലോ. എന്നു്

V. K. Itnacha Kaimal,
The Editor (sd)

ഈ എഴുത്തു കിട്ടിയപ്പോളുണ്ടായ മനഃപ്രസാദംപോലെയൊരു മനഃപ്രസാദവും ആശ്വാസംപോലൊരു ആശ്വാസവും ആരോരി ഈ ജന്മത്തിൽ അനുഭവിച്ചിട്ടില്ല. പിറെറ ദിവസത്തെ അഞ്ചലിൽത്തന്നെ തങ്കത്തിനു സമ്മാനമായി, താൻ ഉണ്ടാക്കിയ പുസ്തകങ്ങളൊക്കയും അതിനു പുറമെ വളരെ വിലപിടിച്ച ചില കസവു പുടവകളും കൂട്ടിക്കെട്ടി മേൽവിലാസവും എഴുതി തിരുവനന്തപുരത്തേയ്ക്കയച്ചു. പിന്നെ തങ്കമ്മയെ ഒന്നു കണ്ടു സംസാരിക്കുവാനുള്ള മോഹം തുടങ്ങി. അഞ്ചാറുദിവസം കഴിഞ്ഞപ്പോൾ ആരോരിയുടെ, ബങ്കി "മേൽവിലാസക്കാരനെ മനസ്സിലായില്ല" എന്നു പുറത്തെഴുതി നിഷേധമുദ്രയും കുത്തി അഞ്ചലിൽ അങ്ങിനെതന്നെ മടങ്ങി വന്നു. പക്ഷേ, അതുകൊണ്ടു് അധികനേരം വ്യസനിക്കേണ്ടി വന്നില്ല. ബങ്കി മടങ്ങിക്കിട്ടി രണ്ടു മൂന്നു മണിക്കൂർ കഴിഞ്ഞപ്പോഴയ്ക്കു് താനറിയാതെ ബങ്കി മടങ്ങിയതിൽ ക്ഷമിക്കണമെന്നായി തിരുവനന്തപുരത്തുനിന്നു തങ്കമ്മയുടെ ഒരു കമ്പി കിട്ടി. ആട്ടെ, ഒരിക്കൽ മടങ്ങിയാൽ പിന്നെ അയയ്ക്കരുതെന്നില്ലല്ലോ എന്നു കരുതി ആരോരി സമാധാനിച്ചു. പിന്നെ ഏതാനും ദിവസങ്ങളിൽ നമ്മുടെ ആരോരിയുടെ സ്ഥിതി എങ്ങിനെ ആയിരുന്നിരിക്കണമെന്നും, അദ്ദേഹത്തിന്റെ ആലോചനകളും സംസാരങ്ങളും എന്തെല്ലാമായിരുന്നിരിക്കണമെന്നും വായനക്കാൎക്കു സ്വയമായി ഊഹിക്കുവാൻ ഒഴിച്ചു വിടുകയാണു് നല്ലതെന്നു തോന്നുന്നു.

* * *

* * *

പുസ്തകബങ്കിയുടേയും കവിതയുടേയും കഥ അങ്ങിനെ നിൎത്തി, കുറച്ചുനേരത്തേക്കു് എന്റെ വായനക്കാരെ തിരുവനന്തപുരം പട്ടണത്തിലെ ഒരു നാടകശാലയിലേയ്ക്കു ക്ഷണിച്ചുകൊള്ളുന്നു. പ്രകൃതിസുന്ദരവും ബഹുവിധ വിഭവങ്ങളോടുകൂടിയതും വലിയ വലിയ പ്രഭുക്കന്മാരുടേയും പ്രമാണികളുടേയും നിവാസത്താൽ പ്രസിദ്ധവും ആയ തിരുവനന്തപുരം പട്ടണത്തിൽ നാടകാഭിനയം മുതലായ വിനോദങ്ങൾ ഉണ്ടാവുന്നതു് ഒട്ടും ദുൎല്ലഭമല്ല. ബാലാമണി, മുനിസ്വാമി നായഡു, മുതലായ തമിഴ്നാടകക്കാരും, പാൎസി, മലയാളം മുതലായ വേറെ ചില നാടകസംഘക്കാരും ഈ പട്ടണത്തിൽ അവരുടെ നാടകങ്ങൾ ആടുകയും മഹാജനങ്ങളുടെ പ്രീതിക്കു പാത്രീഭവിക്കയും ഉണ്ടായിട്ടുണ്ടു്. ഇങ്ങിനെയുള്ള തിരുവനന്തപുരം പട്ടണത്തിൽ ഒരു വെറും മലയാളനാടകയോഗത്തിന്റെ വരവിൽ വലിയ കോലാഹലത്തിനോ ആൎത്തിരിക്കുന്നോ അവകാശമില്ലെങ്കിലും, ലോകമോഹനം നാടകസംഘക്കാരുടെ അഭിനയം ഒന്നു കാണണമെന്നുള്ള മോഹംകൊണ്ടു പട്ടണം മുഴുവൻ ഇളകിപ്പുറപ്പെട്ടിരിക്കുന്നു. ഇതിനു പ്രധാനമായി രണ്ടു കാരണങ്ങൾ ഉണ്ടു്. ഒന്നാമതു്, മലയാളത്തിൽ വന്നു തമിഴ്നാടകക്കാരും മററും കൊല്ലന്തോറും വളരെ പണം തട്ടിക്കൊണ്ടു പോകുന്നതിനെ ഒന്നു നിൎത്തൽ ചെയ്യണമെന്ന കരുതലോടുകൂടി സ്വദേശാഭിമാനികളായ പല പ്രമാണികൾകൂടിച്ചേൎന്നു് ഏൎപ്പെടുത്തിയതും, കോപ്പുകളുടേയും സീനുകളുടേയും മാഹാത്മ്യത്താൽ ബഹുജനങ്ങളുടെ ശ്രദ്ധ പതിയത്തക്കതും ആണു് ലോകമോഹനം നാടക

സംഘം. രണ്ടാമത്, പ്രായംകൊണ്ടും പഠിപ്പുകൊണ്ടും പരിചയംകൊണ്ടും സൌന്ദൎയ്യംകൊണ്ടും സാരസ്യംകൊണ്ടും ഏററവും വിശേഷപ്പെട്ട താമരപ്പറമ്പത്ത് തങ്കമ്മയാണ് ഈ നാടകത്തിൽ പ്രധാനമായ സ്ത്രീവേഷം. ഈ രണ്ടു സംഗതികൾ നിമിത്തം സ്വദേശാഭിമാനം വിചാരിച്ചും വിനോദത്തിനുവേണ്ടിയും ഇന്നേ ദിവസം ഹാളിൽ വന്നു സ്ഥലം പിടിച്ചിട്ടുള്ള സ്ത്രീപുരുഷന്മാരുടെ എണ്ണം കുറച്ചൊന്നുമല്ല. ഹാൾ നിറഞ്ഞിട്ട് ഒരു വലിയ ജനസംഘം പുറത്തു നില്ക്കേണ്ടതായിവന്നു. ഇതിലിടയ്ക്കു തങ്കമ്മ നമ്മുടെ ആരോരിപ്പാടുമായി പല എഴുത്തുകുത്തുകളും നടത്തുകയും തമ്മിൽ വലിയ 'ലോഗ്യ'ത്തിലാവുകയും ചെയ്തതിനാൽ, ഇന്നത്തെ നാടകത്തിന്ന് ആയമ്മയുടെ ക്ഷണമനുസരിച്ച് ആരോരിപ്പാടും പരിവാരങ്ങളുംകൂടി ഹാജരായിട്ടുണ്ട്. ആകപ്പാടെക്കൂടി ഇന്നത്തെ നാടകത്തിന്റെ വട്ടം വളരെ വലുതായിട്ടാണെന്നു മാത്രമേ പറയേണ്ടതുള്ളൂ. "ഗുലേബകാവലി" എന്ന തമിഴ്നാടകത്തെ മലയാളത്തിലേക്ക് ഒരു വിദ്വാൻ തൎജ്ജമ ചെയ്തിട്ടുള്ളതാണ് ഇന്നേക്കു നിശ്ചയിച്ചിട്ടുള്ള കഥ. ഈ കഥയിലെ പ്രസിദ്ധപ്പെട്ട ദാസിതന്നെയായിരിക്കും തങ്കമ്മ എന്നു മുൻകൂട്ടി നോട്ടീസ് പ്രസിദ്ധപ്പെടുത്തീട്ടുണ്ടായിരുന്നു.

നേരം ഒമ്പതു മണി കഴിഞ്ഞു. നാടകഹാളിൽ പ്രഭുക്കന്മാർ, സാധാരണക്കാർ, സ്ത്രീകൾ എന്നിങ്ങിനെ പ്രത്യേകം പ്രത്യേകം ഓരോ തരക്കാൎക്കു തെയ്യാറാക്കീട്ടുള്ള ആസനങ്ങളിൽ സഭ്യന്മാർ നിരന്നിരിക്കുന്നു. കഥയിലെ ആദ്യഭാഗം കഴിഞ്ഞ്, രാജാവു കാട്ടിൽവെച്ചു ദാസീഗൃഹം കണ്ടെത്തും ദാസിയുടെ പുറപ്പാടും അവസാനിച്ചു. ദാസിയെ കണ്ടപ്പോൾ ആളുകളുടെ കണ്ണിനും മനസ്സിനും ഉണ്ടായ ആനന്ദം ഇന്നപ്രകാരമെന്നു വൎണ്ണിക്കുവാൻ വയ്യ. "കണ്ണും മനസ്സുമൊരുപോലെ കവൎന്നിടുന്ന" എന്നൊരു കവി വൎണ്ണിച്ചിട്ടുള്ളത് ഈ ദാസിയെപ്പററിയാണെങ്കിൽ നല്ല യോജിപ്പായിരിക്കും. അവളുടെ രൂപം അത്രമേൽ ഭംഗിയായിട്ടുണ്ട്. പൂൎണ്ണചന്ദ്രസദൃശമായ മുഖം, അതിജീവിസ്സോടുകൂടി ആ സഭയാകുന്ന പൂങ്കാവിൽ ഭൃംഗലീല കാണിക്കുന്ന കണ്ണുകൾ, പനിനീർ പൂവുപോലെ സ്നിഗ്ദ്ധമസൃണമായ കവിൾത്തടം മുതലായി ആ ദാസിയുടെ ഓരോ അവയവങ്ങളേയും വൎണ്ണിക്കുവാൻ ആരെക്കൊണ്ടും സാധിക്കയില്ല. ഈ രൂപഭംഗിക്കൊത്തവണ്ണംതന്നെ സംഗീതത്തിലും രസാഭിനയത്തിലും കാട്ടിയ പാടവവും ആരേയും വശീകരിക്കത്തക്കതായിരുന്നു. ചുരുക്കിപ്പറയുന്നതായാൽ തങ്കമ്മയുടെ സൌന്ദൎയ്യവും സാമൎത്ഥ്യവും കണ്ട് സഭ്യരൊക്കയും തലകുലുക്കി എന്നു വേണം പറയുവാൻ. ഈ അഭിനയം കണ്ടിട്ടു നമ്മുടെ ആരോരിപ്പാട്ടുന്ന് ഒരു പ്രജ്ഞയുമില്ലാതെ കണ്ട് ചിത്രമെഴുതി വെച്ചതുപോലെ ഇരുന്നുപോയി. ആ സ്ത്രീപ്പാൎട്ടു സ്റ്റേജിൽനിന്നു പോകുന്ന അവസരത്തിൽ,

പൊന്നീരാളംപൊതിഞ്ഞീടിനപുതുകനക
ച്ചെപ്പിനൊത്തുംമിന്നത്തൊ-
ന്നിന്നീടുമ്പോഴമമ്പേ മലർശരശരമേ
ല്ക്കാതെതാനാണങ്ങളില്ല.
ഇന്നിമട്ടുണ്ടു;മേലാൽത്തവകുലമലപോ-
ലൊന്നുമൂന്നാമെഴുത്തും
വന്നീടുന്നാളിലെന്തോകഥ,വലരിപുതാ-
നന്നരാഴത്തിലാണ്ടും.

എന്ന ശ്ലോകം ഉറക്കെച്ചൊല്ലി, തന്റെ കൈവിരലിലുണ്ടായിരുന്ന ഏററവും വിലപിടിച്ചതായ വൈരക്കല്ലുമോതിരം ഊരി,

ആരേരി തങ്കമ്മയ്ക്കു സമ്മാനിച്ചു. തങ്കമ്മയുടെ സൌന്ദൎയ്യവും അഭിനയവും കണ്ടിട്ട് രസികന്മാരായ സഭ്യന്മാർ ഇങ്ങിനെയും വിചാരിച്ചു—

തിങ്കൾക്കാതങ്കമേകിത്തിലകമൊട്ടതിള-
ങ്ങുന്നതഞ്ചാരുവക്ത്ര-
ത്തിങ്കൽത്തങ്കംമരന്ദസ്മിതലഹരിയിൽമു-
ക്കുന്നമുഗ്ദ്ധേക്ഷണത്താൽ
തങ്കണ്ണിൽക്കഷ്ടകാലത്തണയുമൊരുയുവാ-
ക്കൾക്കമോഹംവളൎത്തും
തങ്കമ്മേ!നിന്റെതങ്കത്തടമലതഴുകാൻ
ഭാഗ്യമാൎക്കായിരിക്കും?

എന്താ സംശയിപ്പാനുള്ളത്? ആ ഭാഗ്യം നമ്മുടെ ആരേരിക്കു തന്നെയാണ്. നാടകം കഴിഞ്ഞതിന്റെ മൂന്നാം പക്കം തിരുവനന്തപുരത്ത് ആരേരിയുടെ ബങ്കളാവിൽവെച്ച് ആരേരിയുടെ പുതിയ സ്വയംവരത്തിന്നുള്ള വട്ടംകൂട്ടിക്കഴിഞ്ഞു. ഈ ശുഭമുഹൂൎത്തത്തിന്ന തങ്കമ്മയുടെ ആവശ്യപ്രകാരം ആരേരിയുടെ ക്ഷണമനുസരിച്ച് പ്രഭുക്കന്മാർ, ഉദ്യോഗസ്ഥന്മാർ, സംഗീതക്കാർ, കവികൾ തുടങ്ങി അസംഖ്യം ജനങ്ങൾ സന്നിഹിതരായിരുന്നു. അതിഥികൾക്കു മലയാളമട്ടിലും പരദേശമട്ടിലും പൊടിപ്പൂരമായ സദ്യ കഴിച്ചു. ഭക്ഷണാനന്തരം പനിനീര്, കളഭം, താംബൂലം മുതലായ മംഗല്യസാധനങ്ങൾ അതിഥികൾക്കു കൊടുത്ത് വധൂവരന്മാർ അവരുടെ അനുഗ്രഹം വാങ്ങി, അന്യോന്യം മോതിരം മാറുക (തലേദിവസം തനിക്ക് ആരേരി സമ്മാനിച്ച മോതിരമാണ് തങ്കമ്മ ഇന്നത്തോട്ടു കൊടുത്തതെന്ന വായനക്കാർ തെറ്റിദ്ധരിക്കരുതേ!) മുതലായ ചടങ്ങുകളും കഴിഞ്ഞ് ആ ദമ്പതികൾ മന്ദമന്ദം ശയനഗൃഹത്തിലേയ്ക്കു പ്രവേശിച്ചു. അപ്പോഴത്തെ അവസ്ഥ എന്തു പറയട്ടെ? അതിധവളമായതും ബഹുവിധമോടിയിൽ അലങ്കരിച്ചിട്ടുള്ളതും ആയ ഹംസതൂലശയ്യയിൽ തങ്കമ്മ ഇരുന്നപ്പോൾ ആരേരിയും അടുത്തുള്ള ഒരു പട്ടുകസാലയെ അലങ്കരിച്ചു. ഉടനെ കൃതാൎത്ഥതയെ കാണിക്കുന്നതായ ഒരു പുഞ്ചിരിയോടുകൂടി ആരേരി പറഞ്ഞു— 'ഇന്ന നമ്മുടെ ജന്മം സഫലമായി.'

തങ്കമ്മ—ഏകവചനം മതിയായിരുന്നു. സൎവ്വസമ്പത്തുകളും സ്വാധീനത്തിലുള്ള തിരുമേനിക്ക് സുന്ദരീസമ്പത്തും കരഗതമായിരിക്കേ, അത്രയൊന്നും വകയില്ലാത്ത എന്നെപ്പോലെ ഇതിൽ എന്തു ജന്മസാഫല്യമാണുള്ളത്?

ആ ചാരം പറയാതിരുന്നതു കേട്ടപ്പോൾ ആരേരി ഒന്നു ഞെട്ടിയെങ്കിലും അസാധാരണമായ ഒരു ചിരിയോടുകൂടി വീണ്ടും പറഞ്ഞു— ആട്ടേ. ആ വക നേരമ്പോക്കുകൾ പിന്നെയാവാം. ഇനി ആ ജീവനാന്തം നമുക്ക് ഒന്നിച്ചു കഴിയാമല്ലോ. തങ്കത്തിന്റെ കൈകൊണ്ട് ചുരുട്ടിയ ഒരു താംബൂലം അനുഭവിച്ച് നാം കൃതാൎത്ഥനാവട്ടെ.

തങ്കമ്മ—ഛേ! ഇത്ര ബദ്ധപ്പെട്ടാലോ? നാഗരികാംഗനാരസികനായ തിരുമേനി 'ആജീവനാന്തം ഒന്നിച്ചുതന്നെ' എന്നു പറയുന്നതിനെ ഞാൻ എങ്ങിനെ വിശ്വസിക്കും?

ആരേരി—'നാം സത്യം പറയാം. തങ്കത്തിന്റെ തങ്കസ്ഥാനം തന്നെയാണ്, നാമിനി തങ്കത്തെ ഒഴിച്ച് ആരേയും മനസാ വിചാരിക്കകൂടിയില്ല.' എന്നു പറഞ്ഞ് ആരേരി ആ സത്യവിഗ്രഹം തൊട്ട് സത്യം ചെയ്യുവാനെന്ന ഭാവത്തിൽ കസേലയിൽ നിന്നെഴുന്നേററ് കിടക്കയിലേക്കിരുന്ന് കൈനീട്ടി.

തങ്കമ്മ—(നീട്ടിയ കൈ തട്ടീട്ട്) വരട്ടെ, ഒരു സംശയം ചോദിക്കട്ടെ. തങ്കസ്തനം, എന്നതിനെക്കാൾ 'തങ്കക്കൊങ്ക' എന്നല്ലേ അധികം നല്ലത്. പ്രാസം ഉണ്ടല്ലൊ. പക്ഷെ, മഹാകവിയായ അവിടേക്ക് എന്റെ ഉപദേശം ആവശ്യമില്ല.

ആറേരി—തങ്കം! അതൊക്കെ പിന്നെയാവാം. നാം പറഞ്ഞതു തന്നു. കാമദേവൻ എന്നെ വല്ലാതെ വലെയ്ക്കുന്നു.

തങ്കം—അതിനു ഞാനെന്തു വേണം? കാമദേവന്റെ ബാധയൊഴിപ്പാൻ വെറും മനുഷ്യവംശത്തിൽ ജനിച്ച ഞാൻ എന്തു ചെയ്യട്ടെ?

ആറേരി—നാം പറഞ്ഞതു തന്നാൽ ആ ബാധ ഒഴിയും.

തങ്കമ്മ—താംബൂലം ചുരുട്ടുവാൻ എനിക്കു പരിചയമില്ല. എനിക്കു മുറുക്കു പതിവില്ല. രണ്ടാമതു ചോദിച്ചതു വേണമെങ്കിൽ തരാം. അതു കാമദേവഭൂതത്തിന്നു മതിയായ ഒഴിവാവുമെങ്കിൽ പരീക്ഷിച്ചുനോക്കാം. പക്ഷെ, ഇത്ര വയസ്സായിട്ടുകൂടി തിരുമേനിക്ക് എന്താണിത്ര വിഷയഭ്രാന്തു തോന്നുന്നതെന്നു മനസ്സിലായില്ല.

ഈ ഒടുവിലെ വാചകം അവസാനിക്കുമ്പോഴക്ക് ആറേരി കാമാന്ധനായി തങ്കമ്മയെ കടന്നു പിടികൂടി. 'വല്ലാതെ ഉഷ്ണിക്കുന്നു, അതൊന്നു മാറുവോളം തിരുമേനി പൊറുക്കണം' എന്നു പറഞ്ഞ് തങ്കമ്മ വിയർത്ത മുഖത്തെ കൈലേസ്സുകൊണ്ടു മന്ദം തുടച്ചപ്പോൾ മുഖത്തിന്നും ഒന്നു മാറിയതായി ആറേരിക്കു തോന്നി. പിന്നിൽ കെട്ടിയിരുന്ന കറുത്തിരുണ്ട കേശപാശത്തിൽ പിടികൂടിയപ്പോൾ അതു കെട്ടഴിഞ്ഞു ആറേരിയുടെ കയ്യിൽ പോന്നു. 'തിരുമേനി ബലാൽക്കാരം പ്രയോഗിച്ചിട്ട് തലമുടി കെട്ടഴിഞ്ഞുപോയി' എന്ന് തങ്കമ്മ പറഞ്ഞപ്പോഴക്ക് ആറേരി മാറത്തു കൈവെച്ചു. 'ആവൂ ഒരു ഉപദ്രവം! ഇതിലാണ് കാമദേവന്റെ ഇരിപ്പെങ്കിൽ ഇതാ!' എന്നു പറഞ്ഞ്, തങ്കമ്മ തന്റെ സ്തനാച്ഛാദനത്തെ അഴിച്ചതോടുകൂടി ആറേരിയുടെ മനസ്സിനെ അപഹരിച്ചതായ ആ 'പൊന്നീരാളം പൊതിഞ്ഞീടിന ചെറുകനകച്ചെപ്പുകൾ' താഴത്തു വീണു. ഇങ്ങിനെ ആറേരി മദനരാജ്യത്തിലെ ബംഗ്ലാവിൽ മലർന്നുകിടന്നു പൂർണ്ണമായി അനുഭവിച്ചിരുന്ന തങ്കമ്മയുടെ എല്ലാ അവയവങ്ങൾക്കും ക്രമേണ ചില മാറ്റങ്ങൾ കണ്ടുതുടങ്ങി. എന്തിനധികം പറയുന്നു. തങ്കമ്മയുടെ രൂപം ഒക്കെ അര നിമിഷത്തിൽ മാറി, ആ സ്ഥാനത്ത് അദ്ദേഹത്തിന്റെ വിചാരത്തിൽ നിന്നു തീരെ വിലക്ഷണമായ ഒരു രൂപം പ്രത്യക്ഷപ്പെട്ടു. ഈ അവസരത്തിൽ ആറേരിക്കുണ്ടായ പരിഭ്രമവും വ്യസനവും ലജ്ജയും ഇന്നപ്രകാരമെന്നു വായനക്കാർ തന്നെ ഊഹിക്കുന്നതാണ് നല്ലത്. ഇത്രയുമായപ്പോൾ തങ്കമ്മ 'ഞാൻ തരേണ്ടതു തന്നു ഇനി ഞാനിതാ പോവുന്നു' എന്നു പറഞ്ഞു വാതൽ തുറന്നു. വാതൽ തുറന്നപ്പോഴയ്ക്ക് ബംഗ്ലാവിന്റെ പുറത്തളത്തിലിരുന്ന അതിഥികൾ ഒക്കെ പൊട്ടിച്ചിരിച്ചു. തേവരെ ആറേരിയുടെ തങ്കമായിരുന്ന ട്ടുണ്ണിച്ചകയ്യരുംകൂടെ ചിരിക്കുവാൻ തുടങ്ങി. പിന്നെ ആളുകളെല്ലാം ഒഴിഞ്ഞതോടുകൂടി ആറേരിയുടെ ബംഗ്ലാവ് നിർജ്ജനമായിത്തീർന്നു.

ഈ സംഭവങ്ങളെല്ലാം നാട്ടിലൊക്കെ കേട്ടുകേൾപ്പിച്ച് സകലദിക്കിലും ട്ടായി. ആറേരിയെ അതിരു കവി ഭ്രമിപ്പിച്ച ലോകൈകസുന്ദരിയായ തങ്ക

പിന്നെ ഒരിക്കലും നാടകാഭിനയത്തിൽ വേഷം കെട്ടുകയും, ആരേരിയായി കത്തെടപാടുകൾ നടത്തുകയും ഉണ്ടായിട്ടില്ല. കസ്തൂരിയുടെ 'കവിതക്കാളാമ്പി' അതിനുശേഷം പ്രസിദ്ധപ്പെടുത്തുകയും ഉണ്ടായിട്ടില്ല. മലയാളപത്രങ്ങളിൽ കവിതകളെഴുതി കീർത്തി നേടിയിരുന്ന യുവതീജനങ്ങളുടെ പുറപ്പാടും ഇതോടുകൂടി ഒന്നു നിലച്ചു. ആരേരിയും പിന്നീടൊരിക്കലും സ്ത്രീകളുടെ കവിതയിൽ വിശ്വസിച്ചിട്ടില്ല. ഒരു സ്ത്രീയുടെ കവിത കണ്ട് ഇക്കണ്ട പ്രകാരം കീചകന്റെ പദങ്ങളൊക്കെ ചൊല്ലിയാടിയ ആരേരിയുടെ 'കാമിനിമൂലമായ അബദ്ധ'ത്തെ പാറപ്പുറം ദേശവഴിക്കാർ ഇന്നും പരിഹസിച്ചു വരാറുണ്ട്. ആ അബദ്ധത്തെ അസാധാരണമായ സാമർത്ഥ്യത്തോടുകൂടി പുറത്തുകൊണ്ടുവന്ന ഇട്ടണ്ണച്ചക്കയ്യൻ ആരാണെന്നു വാസ്തവത്തിൽ ആർക്കും നിശ്ചയമില്ലെങ്കിലും, ആയാൾ പ്രവൃത്തിദ്വാരേണ ഫലിതം കാണിക്കുന്നതിൽ വിദഗ്ദ്ധനാണെന്നതിനു വാദമില്ല. ആയാൾ ആരേരിയുടെയെന്നപോലെ മററാരുടെയൊക്കെ അബദ്ധങ്ങളെയാണ് ഇനിയും പുറത്താക്കുന്നതെന്നു വിചാരിച്ചു വളരെ ശങ്കയോടുകൂടിയാണ് ഇക്കാലത്തെ വിഷയഭ്രാന്തന്മാരുടെ ഇരിപ്പ്.

ചെറുശ്ശേരി ഗോവിന്ദൻ നമ്പൂതിരി.

---

# സൌന്ദര്യബോധം.

---

ബാല്യകാലത്തു ബ്രഹ്മചര്യം അനുഷ്ഠിച്ച്, യമനിയമങ്ങളെ പരിശീലിക്കണമെന്നാകുന്നു ഇന്ത്യക്കാർക്കു പണ്ടേയ്ക്കു പണ്ടേ ഉള്ള ഉപദേശം. എന്നാൽ, ഈ ഉപദേശത്തെപ്പററി വിപ്രതിപത്തിയോടുകൂടിയാണ്, ഇക്കാലത്തുള്ള ചെറുപ്പക്കാരിൽ ഭൂരിപക്ഷം ജനങ്ങളുടെ പ്രസംഗങ്ങളും പെരുമാററവും കണ്ടുവരുന്നത്. ഇതിന്ന് അവർ പറയുന്ന ന്യായങ്ങൾ ഇങ്ങിനെയാകുന്നു:—

"ശരീരത്തിന്നും മനസ്സിന്നും ഒരുപോലെ വളർച്ചയും പുഷ്ടിയും വരുന്നതായ ചെറുപ്പകാലത്തു വ്രതങ്ങളനുഷ്ഠിക്കയും ബ്രഹ്മചര്യം രക്ഷിക്കയും ചെയ്ക എന്നതു കഠിനമായ ഒരു നിർബന്ധമായാകുന്നു. അങ്ങിനെ ചെയ്യുന്നതുകൊണ്ട്, ദേഹത്തിനും മനസ്സിനും ദൃഢതയും കാര്യശേഷിയും സിദ്ധിച്ച്, ആശാപാശങ്ങളുടെ ബന്ധം വിട്ട്, ദുർല്ലഭം വല്ലവരും പൂജ്യരായിത്തീർന്നേയ്ക്കാമെന്നു സമ്മതിക്കാം. പക്ഷെ, അത്രയും കഷ്ടപ്പാടുകളനുഭവിക്കുന്നതിൽനിന്ന് എന്തു രസമാണുണ്ടാവാനുള്ളത്? സാഹിത്യം, ചിത്രമെഴുത്തു, സംഗീതം മുതലായ കലാവിദ്യകളിലേർപ്പെട്ട മനസ്സിനെ രസിപ്പിക്കുന്നതായാൽ, അതല്ലേയോ ചെറുപ്പകാലത്തെ മനോവികാസത്തിനും വളർച്ചയ്ക്കും അധികം യോജിച്ചതു? പ്രകൃതിസിദ്ധമായ സൌന്ദര്യത്തെ പരിരക്ഷിച്ചനുഭവിപ്പാനും അതല്ലയോ അധികം നല്ലത്? സൌന്ദര്യം എന്നത് അത്ര നിസ്സാരമായ ഒന്നാ

ണോ? മനുഷ്യൻ വാസ്തവത്തിൽ മനുഷ്യനായിത്തന്നെ ഇരിക്കേണമെന്നുണ്ടെങ്കിൽ, സൌന്ദര്യബോധത്തെ ഒരു വിധത്തിലും കഴിച്ചുവിടുവാൻ പാടുള്ളതല്ല”

ഈ ന്യായം ഒരു വിധത്തിൽ ശരിതന്നെ; സൌന്ദര്യം ആഗ്രഹിക്കത്തക്കതും തന്നെ. എന്നാൽ, യമനിയമങ്ങളുടെ ഉദ്ദേശവും ആത്മാവിന്റെ വികാസത്തെ ചുരുക്കുകയല്ല; നേരെ മറിച്ച് വികസിപ്പിക്കുകയാകുന്നു. വിദ്യാഭ്യാസകാലമായ ചെറുപ്രായത്തിൽ ബ്രഹ്മചര്യാനുഷ്ഠാനം ചെയ്യുന്നത് ആത്മാവിന്റെ ഉന്മേഷത്തെ മദ്ധ്യത്തിൽവെച്ചു തടസ്ഥപ്പെടുത്തുകയുമല്ല. കൃഷിക്കാരൻ വയൽ ഉഴന്നു കൃഷി ചെയ്യുന്നതു കണ്ടത്തെ മരുഭൂമിയാക്കുവാനാണോ? ഉഴന്നവൻ നിലത്തു കരിയിറക്കി, ഭൂമിയെല്ലാം പിളൎന്ന്, മൺകട്ടകൾ തട്ടിയുടച്ച്, പുല്ലും പൊടിയും പെറുക്കിക്കളഞ്ഞു നിലം വൃത്തിയാക്കിക്കഴിയുമ്പോൾ അനഭിജ്ഞന്മാൎക്ക് ആ കൃഷിക്കാരൻ കൃഷിസ്ഥലത്തെ വല്ലാതെ വേദനപ്പെടുത്തിയതായി തോന്നും. എന്നാൽ ആ കൃഷിക്കാരൻ ചെയ്തുവെച്ച വേദനകളെ ഭൂമി അനുഭവിച്ചില്ലെങ്കിൽ, അതിൽ ചെയ്യുന്ന കൃഷിയിൽനിന്നു പൂൎണ്ണമായ ഫലം അനുഭവിക്കുന്നതല്ല. ഏതു വസ്തുവിൽനിന്നും ഫലം ലഭിക്കേണമെങ്കിൽ ആദ്യം ഈ വക പ്രവൃത്തികൾ ചെയ്യേണ്ടതായി വരും. ഒരു മനുഷ്യന്റെ ദേഹത്തിൽനിന്നും മനസ്സിൽനിന്നും അന്യൂനമായ രസം പുറപ്പെടണമെങ്കിലും അതിന്ന് ആദ്യം കഠിനമായ നിയന്ത്രണം അപരിഹാൎയ്യമാകുന്നു. ആദ്യത്തെ ഈ നിരസസ്ഥിതിയെ, പിന്നീടുണ്ടാകാവുന്ന സാരസ്യലാഭത്തിനായി സഹിക്കേണ്ടതാകുന്നു.

എന്നാൽ, ഇതിൽ ഒരു സംഗതി ആലോചിക്കേണ്ടതായിട്ടുണ്ട്. എന്തെന്നാൽ, യമനിയമങ്ങളെത്തന്നെ പരമപുരുഷാൎത്ഥമായിക്കരുതുന്ന ഒരു വകക്കാരെ ഇക്കാലത്തു ധാരാളം കാണാം. അവർ നിയമാനുഷ്ഠാനങ്ങളിൽ ഭ്രാന്തന്മാരാകുന്നു. അവൎക്കുള്ള നിയമതൃഷ്ണനിമിത്തം, അവൎക്കു ജന്മസിദ്ധങ്ങളായ ഷഡ്‌രിപുക്കൾക്കു പുറമെ ഒരു ശത്രുകൂടി അവരുടെ മനസ്സു വേദനപ്പെടുത്തുവാൻ ഉണ്ടായിത്തീരുന്നു. അവരുടെ ഉദ്ദേശം കഠിനകൎമ്മങ്ങളനുഭവിക്കുക മാത്രമാകുന്നു. ഈ ഉദ്ദേശങ്ങളോടുകൂടി യമനിയമങ്ങളെ അനുഷ്ഠിക്കുമ്പോൾ അവൎക്ക് “ആത്മപീഡ” തന്നെയാണ് വാസ്തവത്തിൽ ഉണ്ടാവുന്നത്. ആത്മാവു പീഡിപ്പിക്കപ്പെടുമ്പോൾ അവരാഗ്രഹിക്കുന്ന നിവൃത്തിമാൎഗ്ഗം പോയി അതൊരുമാതിരി പ്രവൃത്തിമാൎഗ്ഗമായിട്ടുതന്നെ പരിണമിക്കുന്നു. ഇങ്ങിനെ നിയമാനുഷ്ഠാനത്തെത്തന്നെ പരമപുരുഷാൎത്ഥമായിക്കരുതുക എന്നു വെച്ചാൽ സൌന്ദര്യബോധത്തിന്നും ഹാനിതട്ടാവുന്നതാണ്. പക്ഷെ, നിയമാനുഷ്ഠാനത്തോടൊപ്പം സംയമത്തെക്കൂടെ പരിശീലിക്കുന്ന പക്ഷം ഈ ആത്മപീഡ സംഭവിക്കുന്നതല്ല. അപ്പോൾ സൌന്ദര്യബോധത്തിന്നും കേടു വരുന്നതല്ല. നേരേമറിച്ച്, യമനിയമങ്ങളെ ഒരുമിച്ചു ശീലിക്കുന്നതിനാൽ സൌന്ദര്യം പുഷ്ടിപ്പെടുകയേ ഉള്ളൂ. തന്റേടം വരാത്ത ഒരു ശിശു അതിന്നാഹാരമായ അന്നത്തെ കാണുന്നപക്ഷം എന്തു ചെയ്യുന്നു? അതു ചോറെടുത്ത് അവിടെയും ഇവിടെയും വാരിവിതറുന്നു. കയ്യിൽകിട്ടിയതുതന്നെ മുഴുവൻ ഭക്ഷിക്കുന്നില്ല. ഭക്ഷിക്കുക എന്നു വെച്ചാൽകൂടി കറിയും മറ്റും കൂട്ടി രുചിയറിഞ്ഞ് അതിന്നുണ്ണുവാൻ വയ്യ. ഇതുപോലെയാണ് മനസ്സിന്നു സംയമം സിദ്ധിക്കാത്തവർ സൌന്ദര്യത്തെ അ

നുഭവിക്കുമ്പോഴും ഫലം ഉണ്ടാവുക. അവർ, യഥാൎത്ഥമായ സൌന്ദൎയ്യത്തിൽനിന്നും തദനുഭവത്തിൽനിന്നും പുറന്തള്ളി നില്ക്കുകയേ ഉള്ളു.

എന്നു തന്നെയുമല്ല; സൌന്ദൎയ്യം എന്നത് ഒരു നിബന്ധനയുമില്ലാത്ത ഒരു കല്പനയല്ല. അതിന്റെ മഹിമ പ്രകാശിക്കേണമെങ്കിൽ ചില നിയന്ത്രണങ്ങൾ കൂടാതെ കഴികയുമില്ല. അതിന്നു മുമ്പറഞ്ഞ യമനിയമങ്ങൾ വളരെ ഉപയോഗപ്പെടുന്നതുമാണ്. എന്നു വെച്ച്, ശരീരത്തിന്റെ ഘടനയ്ക്കുതന്നെ ഹാനിവരത്തക്ക കഠിന നിയന്ത്രണങ്ങൾ ചെയ്തു തുടങ്ങിയാലും ഫലം അപകടത്തിലാവും. അങ്ങിനെ ചെയ്താൽ, സന്ധ്യാസമയത്തു അന്തിത്തിരി കൊളുത്തുന്നതിന്നു വേണ്ടി ഗൃഹത്തിനു തീ വെയ്ക്കുന്നതു പോലെ അബദ്ധത്തിൽ ചെന്നു ചാടും. ഈ നിവൃത്തിമാൎഗ്ഗത്തെ അതിന്റെ പൂൎണ്ണമായ മാത്രയിൽ പ്രയോഗിക്കുന്നപക്ഷം, അതു യാതൊരു സൌന്ദൎയ്യത്തെ പ്രകാശിപ്പിക്കുവാനായി പ്രയോഗിക്കുന്നുവോ ആ സൌന്ദൎയ്യത്തെത്തന്നെ അതു ഭസ്മമാക്കിച്ചെയ്യാനും മതി.

ഏകചാരിണിയായി പതിവ്രതയായ പത്നിക്കു മാത്രമേ അകൃത്രിമവും വാസ്തവവുമായ സൌന്ദൎയ്യം ഉണ്ടാകയുള്ളു; അതു സ്വൈരിണികൾക്കു സിദ്ധിക്കുന്നതല്ല. പാതിവ്രത്യം എന്നത് ഒരിക്കലും ഇളകാത്തതായ മനസ്സംയമമാകുന്നു. ആ സംയമം കൊണ്ട്, ശുദ്ധമായ പ്രേമരസം അവിച്ഛിന്നധാരമായി പ്രവഹിച്ചുകൊണ്ടിരിക്കും. നമ്മുടെ സൌന്ദൎയ്യപ്രീതിയുടെ കാൎയ്യത്തിലും സ്ഥിതി ഇങ്ങിനെതന്നെയാകുന്നു. ശരിയായ സംയമമില്ലാത്തപക്ഷം നമ്മുടെ സൌന്ദൎയ്യപ്രീതി എങ്ങിനെയായിത്തീരുന്നു എന്നു വെച്ചാൽ പറയാം. അത് അങ്ങുമിങ്ങും ഇളകിനടന്ന്, കേവലം ബാഹ്യമായി ചുററിത്തിരിഞ്ഞുകൊണ്ടിരിക്കും; മനസ്സിന്റെ മദത്തിൽ നിന്നാണ് ആനന്ദമുണ്ടാവുന്നതെന്നസ്ഥാളിക്കും; യാതൊരു വിധത്തിലുള്ള ആനന്ദം ലഭിച്ചാൽ, മററു സകലതും വിട്ടൊഴിഞ്ഞ് ഏകാഗ്രമായിട്ടിരിപ്പാൻ സാധിക്കുമോ ആ യഥാൎത്ഥമായ ആനന്ദം ലഭിക്കുകയുമില്ല. ഈശ്വരസൃഷ്ടിയിൽ നിലീനമായികിടക്കുന്നതായ യഥാൎത്ഥസൌന്ദൎയ്യം, മനഃസ്വാധീന്യം സിദ്ധിച്ചിട്ടുള്ള ധീരന്മാൎക്കല്ലാതെ വിഷയലോലുപന്മാരായ ഭോഗികളുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നതല്ല. മനസ്സംയമം വരുത്തുന്നതു കേവലം ധാൎമ്മികന്മാൎക്കു മാത്രമല്ല, സുഖാഭിലാഷികൾക്കും ആവശ്യമാണെന്നു "സുഖാൎത്ഥീ സംയതോ ഭവേൽ" എന്ന ശാസ്ത്രവും നമ്മോടുപദേശിക്കുന്നുണ്ട്. ഈ വാക്യത്തിന്റെ അൎത്ഥം ഇതാണ്—"നിങ്ങൾ നിങ്ങളുടെ ഇച്ഛയിൽനിന്നു കൃതാൎത്ഥതയെ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ആ ഇച്ഛയെ നിയമത്തിന്നു കീഴിൽ നിൎത്തുവിൻ;—നിങ്ങൾക്കു സൌന്ദൎയ്യത്തെ അനുഭവിക്കേണമെന്നുണ്ടെങ്കിൽ, ഭോഗലോലതയെ ഒതുക്കി നിൎത്തുവിൻ;—അങ്ങിനെ ചെയ്യുന്നതായാൽ, നിങ്ങളുടെ ജീവിതം ശുചിയായും ശാന്തമായും ഇരിക്കുന്നതാകുന്നു". നമുക്കു നമ്മുടെ പ്രവൃത്തിയെ ഒതുക്കി വെക്കുവാൻ വശതയില്ലെന്നു വരികിൽ, പ്രവൃത്തിയേയും കൃതാൎത്ഥതയേയും സൌന്ദൎയ്യബോധത്തേയും, എന്നു വേണ്ടാ അവയെയെല്ലാംകൂടിയും നാം തെററിദ്ധരിച്ചിരിക്കുന്നു നിശ്ചയം.

അതുകൊണ്ട്, സൌന്ദൎയ്യബോധത്തിന്റെ കാൎയ്യത്തിൽ മുഖ്യമായി വേണ്ടതു യമനിയമങ്ങളും ബ്രഹ്മചൎയ്യാനുഷ്ഠാനവുമാണെന്നു നിസ്സംശയം പറഞ്ഞുകൊള്ളുന്നു.

(*) കെ. വി. എം.

---

(*) 'വംഗദൎശനം' എന്ന ബംഗാളിമാസപത്രത്തിൽ ബാബു രവീന്ദ്രനാഥ ടാഗോർ എഴുതിയ ഒരു ഉപന്യാസത്തിന്റെ ഏകദേശമായ ഒരു തൎജ്ജമയാണ് ഈ ലേഖനം.

# ഞങ്ങളുടെ വായനശാല.

---

## ൧. സംഗീതശാകുന്തളം.

മലയാളികളുടെ തൽക്കാലസ്ഥിതിക്കും രുചിക്കും അനുസരിച്ചതായ നാടകം ഗാനപ്രധാനമായിട്ടുള്ളതാണെന്ന പക്ഷക്കാരനാണ് കോട്ടയ്ക്കൽ ആര്യവൈദ്യശാലാമാനേജരായ പി. എസ്. വാരിയരവർകൾ. ഇദ്ദേഹം 'ശാകുന്തളം' മുഴുവൻ ഗാനനാടകമായി തൎജ്ജമചെയ്ത് 'കവനകൌമുദി'യിൽ ഇടച്ചയായി പ്രസിദ്ധപ്പെടുത്തിയിരുന്നു. ആ കാലത്തു കോട്ടയ്ക്കൽ പരമശിവവിലാസം നാടകയോഗത്തിന്റെ ആവശ്യത്തിലേയ്ക്ക് ഒരു മാതൃകാഗാനനാടകം വാരിയരവർകൾ ഉണ്ടാക്കേണ്ടതായി വന്നു. അപ്പോൾ, ആദ്യം പ്രസിദ്ധപ്പെടുത്തിയിരുന്നതിൽനിന്ന് ഗാനത്തിനും ഗദ്യത്തിനും പദ്യത്തിനും ചില ഭേദഗതികൾ ചെയ്ത് മിസ്റ്റർ കെ. രാമകൃഷ്ണപിള്ളയുടെ ദീൎഘമായ ഒരു മുഖവുരയും സമ്പാദിച്ച് 'കവനകൌമുദി'യിലെ സംഗീതശാകുന്തളത്തെ ഒരു പുതിയ പുസ്തകമായി അച്ചടിപ്പിച്ചു. അതാണ്, ഞങ്ങളുടെ ആലോചനയ്ക്കു വിഷയമായ ഈ സംഗീതശാകുന്തളം. പരിഭാഷകൻ പറയുംപ്രകാരം ശാകുന്തളത്തെ ഒരു മാതൃകാനാടകമായി കരുതിയതിൽ ആക്ഷേപമുണ്ടാവാൻ സംഗതിയില്ല. എന്നാൽ അദ്ദേഹം വിചാരിക്കുന്നതുപോലെ തന്നെ ഇതു തൎജ്ജമചെയ്ത രീതിയെപ്പററി അനേകം ഭിന്നാഭിപ്രായങ്ങളുണ്ടാവാൻ സംഗതിയുമുണ്ട്. മൂലകാരന്റെ ചില ഗദ്യങ്ങളെ പദ്യങ്ങളോ ഗാനങ്ങളോ ആക്കുക, ചില പദ്യങ്ങളെ മാററി ഗദ്യങ്ങളാക്കുക, ചില ദിക്കിൽ ഗാനസുഖത്തിനുവേണ്ടി മൂലത്തെ നീട്ടിയെഴുതുകയും മൂലത്തിലില്ലാത്തതു സൃഷ്ടിക്കുകയും ചെയ്തു, എന്നിങ്ങിനെ പല സ്വാതന്ത്ര്യങ്ങളും ഈ തൎജ്ജമയിൽ പരിഭാഷകൻ എടുത്തിട്ടുള്ളതായി കാണുന്നു. തൎജ്ജമതന്നെ ഒരുപദതൎജ്ജമയോ മറേറാ അല്ല; മലയാളരീതിക്കനുസരിച്ച് സ്വകല്പിതത്വം തോന്നിക്കത്തക്ക സ്വാതന്ത്ര്യം തൎജ്ജമക്കാരൻ എടുത്തിട്ടുണ്ട്. ഈ വക ഭേദഗതികളിൽ ചിലതു പരിഭാഷകൻ പറയുന്നതുപോലെ സംഗീതനാടകത്തിന്റെ രീതിക്ക് അധികം യോജിച്ചിട്ടുണ്ടെന്നു സമ്മതിക്കാം. പക്ഷേ, ചിലതു പരക്കെ രുചിക്കത്തക്ക വിധത്തിലായിട്ടുണ്ടെന്ന് ആരും പറയുമെന്നു തോന്നുന്നതുമില്ല. നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിച്ച് നടിയെ വിളിക്കുന്നതായ 'ആൎയ്യേ! യദി നേപത്ഥ്യവിധാനമവസിതം... ...' ഇത്യാദി വാക്യത്തെമാററി 'അണിയറയിൽക്കഴിയേണ്ടും പണികൾ...' ഇത്യാദിയായ ഒരു ശ്ലോകമാക്കിയതിൽ എന്തു ചമൽക്കാരാതിശയമാണുള്ളതെന്നു മനസ്സിലാവുന്നില്ല. ശകുന്തളയുടെ യാത്രാവസരത്തിൽ ശകുന്തളയോടു കാശ്യപൻ പറയുന്നതും പല സഹൃദയന്മാരുടെയും കണ്ണിൽനിന്നു കണ്ണീരൊലിപ്പിച്ചിട്ടുള്ളതും ആയ 'ഉൽപക്ഷ്മണോൎന്നയനയോരുപരുദ്ധവൃത്തി' എന്ന ശ്ലോകത്തിന്ന് ഒരു ശ്ലോകമോ ഗാനമോ അനുവദിക്കാതെ അതുവെറും വാചകത്തിലാക്കിയതും ഗ്രന്ഥകാരന്റെ രസികത്വത്തിന്ന് അത്ര പററി എന്നു തോന്നു

ന്നില്ല. ഏഴാമങ്കത്തിലെ 'ശകുന്തലാവണ്യം പശ്യ' എന്ന വാക്യത്തെ തൎജ്ജമ ചെയ്തതിൽ വരുത്തിട്ടുള്ള മാററം, പക്ഷേ മൂലകാരൻ വിചാരിച്ചിരിക്കാത്ത ഒരാശയത്തിലാണെങ്കിലും, ഞങ്ങൾക്കു വളരെ ഹൃദ്യമായി തോന്നുന്നു. ആ ഭാഗം ഇങ്ങിനെയാകുന്നു.—

“ഒന്നാംതാപസി— (മണ്മയിലും കൊണ്ടുവന്ന്) സൎവ്വദമനാ! ഇതാ ഒന്നാന്തരം മയിൽ. നിണക്കധികം ആശകുന്തളാലങ്കാരത്തിലാണല്ലൊ. ഇതിൻെറ പീലിയൊന്നെടുത്തു മുടിയിൽച്ചൂടിയാൽ നല്ലഭംഗിയുണ്ടായിരിക്കും.

ബാലൻ— (നോക്കി) എൻെറ അമ്മ എവിടെ?”

ഇതിൽ “ശ കു ന്ത ല ാ വ ണ്യ ം” എന്നതിൽ സൎവ്വദമനൻെറ അമ്മയുടെ പേരുകൂടി അന്തൎഭവിപ്പിച്ചിരിക്കുന്ന കാളിദാസരുടെ ആശയവിശേഷത്തെ പരിഭാഷകൻ ആദരിച്ചുകാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. എന്നാൽ, “നിണക്കധികം ആശകുന്തളാലങ്കാരത്തിലാണല്ലോ” എന്നുള്ള ശകുന്തളയുടെ നാമം അന്തൎഭവിച്ചതായ വാക്യത്തിന്നും, 'എൻെറ അമ്മ എവിടെ' എന്ന ബാലൻെറ ചോദ്യത്തിന്നും മദ്ധ്യത്തിൽ “ഇതിൻെറ പീലി” ഇത്യാദിയായ ഒരു വാക്യത്തെ ഘടിപ്പിച്ചിട്ടുള്ളതുകൊണ്ട് ബാലൻെറ ചോദ്യത്തിന്നുള്ള അവകാശത്തിന്നു വ്യവധാനം വരികയും, തന്നിമിത്തം വിച്ഛിത്തിവിശേഷത്തിന്നു ഭംഗം വരികയും ചെയ്തിട്ടുള്ളതിൽ, ഒന്നുകിൽ പരിഭാഷകൻെറ, അല്ലെങ്കിൽ വായനക്കാരുടെ രസികത്വം അപരാധിയാകുന്നു. ഇങ്ങിനെ ചില അഭിപ്രായഭേദങ്ങളുണ്ടായിരിക്കാമെങ്കിലും, മിസ്റ്റർ വാരിയരുടെ പരിശ്രമത്തെ അഭിനന്ദിക്കത്തക്ക പലഗുണങ്ങളും ഇതിലുണ്ടെന്നു സന്തോഷത്തോടുകൂടി പറഞ്ഞുകൊള്ളുന്നു.

## ൨. ആരോഗ്യരക്ഷയും ഗൃഹഭരണവും.

(ഒന്നും രണ്ടുംഭാഗങ്ങൾ.)

---

ബാലികാപാഠശാലകളിലെ ഉപയോഗത്തിന്നായി ശ്രീമതി ബി. കല്യാണിഅമ്മ എഴുതിയവയായ ഈ പുസ്തകങ്ങളിൽ ആരോഗ്യരക്ഷയേയും ഗൃഹഭരണത്തേയും സംബന്ധിച്ച് അവശ്യം അറിഞ്ഞിരിക്കേണ്ടവയായ അനേകം സംഗതികൾ അന്തൎഭവിച്ചിരിക്കുന്നു. ഇംഗ്ലീഷിലുള്ള ചില ശരീരശാസ്ത്രഗ്രന്ഥങ്ങളേയും മററും അടിസ്ഥാനപ്പെടുത്തീട്ടാണ് ഈ പുസ്തകങ്ങളിലെ വിഷയങ്ങൾ സംഗ്രഹിച്ചിരിക്കുന്നത്. മലയാളത്തിൽ സ്ത്രീവിദ്യാഭ്യാസം നാൾക്കുനാൾ അധികപ്പെട്ടും അതിന്നുള്ള പുസ്തകങ്ങൾ കുറവായും ഇരിക്കുന്ന ഇക്കാലത്ത്, ഈ പുസ്തകങ്ങളുടെ ആവിൎഭാവം ഏററവും ആവശ്യമാണെന്നുള്ളതിൽ ആൎക്കും ഭിന്നാഭിപ്രായമുണ്ടാവാൻ തരമില്ല. പിന്നെ പുസ്തകത്തിൽ അവലംബിച്ചിരിക്കുന്ന ഭാഷാരീതിയെപ്പററിയാണ് വിചാരിപ്പാനുള്ളത്. ശ്രീമതി കല്യാണി അമ്മയുടെ വാചകരീതിക്ക് ഒഴുക്കു കുറവാണെന്നോ പഴക്കംപോരെന്നോ മററോ ഈ പുസ്തകങ്ങളെ സംബന്ധിച്ചേടത്തോളം ഞങ്ങൾ പറയുന്നില്ല. വിഷയങ്ങൾ മുക്കാലേ ശാസ്ത്രീയങ്ങളായിരിക്കുമ്പോൾ ആ വക സംഗതികളിൽ വളരെ മനസ്സിരുത്തുവാൻ പ്രയാസമായിരിക്കും; മനസ്സിരുത്തിയാലും രചനാഗുണം മതിയാവാൻ ഞെരുക്കവുമായിരിക്കും. സാങ്കേതികവിഷയങ്ങളിൽ പുസ്തകങ്ങളെഴുതുമ്പോൾ വായനക്കാൎക്ക് എളുപ്പത്തിൽ മനസ്സിലാവാത്ത ചില വാക്കുകൾ പ്രയോഗിക്കാതെ നിവൃത്തിയില്ലെന്നുംവരും. എന്നാൽ സാങ്കേതികത്വമില്ലാത്ത വാക്കുകളിൽപ്പോലും പലതിലും ശുദ്ധമലയാളപദങ്ങ

ളോ സുഗമങ്ങളായ സംസ്കൃതപദങ്ങളോ ഉണ്ടായിരിക്കെക്കൂടി ഗ്രാമ്യച്ഛായയിലുള്ള ചില മലയാളപദങ്ങളും, കഠിനസംസ്കൃതശബ്ദങ്ങളും പ്രയോഗിച്ചിട്ടുള്ളതു കുറച്ചു ഗുണക്കുറവുകൊണ്ടല്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും, താൻ സമ്പാദിച്ചിട്ടുള്ള ഉൽകൃഷ്ടവിദ്യാഭ്യാസത്തെ തന്റെ സഹോദരിമാരുടെ അറിവിന്നായി വിനിയോഗിക്കുവാനൊരുങ്ങിയ ശ്രീമതി കല്യാണി അമ്മയുടെ പരിശ്രമം പ്രശംസാർഹമായിരിക്കുന്നു.

൩. ശ്രീവൈശാഖഷഷ്ഠിസ്തവം-

പ്രസിദ്ധപ്പെട്ട പഴനി വേലായുധസ്വാമിയെ സ്തുതിച്ചുകൊണ്ടുള്ള അറുപതു പദ്യങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. ഇതിന്റെ കർത്താവായ മാനന്തേരിമഠത്തിൽ ചന്തുനമ്പ്യാരവർകൾ ഭാഷാസാഹിത്യത്തിൽ വളരെ പ്രസിദ്ധനല്ലാത്ത ഒരാളാകുന്നു. പക്ഷേ, ഈ പുസ്തകം വായിച്ചുനോക്കിയതിൽ, ഈ കവി സാഹിത്യലോകത്തിലിറങ്ങി കൈകാര്യം നടത്തുവാൻ ശേഷിയുള്ള ഒരാൾകൂടിയാണെന്നു ഞങ്ങൾക്കഭിപ്രായമുണ്ടായിരിക്കുന്നു. ഗ്രന്ഥകർത്താവിന്നു സംസ്കൃതത്തിലും മലയാളത്തിലും സാമാന്യം വ്യുൽപത്തിലും നല്ല കവിതാവാസനയുമുണ്ടെന്ന് ഈ പുസ്തകം വായിക്കുന്നവൎക്കു ബോദ്ധ്യമാകാതിരിക്കയില്ല. "ചേടീഭവന്നിഖിലഖേടീകദംബവനവാടീ … …" ഇത്യാദിയായി കാളിദാസനുണ്ടാക്കിയതായി പറഞ്ഞുവരുന്ന സ്തോത്രത്തിന്റെ സമ്പ്രദായത്തിൽ ദ്വാദശപ്രാസനിർബന്ധത്തോടുകൂടിയാണ് ഇതെഴുതിയിരിക്കുന്നത്. കവിയുടെ വിശാഖഭക്തി എല്ലാടവും വ്യാപിച്ചുകാണുന്നതുമുണ്ട്. മാതിരികാണിക്കുവാനായി ഒരു ശ്ലോകം താഴെ പകൎത്തുന്നു.—

"ഒട്ടാകെയൊന്നൊരു പട്ടാംഗമായവഴി
കിട്ടാതുഴന്നുവലയും
മുട്ടാളനായമമ കെട്ടായദാരസുത-
മുട്ടായദുഃഖമൊഴിവാൻ
എട്ടായമൂർത്തിതനയട്ടായശക്തിധര-
മട്ടായമൂർത്തിപഴനി-
ക്കൊട്ടാരവാതിൽപതിനെട്ടാംപടിക്കുവഴി
കിട്ടാൻതുണയ്ക്കുസതതം."

☞ ബാക്കി പുസ്തകങ്ങളുടെ അഭിപ്രായം വഴിയെ.

മം. പു.

## संस्कृतग्रन्थसंपादनम् ।

इह किल सर्वास्वपि भाषासु प्राधान्यमावहति संस्कृतभाषा . अतो नैतदाश्चर्यं, यदस्यां भाषायामुपलभ्यन्ते विविधाश्च भूयांसश्च ग्रन्थाः . ये किलात्र संप्रति मुद्रिता ग्रन्थास्सुलभाः, न तैः परिपूर्यन्ते प्राचीनप्रणीताः संख्यातीता ग्रन्थाः यदधुनापि भगवती भारतरत्नगर्भा तत्रतत्र मृग्यमाणा प्रसूते बहूनि ग्रन्थरत्नानि . भारतस्य वत्तत्प्रदेशेषु संप्रति राजाधिकृताश्च पण्डिताश्च महान्तं धनव्ययं महत्तरं परिश्रमञ्च स्वयं सहमानास्तत्रतत्र सरस्वतीभाण्डागारेष्वन्विष्य बहून् ग्रन्थान् संपादयन्ति, तेषां सूचीपत्राणि सज्जीकुर्वन्ति, समये च तान् संमुद्र्य प्रकाशयन्ति . मद्रसंस्थानेऽपि राज-

कीया एतदर्थं कांश्चिदधिकृतान् निश्चित्य प्रवर्तयन्ति कृत्यजातम् . केरळमण्डलेऽपि श्रीमदनन्तशयनमहाराजस्य कटाक्षपातेन केचन नवीना ग्रन्था अवतरन्ति ॥

एवं राजाधिकृतैरारचितो व्यवसायो न भवति महाजनानां तृप्त्यै . यद्, संस्कृतग्रन्थसंपादनं नामायं विषयो न तथाविधः कश्चित्, यः किल राजकीयव्यवसायमन्तरा न कर्तुं शक्यते . अत्र पुनर्विषये महाजनैरेव संभूय व्यवसायः कार्यः . मङ्गळोदयसंघस्योद्देशपत्रे क्वचिदनुवाचितमनुस्मरामि . यथायं संघः संस्कृतग्रन्थानमुद्रितानन्विष्यासाद्य संमुद्र्य प्रकाशयेदिति . परन्तु, एतावन्तं कालं जीवन्नप्ययं संघस्तथाविधं कञ्चिदपि प्रयत्नमकरोदिति न मया श्रुतम्* . तथापि इतः परमपि वायं संघस्स्वोद्दिष्टमेनमर्थं साधयितुं प्रयतेतेति विश्वस्य, केरळेषु संस्कृतग्रन्थानां संपादनाय केचनोपाया अत्र निर्दिश्यन्ते . यदि मङ्गळोदयसंघस्य नैवं कर्तुं सौकर्यं भवेत्तदा तदितरग्रन्थप्रकाशनशालाध्यक्षाणामपि वा तदिदमुपकुर्यात् ॥

१. केरळमण्डले प्रायः पुरातनकालेषु ब्राह्मणाः केवलं पाण्डित्यसाम्राज्यं परिपालयन्त आसन् . अतस्तैरेव ग्रन्था अपि प्रणीता इति काममिदं संभाव्यमेव . तस्माद् ग्रन्थसंपादनबद्धकंकणैस्तादृशेषु जनपदेष्वभिजातान्ववायेषु गवेषणा कर्तव्या, यत्र किल भूम्ना ब्राह्मणाः प्रत्यवसन्, यत्र वा प्रतिवसन्ति ॥

२. समग्रमेव केरळमण्डलं विभज्य प्रतिविभागं ग्रन्थान्वेषकाः प्रेषणीयाः । तैश्च स्वस्वविभागेषु सञ्चरद्भिः प्रतिनियतकालेषु ग्रन्थशालासु निवसद्भिर्ग्रन्थाः परिशोधनीयाः ॥

३. संघस्य मूलस्थाने कयाचिदुपदेष्ट्या पण्डितपरिषदा भाव्यम् . यदंगैश्च स्वयं पण्डितैश्च विविधग्रन्थपरिशीलनजागरूकैश्च भवितव्यम् . यदीयमुपदेशमनुसृत्यैव संघे संस्कृतग्रन्थमुद्रणं वा ग्रन्थपरिशोधनार्थं पाण्डितप्रेषणं वा कर्तव्यम् . उपलब्धाग्रन्थाश्च प्रोक्तपरिषदा संशोधनीयाः . तथा कृते तत्परिशोधनेन पुनर्ग्रन्थपरिशोधने महान् भारो लघूभवेत् . कथञ्चेद् ब्रूमः . संप्रति हि प्रक्रियासर्वस्वनामा व्याकरणग्रन्थ उपलभ्यते . यः किल सिद्धान्तकौमुदीकर्तुर्भट्टोजिदीक्षितस्य समकालीनेन श्रीमता नारायणभट्टपादेन प्रणीतः . एतं ग्रन्थं दृष्ट्वा वयं जानीमः— यथा टीकासर्वस्वनामकेनान्येनापि व्याकरणग्रन्थेन भाव्यम् . प्रक्रियासर्वस्वे बहुषु स्थलेषु टीकासर्वस्वस्य नाम परामृष्टमस्तीति न केवलमपि तु तत्प्रणेता प्रामाणिककोटौ गणितश्च दृश्यते . क्वचिद्दृश्यते, यथा "टीकासर्वस्व कारादिवचनं शरणं हि नः" इति . यं टीकासर्वस्वकारः केरळीय एवेति तुं न म-

* यथात्र लेखको वदति तथानेन संघेन न बहवो ग्रन्था मुद्रिताः . परन्तु न काऽपि संस्कृतग्रन्थोऽत्र मुद्रापित इति यदि लेखकस्याशयस्तर्हि नैतत्तथैव भवितुमर्हति . १. विटराजविजयः, २. सिद्धान्तमाला, ३. पार्वतीविरहं, ४. वाक्यतत्त्वं इत्येते ग्रन्था इतःपूर्वमत्र संमुद्र्य प्रकाशिताः . इन्दुव्याख्यासंवलितमष्टाङ्गहृमयं नवीनया कयाचिद्व्याख्यया सनाथं शाकुन्तळञ्च मुद्राप्येते च ॥ मं—प—

नागपि प्रयासः . यदेष तटाकादिशब्दाना-मौत्तराहपण्डितांगीकृते "तडागे"त्यादिवर्गतृतीयसंवलिते रूपे केरळीया वयमिव विप्रतिपद्यमानः, केरळीयांगीकृतस्य "तट्टाके"त्यादिवर्गाद्यसहकृतरूपस्यैव संरक्षणाय सुबहु परिश्राम्यति स्मेति श्रीनारायणभट्टपादो वदति . नारायणभट्टपादस्यापि स्वग्रन्थस्य प्रक्रियासर्वस्वमिति नामकरणे टीकासर्वस्वस्य नामसौष्ठवमेव प्रयोजकमासीदिति शक्यमनुमातुम् . एवं श्रीनारायणभट्टमुखेन सुप्रसिद्धमपि टीकासर्वस्वं संप्रति न क्वापि साक्षात्क्रियते . तस्माद्, अस्ति वा क्वचित्स ग्रन्थ इत्यन्वेष्टव्यम् ॥

४. उपलब्धा ग्रन्थाः सम्यक् परिशोध्य सुविशदैर्देवनागराक्षिपिभिः संमुद्र्य प्रकाशनीयाः . प्रकाशितानाञ्च न केवलं भारतवर्षे अपि तु जर्मनिप्रभृतिषु देशान्तरेष्वपि यथा महान् प्रचारो जायेत तथा प्रयत्नः कर्तव्यः ॥

५. देशविशेषेण ग्रन्थोपलब्धेस्तारतम्यं नासंभाव्यमिति पूर्वं सूचितमेव . विषयोऽयं श्रद्धया समालोच्यः . कुतश्चेत् क्वचित्क्वचिद् ग्रन्थाधिक्यसद्भावे बहवो हेतवः सन्ति . केरळेषु माहम्मदाक्रमकाले उत्तरप्रदेशेभ्यो दक्षिणवर्तिनमनन्तशयनं नाम जनपदमुपागच्छन् ब्राह्मणाः . तदा तैर्विशिष्टाः स्वस्वग्रन्था अपि सह समानीता इति नैतदसंभाव्यम् . तस्मादनन्तशयने इतरप्रदेशापेक्षया ग्रन्थाधिक्यस्य कारणमस्ति ॥

६. एवंविधा मामकाभिप्रायाः पाठकैर्यथातथा वा गण्यन्तां नाम . बहुद्रव्यव्ययसापेक्षमिदं कृत्यं न कर्मणा प्रदर्शयितुं शक्यमिति परिहासश्च क्रियतां नाम किं मे तावता छिन्नम्? परन्तु ये सूक्ष्मग्राहिणो ये च व्यवसायशालिनश्च तेषां पुरस्तादेव वयं विज्ञापयामः ॥

७. इतः परं गोश्रीमहाराजसविधेऽपि ममास्ति काचिदभ्यर्थना . यदधुना महाराजः संस्कृतभाषाप्रवर्द्धनाय किञ्चिद् द्रविणं विनियोक्तुं निरचैषीत् किल . तच्च कथं विनियोक्तव्यमिति सांप्रतमालोचना प्रचलति . मम पुनरयमभिप्रायः, यत् प्राचीतसंस्कृतग्रन्थानां प्रकाशनात् परं न किञ्चिदधुना प्रवर्द्धनमपेक्षते गीर्वाणभाषा . तादृशाश्च ग्रन्थाः संप्रति कुत्रापि तत्तरहसे निलीयन्ते . अतस्तेषां प्रकाशनाय महाराजेन स्वयं केचन पण्डिताः स्वप्रतिज्ञातधनव्ययीकरणेन नियोज्याः . अथवा यस्य कस्यचित्साहित्यग्रन्थप्रकाशनसंघस्य शिरसि भारोयं निधातव्यः . एवं कृते महद् भद्रं गीर्वाणभाषा पश्येत् ॥

८. मया तावत् प्राचीनग्रन्थविनाशासहेन यत्किञ्चिदेवं मण्डूकायितम् . तत्र च कारणं गोश्रीमहाराजप्रतिज्ञातस्य संस्कृतभाषापोषणाय धनदानस्य श्रवणमेव . तद्, यद्येषु विषयेषु महाराजपादैरन्यैश्च दयादृष्टिर्निपात्येत तर्हि कृतार्थो भवेयम् . अन्यथा न मया किञ्चिदुक्तं, न च भवद्भिः पाठकैः किमपि श्रुतम् . सर्वथा—

"वाचालं तदिति विदन्तमप्यहो मां
वाचालं कलयति कौतुकातिरेकः ।
मण्डूकीमपि युवमण्डलीं घनर्तु-
र्मायूरीमिव मुखरीचरीकरीति" ॥

कश्चित् भट्टपादः ।

# മംഗളോദയം

## ൧൦൮൮

| പുസ്തകം ൫ | മീനമാസം | ലക്കം ൪ |
|---|---|---|


### മംഗളം

നീലക്കാറും നിലാവും നിറമുടയനിശാനാഥനും നിസ്തുലശ്രീ-
ബാലാർക്കാരുണ്യമൊത്തുള്ളൊരു പവിഴമതും മുത്തുമുള്ളൊത്തമുത്തും
കോലും കാരുണ്യസത്തും പരമിവകൾപെട്ടം വാമദേവന്റെ വാമാ-
ങ്കാലങ്കാരം കനിഞ്ഞെൻ കഴലിലിഹ കളിച്ചീടണം കാന്തനോടും.

വെണ്മണി മഹൻ നമ്പൂരിപ്പാട്.

# പുസ്തകവായന.



അറിവു സകല ഉല്കൃഷ്ടങ്ങൾക്കും മൂലകാരണമായതുകൊണ്ട് അതിനെ സമ്പാദിപ്പാനും വർദ്ധിപ്പിപ്പാനുമാണ് നാം ഒന്നാമതായി ശ്രമിക്കേണ്ടതെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. സ്കൂൾപഠിപ്പ്, സജ്ജനസംസർഗ്ഗം, സ്വയമായ ആലോചന, സ്വാനുഭവം മുതലായി അറിവുസമ്പാദിപ്പാനുള്ള പല മാർഗ്ഗങ്ങളുടെ കൂട്ടത്തിൽ പുസ്തകവായന വളരെ മുഖ്യമായ ഒന്നാകുന്നു. സത്യം, സ്വാതന്ത്ര്യം, സന്തോഷം, സമാധാനം, ഈശ്വരവിശ്വാസം മുതലായ സൽഗുണങ്ങളെ അനുവർത്തിക്കണമെന്നിച്ഛിക്കുന്ന ഒരുവനു പുസ്തകവായന വലിയ ഒരവലംബമായിട്ടുള്ളതാണെന്നുള്ളതിനു സംശയമില്ല. സ്കൂൾപഠിപ്പ് അറിവാകുന്ന കെട്ടിടത്തിന്റെ അസ്തിവാരം മാത്രമേ ആകുന്നുള്ളൂ; ഭിത്തി, തട്ട്, മേല്പുര മുതലായ ശേഷംഭാഗങ്ങളെ പൂർത്തിയാക്കുന്നത് പുസ്തകവായന, ആലോചന മുതലായവയാണെന്നു വരുമ്പോൾ വായന അറിവിന്റെ ഏറ്റവും പ്രധാനമായ ഒരു ഭാഗമാണെന്നു സ്പഷ്ടമാകുന്നുണ്ട

ല്ലോ. എന്നല്ല, സൌകൎയ്യം നോക്കുന്നതായാൽ ഇതു് മറെറല്ലാമാൎഗ്ഗങ്ങളേക്കാൾ അധികം പ്രധാനമാണെന്നുകൂടി വേണം പറയുവാൻ. മറെറാരാളെ തെണ്ടിത്തിരഞ്ഞു ബുദ്ധിമുട്ടേണ്ട; പ്രതിഫലം കൊടുത്തു് കല്പിക്കേണ്ട; വല്ലവരുടെയും ശാസനയ്ക്കു കീഴടങ്ങി മടുക്കേണ്ട; നമ്മുടെ സ്വന്തം അളമാറിയോടു ചോദിക്കേണ്ട ഭാരം മാത്രമേ ഉള്ളൂ; അതു് ഇഷ്ടംപോലെ നാം ആവശ്യപ്പെടുന്ന സകല അറിവും തന്നു് നമ്മെ ജ്ഞാനസമ്പന്നന്മാരാക്കിത്തീൎക്കുന്നു. "പുസ്തകങ്ങളോടു നമുക്കുള്ള ഋണാനുബന്ധം എത്രയോ അപരിമിതമാണ്. അവ വ്യസനത്തിൽ ആശ്വാസജനകങ്ങളും, രോഗത്തിൽ പരിചാരകന്മാരും, ഏകാന്തത്തിൽ സഖാക്കളുമാകുന്നു," എന്നൊരു മഹാൻ പറഞ്ഞിരിക്കുന്നു.

വായനയുടെ പ്രാധാന്യം എത്രമാത്രമുണ്ടെന്നറിവാൻ പരിഷ്കൃതരാജ്യങ്ങളിൽ പോയി നോക്കണം. ആവക രാജ്യക്കാൎക്കുള്ള ശ്രദ്ധയും നിഷ്കൎഷയും കാണേണ്ടതാണ്. പുസ്തകവായന എന്നുവെച്ചാൽ ആഹാരം മുതലായ നിത്യവൃത്തികളിൽ ഒന്നായിട്ടാണ് അവിടെയുള്ളവർ വിചാരിച്ചുവരുന്നതു്. പുസ്തകവായനയെ മാത്രം അവലംബിച്ചു വളരെ ആളുകൾ അവിടങ്ങളിൽ 'കുടിലിൽനിന്നു കൊട്ടാരത്തിൽ' എത്തീട്ടുണ്ടെന്നുള്ള വാസ്തവം അറിഞ്ഞാൽതന്നെ വായനയുടെ പ്രാധാന്യവും മാഹാത്മ്യവും നമുക്കു് ഒരുവിധം ഊഹിക്കാമല്ലോ. ഒരു രാജ്യത്തിന്റെ പരിഷ്കാരം, ആ രാജ്യത്തെ വായനക്കാരുടെ തുകയെ അനുസരിച്ചു കണക്കാക്കാവുന്നതാണ്. ഈ സ്ഥിതിക്കു നമ്മുടെ മലയാളത്തിന്റെ കഥ ആലോചിച്ചാൽ വളരെ താണനിലയിലാണെന്നു പ്രത്യക്ഷമാകും. മലയാളവായനക്കാരുടെ സ്ഥിതിയെപ്പററി ഇവിടെ ചുരുക്കത്തിലൊന്നു പറയാം.

അടുത്തകാലത്ത് നമ്മുടെ നാട്ടിൽ വൎത്തമാനപത്രങ്ങളും, മാസികകളും, പുസ്തകങ്ങളും, വായനശാലകൾ, പുസ്തകശാലകൾ മുതലായി ജ്ഞാനാഭിവൃദ്ധിക്കുള്ള പല മാൎഗ്ഗങ്ങളുമുണ്ടായിട്ടുണ്ടെങ്കിലും അതിനനുസരിച്ചു് വായനക്കാരുടെ എണ്ണം വൎദ്ധിച്ചിട്ടുണ്ടോ എന്നുള്ള കാൎയ്യം വളരെ സംശയമാണ്. ദുൎല്ലഭം ചിലർ വായിക്കുന്നുണ്ടെങ്കിൽതന്നെ അതൊരു പരിഷ്കാരവും യോഗ്യതയുമാണെന്നുമാത്രം ധരിച്ചു്, അതിന്റെ ഉദ്ദേശം എന്താണെന്നും ആ ഉദ്ദേശം സാധിപ്പാൻ നാം ഏതുവിധം പ്രയത്നിക്കേണമെന്നും മററുമൊന്നും അശേഷം ആലോചിക്കാതെ കണ്ണിൽകണ്ട പുസ്തകങ്ങളെല്ലാം വാരിവലിച്ചു കുറെ വായിച്ചു എന്നുവരുത്തി താൻ വലിയ പരിഷ്കാരിയാണെന്നു മററുള്ളവരെ ധരിപ്പിക്കേണമെന്നു മാത്രമേ അവർ ഉദ്ദേശിക്കുന്നുള്ളൂ. ഏറിയാൽ വല്ല പുസ്തകത്തിൽനിന്നും അൎത്ഥമൊന്നും മനസ്സിലാവാതെ വലിയ ചില വാക്കുകൾ തിരഞ്ഞുപിടിച്ചു ധരിച്ചുവെച്ചിട്ടുള്ളതു് സ്ഥാനവും സന്ദൎഭവുമൊന്നും നോക്കാതെ തന്റെ സംഭാഷണത്തിലോ എഴുത്തുകുത്തുകളിലോ പ്രയോഗിപ്പാൻ സാധിച്ചാൽ വലിയ കൃതാൎത്ഥതയായി. വായന പരിഷ്കാരത്തിന്റെ ഒരു ചിഹ്നമാണെന്നു ചെറുപ്പക്കാർ പലരും ഇപ്പോൾ ധരിച്ചിട്ടുണ്ടെങ്കിലും പ്രായേണ അതു് പരിഷ്കാരഭ്രമത്തിന്റെ ഒരു ചിഹ്നമായിട്ടാണ് പരിണമിച്ചിട്ടുള്ളതെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. വേറെ ഇനി ഒരു വകക്കാരുണ്ട്: അവൎക്കു പുസ്തകം കാണുമ്പോഴെക്കു എന്തെന്നില്ലാതെ ഒരു ഭ്രാന്തിളകുകയായി. ആവശ്യമില്ലെങ്കിലും അതൊന്നെടുത്തു തി

രിച്ചും മറിച്ചും നോക്കാഞ്ഞാൽ അവക്കു സുഖമില്ല. ഒടുവിൽ, ഉള്ള മെഴുക്കും ചളിയുമെല്ലാമാക്കി വല്ല ദിക്കിലും ഇട്ടേച്ചു നടക്കയും ചെയ്യും. ഇവർ പുസ്തകം കടംവാങ്ങിക്കൊണ്ടുപോയാലത്തെ സ്ഥിതി ഇനി വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഈ വകക്കാർ വരുന്നുണ്ടെന്നു കണ്ടാൽ പുസ്തകം അടച്ചുപൂട്ടി വെച്ചുകൊള്ളുകയല്ലാതെ മറെറാതൊരു നിവൃത്തിയുമില്ല. ഇനി വേറെ ഒരു കൂട്ടരുള്ളത്, പുസ്തകവായനയെ ഉറക്കത്തിന്നു ഒരു സിദ്ധൌഷധമായി ഉപയോഗിച്ചുവരുന്നവരാകുന്നു. വായന സാധാരണ ഉറക്കത്തിനു വിരോധമായിരിക്കെ ഇങ്ങിനെ വിപരീതമായി വരുവാനുള്ള സംഗതി ആലോചിച്ചാൽതന്നെ ഇവക്കു വായനയിൽ എത്രത്തോളം ശ്രദ്ധയുണ്ടെന്നുള്ളതു് മനസ്സിലാക്കാം. ദുല്ലഭം ചിലർ ഇനി യഥാൎത്ഥമായി അറിവുസമ്പാദിക്കണമെന്ന വിചാരത്തോടുകൂടിതന്നെ വായിക്കുന്നവരായിട്ടും ഉണ്ടു്. പക്ഷെ ഇവർ ദേഹവും മററും നോക്കാതെ അതിയായി മുഷിഞ്ഞു വായിക്കുക നിമിത്തം കണ്ണിനു ദീനം ഉദരരോഗം, ചിത്തഭ്രമം മുതലായ പലവിധവ്യാധികൾക്കും ഇരയായിത്തീൎന്നു ജീവിതംതന്നെ നിഷ്ഫലമാക്കിക്കളയുന്നു. ദേഹമാണു് സകലകാൎയ്യങ്ങൾക്കും ആധാരമായിട്ടുള്ളതു്. അതു നോക്കാതെ ഒരുകാൎയ്യവും പാടുള്ളതല്ല. 'അമിതമായാലമൃതുംവിഷം' എന്നു നാം എല്ലാ കാൎയ്യത്തിലും ഓൎമ്മവെക്കേണ്ടതാണു്. ഇത്രയും പറഞ്ഞതുകൊണ്ടു് മേൽപറഞ്ഞ തരത്തിലുള്ള വായനകളൊന്നും അതിന്റെ ഉദ്ദേശത്തെ സാധിക്കുന്നില്ലെന്നു മാത്രമല്ല, വേറെ ചില ദോഷങ്ങൾ നേരിടുവാൻ ഇടയുള്ളതുമാകയാൽ ഈ തരത്തിലുള്ള വായനയെല്ലാം നാം വൎജ്ജിക്കേണ്ടതാണെന്നു വരുന്നു. അറിവിന്റെ ശൈശവസ്ഥിതിയിൽ വായനയിൽ ചില നിയമങ്ങൾ അനുസരിക്കുന്നതു് അത്യാവശ്യമാകയാൽ ആവക കാൎയ്യങ്ങളെപ്പററി ചിലതെല്ലാം എഴുതുന്നതിന്നാണു് എന്റെ ഈ ഉദ്യമം. വായിക്കേണ്ട ക്രമം, വിഷയം, ആലോചന, എന്നീ അംശങ്ങളെക്കുറിച്ചു യഥാക്രമം ചുരുക്കത്തിൽ ഒന്നു വിവരിക്കുവാൻ ശ്രമിക്കാം.

സൎവ്വസാധാരണമായി വായിക്കേണ്ട ഒരുക്രമം പറവാൻ കുറെ വിഷമമുള്ളതാണു്. വിഷയം, ബുദ്ധി, അറിവു, പരിചയം, ഇവയെ അനുസരിച്ചു വായിക്കേണ്ട ക്രമം പലവിധത്തിലായിരിക്കും. "ചില പുസ്തകങ്ങളുടെ രുചി നോക്കുകയും, ചിലതിനെ വിഴുങ്ങുകയും, അല്പം ചിലവയെ ചൎവ്വണം ചെയ്തു ഉള്ളിലാക്കി ശരീരാംശമാക്കിത്തീൎക്കുകയും ചെയ്യേണ്ടതാണു്," എന്നാണു് ഈ വിഷയത്തിൽ ഒരു മഹാൻ പറഞ്ഞിട്ടുള്ളതു്. ഇതുപോലെ തന്നെ ബുദ്ധിമുതലായവയെ അനുസരിച്ചും പലൎക്കും പലവിധത്തിലായിരിക്കും വായിക്കേണ്ട ക്രമം. എന്നാൽ എല്ലാവൎക്കും പററുന്നതായ ഒരു നിയമവുമില്ലെന്നു പറഞ്ഞുകൂടാ; അതു് മനസ്സിലാവുന്നതുവരെ വായിക്കുക എന്നുള്ളതുതന്നെയാണു്. ഒരു പുസ്തകശാലയിലെ പുസ്തകം മുഴുവൻ വായിച്ചു തള്ളി എന്നു വരുത്തുവാനല്ല നാം വായിക്കുന്നതു; കാൎയ്യങ്ങൾ ഗ്രഹിക്കുവാനാണു്. അപ്പോൾ മനസ്സിലാവുന്നതു വരെ വായിച്ചുകൊള്ളുക എന്നുമാത്രമാണു് ഇതിൽ മുഖ്യമായി ഒരു നിയമം പറവാനുള്ളതു്. എന്നാൽ അസാധാരണ മട്ടിലുള്ള വിഷയം, ബുദ്ധി, മുതലായവയെ ഒഴിച്ചു, സാധാരണ മട്ടിലുള്ളവയെ സംബന്ധിച്ചു മാത്രം പറയുന്നതായാൽ പ്രായേണ എല്ലാ പുസ്തകവും ചുരുങ്ങിയതു രണ്ടു പ്രാവശ്യം വായി

വേണമെന്നാണ് ഗ്രഹിക്കുക, ധരിക്കുക, ആലോചിക്കുക, എന്നീ മൂന്നു സംഗതികൾ കൂടിയതാകുന്നു വായന എന്നാണ് വിദ്വാന്മാരുടെ അഭിപ്രായം. ഇതിന്നു രണ്ടു പ്രാവശ്യം വായിക്കാതെ സാധിക്കുന്നതല്ല നിശ്ചയംതന്നെ. ഇതിൽ ആദ്യത്തെ വായനയിൽ അതിയായി മനസ്സിരുത്തേണമെന്നില്ല; വിഷയവിഭാഗം, വിവരണക്രമം, മുതലായി പുസ്തകത്തിന്റെ സാമാന്യമായ ഒരു സ്വരൂപജ്ഞാനം സമ്പാദിക്കുന്നേടത്തോളം മാത്രമേ ആദ്യത്തെ വായനയിൽ ഉദ്ദേശിക്കേണ്ടതുള്ളൂ. ഈ ഒരു സ്വഭാവം ഏതു സംഗതിയിലും ഏറക്കുറെ സാധാരണയായിട്ടുള്ളതാണ്. നാം പുതുതായി ഒരാളെ കാണുമ്പോൾ ഒന്നാമത് ആയാളുടെ ആകൃതിയെയും, രണ്ടാമതു സൂക്ഷ്മമായ പ്രകൃതിയെയുമാണല്ലോ മനസ്സിലാക്കാൻ ശ്രമിക്കാറുള്ളത്. അതുപോലെതന്നെ ആദ്യത്തെ വായനയിൽ വിഷയത്തിന്റെ സാമാന്യമായ ഒരു സ്വരൂപജ്ഞാനവും, രണ്ടാമത്തെ വായനയിൽ പ്രത്യേകം ഓരോ അംശങ്ങളുടെയും സൂക്ഷ്മജ്ഞാനവും സമ്പാദിപ്പാൻ ശ്രമിക്കുന്നതാണ് സ്വാഭാവികവും അതിനാൽ ഉത്തമവുമായ ഒരു രീതി. എന്നാൽ ചില സംഗതികൾ ഒന്നാമത്തെ നോട്ടത്തിൽ മനസ്സിലാവാതെ വന്നേക്കാമെങ്കിലും ശേഷംഭാഗം വായിക്കുന്തോറുമോ, അല്ലെങ്കിൽ രണ്ടാംപ്രാവശ്യം വായിക്കുമ്പോഴോ അധികവും മനസ്സിലാകുന്നതായിട്ടുതന്നെ ഇരിക്കും. ദുർബ്ബോധംവല്ലഭാഗങ്ങളും രണ്ടാമത്തെ വായനയിലും, പിന്നെ സ്വന്തമായി ആലോചിച്ചിട്ടും, മനസ്സിലാവാത്തപക്ഷം വിവരമുള്ളവരോടു ചോദിച്ചു മനസ്സിലാക്കേണ്ടതാണ്. ഇങ്ങിനെയല്ലാതെ ഒന്നാമത്തെ വായനയിൽതന്നെ മുഴുവൻ മനസ്സിലാക്കണമെന്നു വിചാരിക്കുന്നതു അനാവശ്യവും അബദ്ധവുമായിട്ടുള്ളതാണ്. ആദ്യം വിഷയാനുക്രമണികയും, പിന്നെ മുഖവുരയും, അതിന്റെ ശേഷം ആദ്യത്തെ വായനയും, ഇങ്ങിനെയാണ് ഒന്നാമത്തെ വായനയുടെ ക്രമമെന്നാണ് യോഗ്യന്മാരുടെ അഭിപ്രായം.

രണ്ടാമത്തെ വായന വളരെ ശ്രദ്ധയോടും ആലോചനയോടും കൂടി വേണ്ടതാണ്. പ്രകൃതിയെ മനസ്സിലാക്കുന്നത് ആകൃതിയെപ്പോലെ അത്ര എളുപ്പമല്ലല്ലോ. ഈ ഒരു വായന ആദ്യത്തെ പ്രാവശ്യം നല്ലവണ്ണം മനസ്സിലാവാത്ത ഭാഗങ്ങളെ നിഷ്കർഷിച്ചു വെടിപ്പാക്കുന്നതിന്നാണെന്നുള്ളത് എല്ലായ്പോഴും നമ്മുടെ ഉള്ളിൽ ഓർമ്മയുണ്ടായിരിക്കണം. മനസ്സിലാവായ്ക രണ്ടു വിധത്തിൽ വരാം; വിഷയത്തിന്റെ കാഠിന്യംകൊണ്ടും, വിഷയവിഭാഗം, വിവരണക്രമം, വാചകം, ഇതുകളുടെ സമ്പ്രദായഭേദംകൊണ്ടും, ഇങ്ങിനെ രണ്ടുവിധത്തിൽ മനസ്സിലാവാൻ വിഷമമുണ്ടാവാം. അതിൽ ഏതുകൊണ്ടാണ് മനസ്സിലാകാത്തതെന്ന് ഒന്നാമത് ഗ്രഹിക്കണം. പിന്നെ ആ ഭാഗത്തെ കുറിച്ചു ചുഴിഞ്ഞാലോചിക്കണം: ഇങ്ങിനെ വായിച്ച വിഷയത്തിന്റെ പൂർണ്ണമായ ഒരറിവു സമ്പാദിക്കുകയാണ് രണ്ടാമത്തെ വായനയുടെ ഉദ്ദേശം. "നാം പുസ്തകം തുറക്കുമ്പോഴുള്ളതിനേക്കാൾ കൂടുതൽ ധനത്തോടുകൂടി വേണം പുസ്തകം അടയ്ക്കാൻ" എന്നാണ് ഒരാൾ പറഞ്ഞിട്ടുള്ളത്. ഗ്രന്ഥകർത്താവിന്റെ ആശയം ഇന്നതെന്നു ധരിക്കുന്നേടത്തോളംമാത്രമേ നമ്മുടെ ചുമതലയുള്ളൂ എന്നു വിചാരിക്കരുത്; ഏതു സംഗതിയിലും അനുകരണം എന്ന സമ്പ്രദായം വിട്ടു മനോധർമ്മത്തെയും യുക്തിയെയും അവലംബിച്ചു കുലങ്കഷമായി ഗുണദോഷ നിരൂ

പഠനം ചെയ്താൽ മാത്രമേ ബുദ്ധിക്ക വികാസവും ശക്തിയും ഉണ്ടാവുകയുള്ളൂ. ഇതിന്നു വളരെ സാവധാനവും ക്ഷമയും വേണമെന്നു പറയേണ്ടതില്ലല്ലോ. ഈ വിഷയത്തെക്കുറിച്ചു പഴയ വിദ്യാവിനോദിനിയിൽ ഒരേടത്ത് പറഞ്ഞിട്ടുള്ളതിൽനിന്ന് ചെറിയ ഒരു ഭാഗം എടുത്ത് ഇവിടെ ചേർക്കുന്നത് യുക്തമെന്നു തോന്നുന്നു.

“ശുദ്ധമധുപങ്ങളുടെ മാതിരി ഒരു കുസുമാവലി കണ്ടാൽ അതിലുള്ള രസം മുഴുവനേ ഊററി കുടിക്കുന്നതിന്നു പകരം ലേശം പോലും ക്ഷമയില്ലാതെ പുഷ്പംതോറും തെണ്ടിനടക്കുന്നേ ഒരുവിധം കൂട്ടരുണ്ട്; അവരാകട്ടെ, എത്രതന്നെ വായിച്ചാലും മുമ്പേത്തേതിൽ അധികം പ്രാജ്ഞന്മാരായി തീരുന്നതല്ല. സാരമായിട്ടുള്ളതു മാത്രം സാവകാശം പോലെ മനസ്സിരുത്തിവായിച്ചു ഗുണദോഷനിരൂപണം ചെയ്താൽ അറിവും ആലോചനാശക്തിയും ഉപര്യുപരി വർദ്ധിക്കുന്നതാണ്. വളരെ വായിച്ചു എന്നു വരുത്തുന്നതിനേക്കാൾ അല്പംമാത്രം വായിച്ചു മനസ്സിലാക്കുന്നതാണ് ഉത്തമം. ദഹിക്കാൻ കഴിയുന്നതേ ഭക്ഷിക്കാവൂ; വയററിൽ പിടിക്കുന്നതല്ലാതെ വളരെ തിന്നിട്ടെന്ത്? അജീർണ്ണം പിടിച്ച് ഉള്ള ബലവും കൂടി കളഞ്ഞു എന്നല്ലാതെ അതു കൊണ്ടു യാതൊരു സാദ്ധ്യവുമുണ്ടാകുന്നതല്ല. എന്നതു പോലെ തന്നെ യാതൊന്നും മനസ്സിലാക്കാൻ ശ്രമിക്കാതെ ഒരു വക അവസ്ഥസ്സും പ്രഭാവത്തിന്നും വേണ്ടി മാത്രം വളരെ വായിക്കുന്നതുകൊണ്ട് ഉള്ള ബുദ്ധികൂടെ നശിപ്പിക്കയല്ലാതെ അതുകൊണ്ടു വേറൊരു ഫലവും ഉണ്ടാവുന്നതല്ല.”

ഈ ഉപദേശം നമ്മുടെ ചെറുപ്പക്കാരായ വായനക്കാർ പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. (തുടരും)

കാവിൽ അവിഞ്ഞിക്കാട്ട് ഭവദാസൻ ഭട്ടതിരിപ്പാട്

---

# സ്ത്രീകളുടെ അവകാശങ്ങളും ബാദ്ധ്യതകളും*



എന്റെ പ്രബന്ധവിഷയത്തെ അദ്യം നാമകരണം ചെയ്തത് ‘സ്ത്രീകൾ ഓർമ്മവെക്കേണ്ടതായ ചില സംഗതികൾ’ എന്നാണ്. എന്നാൽ, സാധാരണ വിളിക്കാറുള്ള ഓമനപ്പേർ ‘സ്ത്രീകളുടെ അവകാശങ്ങളും ബാദ്ധ്യതകളും’ എന്നാകട്ടെ എന്നു ചിലർ പറഞ്ഞു. അതനുസരിച്ച് ഈ വിധം പേർ മാററി വിളിച്ചതാകുന്നു. സ്ത്രീകൾ എന്ന പദംകൊണ്ടു മലയാളസ്ത്രീകൾ എന്നേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ എങ്കിലും, ഇൻഡ്യയെപ്പററി കൂട്ടക്ക ചിലതെല്ലാം പറഞ്ഞു എന്നും വരാം.

പഴേകാലത്ത് സ്ത്രീകൾ ഏതു നില

* തൃശ്ശിവപേരൂർ സ്ത്രീകളുടെ ശിക്ഷാക്രമപാഠശാല വക സാഹിത്യസഭയുടെ വാർഷികയോഗത്തിൽ വായിച്ചതു.

യിൽ ഇരുന്നിരുന്നു; ഇപ്പോൾ അവരുടെ സ്ഥിതിയെന്ത്? നമുക്ക് അഭിവൃദ്ധിയുണ്ടാകാനുള്ള മാൎഗ്ഗങ്ങളെല്ലാമാണ്—ഈ വക സംഗതികളെക്കുറിച്ച് അല്പം പറവാനാണ് ഞാൻ ഒരുങ്ങുന്നത്. ഇതുകൊണ്ട് വല്ല ഫലവും ഉണ്ടാകുമോ? അതു നിങ്ങൾ തീൎച്ചയാക്കുന്നതായിരിക്കും നല്ലത്.

വൈദികകാലത്തു വിവാഹം കഴിക്കാതെ പിതൃഗൃഹത്തിൽ താമസിച്ചിരുന്നവരും കല്യാണം കഴിഞ്ഞ സുചരിതകളായ ഗൃഹിണികളും ഉണ്ടായിരുന്നു. അന്ന് സ്ത്രീകൾക്ക് ഉൽകൃഷ്ടമായ വിദ്യാഭ്യാസം പാടില്ലെന്നോ അവർ പുറത്തിറങ്ങി സഞ്ചരിച്ചുകൂടെന്നോ ഉള്ള വെപ്പും നടപ്പും ഉണ്ടായിരുന്നില്ല. അവർ സ്തോത്രങ്ങളെ നിൎമ്മിച്ചു യാഗാദികൎമ്മങ്ങൾ ചെയ്തിരുന്നു.

മഹാകാവ്യകാലത്തും സ്ത്രീകൾ മാന്യപദവിയെ അലങ്കരിച്ചിരുന്നു. അവർ യാഗാദികൎമ്മങ്ങളിലും രാജ്യകാൎയ്യങ്ങളിലും പ്രവേശിച്ചിരുന്നു. പുരുഷന്മാർ സ്ത്രീകളെ ബഹുമാനിച്ചിരുന്നതിന് ഒരു അളവില്ല. എല്ലാ ലൌകികവ്യവഹാരങ്ങളിലും ഭൎത്താക്കന്മാൎക്ക് ഭാൎയ്യമാരിൽനിന്നു വളരെ സഹായവുമുണ്ടായിരുന്നു. സ്ത്രീകൾ ഭൎത്തൃപ്രണയിനികളും സുചരിതകളും ആയിരുന്നു.

തത്വദാൎശനികകാലത്തും സ്ത്രീകൾക്ക് ഉപരിയായ വിദ്യാഭ്യാസം നൽകിയിരുന്നു. ബാല്യവ്രതത്തിനു വിരോധമുണ്ടായിരുന്നില്ലെങ്കിലും, അതു ധനവാന്മാരുടെ ഇടയിൽ വംശപ്രതിഷ്ഠ മാത്രമേ നടപ്പുണ്ടായിരുന്നുള്ളു. ബ്രാഹ്മം, ദൈവം മുതലായ പലതരം വിവാഹങ്ങളെക്കുറിച്ച് ഇക്കാലത്താണ് ആദ്യം പ്രസ്താവിച്ചുകാണുന്നത്. മുമ്പേന്നപോലെ സ്ത്രീകൾക്ക് പൂൎവ്വസ്വത്തിൽ അവകാശവും സ്വത്തു സമ്പാദിക്കുന്നതിൽ സ്വാതന്ത്ര്യവും ഉണ്ടായിരുന്നു.

ബുദ്ധമതകാലത്തു സ്ത്രീകളെ പരാധീനകളായി വിചാരിപ്പാൻ തുടങ്ങിയെങ്കിലും, അവരെ സാമാന്യത്തിലധികം മാനിച്ചിരുന്നു എന്നുള്ളതിനു നല്ല ലക്ഷ്യങ്ങളുണ്ട്. 'ആചാൎയ്യൻ ഉപാദ്ധ്യായന്മാരെക്കാൾ പത്തിരട്ടിയും, പിതാവ് ആചാൎയ്യന്മാരെക്കാൾ നൂറിരട്ടിയും വന്ദ്യനാണ്; എന്നാൽ മാതാവു പിതാവിനെക്കാൾ ആയിരമിരട്ടി പൂജ്യയാണ്' എന്നും, 'സ്ത്രീകളെ മാനിക്കുന്ന ദിക്കിൽ ദേവന്മാർ സന്തുഷ്ടരായിരിക്കും; അല്ലാത്തിടത്ത് പുണ്യകൎമ്മം ഫലവത്തായി വരികയില്ല' എന്നും മററും മനുസ്മൃതിയിൽ ഘോഷിക്കുന്നുണ്ടല്ലോ. ഇക്കാലത്തു ചാതുൎവ്വൎണ്ണ്യത്തിന്റെ ശക്തി ധാരാളമുണ്ടായിരുന്നു.

പൌരാണികകാലത്തെ സ്ത്രീകളുടെ സ്ഥിതിയെക്കുറിച്ചു "പ്രാചീനാൎയ്യാവൎത്ത"ത്തിൽ പറഞ്ഞിട്ടുള്ളതിനെ ഞാൻ ഇവിടെ എടുത്തു പറയട്ടെ: 'പ്രാതഃകാലത്തു ഭൎത്താവ് എഴുന്നേല്ക്കുന്നതിനു മുമ്പിൽ അദ്ദേഹത്തിന്റെ ധൎമ്മദാരങ്ങൾ എഴുന്നേററു ഗൃഹം അടിച്ചുതളിച്ചു, പൂജാപാത്രങ്ങൾ തേച്ചുകഴുകി, അടുപ്പു, പാകപാത്രം മുതലായവ ശുദ്ധിവരുത്തി ദിവസേനത്തേക്കുള്ള പ്രാഥമികകൎമ്മങ്ങൾ ചെയ്തതിന്റെ ശേഷം, തന്റെ പ്രാണപ്രിയന്റെ അച്ഛൻ, അമ്മ മുതലായവരെ വന്ദനം ചെയ്യും. എന്നിട്ട് ഭക്ഷണം തയ്യാറാക്കി കുട്ടികളെ ഉണ്ണിപ്പിച്ചു ഭൎത്താവിനു ഭോജനം കൊടുത്തു സന്തോഷിപ്പിക്കും. അനന്തരം അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടി താനും ഭക്ഷിക്കും. വൈകുന്നേരമായാൽ ഇപ്രകാരമുള്ള വേല ചെയ്തു, ഭൎത്താവു ശയനഗൃഹത്തിൽ പോയി ഉറങ്ങിയതിന്റെ ശേഷം, അവൾ അദ്ദേഹത്തിന്റെ അടുക്കൽ പോയികിടക്കും. അവൾ കലഹിക്കില്ല; കഠോരമായ വാക്ക

കൾ ഉപയോഗിക്കില്ല; അവൾക്കു ക്രോധം, അമിതവ്യയം, അഹങ്കാരം, അവിശ്വാസം മുതലായ ദോഷങ്ങൾ ഒന്നുംതന്നെ ഉണ്ടാവില്ല; അവൾ യഥാശക്തി തന്റെ ഭർത്താവിനെ പരിചരിച്ചുകൊണ്ടിരിക്കും. ഇങ്ങനെയുള്ള ഗുണങ്ങളാണ് ഹിന്ദു സ്ത്രീകളെ മററു ജാതിക്കാരുടെ സ്ത്രീകളേക്കാൾ പ്രശംസയ്ക്കു പാത്രമാക്കിത്തീർത്തിരിക്കുന്നത്; ഇങ്ങനെയുള്ള ഗുണങ്ങളെത്തന്നെയാണ് ഇൻഡ്യയിലെ സകല സ്ത്രീരത്നങ്ങളും ആചരിച്ച് ആ പ്രശംസയെ വർദ്ധിപ്പിക്കുവാൻ ശ്രമിക്കേണ്ടത്."

'ഭക്ത്യാസേവിക്കപൂജ്യാൻ,മരുവുകസഖിയെ
പ്പോൽസപത്നീജനത്തിൽ,
ഭർത്താവിൻവിപ്രിയംചെയ്യരുതുനികൃതയെ–
ന്നാകിലുംകോപമൂലം,
അത്യന്തംഭൃത്യരിൽവാഴ്കസരളതയൊ,
ഗർവ്വമുൽസൃജ്യഭോഗേ–
ഷ്വിത്ഥംസ്ത്രീകൾഭവിക്കുന്നിഹഗൃഹിണിക
ളായന്യഥാഗേഹബാധാ.'

എന്നു കാളിദാസർ പറഞ്ഞിട്ടുള്ളതും നിങ്ങൾ ഈ സന്ദർഭത്തിൽ ഓർക്കാതിരിക്കയില്ല. ഈ കാലത്ത് എല്ലാ സ്ത്രീകളുടേയും വാസം അന്തഃപുരത്തിലായിരുന്നു എങ്കിലും, അവൾക്ക് ഏകാന്തവാസം ഉണ്ടായിരുന്നില്ല. സ്ത്രീകൾ വായിപ്പാനും എഴുതുവാനും പഠിച്ചിരുന്നു എന്നു മാത്രമല്ല, അവരിൽ വിദുഷികളും കവിതയുണ്ടാക്കാൻ സാമർത്ഥ്യമുള്ളവരും ഉണ്ടായിരുന്നു. സംഗീതത്തിലും ചിത്രമെഴുത്തിലും നാട്യവിദ്യയിലും വിദഗ്ദ്ധകളായി പലരും ഉണ്ടായിരുന്നു. രാജാവിന്റെ നിത്യപരിചരണത്തിനു വൃദ്ധകഞ്ചുകിയുടെ കീഴിലുള്ള സ്ത്രീകളായിരുന്നു. ഭർത്താക്കന്മാരെ തിരഞ്ഞെടുക്കുന്ന ഭാരം പിതാവിനായിരുന്നു എങ്കിലും, സ്വയംവരവും അന്ന് ഇല്ലെന്നു പറഞ്ഞുകൂടാ. ഇതെല്ലാം ശാകുന്തളം നാടകം നോക്കിയാൽ നമുക്കു പ്രതിച്ഛായപോലെ കാണാം.

മണ്ണെണ്ണ വിളക്കുകളുടേയും കാശിനു കൊള്ളാത്ത കഥാപുസ്തകങ്ങളുടേയും ആക്രമണംകൊണ്ട് അറയുമ്മറത്തെ നിലവിളക്കുകളും അവിടെയുള്ള പുരാണം വായനയും പോകാതെ കാത്തുവരുന്ന നമ്മൾക്ക് ഞാൻ ഈ പറഞ്ഞതെല്ലാം വെറും വാക്കുകളല്ലെന്നു ധാരാളം അറിയാം. എങ്കിലും ചില ഉദാഹരണങ്ങളെക്കൊണ്ട് സംഗതികൾ ഒന്നുകൂടി വിശദപ്പെടുത്താൻ ഞാൻ ശ്രമിക്കട്ടെ. വിശ്വവര, ഗാർഗ്ഗി, വാചക്നവി എന്നിവർ ഋഗ്വേദത്തിലെ പല സ്തോത്രങ്ങളുടേയും ജനയിത്രികളാകുന്നു. രാമായണം കിളിപ്പാട്ട്, നളചരിതം കഥകളി, ശാകുന്തളം, ഉത്തരരാമചരിതം മുതലായ നാടകങ്ങൾ എന്നിവയെ നിങ്ങൾ വായിച്ചിട്ടുള്ള സ്ഥിതിക്കു വിദുഷികളും പതിവ്രതകളുമായ സീതാ, ദമയന്തി, ശകുന്തള എന്നിവരെക്കുറിച്ച് ഞാൻ അധികം വിസ്തരിച്ചു പറയേണമെന്നില്ലല്ലോ. പാതിവ്രത്യനിഷ്ഠകൊണ്ടു ധർമ്മരാജാവിനെക്കൂടി തോല്പിച്ചു തന്റെ ഭർത്താവിന്റെ ജീവനെ തിരിച്ചു വാങ്ങിയ സാവിത്രിയേയും ഈ അവസരത്തിൽ വിസ്മരിച്ചുകൂട.* പാർത്ഥസാരഥ്യം വഹിച്ച സുഭദ്രയുടെ കഥ വിശ്രുതതരയല്ലേ? ബാണപുത്രിയായ ഉഷസ്സ് അനിരുദ്ധൻ നിമിത്തമുണ്ടായ വിരഹതാപനിവൃത്തി വരുത്തിക്കൊടുത്തതും ഒരു സ്ത്രീരത്നമാണല്ലോ. അഗസ്ത്യമഹർഷിയുടെ ധർമ്മപത്നിയായ ലോപാമുദ്രയെ നാമെല്ലാവരും കേട്ടറിവുണ്ട്. വിദർഭരാജാവിന്റെ പുത്രിയായ ഈ ലോപാമുദ്രതന്നെയാണ് ഋഗ്വേദത്തിൽ പ്രധാനപ്പെട്ട ചില ഭാഗങ്ങളെ രചിച്ചിട്ടുള്ളത്. പ്രസിദ്ധപ്പെട്ട ഹിന്ദുസ്മൃതി കർത്താവായ മനുവിന്റെ പുത്രി

ദേവഹൂതി ഒരു വലിയ രാജാവിന്റെ മകളായിരുന്നു എങ്കിലും, ശാസ്ത്രജ്ഞനും തപസ്വിയുമായ കർദ്ദമൻ എന്ന ഋഷിശ്രേഷ്ഠനെയാണ് അവർ വരനായി സ്വീകരിച്ചത്. അതുകാരണം, 'ഇഹലോകസുഖങ്ങളെ മിക്കതും ഉപേക്ഷിച്ച്, ദുഷ്ടമൃഗങ്ങളുള്ളതും 'നിമ്നോന്നതഗ്രഹാഗഹ്വര ശർക്കരദുർഗ്ഗമ'മായതും ആയ അരണ്യവാസം സ്വീകരിക്കേണ്ടിവന്നു. ഈ ഏക സംഗതികൊണ്ട് അവരുടെ ഈശ്വരഭക്തിയും വിദ്വത്വവും ഭർത്തൃപ്രീതിയും പാതിവ്രത്യവും സ്പഷ്ടമാകുന്നുണ്ട്. ഈ ദിവ്യസ്ത്രീയുടെ മകനാണല്ലോ സാംഖ്യയോഗകർത്താവായ കപിലമഹർഷി. ഇതിനും പുറമെ, ശാസ്ത്രപാരംഗതകളായ അനേകം പുരാണവിദുഷികളുടെ പേരുകൾ എടുത്തു പറയാവുന്നതാണ്. എന്നാൽ, പുരാണനായികമാരിൽ മിക്കവരേയും നാം ഓരോ അവതാരങ്ങളായി കരുതിപ്പോരുന്നതു കാരണം, അനുകരണവിഷയത്തിൽ നമുക്ക് അല്പം അസാദ്ധ്യം തോന്നുമായിരിക്കാം. അതുകൊണ്ട്, ദേശവ്യത്യാസമുണ്ടെങ്കിലും, അടുത്ത കാലത്തു ജീവിച്ചിരുന്നവരും ചരിത്രപ്രസിദ്ധകളുമായ ചില മഹതികളുടെ അവസ്ഥയെന്തെന്നു നമുക്കാലോചിക്കുക. എന്നാൽ അനുകരണവിഷയത്തിൽ സൗകര്യവും ഏറുമല്ലോ. മന്ത്രവാദത്തിൽ നിപുണയായിരുന്ന ഭാനുമതിക്കും ഭാസ്കരാചാര്യരുടെ ഗണിതശാസ്ത്രപാരംഗതയായ മകൾ ലീലാവതിക്കും വളരെ പഴക്കം തട്ടീട്ടില്ല. രജപുത്രസ്ഥാനത്തിൽ ഏററവും പ്രസിദ്ധമായ ജനകമഹാരാജാവിന്റെ സദസ്സിൽ വേദാന്തവിഷയങ്ങളേയും രാജ്യഭരണകാര്യങ്ങളേയുംകൂടി കുറിച്ച് വാദപ്രതിവാദങ്ങൾ നടത്തിയവരും യാജ്ഞവൽക്യമഹർഷിയുടെ പ്രിയസിദ്ധമായ മൈത്രേയിയുടെ കഥ സുപ്രസിദ്ധമാണല്ലോ. മീവാർ രാജ്യത്തേയും ഭർത്താവായ ഭീമസിംഹനേയും മുസൽമാൻമാരിൽനിന്നു രക്ഷിച്ച് ഒടുവിൽ, ഗത്യന്തരമില്ലെന്നു കണ്ട്, അഗ്നികുണ്ഡത്തിൽ പ്രവേശിച്ചു മരിച്ച ആ രാജതന്ത്രജ്ഞയേയും രണധീരയും സാധ്വിയും ആയ പത്മിനിയെ നമുക്കൊരിക്കലും മറക്കുവാൻ പാടില്ല. പതിനെട്ടാം ശതാബ്ദത്തിന്റെ ഒടുവിൽ ഇൻഡൂർ രാജ്യം ബുദ്ധിസാമർത്ഥ്യത്തോടും ധൈര്യത്തോടും ഭരിച്ചുവന്ന അഹല്യാബായിയുടെ കീർത്തി നാട്ടിലെല്ലാം നടന്നു കാടുകൂടി കയറിക്കഴിഞ്ഞു.

കഠിനമായ ദീനം നിമിത്തം ദേഹത്തിനും മനസ്സിനും ഓജസ്സും ശക്തിയും ക്ഷയിച്ചു ആസ്പത്രികളിലും യുദ്ധഭൂമികളിലും കിടന്നു വലയുന്ന അനേകായിരം ജനങ്ങളെ ശുശ്രൂഷിച്ചു രക്ഷിച്ചു മോക്ഷം പ്രാപിച്ചിട്ടുള്ള മിസ് ഫ്ളോറൻസ് നൈററിംഗേലിന്റെപേർ മനുഷ്യർ ഒരിക്കലും വിസ്മരിക്കയില്ല. സാധുക്കളായ രോഗികളെ ചെന്നു കാണുകയും അവരുടെ മനസ്സിൽ സന്തോഷം ജനിപ്പിക്കുവാൻ നല്ല വാക്കുകൾ പറകയും ഹിതപദാർത്ഥങ്ങൾ കൊടുക്കുകയും ചെയ്യുന്നത് അവസ്ഥക്കു കുറവാണെന്നാകുന്നു ഈ ദിക്കുകളിൽ പല സ്ത്രീകളും വിചാരിച്ചു വരുന്നത്. പാശ്ചാത്യരാജ്യങ്ങളിൽ ആസ്പത്രികളിലും മററും പോയി രോഗാതുരന്മാരെ കണ്ടു അവർക്കു കഴിയുന്ന സഹായങ്ങളെല്ലാം ചെയ്യുന്നത് വലിയ പദവിയിലിരിക്കുന്ന സ്ത്രീകളുടെ പ്രത്യേക കൃത്യമായിട്ടാണ് അവർ കരുതിയിരിക്കുന്നത്. ഈ രാജ്യത്തും അങ്ങനെയുള്ളവർ ഇല്ലെന്നില്ല. ജീവിച്ചിരിക്കുന്നവരെക്കുറിച്ചു പ്രത്യേകിച്ചൊന്നും പറയാതെ കഴിക്കേണമെന്നാണ് എന്റെ മോഹമെങ്കിലും, ഈ സന്ദർഭത്തിൽ ഒന്നു രണ്ടു പേരെക്കുറിച്ചു അ

ല്പം പ്രസ്താവിക്കാതെ തരമില്ല. ബോമ്പായി ഹൈക്കോടതി ജഡ്ജിയായിരുന്ന ശ്രീമാൻ മഹാദേവഗോവിന്ദറാനെഡിയുടെ ഭാൎയ്യ ഈ വക കാൎയ്യങ്ങളിൽ അതി താല്പൎയ്യത്തോടുകൂടി പ്രവൃത്തിച്ചുവരുന്നവരാകുന്നു. അവർ ഒരു ഉത്തമ ബ്രാഹ്മണ കുലത്തിൽ പെട്ടവരാണെങ്കിലും, ജാതിമതവ്യത്യാസം കൂടാതെ, രോഗികളേയും സാധുക്കളേയും രക്ഷിക്കുന്നതിൽ സദാ സന്നദ്ധയായിരിക്കുന്നു.

സംസ്കൃതം, കൎണ്ണാടകം, ഹിന്ദുസ്ഥാനി, ബെങ്കാളി, മറാത്തി, ഇംഗ്ലീഷ് മുതലായ ഭാഷകളിൽ അറിവു സമ്പാദിച്ച ഒരു സ്ത്രീരത്നമാണ് പണ്ഡിതരാമബായി സരസ്വതി. ഇവർ സ്വദേശീയ സഹോദരിമാരുടെ ഗുണത്തിനുവേണ്ടി പല കഷ്ടങ്ങളും അനുഭവിച്ച് ഇംഗ്ലണ്ട്, അമേരിക്ക മുതലായ രാജ്യങ്ങളിൽ കൂടി പോയി അത്യന്തപരിശ്രമം ചെയ്തിട്ടുള്ളവരാകുന്നു. ഹിന്തുവിധവകളുടെ കഷ്ടാരിഷ്ടങ്ങളെ കഴിയുന്നതും പരിഹരിച്ച് അവരുടെ ജീവകാലത്തെ സന്തോഷകരമായും ഉപകാരപ്രദമായും ആക്കിത്തീൎക്കുവാൻ രാമബായി സരസ്വതി ഒരു ഗൃഹത്തെ സ്ഥാപിച്ച് ഉത്തമരീതിയിൽ നടത്തി വരുന്നുണ്ട്. സംസ്കൃതത്തിലും ബെങ്കാളിയിലും എന്നപോലെ ഇംഗ്ലീഷ് പരന്ത്രീസ് എന്നീഭാഷകളിൽ പാണ്ഡിത്യം സമ്പാദിച്ച് ഇവയിൽ കവിതകൾ ഉണ്ടാക്കി ഈ ഭാഷകൾ മാതൃഭാഷകളായ വിദ്വാന്മാരെയും കവികളെയും വിസ്മയിപ്പിച്ച തരുലതദത്ത ചെറുപ്പത്തിൽ കാലധൎമ്മത്തെ പ്രാപിച്ചത് ഇൻഡ്യയുടെ കഷ്ടകാലമെന്നേ പറയാനുള്ളു. തന്റെ വിദ്യകൊണ്ടു പണ്ഡിതരിൽ കൂടി അത്ഭുതവും അസൂയയും ജനിപ്പിച്ചിരുന്ന മനോരമത്തമ്പുരാട്ടിയും, രാജതന്ത്ര നിപുണന്മാരെപ്പോലും അതിശയിപ്പിച്ച വഞ്ചിരാജ്യം ഭരിച്ച ശ്രീമതി പാൎവ്വതിറാണിയും മലയാളസ്ത്രീകളായിരുന്നു എന്നു ഓൎക്കുന്നത് അഭിമാനത്തിനും ഉത്സാഹത്തിനും ഹേതുക്കളാകാതിരിക്കയില്ല. ഗംഭീരാശയനായ ഭൎത്താവിനെക്കൊണ്ടു ലോകവിശ്രുതമായ ഒരു കാവ്യത്തെ നിൎമ്മിപ്പിക്കുവാനും അതിലെ നായികതാൻ തന്നെയാകുവാനും ഒരു മലയാളസ്ത്രീക്ക് അടുത്തകാലത്ത് സാധിപ്പിച്ചിട്ടുണ്ടു ഒരു കാമുകനായ കവി കേവലം പ്രേമം മാത്രം നിമിത്തം "മയൂരസന്ദേശം" ഉണ്ടാക്കിയതല്ലെന്നുള്ളതിനു തക്ക കാരണങ്ങളും തെളിവും ആ കൃതിയിൽ തന്നെയുണ്ടു.

"രാജസ്സൂൎജ്ജസ്വലമുഖകിലില്ലേവമന്യാംഗ-
(നാനാം
തേജസ്സോടൊത്തുടലിനിതുപോലാൎക്കസൌന്ദൎയ്യമോൎക്കിൽ
സൌജന്യത്തെപ്പറ്റുകിലതസാധാരണം തന്നെയാണ
രാജന്യസ്ത്രീമണിയുടെ ഗുണൌഘങ്ങളന്യാദൃശങ്ങൾ'
'ധ്യാനം ചിത്തം ഹരിത ഹരമാം നാമപാരായണത്താ
ലാനന്ദിപ്പിച്ചതി വിദുഷിതാൻ കീൎത്തനം തീൎത്തനേകം
ഗാനം ചെയ്യുന്നളവിലളവില്ലാത്തൊരാനന്ദപൂരം
നൂനം മജ്ജിച്ചിടുമയിമയൂരേന്ദ്ര! കൎണ്ണേന്ദ്രിയം തേ!'
'പാതിവ്രത്യം പരമയി പയോദാക്ഷിയീ നാട്ടിലെ സ്ത്രീ
ജാതിക്കില്ലെന്നൊരു പഴിചിരാൽ ജാതമായുള്ളതെല്ലാം
നീതിജ്ഞക്കും മനുജനോടവടിച്ചേൎച്ചയിൽ എ
റിക്കിറ്റിതാൻ ,വാൻ തക്ക

ഖ്യാതിക്കേററം മതിമതി! മഹാരാജ്ഞിപാത്രീഭവിച്ചു'.

ഈ വിഷയം ഇവിടെ ഇരിക്കട്ടെ. ഇനി നമുക്കു നമ്മുടെ തല്ക്കാലത്തെ സ്ഥിതിയെക്കുറിച്ചു് അല്പം ആലോചിച്ചുനോക്കുക. അതിലാണു് എനിക്കു ഭയം. ഉള്ളതു പറയുമ്പോൾ ഉറിയും ചിരിക്കും. അതു പഴഞ്ചൊല്ലാണു്. തല്ലുകൊള്ളാതെ പുറത്തു പോയാൽ മതിയെന്നാണു് ഇപ്പോഴത്തെ എന്റെ മോഹം. ഓങ്ങിയാലും താങ്ങിയാലും എന്റെ പ്രബന്ധം മുഴുവനാക്കാതെ തരമില്ല. ഞാൻ പറയുന്നതു കാര്യമോ അകാര്യമോ എന്നു് ഒരു നിമിഷമെങ്കിലും ആലോചിച്ചിട്ടേ പ്രഹരിക്കുവാൻ പുറപ്പെടാവൂ എന്നു മാത്രം പ്രാർത്ഥിക്കുന്നു.

പള്ളിക്കൂടങ്ങൾ അധികമായി തുടങ്ങിയതിനുമുമ്പു് പല വീടുകളിലും കുട്ടികളെ സംസ്കൃതവും സംഗീതവും പഠിപ്പിച്ചിരുന്നു. വീടുകളിലാകയാൽ, പഠിക്കുന്നവർക്കു, പ്രായപൂർത്തിയായതിനു ശേഷവും, പഠനം നിർത്തേണ്ടി വന്നിരുന്നില്ല. അതു കാരണം, അവർക്കു സംസ്കൃതത്തിലും സംഗീതത്തിലും ഒരുവിധം പാണ്ഡിത്യം സമ്പാദിപ്പാൻ കഴിഞ്ഞിരുന്നു. ഈ തരം വിദുഷികൾ നമ്മുടെ ഇടയിൽ ഇന്നും ധാരാളമുണ്ടു്. ഇപ്പോൾ പള്ളിക്കൂടങ്ങളിൽ അഞ്ചാറു ക്ലാസ്സുകൾ പഠിച്ചുകയറുമ്പോഴേക്കും പ്രായം തികയും. തിരണ്ടു തീണ്ടാറായാൽ പിന്നെ സ്കൂളിൽ പോകയോ? നാരായണ! അതു പാടില്ലല്ലോ. ഈ പഠിത്തംകൊണ്ടു് എന്തു ഫലം കിട്ടും? കണക്കു മനക്കണക്കു തന്നെ; കൂട്ടാനും കിഴിക്കാനും ആയെങ്കിൽ ഭാഗ്യം. സംഗീതം സരിഗമയുമായി. അക്ഷരം പിടിച്ചും പിഴച്ചും മല ഓ[illegible]ം, തെററിത്തെററി ഇംഗ്ലീഷും വായി ച്ചേയ്ക്കുംകൂടി ക അർത്ഥം മനസ്സിലാകുമോ എന്ന ടത്തിയവരും പ്രായസിദ്ധമായ കാര്യം ഇരിക്കട്ടെ; അതിപ്പോൾ ചിന്തിക്കാതിരിക്കയാണു് ഉത്തമം. ഇംഗ്ലീഷിൽ വല്ലതും എഴുതാറാകേണമെങ്കിൽ, അതു പഠിക്കേണ്ടേ? അത്രക്കായില്ലല്ലോ. മലയാളത്തിലോ?

ഇക്കാലത്തൊരുപെണ്ണുതെററുകളക
ന്നുള്ളോരെഴുത്തെങ്കിലും
കാൽഭാഗംശരിയാക്കിയങ്ങെഴുതിയാലൊ
ട്ടല്ലതാശ്ചര്യമാം.

ഗൃഹഭരണം, പാചകവിദ്യ, ഭാര്യാധർമ്മം, ബാലപരിചരണം ഇത്യാദികളൊക്കെ എത്തേണമെങ്കിൽ, കാലം ഇനിയും കഴിയേണം. ഇതുകൊണ്ടൊക്കെ എന്തു ദോഷം വന്നു? ഇല്ലത്തുനിന്നു പുറപ്പെട്ടു; അമ്മാത്തൊട്ടു് എത്തിയുമില്ല. പഴേ സമ്പ്രദായമെല്ലാം വിട്ടു; പുതിയതൊന്നും കിട്ടിയതുമില്ല. ഇപ്പോൾ ജ്ഞാനലവംകൊണ്ടു ദുർവ്വിദഗ്ദ്ധകൾ എന്ന അപഖ്യാതിമാത്രം ശേഷിച്ചു. നമ്മുടെ പേരിലും കുററമില്ലെന്നില്ല. നന്നാവാനുള്ള മാർഗ്ഗങ്ങൾ നമ്മളും എടുക്കുന്നില്ല. നമ്മളെ കുറിച്ചു് പുരുഷന്മാർ ഈ വിധമല്ലേ അപഹസിക്കുന്നതു്? 'രണ്ടുപേർ കൂട്ടിമുട്ടിയാൽ കുറെ ചിരിക്കും, അവരവരുടെ ഭർത്താക്കന്മാരേയും കുട്ടികളേയും അല്പം സ്തുതിക്കും, ശേഷം പേരുടെ കുററവും കുറവും ധാരാളം പറഞ്ഞു ഹസിക്കും'. പഠിപ്പുള്ള ഭർത്താവു് അതാതു ദിവസത്തെ ജോലി കഴിഞ്ഞു ക്ഷീണിച്ചു വരുമ്പോൾ, കുട്ടിക്കു കുരുവാണു്, ഉപ്പിനു വിലകൂടി, അങ്ങേലെ സു-ണ്ണലതക്കു വരുത്തിയ വൈരക്കമ്മൽപോലെ എനിക്കും വേണമെന്നെല്ലാം ആവലാതി തിക്കാനുള്ള കൌശലങ്ങൾ തുടങ്ങും. എഴാം ക്ലാസ്സുവരെ പഠിച്ചു് എഴുതാനും വായിക്കാനും നല്ലതുപോലെ അറിയാതെ ഭർത്താവുണ്ടാവാൻ കാത്തിരിക്കയോ, ഉണ്ടായാൽ അദ്ദേഹ

ത്തിൻെറ ഗ്രഹത്തിനു ഒരു ബാധയായിത്തീരുകയോ ചെയ്യേണമെന്നാണോ നമ്മുടെയെല്ലാം തലയിൽ വരച്ചു വിട്ടിട്ടുള്ളത്? എന്നെനിക്കു തോന്നുന്നില്ല. നമ്മൾ മനസ്സുവെച്ചാൽ, ഇതിനെല്ലാം ഒരു മുക്തിമാർഗ്ഗം ഉണ്ടാകാതിരിക്കയില്ല. പക്ഷെ മനസ്സുവെക്കേണം. ഞാൻ ഈ പറഞ്ഞതുകൊണ്ട് ആരും മുഷിച്ചിൽ തോന്നരുതേ. എല്ലാവരും പണമുള്ളവരാണ്, എല്ലാവരും പഠിച്ചു വലിയ പരീക്ഷകൾ ജയിക്കേണം എന്നൊക്കെയാണ് ഞാൻ ഉദ്ദേശിക്കുന്നതെന്നും വിചാരിക്കരുതേ. എൻെറ അന്തർഗ്ഗതം അതൊന്നുമല്ല. സാധുക്കളായാലും സമ്പന്നകളായാലും വേണ്ടില്ല, ഭർത്താവുള്ളവരായാലും ഇല്ലെങ്കിലും കൊള്ളാം, പരാശ്രയംകൂടാതെ അവരവരുടെ എടം കഴിക്കാനും തങ്ങളെ ആശ്രയിച്ചു നില്ക്കുന്നവൎക്ക് ഒരു സഹായമായിത്തീരാനും സ്വരാജ്യം നന്നാവാൻ അല്പമായിട്ടെങ്കിലും വല്ല ശ്രമങ്ങൾ ചെയ്യാനും സ്ത്രീകൾക്കു പ്രാപ്തിയുണ്ടായിരിക്കേണമെന്നേ എനിക്ക് അഭിപ്രായമുള്ളൂ.

പീസുകൊടുപ്പാൻ വകയില്ല; ഇപ്പോഴത്തെ സ്ത്രീവിദ്യാഭ്യാസരീതിയിൽ ന്യൂനതകളുണ്ട്; അല്ലെങ്കിൽ നമുക്കു വേറെ കാൎയ്യങ്ങളിൽ സങ്കടങ്ങളുണ്ട് എന്നിരിക്കട്ടെ. നാമെല്ലാവരും കൂടി യോജിച്ച് ശാസ്ത്രവിശാരദനും ശരിയായ പരിഷ്കാരങ്ങളിൽ പ്രിയമുള്ളാളും ഈ രാജ്യത്തിന് ഉന്നതപദവി കിട്ടേണമെന്നുള്ള ആഗ്രഹത്തോടെ അഹോരാത്രം ബുദ്ധിമുട്ടുന്നാളുമായ നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ആ വക സംഗതികളെ ഭക്തിയോടും വിനയത്തോടും ഗ്രഹിപ്പിച്ചാൽ സങ്കടനിവൃത്തി വരുത്തി അവിടുന്ന് നമ്മളെ കാത്തുരക്ഷിക്കാതിരിക്കയില്ല. ഈ കാൎയ്യത്തിൽ പണ്ഡിതനും സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ അതിതല്പരനും രാജതന്ത്രനിപുണനും ആയ മിസ്റ്റർ ബാനൎജ്ജിയും നമ്മളെ സഹായിക്കാതിരിക്കയില്ല.

അതുകൊണ്ട് നാം ചെയ്യേണ്ടത് എന്നതെല്ലാമെന്ന് ചുരുക്കത്തിൽ ഞാൻ ഇനി പ്രസ്താവിക്കാം. സംസ്കൃതഭാഷയെ വിസ്മരിക്കരുത്. അതിൽ ലോകവ്യുൽപത്തി ഉണ്ടാവാൻ ശ്രമിക്കേണം. കാലാവസ്ഥയ്ക്ക് ഇംഗ്ലീഷുകൂടാതെ കഴികയില്ലല്ലോ. ഇംഗ്ലീഷും മലയാളവും വളരെ തെറ്റുകൂടാതെ എഴുതാനും വായിക്കാനും പഠിക്കേണം. മലയാളഭാഷാസാഹിത്യഗ്രന്ഥങ്ങൾ അന്യസഹായം കൂടാതെ യഥാവസരം വായിച്ചു രസിക്കാറായിരിക്കേണം. നിത്യനിദാനം ആവശ്യത്തിലേക്കു വേണ്ട കണക്കശാസ്ത്രവും അറിഞ്ഞിരിക്കേണം. ഇതു കുറച്ചു മതി. ഇൻഡ്യയുടെ ചരിത്രം, ഇൻഡ്യയെ സംബന്ധിച്ച ഭൂമിശാസ്ത്രം ഇതു പ്രത്യേകമായി പഠിക്കേണ്ടതാണ്. ശേഷമുള്ളതിൻെറ ഒരു സാമാന്യജ്ഞാനമുണ്ടായാൽ മതിയാകുന്നതാകുന്നു. തുന്നൽപ്പണി, ബാലപരിചരണം, ഗൃഹഭരണം, ഭാൎയ്യാധൎമ്മം, പാചകവിദ്യ ഇതുകളിലും അറിവുണ്ടായിരിക്കേണ്ടത് അത്യാവശ്യമാകുന്നു. ഇത്രയും പഠിച്ചതിനുശേഷം, ഓരോരുത്തൎക്ക് ഏതു ശാസ്ത്രത്തിലാണ് അധികം താല്പൎയ്യം, ഓരോരുത്തർ പ്രവേശിപ്പാൻ ഉദ്ദേശിക്കുന്ന ജോലിയുടെ തരം, ഇതെല്ലാം നോക്കി അതനുസരിച്ച് ആ ശാസ്ത്രത്തിൽ ഉൽകൃഷ്ടമായ അറിവു സമ്പാദിക്കുവാൻ ശ്രമിക്കേണം. സംഗീതം, സാഹിത്യം ചിത്രമെഴുത്ത്, തയ്യൽപ്പണി, വൈദ്യം, അദ്ധ്യാപകവൃത്തി, കൃഷി, കച്ചവടം, കൈത്തൊഴിൽ, രാജ്യഭരണം' പൌരകൃത്യം മുതലായവയിൽ ഏതിലൊന്നിലെങ്കിലും ഏൎപ്പെടുവാൻ തക്ക

പഠിപ്പും പ്രാപ്തിയും സമ്പാദിക്കേണ്ടത്, അത്യാവശ്യമാണ്. ഏതെങ്കിലും ഒരു വിദ്യ സ്വാധീനമുണ്ടായാൽ, ധനമുള്ളവൎക്ക് ദാനത്തിനും രസമായി കാലം കഴിപ്പാനും സാധുക്കൾക്ക് ഉപജീവനത്തിനും ഒരു വഴിയായല്ലൊ. ഈ വക വിദ്യ ആൎജ്ജിക്കുന്നതുകൊണ്ട് സൌന്ദൎയ്യം കുറയില്ല; ധൎമ്മദാരങ്ങളല്ലാതായി തീരുകയുമില്ല. സംശയം വേണ്ട. അതിലേക്ക് ഒരു ദൃഷ്ടാന്തമായി ജാപ്പാനിലെ സ്ത്രീകളെ നമുക്കെടുക്കാവുന്നതാണ്. കുറച്ചു കാലത്തിനു മുമ്പ് ജാപ്പാൻസ്ത്രീകളുടെ അവസ്ഥ നമ്മളുടേതിനേക്കാൾ എത്രയോ ശോചനീയമായിരുന്നു. ഇപ്പോഴോ? അവർ സംഗീതം, സാഹിത്യം, കച്ചവടം, കൈത്തൊഴിൽ, കൃഷി, വൈദ്യം മുതലായ സകല കലാവിദ്യകളിലും ഉത്തമസ്ഥാനത്തെ അൎഹിക്കുന്നു. അറിവും സ്ഥാനവും വൎദ്ധിച്ചു വരുന്നതോടുകൂടി ഭൎത്തൃശുശ്രൂഷ, പാതിവ്രത്യം, വിനയം, സ്വരാജ്യസ്നേഹം, മുതലായ ഗുണഗണങ്ങളിൽ അവൎക്കുള്ള നിഷ്ഠയും വൎദ്ധിച്ചുതന്നെ വരുന്നു. എന്നു മാത്രമല്ല,

"കാൎയ്യേഷു ദാസീ, കരണേഷു മന്ത്രീ,
രൂപേഷു ലക്ഷ്മീ, ക്ഷമയാ ധരിത്രീ,
സ്നേഹേഷു മാതാ, ശയനേഷു വേശ്യാ,
ഷൾകൎമ്മനാരീ കലധൎമ്മപത്നീ."

എന്ന ശ്ലോകാൎത്ഥത്തെ അവർ നല്ലപോലെ ധരിച്ചിട്ടുള്ളതായിട്ട് അവരുടെ പ്രവൃത്തികളെക്കൊണ്ടു സ്പഷ്ടമാക്കുന്നുണ്ട്. ശിശുപരിപാലനത്തിനും വിദ്യാഭ്യാസം അത്യാവശ്യമാണല്ലൊ. വിദ്യാഭ്യാസത്തിനുള്ള മുഖ്യകാലം ബാല്യദശയാണ്. ഈ കാലത്ത് ബാലന്മാരുടെ രക്ഷാധികാരം മുഴുവനും മാതാവിങ്കൽ സ്ഥിതിചെയ്യുന്നു. വിദ്യാവിഹീനയായ ഒരു മാതാവിന്റെ കീഴിൽ വളൎന്നുവന്ന ഒരു ബാലൻ പുരുഷപ്രായമെത്തുന്ന കാലത്ത് ഒരു വലിയ സമുദായനേതാവായി വരുന്നതെങ്ങിനെ? പൊതുജനക്ഷേമതല്പരനായും വരുവാനിടയുണ്ടോ? 'വിദ്യാധനം സൎവ്വധനത്താൽ പ്രധാനം.' അതുകൊണ്ട് ഭാവിശ്രേയസ്സിങ്കൽ ആസക്തകളായ മാന്യസഹോദരിമാരെല്ലാവരും വിദ്യാഭ്യാസവിഷയത്തിൽ നേരിടാവുന്ന സകല തടസ്ഥങ്ങളെയും കഷ്ടാരിഷ്ടങ്ങളെയും തൃണമെന്നു ഗണിച്ച് വിദ്യ സമ്പാദിക്കുകയും അതിനെ അനുഗ്രഹബുദ്ധിയോടുകൂടി കഴിയുന്ന കാലത്തൊക്കെ മറ്റുള്ളവൎക്കു ദാനം ചെയ്കയും ചെയ്യേണമെന്ന് ഞാൻ വണക്കത്തോടുകൂടി വീണ്ടും വീണ്ടും അപേക്ഷിക്കുന്നു. വിദ്യ പ്രചരിച്ചു കഴിഞ്ഞാൽ, മലയാളത്തിൽ നിത്യമഹോത്സവമായി. വിദുഷികളും, സുചരിതകളും, അരോഗദൃഢഗാത്രകളും തനിക്കു താൻ പോന്നവരുമായ വനിതാരത്നങ്ങളെക്കൊണ്ടു കഴിയുന്ന വേഗം കേരളമൊട്ടുക്ക് അലങ്കരിക്കുമാറാകട്ടെ എന്ന് ഈശ്വരനോടു പ്രാൎത്ഥിച്ചുംകൊണ്ട് ഞാൻ ഈ ഉപന്യാസത്തെ ഉപസംഹരിച്ചുകൊള്ളുന്നു.

ടി. സി. കല്യാണിഅമ്മ.

## ടിപ്പുസ്സുൽത്താനം

# ബൾത്തു ചട്ടണിയും.

"മൈസൂരിലെ വ്യാഘ്രം" എന്ന ചരിത്രത്തിൽ പ്രസിദ്ധനായി അറിയപ്പെട്ടുന്ന ടിപ്പുസ്സുൽത്താൻ 1784-ാം കൊല്ലത്തിൽ കൎണ്ണാടകരാജ്യം പിടിച്ചടക്കി അവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികളിൽ അനേകരെ തടവുകാരാക്കി ശ്രീരംഗപട്ടണത്തു കൊണ്ടുപോയി പാൎപ്പിച്ച കഷ്ടപ്പെടുത്തിയ കഥ കേൾക്കാത്തവർ അധികം ഉണ്ടായിരിക്കയില്ല. 1799ൽ ഇംഗ്ലീഷുകാർ ടിപ്പുവെ യുദ്ധത്തിൽ ജയിച്ച കൊന്നതിനു ശേഷമേ ഈ തടവുകാൎക്ക മോക്ഷം ലഭിച്ചിട്ടുള്ളു. ഇങ്ങിനെ ഒരു സംഭവം ഉണ്ടായിരുന്നുവെന്നല്ലാതെ, ആ സാധുക്കൾ അക്കാലം അനുഭവിച്ചിരുന്ന സങ്കടസ്ഥിതിയെ കുറിച്ച് ഇക്കാലത്തുള്ളവൎക്ക ശരിയായ ധാരണയുണ്ടാവാൻ സഹായിക്കുന്ന സംഗതികൾ അധികമില്ല. ശ്രീരംഗപട്ടണത്തിൽ വെച്ച സങ്കടങ്ങൾ അനുഭവിക്കുന്ന അവസരത്തിൽ അവൎക്ക മനസ്സന്തോഷത്തിനു സംഗതി വരുത്തിയ ഏകമനുഷ്യൻ "ബൾത്തു ചട്ടണി" എന്ന രസികനായിരുന്നു. "ബൾത്തു" എന്നത് ബൾത്താസർ എന്ന ക്രിസ്ത്യൻ പേരിന്റെ ഒരു ചുരുക്കമാണ്. ചട്ടണി, ചട്ടണിയെന്ന ഉപദംശംതന്നെ. ബൾത്താസർ ടിപ്പുവുമായി പരിചയമായതും മററും മംഗലാപുരത്തുള്ള റോമൻകാത്തൊലിക്ക് ക്രിസ്ത്യാനികൾ നിത്യം പറഞ്ഞു രസിക്കുന്ന കഥയാണ്. ഈ കഥ ബൾത്തു പറയുന്ന രീതിയിൽതന്നെ ചിലർ പറഞ്ഞു മററുള്ളവരെ രസിപ്പിക്കയെന്നത് മംഗലാപുരത്ത് ഉദ്യാനവിരുന്ന്, തേയിലവിരുന്ന് മുതലായവ ഉണ്ടാകുന്ന അവസരങ്ങളിൽ പലപ്പോഴും നടപ്പുള്ളതാണ്. ആ കഥകൾ ബൾത്തു പറയുന്ന വിധത്തിൽ തന്നെ താഴെ ചേൎക്കാം.

### 1. ടിപ്പുവും ബൾത്തുവുമായുള്ള കൂടികാഴ്ച.

ബെൻട്ടവാളിൽ നിന്ന് ദേശാന്തരിയായി സഞ്ചരിച്ച് ബൾത്തു ഒടുവിൽ ടിപ്പുസ്സുൽത്താന്റെ വലിയ പരിചാരകനും സേവകനും ആയിത്തീൎന്നിരിക്കുന്നുവെന്നുള്ളത് എന്റെ രാജ്യക്കാൎക്ക വളരെ വിനോദകരമായ ഒരു വൎത്തമാനമായിരിക്കും. അതിനു കാരണഭൂതൻ എന്റെ അമ്മയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. ലോകത്തെ അറിഞ്ഞു പ്രവൃത്തിപ്പാനുള്ള വൈഭവം എനിക്ക എന്റെ അമ്മയിൽനിന്നു ലഭിച്ച ഒരു വിശേഷഗുണമാണ്. സാധുസ്ത്രീ! ആ ഗുണവതിയായ സാദ്ധ്വി വളരെ പൊന്നും പണവും ഒന്നും എനിക്ക കെട്ടിത്തന്നിട്ടില്ലെങ്കിലും, ഒരുകാൎയ്യം എന്നെ പഠിപ്പിച്ചിട്ടുണ്ടായിരുന്നു. ഏതു രാജ്യത്തായിരുന്നാലും ആരുടെ ഇടയിലായാലും ചുററുമുള്ള സംഗതികൾ എന്റെ ഗുണത്തിനായിത്തീരത്തക്കവണ്ണം വിനിയോഗിക്കേണ്ടതിനുള്ള വൈഭവം എന്റെ അമ്മ എന്നെ പഠിപ്പിച്ചിരുന്നു. ആ ഒരു പാഠത്തിനായി എന്നും നമസ്കാരം. അതുനിമിത്തം ഇതാ ഞാൻ ഇന്നു ശ്രീരംഗപട്ടണത്തിൽ പൂൎണ്ണസ്വാതന്ത്ര്യത്തോടുകൂടി കടിലിലും കൊട്ടാരത്തിലും ആരേയും ഭയപ്പെ

ടാതെ സഞ്ചരിക്കുന്നു. സൎവ്വവിധ ആപത്തുകളിൽനിന്നും എന്നെ രക്ഷിക്കുന്നതാണെന്നു മുഹമ്മദ് നബിത്തങ്ങളുടെ താടി പിടിച്ചു സുൽത്താൻ ആണയിട്ടിരിക്കെ എനിക്കു വിരോധമായി യാതൊന്നും സ്മരിക്കകൂടി ചെയ്യാൻ ആൎക്കും ധൈൎയ്യമില്ല.

ഇതൊക്കെ എങ്ങിനെ വന്നുകൂടിയെന്നുള്ള കഥ പറകയെന്നുവെച്ചാൽ വളരെയുണ്ട്. എന്നെ ടിപ്പുസുൽത്താനു പരിചയമാക്കിയത്, അഥവാ, ടിപ്പുസുൽത്താനെ എനിക്കു പരിചയമാക്കിയത് എങ്ങിനെയാണെന്നു ചുരുക്കത്തിൽ പറയാം. എനിക്കു സുൽത്താനെക്കൊണ്ടുള്ളത്രതന്നെ ഉപകാരം എന്നെക്കൊണ്ട് സുൽത്താനും ഉണ്ടെന്നു നിങ്ങൾ ധരിക്കണം. ഞാൻ പല രാജ്യത്തിലും സഞ്ചരിച്ച് ഒടുവിൽ ചെന്നപ്പട്ടണത്തിൽ (മദിരാശിയിൽ) ചെന്നു ചേൎന്നു. ഇനി ഇങ്ങിനെ വെറുതെ നടന്നാൽപ്പോരെന്നും വല്ലതും പ്രയോജനകരമായ പ്രവൃത്തിയിൽ ഏൎപ്പെടേണമെന്നും എനിക്കു തോന്നി. അങ്ങിനെ ഒരുദിവസം, മദിരാശിക്കു സമീപത്ത് ഒരു കുന്നിന്മേൽ താമസിക്കുന്ന ജെസ്യൂയിററ് പാതിരിമാരുടെ വീട്ടിൽകടന്നുചെന്ന് അവിടെ ഒരു ഭൃത്യനായി ഇരുന്നുകൊൾവാൻ അനുവദിക്കേണമെന്ന് അപേക്ഷിച്ചു. എനിക്കു എന്തുപണി ചെയ്യാൻ വയ്യുമെന്നല്ലേ? ചോറും കറിയും ഉണ്ടാക്കാൻ അറിയാം. വിശേഷിച്ച്, അതിരസികനായ ചട്ണിയുണ്ടാക്കാൻ നല്ല ശേഷിയുണ്ട്. അതു പായത്തക്ക ഒരു വിദ്യയല്ലേ? എന്റെ ചെറിയ ബുദ്ധിയുടെ അവസ്ഥക്ക് അതുതന്നെ ധാരാളമല്ലേ? പാതിരിയച്ചന്മാർ എന്റെ അപേക്ഷ സ്വീകരിച്ച്, എന്നെ അവിടെ ഭൃത്യനായിരിക്കാൻ അനുവദിച്ചു. സന്യാസവൃത്തിയൊക്കെ മാററി ഒരു ഗൃഹസ്ഥനായികൂടാമെന്നു വേണ്ടുന്ന ചട്ടവട്ടങ്ങളൊക്കെ ചെയ്തുവരുന്നതിലിടക്കാണ് മദിരാശിൽ യുദ്ധവും ലഹളയും ബഹളവും ഒക്കെ തുടങ്ങിയത്. ഹൈദരാലിയും പടയും മദിരാശിക്കടുത്തെത്തി. എന്നാണ് ഞങ്ങളെ വീടോടുകൂടി ദഹിപ്പിച്ചുകളയുകയെന്ന് അച്ചന്മാരും ഞാനും ഭയപ്പെട്ടുകൊണ്ടിരുന്നു. ഒരു ദിവസം അതാ വരുന്നു ചില പട്ടാളക്കാർ; ഞങ്ങളെ പിടിച്ചു പട്ടാള ഉദ്യോഗസ്ഥന്മാരുടെ മുമ്പാകെ ഹാജരാക്കി. ഭാഗ്യവശാൽ ആരും ഞങ്ങളെ ദ്രോഹിച്ചില്ല. മീശ കരിക്കുമെന്നും, വിരൽ മുറിക്കുമെന്നും, പക്ഷെ തല തന്നെ കൊയ്തുകളയുമെന്നും പലതും ഞങ്ങൾ ഭയപ്പെട്ടിരുന്നുവെങ്കിലും അങ്ങിനെയൊന്നും ഉണ്ടായില്ല. ഉടനെ ഹൈദരാലിയുടെ പാളയത്തിൽ ചെല്ലാനായിരുന്നു കല്പന. കുറെ കാവൽക്കാരുടെ അകമ്പടിയോടുകൂടി അച്ചന്മാരും ഞാനും അവിടെക്കു യാത്രയായി. ഞങ്ങളെക്കൊണ്ട് ഹൈദരാലിക്ക് ഒരു കാൎയ്യം സാധിക്കേണ്ടതുണ്ടായിരുന്നു. ഇംഗ്ലീഷു സൈന്യത്തെപ്പററിയും ഇന്ത്യയിലുള്ള മററു യൂറോപ്യൻകോയ്മകളുടെ ശക്തിയെക്കുറിച്ചും തിരുമനസ്സിലെക്കു വേണ്ടുന്ന അറിവു കൊടുക്കണം. അവൎക്കു യൂറോപ്പിൽനിന്ന് ആകപ്പാടെ എത്ര സൈന്യങ്ങളും എത്ര പണവും സാധിക്കാമെന്നുള്ളതിന്റെ ഒരു കണക്കും പറഞ്ഞുകൊടുക്കണം!! ഒരുത്തന്റെ ആയുഷ്കാലം മുഴുവൻ ശ്രമിച്ചാലും പഠിച്ചറിവാൻ സാധിക്കാത്ത കാൎയ്യമാണിതെന്നുണ്ടോ ഹൈദരാലി ധരിച്ചിട്ട്! പാതിരി അച്ചന്മാരൊ, സാധുക്കൾ! അവൎക്കുണ്ടോ ഇതിന്റെയൊക്കെ വല്ല ധാരണയും? അവൎക്ക് ഇതു വല്ലതും അറിയാമെങ്കിൽ, തന്റെ വീട്ടിൽ കള്ളൻ കയറി ഉള്ള വസ്തുക്കളൊക്കെ കട്ടുകൊണ്ടു പോയത് എങ്ങി

നെയായിരുന്നുവെന്നു എന്റെ ഇളയച്ഛനും അറിയാം എന്നു ഞാനും വിചാരിച്ചു. അന്നു ടിപ്പുവിനു ചെറുപ്പമാണ്. ഒരു പതിനേഴ വയസ്സുണ്ടായിരിക്കും. ലോകപരിചയമൊന്നും സിദ്ധിച്ചുകഴിഞ്ഞിട്ടില്ല. പാതിരിമാർ സൎവ്വജ്ഞന്മാരാണെന്നും ഈ വക കാൎയ്യങ്ങളൊക്കെ അവൎക്ക് സുഗ്രാഹ്യമാണെന്നും ആയിരുന്നു ആ നരിക്കുട്ടിയുടെ ധാരണ. ഹൈദരുടെ പാളയത്തിലെത്താൻ ഞങ്ങൾ അഞ്ചു ദിവസം സഞ്ചരിക്കേണ്ടിവന്നു. സഞ്ചാരം എനിക്കു പണ്ടെ പ്രിയമാണല്ലൊ. പാതിരിയച്ചന്മാരുടെ കാൎയ്യമാണ് കുഴപ്പം. നട്ടുവെയിലു്, തല മറയ്ക്കാൻ ടിപ്പു അവൎക്കു കുറെ പട്ടുവസ്ത്രങ്ങൾ അയച്ചിരുന്നു. എന്നാൽ കുറെ ദൂരത്തെക്ക് അച്ചന്മാൎക്ക് ഒരു വാഹനം കിട്ടി. മനുഷ്യനായി പിറന്നവരാരും ആ വാഹനത്തിൽ കയറാതെ പോകട്ടെ. ഒട്ടകങ്ങളാണ്. ഇങ്ങിനെ നിസ്തേജസ്സുള്ള ജീവികളെ ഈശ്വരൻ വേറെ സൃഷ്ടിച്ചിട്ടില്ല. അവയുടെ സാവധാനഗതി കണ്ടാൽ ദ്വേഷ്യമെന്നത് അറിയാത്തവനുംകൂടി ദ്വേഷ്യം പിടിക്കും. അതിന്റെ പുറത്താണ് ഈരണ്ടാളായി കയറേണ്ടത്.

അങ്ങിനെ ഒരു വിധം ഹൈദരാലിയുടെ പാളയത്തിൽ എത്തിച്ചേൎന്നു. നവെമ്പർ മാസം അവസാനിക്കാറായ കാലമാണ്. തിരുമലെ എന്ന ദിക്കിലെ യുദ്ധം കഴിഞ്ഞ ഉടനെയാണ്. നല്ല മഴയും പെയ്തു; ഞങ്ങളുടെ ബുദ്ധിമുട്ടും സങ്കടവും ഒന്നും ലവലേശം ഗണ്യമാക്കാതെ ധാരാളം പെയ്തു. രാത്രി ഇരുട്ടെന്നുവെച്ചാലൊ മൂക്കോടുമൂക്കുമുട്ടിയാൽ കാണാത്ത കൂനാകൂനിരുട്ട്. കഴിഞ്ഞുപോയ ആ സങ്കടങ്ങളൊക്കെ പറഞ്ഞു നിങ്ങളെ ബുദ്ധിമുട്ടിക്കുന്നില്ല. ഇന്നെനിക്ക് പരമസുഖമാണ്. അതിലിടക്ക്, എന്തിനു കഴിഞ്ഞകഥ ഓൎത്തും പറഞ്ഞും വ്യസനിക്കുന്നു.

അന്നു രാത്രി എന്റെ ശുക്രദശയുടെ ആരംഭമായിരുന്നു. വിശപ്പിനുണ്ടോ ഭൂപാലനെന്നും ഗോപാലനെന്നും, കുബേരനെന്നും കുചേലനെന്നും വ്യത്യാസം. അന്നുരാത്രി ഹൈദരാലിക്കും തന്റെ പ്രിയപുത്രനും കഠിനമായ വിശപ്പ്. ഭക്ഷണത്തിന് കോളൊന്നും ഒരുങ്ങീട്ടുമില്ല. മുഹമ്മദീയരുടെ ശാപ്പാടല്ലെ, ഒക്കെ നല്ല അവസ്ഥയിൽ വേണം. അതിനു സാധനങ്ങളുമില്ല സമയവുമില്ല; പോരെ, ഗ്രഹചാരം? അവൎക്കു "പിലാവൊ" എന്ന ഭക്ഷണമാണ് പ്രമാണം. അതു ഒഴിച്ചുകൂടാത്തതാണ്. അരിയും മാംസവുംകൂട്ടി പശുവിൻനെയ്യിൽ പചിച്ചുണ്ടാക്കുന്ന ഒരു വക ഭക്ഷണമാണ് "പിലാവൊ". ഞാൻ വെപ്പുമുറിയിൽ കടന്നുവശായി. അവിടെ ഈ 'പിലാവൊ' അടുപ്പിൽ കിടന്നു പുകയുന്നു. പുക ചിലപ്പോഴൊക്കെ വളരെ പ്രയോജനമുള്ള ഒരു സാധനമാണെങ്കിലും 'പിലാവൊ'വിന് അശേഷം യോജിപ്പില്ലാത്ത ഒന്നാണെന്നു എനിക്ക് അനുഭവംകൊണ്ടറിയാം. ഏതായാലും ഇതിന് ഉപദംശമായി ഒരു ചട്ട്ണി ഉണ്ടാക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ രാജപാചകനോടു പറഞ്ഞു. ഞാൻ തന്നെ കുറെ ഉണ്ടാക്കിക്കൊടുത്തു. ഒരു നല്ലൊരവസരത്തിൽ രാജസന്നിധിയിൽ എത്തുകയും ചെയ്തു. പ്രസിദ്ധനായ ഹൈദരാലിയും അദ്ദേഹത്തിന്റെ അതിലും പ്രസിദ്ധനായ മകനും ബൾത്തുവിന്റെ ചട്ട്ണിയുടെ രുചിയനുഭവിക്കുന്നതു കാണ്മാൻ ഞാൻ തമ്പിന്റെ ഒരു വിള്ളലിൽ കൂടി ഒളിച്ചു നോക്കിക്കൊണ്ടിരുന്നു. എന്തിന്നധികം പറയുന്നു, അല്പനേരം കഴിഞ്ഞപ്പോൾ ഹൈദരാലിയും മകനും ള്ളീ

നേകം രാജസേവകരും നിറഞ്ഞ മുറിയിലേക്കു ഞാൻ ക്ഷണിക്കപ്പെട്ടു. എങ്ങിനെയാണ് ഇത്ര നല്ല ചട്ട്ണിയുണ്ടാക്കിയതെന്ന് എന്നോടു ചോദ്യമായി. വിശേഷിച്ചൊന്നും പറവാനില്ല. നല്ല വിശപ്പ്, പുതിയൊരു സാധനവും; പിന്നെ രുചി ഇല്ലാത്തതിനും ഉണ്ടാകുമല്ലോ. പക്ഷെ അതൊന്നും ആ രാജകീയശ്രവണങ്ങൾക്കു സമുചിതമായ ഉത്തരമാകയില്ലല്ലോ. അതുകൊണ്ട് എന്തൊരു മറുവടിയാണ് പറയേണ്ടതെന്നറിയാതെ ഞാൻ പലതും ആലോചിച്ച് ഒടുവിൽ സാഷ്ടാംഗം നമസ്കരിച്ച് ഇങ്ങിനെപറഞ്ഞു. 'അടിയനു പല വിധം ചട്ട്ണിയും സമ്മന്തിയും ഉണ്ടാക്കാൻ കഴിയും. അതിനു പ്രത്യേകം സാമർത്ഥ്യമുണ്ട്. തിരുവുള്ളമുണ്ടെങ്കിൽ അടിയന്റെ ജീവകാലം മുഴുവനും തിരുമേനിക്കു ചട്ട്ണിയുണ്ടാക്കുന്നതിൽ വിനിയോഗിക്കാൻ തയ്യാറാണ്'. ഈ ഉത്തരം എന്റെ നാവിൽനിന്നു വീണു കഴിഞ്ഞതും എനിക്കു മഹാഭാഗ്യം ഉദിച്ചതും ഒന്നിച്ചു കഴിഞ്ഞിരിക്കുന്നു. നിത്യോപയോഗംകൊണ്ടു തഴഞ്ഞ ജപമാലയും വെട്ടിച്ചുരുക്കിയ തലമുടിയും എന്റെ വാക്കും എല്ലാം ഞാനൊരു റോമൻകത്തോലിക്ക് ക്രിസ്ത്യാനിയാണെന്നു വിളിച്ചു പറഞ്ഞുവെങ്കിലും, എന്നെ തൽക്ഷണം കൊട്ടാരം ചട്ട്ണിക്കാരനായി കല്പിച്ചു നിയമിച്ചു. തിരുമേനികളുടേയും ബെർത്തുവിന്റേയും ഭാഗ്യം നിമിത്തം ചട്ട്ണിക്കു കൂടക്കൂടെ ആവശ്യം നേരിട്ടില്ല. അതുകൊണ്ട് ഞാൻ അത്ര ബുദ്ധിമുട്ടേണ്ടി വന്നില്ല. എന്നാൽ എനിക്കു കല്പിച്ചിരുന്ന ബഹുമതി ഞാൻ ധാരാളം അർഹിച്ചിരുന്നുവെന്നതിനു യാതൊരു സംശയവുമില്ല. അർഹിക്കുന്ന വിധത്തിലുള്ള ഒരു ബഹുമതി ഒരാൾക്കു നൽകി കഴിഞ്ഞാൽ അതിനെ പിന്നെ ദുർബ്ബലപ്പെടുത്തുന്നത് അനുചിതമാണെന്നു കൊറാനിൽ കല്പിച്ചിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം.

കൊട്ടാരം ചട്ട്ണിക്കാരനായി എന്നെ നിയമിച്ചുകഴിഞ്ഞ വിവരംകേട്ടു പാതിരിയച്ചന്മാർ നന്നാ ചിരിച്ചു. എതായാലും എന്നെക്കൊണ്ട് അവർക്കു വിശേഷിച്ചു പ്രയോജനമൊന്നും ഇല്ലാതിരുന്നതിനാൽ പുതിയ ഉദ്യോഗത്തിൽ പ്രവേശിച്ചുകൊള്ളുന്നതിന് അവർ എന്നെ സമ്മതിച്ച് അനുഗ്രഹിച്ചു. അങ്ങിനെ എന്റെ മുത്തശ്ശി സാധാരണ പറയാറുള്ള വാക്കിൽ വളരെ പരമാർത്ഥമുണ്ടെന്നു എനിക്കു ബോദ്ധ്യമായി. 'ബെർത്തു എവിടെ പോയാലും പൊട്ടായിപ്പോകയില്ല' എന്നു ആ വൃദ്ധ പലപ്പോഴും പറയാറുണ്ട്. കൊട്ടാരം ചട്ട്ണിക്കാരന്റെ നിലയിൽ, ഞാൻ എന്റെ നാട്ടുകാരായ തടവുകാർക്ക് എന്നെക്കൊണ്ട് കഴിയുന്ന ഉപകാരമൊക്കെ ചെയ്യാൻ സദാ സശ്രദ്ധനായിരുന്നു.

ജീവകാലം, എന്റെ അഭിപ്രായത്തിൽ, ഒരു ജലാശയംപോലെയാണ്. ഒഴുക്കില്ലാത്ത ജലാശയത്തിന്റെ കാര്യം ബഹു മോശമാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട് എന്റെ ജീവദശയിൽ വരുന്ന മാററങ്ങൾക്കൊക്കെ ഞാൻ സസന്തോഷം സ്വാഗതം പറക പതിവാണ്. അതിന്റെ ഫലം സന്തോഷമായാലും കൊള്ളാം, സന്താപമായാലും കൊള്ളാം. ഈ അവസരത്തിൽ എന്റെ ജീവിതത്തിനു മറെറാരു മാററം വന്നു. അതെന്റെ കഷ്ടകാലത്തിനാണെന്നു ഞാൻ വിചാരിച്ചു.

ടിപ്പുസുൽത്താൻ എന്നെ കഴിയുന്ന വിധത്തിലൊക്കെ സഹായിക്കണമെന്നുറച്ചിട്ട് എന്നെ ഒരു "സൌത്തദാർ" ഉദ്യോഗത്തിനു നിശ്ചയിച്ചു. മഹാരാജാവ്

ന്റെ ചെങ്കോൽ പിടിക്കയാണ് സൌത്തദാരുടെ ജോലി. ഹൈദരാലിയുടെ പടിവാതില്ക്കൽ ചെങ്കോലും ധരിച്ചു കാവൽ നില്ക്കുകയാണ് എന്റെ പ്രവൃത്തിയെന്നു കല്പനയായി. മഹാരാജാവിന്റെ ചെങ്കോലും വഹിച്ചുകൊണ്ടുള്ള എന്റെ നിലയിൽ പ്രത്യക്ഷമായ പ്രതാപശ്രീ മറ്റുള്ള രാജസേവകന്മാരുടെ അസൂയയെ ആകർഷിച്ചുതുടങ്ങി. വേണമെങ്കിൽ ധാരാളം പണം സമ്പാദിക്കാൻ അതൊരു തരമായിരുന്നു. പക്ഷെ എനിക്ക് അതൊന്നും അത്ര പിടിച്ചില്ല. എന്റെ അന്തർഗ്ഗതം ടിപ്പു മനസ്സിലാക്കിയിരിക്കണം. ടിപ്പുവിനെപ്പറ്റി മറ്റുള്ളവരൊക്കെ എന്തു ദോഷം പറഞ്ഞാലും എനിക്ക് അവിടുന്ന് വളരെ ഉപകാരമാണ് ചെയ്തത്. എങ്കിലും അദ്ദേഹത്തിന്റെ ശത്രുക്കളും മിത്രങ്ങളും ഒരുപോലെ ടിപ്പുവെ കുറ്റപ്പെടുത്തി പറയുന്നതു കേൾക്കാം. ശത്രുക്കളോ, ടിപ്പുവിന് അനവധിയുണ്ട്. ഏതായാലും ഞാൻ അതിൽ പെട്ടവനല്ല. അതിനുള്ള സംഗതി ടിപ്പുവിനറിയാം. അങ്ങിനെയിരിക്കെ, ഒരു ദിവസം ടിപ്പു എന്നെ രാജസന്നിധിയിൽ വിളിച്ചു. അവിടുത്തേക്കു പലവിധത്തിലും അത്യന്തം സ്നേഹവിശ്വാസങ്ങളുള്ള ഒരു കുടുംബത്തിൽ വിഷൂചിക ബാധിച്ച് ഒരു അപ്പനും മകനും മാത്രം ശേഷിച്ചിരിക്കയാണ്. അച്ഛൻ മറ്റു കുടുംബാംഗങ്ങളുടെ മരണം നിമിത്തം അത്യന്തം സങ്കടപ്പെട്ടിരിക്കയാണ്. മകന് ഭ്രാന്താണ്. ഭ്രാന്താണെന്നല്ലാതെ മറ്റുള്ളവരെ ഉപദ്രവിക്കാറില്ല. ആ കുടുംബത്തെ ശുശ്രൂഷിക്കാൻ ഞാൻ പോകണമെന്നായി ടിപ്പുവിന്റെ കല്പന. എനിക്ക് ആവശ്യമുള്ളതൊക്കെ അവിടെ കിട്ടും. പണമാണെന്നുവെച്ചാൽ അവക്കു പഞ്ഞമില്ലാതെ ഉണ്ട്. ഈ ഒടുവിൽ പറഞ്ഞതു വളരെ ചുരുക്കത്തിൽ പറഞ്ഞതാണെങ്കിലും, എനിക്കതു ലഡുകണ്ട കുട്ടി പറയുംപ്രകാരം മുഴുവൻ രസാവഹമായിരുന്നു. ഏതായാലും ഈ ഏർപ്പാട് തരക്കേടില്ല. അതുതന്നെ ഹിന്ദുസ്ഥാനിഭാഷയ്ക്കു സഹജമായ ഗാംഭീര്യത്തിൽ രാജമുഖത്തുനിന്നു കേട്ടപ്പോൾ എനിക്കുണ്ടായ മനോവികാരം ഇന്നവിധമാണെന്നു വിവരിക്കാൻ പ്രയാസം.

ഇപ്പോൾ അതിനെപ്പറ്റി വിചാരിക്കുമ്പോൾ ആ വ്യാഘ്രം എന്തിനാണ് എന്നെ ഈ പ്രവൃത്തിക്കു നിശ്ചയിച്ചതെന്നു പറവാൻ പ്രയാസം. അന്നു ഞങ്ങൾക്കു രണ്ടുപേർക്കും ചെറുപ്പമായിരുന്നു. രണ്ടുപേരുടെയും അളവും തൂക്കവും വെവ്വേറെയായിരുന്നു. ഏതായാലും എനിക്കു ദോഷം വരണമെന്ന് ഉദ്ദേശിച്ചാണ് ടിപ്പു അങ്ങിനെ കല്പിച്ചതെങ്കിൽ ദൈവം അങ്ങിനെയല്ല വരുത്തിയത്. എന്റെ കായബലവും വിവേകബുദ്ധിയും കാരുണ്യസ്വഭാവവും കണ്ടറിഞ്ഞിട്ടാണ് ആ വിധം പ്രവൃത്തിക്ക് എന്നെ നിശ്ചയിച്ചതെന്നു ഞാൻ വിശ്വസിക്കുന്നതായി ടിപ്പുവിനെ മനസ്സിലാക്കിക്കൊണ്ട്, 'തിരുമനസ്സിലെ കല്പനപോലെ' എന്നു മറുവടി പറഞ്ഞു. രാജാക്കന്മാരോടൊക്കെ, വിശേഷിച്ചും ടിപ്പുവെപോലുള്ളവരോട് 'തിരുമനസ്സിലെ കല്പനപോലെ' എന്നു പറയുന്ന മറുവടിക്ക് വിശേഷിച്ച് അർത്ഥമൊന്നുമില്ലെന്നു ഞാൻ പിന്നീട് ധരിച്ചിരുന്നു.

കല്പിച്ച ഉടനെതന്നെ അതിനനുസരിച്ചു പ്രവൃത്തിക്കയും ചെയ്തു. അങ്ങിനെ ഞാൻ അബ്ദുള്ളയുടെ ഭൃത്യനായി. ആ നിലയിൽ ഏകദേശം ഇരുപത്തഞ്ചു കൊല്ലം ഇരുന്നു. കൃത്യമായി എത്ര കൊല്ലമാണെന്നു പറവാൻ സാധിക്കയില്ല. സർവ്വ

ബന്ധുക്കളൊ നശിച്ചു സങ്കടപ്പെടുന്ന ഒരു അച്ഛനെയും മകനെയും ശുശ്രൂഷിക്കേണ്ടതിനു ഞാൻ മൈസൂരിലെ രാജധാനിയിലെ ആഡംബരങ്ങളൊക്കെ തൽക്കാലം വെടിയേണ്ടിവന്നു. അബ്ദുള്ളക്ക് ഞാൻ ഒരു വിശ്വസ്തഭൃത്യനെന്നേ ഞാൻ കരുതിയുള്ളു. ഞാൻ ഒരു ഭൃത്യനാണെന്ന് അദ്ദേഹം പറകയൊ വിചാരിക്കയൊ ചെയ്തയില്ല; ഒരു വിശ്വസ്തമിത്രമെന്നേ അദ്ദേഹം കരുതിയുള്ളു. ഒരു കാലത്ത് ഞാൻ അബ്ദുള്ളയുടെ അവകാശിയായി സർവ്വവസ്തുക്കളുടെയും ഉടമയായി തീരുമെന്നു നാട്ടുകാരൊക്കെ പറഞ്ഞുതുടങ്ങി. അവർ എന്തെങ്കിലും പറയട്ടെ. ഞാൻ ഒരു വെറും ഭൃത്യനാണെന്നേ ഞാൻ വിചാരിച്ചുള്ളു. ഞാൻ അദ്ധ്വാനിച്ചു സമ്പാദിച്ചവകക്കായി ഞാനെന്നും കൃതജ്ഞനായിരുന്നു. എന്താണ് ഞാൻ സമ്പാദിച്ചതെന്നൊ? സ്വാതന്ത്ര്യം, ശുദ്ധവായു, ജീവദശയിൽ അനുഭവിക്കാനുള്ള നല്ലനല്ല സാധനങ്ങൾ, ഇവയും ഇവകൊക്കെപ്പുറമെ, കളങ്കമററ മനസ്സാക്ഷിയും. എന്റെ സമ്പാദ്യത്തിന്റെ അല്പഭാഗം തടവുകാരായി താമസിച്ചിരുന്ന എന്റെ നാട്ടുകാൎക്കും ഞാൻ അനുഭവമാക്കി. അതാണ് എന്റെ സന്തോഷം.

മൂർക്കോത്ത് കുമാരൻ.

...കഴിയും. അതിന... (തുടരും)

# നമ്പൂരിമാരുടെ വിവാഹം.

നമ്പൂരിമാരുടെ ഇടയിൽ മഹാൻമൂസ്സ മാത്രം വിവാഹം കഴിക്കുക എന്ന സമ്പ്രദായത്താലും അധികമായ വരദക്ഷിണ ആവശ്യപ്പെടുന്ന നടപ്പുകൊണ്ടും മററും പെണ്ണുങ്ങളെ കഴിച്ചു കൊടുക്കുന്നതിനുള്ള ബുദ്ധിമുട്ട് ഇന്നും ഇന്നലയും മാത്രമായിട്ടുള്ളതല്ല. 999.ാമാണ്ട് ചിങ്ങമാസത്തിൽ കൊച്ചിവലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് അന്നത്തെ ദിവാൻജിക്ക് അയച്ച ഒരു തീട്ടൂരത്തിൽ ഇപ്രകാരം കാണുന്നു:—"മലയാളത്തിലുള്ള നമ്പൂരിമാരുടെ കന്യകകളെ വിവാഹം കഴിച്ചു കൊടുക്കുമ്പോൾ വരദക്ഷിണ വകക്ക് ആയിരവും രണ്ടായിരവും അതിൽ അധികവും വീരരായൻ പണം കൊടുക്കണമെന്ന് ശട്ടം വെച്ചു നടന്നു വരുന്ന കാരണത്താൽ ആയതിന്നു മുതൽ പോരാഴ്കകൊണ്ട് സന്തതി ബ്രഹ്മസ്വമായിട്ടുള്ള വസ്തുഉൽപ്പത്തികൾ വിററു നശിപ്പിക്കുകയും ചില കന്യകകളെ മുപ്പതും നാല്പതും വയസ്സുവരെ വിവാഹം കഴിച്ചുകൊടുക്കാതെ വെച്ചിരുന്ന് അതിൽ ചിലര് ദോഷപ്പെട്ടുപോകയും മററു ഏറിയ നാനാവിധങ്ങളായിട്ടു നടന്നു വരുന്ന കാരണത്താൽ ഈ സംഗതിക്കു മേലാൽ ഇപ്രകാരം വരാതെ ഒരു ശട്ടം വെച്ചു കൊടുക്കേണമെന്ന് ഈ രാജ്യത്തു പ്രമാണപ്പെട്ടിരിക്കുന്നവരിൽ തൃശ്ശിവപേരൂര് വാദ്ധ്യാൻ മുതൽ 52-ആളുകൾ കൂടി 97-മാണ്ടു തുലാമാസത്തിൽ എഴുതിവെക്കുകകൊണ്ട് അതിന്നൊരു ശട്ടം വെച്ചുകൊടുക്കുന്നതിന്നു വിചാരണ ചെയ്തു മേലാൽ രാജ്യത്തേക്കും പ്രജകൾക്കും അഭിവൃദ്ധിയായിട്ടും ശ്രേയസ്സ്

യിട്ടും വരേണ്ടതിന്നു വേണ്ട നിദാനം വരുത്തേണ്ടതായിരിക്കുന്നു." ഈ ഉദ്ദേശത്തിന്റെ സിദ്ധിക്കായി നാട്ടിലെല്ലാം പ്രസിദ്ധപ്പെടുത്തുന്നതിന്ന് ഒരു തുക്കെവിളയാടിയ വിളമ്പരം ഈ തീട്ടുരത്തോടുകൂടി കൊടുത്തയക്കുകയും ആ വിളംബരം രാജ്യത്തെല്ലാം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതിന്റെ ഒരു പ്രതി താഴെ ചേൎത്തിരിക്കുന്നു. റസിഡെണ്ട സായ്പിന്റെ അക്കാലത്തെ ഒരു എഴുത്തുകൊണ്ട് ഇതുപോലെ ഒരു തീട്ടുരവിളംബരം അതേ തിയ്യതിയിൽ തന്നേ തിരുവിതാംകൂറിലും നടപ്പാക്കീട്ടുള്ളതായിട്ടു കാണുന്നുണ്ട്.

ഈ വക തീട്ടുരവിളംബരങ്ങൾക്ക് കൊച്ചിയിലും തിരുവിതാംകൂറിലും നിയമപ്രാബല്യമുണ്ട്. പുതിയ സമ്പ്രദായത്തിലുള്ള നിയമനിൎമ്മാണം 1010.ലാണ് തുടങ്ങിയത്. അതിന്നു മുമ്പിലുള്ള നിയമങ്ങളെല്ലാം വിളംബരരൂപമായിട്ടാണ് കാണുന്നത്, പ്രസ്താപത്തിലെ വിളംബരം ഒരു കാലത്തും ദുൎബ്ബലപ്പെടുത്തിയതായി കാണുന്നില്ല. അതിനാൽ ആയതിന്ന് ഇപ്പോഴും നിയമപ്രാബല്യമുണ്ടെന്നു തന്നെ വിചാരിക്കാമോ എന്ന് നിയമജ്ഞന്മാർ തീൎച്ചയാക്കട്ടെ.

"നമ്മുടെ രാജ്യത്തിരിക്കുന്ന നമ്പൂരിമാരുടെ കന്യകകളെ ഒക്കെയും പത്തു വയസ്സിന്നു മേൽ പതിന്നാലുവയസ്സിന്നകത്ത് വിവാഹം കഴിച്ചു കൊടുക്കുകയും വേണം. വരദക്ഷിണ അധികം കൊടുക്കേണമെന്നു ചോദിക്കുന്ന കാരണത്താൽ ആയതിന്നു ഗതിയില്ലാതെ വിവാഹം കഴിച്ചു കൊടുക്കുന്നതിന്നു താമസം വരുന്നതാകകൊണ്ടു നമ്പൂരിമാര് ആരെങ്കിലും വിവാഹം കഴിച്ചു കൊടുക്കുമ്പോൾ വരദക്ഷിണവകയ്ക്കു കന്യക ഒന്നുക്ക് 850 വീരരായൻ പണമല്ലാതെ അതിൽ അധികം കൊടുക്കുകയും വാങ്ങിക്കുകയും ചെയ്തു പോകയും അരുത്. ഇതുവരെക്കും 14-വയസ്സിന്നു മേൽ വിവാഹം കഴിച്ചു കൊടുക്കാതെ ഇരിക്കുന്ന കന്യകകളെ ഒക്കെയും രണ്ടു സംവത്സരത്തിന്നകത്തു വിവാഹം കഴിച്ചു കൊടുത്ത് മേലാലും ഈ നിശ്ചയിച്ചിരിക്കുന്ന ശട്ട പ്രകാരം നമ്മുടെ രാജ്യത്തിരിക്കുന്ന നമ്പൂരിമാരെല്ലാവരും അത് അനുസരിച്ചു നടന്നുകൊള്ളുകയും വേണം. ഇപ്പോൾ നാം കല്പിച്ചു നിശ്ചയിച്ചിരിക്കുന്ന ഈ ശട്ടത്തിന്നു നമ്മുടെ രാജ്യത്തിരിക്കുന്ന ആളുകൾ ആരെങ്കിലും വ്യത്യാസങ്ങളായിട്ടു നടക്കുകയും വിരോധങ്ങളായിട്ടു ശ്രമിക്കുകയും ചെയ്താൽ ആ വക ആളുകളെ ഒക്കെയും കോട്ടിൽ എല്പിച്ചു നേരും ന്യായവും ധൎമ്മശാസ്ത്രവും പ്രകാരമുള്ള ശിക്ഷ നടത്തിക്കുകയും* ചെയ്യും.

*പണ്ടത്തെ ഈ വക നിയമങ്ങളിൽ ഇന്നിന്ന കുറ്റത്തിന്ന് ഇന്നിന്ന ശിക്ഷ എന്നു വ്യവസ്ഥപ്പെടുത്തുന്ന സമ്പ്രദായമില്ല. സാധാരണയായിട്ടു ശിക്ഷ ജഡ്ജിയുടെ യുക്തം പോലെയായിരുന്നു.

---

# ദ്രൗപദീസ്വയംവരം

## പ്രബന്ധം (തുടൎച്ച)

അനന്തരം തത്ര മുഖ്യസദസി മരുവുമോ-
രോ മഹാഭൂസുരന്മാ-
രന്യോന്യം തങ്ങളിൽ പാൎത്ഥനവധി പരിഹാ
സോപേതം പറഞ്ഞാർ
"എന്നേ! വൈചിത്ര്യമേതന്നിതു വലിയ വി
ദ്വേപന്മാരലേക- (നോ-
നന്നായീലെന്നു വന്നീലഴകിതു പുനരെ-
ല്ലാവരും നല്ലരെല്ലോ. 70
കിട്ടാ കോപ്പല്ലന്യനം കരുത്തുമളവിലി-
പ്പെണ്ണിവർക്കെന്നുമെന്നു
ധൃഷ്ടദ്യുമ്നാഖ്യമച്ചാറഴകിതു പെരിക-
ക്കും കുശൽക്കാരനെന്നീ
മട്ടിൽ ചൊല്ലുംദശായാം ചിലരിവർ ദമര-
ന്മാരിരിക്കുന്നവൎക്കും
കാഴ്ചക്കുംവിൽക്കലക്കേണ്ടു കിലിഹ വിജയൻ
താൻ പിടിക്കേണമെന്നും. 71
അല്ലല്ലകാണെഴന്നേറ്റു പുനരൊരുവൻ
ചേദിഭൂമീശപൻതാ-
നല്ലീ സത്യമെങ്കിൽ ചെറുതുപശപെട-
ന്നുണ്ടു കാൎയ്യം വിചാൎയ്യം
വില്ലിങ്കൽ ചെന്നു പൂക്കാനഴകിതവനെട-
ക്കേദ്ധ്വംനില്ലെടാനീ
കില്ലില്ലെന്നതെട്ടത്താൻ ചിലയനകലയേ
റ്റിലപിൻവാങ്ങിനാനോ. 72
എങ്കിൽ കോളേമത്തന്നങ്ങ പുനരെഴന്നേ-
റ്റു ജരാസന്ധനെങ്കിൽ
സങ്കല്പം കേളസൌകേവലമിവനകല-
ക്കാമതെന്നുണ്ടുപണ്ടേ
ശങ്കിച്ചീലത്ര നിന്നു ലഘുതമമധന്വ-
ച്ചോകുലച്ചീലെടുത്താൻ
വങ്കൻ ഭൂയോപി വീണാനഴകിതു ദമര-
ന്നൊത്തുപല്ലത്രപോയീ. 73
അതാരെടോ വന്നതു വൃദ്ധനെന്നേ
വിനോദമേശല്യരതില്ല ഖേദം
ഉദാരനത്രേ കലവില്ലെടുത്താ-
നതാവതില്ലെന്നു വഴക്കിനാൻപോൽ. 74
എന്തിക്കല്പിച്ചിരിക്കുന്നതു ശിവ! ശിവ! പാ-
ഞ്ചാലരാജൻ നടേ കേൾ
ബന്ധിച്ചീടാത കാൎയ്യം പുനരിതു ധനുരാ-
രോപണം കണ്ടുകൂടി
ചിന്തിച്ചീടേണ്ടതുണ്ടോ പുനരിനിയുമതോ
കണ്ണുനോടെന്തു കണ്ണേ
മന്ത്രിച്ചീടുന്നതോറം കുരുസുതനതുമ-
ന്ത്രാഹചിക്കുന്നതുണ്ടോ 75
കോളേമന്ത്രാഹചിച്ചു ദ്രഢതരമെഴുന്നീ-
റ്റാനസൌ കണ്ണനെന്നേ
ദോഷാപിന്നെത്താനിക്കെന്തു പുനരതാ-
യിന്നതീഹവിനോദം
കാണേണം തൽപ്രഭാവോദയമരിമിടമാ-
സംശയിച്ചീലെടുത്താൻ
കോദണ്ഡം ദണ്ഡമില്ലങ്ങവനുടനഹോ
തീൎന്നതോ പോരുമെല്ലാം. 76
വാഞ്ഛാവേഗങ്ങൾ വെക്കാമിനി നിയതമി
ന്നിതുശക്തിപ്രതാപം (തി-
തോന്നിടുംവീരരായുള്ളവരവരവരാ-
ലുള്ളതോ തീൎന്നതെല്ലോ
പാഞ്ചാലക്ഷോണിപാലൻ പണയമിടകഴി
ച്ചങ്ങുവെക്കേണമൊന്നിൽ
തേഞ്ഞാല്ലാമല്ലയാൎക്കിൽ സ്വചിരമിഹനമ
ച്ചങ്ങിരിക്കുന്നവന്നു.

സമ്മതത്തിന്നിരിയാസ്സുവേണ്ടതെഴുതിക്കൊ-
ണ്ടോവിഗതസംശയം
നമ്മളാൽ ചിലരെടുക്കസമ്പ്രതികുലക്ക
വില്ലുവലർക്കുടിയും
നമ്മമാക്കരുതിതങ്ങൊരുത്തനൊരുപെണ്ണു
മൃത്തിഥനരച്ചമു-
ത്തമ്മയാകിലുടനിങ്ങിരുന്നൊരുനമുക്കു-
മുണ്ടുപിഴനിണ്ണയം. 78
എന്നുകേചനചാപത്തുട്ടസുരർമതിന്നു
യൌവനമദേനചെ-
ന്നനചിതപ്രമദമങ്ങുമിങ്ങുമുരുസാഥ-
സേനപെരുമാറിനാർ
ഇന്നിതിൽപ്രവരരാരിതെന്നഥതിരഞ്ഞു
നോക്കമെള്ളവെത്തിനാർ
ചെന്നുവിപ്രതകലന്നഭിമനൊടദേ-
മോഘഘനത്രുപിണ്ണാ. 79
ആഢ്യനെന്നുമതിരാതതെങ്കിലെഴനോല്ലു-
ടോസരസനേത്തുമെ
മൌഢ്യമുദ്രകളെടുക്കൊലാതടിയനായ-
തിൻഫലമിതെന്തടോ
കൂട്ടങ്ങൾകുലവിരല്ലടുക്കയിസഖേകി-
ടസ്സുമൊരുപെൺബലാൽ
വാട്ടമെങ്കിലതിനംവരാപിഴഫലിക്കി-
ലോപെരികനല്ലർനാം. 80
ഇതിപ്രഥസിതാകലാപലരുമാ
യണഞ്ഞൊശുകൈ
പിടിച്ചപരിതോനടന്നവർവലി-
ച്ചുലക്ഷംവിധൌ
കൃതസ്ഥിതമദീക്ഷണൈസ്സകല-
കർമ്മവിജ്ഞോയമെ-
ന്നുദാരമുപദിഷ്ടവാൻദ്വിജഗണാ
യശക്രാത്മജം. 81
എങ്കിൽതാൻചോരികെന്നുല്ലളിതമതിർകട
ന്നെത്തുപെട്ടന്തിനാരെ-
ള്ളാങ്കിക്കന്തുദേവാനെന്നിവിടെയുമവർമു-
ട്ടിച്ചപുക്കൊരുനേരം
കിംകിംപോക്കുന്നതെങ്കിൽപ്രകടയപട്ടതാം
മാസ്സുശങ്കേതിചൊല്ലും
കണ്ടൊണ്ടുടകടന്നുവിജയനിൽവിലസ-
ദ്വിക്രമേ ചക്രപാണേഃ. 82
എതസ്മിന്നേവകാലേസവിനയമരികേ
പാൎത്ഥകണ്ടദ്വിജന്മ-
വ്രാതംകാണാതവണ്ണംമുകളിതഹസിതം
ധമ്മസൂനോർമുഖാബ്ജം (സം
ജാതോല്ലാസംഹിംഡിംബപ്രമഥനമപി-
വീക്ഷ്യമദ്ധ്യേദ്വിജാനാം-
മാത്തംഗാഭോഗശാലീമുദിതമുഖമെഴ-
ന്നോറുനിന്നാൻകിരീടി. 83
ദ്രുപദദുഹിതുസ്സാദ്ധ്യംപ്രേമ്ണാമരാ-
രിദ്ദശഞ്ചല
പ്രഗള്ളിതകൃപാപിയൂഷാസാദമേ
ദുരമാനസ
പതിരിവമരിചീനാംപൂവ്വാചലാൽ
ഘനസംവൃതി-
ദ്വിജവരസഭാമദ്ധ്യാദുത്തസ്ഥി-
വാനഥവാസവിഃ. 84

അഥസ്മൃദിതോദ്യമം ഭൂമിദേവേന്ദ്രവേഷോയമെഴുന്നേറ്റുനിന്നോരുനേരം അഥോകഷ്ടമിദ്ധൃഷ്ടനെങ്ങുള്ളിതി മൂഢനാത്മീയവൃത്താന്തമോരാതവൻ നന്നുളാക്കിപ്പുശസ്ത്രങ്ങൾശസ്ത്രങ്ങളെമുറവുമുള്ള ചെറുപ്പംതുടങ്ങീട്ടടങ്ങീട്ടകെന്നാങ്ങുകേചിൽ പരേധർമ്മജാള്യം തുടങ്ങാസ്സുതാനെന്തറിഞ്ഞിട്ടുതക്കിച്ചുവന്നു നമുക്കും ചിലക്കായുധം പണ്ടുമുണ്ടായിരുന്നാരുകേൾപ്പീലയോ പാൎത്ഥകാണെന്നുദോഷം. പുരാഭാഗ്ഗവൻചെയ്യശൌര്യം ധരിച്ചീലയോ കിംകിമെന്തങ്ങഹോവിപ്രന്നല്ലോക്കമോ ശങ്കിയാസ്സേത്തുമേചെല്ലുവില്ലുണ്ടെകെന്നുകേചിൽ പരംപിസ്ഥതിക്കാരറിഞ്ഞാവമന്നർതാൻ തനിക്കാവതുംപോവതും തന്നിണങ്ങക്ഷതൻകാരണോക്കംബലാൽ മാറുമാലോകരായുള്ളവക്കംസദാ വേണ്ടു

വൊന്നല്ലിതെന്നേവനും തോന്നുമിക്കോപ്പുകൂട്ടുന്നതും തൽപ്പാടവം ധരിച്ചിട്ടല്ലെന്തെടോ നൂനമിക്ഷത്രിയന്മാർ ചിരിക്കുന്നു മഹാഹാ സ്മരായുള്ളനാം തങ്ങളോടിത്തരം കാട്ടിനാൽ നാളെച്ചൊൽക്കേട്ടാലിണങ്ങാതതാമെന്നുകേചിൽ; ക്ഷണംനിങ്ങളെല്ലാംപൊരുപ്പിൻമഹാജ്യാമന്നതപ്പ് ത്തുളുമ്പിച്ചുകന്തികിടന്നങ്ങു കാട്ടാസ്സുഭാതിക്കപോരാ നമുക്കപ്പുയോ ചൊല്ലുന്മാണാസനാരോപണം കാണിരിക്കുന്നമഹാഭൂസുരൻ ദ്രോണർ താനല്ലയോ വിൽപയറ്റിച്ചുപോരുന്നതെന്നെങ്കിലസ്സമ്പ്രദായത്തിലുള്ളോൾശിഷ്യോയമെന്നത്തുവെക്കാം വഴക്കാവതല്ലൊന്നുകൊണ്ടും കലുക്കാസ്ത്രിലെല്ലാമിളക്കേണ്ടുവോന്നല്ലചൊൽകെന്നുകേചിൽ ഭ്രമത്തിന്നുചൊല്ലാവതല്ലേതു കൈകൊണ്ടെടുക്കേണ്ടുവെന്നുള്ളതും പാക്കിലങ്ങപ്രകാരം കലക്കേണ്ടുവെന്നുള്ളതും പൃഷ്ഠമേതഗ്രമേതെന്നുമേവം ധരിച്ചീടവല്ലാതവന്നെത്ര നന്നിത്തരം തോന്നുമാറെന്നു മന്യോന്യമുച്ചൈരഴെച്ചുല്ലളച്ചാപലം കൈപ്പിടിച്ചുംകുഴച്ചും ചിരിച്ചുംതഴച്ചോരുസംഭ്രാന്തിയെക്കൈക്കൊണ്ടതിവ്യാകുലേ ഭൂസുരാണാംകുലേ.

ഏവം ചാപല്യവേഗാൽപലവഴിയിലുഴ-
ച്ചുംതുഴസ്സുന്നധാത്രീ-
ദേവന്മാരെപ്പുറത്തങ്ങതിരഭസമട-
ക്കിപ്പട്ടതപാതിരേകാൽ
ഭാവംതോരാതവണ്ണം വിനയപരിമളം
മന്ദമന്ദംനടന്നാ-
ങ്ങാവിർമ്മോദേനരംഗേവിജയനധക-
രോരീടിനാരൂഢധൈര്യം. ൮൫

# എടച്ചേന കുങ്കന്റെ പരാക്രമങ്ങൾ*

## I

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉദയം കേരളീയർക്കു ശുഭസൂചകമോ അശുഭസൂചകമോ എന്നു പറവാൻ എനിക്കു ധൈര്യമില്ല. മേലിലുള്ള അനുഭവംകൊണ്ട് ഒരു അഭിപ്രായം പറവാൻ ഞാൻ ഇനി അധികം ജീവിച്ചിരിക്കുന്ന കാര്യവും സംശയത്തിലാണ്. എന്റെ പൊന്നുതമ്പുരാനായ കോട്ടയത്തു ശക്തൻതമ്പുരാനെ ശത്രുക്കൾ കൊന്നതിന്നുശേഷം ജീവിച്ചിരിക്കേണമെന്നു മോഹം എനിക്കു അശേഷമില്ല. എടച്ചേന കുങ്കനെപ്പററി കേൾക്കാത്തവരോ എടച്ചേന കുങ്കന്റെ ശക്തി പരീക്ഷിച്ചു തൃപ്തിപ്പെടാത്ത യോദ്ധാക്കളോ എനി ഇവിടങ്ങളിലൊന്നുമില്ല. തച്ചോളി ഒതേനൻ, കോമപ്പൻ, കണ്ണപ്പൻ മുതലായവരുടെ ഗുരുപാരമ്പര്യത്തിൽ ഒടുക്കത്തെ തലമുറ എന്നോടുകൂടി അവസാനിക്കും. നായന്മാർ നല്ല യോദ്ധാക്കളാണെന്നു പേരു നിലനിറുത്തുവാൻ ഞാൻ ഇതേവരെ ശ്രമിച്ചു. എന്റെ പിൻകാലം ഇനി ആരാണ് ഉള്ളത്? ഈശ്വരാ! ഇനി നായന്മാർ തണ്ടുതപ്പികളായി കാലംകഴിക്കേണ്ടിവരുമോ? അ

* എടച്ചേന നായന്മാർ വയനാട്ടുതാലൂക്കിൽ ഒരു പ്രമാണപ്പെട്ട വീട്ടുകാരായിരുന്നു. കുങ്കൻ, കീർത്തിപ്പെട്ട പഴശ്ശി (കോട്ടയം) ശക്തൻതമ്പുരാന്റെ വിശ്വസ്തനായ സഹായിയുമായിരുന്നു. ശക്തൻതമ്പുരാന്റെ മരണത്തിനുശേഷം കുങ്കൻ ആത്മഹത്യ ചെയ്കയാണ് ഉണ്ടായത്. ബ്രിട്ടീഷുകാർ ഇയ്യാളെ പിടിപ്പാൻ ആവുന്ന ശ്രമങ്ങൾ ചെയ്തുവെങ്കിലും ഫലിച്ചില്ല.

ററിഞ്ഞു. 1806-ാമാണ്ടായി. പത്തൊമ്പതാംനൂററാണ്ട് ഉദിച്ച് ആറുകൊല്ലംപൊ ങ്ങി. എനിക്കിപ്പോൾവയസ്സ് 45-ം കഴിഞ്ഞു. കഴിഞ്ഞനാല്പതുകൊല്ലത്തെ കേരളചരിത്രവും, ഇപ്പോഴത്തെ നമ്മുടെ സ്ഥിതിയും തമ്മിൽ എത്ര അന്തരമുണ്ട്. ഇതുപതുകൊല്ലത്തോളമായി ഞാനും എന്റെ കൂട്ടാളികളും മൈസൂർ പട്ടാണികളേയും, ബിലാത്തി പട്ടാളക്കാരേയും നായന്മാരുടെ യുദ്ധസാമർത്ഥ്യം പഠിപ്പിക്കയായിരുന്നു. ഹൈദരാലി, ടിപ്പുസുൽത്താൻ, കർണ്ണൽ വെല്ലസ്ലി (വെല്ലിങ്ങ്ടൻപ്രഭു) മുതലായി ശ്രുതിപ്പെട്ട സൈന്യനായകന്മാരും, മാർത്താണ്ഡവർമ്മ മഹാരാജാവിന്നുശേഷം ക്ഷാത്രധർമ്മം ഇന്നതാണെന്നു ക്രിയകൊണ്ടു കാണിച്ചുകൊടുത്ത ഒടുവിലത്തെ കേരളീയരാജാവായ എന്റെ പഴച്ചികോവിലകത്ത് ശക്തൻതമ്പുരാൻ തിരുമേനിയും എന്റെ—എടച്ചേന കുങ്കന്റെ—യോഗ്യതയും പരാക്രമവും സമ്മതിച്ചിട്ടുണ്ട്. എന്റെ പൊന്നുതമ്പുരാൻ പോർക്കളത്തിൽവെച്ചു വീരസ്വർഗ്ഗം അടഞ്ഞതുവരെയും ഞാൻ കൂടെ ഉണ്ടായിരുന്നു. ഹാ! ആവക സംഭവങ്ങളൊന്നും ഇപ്പോൾ ആലോചിക്കവയ്യ. എനിക്കു ഈവക ബഹുമതികളൊക്കെ സിദ്ധിച്ചിട്ടുള്ളത് പള്ളിയാസേവകൊണ്ടോ, സ്വജനങ്ങളേയോ സ്വരാജ്യത്തെയോ ദ്വേഷിച്ചോ ചതിച്ചോ അല്ല. കേരളത്തെ ഒട്ടുക്കുമാത്രമല്ല, ഈസ്റ്റിന്ത്യാകമ്പനിക്കാരുടെ പടിഞ്ഞാറെ കരയിലുള്ള നിലനില്പിനെതന്നെയും ഒന്നു ഇളക്കമറിച്ച ആ വീരപുരുഷൻ കോട്ടയത്തു ശക്തൻതമ്പുരാനെയും അവിടത്തെ ആശ്രിതനായ എന്നെയുംപററി നിങ്ങൾ പല കഥകളും കേട്ടിരിക്കാം. നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത പല സംഭവങ്ങളും എനിക്കു നിശ്ചയമുണ്ട്. എന്റെ കുഞ്ഞങ്ങളെ! നിങ്ങൾ നാലുഭാഗവും വന്നിരുന്ന ഈ വയസ്സനോടു ആവക കഥകൾ പറവാൻ ആവശ്യപ്പെടുന്നതുകൊണ്ട് എന്താണ് പ്രയോജനം. ഞാനിപ്പോൾ കൂട്ടിൽ പിടിച്ചിട്ട സിംഹത്തെപ്പോലെ ശത്രുക്കൾ ഇപ്പോൾ നശിപ്പിക്കും എന്ന ഭയത്തോടെ കഴിക്കയല്ലേ. എങ്കിലും ചില രസകരമായ സംഭവങ്ങൾ പറഞ്ഞുതരാം.

1766-ൽ കോട്ടയത്ത് കോവിലകത്ത് വലിയ തമ്പുരാൻ രവിവർമ്മനെന്നു പേരായ തമ്പുരാനായിരുന്നു. നമ്മുടെ വയനാട് സ്വരൂപസ്ഥാപകന്മാരായ കോട്ടയത്തു തമ്പുരാക്കന്മാരിൽ പടിഞ്ഞാറെ കോവിലകത്തേക്കായിരുന്നു നമ്മുടെ മേൽക്കോയ്മയെങ്കിലും ആ താവഴിയിൽ കൊച്ചുതമ്പുരാട്ടിമാർ മാത്രമായിരുന്നതിനാൽ വലിയതമ്പുരാൻതന്നെയാണ് നമ്മുടെ നാട്ടിലെ കാര്യങ്ങളും അന്വേഷിച്ചിരുന്നത്. 1766-ൽ ഹൈദരാലിയും മൈസൂർ സൈന്യങ്ങളും മലയാളത്തെ ആക്രമിച്ചപ്പോൾ കോലത്തിരി രാജാക്കന്മാരൊപ്പം കോട്ടയത്തു കോവിലകക്കാരും തിരുവിതാംകൂറിലേക്കുപോയി രക്ഷപ്രാപിച്ചു. കോട്ടയത്തു തമ്പുരാക്കന്മാർക്കു തിരുവിതാംകൂറിലേക്കു പോകേണ്ടതായ ആവശ്യമില്ലെന്നും വയനാട്ടിൽ കടന്നാൽ അവരെ രക്ഷിപ്പാൻ ഞങ്ങൾ മതിയെന്നും ആറുവരമ്പത്തു ജനക്കാരായ നായന്മാരും കാര്യപുരുഷന്മാരായ വേമംനമ്പ്യാരും എന്റെ കാരണവർ എടച്ചേന ഒതേനൻനായരും കോവിലകത്തേക്കു എഴുതി അയച്ചിരുന്നു. ഞങ്ങളുടെ അപേക്ഷ അവിടെ എത്തുന്നതിന്നുമുമ്പായി തന്നെ ചെറുവക്കാരൻ കേയിയുടെ കപ്പലിൽ തമ്പുരാക്കന്മാരും കുഡുംബങ്ങളും തിരുവിതാംകൂറിലേക്കു എഴുന്നള്ളിക്കഴിഞ്ഞി

രുന്നതിനാൽ വയനാട്ട സ്വാതന്ത്ര്യത്തെ ശത്രുക്കളുടെ ആക്രമത്തിൽനിന്ന രക്ഷിക്കുകയായിരുന്നു ഞങ്ങളുടെമുറ. ചിറക്കൽ, കോട്ടയം, കുറുമ്പ്രനാട്, കോഴിക്കോട്, ഏറനാട്, പൊന്നാനി മുതലായ എല്ലാ ദിക്കുകളിലും ഹൈദരിന്റെ സൈന്യങ്ങൾ വളരെ കാലം കൊള്ളകാട്ടിയെങ്കിലും വയനാട്ടിൽ ഞങ്ങളെ ഭയപ്പെട്ടോ എന്തോ ആരും കടന്നിട്ടില്ല. കടപ്പാൻ ഞങ്ങൾ അനുവദിക്കുന്നതുമല്ലായിരുന്നു. ഗ്രേറ്റ് ബ്രിട്ടനിൽ സ്കോട്ടലാണ്ട് രാജ്യം ഏതുപ്രകാരമാണോ അതുപ്രകാരമാണ് മലയാളജില്ലയിൽ വയനാട് എന്നു എന്റെ പൊന്നുതമ്പുരാൻ പലപ്പോഴും പറയാറുണ്ട്. വയനാട്ടുകാൎക്ക വിദേശീയരായവരുമായി വലിയ സംസൎഗ്ഗത്തിന്ന് അവകാശമുണ്ടായിട്ടില്ലാത്തതുകൊണ്ട് ഞങ്ങളെ പരിഷ്കാരമില്ലാത്തവരാണെന്നു കടൽക്കരയിലുള്ളവർ പറയാറുണ്ടായിരിക്കാം. പക്ഷെ ആൺകുട്ടികൾ ഇവിടെ അധികമുണ്ടെന്ന് അവൎക്കൊക്കെ നല്ല നിശ്ചയമുണ്ട്. ഹൈദരാലിയുടെ നായകത്വത്തിൻകീഴിൽ മൈസൂർസൈന്യങ്ങൾ വയനാട്ടുമാൎഗ്ഗം മലയാളജില്ലയിലേക്കുകടപ്പാൻ കഴിയുന്ന ശ്രമങ്ങളൊക്കെ ചെയ്തിരുന്നു. ഫലിച്ചിട്ടില്ല. ഇതായിരുന്നു കൎണ്ണൽവെല്ലസ്ലിക്കു ഞങ്ങളെ ഇത്ര ബഹുമാനത്തിന്നു കാരണം. ഞങ്ങളുടെ നായകനായിരുന്ന പല്ലൂർ രയരപ്പൻനമ്പ്യാൎക്ക ബ്രിട്ടീഷുരാജകുഡുംബത്തിൽനിന്നു സമ്മാനമായി ഒരു സ്വൎണ്ണംകൊണ്ടു കെട്ടിച്ച വാൾ കൎണ്ണൽവെല്ലസ്ലി മുഖേന സമ്മാനിച്ചിട്ടുണ്ടായിരുന്നു. ആ അവസരത്തിൽ അമ്മാമന്നു സുഖമില്ലാഞ്ഞയാൽ രയരപ്പൻനമ്പ്യാരുടെകൂടെ ഞാനും തലശ്ശേരിക്കു പോയിരുന്നു. അവിടെ വെച്ചു ഞാനും ഒരു വെള്ളക്കാരനും സംഗതിവശാൽ ഒരു പോരാട്ടമുണ്ടാകയും ഞാൻ ഒരടിയാൽ വെള്ളക്കാരന്റെ ഒരു കണ്ണു പൊട്ടിക്കയും ഉണ്ടായി. ഇംഗ്ലീഷുകാർ ഇതുകാരണമായി എന്നെ പിടിച്ച് അവരുടെ പാണ്ടികശാലയിലുള്ള ജേലിൽ കൊണ്ടിടുകയും ഒടുവിൽ രയരപ്പൻ നമ്പ്യാരും കൎണ്ണൽവെല്ലസ്ലിയും സ്നേഹിതന്മാരായതുകൊണ്ട് ഒരു വിധം മനസ്സില്ലാമനസ്സോടെ എന്നെ ജേലിൽ നിന്നു പുറത്താക്കുകയും ഉണ്ടായിട്ടുണ്ട്. അന്നുമുതൽ കമ്പനി ഉദ്യോഗസ്ഥന്മാരോട്ട എനിക്കു ഉള്ളുകൊണ്ടു നല്ല സുഖമില്ലെന്നു പറയേണ്ടതില്ലല്ലൊ. ഈ സംഭവം കഴിഞ്ഞതിന്നു ശേഷമാണ് എന്റെ പേര് കമ്പനിപ്പട്ടാളക്കാരുടെ ഇടയിലും, മലയാളജില്ലയിലെ യോദ്ധാക്കളുടെ ഇടയിലും പരന്നത്. വാള്, പരിച, വില്ല്, ശരം, തോക്ക്, ഈവക ആയുധങ്ങൾ ഉപയോഗിക്കുന്നതിൽ എന്നെ ജയിപ്പാൻ അന്നു മലയാളജില്ലയിൽ ആരും ഉണ്ടായിരുന്നില്ലെന്ന് അഭിമാനത്തോടെ എനിക്കു പറയാം. എടച്ചേന കുങ്കനെ കണ്ടാൽ ചുമലിൽ നിന്നു മുണ്ടെടുത്ത് ബഹുമാനിക്കാത്ത ചെറുപ്പക്കാരനില്ല. കുറിച്യർ, പണിയർ, കച്ചവടത്തിന്നു വയനാട്ടിൽ വരുന്ന മാപ്പിളമാർ, ഇവരുടെ ഇടയിലൊക്കെ കുങ്കൻ വലിയ ഒരു എജമാനൻ തന്നെയായിരുന്നു. എന്തിന്നു! നമ്മുടെ തായിൽ കാരണവന്മാൎക്ക തന്നെ കുങ്കനെ ഉള്ളുകൊണ്ടു വലിയ ഭയമായിരുന്നു. ഇത്രയും വിവരണം മുൻകൂട്ടി പറയുന്നത് ഇനി പറവാൻ പോകുന്ന സംഭവങ്ങളുടെ ഒരു മുഖവുര മാത്രമായിട്ടാണ്.

1780. ാമാണ്ടിലാണ്. ഒരു ദിവസം ഉച്ചക്ക് വേമൻനമ്പ്യാരുടെ വീട്ടിൽ കാരണവന്മാര് സഭകൂടിയ ദിക്കിലേക്ക് അടിയന്തരമായി പോവാൻ കാരണവന്മാര്

ളിച്ചിരിക്കുന്നുവെന്നു ആരോ വന്നു പറഞ്ഞു. അവിടെ മൃത്തോർനാട്, എളംകുറിൽ സ്വരൂപം, പൊറുന്നാനൂർ സ്വരൂപം ഇവിടങ്ങളിലെ ജന്മക്കാരും കാര്യപുരുഷന്മാരും ഒക്കെ വന്നു യോഗം കൂടിയിരിക്കയാണ്. കോട്ടയത്തു തമ്പുരാക്കന്മാരും കുഡുംബങ്ങളും നാലു ദിവസത്തിലകം തിരുവിതാംകൂറിൽ നിന്നു മടങ്ങി തലശ്ശേരിയിൽ കപ്പലിറങ്ങുമെന്നും തിരുമേനികളെ എതിരേല്പാനായി വയനാട്ടു സ്വരൂപക്കാര് കുറെ അകമ്പടിക്കാരെ അയക്കേണമെന്നും മറ്റുമായിരുന്നു ആലോചന. മൈസൂരിൽ വീണ്ടും യുദ്ധം ആരംഭിച്ച വർത്തമാനം കിട്ടിയതിനാൽ യോദ്ധാക്കളായവരെയും എജമാനന്മാരെയും തല്ക്കാലം വയനാട്ടിൽ നിന്നു പറഞ്ഞയപ്പാൻ സൌകര്യമില്ലെന്നും ആരെയെങ്കിലും ഒരു പ്രതിനിധിയെ അയക്കേണമെന്നും തീർച്ചയാക്കീട്ടുണ്ട്. പ്രതിനിധിയാരായിരിക്കണം എന്നുള്ള ആലോചനസമയത്താണ് എന്നെ ആളെ അയച്ചു വിളിപ്പിച്ചത്.

രയരപ്പൻ നമ്പ്യാര്:—കുങ്കനെ എന്തിനായിട്ടാണ് ഇപ്പോൾ വരുത്തിയതെന്നു മനസ്സിലായൊ?

ഞാൻ:—എന്നെ വിളിക്കാൻ വന്നാളോടു വിവരമൊന്നും പറഞ്ഞയച്ചിട്ടില്ലല്ലോ. പറഞ്ഞു മനസ്സിലാക്കിയാൽ മനസ്സിലാകാം.

എന്റെ ഈ മറുപടി വലിയ കാരണവന്മാരിൽ ചിലൎക്ക് അത്ര രസിച്ചില്ല. വേമം രയരപ്പൻനമ്പ്യാരാണ് കാരണവന്മാരുടെ കൂട്ടത്തിൽ വയസ്സുകൊണ്ടും, പ്രമാണിത്വംകൊണ്ടും ഞങ്ങളുടെയൊക്കെ തലവനായിരിക്കുന്നത്. അദ്ദേഹത്തോട് ഇങ്ങിനെ കൂസലില്ലാതെ ഒരു മറുപടി പറഞ്ഞത് എന്റെ കാണരവര് ഒതേനൻ നായക്കാണ് ഒട്ടും പിടിക്കാഞ്ഞത്. "ആ കുരുത്തംകെട്ടവന്റെ ചെകിട്ടത്ത് രണ്ടു കൊടുപ്പാൻ ആരുമില്ലെ" എന്നു പറഞ്ഞ് ഒതേനമ്മാമൻ എണീറപ്പോൾ അവിടെ കൂടിയിരുന്ന കാരണവന്മാരെല്ലാവരും ഒന്നായി എഴുനീറ്റു. എന്റെ കഥ കഴിഞ്ഞുവെന്നു ഞാൻ വിചാരിച്ചിരിക്കുന്ന മദ്ധ്യ "ചെറുപ്പക്കാരനല്ലെ" എന്നൊക്കെ പറഞ്ഞു അമ്മാവനെ കാരണവന്മാരൊക്കെ കൂടി പറഞ്ഞു സമാധാനപ്പെടുത്തി കഴിഞ്ഞിരിക്കുന്നു.

അമ്മാമൻ: ഇത്തരം അധികപ്രസംഗികളെ അയച്ചാൽ തന്നെ കാര്യം കുഴത്തത്തിൽ വരികയില്ല

രയരപ്പൻ നമ്പ്യാര്:—നമ്മുടെ തമ്പുരാക്കന്മാർ നാലു ദിവസത്തിലകം തലശ്ശേരിയിൽ കപ്പലിറങ്ങുമെന്ന വിവരം കിട്ടിയിരിക്കുന്നു. കുങ്കനും പത്തമ്പത് അകമ്പടിക്കാരും കൂടി തലശ്ശേരിയിൽ പോയി തമ്പുരാക്കന്മാരെ എതിരേല്ക്കണം. കോട്ടയത്തു കോവിലകത്തോടുള്ള നമ്മുടെ രാജഭക്തി കാണിപ്പാൻ പോയിട്ടു അവിടെ കൂട്ടവും കറിയും ഉണ്ടാക്കിയാൽ നമുക്കൊക്കെ അത്ര വലിയ പോരായ്മയാണ്.

ഇതിന്ന് എന്താണ് മറുവടി പറയേണ്ടത് എന്ന് എനിക്കു നല്ല വിവരമുണ്ടായിരുന്നു. പക്ഷെ അമ്മാമന്റെ കണ്ണുരുട്ടൽ കണ്ടപ്പോൾ എനിക്കു ഒന്നും പറവാൻ തോന്നിയില്ല. കോഴിക്കോട്ടു വെച്ച് വെള്ളക്കാരന്റെ കണ്ണടിച്ചു പൊട്ടിച്ച കഥ സൂചിപ്പിച്ചാണ് വേമം നമ്പ്യാരമ്മപ്പർ "കൂട്ടവും കറിയും" എന്നു പറഞ്ഞിട്ടുള്ളതെന്ന് എനിക്കു മനസ്സിലായിട്ടുണ്ട്. വയനാട്ടുകാരുടെ മാനവും എന്റെ മാനവുമായി സംബന്ധമൊന്നുമില്ലെ? എന്നായിരുന്നു എനിക്കു ചോദിച്ചറിവാനുണ്ടായിരുന്നത്.

"കാരണവന്മാരുടെ കല്പനപോലെ" എന്നു പറഞ്ഞ് ഞാൻ ഒരു മൂലക്കൽ വളരെ ഓച്ഛാനിച്ചു നിന്നു. തൃക്കയ്യിൽ കൊട്ടപ്പാർകാരണവന്മാര് ഒരു എഴുത്ത് എഴുതി ഉണ്ടാക്കി തന്നു. അമ്പതു പേരെ അകമ്പടിക്കാരായി കൂട്ടി തലശ്ശേരിക്കു വേഗം പുറപ്പെടുവാനും കല്പനയായി.

എടച്ചേന കുങ്കന്റെ കൂടെ പോയി ചത്താൽ മാനമുണ്ടെന്നു പറഞ്ഞു പുറപ്പെടുവാൻ ആളും ധാരാളമുണ്ടായിരുന്നു. ഞാനും അകമ്പടിക്കാരും കൂടി പിറേന്നു കാലത്തു പുറപ്പെട്ടു; സന്ധ്യ മയങ്ങുന്നതിന്നു മുമ്പായി വടകരയിൽ നിന്നു രണ്ടുനാഴിക കിഴക്കുതെക്കു വശം ഒരു പറമ്പിൽ എത്തിച്ചേർന്നു. എന്റെ അകമ്പടിക്കാരൊക്കെ വാളും പരിചയും എടുത്തിട്ടുണ്ട്. ചില ആയുധങ്ങളൊക്കെ എന്റെ കയ്യുശവുമുണ്ട്. ഞങ്ങളുടെ കൂട്ടത്തിൽ ചില തോക്കുകാരും കുന്തക്കാരും അങ്ങിനെയും ഉണ്ട്. ഞങ്ങളുടെ ഉദ്ദേശം രാത്രി കടത്തനാട്ടെത്തി താമസിച്ച് പിറേന്നു തലശ്ശേരിക്കു പോകാമെന്നായിരുന്നു. ഈ ആലോചനയുടെ മദ്ധ്യേ ഞങ്ങളുടെ ഇടത്തുവശത്തുള്ള ഇടവഴിയിൽ കൂടി ഒരാളും കുറെ അകമ്പടിക്കാരും ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷമായി. അവരൊക്കെ മുമ്പിൽ എത്തിയപ്പോൾ മാത്രമേ ഞങ്ങൾ കണ്ടുള്ളു. ഇവരുടെ തലവനായ ഒരു ചെറുപ്പക്കാരൻ പട്ടുറുമാലും തലയിൽ കെട്ടി മുമ്പിൽ നില്ക്കുന്നുണ്ട്. ഞങ്ങൾ രണ്ടുപേരും കുറച്ചുനേരം മുഖത്തോടു മുഖം നോക്കി നിന്നതിന്നു ശേഷം,

"നിങ്ങൾ എടച്ചേന കുങ്കൻനായരല്ലെ" എന്ന് ആ ചെറുപ്പക്കാരൻ എന്നോടു ചോദിച്ചു. "അതെ. നിങ്ങൾ ആരാണെന്നു മനസ്സിലായില്ല. എവിടെയൊ വെച്ചു കണ്ടതായി ഒരു മുഖപരിചയം തോന്നുന്നുമുണ്ട്" എന്നായിരുന്നു എന്റെ മറുവടി.

"ഞാൻ പയ്യോർ മലയിൽ നിന്നാണ്. അവിഞ്ഞാട്ടെ എളമയാണ്. തേയത്തോൽഭഗവതികാവിൽ വേലകാലത്ത് വയനാട്ടിൽവെച്ച് ഒരിക്കൽ നിങ്ങളെകണ്ടു പരിചയമാണ്. തലശ്ശേരിക്കായിരിക്കാം. ഞാനും അങ്ങട്ടേക്കാണ്. വഴിയിൽ കണ്ടുമുട്ടിയതു വളരെ സന്തോഷമായി", എന്നു ചെറുപ്പക്കാരൻ മറുവടി പറഞ്ഞപ്പോൾ ശത്രുവൊ എന്നു സംശയിച്ചു വാളിന്റെ പിടി കയ്യിലാക്കിയ എന്റെ അകമ്പടികളൊക്കെ സാധാരണപോലെ തന്നെയായി. അവിഞ്ഞാട്ടവർ കോട്ടയത്തു തമ്പുരാന്റെ മക്കളും വയനാട്ടിൽ ഏതാനും ഭാഗം വാഴുന്നവരും ആണ്. ഈ ഇടപ്രഭുക്കന്മാരെ പററി പറഞ്ഞു കേട്ടിട്ടുള്ളതല്ലാതെ നേരിട്ടു കണ്ടു സംസാരിപ്പാൻ എനിക്ക് ഇതുവരെ അവസരം ഉണ്ടായിട്ടില്ല.

ഞാൻ. "വളരെ സന്തോഷമായി. നമ്മുടെ തമ്പുരാക്കന്മാര് എഴുന്നള്ളുന്ന വിവരം അറിഞ്ഞ് വയനാട്ടു സ്വരൂപത്തിൽ നിന്ന് എന്നെ പ്രതിനിധിയായി കാരണവന്മാര് അയച്ചിരിക്കയാണ്."

അവിഞ്ഞാട്ട് എളമ:—നിങ്ങളെ കണ്ടുമുട്ടിയതിൽ എനിക്കു പ്രത്യേകം കൃതാർത്ഥതയ്ക്കു അവകാശമുണ്ട്.

എന്നൊക്കെ ഓരോന്നു സംസാരിച്ചുംകൊണ്ട് ഞങ്ങൾ യാത്രയായി. വടകര എത്തിയപ്പോൾ,

"തിരുമേനികൾ എങ്ങിനെയായാലും നാളെക്കഴിഞ്ഞേ തലശ്ശേരിയിൽ എത്തുകയുള്ളൂ. അതുകൊണ്ട് നാം അത്ര ധൃതഗതിയിൽ പോകേണമെന്നില്ല. എനിക്കു വടകരയിൽ വെച്ച് അല്പം ചില കാര്യങ്ങൾ സാധിക്കേണ്ടതുണ്ട്. അതിന്നു നിങ്ങളുടെ സഹായവും കൂടെ ഉണ്ടായാൽ വലുതായ

പ്രകാരമായി. നമ്മുടെ ആൾക്കാരൊക്കെ ഈ തണ്ണീർപന്തലിലും ആൽത്തറയിലുമായി കഴിച്ചുകൂട്ടട്ടെ. വെച്ചുണ്ണേണ്ട സാധനങ്ങളും അവരുടെ വക്കൽ ഇല്ലെങ്കിൽ ചിലർ അങ്ങാടിയിൽ പോയി വരട്ടെ" എന്നും പറഞ്ഞ് അവിഞ്ഞാട്ട് ഏളമ നാലു പൊൻപണമെടുത്ത് ഒരുവനെ ഏല്പിച്ചു.

അവിഞ്ഞാട്ട് ഏളമയ്ക്ക് ഞാനൊക്കൊണ്ട് എന്തു കാര്യമാണ് സാധിക്കേണ്ടത് എന്നു മനസ്സിലാവാതെ ഞാൻ കുറെ കുഴങ്ങി. എന്തെങ്കിലും "കൂട്ടവും കറിയും" ഉണ്ടാക്കിത്തീർക്കുമോ എന്ന ഭയമാണ് എനിക്കുണ്ടായത്. ഈ വിവരം ഞാൻ അവിഞ്ഞാട്ട് ഏളമയോടു പറഞ്ഞു

അവിഞ്ഞാട്ടു ഏളമ:—നിങ്ങൾ പറയുന്നത് വാസ്തവംതന്നെയാണ്. നാം ഒരു കാര്യവശാൽ തലശ്ശേരിക്കു പോകുമ്പോൾ വഴിയിൽ വെച്ചു കൂട്ടവും കറിയും ഉണ്ടാക്കുന്നതു അത്ര നന്നല്ല. പക്ഷെ ഞാൻ പറവാൻ പോകുന്നതു മുഴുവൻ കേട്ടാൽ നിങ്ങൾ എന്നോടു യോജിക്കാതിരിക്കയില്ല. എന്റെ മൂത്തശ്ശി കെട്ടിലമ്മ കഴിഞ്ഞ കൊല്ലത്തിൽ കൊട്ടിയൂർ ഉത്സവം കഴിഞ്ഞു മടങ്ങി വരുമ്പോൾ കൊള്ളക്കാരൻ ഉണ്ണിമൂത്ത് മൂപ്പനും ആൾക്കാരും മൂത്തശ്ശിയുടെ ഡോലി എടുക്കുന്നവരെയും ആൾക്കാരെയും വഴിയിൽ തടഞ്ഞു നിർത്തി പണ്ടങ്ങളും പണവും തട്ടിപ്പറിച്ച കഥ നിങ്ങൾ കേട്ടിട്ടില്ലായിരിക്കാം. മൈസൂർ പട്ടാണികളുടെ ആക്രമം കഴിഞ്ഞ മുതൽ മാപ്പിളമാർക്ക് നമ്മെയൊക്കെ ബഹുമാനം നന്നെ കുറഞ്ഞിട്ടുണ്ട്. ഈ വകക്കാരുടെ അധികപ്രസംഗങ്ങൾ കണ്ടുംകൊണ്ടു നാം ക്ഷമിച്ചിരുന്നാൽ വളരെ ഘോരാവസ്ഥയാണ്. ഉണ്ണിമൂത്ത് മൂപ്പനെ കണ്ട് പ്രകാരം ചോദിക്കേണമെന്നു കുറെ കാലമായി ഞാൻ വിചാരിക്കുന്നു. അമ്മമാർ അതിന്നു സമ്മതിക്കായ്കയാലാണ് ഇതുവരെ എനിക്കതു സാധിക്കാഞ്ഞത്. മൂപ്പൻ താമസിക്കുന്നത് ഇവിടെ നിന്നു അധികം ദൂരത്തല്ല. നിങ്ങൾ എന്റെ കൂടെ ദയവു ചെയ്ത് വരുന്നതായാൽ നാലു മണിക്കൂറിന്നുള്ളിൽ എന്റെ ആവശ്യം സാധിച്ച് നമുക്ക് മടങ്ങിയെത്താം. കൂടെയുള്ളവർ ഇവിടെ വിശ്രമിക്കട്ടെ".

ഉണ്ണിമൂത്ത് മൂപ്പൻ സാമാന്യക്കാരനല്ലെന്നും അവന്റെ കീഴിൽ എന്തിന്നും പോന്ന ശക്തിമാന്മാരായ പത്തുമുന്നൂറു മാപ്പിളമാരുണ്ടെന്നും ശ്രുതിപ്പെട്ട പല കൊള്ളകളും കുറച്ചു കാലത്തിന്നുള്ളിൽ ഇവൻ നടത്തീട്ടുണ്ടെന്നും ഞാൻ മുമ്പുതന്നെ കേട്ടിട്ടുണ്ട്. എന്നാൽ ഈ വക കൊള്ളക്കാരൊന്നും മൈസൂർ ആക്രമത്തിന്നു മുമ്പായി നായന്മാർക്കു കീഴടങ്ങാതിരുന്നിട്ടില്ല. അവിഞ്ഞാട്ട് ഏളമയുടെ കഥ കേട്ടപ്പോൾ എനിക്കും സാമാന്യത്തിലധികം ദേഷ്യം വന്നു. എടച്ചേന കുങ്കൻ എന്ന ഒരാൾ ഉണ്ടെന്നു ഉണ്ണിമൂത്ത് മൂപ്പനെ ഒന്നു അറിയിച്ചാൽ കൊള്ളാമെന്ന് എനിക്കും വാശിയായി. ഞങ്ങളുടെ അകമ്പടിക്കാർ ആൽത്തറകളിലും തണ്ണീർപന്തലിലുമായി വിശ്രമിക്കുന്നുണ്ട്. രാത്രി 10 മണിയായപ്പോൾ ഞാനും അവിഞ്ഞാട്ട് ഏളമയും ആയുധപാണികളായി പുറപ്പെട്ടു. അവിഞ്ഞാട്ട് ഏളമയുടെവശം 6 കുഴൽ നിറച്ച ഒരു കൈത്തോക്കും ഉണ്ട്. ഏകദേശം രണ്ടു നാഴിക ദൂരത്ത് കടൽക്കരയിൽ വലിയ ഒരു പറമ്പിന്റെ നടുവിൽ ഒരു വലിയ വീട്ടിലാണ് മൂപ്പൻ താമസിക്കുന്നത്. അയൽവക്കത്തായി വീട് അധികമില്ല. ചില മുക്കുവരുടെ ചാളകൾ മാത്രം അവിടവിടെ കാണാനുണ്ട്.

ഞങ്ങൾ മൂപ്പന്റെ കുടിയിൽ എത്തിയപ്പോൾ ഉമ്മറത്ത് ചില മാപ്പിളമാർ കിടന്നു സംസാരിക്കുന്നുണ്ട്. അകത്തുനിന്നും ചിലരൊക്കെ സംസാരിക്കുന്നുണ്ട്. "നിങ്ങൾ എവിടെ നിന്നാണ്" എന്നും "ഞങ്ങൾ വയനാട്ടിൽ നിന്നാണ് തലശ്ശേരിക്കു പോകുന്നു. മൂപ്പനെ ഒന്നു കാണേണമെന്നുണ്ട്" എന്നും ഒരഭിവാദ്യം കഴിഞ്ഞ ഉടനെ ഒരു താടിക്കാരൻ മാപ്പിള അകത്തുപോയി താമസിയാതെ പുറത്തു വന്നു ഞങ്ങളെ അകത്തേക്കു കൂട്ടിക്കൊണ്ടു പോയി. അക്കാലത്തൊക്കെ ചെറുപ്പക്കാരായ നായന്മാർ ആയുധപാണികളായിട്ടേ നടക്കാറുള്ളൂ. അതുകൊണ്ട് അന്യഥാ ഒന്നും സംശയിപ്പാൻ ആർക്കും വകയുണ്ടായിരുന്നില്ല. പുറത്തുനിന്നു മൂപ്പന്റെ കുടിക്കുള്ളിൽ ഒരു വലിയ തളത്തിലേക്കാണ് ഞങ്ങൾ കടന്നത്. ആ തളത്തിൽ, ഒരു തിണ്ണമേൽ രണ്ടുമൂന്നു മാപ്പിളമാർ ഇരുന്ന് വെററില മുറുക്കുന്നുണ്ട്. തളത്തിൽ പടിഞ്ഞാറുവശം ഒരു മുറിയിലേക്കു ഞങ്ങളെ കൊണ്ടാക്കി. അവിടെ ഒരു കട്ടിലിന്മേൽ ഒരു വൃദ്ധൻ ഇരിക്കുന്നു. ഇവനാണ് മൂപ്പൻ എന്നു ഞങ്ങൾക്കു വേഗം മനസ്സിലായി. താഴെ ഒരു നിലവിളക്കിന്നരികെ പായയിൽ രണ്ടുമൂന്നു മാപ്പിളമാരും ഇരിക്കുന്നുണ്ട്. ഞങ്ങൾ അകത്തു കടന്ന ഉടനെ മററുള്ള മാപ്പിളമാരോടു പുറത്തേക്കു പോകുവാൻ മൂപ്പൻ ആംഗ്യംകാട്ടി. മൂപ്പൻ എഴുനീററു ഉരാനിച്ചു നിന്നു.

"എജമാനന്മാർ എവിടെനിന്നാണെന്നറിഞ്ഞില്ല. മൂപ്പനെ കണ്ടിട്ടുള്ള കാര്യവും എന്താണാവോ" എന്നായിരുന്നു മൂപ്പന്റെ ഒന്നാമത്തെ അഭിവാദ്യം. ഞങ്ങളുടെ ഉടുപ്പും സമ്പ്രദായവും മററും കണ്ടാൽ നല്ല തറവാടികളാണെന്ന് ആർക്കും തോന്നും. മൂപ്പൻ എജമാനന്മാരെന്ന് സംബോധന ചെയ്തതിൽ തെററില്ല.

"ഞാൻ അവിഞ്ഞാട്ട് എളമയാണ്. ഇയാൾ എടച്ചേന കുങ്കൻനായരാണ്. അവിഞ്ഞാട്ടെ സ്ത്രീകളെ അപമാനിച്ചാൽ ഉത്തരം ചോദിപ്പാൻ ആളില്ലെന്നാണ് മൂപ്പൻ വിചാരിച്ചത് അല്ലേ. മൈസൂർ പട്ടാണികൾ ഇപ്പോൾ മൂപ്പനെ സഹായിക്കട്ടെ" എന്നും പറഞ്ഞ് അവിഞ്ഞാട്ട് എളമ വാൾ ഉറയിൽനിന്നു ഊരി. മൂപ്പന്റെ വീട്ടിൽ അപ്പോൾ ഫിഡ്യംന്മാരായ മാപ്പിളമാർ അഞ്ചുപത്തുണ്ട്. മൂപ്പനാള് ചില്ലറയല്ല. കാര്യം ഇത്ര വേഗം വാളിന്റെ മുനയിൽ കൊണ്ടുവന്നതു നന്നായില്ലെന്നു ഞാൻ വിചാരിച്ചിരിക്കുന്നതിന്നിടയിൽ മൂപ്പൻ അകത്തുനിന്നു പുറത്തേക്കു ചാടി വാതിൽ ഓടാമ്പൽ ഇട്ടു കഴിഞ്ഞിരിക്കുന്നു.

ദൈവമേ! ഞങ്ങളുടെ ഗതി എന്താണ്. ആ മുറിയിൽനിന്നു പുറത്തു ചാടുവാൻ ഒരു പഴുതുമില്ല. പുറത്തു ചാടിയാൽ തന്നെ എന്താണ് ഗതി. എന്തെങ്കിലും ഞങ്ങളെ തടവുകാരാക്കിയിട്ട മുറി ഒന്നു മുഴുവനും നടന്നു പരിശോധിച്ചു. വളരെ ചെറിയ ഒരു ജനല്പഴുതു കഴിച്ച് ഒരു വിരൽ കടപ്പാൻ മാത്രം വെച്ച് അടപ്പിച്ച അഴി എറിഞ്ഞിട്ടുണ്ട്. മുറിയുടെ വടക്കുവശം ഒരു വാതിൽ കണ്ടു. അത് ഉന്തി തുറന്നപ്പോൾ ഒരു നിലയറയിലേക്കുള്ള കോണിയാണ് കണ്ടത്. നിലവിളക്കൽ നിന്ന് ഒരു തിരിയെടുത്തു നിലയറയിൽ ഞങ്ങൾ ഇറങ്ങി നോക്കി. അവിടെ പലതരത്തിലുള്ള ആയുധങ്ങളും തോക്കുകളും വെടിമരുന്നു സാമാനങ്ങളും ഉണ്ട്. കൊള്ളയിട്ടുകൊണ്ടു വെച്ച പെട്ടിയും പണവും പണ്ടങ്ങളും അവിടെ സൂക്ഷിച്ചതായും കണ്ടു. ഇതൊക്കെ

നോക്കിനില്പാൻ നേരമില്ലെന്നും "താമസിച്ചാൽ ശത്രുക്കൾ നമ്മെ തകരാറിലാക്കുമെന്നും ഞങ്ങൾക്കു ബോദ്ധ്യമായി. ഒന്നുരണ്ടു മാപ്പിളമാർ അങ്ങട്ടും ഇങ്ങട്ടും ഓടിപ്പോകുന്നുണ്ടെന്നു ഞങ്ങൾക്കു ബോദ്ധ്യമായി. ഞങ്ങളെ ഇട്ടു പൂട്ടിയ വാതിലിന്റെ അപ്പുറം ചില മാപ്പിളമാരിരുന്നു സംസാരിക്കുന്നതും ചിരിക്കുന്നതും ഞങ്ങൾക്കു നല്ലവണ്ണം കേൾപ്പാനുണ്ടായിരുന്നു. ഈ അവസരത്തിലാണ് കണ്ണൂൽ വെല്ലിസ്‌ലി ഒരു കോട്ട പിടിച്ച വിവരം ക്ഷേമം നമ്പ്യാരെ പറഞ്ഞു മനസ്സിലാക്കിയത് എനിക്കു ഓൎമ്മയായത്. ഒരു ചെമ്പുപാത്രം നിറയെ വെടിമരുന്നു കോരിക്കൊണ്ടു വന്നു വാതിലിന്റെ അരികെ ചുമരിന്മേൽ വാളുകൊണ്ടു കുഴിയുണ്ടാക്കി അതിൽ കുത്തിനിറച്ചു. ഞങ്ങൾ ഇന്നതാണ് കാട്ടാൻ പോകുന്നതെന്നു മാപ്പിളമാൎക്കു മനസ്സിലായിട്ടുണ്ടെങ്കിൽ കാൎയ്യമൊക്കെ അവകടത്തിലാവുമായിരുന്നു. ഈ വെടിമരുന്നിന്നു തീയും കൊടുത്തു ഞങ്ങൾ നിലയറയിൽ ഓടി ഒളിച്ചു. പിന്നെയുണ്ടായ കഥ പറവാൻ പ്രയാസം. വീടൊക്കെ ഇടിഞ്ഞുപൊളിഞ്ഞു വീഴുമ്പോലെ ഒരു ശബ്ദമാണ് ഞങ്ങൾ കേട്ടത്. കൂട്ടത്തിൽ ഞങ്ങളും മരിക്കുമെന്നു തീൎച്ചയാക്കി. വേഗം ഞങ്ങളുടെ ആയുധങ്ങൾക്കു പുറമെ രണ്ടു തോക്കും കയ്യിലെടുത്തു നിലറയിൽനിന്നു ഞങ്ങൾ മുറിയിലേക്കു കടന്നു. പുകകൊണ്ട് വിളക്കു കെട്ടിരിക്കുന്നു. അന്യോന്യം ആളെ കാണ്മാൻ പ്രയാസം എന്നു മാത്രമല്ല ഞങ്ങൾക്കു ശ്വാസംമുട്ടലും തുടങ്ങി. വേഗം വാതിൽ തപ്പിനോക്കി വാതിലൊന്നും കാണ്മാനില്ല; ചുമർ തന്നെ ആ ഭാഗത്തില്ല. ഞങ്ങൾ പുറത്തേക്കു ചാടി. കല്ലും മരത്തിന്റെ കഷ്ണങ്ങളുമാണ് അവിടെയുള്ളത്. പുല്ലു മേഞ്ഞ പുരയായതുകൊണ്ട് അവിട്ടിന്നു തീപ്പിടിച്ചിരിക്കുന്നു. നാലു ഭാഗത്തുനിന്നും മരണവേദനയോടെ ചിലർ നിലവിളിക്കുന്നതും ഞങ്ങൾ കേൾക്കാതിരുന്നില്ല. തളത്തിൽ നിന്നു ഞങ്ങൾ പുറത്തെത്തിയപ്പോൾ നാലഞ്ചു മാപ്പിളമാർ ഞങ്ങളെ വളഞ്ഞു. രണ്ടാളുടെ നേരെ ഞങ്ങളുടെ ഓരോ തോക്കും ഒഴിച്ചു. തോക്കിന്റെ ചട്ടുകൊണ്ടു രണ്ടാളുടെ തലക്കു അടിയും കൊടുത്തു. ഞങ്ങൾ മിററത്തുനിന്ന് വളപ്പിലേക്കു കടന്നു. മൂപ്പനും രണ്ടു മാപ്പിളമാരും നരികളെപ്പോലെ അപ്പോൾ ഞങ്ങളുടെ നേൎക്കു ചാടിയെത്തി. ഞാൻ വാളുമായി മൂപ്പന്റെ നേരെ ചാടി. അവിഞ്ഞാട്ട് എളമ കയ്ത്തോക്കിൽ ഒന്ന ഒരു മാപ്പിളയുടെ വായിൽ പൊട്ടിച്ചു. അതിലിടക്കു ഞാൻ മൂപ്പനെ താഴത്തു വീഴ്ത്തിക്കഴിഞ്ഞിരിക്കുന്നു. മററ മാപ്പിള പിന്നിൽനിന്ന് എന്നെ ഒരു വെട്ടു വെട്ടിയതും അവിഞ്ഞാട്ട് എളമയുടെ തോക്കു ഒന്നു പൊട്ടിയതും മാത്രമേ പിന്നെ എനിക്കു വിവരമുള്ളൂ.

ഞാൻ ഉണൎന്നത ഏകദേശം പിറേറന്നു രാവിലെ ഏട്ടു മണിക്കാണ്. വടകര തണ്ണീർപന്തലിൽ ഞാൻ കിടക്കുന്നു. നാലു ഭാഗവും അകമ്പടിക്കാർ ചിന്താകുലന്മാരായി ഇരിക്കുന്നു. അവിഞ്ഞാട്ട് എളമ ഒരു വിശറികൊണ്ട് എന്നെ വീശിക്കൊണ്ടിരിക്കുന്നു.

അ. എ: — "എന്റെ ഈശ്വരാ! കാൎയ്യം ജയിച്ചു. ഞാൻ നന്നെ ഭയപ്പെട്ടു. മുറിസ്സാരമില്ല, രക്തം വളരെ പോയി. അതാണ് ക്ഷീണം ഇത്ര വൎദ്ധിച്ചത്. നിങ്ങളെ വീണദിക്കിൽനിന്ന് എടുത്ത് പാടത്തു കൊണ്ടുവന്നപ്പോൾ ചില മുക്കുവർ സഹായത്തിന്ന് വന്നിരുന്നില്ലെങ്കിൽ കഥ എന്താണ്, ഉണ്ണിമൂത്ത മൂപ്പന്റെ ആൾക്കാ

ർ ഇപ്പോഴും അവിടെ എത്തിയിരിക്കും. നായകനില്ലാതെ അവർ നമ്മെ തിരഞ്ഞു വരുന്ന കാര്യവും സംശയമാണ്."

ഞാൻ: അമ്മാമന്റെ കണ്ണേറുകൂട്ടൽ കാണാതെ കഴിച്ചാൽകൊള്ളാമെന്നുണ്ട്. ഈ കഥ നമ്മൾ രണ്ടു പേരും മാത്രം അറിഞ്ഞാൽ മതി."

ഉച്ചയായപ്പോഴ് എന്റെ ക്ഷീണത്തിന്നു ആശ്വാസമായി.

മുറിമാംസം സംബന്ധിച്ചതായതുകൊണ്ട് നല്ല ഒരു പച്ചമരുന്നു അരച്ചു കെട്ടിയതു മുതൽ ഉണക്കം തുടങ്ങി. വെയിൽ താണപ്പോൾ ഞങ്ങൾ തലശ്ശേരിക്കു പുറപ്പെടുകയും ചെയ്തു.

എം. ആർ. കെ. സി.

---

# വരിക്കാരറിവാൻ

1088 വൃശ്ചികം മുതൽ ആരംഭിച്ച മംഗളോദയം അഞ്ചാം പുസ്തകത്തിന്റെ വരിസംഖ്യ വി. പി. മുഖേന ഇതുകൊല്ലത്തെ വരിസംഖ്യ ബാക്കി വെച്ച വരിക്കാർക്കൊക്കെ മേടമാസത്തെ ലക്കം അയപ്പാൻ നിശ്ചയിച്ചിരിക്കുന്നു. അപ്രകാരം ചെയ്യുന്നതിന്നു വിസമ്മതമുള്ള വരിക്കാർ വരിസംഖ്യ ഉടനെ അയക്കുകയോ വിവരത്തിന്നു എഴുതുകയോ ചെയ്യേണ്ടതാണ്. പ്രത്യേകം എഴുത്തുമൂലം വിവരം അറിയിക്കാത്തവർക്കൊക്കെ മേടം ലക്കം വി. പി. അയക്കുന്നതാണ്.

കഴിഞ്ഞ മകരം ലക്കം മാസികയിൽ പ്രസിദ്ധം ചെയ്ത പ്രകാരം മ. രാ. രാ. സി. അച്യുതമേനോൻ (ബി. എ.) അവർകൾ മംഗളോദയത്തിന്റെ പത്രാധിപത്യം ഈ മീനം മുതൽ ഏറ്റെടുത്തിട്ടുള്ള വിവരം വായനക്കാരെ അറിയിച്ചുകൊള്ളുന്നു.

മാനേജർ.

श्रीः

# पिकसन्देशः ।

वामं चन्द्रे नभसि विमले भासमानेऽसमाने
मत्कं वाते सुरभिशिशिरे मन्दमन्दं प्रवृत्ते ।
स्वप्ने कांताविरहविधुरो दूयमानान्तरात्मा
कामी कश्चिन्मधुरवचनैः कोकिलं संबभाषे ॥ १ ॥

कच्चिद् भद्रं प्रियसख तव स्वागतं विश्रमोऽस्मि-
न्नास्तां नम्रे किसलयभरैस्सन्निकृष्टे रसाले ।
स्वैरं खादन् नवकिसलयान्याद्रियेथा स्त्वमेतं
लोकः प्रायो भवति महतामादरा द्धिप्रशस्तः ॥ २ ॥

किं स्वित् पान्थास्सरणिविटपिच्छायशीतान् प्रदेशा-
नाश्रित्यारात्पवनविधुतस्वेदखेदा रमन्ते ।
श्रावं श्रावं श्रवणहृदयग्राहकं कूजितं ते
हर्षाविष्टास्तव समधिकां कुर्वते वा प्रशंसाम् ॥ ३ ॥

किं ते भूयः प्रणयमधुरा कोकिली त्वां धिनोति
प्रीतिस्निग्धं किसलयदळं जक्षिति त्वद्वितीर्णम् ।
गायन्तं त्वां ललितललितं सानुगायत्यलं किं
छायेव त्वां बहिरुपवनं यन्तमन्वेति कच्चित् ॥ ४ ॥

सुप्रातं मे दिवसमधुना दर्शनात्ते द्विजेन्द्र
स्वास्थ्यं नासीत् चिरतरमहो मन्दभाग्यस्य हन्त ! ।
बर्हीव त्वां विपिनहुतभुग्धूम्यभागम्बुवाहं
पश्यन् दिष्ट्या प्रियसहचरीविप्रयुक्तो भ्रियेऽहम् ॥ ५ ॥

सन्तो नित्यं विषमविपदा पीडितानां जनानां
साह्याधाने स्वयमुरुकृपास्सर्वदा संयतन्ते ।
कृच्छ्रावस्थाव्यपगतधियो विप्रयुक्तास्तु लोका
भेदान् सृष्टेः परिकलयितुं प्रायशो न क्षमन्ते ॥ ६ ॥

दूराद्दूरे वसति दयिता दैवयोगान्मदीया
हुं कुर्वन्ति भ्रमरललनाः पुष्पगर्भेषु मत्ताः ।
राकाचन्द्रो विलसतितरां कोमलं व्योमवीथ्यां
वाप्यः स्वच्छस्फटिकसलिलाश्चोत्तरङ्गाश्चलन्ति ॥ ७ ॥

सान्द्रस्निग्धौ क्षणमपि मिथो विप्रयोगासहिष्णू
क्रीडोद्याने विशदपुलिने वापि नावां वियुक्तौ ।
भाग्यभ्रंशाज्झटिति सुदुरालोकनौ संनिवृत्तौ
मादृक्षाणां सुदुरुपगमं वर्त्म चास्ते खगेन्द्र ॥ ८ ॥

एतादृक्षं सरलहृदयो वीक्ष्य मामार्द्रभावे-
नोरीकुर्या अनुचितमपि त्वादृशां दौत्यकृत्यम् ।
दुःस्थान् भक्तान् विपुलकरुणः पाण्डवान्नंदसूनु-
र्गोप्तुं प्रायात् किल कुरुपतिं वाचिकावेदनार्थम् ॥ ९ ॥

साक्षात्कुर्याः पिकवर कृपामेदुरस्त्वं कृशांगीं
बालां दीनामनितरगतिं वल्लभैकात्मबन्धुम् ।
मल्लीवल्यो विकचकुसुमाश्शारिका वल्गुवाचः
प्रोढप्रौढा मलयपवनाः का गतिः प्रोषितानाम् ॥ १० ॥

दीर्घः पन्था भवति भवतो गच्छतो बन्धुकृत्यात्
किं वा दूरं जलधि वियतोरन्तरा वर्तिनस्ते ।
पूर्वं गाढप्रणयघटितो दारुणं वारिराशिं
बन्धुप्रीत्यै किलसमतरल्लीलया वायुसूनुः ॥ ११ ॥

उद्वेलार्तिप्रदलितमनाः किं नु याचे भवन्तं
सन्तः कामं परहितविधौ बद्धदीक्षाः प्रकृत्या ।
कोशीभूतं सरसिजवनं नष्टशोभं स्वयं द्राक्
प्रातर्दूरे विनिहितकरो हासयत्येव भानुः ॥ १२ ॥

(क्रमशः)

कोडुंगल्लूर् र. रंगाचार्यः

# മംഗളോദയം

൧൦൮൮

| പുസ്തകം ൫ | മേടമാസം. | ലക്കം ൯ |
|---|---|---|


ശ്രീ.

# അംബാസ്തവനവകം.

1.

വിഷമവാദ്ധിയിലാക്കിവലസ്സമി-
വിഷയമോഹവിചേഷ്ടിതവിഭ്രമം
വിഷമഹോ! വിഷഹിക്കുകവയ്യമൽ-
വിഷമവീക്ഷണവിശ്രുതവല്ലഭേ!.

2.

വരബുധാമരമാപാളിപണിഞ്ഞിടുന്നിൻ-
ചരണതാരിണതാനെവണങ്ങിടുന്നേൻ;
കരുണയെൻ, ഭവതീയകടാക്ഷതോ-
വരണമായ്‌വരണംഭവാനല്ലതേ!

3.

സകലലൗകികദുഃഖമൊഴിച്ചു, ചി-
ല്ലുകലമാകലഹീനമണച്ചുനീ
പകലവൻകലരാതെതെളിക്കണം
പ്രകലയപാലയവലയശങ്കരി!

4.

ശരണരക്ഷണദീക്ഷിതയായിനിൻ
സ്മരണയാം കരളുക്കരമേകിയൊ;
തരണിയാണിതു സംസൃതിവങ്കടൽ-
തരണമേ, തരണേ തരമംബികേ!

5.

ഭവഭയസ്ഥിതിവീക്ഷണമാത്രയിൽ
കവലയം വലയത്തിലമർത്തിടും,
ഭവഭയാശരി! ഭാവുകമേകണം,
ഭവദപാരകൃപാരസപൂരകം.

6.

മദനമന്ദിമവേശരനംദവ-
ച്ചേദനമാന്മഹസ്സിലമർന്നുപോ;
കദനമാകെയകറ്റുകയേ, ഭയാ-
സദനമോഹനശോഭനയാംശിവേ!

7.

ശരണമംബരണാമാനിതമംബ! കൈ-
വരണമാഗ്രഹനിഗ്രഹമെപ്പൊഴും;
ചരണമാശ്രയമാണിവനംബരം
കരണമാരണമാരണമായണം.

8.

സദയമന്തർമുഖമാകിയമായയാൽ
സ്വയമഹന്തയൊഴിഞ്ഞുമുഷിഞ്ഞു ഞാൻ
ഭയമൊടാപദമാവകമേകിയും-
ക്ഷയമതായമൊടൊന്നുളവാകണം.

9.

ശമരസത്തൊടുതാനതൊഴുന്നവ-
ർക്കമരസ്രുഹമാകിയൊരംബികേ!
സുമരസാഞ്ചിതനിർഝരിസംസ്കൃതി-
ശ്രമരഹേമരണോപശിവേ! ശുഭം.

പി. കെ. കേശവപിള്ളശാസ്ത്രി.

# പുസ്തകവായന

തുടൎച്ച

ഇനി വേറെ ഒരുതരം വായനയുണ്ട്;  അത് സ്നേഹിതന്മാരെല്ലാവരും കൂടി ഒരു യോഗം ചേൎന്നു വായിക്കുകയാണ്. ഒരാൾക്കു മനസ്സിലാവാത്ത സംഗതി മറ്റൊരാൾക്കു മനസ്സിലാവാനും, വല്ല അഭിപ്രായഭേദവുമുണ്ടായാൽ സ്നേഹപൂൎവ്വം വാദപ്രതിവാദം ചെയ്യാമാറും വിഷയം ശുദ്ധമാവാനും, തന്മൂലം അറിവു വൎദ്ധിപ്പാനും, ഇതു വളരെ നല്ല ഒരു മാൎഗ്ഗമാണെന്നുള്ളതിന്നു സംശയമില്ല. ഇങ്ങിനെയെല്ലാം നിഷ്കൎഷിച്ചു കുറെക്കാലം സ്ഥിരമായി പരിശ്രമിച്ചാൽ വ്യുല്പത്തിക്കു നല്ല വെടിപ്പും, ദാൎഢ്യവും വരുന്നതാകയാൽ പിന്നെ ഏതു പുസ്തകവും സ്വതന്ത്രമായി വായിപ്പാനും അഭിപ്രായം പറവാനുമുള്ള ശക്തി സിദ്ധിക്കുന്നതാണ്. വായനയുടെ രീതിയെ പറ്റി ഇതിലധികമൊന്നും എനിക്കു പറവാനില്ല; ഇനി വായിക്കേണ്ട വിഷയത്തിലേക്കു കടക്കാം.

ബുദ്ധിവികാസവും സ്വഭാവഗുണവുമാണല്ലോ വായനയുടെ ഫലം. ഇതു പല വിഷയങ്ങളുടെയും സാമാന്യജ്ഞാനത്തെ ആശ്രയിച്ചിട്ടാണിരിക്കുന്നത്. അതിനാൽ വിവിധവിഷയങ്ങൾ അടങ്ങീട്ടുള്ള പുസ്തകങ്ങളാണ് വായനക്കുള്ള മുഖ്യവിഷയങ്ങൾ എന്നു പറയാം. ഗദ്യം, പദ്യം, എന്നിങ്ങിനെ രൂപം അനുസരിച്ചും, വിജ്ഞാനം, വിനോദം, എന്നിങ്ങിനെ വിഷയം അനുസരിച്ചും, പുസ്തകങ്ങളെ ഭാഗിക്കാം. ഇതിൽ പദ്യത്തിൽ വിനോദവിഷയങ്ങളായിരിക്കും അധികം ഉണ്ടായിരിക്കുക; ഗദ്യത്തിലാകട്ടെ, വിജ്ഞാനവും വിനോദവും ഒരുപോലെ പ്രധാനങ്ങളാണ്. അതിനാൽ പദ്യത്തെക്കാൾ ഗദ്യത്തിന്നു പ്രാധാന്യം കൂടുമെന്നു തെളിയുന്നു. ലോകത്തിലുള്ള പല വിധ ജ്ഞാനങ്ങളിൽ വെച്ച് വിജ്ഞാനപ്രദങ്ങളായ ശാസ്ത്രങ്ങളുടെ ജ്ഞാനമാണ് ഏറ്റവും ഉൽകൃഷ്ടമായിട്ടുള്ളതെന്നാണ് സ്പെൻസർ തുടങ്ങിയ പല പാശ്ചാത്യവിദ്വാന്മാരും തീൎച്ചപ്പെടുത്തീട്ടുള്ളത്. അപ്പോൾ ഗദ്യപുസ്തകങ്ങളും, അവയിൽ തന്നെ വിജ്ഞാനപ്രദങ്ങളായ വിഷയങ്ങളുമാണ് വായനക്കുള്ള പ്രധാന വിഷയങ്ങൾ എന്നു വരുന്നു. എന്നാൽ ഇതുകൊണ്ടു പദ്യങ്ങളൊ ഗദ്യങ്ങളൊ ആയ കാവ്യങ്ങൾ വായനക്കു വിഷയങ്ങളല്ലെന്നൊ, അവ നിസ്സാരങ്ങളെന്നൊ, ആരും ധരിക്കയില്ലെന്നു വിശ്വസിക്കുന്നു. എന്നല്ല, ജനസാമാന്യത്തിന്നു വായനയിൽ അഭിരുചി ഉണ്ടാക്കിത്തീൎക്കുന്നതിൽ വളരെ അധികം സഹായിക്കുന്നത് സരസവിഷയങ്ങളാകയാൽ ആവക വിഷയങ്ങളാണ് ഒന്നാമത് വായിക്കേണ്ടതെന്നു പ്രബലമായ ഒരു പക്ഷാന്തരം തന്നെ ഉണ്ട്. അതും ഒരുവിധം വാസ്തവം തന്നെ എന്നു സമ്മതി

ക്കാതെ കഴികയില്ല. പക്ഷെ രുചി കാലദേശാവസ്ഥകളെ അനുസരിച്ച് ഭേദപ്പെട്ടിരിക്കുമെന്നുള്ളതും ഈ പ്രകൃതത്തിൽ മറക്കാൻ പാടുള്ളതല്ല. പണ്ടത്തെപ്പോലെ പദ്യം മുതലായ വിനോദവിഷയങ്ങളിലല്ല ജനസാമാന്യത്തിന്ന് ഇപ്പോൾ രുചിയും രസവും; വിജ്ഞാനപ്രദങ്ങളായ ഗദ്യകൃതികളിലാണ്. അതുകൊണ്ടു വായിക്കേണ്ട വിഷയത്തിൽ ഇക്കാലത്ത് ഉപയോഗമുള്ള ഗദ്യപുസ്തകങ്ങൾ ഒന്നാമതും, രസകാവ്യങ്ങൾ രണ്ടാമതുമായിട്ടാണ് ഇരിക്കുന്നതെന്നുള്ളതിന്നു വാദമില്ല. കാൎയ്യം കഴിഞ്ഞിട്ടാണല്ലൊ നേരമ്പോക്കിനുള്ള അവസരവും സ്വാപവും. ഇനി ഈ പറഞ്ഞ ഇനങ്ങളിൽ തന്നെ പല അവാന്തരശാഖകളുമുള്ളവയിൽ, വളരെ സ്ഥൂലമായ വിധത്തിൽ, ഏതാനും ചിലതിനെ എങ്കിലും ഒന്നു പറയാൻ നോക്കാം.

വൎത്തമാനപത്രങ്ങൾ, മാസികകൾ, മാസികകളിൽ നിന്നും മറ്റും തിരഞ്ഞെടുത്തിട്ടുള്ള നല്ല പ്രബന്ധങ്ങൾ കൂട്ടിക്കെട്ടീട്ടുള്ള പുസ്തകങ്ങൾ, പ്രത്യേകമായി ഏതെങ്കിലും ഒരു വിഷയത്തെ പറ്റി വിവരിക്കുന്ന പുസ്തകങ്ങൾ, ഇങ്ങിനെ വായിക്കേണ്ട വിഷയങ്ങൾ പലതാണ്. ബുദ്ധിവികാസവും സ്വഭാവഗുണവുമാണ് വായനകൊണ്ടു മുഖ്യമായി സിദ്ധിക്കേണ്ടതെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അതിൽ ബുദ്ധിവികാസത്തെ സംബന്ധിച്ചേടത്തോളം ആദ്യം എടുക്കുക. ഭൂമിയുടെ ആകൃതി, പ്രകൃതി, അതിന്റെ ഓരോ ഭാഗങ്ങളിലുമുള്ള രാജ്യങ്ങൾ, അതിലെ നിവാസികളുടെ നടവടികൾ, എന്നീ വിഷയങ്ങളെ പറ്റി, ഇംഗ്ലീഷുപരിചയമില്ലാത്ത അധികം ആളുകളുടെ ഇടയിലുള്ള അജ്ഞതക്കും, അന്ധവിശ്വാസത്തിനും, ഒരു കയ്യും കണക്കുമില്ല. ഈ വക വിഷയങ്ങളെ സംബന്ധിച്ച പരിപൂൎണ്ണമായ അറിവു തരുന്ന പുസ്തകങ്ങൾ ഇതുവരെ മലയാളത്തിൽ ഉണ്ടായിട്ടില്ലെങ്കിലും സാമാന്യമായിട്ടെങ്കിലും അറിവു സമ്പാദിപ്പാൻ മലയാളത്തിലുള്ള ഭൂമിശാസ്ത്രം, ഭൂപ്രകൃതിവിജ്ഞാനീയം, രാജ്യചരിത്രം, മുതലായ പുസ്തകങ്ങൾ ഒരുവിധം മതിയാകുമെന്നാണ് എന്റെ അഭിപ്രായം. ബുദ്ധിവികാസത്തെ സംബന്ധിച്ചേടത്തോളം ഈ വക പുസ്തകങ്ങൾ വളരെ മുഖ്യങ്ങളാകയാൽ ഇതുകൾ അവശ്യം വായിക്കേണ്ടവയാണ്. നല്ല ഉപന്യാസങ്ങൾ കൂട്ടിക്കെട്ടീട്ടുള്ള പുസ്തകങ്ങളും, നാനാവിഷയങ്ങളെ പ്രതിപാദിക്കുന്ന മാസികകളും, ലൌകികജ്ഞാനമുണ്ടാക്കിത്തീൎക്കുന്നു. വൎത്തമാനപത്രങ്ങളിൽ നിന്നാകട്ടെ രാജ്യതന്ത്രവിഷയമായും, സമുദായവിഷയമായും, വ്യവസായവിഷയമായും, മതവിഷയമായും, സന്മാൎഗ്ഗവിഷയമായും, എന്നുവേണ്ട, പൊതുവിൽ വളരെ അറിവുകൾ ഉണ്ടാകുവാനുണ്ട്. ഇനി സ്വഭാവഗുണത്തെ സംബന്ധിച്ചേടത്തോളം പറകയാണെങ്കിൽ, ഓരോ മഹാന്മാരുടെ ജീവചരിത്രവും, നോവലുകൾ, നാടകങ്ങൾ മുതലായ കാവ്യങ്ങളും, വളരെ പ്രധാനങ്ങളാണ്. ധൈൎയ്യം, സഹനശക്തി, സ്ഥിരോത്സാഹം, ക്ഷമ മുതലായ ഉൽകൃഷ്ടഗുണങ്ങളെ അറിവാനും, അവയെ അനുകരിപ്പാനും, ജീവചരിത്രംപോലെ അത്ര നന്നായിട്ടു വേറെ ഒന്നുമില്ലെന്നു തന്നെ പറയാം. സ്വഭാവഗുണവും രസികത്വവുമുണ്ടാകേണ്ടതിന്നു കാവ്യങ്ങൾ തന്നെ വായിക്കണം. ഇങ്ങിനെ ഓരൊ പുസ്തകങ്ങളുടെയും ഓരൊ വിധത്തിലുള്ള പ്രയോജനങ്ങളെപ്പററി പറവാൻ തുടങ്ങിയാൽ അവസാനിക്കാത്തതുകൊണ്ടും, വിഷയം ഇത് കുറെ വിഷമമു

ള്ള ഒന്നാകയാലും, ഈ പറഞ്ഞ തരത്തിലുള്ള പുസ്തകങ്ങളും, ഇതുപോലെയുള്ള പ്രയോജനകരങ്ങളായ മററു പുസ്തകങ്ങളും, നമ്മുടെ വായനക്കു മുഖ്യവിഷയങ്ങളാണ് എന്നൊന്നുമാത്രമേ തൽക്കാലം പറവാൻ സാധിക്കയുള്ളൂ. എന്നാൽ എല്ലാ സംഗതിയിലുമുള്ളപോലെതന്നെ ഈ വിഷയത്തിലും നല്ലതും ചീത്തയുമുണ്ടെന്നുള്ളതു വിസ്മരിക്കാൻ പാടുള്ളതല്ല. അതിൽ നല്ലതിൽനിന്നു ഗുണം കിട്ടുംപോലെ തന്നെ ചീത്തയിൽ നിന്നു ദോഷവും നേരിടുന്നതാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു പുസ്തകം തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധ വെക്കേണ്ടതായിട്ടുണ്ട്. സ്വഭാവഗുണം, സദ്വൃത്തി മുതലായ ഉത്തമഗുണങ്ങളൊന്നും ആലോചിക്കാതെ ധാടിയും മോടിയും മാത്രം കണ്ടു ഭ്രമിച്ച് ചില പുതിയ പരിഷ്കാരികളെ സ്നേഹിതന്മാരായി തിരഞ്ഞെടുത്തിട്ട് ഒടുവിൽ അപകടത്തിൽ ചാടാറുള്ളതുപോലെ, പുസ്തകത്തിന്റെയും, അതിന്റെ കർത്താവിന്റെയും പേരും, പത്രാധിപന്മാരുടെ നിർവിശേഷപ്രശംസയുമെല്ലാം കണ്ടു ഭ്രമിച്ചു പുസ്തകം വാങ്ങി വായിച്ച് ഉള്ള സമയവും, പണവും, പരിശ്രമവുമെല്ലാം വ്യർത്ഥമാക്കിക്കളയുന്ന വായനക്കാർ നമ്മുടെ ഇടയിൽ ഒട്ടും അപൂർവ്വമല്ല. ലോകത്തിൽ അറിയേണ്ട വിഷയം അസംഖ്യം. മനുഷ്യായുസ്സോ, പരിമിതം; അതിൽതന്നെ അനേകതടസ്ഥങ്ങൾ; ഈ സ്ഥിതിക്കു ചുരുങ്ങിയ കാലവും പണവും പരിശ്രമവുംകൊണ്ട് അധികഫലം കിട്ടാൻ കഴിയുമെങ്കിൽ അതിനല്ലേ നാം ശ്രമിക്കേണ്ടത്? പുസ്തകങ്ങളുടെ ഗുണദോഷം ഒരു വിധം സ്വയമായി ഉണ്ടാകുന്നതുവരെ വായനയുടെ ആദ്യകാലങ്ങളിൽ പുസ്തകം തിരയുന്ന വിഷയത്തിൽ അറിവുള്ള മററുള്ളവരുടെ സഹായം സ്വീകരിക്കുന്നതാണ് ഉത്തമം. ഇങ്ങിനെ ചെയ്താൽ സമയവും, പണവും, പരിശ്രമവും, വെറുതെ പോയതിനെകുറിച്ചു പശ്ചാത്തപിക്കാതെ കഴിക്കാം. വായിക്കേണ്ട വിഷയത്തെപ്പററി ഇത്രയും പറഞ്ഞുവെച്ച് ഇനി അവസാനവിഭാഗമായ ആലോചന എന്ന അംശത്തെകുറിച്ചുകൂടി അല്പം ചിലതു പറഞ്ഞു ലേഖനം അവസാനിപ്പിക്കാം.

താൻതന്നെ സമ്പാദിക്കുന്നതും, മററുള്ളവർ സമ്പാദിച്ചുവെച്ചിട്ടുള്ളതും, എന്നിങ്ങിനെ അറിവു സമ്പാദിപ്പാനുള്ള മാർഗ്ഗങ്ങളെ ഒരുവിധം രണ്ടായിത്തിരിക്കാം. ഗുരുമുഖേനയും പുസ്തകം വഴിയായും മററും സിദ്ധിക്കുന്ന അറിവു മററുള്ളവരുടെ സമ്പാദ്യം വകയാണ്. സ്വന്തബുദ്ധിയെ ഉപയോഗിച്ചു സമ്പാദിക്കുന്ന അറിവാണ് തന്നെത്താനുള്ള സമ്പാദ്യം. ഈ മാർഗ്ഗത്തിൽ എത്തണമെങ്കിൽ ഗുരുവിന്റെയും പുസ്തകത്തിന്റെയും സഹായംകൂടാതെ കഴികയില്ലെങ്കിലും ഇതാണ് ഏററവും ഉത്തമമായ മാർഗ്ഗം. ഈ വഴിക്കു തിരിച്ചുവിടുക എന്നുള്ളേടത്തോളം മാത്രമേ പുസ്തകത്തിന്നും ഗുരുവിന്നും അധികാരമുള്ളൂ. ഇതാണ് പുസ്തകവായനയുടേയും മററും പരമപ്രയോജനം. ഈ നിലയിലെത്തിയാൽ പിന്നെ സ്വന്തബുദ്ധിയും ലോകവും തന്നെയാണ് മനുഷ്യന്റെ വലിയ ഉപദേഷ്ടാവ്. പലപ്പോഴും പുസ്തകത്തിൽനിന്നും മററും കിട്ടുന്ന അറിവിനെക്കാൾ ബുദ്ധിയുടെ സഹായം മാത്രം അവലംബിച്ചു ലോകത്തിൽ നിന്നു നേരിട്ടു കിട്ടുന്ന അറിവാണ് വളരെ വിലയുള്ളതായി തീർന്നിട്ടുള്ളതെന്നു തത്വദർശികളായ പല മഹാന്മാരുടെയും ചരിത്രം നോക്കിയാൽ

കാണാവുന്നതാണ്.

'ആചാര്യസ്സർവ്വചേഷ്ടാസു
ലോകഎവഹിധീമതഃ
അനുകുയ്യാത്തമേവാതോ
ലൌകികാത്ഥപരിക്ഷകഃ'.

ഈ ശ്ലോകം മേൽപറഞ്ഞ അഭിപ്രായത്തെ പ്രബലപ്പെടുത്തുന്നു. 'ബുദ്ധിമാന് എല്ലാ വിഷയങ്ങളിലും ലോകം തന്നെയാണ് ആചാര്യനായിട്ടുള്ളത്. അതുകൊണ്ട് ലൌകികതത്വാന്വേഷിയായ ഒരുവൻ അതിനെത്തന്നെ(ലോകത്തെതന്നെ) അനുകരിക്കണം' എന്നാണ് ഇതിന്റെ താല്പയ്യം. എന്നും നാം പുസ്തകത്തിനടിമപ്പെടരുത്. കട്ടിക്കാലത്ത് രക്ഷിതാക്കന്മാരുടെ ഉപദേശത്തിലും രക്ഷയിലും തന്നെ വളരണം; എന്നാൽ മതിന്നാൽ പിന്നെ സ്വതന്ത്രമായി കാലക്ഷേപം ചെയ്യുന്നതാണ് ഉത്തമം. അറിവിന്റെ ബാല്യത്തിൽ പുസ്തകം തന്നെയാണ് നമുക്ക സഹായം; എന്നാൽ അറിവു ഒരുവിധം യൌവനദശയെ പ്രാപിച്ചാൽ നാം സ്വതന്ത്രമായി ബുദ്ധികൊണ്ടു ആലോചിച്ചുപഠിക്കണം. ചുരുങ്ങിയതായാലും സ്വന്തസമ്പാദ്യത്തിനുള്ള ആസ്വാദ്യതയും സുഖവും ഒന്നു വേറെ തന്നെയാണ്. വായനയേക്കാൾ ആലോചനയ്ക്കാണ് സമയം അധികം ചിലവു ചെയ്യേണ്ടതെന്നാണ് പല മഹാന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളത്. നാം പുസ്തകത്തിൽനിന്നും മററും ധരിച്ചിട്ടുള്ള അറിവിനെ ലോകത്തിൽ സംബന്ധിപ്പിക്കുകയും, സൂക്ഷ്മമായി പരിശോധിക്കുകയും ചെയ്യുമ്പോൾ നമ്മുടെ അറിവു കാര്യത്തിന്നു വിശുദ്ധിയെ പ്രാപിക്കുകയും, മുമ്പു വിചാരിക്കാത്ത പല പുതിയ തത്വങ്ങളും കണ്ടുകിട്ടാനിടവരികയും ചെയ്യുന്നതാകയാൽ ജ്ഞാനാഭിവൃദ്ധിക്ക ഇത്ര ഉത്തമമായ ഒരു മാഗ്ഗം വേറെ ഇല്ലെന്ന് ഇനി പറയേണ്ടതില്ലല്ലോ. ഈ പ്രവൃത്തി ആദിയിൽ കുറെ ബുദ്ധിമുട്ടുള്ളതായി തോന്നാമെങ്കിലും കുറെ ശീലിക്കുമ്പോൾ പുസ്തക വായനയേക്കാൾ തന്നെ വളരെ രസകരവും ഫലപ്രദവുമായിത്തീരും. അത്യാശ്ചയ്യകരങ്ങളും, നിത്യോപയോഗയോഗ്യങ്ങളുമായ തീവണ്ടി, തീക്കപ്പൽ, കമ്പിത്തപാൽ, തുടങ്ങിയ പല നൂതനകായ്യങ്ങളും ഇങ്ങിനെയുള്ള പരിശോധനയുടെ ഫലങ്ങളാണെന്നറിയുമ്പോൾ ഈ തത്വാന്വേഷണത്തിന്റെ, അല്ലെങ്കിൽ ആലോചനയുടെ, മാഹാത്മ്യം വെളിപ്പെടുന്നതാണ്. എന്നാൽ ഇപ്പോൾ നമ്മുടെ ഇടയിലാകട്ടെ, സ്വന്തബുദ്ധിയെ പണയം വെച്ചു മററുള്ളവരുടെ സ്വത്ത് കടംവാങ്ങുന്നവരായിട്ടാണ് അധികവും കാണപ്പെടുന്നത്. ഒരു പകപ്പു യന്ത്രവും നമ്മുടെ ബുദ്ധിയും സൂക്ഷ്മത്തിൽ വലിയ ഭേദമൊന്നുമുണ്ടെന്നു തോന്നുന്നില്ല. സ്വന്തമല്ല എന്ന സംഗതിയിൽ രണ്ടും തുല്യംതന്നെ. അനുകരണം പല കായ്യങ്ങളിലും ഗുണകരമായിട്ടുള്ളതാണെങ്കിലും ആവശ്യത്തിലധികമായാൽ അതും വലിയ ദോഷമായിത്തീരുന്നതാണ്. ഈ സംഗതിയെക്കുറിച്ചു 'രസികരഞ്ജിനി' മാസികയിൽ ഒരെടത്തു ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

"വിദ്യാധനസമ്പാദ്യത്തിന്നും ഗ്രന്ഥങ്ങളെക്കാൾ വലുതായി ആലോചനപോലെ സഹായി മറെറാന്നുമില്ല. ഒരു വിഷയത്തെ പററി ചിന്തിപ്പാനാണ് ആദ്യം പഠിക്കേണ്ടത്. സംഭാഷണംകൊണ്ടും ഗ്രന്ഥപാരായണംകൊണ്ടും കിട്ടുന്ന മററുള്ളവരുടെ അഭിപ്രായങ്ങളെ അറിവാൻ കുന്നുകൊള്ളാം. എന്നാൽ ഇത് സ്വാഭിപ്രായകല്പനക്ക പ്രതിബന്ധമായി തീരരുത്. പെയ്ത്തുവെള്ളംകൊണ്ടുമാത്രം ...റ

യുന്ന ഒരു കുഴിപോലെയാവാതെ, നമ്മുടെ ബുദ്ധി സ്വതേ ഉറവുള്ളതായ ഒരു കിണറുപോലെയായി തീരണമെന്നാണ് ഇതിന്റെ താല്പൎയ്യം."

വളരെ സാരഗൎഭമായ ഈ ഉപദേശം നമ്മുടെ വായനക്കാർ ഉരുവിട്ടു പഠിച്ചു സദാ ഓൎമ്മവെച്ചാൽ കൊള്ളാമെന്നു മാത്രമേ ഈ വിഷയത്തിൽ എനിക്കു പറവാനുള്ളു. മേൽപ്രകാരമെല്ലാം വായനയിൽ ശ്രദ്ധവെക്കുന്നതായാൽ അല്പകാലംകൊണ്ട് അധികമായ ഫലം കിട്ടുമെന്നുള്ളതു ഒന്നുകൂടി പറഞ്ഞുകൊണ്ട് തൽക്കാലം അവസാനിപ്പിക്കുന്നു.

കാവിൽ അവിഞ്ഞിക്കാട്ട് ഭവദാസൻ ഭട്ടതിരിപ്പാട്.

—~~—

ടിപ്പുസുൽത്താനും

# ബാലന്റെ ചട്ട്ണിയും.

—

II

ബാലൻ്റെ രാജ്യതന്ത്രത്തിൽ ഏൎപ്പെട്ടത്.

— —

ടിപ്പുസ്സാഹിബിൽനിന്നു മാത്രമല്ല, കോവിലകത്തുനിന്നുതന്നെ, വേർപെട്ടിരുന്നുവെങ്കിലും ചിലപ്പോഴൊക്കെ രാജസന്നിധിയിൽ ചെല്ലേണ്ടുന്ന ആവശ്യം എനിക്കു നേരിടാറുണ്ട്. വല്ല സംഗതിക്കും ടിപ്പു എന്നെ ആളയച്ചു കോവിലകത്തേക്കു ക്ഷണിക്കുക സാധാരണയായിരുന്നു. ഇതുകൊണ്ട് എനിക്കു വളരെ സന്തോഷമല്ലാതെ ഉണ്ടാകാറില്ല. അതിനു സംഗതിയെന്താണെന്നല്ലെ; ഈ മഹാരാജാക്കന്മാരെപോലുള്ള ശക്തന്മാർക്ക് അന്യരെ സഹായിക്കുന്നതിനേക്കാൾ ദ്രോഹിക്കുന്നതിലാണ് ഇഷ്ടമെന്നു ഞാൻ നല്ലവണ്ണം അറിഞ്ഞിരുന്നു. എന്തിനാണ് എന്നെ കൂടക്കൂടെ കോവിലകത്തേക്കു ക്ഷണിക്കാറെന്ന് അറിവാൻ നിങ്ങൾക്കു അപേക്ഷ ആഗ്രഹിക്കുന്നുണ്ടായിരിക്കാം. ഒരു സംഗതി നിങ്ങൾ ഊഹിച്ചിരിക്കാനും മതി. ടിപ്പുവിന് ചട്ട്ണി ഉണ്ടാക്കിക്കൊടുക്കാനായിരിക്കുമെന്നല്ലേ നിങ്ങൾ ഊഹിച്ചത്? എന്റെ ചട്ട്ണിയെ പരിഹസിക്കുകയോ. അതുകൊണ്ടുണ്ടായ ഗുണം നിങ്ങൾ കണ്ടുവല്ലോ.

എന്നെ ക്ഷണിച്ചിരുന്ന പല സംഗതികളിൽ ഒന്നു ഞാനിവിടെ വിവരിക്കാം. ഏറവും രസകരമായതാണത്. മംഗലാപുരത്തുനിന്നു ക്രിസ്ത്യാനികളെ തടവുകാരാക്കി ശ്രീരംഗപട്ടണത്തേക്കു കൊണ്ടുവന്നിരുന്നതിന് 5 കൊല്ലം മുമ്പാണ്; ഒരു ദിവസം രാവിലെ അബ്ദുള്ളസാഹിബ് എന്റെ അടുക്കൽ വന്നിട്ട്— "യുവരാജാവ് നിങ്ങളെ കാണ്മാൻ ആഗ്രഹിക്കുന്നു. വേഗം പോയി വരൂ" എന്നുപറഞ്ഞു. എന്തിനായിരിക്കും എന്നെ കാണ്മാനാഗ്രഹിക്കുന്നതെന്നുള്ള ചോദ്യം ഞാൻസ്മരിച്ചുകൊണ്ട് അബ്ദുള്ളയുടെ മുഖത്തൊന്നു നോക്കി. എന്റെ മനസ്സിലെ വിചാരം നോട്ടംകൊ

ണ്ടു് ധരിച്ചിട്ടു് അബ്ദുള്ള ഇങ്ങിനെ പറഞ്ഞു:— "ഈ പ്രാവശ്യം നിങ്ങളെ ആവശ്യപ്പെട്ടതിന്റെ സംഗതി ഞാനും അറികയില്ല. ഒരു കാൎയ്യം തീൎച്ചയാണു്. വ്യാഘ്രം കുറെ അസ്വസ്ഥനായിട്ടുണ്ടു്. ഏതായാലും നിങ്ങൾ പോകാൻ മടിക്കേണ്ടതില്ല. നിങ്ങൾക്കു് ദോഷമൊന്നും വരില്ല; അക്കാൎയ്യം ഞാൻ ഏറ്റു." ഇതൊക്കെ കേട്ടപ്പോൾ എനിക്കു് ഉണ്ടായിരുന്നിരിക്കാൻ ഇടയുള്ള മനോവികാരം നിങ്ങൾക്കുതന്നെ ഊഹിക്കാമല്ലോ. നരിയാണു്; നരിക്കു് ദേഷ്യം പിടിച്ചിട്ടുണ്ടു്; ഞാനങ്ങട്ടു ചെല്ലണം; എനിക്കു ദോഷമൊന്നും വരില്ലെന്നു ഞാൻ അങ്ങട്ടു ചോദിക്കാതെ മിസ്റ്റർ അബ്ദുള്ള ഇങ്ങട്ടു പറയുന്നു; ഇതൊക്കെ എപ്പഴാണു്, നന്ന രാവിലെ.

ആട്ടെ, വരുന്നതു വരട്ടെ എന്നുറച്ചു ഞാൻ പുറപ്പെട്ടു. എന്റെ അവസ്ഥക്കും ഗൌരവത്തിനും അനുസരിക്കുന്ന വേഗത്തിൽ നടന്നു. കോവിലകത്തിലെ ദ്വാരപാലകർ തുടങ്ങി രാജകുമാരന്റെ അടുത്തുള്ള പരിചാരകർ വരെ അനേകം ഉദ്യോഗസ്ഥരുമായി ചോദ്യോത്തരങ്ങളും വാദപ്രതിവാദങ്ങളും മററും കഴിഞ്ഞല്ലാതെ സാധാരണ ഒരാൾക്കു് തിരുമുമ്പിൽ പ്രവേശിപ്പാൻ സാധിക്കയില്ലെങ്കിലും പഴയ പരിചയക്കാരനായ എനിക്കു് അതൊന്നും വേണ്ടിവന്നില്ല. അങ്ങിനെ ഞാൻ തിരുമുമ്പിൽ എത്തിവശായി. ടിപ്പുസ്സുൽത്താൻ മന്ദഹസിച്ചു. എന്നെ കണ്ട ഉടനെ ആറു വട്ടം മന്ദഹസിച്ചു. പിന്നെ അബ്ദുള്ളയുടെയും മകന്റെയും എന്റെയും കുശലത്തെ അന്വേഷിച്ചു. ഞാൻ അവസരോചിതം മറുപടി പറഞ്ഞു. അവസരോചിതം എന്നുവെച്ചാൽ, ചോദ്യങ്ങൾ കേട്ടാൽ വെറും മൌനമുദ്ര ധരിക്കുന്നതുതന്നെ അവക്കു് ഉത്തരമായിരിക്കുമെന്ന പൂൎണ്ണവിശ്വാസം ഇല്ലാത്തപ്പോൾ കഴിയുന്നത്ര ചുരുങ്ങിയ വാക്കിൽ മറുവടി പറഞ്ഞുവെന്നു സാരം. ഇതൊക്കെ അന്നു ഞാൻ അഭിനയിക്കേണ്ടിയിരുന്ന നാടകത്തിന്റെ പ്രസ്താവനമാത്രമേ ആയിരുന്നുള്ളു. ഒടുവിൽ എന്നെ ക്ഷണിച്ചുവരുത്തിയ സംഗതി വെളിവിലായി. നരകത്തേയും പിശാചുകളേയും സംബന്ധിക്കുന്ന വാക്കുകളും അവയുടെ പൎയ്യായങ്ങളും ധാരാളം ഉച്ചരിച്ചുകൊണ്ടും അതിലിടക്കു പല്ലുകടിച്ചും മീശ തിരുമ്മിയുംകൊണ്ടും പറഞ്ഞുതുടങ്ങി. ഇവയൊക്കെ കോടതിയിൽവെച്ചു വക്കീൽമാർ പറയാറുള്ളതുപോലെ കേവലം സംബന്ധമില്ലാത്തവയായിരുന്നുവെന്നു് എനിക്കു് അറിയാമായിരുന്നുവെങ്കിലും, പറയാൻ പോകുന്ന സംഗതിയുടെ ഗൌരവത്തെ വൎദ്ധിപ്പിക്കാനുള്ള ഒരു ഉപായമാണെന്നു ഞാൻ മനസ്സിലാക്കി. ഉപായം! ഹാ, മറിയമ്മെ, ടിപ്പുവിന് അറിഞ്ഞുകൂടാത്ത ഉപായമുണ്ടോ? ആകപ്പാടെ ടിപ്പു പറഞ്ഞതിന്റെ സാരം, ഞാൻ മഹാ സമൎത്ഥനാണെന്നും, ഹൈദരാലിയെ കാണ്മാൻ ഒരു പാതിരി വന്നിട്ടുണ്ടെന്നും, രാജ്യകാൎയ്യത്തെപ്പററി എന്തൊ സ്വകാൎയ്യം പറവാനാണു് വന്നിട്ടുള്ളതെന്നും, ഞാൻ എല്ലാ പാതിരിമാരുടേയും സേവകനായിരുന്നുവെന്നും, അതുകൊണ്ടു് പാതിരിമാരെ ചെന്നു കാണ്മാൻ ഞാനാണു് യോഗ്യനെന്നും, ഞാൻ ഉടനെ പോയി പാതിരിയെ കണ്ടു സംസാരിച്ചു് അദ്ദേഹത്തിന്റെ ആന്തരവും ആവശ്യവും അറിഞ്ഞു വരേണമെന്നും ആയിരുന്നു. ടിപ്പുസ്സുൽത്താന്റെ കോപം സമ്പാദിക്കരുതെന്നു് എനിക്കു് വിചാരമുണ്ടെങ്കിൽ ഞാൻ അപ്പോൾതന്നെ പോയി പാതിരിയെ കണ്ടു അദ്ദേഹത്തിന്റെ ആഗമ

നത്തിന്റെ രഹസ്യോദ്ദേശം മനസ്സിലാക്കി വരണം. ഈ കാൎയ്യസാദ്ധ്യത്തിന് എന്നെ ഉത്സാഹിപ്പിക്കേണ്ടതിന് ടിപ്പു എന്നെ വളരെ സ്തുതിച്ചുതുടങ്ങി. നാം ആരാണെന്നും എന്തിനു പോരുമെന്നും നല്ലവണ്ണം മനസ്സിലാക്കിയിരിക്കെ നമുക്കില്ലാത്ത ഗുണങ്ങൾ പറഞ്ഞുകൊണ്ട് അന്യൻ സ്തുതിച്ചുകേൾക്കുമ്പോളുള്ള മനോവികാരം എന്തായിരിക്കുമെന്നു ഞാൻ പറയേണ്ടതില്ലല്ലോ. ഇതാ ഒരു യുവരാജാവ് അനേകം വിശേഷണങ്ങളും ഭേദകങ്ങളും, ഭൂതം വൎത്തമാനം ഭാവി എന്നീ കാലങ്ങളിലുള്ള അനവധി ക്രിയകളും ഉപയോഗിച്ച് എന്നെഎന്റെ മുമ്പിൽവെച്ചു സ്തുതിക്കയും രാജ്യകാൎയ്യങ്ങളിൽ മേലാൽ എനിക്കു പ്രവൃത്തിക്കാനുള്ളവയെ സൂചിപ്പിച്ചു പല വാഗ്ദത്തങ്ങളും ചെയ്കയും ചെയ്യുന്നു. "സലജ്ജോഹം! സലജ്ജോഹം!!"

ആട്ടെ, ഞാൻ പുറപ്പെട്ടു; കഴിയുന്നത്ര ഭംഗിയിൽ ഉടുത്തു, കഴിയുന്നത്ര അവസ്ഥ നടിച്ചും, പാതിരിയെ കാണ്മാൻ പുറപ്പെട്ടു. ടിപ്പു ആവശ്യപ്പെട്ടപ്രകാരമുള്ള രാജ്യകാൎയ്യം സാധിക്കാൻ പക്ഷെ സാധിച്ചില്ലെങ്കിൽ സുൽത്താന്റെ കോപത്തിൽനിന്നു രക്ഷിക്കേണ്ടതിനുള്ള വഴി പാതിരി ഉപദേശിക്കാതിരിക്കയില്ലെന്ന് എനിക്കു നല്ല നിശ്ചയമുണ്ടായിരുന്നു. ഒരു കത്തോലിക്കാ പാതിരിക്ക് ഒരു വിദേശ്ശത്തു വെച്ചു വല്ല സഹായവും ചെയ്വാൻ സാധിച്ചെങ്കിൽ അതും വലിയൊരു പുണ്യമാണല്ലോ. മൈസൂർരാജ്യം വിദേശികൾക്കും മുഹമ്മദീയരല്ലാത്തവൎക്കും സുൽത്താന്മാരുടെ കീഴിൽ വളരെ സുഖമുള്ള സ്ഥലമല്ലെന്നു പ്രസിദ്ധമല്ലെ? പാതിരി താമസിക്കുന്ന മുറിയുടെ വാതില്ക്കൽ ചെന്നു നിന്നിട്ട് ഒന്നു ചുമച്ചു! ഞാൻ കണ്ടത് ഒരു കത്തോലിക്ക് പാതിരിയെ ആയിരുന്നില്ല. സാധാരണ ഉടുപ്പു ധരിച്ച ഒരു സായ്പിനെയായിരുന്നു. മേൽമീശയോ താടിയോ കനമില്ല; എന്നെ കണ്ടപ്പോൾ മന്ദഹാസമായി ഒന്നു മന്ദഹസിച്ചു, എന്റെ ആഗമനത്തിന്റെ ഉദ്ദേശത്തെക്കുറിച്ച് വളരെ വിനയത്തിലും മൎയ്യാദയിലും എന്നോടു ചോദിച്ചു. "നിങ്ങൾ ഇവിടെ എത്തിയ വിവരം ഹൈദരാലിയുടെ മകൻ എന്നോടു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് നിങ്ങളെ ഒന്നു സന്ദൎശിച്ചുപോകാൻ വന്നതാണ്" എന്നു ഞാൻ മറുപടി പറഞ്ഞു. അതിൽ പിന്നെ പല സംഗതികളെപ്പററിയും വിശേഷിച്ചു മതസംബന്ധമായ സംഗതികളെക്കുറിച്ചും ഞങ്ങൾ സംസാരിച്ചു. അദ്ദേഹം തഞ്ചാവൂരിലെ "ഷ്വാർട്ട്സ്" (Schwartz) എന്നുപേരായ ഒരു പ്രൊട്ടസ്റ്റാണ്ട് പാതിരിയായിരുന്നു.

തന്റെ കക്ഷിയിൽപെട്ടവനല്ലെങ്കിലും ഒരു ക്രിസ്തുമതക്കാരനായ എന്നെ അവിടെവെച്ചു കണ്ടതിൽ അദ്ദേഹം സന്തോഷിക്കയും ഞാൻ നിശ്ചയമായും ഒരു പ്രൊട്ടസ്റ്റാണ്ട് മതക്കാരനായി ഉടനെ "സ്നാനം സ്വീകരിക്കു"മെന്നു വിശ്വസിക്കയുംചെയ്തുകൊണ്ട് അദ്ദേഹം മൈസൂരിൽ വന്ന ആവശ്യം എന്നെ അറിയിച്ചു. മുസൽമാൻ രാജാവിനേയും അദ്ദേഹത്തെപോലെതന്നെ അനാക്ഷരകുക്ഷികളായ പ്രജകളേയും 'ദൈവവചനം' അറിയിക്കാനാണ് പാതിരി വന്നത്. സാധിച്ചെങ്കിൽ അനേക കോടി ഹിന്തുക്കളെ ക്രിസ്തുമതത്തിൽ ചേൎത്ത്, അവരെ അജ്ഞാനാന്ധകാരത്തിൽനിന്നു സംരക്ഷിക്കേണ്ടതാണ് അദ്ദേഹത്തിന്റെ ഉദ്ദേശം; അതിനാണ് അയാളുടെ ഉത്സാഹം. എന്തായാലും ഹൈദരാലിയുടെ രാജ്യത്തിൽ 'ദൈവ

വചനവിത്തുകൾ' വിതയ്ക്കാൻ ശ്രമിക്കുന്നതിനു മുമ്പിൽ വിത്തിന്റെ ഗുണവും നിലത്തിന്റെ സ്ഥിതിയും നല്ലവണ്ണം ആലോചിക്കേണ്ടത് ആവശ്യമാണെന്നു ഞാൻ പാതിരിയെ ധരിപ്പിച്ചു. എന്റെ അഭിപ്രായത്തെ സ്ഥിരപ്പെടുത്തേണ്ടതിന് എനിക്കുണ്ടായിരുന്ന ഒരു അനുഭവത്തെ ഞാൻ വിവരിച്ചു കേൾപ്പിച്ചു. അത് ഞാൻ നിങ്ങളോടു പറയാം. 'ഒരിക്കൽ ഞാൻ ശ്രീരംഗപട്ടണത്തിൽ ഒരു റോഡിന്മേൽക്കൂടി നടക്കുകയായിരുന്നു. അപ്പോൾ ഒരു മുസൽമാൻ എന്റെ അടുക്കൽ വന്നിട്ട് എന്റെ മതമെന്താണെന്നും മററും ചോദിച്ചു. ഞാൻ ക്രിസ്ത്യാനിയാണെന്നറിഞ്ഞപ്പോൾ എന്നെയും എന്റെ മതത്തെയുംപററി ശകാരിച്ചു തുടങ്ങി. തർക്കം മൂത്തു. ഒടുവിൽ ക്രിസ്തുമതത്തിനുവേണ്ടി ജീവനെ ത്യജിച്ച 'രക്തസാക്ഷി'കളുടെ എണ്ണം പറവാൻ എന്നോടു ആവശ്യപ്പെട്ടു. അത് എന്റെ തലയിലുള്ള രോമത്തേക്കാൾ അധികമുണ്ടായിരിക്കുമെന്നു ഞാൻ മറുപടി പറഞ്ഞു. എന്നാൽ അതെത്രയാണെന്ന് എനിക്കൊന്ന് അറിയേണമെന്നു പറഞ്ഞ് എന്റെ തലയിലെ രോമങ്ങൾ പിടിച്ചു പറിക്കാൻ തുടങ്ങി. എനിക്ക് ആദ്യം ചിരിയാണ് വന്നത്. രണ്ടാമതെ വേദന അറിഞ്ഞുള്ളൂ. വേദന അറിഞ്ഞതോടുകൂടിത്തന്നെ കോപവും ഉണ്ടായി. പട്ടാണിയുടെ തലപ്പാവ് പൊന്തിച്ചുനോക്കിയപ്പോൾ തന്റെ തലക്കും ആകാശത്തിനും മദ്ധ്യത്തിൽ ഒരൊററ രോമം കണ്ടില്ല. അതുകുറവു തീർക്കാനും അതിലധികവും താടിയിന്മേലുണ്ട്. ഞാൻ താടിയിന്നു പിടിച്ചു, ശക്തിയോടുകൂടി ഒരു വലിവലിച്ചു. കുറെ നേരത്തേക്കു വിട്ടില്ല. "രക്തസാക്ഷി"കളുടെ സംഖ്യയെപ്പററി പട്ടാണിക്ക് ഏകദേശമൊരു ജ്ഞാനം ഉണ്ടായിരിക്കുന്നുവെന്നു അവന്റെ നിലവിളികൊണ്ട് ബോദ്ധ്യം വന്നതിനുശേഷമേ വിട്ടുള്ളൂ."

എന്റെ ഈ കഥ കേട്ടപ്പോൾ പാതിരി ചിരിച്ചു. വളരെ ചിരിച്ചു. രണ്ടാമതും എന്നെക്കൊണ്ടു കഥ പറയിച്ചു. അതു തന്റെ ഡയറിയിൽ ചേർക്കേണ്ടതിനു കുറിച്ചെടുക്കുകയും ചെയ്തു.

ഇങ്ങിനെയുള്ള സംഭാഷണങ്ങളൊക്കെ മുറക്കു നടന്നെങ്കിലും ടിപ്പുവിന്റെ ആവശ്യം സാധിച്ചില്ല. പാതിരി വെറും പാതിരി തന്നെയോ, വല്ല രാജ്യതന്ത്രജ്ഞനൊ, ഒററുകാരനൊ ആണോ? മൈസൂർ രാജ്യഭരണത്തെയും സൈന്യബലത്തെയും "കോട്ടകൾ കിടങ്ങുകൾ കൊത്തളം പുറത്തളം" മുതലായവയെയും കണ്ടറിവാൻ വന്നതാണോ, എന്നും മററുമുള്ള വിവരത്തെപ്പററി യാതൊന്നും അറിവാൻ എനിക്കു സാധിച്ചില്ല. ഒടുവിൽ ഞാനൊരു ഉപായമെടുത്തു. മദിരാശി ഗവർമ്മെണ്ടും മൈസൂർ സുൽത്താനും തമ്മിലുള്ള സംബന്ധത്തെപ്പററി പ്രസ്താവിക്കുകയും പാതിരിസായ്വിന്റെ വരവിന്റെ രഹസ്യോദ്ദേശ്യം കോവിലകത്ത് അറിയുമെന്നു സൂചിപ്പിക്കുകയും ചെയ്തു. ടിപ്പുവിന്റെ ആവശ്യം നിവൃത്തിക്കേണ്ടതിനു ഞാൻ ചെയ്ത ഈ വിദ്യ വളരെ ഭംഗിയിലായില്ലെന്ന് എനിക്കു ബോദ്ധ്യമുണ്ട്. പക്ഷെ ഞാനതു പറഞ്ഞ മാതിരിയും, അതിൽ പ്രദർശിപ്പിച്ച കളങ്കഹീനതയും സത്യവാനായ പാതിരിക്കു നന്നാ ബോധിച്ചിരിക്കുന്നു. എനിക്കു രാജ്യകാര്യങ്ങളിൽ ഉള്ള പരിചയത്തെപ്പററി അദ്ദേഹം വിസ്മയിക്കുന്നതായി എന്നെ അറിയിച്ചു. താൻ വന്നത് ഇരുകക്ഷികളിലും സ്നേഹവിശ്വാസങ്ങൾ വർദ്ധിപ്പിക്കേണ്ടതിനു മാത്രമാണെന്നു

ന്നു ഖണ്ഡിച്ച വാക്യം ഹൈദരാലിക്കു സമാധാനവും പ്രജകളിൽ സൗഭാഗ്യവും മാത്രമാണ് താൻ ഉദ്ദേശിച്ചതെന്നു വേദ പുസ്തകങ്ങളിലെ അനേകം വാക്യങ്ങളും കഥകളും ഉദ്ധരിച്ചുകൊണ്ട് പ്രസ്താവിക്കുകയും ചെയ്തു.

ഒടുവിൽ ഞാൻ സലാംപറഞ്ഞു യാത്രയായി. എന്നെ ഏല്പിച്ച കാൎയ്യം ഞാൻ എത്രമേൽ സാധിച്ചിരിക്കുന്നുവെന്നതിനെപ്പററി ടിപ്പു എന്തു വിചാരിക്കുമൊ എന്നു വളരെ ഭയപ്പെട്ടുകൊണ്ട് ഞാൻ നടന്നു. അപ്പോൾ ടിപ്പു എവിടെ ഉണ്ടായിരിക്കുമെന്ന് എനിക്കറിയാം. ഞാൻ അവിടെക്കു തിരിച്ചു. അന്നു ടിപ്പു അതിസമൎത്ഥനായ ഒരു യുവരാജാവായിരുന്നു. പിന്നീടാണ് ഭയങ്കരനായ ഒരു വ്യാഘ്രമായി തീൎന്നത്. ഞാൻ ചെല്ലുമ്പോൾ ആ യുവരാജാവിന്റെ നിലയിലല്ല, വളൎന്നുവരുന്ന ഒരു വ്യാഘ്രത്തിന്റെ മാതിരിയിലായിരുന്നു അദ്ദേഹത്തിന്റെ മുറിയിൽ അങ്ങുമിങ്ങും നടന്നുകൊണ്ടിരുന്നതായി കാണപ്പെട്ടത്. എന്നെ കണ്ട നിമിഷത്തിൽ ആ "വ്യാഘ്രത്വം" അടക്കി, മനസ്സിൽ വളരെ ജിജ്ഞാസയുള്ള സ്വഭാവം പ്രത്യക്ഷപ്പെടുത്തി. എനിക്കു പറവാനുള്ളതൊക്കെ ക്ഷണത്തിൽ പറഞ്ഞുകഴിച്ചു. അതുകൊണ്ടു താൻ തൃപ്തിപ്പെട്ടോ ഇല്ലയോ എന്നൊന്നും താൻ പറഞ്ഞില്ല. സ്വഭാവത്തിൽ നിന്നു അതു മനസ്സിലാക്കാനും സാധിച്ചില്ല. ഏതായാലും ഒരു കാൎയ്യം തീൎച്ചയായിരുന്നു. ഹൈദരും മിസ്റ്റർ ഷ്വാർട്ട്സും തമ്മിൽ എത്ര തന്നെ സ്നേഹവിശ്വാസങ്ങളുണ്ടായിരുന്നാലും ടിപ്പുവിന്റെ ഹൃദയത്തിൽ ഒരു ഭയങ്കരകൃത്യം ചെയ്യാനുള്ള ആഗ്രഹവും അതിനുള്ള നിശ്ചയവും ദൃഢമായി പതിഞ്ഞുകിടന്നിരുന്നു. (തുടരും)

മൂൎക്കോത്ത് കുമാരൻ.

---

# പ്രദോഷമാഹാത്മ്യം

(ഒന്നാം സൎഗ്ഗം)

കഞ്ജലോചനനിജാഭ്യുദമാറുമരവൃന്ദപ-
വൃതകുമാരിയാം
കഞ്ജരേന്ദ്രസമഗാമിനിമണിയൊടൊത്തു
തൻരജതപൎവ്വതേ
രഞ്ജിതാഭവിലസന്നനൽ'കുസുമമഞ്ജരി'
നിചയശോഭകൊ-
ണ്ടഞ്ജസാലളിതമാംലതാഗൃഹമമൎന്നിടും
ഹരനമോസ്തുതേ!. 1

അദോഷമെല്ലാക്കുമണച്ചിടുന്നു
പ്രദോഷമാകുംവ്രതമോദമായി
നിദാനമായിങ്ങിതനുഷ്ഠചെയ്തോർ
മുദാഭവൽപാദമണഞ്ഞിടുന്നു. ൨

ശിവങ്കരൻപൎവ്വതപുത്രിനാഥൻ
ശിവൻപ്രസാദിച്ചിതുനോല്പവൎക്ക്
ശിവംതരുന്നുഹരജായയാകും
ശിവക്കുമേററംപ്രിയമിവ്രതംപോൽ. ൩

വിനഷ്ടമോദാലിതുഭക്തിപൂൎവ്വ-
മനുഷ്ഠചെയ്താനൊരുരാജപുത്രൻ
അവനുസൌഖ്യത്തെഗിരീന്ദ്രപുത്രീ
ധവൻകൊടുത്താനതുമോതിടാംഞാൻ. ൪

സർവ്വരാലുമഭിപൂജിതനായി-
ട്ടുർവ്വഭക്തിയൊടു'സത്യരഥാ'ഖ്യൻ
ഉർവ്വരാപതി'വിദർഭ'പുരത്തെ
ഗർവ്വമെന്നിയെ ഭരിച്ചിതുമുന്നം. 5
ഭാര്യമാർവളരെയുണ്ടന്നൃപാല-
ന്നാര്യമാർന്നവരപുത്രികളായി
കാര്യകാരണവിചാരമൊടന്നാ-
ചാര്യസന്തതിയുററിതുഭൂപൻ. 6
ഇപ്രകാരമവനീതലമന്നാ-
ള്സുപ്രസന്നമതികാത്തുവസിക്കെ
സപ്തിക്ഷസമനാമവിടേക്ക-
ന്നേതവിച്ചുപെരുതായൊരുതാപം. 7
പുത്രസന്തതിലഭിച്ചതുമില്ലാ
വൃത്രവൈരിസമനാം നൃപനന്നാൾ
പുത്രിമാരുമവിടെക്കളവായി-
ല്ലത്രശോകമതുമൂലവുമായി. 8
ക്ഷോണിപാലകുലവര്യനിവണ്ണം
താണിടാതരുജയോടുവസിക്കെ
ഏണലോലമിഴിയാമൊരുനല്ലാ-
ർവ്വേണിസുന്ദരിധരിച്ചിതുഗർഭം. 9
വാർത്തയേവമതറിഞ്ഞുധരിത്രീ-
ശോത്തമൻ ഹൃദികുതൂഹലമന്നു
ചിത്തതാരിലതിയായുളവായോ-
രത്തലൊക്കെയുമകന്നുസുഖിച്ചാൻ. 10
ശക്തനാകിയൊരുസത്യരഥൻ തൻ
കീർത്തികേട്ടുടനസൂയമുഴുത്തു
ശത്രുസൈന്യമൊടു'സാല്വ'നൃപൻവ-
ന്നെത്തി'കുണ്ഡിന'പുരേപൊരുതീടാൻ. 11
വീരരാമരികൾതന്റെപുരത്തിൽ
പോരിനായഥനിരന്നൊരുനേരം
മാരവൈരിസമനായവിദർഭൻ
ഘോരസംഗരമതിന്നുമുതിർന്നാൻ. 12
ദണ്ഡധാരിസമരാകിയവൈരി
മണ്ഡലത്തൊടെതിരിട്ടൊരുനേരം
ചണ്ഡവിക്രമമെഴുന്നൊരു'സാല്വൻ'
കുണ്ഡിനേശനെഹനിച്ചിതുകഷ്ടം! 13

ഭൂപവീരനെവധിച്ചൊരുസാല്വ-
ഭൂപനന്നുകരയേറിപുരത്തിൽ
ഭീപരംഹൃദിവളർന്നവിദർഭ-
ഭൂപതിപ്രിയകളെത്തിവനാന്തേ. 14
വാർത്തകേട്ടളവുഗർഭഭരത്താ-
ലാർത്തയാകിയൊരുഭൂപതിപത്നി
ചിത്തദുഃഖമുദരത്തിലെഴുംതൻ
പുത്രനോടുമവിടന്നുഗമിച്ചു. 15
വാമദേവനെനമിച്ചുമനസ്സിൽ
വാമലോചനനടന്നിതുമന്ദം
കോമളാംഗികദനംസഹിയാഞ്ഞ-
ത്താമരാക്ഷികൾകരഞ്ഞുനനച്ചു. 16
തെല്ലുചെന്നളവുരാജ്ഞികണ്ടിതു
ഫുല്ലപത്മനിരയാൽസുശോഭിതം
നല്ലവാപിയതിനന്തികത്തില-
ന്നല്ലൽപൂണ്ടുടനിരുന്നുസുന്ദരി. 17
പ്രസൂതികാലത്തിനടുത്തു കുന്ദ-
പ്രസൂനതുല്യാംഗിയതാമരാജ്ഞി
വസിച്ചകാന്താരതടാകസീമ്നി
ലസിച്ചിടുന്നോരുലതാഗൃഹത്തിൽ. 18
നരനാഥനുള്ളതരുണിക്കൊരുത്തമൻ
വരബാലനന്നുളവിജാതനായഹോ
ചിരമായസുകൃതിജയേറുരാജ്ഞിനി-
ർദ്ദാഹമെത്തിസലിലാന്തികസ്ഥലേ. 19
ബലമേറിടുന്നവരനക്രരാജനാ
ജലജാക്ഷിതാക്ഷിമണിയായരാജ്ഞിയെ
ഛലമാനസത്തൊടവനുള്ളസത്വമാം
ജലരാശിതന്നിലലിവറ്റുതാഴ്ത്തിനാൻ. 20
ധരയിൽപിറന്നൊരരനാഴികക്കുമേൽ
ചരമത്തിലെത്തിജനയിത്രിയെങ്കിലും
നരനാഥമൌലിമണിതന്റെബാലകൻ
പരിതോഷമോടുസുഖനിദ്രതേടിനാൻ. 21
ചരമാദ്രിയിങ്കൽരവിയസ്തമിച്ചുഭു-
വനമുള്ളപുത്രനുണരുന്നതില്ലഹോ
ചിരമാക്കുമാരതനുശോഭകാണുവാൻ
പരമാഗ്രഹിച്ചുശശിയെത്തിവാനിലും. 22

പുലി,പന്നി,പാമ്പു,നരി,യെന്നമിത്തരം
പലജാതിദുഷ്ടവനജന്തുസംകുലം
ബലമാനസതപമുടനേവെടിഞ്ഞുഭ്ര-
കുലജാതബാലസവിധത്തിലെത്തിനാർ. 23
ഭ്രമമോടമന്നവനജന്തുവൃന്ദമാ-
ക്കമനീയകാന്തികലരുംകുമാരനേ
കമലാധവൻ്റെകളിയോർത്തുകൊണ്ടുക-
ണ്ണിമയാതെയുള്ളമിഴിയാലെനോക്കിനാർ.
നിജതാതനമ്മമികവുള്ളബന്ധുസ-
ദ്വ്രജരക്ഷയൊന്നുമിയലാത്തബാലനിൽ
അജനാദ്യനന്നുപരിരക്ഷണത്തിന-
ങ്ങജമാദിജന്തുനിവഹത്തെയാക്കിനാൻ. 25
ശശിയസ്തമിച്ചുനിശതൻസമാപ്തിയിൽ
കുശയെത്തിരഞ്ഞുനടകൊണ്ടുതാപസർ
പിശുനവ്രജത്തൊടൊരുമിച്ചുകോകിലം
കുശലസ്ഥലത്തിലണയുന്നമെല്ലവേ 26
ഒരുവത്സരത്തിലിയലുംവളച്ചിയൊ-
ത്തൊരുബാലനോടുമൊരുഭൂസുരാംഗന
നരപാലബാലസവിധത്തിലെത്തിയ-
ന്നരമാക്ഷമാരതനവൊന്നുനോക്കിനാൾ. 27
'ഇവനേതുബാലനിഹവംശമേതുതാൻ
ഭുവിജാതനായിദിനമൊന്നുചെന്നവൻ
ശിവകഷ്ടമിന്നുസമനാംകുമാരനി-
ന്നവശതയോടുസുഖനിദ്രചെയ്യുവോൻ. 28
പലദുഷ്ടജന്തുകുലമുള്ളകാട്ടിലി-
ന്നലസാത്തുറങ്ങുമൊരുസാധുബാലകൻ
കുലശുദ്ധിയേറുമൊരുസാധ്വിപുത്രനോ?
കുലടാജനത്തിലുളവായതെന്തലോ? 29
ദയനീയനായശിശുവേവെടിഞ്ഞുനി-
ർദ്ദയരായതാതജനയിത്രിമാർകളും
അതിനാലിവന്നുജനനീപദത്തിലി-
ന്നതിമോദമോടുമിഹഞാനണഞ്ഞിടാം.'
സതിമൗലിയുള്ളിലിദമോർത്തുകൊണ്ടുമാ-
ക്ഷിതിനാഥപുത്രനവനേയെടുത്തുടൻ
സ്ഥിതിചെയ്തിടുമ്പൊഴുതുദൈവഭക്തനാം
യതിവര്യനേകനവളോടുചൊല്ലിനാൻ. 31
'ക്ഷിതിദേവപത്നി! ചെറുപൈതൽതന്നെ (നിൻ
സുതനോടുമൊത്തരിയായ്‌വളർത്തുക
ചതിയല്ലപൈതലിതിനാൽഗുണംവരും
സതിമാർകുലത്തിനൊരുമൗലിമാലികേ!'
അവനിസുരൻ്റെമൊഴികേട്ടുസാധ്വിയാ
നവനീതചോരസമനാംകുമാരനേ
ഭവനേനയിച്ചുനിജപുത്രനോടുമ-
ന്നവനീധവൻ്റെസുതനേവളർത്തിനാൾ.
ധനമില്ലതെല്ലുമവിടത്തിലെങ്കിലും
ദിനവുംപ്രയത്നമതുകൊണ്ടുപുഷ്ടിയായ്
തനയദ്വയത്തൊടൊരുമിച്ചുസന്തതം
വിനയത്തൊടങ്ങുനിവസിച്ചുസുന്ദരി. 34
ക്ഷിതിപാലസൂനുവിനു'ധർമ്മഗുപ്ത'നെ- (ന്നും
ന്നതുപോൽസ്വപുത്രനു'ശുചിവ്രത'നാഖ്യ
ചിതമോടുമേകിമതിമുഖ്യഭക്തയാം
ക്ഷിതിദേവപത്നിയതിമോദപൂർവ്വകം. 35
കമലാവരൻ്റെമികവേറിടുന്നൊരാ-
ക്കമനീയകാന്തികലരുന്നൊരമ്പലാ
വിമലാംഗിയായൊരവനിസുരാംഗന
കമനീഗൃഹത്തിനരികത്തിലാണഹോ. 36
ദിനവുംപ്രഭാതസമയേകുളിച്ചുതൻ
തനയദ്വയത്തൊടൊരുമിച്ചുബ്രാഹ്മണി
അനഘൻമുകുന്ദനമരുംഗൃഹാന്തമി-
ങ്ങണയുന്നഭക്തരണിയുന്നതാംഗിയാൾ.

(പ്രദോഷമാഹാത്മ്യം ഒന്നാംസർഗ്ഗം സമാപ്തം)

തെക്കേക്കുന്നത്തു കല്യാണിക്കുട്ടിയമ്മ.*

* ഈ ഗ്രന്ഥകർത്രിക്കു പതിനഞ്ചു വയസ്സ് പ്രായമേ ആയിട്ടുള്ളൂ

# ൧. എടച്ചേന കുങ്കൻെറ പരാക്രമങ്ങൾ

## വെങ്കാട്ടിലെ പോരാട്ടം.

---

II



ഇന്നു ഞാൻ പറവാൻ പോകുന്ന സംഭവം മുതല്ക്കാണ് ശക്തൻ തമ്പുരാനും ഞാനുമായി വളരെ സ്നേഹ വിശ്വാസത്തിലായത്. ഈ സംഭവം എനിക്കല്ലാതെ വേറെ ഒരു ജീവിക്കും നിശ്ചയമില്ല. നിങ്ങൾ പഴശ്ശിതമ്പുരാനെപ്പററിയും അവിടത്തെ നടവടിയെപ്പററിയും പലതും കേട്ടിരിക്കാം. പക്ഷെ ഞാൻ പറയുന്നതൊക്കെ എൻെറ കണ്ണുകൊണ്ടു കണ്ടതും ചെവികൊണ്ടു കേട്ടതുമായ സംഭവങ്ങളാണ്. ഇതിൻെറ വാസ്തവസ്ഥിതിയെപ്പററി തർക്കിപ്പാൻ നിങ്ങൾക്കാർക്കും ന്യായമില്ല.

കോട്ടയം കോവിലകത്തുനിന്നു ദത്തനായി വരാളായിരുന്നു 1793-ൽ കുറുമ്പ്രനാട്ടെ വലിയ തമ്പുരാനായിരുന്നത്. ഈസ്റ്റിന്ത്യാകമ്പനിക്കാർ മലയാളക്കരയിൽ കച്ചവടത്തിന്നു വന്നതു മുതൽ ആദ്യവസാനം ഒരുപോലെ എപ്പോഴും അവരെ സഹായിച്ചുകൊണ്ടിരുന്ന കോവിലകക്കാരുണ്ടെങ്കിൽ അതു കോട്ടയം കോവിലകക്കാർ മാത്രമായിരുന്നു മൈസൂർ സൈന്യങ്ങൾ കമ്പനിക്കാരുടെ തലശ്ശേരി കോട്ട പിടിപ്പാൻ പലപ്പോഴും ശ്രമിച്ചിട്ടുണ്ടെങ്കിലും അപ്പോഴൊക്കെ സൈന്യങ്ങളെ അയച്ച് കോട്ടയത്തു തമ്പുരാൻ കമ്പനിക്കാരെ സഹായിച്ചതായും ഈ വക ഉപകാരങ്ങൾക്കു പ്രത്യുപകാരം അവസരം വരുമ്പോൾ ചെയ്തുകൊടുത്തുകൊള്ളാമെന്നു കമ്പനിക്കാരോടു വാഗ്ദത്തം എഴുതിവാങ്ങിയതായും റിക്കാർട്ടുകളാൽ തന്നെ കാണാം. കാര്യം ഒക്കെ ഇങ്ങിനെയായിരുന്നുവെങ്കിലും കുറുമ്പ്രനാട്ടെ ദത്തൻ തമ്പുരാൻ കോട്ടയത്തെ വലിയതമ്പുരാൻെറ അധികാരവുംകൂടെ കിട്ടേണമെന്ന് അവകാശം പുറപ്പെടുവിച്ചപ്പോൾ എൻെറ പൊന്നുതമ്പുരാനെ കമ്പനിക്കാർ വിസ്മരിച്ച് കോട്ടയം കുറുമ്പ്രനാട് ഈ രണ്ടു രാജ്യങ്ങളിലെയും മേല്ക്കോയ്മ അധികാരം കുറുമ്പ്രനാട്ടേക്കു കൊടുക്കുകയാണ് ചെയ്തത്. ഒരു ദത്തന് കുഡുംബത്തിലെ മുതലിന്നും അധികാരത്തിന്നും അവകാശമില്ലെന്ന തത്വം കമ്പനിക്കാർ അറിയാഞ്ഞിട്ടോ അല്ല അസാമാന്യപുരുഷനായ ശക്തൻതമ്പുരാനെ അധികാരം കൊടുത്ത് അടുത്ത് ഇരുത്തുന്നതു നല്ലതല്ലെന്നു വെച്ചോ എന്തോ കമ്പനിക്കാർ ഈ കാട്ടിയ കൃതഘ്നത എൻെറ തമ്പുരാൻെറ ഉള്ളിൽ നന്നെ തട്ടിയിരുന്നു. അന്നുമുതൽ കമ്പനിക്കാരെ തമ്പുരാൻ വിശ്വസിച്ചിട്ടില്ല. ഈ സംഭവങ്ങൾ കഴിഞ്ഞതുമുതൽ രണ്ടായിരവും മൂവായിരവും നായന്മാർ എപ്പോഴും ശക്തൻതമ്പുരാൻെറ കൂടെ ഉണ്ടായിരുന്നു. തമ്പുരാൻെറ ഈ സൈന്യങ്ങളുടെ കൂട്ടത്തിൽ കൂട്ടാളി, പാടനാട്, പാവശ്ശേരി, വെള്ളിയമ്പ്ര, മൂലക്കുന്നു, ഗന്നവം, മണത്തണ, കണ്ണവം, ശിവപുരം, പഴശ്ശി, കണ്ടകുന്ന, വിനായി, നിട്ടൂർ, കതിരൂര് മുതലായ പ്രദേശങ്ങളി

ലെ പോരാളികൾക്കും തലയാളികൾക്കും പുറമെ, വയനാട്ടിൽനിന്നു മൂപ്പെയനാട് പയ്യൂർ യജമാനന്റെ കീഴിൽ ഞങ്ങൾ 500 നായന്മാർ തമ്പുരാന്റെ പടമുഖത്തു വാൾക്കാരായും പയസ്സിയിൽ വന്നു താമസിക്കയായിരുന്നു. മുണ്ടും ഇടക്കച്ചയും കെട്ടി കസ്സിട്ടും മെയ്യിട്ടുമുള്ള ഞങ്ങൾ തമ്പുരാന്റെ സൈന്യങ്ങളുടെ കൂട്ടത്തിൽ കുറെ പ്രമാണികൾ തന്നെയായിരുന്നു. പടയാളിയിൽനിന്നു പൊന്തി, തലയാളിയായി അന്ന് ഒരു രക്ഷാപുരുഷന്റെ സ്ഥാനമാണ് എനിക്കു കല്പിച്ചുകിട്ടിയിരുന്നത്. സചിവന്മാരും, യജമാനന്മാരും, ചങ്ങാതങ്ങളും ഒക്കെ എന്റെ മേല്പോട്ടുള്ളവരായതുകൊണ്ട് എന്റെ കിടയിൽ ഉള്ളവക്കൊന്നും തിരുമുമ്പിൽ കടന്നുകൂടി സേവിപ്പാൻ യാതൊരു മാർഗ്ഗവുമുണ്ടായിരുന്നില്ല. തമ്പുരാനെ തൃപ്തിപ്പെടുത്തുവാൻ എന്തെങ്കിലും ഒരു അവസരം കിട്ടുമെന്നുവെച്ചു ഞാൻ ക്ഷമിച്ചുകൂടുകയായിരുന്നു. അങ്ങിനെ ഇരിക്കുമ്പോൾ ഒരു അവസരവും കിട്ടി.

1793-ലാണ്. ഞാനും എന്റെ കൂട്ടാളികളിൽ ചിലരും കൂടി പയസ്സിക്കോട്ടയിൽ ഒരു അകത്തിരുന്നു 'നായും പുലിയും' കളിക്കയായിരുന്നു. അങ്ങിനെയിരിക്കുമ്പോൾ ഞങ്ങളുടെ നായകനായ പല്ലൂര് എജമാനൻ വാതിലും തുറന്ന് അകത്തേക്കു കടന്നു. വയനാട് നായന്മാരുടെ ഇടയിൽ ഇത്ര യോഗ്യനായ ഒരാൾ അന്ന് ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്നുവേണ്ടി എന്തു ചെയ്വാനും ഞങ്ങൾ ഒക്കെ ഒരുക്കമായിരുന്നു. അതുപോലെ തന്നെ ഞങ്ങളോടു അദ്ദേഹത്തിന്നുള്ള സ്നേഹവും അളവററതായിരുന്നു. പല്ലൂര് എജമാനൻ അകത്തു കടന്നു. 'കുങ്കനുണ്ടൊ ഇവിടെ' എന്നു ചോദിച്ചു. ഞാൻ കൂടി ഒപ്പം ഉണ്ട് എന്നു മറുവടി പറഞ്ഞു.

പ- എ— നിങ്ങൾ എല്ലാവരുംകൂടി നില വിളിക്കണ്ട. കുങ്കാ, ഇവിടെ വരൂ. നീ ഇന്നു നാലുമണിക്കു തിരുമുമ്പാകെ ചെന്നു കാണേണമെന്നു കല്പിച്ചിരിക്കുന്നു.

ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ ഞാൻ നില്ക്കുന്ന സ്ഥലമൊക്കെക്കൂടി വട്ടത്തിൽ തിരിയുന്നുണ്ടെന്നു എനിക്കു തോന്നി. ഞാൻ ചുമരോടു ചാരിനിന്നിട്ടില്ലെങ്കിൽ തലതിരിഞ്ഞു വീഴുമായിരുന്നു.

"തമ്പുരാനോ!" എന്ന് ആശ്ചര്യത്തോടെ ഞാനും "അതേടൊ" എന്നു ചിരിച്ചുംകൊണ്ട് എജമാനനും മറുവടി പറഞ്ഞു

ഞാൻ— 'കുങ്കൻ എന്ന ഒരുവൻ അവിടത്തെ ആശ്രിതന്മാരുടെ കൂട്ടത്തിൽ ഉണ്ടെന്നു തമ്പുരാന് നിശ്ചയമില്ലല്ലൊ. അവിടുന്ന് എന്തിനാണ് എന്നെ കാണേണമെന്നു കല്പിക്കുന്നത്?

പ- എ:— അതുതന്നെയാണ് എനിക്കും നിശ്ചയമില്ലാത്തത്. നല്ല ഒരു വാൾക്കാരന്റെ സഹായം വേണമെന്നു തിരുമനസ്സിലേക്കുണ്ടെങ്കിൽ പടമുഖത്തു വാൾക്കാരായ നിങ്ങളുടെ തലവനായ എന്നെ കല്പിച്ചു വിളിക്കാമായിരുന്നു. അതെന്തെങ്കിലും ആയിക്കൊട്ടെ. ഓരോരുത്തൎക്ക് ഓരോ അവസരം. എനിക്കും ചില അവസരങ്ങൾ കിട്ടീട്ടുണ്ട്. അല്ലെങ്കിൽ നിങ്ങളുടെ യജമാനൻ ഞാൻ എങ്ങിനെയായി. അതുകൊണ്ട് എനിക്കു കുങ്കന്റെ നന്മയിൽ അസൂയയല്ല. ഈ അവസരം വെറുതെ കളയണ്ട.

എന്നും പറഞ്ഞ് പല്ലൂർ എജമാനൻ കോവിലകത്തേക്കു പോയി. മണി രണ്ടു കഴിഞ്ഞു. ബാക്കി രണ്ടു മണിക്കൂർ സമയം എങ്ങിനെയാണ് കഴിച്ചുകൂട്ടിയതെന്നു എനിക്ക് പറവാൻ വയ്യ. എന്തിനാണിശ

രാ! തമ്പുരാൻ എന്നെ വിളിക്കുന്നത്, കോട്ടയത്തുകാരായ ചില പോരാളികളുമായി ചില പോരാട്ടമൊക്കെ ഞാൻ ഇതിനിടെ നടത്തിയിരുന്നു. ഈ കാൎയ്യം അറിഞ്ഞ് എന്നെ ശാക്ഷിച്ചു ചെയ്യാനായിരിക്കുമൊ? എന്തൊ എന്നൊക്കെയുള്ള വിചാരം കൊണ്ടു ഞാൻ അന്ധനായി കുറെ നേരം കഴിച്ചു. പല്ലൂർ എജമാനൻ പറഞ്ഞ വാക്കുകൾ ഓൎക്കുമ്പോൾ ആവക സംശയത്തിന്നൊന്നും വഴിയില്ലെന്നു പിന്നെ സമാധാനിച്ചു.

ഞാൻ നാലു മണിക്ക് അല്പം മുമ്പായി കൊട്ടാരത്തിൽ എത്തി. അവിടെ കനോത്ത് നമ്പ്യാര്, കല്യാട്ട നമ്പ്യാര്, നാരങ്ങോളി നമ്പ്യാര്, മുതലായ പ്രമാണികളും പല്ലൂർ എജമാനനും പുറത്തിരുന്നു മുറുക്കുകയാണ്. എന്നെ കണ്ടപ്പോൾ തന്നെ "ഇതാണ് എന്റെ കുങ്കൻ" എന്നു പല്ലൂർ എജമാനൻ കനോത്ത് നമ്പ്യാരോടു പറഞ്ഞു. ഞാൻ വേഗം ഓഛാനിച്ചു നിന്നു.

കനോത്ത് നമ്പ്യാര:—കുങ്കനെ എന്തിനാണ് തിരുമുമ്പാകെ വിളിക്കുന്നതെന്നു എമർനായര് (പല്ലൂര് എജമാനന്റെ പേര് ഇതാണ്) പറഞ്ഞുകൊടുത്തിട്ടുണ്ടൊ?

പ: എജമാനൻ:—എനിക്കും കാൎയ്യം എന്താണെന്നു മനസ്സിലായിട്ടില്ല. ഇന്നു രാവിലെ കുറുമ്പ്രനാട്ടിൽ നിന്ന് ആരൊ ഒരു എഴുത്ത് തൃക്കയ്യിൽ കൊണ്ടുകൊടുത്തിരുന്നു. അപ്പോൾ ഞാനും തിരുമുമ്പാകെയുണ്ടായിരുന്നു. ആ കത്ത് വായിച്ചതിന്നു ശേഷം അരമണിക്കൂർ തമ്പുരാൻ സ്തംഭിച്ച് ഇരിക്കയായിരുന്നു.

കനോത്ത് നമ്പ്യാര:—നിങ്ങളോ

പല്ലൂര് എജമാനൻ:—ഞാനും എന്താണ് ചെയ്യേണ്ടതെന്നറിയാതെ മിണ്ടാതെ നിന്നു. കുറച്ചു കഴിഞ്ഞപ്പോൾ തമ്പുരാൻ എന്റെ നേരെ തിരിഞ്ഞ് "എമന്റെ ആൾക്കാരിൽ സമൎത്ഥനായിട്ടു വല്ലവനും ഉണ്ടോ" എന്നു കല്പിച്ചു ചോദിച്ചു. അവരൊക്കെ സമൎത്ഥരാണ് തിരുമേനി എന്നു ഞാനും പറഞ്ഞു. "അവരുടെ കൂട്ടത്തിൽ നിന്നു വിശ്വസിപ്പാൻ തക്കവണ്ണം ഒരുവനെ പ്രത്യേകം ഒരു കാൎയ്യത്തിന്ന് ഏല്പിക്കേണ്ടിവന്നാൽ എമാൻ ആരെയാണ് തെരെഞ്ഞെടുക്കുക." എന്നു കല്പിച്ചു ചോദിച്ചു. അങ്ങിനെ ഒരുവനുണ്ട്. എന്തിന്നും പോന്നോനാണ്. മദ്യത്തിലും സ്ത്രീവിഷയത്തിലും അല്പം പ്രത്യേകത ചിലപ്പോൾ കാണിക്കാറുണ്ടോ എന്നേ അടിയന്നു സംശയമുള്ളു. "വിരോധമില്ല. അവനെക്കൊണ്ട് എനിക്ക് ഒരാവശ്യമുണ്ട്. അവനെ നാലുമണിക്ക് ഇങ്ങട്ടയക്കു." എന്നു കല്പനയുമായി.

പല്ലൂർ എജമാനന്റെ ഈ സംഭാഷണം വിശേഷിച്ച് എന്നെക്കുറിച്ചു തിരുമനസ്സറിയിച്ചത് എനിക്ക് അത്ര പിടിച്ചില്ലെന്നു പറയേണ്ടതില്ലല്ലോ. എന്നെപ്പററി "സ്ത്രീയും മദ്യവും" എന്നു പറഞ്ഞ ദിക്കിൽ പ്രമാണികൾ എല്ലാവരുംകൂടി എന്റെ മുഖത്തുനോക്കി ചിരിച്ചപ്പോൾ ഞാനും ഒന്നു പരുങ്ങലിലായി.

കനോത്തനമ്പ്യാര്:— കാൎയ്യം ഒക്കെ ശരി തന്നെ. കുങ്കനോടു തിരുമുമ്പാകേ പോകുന്നതിന്നുമുമ്പായി രണ്ടുവാക്ക് എനിക്കു പറവാനുണ്ട്. തമ്പുരാന്റെ അന്തൎഗ്ഗതം എന്താണെന്ന് അവിടത്തെ പ്രധാനവിശ്വസ്ഥന്മാരും ആശ്രിതന്മാരുമായ ഞങ്ങൾക്കുതന്നെ വിവരമില്ല. കുങ്കൻ ഒരു സിംഹത്തോടു കളിക്കാനാണ് അകത്തേക്കു പോകുന്നതെന്നു മനസ്സിലാക്കിക്കോ. കോട്ടയത്തുകോവിലകത്തേക്കു അപമാനം വരുന്ന കാൎയ്യത്തിൽ തല

യിടല്ലേ. എന്നുമാത്രമേ എനിക്കു പറവാനുള്ളൂ. ഞങ്ങടെ ഇവിടത്തന്നെയുണ്ടാവും. കല്പിച്ച വിവരമൊക്കെ ഞങ്ങളോടു വിട്ടുപോവാതെ വന്നുപറയണം. നാലുമണി എന്നുപറഞ്ഞാൽ നാലുമണിക്കു തിരുമുമ്പാകെ ചെന്നില്ലെങ്കിൽ കങ്കന്റെ തല പിന്നെ എവിടെയാണെന്ന് അന്വേഷിക്കേണ്ടിവരും. വേഗം തിരുമുമ്പാകെ പൊയ്ക്കോളൂ.

ഞാൻ വേഗം അകത്തുകടന്നു മുകളിൽ കയറി പള്ളിയറവാതുക്കലേക്കു പോയി. പള്ളിയറക്കാരൻ കൈക്കേരി അന്തു തിരുമനസ്സറിയിക്കലും എന്നെ പള്ളിയറയിലേക്കു കടത്തിവിടലും കഴിഞ്ഞു. ഞാൻ ശക്തൻതമ്പുരാനെ പല ദിക്കിൽ വെച്ചിട്ടും കണ്ടിട്ടുണ്ടെന്നു മാത്രമല്ല. പതിമൂന്നു കൊല്ലംമുമ്പെ അവിടത്തെ ചെറുപ്പത്തിൽ തലശ്ശേരി കപ്പലിറങ്ങുമ്പോഴും കണ്ടിട്ടുണ്ട്. എന്നാൽ മുഖാമുഖമായി നോക്കിനില്പാൻ ഇതുവരെ ഇടയായിട്ടില്ല. ഇരുനിറത്തിൽ തടിച്ച ആജാനുബാഹുക്കളോടുകൂടിയ അവിടത്തെ കറുത്തു ഉരുണ്ട കണ്ണുകൊണ്ടു ഒരു നോക്കുനോക്കിയാൽ മുട്ടുകുത്തിവീഴാത്തവർ ഉണ്ടോ.?. എഴുന്നള്ളി ആട്ടുകട്ടിലിന്മേൽ ഇരിക്കയാണ്. ഒരു ഗ്രന്ഥസ്ഥൻ എന്തോ എഴുതുന്നുണ്ട്. എന്നെ കണ്ടപ്പോൾ അല്പാ സന്തോഷത്തോടെ ഒന്നുനോക്കി. ഞാൻ കൈക്കൂട്ടി തൊഴുതു വായ്പൊത്തി പൊത്തിനിന്നു.

"ഇപ്പോൾ എഴുതിയതൊക്കെ മതി. പുറത്തേക്കുപോ. എനിക്കു വേറെ അല്പം കാര്യമുണ്ട്." എന്നു കല്പിച്ചപ്പോൾ ഗ്രന്ഥസ്ഥനും പള്ളിയറക്കാരനും ഒക്കെ പുറത്തേക്കു പോയി. തിരുമനസ്സുകൊണ്ടു എന്നെ ആപാദചൂഡം ഒന്നുനോക്കി.

തമ്പുരാൻ:—കങ്കൻ എന്നാണ് പേര് അല്ലേ. താൻ എന്റെ വാൾക്കാരുടെ ഇടയിൽ സമർത്ഥനായ ഒരുവനാണെന്നു എമൻ പറകയുണ്ടായി.

ഞാൻ ഉചിതമായ ഒരു മറുവടി തിരുമനസ്സുണർത്തിക്കേണമെന്നു ആലോചിച്ചു ആലോചിച്ചു പല്ലൂർ എജമാനന്റെ "പെണ്ണും മദ്യവും" എന്ന ദിക്കിൽ എത്തിയപ്പോൾ ഭ്രമിച്ചു വല്ലാതെയായി.

തമ്പുരാൻ:—ഒന്നു— തന്നെക്കൊണ്ട് എനിക്ക് ഒരു കാര്യം നിവൃത്തിക്കേണ്ടതുണ്ട്. ധൈര്യശാലികളും ശക്തിമാന്മാരും ഇവിടെ ധാരാളം ഉണ്ട്. "പക്ഷെ" എന്നു പറഞ്ഞു തമ്പുരാൻ ആ വാചകം പൂർത്തിയാക്കാതെ അവസാനിപ്പിച്ചുകളഞ്ഞു. "തിരുമനസ്സിലേക്കുവേണ്ടി ജീവനെ കളവാൻ അടിയൻ ഇപ്പോൾ ഒരുക്കമാണ്." എന്നൊക്കെ ഞാൻ എന്തൊക്കെയോ "പായ്യാരം" പറഞ്ഞു. അതൊന്നും അവിടത്തെ ചെവിട്ടിൽ പോകുന്നില്ല.

തമ്പുരാൻ:—കങ്കൻ നല്ല വാൾക്കാരനാണ് അല്ലേ.

ഞാൻ:—റാൻ. ഒരുവിധമൊക്കെ പഠിച്ചിട്ടുണ്ട്.

തമ്പുരാൻ:—പയ്യോർമ്മലയിൽവെച്ചു കഴിഞ്ഞ ഓണക്കാലം നടത്തിയ പോരാട്ടത്തിൽ വയനാട്ടുകാരൊക്കെക്കൂടി കങ്കനെയല്ലേ മത്സരപരിക്ഷക്കയച്ചത്.

ഞാൻ:—അടിയന്റെ ചങ്ങാതികൾ അടിയനെ അപ്രകാരം ബഹുമാനിക്കയുണ്ടായിട്ടുണ്ട്.

തമ്പുരാൻ:—കങ്കൻ ഇവിടെ വന്നതിന്നുശേഷം എത്ര പ്രാവിശ്യമാണ് എന്റെ കോട്ട കാവൽക്കാരായ വിഡ്ഢന്മാരെ രാത്രി തെണ്ടാൻ പുറത്തുവിടായ്കയാൽ ബുദ്ധിമുട്ടിച്ചിട്ടുള്ളത്.

ഞാൻ:— ചില വിഷ്ഠിതപങ്ങൾ അടിയൻ ഒന്നുരണ്ടു തവണ പ്രവൎത്തിച്ചുപോയിട്ടുണ്ട്.

തമ്പുരാൻ:— കുങ്കന്റെ യോഗ്യതകൾ എന്റെ പടയാളികളോടല്ല കാണിക്കേണ്ടത്. ഈ സമ്പ്രദായമൊന്നും ഞാൻ സമ്മതിക്കയില്ല. കുറുമ്പ്രനാട് രാജാവ്, ഈസ്റ്റിന്ത്യാകമ്പനി, മാറക്കൽ ഹൈദർ, ടിപ്പുസുൽത്താൻ, പോരെങ്കിൽ കടകരും— ഇവരൊക്കെ നാലുഭാഗത്തുനിന്നും എന്നെ നശിപ്പിക്കാൻ ശ്രമിക്കുന്നു. നിങ്ങളൊക്കെ തമ്മിൽതല്ലി മരിക്കാൻ തുടങ്ങിയാൽ എന്താണ് എന്റെ ഗതി. കുങ്കനെപററി ഇനി ഇങ്ങിനെവല്ല ആക്ഷേപവും ഇവിടെ എത്തിയാൽ—

എന്നുപറഞ്ഞു കണ്ണൊന്നുരുട്ടിയപ്പോൾ എന്റെ ദേഹം ആസകലം ഒന്നു വിയൎത്തു കുലിച്ചുപോയി. ചെറുപ്പക്കാരനും ജനങ്ങളുടെ തലവനായിരിപ്പാൻ പ്രത്യേകം യോഗ്യതയുള്ളാളും ആയ ഈ പൊന്നുതമ്പുരാൻ ഇരുപതു കൊല്ലംമുമ്പു ജനിച്ചിരുന്നുവെങ്കിൽ കേരളം ഇന്നു ആരാണ് ഭരിക്കുക എന്നു എനിക്കു നല്ല നിശ്ചയമുണ്ട്. കുറേ നേരത്തേക്കു തമ്പുരാൻ ഒന്നും കല്പിച്ചില്ല. സഹിപ്പാൻ കഴിയാത്ത ദ്വേഷ്യം അവിടുത്തെ മനസ്സിൽ കിടന്നു കളിക്കുന്നുണ്ടെന്നു എനിക്കു മനസ്സിലായി.

തമ്പുരാൻ:— അതൊക്കെ പോകട്ടെ. കുങ്കനെകൊണ്ട് ഇന്നു എനിക്കു ഒരു കാൎയ്യം സാധിപ്പാനുണ്ട്. വാളിന്റെ പ്രയോഗം നല്ലവണ്ണം അറിയുന്ന ഒരുവനാണ് എനിക്കു ആവശ്യം. അതിന്നായിട്ടാണ് കുങ്കനെ വരുത്തിയത്. കാൎയ്യം വളരെ ഗോപ്യമാണ്. നാമല്ലാതെ വേറെ ആരും അറിയരുത്.

ഇപ്പോഴാണ് എനിക്കു പല്ലൂര് എജമാനന്റെയും കനോത്ത് നമ്പ്യാരുടെയും സംഭാഷണം ഓൎമ്മവന്നത്. ഞാൻ "കല്പിക്കുംപോലെ" എന്നു പറഞ്ഞു.

തമ്പുരാൻ:— ഒന്നാമത് കുങ്കന്റെ അഭിപ്രായവും ഊഹവും ഒന്നും എനിക്ക് ആവശ്യമില്ല. ആ പണിയൊക്കെ ഞാൻ കഴിച്ചുകൊള്ളാം. തന്റെ വാളുകൊണ്ടുള്ള പ്രവൃത്തിയാണ് എനിക്കു വേണ്ടത്. തലച്ചോറുകൊണ്ടുള്ള പ്രവൃത്തി എനിക്കു ആവശ്യമില്ല. പറഞ്ഞതു പ്രവൎത്തിക്കുക. എങ്ങിനെ— മനസ്സിലായോ.

ഈ കല്പനക്കും ഞാൻ തലതാഴ്ത്തി കല്പിക്കുംപോലെ എന്നു മറുവടി പറഞ്ഞു.

തമ്പുരാൻ:— വെങ്കാട്ടിലെ ആൽത്തറ കുങ്കൻ കണ്ടിട്ടുണ്ടോ? ഇതിനിടെ അവിടെ വെച്ചു ഒന്നുരണ്ടുപേരെ കഴുവിന്മേൽ കയററിയതു കുങ്കനു ഓൎമ്മയില്ലേ.

ഞാൻ:— ഈ സ്ഥലം നല്ലവണ്ണം അറിയും. നാലുദിവസംമുമ്പെ കോട്ടയത്തങ്ങാടിക്കാരൻ ഒരു മാപ്പിളയെ കഴുവിന്മേൽ കയററിയതു അടിയന്നു നല്ല ഓൎമ്മയുണ്ട്.

തമ്പുരാൻ:— നല്ലത്. അവിടെ ഇന്നു രാത്രി 10 മണിക്കു ആയുധപാണിയായി കുങ്കൻ ഉണ്ടായിരിക്കണം. ഞാൻ അവിടെ ഉണ്ടായിരിക്കും. നാം തമ്മിൽ അവിടെ വെച്ചു ഒന്നും സംസാരിക്കരുതു. അവിടെ നിന്നു ഒരു ദിക്കിലേക്കു ഞാൻ പോകും. കുങ്കൻ മിണ്ടാതെ കൂടെ എന്റെ ദേഹരക്ഷകനായി പോരണം. കുറച്ചു കഴിഞ്ഞാൽ ഒന്നോ രണ്ടോ ആൾ അവിടെ വരും. ഞാനും അവരുമായി സംസാരിച്ചു ഒടുവിൽ ലൌകികത്തിൽ പിരിവാനല്ല ഭാവം. എന്നു കണ്ടാൽ അവരെ രണ്ടു പേരേയും ജീവനോടെ മടക്കി അയക്കരുത്. ഞാനും കുങ്കനെ സഹായിക്കാം.

ഞാൻ:— ഇതൊക്കെ കേട്ട അമ്പരന്നുപോ

യി. അതെന്തൊരു കഥയാണപ്പാ, രണ്ടുമൂന്നാളോടു പൊരുതാനൊക്കെ അടിയൻ തന്നെ മതി. അതുകൊണ്ടല്ല തിരുമനസ്സുണർത്തുന്നത് തിരുമേനി! ഈ അപകടത്തിൽ ചാടുന്നതിനു പകരം അടിയൻ ഒരു വാൾക്കാരനെയും രാത്രി കൂടെ കൂട്ടുകയല്ലേ നല്ലത്.

തമ്പുരാൻ:—എടാ, ഞാൻ രാജാവാണെങ്കിലും ഒരു വാൾക്കാരനും കൂടിയാണ്. കുഞ്ഞൻ അതു മനസ്സിലാക്കിട്ടില്ലായായിരിക്കാം. തന്റെ അഭിപ്രായങ്ങളൊന്നും എനിക്കു ആവശ്യമില്ലെന്നു ഞാൻ മുമ്പു തന്നെ പറഞ്ഞില്ലേ. ഞാൻ പറയും പോലെ പ്രവൃത്തിക്കു. വാൾ പ്രയോഗിക്കേണം എന്നു തീർച്ചയാക്കിയാൽ പിന്നെ അവർ രണ്ടുപേരും ജീവനോടെ മടങ്ങി പോകരുത്.

ഞാൻ:—ഒരു കാലത്തും അവർ മടങ്ങി പോകയില്ല തിരുമേനി!

"എന്നാൽ കുഞ്ഞൻ ഇപ്പോൾ പൊയ്ക്കോളൂ" എന്നു കല്പിക്കയും ഞാൻ പള്ളിയറയിൽ നിന്നു പുറത്തേക്കു കടക്കുകയും ചെയ്തു. അപ്പോൾ തന്നെ എനിക്കു ഒരു കാര്യം ഓർമ്മ വന്നു പള്ളിയറക്കുള്ളിൽ വീണ്ടും കടന്നു.

ഞാൻ:—ഈ കാര്യത്തെ പറ്റി ആലോചിക്കുന്തോറും അടിയനു തോന്നുന്നത്.

ഞാൻ ഈ വാചകം പൂർത്തിയാക്കുന്നതിനു മുമ്പായി തമ്പുരാൻ ആട്ടുകട്ടിലിന്മേൽ നാഗിയെപ്പോലെ എന്റെ നേരെ ഒരു ചാട്ടം ചാടി.

തമ്പുരാൻ:—നീ ആലോചിക്കുന്നു! നിന്നോടു ആലോചിപ്പാൻ ആരാണ് ആവശ്യപ്പെട്ടിട്ടുള്ളത്! ഓ! ഹൊ! നീ ആലോചനക്ക് വലിയ കേമൻ തന്നെ! നിന്റെ ആലോചനാശക്തി അറിഞ്ഞിട്ടാണ നിന്നെ ഞാൻ ഇവിടെ വരുത്തിയതെന്നു വിചാരിക്കുന്നുണ്ടോ? പറഞ്ഞപോലെ രാത്രി വെങ്കാട്ടിൽ വരണം ഇപ്പോൾ പോവാം.

ഇതൊക്കെ കല്പിച്ചു തീരുമ്പോഴേക്ക് ഞാൻ ഒരോ അടി പിന്നോക്കം നടന്നു പള്ളിയറയിൽ നിന്നു പുറത്ത് എത്തിക്കഴിഞ്ഞിരിക്കുന്നു. അപ്പോഴെ എനിക്ക് ആയുസ്സ് കുറച്ചു കൂടിയുണ്ടെന്നു വിശ്വാസം വന്നുള്ളൂ. ഞാൻ വേഗം കൊട്ടാരത്തു നിന്നു പുറത്ത് എത്തി. പപ്പട് എജമാനനും കുന്നോത്ത് നമ്പ്യാരും അവിടെ എന്നെ കാത്ത് നില്ക്കുന്നുണ്ടായിരുന്നു. "എന്തൊക്കെയാണ് വർത്തമാനം" എന്നു ചോദിച്ചു രണ്ടാളും എന്നെ വന്നു വളഞ്ഞു. "ഒന്നുമില്ല" എന്നു ഞാൻ മറുപടി പറഞ്ഞു. "തമ്പുരാൻ ഒന്നും സംസാരിച്ചില്ലേ" എന്നായി പിന്നത്തെ ചോദ്യം. "ചിലതൊക്കെ സംസാരിച്ചു" എന്നു ഞാൻ. "കേൾക്കട്ടെടൊ പറയൂ. എന്താണ് കല്പിച്ചത്" എന്നായി എന്റെ എജമാനന്മാർ.

ഞാൻ:—എല്ലാം ഗോപ്യമായി വെക്കേണമെന്നു പ്രത്യേകം കല്പിച്ചിട്ടുള്ളതുകൊണ്ടു എനിക്കു അതൊന്നും നിങ്ങളോടു പറവാൻ വയ്യ.

കുന്നോത്ത് നമ്പ്യാര്:—തമ്പുരാന്റെ വിശ്വസ്തന്മാരായ ചങ്ങാതങ്ങളായ ഞങ്ങളോടു പറയരുതെന്നു "ഗോപ്യം" എന്നതിൽ അർത്ഥമില്ല. ഞങ്ങൾ അറിഞ്ഞാൽ തന്നെ ഈ കാര്യം വേറെ ഒരാൾ അറിയുന്നതുമല്ല.

ഞാൻ:—വേഗം പള്ളിയറയിൽ പോയി ചോദിച്ചാൽ ചങ്ങാതങ്ങളായ നിങ്ങൾക്കു ഇതൊക്കെ അറിയാമല്ലോ. എന്നെ എന്തിനു അവിശ്വസ്തനാക്കുന്നു.

ഇതു പറഞ്ഞപ്പോൾ നമ്പ്യാർക്ക് സ്വ

മാന്ദ്യത്തിലധികം ദേഷ്യം വന്നു. ഈ എജമാനന്മാൎക്കു കോവിലകത്തുള്ളവരൊക്കെ ചൊല്പടിക്കു നില്ക്കുന്നവരാണ്. പോരെങ്കിൽ ഒരു വാല്യക്കാരൻ മുഖത്ത് നോക്കി ഇങ്ങിനെ പ്രത്യുത്തരം ഉടനടി പറഞ്ഞതു വളരെ അധികപ്രസംഗമായി തോന്നി. ഒടുവിൽ പട്ടേർ എജമാനൻ "കങ്കൻ പറയുന്നതു ശരിയാണ്. അവനോടു നാം തിരക്കി ചോദിക്കുന്നത് തെററാണ്" എന്നും പറഞ്ഞു നമ്പ്യാരുടെ കയ്യും പിടിച്ചു പോയി.

ഒന്നും ആലോചിക്കേണ്ടതില്ലെന്നും ആ പണി താൻ കഴിച്ചുകൊള്ളാമെന്നും തമ്പുരാൻ കല്പിച്ചിട്ടുണ്ടെങ്കിലും രാത്രി എന്തൊക്കെയാണാവോ വരാൻ പോകുന്നതെന്നുള്ള ആലോചന തന്റെ മനസ്സിൽ കടന്നു വല്ലാതെ കളിച്ചു. എന്തിനു അധികം പറയുന്നു. രാത്രി പത്തുമണി കൃത്യത്തിനു ഞാൻ വാളൊക്കെ നല്ലവണ്ണം വൃത്തിയാക്കി അരക്കു കച്ചയും മുറുക്കിക്കെട്ടി വെങ്കാട്ടിൽ യാത്രയായി.

വെങ്കാട്ടിൽ ആൽത്തറക്കൽ എത്തിയപ്പോൾ അവിടെ തമ്പുരാൻ എഴുന്നള്ളിക്കഴിഞ്ഞിരിക്കുന്നു. കുറേശ്ശ ചന്ദ്രികയുള്ളതുകൊണ്ട് അവിടുത്തെ എനിക്കു നല്ലവണ്ണം കാണാമായിരുന്നു. അവിടുന്നു മുട്ടോളം എത്തുന്ന ഒരു വില്ലീസ്സ് കുപ്പായം ഇട്ടിട്ടുണ്ട്. തലയിൽ ഒരു മഞ്ഞത്തിൻ തൊപ്പിയും ഇട്ടിട്ടുണ്ട്. എന്തോ ഒരു ആയുധം കയ്യിൽ പിടിച്ചിട്ടും ഉണ്ട്. ഞാൻ നാലഞ്ചു വാര ദൂരെ മാറിനിന്നു. ഒരക്ഷരം പോലും എന്നോടു മിണ്ടിയില്ല. ഒന്നും സംസാരിക്കരുതെന്നല്ലേ നിശ്ചയം. അവിടുന്നു മുമ്പോട്ടു നടന്നു. ഞാനും പിന്നിൽ അല്പം ദൂരെ വിട്ട് വാളും കയ്യിൽ പിടിച്ചു നടന്നു. കുറെ നടന്നപ്പോൾ ഞങ്ങൾ വേറെ ഒരു ആൽത്തറക്കൽ എത്തി. പറഞ്ഞപോലെ തന്നെ രണ്ടാൾ അവിടെ ഇരിക്കുന്നുണ്ടായിരുന്നു. ഇവരിൽ ഒരുവൻ ഒരു മാപ്പിളയും മറെറ ആൾ ഒരു നായരുമാണെന്നു എനിക്കു വേഗം മനസ്സിലായി. ഞാൻ തമ്പുരാന്റെ അടുത്തുകൂടി അവർ രണ്ടുപേരും ഞങ്ങൾ രണ്ടുപേരും മുഖത്തോടുമുഖം നോക്കി അല്പം നിന്നു. ഇവർ ടിപ്പു സുൽത്താനെന്നും, നെപ്പോളിയനെന്നും, കുരുമ്പ്രനാട്ടു അണ്ണനെന്നും ഒക്കെ പറഞ്ഞുതുടങ്ങി. ഒടുവിൽ ചതിയൻ എന്നും കള്ളനെന്നും ദുഷ്ടനെന്നും ഒക്കെ പറഞ്ഞുതുടങ്ങി. ഞാൻ ഇതിന്റെ ഒക്കെ അൎത്ഥം ആലോചിക്കുന്നതിനിടക്ക് മാപ്പിള ഒരു കഠാരംകൊണ്ടു തമ്പുരാന്റെ ഹൃദയത്തിൽ ഒരു കുത്ത് കുത്തുകയും തമ്പുരാൻ താഴെ വീഴലും കഴിഞ്ഞു.

എന്റെ ഈശ്വരാ! എന്റെ സ്ഥിതി പിന്നെ എന്താണ്. ഞാൻ ഇതു കണ്ടുംകൊണ്ടു സ്തംഭിച്ചു മരിച്ചുപോയില്ലല്ലോ എന്നാണ് വിചാരിക്കാറ്. ഞാൻ വാളുകൊണ്ടു മാപ്പിളയുടെ കഴുത്തിൽ വെട്ടി അവനെ രണ്ടു കഷ്ണമാക്കിയതും മറെറയാളുടെ നേരെ വാളുംകൊണ്ടു ഓടിയതും ഒപ്പം കഴിഞ്ഞു. നായർ ഓടി. ഞാനും പിന്നാലെ ഓടി. കാട്ടിൽ കൂടി ഏതാണ്ട് രണ്ടു വിളിപ്പാട് ഓടിയപ്പോൾ ഞാൻ വിടുന്നതല്ലെന്നു നായൎക്കു മനസ്സിലായി. പിന്തിരിഞ്ഞു നിന്നു ദ്വന്ദ്വയുദ്ധമായി. നായരെ കൊല്ലുവാൻ എനിക്കു അധികം അദ്ധ്വാനം ഉണ്ടായില്ല. എന്റെ മനസ്സൊക്കെ തമ്പുരാൻ വീണുകിടക്കുന്ന ദിക്കിലേക്കാണ്. അവിടെക്കു ഓടി എത്തി. കഷ്ടം! തമ്പുരാൻ ഒരു ഭാഗം മാപ്പിള വേറെ ഒരു ഭാഗം വീണുകിടക്കുന്നു. തമ്പുരാന് ജീവനുണ്ടോ എന്നു നോക്കി. എനിക്കു ഇതെല്ലാം പറയുമ്പോൾ തന്നെ ഉള്ളത് കയറുന്നു. തമ്പുരാൻ മരിച്ചു വി

മറിയിരിക്കുന്നു! ഞാൻ ഇനി ജീവിച്ചിരുന്നിട്ടു എന്താണ് പ്രയോജനം. പല്ലൂർ എജമാനനും കനോത്ത് നമ്പ്യാരും ഈ വിവരം അറിഞ്ഞാൽ പിന്നെ എന്റെ ഗതി എന്താണ്. കല്പിച്ചപോലെ രണ്ടാളെയും ഞാൻ ജീവനോടെ വിട്ടില്ല. അതുകൊണ്ടായൊ ഞാൻ ശത്രുക്കളുടെ ഭാഗം നിന്നു തമ്പുരാനെ കൊല്ലിച്ചുവെന്നു വരികയില്ലെ. ആത്മഹത്യ ചെയ്തു തമ്പുരാനോടൊപ്പം മരിക്കതന്നെ എന്നു തീച്ചപ്പെടുത്തി. അതിന്നു വട്ടംകൂട്ടുമ്പോൾ

പിന്നിൽനിന്നു:—കുങ്കന്റെ പരാക്രമങ്ങൾ എന്തൊക്കെയാണ്. മറി അധികമായി വല്ലതും പാറിയൊ.

ഈ ശബ്ദം എന്റെ തമ്പുരാന്റേതായിരുന്നു. തമ്പുരാന്റെ പ്രേതം എന്നോടു സംസാരിക്കയാണെന്നു ഞാൻ തീച്ചയാക്കി. തിരിഞ്ഞു നോക്കുവാൻ തന്നെ എനിക്കു ധൈയ്യമുണ്ടായില്ല. എങ്കിലും തിരിഞ്ഞു നോക്കി. ആശ്ചര്യം! എന്റെ തമ്പുരാനുണ്ട് ചിരിച്ചുംകൊണ്ടു എന്നെ കടാക്ഷിച്ചുംകൊണ്ടു എന്റെ പിന്നിൽ നില്ക്കുന്നു.

തമ്പുരാൻ:—നീ ഒരുവനെ കൊന്നിട്ടുണ്ട്. ഇതു ആ മാപ്പിളയുടെ ശവമല്ലെ. മറേറവനൊ.

ഞാൻ:—മറേറവനേയും അല്പം അപ്പുറത്ത് വെച്ചു ഞാൻ കൊന്നിരിക്കുന്നു.

തമ്പുരാൻ:—എന്ത്! കുങ്കൻ രണ്ടാളെയും കൊന്നുവെന്നോ. എന്നുംപറഞ്ഞു തമ്പുരാൻ എന്റെ ചുമലിൽ ഒരു കൈവെച്ചു. അപ്പൊഴാണ് തമ്പുരാന്റെ സ്ഥൂലശരീരംതന്നെയാണ് ഞാൻ കാണുന്നതെന്നു തീച്ചയാക്കിയത്. ഇതെന്തൊരു മായമാണ്. ഈ ചത്തു കിടക്കുന്നതാരാണ്. എന്റെ തെയത്തെൻ ഭഗവതി ഞാൻ വല്ലാതെ പരുങ്ങലിലായി.

തമ്പുരാൻ:—ചങ്ങാതി ഞാൻ പ്രേതവും മററുമല്ല. കഷ്ടംഇവൻ ഇന്നലെ കുങ്കൻപള്ളിയറയിൽകണ്ട കസ്തൂരിഅമ്പുവാണ്. നല്ല വിശ്വസ്തനായിരുന്നു അവൻ എന്റെ വേഷം നല്ലവണ്ണം കെട്ടി. ഓരോ യോഗം എന്നല്ലാതെ എന്താണ് പറയേണ്ടത്. ഇനി കുങ്കനെക്കൊണ്ട് ഇപ്പോൾ കാൎയ്യമൊന്നുമില്ല. പോയി അല്പം കിടന്നുറങ്ങാം.

എന്നും പറഞ്ഞു ഞങ്ങൾ മടക്കമായി വഴിയിൽവെച്ചു തമ്പുരാൻ

കുറുമ്പ്രനാട് അണ്ണനും ആലിരാജാവുംകൂടി ഈസ്റ്റിന്ത്യാകമ്പനിക്കാക്കുവേണ്ടി എന്നെ കൊല്ലുവാൻ ശ്രമിക്കുന്നത് വളരെ കാലമായി. ഫ്രെഞ്ചുരാജാവ്, നെപ്പോളിയൻ, ടിപ്പുസുൽത്താനും, കമ്പനിക്കാരോടു യുദ്ധത്തിന്നു ഒരുങ്ങുന്നുണ്ടെന്നും അതിൽ എന്റെ സഹായം വേണമെന്നും അതിലേക്കു കാൎയ്യംപറഞ്ഞു ശട്ടംചെയ്യാൻ പാലിയംവീട്ടിൽ ചന്തുവും താലിയാകട്ടിയാലിയും എന്നെ കാണ്മാൻ വരുമെന്നും കാൎയ്യം വളരെ ഗോപ്യമായ സ്ഥലത്തുവെച്ചു സംസാരിച്ചു തീച്ചയാക്കേണമെന്നും മററും കാണിച്ചു ഇന്നു രാവിലെയാണ് എഴുത്തു കിട്ടിയത്. വെങ്കാട്ടിലെ കുഴവിന്മേൽ ഇന്നാ മാപ്പിളമാരുടെ ശവം തൂങ്ങുന്നുണ്ട്. ആ കള്ളന്മാക്കും കോട്ടയം രാജ്യാധികാരം കൈവശമാക്കാൻ അത്യാൎത്തിയോടെ നില്ക്കുന്ന കുറുമ്പ്രനാട് അണ്ണനും എന്നെ കൊന്നു സുഖമായിരിപ്പാൻ വലിയ മോഹമുണ്ട്. അവക്കു കമ്പനിക്കാരുടെ സഹായം നില്ക്കുന്നു. കമ്പനിക്കാരെ ഇത്ര കൃതഘ്നന്മാരാണെന്നു ഞാൻ മുമ്പു അറിഞ്ഞിരുന്നുവെങ്കിൽ.........................എന്നു പറഞ്ഞു അവിടെ സംസാരംഅവസാനിപ്പിച്ചു. കാൎയ്യം ഒക്കെ എനിക്കു മനസ്സിലായി. പക്ഷെ മനസ്സിലായി എന്നു പറവാൻ പാടുണ്ടോ. എനിക്ക് മനസ്സ് എന്നു ഒന്നു ഇല്ലെന്നും ആലോചന പാടില്ലെന്നുമല്ലെ കല്പിച്ചിട്ടുള്ളു. എങ്കിലും ഈ സംഭവം കഴിഞ്ഞതു മുതൽ ഞാൻ തമ്പുരാന്റെ ചങ്ങാതങ്ങളിൽ ഒരാളായി

എം. ആർ. കെ. സി.

# ദ്രൗപദീസ്വയംവരം

പ്രബന്ധം തുടച്ച്

——

പ്രകടിതവതിവാമേപ്യംഖരേഖാംകടാക്ഷേ
ഗുണകഷണകളങ്കം ദക്ഷിണേ ചപ്രകോ
(ഷ്ടേ
അഭിമുഖമഭിയാതേ സവ്യസാചീതിശങ്കാ
ക്ഷണമജനിനൃപാണാ മപ്രസംഗസ്ഥി-
(രോദ്ഭൂൽ 86
പ്രത്യക്ഷാംഭോജനാണാംവചരിപൂതനായം
തത്രരംഗാധിരൂഢം
പ്രത്യഗ്രോത്സൃക്യലോലം ദ്രുപദകുലശിഖാ-
മഞ്ജരിസാകുമാരി
ഉദ്യന്നിക്കങ്കലാമംഗലമരതകമാലാ
മണിഞ്ഞാൾതദാപ- (കൊ
ണ്ടാത്തുംമാലാപ്പൂർണ്ണത്തിന്നിനിയപൊഴുതു-
ങ്ങിടിനാളെന്നപോലേ. 87
ഭക്ത്യാചാപംവലംവെച്ചുപചിതവിനയം
തത്രമോദേനകമ്പ-
ട്ടുത്തുംഗാത്മാമഹീയസ്സ്വയമഥകലവി
ല്ലങ്ങെടുത്താച്ചിമെല്ലെ
ബാഹോല്ലാസംകലച്ചാനണിപവഴിതൊട്ട
വലിച്ചാൻമുറിച്ചാൻ (ത്താൻ
ചിത്രാകാരഞ്ചലക്ഷംത്വപട്ടതിപട്ടധിയാ-
മഗ്രണീരപ്രയാസം. 88
ഉരവഹിതമീക്ഷണേവികൃഷ്ടേ
ധനുഷിധനഞ്ജയഇത്യബോധിഭിഷ്മഃ
യുഗപദിഷുവ്'സജ്ജനേഷ്വപോസൌ
പരിദലിതെവിദ്ധരോവിവേദലക്ഷേ. 89
ആളിപ്പൂതാംകഞ്ചനപഞ്ചവർണ്ണം
കേളിശുകംപക്ഷപുടേസ്പൃശന്തീ
പാണ്ഡോസ്സുതാഃപഞ്ചവരാമമേതി
രാജന്യലോകായനിവേദയന്തീ. 90
വിലോലലക്ഷംപ്രസമീക്ഷ്യകൃഷ്ണാ
പാർത്ഥസ്യശക്രപ്രതിമംവിലോക്യ
ആദായശുക്ലാംവരമാല്യദാമം
ജഗാദകന്ത!സ്വതുൽസ്മരന്തി 91
വേലാതീതാനുഭാവാപ്രകടിതഭുജവി-
ര്യംമഹാത്മാനമേനം
ബാലാകൃഷ്ണാതദാനീമുപചിതകുതുകം
വീക്ഷ്യമന്ദാക്ഷലോലം
ലീലാമന്ദംതദാരണ്ടടിനതമുഖിമു
ന്നോക്കിയൊന്നനടന്നാൾ
മാലാംപാർത്ഥസ്യകണ്ഠേനിജഭുജലതികാ-
ശ്ലേഷമാസൂത്രയന്തീ. 92
വിബുധകരവിമുക്താപുഷ്കരാൽപുഷ്പവൃഷ്ടിഃ
പുരജനനയനാനാൽബാഷ്പവൃഷ്ടിഃപ്രമോ
(ദാൽ
നൃപഗണറിപുകരാഗ്രാൽശസ്ത്രവൃഷ്ടിസ്തദാനീം
സമജനിമഹനീയേപ്രസ്തുതേമാല്യദാനേ. 93
കണ്ടുതച്ചരിതമത്ഭുതംദ്രുപദ
പുത്രനാദരവശാലുടൻ
കൊണ്ടുവന്നമണിതേർകരേറി
നിഭൃതംകരേറിനിജവല്ലഭാം
ചണ്ഡവേഗമഥതേർകിടാക്കിന
വൃകോദരേണസമമുദ്യതേ
ഗന്തുമിന്ദ്രതനയേസരോഷമതി
ചുക്ഷുഭേനൃപമഹാജാലം 94

ഗദ്യം— തദനുനരവരാഃ സസംഭ്രമഗൃഹീതായുധാഃ കോപഭാരാരുണദാരുണേക്ഷണാഃ ക്ഷണേനൈവ കഷ്ടമൂഢജനമൂർദ്ധാഭിഷിക്ത ഏവായം ദ്രുപദരാജഃ യേനാസ്മാസ്വസ്വസൈധർമ്മാന്വേഷു കന്യൈകചിൽ വിപ്രവടവേ ധന്ന്യേയം കന്യാ സമർപ്പിതാ നിയതമൈന്ദ്രജാലിക ഏവായം ബ്രാഹ്മണഃ യേന സകലരാജലോകദുരാരോപം ചാപമാരോപ്യ ചഞ്ചലം ലക്ഷം ചാപ

നിഗമാനന്ദിഭിജ്ഞൈ നിപുണമപിവിധം കത്രു ത്ര്യോയമതിവിയാതോ ബ്രാഹ്മണബ്രുവഃ യസ്തു ന സ്സകലാനപി തൃണീകൃത്യ സ്വയം പാരാധംബരേ വന്ദിഗ്രാഹമഗ്രഹീഷ്ട രാജപുത്രീം തദയമസ്യ ദുർവ്വിനയസ്യ ഫലമദ്യൈവതാവദനുഭവതു പുനരനാത്മസദൃശഃസംബന്ധവിഘാതേ വിശല്യാന്തഃ കരണശ്ച പാഞ്ചാലരാജസ്സ്വൈഷാപി കുമാരീമാസാദയതു ബന്ധുജനശോചനീയാമവസ്ഥാമിഹസ്ഥാത്വാകഞ്ചിൽ ക്ഷണമപി സാമ്പ്രതമസമ്പ്രതമവശ്യം പശ്യതോഹരേത്ര വിപ്രവടൌ യഥാര്ഹം ദണ്ഡം പ്രയുജ്യ തൂർണ്ണമാഹരിഷ്യാമസ്സ്വരക്ഷമിത്യാദി പാർത്ഥാസമുദ്വേജിത സകലലോകാസ്സുരഭസമഭിപത്യ സമാലക്ഷ്യവിഷയലക്ഷ്മീതാണ്ഡവം പാണ്ഡവം പര്യവാരയൻ. തദാനീന്തു സർവ്വവിരഭ്രഷാമണിസ്സവ്യസാചി സസ്മേരാപന്ഥിതാ നിജനിജവസനാന്യാവേഷ്ട്യ പ്രഭവഷ്ടഗൃഹീതദണ്ഡാൽ ഗാഢമുഷ്ടാഷ്ടപുടാൻ നിരങ്കുശഗർവ്വേണഹുങ്കുർവ്വാണാൻ ഭദ്രമുഷ്ടിതമൈത്രൈവ രഥോപസ്ഥ തിഷ്ഠതുഭവാൻ വയം കേചനവധ്യം പരിവാർത്തരക്ഷോമന്ത്രൈഃ ക്ഷത്രിയപിശാചാൻ നിവാരയാമഃ. കേ ചിദത്രൈവസാഹായ്യാർത്ഥം തിഷ്ഠാമഃ കേപിസമ്മുഖമഭ്യേത്യ ബഹുവിധദണ്ഡപ്രഹാരൈരഭിപതതാമൂനതിദ്രവം വിദ്രാവയാമസ്സത്യം ബ്രഹ്മസൂത്രേണശപേ ഭവനമിദമദ്യൈവാബ്രാഹ്മണം ഭവതു ശസ്ത്രപാണയസ്ത്വപ്രിയാകാരഃ ശത്രുപാണയോ വയമദ്ഭുതകാരസ്സരോഷമിത്യാദി ഭാഷമാണാന്വിപ്രദുദഞ്ചിതമഞ്ജുഹാസമധുരാനനസ്സർവ്വാനപ്യർവ്വീസരാൻനിവാർയ്യ തദേവകാർമ്മുകമാദായ വിഷ്ണുരവിഷഹ്യജ്ജ്യ വിഹസ്തിതസമസ്തലോകസ്സവിനയാവലേപമാചചക്ഷേ.

കസ്യദ്രോണോധനുഷിനഗുരുസ്സ്യാന്നു (ദേവവ്രതായ

മന്ദാത്മാസൌ കഥമപി തിരയം ശ്രീസമുദ്ദൈതേർവ്വീ (ലാമൈസഃ
ർമ്മോഃകർണ്ണാഭ്യാം ശൃണുത തദിമാം ബ്രാഹ്മണ- (സ്യാസ്യവാണീം
രാധായന്ത്രാരചയതിപുനർവ്വിദ്ധമപ്യസ്യപ (വിദ്ധം.
വിശേഷഭ്രൂപാലവീരാഃ ശൃണുതസമരസാ-
ധോദ്യമാംവാചമേനാം
ഭൂയാംസോഭൂമിദേവാവയമതനുസമുൽ
ക്കാണ്ഡഖണ്ഡപ്രവീണാഃ
ഏകസ്ത്വേഷപ്രപുഷ്യഷ്യാദിംഹപരമഗ്രോ
സ്സ്വാഭിഃയാഗപ്രഭാവാൽ
വൈരായധംസമേതാസ്സദസി വിജയലി-
ലാത്മ്യസദ്യോഭവിത്രീ.
ശ്രുതപാവനിമസഹ്യാം കടുമയൊടുധനു-
ർജ്ജാലതാമൈനിരേപ്പി-
ച്ചെത്തിയുദ്ധായനേരിട്ടഹമഹമികയാ-
രാജവീരാസ്തദാനീം
ഉൾത്തിങ്ങും കോപഭാരാൽ പ്രളയഘനഘ-
ഘർഘരാസാരനാദ. (ടാ-
പ്രസ്ഥാനൈശ്ശസ്ത്രവർഷൈശ്ശതമഖപതിനൈ
മ്മൂടിനാർവ്വിപ്രസൂനും.
സാരഥ്യാപ്പണ്ടുപാതാളമുനധികതയാ
ത്തുംഗസാലംഗ്രഹീതാ
ഊരവീയിക്കളഞ്ഞാനതിവിതതശരാ
സാരമാശ്ചര്യധാമാ
ശ്രീരാമാരാമഘോരാളൂടലിൽത്തെട്ടഞ്ഞെടെ
ക്കൊള്ളുമാറസ്ത്രശസ്ത്രാൻ
നേരിട്ടെത്തുനാരായണസഹചരനും
വൈരമുൾക്കൊണ്ടണഞ്ഞു.
അനന്തരംതത്രവൃഷ്ണ്യന്ധകബലമൊന്നി-
ച്ചഞ്ജസാക്കൂടവേറെ
ക്കന്യാകൊണ്ടാസപദിച്ചുനിഭൃതമിടയിടെ
പ്പാർത്തുദൈത്യാരിഭാവം
വർണ്ണിക്കാമല്ലതോഴാവലരിപുസുതവീ
ര്യംപൊറാഞ്ഞൂവലഞ്ഞൂ

ഖിന്നംഭൂപാലസൈന്യംവിഗളിതധൃതിപി-
ന്നോക്കിവാങ്ങിച്ചുതഞ്ചി.
പ്രകോപകലുഷാശയൈസ്തടിതികന്നശ-
(ല്യൈസ്തഥാ
നിവാൎയ്യനൃപവാഹിനീംപരിഭവിച്ചണ-
(ഞ്ഞീടിനാർ
നിഗ്ഗൂഢമനുകമ്പിതൌനികടവൎത്തിനാച-
(ക്രിണാ
മഹേന്ദ്രപവനാത്മജൌമുറുവൽപൂണ്ടുപോർ
(തേടിനാർ.
സപല്ലന്ദാംപാൎത്ഥമുക്കൈതവിഷുഭിരവിദിതാ-
കൃഷ്ടിസന്താനമാക്കൈക്ഷ-
രച്ചോറിൾഭിന്നഗാത്രസ്ഥലരണമുപേ
ക്ഷിച്ചുതൻപ്രാണകാംക്ഷി
അശ്രാന്തഭ്രാമിതേജോവിലസിതകരമേ
മന്ന്യമന്നോവിപക്ഷം
പശ്ച്യന്നേവാംഗരാജസ്സപദിനിവവൃതേ
സംഗരാത്തുംഗധാമാ.
അത്രാന്തരേവായുസുതംഗൃഹീതചാ
വൃദ്ധാംബലാൽസായതിഭദ്രരാജം
മട്ടിച്ചുകൊല്ലാക്കലചെയ്തയച്ചു
വിസ്രസ്തഗാത്രാംവിദിതാനുഭാവം.
കാലക്ഷേപംവിനാകിംഫലമിഹവചസാം
വിസ്തരൈസ്തത്രയുദ്ധേ· (രൈ-
നീളെപ്പെയ്തുംചൊരിഞ്ഞിടിനനിശിതശ-
ൎഭ്രമിപാലാനശേഷാൻ
മാലുള്ളിൽച്ചേൎത്തുമണ്ടിച്ചഴകൊടുസഹജൈ
രനപിതോരാജപുത്ര്യാ
മേളത്തിൽപോയ്സ്സുഖാലാവസഥമുപഗതോ
ജിഷ്ണുരംബാംവവന്ദേ.
മാൎച്ചലാതേവിദിതചാപരപുരുഷഗിരാ
ത്തുണ്ണമാനീയപാൎത്ഥാൻ
പാശേചമാനിച്ചിരുത്തിദ്രുപദനൃപതിസൽ-
കൃത്യമാത്രാസമേതാൻ
സോല്ലാലാപേഷുതേഷാംജതുഭവനമഹാ-
മൃത്യുവഹ്നീച്യുതിംകേ-
ട്ടാശ്ചൎയ്യപ്പെട്ടകൃഷ്ണാംവിരവൊടുവിജയൻ
വേട്ടകൊൾകെന്നവാദിൽ.
തൽക്കാലേധൎമ്മജൻതാൻദ്രുപദനൊടുമുതി-
ന്നാരെഭാഷേമനീഷി
സഖ്യംപൂണ്ടുദ്വിഹാമസ്സപദിവയമിമാ-
മൈവരുംദൈവയോഗാൽ
കൈക്കൊള്ളുടിത്രിലോകീമഹിതമിതുപദോ-
ക്തുംവധൂരത്നമഗ്രേ
കൈക്കൊണ്ടംബാനിയോഗംവിരചിതസ-
ഹനനാമെന്നിവണ്ണം. (മയ•
അതുകേട്ടുഗൃഹീതമൌനമുദ്രേ
സതിചിന്താകുലിതേഥയജ്ഞസേനാ
മുദ്ഘാസ്ഥിതസുന്ദരാസ്യചന്ദ്ര-
സ്സദയംവ്യാസമുനീന്ദ്രനാചിരാസിൽ.

(തുടരും)

# ശരീരസുഖം

മനുഷ്യജന്മം കിട്ടിയ എല്ലാവരുടേയും പരമോദ്ദേശം ജീവദശയെ സുഖമാംവണ്ണം നയിക്കേണമെന്നാണല്ലോ. ആ ഉദ്ദേശത്തെ പ്രമാണിച്ചുള്ള ഓരോരുത്തരുടേയും ആഗ്രഹങ്ങളും യത്നങ്ങളും പലെ തരത്തിലുമാണ്. ചിലർ ദ്രവ്യസമ്പാദനത്തിനും ചിലർ പ്രശസ്തി നേടുവാനും മറ്റു ചിലർ വിദ്യയുണ്ടാകുവാനും ആഗ്രഹിക്കുന്നു. വേറെയും ചിലർ ഇവ മൂന്നിനും ഒരു പോലെ ആഗ്രഹിക്കുന്നു. ഇതു കൂടാതെ

യും പലേ തരത്തിലുള്ള ആഗ്രഹങ്ങൾ മനോരഥങ്ങൾ അവരവരുടെ രുചിഭേദംപോലെ ഉള്ളതായും അവർ അവസ്ഥാനുസരിച്ച യത്നിക്കുന്നതായും നാം പ്രായേണ കണ്ടുവരുന്നുണ്ട്. അതിനാൽ സുഖാവസ്ഥ എന്ന പരമോദ്ദേശം സാധിക്കുന്നതിന്നു മുമ്പായി വേറെ ചില കാൎയ്യങ്ങൾ (ആഗ്രഹങ്ങൾ) സാധിക്കേണ്ടതുണ്ടെന്നു വരുന്നു. ആ കാൎയ്യങ്ങൾ ചിലൎക്കു സാധിച്ചും ചിലൎക്കു സാധിക്കാതെയും വരുന്നു. അങ്ങിനെ വരികയാൽ ലോകത്തിൽ കൃതാൎത്ഥന്മാരെന്നും ഭഗ്നാശയന്മാരെന്നും രണ്ടു തരം ജനങ്ങൾ ഉണ്ടാകുന്നു. അവരിൽ സുഖാവസ്ഥ എന്ന പരമോദ്ദേശത്തിന്നു കാരണഭൂതങ്ങളായ ആഗ്രഹങ്ങൾ സാധിക്കുന്നതിന്നു വേണ്ടി ചെയ്യുന്ന പ്രയത്നങ്ങൾക്ക് ഓരോരോ പ്രതിബന്ധം നേരിട്ടു കുഴങ്ങുന്നവരാകുന്നു ഭഗ്നാശയന്മാർ. കാരണഭൂതങ്ങളായ ആഗ്രഹങ്ങൾ സാധിച്ചതിന്നു ശേഷം സുഖം ലഭിപ്പാൻ തരമാകാതെ വരുന്ന കൂട്ടരും ഭഗ്നാശയന്മാരാകുന്നു. ഇവരുടെ ഇച്ഛാഭംഗങ്ങൾക്ക് അല്പം ഗുരുലഘുത്വം ഉണ്ടെന്നേ ഭേദമുള്ളു. ഉദ്യമങ്ങൾക്കുള്ള പ്രതിബന്ധങ്ങൾ പലവക പലതരമായിരിക്കാം. അവയിൽ മുഖ്യമായ ഒന്നു രോഗമാകുന്നു. ഒരുവൻ രോഗപീഡിതനായാൽ അവന്നു യാതൊരു അദ്ധ്വാനവും ചെയ്വാൻ വയ്യല്ലൊ. അദ്ധ്വാനിക്കാതെ ഒരൊ കാൎയ്യങ്ങൾ നേടുവാനും പ്രയാസം. അതിനാൽ പരമോദ്ദേശസിദ്ധിക്കടിസ്ഥാനമായ കാൎയ്യങ്ങൾ സാധിക്കുന്നതിന്നു മുമ്പു തന്നെ രോഗികളായ കൂട്ടർ ആദ്യം തന്നെ ഭഗ്നാശയന്മാരാകുന്നു. ഇനി പരമോദ്ദേശസിദ്ധിക്കാസ്പദമായ കാൎയ്യങ്ങൾ സാധിച്ചവരുടെ കഥ ആലോചിക്കുക. ഒരുവൻ ധനസമൃദ്ധി കൊണ്ടോ, പ്രശസ്തി കൊണ്ടോ, വിദ്യ കൊണ്ടോ, ഇവ മൂന്നിനാലൊ അല്ലെങ്കിൽ യാതൊന്ന് ഉദ്ദേശിച്ചു പ്രയത്നിച്ചുവോ ആ ഉദ്ദേശസിദ്ധികൊണ്ടോ, സംതൃപ്തനായി എന്നു വിചാരിക്കുക. പക്ഷേ, തദനന്തരം രോഗപീഡിതനായാൽ അവനും പരമോദ്ദേശം സാധിപ്പാൻ ചിലപ്പോൾ തരമാകാതെ വരും. അതിനാൽ ആ തരക്കാരും ഭഗ്നാശയന്മാരാകുന്നു. പരമോദ്ദേശത്തിന്നടിസ്ഥാനമായ ആഗ്രഹങ്ങൾ എല്ലാം സാധിച്ചതിന്നു ശേഷം രോഗപീഡകൂടാതെ ഇരിക്കുന്നവരാകുന്നു കൃതാൎത്ഥന്മാർ. കൃതാൎത്ഥന്മാരാകേണ്ടതിന്നാണല്ലൊ എല്ലാവരും ഉദ്യമിക്കേണ്ടതു. അതിന്നു ശരീരസുഖം അത്യന്താപേക്ഷിതമാകുന്നു. അതുകൊണ്ടു മനുഷ്യരുടെ ആഗ്രഹങ്ങളിൽ വെച്ച് ഏറ്റവും ഉത്തമമായിട്ടുള്ളത് ആരോഗ്യം അല്ലെങ്കിൽ ശരീരസുഖസമ്പാദനമാകുന്നുവെന്നും ഈശ്വരന്റെ അനുഗ്രഹങ്ങളിൽ വെച്ച് ഏറ്റവും വലിയ അനുഗ്രഹം ആ ആഗ്രഹസിദ്ധിയാണെന്നും, ഈ ലോകത്തിലെ ഭാഗ്യങ്ങളിൽ വെച്ച് ഏറ്റവും വലിയ ഭാഗ്യം ആ അനുഗ്രഹപ്രാപ്തിയാണെന്നും, മേൽപറഞ്ഞതിൽ നിന്നു സ്പഷ്ടമാകുന്നുവെല്ലൊ. നാം ഒരു ദിവസത്തിൽ ആദ്യമായി നമ്മുടെ ഒരു സ്നേഹിതനെ കാണുമ്പോൾ അയാളോടു കുശലം ചോദിക്കുന്നതു "എന്താ, സുഖംതന്നെ അല്ലെ" എന്നല്ലയൊ? നമ്മുടെ സമീപത്തിൽ ഇല്ലാത്ത ഒരു ആളെപ്പറ്റി ചോദിക്കുമ്പോഴും ഒന്നാമതായി ചോദിക്കുന്നത് അയാളുടെ സുഖവൎത്തമാനത്തെപ്പറ്റിയാകുന്നു. ഇതുപോലെ തന്നെ നമ്മുടെ സ്നേഹിതന്മാൎക്കൊ, മാതാപിതാക്കൾക്കോ, സോദരാദികൾക്കോ, ബന്ധുക്കൾക്കോ മറ്റൊ അയക്കുന്ന പത്രങ്ങൾ അവസാനിപ്പിക്കുന്നത് അവരുടെ ക്ഷേമത്തെ പ്രാൎത്ഥിച്ചല്ലേ? ദക്ഷിണ വാ

ങ്ങിച്ച ഒരു ബ്രാഹ്മണൻ "ദീൎഘായുഷ്മാനായിരിക്കട്ടേ"യെന്നും, ഗുരുനാഥൻ "കന്യകയിലായി വരട്ടേ"യെന്നും, ധൎമ്മം വാങ്ങിയ ഒരു ഭിക്ഷക്കാരൻ "എന്നും സുഖമായിരിക്കട്ടെ"യെന്നും പറഞ്ഞല്ലേ നമ്മെ അനുഗ്രഹിക്കുന്നത്. നമുക്കു ദീനം പിടിച്ചാൽ നമ്മുടെ മാതാപിതാക്കന്മാർ "ഈശ്വരാ എന്റെ കുട്ടിക്ക് ആയുസ്സിന്നു ദോഷം വരരുതേ" എന്നു പ്രാൎത്ഥിച്ചല്ലേ ഓരോ ദേവന്മാൎക്കു കഴുത്തിലും കാതിലുമുള്ളതെല്ലാം വഴിപാടു നേൎന്ന് ഉഴിഞ്ഞുവെയ്ക്കുന്നതു? ഇപ്രകാരമുള്ള അനേകം പ്രവൃത്തികൾ ആയുസ്സിന്റെയും ക്ഷേമത്തേയും പ്രമാണിച്ചു ചെയ്യുന്നവയാകുന്നു. ഇതെല്ലാം എല്ലാ രാജ്യങ്ങളിലും എതു അവസ്ഥയിലും നടപ്പുള്ള ഒരു ചട്ടമാകുന്നു. അങ്ങിനേ ഇരിക്കേ എല്ലാ മനുഷ്യൎക്കും ആന്തരമായി ആഗ്രഹിക്കുന്നതും, ലഭിപ്പാൻ സൎവ്വാത്മനാ യത്നിക്കുന്നതുമായ സ്ഥാനവലിപ്പങ്ങളും, സമ്പത്തും, കീൎത്തിയുമെല്ലാം ദീൎഘായുസ്സിന്നു മുഖ്യ ഹേതുഭൂതമായ ശരീരസുഖത്തെ ആലോചിക്കുമ്പോൾ തീരെ നിസ്സാരങ്ങളാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. അതിനാൽ എല്ലാ സമ്പത്തുകളിലും വെച്ചു ഏറ്റവും വിലയേറിയ ഒരു സമ്പത്താണ് ശരീരസുഖം എന്നു വരുന്നതിനാൽ അതു മനുഷ്യനാലും രാജ്യത്താലും ഏറ്റവും ഭദ്രമായി കാത്തു സൂക്ഷിക്കപ്പെടേണ്ടതാണെന്നു വിശദമാകുന്നു. എന്നാൽ വാസ്തവം ഇങ്ങിനെയാണെങ്കിലും മനുഷ്യർ ഇത്ര അലക്ഷ്യമാക്കുന്ന കാൎയ്യവും വേറെ ഉണ്ടോ എന്നു സംശയമാണ്.

ഇത് എത്രയോ ശോചനീയമായ ഒരു അവസ്ഥയാകുന്നു? എത്രയോ ആളുകൾ ഓരോ കാൎയ്യങ്ങളിൽ ഏൎപ്പെട്ടു തങ്ങളുടെ ദിനചൎയ്യയെ തെറ്റിച്ചു ദേഹം നോക്കാതെ നിൎമ്മലമായ ശരീരസുഖത്തെ ദുൎവ്യയം ചെയ്യുന്നുണ്ട്? മരണം എന്ന ശബ്ദം തന്നെ മൎമ്മച്ഛേദഹേതുകമായിരുന്നിട്ടു കൂടി ലോകത്തിൽ അധികഭാഗം ജനങ്ങളും അല്പം സൂക്ഷിച്ചാൽ തടുക്കാവുന്ന രോഗങ്ങൾക്കധീനന്മാരായി നശിച്ചുപോകുന്നത് എന്തു കഷ്ടമാണ്! ഓരോ രാജ്യത്തിലേയും വാൎഷികമായ മരണസംഖ്യ പരിശോധിച്ചാൽ പ്രായാധിക്യംകൊണ്ടും, ദുൎവ്വിധിഫലമായ അപായങ്ങൾകൊണ്ടും, മരിക്കുന്ന ജനസംഖ്യ വളരെ ചുരുക്കമാണെന്നു കാണുന്നു. ഈ ഇന്ത്യയിൽ തന്നെ 20,00000ത്തിലധികം ജനങ്ങൾ തടുക്കാവുന്ന ദീനങ്ങൾ പിടിപെട്ടു കൊല്ലംതോറും മരിക്കുകയും 1,00,00,000-ൽ അധികം പേർ അല്പകാലത്തേക്കോ, എന്നന്നേക്കോ, അസ്വാധീനന്മാരായി കഷ്ടപ്പെടുകയും ചെയ്യുന്നു. ഇതിന്നുള്ള രണ്ടു മുഖ്യ കാരണങ്ങൾ അറിവില്ലായ്മയും ഉപേക്ഷയും ആകുന്നു. ദീനം എന്തെന്നും, അതിന്റെ ഉത്ഭവം എങ്ങിനെ എന്നും, അതിൽ ഉൾപ്പെടാതിരിപ്പാനും ഉൾപ്പെട്ടാൽ ശമിപ്പിപ്പാനും മാൎഗ്ഗമെന്തെന്നും, ഉള്ളതിനെപ്പറ്റിയാകുന്നു അറിവില്ലായ്മ. ദാരിദ്ര്യത്തിന്റെയും ആലസ്യത്തിന്റെയും ഫലമാകുന്നു ചെറുപ്പത്തിൽ ശീലിച്ചുപോന്ന സ്വഭാവത്തെ ആശ്രയിച്ചു നില്ക്കുന്ന ഉപേക്ഷ. ആ ഉപേക്ഷ പരിഹാരമാൎഗ്ഗത്തിന്റെ ഗൌരവത്തേയും അതിൽ നേരിടുന്ന കഷ്ടപ്പാടുകളേയും വലുതാക്കി തോന്നിച്ചു അധൈൎയ്യപ്പെടുത്തുന്നു. പഠിപ്പുള്ളവരിൽ തന്നെ വളരെ ചുരുക്കം പേർ മാത്രമേ മലമ്പനി, വസൂരി, വിഷൂചിക, പ്ലേഗ്, മുതലായ തടുക്കാവുന്ന രോഗങ്ങളിൽനിന്നു സംഭവിക്കുന്ന അപാരമായ ഉപദ്രവങ്ങളും ആപത്തും ജീവനാശവും ഇത്രയെന്നു ശരിയായി ധരിക്കുന്നു

ളളു. ഓരോരുത്തരായി തനിച്ചും, പലരാൽ ഒന്നിച്ചും, ഏറക്കുറയ താന്താങ്ങളുടെ അധീനത്തിൽ നിലനിൎത്താവുന്ന ശരീരസുഖത്തേയും, ക്ഷേമത്തേയും അറിവുള്ളവർ തന്നെ ഇത്ര നിസ്സാരമാക്കി ചെയ്യാൻ അനുവദിച്ചാൽ പിന്നെ മററുള്ളവരുടെ പ്രവൃത്തിയിൽ എന്താണ് ആശ്ചര്യപ്പെടുവാനുള്ളത്? ഒരാളുടെ ശരീരസുഖത്തെ നോക്കുന്നതുപോലെ തന്നെ ഒരു ജനസമുദായത്തിന്റെ ക്ഷേമത്തേയും നോക്കണം; അതുപോലെ തന്നെ എല്ലാ ജനസമുദായങ്ങളും ക്ഷേമാവസ്ഥയിലായിയെങ്കിലെ ഒരു രാജ്യം ക്ഷേമാവസ്ഥയെ പ്രാപിച്ചു എന്നു പറഞ്ഞുകൂടു. അതിനാൽ ഒരു രാജ്യത്തിന്റെ ക്ഷേമം അതിലെ നിവാസികളുടെ ക്ഷേമത്തേയും, ശരീരസുഖത്തേയും അപേക്ഷിച്ചിരിക്കും. രാജ്യനിവാസികളുടെ ക്ഷേമം ഏറക്കുറയ നഗരശുദ്ധീകരണത്തെ (Sanitation) അനുസരിച്ചുമിരിക്കും.

പുരാതനകാലത്തിൽ ഏററവും പ്രസിദ്ധപ്പെട്ട പരിഷ്കൃതരാജ്യക്കാർ അവരുടെ നഗരശുദ്ധീകരണവിഷയത്തിൽ അസാമാന്യമായ ശ്രദ്ധ വെക്കുകയും അത് അവരുടെ ഔന്നത്യത്തിന്നു പ്രബലമായ കാരണമായിത്തീരുകയും ചെയ്തിട്ടുണ്ട്. ഗ്രീസ്സ (Greece) രാജ്യക്കാരുടെ ആയുധാഭ്യാസനൈപുണിയാൽ നാട്ടപ്പെട്ട ജയസ്തംഭങ്ങളും, ബുദ്ധിസാമൎത്ഥ്യത്താൽ സമ്പാദിക്കപ്പെട്ട അനശ്വരകീൎത്തികളും, കാരണമായിട്ടുള്ളത് അവരുടെ വ്യായാമനിഷ്ഠയിലുള്ള ശ്രദ്ധയാണെന്നും, പിന്നീടുണ്ടായ അധഃപതനം പടൎന്നുപിടിച്ച മലമ്പനിയാൽ (Malaria) ജനസമുദായങ്ങൾക്കുണ്ടായ ആരോഗ്യക്ഷയത്താലാണെന്നും, അവരുടെ ചരിത്രത്തിൽ നിന്ന് വെളിപ്പെടുന്നു. 'റോമൻകാർ' (Romans) മേൽപറഞ്ഞ രണ്ടു അവസ്ഥകളിൽ(വിജയത്തിലും കീൎത്തിയിലും) ഗ്രീസ്സുകാരേക്കാൾ ഒട്ടും മേലെ അല്ലെങ്കിലും 'റോം' പട്ടണത്തിൽ എന്നുവേണ്ട 'റോം' സാമ്രാജ്യത്തിലെ മിക്ക പ്രദേശങ്ങളിലും ഇപ്പോഴും പ്രത്യക്ഷപ്പെട്ടു കാണുന്ന ചളിവെള്ളച്ചാലുകൾ, ശുദ്ധജലക്കുഴലുകൾ, എന്നി നഗരപരിഷ്കാരോദ്ദേശകമായ മനോഹരമായ ഏൎപ്പാടുകളിൽ വളരെ വളരെ ഉപരിയായിരുന്നു എന്നുള്ളതിന്നു ദൃഷ്ടാന്തമായ ലക്ഷ്യങ്ങൾ ഉണ്ട്. മദ്ധ്യകാലങ്ങളിൽ യൂറോപ്പിൽ എങ്ങും കാലംതോറും പടൎന്നുപിടിച്ചുകൊണ്ടിരുന്ന സാംക്രമികരോഗങ്ങൾക്കും പതിവായിത്തീൎന്ന ഭയങ്കരമായ മരണസംഖ്യയ്ക്കും കാരണം 'റോം' പട്ടണത്തിന്റെ അധഃപതനാനന്തരം ജനങ്ങൾക്ക് ആരോഗ്യപരിപാലനനിഷ്ഠയിലുണ്ടായ ഉപേക്ഷയും, അനിൎമ്മലസ്വഭാവപരിശീലനവുമാണെന്നു കണ്ടിരിക്കുന്നു. ഓരോ കാലത്തിൽ ഓരോ രാജ്യക്കാൎക്കുണ്ടായ അവസ്ഥാഭേദങ്ങളുടെ അനുഭവങ്ങളിൽനിന്നാണ് നമുക്കിപ്പോൾ ഭാഗ്യവശാൽ സിദ്ധമായ ആരോഗ്യശാസ്ത്രത്തിന്റെ ഉത്ഭവം.

ഇനി ഇംഗ്ലാണ്ടി(England)ലെ മുമ്പത്തേയും ഇപ്പോഴത്തേയും അവസ്ഥയെ ഒന്നു പരിശോധിച്ചുനോക്കുക. നഗരശുദ്ധീകരണവിഷയത്തിൽ ഇംഗ്ലീഷുകാരുടെ നിഷ്ഠകൊണ്ട് അല്പ കാലത്തിന്നിടയിൽ ഇംഗ്ലാണ്ടിന്റെ അവസ്ഥക്ക് എത്ര ഭേദഗതികൾ വന്നിട്ടുണ്ടെന്നു അവരുടെ പുതിയ ചരിത്രം നോക്കിയാൽ അറിയാം. എഴുപതു കൊല്ലങ്ങൾക്കുമുമ്പ് ഇംഗ്ലണ്ട് സാമാന്യമായ നഗരശുദ്ധീകരണവിഷയത്തിൽ ഇന്ത്യാ ഇപ്പോൾ ഏത് സ്ഥിതിയിൽ ഇരിക്കുന്നുവൊ അതിൽ അല്പം ഭേദമായിരുന്നുവെന്നേ പറഞ്ഞുകൂടൂ.

അക്കാല

ത്തിൽ ജനങ്ങൾ നിവസിച്ചിരുന്ന പ്രദേശങ്ങൾക്കു സ്ഥലവെടിപ്പില്ലായിരുന്നു. മലിനജലവും മലിനവായുവും ദിക്കെങ്ങും വ്യാപിച്ചിരുന്നു. വസൂരികുത്തിവെക്കൽ പരക്കെ നടപ്പിലായിരുന്നില്ല. നഗരശുദ്ധീകരണ നിയമങ്ങൾ പേരിന്നുമാത്രമെ ഉണ്ടായിരുന്നുള്ളു. നഗരപരിഷ്കാരാഭിവൃദ്ധിക്കു വേണ്ടുന്ന പണം കടം വാങ്ങുന്നതിനുള്ള തഞ്ചങ്ങൾതന്നെ ഉണ്ടായിരുന്നില്ല. ഇപ്പോഴുള്ളതുപോലെ കാലാവസ്ഥാ വിവരണാജിസ്ത്രുകൾ (Statistics) സൂക്ഷിക്കുന്ന സമ്പ്രദായവും ഉണ്ടായിരുന്നില്ല. 1837 ൽ പാസ്സാക്കിയ റജിസ്ത്രേഷൻ ആക്ട് മൂലം (Registration act) ഇംഗ്ലാണ്ടിലെ നഗരശുദ്ധീകരണ പരിഷ്കാരത്തിന്നു ഒരു വലിയ പ്രാധാന്യം സിദ്ധിച്ചു. ഇംഗ്ലാണ്ട് പരിഷ്കൃതരാജ്യങ്ങളുടെ കൂട്ടത്തിൽ ഒരു മാന്യസ്ഥാനം അർഹിച്ചതിന്നു ആ റജിസ്ത്രാരുടെ പ്രബലവും യുക്തിയുക്തവുമായ റിപ്പോർട്ടുപോലെ മറ്റൊന്നും അത്ര സഹായിച്ചിട്ടില്ല. പിന്നീടു നഗരശുദ്ധീകരണോദ്ദേശകമായ ഏർപ്പാടുകൾ ദിക്കെങ്ങും നിറഞ്ഞു. ജനനിവാസത്തിന്നു തിരഞ്ഞെടുക്കുന്ന ഭൂമിയുടെ കാര്യത്തിലും, ഭക്ഷണവിഷയത്തിലും ഓരോ നിഷ്കർഷകൾ ചെയ്തു. ജനങ്ങൾക്കു ശുദ്ധജലം ശേഖരിപ്പാനുള്ള മാർഗ്ഗങ്ങൾ ഏർപ്പെടുത്തി. കുപ്പകളും മറ്റും അതാതു സമയങ്ങളിൽ നിക്കിക്കളയുന്നതിന്നു ഏർപ്പാടുകൾ ചെയ്തു. അഴുക്കുജലം ഒഴിക്കിക്കളവാൻ വലിയ വലിയ കുഴലുകൾ വെച്ചു. ഇങ്ങിനെയുള്ള ഏർപ്പാടുകളുടെ ഫലമായി കൊല്ലന്തോറുമുള്ള മരണസംഖ്യക്കു വിചാരിക്കാത്തതായ ഒരു ഇടിച്ചിൽവന്നു. ഈ അഭിവൃദ്ധികൾ വരുത്തുന്നതിന്നു അനവധി പണം ചിലവാക്കേണ്ടിവന്നു എങ്കിലും അതുകൊണ്ടുണ്ടായ ഫലം പണത്തിന്റെ തുകയേക്കാൾ എത്രയോ മടങ്ങു വലിപ്പമുള്ളതായിരുന്നു. ഈ പരിഷ്കാരങ്ങൾക്കുശേഷം ജനങ്ങളുടെ ആയുഷ്കാലം നേർപകുതി ഇരട്ടിച്ചു. ഇതുകൂടാതെ രാജ്യത്തിൽ രോഗങ്ങൾ ബാധിക്കാതിരിപ്പാൻ ഉള്ള നിരോധനമാർഗ്ഗങ്ങൾ ഓരോന്നു ഏർപ്പെടുത്തിയതിനാൽ ജനസംഖ്യയും ധനപുഷ്ടിയും ക്രമേണ കണക്കം കയ്യുമില്ലാതെ വർദ്ധിച്ചു. 18-ാം നൂറ്റാണ്ടിൽ ഇംഗ്ലാണ്ടിലെ മരണസംഖ്യ 1000-ൽ 50 വീതമായിരുന്നു. അതു 1871 മുതൽ 1880 വരെയുള്ള പത്തു കൊല്ലങ്ങൾക്കുള്ളിൽ 1000-ന്നു $24\frac{4}{5}$ വീതവും 1881—85ന്നുള്ളിൽ $19\frac{3}{10}$ വീതവും അതിന്നുശേഷം 1000-ന്നു 15 വീതവും ആകയും ചെയ്തു.

ഈ പ്രകാരമുള്ള അഭിവൃദ്ധികൾ ഇന്ത്യയിലും ഉണ്ടായിട്ടുണ്ട്. വിശേഷിച്ച് ഇന്ത്യയിൽ അതിന്റെ വലിപ്പത്തിന്നൊത്ത വലിയ പട്ടണങ്ങൾ ധാരാളമില്ലെന്നുള്ള ഒരു മിടുക്കുകൂടി കൂടുതലായുണ്ടു. അതുകൊണ്ടു പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിന്നുള്ള ചിലവും ബുദ്ധിമുട്ടും കുറയും. കുളിപ്പാനും കുടിപ്പാനും ശുദ്ധജലം ഇല്ലായ്കയാൽ നാട്ടുകാർക്കു പലേവിധത്തിലുമുള്ള രോഗങ്ങൾ ഉണ്ടായിരുന്നു. കുഴൽവെള്ളം ഏർപ്പെടുത്തിയതോടുകൂടി മദിരാശി, കൽക്കത്താ മുതലായ പട്ടണങ്ങളിൽ അനവധി ആത്മാവിനെ കൊള്ളക്കവച്ചു ചെയ്തുകൊണ്ടിരുന്ന വിഷൂചികയുടെ ബാധ എത്രയോ കുറഞ്ഞുപോയിരിക്കുന്നു. ഭക്ഷണപദാർത്ഥകാര്യത്തിലുണ്ടായിരുന്ന നിഷ്കർഷക്കുറവിനെ ആരാഞ്ഞറിഞ്ഞു ഭേദപ്പെടുത്തിയതിനാൽ പട്ടാളക്കാരുടേയും തടവുകാരുടേയും ഇടയിലുണ്ടായിരുന്ന മരണസംഖ്യക്കു വലുതായ ഭേദഗതി വന്നതും പ്രസ്താവയോഗ്യമാകുന്നു.

ഇന്ത്യയിൽ കൊല്ലംതോറുമുള്ള മരണസംഖ്യയിൽ 5-ൽ 4 ഭാഗവും ഒഴിക്കാവുന്ന രോഗങ്ങളിൽ നിന്നാണെന്നു കണക്കുകൾകൊണ്ടു കാണുന്നുണ്ട്. മദിരാശി സംസ്ഥാനത്തിലെ മുൻസിപ്പാൽ (Muncipal) പട്ടണങ്ങളിൽ 1901 മുതൽ 1905 വരെ കൊല്ലംതോറുമുള്ള മരണസംഖ്യ 1000-ൽ $31\frac{7}{10}$ വീതമാണെന്നും അതിൽ പകുതിയും നടപ്പുദീനം, വസൂരി, പനി, ഉദരദോഷം എന്നീ നാലു ദീനങ്ങളിൽ നിന്നാണെന്നും കാണുന്നുണ്ട്. ഇതിൽ ആദ്യം പറഞ്ഞ രണ്ടു കാരണങ്ങളിൽ നിന്നുമുള്ളവ സൂക്ഷിച്ചാൽ തീരെ ഒഴിക്കാവുന്നതും, മറ്റു രണ്ടിൽനിന്നുമുള്ളവ ഏതാനും ഒഴിക്കാവുന്നതുമാകുന്നു. ഇതുകൂടാതെ വേറെയും ഉള്ള തടുക്കാവുന്ന രോഗങ്ങൾ അനവധി ജീവനാശത്തിനു കാരണഭൂതമായിട്ടുണ്ട്. എങ്ങിനെ ആയാലും മേൽപറഞ്ഞ കാര്യങ്ങളിൽ (ശരീരസുഖസമ്പാദനമാർഗ്ഗങ്ങളിൽ) അല്പം ദൃഷ്ടിവെച്ചാൽ കൊല്ലന്തോറുമുള്ള ഭയങ്കരമായ മരണസംഖ്യ വളരെ കുറയ്ക്കുകയും ജനസമുദായത്തിനു ക്ഷേമം വർദ്ധിപ്പിക്കുകയും ചെയ്യുമെന്നുള്ളതിലേക്കു യാതൊരു സംശയവുമില്ലാ. വിഷൂചിക, വസൂരി, പനി മുതലായ പന്തിക്ക് അറിയാവുന്ന ചില രോഗപദ്ധതികളിലേക്കു മാത്രമല്ലാ ഔഷധത്തിനു പ്രവേശമുള്ളൂ. എല്ലാ ദീനങ്ങളും മാതൃദത്തമായോ, പിതൃദത്തമായോ, സംഭവിക്കുന്നതായാൽ കൂടി അവയുടെ ശരിയായ കാരണം ഇന്നതെന്നു മനസ്സിലായാൽ അകറ്റാവുന്നതാകുന്നു. മനുഷ്യക്കു മരണം പ്രായാധിക്യത്തിൽ നിന്നും അപായങ്ങളിൽനിന്നുമല്ലാതെ മറ്റു കാരണങ്ങളിൽ നിന്നു സംഭവിക്കാതെ കഴിക്കാവുന്നതുമാകുന്നു.

(തുടരും)

കോയാത്ത് കൊച്ചുണ്ണിമേനോൻ.

---

വിഷുവും

# പുതുവർഷാരംഭവും



പൌരാണികവിശ്വാസങ്ങൾ നവീനസമ്പ്രദായങ്ങളുടെ മേൽ ഒരു വിലക്ഷണമായ പ്രകാശമാണ് പതിപ്പിക്കുന്നത്. ദിനരാത്രങ്ങൾ "കാലകണ്ണിന്റെ ഉന്മേഷനിമേഷങ്ങൾ മാത്രമാണ്." മനുഷ്യർ സൃഷ്ടികാലം മുതല്ക്കു മനുഷ്യരുമായിത്തന്നെ ഇടപെട്ടു വരുന്നവരായതുകൊണ്ട് ഇപ്പോഴത്തെ നടവടികളൊന്നും നമ്മുടെ പൂർവ്വീകന്മാരുടെ നടവടികളിൽനിന്നു വളരെ വ്യത്യസ്ഥമായ നിലയിലല്ല കിടക്കുന്നത്. പാരമ്പര്യം എന്ന വലിയ പുഴയുടെ ശക്തിയോടുകൂടിയ ഒഴുക്കിൽ സമുദായനടവടികൾ തൃണമെന്നപോലെ ഒലിക്കുന്നു. ഈ തൃണങ്ങൾ ചില ദിക്കിൽ ചുഴലിയിൽപെട്ടു ചുററുന്നു. മററു ചില ദിക്കിൽ പ്രതീപമാർഗ്ഗങ്ങളിൽ കടന്നു കുറെ തങ്ങിക്കളിക്കുന്നു. ഇങ്ങിനെയൊക്കെ മാർഗ്ഗമദ്ധ്യത്തിൽ പല പ്രതിബ

ന്ധങ്ങൾ ഉണ്ടായിരുന്നാൽ കൂടിയും പിന്നെയും ഈ നടപടികൾ നമ്മുടെ അടുക്കെ എത്തിച്ചേരാതിരിക്കുന്നില്ല.

കേരളത്തിൽ കാലത്തെ നിർണ്ണയപ്പെടുത്തുന്നതിനു കൊല്ലാരംഭം ഏതുതന്നെയായാലും, പാശ്ചാത്യരാജ്യങ്ങളിൽ ജനവരിമാസം ഏതുപ്രകാരമോ, അതുപ്രകാരമാണ് നമുക്കു മേടമാസം. സൃഷ്ടിയോടുകൂടി പുറപ്പെട്ട ജാനസ്സ് എന്ന ദേവതയുടെ പേർ റോമക്കാർ ജനുവരിമാസത്തിന്ന് എങ്ങിനെ കൊടുത്തുവോ അതുപോലെ 'മേടം' എന്ന പേർ ഹിന്ദുക്കളുടെ ഒന്നാമത്തെ മാസത്തിന്നു കൊടുപ്പാൻ കാരണമെന്തായിരുന്നുവെന്നോ 'മേടം ആടുപോലെ' എന്ന സങ്കല്പത്തിന്ന് എന്താണ് അർത്ഥമെന്നോ, ഒന്നും ഇപ്പോൾ ആലോചിക്കേണ്ടതില്ല. റോമക്കാരുടെ ജാനസ്സ് എന്ന ദേവതക്കു മുമ്പിലും പിമ്പിലുമായി രണ്ടു തലയുണ്ടെന്നും, ഈ ദേവതയുടെ പ്രവൃത്തി പടിവാതിലുകളും ഗോപുരവാതിലുകളും കാത്തുരക്ഷിക്കയാണെന്നും വിശ്വസിച്ചുവരുന്നു. ഗോപുരവാതിലിന്ന് ഇരുവശത്തും തലയുണ്ടായാൽ അകത്തും പുറത്തും നടക്കുന്ന സംഭവങ്ങളെ അധ്വാനം കൂടാതെ കാണ്മാൻ സാധിക്കുന്നതാണല്ലോ. പക്ഷേ നമ്മുടെ ആട്ടിന്നു മുമ്പിലും പിമ്പിലും തലയുണ്ടായാൽ കൂടിയും, വലിയ ഗുണമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും രണ്ടു തലയുണ്ടെങ്കിൽ കഴിഞ്ഞ കൊല്ലത്തേയും വരാൻപോകുന്ന കൊല്ലത്തേയും കാണ്മാൻ സാധിക്കുന്നതാണ്.

കാലത്തിനുള്ളിരുമുഖങ്ങളിലൊന്നു ഹന്ത
നോക്കുന്നുമാലൊടു കഴിഞ്ഞൊരു കഷ്ടകാലം
നേരെമറിച്ചപരമാംമുഖമാശപൂണ്ടു
വീക്ഷിച്ചിടുന്നു പുതുതായ് പ്രസവിച്ച കൊല്ലം

നവമായ വസ്തുക്കളുടെ നേരെയുള്ള ഈ ഒരു അനുഭൂതിയാണ് പുതുവർഷാരംഭത്തിൽ സ്വഭാവാനുരൂപമായി കാണുന്നത്. എല്ലാം പുതിയ സമ്പ്രദായത്തിലും പരിഷ്കാരത്തിലും തുടങ്ങേണമെന്ന ഈ വിചാരമാണ് ഭാവനാശക്തിക്കു വളരെ ആകർഷണമായി തോന്നുന്നത്. 'ആശാവധിയിലേക്കുള്ള വഴിയിൽ സോപാനത്തിന്മേൽ നില്ക്കുന്ന ഒരുവന്ന് പുതുവർഷത്തിന്റെ ആഗമനം ഭാവിഗുണത്തിൽ വിശ്വാസം ഉണ്ടാക്കുന്നു. നാം ഓരോ കൊല്ലത്തിലും വിഷുദിവസത്തെ നമ്മുടെ ജീവിതമാർഗ്ഗത്തിൽ ഓരോ നാഴികക്കല്ലായിട്ടാണ് സങ്കല്പിക്കുന്നത്. ആ നാഴികക്കല്ലുകളൊക്കെ നമുക്ക് ഓരോ വിശ്രമസ്ഥാനങ്ങളായി കല്പിച്ച് അവിടെ വെച്ചു നാം ഗാഢമായി പലേ ആലോചനകളും ചെയ്യുന്നു. അവിടെവെച്ചു നാം സഞ്ചാരത്തിൽ ഒരു പുതിയ ഉൽക്കർഷം കൂട്ടുന്നു. കഴിഞ്ഞ കൊല്ലത്തിൽ പ്രവൃത്തിച്ചതിലും അല്പം ഭേദമായ വിധത്തിൽ ഈ കൊല്ലത്തിൽ പ്രവൃത്തിക്കേണ്ടതാണെന്നു വിചാരിക്കാത്ത ഒരുവൻ ഉണ്ടെങ്കിൽ അവൻ ഒന്നുകിലൊ വളരെ യോഗ്യനായിരിക്കണം. അല്ലെങ്കിൽ വളരെ നികൃഷ്ടനായിരിക്കണം. ഒന്നുമില്ലെങ്കിൽ മേലിൽ നന്നായി വർത്തിക്കേണം എന്ന് ഒരു ആഗ്രഹം ഉണ്ടായിത്തീരുന്നതുതന്നെ വലിയ ഗുണമാണ്. നമ്മുടെ നടപടിയിൽ നന്നായിത്തീരുവാൻ പലതും ഉണ്ടെന്ന ബോധം തന്നെ വലിയ കാര്യമാണ്. നന്മ വരുവാനുള്ള ഒന്നാമത്തെ വഴിയും അതുതന്നെയാണ്.

"ദൂരത്തുപോട്ടേപഴതായകൊല്ലം
പുത്തൻവരട്ടെതെളിവോടുമുള്ളിൽ
സത്യംജയിക്കട്ടെയസത്യമന്യേ

സത്തുക്കൾമാത്രം സുഖമാർന്നിടട്ടേ.
ഉൾത്താരഴക്കാക്കരുതേമനുഷ്യ!
കാമാദിദോഷങ്ങൾകടത്തിനിങ്ങൾ
ഇപ്പുത്തനാമാണ്ടിൽവിശിഷ്യദാന
ധർമ്മാദിയാൽമേന്മവരുത്തിയാലും.

കൊല്ലംപിറന്നു പുതുതായ്മനസ്സു
മഴക്കളുടാതെപുതുക്കിടേണം
ദൈവേച്ഛനോക്കിസ്സമുദായനന്മ-
ക്കെന്തെങ്കിലുംവേണ്ടതുചെയ്തിരിപ്പിൻ.

പഴയകൊല്ലം പുതിയ കൊല്ലത്തിൽ ലയിക്കുമ്പോൾ പുതുതായ ചില ആലോചനകൾ ഉണ്ടാക്കിത്തീക്കുന്ന ശക്തിയിൽ നിന്ന് ആരും രക്ഷപ്രാപിക്കുന്നില്ല. ചിലർ ഭാവിയെ മൂടികിടക്കുന്ന ജ്വാലാജാലങ്ങളുടെ ഉള്ളിൽക്കൂടി തലതാഴ്ത്തുന്നു. മററു ചിലർ ജീവിതയുദ്ധത്താലുണ്ടായ ക്ഷീണം തീപ്പാൻ അവിടെ അല്പം വിശ്രമിക്കുന്നു. ഇതാണ് വിഷുവിനുള്ള വിശേഷവിധി.

എല്ലാവക്കും എല്ലാ കൊല്ലങ്ങളിലും രണ്ടു ദിവസം പ്രധാനമാണ്; ഇതിൽ ഒന്നു വിഷുദിവസവും മററതു ജന്മനക്ഷത്രദിവസവും തന്നെ. ജന്മനക്ഷത്രദിവസത്തിന്ന് തനിക്കും ഏറിക്കഴിഞ്ഞാൽ ബന്ധുമിത്രാദികൾക്കും മാത്രമെ പ്രാധാന്യമുള്ളു. വിഷുദിവസം യജമാനന്നും ഭൃത്യനും ഇരപ്പാളിക്കും ഭേദമില്ല.

വരുംകൊല്ലത്തിൽ എന്തെങ്കിലും ഒരു നന്മചെയ്യാൻ ഈ വിഷുദിവസം എല്ലാ കേരളീയരും ആലോചിച്ചുറക്കമാറാകട്ടേ! കഴിയാൻ പോകുന്ന കൊല്ലത്തിൽ നടന്ന സംഭവങ്ങളെല്ലാക്കെ മറന്ന് എല്ലാവരും സ്നേഹിച്ച് ഐകമത്യത്തോടെ വത്തിപ്പാനിടവരട്ടേ! പൊതുജനോപകാരപ്രദങ്ങളായ കായ്യങ്ങൾ ചെയ്യുന്നതിൽ ജനങ്ങൾക്ക് ഭിന്നാഭിപ്രായം ഉണ്ടാകാതിരിക്കട്ടേ! ഈക്കൊല്ലത്തെ വിഷുഫലം കേരളീയക്ക് ക്ഷേമമായി പയ്യവസാനിക്കട്ടെ!

എണ്ണിഎണ്ണിക്കുറയുന്നിതായുസ്സും
മണ്ടിമണ്ടിക്കരേറുന്നുമോഹവും
കൂടിയല്ലാപിറക്കുന്നനേരത്തും
കൂടിയല്ലാമരിക്കുന്നനേരത്തും
മദ്ധ്യേയിങ്ങിനെകാണുന്നനേരത്തു
മത്സരിക്കുന്നതെന്തിനുനാം വൃഥാ
മായകാട്ടുംവിലാസങ്ങൾകാണുമ്പോൾ
ജായകാട്ടുംവിലാസങ്ങൾഗോഷ്ടികൾ
കഷ്ടംകഷ്ടംനിരൂപണംകൂടാതെ
ചുട്ടതിന്നുന്നുജന്മംപഴതെന്നാം.

---

# കൊച്ചി സാഹിത്യ സമാജം

## യോഗമെമ്മൊറാണ്ടം.

1. ഈ യോഗത്തിന്റെ പേര് 'കൊച്ചിസാഹിത്യസമാജം' എന്നായിരിക്കും.

2. ഈ സമാജം ഏർപ്പെടുത്തിയതിന്റെ ഉദ്ദേശങ്ങൾ:—

(എ) മലയാളഭാഷാദ്ധ്യയനത്തിൽ ഉത്സാഹം ഉണ്ടാക്കിത്തീൎക്കുക, മലയാളഭാഷാസാഹിത്യത്തിന്റെ എല്ലാ ശാഖകളേയും പരിഷ്കരിക്കുകയും പോഷിപ്പിക്കുകയും ചെയ്ക.

(ബി) മേല്പറഞ്ഞ ഉദ്ദേശത്തിന്നുവേണ്ടി മൂലധനവും മുതലും പിരിച്ചുണ്ടാക്കി സൂക്ഷിച്ചു ചിലവഴിക്കുക.

(സി) മലയാളഭാഷയ്ക്കും സാഹിത്യത്തിന്നും പരിഷ്കാരവും പോഷണവും വരുത്തുന്നതിന്നുതകുന്നതും ആവശ്യവുമായ എല്ലാ പ്രവൃത്തികൾ ചെയ്ക,—ഇവയാകുന്നു.

3. ഈ സമാജത്തിന് ഏതു വിധത്തിലെങ്കിലും ഉണ്ടാവുന്ന മുതലെടുപ്പും സ്വത്തുക്കളും യോഗമെമ്മൊറാണ്ടത്തിൽ കാണിച്ചപ്രകാരമുള്ള ഉദ്ദേശങ്ങൾക്കുമാത്രം ഉപയോഗപ്പെടുത്തുന്നതാണ്. അല്ലാതെ അതിൽ യാതൊരു ഭാഗവും നേരിട്ടോ മറ്റു പ്രകാരത്തിലോ, ആദായമെന്നോ പലിശയെന്നോ ഉള്ള നിലയിൽ സാമാജികന്മാൎക്കു കൊടുക്കുകയോ അവരുടെ അധീനത്തിൽ ആക്കുകയോ ചെയ്യുന്നതല്ല.

എന്നാൽ സമാജക്കാരുടെ അഭിപ്രായത്തിൽ വല്ല സാമാജികനും സാഹിത്യസംബന്ധമായുള്ള പ്രസിദ്ധീകരണങ്ങൾക്കായി വല്ല പ്രതിഫലമോ സമ്മാനമോ കൊടുക്കേണമെന്നു തീൎച്ചയാക്കി കൊടുക്കുന്നതായാൽ അതു മേല്പറഞ്ഞ നിശ്ചയത്താൽ അസാധുവാകുന്നതല്ല.

4. താഴെ പേരും മേൽവിലാസവും കാണിച്ചിരിക്കുന്നവരായ ഞങ്ങൾ ഈ യോഗമെമ്മൊറാണ്ടമനുസരിച്ച് ഒരു സമാജമായി ചേരുവാൻ ആഗ്രഹിക്കുന്നു.

| കമ്മിററി മെമ്പർമാരുടെ പേരും ഒപ്പും. | സാക്ഷികളുടെ ഒപ്പ്. |
|---|---|
| | |

## യോഗനിയമങ്ങൾ.

### 1. സാമാജികന്മാർ.

1. സാമാജികന്മാർ സാധാരണ സാമാജികന്മാരെന്നും വിശിഷ്ടസാമാജികന്മാരെന്നും രണ്ടു തരക്കാരായിരിക്കും.

2. സമാജത്തിന്റെ ഉദ്ദേശനിവൃത്തിയിൽ താല്പൎയ്യമുള്ളവരും സമാജനിയമങ്ങൾ അനുസരിച്ചു നടക്കുന്നവരും ആയവൎക്കൊക്കെ ഈ സമാജത്തിൽ സാധാരണ സാമാജികന്മാരാകാവുന്നതാണ്.

3. സാമാജികസ്ഥാനത്തിന്നുള്ള അപേക്ഷകൾ കമ്മിററിക്കാര് മുമ്പാകെ എത്തിക്കത്തക്കവണ്ണം സമാജം സിക്രട്ടറിക്ക് അയക്കേണ്ടതാണ്. അങ്ങിനെയുള്ള അപേക്ഷകൾ സ്വീകരിപ്പാനോ തള്ളിക്കളവാനോ ഉള്ള പൂൎണ്ണാധികാരം കമ്മിററി [illegible]

മ്പർമാരിൽ ഇരിക്കുന്നതാണ്. സാമാജികന്മാരിൽ ആരെ എങ്കിലും ആ സ്ഥാനത്തിൽനിന്നു തള്ളുവാൻ കമ്മററിക്കാർക്ക് അധികാരം ഇല്ല. ആ അധികാരം പൊതുവെ സമാജത്തിന്നു മാത്രമേയുള്ളു.

4. സാഹിത്യവിഷയത്തിലുള്ള പാണ്ഡിത്യംകൊണ്ടോ മലയാളഭാഷയിലുള്ള നിപുണതകൊണ്ടോ പേരെടുത്തവരെ കമ്മററിക്കാരുടെ യുക്തംപോലെ വിശിഷ്ട സാമാജികന്മാരായിരിപ്പാൻ ക്ഷണിക്കാവുന്നതാണ്. ഈ ക്ഷണനം സ്വീകരിച്ചവർ സമാജത്തിലെ വിശിഷ്ട സാമാജികന്മാരായിരിക്കുന്നതാണ്.

5. സാധാരണ സാമാജികന്മാരുടെ എണ്ണം ഇത്രയായിരിക്കേണമെന്നു ക്ലുപ്തമില്ല. വിശിഷ്ട സാമാജികന്മാർ 12-ൽ അധികമാവാൻ പാടുള്ളതല്ല.

II. വരിസംഖ്യ.

6. എല്ലാ സാധാരണ സാമാജികന്മാരും അവരവരുടെ ഇഷ്ടത്തിന്നും ശക്തിക്കും അനുസരിച്ച് ഒരു സംഖ്യ സമാജത്തിൽ കൊല്ലന്തോറും വരിയായി അടക്കേണ്ടതാണ്. എന്നാൽ ഈ സംഖ്യ മൂന്നുറുപ്പികയിൽ കുറയുവാൻ പാടില്ല. സമാജത്തിൽ ചേരുന്നവർ വരിസംഖ്യ നിശ്ചിതസമത്തിന്ന് അടക്കുന്നതാണെന്നും സാമാജികനായി ചേർന്നുതൽ മൂന്നു കൊല്ലം കഴിയുന്നതിന്നുമുമ്പായി ആ സ്ഥാനത്തിൽനിന്നു ഒഴിയുന്നതല്ലെന്നും ഖരാർ ചെയ്തിട്ടുള്ളതായും വിചാരിക്കപ്പെടുന്നതാണ്.

7. കൊല്ലത്തിൽ അടക്കേണ്ടതായ വരിസംഖ്യ മൂന്നു തുല്യഗഡുക്കളായി വൃശ്ചികം, മിനം, കർക്കടകം ഈ മാസങ്ങളിൽ ഒടുവിലത്തെ ദിവസത്തിന്നു മുമ്പായി അടക്കേണ്ടതാണ്. ഈ തിയ്യതികളിൽ അടക്കാത്തപക്ഷം ബാക്കി നില്ക്കുന്ന ഉറുപ്പിക ഒന്നിന്നു മാസം ഈരണ്ടണപ്രകാരം പലിശ അടക്കേണ്ടതാണ്.

8. വിശിഷ്ടസാമാജികന്മാർ വരിസംഖ്യയൊന്നും അടക്കേണ്ടതില്ല. എന്നാൽ സംഭാവനയായി അങ്ങിനെയുള്ളവർ വല്ല സംഖ്യയും തരുന്നതായാൽ ആയതു സമാജക്കാർക്ക് സ്വീകരിച്ചുകൂടെന്നു നിശ്ചയമില്ല

III. കാര്യനിർവ്വഹണസംഘം.

9. ഒരു അദ്ധ്യക്ഷൻ, ഒരു സഹാദ്ധ്യക്ഷൻ, ഒരു സിക്രട്ടറി, ഒരു ഖജാൻജി, പത്രാധിപർ, സമാജക്കാർ നിശ്ചയിക്കുമ്പോലെ മൂന്നിൽ കുറയാതെയും ആറിൽ അധികമാവാതെയും സാമാജികന്മാർ—ഇവർ അടങ്ങിയ ഒരുകമ്മിററിക്കാരിലായിരിക്കും സമാജം വക കാര്യങ്ങൾ നടത്തേണ്ടതായ ഭാരം.

10. സമാജംവക സധാരണ യോഗത്തിൽവെച്ചു കൊല്ലന്തോറും കമ്മററിമെമ്പർമാരെ തിരഞ്ഞെടുത്തു നിശ്ചയിക്കുന്നതാണ്. രണ്ടു സാധാരണ യോഗങ്ങൾക്കമദ്ധ്യേ കഴിയുന്നകാലം എത്രയായാലും ഈ നിശ്ചയത്തെ ബാധിക്കുന്നതല്ല. ഒഴിവാൻ പോകുന്ന മെമ്പർമാരെതന്നെ വീണ്ടും തിരഞ്ഞെടുത്തു നിശ്ചയിക്കാവുന്നതാണ്.

11. അതാതു കൊല്ലത്തിൽ കാലം കഴിയുന്നതിന്നു മുമ്പായി കമ്മററിമെമ്പർമാരുടെ ഇടയിൽ വരുന്ന ഒഴിവിന്നു പകരം സാമാജികന്മാരുടെ ഇടയിൽനിന്ന് ഒരാളെ നിശ്ചയിപ്പാൻ കമ്മററിയിലുള്ള മററു മെമ്പർമാർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

12. 1088-ലെ 1-ാം റെഗുലേഷൻ പ്രകാരവും ഈ സമാജനിയമപ്രകാരവും സമാജത്തിൻെറ സാധാരണയോഗത്തിൽ വെച്ചു നടത്താവുന്ന എല്ലാ അധികാര

വും മേപ്പടി കമ്മററിക്കാരിലും ഇരിക്കുന്നതാണ്.

13. സമാജംവക പത്രഗ്രന്ഥത്തിൻെറ പ്രസാധനത്തിലും ഭരണത്തിലും പരിശോധനക്കായി അയക്കപ്പെട്ടതോ സമാജക്കാരുടെ ആവശ്യപ്രകാരം എഴുതി ഉണ്ടാക്കിയതോ ആയ പുസ്തകങ്ങൾ പരിശോധിക്കുന്നതിലും, ഗ്രന്ഥകർത്താക്കന്മാക്കു പ്രതിഫലം കൊടുക്കുന്നതിലും, വല്ല പുസ്തകങ്ങളുടേയും പകൎപ്പവകാശം വിലകൊടുത്തു വാങ്ങുന്നതിലും, സമാജത്തിൻെറ ചിലവിന്മേൽ പുസ്തകം ഏതാനുമോ മുഴുവനുമോ അച്ചടിപ്പിക്കുന്നതിലും, സമാജംവക മുതലും വസ്തുക്കളും ആദായമുണ്ടാകത്തക്ക വിധത്തിൽ വിനിയോഗിക്കുന്നതിലും, ഇപ്രകാരമുള്ള മററു സംഗതികളിലും ഈ നിയമങ്ങൾക്കു വിരുദ്ധമാകാത്ത നിശ്ചയങ്ങൾ ചെയ്വാൻ കമ്മററിക്ക് അധികാരം ഇരിക്കുന്നതാണ്.

14. കമ്മററിക്കാർ:—

(എ) സമാജംവക വരവു ചിലവുകളുടെ ശരിയായ കണക്കുകൾ വെച്ചു വരേണ്ടതാണ്.

(ബി) സമാജംവകയും കമ്മററിവകയും ആയി കൂടുന്ന യോഗങ്ങളിൽ തീച്ചപ്പെടുത്തുന്ന നിശ്ചയങ്ങൾ ശരിയായി റിക്കാർട്ടാക്കുവാൻ ആവശ്യമായ റിക്കാർട്ടുകളും റജിസ്റ്റുകളും വെക്കേണ്ടതാണ്.

15. കമ്മററിക്കാർ എല്ലാ കൊല്ലവും സമാജംവക സാധാരണ യോഗം കൂടുന്നതിനു മുമ്പായി കഴിഞ്ഞകൊല്ലത്തിൽ നടന്ന നടവടികളെക്കുറിച്ചും വരുംകൊല്ലത്തിൽ പ്രവൃത്തിപ്പാൻപോകുന്ന നടവടികളെക്കുറിച്ചും ഒരു റിപ്പോർട്ട് എല്ലാ മെമ്പർമാക്കും അയക്കുന്നതോടുകൂടി സമാജത്തിൻെറ ധനസ്ഥിതിയെപ്പററി ശരിയായ ഒരു കണക്കും മേൽ 13-ാംനിയമത്തിൽ പറഞ്ഞപ്രകാരം കഴിഞ്ഞ കൊല്ലത്തിൽ കമ്മററിക്കാർ ചെയ്തിട്ടുള്ള നിശ്ചയങ്ങൾ ഇന്നതൊക്കെയാണെന്നും മററുമുള്ള വിവരങ്ങളും അറിയിക്കേണ്ടതാണ്.

16. സമാജംവക കണക്കുകളും രജിസ്റ്റുകളും ഒരു ആഡിററരെക്കൊണ്ട് പരിശോധിപ്പിച്ച് ആഡിററരുടെ റിപ്പോർട്ടും മേൽ 15-ാംവകുപ്പിൽ പറഞ്ഞ റിപ്പോർട്ടുകളോടുകൂടി എല്ലാ സമാജമെമ്പർമാക്കും അയക്കേണ്ടതാണ്.

IV. സമാജംവക പത്രഗ്രന്ഥം

17. സമാജക്കാരുടെ അഭിപ്രായങ്ങളെ വെളിപ്പെടുത്തുവാനും സമാജംവക നിശ്ചയങ്ങൾ അപ്പൊഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതിന്നും മാറുമായി സമാജം മുഖേന മാസികയായോ ത്രൈമാസികയായോ ഒരു പത്രഗ്രന്ഥം പ്രസിദ്ധം ചെയ്യുന്നതാണ്.

18. കമ്മററിമെമ്പർമാരിൽ ഒരാൾ ഈ പത്രത്തഗ്രന്ഥത്തിൻെറ പ്രസാധകനായിരിക്കുന്നതും ഈ പത്രം സമാജമെമ്പർമാരായിരിക്കുന്നവൎക്കെല്ലാം പ്രതിഫലംകൂടാതെ ഓരോ കോപ്പി അയച്ചുകൊടുക്കുന്നതുമാണ്. കമ്മററിക്കാരുടെ യുക്തംപോലെ പുതുതായി ഒരു പത്രം തുടങ്ങുകയോ, അല്ലെങ്കിൽ ഇപ്പോൾ നിലവിലുള്ള ഒരു പത്രത്തെ സാമാജത്തിൻെറ ഉദ്ദേശനിവൃത്തിക്കായി ഉപയോഗപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

V. സമാജയോഗങ്ങൾ.

19. എല്ലാ കൊല്ലത്തിലും ഒരു പ്രാവശ്യം (ഒടുവിൽകഴിഞ്ഞ സാധാരണ യോഗത്തിന്നു ശേഷം 15 മാസത്തിന്നുള്ളിൽ) സമാജം മെമ്പർമാരുടെ ഒരു സാധാരണ യോഗം കൂടേണ്ടതാണ്. ഈ യോഗം ഇന്ന ദിക്കിൽവെച്ചു കൂടേണമെന്നു കമ്മററിക്കാർ തീച്ചപ്പെടുത്തേണ്ടതാണ്.

20. മേൽവകുപ്പിൽ പറഞ്ഞപ്രകാരം കൂടുന്ന യോഗങ്ങൾക്കു സാധാരണയോഗമെന്നു പറയപ്പെടുന്നതാണ്. സമാജംവകയായി കൂടുന്ന മററു യോഗങ്ങൾ ഒക്കെ പ്രത്യേകയോഗം എന്നും പറയപ്പെടുന്നതാണ്.

21. അഞ്ചിൽ കുറയാത്ത സാമാജികന്മാർ ഒരുത്തരമിച്ചു അപേക്ഷിക്കുന്നതാ

യാൽ കമ്മാറിക്കാർ പ്രത്യേകയോഗം വിളിച്ചുകൂട്ടേണ്ടതാണ്.

22. ഇപ്രകാരം യോഗം ചേരേണ്ടതിനുള്ള കാരണം ഇന്നതാണെന്നു പ്രത്യേകം കാണിക്കേണ്ടതും ആവക അപേക്ഷയിൽ അപേക്ഷക്കാരായ സാമാജികന്മാർ എല്ലാവരും ഒപ്പിടേണ്ടതും ആ അപേക്ഷകൾ സമാജം ആപ്പീസ്സിൽ എത്തിക്കേണ്ടതുമാണ്.

VI. യോഗത്തിൽ ചെയ്യുന്ന നിശ്ചയങ്ങൾ

23. യോഗം ചേരുവാനുള്ള അറിയിപ്പ് 10 ദിവസത്തിനു മുമ്പായി എല്ലാ സാമാജികന്മാർക്കും എത്തിച്ചുകൊടുക്കേണ്ടതാണ്. യോഗം ചേരുവാൻ പോകുന്ന ദിവസം, സമയം, സ്ഥലം, യോഗത്തിൽ ആലോചിപ്പാൻ പോകുന്ന വിഷയം, ഇതൊക്കെ താഴെ പറയുന്ന നിശ്ചയങ്ങൾക്ക് അനുസരിച്ചു എല്ലാ സാമാജികന്മാർക്കും അറിവുകൊടുക്കേണ്ടതാണ്. ഏതെങ്കിലും ഒരു സാമാജികന് ഈ അറിയിപ്പു കിട്ടീട്ടില്ലെന്നുള്ള കാരണത്താൽ ഒരു യോഗത്തിൽ ചെയ്ത നിശ്ചയങ്ങൾ അസാധുവാകുന്നതല്ല.

24. യോഗം ചേരേണ്ടതിനുള്ള അറിയിപ്പ് സമാജംവക പത്രത്തിൽ പ്രസിദ്ധം ചെയ്തോ നേരിട്ടോ സാമാജികന്മാരുടെ മേൽവിലാസത്തിൽ തപ്പാലോ അഞ്ചലോ മാർഗ്ഗമായോ സാമാജികന്മാരെ ധരിപ്പിക്കാവുന്നതാണ്. തപ്പാലും അഞ്ചലും മുഖേന അയക്കുന്ന നോട്ടിസ്സുകൾ ശരിയായി മേൽവിലാസം എഴുതി തപ്പാലിലോ അഞ്ചലിലോ ഇട്ടാൽ അതാതു സാമാജികന്മാർക്കു കിട്ടിയതായി തീർച്ചപ്പെടുത്താവുന്നതാണ്.

25. സമാജത്തിലുള്ള 15 മെമ്പർമാരോ, അല്ലെങ്കിൽ സമാജത്തിലുള്ള ആകെ മെമ്പർമാരിൽ മൂന്നിലൊന്നോ—ഇതിൽ കുറഞ്ഞ സംഖ്യ ഏതെങ്കിൽ അത്—ഹാജരാവാത്ത യാതൊരു യോഗത്തിലും കോറം തികയുന്നതല്ല. കോറം തികയാത്ത യോഗത്തിൽ വെച്ചു യാതൊരു നിശ്ചയങ്ങളും ചെയ്യാവുന്നതല്ല.

26. സമാജം മെമ്പർമാരുടെ ആവശ്യപ്രകാരം കൂടുന്നതായ പ്രത്യേകയോഗത്തിൽ നിശ്ചയിച്ച സമയം കഴിഞ്ഞു ഒരു മണിക്കൂറിനുള്ളിൽ കോറം തികയുവാൻ ആവശ്യമായ മെമ്പർമാര് ഹാജരില്ലാത്തപക്ഷം, ആ യോഗം വേണ്ടെന്നു വെക്കേണ്ടതാണ്. മററുള്ള സാധാരണ യോഗങ്ങളിൽ നിശ്ചിതസമയത്തിനു കോറം തികയാത്തപക്ഷം അടുത്ത ആഴ്ചയിൽ അതേദിവസം അതേസമയത്തിനു യോഗം കൂടാവുന്നതാണ്. അന്നും കോറം തികയാത്തപക്ഷം രണ്ടാമത് ഒരു ദിവസം നിശ്ചയിക്കുന്നതുവരെ യോഗം നിർത്തിവെക്കാവുന്നതാണ്

27. സാധാരണ സാമാജികന്മാർക്കും വിശിഷ്ട സാമാജികന്മാർക്കും ഓരോരുത്തർക്കും ഓരോ വോട്ടു ചെയ്യാൻ അധികാരം ഉണ്ടായിരിക്കും.

28. സമാജത്തിലേക്കു അടച്ചുതീർക്കേണ്ടതായ ബാദ്ധ്യതകൾ തീർത്തല്ലാതെ ഒരു സാമാജികനും വോട്ടുചെയ്യാൻ അധികാരം ഉണ്ടാകുന്നതല്ല.

29. വോട്ടുകൾ യോഗത്തിൽ നേരിട്ടോ, പ്രതിനിധി മുഖേനയോ ചെയ്യാവുന്നതാണ്. എന്നാൽ പ്രതിനിധി സമാജത്തിലെ ഒരു മെമ്പറായിരിക്കേണ്ടതും ആ യാളെ അധികാരപ്പെടുത്തിയതിനു പ്രത്യേകം ലക്ഷ്യം ഉണ്ടായിരിക്കേണ്ടതുമാണ്. ഈ അധികാരപത്രം യോഗം ചേരുന്നതിനു 24 മണിക്കൂറു മുമ്പെ സിക്രട്ടറിക്ക് എ

ത്തിച്ചുകൊടുക്കേണ്ടതുമാണ്.

30. സമാജികന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായം ഉണ്ടായാൽ അധികപക്ഷം സാമാജികന്മാരുടെ അഭിപ്രായം സ്വീകരിക്കുന്നതാണ്. ഇരുകക്ഷികൾക്കും ഒരുപോലെ വോട്ടുകിട്ടുന്ന പക്ഷം യോഗാദ്ധ്യക്ഷനു യുക്തമെന്നു തോന്നുന്ന ഭാഗത്തെ നിശ്ചയം സ്വീകരിക്കാവുന്നതാണ്.

VII സമാജംസ്വത്ത്.

31. സമാജസ്വത്ത് താഴെ പറയുന്ന ഉദ്ദേശങ്ങളിൽ ഏതെങ്കിലും ഒന്നിനോ എല്ലാറ്റിനുമായോ വിനിയോഗിക്കാവുന്നതാണ്.

(എ) ഗ്രന്ഥകർത്താക്കന്മാർക്ക് പ്രതിഫലം കൊടുക്കുക, അവർക്ക് ധനസഹായം ചെയ്യുക, അല്ലെങ്കിൽ അവരുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചുകൊടുക്കുക.

(ബി) സമാജംവകയായി നടത്തുന്ന പത്രത്തിനാവശ്യമായ ചിലവുകൾ നടത്തുക, അതിന്റെ പത്രാധിപർക്ക് പ്രതിഫലം കൊടുക്കുക.

(സി) പ്രസിദ്ധപ്പെടുത്താത്ത മലയാളഗ്രന്ഥങ്ങൾ ശേഖരിക്കുക, പ്രധാനപ്പെട്ടതും ഉപയോഗമുള്ളതുമായ പുസ്തകങ്ങളെ നല്ലവണ്ണം അച്ചടിപ്പിക്കുക, സമാജംവക പുസ്തകശാലയിലേക്ക് അച്ചടിച്ച പുസ്തകങ്ങൾ, കയ്യെഴുത്തുപുസ്തകങ്ങൾ ഇവകൾ ശേഖരിക്കുക.

(ഡി) ആവശ്യമെന്നു തോന്നുന്ന സമാജതസ്തികക്കാർക്ക് ശമ്പളം കൊടുക്കുക, ആപ്പീസ്സ സ്ഥലത്തിന്നു വാടക കൊടുക്കുക.

(ഇ) സമാജത്തിന്റെ ഉദ്ദേശസിദ്ധിക്ക് ഉതകുന്നതും ഉപകരിക്കുന്നതുമായ എല്ലാ ചിലവുകളും ചെയ്യുക.

32. സമാജസ്വത്ത് യുക്തംപോലെ ചെലവഴിപ്പാൻ കമ്മററിക്ക് പൂർണ്ണാധികാരം ഉണ്ടായിരിക്കുന്നതാണ്.

---

# വരിക്കാരറിവാൻ

വരിസംഖ്യ അടക്കാത്തവർക്കൊക്കെ ഇത്തവണ മാസിക വി. പി. അയക്കുന്നതാണെന്നു കഴിഞ്ഞ തവണ ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നുവല്ലൊ. എന്നാൽ ഇത്തവണ മാസിക പുറപ്പെടുവാൻ താമസം നേരിട്ടതിനാൽ അതു സാധിക്കാതെ വന്നതാണ്. എനിയത്തെത്തവണ (എടവം ലക്കം) തീർച്ചയായി എല്ലാവർക്കും വി. പി. അയക്കുന്നതാണ്. വി. പി. സ്വീകരിപ്പാൻ സൌകര്യമില്ലാത്തവർ മുൻകൂട്ടി അറിയിക്കണേ.

# മംഗളോദയം

വരിസംഖ്യ തപാൽ കൂലി അടക്കം

ഒരു കൊല്ലത്തേയ്ക്കു മുൻകൂർ 2—8—0 ആറുമാസത്തേയ്ക്കു മുൻകൂർ 1—6—0
ഒറ്റപ്രതിക്ക് മുൻകൂർ 0—4—0 വി. പി. കമ്മീഷൻ പുറമെ.

☞ വരിസംഖ്യ ബാക്കിവെച്ചിട്ടുള്ളവർ, അവരവർ അടക്കേണ്ട സംഖ്യ ഉടനെ തീർത്തു രശീതി വാങ്ങേണ്ടതാണ്

# മംഗളോദയം കമ്പനി

ക്ലിപ്തം, തൃശ്ശിവപേരൂർ.

ഡയറക്ടന്മാർ.

1. മഹാമഹിമശ്രീ കൊച്ചി 10-ാംകൂർ രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്
2. ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. ചെറിയ നാരായണൻനമ്പൂതിരിപ്പാട് അവർകൾ
3. ,, വടക്കിനിയേടത്തു കിരാങ്ങാട്ടുമനയ്ക്കൽ ശ്രീധരൻ അനുജൻനമ്പൂതിരിപ്പാട് ,,
4. ,, സി. ടി. അവണത്തിക്കാട്ടു നീലകണ്ഠൻ ഭട്ടതിരിപ്പാട് ,,
5. ,, കുറൂർ ദാമോദരൻ നമ്പൂതിരിപ്പാട് ,,
6. ,, പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാ ,,
7. മ-രാ-രാ- ചങ്ങരംകോത കൃഷ്ണൻകർത്താവ് ,,
8. ,, ഡാക്ടർ ടി. സി. കൃഷ്ണമേനോൻ ,,

മലയാളഭാഷാഭിവൃദ്ധിയേയും പൊതുജനയോഗക്ഷേമത്തേയും മുൻനിറുത്തി, ഷെയർ 1-ക്ക് 10ക. വീതം 3000 ഷെയറിൽ കൂടി 30,000ക. മൂലധനമായി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ കമ്പനി. ഈ കമ്പനിയിലേക്കു, വളരെ കാലമായി ഉത്തമരീതിയിൽ നടത്തപ്പെട്ടിരുന്ന കല്പദ്രുമം അച്ചുക്കൂടം തീറുവാങ്ങിയിരിക്കുന്നു. ഇവിടെ ഇംഗ്ലീഷ്, ദേവനാഗരം, തമിഴ്, മലയാളം എന്നീ അക്ഷരങ്ങളിൽ എല്ലാതരത്തിലുമുള്ള അച്ചടിവേലകളും ആദായനിരക്കിൽ വൃത്തിയായും കൃത്യത്തിനും നടത്തിക്കൊടുക്കുന്നതാണ്.

ഇതിനുംപുറമെ ദേശമംഗലത്തുനിന്നു ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. ചെറിയ നാരായണൻ നമ്പൂതിരിപ്പാടവർകളുടെ ഉടമസ്ഥതയിൽ പ്രസിദ്ധം ചെയ്തിരുന്ന മംഗളോദയം മാസികയും കമ്പനിയിൽ നിന്നു ഏറ്റെടുത്തിരിക്കുന്നു. ഗ്രാഹ്യങ്ങളായ പല വിഷയങ്ങളേയും പ്രതിപാദിക്കുന്ന ഈ മാസിക മേലിൽ പൂർവ്വാധികം പരിഷ്കൃതരീതിയിൽ നടത്തുവാൻ ശ്രമം ചെയ്യുന്നുണ്ട്

കമ്പനിയിൽ ഷെയർ ചേരുവാൻ ആഗ്രഹിക്കുന്നവർ ടി. കമ്പനിമാനേജർക്ക് അറിയിച്ചാൽ ഹരജിഫാറം അയച്ചുകൊടുക്കുന്നതാണ്. അല്പം ഷെയറുകൾ മാത്രമെ ബാക്കിയുള്ളൂ.

മാനേജർ.

൧൦൮൮ എടവം

# മംഗളോദയം

പുസ്തകം 5
ലക്കം 7

സാഹിത്യം മുതലായ
വിശിഷ്ടവിഷയങ്ങളെ പ്രതിപാദിക്കുന്ന
ഒരു മാസിക.

## വിഷയങ്ങൾ

1. മലയാളത്തിലെ ചരിത്രസാമഗ്രികൾ
2. ടിപ്പുസുൽത്താനും, ഞാലംഞ്ഞു ചട്ട്ണിയും.
3. കന്നുകാലിസംരക്ഷണസംഘം
4. മലയാളഭാഷാസാഹിത്യസംസ്കരണം
5. പ്രദോഷമാഹാത്മ്യം.
6. ദ്രൗപദീസ്വയംവരം.
7. കൊച്ചി സാഹിത്യസമാജം.
൮. पिकसन्देशः ।

കേരളകല്പദ്രുമം അച്ചുക്കൂടം
മംഗളോദയം കമ്പനി, ക്ലിപ്തം,
തൃശ്ശിവപേരൂർ.

വരിസംഖ്യ
2—8—0

# പുതിയ പുസ്തകങ്ങൾ

## പ്രവേശിക.

(വില ക. 0—8—0)

പ്രകൃതിശാസ്ത്രപാഠനത്തിന്റെ താക്കോലായി ഉപയോഗിക്കപ്പെടാവുന്ന ഈ പുസ്തകം എല്ലാവരും വായിക്കേണ്ടതാണ്.

## ദമയന്തീനാടകം.

(വടക്കാഞ്ചേരി ഗ്രാമം രാമകൃഷ്ണഭാഗവതർ ഉണ്ടാക്കിയത് വില 12ണ.)

കംസനാടകം, മീനാക്ഷിനാടകം മുതലായ നാടകങ്ങളുടെ കൂട്ടത്തിൽ സുപ്രസിദ്ധി നേടിയ ഈ നാടകത്തെ ജയിപ്പാൻ തക്കവണ്ണം നളചരിതംകഥ ഇതുവരെ ആരും നാടകമാക്കീട്ടില്ല. സംഗീതനൈഷധം മുതലായ നാടകങ്ങൾ ഈ പുസ്തകത്തിന്റെ അളവിൽ സാരമില്ല. സംഗീതപ്രിയന്മാരും നാടകപ്രിയന്മാരും ഈ പുസ്തകം ഒന്നു വരുത്തി വായിക്കേണ്ടതാണ്.

## വേദാന്തസാരം.

(വില നാലണമാത്രം.)

കിളിപ്പാട്ടു രീതിയിൽ ഏതോ ഒരു മഹായോഗ്യൻ എത്രയോ കൊല്ലങ്ങൾ മുമ്പ് എഴുതിവെച്ച ഈ പുസ്തകം ഇപ്പോൾ മാത്രമാണ് അച്ചടിച്ച പുറത്തായിട്ടുള്ളത്.

## ശാശ്വതധർമ്മം.

(കൊല്ലങ്കോട് പി. ഗോപാലൻനായരാൽ ഉണ്ടാക്കപ്പെട്ടത് വില 12ണ. മാത്രം)

സനാതനധർമ്മങ്ങൾ മിക്കതും ലളിതമായ മലയാളത്തിൽ എഴുതി സംഗ്രഹിച്ചതാണ്. എല്ലാവരും വാങ്ങി വായിക്കേണ്ടതാണ്.

ബി. വി. ബുക്കു ഡിപ്പോ വക പുസ്തകങ്ങൾ.

| | | | ക. | ണ. | പ. |
|---|---|---|---|---|---|
| ഭാസ്കരമേനോൻ | | | 0 | 8 | 0 |
| കഥാരത്നമാല | 1 | ാം ഭാഗം | 0 | 8 | 0 |
| ടി | 2 | ാം ഭാഗം | 0 | 8 | 0 |
| ഗദ്യമാലിക | 1 | ാം ഭാഗം | 1 | 0 | 0 |
| ടി | 2 | ാം ഭാഗം | 1 | 0 | 0 |
| ടി | 3 | ാം ഭാഗം | 1 | 4 | 0 |
| അമരുകശതകം സവ്യാഖ്യാനം | | | 0 | 8 | 0 |
| അന്യാപദേശശതകം | | | 0 | 8 | 0 |
| മണിദീപിക | | | 1 | 8 | 0 |
| ഭാഷാഭൂഷണം | | | 1 | 4 | 0 |
| വൃത്തമഞ്ജരി | | | 0 | 6 | 0 |

# മംഗളോദയം

## ൧൦൮൮

പുസ്തകം ൫ } എടവമാസം { ലക്കം ൧


### മംഗളം

ചേടീവൃന്ദത്തൊടൊന്നിച്ചമലപരിമളംചേർന്നിടുംകല്പകപ്പൂ-
വാടീദേശത്തുവാനോർമകുടനിരചുഴന്നിടുമപ്പീഠമാന്റം
ആടീടുന്നപ്സരസ്ത്രീകളുടെയഭിനയംനോക്കിയുംകിന്നരന്മാർ
പാടീടുംപാട്ടുകേട്ടുംപരമരസമെഴുംദുർഗ്ഗനീക്കട്ടെദുഃഖം.

തേലപ്പുറത്ത് നാരായണനമ്പി.

മലയാളത്തിലെ

# ചരിത്രസാമഗ്രികൾ



ഹിന്തുക്കൾക്കു ചരിത്രമെഴുതുന്നതിന്നുള്ള വാസന വളരെ കുറവാണ് എന്ന സംഗതിയെപ്പററി "ഇന്ത്യാചരിത്രം" എന്നൊരു ലേഖനത്തിൽ മുമ്പു പറഞ്ഞിട്ടുള്ളതു വായനക്കാർ ഓക്കുന്നുണ്ടായിരിക്കുമല്ലോ. മലയാളികളെ സംബന്ധിച്ച് ഈ തത്വം കുറെക്കൂടി സ്പഷ്ടമായി കാണുന്നുണ്ട്. ഇതിന്നു ദൃഷ്ടാന്തമായി ഒരു സംഗതി ഇവിടെ പറയാം. സി. അച്യുതമേനോൻ ബി. എ. അവർകൾ ഒരിക്കൽ ഒരു പ്രത്യേകാവശ്യത്തിന്നായിട്ട് തിരുവില്വാമലക്ഷേത്രത്തിലെ ഗ്രന്ഥവരി പരിശോധിക്കുകയുണ്ടായി. അതിൽ ക്ഷേത്രസംബന്ധമായി കലിയുഗാരംഭകാലത്തിൽ നടന്ന ഓരോ സംഗതികളെപ്പററി പറഞ്ഞിട്ടു പിന്നെ "അതിന്റെ ശേഷം" എന്നു തുടങ്ങി നൂറു സംവത്സരംമുമ്പു നടന്ന കഥകളെപ്പററിയാണ് പറഞ്ഞിരിക്കുന്നതത്രെ. "അതിന്റെ ശേഷം" എന്ന പദങ്ങളെക്കൊണ്ട് ഏകദേശം അയ്യായിരം സംവത്സരങ്ങൾക്കിടക്കു നടന്ന കഥകളെ ഒരൊററ തള്ള

കൊടുത്തു! ചരിത്രമെഴുതുവാനുള്ള വാസനയില്ലായ്കക്ക് ഇതൊരു നല്ല ദൃഷ്ടാന്തം തന്നെയാകുന്നു. പരമാവധി "മുത്തച്ഛൻ പറഞ്ഞിട്ടുള്ളതായി അച്ഛൻ പറഞ്ഞു കേട്ടിട്ടുണ്ട്" എന്നല്ലാതെ അവിടുന്നപ്പുറത്തുള്ള കഥ തീരെ നാസ്തി. ഇങ്ങിനെയാണ് നമ്മുടെ ഇടയിൽ കഴിഞ്ഞുപോരുന്നത്. എന്നാൽ എല്ലാ രാജ്യക്കാൎക്കും, ചരിത്രജ്ഞാനം, പ്രത്യേകിച്ച് അവരവരുടെ പൂൎവ്വചരിത്രത്തെപ്പററിയ ജ്ഞാനം, ഉണ്ടായിരിക്കേണ്ടത് ഏററവുമാവശ്യമാണ് എന്ന് 'മംഗളോദയം' മുൻലക്കങ്ങളിൽ 'ചരിത്രം' എന്നും, 'ഇന്ത്യാചരിത്രം' എന്നും, തലവാചകം വെച്ചുകൊണ്ട് ഈ ലേഖകൻതന്നെ എഴുതീട്ടുള്ള രണ്ടു ലേഖനങ്ങളിൽനിന്നു സിദ്ധമാകുന്നതിനാൽ അതിനെ വീണ്ടും സാധിക്കുവാൻ ഇവിടെ ശ്രമിക്കുന്നില്ല. മലയാളരാജ്യത്തിന്റേയും തന്നിവാസികളുടേയും ശരിയായിട്ടുള്ള ഒരു പൂൎവ്വചരിത്രം നാം അവശ്യം അറിഞ്ഞിരിക്കേണ്ടതാണ് എന്ന സിദ്ധമായ സംഗതി മുതൽക്കാരംഭിച്ചാൽ തൽക്കാലം മതിയാകുന്നതാണ്. മലയാളത്തിലെ ചരിത്രത്തിന്നു വേണ്ട സാമഗ്രികൾ എന്തെല്ലാമാകുന്നു; അവയിൽ നമ്മുടെ സ്വാധീനത്തിലുള്ളവ എന്തെല്ലാമാണ്; അന്യദേശീയന്മാരുടെ അടുക്കൽനിന്നു സമ്പാദിക്കേണ്ടതുണ്ടെങ്കിൽ അവ ഏതെല്ലാം; അവയെയെല്ലാം സമ്പാദിക്കേണ്ട മാൎഗ്ഗങ്ങൾ എന്തെല്ലാമാണ് എന്നിങ്ങിനെയുള്ള സംഗതികളെയാണ് ഈ ലേഖനത്തിൽ പ്രധാനമായി പ്രതിപാദിക്കുവാൻ വിചാരിക്കുന്നത്.

കേരളചരിത്രത്തിന്നു വേണ്ടുന്ന സാമഗ്രികളെ അകത്തുള്ളവ എന്നും, പുറത്തുള്ളവ എന്നും സാമാന്യേന രണ്ടായി വിഭജിക്കാം. മലയാളത്തിൽ നിന്നു ലഭിക്കുന്നവയെല്ലാം അകത്തുള്ള സാമഗ്രികളാകുന്നു. പാണ്ഡിരാജ്യം, ചോളരാജ്യം, കൊങ്ങുരാജ്യം, എന്നീ അയൽരാജ്യങ്ങൾ പണ്ടു മലയാളരാജ്യമായി വളരെ സംബന്ധപ്പെട്ടു കിടന്നിരുന്നതിനാൽ ആ വക രാജ്യങ്ങളിൽ നിന്നു കിട്ടാവുന്നവയേയും അകത്തുള്ള സാമഗ്രികളുടെ കൂട്ടത്തിൽ ഗണിക്കാവുന്നതാണ്. പുരാതനകാലം മുതൽക്ക് ഓരോ കാലങ്ങളിൽ മലയാളത്തിലേക്കു കച്ചവടത്തിന്നും മററുമായി വന്നിരുന്ന പല പരദേശികന്മാരിൽ ചിലർ മലയാളരാജ്യത്തെപ്പററിയും മലയാളികളെപ്പററിയും എഴുതിവെച്ചിട്ടുള്ള ഗ്രന്ഥങ്ങളെയും മററും പുറത്തുള്ള സാമഗ്രികളായിട്ടെടുക്കാം. ആ വക ഗ്രന്ഥങ്ങളെ ഇംഗ്ലീഷുകാർ സ്വഭാഷയിലേക്കു കുറേശ്ശയായി തൎജ്ജമചെയ്തുവരുന്നതിനാൽ വളരെ ശ്രമംകൂടാതെ തന്നെ അവയെ നമുക്കു കിട്ടുവാൻ തരം വന്നുതുടങ്ങിട്ടുണ്ട്. ആ വക റിക്കാർട്ടുകൾ ഒരു പ്രകാരത്തിൽ വളരെ വിലപിടിച്ചവതന്നെയാകുന്നു. എങ്കിലും അവയിൽ പറഞ്ഞിരിക്കുന്ന സംഗതികളെ മുഴുവൻ പ്രമാണമായിട്ടു സ്വീകരിക്കുവാൻ സൂക്ഷിച്ചിട്ടു വേണംതാനും. ബോട്ടു വലിക്കുന്ന വാലന്മാരുടെ പാട്ടു കേട്ടിട്ട് സൂക്ഷ്മഗ്രാഹിയായ ഒരു സായ്പ് ഇപ്രകാരമാണ് ഹിന്തുക്കളുടെ സംഗീതമെന്നു ധരിച്ച് നോട്ടുകുറിച്ചുവെച്ചുവത്രെ. അന്യരാജ്യക്കാർ നമ്മളെ കാണുന്നത് ഏകദേശം ഈ മാതിരിയായിരിക്കുവാൻ എളുപ്പമാകുന്നു. അതിനാൽ വളരെ മനസ്സിരുത്തി പരിശോധിച്ചതിന്റെ ശേഷമേ അവർ പറഞ്ഞിട്ടുള്ളതിനെ പ്രമാണമായിട്ടു സ്വീകരിപ്പാൻ പാടുള്ളൂ. എന്നാൽ പരദേശികന്മാരായ ആധുനിക ഗ്രന്ഥകാരന്മാർ മലയാളത്തെപ്പററി ഇപ്പോൾ എഴുതുന്ന ഗ്രന്ഥങ്ങൾ പിഴകൂടാതെ കഴിയുന്ന

ത്തും ശുദ്ധമായിരിക്കണമെന്ന കാര്യത്തിൽ നല്ലവണ്ണം നിഷ്കർഷിക്കുന്നുണ്ട് എന്ന വാസ്തവവും ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ മലയാളികളായ നൊമ്മുടെ ശ്രമം വളരെ കുറവാകുന്നുവെന്നു ലജ്ജയോടുകൂടി സമ്മതിക്കുകയല്ലാതെ അതിന്നെതിരായി പറയുവാൻ ആക്കും കഴിയുന്നതല്ല. ഇംഗ്ലീഷ് മാസികകളിലും മലയാളമാസികകളിലും മലയാളചരിത്രസംബന്ധമായി ലേഖനങ്ങളെ എഴുതുന്ന നൊമ്മളിൽ അപൂർവ്വം ചില കൂട്ടക്കാർതന്നെ പ്ലൈനി അങ്ങിനെ പറയുന്നു, ടോളമി ഇങ്ങിനെ പറയുന്നു എന്നും മറ്റും പറഞ്ഞു കലാശിക്കുന്നതല്ലാതെ നൊമ്മുടെ സ്വാധീനത്തിലുള്ളവയും അനേകം ചരിത്രവിഷയങ്ങൾ അടങ്ങിയിരിക്കുന്നവയും, ചുററുമുള്ളവയാണെങ്കിലും നൊമ്മുടെ അശ്രദ്ധനിമിത്തം ക്രമേണ മാഞ്ഞുപോയിക്കൊണ്ടിരിക്കുന്നവയുമായ അകത്തുള്ള സാമഗ്രികളെ ഒന്നിനെയെങ്കിലും എടുത്തു പ്രയോഗിക്കുന്നില്ല. അവയെ സുലഭമായി സമ്പാദിക്കുന്നതിന്നും അവയുടെ അത്ഥം ശരിയായിട്ടു മനസ്സിലാക്കുന്നതിന്നും കാലത്തെ അനുസരിച്ച് അവയെ വേണ്ടപോലെ ക്രമപ്പെടുത്തുന്നതിന്നും മലയാളികളായ നമുക്കല്ലാതെ ഇതരദേശീയന്മാരായ ചരിത്രകാരന്മാക്ക് ഒരിക്കലും വേണ്ടപോലെ സാധിക്കുന്നതല്ല. അതിനാൽ ആ ഭാരം നോംതന്നെ ഏൽക്കേണ്ടതാകുന്നു. ആ വക സാമഗ്രികൾ ഏതെല്ലാമാണെന്നു താഴെ വിവരിക്കാം.

"ഇന്ത്യാചരിത്രസാമഗ്രികൾ" എന്ന ലേഖനത്തിൽ വിഷയവിഭാഗം ചെയ്തിട്ടുള്ളതിനെ അനുസരിച്ചുതന്നെയാണ് ഇവിടേയും വിഷയങ്ങളെ വിഭജിച്ചിട്ടുള്ളത്. എങ്കിലും ദേശഭേദത്തെ അനുസരിച്ചു വേണ്ടതായ ചില ഭേദഗതികൾ വരുത്തീട്ടുണ്ട്.

I ലിഖിതങ്ങൾ —

(1) ശില: ക്ഷേത്രങ്ങൾ; ജയസൂചകമായിട്ടോ മററോ സ്ഥാപിക്കപ്പെട്ടിട്ടുള്ള സ്തംഭങ്ങൾ; അപൂർവ്വം ചില പഴയ ക്രിസ്ത്യാനിപള്ളികളിലുള്ള കരിങ്കുരുകൾ പീഠങ്ങൾ മുതലായവ, മുസൽമാൻ പള്ളികൾ എന്നിവയിന്മേൽ കൊത്തീട്ടുള്ള എഴുത്തുകൾ; പാറ കുഴിച്ചുണ്ടാക്കപ്പെട്ടിട്ടുള്ള ഗുഹകളും ക്ഷേത്രങ്ങളും; അവയിൽ കാണപ്പെടുന്ന ചില വിഗ്രഹങ്ങൾ; മുനിയറകൾ (2) ചെമ്പു മുതലായ ലോഹത്തകിടുകളിൽ കൊത്തീട്ടുള്ള എഴുത്തുകൾ (3) രാജാക്കന്മാരുടേയും പ്രഭുകുടുംബക്കാരുടേയും ആഢ്യന്മാരായ നമ്പൂരിമാരുടേയും വംശാവലികൾ; അവരുടെ കൈവശമുള്ള ഗ്രന്ഥവരികൾ; ക്ഷേത്രങ്ങളിലുള്ള ഗ്രന്ഥവരികൾ; ക്രിസ്ത്യാനികൾ മുതലായ ഇതരമതസ്ഥന്മാരുടെ ചില കുടുംബങ്ങളിലും അവരുടെ പള്ളികളിലും സൂക്ഷിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥവരി മുതലായ റിക്കാർട്ടുകൾ; സന്ന്യാസിമഠങ്ങളിലുള്ള പട്ടാവലികളും ഗ്രന്ഥവരികളും — ഇവയെയെല്ലാം ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. മലയാളത്തിൽ പ്രധാനമായിട്ടുള്ള ഗ്രാമക്ഷേത്രങ്ങളിലും പ്രാധാന്യം ഒട്ടും കുറയാത്ത ചില ഉപഗ്രാമക്ഷേത്രങ്ങളിലും ചില ദേശക്ഷേത്രങ്ങളിലുമുള്ള ശ്രീകോവിലുകളിന്മേലും മണ്ഡപത്തറകളിന്മേലും വലിയ ബലിക്കല്ലുകളിന്മേലും പീഠങ്ങളിന്മേലും മററുമായി എഴുത്തുകൾ ധാരാളം കാണുന്നുണ്ട്. വട്ടെഴുത്ത്, കോലെഴുത്ത്, തമിഴ്, നാനം മൂനം എന്നൊരുവക എഴുത്ത്, മലയാളം, അപൂർവ്വമായിട്ടു നാഗരം എന്നീ അക്ഷരങ്ങളെയാണ് ആ വക എഴുത്തുകളിൽ ഉപ

യോഗിച്ചിട്ടുള്ളത്; അവയിൽ തമിഴം നാനാമൂന്നം എന്ന അക്ഷരവും അധികം തെക്കൻതിരുവിതാംകൂറിലാണ് കാണുക. ബാക്കിയുള്ളവ മലയാളത്തിൽ എല്ലാ ദിക്കിലും കാണുന്നതാണ്. ഇപ്പൊഴത്തെ മലയാളാക്ഷരത്തിൽ ഉള്ളവ ഒട്ടേറെ ആധുനികങ്ങളാകുന്നു. വട്ടെഴുത്തിൽ കാണപ്പെടുന്നവയ്ക്കാണ് എല്ലാററിലുമധികം പഴക്കമുള്ളത്. ഇവയ്ക്കെല്ലാംപുറമെ ഇന്നക്ഷരമാണ് എന്നു നിശ്ചയപ്പെടാതെകണ്ടുള്ള ശിലാലിഖിതങ്ങൾ മലയാളത്തിൽ പലേടങ്ങളിലുമുള്ളതായി മിസ്റ്റർ സ്യൂവൽ എന്ന സായ്വിന്റെ പുസ്തകത്തിൽ നിന്നറിയുന്നുണ്ട് *

മേൽപറഞ്ഞ ലിഖിതങ്ങളിൽ ചിലതിനെ പകർത്തി എടുത്ത് "ഇന്ത്യൻ ആൻറികറി", എപ്പിഗ്രാഫിക്ക ഇൻഡിക്ക" മുതലായ മാസികകളിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്. തിരുവിതാംകൂറിൽ [illegible] കാശാഖം [illegible] സുന്ദരമ്പിള്ള എന്ന മഹാൻ തെക്കൻതിരുവിതാംകൂറിലുള്ള ചില എഴുത്തുകളെയെല്ലാം പകർത്തി എടുത്തു വായിക്കുകയുണ്ടായി. അനേകം ചരിത്രകാൎയ്യങ്ങൾ ആ വക എഴുത്തുകളിൽ നിന്നറിയുവാനുണ്ട് എന്ന് അദ്ദേഹം ഗവൎമ്മേണ്ടിനും ജനങ്ങൾക്കും മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു. എന്നാൽ സുന്ദരമ്പിള്ളയുടെ കാലം കഴിഞ്ഞതിന്റെശേഷം ആ വിഷയത്തിൽ ഉത്സാഹം അത്രതന്നെ ഉണ്ടായിരുന്നില്ല.

എങ്കിലും ഇയ്യിടെ കുറച്ചുകാലത്തിനു മുമ്പ് അതിന്റെ വില നല്ലവണ്ണം അറിഞ്ഞതിനാൽ തിരുവിതാംകൂറ് ഗവൎമ്മേണ്ട് അതിലേക്കായി പ്രത്യേകം ഒരു ഡിപ്പാർട്ടുമേണ്ടുതന്നെ സ്ഥാപിച്ചു. മിസ്റ്റർ ഗോപിനാഥറാവു എന്ന മഹാനാണ് ഇപ്പോൾ അതിലെ തലവൻ. അദ്ദേഹം അനേകം ലിഖിതങ്ങളെ പകൎത്തിവായിക്കുകയും അവയെ തമിഴക്ഷരത്തിൽ ചേൎത്ത് അതാതിന്റെ ചോടെ ഇംഗ്ലീഷുതൎജ്ജമയും കൊടുത്ത് പുസ്തകരൂപേണ അച്ചടിപ്പിക്കയും ചെയ്തിട്ടുണ്ട്. ഇങ്ങിനെ കുറെകാലം തിരുവിതാംകൂർ ഗവൎമ്മേണ്ടു വേലചെയ്യുന്നതായാൽ നഷ്ടപ്രായങ്ങളായികിടക്കുന്ന അനേകം ചരിത്രവിഷയങ്ങൾ പുറത്തു വരുവാനിടയാകുന്നതാണ്. കൊച്ചിഗവൎമ്മേണ്ട് ഈ കാൎയ്യത്തിൽ ഇതേവരെ യാതൊരു ശ്രമവും ചെയ്തുതുടങ്ങാത്തതു കഷ്ടാതന്നെ, ഈ സന്ദൎഭത്തിൽ ഒരു സംഗതി ചൂണ്ടിക്കാണിക്കുവാനുണ്ട്. ചരിത്രവിഷയത്തിൽ വാസനയുള്ള മലയാളികളായ നൊമ്മളിൽ ചിലർ ശ്രമിച്ചല്ലാതെ ആ വക എഴുത്തുകളെ ശരിയായിട്ടു വായിച്ച് അൎത്ഥം മനസ്സിലാക്കുന്നതിന്നൊ അവിടവിടെ മുക്കിലും മൂലയിലുമായി കിടക്കുന്ന എല്ലാ എഴുത്തുകളേയും പുറത്തു വരുത്തുന്നതിന്നൊ അന്യന്മാരെക്കൊണ്ടു മുഴുവൻ സാധിക്കുന്നതല്ല. അതിലേക്കു സ്വദേശാഭിമാനികളായ ചിലർ ഇറങ്ങി ആ വക എഴുത്തുകളെ പകൎത്തിയെടുത്തു വായിപ്പാ

---

* ദക്ഷിണ ഇന്ത്യയിൽ പല രാജ്യങ്ങളിലുമുള്ള ക്ഷേത്രങ്ങൾ, പള്ളികൾ, പാറകഴിച്ചുണ്ടാക്കപ്പെട്ട ചില ഗുഹകൾ, അവിടങ്ങളിൽ കാണപ്പെടുന്ന ശിലാലിഖിതങ്ങൾ, മുനിയറകൾ, കോടക്കല്ലുകൾ, ശവകുടീരങ്ങൾ എന്നിങ്ങിനെ ചരിത്രത്തിന്നു വിഷയമായിട്ടുള്ള സകല പദാൎത്ഥങ്ങളുടേയും ഒരു ലിസ്റ്റ് മദ്രാസ് ഗവൎമ്മേണ്ടു കല്പനപ്രകാരം മിസ്റ്റർ സ്യൂവൽ എന്ന സായ്വിന്റെ ശ്രമത്തിന്മേൽ എടുത്ത് വലിയ രണ്ടു പുസ്തകങ്ങളായി അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതിൽ മലയാളത്തിലുള്ളവയുടെ കണക്കും ചേൎത്തുകാണുന്നുണ്ട്. ചരിത്രകാൎയ്യങ്ങളെ അന്വേഷിച്ചറിയാൻ താല്പൎയ്യമുള്ളവൎക്ക് ആ പുസ്തകങ്ങൾ വളരെ സഹായമായിഭവിക്കുന്നതാണ്.

ൻ പഠിച്ചു വേണ്ടുന്ന ശ്രമങ്ങൾ ചെയ്തുതുടങ്ങേണ്ടതിന്നുള്ള കാലം അതിക്രമിച്ചിരിക്കുന്നു. സബ്ജഡ്ജി ഉദ്യോഗം ഭരിച്ചിരുന്നമിസ്റ്റർ കക്കയിൽ കേളു നമ്പ്യാർ എന്നൊരു വിദ്വാൻ ഈ വിഷയത്തിൽ കുറെ ശ്രമം ചെയ്തിട്ടുള്ള ഒരാളായിരുന്നു. മാവേലിക്കര ഉദയവർമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ട് ഇതിൽ ചില പരിശ്രമങ്ങളെല്ലാം ചെയ്കയും അവയെല്ലാം ഫലിക്കുകയും ചെയ്തിട്ടുള്ളതായിട്ടറിവുണ്ട്. ആ മഹാന്മാരെപ്പോലെ ഇരുപതൊ മുപ്പതൊ പേർ മൂന്നു സംസ്ഥാനങ്ങളിൽ നിന്നുമിറങ്ങി ഒത്തൊരുമിച്ചു വേല ചെയ്താൽ മാത്രമേ കാര്യം വേണ്ടപോലെ ഫലിക്കുകയുള്ളൂ. മിസ്റ്റർ സ്യൂവൽ എന്ന സായ്പിന്റെ ലിസ്റ്റ് ഒന്നോടിച്ചു വായിച്ചു നോക്കിയാൽതന്നെ ചിറക്കൽ താലൂക്ക മുതൽ കന്യാകുമാരിവരെയുള്ള മലയാളരാജ്യത്ത് ഓരോ ദിക്കിലായി ചരിത്രത്തിന്നു വിഷയമായിട്ടുള്ള സാധനങ്ങൾ എത്ര അനവധിയാണുള്ളത് എന്നു ക്ഷണത്തിൽ നമുക്കു ബോദ്ധ്യപ്പെടുന്നതാണ്. ആ ലിസ്റ്റ് ഒട്ടുംതന്നെ പൂർണ്ണമായിട്ടുള്ളതല്ല. എങ്കിലും ചരിത്രത്തിൽ വാസനയുള്ള ഒരുവൻ അതു നോക്കുന്നുവെങ്കിൽ അവന്ന് ആ വിഷയത്തിൽ നിശ്ചയമായി ജിജ്ഞാസ വർദ്ധിക്കുകയും അതിൽപ്പെടാതെകണ്ടുള്ള അതേമാതിരിസാധനങ്ങളെ സ്വയമേവ കണ്ടുപിടിക്കുവാൻ കഴിയുന്നതും ശ്രമിക്കുകയും ചെയ്യുമെന്നതിന്നു വാദമില്ല. ഗ്രന്ഥകാരന്റെ ഉദ്ദേശ്യവും ഏറെക്കുറെ ഇതുതന്നെയാകുന്നു.

(തുടരും)

കെ. എം.

---

ടിപ്പുസുൽത്താനും

# ബാൾത്തുചട്ടണിയും

III

## നാടുകടത്താനുണ്ടായ വിധി

കർണ്ണാടകജില്ലയിലെ 60,000 കത്തോലിക്ക ക്രിസ്ത്യാനികളെ സ്വരാജ്യത്തുനിന്നു ഭ്രഷ്ടരാക്കാൻ ടിപ്പുസുൽത്താനുണ്ടായിരുന്ന കാരുണ്യത്തിന്നു ഞാൻ എത്ര മേൽ ഉത്തരവാദിയായിരുന്നുവെന്ന് അറിവാൻ എന്റെ പല സ്നേഹിതന്മാരും എന്നോടു പലപ്പോഴും ആവശ്യപ്പെട്ടിരുന്നു. പരമാർത്ഥം പറയുന്നതായാൽ ഈ സംഭവത്തെപ്പറ്റി എന്റെ സ്വരാജ്യക്കാരെന്നപോലെ എനിക്കും യാതൊരു അറിവും ഉണ്ടായിരുന്നില്ല. അവരൊക്കെ നാടുവിട്ടു മൈസൂരിലേക്കു യാത്രതുടങ്ങി, വഴിയിൽവെച്ചു പലവിധ സങ്കടങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്ന സമയത്താണ് ആ കഠിനകൃത്യത്തെപ്പറ്റി ഞാൻ അറിവാൻ സംഗതിയായത്. ഇന്നു നിങ്ങൾ എനിക്കു അല്പം ചെവി തരുന്നതായാൽ നിങ്ങൾ വേറെ വഴിയായി അറിവാൻ ഇടയില്ലാത്തതും നിങ്ങളുടെ പൂർവ്വികന്മാർ ഒരിക്കലും അറിഞ്ഞിട്ടില്ലാത്തതും ഇനി നിങ്ങൾ പറഞ്ഞിട്ടല്ലാതെ നിങ്ങളുടെ സന്താനങ്ങൾ അറി

വാൻ സംഗതിയില്ലാത്തതുമായ വിവരങ്ങൾ നിങ്ങളെ അറിയിക്കാം.

സങ്കടപ്പെട്ടുഴലുന്ന സഹോദരന്മാരെ പററി ഞാൻ ഒന്നാമത് അറിഞ്ഞത് എന്റെ യജമാനനായിരുന്ന അബ്ദുള്ളയുടെ മുഖത്തിൽ നിന്നായിരുന്നു. ഒരു ദിവസം രാത്രി, അന്ധകാരമയമായ രാത്രി, ഈ വക ദുഃഖവിവരങ്ങൾ പറവാനും അറിവാനും ഏററവും ഉപയുക്തമായ ഒരു രാത്രി, ഞാൻ യജമാനന്റെ മകന് ഉറങ്ങാനുമെത്തയൊക്കെ ശരിയാക്കി അദ്ദേഹത്തെ അതിൽ കിടത്തി, കൊതുകുകളുടെ ഉപദ്രവത്തിൽനിന്നു രക്ഷിക്കാൻ തുളസിയിലകൾ വെച്ച്, യജമാനൻ വരുന്നതും കാത്തു ജാലകപ്പടിയിന്മേൽ കയറി ഇരിപ്പായി. പടിയിന്മേൽ ഇരിക്കുന്നതെന്നുള്ള അന്ധവിശ്വാസമൊന്നും എനിക്കു ബാധകമായിരുന്നില്ല. വലിയ രാജ്യകാര്യങ്ങളെപ്പററി ആലോചിക്കാനുള്ള അവസരങ്ങളിൽ രാത്രി വളരെ താമസിച്ചിട്ടേ യജമാനൻ വീട്ടിൽ മടങ്ങി വരിക പതിവുണ്ടായിരുന്നുള്ളു. അന്നു രാത്രിയും വളരെ താമസിച്ചേ മടങ്ങി വന്നിരുന്നുള്ളു. വന്ന ഉടനെ അല്പം ഭക്ഷണം വളരെ ധൃതിയിൽ കഴിച്ചു. പ്രവൃത്തി ചെയ്തു ക്ഷീണിച്ചാൽ മനുഷ്യർ ഭക്ഷണം കഴിച്ചു ഉടനെ ഉറങ്ങാൻ കിടക്കുകയാണല്ലോ വേണ്ടത്. അങ്ങിനെ ചെയ്യാതെ അബ്ദുള്ള തന്റെ കസേരയിൽ ഇരുന്ന് അടുക്കൽ കല്പനയും പാർത്തുനിന്നുകൊണ്ടിരുന്ന എന്നെ വളരെ സങ്കടത്തോടു കൂടി ഒന്നു നോക്കി എന്തോ രഹസ്യമായ ഒരു സംഗതി നിമിത്തം പൌരുഷം നശിച്ച നിലയിൽ അബ്ദുള്ള അവിടെ അങ്ങിനെ ഇരിക്കുന്നു. ഹൈദരാലിയുടെയും ടിപ്പുസുൽത്താന്റെയും മന്ത്രിയും ഉപദേഷ്ടാവും ആയി, അനേകം സൈന്യങ്ങളുടെ നേതാവായി, വളരെ യുദ്ധങ്ങൾ ജയിച്ച നായകനായി, മഹാനായ അബ്ദുള്ള അതാ എന്താണെന്ന് അറിവാൻ പാടില്ലാത്ത ഒരു ശക്തിയാൽ പരാജിതനായി ഇരിക്കുന്നു. വല്ലവിധത്തിലും ആശ്വസിപ്പിക്കാൻ സാധിക്കുമൊ എന്നു പരീക്ഷിക്കേണ്ടുന്ന ഉദ്ദേശത്തോടുകൂടി ഞാൻ അടുത്തു ചെന്നു. ഉടനെ ദൂരത്തു മാറിപ്പോകാൻ എന്നോടു ആജ്ഞാപിക്കുന്ന വിധത്തിൽ കൈ ആംഗ്യം കാണിച്ചു. കുറെ കഴിഞ്ഞപ്പോൾ കൈകൾ പൊക്കി, "അള്ളാ, അള്ളാ," എന്നു സാവധാനത്തിൽ ഉച്ചരിച്ചുകൊണ്ട് ദീർഘനിശ്വാസം ചെയ്തു. അതിൽപിന്നെ എന്നെ അടുക്കൽ വിളിച്ചു ഇങ്ങിനെ ചോദിച്ചു:—"ഞാൻ നിന്നോട് ഒരു കാര്യം പറഞ്ഞാൽ അത് അള്ളാക്ക് യുക്തമാണെന്നു തോന്നുന്ന കാലത്തോളം നീ രഹസ്യമായി വെക്കുമോ" ഇങ്ങിനെ ചോദിച്ചതിനു ഞാൻ ഉത്തരം പറയുന്നതിനു മുമ്പിൽ "ഞാൻ പറവാൻ പോകുന്ന വർത്തമാനം നിന്റെ ഹൃദയം നടുങ്ങത്തക്കതാണ്. എനിക്ക് നിന്നിൽ നിന്നു യാതൊരു രഹസ്യവുമില്ല. അതുകൊണ്ടു സമ്പത്തിലും ആപത്തിലും വിശ്വസ്തനായ സ്നേഹിതാ, ഇന്നു രാത്രി നിന്റെ രാജ്യത്തിലുള്ള അനേകായിരം ക്രിസ്ത്യാനികളുടെ ഗൃഹങ്ങളിൽ അത്യനർത്ഥം വിതക്കുന്ന ഒരു കല്പനക്കു സുൽത്താൻ തന്റെ മുദ്ര വെച്ചു കഴിഞ്ഞിരിക്കുന്നു". എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ എനിക്കുണ്ടായിരുന്ന വികാരം എന്തായിരുന്നുവെന്നാണൊ നിങ്ങൾ ചോദിക്കുന്നത്! കുറെ കൊല്ലം മുമ്പ് ഞാൻ ഒരു യുവാവായിരുന്ന കാലം എന്റെ പ്രിയപത്നിയുടെ ദേഹവിയോഗം നിമിത്തമുണ്ടായിരുന്ന കണ്ണുനീർ വററാതെ ഞാൻ സങ്കടപ്പെട്ടുകൊണ്ടിരിക്കെ ഒരു ദിവസം ഭയങ്കരമാ

ന: ഒരു വെള്ളപ്പൊക്കം ഉണ്ടായി ബെണ്ട്വാളിലെ അനേകം ആബാലവൃദ്ധം സ്ത്രീപുരുഷന്മാരെയും എന്റെ സ്വന്തം വീടും ഒലച്ചുപോയതു കണ്ടുകൊണ്ടിരുന്ന അവസരത്തിനു ശേഷം ഈ വിധം ഒരു മനോവികാരം എനിക്ക് ഉണ്ടായിരുന്നില്ല. എന്താണ് പറയേണ്ടതെന്നോ ചെയ്യേണ്ടതെന്നോ അറിയാതെ ഞാൻ ഇടിതട്ടിയ മരം പോലെ സ്തംഭിച്ചു നിന്നുപോയി. ഞാൻ അങ്ങിനെ നില്ക്കുന്നതു കണ്ടപ്പോൾ അവിടുള്ള കസേരയിൽ നിന്നെഴുന്നേറ്റു പല ആശ്വാസവാക്കുകളും പറഞ്ഞ് എന്നെ എന്റെ സ്വന്തം മുറിയിലേക്കു കൈപിടിച്ചു കൊണ്ടാക്കി. നമ്മുടെ ജീവകാലം അള്ളായുടെ കല്പനകൾക്ക് അധീനമാണെന്നു നിന്റെ മതം പഠിപ്പിക്കുന്നില്ലയൊ? അതുകൊണ്ട് നിന്റെ മതവിശ്വാസം ഈ അവസരത്തിൽ നിന്റെ സഹായിയായി ഇരിക്കട്ടെ. മനുഷ്യശക്തിക്കു സാധിക്കുന്ന സർവ്വ വിദ്യയും ഞാൻ നോക്കികഴിഞ്ഞു. യാതൊരു ഫലവും ഉണ്ടായില്ല." എന്നിങ്ങിനെ അദ്ദേഹം അത്യന്തം കാരുണ്യത്തോടുകൂടി എന്നോടു പറഞ്ഞു. മഹാമനസ്കനായിരുന്ന ആ മാന്യൻ തന്റെ വിശ്വസ്തഭൃത്യന്റെ സങ്കടം കണ്ടപ്പോൾ തന്റെ സ്വന്തം ഹൃദയത്തെ പൊടിച്ചുകൊണ്ടിരുന്ന വ്യസനം കൂടി മറന്നുകളഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വ്യസനമൊ, അതിനെപ്പറ്റി ഞാൻ പ്രത്യേകം ഒരു ദിവസം പറയുന്നുണ്ട്.

പിന്നൊരു ദിവസം അതികാലത്ത് അവിടുള്ള എന്റെ മുറിയുടെ പുറത്തു വന്നു അകത്തേക്കു പാളിനോക്കി. മനുഷ്യന്റെ മനസ്സിന്റെ ശക്തി, കാറ്റിന്റെയും കോളിന്റെയും ശക്തിയെ കൂടി അതിശയിക്കുന്നതാണെന്നും അതുകൊണ്ടു ലോകത്തിലുള്ള സർവ്വദിക്കും മനുഷ്യന്റെ രക്ഷക്കു അനുകൂലമായതാണെന്നും ഒരു പെർസ്യൻ കവി പറഞ്ഞിട്ടുണ്ടെന്നും ആ കവിയെപോലെ എല്ലാ സങ്കടകരങ്ങളായ വർത്തമാനങ്ങളും മനസ്സമാധാനത്തോടുകൂടി കേട്ടു സഹിച്ചുകൊള്ളണമെന്നും എന്നോടു പറഞ്ഞു. "എല്ലാം അള്ളായുടെ ആഗ്രഹം പോലെയേ സംഭവിക്കുകയുള്ളൂ. തടവുകാരുടെ യാത്രയിൽ അള്ള തന്നെ അവരെ രക്ഷിക്കട്ടെ." ഇങ്ങിനെ ഓരോ സാന്ത്വനങ്ങൾ പറഞ്ഞുകൊണ്ട് എന്നെ "ദേരിയാ ദൌലത്ത് ബാഗ്ഗി" ലേക്ക് കൂട്ടിക്കൊണ്ടുപോയി. ആ തോട്ടത്തിൽ ഒരു പേരാൽ വൃക്ഷത്തിന്റെ ചുവട്ടിൽ ഞങ്ങൾ രണ്ടുപേരും ഇരുന്നു. അവിടെ വെച്ചാണ് സുൽത്താന്റെ ഈ നിഷ്ഠൂരകർമ്മം ചെയ്യാനുണ്ടായ സംഗതികൾ അദ്ദേഹം എന്നോടു വിവരിച്ചു പറഞ്ഞത്. സമുദായസംബന്ധമായും രാജ്യഭരണസംബന്ധമായും മതസംബന്ധമായും ഉള്ള സംഗതികളൊക്കെ ഈ കല്പനക്ക് കാരണങ്ങളായി വിചാരിക്കാമായിരുന്നുവെങ്കിലും വെറും അന്ധവിശ്വാസത്തിന്മേൽ പ്രതിഷ്ഠിതമായിരുന്ന ചാപല്യബുദ്ധിയായിരുന്നു അതിന്റെ ഹേതുവെന്നാണ് വിചാരിക്കേണ്ടത്. നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെ ഗതി സ്ഥിതിഭേദങ്ങളും വായുമണ്ഡലത്തിലെ മാറ്റങ്ങളും ഉഷസ്സിൽ എഴുന്നേറ്റു വരുമ്പോൾ കാണുന്ന ശകുനങ്ങളും അടിസ്ഥാനമാക്കി ടിപ്പുസുൽത്താൻ ചിലപ്പോൾ കല്പിക്കാറുള്ള കല്പനകളും ചെയ്യാറുള്ള കാര്യങ്ങളും പിന്നൊരവസരത്തിൽ വളരെ അബദ്ധമായിപ്പോയെന്നും ഒരു രാജ്യഭരണകർത്താവു ചെയ്യത്തക്കതായിരുന്നില്ലെന്നും താൻ തന്നെ പറയാറുണ്ട്. സുൽത്താന്റെ മുറിയിൽ ഒരു വലിയ പുസ്തകം സൂക്ഷിച്ചിരുന്നതിൽ താൻ കാണാറുള്ള സ്വപ്നങ്ങളൊക്കെ കൃത്യമായി

എഴുതി വെക്കുക പതിവായിരുന്നു. ചില പ്പോൾ അർദ്ധരാത്രി ഞെട്ടി എഴുനേററു ഈ പുസ്തകത്തിൽ സ്വപ്നത്തിന്റെ വിവരങ്ങൾ എഴുതുന്നതു കാണാം. രാത്രി നല്ല സ്വപ്നങ്ങൾ കാണേണ്ടതിന്ന് അനുകൂലിക്കുന്ന മരുന്നുകൾ പകൽ സമയം വരെ കഴിക്കാറുണ്ടെന്നു അദ്ദേഹത്തിന്റെ വൈദ്യൻ പറയാറുണ്ട്.

തന്റെ രാജ്യത്തിന്നും കുടുംബത്തിന്നും ദോഷകരങ്ങളായ സംഭവങ്ങളെ സൂചിപ്പിക്കുന്ന സ്വപ്നങ്ങൾ ടിപ്പുസ്സുൽത്താന്ന് ഉണ്ടായിരുന്നതാണ്. കർണ്ണാടകത്തിലെ റോമൻകാത്തോലിക്ക് ജാതിക്കാരെ ശ്രീരംഗപട്ടണത്തിൽ നാടുകടത്താൻ കാരണം! ക്രിസ്ത്യാനികളുടെ അടയാളമായ കുരിശും മുസൽമാൻമാരുടെ അടയാളമായ ചന്ദ്രക്കലയും തമ്മിൽ ഒരു മത്സരം നടക്കുന്നത് ഉയരമുള്ള ഒരു പർവ്വതത്തിന്റെ മുകളിൽ നിന്നു താൻ നോക്കിക്കൊണ്ടിരുന്നുവെന്നു സുൽത്താന്നു ഒരു ദിവസം സ്വപ്നമുണ്ടായി. ഈ രണ്ട് അടയാളങ്ങളും ആകാശത്തിൽ ഉയരത്തിൽ ഒന്നിന്നു മേലെ ഒന്നായിനിന്നുകൊണ്ടിരുന്നു. ഒരിക്കൽ കുരിശിന്നും മറെറാരിക്കൽ ചന്ദ്രക്കലക്കും ജയമുണ്ടായി. ഒടുക്കം വളരെ ദൂരത്തുനിന്നു ചില വെള്ളക്കാർ ഓടിയെത്തിയപ്പോൾ ചന്ദ്രക്കല തോററുപോയി. ഈ സ്വപ്നം കണ്ട ഉടൻ ആ വ്യാഘ്രം മെത്തയിൽനിന്നു ചാടി എഴുനേററു സ്വപ്നത്തിന്റെ വിവരങ്ങൾ പുസ്തകത്തിൽ കുറിക്കാനും അതിന്റെ അർത്ഥം വ്യാഖ്യാനിക്കാനും തുടങ്ങി. എന്തോ ചില സംഗതികൾ തന്റെ ഓർമ്മയിൽനിന്നു വിട്ടുപോയിരുന്നതിനെ രണ്ടാമതും ഓർമ്മിക്കാൻ ശ്രമിച്ചുനോക്കി. ഒടുവിൽ സ്വപ്നത്തിന്റെ അർത്ഥം മനസ്സിലായി. അതിന്റെ ഫലമായിട്ടാണ് എന്റെ നിർദ്ദോഷികളായ സഹോദരന്മാരെ രാജ്യഭ്രഷ്ടരാക്കാൻ കല്പനയുണ്ടായത്.

ഇങ്ങിനെ അബ്ദുള്ളയിൽനിന്നു കിട്ടിയ വർത്തമാനങ്ങൾക്കു പുറമെ നാടുകടത്തപ്പെട്ടവരുടെ ഇടയിൽ അതിമാന്യനായ ഒരാൾ മരിക്കാൻ കിടക്കുമ്പോൾ എന്നോടു പറഞ്ഞിരുന്ന വിവരങ്ങൾ കൂടി അറിയേണ്ടതാണ്. അതു ബെണ്ടുവാളിൽ വെച്ചു നടന്ന ഒരു സംഭവത്തെപ്പററിയായിരുന്നു. ബെണ്ടുവാളിൽ എന്റെ തറവാട്ടുഗൃഹത്തിന്ന് അടുക്കൽ തെങ്ങിൻതോട്ടത്തിന്നിടയിൽ താമരസ്സതടാകവും മുല്ലപ്പൂതോട്ടവും ഉള്ള ഒരു സ്ഥലമുണ്ട്. അതിന്നു സമീപം ശുദ്ധജലം ഒഴുകിക്കൊണ്ടിരുന്ന ഒരു നദിയും അതിന്റെ കരക്ക് ഒരു ചെറിയ കുന്നും ആണ് ഉള്ളത്. ഈ കുന്നിന്മേൽ ഒരു ചെറിയ പള്ളി സ്ഥിതിചെയ്യുന്നു. ഈ പള്ളി ആ പ്രദേശത്തുള്ള ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ അത്യന്തം മുഖ്യതയുള്ള സംഭവങ്ങളുടെ രംഗസ്ഥലമായിരുന്നു ദേവാലയത്തിന്നു സമീപമുണ്ടായിരുന്ന ഒരു ചെറുഗൃഹത്തിൽ വൈദികവിദ്യാർത്ഥികളായ ചില ചെറുപ്പക്കാർ താമസിക്കയായിരുന്നു. അവരുടെ തലവനായിരുന്നു മിറാൻഡാ എന്നു പേരായ പാതിരി. ഈ പാതിരി ഒരു കാലത്ത് അത്ഭുതകരമായ ശക്തിയും സ്വാതന്ത്ര്യവും പ്രദർശിപ്പിച്ചിരുന്നതും, മറെറാരു കാലത്ത് ഹൈദരാലിയുടെ കൊടിക്കൂറ പാറുമുള്ള പ്രദേശങ്ങളിലുള്ള അധികാരത്തെ കാണിക്കാൻ പാറുകൊണ്ടിരുന്നതുമായ ആ സ്ഥലത്തെത്തന്നെ വിക്ഷിച്ചുകൊണ്ട് ഇന്നും തന്റെ ശവകുടീരത്തിൽ കിടക്കുന്നുണ്ട്. ടിപ്പുസുൽത്താൻ തന്റെ ഉറക്കമുറിയിൽ ഇരുന്നു കർണ്ണാടകത്തിലെ റോമൻകത്തോലിക്കക്കാരുടെ നാശത്തിന്നുള്ള വഴികൾ പര്യാലോചിച്ചുകൊണ്ടിരിക്കെ

മീറാൻഡാ എന്ന പാതിരി തന്റെ ചുററും കണ്ടിരുന്ന പാപകർമ്മങ്ങളേയും നിഷ്ഠുരകൃത്യങ്ങളെയും പററി പരിതപിക്കുകയും അതിന്റെ ഒഴിച്ചുകൂടാത്ത ഫലമായിവരാൻ പോകുന്ന ദുരിതത്തെപ്പററി പ്രവചിക്കുകയും ചെയ്യുകയായിരുന്നു. വരാൻപോകുന്ന സംഭവങ്ങളെപ്പററി പ്രവചിക്കാനുള്ള പ്രത്യേകശക്തി ഈശ്വരനാൽ ദത്തമാകയാലോ, ഭാവിയെ പ്രതീക്ഷിക്കാനുള്ള വൈഭവം സ്വതസ്സിദ്ധമാകയാലോ, എന്തുകൊണ്ടാണെന്നറിഞ്ഞില്ല, ഈ പാതിരി ഒരു ദിവസം പള്ളിയിലെ പ്രസംഗപീഠത്തിൽ വെച്ച്, ഈ കഠിനസംഭവത്തെ സൂചിപ്പിച്ചുകൊണ്ടു സംസാരിച്ചിരുന്നു. ആ സ്ഥലത്തുണ്ടായിരുന്ന ക്രിസ്തീയസമുദായത്തിൽ രണ്ടു കക്ഷികൾ തമ്മിലുണ്ടായിരുന്ന വൈരം ശമിപ്പിക്കേണ്ടതിന്നു സന്ധിസംസാരിക്കുന്ന അവസരത്തിലായിരുന്നു ഈ പ്രസംഗവും പ്രവചനവും ചെയ്തിരുന്നത്.

ഈ സംഭവത്തെപ്പററി ആസന്നമരണനായ ഒരു മാന്യർ എന്നോടു പ്രസ്താവിച്ചതിന്റെശേഷം ഒടുവിൽ ഇങ്ങിനെ പറഞ്ഞു:—"ഞാനും എന്റെ സ്നേഹിതന്മാരും അന്നു പാതിരി പറഞ്ഞതിനെ ഓർമ്മിച്ച് അതിന്നു വേണ്ടുന്ന പ്രതിവിധി ചെയ്തിരുന്നുവെങ്കിൽ ഞങ്ങൾ സ്വദേശത്തുനിന്ന് ഇത്ര ദൂരത്തുവന്ന് ഈ മുത്താറി തിന്നേണ്ടിവരികയില്ലായിരുന്നു".

മൂർക്കോത്തു കുമാരൻ

# കന്നുകാലി സംരക്ഷണസംഘം.

ഇന്ത്യാരാജ്യത്തെങ്ങും, യാതൊരു ദുർഭിക്ഷവുംകൂടാതെ എന്നും ശുചിയായ പാലും നെയ്യും നാട്ടുകാൎക്കു സഹായവിലക്കു ശേഖരിച്ചുകൊടുക്കേണ്ടതിന്നും മററുമായി മേൽപറഞ്ഞ നാമധേയത്തിൽ ഏർപ്പെടുത്തിട്ടുള്ള സംഘത്തിന്റെ ഉദ്ദേശം, നടവടി തുടങ്ങിയുള്ളവയെപ്പററി ആ സംഘത്തിന്റെ പ്രൊവിൻഷ്യൻ സിക്രട്ടേരി മിസ്റ്റർ എ. ബി. ലാൽ എഫ്. ആർ. എച്ച്. എസ്സ്. ഇംഗ്ലീഷിൽ എഴുതീട്ടുള്ളതും ഈ സംഘത്തിന്റെ ശാഖോപശാഖകളായി ഇന്ത്യാരാജ്യം മുഴുവനും സംഘങ്ങളും ഏർപ്പാടുകളും വരുത്തേണ്ടതിന്നുവേണ്ടി സകല പത്രങ്ങളിലും അതാതു ഭാഷകളിൽ പ്രസിദ്ധപ്പെടുത്തി പൊതുജനങ്ങൾക്കു ഈ ഉദ്യമത്തിൽ താല്പൎയ്യവും ഉത്സാഹവും ഉണ്ടാക്കിത്തീൎക്കേണ്ടതിന്നു പത്രമുടമസ്ഥന്മാർ മനസ്സുവെച്ചാൽ കൊള്ളാമെന്നുള്ള അപേക്ഷയോടുകൂടി ഞങ്ങൾക്കയച്ചു കിട്ടീട്ടുള്ളതും ആയ ലഘുപത്രികയുടെ താല്പൎയ്യം താഴെ ചേൎക്കുന്നു.

1. ഈ യോഗം ഒരു പ്രത്യേകവൎഗ്ഗക്കാരെ സംബന്ധിച്ചതോ, മതസംബന്ധമായതോ, രാജ്യകാൎയ്യസംബന്ധമായതോ അല്ലാ. അതാതു നാട്ടുകാൎക്കാവശ്യമുള്ളേടത്തോളം പാല്, നെയ്യ്, തൈര്, മോര് മുതലായവയെ കൂട്ടുകൂടാതെ ശുചിയായും സഹായവിലക്കും എത്തിച്ചുകൊടുപ്പാൻവേണ്ടി ആവശ്യമുള്ളേടത്തോളം കന്നുകാലികളെ വാങ്ങി അവയെ പോററിരക്ഷിക്കുന്നാ

തിന്നു നല്ലതായ ഒരു തൊഴുത്തും അതോടു തൊട്ട് അവസ്ഥാനുസരണം ഒരു കൃഷിയുടെ വട്ടവും എല്ലാ രാജ്യങ്ങളിലും സ്ഥാപിക്കേണ്ടതിനെ മാത്രം ഉദ്ദേശിക്കുന്ന ഒരു സംഘമാകുന്നു ഇത്. ഇതിൽ യൂറോപ്യന്മാർ, ഹിന്തുക്കൾ, മഹമ്മദീയർ, ക്രിസ്ത്യാനികൾ തുടങ്ങിയുള്ള നാനാജാതി മതസ്ഥന്മാക്കും, അവർ മാംസഭക്ഷകന്മാരായാലും സസ്യഭക്ഷകന്മാരായാലും ധനവാനായാലും ദരിദ്രനായാലും, യാതൊരു വ്യത്യാസവും കൂടാതെ പങ്കുകൊള്ളാവുന്നതാണ്.

2. ഈ ഏൎപ്പാടു നഷ്ടംകൂടാതെ ഒരു നല്ല കച്ചവടസമ്പ്രദായത്തിൽ നടത്തുന്നതിന്നു സാധിക്കുമോ എന്നും ഇതിലേക്കു വിദഗ്ദ്ധന്മാരുടെ ഉപദേശങ്ങൾ വേണ്ടിവരുന്നത് എങ്ങിനെയാണ് ലഭിക്കുന്നതെന്നും മററുമുള്ള സംഗതികളെക്കുറിച്ചു പല സംശയങ്ങളും ഉണ്ടായേക്കാം. ഇതിൽ നഷ്ടംകൂടാതെ കഴിക്കാമെന്നുള്ളതിന്നു യാതൊരു സംശയവുമില്ലാ. ഒരു എരുമയെക്കൊണ്ടു ഭാൎയ്യയും രണ്ടുനാലു കുട്ടികളും താനുംകൂടി അഞ്ചോ ആറൊ ആളുകളുള്ള ഒരു ബ്രാഹ്മണകുഡുംബം സുഖമാംവണ്ണം കാലക്ഷേപം കഴിക്കയും തങ്ങടെ പെൺകുട്ടികളെ വേളികഴിച്ചുകൊടുക്കുക മുതലായ വലിയ അടിയന്തരങ്ങൾ കഴിക്കയും ചെയ്തുവരുന്നതു മേൽപറഞ്ഞ സംഗതിക്കു ഒരു ദൃഷ്ടാന്തമല്ലെ. ഇവർ തങ്ങടെ എരുമയെ ശുശ്രൂഷിച്ച് എങ്ങിനെയാണ് ദ്രവ്യം സമ്പാദിക്കുന്നതെന്നറിഞ്ഞ് ആ വഴിയെ നമുക്കും നടക്കരുതേ? ഇതിന്നും പുറമെ കന്നുകാലികൾക്കു ചില കാലങ്ങളിൽ കണ്ടുവരുന്നതായ പകൎച്ചവ്യാധികളേയും തൊഴുത്തിൽ ദിനംപ്രതി ഉണ്ടാകാവുന്ന മലിനതകളേയും തടയുന്നതിന്നും നീക്കം ചെയ്യുന്നതിന്നും മററും വേണ്ടിവരുന്നതായ ഏൎപ്പാടുകൾ ആധുനികമൃഗവൈദ്യശാസ്ത്രമനുസരിച്ചു നമ്മൾക്കു ചെയ്യിക്കാൻ സാധിക്കുന്നതല്ലേ? മേലന്വേഷണം വേണ്ടവിധം ചെയ്യുന്നതായാൽ ഈ ഏൎപ്പാടുകൊണ്ടു യാതൊരു ദോഷവും നേരിടുന്നതല്ലാ. സൂക്ഷ്മമില്ലാത്ത ഒരുവന്റെ മുതൽ നാണമില്ലാത്തവർ കൊണ്ടുപോകുമെന്നറിയാമല്ലോ.

3. തൊഴുത്തുകളുടെ ഭരണം, നാടെല്ലാം വ്യാപിച്ചുകാണുന്ന അന്യോന്യസാഹായികസംഘത്തിന്റെ സമ്പ്രദായത്തിലോ, അതല്ലാ പ്രത്യേകനിയമനിൎമ്മാണത്താലോ നടത്താവുന്നതാണ്. ഭരണത്തിന്റെ മേലധികാരം ഓഹരിക്കാർ ചേൎന്നിട്ടുള്ള ഒരു സാമാന്യയോഗത്തിന്നു മാത്രമാണ്. സാമാന്യയോഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ഡയറക്ടർമാരുടെ ബോർഡോ, പഞ്ചായത്തോ, ഓഹരിക്കാൎക്കുവേണ്ടി ഭരണം നടത്തേണ്ടതാകുന്നു. എന്നാൽ ഈ ബോർഡാകട്ടെ, പഞ്ചായത്താകട്ടെ ഓഹരിക്കാൎക്കു നേരിട്ടു ചുമതലപ്പെട്ടതും ആയിരിക്കും. സാമാന്യയോഗത്തിലും പഞ്ചായത്തിന്റെ യോഗത്തിലും അധികപക്ഷക്കാരുടെ അഭിപ്രായം മാത്രം എടുക്കേണ്ടതാകുന്നു. അപ്രകാരമുള്ള അഭിപ്രായങ്ങൾ ഓഹരിക്കാൎക്കൊക്കെ ഒരുപോലെ ബാധകങ്ങളുമാണ്. സംഭവക പണം സാമാന്യയോഗത്തിൽ നിശ്ചയിക്കുന്ന ഒരു മുതൽപിടിക്കാരനെ ഏല്പിക്കേണ്ടതാണ്. മുതൽപിടിക്കാരനായി തിരഞ്ഞെടുക്കുന്ന ആൾ, നാട്ടിൽ പ്രമാണിയോ അതല്ലാത്തപക്ഷം തക്കതായ ജാമ്യം തീൎക്കാമെന്നുള്ള മൎയ്യാദക്കാരനായ ഒരുവനോ ആയിരിക്കണം. ഇതിൽ ആദ്യം പറഞ്ഞാളാണെങ്കിൽ ജാമ്യം വാങ്ങേണ്ടതില്ലാ. ആയാൾക്കു ശമ്പളവും കൊടുക്കേണ്ടതില്ലാ. 2-ാമത്തെ തരക്കാരനാണെങ്കിൽ ഇതു രണ്ടും ആവശ്യവുമായിരിക്കും.

തങ്ങടെ മുതൽ രക്ഷിപ്പാൻ വേണ്ടതു പ്രവൃത്തിക്കുന്നത് ഓഹരിക്കാരുടെ ചുമതലയാണ്. അതിനാൽ മുതൽപിടി വെക്കുന്ന കണക്കുകൾ ഓഹരിക്കാരിലാർക്കെങ്കിലും ഒരു നിശ്ചിതസമയത്തു പരിശോധിക്കാവുന്നതാണ്. മാനേജരും കീഴുദ്യോഗസ്ഥന്മാരും മുതൽപിടിയും പഞ്ചായത്തിന്റെ അധീനത്തിലും പഞ്ചായത്തു സാമാന്യയോഗത്തിന്റെ കീഴിലും ആയിരിക്കും. ഈ ഭരണകർത്താക്കന്മാരുടെ ജോലികളും ചുമതലകളും നിജപ്പെടുത്തിക്കൊണ്ടു ചില പ്രത്യേകനിയമങ്ങൾ ഉടനെ ഉണ്ടാക്കുന്നതുമാണ്.

5. ഇപ്രകാരമുള്ള ഒരേർപ്പാടിന്റെ ആവശ്യം.

ദിനംപ്രതി വില കൂടിക്കൊണ്ടുവരുന്ന ഇക്കാലത്തു കൂട്ടുകൂടാത്ത പാലും നെയ്യും കിട്ടേണ്ടതിനുള്ള മാർഗ്ഗം കാണുന്നത് അത്യാവശ്യമായിരിക്കുന്നു. പണത്തിന്ന് എടങ്ങഴി നെയ്യും പൈതന്ന് എടങ്ങഴി പാലും കൂട്ടുകൂടാതെ വിലയ്ക്കു വിററും വാങ്ങിയും ഇരുന്നിരുന്ന വൃദ്ധന്മാർ ഇന്നും ജീവനോടെ ഇരിക്കുന്നില്ലേ? ഇപ്പോൾ അതുകളുടെ വില എന്തായി? എടങ്ങഴി നെയ്യിന്നു രണ്ടുറുപ്പികയും എടങ്ങഴി പാലിന്ന് 6 ണയും ആയിട്ടില്ലേ? വിലഅധികം ആണെന്നു തന്നെയല്ല കൂട്ടുകൂടാതെ കിട്ടുവാനും പ്രയാസം. ഈ സ്ഥിതിക്കു നെയ്യാണെന്നു വിചാരിച്ച് ആട്ടിൻ കൊഴുപ്പോ വെളിച്ചെണ്ണയോ മററോ നമുക്കനുഭവിക്കുന്നതിന്നു വിരോധമെന്താണ്.

ഈ കാര്യത്തിൽ ഇപ്പോൾ കണ്ടുവരുന്ന സമ്പ്രദായംതന്നെ നിലനില്ക്കുമെന്നു വന്നാൽ ഇന്ത്യക്കാർ നെയ്യും പാലും ഉപയോഗിക്കുന്ന പതിവ് ഉപേക്ഷിക്കേണ്ടുന്ന കാലം അതിക്രമിച്ചു എന്നു പറയാവുന്നതാണ്. എന്നുതന്നെയല്ല, നമ്മുടെ മക്കളും അവരുടെ മക്കളും മററും തങ്ങൾ പഴയ തറവാട്ടുകാരാണെന്നു തെളിയിക്കേണ്ടതിന്നു, തങ്ങടെ അച്ഛനും മുത്തച്ഛനും രണ്ടുനാഴി പാലുവീതം ഒരു ദിവസം കഴിക്കാറുള്ളവരായിരുന്നു എന്നുള്ള ഏകതെളിവിനെ മാത്രം കൊടുത്ത് അഭിമാനിക്കുന്നവരായും വരാവുന്നതാണ്. ഇതിന്നും പുറമെ, 1980-ാമാണ്ടിൽ ഒരു ദുരഭിമാനിയായ വലിയ സർക്കാരുദ്യോഗസ്ഥൻ ക്ഷേത്രത്തിൽവഴിപാടാവശ്യത്തിന്നായി യൂറോപ്പിലേക്ക് എഴുതി അയച്ച് 3 ക. 12 ണ. വിലക്കുള്ള ഒരു റാത്തൽ നെയ്യുകൂടി വരുത്തിയേക്കാം എന്നും അതു മററുള്ളവർ കണ്ടു തന്റെ യോഗ്യതയെപ്പററി പ്രശംസിക്കേണ്ടതിന്നുവേണ്ടി എല്ലാവരേയും കാണിച്ചു ഞെളിഞ്ഞേക്കാമെന്നും ഉള്ളതു സംഭാവ്യമാണ്.

ഓഹരി ഒന്നുക്കു 5 ക പ്രകാരം 10 കോടി ഓഹരിക്കാരെ ചേർത്തു 50 കോടി ഉറുപ്പിക മൂലധനമാക്കി ഒരു ജോയിൻറ് സ്റ്റോക്ക് കമ്പനി ഏർപ്പെടുത്തേണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ഏതുതരക്കാർക്കും കമ്പനിയിൽ ഓഹരി എടുക്കേണ്ടതിന്നു സാധിപ്പിക്കാൻവേണ്ടി ഓഹരി സംഖ്യ ഉറുപ്പികയായിട്ടുതന്നെ തന്നുകൊള്ളണമെന്നു നിർബ്ബന്ധിച്ചിട്ടില്ല. ഓഹരിക്കാർ അടക്കേണ്ടപണം കന്നുകാലികളായിട്ടോ നെല്ല്, ചാണകം, വളം ഈ വക സാധനങ്ങളായിട്ടോ അതിന്നും നിവൃത്തിയില്ലാത്തവർ ഈ കമ്പിനിക്കുവേണ്ടി കൂലിപ്പണി ചെയ്തിട്ടോ അടച്ചാൽ മതിയാകുന്നതാണ്. കൂലിവേലക്കാർ തങ്ങടെ സൌകര്യംപോലെ വന്നു പണിതു സംഖ്യ തീർത്താലും മതി.

നാലു വില്ലേജുകൾക്ക് ഓരോ തൊഴുത്തുവീതം സ്ഥാപിക്കും. ഈ ഓരോന്നിലും

കാളകളും പശുക്കളും പോത്തുകളും എരുമകളും ഇവയുടെ സന്താനങ്ങളുംകൂടി 50 ഉരുവീതം ഉണ്ടായിരിക്കും ഇവയിൽ പോത്തുകളേയും കാളകളേയും കൃഷിപ്പണിക്കും പശുക്കളേയും എരുമകളേയും കറവയ്ക്കും ഉപയോഗിക്കും. പോത്തു, കാള മുതലായവയെ ഓഹരിക്കാൎക്കുമാത്രം കൂലിക്കു കൊടുക്കുന്നതാണ്. ചാണകം, തോൽ മുതലായവയെ സൂക്ഷിച്ചു ഉപയുക്തമാകുംവണ്ണം പെരുമാററം ചെയ്യും.

ഇപ്രകാരമുള്ള ഒരേൎപ്പാടിന്റെ ആയവ്യയത്തെപ്പററി കൃത്യമായ ഒരു കണക്ക് എഴുതിയുണ്ടാക്കിനോക്കിയതിൽ ഒരു കൊല്ലം കൊണ്ടു നാം എറക്കിയ മുതൽ പിരിയുമെന്നു കാണുന്നുണ്ട്. ഒന്നാംകൊല്ലത്തിൽ ഓഹരിക്കാൎക്കു ഡിവിഡണ്ടുകൊടുപ്പാൻ സാധിക്കുമെന്നു പറവാൻ ധൈൎയ്യമില്ല. എങ്കിലും പിൻകാലങ്ങളിൽ 100-ക്കു 15 വീതമോ അതിലധികമോ ഡിവിഡണ്ടു കൊടുക്കാമെന്നു ധൈൎയ്യപ്പെടാവുന്നതാണ്.

മുൻപറഞ്ഞപ്രകാരം ഒരു താലൂക്കിലുണ്ടാകുന്ന എല്ലാ തൊഴുത്തുകളും ആ താലൂക്കിൽ നിശ്ചയിക്കുന്ന ഒരു താലൂക്കുതൊഴുത്തോടും, താലൂക്കുതൊഴുത്തുകൾ എല്ലാംകൂടി ഒരു ഡിസ്ട്രിക്ട്തൊഴുത്തോടും കൂട്ടിയിണക്കുന്നതാണ്. ഡിസ്ട്രിക്ട്തൊഴുത്തുകൾക്ക് അധികാരികളായി ഒരു ബോൎഡ് ഉണ്ടായിരിക്കും. ഇതുകൾക്കെല്ലാം മേലധികാരം വഹിക്കുന്നത് ഇന്ത്യയിൽ സൎവ്വത്ര വ്യാപിക്കുന്ന കന്നുകാലിസംരക്ഷണസംഘക്കാരുമായിരിക്കും. ഇപ്രകാരമുള്ള ഈ ഏൎപ്പാടിലേക്കു 2ക. മുതൽ 100ക. വരെ പ്രതിമാസം വാങ്ങിക്കുന്ന ശമ്പളക്കാരും വേണ്ടിവരും.

ഇന്ത്യക്കാർ മിക്കവരും സസ്യഭുക്കുകളാണ്. അവരുടെ ശരീരപോഷണത്തിന്നും മററും പാലും നെയ്യും തൈരും കൂടാതെ കഴിഞ്ഞുകൂടുവാനും പ്രയാസം. ഇവ കൂട്ടുകൂടാതെയും മററും വില്ക്കേണ്ടതിന്നു ബ്രിട്ടീഷുഗവൎമ്മേണ്ടിൽനിന്നു ചട്ടവട്ടങ്ങൾ ഏൎപ്പെടുത്തീട്ടുണ്ടെങ്കിലും നാട്ടുകാരുടെ സഹകരണം തീരെയില്ലാത്തതിനാൽ ചട്ടവട്ടങ്ങൾ മൃതപ്രായങ്ങളായിത്തീൎന്നിരിക്കുന്നു.

ഈ ഉദ്യമത്തിൽ ആദ്യമായി വേണ്ടത് ഉത്സാഹികളും മനഃപൂൎവ്വമായി ഇതിലേക്കു പ്രയത്നംചെയ്യാൻ മടിയില്ലാത്തവരും ആയ കുറെ ആളുകൾ മാത്രമാണ്. ശമ്പളക്കാരെ വഴിയെ നിശ്ചയിച്ചുകൊള്ളാം.

ഒരു ഡിസ്ട്രിക്ടിൽ നടത്തപ്പെടുന്നതായ ഇത്തരമുള്ള ഒരേൎപ്പാടിന്റെ ഭരണം, വരവുചെലവ്, പ്രതിഫലത്തോടും പ്രതിഫലംകൂടാതെ ബുദ്ധിമതിക്കുമാത്രമായും ഇതിൽ പ്രയത്നിക്കുന്നവൎക്കുണ്ടാകാവുന്ന ഗുണങ്ങൾ, ഇതിന്നുകീഴിൽ ചേൎക്കുന്നുണ്ട്. ഇപ്രകാരം ഇന്ത്യാരാജ്യം മുഴവനും വ്യാപിക്കുന്ന ഏൎപ്പാടുകളുടെ ഒരു കണക്ക് ഇതിന്നുമുമ്പു പ്രസിദ്ധപ്പെടുത്തുകയും പത്രാധിപന്മാർ അഭിപ്രായങ്ങൾ പറകയും ചെയ്തിട്ടുണ്ട്.

ഈ ഉപന്യാസം അവസാനിക്കുന്നതിന്നുമുമ്പു നിങ്ങളോടു രണ്ടുവാക്കുകൂടി പറഞ്ഞോട്ടെ.

നിങ്ങടെ ശരീരപോഷണത്തിന്നാവശ്യമുള്ളേടത്തോളം പാലും നെയ്യും കിട്ടാറുണ്ടോ? ഉണ്ടെങ്കിൽ അവ നിങ്ങളുടെ ശരീരസൌഖ്യത്തിന്നു ഹാനികരമല്ലാത്തവിധം കൂട്ടുകൂടാത്തവയായിരിക്കാറുണ്ടോ? കഴിഞ്ഞ 30 കൊല്ലങ്ങളായി ദിനംപ്രതി കൂടിക്കൂടിവരുന്ന വിലയുടെ നില വിചാരിച്ചാൽ ഈ നിലയ്ക്കു നിങ്ങൾക്ക് എത്ര കാലം കൊണ്ടുനടക്കാൻ കഴിയും? മേലെഴുതിയ സംഗതികളെപ്പററി നിങ്ങൾ യാ

തൊരാലോചനയും ചെയ്യാറില്ലെങ്കിൽ നിങ്ങൾ ശ്രേഷ്ഠതയില്ലാത്തവിധം ദുശ്ചെലവു ചെയ്തു ഭവിഷ്യൽഫലം നോക്കാതെ നിങ്ങടെ കർത്ത്യാവേശത്തെ തൃപ്തിവരുത്തുന്നു എന്നും മദ്യപാനവിരോധസംഘക്കാർ മദ്യപാനികളുടെ നേരെ ഉപയോഗിക്കുന്ന പരിഹാസവചനങ്ങളും ശകാരങ്ങളും ഏതു പ്രകാരമോ അപ്രകാരമുള്ളവക്കെല്ലാം കാലാന്തരത്തിൽ നിങ്ങളും പാത്രമാകുമെന്നും നിങ്ങളെ കാലെ കൂട്ടി ഉപദേശിക്കുന്നത് എന്റെ ചുമതലയാകുന്നു— കാപ്പിതിന്നു ശീലിച്ചവരായ ചീനക്കാർ ആ ശീലം നിർത്തേണ്ടതിന്നു ഇപ്പോൾ കിടന്നു കുഴങ്ങുന്നപോലെ തന്നെ പാലും നെയ്യും ഉപയോഗിക്കുന്ന നിങ്ങളും അതുകൾ ഉപയോഗിക്കാതെ ശീലിക്കേണ്ടതിന്നു കുഴങ്ങേണ്ടി വരും.

ഇപ്രകാരമുള്ള ഏർപ്പാടുകൾ ചെയ്യുന്നതിന്നു താല്പര്യമുള്ളവർ ആവശ്യപ്പെടുന്ന വിവരങ്ങൾ എഴുതി അയച്ചുതരുവാൻ ഞാൻ ഒരുക്കവുമാണ്.

* * *

മലയാള

# ഭാഷാസാഹിത്യസംസ്കരണം

മലയാളഭാഷാസാഹിത്യസംസ്കരണകാര്യത്തിൽ ഒരഭിപ്രായം പറയുന്നതിന്നു വേണ്ടി ഈ കുംഭം 8-ാം നു- അവിടുന്നു സദയം അയച്ചുതന്ന എഴുത്തു കിട്ടി. 'മലയാളഭാഷാസാഹിത്യം' എന്ന ശബ്ദത്തിന്ന് അതിവിസ്താരമായ അർത്ഥമാണ് ഇവിടെ വിവക്ഷിച്ചിട്ടുള്ളത് എന്ന വിചാരത്തോടുകൂടി ആ വിഷയത്തിൽ എനിക്കുള്ള അഭിപ്രായത്തെ താഴെ പറയുന്നു.

അവതാരിക

൧. എഴുത്തിലെ ആശയപ്രകാരം (ഞാൻ പിഴച്ചു ധരിച്ചിട്ടില്ലെങ്കിൽ) ഈ പ്രകൃതത്തിൽ ആലോചിക്കേണ്ട വിഷയത്തെ രണ്ടായി തിരിക്കേണ്ടിയിരിക്കുന്നു. (൧) മലയാളഭാഷാസാഹിത്യത്തെ എങ്ങിനെയാണ് പോഷിപ്പിക്കേണ്ടത് (൨) ഭാഷാസാഹിത്യസംസ്കരണത്തിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള ഇരുപതിനായിരമൊ ഇരുപത്തയ്യായിരമൊ ഉറുപ്പിക കൊണ്ട് എന്താണ് പ്രവൃത്തിക്കേണ്ടത്. ആദ്യത്തേതു സാമാന്യമായിട്ടുള്ളതും രണ്ടാമത്തേത് അതിന്റെ ഏകദേശം മാത്രമായിട്ടുള്ളതുമാകുന്നു. അതിനാൽ ആ ക്രമത്തിൽതന്നെ അവയെപ്പറ്റി നിരൂപിക്കാം.

൨. ഒന്നാമതായിട്ട് ഈ ഉദ്ദേശ്യത്തോടുകൂടി സ്ഥിരമായിയിട്ടുള്ള ഒരു കമ്മിററി ഉണ്ടായിരിക്കേണ്ടത് ഏററവുമാവശ്യമാകുന്നു; എന്തെന്നാൽ യോഗബലത്തോടുകൂടി ആരംഭിച്ചാൽ മാത്രമേ ഉദ്ദിഷ്ടകാര്യം ഫലവത്തായിത്തീരുകയുള്ളൂ. അങ്ങിനെയുള്ള ഒരു കമ്മിററി മുഖാന്തരം ഗവർമ്മെണ്ട് ഇക്കാര്യത്തിൽ കഴിയുന്ന സഹായം ചെയ്യേണ്ടതും അത്യാവശ്യമാകുന്നു. ഈ രണ്ടു സംഗതിയും ഇപ്രകാരമല്ലെങ്കിൽ നോം ആലോചിക്കുന്ന വിഷയത്തിൽ ഒരു ഇനമെങ്കിലും വേണ്ടപോലെ സാധിക്കുവാൻ കഴിയുന്നതല്ല. അതിനാൽ അതു രണ്ടും സിദ്ധവൽക്കരിച്ചുകൊണ്ടാണ് ഞാൻ ഈ വി

ഷയത്തിൽ അഭിപ്രായം പറയുവാനാരംഭിക്കുന്നത്.

ഭാഷയ്ക്കുള്ള ന്യൂനതകൾ.

൪. ഇപ്പോൾ പലപ്രകാരേണ വർദ്ധിച്ചുവശായിട്ടുള്ള പ്രകൃതിതത്വപ്രതിപാദകങ്ങളായ അനേകം ശാസ്ത്രങ്ങളുടെ തത്വങ്ങളെ വേണ്ടുംവണ്ണം പ്രകാശിപ്പിക്കുന്നതിനും, ആ വക ശാസ്ത്രതത്വങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുണ്ടായിട്ടുള്ളവയും എല്ലാതരം വ്യവസായങ്ങൾക്കുമാശ്രയമായിട്ടുള്ളവയും അതിനാൽ ഉപജീവനസമ്പാദനമാർഗ്ഗത്തിന്നത്യാവശ്യകങ്ങളായിത്തീർന്നിരിക്കുന്നവയും ആയ പലമാതിരി വിദ്യകളുടെ സ്വരൂപജ്ഞാനമുണ്ടാക്കിത്തരുന്നതിനും, പിന്നെ, ചിത്താഹ്ലാദകങ്ങളും ബുദ്ധിവൃത്തിക്കു പൂർണ്ണമായ വ്യായാമശാലയായി ക്ലിഷ്ടപ്പിണഞ്ഞു മിശ്രമായിക്കിടക്കുന്ന അതിസൂക്ഷ്മങ്ങളായ അസംഖ്യം ചിത്തവൃത്തികളെ വേണ്ടുംവണ്ണം സംസ്കരിച്ചു പരമശുദ്ധമാക്കിത്തീർക്കുന്നതിന്നു സമർത്ഥങ്ങളും ആയ സുകുമാരകലാവിദ്യകളുടെ സ്വരൂപം സ്പഷ്ടമായി വെളിപ്പെടുത്തിത്തരുന്നതിനും ഉള്ള സാമർത്ഥ്യം നമ്മുടെ ഭാഷക്കില്ല എന്നുള്ളതാണ് അതിന്ന് ഏററവും ഗൌരവമുള്ളതായ ന്യൂനത.

൫. ശാസ്ത്രരീതിയിൽ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ ദുർല്ലഭമാകുന്നു. പ്രകൃതിതത്വപ്രതിപാദകങ്ങളായ ശാസ്ത്രഗ്രന്ഥങ്ങൾ അതിലേറെ ദുർല്ലഭമാകുന്നു. ആ വക ശാസ്ത്രതത്വങ്ങളാണ് എല്ലാ വിദ്യകൾക്കും അടിസ്ഥാനം. ആ മാതിരി വിദ്യകളിൽ ഉള്ള ജ്ഞാനത്തെ അപേക്ഷിച്ചാണ് നാനാവിധവ്യവസായങ്ങളും പൂർണ്ണഫലത്തോടുകൂടിയവയായിത്തീരുന്നത്. ഒരു ജനസമുദായത്തിന്നുള്ള ധനസമൃദ്ധിയും ഐശ്വര്യവും ആ സമുദായത്തിലുള്ള വിവിധവ്യവസായങ്ങളുടെ പുഷ്ടിയെ അനുസരിച്ചിരിക്കുന്നു. അതിനാൽ ജീവിതയുദ്ധത്തിൽ മലയാളികളായ നമുക്ക് അന്യന്മാരോടൊപ്പം പിടിക്കണമെങ്കിൽ മേൽപറഞ്ഞ വിഷയങ്ങളിൽ യഥാക്രമം വൈദഗ്ദ്ധ്യം സമ്പാദിക്കണമെന്നുള്ളതു സിദ്ധമായിത്തന്നെയിരിക്കുന്നു. ഈ കാര്യത്തിൽ ഇതരദേശീയന്മാർ എത്തീട്ടുള്ള നില നോക്കുമ്പോൾ ഈ സംഗതി കുറേക്കൂടി സ്പഷ്ടമായി വെളിപ്പെടുന്നതാണ്.

൬. സുകുമാരകലാവിദ്യകളെ സംബന്ധിച്ചു നമ്മുടെ ഭാഷയ്ക്കുള്ള ന്യൂനത അതിഘോരമാകുന്നു. ഈ ഇനത്തിൽ കവിത, സംഗീതം ചിത്രമെഴുത്ത് എന്നിവയൊഴിച്ചു ശേഷമുള്ള വിദ്യകൾ ഉണ്ട് എന്നു കൂടി തന്നെ ധരിച്ചിട്ടുള്ളവർ ചുരുക്കമാകുന്നു. കവിതാവിഷയത്തിൽ ശബ്ദഭംഗി പ്രധാനമായിട്ടുള്ള പദ്യാവലികളാണ് മുഖ്യമായിട്ടുള്ളത്. ഉത്തമകവിധർമ്മങ്ങളെ പ്രകാശിപ്പിക്കുന്ന ഗംഭീരാശയങ്ങളോടുകൂടിയ കവിതകൾ അപൂർവ്വമാകുന്നു എങ്കിലും ഈ ന്യൂനത തർജ്ജമകളെക്കൊണ്ടു ക്രമേണ പരിഹരിച്ചു വരുന്നുണ്ട്. സംഗീതവിദ്യയെ പ്രയോഗിച്ചു കേൾക്കുന്നതിൽ അഭിരുചിയുള്ളവർ നമ്മുടെ സമുദായത്തിൽ അതിദുർല്ലഭമായിട്ടുണ്ട് എന്നല്ലാതെ തക്കതായ സംഗീതഗ്രന്ഥങ്ങൾ മലയാളഭാഷയിൽ ഉണ്ടായിത്തുടങ്ങീട്ടില്ല. ചിത്രമെഴുത്തിനെപ്പററിയ ഗ്രന്ഥങ്ങൾ യാതൊന്നുമില്ല എന്നു മാത്രമല്ല അതിൽ അഭിരുചിയുള്ളവർ തന്നെ വളരെ കുറവാകുന്നു. സുകുമാരകലാവിദ്യകളിലുള്ള പ്രയോഗങ്ങളെ യഥാർത്ഥമായി (കണ്ടും കേട്ടും) രസിക്കാറാകണമെങ്കിൽ ആ വക വിദ്യകളുടെ ശരിയായ സ്വരൂപജ്ഞാനം ഉണ്ടായിരിക്കേണ്ടതാവശ്യമാകുന്നു. അത് അവയ്ക്കടിസ്ഥാനമായിരിക്കുന്ന ശാസ്ത്ര

തത്വങ്ങളുടെ സാമാന്യജ്ഞാനംകൊണ്ടുണ്ടാവുന്നു. ഇങ്ങിനെവഴിക്കുവഴിയായി സിദ്ധിക്കപ്പെടുന്ന ജ്ഞാനംകൊണ്ടുമാത്രമേ ഇപ്പോൾ കേവലം നേരംപോക്കിന്നോ കൂട്ടത്തിൽ ഗണിക്കപ്പെട്ടുവരുന്ന ആവക വിദ്യകളുടെ യഥാൎത്ഥമായിട്ടുള്ള മാഹാത്മ്യം മനസ്സിലാക്കുവാൻ കഴികയുള്ളു. നമ്മുടെ കൂട്ടൎക്ക് അവയുടെ നേരെ ഇപ്രകാരമുള്ള ഭാവനയുണ്ടാവാനുള്ള മുഖ്യകാരണം ആ വിഷയത്തിൽ അവൎക്കുള്ള മൌഢ്യം തന്നെയാകുന്നു. മനുഷ്യൎക്ക പ്രത്യേകം ഈശ്വരാനുഗ്രഹമായി സിദ്ധിച്ചിട്ടുള്ള ആവക വിദ്യകളുടെ ജ്ഞാനംകൊണ്ടുണ്ടാകുന്ന ചിത്തസംസ്കാരവിശേഷത്തെപ്പറ്റിയും ആനന്ദാതിശയത്തെപ്പറ്റിയും യാതൊന്നും ധരിക്കുകപോലും ചെയ്യാത്തതുകൊണ്ടാണ് നമ്മുടെ ജനസമുദായം കാലം കഴിച്ചുകൂട്ടുന്നത്. മനുഷ്യജന്മത്തിൽ മാത്രം ലഭിക്കപ്പെടുന്ന ഉൽകൃഷ്ടസുഖങ്ങളിൽ ഈയൊരു വലിയ അംശത്തെ നമ്മുടെ കൂട്ടർ അനുഭവിക്കാതെ വിട്ടുകളയുന്നു.

൭. ചുരുക്കത്തിൽ പറയുന്നതായാൽ ഉത്തമരീതിയിൽ കാലക്ഷേപം ചെയ്യുന്നതിന്ന് ഒരുവനെ യോഗ്യനാക്കിത്തീൎക്കുവാൻ അവശ്യം വേണ്ടതായ ഒട്ടു മിക്ക ജ്ഞാതവ്യവിഷയങ്ങളേയും നമ്മുടെ ഭാഷവഴിക്കു ഗ്രഹിക്കുവാൻ തരമില്ലാതെയാണിരിക്കുന്നത് ആവക വിഷയങ്ങളെ പ്രതിപാദിക്കുന്നതായ ഗ്രന്ഥങ്ങൾ മലയാളഭാഷയിലില്ല എന്നുതന്നെ താല്പൎയ്യം. അതിന്നുള്ള കാരണം ഭാഷക്കുള്ള സാമൎത്ഥ്യക്കുറവു തന്നെ—സൂക്ഷ്മങ്ങളായ ശാസ്ത്രതത്വങ്ങളെ വെളിപ്പെടുത്തിത്തരുന്നതിന്നു തക്കതായ ശബ്ദങ്ങളും പദപ്രയോഗങ്ങളും മലയാളഭാഷയിലില്ല.

൮. തക്കതായിട്ടുള്ള വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും ഇല്ല എന്നുള്ളതു മലയാളഭാഷക്കുടെ വേറൊരു ന്യൂനതയാകുന്നു.

൯. ഭാഷാവ്യാകരണഗ്രന്ഥങ്ങളെ ചില വിദ്വാന്മാർ എഴുതീട്ടുണ്ട്. പക്ഷെ അവ പല ഘട്ടങ്ങളിലും അന്യോന്യവിരുദ്ധമായ അഭിപ്രായങ്ങളോടുകൂടിയവയാകുന്നു. അതുകാരണം ചില ദിക്കിൽ ചിലർ അവയിൽ ചിലതിനെ മാത്രം സ്വീകരിക്കുകയും ചില ദിക്കിൽ വേറെ ചിലർ മറ്റു ചിലതിനെ മാത്രം സ്വീകരിക്കുകയും അതാതിനെ അവരവർ തങ്ങളുടെ ബാലന്മാരെ പഠിപ്പിച്ചുവരികയും ചെയ്യുന്നു. എന്നാൽ വേറെ ചില വിദ്വാന്മാർ അവയിൽ ഒന്നും തന്നെ കൈക്കൊള്ളാതേയുമിരിക്കുന്നു. വ്യാകരണശാസ്ത്രവിഷയത്തിൽ മലയാളഭാഷക്കു യാതൊരു വ്യവസ്ഥയുമില്ലാതെയാണ് ആകപ്പാടെ ഇപ്പോൾ വന്നുകൂടീട്ടുള്ളത്.

൧൦. നിഘണ്ടുക്കളും മലയാളഭാഷയിലില്ലെന്നില്ല. പക്ഷെ അവ വേണ്ടേടത്തോളമുണ്ടെന്നോ ഉള്ളവതന്നെ ന്യൂനതകൂടാതെയിരിക്കുന്നുണ്ടെന്നോ പറയുവാൻ പാടില്ല. നാലുതരത്തിലുള്ള നിഘണ്ടുക്കൾ തൽക്കാലം ആവശ്യമാകുന്നു. (1) ഇംഗ്ലീഷ് വാക്കുകളുടേയും ചില പദപ്രയോഗങ്ങളുടേയും അൎത്ഥം മലയാളത്തിൽ കൊടുത്തിട്ടുള്ളത്. (2) സംസ്കൃതവാക്കുകളുടേയും ചില പദപ്രയോഗങ്ങളുടേയും അൎത്ഥം മലയാളത്തിൽ കൊടുത്തിട്ടുള്ളത്. (3) മലയാളവാക്കുകളുടേയും പദപ്രയോഗങ്ങളുടേയും അൎത്ഥം ഇംഗ്ലീഷിൽ കൊടുത്തിട്ടുള്ളത്. (4) മലയാളഭാഷയിലുള്ള എല്ലാ ശബ്ദങ്ങളേയും—മലയാളത്തിലെല്ലാ ദിക്കിലും ഇപ്പോൾ നടപ്പുള്ളവയും നടപ്പിൽനിന്നു പോയിത്തുടങ്ങിയവയും നഷ്ട

പ്രായങ്ങളായിട്ടുള്ളവയും ആയ സകല ശബ്ദങ്ങളേയും—തേടിപ്പിടിച്ചു കൂട്ടിച്ചേൎത്തു ക്രമപ്പെടുത്തുകയും അവയ്ക്കു മലയാളത്തിൽ തന്നെ അൎത്ഥം കൊടുക്കുകയും ഓരോ ശബ്ദങ്ങളുടേയും വ്യുല്പത്തിയെ കാണിക്കുകയും ഓരോ പദങ്ങളുടെ പ്രയോഗങ്ങളെ ദൃഷ്ടാന്തപ്പെടുത്തി കൊടുക്കുന്നതിന്നു വിദ്വാന്മാരുടെ ആവക പദപ്രയോഗങ്ങളുള്ള വാക്യങ്ങളെ പ്രമാണമായി എടുത്തുചേൎക്കുകയും ചെയ്തുകൊണ്ട് ഉണ്ടാക്കപ്പെടുന്ന ഒരു നിഘണ്ടു ഇങ്ങിനെ നാലുതരം നിഘണ്ടുക്കളാണ് മലയാളഭാഷയ്ക്കിപ്പോൾ വേണ്ടത്. അവയിൽ ഒന്നാംതരത്തിൽ റവറണ്ടു ബെയിലിയും സക്കറിയ എന്ന ആളും ഓരോന്നെഴുതീട്ടുണ്ട്. മൂന്നാംതരത്തിൽ ഒന്ന് ഡാക്ടർ ഗുണ്ടർട്ടും എഴുതിട്ടുണ്ട്. ആ രണ്ടു തരത്തിലുമുള്ളവയെ കുറെക്കൂടി പരിഷ്കരിക്കേണ്ടതായിട്ടാണിരിക്കുന്നത്. എങ്കിലും അതു തൽക്കാലം വേണമെന്നില്ല. ഇനി രണ്ടാംതരത്തിലും നാലാംതരത്തിലുമാണ് നിഘണ്ടുക്കളുണ്ടാകേണ്ടത്. അവ രണ്ടും അത്യാവശ്യംതന്നെ. അവയിൽവെച്ച് നാലാംതരത്തിൽ ഒന്നാണ് ഉടനെ ഉണ്ടായിത്തീരേണ്ടത്. എന്തെന്നാൽ, ഓരോ പദാൎത്ഥങ്ങളേയും അഭിപ്രായഭേദങ്ങളേയും പ്രകാശിപ്പിക്കുന്നതിന്നനുരൂപമായ വാക്കുകളും പദപ്രയോഗങ്ങളും നമ്മുടെഭാഷയിലിരിക്കെ ആ കഥ മനസ്സിലാക്കാതെ ലേഖകന്മാരും ഗ്രന്ഥകാരന്മാരും അന്യഭാഷകളിലുള്ള ശബ്ദങ്ങളെ അനാവശ്യമായി പ്രയോഗിച്ചു ഭാഷയ്ക്കു ഭംഗിക്കുറവു വരുത്തുന്നു. അതിന്നുപുറമെ ശബ്ദങ്ങളുടെ ശരിയായ വ്യുല്പത്തി മനസ്സിലാക്കാതെ അവർ പല പദങ്ങളേയും പിഴച്ചു എഴുതുകയും പ്രയോഗിക്കുകയുംകൂടി ചെയ്യുന്നു. പിഴയാണെന്നു അവരെ ബോദ്ധ്യപ്പെടുത്തുന്നതിന്നു പ്രമാണഗ്രന്ഥങ്ങളില്ലാത്തതിനാൽ ഓരോരുത്തരും തോന്നിയപോലെ പ്രവൃത്തിക്കുകയും ചെയ്യുന്നു.

൧൧. എഴുത്തിൽ ഐകരൂപ്യമില്ലെന്നതു നമ്മുടെ ഭാഷയ്ക്കുള്ള ഒരു ദോഷമാകുന്നു. അരയുകാരം മുറുകാരം മുതലായവ എവിടെയെല്ലാമാണ് പ്രയോഗിക്കേണ്ടത്; അരയുകാരം (അല്ലെങ്കിൽ ചില വിദ്വാന്മാർ വ്യവഹരിക്കുന്നപോലെ അരയകാരം) എഴുതുന്നതിന്നുള്ള സംജ്ഞ എന്ത്? 'യ്ത' എന്നക്ഷരം എവിടെയെല്ലാമാണുപയോഗിക്കേണ്ടത്; "ചെയ്തു എന്ന്" എന്നിങ്ങിനെയുള്ള ചില ഘട്ടങ്ങളിൽ സന്ധിചേൎത്തെഴുതുമ്പോൾ വരുത്തേണ്ട അക്ഷരഭേദങ്ങൾ എന്ത്; "തള്ളി തീററി, വരുത്തി തരുവാൻ" എന്നോ "തള്ളിത്തിററി വരുത്തിത്തരുവാൻ" എന്നോ എഴുതേണ്ടത്. ദ്വിത്വം വേണമെന്നുള്ള പക്ഷം എതെല്ലാം ഘട്ടങ്ങളിൽ അതാവശ്യമുണ്ട് എന്നിങ്ങിനെ സംശയമായിരിക്കുന്ന പല സംഗതികളേയും സൎവ്വസമ്മതമാകുംവണ്ണം തിരുമാനപ്പെടുത്തി വെച്ചിട്ടില്ല. അതുകാരണം ഇപ്പോൾ കയ്യെഴുത്തിലാകട്ടെ അച്ചടിയിലാകട്ടെ ഈ വിഷയത്തിൽ ഒരു വ്യവസ്ഥയും കാണുന്നില്ല. എന്നുതന്നെയല്ല ഓരോരുത്തരും ഓരോരിക്കൽ ഓരോവിധം പ്രയോഗിക്കുകയും ചെയ്യുന്നു.

### പരിഹരിക്കുന്നതിന്നുള്ള മാൎഗ്ഗങ്ങൾ

൧൨. മേൽവിവരിച്ച പ്രകാരമുള്ള ശാസ്ത്രീയവിഷയങ്ങളിലും സുകുമാരകലാവിദ്യാവിഷയങ്ങളിലും മററും എഴുതപ്പെടുന്ന മൂലമോ തൎജ്ജമയൊ ആയ ഗ്രന്ഥങ്ങളെ ഇതിന്റെ അവതാരികാസ്ഥാനത്തു പറഞ്ഞിട്ടുള്ള സ്ഥിരക്കമ്മിററിക്കാർ പരിശോധിച്ചതിന്റെ ശേഷം യോഗ്യങ്ങളാണെന്നു തോന്നുന്നവയ്ക്കു തക്കതായ സമ്മാന

ങ്ങൾ (ദ്രവ്യരൂപേണ) കൊടുക്കണം. ഗ്രന്ഥകാരന്മാർ ആവക സമ്മാനങ്ങളെ മാത്രം ഇച്ഛിച്ചു പരിശ്രമിക്കത്തക്കവണ്ണം അവസ്ഥ വലിപ്പമുണ്ടായിരിക്കണം. സമ്മാനങ്ങൾ എന്നു പറഞ്ഞ പേരിന്നുമാത്രം ലഘുവായ ഒരു സംഖ്യ കൊടുക്കുന്നതായാൽ നല്ല ഗ്രന്ഥകാരന്മാർ കമ്മിററിക്കാൎക്കു സ്വാധീനപ്പെട്ടുവരുന്നതല്ല; അപ്പോൾ ഉദ്ദിഷ്ടകാൎയ്യം സാധിക്കുവാൻ പ്രയാസവുമായിരിക്കും. അതിന്നു പുറമെ, സ്ഥിരക്കമ്മിററിക്കാൎക്കു സമ്മതന്മാരായ ഗ്രന്ഥകാരന്മാരേയും സമ്മാനാൎഹങ്ങളായ അവരുടെ ഗ്രന്ഥങ്ങളേയും ഗവൎമ്മെണ്ടും യഥായോഗ്യം കൊണ്ടാടേണ്ടത് ഏററവുമാവശ്യമാകുന്നു. അതിന്നുള്ള വഴി ചൂണ്ടിക്കാണിക്കാം. മദ്രാസ് സൎവ്വകലാശാലസഭക്കാരുടെ ഉത്സാഹത്തിന്മേൽ വിജയികളായ വിദ്യാൎത്ഥികളെ അവസ്ഥപോലെ മാനിക്കുന്നതിന്നായി കൊല്ലന്തോറും കൂടാറുള്ള കാൺവോക്കേഷൻ എന്ന സഭയുടെ സമ്പ്രദായത്തിൽ സ്ഥിരക്കമ്മിററിക്കാരുടെ ഉത്സാഹത്തിന്മേൽ കൊല്ലന്തോറും ഒരു വലിയ വിദ്വത്സഭ ഗ്രന്ഥകാരന്മാൎക്കു സമ്മാനം കൊടുക്കുന്നതിന്നും അവരെ ബഹുമാനിക്കുന്നതിന്നുംവേണ്ടി കൂടേണ്ടതാകുന്നു; അതിലെ സഭാനാഥൻ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടുമായിരിക്കണം. കമ്മിററിക്കാർ ശിപാൎശി ചെയ്തിട്ടുള്ള ഗ്രന്ഥകാരന്മാൎക്കു തമ്പുരാൻതിരുമനസ്സുകൊണ്ട് സൎട്ടിഫിക്കെററുകളും വീരശൃംഖല മുതലായ സമ്മാനങ്ങളും അവരുടെ ഗ്രന്ഥങ്ങൾക്കു കമ്മിററിക്കാർ നിശ്ചയിച്ചിട്ടുള്ള ദ്രവ്യരൂപമായ സമ്മാനങ്ങളും കൊടുക്കണം. ആ സന്ദൎഭത്തിൽ വിദ്വാനായ ഒരാൾ സാഹിത്യവിഷയമായി ഒരുപന്യാസം എഴുതി വായിക്കണമെന്ന ചട്ടവും വെക്കണം.

൪൩. എത്രതന്നെ നിഷ്കൎഷയോടുകൂടിയാണെങ്കിലും വ്യാകരണഗ്രന്ഥങ്ങളെ ഇപ്പോൾ ഉണ്ടാക്കുവാൻ ശ്രമിക്കുന്നതായാൽ അവ സൎവ്വസമ്മതമായിത്തീൎന്നുകൊള്ളുവാൻ പ്രയാസമായിരിക്കും. അതിനാൽ ആ കാൎയ്യത്തിൽ മറെറാരുവിധം പ്രവൎത്തിക്കുന്നതായിരിക്കും അധികം നല്ലത്. കമ്മിററിക്കാരുടെ ഉത്സാഹത്തിന്മേൽതന്നെ മലയാളത്തിലുള്ള എല്ലാ അച്ചുകൂടങ്ങളിലെ മാനേജർമാരേയും ഗ്രന്ഥപ്രസാധകന്മാരേയും പത്രാധിപന്മാരേയും സ്കൂളുകളിലുള്ള എല്ലാ മുൻഷിമാരേയും വിദ്വാന്മാരായ മററു പലരേയും ക്ഷണിച്ചുവരുത്തി കൊല്ലന്തോറും ഒരു യോഗം കൂടണം. ശബ്ദശാസ്ത്രവിഷയമായി സംശയമുള്ള പല സംഗതികളേയും ആ സദസ്സിൽവെച്ചു പ്രതിപാദിച്ചു തീൎച്ചപ്പെടുത്തണം. ആ വിധം തീരുമാനപ്പെട്ടു വരുന്നപ്രകാരം എല്ലാവരും അനുഷ്ഠിക്കണമെന്നു നിശ്ചയവു വെക്കണം. അങ്ങിനെയായാൽ ഇപ്പോൾ ഒരു വ്യവസ്ഥയുംകൂടാതെ കിടക്കുന്ന സംഗതികൾ പലതും ക്രമേണ വ്യവസ്ഥപ്പെട്ടുവരുന്നതാണ്. അപ്പോഴേ വ്യാകരണഗ്രന്ഥങ്ങൾ എഴുതീട്ടാവശ്യമുള്ളു. ഒരു ഭാഷയിലുള്ള വ്യാകരണഗ്രന്ഥങ്ങളുടെ ഉല്പത്തിയും സ്വഭാവേന ഈ ക്രമത്തിൽതന്നെയാകുന്നു. എന്തെന്നാൽ ഭാഷയെ അനുസരിച്ചാണ് വ്യാകരണഗ്രന്ഥങ്ങളുണ്ടാകേണ്ടത്. ആദ്യം ഭാഷ പിന്നെ വ്യാകരണഗ്രന്ഥങ്ങൾ; അല്ലാതെ ആദ്യം വ്യാകരണഗ്രന്ഥങ്ങളുണ്ടായിട്ടു പിന്നെ അതനുസരിച്ചു ഭാഷയുണ്ടാവുകയല്ല. അതു സ്വഭാവവിരുദ്ധമാകുന്നു.

൪൪. ആപ്ടയുടെ സംസ്കൃത-ഇംഗ്ലീഷ് ഡിക്ഷ്ണേറി മുഴുവനുമോ അല്ലെങ്കിൽ അതിൽനിന്നു ചില അംശങ്ങൾ തള്ളിക്ക

ളഞ്ഞിട്ട ശേഷം ഭാഗമോ മലയാളത്തിലേ ക്ക തൎജ്ജമ ചെയ്യുന്നതായാൽ മുമ്പറഞ്ഞ രണ്ടാംതരത്തിലുള്ള ഒരു നിഘണ്ടുവിന്റെ ആവശ്യം നിവൃത്തിക്കുന്നതാണ്. പിന്നെ ആ ഇനത്തിൽ നാലാമതായി പറഞ്ഞതരത്തിൽ ഒരു നിഘണ്ടുവാണ് തൽക്കാലം അത്യാവശ്യമായിത്തീൎന്നിട്ടുള്ളത്. അത് അസംഖ്യംപേരുടെ ഒത്തൊരുമിച്ചുള്ള പ്രയത്നംകൊണ്ടു സാധിക്കേണ്ട ഒരു കാൎയ്യമാകുന്നു. അതിലേക്കു വളരെ ചെലവുംവേണ്ടിവരും. അങ്ങിനെയുള്ള ഒരു നിഘണ്ടു ഇന്ന രീതിയിലാണ് എഴുതേണ്ടതെന്നും അതിന്നുള്ള സാമഗ്രികൾ ഇന്നപ്രകാരം ശേഖരിക്കണമെന്നും മററുമുള്ള സംഗതികളെ ഞാൻ 1086 എടവത്തിലെ മംഗളോദയംമാസികയിൽ 'മലയാളനിഘണ്ടു' എന്ന ലേഖനത്തിൽ വിസ്താരമായി പ്രതിപാദിച്ചിട്ടുണ്ട്. അതുപ്രകാരം പ്രവൃത്തി നടത്തുന്നതായാൽ ആ കാൎയ്യം സാധിക്കാവുന്നതാണ്.

൧൫. കയ്യെഴുത്തിലും അച്ചടിയിലും ഐകരൂപ്യ 'യ്യില്ലായ്മ മുതലായ ദോഷങ്ങളുടെ പരിഹാരവും ശബ്ദശാസ്ത്രസംബന്ധമായ സംശയങ്ങളുടെ നിവൃത്തിക്കായി മുമ്പു പറഞ്ഞിട്ടുള്ള ഉപായംകൊണ്ടുതന്നെ സാധിക്കാം.

അഭിവൃദ്ധിക്കുള്ള മാൎഗ്ഗങ്ങൾ.

൧൬. നമ്മുടെ ഭാഷക്കുള്ള ന്യൂനതകളെ പരിഹരിച്ച് അതിനെ പുഷ്ടിപ്പെടുത്തുന്നതിന്നുള്ള മാൎഗ്ഗമാണ് ഇതേവരെ ചിന്തിച്ചത്. അപ്രകാരം പുഷ്ടിപ്പെട്ടുവരാവുന്ന ഭാഷയെ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കേണ്ടതെങ്ങിനെയാണ് എന്നാകുന്നു ഇനി ആലോചിക്കുവാനുള്ളത്. ജനങ്ങൾ സ്വഭാഷവഴിക്ക് അറിവു സമ്പാദിച്ചു തങ്ങളുടെ കാലക്ഷേപം കുറെക്കൂടി സുഖകരമാക്കിത്തീൎക്കുന്നതിന്നു യോഗ്യന്മാരായിത്തീരുക, ഉൽകൃഷ്ടമനോരഥത്തോടുകൂടിയവരായിത്തീരുക, ഗംഭീരങ്ങളും സൂക്ഷ്മങ്ങളുമായ ആശയങ്ങളെ ഗ്രഹിക്കത്തക്കവരാവുക, ലോകോപകാരികളും രാജഭക്തിയുള്ളവരുമായിത്തീരുക മുതലായവയാണ അതുകൊണ്ടുള്ള പരമപ്രയോജനം. സ്വഭാഷയിലുള്ള വിദ്യാഭ്യാസംകൊണ്ടു പരക്കെ ജനങ്ങൾക്കു ഉപജീവനത്തിന്നുള്ള വഴി സുലഭമായി തുറന്നു കിട്ടുക എന്നത് അവയിലെല്ലാററിലുംവെച്ച് ഏററവുമധികം മുഖ്യമായ സംഗതിയാകുന്നു; എന്തെന്നാൽ അതു സാദ്ധ്യമായാലേ മറെറല്ലാം സാദ്ധ്യമാവുകയുള്ളൂ.

൧൭. ൧൯൧൨ ജനുവരിമാസം 6-ാം നു കൽക്കത്താ സൎവ്വകലാശാലക്കാർ കൊടുത്ത മംഗളപത്രത്തിന്നു ജോൎജ്ജ് ചക്രവൎത്തി മഹാരാജാവു ചെയ്ത മറുവടി പ്രസംഗത്തിൽ അദ്ദേഹം ഇങ്ങിനെ പറഞ്ഞിരിക്കുന്നു:— "ഇന്ത്യാരാജ്യത്താസകലം സ്കൂളുകളും കാളേജുകളും സ്ഥാപിക്കണമെന്നും കൃഷിയിലും കച്ചവടത്തിലും വിവിധവ്യവസായങ്ങളിലും എന്നല്ല കാലക്ഷേപത്തിന്നുതകുന്നതായ മറെറല്ലാ തൊഴിലുകളിലും അന്യന്മാരോടൊപ്പം പിടിക്കത്തക്ക യോഗ്യതയുള്ളവരും രാജഭക്തിയുള്ളവരും ധീരന്മാരും ലോകോപകാരികളും ആയ അസംഖ്യംപേർ ആവക വിദ്യാലയങ്ങളിൽനിന്നു പുറപ്പെട്ടു രാജ്യത്താസകലം വ്യാപിച്ചുകാണണമെന്നും ആണ് നമ്മുടെ ആശയം. അതിന്നുപുറമെ, പൊതുജനങ്ങളുടെ ഇടയിൽ അറിവും അതിനെ പിന്തുടൎന്നുകൊണ്ടുണ്ടാവുന്ന പല ഏൎപ്പാടുകളും വൎദ്ധിച്ചുവരുന്നതോടുകൂടി ഇന്ത്യക്കാരായ നമ്മുടെ പ്രജകളുടെ കാലക്ഷേപം അധികം സുഖകരമായിത്തീരണമെന്നും അവർ ഉയ

ന്ന നിലയിലുള്ള ആലോചനകളിൽ എത്രത്തോളം ഡിഗ്രിയിലാകണമെന്നും അവക്ക് ആരോഗ്യവും സൌഖ്യവും അധികമുണ്ടാവണമെന്നുംകൂടി നാം ആശംസിക്കുന്നു. വിദ്യാഭ്യാസം വഴിക്കേ നമ്മുടെ ഈ ആശംസ പൂർണ്ണഫലവത്താവുകയുള്ളൂ. അതിനാൽ ഇന്ത്യയിലുള്ള നമ്മുടെ പ്രജകളുടെ വിദ്യാഭ്യാസകാര്യം നമ്മുടെ മനസ്സിൽ എപ്പോഴുമുണ്ടായിരിക്കുന്നതാണ്."

൧൮. ചക്രവർത്തിമഹാരാജാവിന്റെ മേൽകാണിച്ച ആശംസയെ അടിസ്ഥാനമാക്കിക്കൊണ്ട് വിദ്യാഭ്യാസവിഷയമായി ഇനി മേലിൽ പ്രവൃത്തിക്കേണ്ട കാര്യത്തിൽ ഇന്ത്യാഗവർമ്മേണ്ട് വേണ്ടുംവണ്ണം ആലോചന ചെയ്തതിന്റെ ശേഷം ഈ ഫെബ്രുവരി 21-ാംനു- പ്രസിദ്ധംചെയ്ത പല നിശ്ചയങ്ങളുടേയും കൂട്ടത്തിൽ ഈ പ്രകൃതത്തിലേക്ക് ആവശ്യമായിരിക്കുന്ന ഒരു വകുപ്പുള്ളതിനെ എടുത്തു താഴെ ചേർക്കുന്നു:—

"വിദേശഭാഷാജ്ഞാനത്തിന്റെ ആവശ്യംകൂടാതെകണ്ടുള്ള ഉയർന്നതരം പാഠങ്ങളിലേക്കു പ്രവേശിപ്പാനുള്ള മാർഗ്ഗം തത്തദ്ദേശഭാഷകളിൽ വിദ്യാഭ്യാസം നടത്തുന്ന മേലെക്കിട പാഠശാലകളാകുന്നു. പ്രാഥമികവിദ്യാഭ്യാസത്തിനുള്ള പാഠശാലകളിലെ ഉപാദ്ധ്യായന്മാർ ഉന്നതരം പാഠങ്ങൾക്കായി ഏർപ്പെടുത്തുന്ന ആവക പാഠശാലകളിൽ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരായിരിക്കണം. പലവിധത്തിലുള്ള വ്യവസായങ്ങളും ശില്പവേലകളും വശിച്ചവരുന്നതോടും തദ്ദേശഭാഷകളിൽ നല്ല വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവക്ക് ഉപജീവനസമ്പാദനത്തിനുള്ള വഴികൾ പലതും ഉണ്ടായിത്തീരുന്നതിന്നെളുപ്പവുമാകുന്നു."

൧൯. ഇന്ത്യാ ഗവർമ്മേണ്ടിന്റെ ഈ നിശ്ചയത്തെ പ്രമാണമാക്കിക്കൊണ്ടു പ്രവൃത്തിക്കുകയാണ് ഇവിടേയും വേണ്ടത്. എങ്ങിനെയെന്നു ചുരുക്കിക്കാണിക്കാം. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായിട്ടുള്ള രണ്ടോ കാളേജിന്റെ തരത്തിൽ മലയാളഭാഷയിൽ വിദ്യാഭ്യാസം നടത്തുന്നതിന്നായിട്ട് ഒന്നോ രണ്ടോ കാളേജുകളെ ഈ രാജ്യത്തെ പ്രധാനപട്ടണങ്ങളിൽ സ്ഥാപിക്കണം. പിന്നെ ഹൈസ്കൂൾ പാഠത്തിന്നുള്ള സ്കൂളുകളെ എല്ലാ താലൂക്കുകളിലും പ്രാഥമികവിദ്യാഭ്യാസത്തിന്നുള്ളവയെ ഒട്ടുമിക്ക ദേശങ്ങളിലും സ്ഥാപിക്കണം. പലതരം വ്യവസായങ്ങളിലും ഗവർമ്മേണ്ടുദ്യോഗങ്ങളിലും പ്രവേശിക്കുന്നതിന്നു ജനങ്ങളെ യോഗ്യന്മാരാക്കിത്തീർക്കത്തക്ക വിധത്തിലായിരിക്കണം അവയിലെ പാഠങ്ങളെ ക്രമപ്പെടുത്തേണ്ടത്.

## ഗവർമ്മേണ്ടുദ്യോഗം.

൨൦. ഗവർമ്മേണ്ടുദ്യോഗം കിട്ടുവാൻ ഇംഗ്ലീഷിൽ ഏതെങ്കിലും ഒരു പരീക്ഷ ജയിക്കണം എന്ന നിശ്ചയം വന്നുതുടങ്ങിയതോടുകൂടി ജനങ്ങൾക്കു സ്വഭാഷാസാഹിത്യത്തിലും സ്വഭാഷയിൽകൂടിയും പ്രതിപത്തി കുറാഞ്ഞുതുടങ്ങി. ഇംഗ്ലീഷ് പഠിച്ച ഒരുവനും മലയാളം മാത്രം അറിയുന്ന ഒരുവനും അറിവു സമമാണെങ്കിലും ഇംഗ്ലീഷ് പഠിച്ചവനെ ഗവർമ്മേണ്ടുദ്യോഗത്തിൽ വെക്കുന്നതും മറേറവനെ ഇംഗ്ലീഷറിഞ്ഞുകൂടായെന്ന കുറാത്തിന്മേൽ അതിൽ നിന്നൊഴിവാക്കുന്നതും ജനങ്ങൾക്കു സ്വഭാഷയിൽ വിദ്യാഭ്യാസം ചെയ്യുന്ന കാര്യത്തിൽ വിമുഖതയുണ്ടാവുന്നതിന്നു കാരണമായി ഭവിക്കുന്നു. അതിനാൽ മലയാളഭാഷയിൽ വിദ്യാഭ്യാസം നല്ലപോലെ സിദ്ധിച്ചിട്ടുള്ളവക്കു ഗവർമ്മേണ്ടുദ്യോഗങ്ങളിൽ കഴിയുന്നതും പ്രവേശം കൊടുക്കേണ്ടതാവശ്യമാകുന്നു. അനേകം ഡിപ്പാർട്ടുമേണ്ടുകളിൽ— റജി

സ്റ്റേഷൻ, ദേവസ്വം, അബ്കാരി, മലവക മുതലായ പല ഡിപ്പാർട്ടുമേണ്ടുകളിൽ– മേലധികാരികളും അത്യാവശ്യം ഉയൎന്നതരം ഗുമസ്തന്മാരും ഇംഗ്ലീഷറിയുന്നവരായിരിക്കണം എന്നു വെക്കാമെന്നല്ലാതെ ശേഷമുള്ള ഉദ്യോഗസ്ഥന്മാരെല്ലാവരും അപ്രകാരമായിക്കൊള്ളണമെന്നു നിശ്ചയം വെക്കുന്നതുകൊണ്ടു വലിയ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. എന്നു തന്നെയല്ല, പൊതുജനങ്ങൾക്കു അതുകൊണ്ടു വളരെ അസൌകൎയ്യം തന്നെ നേരിടുന്നുണ്ട്.

൨൪. മലയാളമുൻഷിമാരുടെ സ്ഥിതി കുറെക്കൂടി ഭേദപ്പെടുത്തുകയും അവരുടെ മാസപ്പടി കുറച്ചുകൂടി കൂട്ടുകയും ചെയ്യേണ്ടതാകുന്നു.

൨൫. ഗവൎമ്മേണ്ടാവശ്യത്തിന്നായിട്ടുപയോഗിച്ചുവരുന്ന ഭാഷ കൂട്ടംതന്നെ സ്പൃഹണീയമല്ലാത്ത ഒരവസ്ഥയിലാണിപ്പോൾ ഇരിക്കുന്നത്. അതിനെ നന്നാക്കിത്തീൎക്കുന്നതിന്നുള്ള വഴികൾ—മുമ്പറഞ്ഞ എതാനും ഡിപ്പാർട്ടുമേണ്ടുകൾ, മുൻസിപ്പുകോടതികൾ, മജിസ്ട്രേറ്റുകോടതികൾ, റവന്യൂ ആപ്പീസ്സുകൾ എന്നിവയിലെ ഒട്ടു മിക്ക എഴുത്തുകുത്തുകളും വിധിയെഴുത്തുകളും നല്ല ഭാഷയിൽ വേണമെന്നു നിശ്ചയം വെക്കുക; ഗസററു ഭാഷയിൽ നിഷ്കൎഷ ചെയ്യുക; റഗുലേഷങ്ങൾ, വിളംബരങ്ങൾ മുതലായവ നല്ല ഭാഷയിലെഴുതേണമെന്നു നിൎബ്ബന്ധമുണ്ടായിരിക്കുക. ഈ വക നിഷ്കൎഷകൾ ചെയ്യുന്നതിന്നു ഹജൂരാപ്പീസ്സിൽ ഇംഗ്ലീഷിലും മലയാളത്തിലും നല്ല പാണ്ഡിത്യമുള്ളവനും ആ രണ്ടു ഭാഷകളിൽ നല്ലവണ്ണം എഴുതുവാൻ ശീലമുള്ളവനുമായ ഒരു ഉദ്യോഗസ്ഥന്റെ മേലദ്ധ്യക്ഷതയിൽ ഒരു ഡിപ്പാർട്ടുമേണ്ടു സ്ഥാപിക്കുന്നതുചിതമായിരിക്കും.

൨൬. മേൽപറഞ്ഞ കാൎയ്യങ്ങളെയെല്ലാം, വേണമെങ്കിൽതന്നെ, അത്ര വേഗത്തിൽ സാധിക്കുവാൻ കഴിയുന്നതല്ല. ഭാഷാഭിവൃദ്ധികാൎയ്യത്തിൽ മേൽകാണിച്ച സംഗതികളെ പരമോദ്ദേശ്യമാശിട്ടു കരുതി അവയെ ലക്ഷ്യമാക്കിവെച്ചു ഗവൎമ്മേണ്ടും സ്ഥിരകൎമ്മിഷ്ഠരും സാവധാനത്തിൽ പ്രവൃത്തിയാരംഭിക്കേണ്ടതാകുന്നു. മലയാളഭാഷയിൽ ഉയൎന്ന നിലയിലുള്ള വിദ്യാഭ്യാസം നടത്തേണ്ട കാൎയ്യത്തിൽ ഇന്ത്യാഗവൎമ്മേണ്ടിന്റെ അഭിപ്രായത്തെത്തന്നെ പ്രമാണമാക്കി പിടിച്ചുകൊണ്ടു ഒന്നോ രണ്ടോ അതിലധികമോ പന്തിരാണ്ടുകൾകൊണ്ടു അതു സാധിക്കത്തക്കവിധത്തിൽ നമ്മുടെ ഗവൎമ്മേണ്ടു മുമ്പിൽകൂട്ടി ഒരു മെമ്മൊറാണ്ടം എഴുതി റിക്കാർട്ടാക്കുകയും അതനുസരിച്ചു ഉടനെ ചാരോ പ്രവൃത്തികൾ നടത്തിത്തുടങ്ങുകയും ചെയ്യേണ്ടതാകുന്നു.

തൽക്കാലം ചെയ്യേണ്ടത്.

൨൭. ഇതേവരെ പറഞ്ഞുവന്നപ്രകാരം പ്രവൎത്തിയാരംഭിച്ചു ഉദ്ദിഷ്ടകാൎയ്യം ഒരു വിധം പൂൎത്തിയായി സാധിക്കണമെങ്കിൽ ഈ വിഷയത്തിലേക്കു ആദ്യത്തെ കൊല്ലത്തിൽ ഗവൎമ്മേണ്ടിൽനിന്നു ചുരുങ്ങിയതു ഒരിരുപത്തയ്യായിരം ഉറുപ്പിക ബഡ്ജററിൽ ചെലവു ഇനത്തിൽ ചേൎക്കേണ്ടതായും പിന്നെ ആ സംഖ്യയെ കൊല്ലന്തോറും ക്രമേണ കൂട്ടിക്കൊണ്ടുവന്നു ഒരു ലക്ഷത്തോളമാക്കേണ്ടതായും വരുമെന്നതിന്നു വാദമില്ല. അതിന്നു തൽക്കാലം ഗവൎമ്മേണ്ടു ഒരുക്കമുണ്ടോ എന്നു സംശയം തോന്നുന്നു. ആ സ്ഥിതിക്കു ഇപ്പോൾ അനുവദിച്ചിട്ടുള്ള ഇരുപതോ ഇരുപത്തഞ്ചോ ആയിരം ഉറുപ്പികയെ ഒരു മൂലധനം തന്നെയാക്കിപ്പിടിച്ചു ആ സംഖ്യകൊണ്ടു എന്തു ചെയ്യണം എന്നാണു ആലോചിപ്പാനു

ള്ളത്. കൊല്ലത്തിൽ 1200 രൂപയിലധികമായ ഒരു സംഖ്യ അതിന്നു പലിശയായി കിട്ടുമെന്നു കണക്കാക്കുവാൻ തരമില്ല. അപ്പോൾ കൊല്ലത്തിൽ ഒന്നിച്ച് 1200 രൂപയോ അല്ലെങ്കിൽ മാസന്തോറും നൂറ് രൂപ വീതമോ ചെലവു ചെയ്യുവാനുള്ള വകയേയുള്ളൂ. അതുകൊണ്ടു നോം ഉദ്ദേശിക്കുന്ന കാര്യത്തിൽ ഒരു ഇനമെങ്കിലും പൂർത്തിയായി സാധിപ്പാൻ കഴിയുന്നതല്ല. അതിനാൽ ഈ വിഷയത്തിൽ ഏതെങ്കിലും ഒരു കൂട്ടം പൂർത്തിയായി സാധിക്കുന്നതിലേക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള സംഖ്യ മുഴുവനും ഉപയോഗിക്കുന്നതായിരിക്കും അധികം നല്ലത്. മുമ്പൊരു വകുപ്പിൽ പറഞ്ഞിട്ടുള്ള പലതരം നിഘണ്ടുക്കളുടെ കൂട്ടത്തിൽ നാലാമതായി പറഞ്ഞിരിക്കുന്ന തരത്തിൽ ഒരു നിഘണ്ടുവാണ് ഇപ്പോൾ അത്യാവശ്യമായിട്ടു വന്നിരിക്കുന്നത്. ആ നിഘണ്ടു ഇന്ന സമ്പ്രദായത്തിലായിരിക്കണമെന്ന് അവിടത്തെ വേറൊരേടത്തു പറഞ്ഞിട്ടുണ്ട്. ആ വിധം ഉണ്ടാക്കിത്തീർക്കുന്ന നിഘണ്ടു വലിയതമ്പുരാൻ തിരുമനസ്സിലെ ശാസ്ത്രിപൂർത്തിയുടെ ഒരു നല്ല സ്മാരകമായിട്ടു ശോഭിക്കുകയും മലയാളഭാഷാസംസ്കരണകാര്യത്തിൽ ഒന്നെങ്കിലും പൂർത്തിയാകുംവണ്ണം സാധിച്ചുവെന്നു തൃപ്തിക്കിടവരികയും ചെയ്യുന്നതാണ്.

---

# പ്രദോഷമാഹാത്മ്യം

(തുടർച്ച)

രണ്ടാം സർഗ്ഗം.

---

രമാജാനിയെത്തൻമനസ്സിങ്കലോർത്തും
സമാരാധനം ചെയ്തുമപ്പങ്കജാക്ഷി!
ക്ഷമാദേവനാരീമൃദാനാലുകൊല്ലം
കുമാരദ്വയത്തോടുമൊന്നിച്ചുവാണാൾ 1
ഉമ്പർകോനുടയതമ്പിയായിടും
തമ്പുരാൻെറപദതാർപണിഞ്ഞിടാൻ
അമ്പലത്തിലൊരുനാളണഞ്ഞിതa-
പ്പെമ്പയോജമിഴിഭക്തിനമ്രയായ് 2
മല്ലവൈരിയുടെപാദഭക്തരായ്
നല്ലമണ്ഡപമതിങ്കൽവാണിടും
ചൊല്ലെഴുംദ്വിജരിലേകനായശാ-
ണ്ഡില്യനപ്പൊഴതിവണ്ണമോതിനാൻ. 3
"ദേവദേവപദഭക്തരായഭൂ-
ദേവർ! നിങ്ങളിതുകാണ്മതില്ലയോ?
ഭൂവരൻെറസുതനിപ്രകാരമേ
കേവലംബതദരിദ്രനായതും. 4
കഷ്ടമന്യകുലജാതനായൊരി-
ശ്ശിഷ്ടബാലകനിവണ്ണമിന്നഹോ
മുറ്റുമീദ്വിജകുമാരനൊത്തുതൻ
പെറ്റൊരമ്മയെവെടിഞ്ഞുപാർപ്പതും" 5
ഇത്തരംദ്വിജനുരച്ചിടുമ്പൊഴാ-
മത്തകാശിനിയടുത്തുചെന്നുടൻ
ചിത്തജാരിയുടെഭക്തനോടുത-
ദ്വൃത്തമമ്പൊടറിവാനൊരുങ്ങിനാൾ 6
'ചൊല്ലുക ചൊല്ലുകനീവോടുമാമുനേ!
കല്യശീലശിശുവിൻെറവാർത്തകൾ
മല്ലബാണനുസമാനനായൊരീ
മല്ലനേത്രനിവനേതുബാലകൻ? 7

ഭിക്ഷുവയ്യനരചെയ്യപോലഞാൻ
സൽക്ഷമാസുര!വളത്തിബാലനേ
ശിക്ഷയോടുപനയാദിയെന്നമേ
ദക്ഷനാമിവനചെയ്യതില്ലഞാൻ" 8
വാമനേത്രയൊടുരച്ചിതപ്പൊഴാ-
ക്കാമവൈരിസമനാംമുനീശ്വരൻ
റ്റമരന്ദമൊഴി!കേൾക്കബാലനു-
ള്ളാമഹൽജനനവാത്തയോതിടാം. 9
ചൊല്ലെഴുന്നൊരുവിദർഭ്ഭഭൂപനൽ-
ഫുല്ലബാലരവിതുല്യകാന്തിമാൻ
കല്യശീലനവനുള്ളപൈതലി
മ്മല്ലസായകസമാനബാലകൻ. 10
വിശ്വമേറുമൊരു'സാലപ'ഭൂപനാ
വൈരിവനുനിജസൈന്യമൊത്തഹോ
കീരവാണി!ഗുണമേറിടുന്നൊരാ-
പ്പാരിനീശനെവധിച്ചുസംഗരേ. 11
തള്ളിവായുമൊരു പ്രാണഭീതിയോടുമാ-
പ്പുള്ളിമാൻമിഴികൾഭൂപപത്നിമാർ
കല്ലുമുള്ളുനിറയുന്നകാട്ടിലേ
ക്കല്ലലാന്നഥകതിച്ചുമണ്ടിനാർ. 12
നാരിമാരിലൊരുപൂർണ്ണഗർഭയാം
നീരജേക്ഷണതടാകസീമനി
ഭീരുവായുടനെയോടിയെത്തിയ-
ന്നേരമമ്പൊടവൾപെററുപുത്രനേ. 13
പേടമാൻമിഴികൾമൌലിദാഹമേ-
ററാടലാന്നുസലിലത്തിലെത്തിനാൾ
ചാടിവന്നവരനക്രരാജനാ-
ച്ചാടുവാണിയെഹനിച്ചുകേൾശുകേ! 14
ശേഷമുള്ളകഥയൊക്കെയിന്നുനീ
യോഷമാർമണി!ധരിച്ചിരിപ്പതാം
ഇപ്പഷചെന്തു?മനുജക്കുണ്ഡലീ
ഭൂഷണൻകനികിലേഗുണംവരൂ". 15
ക്ഷോണിദേവവരനേവമസ്സുധാ
വാണിയോടുമൊഴിയോതിമെല്ലവേ
കാണിനേരമിളകാതെനിന്നുകാർ-
വേണിയാളുമുരചെയ്തിതിത്തരം 16

"വന്ദ്യഭൂസുര!മഹൽപ്രതാപിയ-
മ്മന്നവേന്ദ്രമണിവൈരിഭൂപരെ
വെന്നവാഴമളവെന്തുകൊണ്ടുതാ-
നന്നുസംഗരമതിങ്കൽവധ്യനായ്? 17
കീത്തനീയ!നൃപപുത്രനിൽപരം
ചേത്തുഹന്തഹരനീദൃഗിദൃത
പേത്തുമിന്നിവനുലഭ്യമാകുമോ
പാത്തലേശപദ?മോത്തുചൊല്ലുടോ 18
ഭദ്രശീല!മമവാച്ചിടുന്നദാ-
രിദ്ര്യസങ്കടമിനിശ്ശമിക്കുമോ?
ഭദ്രമേറിവരുമോ?കഥിക്കകി-
ഞ്ചിദ്ര്യസൽക്കരുണയോടുമാമുനേ!" 19
പേശലാധരിയിവണ്ണമോതിയ-
ന്നിശതുല്യമുനിവയ്യനോടഹോ
ക്ലേശമാന്നവിടെനിന്നിടുമ്പൊഴാ-
ക്കാശ്യപീസുരനുമേവമോതിനാൻ. 20
"യാമിനീശമുഖി!കേൾകുണ്ഡിന-
ക്ഷ്മാമണാളനുടെപൂർവ്വവാത്തകൾ
റ്റമരന്ദമൊഴി!പാണ്ഡ്യഭൂപനാ-
യിമഹീപതിജനിച്ചുമുന്നമേ. 21
വ്യോമചാരികൾപുകഴ്ത്തിടുംവിധം
സീമവിട്ടനിജകീർത്തിയോടുമേ
കാമവൈരിയുടെഭക്തവയ്യനാ-
യ്സോമസുന്ദരനിരുന്നമന്നവൻ. 22
ഭൂതിപുഷ്ടി നൃശമേറെയും
കാരണാക്ഷി!ഹൃദിമോദമേറുവാൻ
നീതിമാൻനൃപതിനോററിതന്നുസം-
ഭൂതഭക്തിയൊടുതൽപ്രദോഷവും. 23
ഏകദാനൃപനിരുന്നുദേവനേ
ശ്ലോകമെന്നിയെഭജിച്ചിടുംവിധൌ
ആകുലേനനിജപൌരരാത്തത-
പ്പാകവൈരിസദൃശൻശ്രവിച്ചുതേ. 24
'എന്തതിക്രമമിതെന്തുമൂലമാ
ഹന്തവൈരികളമാത്തടുക്കയാ'?
അന്തരംഗമതിലേവമാനൃപൻ
ചിന്തചെയ്തുളവുമന്ത്രിയെത്തിനാൻ. 25

പോരിനന്നു പടയൊത്തുവന്നൊരാ
വൈരിഭൂപനെ വധിപ്പതിന്നഹോ
സാരസാക്ഷി! സചിവേന്ദ്രനോടുമാ-
പ്പൗരകാപ്പവനരച്ചുസത്വരം. 26
ശൈവപൂജയെനിവൃത്തിടാതെതാൻ
പൂവലംഗി! നരഹത്തിചെയ്കയാൽ
ഭൂവിലിങ്ങിനെവിദർഭനായ്ച്ചുനി-
ച്ചീവിധം നൃപതിപോരിൽ വധ്യനായ്. 27
പാണ്ഡ്യഭൂപസുതനും പ്രദോഷസൽ
ത്താണ്ഡവത്തെയൊരുനാൾ മുടക്കിനാൻ
കണ്ഡലീശവരഭൂഷണാജ്ഞയാൽ
കുണ്ഡിനേശസുതനായിയായവൻ 28
രുദ്രപൂജയിലിവണ്ണമേററവും
രൌദ്രകർമ്മമതുചെയ്തുമൂലമായ്
ഭദ്രനാകിയനൃപാലസൂനുതാ
ന്ന്യസങ്കടമഹോ ലഭിപ്പതും. 29
നീലവേണി! നൃവരൻെറപത്നിയാം
ലോലലോചനകഴിഞ്ഞജന്മനി
ശ്രീലസൽഗുണമെഴും സപത്നിയെ
പ്പാൽത്തൊഴുംമൊഴി! വധിച്ചുരുഷ്ടയായ്. 30
മങ്കമാരിൽമണിയാൾ സപത്നിയേ
ശ്ശങ്കതെല്ലുമണയാതെ കൊൽകയാൽ
പങ്കജാക്ഷി! യൊരുനക്രവക്ത്രനാ
ക്കങ്കമാധരിയെയും വധിച്ചുതേ. 31
തതമൊക്കയുമിവണ്ണമെന്നുന-
മ്മത്തകാശിനി! ധരിക്കസുന്ദരി!
ചിത്തജാരിയെ ഭജിക്ക സൌഖ്യസ-
മ്പത്തുമേലിൽ വരുവാൻ ദ്വിജാംഗനേ! 32
കാമവൈരിയെ നിനപ്പവർക്കുനൽ-
ക്കാമസൽഭോഗ്യമുടനേ ഭവിച്ചിടും
സോമവാരമതിലും പ്രധാനമാ-
സ്സോമചൂഡനു പ്രദോഷമേററവും. 33
സൽപ്രദോഷമതുനോററുബാലരൊ-
ത്തപ്പുരാണപുരുഷം ഭജിക്കനീ
സർപ്പഭൂഷണനുതോഷമേറയ-
ങ്ങുതഭവിക്കമതിനാൽ ഗുണംവരും." 34

തെക്കേകുന്നത്തു കല്യാണിക്കുട്ടിയമ്മ.

പ്രദോഷമാഹാത്മ്യം രണ്ടാംസർഗ്ഗം സമാപ്തം.

---


വെണ്മണികൃതികൾ.

III ഭാഗം വില 1 ക.

വെണ്മണി നമ്പൂതിരിമാരുടെ സരസകൃതികൾ വായിച്ചു രസിച്ചു തൃപ്തിപ്പെടാത്ത സാഹിത്യരസികന്മാരില്ല. ഈ കൃതികൾ അടങ്ങിയ 3-ാം ഭാഗം ഇപ്പോൾ ടി. കെ. കൃഷ്ണമേനവൻ അവർകളുടെ പ്രസാധത്തിൻ കീഴിൽ അച്ചടിച്ചു പുറത്തിറക്കിയിരിക്കുന്നു. ആവശ്യമുള്ളവർ വേഗം അപേക്ഷിക്കേണ്ടതാണ്.

വിഷവൃക്ഷം.

(ശ്രീമതി ടി. സി. കല്യാണിഅമ്മ അവർകൾ. എം. ആർ. എ. എസ്സ്. എഴുതിയതു് വില 1 ക. 4 ണ.

ഇന്ദുലേഖ മാർത്താണ്ഡവർമ്മ മുതലായ നോവലുകളെക്കൂടി ജയിക്കുമെന്ന് എല്ലാവരാലും പ്രശംസിക്കപ്പെട്ട ഈ നോവൽ എല്ലാ വീടുകളിലും ഒന്ന് ഉണ്ടായിരിക്കേണ്ടതാണ്.

# ദ്രൌപദീസ്വയംവരം

പ്രബന്ധം

(തുടൎച്ച)

---

അപ്പോളത്യന്തഭക്ത്യാവിരചിതമുചിതാ-
തിഥ്യകൃത്യംഗൃഹീത്വാ
ശുദ്ധേപീഠേനിഷണ്ണോമുനികുലപതിമാൻ
പാൎത്ഥിഃപാണ്ഡവാനാം
അഭ്യാശേഷവൎത്തജന്മാന്തരസമുപഗതം
ന'ഞ്ചപതീതാമസ്യാഃ
സുപ്രീത്യോപാംശുസൎവ്വംദ്രുപദനൊടറിയി-
ച്ചീടിനാനുള്ളവണ്ണം.
ചൊല്ലാമെല്ലായിലുംമുറ്റൊരുപരമരഹ-
സ്യാന്തരംധൎമ്മവായു- (ദൈ
സ്സുരല്ലോകേന്ദ്രാശ്വിദേവാൻക്ഷിതിഭരഹൃത
പാണ്ഡവത്വംപ്രപന്നാൻ
കല്യാണേതാനറിഞ്ഞീടുകഗുണവതി!
സാമരാലക്ഷ്മിതന്നെ (തൈത്-
കല്യാണീപുണ്യപൂരൈരസ്തുവചിരമിചി
രത്രജാതാകുമാരി.
പ്രാചീനംവാസനായോഗവുമുപഗതമി-
ദ്ദൈവകാരുണ്യമസ്യാ
വ്യാജാപേതംമിഥോഭാവവുമിനിയമഹോ-
ശാജ്ഞയുപ്രാജ്ഞമൌലേ!
രാജൻ!നിഷ്ഠാസ്സുബുദ്ധ്യാഗ്രഹിതമിവരെ-
വക്ഷമൊന്നിച്ചുവേൾപ്പാ-
നാചാരധൎമ്മസംശങ്കാങ്കുരമകലെവെടി-
ഞ്ഞാനുകൂല്യംഭജേഥാഃ.

ഇവണ്ണംവ്യാസോക്താമഴകിയ-
പുരാണോദ്ഭൂതകഥാം
ചെവിക്കൊണ്ടാനന്ദോൽമിതധൃ-
തിസൎവ്വേഷുനിഭൃതം
അവണ്ണംതന്നേയെന്നുടനനു-
വദിക്കുംപോരിമഹോ!
നവംകേൾക്കപ്പെട്ടുവിബുധന-
ഗരീഷൂന്ദുഭിരവം.
അന്തംകൂടാതവണ്ണംവളരുമനുപമാ-
നന്ദപീയൂഷയൂഷൈ-
സ്സന്ദേഹങ്ങൾക്കളിക്കുംദ്രുപദനൃപഗിരാ-
പാണ്ഡുപുത്രാസ്തദാനീം
സന്ധിച്ചുൾക്കമ്പിലുംകൈയ്യിലുമഹനിശ്ശുഭേ
കൌതുകംധൌമ്യനോത്തും
മന്ത്രംകൊണ്ടുഗ്രഹിച്ചുമുരഭിദനുമതാ-
യാജ്ഞസേനീകരാഗ്രം.
ശക്താഃകുന്തീകുമാരാസ്തദനുചഗിരാ-
യാജ്ഞസേനീവിവാഹ-
പ്രത്യഗ്രാഡംബരാകേട്ടതിവിസരദസൂ-
യാജ്ഞപരേണാഭിയാതാൻ
തധപാപാഞ്ചാലഗേഹംകൃതതുമുലരാനാൻ
കൌരവാനസ്ത്രശസ്ത്ര-
വൃഷ്ട്യാവ്യാമീതയാരചന്നരനൃപസുതയാ
സൌഖ്യമുൾക്കൊണ്ടിരുന്നു.

സമാപ്തം.

# കൊച്ചി സാഹിത്യസമാജം

കേരളഭാഷാഭിവൃദ്ധിക്കായിക്കൊണ്ട് ഒരു സാഹിത്യസമാജം ആരംഭിക്കുന്നതിനെപ്പററി വേണ്ടുന്ന ആലോചനകൾ നടത്തുവാൻ, കൊച്ചി 10-ാംകൂറ് രാമവർമ്മ (അപ്പൻ) തമ്പുരാൻ തിരുമനസ്സിലേയും ടി. കെ. കൃഷ്ണമേനോൻ അവർകളുടേയും ക്ഷണനപ്രകാരം തൃശ്ശിവപേരൂര് സക്കാർ ഹൈസ്കൂളിൽവെച്ചു 1088 കംഭം 11-ാനു- പകൽ നാലര മണിക്ക് ഒരു യോഗമുണ്ടായി. അന്ന്, മുമ്പറഞ്ഞ ഉദ്ദേശനിവൃത്തിക്കായി, "കൊച്ചി സാഹിത്യസമാജം" എന്നൊരു സമാജം ഏൎപ്പെടുത്തേണമെന്നു നിശ്ചയിച്ചുറച്ചു. അതിനുവേണ്ട ഏൎപ്പാടുകൾ ചെയ്യുന്നു, ആവശ്യമായ നിയമങ്ങൾ എഴുതിയുണ്ടാക്കുവാനും, ഈ നിയമങ്ങളെ പര്യാലോചിച്ചുവേണ്ട ഭേദഗതികളോടുകൂടി നടപ്പാക്കുവാൻ അടുത്തൊരു ദിവസം ഒരു സാമാന്യയോഗത്തെ വിളിച്ചുകൂട്ടുന്നതിനും മററുമായി സി. അച്യുതമേനോൻ അവർകൾ, ടി. കെ. കൃഷ്ണമേനോൻ അവർകൾ, വി. കെ. കണ്ണമേനോൻ അവർകൾ, എന്നിവരെ ഏല്പിച്ചു സഭ പിരിയുകയും ചെയ്തു. പിന്നെ, 88 എടവം 4-ാംനു- രാവിലെ എട്ടര മണിക്കു, ടി. സ്ഥലത്തുതന്നെ വെച്ച് അപ്പൻ തമ്പുരാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൻകീഴിൽ യോഗംകൂടി. പല ഭാഷാഭിമാനികളും സഭയിൽ ഹാജരുണ്ടായിരുന്നു. സഭാനിയമങ്ങളുടെ കരടുപകപ്പു്, വളരെ വാദപ്രതിവാദങ്ങൾ നടത്തി ആവശ്യങ്ങളായ മാററങ്ങളോടുകൂടി, നടപ്പാക്കി. ഇതിന്നു പുറമെ, സമാജത്തിന്റെ രക്ഷാധികാരിയായിരുന്നാൽ കൊള്ളാമെന്നു കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലേക്ക് അപേക്ഷ ഹരജി അയക്കേണ്ടതാണെന്നും, കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ സമാജത്തിന്റെ ഉൽകൃഷ്ടസാമാജികനായി ക്ഷണിക്കേണ്ടതാണെന്നും തീൎച്ചയാക്കി സമാജം റജിസ്റ്റ് ചെയ്യേണമെന്നും അതിനുള്ള ഫീസ്സ് ഒഴിവാക്കിത്തരേണമെന്നു കൊച്ചി ദിവാൻജി അവർകളോട് അപേക്ഷിക്കേണമെന്നും നിശ്ചയിച്ചു അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷനും, സി. പി. അച്യുതമേനോൻ പത്രാധിപരും, ടി. കെ. കൃഷ്ണമേനോൻ സിക്രട്ടേരിയും, കെ. ഗോവിന്ദൻ നമ്പ്യാർ ഖജാൻജിയും, വി. കെ. കണ്ണൻമേനോൻ, സി. കുഞ്ഞിരാമമേനോൻ, സി. അന്തപ്പായി എന്നിവർ ശേഷം നിൎവ്വാഹകസംഘസാമാജികന്മാരും ആയിരിക്കേണ്ടതാണെന്നും തീൎച്ചയാക്കി സഭ 10 മണിയോടുകൂടി പിരിഞ്ഞു.

---

### യോഗമെമ്മറാണ്ടം.

1. ഈ യോഗത്തിന്റെ പേര് "കൊച്ചി സാഹിത്യസമാജം" എന്നായിരിക്കും.

2. ഈ സമാജം ഏൎപ്പെടുത്തിയ ഉദ്ദേശങ്ങൾ:—

(എ) മലയാളഭാഷാദ്ധ്യയനത്തിൽ ഉത്സാഹം ഉണ്ടാക്കിത്തീൎക്കുക, മലയാളഭാ

[illegible] സാഹിത്യത്തിന്റെ എല്ലാ ശാഖകളേയും പരിഷ്കരിക്കുകയും പോഷിപ്പിക്കുകയും ചെയ്ക

(ബി) മേൽപറഞ്ഞ ഉദ്ദേശത്തിന്നു വേണ്ടി മൂലധനവും മുതലും പിരിച്ചുണ്ടാക്കി സൂക്ഷിച്ചു ചിലവഴിക്കുക.

(സി) മലയാളഭാഷക്കും സാഹിത്യത്തിന്നും പരിഷ്കാരവും പോഷണവും വരുത്തുന്നതിന്നുതകുന്നതും ആവശ്യവുമായ എല്ലാ പ്രവൃത്തികൾ ചെയ്ക,—ഇവയാകുന്നു.

3. ഈ സമാജത്തിന്നു ഏതു വിധത്തിലെങ്കിലും ഉണ്ടാവുന്ന മുതലെടുപ്പുംസ്വത്തുക്കളും യോഗമെമ്മറാണ്ടത്തിൽ കണ്ടകൽ കാണിച്ച പ്രകാരമുള്ള ഉദ്ദേശങ്ങൾക്കു മാത്രം ഉപയോഗപ്പെടുത്തുന്നതാണ്. അല്ലാതെ അതിൽ യാതൊരു ഭാഗവും നേരിട്ടോ മററു പ്രകാരത്തിലോ, ആദായമെന്നോ പലിശയെന്നോ ഉള്ള നിലയിൽ സാമാജികന്മാർക്കു കൊടുക്കുകയോ അവരുടെ അധീനത്തിൽ ആക്കുകയോ ചെയ്യുന്നതല്ല.

എന്നാൽ സമാജക്കാരുടെ അഭിപ്രായത്തിൽ വല്ല സാമാജികനും സാഹാത്യസംബന്ധമായുള്ള പരിശ്രമത്തിന്റെ ഫലങ്ങൾക്കായി വല്ല പ്രതിഫലമോ സമ്മാനമോ കൊടുക്കണമെന്നു തീച്ചയാക്കി കൊടുക്കുന്നതായാൽ ആയതു മേൽപറഞ്ഞ നിശ്ചയത്താൽ അസാധുവാകുന്നതല്ല.

4. താഴെ പേരും മേൽവിസവും കാണിച്ചിരിക്കുന്നവരായ ഞങ്ങൾ ഈ യോഗമെമ്മറാണ്ടമനുസരിച്ച് ഒരു സമാജമായി ചേരുവാൻ ആഗ്രഹിക്കുന്നു.

| കമ്മിററിമെമ്പന്മാരുടെ പേരും മേൽവിലാസവും | സാക്ഷികളുടെ ഒപ്പ് |
|---|---|
| | |

# യോഗനിയമങ്ങൾ

## I. സാമാജികന്മാർ.

1. സാമാജികന്മാർ സാധാരണസാമാജികന്മാരെന്നും ഉൽകൃഷ്ടസാമാജികന്മാരെന്നും രണ്ടു തരക്കാരായിരിക്കും.

2. സമാജത്തിന്റെ ഉദ്ദേശനിവ്വഹണത്തിൽ താല്പയ്യമുള്ളവരും സമാജനിയമങ്ങൾ അനുസരിച്ചു നടക്കുന്നവരും ആയവക്കൊക്കെ ഈ സമാജത്തിൽ സാധാരണസാമാജികന്മാരാകാവുന്നതാണ്.

3. സാമാജികസ്ഥാനത്തിന്നുള്ള അപേക്ഷകൾ സമാജം സിക്രട്ടറിക്ക് അയക്കേണ്ടതാണ്. അങ്ങിനെയുള്ള അപേക്ഷകൾ സ്വീകരിപ്പാനോ തള്ളിക്കളവാനോ ഉള്ള പൂണ്ണാധികാരം കമ്മിററി മെമ്പർമാരിൽ ഇരിക്കുന്നതാണ്. സാമാജികന്മാരിൽ ഒരുവരെ എങ്കിലും ആ സ്ഥാനത്തിൽനിന്നു തള്ളുവാൻ കമ്മററിക്കാക്ക് അധികാരം ഇല്ല. ആ അധികാരം സാമാന്യസമാജത്തിന്നു മാത്രമേയുള്ളു.

4. മലയാളഭാഷയിലോ ഭാഷാസാഹിത്യത്തിലോ ഉള്ള നൈപുണ്യംകൊണ്ടു പേർ സമ്പാദിച്ചവരെ സമാജത്തിന്റെ യുക്തംപോലെ ഉൽകൃഷ്ടസാമാജികന്മാരായിരിപ്പാൻ ക്ഷണിക്കാവുന്നതാണ്. ഈ ക്ഷണനം സ്വീകരിച്ചവർസമാജത്തിലെഉൽകൃഷ്ടസാമാജികന്മാരായിരിക്കുന്നതാണ്.

5. സാധാരണ സാമാജികന്മാരുടെ എണ്ണം ഇത്രയായിരിക്കേണമെന്നു ക്ലിപ്തമില്ല. ഉൽകൃഷ്ടസാമാജികന്മാർ 12-ൽ അധികമാവാൻ പാടുള്ളതല്ല.

II വരിസംഖ്യ.

6. എല്ലാ സാധാരണ സാമാജികന്മാരും അവരവരുടെ ഇഷ്ടവും ശക്തിയും അനുസരിച്ച് ഒരു സംഖ്യ സമാജത്തിൽ കൊല്ലന്തോറും വരിയായി അടക്കേണ്ടതാണ്. എന്നാൽ ഈ സംഖ്യ മൂന്നുറുപ്പികയിൽ കുറയുവാൻ പാടില്ല സമാജത്തിൽ ചേരുന്നവർ വരിസംഖ്യ നിശ്ചിതസമയത്തിന് അടക്കുന്നതാണെന്നും സാമാജികനായി ചേൎന്ന മുതൽ മൂന്നുകൊല്ലം കഴിയുന്നതിനു മുമ്പായി ആ സ്ഥാനത്തിൽ നിന്ന് ഒഴിയുന്നതല്ലെന്നും ഖരാർ ചെയ്തിട്ടുള്ളതായും വിചാരിക്കപ്പെടുന്നതാണ്.

7. കൊല്ലത്തിൽ അടക്കേണ്ടതായ വരിസംഖ്യ മൂന്നു തുല്യഗഡുക്കളായി വൃശ്ചികം, മീനം, കൎക്കടകം ഈ മാസങ്ങളിൽ ഒടുവിലത്തെ ദിവസത്തിനു മുമ്പായി അടക്കേണ്ടതാണ്. ഈ തിയ്യതികളിൽ അടക്കാത്തപക്ഷം ബാക്കി നില്ക്കുന്ന ഉറുപ്പിക ഒന്നിനു മാസം അരയണപ്രകാരം പലിശ അടക്കേണ്ടതുമാണ.

8. ഉൽകൃഷ്ടസാമാജികന്മാർ വരിസംഖ്യയൊന്നും അടക്കേണ്ടതില്ല. എന്നാൽ സംഭാവനയായി അങ്ങിനെയുള്ളവരോ മറ്റാരെങ്കിലുമോ വല്ല സംഖ്യയും തരുന്നതായാൽ ആയതു സമാജക്കാൎക്കു സ്വീകരിക്കാവുന്നതാണ്.

III നിൎവ്വാഹകസംഘം

9. ഒരു അദ്ധ്യക്ഷൻ, ഒരു സിക്രട്ടറി, ഒരു ഖജാൻജി, ഒരു പത്രാധിപർ, സമാജക്കാർ നിശ്ചയിക്കുമ്പോലെ മൂന്നിൽ കുറയാതേയും അഞ്ചിൽ അധികമാവാതേയും സാമാജികന്മാർ—ഇവർ അടങ്ങിയ ഒരു കമ്മറ്റിക്കാരിലായിരിക്കും സമാജംവക കാൎയ്യങ്ങൾ നടത്തേണ്ടതായ ഭാരം.

10. സമാജംവക സാധാരണ യോഗത്തിൽവെച്ച് കൊല്ലന്തോറും കമ്മററി മെമ്പർമാരെ തിരഞ്ഞെടുത്തു നിശ്ചയിക്കുന്നതാണ്. ഒഴിവാൻ പോകുന്ന മെമ്പർമാരെതന്നെ വീണ്ടും തിരഞ്ഞെടുത്തു നിശ്ചയിക്കാവുന്നതാണ്.

11. അതാതു കൊല്ലത്തിൽ കാലം കഴിയുന്നതിനു മുമ്പായി കമ്മററിമെമ്പർമാരുടെ ഇടയിൽ വരുന്ന ഒഴിവിനുപകരം സാമാജികന്മാരുടെ ഇടയിൽനിന്ന് ഒരാളെ നിശ്ചയിപ്പാൻ കമ്മററിയിലുള്ള മററു മെമ്പർമാൎക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

12. 1088-ലെ 1-ാം റഗുലേഷൻ കൊണ്ടോ ഈ സമാജനിയമംകൊണ്ടോ വിരോധിക്കപ്പെടാത്ത സമാജംവക എല്ലാ അധികാരവും മേപ്പടി കമ്മററിക്കാരിലുമിരിക്കുന്നതാണ്.

13. സമാജംവക പത്രഗ്രന്ഥത്തിന്റെ പ്രസാധനത്തിലും ഭരണത്തിലും പരിശോധനക്കായി അയക്കപ്പെട്ടതോ സമാജക്കാരുടെ ആവശ്യപ്രകാരം എഴുതി ഉണ്ടാക്കിയതോ ആയ പുസ്തകങ്ങൾ പരിശോധിക്കുന്നതിലും, ഗ്രന്ഥകൎത്താക്കന്മാൎക്കു പ്രതിഫലം കൊടുക്കുന്നതിലും, വല്ല പുസ്തകങ്ങളുടേയും പകൎപ്പവകാശം വിലകൊടു

ത്തു വാങ്ങുന്നതിലും, സമാജത്തിന്റെ ചിലവിന്മേൽ പുസ്തകം ഏതാനുമോ മുഴുവനുമോ അച്ചടിപ്പിക്കുന്നതിലും, സമാജംവക മുതലും വസ്തുക്കളും ആദായമുണ്ടാകത്തക്കവിധത്തിൽ വിനിയോഗിക്കുന്നതിലും, ഇപ്രകാരമുള്ള മററുസംഗതികളിലും, ഈ നിയമങ്ങൾക്കു വിരോധമാകാത്ത നിശ്ചയങ്ങൾ ചെയ്യാൻ കമ്മററിക്ക് അധികാരം ഇരിക്കുന്നതാണ്.

14 (എ) സമാജംവക വരവു ചിലവുകളുടെ ശരിയായ കണക്കുകൾ വെച്ചു വരേണ്ടതാണ്.

(ബി) സമാജംവകയും കമ്മിററിവകയും ആയി കൂടുന്ന യോഗങ്ങളിൽ തീർച്ചപ്പെടുത്തുന്ന നിശ്ചയങ്ങൾ ശരിയായി രേഖപ്പെടുത്തുവാൻ ആവശ്യമായ റിക്കാട്ടുകളും റജിസ്റ്റർകളും വെക്കേണ്ടതാണ്.

15. കമ്മററിക്കാർ എല്ലാകൊല്ലവും സമാജംവക സാധാരണയോഗം കൂടുന്നതിന്നുമുമ്പായി കഴിഞ്ഞകൊല്ലത്തിൽ നടന്ന നടവടികളെക്കുറിച്ചും വരുംകൊല്ലത്തിൽ പ്രവൃത്തിപ്പാൻപോകുന്ന നടവടികളെക്കുറിച്ചും ഒരു റിപ്പോർട്ട് എല്ലാ മെമ്പർമാർക്കും അയക്കുന്നതോടുകൂടി സമാജത്തിന്റെ ധനസ്ഥിതിയെപ്പററി ശരിയായ ഒരു കണക്കും മേൽ 13-ാംനിയമത്തിൽ പറഞ്ഞപ്രകാരം കഴിഞ്ഞകൊല്ലത്തിൽ കമ്മററിക്കാർ ചെയ്തിട്ടുള്ള നിശ്ചയങ്ങൾ ഇന്നതൊക്കെയാണെന്നും മററുമുള്ള വിവരങ്ങളും അറിയിക്കേണ്ടതാണ്.

16. സമാജംവക കണക്കുകളും രജിസ്റ്റർകളും ഒരു ആഡിററെക്കൊണ്ട് പരിശോധിപ്പിച്ച് ആഡിററുടെ റിപ്പോർട്ടും മേൽ 15-ാവകുപ്പിൽ പറഞ്ഞ റിപ്പോർട്ടുകളോടുകൂടി എല്ലാ സമാജമെമ്പർമാർക്കും അയക്കേണ്ടതാണ്.

## IV. സമാജംവക പത്രഗ്രന്ഥം

17. സമാജക്കാരുടെ അഭിപ്രായങ്ങളെ വെളിപ്പെടുത്തുവാനും സമാജംവക നിശ്ചയങ്ങൾ അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതിന്നും മററുമായി സമാജംമുഖേന മാസികയായോ ത്രൈമാസികയായോ ഒരു പത്രഗ്രന്ഥം പ്രസിദ്ധം ചെയ്യുന്നതാണ്.

18. കമ്മററിമെമ്പർമാരിൽ രണ്ടാൾ ഈ പത്രഗ്രന്ഥത്തിന്റെ പത്രാധിപരായിരിക്കുന്നതും എല്ലാ സാമാജികന്മാർക്കും ഈ പത്രഗ്രന്ഥത്തിന്റെ ഓരോ കോപ്പി പ്രതിഫലം കൂടാതെ കൊടുക്കുന്നതാണ്. കമ്മററിക്കാരുടെ യുക്തംപോലെ പുതുതായി ഒരു പത്രം തുടങ്ങുകയോ, അല്ലെങ്കിൽ ഇപ്പോൾ നിലവിലുള്ള ഒരു പത്രത്തെ സമാജത്തിന്റെ ഉദ്ദേശനിവൃത്തിക്കായി ഉപയോഗപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

## V. സമാജംയോഗങ്ങൾ

19. എല്ലാ കൊല്ലത്തിലും ഒരു പ്രാവശ്യം (ഒടുവിൽ കഴിഞ്ഞ സാധാരണയോഗത്തിന്നു ശേഷം 15 മാസത്തിന്നുള്ളിൽ) സമാജം മെമ്പർമാരുടെ ഒരു സാധാരണയോഗംകൂടേണ്ടതാണ്. ഈ യോഗം ഇന്നദിക്കിൽ വെച്ചു കൂടേണമെന്നു കമ്മററിക്കാർ തീർച്ചപ്പെടുത്തേണ്ടതാണ്.

20. മേൽവകുപ്പിൽപറഞ്ഞപ്രകാരം കൂടുന്ന യോഗങ്ങൾക്കു സാധാരണയോഗമെന്നു പറയപ്പെടുന്നതാണ്. സമാജംവകയായി കൂടുന്ന മററുയോഗങ്ങൾ ഒക്കയും 'പ്രത്യേകയോഗം' എന്നും പറയപ്പെടുന്നതാണ്.

21. അഞ്ചിൽ കുറയാത്ത സാമാജികന്മാർ ഒത്തൊരുമിച്ചു അപേക്ഷിക്കുന്നതായാൽ കമ്മററിക്കാർ പ്രത്യേകയോഗം വിളിച്ചുകൂട്ടേണ്ടതാണ്.

22. ഇപ്രകാരം യോഗം ചേരേണ്ടതിന്നുള്ള കാരണം ഇന്നതാണെന്നു പ്രത്യേകം കാണിക്കേണ്ടതും ആ വക അപേക്ഷകൾ സമാജം ആപ്പീസ്സിൽ എത്തിക്കേണ്ടതുമാണ്,

VI. യോഗത്തിൽ ചെയ്യുന്ന നിശ്ചയങ്ങൾ.

23. യോഗം ചേരുവാനുള്ള അറിയിപ്പ് 10 ദിവസത്തിന്നുമുമ്പായി എല്ലാ സാമാജികന്മാർക്കും എത്തിച്ചുകൊടുക്കേണ്ടതാണ്. യോഗം ചേരുവാൻപോകുന്ന ദിവസം, സമയം, സ്ഥലം, യോഗത്തിൽ ആലോചിപ്പാൻപോകുന്ന വിഷയം, ഇതൊക്കെ താഴെ പറയുന്ന നിശ്ചയങ്ങൾ അനുസരിച്ച് എല്ലാ സാമാജികന്മാർക്കും അറിവു കൊടുക്കേണ്ടതാണ്. ഏതെങ്കിലും ഒരു സാമാജികന്ന് ഈ അറിയിപ്പു കിട്ടീട്ടില്ലെന്നുള്ള കാരണത്താൽ ഒരു യോഗത്തിൽ ചെയ്ത നിശ്ചയങ്ങൾ അസാധുവാകുന്നതല്ല.

24. യോഗം ചേരേണ്ടതിന്നുള്ള അറിയിപ്പ് സമാജംവക പത്രത്തിൽ പ്രസിദ്ധം ചെയ്തോ നേരിട്ടോ സമാജികന്മാരുടെ മേൽവിലാസത്തിൽ തപ്പാലോ അഞ്ചലോ മാർഗ്ഗമായോ സമാജികന്മാരെ ധരിപ്പിക്കാവുന്നതാണ്. തപ്പാലും അഞ്ചലും മുഖേന അയക്കുന്ന നോട്ടീസ്സുകൾ ശരിയായി മേൽവിലാസം എഴുതി തപ്പാലിലോ അഞ്ചലിലോ ഇട്ടാൽ അതാതു സാമാജികന്മാർക്കു കിട്ടിയതായി തീർച്ചപ്പെടുത്താവുന്നതാണ്,

25. സമാജത്തിലുള്ള 15 മെമ്പർമാരോ, അല്ലെങ്കിൽ സമാജത്തിലുള്ള ആകെ മെമ്പർമാരിൽ മൂന്നിലൊന്നോ— ഇതിൽ കുറഞ്ഞ സംഖ്യ ഏതെങ്കിൽ അത്—ഹാജരാവാത്ത യാതൊരു യോഗത്തിലും കോറം തികയുന്നതല്ല. കോറം തികയാത്ത യോഗത്തിൽവെച്ചു യാതൊരു നിശ്ചയങ്ങളും ചെയ്യാവുന്നതല്ല.

26. സമാജമെമ്പർമാരുടെ ആവശ്യപ്രകാരം കൂടുന്നതായ പ്രത്യേകയോഗത്തിൽ നിശ്ചയിച്ച സമയം കഴിഞ്ഞു ഒരു മണിക്കൂറിന്നുള്ളിൽ കോറം തികയുവാൻ ആവശ്യമായ മെമ്പർമാര് ഹാജരില്ലാത്തപക്ഷം ആ യോഗം വേണ്ടെന്നുവെക്കേണ്ടതാണ്. മറ്റുള്ള സാധാരണയോഗങ്ങളിൽ നിശ്ചിതസമയത്തിന്നു കോറം തികയാത്തപക്ഷം അടുത്ത ആഴ്ചയിൽ അതേദിവസം അതേസമയത്തിന്നു യോഗം കൂടാവുന്നതാണ്. അന്നും കോറം തികയാത്തപക്ഷം രണ്ടാമത് ഒരു ദിവസം നിശ്ചയിക്കുന്നതുവരെ യോഗം നിർത്തി വെക്കാവുന്നതാണ്,

27. സാധാരണ സാമാജികന്മാർക്കു ഓരോരുത്തർക്കും ഓരോ വോട്ടു ചെയ്വാൻ അധികാരം ഉണ്ടായിരിക്കും.

28. സമാജത്തിലേക്കു അടച്ചു തീർക്കേണ്ടതായ ബാദ്ധ്യതകൾ തീർത്തല്ലാതെ ഒരു സാമാജികന്നും വോട്ടുചെയ്വാൻ അധികാരം ഉണ്ടാകുന്നതല്ല.

29, സമാജികന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായം ഉണ്ടായാൽ അധികപക്ഷം സാമാജികന്മാരുടെ അഭിപ്രായം സ്വീകരിക്കുന്നതാണ്. ഇരുകക്ഷികൾക്കും ഒരുപോലെ വോട്ടുകിട്ടുന്ന പക്ഷം യോഗാദ്ധ്യക്ഷന്നു യുക്തമെന്നു തോന്നുന്ന ഭാഗത്തെ നിശ്ചയം സ്വീകരിക്കാവുന്നതാണ്.

VII. സമാജംസ്വത്ത്,

31. സമാജസ്വത്ത് താഴെ പറയുന്ന ഏതെങ്കിലും ഉദ്ദേശത്തിനോ ഉദ്ദേശങ്ങൾക്കോ വിനിയോഗിക്കാവുന്നതാണ്.

(എ) ഗ്രന്ഥകൎത്താക്കന്മാക്കു പ്രതിഫലംകൊടുക്കുക, അവക്കു ധനസഹായം ചെയ്യുക, അല്ലെങ്കിൽ അവരുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരണം ചെയ്തുകൊടുക്കുക.

(ബി) സമാജംവകയായി നടത്തുന്ന പത്രത്തിന്നാവശ്യമായ ചിലവുകൾ നടത്തുക, അതിന്റെ പത്രാധിപക്കു പ്രതിഫലം കൊടുക്കുക.

(സി) പ്രസിദ്ധപ്പെടുത്താത്ത മലയാളഗ്രന്ഥങ്ങൾ ശേഖരിക്കുക, പ്രധാനപ്പെട്ടതും ഉപയോഗമുള്ളതുമായ പുസ്തകങ്ങളെ നല്ലവണ്ണം അച്ചടിക്കുക, സമാജംവക പുസ്തകശാലയിലേക്കു അച്ചടിച്ച പുസ്തകങ്ങൾ, കയ്യെഴുത്തു പുസ്തകങ്ങൾ ഇവകൾ ശേഖരിക്കുക.

(ഡി) ആവശ്യമെന്നു തോന്നുന്ന സമാജതന്ത്രികൾക്കു ശമ്പളംകൊടുക്കുക. ആപ്പീസ്സു സ്ഥലത്തിന്നു വാടക കൊടുക്കുക.

(ഇ) സമാജത്തിന്റെ ഉദ്ദേശസിദ്ധിക്കു ഉതകുന്നതും ഉപകരിക്കുന്നതുമായ എല്ലാ ചിലവുകളും ചെയ്യുക.

32. സമാജസഭക്ക് മലയാളഭാഷയുടെയും ഭാഷാസാഹിത്യത്തിന്റെയും അഭിവൃദ്ധിക്കായി യുക്തംപോലെ ചെലവഴിപ്പാൻ കമ്മററിക്കു പൂൎണ്ണാധികാരം ഉണ്ടായിരിക്കുന്നതാണ്.

# पिकसन्देशः ॥

---:o:---

एणाक्षीणां प्रियजनपुनस्संगमाशानुबन्धः
प्राणाधारे भवति बहुशो मुख्यतः साह्यकारी ।
कालोत्पाते मनसि विकला नष्टधैर्यास्तदानीं
किं किं कुर्युर्मनसिजशरस्यैकलक्ष्यं तरुण्यः ॥ १३ ॥

क्षिप्रं गत्वा गगनपदवीमाश्रितो मञ्जुपक्षः
कान्तास्थैर्यप्रकटनपटुश्राव्यवाचां निगुम्भैः ।
विश्वासार्हैं रमणकुशलासूचकैरण्डयोने
तन्वङ्गीं तां करणविवशामञ्जसाऽऽश्वासयेथाः ॥ १४ ॥

यूनां चित्तव्यसनममितं प्रोषितानां प्रमार्ष्टुम्
प्रोत्तुङ्गाद्रिप्रबलतरुषु स्वैरमाखेलितुं च ।
इष्टान् देशान् स्मरणसदृशं यातुमाकाशवीथ्यां
शक्नोषि त्वं किल परभृतोद्दामगोत्रामृतांशो ॥ १५ ॥

यातव्यं ते प्रथितविभवं प्रेयसश्चाब्धिपुत्र्याः
क्रीडाकारं करिपतिपुरं विश्रुतं दिङ्मुखेषु ।
यस्मिन् सायं नगरवनिता रम्यवेषास्त्वरन्ते
साक्षात्पद्मापतिमनुदिनं सेवितुं बद्धतर्षाः ॥ १६ ॥

नृत्यन्त्युत्का घनरवसुखोत्तालबर्हा मयूराः
प्रोत्कम्पन्ते पवनतरलास्तालसालाः सशब्दाः ।
उल्लाङ्गूलाः सकुतुकमितः संचरन्ते चमर्यो
मत्स्याः कामं सरसिजवनीषूत्प्लवाः संवलन्ते ॥ १७ ॥

झंकारोद्यद्भ्रमरनिकराटोपसंसेव्यमानो-
द्दामामोदोत्कटमधुरसाऽऽचूतसन्मञ्जरीश्च ।

तत्रोपेतैर्युवपरभृतैः सादरं दीयमाना-
नूरीकुर्या रसिकहृदयामोदनार्थं पिकेन्द्रः ॥ १८ ॥

मत्प्रेयस्या वसतिमभिगन्तुस्तवैषत्प्रभावे
या वर्तन्ते पथिकगहनग्रामवीथीनगर्यः ।
तावत्यस्ताः सरणिसुखबोधार्थमाकर्णयेथा
विश्रान्त्यै वा क्वचिदिव नदीतीरदेशेषु गच्छेः ॥ १९ ॥

खादं खादं तरुणतुलसीश्यामसच्छायवीज्यान्
गाहं गाहं सरसिजवनीं भृङ्गगोष्ठीमनोज्ञाम् ।
गामं गामं रुचिरकुसुमाशोभिनीं पुष्पवाटीं
गायं गायं तरुणधृतिविभ्रंशकं प्रोङ्घयेथाः ॥ २० ॥

श्रव्यैर्विप्रप्रकथितयजुस्सामभिर्ब्रह्मभूयं
प्राप्तः पूतो जलनिधितटोद्घूर्णमानैर्मरुद्भिः ।
बिल्वैः पत्रैस्सरणिसुलभैर्गन्धवद्भिश्च पुष्पै-
र्दुर्गामर्चेर्विधिवदुचितं श्रीकुरुम्बेश्वरीं त्वम् ॥ २१ ॥

लब्धानुज्ञः सकलभुवनक्षेमकार्यम्बिकाया
यास्यन्तं त्वां वियति सरसाः सारसाः श्वेतपत्राः ।
शब्दायन्तः कुतुकभरिताः पङ्क्तिरम्याः पतत्रे
किंचिद्दूरं सरणिमनुयास्यन्ति नूनं ह्यनून ॥ २२ ॥

अब्धिं पश्येर्गिरिविशसने संप्रवृत्ते सुरेशे
त्रासोत्कम्पं विगतशरणं पर्वतं यो ह्यरक्षीत् ।
यस्मिन् शेते श्वशुरगृहसंवाससौख्यं महीय-
श्चैवं लोकानवगमयितुं जातहर्षो मुरारिः ॥ २३ ॥

पूर्वं देवेष्वमृतकलशैकाश्रये मन्दराद्यै-
रायस्यत्सु प्रदयहृदयो वारिराशिर्मनस्वी ।
लक्ष्मीं चन्द्रं मणिवरमहाकौस्तुभं पारिजातं
कामान्भूरि व्यतरदहह स्थूललक्षत्वमस्य ॥ २४ ॥

(क्रमशः)

कोडुंगल्लूर् र. रङ्गाचार्यः ॥

# മംഗളോദയം.

## ൧൦൮൮

പുസ്തകം ൭ } മിഥുനമാസം { ലക്കം ൮

### മംഗളം

തുംഗേകോടീരഭാരേ തെളിമയൊടുതുളുമ്പുന്ന ഗംഗാതരംഗേ
തിങ്ങുംവൈരിഞ്ചമുണ്ഡങ്ങളിലിടകലരും ചന്ദ്രരേഖാഭിരാമം
അങ്ങോടിങ്ങോട്ടലഞ്ഞീടിന ഭുജഗഫണാരത്നവിദ്യോതിതാംഗം
മംഗല്യംകൈവണങ്ങീടുക ഗിരിതനയാഭാഗ്യസർവ്വസ്വസാരം.

കൈലാസയാത്രാ.

# തിരുപ്പുറപ്പാട്

കൊച്ചി സാഹിത്യസമാജസാമാജിക പണ്ഡിതവരേണ്യന്മാരേ! നിങ്ങൾക്കു കുറെയേറെ വന്ദനം. ഞാൻ കവിതാമൂർത്തിയാണ്. പല യോഗത്തിലും ചെന്നു പല വേഷവും കെട്ടീട്ടുണ്ട്. നിങ്ങൾ ഇയ്യിടെ ഒരു യോഗം കൂട്ടീട്ടുണ്ടെന്നു



കേട്ടു. അതിൽ എന്റെ തിരുപ്പുറപ്പാടായാൽ കൊള്ളാമെന്നുണ്ട്. വിദ്യുജ്ജിഹ്വന്റെ വേഷമായിരിക്കാം തൽക്കാലം കെട്ടുന്നത്. അതു കണ്ടിട്ടു നിങ്ങൾ ചിരിച്ചാലും കരഞ്ഞാലും വേണ്ടില്ല. ശുണ്ഠി കടിക്കുക മാത്രം അരുത്.

അരുവയർമണിയാളാംമാമലപ്പൈതലാ(ളെ-)
ത്തിരുമടിയിലണച്ചിട്ടോമനിക്കുംപുരാരേ
പുരുദുരിതതമസ്തോമാർത്തിശാന്തിക്കുമൂന്നാ-
ലൊരുമിഴിയടിയങ്കൽ ചേർക്കിൽ ചേതമു(ണ്ടോ.)

മടിയിലണയ്ക്കുന്നത് അത്ര ഭംഗിയാണെന്നുള്ള പക്ഷമില്ല. 'മടിയിലിരുത്തി' എന്നു തോന്നായ്കയുമല്ല. ഒഴുക്കു മാത്രമേ

ദീക്ഷിച്ചിട്ടുള്ളു. ആ കഴക്കത്തിൽ അൎത്ഥം ഒലിച്ചുപോയാലും, അസ്തു.

കഞ്ജബാണരിപുകാടുകരേറി-
ക്കഞ്ജരാകൃതിധരിച്ചദശായാം
മഞ്ജുളാംഗിമലമാതിലുദിച്ചാ-
ക്കഞ്ജനിരുള്ള കുടവസ്ഥിസഹായം.

ദേവന്മാരോടു നേരമ്പോക്കു പറയുന്നു ഭക്തിക്കു പിടിച്ചതല്ലെങ്കിലും ശീവൊള്ളിയും വെണ്മണിയും മേല്പോട്ടു പോയിട്ടുണ്ടല്ലൊ. ദോഷം വല്ലതുമുണ്ടെങ്കിൽ അവരുടെ തലയ്ക്കിരിക്കട്ടെ.

മാടിൻകൊടിമടവാരേ
കാടുംപടലുംപിടിച്ചമുടിയോന്റെ
ഊടുകിടപ്പാനൊരുവഴി-
യടിപിടിയോപേരുചൊല്ലിമുറവിളിയോ.

ഇതു പച്ച മലയാളമായാൽ ഞാൻ ജയിച്ചു. അൎത്ഥമുണ്ടെങ്കിലും മനസ്സിലായേ കഴിയു എന്നു ഞാൻ കരുതീട്ടില്ല. (വ്യാ) മാടിൻകൊടിമടവാരേ=ഗിരീന്ദ്രകന്യേ. കാടും.........മുടിയോൻ=ജടാധരൻ. ഊട്=തത്വം. അടിപിടി=പാദഭജനം. പേരുചൊല്ലി മുറവിളി=നാമോച്ചാരണം.

വായിക്കയാംതൊഴിലവൎക്കിഹസുന്ദരശ്ലേ
ണായിട്ടലിച്ചിതുതഥാപിതദീയചിത്തം.
സ്ഥായിക്കുകോട്ടമിയലാതെവരുന്നമട്ടി-
ലായിക്കൊടുത്തു ബതക്രൂരപെരുത്തുദോഷൻ

ഇമ്മ=ശ്ലോകം ഉണ്ടാക്കിയ ദിക്കിൽ. അന്വയം ഇവിടെ കഴിഞ്ഞു. ശേ=മേല്പോട്ടാണ്. വായി, ണായി, സ്ഥായി, ലായി ഇതുകൊണ്ടു നാലു പാദമായി. ണായ്, ഇട്ടലിച്ചു എന്നു പദച്ഛേദം. പെരുത്തു — കാകാക്ഷിന്യായേന പെരുത്തക്രൂര, പെരുത്തദോഷൻ.

ഓത്തുട്ടിനാത്തകുതുകത്തൊടുവിപ്രവൎഗ്ഗം
തീൎത്ഥാരുപായസമതിന്നതിലജ്ജനല്കം
കോൽത്തേനൊഴുംമൊഴി!സുരേശഗജേന്ദ്രയാ
(നേ!
ചിത്താൎത്തിതീൎത്തുപുലരാനഥഞാനുമുണ്ടു.

സാരം — ഉണ്ടു. ചിത്താൎത്തിതീൎത്തു=വിശപ്പുമാററി. പുലരാൻ=വളരാൻ. അല്ലാതെ സൂൎയ്യനുദിക്കാനല്ല.

ഏററത്തിലേററുകരപാറിവളത്തുകത്തി.
ട്ടാററിൽ തരത്തിലൊളിചാടിനമത്സ്യനേ
(ത്രേ!
ക്രൂരത്തമാണ്ടകരുപുംഗവനിഗ്രഹത്തി-
ന്നേററൂററമോടുടനടുത്തിതുഭീമസേനൻ.

ഭീമസേനന്റെ പരാക്രമം പെണ്ണിന്റെ തലയിൽവെച്ചു കെട്ടിയതു കവിയുടെ കയ്യിഴയാണ്. അല്ലാതെ മനഃപൂൎവ്വമില്ല.

'ചിതത്തൊടൊന്നമ്മിയിലിട്ടുകത്തി-
ച്ചതച്ചുപച്ചപ്പുളിചാരുവക്ത്രേ'
'കുത്തുകോപേനപാപ്പാനൊടുപടപൊരു
ത്തട്ടിയിട്ടിട്ടുചാടി- (തി-
ക്കത്താനെത്തുന്നമത്തദ്വിരദവരഗതെ'

(ഒരു കരകണ്ട കവി)

ഇവിടെ 'ചാരുവക്ത്രേ,' 'ദ്വിരദവരഗതെ' എന്ന പദപ്രയോഗത്തിന്റെ സാരള്യത്തിൽ മുഖത്തിന്റെ പുളിപ്പും ഗമനത്തിന്റെ ത്രുടിപ്പും ഒലിച്ചുപോകേണ്ടതാണ്.

മരുമകനൊരുകൊച്ചുചെക്കനും
മകളൊരുപെണ്ണുമതൊത്തുവേലകാണ്മാൻ
ഒളിവിലൊരുമരം കരേറിരിക്കേ
തുടുതിയടുത്തൊരവിട്ടുടട്ടുടരെ.

പ്രാസവുമില്ല വാസനയുമില്ല. രണ്ടിലൊന്നു കൂട്ടമ്പാൾ ഒന്നുണ്ടാവണം. അതു ശ്ലോകം. ഉദാ-അരവും അരവും കൂടിയാൽ കിന്നരം.

കണ്ടിവാർകുഴലികേട്ടുകാൾകവേ-
കണ്ടിവന്നുമദനാഗ്നികൊണ്ടുഞാൻ

കണ്ടിതോ കദനമെന്തുവേണ്ടുപോ–
കണ്ടിവന്നഥവനാന്തരങ്ങളിൽ.

വേകണ്ടി, പോകണ്ടി– രണ്ടിന്നും മു റി പററിയിരിക്കുന്നത് രണ്ടക്ഷരപ്രാസം കൊണ്ട് അടഞ്ഞുപോകുന്നതാണ്. വന്ന ഥ– വന്നു അഥ. വനാന്തരങ്ങളിൽ– ഒരു വനത്തിൽ നിന്നു മറെറാരു വനത്തിൽ. അ ത്ഥാൽ കാടനും കാടത്തിയും തമ്മിലുള്ള സംവാദമെന്നു സ്പഷ്ടം.

ലീലാവേലാവലീപല്ലവമൃദുലളിതാ–
ലാപകൌതുഹലാർദ്ര–
ശ്രീലാസ്യത്തിൻരഹസ്യംപുതുമയിലവനി–
ത്തട്ടിലൊക്കെപ്പരസ്യം
കാലാരാതിക്കിടാവിൻകടവയർതടവും
പാട്ടുകൂട്ടമ്പൊളോട്ടും
ചേലാചാഞ്ചല്യമാലാവിഗളിതമധുപോൽ
ഫുല്ലമായുല്ലസിച്ചു.

പ്രാസം മാത്രമെ ദീക്ഷിച്ചിട്ടുള്ളൂ. അ ത്ഥം വേണമെന്നു വിചാരിച്ചിട്ടില്ല. മാറി ധരിച്ചു കുണ്ഠിക്കയും വേണ്ട.

കയ്ത്താർചുംബിപ്പതിന്നായ്മുതിരുമളവ
കോപമാംതാലവൃന്തം (ഫോ
മുററുംവീശിപ്പരക്കുംഹുതവഹനവൻതൻ
ചാറുമേറുജ്ജ്വലിക്കും
സ്നിഗ്ദ്ധാലോകത്തിൽനിന്നിട്ടധികകപിത
നാണരാഗംസ്രവിക്കും (മാം
മെത്തുംനീലഭ്രുവിട്ടിട്ടൊരുകുടിലതപെ–
ട്ടെന്നുതാഴേപതിക്കും.

ഇതു പ്രണയകലഹത്തിലെ അവ സ്ഥ വർണ്ണിച്ചിരിക്കയാണ്. ആ സ്ത്രീയെ ശീമയിൽ നിന്നു ദത്ത് എടുത്തിട്ടുള്ളതാക കൊണ്ട് ഭാഷാസാഹിത്യസത്തമന്മാക്ക് അ ത്ര പിടിക്കില്ലായിരിക്കാം. അതിനെ മല യാളവേഷം കെട്ടിച്ച് ഈ വികാരങ്ങൾ തന്നെ കൊടുത്താൽ വേണ്ടില്ലെന്നും വ ന്നേക്കാം.

ചിന്തുംരുഷാമിഴിചുവന്നധികംചുളിച്ച
തൻചില്ലിയാൽമദനചാപമൊടിച്ചിടുന്നു.

മേരിയമ്മ മുഷിഞ്ഞാലൊ മാതു അ മ്മ മുഷിഞ്ഞാലൊ അധികം രസമെന്നു സാമാജികന്മാർ തന്നെ തീച്ചയാക്കട്ടെ.

പവനപൂരിതപോളകണക്കതീർ–
പവനയെകവനത്തെയിളച്ചുകോ–
പവനദാവമടക്കിയൊതുക്കിവൻ–
പവനമേവനമേകണമംബികേ.

പദച്ഛേദം:—പവനാപൂരിതപോള— കണക്കു —തീപ്പുവനു—അയെ— കവന ത്തെ—ഇളച്ചു — കോപവനദാവം—അട ക്കി—ഒതുക്കി—വമ്പ്— അവനാ—ഏവ നം—ഏകണം—അംബികേ.

കാല്പു മുറിഞ്ഞ വേദന സാധാരണ പവനകോപത്തിന്നു കണ്ടു വരാറുള്ളതാ ണ്. എന്നാൽ നട്ടമുറിഞ്ഞ വേദന വി കൃതികളിൽ ഒന്നാണ്. അതു സാധാരണ യല്ല. അതു കൂടി കണ്ടു തുടങ്ങിയാൽ അ തു ചരമലക്ഷണമായി വിചാരിച്ചു വൈ ദ്യനെക്കൂടി അന്വേഷിക്കേണ്ടതില്ല. അതല്ല വേറെ കുറച്ചുവല്ല സുഖക്കേടും അധികമാ കുന്നതായാൽ അറിയിച്ചാൽ മതി, അപ്പോ ൾ വന്നുകൊള്ളാം.

ജഗദംബവിചിത്രമത്രകിം
പരിപൂർണ്ണാകരുണാസ്തിചേന്മയി.
അപരാധപരമ്പരാവൃതം
നഹിമാതാസമുപേക്ഷതേസുതം.

വിദ്യുജ്ജിഹ്വൻ.

---

# ഇക്കാലങ്ങളിലെ വ്യവസായരീതി

## അതിലുള്ള സുഖദുഃഖങ്ങൾ

ഇക്കാലങ്ങളിലെ വ്യവസായരീതി പത്തോ ഇരുപതോ കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്ന സ്ഥിതിയിൽ നിന്നു വളരെ വ്യത്യസ്തമായ നിലയിലാണ് ഇരിക്കുന്നത്. ഇതു



നാമെല്ലാവരും പരിചയംകൊണ്ടു പഠിച്ച ഒരു പാഠമാണ്. മുമ്പൊക്കെയാണെങ്കിൽ—വളരെ കൊല്ലങ്ങൾക്കു മുമ്പൊന്നുമല്ല. കച്ചവടക്കാർക്കൊക്കെ അവരുടെ ചരക്കുകൾക്കു സാമാന്യം നല്ല വില കിട്ടിവന്നിരുന്നു. ഇതിന്നുവേണ്ടി കുറച്ചു സമയം അദ്ധ്വാനിച്ചാലും മതിയായിരുന്നു. അദ്ധ്വാനത്തിന്നു തന്നെ നന്നെ കഷ്ടപ്പാടും ഉണ്ടായിരുന്നില്ല. നല്ല ഒരു വ്യവസായിക്ക് അക്കാലത്തൊക്കെ സാമാന്യത്തിലധികം സമയം വിനോദമായ വിഷയങ്ങളിൽ നയിപ്പിക്കാമായിരുന്നു. എന്നു മാത്രമല്ല, കൊല്ലാവസാനത്തിൽ നല്ല സമ്പാദ്യമുണ്ടാവുമെന്നു ധൈര്യത്തോടെ പ്രതീക്ഷിച്ചിരിക്കുകയും ചെയ്യാമായിരുന്നു. ആ കാലമൊക്കെ അതിവേഗത്തിലാണ് നാം കടന്നുചാടീട്ടുള്ളത്. ഈ ദ്രുതഗതി എന്തിന്നാണെന്ന് ആൎക്കും പറവാൻ കഴിയുന്നില്ല. നാം പ്രവൃത്തിക്കുന്നതൊക്കെ ഒന്നോടൊന്നിന്നു വിപരീതമായ നിലയിലാണ് കണ്ടുവരുന്നത്. വ്യവസായങ്ങളൊക്കെ അന്യോന്യ സംബന്ധത്തോടും അന്യോന്യം ആശ്രയിച്ചും കഴിയുന്നതുകൊണ്ട് ഒട്ടുക്കലും വ്യവസായങ്ങളിൽ അനാവശ്യമായ ബദ്ധപ്പാടും കിട മത്സരവും കടന്നുകൂടിക്കഴിഞ്ഞിരിക്കുന്നു.

ഈ അവസ്ഥകൊണ്ടു ദോഷമേയുള്ളു എന്നുപറയേണ്ടതില്ലല്ലൊ. കിടമത്സരം പലപ്പോഴും മനസ്സിനെ പുതുവിദ്യകളെ കണ്ടുപിടിപ്പാൻ വിടുന്നു. സൂക്ഷ്മബുദ്ധിയും ജാഗ്രതയും എപ്പോഴും പ്രദർശിപ്പിച്ചു കൊണ്ടുതന്നെ ഇരിക്കേണ്ടിവരുന്നു. ബദ്ധപ്പാടോടെ ചെയ്തുതീർക്കുന്ന പണികളിൽ പലപ്പോഴും തെറ്റുകൾ കടന്നു കൂടുന്നു. നിസ്സാരമായ പ്രതിഫലത്തിന്മേൽ ചെയ്യുന്ന പ്രവൃത്തികൾ അഭംഗിയിലും കലാശിക്കുന്നു. ഇതിലാണ് എല്ലാ തകരാറുകളും കടന്നുകൂടുന്നത്. നിഷ്കളങ്കമായി ജനങ്ങളോട് ഇടപെടുന്നവരും തൃപ്തികരമായ നിലയിലേ പ്രവൃത്തികൾ എടുക്കയുള്ളുവെന്നു നിഷ്കൎഷിക്കുന്നവരും ആയ ഒരു വ്യവസായിക്കു നിശ്ചയമായും നല്ല പ്രതിഫലം കിട്ടാതെ തരമില്ല. അല്ലാതെ കിടമത്സരത്തിൽ മൎയ്യാദയില്ലാതെ പ്രതിഫലം ചുരുക്കി വാശിപിടിക്കുന്ന മത്സരികളെ ഭയപ്പെട്ട് എന്തെങ്കിലും കാട്ടരുതു. മത്സരികളിൽ പലരും തങ്ങൾ എന്താണ് പ്രവൃത്തിക്കുന്നതെന്നു ബോദ്ധ്യമില്ലാത്തവരും എന്തു വന്നാലും വേണ്ടതില്ല വേലകൾ കിട്ടട്ടെ എന്ന തരത്തിൽ 'മരണക്കളി' കളിക്കുന്നവരുമാണ്;

എന്നാളേക്കും നിലനില്ക്കണമെന്ന ഉദ്ദേശത്തോടെ പ്രവൃത്തിക്കുന്ന വ്യവസായികൾ ഒന്നാമതായി വേണ്ടതു തങ്ങളുമായി ഇടപെടുന്നവൎക്കു നല്ല സാധനങ്ങൾ കൊടുക്കേണമെന്നു നിഷ്കളങ്കമായ ആഗ്രഹമുള്ളവരാണെന്നു തെളിയിക്കേണമെന്നാണു് ഇതിന്റെ ആകപ്പാടെ സാരം. ഒരു നിശ്ചയം ചെയ്താൽ അതിൽനിന്നു പിന്നെ ഇളകരുതു്. വില എന്തു തന്നെ നിശ്ചയിച്ചാലും എടുക്കുന്ന പ്രവൃത്തിയുടെ ഗുണം എപ്പോഴും മുൻനിശ്ചയിച്ചപ്രകാരം— എടവാടുകാരിൽ വിശ്വാസം ഉണ്ടാക്കിക്കഴിഞ്ഞാൽ അവരെ സന്തോഷിപ്പിപ്പാൻ എന്തൊക്കെ വഴികളുണ്ടോ അതൊക്കെ പ്രത്യേകം മനസ്സിരുത്തി സൂക്ഷിച്ചുകൊണ്ടു തന്നെ ഇരിക്കണം. കത്തുകൾക്കും കല്പനകൾക്കും ഒക്കെ ഉടനടി മറുപടി അയച്ചുകൊടുക്കണം. ഇന്ന അവധിക്കു പണി തീൎത്തുകൊടുക്കാമെന്നു വാഗ്ദത്തം ചെയ്താൽ ആ അവധി ഒരിക്കലും തെറ്റിക്കരുതു്. നിസ്സാരങ്ങളാണെന്നുവെച്ചു കാൎയ്യങ്ങൾ തള്ളിക്കളയരുതു്.

എടവാടുകാരുമായി ഇടപെടുമ്പോൾ ശരിയായ ദാക്ഷിണ്യം കാണിച്ചുപോരേണ്ടതാണു്. അവരിൽനിന്നു വല്ല ആക്ഷേപവും വന്നാൽ ആയതു വേണ്ടുംവണ്ണം പരിശോധിച്ചു് അവരുടെ ഭാഗം നിന്നു തന്നെ ഒരു തീൎപ്പുണ്ടാക്കുവാൻ നോക്കണം. വീഴ്ചകൾ വന്നിട്ടുണ്ടെങ്കിൽ ആയതു് ഉടനെ സമ്മതിക്കേണ്ടതും അതിന്റെ നിവൃത്തി അപ്പോൾ തന്നെ ഉണ്ടാക്കിക്കൊടുക്കേണ്ടതുമാണു്. എടവാടുകാരുമായി നിസ്സാരമായ സംഗതികളിൽ അനാവശ്യമായി വാശിപിടിച്ചു തക്കിച്ചു് അനൎത്ഥമായ കുത്തടവുകൾ നടത്തി പലൎക്കും നഷ്ടം നേരിടാറുണ്ടു്. എല്ലാ വ്യവസായികളും ഗോപ്യങ്ങളായി ഒന്നും വെക്കാതെ 'തുറന്നരശായി' പ്രവൃത്തിക്കുന്നതായിരിക്കും ഉത്തമമായിട്ടുള്ളതു്. സാരമില്ലെന്നുവെച്ചു തള്ളുന്ന ചില കാൎയ്യങ്ങൾ 'അതിസാര'മായി ചിലപ്പോൾ കലാശിച്ചേക്കും.

ഇക്കാലങ്ങളിലെ വ്യവസായികളെ കൂട്ടക്കു് ഇളക്കിമറിച്ചിട്ടുള്ളതും തരംപോലെ ഒരു നിവൃത്തിമാൎഗ്ഗം കാണാതെ കിടക്കുന്നതുമായ സംഗതി വിലയും പ്രതിഫലവും ചുരുക്കി വ്യവസായം നടത്തുന്നവരുടെ നയമാണു്. ഇവരുടെ ബുദ്ധിഹീനതയെ ജയിപ്പാൻ ഒരു മാൎഗ്ഗമേയുള്ളു. ഒന്നാമതു വേണ്ടതു; തങ്ങൾക്കു എന്തു വിലയോ അല്ലെങ്കിൽ പ്രതിഫലമോ കിട്ടേണമെന്നു തിട്ടപ്പെടുത്തുക. തന്റെ യഥാൎത്ഥച്ചിലവു്, കൂലി, സാമാനവില, പലവക ചിലവു്—ഇതു് എത്രയാണോ അതോടുകൂടി ഇന്ന ഒരു ലാഭവും കൂടി കിട്ടേണമെന്നു നിഷ്കൎഷിക്കുകതന്നെ. ഇങ്ങിനെയായാൽ കിടമത്സരം കാരണമായി തരംപോലെ പ്രവൃത്തി കിട്ടിയില്ലെന്നു വന്നേക്കാം. പക്ഷെ സ്ഥിരതയുണ്ടെന്നും കാംക്ഷിക്കുന്ന പ്രതിഫലം ന്യായാനുസൃതമായിട്ടുള്ളതാണെന്നും ബോദ്ധ്യം വന്നു തുടങ്ങിയാൽ ഇടപെടാനും പ്രവൃത്തി ഏല്പിപ്പാനും ആൾക്കു ക്ഷാമം ഉണ്ടാകയില്ല. നിരക്കു താഴ്ത്തിവില്ക്കയും കൊള്ളക്കൊടുക്ക നടത്തുകയും ചെയ്യുന്നവരുടെ നേരെ മത്സരബുദ്ധി ഒരിക്കലും കാട്ടരുതു്. കച്ചവടത്തിൽ അപ്രകാരം ഒരു ബുദ്ധി ഉണ്ടാകാതിരിക്കുന്നതാണു് വളരെ നല്ലതു്. ക്രിക്കറ്റു മുതലായ വ്യായാമത്തിൽ എന്നപോലെ വ്യവസായത്തിലും ആരാണോ 'ലഭ്യമായതിൽ തൃപ്തിയോടെ' ഇരിക്കുന്ന അവനാണു് ഒടുവിൽ ജയം. തങ്ങളുടേതുപോലെയുള്ള വ്യവസായം നടത്തുന്ന മറ്റൊരുവനെ കുറിച്ചു് അസൂയപ്പെടുന്ന

തുകൊണ്ടും അവനെപ്പററി ആക്ഷേപങ്ങൾ പറഞ്ഞുനടത്തുന്നതുകൊണ്ടും ഒരു ഗുണവും കിട്ടുവാനില്ല. നിരക്കിൽ താഴ്ത്തി വ്യവസായം നടത്തുന്നവനെപ്പററി പരിതപിപ്പാനേ അവകാശമുള്ളൂ. പരിഹസിക്കേണ്ടതില്ല. കാരണം ആ വകക്കാരുടെ കലാശം ചവുട്ടൽ മുള്ളിന്മേൽ ആവാനേ തരമുള്ളൂ.

ആകപ്പാടെ ഈ പറഞ്ഞതിടത്തോളമുള്ളതിന്റെ സാരം; ഇക്കാലങ്ങളിൽ വ്യവസായികൾക്കു വല്ല ഗുണവും ഉണ്ടാകേണമെങ്കിൽ സത്യത്തിലും കൃത്യത്തിലും നടക്കുമെന്ന് ഒരു പേര് ഒന്നാമതായി സമ്പാദിക്കേണം എന്നാണ്. വ്യവസായത്തിൽ സത്യവും കൃത്യവും ഉണ്ടാക്കുവാൻ പ്രയാസമാണെന്നു പറയുന്നവർ ഉണ്ട്. എന്നാൽ ആ ധാരണ തീരെ തെററാണ്. "ചരമാഖ്യം" എന്ന തറക്കല്ലിടാതെ കെട്ടിയുണ്ടാക്കുന്ന വ്യവസായമാകുന്ന വീടിന്ന് ഉറപ്പ് അരശേഷമില്ല. ഈ വക ഗുണങ്ങൾക്കു പുറമെ വ്യവസായികളായിപ്പുറപ്പെടുന്നവൎക്കു വേറെയും ചില ഗുണങ്ങൾ അത്യാവശ്യമാണ്. ഒന്നാമത് ആലോചിച്ച പ്രവൃത്തിയെടുപ്പാനുള്ള ശക്തി, യുക്തികൾ തോന്നത്തക്ക ബുദ്ധി, ഇതു രണ്ടും അതിൽ പ്രധാനമാണ്. "അങ്ങിനെയും ഇങ്ങിനെയും" പ്രവൃത്തിച്ചതുകൊണ്ടൊന്നും ഇക്കാലങ്ങളിൽ ആരും തൃപ്തിപ്പെടുകയില്ല. പ്രവൃത്തിയുടെ എല്ലാ വിഭാഗങ്ങളിലും ശരിയായി ദൃഷ്ടിവെച്ചവരേണമെന്നു മാത്രമല്ല ബുദ്ധിയും വിവേകവും ഉള്ളവരെ മാത്രം സഹായകന്മാരായി നിശ്ചയിക്കുന്നതിലും നല്ല മനസ്സിരുത്തേണ്ടതാണ്. തകരാറും കൂട്ടവും കുറിയും ഉണ്ടാക്കിത്തീൎക്കുന്നവരെ ഒരു വ്യവസായി അടുപ്പിക്കുന്നതായാൽ അനൎത്ഥമല്ലാതെ ഒന്നും ഉണ്ടായിത്തീരുകയില്ല.

നാം പ്രവൃത്തിക്കേണ്ടതൊക്കെ ആവുന്നതു നല്ലവണ്ണം ചെയ്തു ജീവദശയെപ്പററി നല്ല അഭിപ്രായത്തോടെ വൎത്തിക്കുക. പ്രവൃത്തികൾ നമുക്ക് അധീനമാക്കുക. പ്രവൃത്തിക്കു നാം അധീനന്മാരാകരുത്. മനസ്സുഖവും ദേഹസുഖവും ഉണ്ടാക്കുയില്ലെങ്കിൽ ധനസമ്പാദനം ഇച്ഛാപ്രവാഹം തന്നെയാണ്. നമ്മുടെ വൃത്തി നമുക്കു സന്തോഷം ഉണ്ടാക്കണം. അതുകൊണ്ടുള്ള ബുദ്ധിമുട്ടു സകല സുഖങ്ങളും നശിപ്പിച്ചാൽ എന്തു ഗുണമാണ്? മനസ്സമാധാനം ഒരു രാജാവിന്റെ പദവിക്കു തുല്യമാണ്. ഇതുതന്നെയാണ് സല്കൎമ്മങ്ങൾ ചെയ്യാനുള്ള മാൎഗ്ഗങ്ങളെ കാട്ടിത്തരുന്നതും.

(തൎജ്ജമ)

---

# കൽകിപുരാണം

---

നന്മതിന്മകളെ വകതിരിച്ചു തള്ളേണ്ടതും കൊള്ളേണ്ടതും അറിയുന്നതു മൂന്നു വഴിയായിട്ടാണ്. കൊണ്ടിട്ട്- കണ്ടിട്ട്- കേട്ടിട്ട്. കൊണ്ടു പഠിക്കുന്നതു സ്വാനുഭവംകൊണ്ടു, കണ്ടുംകേട്ടും പഠിക്കുന്നതു സംസൎഗ്ഗം കൊണ്ടും വിദ്യകൊണ്ടും ആകുന്നു സാദ്ധ്യമായിത്തീരുന്നത്. അറിയേണ്ടതു മുഴുവനും അനുഭവിച്ചറിവാൻ ആയുഷ്കാലത്തിന്നു നീളം പോരാ. മനുഷ്യവൎഗ്ഗമടച്ചു പണ്ഡിതന്മാരുമല്ല. അങ്ങിനെയുള്ള സ്ഥിതിക്കു ലോകത്തിന്റെ ഗതി മുക്കാലേ മുണ്ടാണിയും സംസൎഗ്ഗത്തെ അപേക്ഷിച്ചാ

ണിരിക്കുന്നത്. ധർമ്മനിഷ്ഠ ഹേതുവായിട്ട് ഉൽഗതിയും അധർമ്മപാരതന്ത്ര്യത്താൽ അധോഗതിയും സദസൽസംസർഗ്ഗംകൊണ്ടുണ്ടാവുന്ന ഗുണദോഷങ്ങളാണ്. എന്നാൽ ഗുണദോഷവിവേചനം ചെയ്യുവാൻ ത്രാണിയില്ലാത്ത ജനങ്ങൾ പ്രായേണ അസൽസംസർഗ്ഗംകൊണ്ടുണ്ടാവുന്ന മനോവികാരം സുഖമെന്നു ഭ്രമിച്ചു നേർവഴി തെററി നടക്കുന്നവരാകുന്നു. നല്ലവരോടു ചേർന്നാലേ നന്നു വരൂ എന്ന വിശ്വാസം അങ്ങിനെയുള്ള മൂഢന്മാരിൽ ഉണ്ടാക്കിത്തീർത്തുറപ്പിക്കേണമെങ്കിൽ രസിപ്പിച്ചുകൊണ്ടോ ഭയപ്പെടുത്തിക്കൊണ്ടോ അല്ലാതെ മറെറാരു മാർഗ്ഗവുമറിയുന്നില്ല. അതുകൊണ്ടു തന്നെയാണ് കയ്പുള്ള ഗുളിക പഞ്ചസാരയിൽ പൊതിയുന്നതും, ദേവിക്കൊതുങ്ങാത്തവർ വെളിച്ചപ്പാടിനൊതുങ്ങുന്നതും. ഈ തത്വം അറിഞ്ഞുകൊണ്ടാണ് മഹാകവികളും മഹർഷിമാരും മൂകന്മാരായ ഉപദേഷ്ടാക്കളെ ഗ്രന്ഥരൂപേണ അവതരിപ്പിച്ചു ലോകത്തെ അനുഗ്രഹിച്ചിരിക്കുന്നത്. കാവ്യനാടകാദികളും ഇതിഹാസപുരാണങ്ങളും ഉപദേശിക്കുന്നത് 'നന്മ വിതച്ചാൽ നന്മ വിളയും' 'തിന്മ വിതച്ചാൽ തിന്മ വിളയും' എന്ന സത്യസമാഗമത്തിൽ നിന്നു പഠിക്കുന്ന തത്വം തന്നെയാണ്. എന്നാൽ കാവ്യനാടകങ്ങൾക്കും ഇതിഹാസപുരാണങ്ങൾക്കും തമ്മിൽ ഈ വ്യത്യാസമുണ്ട്. ഒന്ന് ഇഹലോകത്തിന്റെ പ്രതിഛായയാണ്. മററതു പരലോകത്തിന്റെ പ്രതിനിധിയാണ്. ഒന്നു ലോകസ്വഭാവത്തെയാണ് വർണ്ണിക്കുന്നത്. മറേറതു സംസാരസാരത്തെയാണ് കാണിക്കുന്നത്. രണ്ടിന്റേയും ഫലം ഒന്നുതന്നെയാണെങ്കിലും കാവ്യനാടകാദികളുടേതു പ്രയത്നസാദ്ധ്യവും ഇതിഹാസപുരാണാദികളുടേതു സുഖസാദ്ധ്യവുമാകുന്നു. എന്നു മാത്രമല്ല ആർഷഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്ന വിഷയം ഏതുവിധത്തിലുള്ള അധികാരികൾക്കും യോജിക്കുന്നതുമാകുന്നു. കേവലലൌകികന്മാർ ആധിഭൌതികമായും ആസ്തികന്മാർ ആധിദൈവികമായും കേവലമുക്തന്മാർ ആദ്ധ്യാത്മികമായും പുരാണാദികളെ വ്യാഖ്യാനിച്ച് ഉദ്ദിഷ്ടഫലം സമ്പാദിക്കുന്നു. സംസാരപരവശന്മാർ ഉണ്ണിക്കൃഷ്ണന്റെ ബാലലീലയിൽ ലയിക്കുന്നു. ശ്രീരാമനെ സ്തുതിക്കുന്നു. രാവണനെ നിന്ദിക്കുന്നു. ധർമ്മപുത്രാദികളുടെ അരിഷ്ടങ്ങളിൽ അനുതപിക്കുന്നു. ദുര്യോധനാദികളുടെ നേരെ വെറുക്കുന്നു. ഭക്തശിരോമണികളായുള്ളവർ ഭഗവാന്റെ മായാവിലാസത്തെ കുറിച്ച് ആശ്ചര്യപ്പെടുന്നു. യതിപരന്മാരാകട്ടെ ഈ നിലയിൽ ഒന്നും നില്ക്കുന്നില്ല. അവർ രാമായണം ജ്ഞാനയോഗമായും ഭാഗവതം ഭക്തിയോഗമായും ഭാരതം കർമ്മയോഗമായും മൂന്നു മുക്തിമാർഗ്ഗങ്ങളായി ഗണിച്ചുവരുന്നു. രാമായണാദിഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ശബ്ദങ്ങളുടെ വ്യുല്പത്തി അതാതു ഗ്രന്ഥത്തിൽ പ്രതിപാദിതമായിരിക്കുന്ന വിഷയത്തോടു യോജിപ്പിച്ചു നോക്കുന്നതായാൽ മേൽപ്പറഞ്ഞ പ്രകാരം ആദ്ധ്യാത്മികമായൊരർത്ഥം അനുസ്യൂതമായി എല്ലാററിലും തെളിഞ്ഞുകാണാവുന്നതാണ്.

എന്നാൽ ഈ പ്രകൃതത്തിൽ അതിനെ എടുത്തു വിസ്തരിക്കുന്നതു യുക്തമല്ലാത്തതിനാൽ പുരാണഗ്രന്ഥങ്ങളുടെ മാഹാത്മ്യത്തെ ദ്യോതിപ്പിച്ചു പുരാണതർജ്ജമകൊണ്ടു മലയാളികളെ അനുഗ്രഹിച്ചിരിക്കുന്ന മഹാന്മാരെ അഭിനന്ദിക്കുവാനുള്ള സ്വാതന്ത്ര്യം മാത്രമേ ഞാൻ തൽക്കാലം സ്വീകരിക്കുന്നുള്ളു.

'കൽക്കിപുരാണം' ഭാരതരാമായണാദികളെപ്പോലെ വൃത്താനുവൃത്തങ്ങളായല്ലെങ്കിലും, കാകളീകളകാഞ്ചികളും അനുഷ്ടുപ്പും തമ്മിൽ വീണാകപാനവും വേണുനാദവും തമ്മിലുള്ള വ്യത്യാസംപോലെയല്ലാതെ മറ്റൊന്നും എനിക്കു തോന്നുന്നില്ല. ശങ്കരൻകുട്ടിമേനവന്റെ കവിതക്ക് അകൈതവതയാണ് മുഖ്യമായുള്ള ഗുണം. അതിന്നു കിട്ടിയാദരം വളരെ യോജിക്കുന്നതുമാണ്.

അപ്പൻതമ്പുരാൻ.

---

# ശരീരസുഖം

(തുടർച്ച)

ഏതെങ്കിലും ഒരു രാജ്യത്തിൽ തിരെ പ്രായാധിക്യത്തിൽ നിന്നോ അപായങ്ങളിൽ നിന്നോ മാത്രമായി സംഭവിക്കുന്ന മരണസംഖ്യ ഇത്രയെന്നു ക്ലിപ്തപ്പെടുത്തി എടുക്കുക എന്നുള്ളതു വളരെ അസാദ്ധ്യമായ ഒരു കാര്യമാകുന്നു. എങ്കിലും മറ്റുള്ള കാരണങ്ങളിൽ നിന്നു സംഭവിക്കുന്ന മരണസംഖ്യയായി താരതമ്യപ്പെടുത്തിനോക്കിയാൽ മേൽപറഞ്ഞ രണ്ടു കാരണങ്ങളിൽ നിന്നുമുള്ള തുക വളരെ ലഘുവായി കാണാം. അതിനാൽ ആലോചന എത്താവുന്നതായ എല്ലാവും അനുകൂലാവസ്ഥകളിൽക്കൂടി ഒരു മനുഷ്യൻ ഇത്രകാലം ജീവിച്ചിരിക്കുമെന്നു ആൎക്കും തന്നെ ധാരണമാനിച്ചു പറവാൻ പാടുള്ളതല്ല. ഇക്കാലങ്ങളിൽ ഓരോ പ്രത്യേക ദീനങ്ങൾ ചികിത്സിച്ചു മാറ്റുന്നതിന്നുള്ള ഉദ്യമങ്ങളിൽ ശ്രദ്ധ അധികമായും പ്രധാനതരം രോഗങ്ങൾക്കു കാരണഭൂതങ്ങളായ അവസ്ഥകൾ ആരാഞ്ഞറിവാനായി ഓരോ പ്രത്യേകസംഘം ഏൎപ്പെടുത്തുന്നതിന്നുള്ള ഉത്സാഹങ്ങളിൽ ശ്രദ്ധ നന്നെ കുറഞ്ഞുമാണ് കണ്ടുവരുന്നത്. ഒരു രോഗിയുടെ നേൎക്കായി ജനങ്ങൾ കാണിക്കുന്ന അനുകമ്പ മനുഷ്യൎക്കു സ്വാഭാവികമായ ഒരു ഗുണമെന്നു ശ്ലാഘിക്കപ്പെടുവാൻ യോഗ്യമായിട്ടുള്ളതാണെന്നല്ലാതെ അത്ര പൂൎത്തിയായ ഭദ്രതയുടെ ഒരു ലക്ഷണമായി കണക്കാക്കുവാൻ പാടുള്ളതല്ല. അത് അധികമായും രോഗികളല്ലാത്ത ജനസാമാന്യവും ആ രോഗിയുമായിട്ടുള്ള വാസ്തവമായ സംബന്ധത്തെപ്പറ്റിയുള്ള ഒരു തെറ്റിദ്ധാരണയെ ആശ്രയിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു ദിക്കിൽ വിഷൂചിക പരക്കെ പടൎന്നു പിടിച്ചു എങ്കിൽ, രോഗബാധിതരായ ആ സാധുക്കളുടെ കഷ്ടാരിഷ്ടങ്ങൾ കണ്ട് അവരെ എല്ലാവരും അനുകമ്പാപൂൎവ്വം കൊണ്ടു ധാരയിട്ടു കുളിപ്പിക്കയും അവരുടെ വേദനയും കഷ്ടപ്പാടുകളും അകറ്റുവാനായി മാത്രം ഒരാൾ സൎവ്വദാ അദ്ധ്വാനിക്കയും ചെയ്യുകയോ, അല്ല രോഗബാധിതരായ ആളുകളിൽ അല്പം ശ്രദ്ധ കുറച്ചിട്ടും ആ വ്യാധി ഏതു ദിക്കിൽനിന്നു പകൎന്നു എന്നു കണ്ടുപിടിച്ചു മറ്റുള്ള നഗരവാസികളിൽ അതു ബാധിക്കാതിരിപ്പാൻ വേണ്ട യത്നങ്ങൾ ചെയ്തു ശിഷ്ടന്മാരെ അതിൽനിന്നു രക്ഷപ്പെടുത്തുവാൻ നോക്കുകയോ, അധികം പ്രശംസനീയമായ പ്രവൃത്തി? ധാരാളമായി ദ്രവ്യവും സ്വാധീനത്തിൽ വൈദ്യന്മാരും ഉണ്ടെങ്കിൽ ഒരേ സമയത്തിൽത്ത

ന്നു രണ്ടും ചെയ്യേണ്ടതാണു്. പക്ഷെ രണ്ടിലുംവെച്ചു് ഉത്തമപക്ഷം നോക്കുന്നതായാൽ ദീനത്തിൽപ്പെട്ട ദുർല്ലഭം ചിലരുടെ കാൎയ്യത്തിൽ അശ്രദ്ധ വെച്ചാലും ഭൂരിപക്ഷത്തിന്നു ഗുണമാവുന്ന കാൎയ്യത്തിൽ മനസ്സു വെക്കുകയാകുന്നു ശരിയായ മാൎഗ്ഗം. ദീനക്കാരുടെ കഷ്ടതകൾ കഴിയുന്നതും കുറക്കുവാൻ ഇപ്പോൾ ലോകത്തിൽ എങ്ങും അനവധി പണം ചിലവറുത്തു വരുന്നുണ്ടു്. അതു് ഒരു ദുശ്ശീലമെന്നു ആക്ഷേപംതന്നെ ശഠിക്കുവാൻ പാടുള്ളതല്ല. എങ്കിലും പ്രത്യേകം ചിലരുടെ കാൎയ്യങ്ങളാണു് ജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നതെന്നും, ജനസാമാന്യത്തിന്റെ കാൎയ്യത്തിൽ അത്ര ശ്രദ്ധയില്ലെന്നു, ഇപ്പോൾ ചിലവു ചെയ്തുവരുന്ന സംഖ്യ രോഗങ്ങൾ പിടിക്കാതിരിപ്പാൻ വേണ്ടി ചെയ്യുന്ന നിരോധനമാൎഗ്ഗങ്ങൾക്കായി ചിലവു ചെയ്താൽ ഭൂരിപക്ഷം ജനങ്ങൾക്കുപകാരമായി തീരുമെന്നും ഉള്ള സിദ്ധാന്തത്തെ ആൎക്കും നിഷേധിക്കാവുന്നതല്ല. നിരോധനമാൎഗ്ഗങ്ങൾക്കുവേണ്ടി ഇപ്പോൾ പറയത്തക്ക ചിലവൊന്നും ചെയ്യുന്നില്ല. ചികിത്സകൾക്കായി ചിലവു ചെയ്യുന്ന സംഖ്യ ഈ വിഷയത്തിലേക്കായാൽ കൊല്ലംതോറുമുള്ള മരണസംഖ്യ ഇപ്പോഴത്തേതിൽ വളരെ ചുരുക്കാവുന്നതാകുന്നു.

ദാരിദ്ര്യം നഗരശുദ്ധീകരണത്തിന്നു ഒരു വലിയ പ്രതിബന്ധമായി തീരുകയും നഗരശുദ്ധീകരണക്കുറവിൽനിന്നു ദാരിദ്ര്യം ഉത്ഭവിക്കയും ചെയ്യുന്നു. തന്മൂലം ദാരിദ്ര്യവും രോഗവും പരസ്പരം ഒന്നൊന്നിന്നു ഹേതുഭൂതകമായും രണ്ടുംകൂടി ചേൎന്നു് ഒരു ജനസമുദായത്തിന്റെ ആരോഗ്യസമ്പത്തിനേയും അഭിവൃദ്ധിക്കുള്ള പ്രാപ്തിയേയും, ക്ഷയിപ്പിക്കയും ചെയ്യുന്നു. അതുകൊണ്ടു ശരീരസുഖത്തിന്നു അത്യന്താപേക്ഷിതമായ നഗരശുദ്ധീകരണപരിഷ്കാരങ്ങൾ ഏൎപ്പെടുത്തേണ്ട ചുമതല മുഖ്യമായിട്ടു് ഏതെങ്കിലും ഒരു ജാതിക്കാരുടെ ഇടയിലുള്ള ഭരണകൎത്താക്കളിലും പഠിപ്പുള്ളവരിലും സമ്പന്നന്മാരിലുമാണു് ഇരിക്കുന്നതു്. അങ്ങിനെ ചെയ്യുന്നതിനാൽ സാധുക്കളും മൂഢന്മാരും ആശ്രിതന്മാരുമായ തങ്ങളുടെ സഹജീവികളുടെ കഷ്ടാവസ്ഥയെ ഭേദപ്പെടുത്തുകയും, അവരുടെ ദുഃഖത്തിന്നു ശമനം വരുത്തുകയും ചെയ്ക എന്ന ശ്ലാഘ്യവും അനുകമ്പാസൂചകവുമായ ഔദാൎയ്യബുദ്ധിയെ പ്രദർശിപ്പിക്കുന്നതാകുന്നു. പിന്നെ അയൽവക്കത്തിലും സ്വഗൃഹങ്ങളിലും രോഗങ്ങൾ പ്രവേശിക്കാതെ നോക്കേണ്ടതു തങ്ങളുടെ സ്വന്തകാൎയ്യവുമാണല്ലോ. ദാരിദ്ര്യത്തിലും മാലിന്യത്തിലും വളൎന്നു പോഷിക്കുന്ന വസൂരിയും വിഷൂചികയും സാധുക്കളുടെ ഇടയിൽ ചെയ്യുന്ന നാനാവിധങ്ങൾ വിട്ടു സമീപസ്ഥന്മാരായ യോഗ്യന്മാരേയും പ്രഭുക്കളേയും ബാധിച്ചു് അവരേയും അവശരാക്കിത്തീൎത്തു കാണുന്നതും അശേഷം ദുർല്ലഭമല്ലാ. ഇങ്ങിനെ വരുന്ന ഘട്ടത്തിൽ വല്ലാതെ ഭയന്നു വലിയ ലക്ഷപ്രഭുക്കളും നാട്ടുകാരെല്ലാംകൂടി സമാപന്നമായ സാംക്രമികരോഗത്തെ പെട്ടെന്നു നിൎത്തുവാനായി അനവധി പണം ഒരു പ്രയോജനവും കൂടാതെ കോരി ചിലവു ചെയ്യുന്നു. ഇതു് അല്പം മുൻകരുതലുണ്ടായിരുന്നുവെങ്കിൽ കൂടാതെ കഴിക്കാവുന്നതാകുന്നു. പൌരന്മാരുടെ പാരമ്പര്യമായി ശീലിച്ചുപോന്ന മലിനസ്വഭാവത്തെ പരിഷ്കരിപ്പാനോ അതിനിന്ദ്യവും ദോഷഹീനവുമായ ഭക്ഷണപദാൎത്ഥങ്ങളെ സൎവ്വദാ മലിനമാക്കിച്ചെയ്യുന്ന ഭൂമിയും ജലവും വായുവുമുള്ള പ്രദേശങ്ങൾ ശുദ്ധിയാക്കുവാനോ വല്ല തിടുക്കത്തിലും ചുമരുകൾ ഒന്നു വെള്ള തേച്ചു

കൊണ്ടോ നിലം അടിച്ചു തളിച്ചതുകൊണ്ടോ മതിയാവുന്നതല്ല. ഒരു ശത്രുവിന്റെ ആക്രമത്തിൽനിന്നു് ഒരു രാജ്യം രക്ഷപ്പെടുത്തുവാൻ ഏററവും ഉറപ്പായി കോട്ട കെട്ടുന്നതു് ഏതുപ്രകാരമോ, അപ്രകാരംതന്നെ വ്യാധികളുടെ ആക്രമത്തിൽനിന്നു് ഒരു രാജ്യം രക്ഷപ്പെടുത്തുവാൻ തക്കതായ ഏർപ്പാടുകൾ ചെയ്യേണ്ടതു് അത്യാവശ്യകമാകുന്നു. അതുകൊണ്ടു് എല്ലാ കാലങ്ങളിലും നഗരശുദ്ധീകരണത്തിനു വേണ്ടതായ ഏർപ്പാടുകൾ ജാഗ്രതയായി ചെയ്യേണ്ടതാണു്. എന്തുകൊണ്ടെന്നാൽ സാംക്രമികരോഗങ്ങളുടെ ആഗമനമാർഗ്ഗങ്ങൾ തന്നെ തടുത്താൽ മാത്രമേ നമ്മുടെ ഇടയിലുള്ള മരണസംഖ്യ കുറപ്പാൻ തരമാകയുള്ളു. നഗരവാസികൾ എല്ലാം ആരോഗ്യശാസ്ത്രത്തിന്റെ സാരം ഗ്രഹിക്കുന്നതു വരെയും ഏററവും ദരിദ്രന്മാരും മൂഢന്മാരും ആയ ആളുകൾകൂടി വഴിയിൽ അവരുടെ ആവശ്യങ്ങൾ കണ്ടാൽ സ്വയമേവ ഇന്നതെന്നറിഞ്ഞു മാറിക്കളയുകയും തങ്ങൾക്കു ചുററുമുള്ള മലിനപ്രദേശങ്ങൾകൊണ്ടു ജീവനും, ശരീരസുഖത്തിന്നും നേരിടാവുന്ന അപാരമായ ആപത്തുകൾ ഇന്നതെന്നു ധരിക്കയും ചെയ്യുന്ന വരെയും, നഗരശുദ്ധീകരണോദ്ദേശകമായി തൃപ്തികരമായ യാതൊരു ഏർപ്പാടുകളും ചെയ്വാൻ സാധിക്കുന്നതല്ല. ഇതിന്നു നമ്മുടെ പൈതങ്ങളെ ബാല്യത്തിൽതന്നെ ആരോഗ്യശാസ്ത്രവിഷയമായ ചില നടത്തകൾ പരിശീലിപ്പിക്കാതെയും എല്ലാ രാജ്യങ്ങളിലും ഇപ്പോൾ നടപ്പുള്ളപോലെ ബാലപാഠശാലകളിൽ പഠിപ്പിക്കുന്ന വിഷയങ്ങളുടെ കൂട്ടത്തിൽ ആരോഗ്യശാസ്ത്രം ഒരു വിഷയമായി എടുക്കാതെയും സാധിക്കുന്നതല്ല. ചെറുപ്പത്തിൽ ഇപ്രകാരമുള്ള പഠിപ്പിന്നു പുറമെ, പ്രായം ചെന്ന യുക്ത

ന്മാരോടും വയോവൃദ്ധന്മാരോടും ഈ വക ഉപദേശങ്ങൾ ചെയ്യുന്നതിനേക്കാൾ അധികം നല്ലതായിട്ടുള്ളതു, ദീനം വരാതെ നോക്കുവാനും ശരീരസുഖം നിലനിർത്തുവാനും താന്താങ്ങൾ ഇന്നതു ചെയ്യേണ്ടതെന്നും ഇന്നതു ചെയ്യരുതാത്തതെന്നും ധരിച്ചു മേലിൽ പ്രവൃത്തിപ്പാൻ അവരെ പ്രേരിപ്പിക്കുന്നതിന്നു് എല്ലാ കുട്ടികളുടേയും മനസ്സിൽ ബാല്യത്തിൽ ആരോഗ്യശാസ്ത്രസംബന്ധമായ ചില സാരാംശങ്ങളായ സംഗതികൾ ധരിപ്പിക്കുന്നതാകുന്നു. ഇതുപോലെതന്നെ വേറെ തരത്തിലുള്ള ഏർപ്പാടുകൾ പലതും ചെയ്വാനുണ്ടു്. അതുകൾ ഒന്നും ഗ്രന്ഥദൈർഘ്യഭയത്താൽ ഇപ്പോൾ ഇവിടെ വിസ്തരിക്കുന്നില്ല. വേണ്ട ഏർപ്പാടുകൾ എല്ലാം ഒന്നായി ചെയ്വാൻ കഴിഞ്ഞില്ലെങ്കിലും, "പലതുള്ളിപ്പെരുവെള്ളം" എന്ന പ്രമാണമനുസരിച്ചു കുറേശ്ശ കുറേശ്ശയായിട്ടെങ്കിലും ചെയ്താൽ അതാതിന്റെ ഫലം കാണാതിരിക്കയില്ല. ഒരു ശത്രുവിന്റെ പ്രവേശനത്തിന്നു സഹായിക്കുന്നതായ ഓരോ ചെറിയ ദ്വാരങ്ങളും അടച്ചു കെട്ടുന്നതു് ഒരു കോട്ടക്കു് എത്ര ബലം കൊടുക്കുന്നുവോ, അതുപോലെതന്നെ രോഗങ്ങൾ പ്രവേശിക്കാവുന്ന എല്ലാ പദ്ധതികളും അടച്ചുകെട്ടുന്നതുകൊണ്ടു ജനസാമാന്യത്തിന്റെ ശരീരസുഖമാകുന്ന കോട്ടയെ ബലമായി കാത്തു രക്ഷിക്കാവുന്നതാകുന്നു.

ഒരു രാജ്യത്തിലെ ഭരണകാര്യങ്ങളിൽ വെച്ചു മുഖ്യമായ ഒന്നാകുന്നു അതിലെ പൊതുജനക്ഷേമാന്വേഷണം. ഒരു നഗരത്തിലെ മലിനാവസ്ഥകൾ നിരന്തരമായി അതിലെ നിവാസികളുടെ ആരോഗ്യത്തെ ക്ഷയിപ്പിക്കുന്നതിനാലും ഓരോ പ്രത്യേക കാലങ്ങളിൽ വർഷംതോറും ദീനം വ്യാപിപ്പിക്കുന്നതിനാലും, തന്നിമിത്തം ആയുഷ്കാലം

കാൎയ്യന്നതിനാലും ഒരുവന്റെ വേല ചെയ്യാനുള്ള ശക്തിയെ വളരെ ചുരുക്കിച്ചുരുക്കി കൊണ്ടുവരുന്നു. അപരങ്ങളായ സംഗതികളിൽ രണ്ടു കൂട്ടരും അഭേദസ്ഥിതിയിലിരിക്കെ, പൂൎത്തിയായ ശരീരസുഖത്തോടുകൂടുംവണ്ണം വളരെക്കാലം ജീവിച്ചിരിക്കുന്ന ഒരു ജാതിക്കാൎക്കും, ശരീരസുഖഹീനന്മാരും അല്പായുസ്സുകളുമായ മാറു ജാതിക്കാരെക്കാൾ, വേല ചെയ്യാൻ പ്രാപ്തിയുള്ള അംഗങ്ങൾ അധികമുണ്ടെന്നുള്ള സംഗതിയിന്മേൽ പതിന്മടങ്ങു ഗുണങ്ങൾ കൂടുതലായുണ്ടെന്ന സംഗതി ഒരിക്കലും വിസ്മരണീയമല്ലാ. വ്യാപാരവിഷയത്തിലൊ യുദ്ധത്തിലൊ മറ്റെന്തെങ്കിലും ഒരു കാൎയ്യത്തിൽ അരോഗദൃഢഗാത്രന്മാരായ ആളുകൾ ഉണ്ടെങ്കിൽ ജയം സിദ്ധിപ്പാനും ഉന്നതിവരുവാനും അത്രബലമുള്ളതായി മറ്റെന്താണുള്ളത്? ഇതിനും പുറമെ അവർ വളരെ ചൊടിയും പൌരുഷവും ഉള്ളവരുമായിരിക്കും. അതിനാൽ നഗരശുദ്ധീകരണം പൊതുജനക്ഷേമത്തിനു മുഖ്യമായ ഒരു എണ്ണമാണെന്നും അതിനു വേണ്ടി ചെയ്യുന്ന ശ്രമം ഓരോരുത്തൎക്ക് പ്രത്യേകിച്ചും ഓരോ ജനസമുദായങ്ങൾക്കും ഗവൎമ്മെണ്ടിനും പൊതുവിലും ഗുണകരമായിട്ടുള്ളതാണെന്നു വരുന്നു. ഒരു രാജ്യത്തിന്റെയും അതിലെ ജനസ്വാധീനവും പണവുമുള്ള പ്രഭുക്കളുടേയും കടമയാണു നഗരശുദ്ധീകരണത്തിൽ നിഷ്കൎഷകൾ ചെയ്യേണ്ടതെന്നും സമ്മതിക്കുന്ന പക്ഷവും വേറെ ഒരു കാൎയ്യം കൂടി ആലോചിക്കേണ്ടതുണ്ട്. നഗരശുദ്ധീകരണപൂൎവ്വകമായ ഉദ്യമങ്ങൾ സഫലീകരിക്കുന്നതിനു മുഖ്യമായിവേണ്ട ഒന്ന് ജനസാമാന്യത്തിന്റെ സഹായമാകുന്നു. ഗവൎമ്മെണ്ടിന്റെയും അതിലെ നാഗരീകതയുള്ള നിവാസികളുടേയും ശ്രമങ്ങൾ പൊതു ജനങ്ങളുടെ അജ്ഞാനപ്രതിഷ്ഠിതമായ ചാപല്യ ബുദ്ധിയുടെ അങ്കുരങ്ങളാകുന്ന ഓരോ തടസ്ഥങ്ങളാൽ നിഷ്ഫലങ്ങളാകുന്നു. അവരുടെ ആ തടസ്ഥങ്ങൾ കുറകരമായി വിചാരിപ്പാൻ പാടുള്ളതല്ലാ. അതു സ്വാഭാവികമായിട്ടുള്ള അന്ധവിശ്വാസത്തിന്റെ ഒരു ഫലമാണെന്നേ കരുതേണ്ടതുള്ളു. അത്രയുമല്ലാ. അത് അധികവും കുറ്റത്തിലും വലിയ ഒരു നിൎഭാഗ്യമെന്നേ വിചാരിക്കേണ്ടതുള്ളു. അതുകൊണ്ടു കഷ്ടപ്പാടുകൾക്കും രോഗങ്ങൾക്കും സൎവ്വദാ ഇരയാക്കി ക്രമേണ അവരുടെ അധഃപതനത്തെ ചെയ്യുന്ന മൂഢാന്ധകാരം കൊണ്ടു നിറഞ്ഞിരിക്കുന്ന ജനങ്ങളുടെ മനസ്സിൽ പരിഷ്കാര സൂൎയ്യപ്രകാശം ഉണ്ടാക്കുവാൻ എല്ലാവരും ജാഗരൂകന്മാരായിരിക്കേണ്ടതാകുന്നു. ഇതു സാധിക്കുന്നതിനധികം നല്ല മാൎഗ്ഗം പുസ്തകമുഖേനയും മാറും ജനങ്ങൾക്കു ഓരോരോ തത്വങ്ങൾ മനസ്സിലാക്കുകയല്ലാ നിത്യപരിചയത്തിലുണ്ടാവുന്ന ദൃഷ്ടാന്തമാൎഗ്ഗേണയാകുന്നു സാധിക്കേണ്ടതു.

നഗരശുദ്ധീകരണത്തിന്റെ ഉദ്ദേശം പൌരന്മാരെ രോഗങ്ങളിൽ നിന്നു വിമുക്തന്മാരാക്കുകയും അവരുടെ വംശങ്ങൾക്കു നാശം വരാതെ നോക്കുകയും ചെയ്യുന്നതിനു പുറമെ ചുറ്റുമുള്ള പ്രദേശവും, കാലക്ഷേപരീതിയും, അഭിവൃദ്ധികരിച്ചു അവരുടെ വംശങ്ങൾക്കു വൎദ്ധനവരുത്തുകയാകുന്നു. ഈ പ്രമാണങ്ങളുടെ അനുഭവസിദ്ധമായ വാസ്തവം ഏതു രാജ്യവാസികളിൽനോക്കിയാലും കാണാവുന്നതാകുന്നു. ശരീര സുഖത്തിനനുകൂലങ്ങളായ പ്രദേശങ്ങളിൽ താമസിക്കുന്നവർ മാറുള്ളവരെക്കാൾ കായബലവും ചൊടിയും പൌരുഷവുമുള്ളവരായിട്ടാണ് നാം പ്രായേണ കണ്ടുവരുന്നതു. നഗരശുദ്ധീകരണവിഷയത്തിൽ നി

ഷ്ഷകൾ കുറഞ്ഞപ്രദേശങ്ങളായാലും വേണ്ടതില്ല; ഉൾനാടുകളിൽ വസിക്കുന്നവർ പട്ടണവാസികളേക്കാൾ കായബലവും ചൊടിയും ഉള്ളവരാകുന്നു. ശുദ്ധജലമുള്ളതും നിൎമ്മലവായു സഞ്ചരിക്കുന്നതും നീൎജ്ജാലയററ മണ്ണോടുകൂടിയതുമായ ഉയൎന്ന സ്ഥലങ്ങളിൽ താമസിക്കുന്നവർ ഊറവേൽക്കുന്ന താണപ്രദേശങ്ങളിൽ താമസിക്കുന്നവരേക്കാൾ ഊൎജ്ജിതയും ഓജസ്സും ഉള്ളവരാകുന്നു. മലമ്പനി വിട്ടുപിരിയാത്ത തെക്കൻകൎണ്ണാടകത്തിലേയും വയനാട്ടിലേയും നിവാസികളും അവരുടെ അയൽനാട്ടുകാരുമായുള്ള അന്തരം ഇതിന്നൊരു നല്ലദൃഷ്ടാന്തമാകുന്നു. കൎണ്ണാടകത്തിലേയും വയനാട്ടിലേയും ആളുകൾ മിക്കതും വളൎച്ച കുറഞ്ഞു മുണ്ടന്മാരും അല്പായുസ്സുകളും അധോഗതിക്കാരുമായ ഒരു ജാതിക്കാരാകുന്നു. ഇതിന്നുള്ള മുഖ്യകാരണം ശരീരസുഖത്തിന്നാസ്പദമായ കാലദേശാവസ്ഥകളുടേയും നഗരശുദ്ധിയുടേയും അഭാവമായിരിക്കണം.

ഇതേവരെ ശരീരസുഖത്തിന്നുവേണ്ടി ഒരു ജനസമുദായത്താലും രാജ്യത്താലും ചെയ്യപ്പെടേണ്ട പൊതുവായ സംഗതികളെപ്പറ്റിയാണല്ലോ പ്രസ്താവിച്ചത്. ഇനി ഓരോരുത്തരാൽ തനിച്ചും ചെയ്യപ്പെടേണ്ട ആത്യന്താമായ സംഗതികളെപ്പറ്റിയാകുന്നു പ്രതിപാദിക്കുന്നത്. ഇനി പറവാൻ പോകുന്ന സംഗതികൾ മേൽപറഞ്ഞ സംഗതികളേക്കാൾ അധികം സാരഗൎഭങ്ങളുമാകുന്നു. ശരീരസുഖത്തിന്നുള്ള ചില നിയമങ്ങളും ചിട്ടകളും ഇന്നിന്നവയെന്നു പറയുന്നതിന്നു മുമ്പു ശരീരസുഖത്തെക്കുറിച്ചുള്ള ഏതാണ്ട് ഒരു സ്വരൂപം വായനക്കാരുടെ മനസ്സിൽ പതിപ്പിപ്പാൻ ശ്രമിക്കുന്നത് അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ശരീരസുഖം എന്നു വെച്ചാൽ ദേഹത്തിന്നു ബാഹ്യമായും അഭ്യന്തരമായും യാതൊരു ഉപദ്രവവും ഇല്ലാതെ ഇരിക്കുന്ന സ്ഥിതിയാകുന്നു. ആമാശയവും പക്വാശയവും ദിനംപ്രതി പ്രകൃത്യാ ഉള്ള ഭക്ഷണത്തെ പചിപ്പിച്ചു സാരാംശങ്ങൾ ദേഹത്തോടു ചേൎക്കുക; ദേഹത്തിലേക്കു ആവശ്യമില്ലാത്ത സാധനങ്ങളെ വിസൎജ്ജനദ്വാരങ്ങൾ ശരിയാംവണ്ണം പുറത്തേക്കു വിസൎജ്ജിക്കുക; ഹൃദയവും സകല രക്തനാഡികളും രക്തത്തെ ക്രമമായും നിൎവ്വിഘ്നമായും ശരീരത്തിലെങ്ങും വ്യാപിപ്പിക്കുക; ശ്വാസനാഡികൾ അന്യൂനമായി വായുവിനെ വേണ്ടുംപ്രകാരം സഞ്ചരിപ്പിക്കുക; മനസ്സു ബുദ്ധിയെ ഒരിക്കലും വാട്ടാതെ ആഹ്ലാദകരമായും തെളിവുള്ളതായുമിരിക്കുക; ത്വഗിന്ദ്രിയം സ്വേദത്തെ ബഹിഷ്കരിക്കുന്നതിന്നു സദാ സന്നദ്ധമായിരിക്കുക; ഇതുകളാകുന്നു ശരീരസുഖത്തിന്റെ മുഖ്യലക്ഷണങ്ങൾ. ഇങ്ങിനെയുള്ള അവസ്ഥകൾ എല്ലാം തികഞ്ഞവൻ യാതൊരുത്തനോ, അവനെയാകുന്നു ശരീരസുഖമുള്ളവൻ എന്നു പറയുന്നത്. അപ്രകാരമുള്ളവനു മാത്രമെ തന്റെ നിത്യകൎമ്മങ്ങളും ജോലിയും യാതൊരു അസഹ്യതയും കൂടാതെ ചെയ്വാൻ സാധിക്കയുള്ളു. ഈവക അവസ്ഥകളിൽ എന്തിനെങ്കിലും ഒന്നിന്നു വൈഷമ്യം വരികയോ വരുത്തുകയോ ചെയ്താൽ അവൻ അസ്വസ്ഥനോ രോഗിയോ ആവുന്നു. ഉദാഹരണമായി, അതിഭുക്തി ചെയ്തുകൊണ്ടോ ദഹിക്കാത്ത പദാൎത്ഥങ്ങളെ ഭക്ഷിക്കുന്നതുകൊണ്ടോ ആമാശയം കോപിക്കുന്നു. ഉഷ്ണിച്ചു വിയൎത്തിരിക്കുമ്പോൾ ശീതവായു തട്ടിയാൽ രോമകൂപങ്ങൾ ആവൃതങ്ങളായിത്തീൎന്നു സ്വേദത്തിന്നു പ്രതിബന്ധമായിത്തീരുന്നു. അധികമായി വിചാരം

കൊണ്ടും ആധികൊണ്ടും ബുദ്ധിക്കും ഹൃദയത്തിന്നും ക്ഷീണം തട്ടുന്നു. ഇപ്രകാരമുള്ള അപത്ഥ്യാചരണത്താലൊ വല്ല അപായത്താലൊ മറ്റോ ദേഹത്തിന്നു പലേ ഉപദ്രവങ്ങളും സംഭവിച്ച് അതുകൾ രോഗങ്ങളായി പരിണമിക്കുന്നു. ആ രോഗങ്ങൾ അതാതു സമയങ്ങളിൽ ചികിത്സിച്ചു മാററാഞ്ഞാൽ അവ അതിക്രമിച്ചു മരണമായി പര്യവസാനിക്കുന്നു. ചില രോഗങ്ങൾ പാരമ്പര്യവഴിക്കുണ്ടാകുന്നു. ചിലതു മററുള്ളവരിൽ നിന്നു പകരുന്നു. അവ വായുവിനാൽ വ്യാപിക്കപ്പെടുകയോ സ്പൎശത്താൽ സംക്രമിക്കുകയോ ചെയ്തിട്ടാണ് പകരുന്നതു. അതിനാൽ ഈ വക വ്യാധികൾ അവയ്ക്കു ഹേതുഭൂതങ്ങളായ അപത്ഥ്യാചരണങ്ങളെ ചെയ്യാത്തവരേയും ബാധിക്കുന്നതാണെന്നു വരുന്നു. എന്നാൽ ഈ വക ദീനങ്ങളും മററുള്ള സാധാരണ രോഗങ്ങളെപ്പോലെ തന്നെ ആദ്യമായുണ്ടാകുന്നതു മനുഷ്യരുടെ പേരിലുള്ള തെററുകൊണ്ടു തന്നെയാകുന്നു. വംശപരമ്പരയായി ഉണ്ടാകുന്ന ദീനങ്ങൾ ആ വംശത്തിൽ ആദ്യം ആരുടെ എങ്കിലും ന്യൂനതയാൽ നിന്നുത്ഭവിച്ചതായിരിക്കണം. സാംക്രമികരോഗങ്ങളുണ്ടാകുന്നതു രോഗോല്പാദകങ്ങളായ താണ പ്രദേശങ്ങളിലോ വലിയ പട്ടണങ്ങളിൽ മലദൂഷിതങ്ങളായ ഭാഗങ്ങളിലോ പാൎക്കുകയും അഹിതസാധനങ്ങളെ ഭക്ഷിക്കുകയും തങ്ങളുടെ ശരീരത്തേയും ഭവനത്തേയും ശുചിയാക്കിവെക്കാതെ ഇരിക്കയും ചെയ്യുന്നതുകൊണ്ടാകുന്നു. എത്ര ബലവാനായ ഒരുത്തന്നും ശരീരസുഖത്തിന്ന് അല്ലെങ്കിൽ ആരോഗ്യരക്ഷയ്ക്കു താഴെ പറയുന്ന ചില നിയമങ്ങൾ അത്യന്താപേക്ഷിതങ്ങളാകുന്നു. ശരീരത്തെ മലിനമാക്കിവെപ്പാൻ അനുവദിക്കാതെ സ്നാനാദികൾകൊണ്ട് എപ്പോഴും വൃത്തിയാക്കിയിരിക്കണം. മിതമായും ഹിതംപോലെയുമല്ലാതെ ഭക്ഷിക്കരുത്. ഹിതംപോലെ എന്നു പറഞ്ഞതുകൊണ്ട് ഇഷ്ടമുള്ളതെല്ലാം ഭക്ഷിക്കാമെന്നു ധരിക്കരുത്. ദേഹത്തിന്നു കേടില്ലാത്തതും മനസ്സിന്നും രുചിക്കും ചേരുന്നതും എന്നൎത്ഥമാകുന്നു. കുളിക്കുന്നതും കുടിക്കുന്നതുമായ ജലം നിൎമ്മലമായിരിക്കണം. ഐഹിക സുഖാനുഭോഗങ്ങളിൽ എല്ലാററിലും മിതവൃത്തി വേണം. ശരീരസുഖത്തിന്നു പ്രധാനാംഗമായ ഉറക്കത്തിന്ന് ഒരിക്കലും ഹാനിവരുത്തരുത്. ഒരു രാത്രിയുടെ മൂന്നിൽ ഒരു ഭാഗം സമയമെങ്കിലും ഉറങ്ങണം. അധികം ഉറങ്ങുന്നതു ദോഷകരമായിട്ടുള്ളതാകുന്നു. വാസസ്ഥലം നന്നവൃള്ളതായിരിക്കരുത്. ഭവനം സ്വച്ഛമായും രാപ്പകൽ ഒരുപോലെ നിൎമ്മലവായു സഞ്ചരിക്കത്തവിധത്തിൽ പണി ചെയ്യിക്കപ്പെട്ടതായുമിരിക്കണം. ദിനംപ്രതി ഒന്നോ രണ്ടോ മണിക്കൂറു നേരമെങ്കിലും സ്വസ്ഥനായി തുറസ്സായ സ്ഥലങ്ങളിൽ ചെന്നിരുന്നു ശുദ്ധവായു ഏല്ക്കേണ്ടതാണ്. ദിവസന്തോറും ചുരുങ്ങിയാൽ എട്ടും, അധികഭാഗം പത്തും, മണിക്കൂറുനേരം മനസ്സിരങ്ങളെ വ്യാപരിക്കത്തക്കവണ്ണം എന്തെങ്കിലും പ്രവൃത്തി എടുക്കണം. പ്രതി ദിവസം ജോലി തീൎന്നാൽ ക്ഷീണിച്ച മനസ്സിന്നും ശരീരത്തിന്നും വിശ്രമംകൊടുപ്പാനായി എന്തെങ്കിലും വിനോദങ്ങളിൽ ഏൎപ്പെട്ട് അല്പനേരം ഉല്ലാസമായിരിക്കണം. നനഞ്ഞ വസ്ത്രം ധരിക്കുകയോ ശീതവായു ഏല്ക്കുകയോ ചെയ്യാൻ ഇടകൊടുക്കരുത്. ലഹരി സാധനങ്ങൾ കഴിയുന്നതും ഉപയോഗിക്കാതെ നോക്കണം. അഥവാ ഉപയോഗിക്കുന്നതായാൽതന്നെ—നിവൃത്തിയുണ്ടെ

ങ്കിൽ അരുത്—മിതബുദ്ധി ഏററവും കാണിക്കേണ്ടതായ വിഷയം അതാകുന്നു. എന്നാൽ അല്പമെങ്കിലും ജനങ്ങൾ കാണിക്കാത്തതായ വിഷയവും അതു തന്നെയാണല്ലോ. അതുകൊണ്ട് ഉത്തമം ലഹരി പദാൎത്ഥങ്ങൾ വൎജ്ജിക്കുകതന്നെയാണ്. പതിവായി ശരിയായ ശോധന—ഒരു ചിട്ടയിൽ ഇരിക്കുന്നവൎക്ക് ഉണ്ടാകാതിരിക്കയില്ലെങ്കിലും—വല്ല കാരണവശാൽ ഉണ്ടാകാതെ വന്നാൽ ആ കാൎയ്യത്തിൽ പ്രത്യേകം മനസ്സുവെക്കണം. എന്തെന്നാൽ അത് പലേ വിധത്തിലുമുള്ള അലട്ടുകൾ ഉണ്ടാക്കുന്നതാകുന്നു. കൂടക്കൂടെ തലവേദനകളും മററുമുണ്ടാകുന്നതിന്ന് ഇതൊരു മുഖ്യകാരണമാണ്. യാതൊന്നിലും അധികമായി വിചാരപ്പെട്ടു ബുദ്ധിയേയും ദേഹത്തേയും ക്ഷീണിപ്പിക്കരുത്. "ആപത്തു വരുന്നേരമാകുലതയും വേണ്ട, സമ്പത്തു വരുന്നേരം സമ്പ്രവിഷവും വേണ്ടാ" എന്ന ആപ്തവാക്യമനുസരിച്ചു സംഭവിക്കുന്ന ദുഃഖങ്ങളെല്ലാം പൌരുഷത്തോടും ധൈൎയ്യത്തോടും സഹിക്കയും ഭാഗ്യത്തിൽ സന്തോഷലഹരികൊണ്ടു തലതിരിയാതെ നോക്കുകയും വേണം. കോപം ബുദ്ധിക്കും അഴകിന്നും വൈരൂപ്യം വരുത്തുന്നതാകയാൽ അതിനെ അകററുകയും ക്ഷമ അവ രണ്ടിന്നും അലങ്കാരമാകയാൽ അതിനെ സ്വീകരിക്കയും ചെയ്യണം. ഈവക നിയമങ്ങൾ എല്ലാം അനുസരിച്ചു നടക്കുകയും ഇതുപോലെ തന്നെ മററുള്ള ലഘുവായ കാൎയ്യങ്ങളിലും നിസ്സാരങ്ങളെന്നു വെച്ചു തള്ളാതെ അല്പം മനസ്സിരുത്തുകയും ചെയ്താൽ ജനങ്ങളുടെ ഇടയിൽ രോഗങ്ങൾ വളരെ കുറയ്യാവുന്നതും ശരീരസുഖവും ക്ഷേമവും വൎദ്ധിപ്പിക്കാവുന്നതുമാകുന്നു.

കോയാത്ത് കൊച്ചുണ്ണിമേനോൻ.

---

എടച്ചേന കുങ്കന്റെ

# പരാക്രമങ്ങൾ

## IV

### വയനാട്ടിലെ കലക്കം.

---

കാലം ഒക്കെ മാറിത്തുടങ്ങിയിരിക്കുന്നു. കാലത്തിന്നൊത്ത കോലം കെട്ടുവാൻ പഴശ്ശിത്തമ്പുരാനും മന്ത്രിമാരും തീൎച്ചപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. തമ്പുരാൻ തിരുമനസ്സുകൊണ്ടും അവിടുത്തെ ആശ്രിതന്മാരായ ഞങ്ങളും ഈസ്റ്റിന്ത്യാകമ്പനിക്കാരുടെ പലവിധമായ നയങ്ങളെ എതൃത്തു നില്പാൻ അശക്തന്മാരായിത്തുടങ്ങിയിരിക്കുന്നു. അധികാരങ്ങളും ധനവും കിട്ടുമെന്ന വിചാരത്തോടെ സ്വയഗുണകാംക്ഷികളായ ചില രാജ്യദ്രോഹികൾ "ചോറിങ്ങും കൂറങ്ങും" എന്ന മട്ടിൽ ചാരന്മാരായിക്കൂടി ഞങ്ങളുടെ ഉദ്ദേശങ്ങളെപ്പററി പല തെററായ ധാരണകളും കമ്പനിക്കാരിലും ഞങ്ങളുടെ ഉററ ബന്ധുക്കളുടെ ഇടയിലും ഉണ്ടാക്കിത്തീൎത്തു കഴിഞ്ഞിരിക്കുന്നു. മൈസൂർ രാജാക്കന്മാൎക്കാവട്ടെ ഈസ്റ്റിന്ത്യാ കമ്പനിക്കാൎക്കാവട്ടെ ഒരു കാലത്തും കീഴട

ങ്ങി വഴിപ്പെട്ടിട്ടില്ലാത്തതും കോട്ടയത്തു കോവിലകത്തേക്കു മേല്ക്കോയ്മ അവകാശമുള്ളതും ആയ വയനാടു രാജ്യത്തെ തട്ടിപ്പറിച്ചു കയ്ക്കലാക്കേണമെന്ന ഉദ്ദേശം ജീവനുള്ളപ്പോൾ സമ്മതിക്കയില്ലെന്നുള്ള തിരുമനസ്സിലെ വാശി വയനാടന്മാരായ ഞങ്ങളുടെ പ്രേരണകൂടി കൂടിയപ്പോൾ അതിശക്തിയോടെ വർദ്ധിച്ചുവന്നതേയുള്ളൂ. ഇതിലിടെക്കു ടിപ്പുസുൽത്താനും മരിച്ചു. ടിപ്പുസുൽത്താന്റെ പടിഞ്ഞാറെക്കരയിലുള്ള എല്ലാ സ്ഥലങ്ങളും അവകാശങ്ങളും ഈസ്റ്റിന്ത്യാ കമ്പനിക്കാൎക്കു ലയിച്ചു കൂട്ടത്തിൽ വയനാടു രാജ്യവും അവൎക്ക് അധീനമാകേണ്ടതാണെന്ന് അവരും, ഒരു കാലത്തും ആൎക്കും വഴിപ്പെട്ടു കൈവശം കിട്ടീട്ടില്ലാത്ത ഒരു രാജ്യം അവകാശവഴിക്കു വേറെ ഒരാൾക്കു കിട്ടുവാൻ ന്യായമില്ലെന്നും, വിട്ടുകൊടുക്കുന്നതല്ലെന്നും തമ്പുരാനും തമ്മിൽ വലിയ വാദത്തിലായി. കാൎയ്യം ഇംഗ്ലാണ്ടിൽ കമ്പനി ഡയരക്ടർമാരുടെ മുമ്പിലെത്തുകയും ഒടുവിൽ ഇന്ത്യാഗവൎണ്ണർ ജനറാളുടെ അഭിപ്രായമനുസരിച്ചു വയനാടുഭരണം തമ്പുരാൻ തിരുമനസ്സുകൊണ്ടു കമ്പനിക്കാൎക്കു വിട്ടൊഴിഞ്ഞു കൊടുക്കേണ്ടതാണെന്നു കമ്പനിക്കാർ എക്സ്പാർട്ടിയായി ഒരു വിധിയും കല്പിച്ചു. മൈസൂരിനും കടകിനും തൊട്ടുകിടക്കുന്ന വയനാടുരാജ്യം അന്യനായ ഒരാളുടെ രാജ്യാധികാരത്തിൻ കീഴിൽ ആയാൽ അതുകാരണമായി എപ്പോഴും ഓരോ തകരാറുകൾ മലയാളത്തിൽ ഉണ്ടായിത്തീരുമെന്ന ഭയത്തോടെയാണ് കമ്പനിക്കാർ വാസ്തവത്തിൽ അടിസ്ഥാനരഹിതമായ ഈ അവകാശം പുറപ്പെടുവിച്ചത്. കടക്, മൈസൂർ, നീലഗിരി, കുറുമ്പ്രനാട്, കോഴിക്കോട്, ഏറനാട് തുടങ്ങിയ പ്രദേശങ്ങളുടെ നടുനായകമായി കിടക്കുന്നതും വളരെ ഫലപുഷ്ടിയുള്ളതുമായ വയനാട്ടിനെ കൈവശപ്പെടുത്തുവാൻ കച്ചവടക്കാരായ ഈസ്റ്റിന്ത്യാ കമ്പനിക്കാൎക്ക് ആഗ്രഹം ഉണ്ടായതിൽ എന്താണ് ആശ്ചൎയ്യം തോന്നുവാനുള്ളത്!. കോട്ടയത്തുള്ള രാജാധികാരം തമ്പുരാനെ അപമാനിപ്പാനോ എന്നു തോന്നുമാറു കുറുമ്പ്രനാടു തമ്പുരാനെ ഏല്പിച്ചു കഴിഞ്ഞിരിക്കുന്നു. കുറുമ്പ്രനാടു തമ്പുരാൻ ആവുന്നതൊക്കെ നോക്കീട്ടും കാൽപ്പൈസ്സു രാജഭോഗം കോട്ടയത്തിൽനിന്നു പരിപ്പാൻ സാധിച്ചിട്ടില്ല. കമ്പനിക്കാർ തമ്പുരാനെ ഒരു പാഠം പഠിപ്പിക്കേണമെന്ന നിലയിൽ സൈന്യശേഖരം തുടങ്ങിയിരുന്നു. വയനാട്ടിൽ 1801-ൽ നികുതി പിരിപ്പാൻ ഒരു ഉദ്യോഗസ്ഥനെ നിശ്ചയിച്ച് ആൾക്കാരേയും സഹായത്തിന്നു കൊടുത്തിരിക്കുന്നു. ചപലന്മാരായ പല ബന്ധുക്കളും ശത്രുപക്ഷത്തിൽ യോജിച്ചു കഴിഞ്ഞിരിക്കുന്നു.

1801 ജനുവരി മാസത്തിൽത്തന്നെയാണ് പല്ലൂര് എജമാനനെ വയനാട്ടിലെ സൈന്യനായകനാക്കി സൈന്യശേഖരം ചെയ്യാനായി വയനാട്ടിലേക്ക് അയച്ചിരിക്കുന്നത്. പടമുഖത്തു വാൾക്കാരായ വയനാടന്മാരുടെ എജമാനനായി എന്നെ കല്പിച്ചു നിശ്ചയിച്ചിരിക്കുന്നു. ഞാനും എന്റെ വാൾക്കാരും അടുത്ത അവസരത്തിൽ തമ്പുരാനൊന്നിച്ചു വയനാട്ടിലേക്കു പോകേണ്ട കാൎയ്യത്തെപ്പറ്റി സംസാരിച്ചും ഒരുക്കങ്ങൾ ആലോചിച്ചും ഇരിക്കയായിരുന്നു. അപ്പോഴാണ് കനോത്തുനമ്പ്യാര് വിളിക്കുന്നുണ്ടെന്നും പറഞ്ഞ് ഒരാൾ ഓടിവന്നത്. തമ്പുരാന്റെ പ്രധാന മന്ത്രിയുടെ നിലയിൽ ഈ കലാപകാലങ്ങളിൽ എപ്പോഴും വിട്ടുപിരിയാതെ കനോത്തു നമ്പ്യാര് കൊട്ടാരത്തിൽത്തന്നെ തിരുമേനി

യൊന്നിച്ച താമസിക്കയാണ് പതിവ്. ഞാൻ ഉടനെ കൊട്ടാരത്തിൽ എത്തി പള്ളിയറക്കു മുൻവശം തളത്തിൽ എത്തിയപ്പോൾ കല്യാട്ട നമ്പ്യാരും നാരങ്ങോളി നമ്പ്യാരും അവിടെ മുമ്പുതന്നെ വന്നു കഴിഞ്ഞിരിക്കുന്നു. ഇരിക്കൂർക്കാരായ പടയാളികളുടെ നായകനായ കല്യാട്ട നമ്പ്യാരെയും പാനൂർക്കാരായ പടയാളികളുടെ നായകനായ നാരങ്ങോളി നമ്പ്യാരെയും കണ്ടപ്പോൾ എന്തോ ചില പോരാട്ടങ്ങൾക്ക് അടുത്ത ഒരു അവസരം വന്നിട്ടുണ്ടെന്നു ഞാൻ തീർച്ചപ്പെടുത്തി. കല്യാട്ട നമ്പ്യാര് എന്റെ കിടക്കാരനാണ്. തമ്പുരാന്റെ ആൾക്കാരുടെ കൂട്ടത്തിൽ കങ്കനോട് ഒന്നു മല്ലിട്ടു നോക്കിയാൽ കൊള്ളാമെന്നു ധൈര്യപ്പെടുന്നവർ വല്ലവരും ഉണ്ടെങ്കിൽ അതു കല്യാട്ട നമ്പ്യാർ മാത്രമായിരുന്നു. നാരങ്ങോളി നമ്പ്യാരും യുദ്ധസാമർത്ഥ്യം പല ദിക്കിലുംവെച്ചു പ്രദർശിപ്പിച്ച ഒരാളാണ്.

നാ. നമ്പ്യാര്:— അല്ല! ത്രിപുരന്മാരേയും വിളിച്ചുവരുത്തിട്ടുണ്ടല്ലോ. സംഹാര രുദ്രന്റെ ഉദ്ദേശം എന്തായിരിക്കും?

ഈ സംശയംതന്നെയാണ് ഞങ്ങൾക്കും ഉണ്ടായിരുന്നത്. ഇതിലിടക്കു പള്ളിയറക്ക് ഇടത്തുവശമുള്ള അറയിൽനിന്നു കനോത്തു നമ്പ്യാരുടെ തലമാത്രം ഞങ്ങൾ നിന്നിരുന്ന തളത്തിലേക്കു കടത്തിക്കണ്ടു. ആ ധീരപുരുഷനെ കണ്ടപ്പോൾ ഒരു വലിയ കാരണവരെ കണ്ടാലുള്ള ഭക്തിവിനയങ്ങൾ ഞങ്ങൾ എല്ലാവരും കാണിക്കാറു പതിവാണ്.

"കങ്കൻ നായരെ ഇങ്ങട്ടുവത്രു. ഒന്നു പറയട്ടെ" എന്നു പറഞ്ഞതിന്നുശേഷം ആ തല കാണാതേയും ആയി. ഞാൻ വേഗം കനോത്തു നമ്പ്യാര് സാധാരണ കാര്യാലോചന ചെയ്യവരാറുള്ള അകത്തേക്കു കടന്നു ചെന്നു. നമ്പ്യാര് തെക്കുവശമുള്ള ജനലിന്റെ അടുക്കലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി.

ക. ന— എനിക്കു കങ്കൻ നായരോടു പറവാനുള്ളതു പറയുന്നതിന്നു മുമ്പായി ഒരു തറവാടിയുടെ നിലയിലും ഒരു പോരാളിയുടെ നിലയിലും ഒരു വാഗ്ദത്തം ചെയ്യണം- നാം തമ്മിൽ ഇപ്പോൾ സംസാരിക്കുന്നതു മൂന്നാമത് ഒരാൾ അറിയരുത്.

അമ്പ! പ്രാരംഭം വളരെ നന്നായിട്ടുണ്ട്- വാഗ്ദത്തം ചെയ്യയല്ലാതെ അവിടെ ഗത്യന്തരം ഒന്നും ഉണ്ടായില്ല.

ക. ന— എന്നാൽ പറയാം. നമ്മുടെ തമ്പുരാന്റെ കാര്യമൊക്കെവലിയ അവതാളത്തിലായിരിക്കുന്നു. ചിറക്കൽ കടത്തനാട് എന്നീരാജാക്കന്മാരൊക്കെ അവിടത്തേക്കു യാതൊരുസഹായവും ചെയ്കയില്ലെന്നു തീർച്ചയാക്കിയിരിക്കുന്നു. ഇരിക്കൂറും പാനൂരും കമ്പിനിക്കാരുടെസൈന്യങ്ങൾ കൈവശപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. രണ്ടുദിവസത്തിലകം കൂത്തുപറമ്പിൽ വലിയ ഒരു സൈന്യം എത്തിച്ചേരും. വയനാട്ടിൽ കപ്പത്തോട് നായര് ശത്രുപക്ഷമാണെന്നു സംശയിപ്പാനുംവഴിയുണ്ട്. ഈ സ്ഥിതിക്കു കമ്പനിക്കാരുമായി ഇനി എതൃത്തു നിന്നിട്ടു യാതൊരു ഫലവുമില്ല. അതുകൊണ്ടു കങ്കൻ നായരോട് ഇനിക്കു സ്വകാര്യമായി പറവാനുള്ളതു നമ്മുടെ തമ്പുരാനെ കാത്തുനില്ക്കുന്നതുകൊണ്ടു നമുക്ക് ഇനി യാതൊരു പ്രയോജനവുമില്ല എന്നാണ്. തമ്പുരാനെ പിടിച്ചു കമ്പനിക്കാർക്ക് ഏല്പിച്ചുകൊടുത്താലൊ? ഈ കലാപമൊക്കെ ഒതുങ്ങുമല്ലൊ.

തമ്പുരാന്റെ പ്രധാനപ്പെട്ട ഒരു ആശ്രിതൻ! അവിടുത്തെ ചെറുപ്പംമുതൽ ചങ്ങാതിയുടെ നിലയിൽ വളർന്ന ഒരാൾ! ആ

വിടത്തെ പ്രധാനമന്ത്രി! ഈ നിലയിലൊക്കെ അവിടത്തോട് വിട്ടാൽവിടാത്ത ബന്ധത്തോടുകൂടിയ ഒരു വിദ്വാൻ വിചാരിക്കുകയില്ല. ഈ അഭിപ്രായം പറഞ്ഞപ്പോൾ ആശ്ചര്യത്തോടെ അദ്ദേഹത്തിന്റെ മുഖത്തു തുറിച്ചുനോക്കി നില്ക്കുകയല്ലാതെ ഒന്നുംപറവാൻ എനിക്കു തോന്നിയില്ല. കനോത്തു നമ്പ്യാര് തന്റെ പ്രസംഗവും കഴിച്ച് എന്റെ കാലിന്റെ വിരലിന്റെ ഭംഗി നോക്കിയും ഇടക്കിടക്കു കള്ളക്കണ്ണിട്ട് എന്റെമുഖത്തു നോക്കിയും ഗൌരവമായി ത്തന്നെ നില്ക്കുന്നു.

ക. ന.— എന്താടൊ മറുവടിയൊന്നും പറയാത്തത്.

ഞാൻ— എന്റെ ഒരു ചെകിട് അല്പം പതുക്കയാണ്. ചിലതൊക്കെ പറഞ്ഞാൽ ഞാൻ കേൾക്കാറില്ല. ഞാൻപോയി എന്റെ പണിനോക്കട്ടെ.

ക. ന.—എടൊ അപകടത്തെ കണ്ടാലറിയണം. കേരളത്തിലെ എല്ലാ നാടുവാഴികളും ദേശവാഴികളും ഇപ്പോൾ കമ്പനിക്കാരുടെ കീഴടങ്ങിക്കഴിഞ്ഞിരിക്കുന്നു. നമുക്ക് ആരുടെ സഹായം നില്ക്കയില്ല.

എനിക്കു സാമാന്യത്തിലധികം ദേഷ്യമാണ് വന്നത്. 'നിങ്ങൾ ഒരുകാര്യം ഓർക്കണം' എനിക്കു നിങ്ങൾ പറയുന്ന നാടുവാഴികളേയും ദേശവാഴികളേയും എന്റെ അധോരോമത്തിന്നു വിലയില്ല. അതു നിങ്ങളറിയുമോ?

ക. ന.—എന്നാൽ കുങ്കൻ നായക്കു ലോകത്തിൽ വിലയുള്ളത് എന്താണ്.

ഞാൻ: എന്റെ പൊന്നുതമ്പുരാനും എന്റെ മാനവും.

ക. ന. എടൊ ഇതൊക്കെ നല്ല മധുരമായ വാക്കു തന്നെയാണ്. കാര്യമൊക്കെ കാര്യംപോലേ കലാശിക്കയുള്ളൂ. നാട്ടിൽ സമാധാനം ഉണ്ടാകട്ടേ, കലാപം കുറെ കാലമായി. ഈശ്വരാ ഇതൊക്കെ ഒന്നൊതുങ്ങട്ടേ എന്നു പ്രാർത്ഥിക്കുന്ന കേരളീയരുടെ ഇഷ്ടത്തിന്നു വിപരീതമായിട്ടാണൊ നാം പ്രവൃത്തിക്കേണ്ടത്? നമ്മുടെ കഷ്ടകാലത്തിന്നു പുറമെ നാട്ടിൽ കലാപം ഇനിയും ഉണ്ടാക്കിത്തീർക്കണൊ? പോരെങ്കിൽ തമ്പുരാന്റെ ഭാഗക്കാരായ നമ്മുടെ എണ്ണം ദിനംപ്രതി ചുരുങ്ങിക്കൊണ്ടാണ് വരുന്നത്. ഒരുനാഴിക കഴിയുന്തോറും ഓരോരുത്തരായി നമ്മെ ഉപേക്ഷിക്കുന്നു. തമ്പുരാനെ പിടിച്ച് ഏല്പിച്ചു കൊടുത്താൽ നമുക്കു വലുതായ സമ്മാനവും സ്ഥാനമാനവും കിട്ടും.

എന്റെ ദേഷ്യം മൂർഛിച്ചുതുടങ്ങി. അവിടെ അടുത്തു വല്ല ആയുധവുമുണ്ടായിരുന്നവെങ്കിൽ ഞാൻ കനോത്തു നമ്പ്യാരെ എന്തെങ്കിലും കാട്ടിയിരുന്നു.

ഞാൻ:— കനോത്തു നമ്പ്യാന്മാര് വലിയ മാനശാലികളാണെന്നാണ് ഞാൻ കേട്ടിരുന്നത്. നമ്മുടെ തമ്പുരാന്റെ ചോറു തിന്നുന്ന നായന്മാൎക്ക് ഇതിലും കൃതജ്ഞതയുണ്ടാവും. ഈ കാര്യം എന്നോടു പറവാൻ നിങ്ങൾക്കു ധൈര്യം വന്നതിലാണ് ഞാൻ ആശ്ചര്യപ്പെടുന്നത്. നിങ്ങളുടെ മനോഗതിയെ ഞാൻ തെററിക്കുന്നില്ല. പക്ഷെ എന്റെ പൊന്നുതമ്പുരാൻ വിരോധിക്കുന്ന സമയംവരെ എന്റെ വാള് അവിടത്തേയും അവിടത്തെ ശത്രുക്കളുടേയും മദ്ധ്യത്തിലായിരിക്കും.

കോപത്തോടെ ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ എന്റെ കണ്ണിൽനിന്നു വെള്ളം ധാരയായി ഒഴുകിത്തുടങ്ങി. "കുങ്കൻ നായര് ഇടനാഴിയിൽ ഇരിക്കു, പോവാൻ വരട്ടെ" എന്നും പറഞ്ഞ് എന്നെ

പിന്നിലുള്ള ഇടനാഴിയിലേക്ക നമ്പ്യാര് തന്നെ പിടിച്ചുകൊണ്ടാക്കി.

കനോത്തു നമ്പ്യാരുടെ ദുരുപദേശം എനിക്ക വലുതായ അസ്വാസ്ഥ്യം ഉണ്ടാക്കിത്തീൎത്തു. അവിടം വിട്ടു വെളിയിൽ ഇറങ്ങിയാൽ മതി എന്ന മട്ടിലായിരിക്കുന്നു. കാൽ മണിക്കൂർ കഴിയുന്നതിന്നു മുമ്പെ നാരങ്ങോളി നമ്പ്യാരും ഞാൻ ഇരിക്കുന്ന ഇടനാഴിയിൽ എത്തിയിരിക്കുന്നു. മൂപ്പരുടെ മുഖം വല്ലാതെ വിളറി വിയൎത്തിട്ടുണ്ടെന്നു മാത്രമല്ല, 'ഹോ! വല്ലാത്ത വിഷം! സ്വാമിദ്രോഹി!' എന്നൊക്കെ പിറുപിറുക്കുന്നുമുണ്ടായിരുന്നു. എന്റെ നേരെ പ്രയോഗിച്ച നയം നാരങ്ങോളി നമ്പ്യാരോടും പ്രയോഗിച്ചിട്ടുണ്ടെന്ന് എനിക്ക മനസ്സിലായി. ഞങ്ങൾ അന്യോന്യം ഒന്നും സംസാരിക്കുന്നില്ല. 'പറയാൻ കൊള്ളില്ല. അതികഠിനം' എന്നൊക്കെ നമ്പ്യാര് ഇടക്കിടെ കണ്ണുരുട്ടിക്കൊണ്ടു പറയുന്നും ഉണ്ട്. അതിലിടയ്ക്കു 'ഠെ' എന്ന് ഒരു അടിയുടെ ശബ്ദവും ഒരാൾ നിലത്തു വീഴുന്ന ഒച്ചയും 'അയ്യോ' എന്ന ആൎത്തനാദവും കേട്ടപ്പോൾ ഞങ്ങൾ രണ്ടുപേരും പെട്ടെന്നു കനോത്തു നമ്പ്യാരുടെ മുറിയിൽ ഓടിയെത്തി. കല്യാട്ടു നമ്പ്യാരും കനോത്തു നമ്പ്യാരുംകൂടി മേല്ക്കുമേൽ നിലത്തു വീണ് മല്ലയുദ്ധം ചെയ്യുന്നതാണ് അവിടെക്കണ്ടത്.

'ഇവൻ കലിയുടെ അവതാരമാണ്! എന്നെ കലി ബാധിച്ചിരിക്കുന്നു! മഹാപാപി!'

എന്നും പറഞ്ഞു കനോത്തു നമ്പ്യാരുടെ കഴുത്തിൽ പിടിച്ചപിടിയും വിട്ടു കല്യാട്ടു നമ്പ്യാര് എഴുനീറ്റ് ഞങ്ങളുടെ അടുക്കൽ വന്നു. സാധു! കനോത്തു നമ്പ്യാര് വീണ ദിക്കിൽനിന്നു നാലഞ്ച് ഉരുണ്ടു ശ്വാസം ക്രമത്തിൽ വരാതെ കുറെ ബുദ്ധിമുട്ടിയതിന്നുശേഷം തന്റെ അകത്തേക്ക പള്ളിയറയിൽനിന്നുള്ള വാതിൽ ഉന്തിത്തുടങ്ങി. വാതിൽ പെട്ടെന്നു തുറന്നു തമ്പുരാൻ തിരുമേനി അകത്തു കടന്നപ്പോഴാണ് ഞങ്ങൾ മൂന്നുപേരും അമ്പരന്നുപോയത്. ഇതെന്തൊരു പുതുമയാണപ്പാ! പള്ളിയറയെന്നും തിരുമേനിയെന്നും ഉള്ള ഓൎമ്മ ഞങ്ങൾക്ക് ഉണ്ടായിരുന്നില്ല. കനോത്തു നമ്പ്യാര് പിണഞ്ഞ അപകടത്തിൽ ഞങ്ങൾ രസിക്കയായിരുന്നു. തിരുമനസ്സുകൊണ്ട് അകത്തു കടന്ന ഉടനെ ഞങ്ങളെ മൂന്നുപേരേയും പ്രത്യേകം പ്രത്യേകം കരുണയോടെ കടാക്ഷിച്ചു. അതിന്നുശേഷം കനോത്തു നമ്പ്യാരുടെ ചുമലിൽ കൈവച്ചു 'പെരടിക്ക് അടി കിട്ടുമ്പോൾ കോപം വന്നിട്ടു ഫലമില്ല. അത് നമ്പ്യാരുടെ സ്ഥാനസ്വത്തല്ലെ?'

അതിമധുരമായ നിലയിൽ വളരെ കാരുണ്യത്തോടെ നമ്പ്യാരെ തലോടിക്കൊണ്ട് ഇപ്രകാരം സംസാരിച്ചപ്പോൾ- "പയ്യില്ലത്തമ്പുരാനോ, സിംഹം" എന്നൊക്കെ ജനങ്ങൾ പറയുന്നതിന്ന് എന്താണ് അൎത്ഥം എന്നു ഞങ്ങൾക്ക തോന്നിപ്പോയി.

കനോത്തുനമ്പ്യാര്:— ഈ പാപിയെന്നെ കൊല്ലുമായിരുന്നു.

തമ്പുരാൻ: ഛെ! ഛെ. കുങ്കനും നാരായണനും ഇവിടെ ഇല്ലായിരുന്നുവെങ്കിൽ നമ്പ്യാരുടെ നിലവിളി കേട്ടാൽ അപ്പോൾ ഞാൻ ഓടിവരുമായിരുന്നു. ആട്ടെ പരുക്കൊന്നും പററിയില്ലല്ലൊ?

തമ്പുരാനു കനോത്തു നമ്പ്യാര് കണ്ണിലുണ്ണിയാണ്. ഇപ്രകാരം തമ്പുരാൻ അവിടുത്തെ ആശ്രിതന്മാരിൽ ആരെയെങ്കിലും സ്നേഹിക്കുന്നുണ്ടോ എന്ന കാൎയ്യം സംശയമാണ്. അതുകൊണ്ടു നമ്പ്യാൎക്ക വല്ലതുംവരുന്നതിൽ തമ്പുരാനു നന്നെ

വ്യസനമുണ്ടായിരുന്നുവെന്നു പറയേണ്ടതില്ലല്ലൊ.

തമ്പുരാൻ:—അല്ല!! കല്യാട്ടു നമ്പ്യാര് ആൾ ചില്ലറയൊന്നുമല്ലല്ലൊ. കൂടാളി ലഹളയിൽ കാണിച്ചു ചൊടിയും സാമൎത്ഥ്യവും ഇനിയും ബാക്കിയുണ്ട് അല്ലെ. നാരങ്ങോളി നമ്പ്യാര് തമ്പുരാനു ദോഷമായി സംസാരിക്കുന്നതു കേൾക്കുക തന്നെ വയ്യ അല്ലെ. കുങ്കന്റെ വാൾ എന്റെയും എന്റെ ശത്രുക്കളുടെയും മദ്ധ്യത്തിലാണ്. വളരെ നന്നായി. ചില കപട സന്ന്യാസിമാര് എന്റെ സേവകന്മാരിലുണ്ടായിരുന്നു. ആരൊക്കെയാണ് നമുക്കു വേണ്ടപ്പെട്ട വിശ്വസ്തന്മാര് എന്ന് എനിക്കു നല്ലവണ്ണം മനസ്സിലായി.

കേരളത്തിൽ അന്നുള്ള രാജാക്കന്മാരിൽ എല്ലാംകൊണ്ടും ഒന്നാമതായി നില്ക്കുന്ന എന്റെ പൊന്നു തമ്പുരാൻ ഇങ്ങിനെ ഒരു അഭിപ്രായം പറഞ്ഞപ്പോൾ ഞങ്ങളുടെ നില എന്താണ് എന്ന് ഊഹിക്കുകയാണ് നല്ലതു.

തമ്പുരാൻ:—കുട്ടരെ പള്ളിയറയിലേക്കു വരുവിൻ! എനിക്കു കാൎയ്യമായി പലതും പറവാനുണ്ട്. കുനോത്തു നമ്പ്യാര് പുറമെ ഇരിക്കു. ആരും ഉള്ളിൽ കടന്നു ഞങ്ങളുടെ ആലോചനയെ തടസ്ഥപ്പെടുത്തരുത്.

എം. ആർ. കെ. സി.

---

ശ്രീ

# കൈലാസയാത്രാപ്രബന്ധം

---

തുംഗേകോടീരഭാരേതെളിമയൊടുതുളു-
ന്നുന്നഗംഗാതരംഗേ
തിങ്ങുംവൈരിഞ്ചമുണ്ഡങ്ങളിലിടകലരും-
ചന്ദ്രരേഖാഭിരാമം
അങ്ങോടിങ്ങോടുലത്തീടിനഭുജഗഫണാ-
രത്നവിദ്യോതിതാംഗം
മംഗല്യംകൈവണങ്ങീടുകഗിരിതനയാ-
ഭാഗ്യസർവ്വസ്വസാരം. (നാ
ഉൾത്തിങ്ങീവൻപ്രമോദംപ്രിയസഖ!സുജ-
നന്ദനോദ്യോഗിനോമേ
മദ്ധ്യേരംഗംഭവന്തംഗുരുവരകൃപയാ
കണ്ടകപ്പെട്ടനേരം.
ലബ്ധ്വാപാണ്ഡുഗ്രജാജ്ഞാപരിവസിതമഹേ-
ന്ദ്രാന്മഹാമന്ത്രമഗ്രേ
രുദ്രാണീകാന്തസേവാംവിരവൊടുമുതിരും
പാണ്ഡവന്നെന്നപോലെ. 2
ദ്യൂതേദുര്യ്യോധനാവഞ്ചിതശകുനികൃത-
ച്ഛദ്മനാനഷ്ടരാജ്യാ
യാതാഃകാന്താരമാപാദിതഗുരുവിഭവാ
ഭാനുമാലിപ്രഭാവാൽ
പ്രീതാഃകിർമ്മീരരക്ഷോനിധനമപിവിധാ-
യാത്മകാന്താസമേതാഃ
ദ്വൈതാരണ്യേനിഷേദുർവ്വിശദതരയശോ-
മണ്ഡനാഃപാണ്ഡവാസ്തേ. 3
കാലേനസ്മിൻധർമ്മരാജംവിപിനഭുവിതഥാ-
ഭൂതമാലോക്യകോപ-
ജ്വാലാവാദനോത്തുംഗശ്വാസനിശ്ശിഥിലിതകേ-
ശാംബരാംദ്രൗപദീംതാം
ബാലൗകണ്ഠേപിനൃത്യദ്ഘനഗഹനച
ഭീമസേനോബഭാഷേ (ദൗ
വേലാതീതാനുഭാവംവലരിപുതനയം
വീക്ഷ്യകോഷ്ണംശ്വസന്തം. 4
ഹേരാജൻ!ധർമ്മസൂനോ!തവജളതകൾകൊ
ണ്ടിങ്ങിനെഞങ്ങളുംദു-

ഷ്ടാരേശോകാംബുരാശൌവിവശതരമുഴ–
ന്നീടുമാറായ്ചമഞ്ഞു
വീരാണാംവീരനല്ലോവിജയനിധനസൌ
ഞാൻമിച്ചെയ്തുദ്വ്യാ–
പാരാന്മാററീടുവാനൽഭടഭുജമഹിമാ
ധിശ്ചിഃഗതൌഭുജൌമേ. 5
എന്താവൃഗാണ്ഡിവംകാർമ്മുകമരിയഗദാ
ഭംഗദാവൈഃഭാജാ–
മെന്താവൃപേത്ത്രമെന്താവതുമ്പതയമയോ–
രേതയോശ്ശൌര്യസാരം
പൈന്തേൻനേവ്വാണികൃഷ്ണാചുഴലവുമയി
മൈവരുംനോക്കിനില്ക്കേ (നാ–
ഖിന്നാചാഹന്തദ്ദുഃസനനാരപശ്രൂനാ
താഡിതാപീഡിതാഭ്രൽ. 6
ചണ്ഡാത്മാകൌരവാണാംപടനാടുവിലുടൻ
ചാടിമമ്മാഗജാനാം
ഗണ്ഡഗണ്ഡനിതാന്തംചെവുത്തുകളിക–
പ്പിച്ചഘോരാംഗദാംമേ (ളി–
കണ്ഠേദ്ദുഃസനസ്യോജ്ജിതനഖമുഖമേ–
ല്പിച്ചവഞ്ചോരമോന്തി–
ക്കൊണ്ടേനേഭീമസേനൻമിഴികൾതവവെല
ക്കാഞ്ഞതാകിൽത്തദാനീം. 7
സതിദ്രോണാചാര്യേസതിഗുണ–
നിധൌതസ്യതനയേ
സതിപ്രാജ്ഞേഭീഷ്മേസതിചപി–
ദുഃരസത്യപികൃപേ
സവാപഃകൌരവ്യസ്സതിചസ–
കലേബാന്ധവജനേ
സഭായാംപാഞ്ചാല്യാശ്ശിവശിവ!
പരസ്ഥാദലമലം. 8
ദുഷ്ടാത്മാദ്ധ്യതരാഷ്ട്രജഃപ്രദിശമേ
ഹാലാഹലംജാഹ്നവീ–
പാഥസ്യസ്യസനിംഹ്യണോഥജതുഗേ–
ഹേദാഹയസ്ഥാൻസമം
കിംനാമ്ലാസപകരോൽകരിഷ്യതിപുരാ
ദ്ദ്യൂതച്ഛലംതൽസ്മര–
സ്യാപാസോദ്യവനേതഥാപിഭവതോ
നോജായതേവികിയാ. 9
വിപദോളിഭവന്ത്യവിക്രമം
രഹയത്യാപദുപേതമായതിഃ
ലഘുതാനിയതാനിരായതേ–
രഗരിയാൻനപദംനൃപശ്രിയഃ 10
ദ്വിരദാനിവദിഗ്വിഭാവിതാം–
ശ്ചതുരസ്തോയനിധീനിവായതാ
പ്രസഹേതരണേതവാനുജാൻ
ദ്വിഷതാംകശ്ശതമന്യുതേജസഃ. 11
തദലംപ്രതിപക്ഷമുന്നതേ–
രവലംബ്യവ്യവസായവന്ധ്യതാം
നിവസന്തിപരാക്രമാശ്രയാ
നവിഷാദേനസമംസമൃദ്ധയഃ. 12
അലംബാഷ്പൈരേതൈരിഹമാവിളംബൈഃ
ഖലാഹിതാനോസമയഃപ്രതീക്ഷ്യഃ
തദാശുകർമ്മോദ്ധതരാഷ്ട്രപുത്രൈ–
ര്വിഭംവസാമോനിജരാജ്യഏവ. 13
ദ്രുപദസുതതദാനീംചൊല്ലിനാൾതത്രമദ്ധ്യേ
സഭമധിഗതതാപാനോത്ത്ബാഷ്പാകുലാ– (ക്ഷീ
നൃപതിമധികഖിന്നാധർമ്മരാജംഭിനശ–
പ്രഭമവശമരണ്യേസാധരണ്യാംനിഷണ്ണം.
ഭവാദൃശേഷുപ്രമദാജനോദിതം
ഭവത്യധിക്ഷേപഇവാനുശാസനം
തഥാപിവക്തുംവ്യവസായയന്തിമാം
നിരസ്തനാരിസമയാദുരാധയഃ. 15
അഖണ്ഡമാഖണ്ഡലതുല്യധാമഭി–
ശ്ചിരംധൃതാഭൂപതിഭിസ്സ്വവംശജൈഃ
ത്വയാത്മഹസ്തേനമഹീമദച്യുതാ
മതംഗജേനസ്രഗിവാപവർജ്ജിതാ. 16
നാട്ടംഗേഹങ്ങളുംനിൻവിവിധധനവുമേ–
താൻനിജാൻബന്ധുവർഗ്ഗാ–
നീടേറുംഭൃത്യലോകാൻപരിചിലവരജാ–
നാത്മദാരാനധീരാൻ
പാടേചൂതിന്നുനീതാൻനരവര!പണയം

വെച്ചതോയുക്തമല്ലോ
തേടീടുന്നീലഖേദംപുനരതിനരവിഭോ!
ഹന്തഞാൻദീനദീനാ. 17
ഓരോരോനാട്ടുമോരോനഗരവുമുടനോ-
രോധനാഗാരവുംമ-
റ്റോരോരോചാരണപ്പന്തിയുമണികതിമ-
പ്പന്തിയുംമറ്റൊരോന്നേ
ഓരോന്നേഹന്തവേറേശിവശിവ!!പണയം
വെച്ചതാകിൽപ്പിഴക്കം (നേ
വാരാതേചാവൊളുന്നാഠത്തവനൃപ!ഭവ-
വാണുകൊള്ളായിരുന്നു. 18
മംഗല്യചന്ദനരസോചിതമായമെമേ-
ലെങ്ങാകനമ്പൊടിയണിഞ്ഞുചരിഭ്രമന്തം
ഞ്ഞുംഗംവ്വകോദരമട്ടത്തതിദീനമേനം
കൺകൊണ്ടുകാണ്മതിനുവേദനയില്ലയോ-
നിസ്തന്ദ്രവൃത്തരകന്ദ്രൽചരിഭ്രമ്യഭ്രമ്യോ (തെ.
ഹന്ത്രധനംതവവഴങ്ങിനവിക്രമോഷ്ടാ
അദ്യാഹരത്യഹഹ!!വല്ക്കലമഞ്ജനോസൌ
ധിക്കൃത്യധർമ്മധനവേദനയില്ലയോതേ. 20
വാട്ടംകലൻവനദന്തികളെന്നപോലെ
കാട്ടിൽക്കിടന്നുകഠിനീകൃതലോമശാംഗൌ
ശ്രേഷ്ഠൌയമൌപുനരിമൌകരുത്താദശാ-
(യാം
നാട്ടാർചിരിക്കമതുവേദനയില്ലയോതേ. 21
നക്തംമഹാഹശയനീയമുപേത്യമുന്നം
പ്രത്യൂഷഗീതിഭിരുണർന്നരുളുന്നനീതാൻ
പൃഥ്വ്യാംകിടന്നുകശപംക്തിയിലോരികേട്ടു-
ന്നിദ്രാംജഹാസിവദവേദനയില്ലയോതേ. ()
ഇന്നുംക്ഷമാബലമിയന്നുമകിണ്ണിരിപ്പാൻ
തന്നേഭവാനനിനവെങ്കിലിതൊന്നുവേണം
ഇന്നേവിഹായകലവില്ലപരാക്രമശ്രീ-

ചിഹ്നംജടീജ്ജ്വലധിപാവകമായതെല്ലാം.()

(ഗദ്യം) ശിവശിവ! കർമ്മദോഷം തട്ടുകാവതല്ലേത്രമേ കൌരവൻ പാപി ചുററിപ്പിടിച്ചെന്നെ മുട്ടസ്സഭായാമിഴക്കുന്നനേരം കരുത്തേറുമോരോ മഹാലോകർ വല്ലീലതല്ലുന്നതൊന്നങ്ങൊഴിച്ചീടുവാനത്രയല്ലേഷപാപൻ കുലംനിന്മലംപാർത്തതില്ലേത്രമേ. വേദവാക്യങ്ങളേപ്പാർത്തതില്ലേത്രമേ ശാസ്ത്രസിദ്ധാന്തവും പാർത്തതില്ലേത്രമേ സാധുമാർവൃത്തവും പാർത്തതില്ലേത്രമേ ശൌര്യഭാജാംക്രമംപാർത്തതില്ലേത്രമേ ബ്രഹ്മചര്യത്തിനന്വേഷവെണ്മാടമല്ലാനപൃഷ്ഠം പരബ്രഹ്മവിദ്യാഖ്യമാദ്ധ്യാത്മികധാരസ്സു ശൌര്യത്തിനാക്രീഡമമ്പോടെഴും വീരലക്ഷ്മിസ്സു മംഗല്യരംഗം മദംകോലുമുച്ചീപതീൻവെന്നുഗർവ്വിക്കമശ്ശുവ്വശിഷ്യൻ മുനിക്കുളപ്പെട്ടെന്നു വാങ്ങിച്ചെഴും ഭീഷ്മരേത്തന്നെയും പാർത്തതില്ലേത്രമേ കഷ്ടമസ്ത്രോപദേഷ്ടാരമദ്രോണരെത്തന്നെയും പാർത്തതില്ലേത്രമേ വഹ്നിജന്മാവുമത്സോദരൻതാനുമെൻതാതനും കൂടനാണിച്ചുകോണത്തൊളിച്ചീടുമാറായി തെന്മലമെൻകർമ്മദോഷാദ്ദുഃഖം ധർമ്മസൂനോരധർമ്മാകരേ ഹന്ത ചൂതിങ്കലത്യുത്സുകം ചിത്തമാസീത്തദാ ഭീമസേനന്നു ഭീമസമ്പാങ്ങളെത്താഞ്ഞതുംമാമകംകർമ്മദോഷം ദിഷാമൂഷ്ടപെട്ടന്നടക്കുന്ന സുത്രാമസൂനോരതിശ്ലാഘ്യശാസ്ത്രാസ്ത്രസാരങ്ങളൊന്നും തദാ ചെററുതോന്നാഞ്ഞതും മാമകംകർമ്മദോഷം. പാഞ്ഞേതവമെല്ലാംകരത്തങ്ങു വീണാഠം ധരണ്യാമരണ്യേതദാപാഷ്തീ.

——

# പ്രകൃതിതന്ത്രസാരം

ബ്രഹ്മവിദ്യയെന്നും ലൌകികവിദ്യയെന്നും പറയപ്പെട്ടുന്ന ശാസ്ത്രങ്ങൾ, ശാസ്ത്രം എന്ന സാമാന്യശബ്ദത്തിൻെറ രണ്ടു വ്യക്തിഭേദങ്ങളാകുന്നു. സ്ഥൂലമായ നോട്ടത്തിൽ ഈ രണ്ടു ശാസ്ത്രങ്ങളും വിപരീതസ്വഭാവങ്ങളെന്നു തോന്നിപ്പോകാൻ ന്യായമുണ്ട്. എങ്കിലും അവയ്ക്കു തമ്മിൽ പരസ്പരാനുരൂപമായ ഒരു സംബന്ധമുണ്ടെന്ന സംഗതി പാശ്ചാത്യന്മാർ കൂടി സമ്മതിക്കുന്നതാണ്. പരതത്വശാസ്ത്രനിഷ്ണാതന്മാരും ലൌകികവിദ്യാവിശാരദന്മാരുമായ ഹൈന്ദവശാസ്ത്രജ്ഞന്മാർ ഈ സംഗതി നല്ലവണ്ണം ഗ്രഹിച്ചിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ ലൌകികവിദ്യ ഒരിക്കലും ബ്രഹ്മവിദ്യയ്ക്കു വിരുദ്ധമാകുന്നില്ലെന്നു തന്നെയുമല്ല അതിൻെറ സഹായം ബ്രഹ്മവിദ്യാപരിശീലനത്തിന്ന് അത്യാവശ്യമായുമിരിക്കുന്നു. ബ്രഹ്മമഹിമാദി നിരൂപണം ചെയ്യുന്നതിനും വേദാന്തശാസ്ത്രപ്രക്രിയകളെ ശരിയായി പ്രതിപാദിക്കുന്നതിനും അതിസുഗ്രഹങ്ങളായ ലൌകിക നിദർശനങ്ങൾ അത്യാവശ്യമാകുന്നു. അതുകൊണ്ടാകുന്നു ഉപനിഷത്തുകളിലും അവിടവിടെയായി ലൌകികനിദർശനങ്ങൾ തന്നെ കാണപ്പെടുന്നത്. ലൌകികശാസ്ത്രപ്രവൎത്തകന്മാരുടെ പ്രതിഭാപ്രഭാവങ്ങൾ കൊണ്ടു നവംനവങ്ങളായ വിഷയങ്ങളുടെ സൂക്ഷ്മജ്ഞാനം സിദ്ധിക്കുംതോറും ജഗൽസൃഷ്ടി വൈചിത്ര്യവിജ്ഞാനവും വിശദതരമായിത്തീരുന്നു. ഇപ്രകാരം ബ്രഹ്മവിദ്യൈകശരണന്മാൎക്കു കൂടിയും ലൌകികവിദ്യാപരിചയം ആവശ്യമാണെന്നു തെളിയുന്നു.

എന്നാൽ ഇന്ത്യാദേശികളായ നാം പാശ്ചാത്യശാസ്ത്രങ്ങളിൽ പരിചയിക്കേണ്ടത് ആവശ്യമാണെന്നുള്ളതിലേക്കു മറൊരു കാരണമിരിക്കുന്നു. ഹിന്തുക്കളുടെ ഇടയിൽ ലൌകികശാസ്ത്രങ്ങൾക്കു വലിയ പരിഷ്കാരം സിദ്ധിച്ചിട്ടില്ലെങ്കിലും ആവക ശാസ്ത്രതത്വങ്ങൾ പ്രാചീനങ്ങളായ ഹൈന്ദവഗ്രന്ഥങ്ങളിൽ പലയിടങ്ങളിലും സ്വല്പം സ്വല്പം കാണ്മാനുണ്ട്. ഋഷിപ്രോക്തങ്ങളായ പുരാതനപ്രബന്ധങ്ങളിലും, ശുക്രനീതി, കാമന്ദക, ചാണക്യതന്ത്രം തുടങ്ങിയുള്ള രാജനീതിഗ്രന്ഥങ്ങളിലും ഭൌതികാദി ലൌകികവിഷയങ്ങൾ അവിടവിടെയായി ചിന്നിച്ചിതറിക്കിടക്കുന്നുണ്ട്. അതേപ്രകാരം തന്നെ ആയുൎവ്വേദം ജ്യോതിശ്ശാസ്ത്രം ശില്പം മന്ത്രം തന്ത്രം മുതലായ സംസ്കൃതഗ്രന്ഥങ്ങളിൽ പുരാതനനിബദ്ധങ്ങളായി സുപ്രസിദ്ധങ്ങളായി സൎവ്വലോകപരിഗൃഹീതങ്ങളായിരിക്കുന്ന വിഷയങ്ങൾ വിശകലിതവികീൎണ്ണങ്ങളായി കാണപ്പെടുന്നു. അങ്ങനെയാണെങ്കിലും ഈ വിഷയങ്ങൾ പാശ്ചാത്യശാസ്ത്രങ്ങളിൽ എന്നപോലെ മഹാപ്രബന്ധരൂപമായി പ്രത്യേക സ്ഥാനങ്ങളിൽ കടന്നു ശാസ്ത്രപദവിയിൽ കയറുന്നതിന്നു സമൎത്ഥങ്ങളാകുന്നില്ല. ആകയാൽ ഈ വക വിഷയങ്ങളെ നവീന സരണിയെ ആശ്രയിച്ചു പരിഷ്കരിക്കുന്നതിന്നു ശ്രമിക്കേണ്ടതു സ്വദേശാഭിമാനികളുടെ കടമയാകുന്നു. ഈ മഹാകാൎയ്യസിദ്ധിക്കായെങ്കിലും പാശ്ചാത്യശാസ്ത്രപരിചയം ആവശ്യമാണെന്നു സ്പഷ്ടമായി.

ഈ പാശ്ചാത്യശാസ്ത്രങ്ങൾ എത്ര

ല്ലാമാണ്? ഓരോന്നിന്റെയും സ്വരൂപം ഏതുപ്രകാരമിരിക്കുന്നു? എന്നിങ്ങിനെയുള്ള ചോദ്യങ്ങൾക്കു ശരിയായ ഉത്തരം പറവാൻ കഴിവില്ലാത്ത വിധം അവയുടെ സംഖ്യ അത്ര വലുതായിരിക്കുന്നു. എന്നുതന്നെയുമല്ല, പടുതരമതികളായ വിദ്വാന്മാരുടെ നവനവസംരംഭങ്ങൾ കൊണ്ടു ശാസ്ത്രങ്ങളുടെ എണ്ണം പ്രതിദിനം വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു. പ്രകൃതിതന്ത്രം, രസതന്ത്രം, വസ്തുസ്വരൂപചരിതം ഗണിതശാസ്ത്രം, ശില്പശാസ്ത്രം, അർത്ഥശാസ്ത്രം, ഭൂഗോളശാസ്ത്രം, ഭൂതത്വശാസ്ത്രം, വനസ്പതിശാസ്ത്രം, പ്രാണിശാസ്ത്രം, കൃഷിശാസ്ത്രം, ആരോഗ്യശാസ്ത്രം, വൈദ്യശാസ്ത്രം, ഭാഷാശാസ്ത്രം, ന്യായശാസ്ത്രം, മനസ്തത്വശാസ്ത്രം, ധർമ്മതത്വസ്വരൂപം എന്നിവ ഇപ്പോൾ സുപ്രസിദ്ധങ്ങളായി ലബ്ധപ്രതിഷ്ഠങ്ങളായിരിക്കുന്ന ശാസ്ത്രങ്ങളിൽ ചിലതു മാത്രമാകുന്നു. ഈ ശാസ്ത്രങ്ങളെയെല്ലാം ശരിയായി പരിശീലിച്ച് അവയുടെ സ്വരൂപജ്ഞാനം സമ്പാദിക്കുന്നതിനു മനുഷ്യന്റെ ചുരുങ്ങിയ ജീവിതകാലം മതിയാകുന്നതല്ല. ആകയാൽ

അനന്തപാരംകിലവേദിതവ്യം
അല്പശ്ചകാലോബഹവശ്ചവിഘ്നാഃ
യത്സാരഭൂതംതദുപാദദീത
ഹംസോയഥാക്ഷീരമിവാംബുമദ്ധ്യാൽ

അസാരമല്പസാരംച
സാരംസാരതരംത്യജേൽ
ഭജേൽസാരതമംശാസ്ത്രം

എന്നു പറഞ്ഞിട്ടുള്ളതുപോലെ ഏററവും സാരമായതിനെ മാത്രം ഗ്രഹിക്കുന്നതിനു നാം ശ്രമിക്കേണ്ടതാണ്. ഇവിടെ സാരതമമായ ശാസ്ത്രം ഏതാണെന്നുള്ള വിചാരം ആവശ്യമായിത്തീരുന്നു. യാതൊരു ശാസ്ത്രത്തിന്റെ പരിശീലനംകൊണ്ടു ലൌകികമായും ആത്മികമായും പ്രവർത്തിക്കുന്ന മാനുഷശക്തികൾ വേണ്ടവിധം പരിപുഷ്ടങ്ങളായിത്തീരുന്നുവോ ആ ശാസ്ത്രത്തെയാകുന്നു സാരതമമായി ഗണിക്കേണ്ടത്. യാതൊരു ശാസ്ത്രം മനുഷ്യന്റെ ലൌകികമായ ഉൽകർഷത്തിനു പരമോപകാരമായിത്തീരുന്നതിനു പുറമെ ജഗന്നിർമ്മാണകൌശലാതിശയനായിരിക്കുന്ന പരബ്രഹ്മത്തിന്റെ സർവ്വജ്ഞത്വം സർവ്വശക്തിത്വം ആദിയായ മാഹാത്മ്യത്തെ കൂടി സുവിശദമായി പ്രകടിപ്പിക്കുന്നുവോ ആ ശാസ്ത്രം തന്നെയാകുന്നു സാരതമമായിട്ടുള്ളത്. ഇങ്ങനെ നോക്കുമ്പോൾ പ്രകൃതിതന്ത്രം എന്ന ഭൌതികശാസ്ത്രത്തിന്ന് ഇതരശാസ്ത്രങ്ങളെ അപേക്ഷിച്ചുള്ള ശ്രേഷ്ഠത്വം സ്പഷ്ടമാകുന്നതാണ്.

ഈ ശാസ്ത്രമാകട്ടെ, പ്രകൃതിമണ്ഡലത്തിൽ കാണപ്പെടുന്ന ശക്തിവിശേഷങ്ങളുടെയും പ്രകൃതിവസ്തുനിഷ്ഠങ്ങളായ ധർമ്മങ്ങളുടെയും ആവക വസ്തുക്കൾക്കുള്ള പരസ്പരസംബന്ധങ്ങളുടേയും വർണ്ണനമാകുന്നു. ആകാശചാരികളായ ഗ്രഹങ്ങളുടെ പരസ്പരാകർഷണശക്തിനിയമങ്ങൾ, അഗ്നിജലതേജോവായുനിഷ്ഠങ്ങളായ ധർമ്മങ്ങൾ, ദശാഭേദാനുസൃതങ്ങളായ കാര്യഭേദങ്ങൾ, ലോകത്തിൽ കാണപ്പെടുന്ന നാനാവിധവർണ്ണങ്ങളുടെ സ്വരൂപങ്ങൾ, ശബ്ദവിശേഷങ്ങളുടെ ലക്ഷണങ്ങൾ, വിദ്യുച്ഛക്തി, അയസ്കാന്തശക്തി ആദിയായ ശക്തിഭേദങ്ങളുടെ സ്വഭാവവിശേഷങ്ങൾ, ആവക ശക്തികളിൽ പ്രവർത്തിച്ചുകാണുന്ന നിയമങ്ങൾ, ഇടി, മിന്നൽ, മഴ, മഞ്ഞു മുതലായവയുടെ ഉല്പാദഹേതുക്കൾ എന്നിങ്ങനെയുള്ള വിവിധവിഷയങ്ങൾ ഈ ശാസ്ത്രത്തിൽ വർണ്ണിക്കപ്പെടുന്നവയാകുന്നു. ചുരു

ക്കിപ്പറയുമ്പോൾ വസ്തു സ്വരൂപശാസ്ത്ര (Natural History) ത്തിൽ കേവലസ്വരൂപഗ്രഹണത്തിന്നായി സംക്ഷിപ്തമായി വൎണ്ണിക്കപ്പെടുന്ന സകല വിഷയങ്ങളേയും ഇവിടെ വിശേഷജ്ഞാനത്തിന്നായി വിസ്തരിച്ചു പ്രതിപാദിക്കുന്നു. ഈ പ്രകൃതിതന്ത്രമഹാൎണ്ണവത്തിന്റെ തരംഗരൂപങ്ങളായിത്തീൎന്നിട്ടുള്ള പ്രധാനപ്പെട്ട ശാസ്ത്രങ്ങൾ താഴെ കാണുന്നവയാകുന്നു.

| | | |
|---|---|---|
| 1 | ശക്തിശാസ്ത്രം | Mechanics |
| 2 | ദ്രവതത്വശാസ്ത്രം | Hydrostatics |
| 3 | വായുതത്വശാസ്ത്രം | Pneumatics |
| 4 | ശബ്ദതത്വശാസ്ത്രം | Acoustics |
| 5 | ഉഷ്ണതത്വശാസ്ത്രം | Thermostatics and Thermodynamics |
| 6 | തേജസ്തത്വശാസ്ത്രം | Optics |
| 7 | വിദ്യുച്ഛക്തിശാസ്ത്രം | Electricity |
| 8 | അയസ്കാന്തതത്വശാസ്ത്രം | Magnetism |

ഈ ശാസ്ത്രങ്ങളിൽ ഓരോന്നിന്റെയും സ്വരൂപത്തെ സംക്ഷിപ്തമായി നിരൂപിക്കാം.

## 1 ശക്തിശാസ്ത്രം

ഈ ശാസ്ത്രം ചലാചലവസ്തുസംബന്ധികളായ ശക്തിവിശേഷങ്ങളുടെ സ്വരൂപങ്ങളേയും അവയുടെ പ്രയോജനങ്ങളേയും അവയെ യന്ത്രാദികളിൽ വിനിയോഗിക്കുന്ന പ്രകാരങ്ങളേയും പ്രതിപാദിക്കുന്നു. ഗണിതശാസ്ത്രസഹായം കൂടാതെ ഈ ശക്തിശാസ്ത്രം സ്വല്പമെങ്കിലും പ്രവൎത്തിക്കുന്നില്ല; ഗണിതശാസ്ത്രം തന്നെ ഇവിടെ വ്യവഹാരോപയോഗിയായിത്തീൎന്നു വിശേഷമായ ക്രിയാഫലത്തെ ചെയ്യുന്നു. അതു ഹേതുവായി ഈ ശാസ്ത്രത്തെ ക്രിയാഗണിതം (Applied Mathematics) എന്നു പറഞ്ഞുവരാറുണ്ട്. ഈ ശക്തിശാസ്ത്രവിജ്ഞാനത്തിന്നനുഗുണമായ ക്രിയാകലാപമാകുന്നു ജനങ്ങൾക്കു നാഗരികതാസൂചകചിഹ്നമായിത്തീരുന്നത്. പ്രകൃതിലീനങ്ങളായ ശക്തികളെ ലോകോപകാരത്തിന്നായി വിനിയോഗിക്കുന്നത് ഈ ശാസ്ത്രത്തെ മാത്രം ആസ്പദമാക്കിച്ചെയ്യുന്ന പ്രവൃത്തിയാകുന്നു. ഈ ശാസ്ത്രപരിചയംകൊണ്ടുതന്നെ യന്ത്രനിൎമ്മാണദ്വാരാ ഗുരുതമങ്ങളായ ഭാരങ്ങളെ മനുഷ്യപ്രയത്നം കൂടാതെ സമുദ്ധരിക്കുന്നതിന്നും അതിമാനുഷങ്ങളായ മററനേകം വ്യാപാരങ്ങൾ ചെയ്യുന്നതിന്നും കഴിവുണ്ടാകുന്നു. ഇങ്ങനെയിരിക്കുന്ന ശക്തിശാസ്ത്രത്തെത്തന്നെ അചലശക്തിശാസ്ത്രം (Statics) ചലശക്തിശാസ്ത്രം (Dynamics) എന്നിങ്ങിനെ രണ്ടായി വിഭജിച്ചിരിക്കുന്നു.

### അചലശക്തിശാസ്ത്രം

ഈ ശാസ്ത്രമാകട്ടെ അചലവസ്തുവിഷയമായിരിക്കുന്ന ശക്തിസ്വരൂപാദികളെ നിരൂപിക്കുന്നു. ഗൃഹപ്രാസാദാദിനിൎമ്മാണത്തിൽ അന്തരാളയുക്തമായ വക്രബന്ധത്തിന്റെ ആവശ്യം നേരിടാറുണ്ട്. ഈ വക്രബന്ധം അൎദ്ധവൃത്താകാരമായും, വൃത്ത

ഖണ്ഡാകാരമായും, ധനരാകാരമായും മറ്റും പലപല രൂപത്തിൽ ചെയ്യേണ്ടതാകുന്നു. ഈ ബന്ധത്തിൻെറ ഉപരിഭാഗത്തിൽ എത്രമാത്രം ഭാരം ധരിക്കപ്പെടാമെന്നുള്ള ഗണനം അതിൻെറ രചനത്തിൽ അത്യാവശ്യമാകുന്നു. ഇപ്രകാരം നിൎണ്ണയിക്കപ്പെടുന്ന സഹനശക്തിയെ ആകുന്നു അതിൻെറ ധാരണശക്തി എന്നു പറയുന്നത്. ആധാരാധേയഭൂതങ്ങളായിരിക്കുന്ന രണ്ട് അചലവസ്തുക്കളിൽ ആധാരത്തിന്ന് ആധേയഭാരത്തെ വഹിക്കുന്നതിന്നുള്ള സാമൎത്ഥ്യം ഉണ്ടായിരിക്കണമെന്നു സ്പഷ്ടമാണ്. ആധേയവസ്തുവിൻെറ ഭാരമെന്നതു പൃഥ്വീകേന്ദ്രവൎത്തിയായിരിക്കുന്ന ആകൎഷകശക്തിവിശേഷമാകുന്നു. ആധാരത്തിൻെറ സഹനശക്തിയാകട്ടെ ആധേയഭാരത്തിന്നു തുല്യമായി വിപരീതദിക്കിലേക്കു പ്രവൎത്തിക്കുന്ന ശക്തിയാകുന്നു. ആധാരാധേയസംബന്ധികളായിരിക്കുന്ന ഈ രണ്ടു ശക്തികളും തുല്യങ്ങളല്ലെങ്കിൽ വസ്തു നിശ്ചലമായി നിൽക്കയില്ലെന്നു വ്യക്തംതന്നെ. ആകയാൽ ഇവിടെ ശക്തിനിൎണ്ണയം ആവശ്യമെന്നു തെളിയുന്നു. ഇതേപ്രകാരം തന്നെ നാനാവിധയന്ത്രായുധാദിസാധനനിൎമ്മാണത്തിലും ശക്തിയുടെ പരിഗണനം ആവശ്യമായി വരുന്നു. ശക്തിപരിഗണനം ചെയ്യാതെ ആവക സാധനങ്ങളെ നിൎമ്മിക്കുന്നതായാൽ അവ അക്ഷമങ്ങളായും, ഭഗ്നാവയവങ്ങളായും, അപായകാരണങ്ങളായും പരിണമിക്കുന്നതാണ്. അതു ഹേതുവായി ഈ ശാസ്ത്രം ഗൃഹപ്രാസാദഗോപുരയന്ത്രായുധാദികളുടെ നിൎമ്മാതാക്കൾക്കും അന്യന്മാരായ ശില്പികൾക്കും അത്യന്തോപകാരമായിത്തീരുന്നു. ഈ ശാസ്ത്രത്തിൽ പ്രതിപാദിതങ്ങളായ വിഷയങ്ങളിൽ അതിപ്രധാനമായവയെ മാത്രം താഴെക്കുറിക്കുന്നു.

| | | |
|---|---|---|
| 1 | തുലാമാനതന്ത്രം. | The Balance, the lever and the steel yard |
| 2 | ഭാരോദ്ധരണചക്രതന്ത്രം. | The pulley |
| 3 | കൎണ്ണീകീലതന്ത്രം | The screw |
| 4 | ചക്രാക്ഷതന്ത്രം | the wheel and axe |
| 5 | അനുന്നതസമക്ഷേത്രതന്ത്രം | The inclined plane |
| 6 | ഭാരകേന്ദ്രതന്ത്രം | Centre of gravity |

ലേഖനദൈൎഘ്യഭയംകൊണ്ട് ഇവയെ ഇവിടെ പ്രത്യേകം പ്രത്യേകം വൎണ്ണിക്കണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഭാരകേന്ദ്രതന്ത്രത്തെപ്പറ്റി ഒരു മുഖവുരയുടെ രൂപത്തിലെങ്കിലും സ്വല്പം പ്രസ്താവിക്കേണ്ടത് ആവശ്യമാണ്.

### ഭാരകേന്ദ്രം

ഒരു വസ്തുവിൻെറ ഭാരം എന്നത് ആ വസ്തുവിൽ നിന്നു പൃഥ്വീകേന്ദ്രത്തെ ലക്ഷ്യമാക്കി പ്രവൎത്തിക്കുന്ന ശക്തിവിശേഷമാണെന്നു മുകളിൽ കാണിച്ചിട്ടുണ്ട്. ഈ ശക്തിയുടെ പ്രസരണപദ്ധതിയെ സൌ

കയ്യത്തിലേക്കായി ഭാരരേഖ എന്നു സംജ്ഞ ചെയ്യാം. ഒരു വസ്തുവിൻെറ ഭാരരേഖ ആ വസ്തുവിൽ ഏതു സ്ഥാനത്തു പ്രവേശിക്കുന്നുവോ ബിന്ദുസ്വരൂപമായ ആ സ്ഥാനത്തെയാകുന്നു ഭാരകേന്ദ്രം (Centre of Gravity) എന്നു പറയുന്നത്. ഒരു വസ്തുവിൻെറ ഭാരകേന്ദ്രസ്ഥാനത്തിന്നു ശരിയായ ആധാരമുള്ളപ്പോൾ മററു സകല സ്ഥാനങ്ങളും നിരാധാരമായിരുന്നാൽ തന്നെ ആ വസ്തു നിശ്ചലമായിരിക്കുന്നതാണ്. ഇതാകുന്നു ഭാരകേന്ദ്രലക്ഷണം. ഇനിയും ഭാരകേന്ദ്രനിയമങ്ങളെ പറയുന്നു.

1 ഭാരകേന്ദ്രരേഖ (അതായത് ഭാരകേന്ദ്രത്തേയും പൃഥ്വീകേന്ദ്രത്തേയും തമ്മിൽ സംബന്ധിപ്പിക്കുന്ന ലംബവത്തായ രേഖ) പാദതലാന്തർഭാഗത്തു കൂടിപ്പോകുമ്പോൾ വസ്തു നിശ്ചലമായിരിക്കയും ബഹിർഭാഗത്തു കൂടിപ്പോകുമ്പോൾ മറിഞ്ഞുപോകയും ചെയ്യുന്നു.

2 പാദസങ്കോചവും പാദകേന്ദ്രത്തിൽ നിന്നു ഭാരകേന്ദ്രരേഖക്കുള്ള ദൂരവുമനുസരിച്ചു വസ്തുവിൻെറ പ്രതിഷ്ഠക്കു ശൈഥില്യം വരുന്നു.

3 പാദവിസ്താരവും പാദകേന്ദ്രവുമായി ഭാരകേന്ദ്രരേഖക്കുള്ള സാമീപ്യവുമനുസരിച്ചും വസ്തു ദൃഢപ്രതിഷ്ഠമായിത്തീരുന്നു.

ഇങ്ങനെയുള്ള നിയമങ്ങളുടെ പരിജ്ഞാനമില്ലെങ്കിൽ പലപ്രകാരത്തിലുള്ള അപായങ്ങൾ നേരിടാവുന്നതാണ്. വള്ളങ്ങളിലോ വണ്ടികളിലോ ഇരിക്കുന്നവർ ഭ്രമംകൊണ്ടോ ഭീതികൊണ്ടോ പെട്ടെന്ന് എഴുനേൽക്കുന്നതായാൽ അവ മറിഞ്ഞുപോകയും അതു ഹേതുവായി അപായം പ്രാപിക്കയും ചെയ്യുന്നു. ഇതിന്നു കാരണം ആ വള്ളങ്ങളുടേയും വണ്ടികളുടേയും ഭാരകേന്ദ്രരേഖകൾക്ക് ഉചിതസ്ഥാനത്തിൽ നിന്നുണ്ടാകുന്ന മാററമാണെന്നു പറയേണ്ടതില്ല. ലോകത്തിൽ സകല പ്രാണികളും അവയുടെ ഭാരകേന്ദ്രസന്നിവേശാനുഗുണമായിത്തന്നെ സ്ഥിതിചലനാദികളെ ചെയ്യുന്നു. ഈ ചൈതന്യകാര്യം ഈശ്വരസങ്കല്പംകൊണ്ടു സംഭവിക്കുന്നു എന്നല്ലാതെ ആ പ്രാണികൾക്കു ഭാരകേന്ദ്രവിഷയമായ നിയമപരിജ്ഞാനം ശാസ്ത്രരീതിയനുസരിച്ചു സിദ്ധിച്ചിട്ടുള്ളതുകൊണ്ടാണെന്നു പറവാൻ പാടില്ല. പിൻഭാഗംകൊണ്ടു ഭാരം വഹിക്കുന്നയാൾ തൻെറ ദേഹത്തെ മുമ്പോട്ടു വളക്കുന്നതും ശിശുധാരിണിയായ ധാത്രി സ്വന്തദേഹത്തെ ഒരു വശത്തേക്കു ചരിക്കുന്നതും ശാസ്ത്രപരിചയംകൊണ്ടു ചെയ്യുന്ന പ്രവൃത്തികളല്ല. എങ്കിലും അങ്ങിനെ ചെയ്യുന്നതു ഭാരകേന്ദ്രരേഖ പാദതലാന്തർഭാഗത്തിൽ പതിക്കുന്നതിന്നു വേണ്ടിയാണെന്നു സ്പഷ്ടമാണല്ലോ.

ചലശക്തിശാസ്ത്രം

ഈ ശാസ്ത്രം ചലവസ്തുവിഷയമായിരിക്കുന്ന ശക്തിസ്വരൂപാദികളെ നിരൂപണം ചെയ്യുന്നു. അടിയിൽ പ്രതിപാദിക്കുന്ന പ്രമേയങ്ങളിൽ നിന്ന് ഇതിൻെറ സ്ഥൂലമായ ഒരറിവു കിട്ടുന്നതാണ്.

1 രേഖാരൂപേണ ശക്തിപ്രദർശനം

ഓരോ ശക്തിയെ സംബന്ധിച്ചും മൂന്നു വിഷയങ്ങൾ പരിജ്ഞേയങ്ങളായുണ്ട്.

1. ശക്തിപ്രമാണം Magnitude
2. പ്രസരണദിക്ക് Direction
3. പ്രയോഗസ്ഥാനം Point of action

ശക്തിപ്രമാണമെന്നതു ശക്തിയുടെ അളവെന്നും, പ്രസരണദിക്ക് എന്നതു ശക്തി ഏതു ദിക്കിനെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നുവോ ആ ദിക്കെന്നും, പ്രയോഗസ്ഥാനമെന്നതു ബിന്ദുരൂപമായ ഏതൊരു സ്ഥാന

ത്തു ശക്തിയുടെ പ്രയോഗം കാണപ്പെടു ന്നുവോ ആ സ്ഥാനമെന്നും മനസ്സിലാക്കേ ണ്ടതാണ്. മാനദിക്സ്ഥാനങ്ങൾ എന്ന ഈ മൂന്നു വിഷയങ്ങളിലും ശക്തികൾക്കു സരളരേഖകളുമായി സാദൃശ്യമുണ്ട്. അതു ഹേതുവായി സരളരേഖകൾകൊണ്ടു ശ ക്തികളെ പ്രദശിപ്പിക്കുന്ന സമ്പ്രദായം ശാസ്ത്രജ്ഞന്മാർ സ്വീകരിച്ചിരിക്കുന്നു.

ചിത്രത്തിൽ കാണുന്ന എം എ രേഖവരി മിതമായ ഒ രു ശക്തിയെ പ്രദശിപ്പി ക്കുന്നു. ശക്തിയുടെ പരി മാണം നിണ്ണയിക്കുന്നതിന് ഒരു മൂലമാനം അല്ലെങ്കിൽ തോത് ആവശ്യമാണ്. ക്ലുപ്തവസ്തുവായ ഒരു സാ ധനത്തിന്റെ ഭാരത്തെ തൽക്കാലം മൂലമാനമായി എടുക്കുന്നു എന്നു വിചാരി ക്കണം. ഇപ്രകാരം ഒരു മൂ ലമാനത്തെ നിശ്ചയിച്ചുക ഴിഞ്ഞാൽ ശക്തിയുടെ പ രിമാണം അതിന്റെ ഗുണ നത്തിൽനിന്നു കിട്ടുന്നതാ ണ്. സൌകയ്യത്തിനായി ഇവിടെ ഒരു കഴഞ്ചുഭാര




ത്തെയാണ് മൂലമാനമായി സ്വീകരിച്ചിട്ടു ള്ളത്. എം എ എന്ന രേഖ ൫ കഴഞ്ചു പരിമാണമുള്ള ഒരു ശക്തിയെ പ്രദശിപ്പി ക്കുന്നു എന്നും ഈ ശക്തി എം എന്ന സ്ഥാനത്തു പ്രയോഗിക്കപ്പെടുന്നു എന്നും എം സ്ഥാനത്തുനിന്നു സി സ്ഥാനപ്രാപ്തി മാഗ്ഗത്തിൽ മേല്പടി രേഖയിങ്കൽ പ്രസരി ക്കുന്നു എന്നും ഊഹിക്കണം. അങ്ങിനെ യിരിക്കെ എം ബി രേഖ എം എ രേഖയു ടെ ദ്വിഗുണമാണെങ്കിൽ ൧൦ കഴഞ്ചു പ രിമാണമുള്ള ഒരു ശക്തിയേയും, എം സി രേഖ എം എ രേഖയുടെ ചതുഗ്ഗുണമാണെ ങ്കിൽ അതു ൨൦ കഴഞ്ചു പരിമാണമുള്ള ഒ രു ശക്തിയേയും പ്രദശിപ്പിക്കുന്നു എന്നു വ്യ ക്തം. ടി ചിത്രത്തിൽ കാണിച്ചിരിക്കുന്ന അ സ്ത്രാഗ്രചിഹ്നാദിക്പ്രദശകമാണ്. ⟶ എന്ന ചിഹ്നം ഇടത്തുഭാഗത്തുനിന്നു വല ത്തുഭാഗത്തേക്കും ⟵ എന്ന ചിഹ്നം തദ്വിപരീതമായും പ്രവത്തിക്കുന്ന ഓരോ ശക്തിയുടെ ദിക്പ്രദശകമാണ്. ഇങ്ങി നെ എല്ലായിടങ്ങളിലും അറിഞ്ഞുകൊ ള്ളണം.

## 2. സമവിഷമവേഗലക്ഷണം.

ചലനശക്തിവിശേഷത്താൽ പ്രയു ക്തമായിരിക്കുന്ന ഒരു വസ്തു ഏതെങ്കിലും ഒരു ദിക്കിലേക്കു ചലിക്കുന്നു എന്നു വിചാ രിക്കണം. എന്നാൽ സാധാരണമായി വ സ്തുക്കളുടെ സ്ഥൂലത്വം ഹേതുവായി അവ യുടെ സ്ഥാനത്ത് അതിസൂക്ഷ്മമായ പര മാണുരൂപത്തെ സങ്കല്പിച്ചു അതിന്റെ ചലനസ്വരൂപത്തെ പ്രതിപാദിക്കയാകു ന്നു ശാസ്ത്രരീതി. ചലനമെന്നത് ഒരു സ്ഥാനം വിട്ടു മറെറാരു സ്ഥാനത്തെ പ്രാ പിക്കയാകുന്നു. മേൽപ്രസ്താവിച്ച പരമാ ണു ചില കാലഭാഗങ്ങളിൽ സ്വല്പം ദൂരം പോകുന്നു എന്നിരിക്കട്ടെ. അങ്ങിനെ പോ കുന്ന ദൂരഭാഗങ്ങൾ കാലഭാഗം തോറും നി യതസംഖ്യാകങ്ങളായിരിക്കുന്നു എങ്കിൽ ആ പരമാണു സമവേഗ (Uniform Velo- city) ത്തോടുകൂടി ചലിക്കയാകുന്നു. അ ല്ലാത്തപക്ഷം അതിന്റെ വേഗത്തെ വി ഷമവേഗം (Variable Velocity) എന്നു പ റയുന്നു. ഇവയെ ഒന്നുകൂടി വിശദമാക്കാം. പരമാണുരൂപമായ ഒരു വസ്തു ൫ സെക്കൻ

യിൽ ൧൦ ക്രോശങ്ങളെ അതിക്രമിക്കുന്നു എങ്കിൽ അത് ഓരോ ഘടികയിലും ൨ ക്രോശംവീതം പോകുന്നു. ഈ പ്രതീതി എല്ലായിടവും നിർദ്ദോഷമല്ല. ഒരു വസ്തു ഓരോ ഘടികയിലും ൨ ക്രോശം വീതം പോകുന്നുവെങ്കിൽ ഓരോ ഘടികയിലും ൨ ക്രോശം അതിന്റെ വേഗം എന്നു പറയപ്പെടുന്നു. നിയതസംഖ്യാകത്വം ഹേതുവായി ഈ വേഗം സമവേഗമാണെന്നും സ്പഷ്ടമാണ്. എന്നാൽ ഒരു വസ്തു ൧ മുതൽ ൫ വരെയുള്ള ഘടികകളിൽ ൧, ൧½, ൨, ൨½, ൩ ഇത്രയും ക്രോശങ്ങളെ മുറക്ക് അതിക്രമിക്കുന്നതായാൽ അത് ആകപ്പാടെ ൧൦ ക്രോശങ്ങൾ പോകുന്നുണ്ടെങ്കിലും ഓരോ ഘടികയിലും ൨ ക്രോശം പോകുന്നു എന്നു പറയുന്നതു ശരിയല്ല. അതുകൊണ്ട് ഇവിടെ വസ്തുവിന്റെ ചലനം വിഷമവേഗത്തോടുകൂടിയ ചലനം എന്നു പറയപ്പെടുന്നു. സമവേഗത്തോടുകൂടി ഓരോ ഘടികയിലും ക്രോശദ്വയദൂരം പോകുന്നു എന്നുള്ളതു വാസ്തവമല്ലെങ്കിലും ൫ ഘടികയിൽ ൧൦ ക്രോശങ്ങൾ തന്നെ അതിക്രമിക്കുന്നതുകൊണ്ട് ഓരോ ഘടികയിലും ഇതിന്റെ വേഗം ൨ ക്രോശമാണ് എന്നു പറയുന്നതു വ്യവഹാരത്തിൽ അനുവദിക്കാമെന്നല്ലാതെ പരമാർത്ഥമാകയില്ല. ഇപ്രകാരം വിഷമവേഗംകൊണ്ട് എവിടെയൊക്കെ ചലനമുണ്ടാകുന്നുവോ അവിടെയൊക്കെയും സമവേഗോക്തി വ്യാവഹാരികിയാണെന്നു സിദ്ധം. ഇങ്ങനെയുള്ള സമവേഗത്തെ വ്യാവഹാരികസമവേഗം (Average velocity) എന്നു പറയുന്നു.


വേഗത്തിന്റെ നിർണ്ണയത്തിൽ കാലദൂരങ്ങളുടെ പര്യാലോചന ആവശ്യമാണ്. അതിതദൂരത്തിൽ അതിതകാലത്തോടുള്ള വിഭജനത്തിൽ സമവേഗം കിട്ടും. ൧൦ ക്രോശങ്ങളെ ൫ ഘടികകൊണ്ടു വിഭജിക്കുമ്പോൾ ഓരോ ഘടികയിലും ൨ ക്രോശം എന്ന വേഗം കിട്ടും. അതുകൊണ്ടു സമവേഗഗണനകാലത്തിൽ ദൂരകാലങ്ങൾക്കുള്ള പരസ്പരസംബന്ധം ഉപയുക്തമാകുന്നു. ഈ സംബന്ധത്തെ താഴെ കാണിക്കുന്നു.

ദൂരം ÷ കാലം = വേഗം
൧൦ ൫ ൨
ദൂരം ÷ വേഗം = കാലം
൧൦ ൨ ൫
കാലം × വേഗം = ദൂരം
൫ ൨ ൧൦

ഇവിടെ ÷ വിഭജനചിഹ്നം = സമത്വസൂചകം
× ഗുണനചിഹ്നം

3. സമാനാന്തരചതുർഭുജംകൊണ്ടു ഭിന്നദിക്കുകളിലേക്കു പ്രസരിക്കുന്ന ശക്തികളുടെ ഫലം നിർണ്ണയിക്കുന്ന ക്രമം. (Parallelogram of forces)

ഏകബിന്ദുപ്രവൃത്തങ്ങളായ രണ്ടു ശക്തികൾ ഒരേ ബിന്ദുസ്ഥാനത്തിൽനിന്നു വരയ്ക്കപ്പെട്ടിട്ടുള്ള ഒരു സമാനാന്തരചതുർഭുജത്തിന്റെ രണ്ടു ബാഹുക്കളെക്കൊണ്ടു ദിങ്മാനങ്ങളെ നിരൂപണം ചെയ്യുന്നു എങ്കിൽ ആ ശക്തികളുടെ ഫലരൂപശക്തി (Resultant ) അതേ ബിന്ദുസ്ഥാനത്തിൽനിന്നു പ്രവൃത്തമായിരിക്കുന്ന ആ ചതുർഭുജകർണ്ണംകൊണ്ടു ദിങ്മാനങ്ങളെ നിരൂപിക്കുന്നു.






ഈ ചിത്രത്തിൽ എ സ്ഥാനത്തിൽ നിന്നു പ്രവൎത്തിക്കുന്ന പി കെ എന്ന ശക്തികൾ എ ബി, എ സി എന്ന രേഖകൾകൊണ്ടു ദിങ്മാനങ്ങളെ നിരൂപിക്കുന്നു. ഈ രണ്ടു ശക്തികളുടെയും ഫലഭൂതമായിട്ടുള്ളത് ആർ എന്ന ശക്തിയാകുന്നു. ഈ ശക്തി എ ഡി എന്ന രേഖകൊണ്ട് അതിന്റെ ദിങ്മാനങ്ങളെ നിരൂപണം ചെയ്യുകയും ക്ഷേത്രഗണിതാനുസാരം പ്രത്യക്ഷീകരിക്കയും ചെയ്യുന്നു.

ഈ തത്വം വസ്തുക്കളുടെ വേഗവിഷയത്തിലും തുല്യമാകുന്നു.

4. ത്രിഭുജാകൃതിരചനം കൊണ്ടു ശക്തികളുടെ ഫലനിൎണ്ണയം. (Triangle of forces)

ഒരു ബിന്ദുസ്ഥാനത്തിൽ പ്രവൎത്തമാകുന്ന ശക്തിത്രയത്തിന് ഒരു ത്രിഭുജത്തിന്റെ ബാഹുക്കളെക്കൊണ്ടു ക്രമേണ ദിങ്മാനങ്ങളെ നിൎദ്ദേശിക്കാൻ ശക്യമാണെങ്കിൽ ആ ശക്തിത്രയത്തിന്റെ ഫലം അചലത്വമാകുന്നു.




O എന്ന ബിന്ദുസ്ഥാനത്തിൽ പ്രവൎത്തിക്കുന്ന പി, കെ, ആർ എന്ന ശക്തികൾ എ ബി സി എന്ന ത്രിഭുജത്തിന്റെ എബി, ബീസി, സിഎ എന്ന ബാഹുക്കളെക്കൊണ്ടു ക്രമേണ ദിങ്മാനങ്ങളെ കുറിക്കുന്നു എന്നു വിചാരിക്കണം. അങ്ങനെയാണെങ്കിൽ അവയുടെ ഫലം അചലത്വമാണ്. അടിയിൽ കാണുന്ന യുക്തിവാദത്തിൽനിന്ന് ഈ സംഗതി നിഷ്പ്രയാസം തെളിയുന്നു.

എ, സി, എന്ന സ്ഥാനങ്ങളിൽനിന്നു ബീസി എബി, എന്ന ഭുജങ്ങൾക്കു സമാനാന്തരമായി രേഖകൾ വരയ്ക്കുന്നതായാൽ എ ബി സി ഡി എന്ന സമാനാന്തര ചതുൎഭുജം കിട്ടുന്നതാണ്.


ഏകബിന്ദുപ്രവൎത്തകങ്ങളായ മൂന്നു ശ

ക്തികളേയും, എബി, ബീസി, സിഎ എന്ന രേഖകൾ മുറക്കു സൂചിപ്പിക്കുന്നു. എന്നാൽ ബീസി എന്ന രേഖയാകട്ടെ എഡി എന്ന രേഖക്കു സമാനാന്തരമായിരിക്കുന്നു. ആകയാൽ ബീസി എന്ന രേഖയാൽ നിർദ്ദിഷ്ടമായ ശക്തിയെത്തന്നെ എഡി എന്ന രേഖ നിർദ്ദേശിക്കുന്നു. അതുകൊണ്ടു് എബി, ബിസി, സിഎ എന്നശക്തികൾക്കുപകരം എബി, എഡി, സിഎ എന്ന ശക്തികളെസങ്കല്പിക്കുന്നതായാൽ ഫലം ശരിയായിരിക്കുന്നതാണ്. എന്നാൽ എബി, എഡി എന്ന രേഖകൾ പ്രദർശിപ്പിക്കുന്ന ശക്തികളുടെ ഫലത്തെ എസി രേഖ പ്രദർശിപ്പിക്കുന്നു എന്നു മുകളിൽ സാധിച്ചുകഴിഞ്ഞ സമാനാന്തര ചതുർഭുജപ്രമേയത്തിൽനിന്നുസ്പഷ്ടം. ആകയാൽ എബി, ബിസി, സിഎ എന്ന രേഖകൾ പ്രദർശിപ്പിക്കുന്ന ശക്തികളെത്തന്നെ എസി, സിഎ എന്ന രേഖകൾ പ്രദർശിപ്പിക്കുന്നതായി സങ്കല്പിച്ചാലും ഫലം തുല്യംതന്നെ. എന്നാൽ എസി രേഖ എ സ്ഥാനത്തുനിന്നു സി സ്ഥാനത്തേക്കു പ്രവൎത്തിക്കുന്ന ഒരു ശക്തിയെക്കാണിക്കുന്നു. സിഎ രേഖയാകട്ടെ സി സ്ഥാനത്തുനിന്നു എ സ്ഥാനത്തെ ലക്ഷ്യമാക്കീട്ടുള്ള ഒരു വിപരീതശക്തിയെക്കാണിക്കുന്നു. സിഎ, എസി എന്ന രേഖകൾ തുല്യങ്ങളാകയാൽ അവയാൽ നിർദ്ദേശിക്കപ്പെടുന്ന ശക്തികളും തുല്യങ്ങളാകുന്നു. എന്നാൽ തുല്യങ്ങളായ ഈ ശക്തികൾ വിപരീതദിക്കുകളിലേക്കു പ്രവൎത്തിക്കുന്നതുകൊണ്ടു് അവയാൽ നിയുക്തമായ ബിന്ദു നിശ്ചലമെന്നു തെളിയുന്നു. ഇങ്ങിനെ അപേക്ഷിതമായിരുന്ന അചലതം സിദ്ധമായി.

അനുബന്ധം: — ഏകസ്ഥാനവൎത്തികളായ രണ്ടു ശക്തികൾ ഒരു ത്രിഭുജത്തിന്റെ ബാഹുദ്വയംകൊണ്ടു് ക്രമേണ ദിങ്മാനങ്ങളെ നിർദ്ദേശിക്കുന്നു എങ്കിൽ ആ രണ്ടു ശക്തികളുടേയും ഫലം ആ ത്രിഭുജത്തിന്റെ അവശിഷ്ടബാഹുകൊണ്ടു വിപരീതക്രമത്തിൽ നിർദ്ദേശിക്കാം. ഇപ്പോൾ സാധിതമായ പ്രമേയത്തെ ആസ്പദമാക്കി സ്വല്പം നിരൂപിച്ചാൽ ഈ സംഗതി വ്യക്തമാകും. എബി, ബിസി, സിഎ, എന്ന രേഖകളാൽ സൂചിതങ്ങളായ ശക്തികളുടെ ഫലം അചലതമാകുന്നു. അതുകൊണ്ടു ഈ ശക്തികളിൽഓരോന്നും മററുള്ളവയുടെ ഫലരൂപശക്തിയോടു പരിമാണത്തിൽ തുല്യമായി വിപരീതദിക്കിലേക്കു പ്രസരിക്കുന്നുവെന്നു സ്പഷ്ടം. ആകയാൽ, എബി, ബിസി എന്ന രേഖകളാൽ നിർദ്ദിഷ്ടമായ ശക്തി സിഎ; രേഖ നിർദ്ദേശിക്കുന്ന ശക്തിക്കു സമാനമായും എതിരായും പ്രവൎത്തിക്കുന്നു. അതുഹേതുവായി ആ ശക്തിയെ എ സി എന്ന രേഖ നിർദ്ദേശിക്കുന്നു.

5. ബഹുഭുജാകൃതി ര[illegible]നംകൊണ്ടു ശക്തിയുടെ ഫലം നിൎണ്ണയിക്കുന്ന ക്രമം (Polygon of forces)

അണുരൂപമായ ഒരു വസ്തുവിന്മേൽ പ്രവൎത്തങ്ങളായിരിക്കുന്ന ശക്തികൾ ബഹുഭുജാകൃതിയായിരിക്കുന്ന ഒന്നിന്റെ ഭുജങ്ങളാൽ ക്രമേണ ദിങ്മാനങ്ങളെ നിർദ്ദേശിക്കുന്നുവെങ്കിൽ ആ ശക്തികളുടെ ഫലം അചലതമാകുന്നു.



ബി സി ഡി ഇ ജി എന്ന ബഹുഭുജ
ിന്റെ എബി ബിസി തുടങ്ങിയുള്ള ബാ
ഹൗ ഒരു അണുരൂപവസ്തുവിൽ പ്രവ
ിക്കുന്ന പി കെ, ജെ, ആദിയായ ശ
ക്തികളെ മുറക്ക നിർദ്ദേശിക്കുന്നു എന്നിരി
ട്ടെ. പി, കെ എന്ന രണ്ടു ശക്തികളു
ടെ ഫലരൂപമായ ആർ എന്ന ശക്തി എ
ബി രേഖയാൽ നിർദ്ദിഷ്ടമെന്നു മുകളിൽ ചേ
ർ‍ത്ത അനുബന്ധത്തിൽനിന്നു സ്പഷ്ടം.
ഇപ്രകാരംതന്നെ ആർ, ജെ എന്ന ശ
ക്തികളുടെ ഫലമായ എസ് എന്ന ശ
ക്തിയെ എ സി എന്ന രേഖ നിർദ്ദേശിക്കു
ന്നു. അതുപോലെതന്നെ എസ്, എം, എ
ന്ന ശക്തികളുടെ ഫലമായ ടി എന്ന ശ
ക്തിയെ എ ഇ രേഖയും, ടി, എൻ, എന്ന
ശക്തികളുടെ ഫലത്തെ എ ജി രേഖയും
നിർദ്ദേശിക്കുന്നു. ഇപ്രകാരം, ജിഎ രേഖ
യാൽ നിർദ്ദിഷ്ടമായ എൽ എന്ന ശക്തി
ഒഴികെ മററു സകല ശക്തികളുടെയും ഫ
ലമായിത്തീർന്നിട്ടുള്ള ശക്തിയെ എ ജി എ
ന്ന രേഖ നിർദ്ദേശിക്കുന്നതായിത്തെളിയുന്നു.
ആകയാൽ ഈ ശക്തി സംഘത്തിന്റെ പക
രമായി ജി എ, എ ജി എന്ന രേഖകളാൽ
കുറിക്കപ്പെടുന്ന രണ്ടു ശക്തികളെ സങ്കല്പി
ക്കുന്നതായാലും ഫലത്തിനു വ്യത്യാസം വ
രുന്നില്ല. ഈ രണ്ടു ശക്തികളും പരിമാ
ണത്തിൽ തുല്യങ്ങളായി വിപരീത ദിക്കി
ലേക്കു പ്രവർത്തിക്കുന്നതുകൊണ്ട് അവയുടെ
ഫലം അചലത്വമാകുന്നു. ഇങ്ങനെ അ
പേക്ഷിതമായിരുന്ന അചലത്വം ഇവിടെ
യും സിദ്ധമായി.

തുടരും.

പി. കൃഷ്ണപിള്ള ബി. എ.

# കൊച്ചി സാഹിത്യസമാജം.

## കമ്മററി മെമ്പർമാർ

അദ്ധ്യക്ഷൻ

1. മഹാമഹിമശ്രീ കൊച്ചി 10-ാം കൂറ് അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്

പത്രാധിപർ

2. മ-രാ-രാ- സി. അച്യുതമേനോൻ അവർകൾ ബി. എ.

സിക്രട്ടറി

3. മ-രാ-രാ- ടി. കെ. കൃഷ്ണമേനോൻ അവർകൾ ബി. എ., എം. ആർ. എ. എസ്സ്.

ഖജാൻജി

4. മ-രാ-രാ- കെ. ഗോവിന്ദൻനമ്പ്യാരവർകൾ ബി. എ., ബി. എൽ.

മെമ്പർമാർ

5. മ-രാ-രാ- വി. കെ. കുഞ്ഞൻമേനോൻ അവർകൾ
6. ,, സി. കുഞ്ഞിരാമൻമേനോൻ അവർകൾ
7. ,, സി. അന്തപ്പായി അവർകൾ ബി. എ.

* സമാജത്തിൽ അംഗങ്ങളായിരിപ്പാൻ ഇഷ്ടപ്പെടുന്നവർ അപേക്ഷ സിക്രട്ടറിയ്ക്കയക്കേണ്ടതാണ്.

കൊച്ചി

വലിയതമ്പുരാൻ തിരുമനസ്സിലെ

# ജീവചരിത്രം

വളരെ ലളിതമായ രീതിയിൽ എഴുതി അനവധി ഛായാപടങ്ങളോടു പ്രസിദ്ധപ്പെടുത്തിയത്. ഒരുറുപ്പിക വിലക്ക് ഇതുവരെ വിററിരുന്ന ഈ പുസ്തക ചിങ്ങമാസത്തിന്നു മുമ്പായി അപേക്ഷിക്കുന്നവക്ക് 8 ണ വിലക്കു കൊടുക്കുന്ന കണ്ണാടിയിൽ ഇട്ടു സൂക്ഷിക്കത്തക്ക വിധത്തിൽ ഭംഗിയായി അച്ചടിച്ച അ ഛായാപടം 2 ണ വിലക്കും കിട്ടുന്നതാണ്.

—oo※oo—

അപ്പൻ തമ്പുരാൻ

തിരുമനസ്സിലെ

# കൃതികൾ.

ആറു പുസ്തകങ്ങളായി (കാലിക്കൊ ഇംഗ്ലീഷു രീതിയിൽ ബൈണ്ടു ചെ 6൦൦൦ ത്തോളം പ്രതികൾ തെയ്യാറായിവരുന്നു. ഈ പുസ്തകത്തിന്നു മുൻകൂട്ടി ആവ റജിസ്റ്റ് ചെയ്തുവരുന്നതുകൊണ്ട് ആവശ്യമുള്ളവർ ഉടനെ അപേക്ഷിക്കേണ്ടതാകുന്നു.

പുസ്തകം ഓരോ ഭാഗത്തിന്നു വില 7 ണ.

ആറു പുസ്തകവും ഒന്നായി എടുക്കുന്നതായാൽ വില ക 2. 4 ണ.

ഒരു പുതിയ നോവൽ. വില 1 ക. മാത്ര

# വിരുതൻ ശങ്കു.

—oo※oo—

("അമ്മായിപ്പഞ്ചതന്ത്രം" മുതലായ രസകരമായ കൃതികൾ എഴുതിയ വക്കീ കാരാട്ട് അച്യുതമേനവൻ അവർകളാൽ എഴുതപ്പെട്ടത്).

ഈ നോവൽ, ഒരു പുതിയ സമ്പ്രദായത്തിൽ മലയാളികളുടെ സമുദായപ ഷ്കരണത്തെ ഉദ്ദേശിച്ചു, ലളിതമായ മലയാളത്തിൽ, വളരെ രസകരമായ സംഭവ ളെ വിവരിച്ചുംകൊണ്ട് എഴുതിയ ഒരു പുസ്തകമാണ്. 250-ൽ അധികം ഭാഗങ്ങ ഉണ്ടാകുമെന്ന് ഊഹിച്ചുവരുന്ന ഈ പുസ്തകത്തിന്ന് ഒരുറുപ്പിക മാത്രമെ വില നി യിച്ചിട്ടുള്ളു. ആവശ്യമുള്ളവർ മുൻകൂട്ടി എഴുതിയാൽ പേരു റജിസ്റ്റ് ചെയ്തു പുസ്തകം റത്തായാൽ ഉടനെ വി. പി. യായി അയക്കുന്നതാണ്.

☞ എല്ലാ അപേക്ഷകളും താഴെ പറയുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാ

മാനേജർ

മംഗളോദയം കമ്പനി ക്ലിപ്തം,

തൃശ്ശിവപേരൂർ.

# മംഗളോദയം

## ൧൦൮൮

പുസ്തകം ൫ } കർക്കടകമാസം { ലക്കം ൧൨

### മംഗളം

കാൎയ്യപ്രപഞ്ചമിതുകാരണജന്യമേവ-
മാൎയ്യപ്രമാണമതിയാലനുമാനസിദ്ധം
സൂൎയ്യാദിയിങ്കലൊളിവായ്വെളിവാന്തതാപം
കാൎയ്യാനുകൂലമകമേമമതോന്നിടേണം.

എ. കൃഷ്ണൻ എമ്പ്രാന്തിരി.

# മലയാള ഭാഷാപോഷണം

മ- മ- ശ്രീ, കേരളവൎമ്മ, സി. എസ്സ്. ഐ. വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു കൊച്ചി ഭാഷാപോഷണകമ്മിററിക്കു കല്പിച്ചയച്ചുകൊടുത്ത അഭിപ്രായം:—

അവിടെ നിന്നും 8-ാംനു- അയച്ച എഴുത്തുകിട്ടി. സംസ്കൃതത്തേയും മലയാളത്തേയും വേണ്ടപോലെ പോഷിപ്പിക്കുന്നതിലേക്കായി 50,000 ഉറുപ്പിക ഷഷ്ട്യബ്ദപൂൎത്ത്യവസരത്തിൽ പ്രത്യേകം നീക്കിവെച്ച കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ ഉദാരതയേയും ഉചിതജ്ഞതയേയും എത്ര തന്നെ അഭിനന്ദിച്ചാലും മതിയാകുന്നതല്ല.

മലയാളഭാഷയ്ക്കു ഇപ്പോൾ ഉള്ള പ്രധാനന്യൂനത അതിന്റെ ഗ്രന്ഥദാരിദ്ര്യമാണ്. ആദ്യമായി ഭാഷയിൽ കഴിയുന്ന വേഗത്തിൽ കുറഞ്ഞപക്ഷം നാലു പുസ്തകങ്ങളെങ്കിലും ഉണ്ടാകേണ്ടിയിരിക്കുന്നു. അവ (1) ഒരു മലയാളനിഘണ്ടു (2) ഒരു ഇംഗ്ലീഷ് മലയാള നിഘണ്ടു (8) ഒരു മലയാളഭാഷാചരിത്രം (4) ഒരു ഭാഷാസാഹിത്യചരിത്രം ഇവയാണ്. മലയാളനിഘണ്ടുവിൽ പ്രാചീനങ്ങളും ദേശ്യങ്ങളുമായ വാക്കുകൾകൂടി ഉൾപ്പെട്ടിരിക്കേണ്ടതും എല്ലാ വാക്കുകൾക്കും ധാത്വൎത്ഥംകൂടി ഉണ്ടായിരിക്കേണ്ടതുമാണ്. ഇംഗ്ലീഷ് മലയാള

നിഘണ്ടു ഏതെങ്കിലും സർവ്വസമ്മതമായ ഒരു ഇംഗ്ലീഷ് നിഘണ്ടുവിന്റെ തർജ്ജമയായിരിക്കണം. ഇങ്ങനെയുള്ള ഒരു ഗ്രന്ഥത്തിന്റെ അഭാവം നിമിത്തമാണ് സാമാന്യന്മാർ ശാസ്ത്രീയഗ്രന്ഥങ്ങൾ ഭാഷാന്തരപ്പെടുത്തുവാൻ ശ്രമിക്കാത്തതും ഭാഷാന്തരപ്പെടുത്തീട്ടുള്ള ഗ്രന്ഥങ്ങളിൽ തന്നെ ശാസ്ത്രീയപദങ്ങൾക്ക ഐകരൂപ്യം കാണാത്തതും. തമിഴ് മുതലായ ഭാഷകളിൽ ഭാഷാചരിത്രഗ്രന്ഥം ഇതിനുമുമ്പുതന്നെ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. മലയാളത്തിൽ അങ്ങനെ ഒരു പുസ്തകം ഇതുവരെ ആരും എഴുതീട്ടില്ലെന്നു മാത്രമല്ല, മലയാളം തമിഴിന്റെ ഒരു പിരിവോ മൂലദ്രാവിഡഭാഷയുടെ ഒരു ശാഖയോ ഇത്യാദിയായുള്ള ചോദ്യങ്ങൾക്കുപോലും ശരിയായും സർവ്വസമ്മതമായും ഉള്ള ഒരുത്തരം ആരും എഴുതികണ്ടിട്ടുംഇല്ല. ഭാഷാസാഹിത്യചരിത്രത്തെപ്പററിയുള്ള ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാരുടെ പുസ്തകം അസമഗ്രവും പ്രമാദപ്രചുരവുമാണ്. അതും ഒന്നുടച്ചുവാക്കാതെ തരമില്ല.

രണ്ടാമതായി വേണ്ടത് അച്ചടിപ്പിച്ചിട്ടില്ലാത്ത പ്രാചീനഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണമാണ്. ഇപ്പോൾതന്നെ ഗുണ്ടർട്ടുസായ്പ് അദ്ദേഹത്തിന്റെ നിഘണ്ടു എഴുതുവാൻ ഉപയോഗിച്ചിരുന്നതായി കാണുന്ന പല ഗ്രന്ഥങ്ങളും നഷ്ടങ്ങളായിരിക്കുന്നു. കഴിയുന്ന വേഗത്തിൽ ഇങ്ങനെയുള്ള ഗ്രന്ഥങ്ങളെ സംഗ്രഹിച്ചില്ലെങ്കിൽ ശേഷിക്കുന്നതും നശിച്ചുപോകാനേ മാർഗ്ഗമുള്ളു. അച്ചടിപ്പിക്കാതെ കിടപ്പുള്ള പ്രാചീനഗ്രന്ഥങ്ങളും പുറത്തുവരുമ്പോൾ മലയാളഭാഷ നാം വിചാരിക്കുന്നേടത്തോളം ദരിദ്രയല്ലെന്നു നമുക്കു ബോധപ്പെടും. വാമൊഴിയായ മററും പാടുന്ന പഴയ പാട്ടുകൾ കൂടി കേരളത്തിന്റെ പൂർവ്വചരിത്രം സംബന്ധിച്ച നമുക്കു പല അറിവുകളും തരുന്നതാകയാൽ അവയേയും ശേഖരിച്ചു പുസ്തകാകൃതിയിൽ വരുത്തേണ്ടതാണ്.

മൂന്നാമതായി വേണ്ടതു ശാസ്ത്രീയഗ്രന്ഥങ്ങളുടെ ആവിർഭാവമാണ്. പാശ്ചാത്യങ്ങളും പൌരസ്ത്യങ്ങളുമായ ശാസ്ത്രങ്ങൾ കേരളീയർക്ക് ഇപ്പോൾ പഠിക്കുവാൻ ഇംഗ്ലീഷിന്റേയും സംസ്കൃതത്തിന്റേയും സഹായം അപേക്ഷിതമായിരിക്കുന്നു. തത്സംബന്ധമായുള്ള പ്രാഥമിക പാഠങ്ങൾ പഠിക്കുന്നതിലും മലയാളത്തിൽ ശരിയായ പുസ്തകങ്ങളില്ല. Geology,* ||Botany, മുതലായ പാശ്ചാത്യശാസ്ത്രങ്ങളേയും, ന്യായം, സാംഖ്യം മുതലായ പൌരസ്ത്യശാസ്ത്രങ്ങളേയും പററി സ്ഥൂലമായെങ്കിലും പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വേഗത്തിലുണ്ടാകണം. ഇവ തർജ്ജമയായോ സ്വതന്ത്രമായോ ഇരിക്കുന്നതിൽ വിരോധമില്ല.

നാലാമതു മലയാളം സംസ്കൃതത്തോടും തമിഴിനോടും ഏററവും സംബന്ധമുള്ളതാകയാൽ (1) സിദ്ധാന്തകൌമുദി (2) കാവ്യപ്രകാശം (3) നന്നൂൽ ഈ മൂന്നു ഗ്രന്ഥങ്ങൾക്കെങ്കിലും വിസ്താരമായും ഉപാദ്ധ്യായന്മാരുടെ സഹായം ആവശ്യപ്പെടാതേയും ഉള്ള രീതിയിൽ ഓരോ ഭാഷാവ്യാഖ്യാനം ഉണ്ടാകേണ്ടതാണ്. ഇത്രയും കഴിയുമ്പോൾ മലയാളത്തിന് ഒരു നില കിട്ടിയെന്നു പറയാറാകും. ഈ ഉദ്ദേശങ്ങളെ മുൻനിറുത്തിക്കൊണ്ടു മലയാളഭാഷാപോഷണത്തിന് അനുവദിച്ചിരിക്കുന്നതായി വിചാരിക്കേണ്ടതായ 25,000 ഉറുപ്പികം

---

* ഭൂഗർഭശാസ്ത്രം. || സസ്യശാസ്ത്രം.

യേയോ, അതിനു കൊല്ലംതോറുംഗവൎമ്മേൻറു ബാങ്കിലിട്ടാൽ പലിശയായി കിട്ടാവുന്ന 875 ഉറുപ്പികയേയോ വിനിയോഗിക്കേണ്ടിയിരിക്കുന്നു.

മേൽപറഞ്ഞതിൽ നിൎദ്ദേശങ്ങൾ രണ്ടും സൎക്കാരിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചാലല്ലാതെ അവസാനിച്ചുകൊള്ളുമെന്നു തോന്നുന്നില്ല. മറ്റുള്ള കാൎയ്യങ്ങൾക്കു തിരുമനസ്സിലെ പ്രജകളായും അല്ലാതെയുമുള്ള ഭാഷാഭിമാനികളെ യഥോചിതം ചുമതലപ്പെടുത്താവുന്നതും അവരെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിവരുന്ന ചിലവ് ഈ മുതലിൽനിന്നു ചെയ്തുകൊള്ളാവുന്നതുമാണ്. അവൎക്ക് അവസരംപോലെ കീൎത്തിമുദ്ര സമ്മാനിക്കയും അവർ എഴുതുന്നതോ പ്രസിദ്ധീകരിക്കുന്നതോ ആയ മേൽ വിവരിച്ച പുസ്തകങ്ങളെ സൎക്കാരിൽനിന്ന് അച്ചടിപ്പിച്ച പുസ്തകങ്ങളും പകൎപ്പവകാശവും അവൎക്കുതന്നെ വിട്ടുകൊടുക്കയും ചെയ്യുന്നതു നന്നായിരിക്കും. ദ്രവ്യസംഭാവനയ്ക്കായി അപേക്ഷിക്കുന്ന പണ്ഡിതന്മാരെ ആ മാൎഗ്ഗമായും പ്രോത്സാഹിപ്പിക്കാം. കാണുന്നപക്ഷം അച്ചടിച്ചിലവു നികത്തുന്നതിലേയ്ക്കു മാത്രം വേണ്ടിവരുന്ന പ്രതികൾ സൎക്കാരിൽനിന്നു വിലയ്ക്കു വാങ്ങിയാലും മതിയാകുന്നതാണ്. ഭാഷാസാഹിത്യസംബന്ധമായുള്ള പ്രബന്ധങ്ങൾ എഴുതി വായിക്കുന്നതിലേയ്ക്കായി ഒരു സൎക്കാർ 'പ്രസംഗസഭ' ഏൎപ്പെടുത്തുകയും അതിന്റെ ആഭിമുഖ്യത്തിൽ നവീനങ്ങളായ തത്വങ്ങളോ ആശയങ്ങളോ അടങ്ങീട്ടുള്ള ഉപന്യാസങ്ങളെ മാത്രം വായിപ്പിച്ച് അവ എഴുതുന്നവൎക്ക് എന്തെങ്കിലും സമ്മാനമോ അപൂൎവ്വമായി കീൎത്തിമുദ്രകൂടിയോ കൊടുക്കയും ചെയ്യുന്നതു നന്നായിരിക്കും. എല്ലാം മൂലധനത്തിന്റെ സ്ഥിതിയേയും കാൎയ്യഗൌരവത്തിന്റെ താരതമ്യത്തെയുംപററി വേണ്ടപോലെ പൎയ്യാലോചിച്ചു ചെയ്യേണ്ടതായിരിക്കുന്നു. പ്രസിദ്ധഭാഷാപണ്ഡിതന്മാരാൽ മാത്രം അലംകൃതമായിരിക്കുന്ന ഈ 'ഭാഷാസാഹിത്യസംസ്കരണകമ്മററി'യിൽനിന്ന് അയയ്ക്കുന്ന 'റിപ്പോർട്ട്' സൎവ്വസമ്മതമായല്ലാതെ തീരുകയില്ലെന്ന് എനിക്കു പൂൎണ്ണവിശ്വാസമുണ്ട്.

പത്തുറുപ്പികയോളം വിലപിടിച്ച

സമ്മാനം !

# 100 നല്ല
മലയാള
# പുസ്തകങ്ങൾ


പുസ്തകസമ്മാനം !!

അഞ്ചുറുപ്പിക കൊടുത്താൽ കിട്ടുമെങ്കിൽ ആയത് ഒരു സമ്മാനം തന്നെയല്ലേ? പരോപകാരത്തിന്നായി പൌരജനങ്ങളാൽ നടത്തപ്പെടുന്ന "മംഗളോദയം" കമ്പനിക്കാർ ആദ്യത്തെ 1000 അപേക്ഷകൎക്ക് ഓരോ പുസ്തകത്തിന്ന് എട്ടണവരെ വിലപിടിച്ച പല തരത്തിലുമുള്ള 100 നല്ല പുസ്തകങ്ങൾ 5 ഉറുപ്പിക വിലയ്ക്കു (തപാൽകൂലി ഉൾപ്പെടില്ല) അയച്ചുകൊടുപ്പാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ എല്ലാ ഭവനങ്ങളിലും ഗ്രന്ഥശാലകൾ ഉണ്ടാക്കുവാൻ മാത്രമാണ് ഇതിന്റെ ഉദ്ദേശം. ഒടുവിൽ ഇച്ഛാഭംഗം വരാതിരിപ്പാൻ അപേക്ഷകൾ താഴെ പറയുന്ന മേൽവിലാസത്തിൽ ഉടനെ അയയ്ക്കുക.—ലിസ്റ്റ് വേണമെങ്കിൽ ആവശ്യപ്പെടുക.

മാനേജർ,
മംഗളോദയം കമ്പനി (ക്ലിപ്തം)
തൃശ്ശിവപേരൂർ.

# യോഗീശ്വരശാപവും

## അതിന്റെ ഫലവും



ദൊരമാർ ഓരോ കസേരയിൽ ഇരുപ്പായി’

### I

വിശാലമായ ഒരു മാവിൻതോട്ടത്തിന്റെ അതിശീതളമായ തണലിലായിരുന്നു ഡിസ്ട്രിക്ട് പോല്ലീസ്സ സൂപ്രഡേണ്ടു ക്രിട്ടൻസായ്‌വിന്റെ സർക്കിട്ടുകൂടാരം കെട്ടിയിരുന്നത്. പടർന്നു പിടിച്ച വലിയ വൃക്ഷങ്ങൾക്കിടയിൽ കെട്ടിയിരുന്ന ഈ കൂടാരത്തിൽ വെളിച്ചം മങ്ങിക്കൊണ്ടിരുന്നുവെങ്കിലും ഇലകളുടെ ഇടയിലുള്ള ഒഴിവുകളിൽ കൂടി സ്വർണ്ണപ്രഭയോടുകൂടിയ സൂര്യരശ്മികൾ അവിടവിടെ ഭൂമിയിൽ പതിഞ്ഞു കാണ്മാനുണ്ടായിരുന്നതുകൊണ്ട് ആകപ്പാടെ ഒരു നല്ല കാഴ്ചയായിരുന്നു. യാതൊരു ക്രമവുമില്ലാതെ തെക്കുവടക്കായി കെട്ടിവിട്ടിരുന്ന ഈ കൂടാരത്തെ അല്പം ദൂരെ നിന്നു നോക്കിയാൽ നീലനിറത്തോടുകൂടി ഇളക്കമില്ലാത്ത കടലിൽ ചലിക്കുന്ന പായക്കപ്പലുകളാണെന്നു തോന്നിപ്പോകുമായിരുന്നു. ഈ മാവിൻതോട്ടത്തിന്ന് അല്പം താണ നിരപ്പിൽ വലത്തുവശത്തായിട്ടാണ് ആ ഗ്രാമക്കാരുടെ ഭവനങ്ങൾ കിടക്കുന്നത്. ഈ ഭവനങ്ങളുടെ മദ്ധ്യത്തിൽ കൂടിത്തന്നെയാണ് സർക്കാർ നിരത്തും വെട്ടീട്ടുള്ളത്.

കൂടാരത്തിന്റെ ഒരു വശത്തു ബട്ലരുടെ വെപ്പുമുറിയായി കെട്ടിയ കൂടാരത്തിൽ നിന്നു പുക ധാരാളം മേല്പോട്ടു പൊങ്ങിവരുന്നുണ്ട്. വെപ്പുകാരും മററു ദാസ

നാരുമൊക്കെ അവിടെ വളരെ ജാഗ്രതയോടെ പല പ്രവൃത്തികളും നടത്തിവരുന്നുണ്ട്. രാവിലെ സ്ഥലം പരിശോധനയ്ക്കായി പുറത്തു പോകുമ്പോൾ വേഗം ഭക്ഷണം തെയ്യാറാക്കേണമെന്നു "ഡോര" പ്രത്യേകം പറഞ്ഞിട്ടില്ലേ? പോരെങ്കിൽ ഡോര മടങ്ങി വരുന്നുണ്ടെന്ന് ഊഹിയ്ക്കത്തക്കവണ്ണം അല്പം ദൂരെ വെച്ച ചില ലക്ഷണങ്ങൾ കണ്ടതായി കൺസ്റ്റബിൾ പെരുമാൾ പറഞ്ഞിട്ടില്ലേ? ഇതിന്നും പുറമെ ഭക്ഷണസാധനങ്ങൾ കട്ടുതിന്മാൻ തരംനോക്കിക്കൊണ്ടിരിയ്ക്കുന്ന കുറെ കള്ളക്കാക്കകൾ മരക്കൊമ്പുകളിൽ അവിടെയും ഇവിടെയും പതുങ്ങിക്കൂടീട്ടുള്ളതുകൊണ്ട് എപ്പോഴും ജാഗ്രതയായിത്തന്നെ ഇരിയ്ക്കേണ്ടതല്ലേ? ബട്ലരുടെ ഡിപ്പാർട്ടുമെണ്ടിൽ തെരക്കുണ്ടാക്കിത്തീർപ്പാൻ ഇതിലധികം സംഗതികൾ എന്താണ് വേണ്ടത്.

"ഡോര തനിച്ചല്ല വരുന്നത്. ഒരു സ്നേഹിതനും ഡോരയുടെ കൂടെയുണ്ടെന്നു തോന്നുന്നു." എന്നും പറഞ്ഞു ബട്ലർ കൂടാരത്തിലേക്ക് ഓടി മേശയും കസേരയും ഒക്കെ ശരിപ്പെടുത്തിത്തുടങ്ങി.

"സ്നേഹിതൻ ഊണുകഴിച്ചു പോകുന്ന മട്ടുള്ള?" എന്നായിരുന്നു ബട്ലരുടെ പിന്നത്തെ അഭിപ്രായം. വെപ്പുകാരൻ ഇതു കേട്ടു വളരെ ഗൌരവത്തോടെ ശിരഃകമ്പം ചെയ്തു കറിക്കത്തികൊണ്ടു തലയൊന്നു ചൊറിഞ്ഞു വീണ്ടും മാംസം മുറിച്ചു തുടങ്ങി.

"ഹാ! എന്ത് ചൂട്! കുറെ അയിസ്സ് കുടിപ്പാൻ കിട്ടുന്നതായാൽ ഒരു മാസത്തെ മാസപ്പടി മുഴുവൻ പ്രതിഫലം കൊടുക്കുന്നതിൽ എനിയ്ക്കു സങ്കടമില്ല. എടൊ! ആരാണവിടെ! ബോയി! വിസ്കിയും, സോഡയും, അയിസ്സും വേഗം കൊണ്ടുവരു" എന്നു പറഞ്ഞുംകൊണ്ടാണ് സൂപ്രണ്ടു ക്രിട്ടൻ ഡോരയും ഇഞ്ചിനിയർ ജോർഡൻ ഡോരയും കൂടാരത്തിന്നുള്ളിലേയ്ക്കു കടന്നത്. "സാർ" എന്നും പറഞ്ഞ് ബട്ലർ ഒരു ഭാഗത്തേയ്ക്ക് ഓടി. ഡോരമാർ രണ്ടുപേരും ഓരോ കസേരമേൽ ഇരുപ്പായി.

"നിങ്ങൾ പറഞ്ഞതു ശരിയാണ്. ആ കൊലക്കേസ്സിലെ തെളിവിന്റെ പ്രത്യക്ഷഫലം വളരെ ആശ്ചര്യമായിട്ടാണ് തോന്നുന്നത്. ശരി തന്നെ! പ്രത്യക്ഷഫലത്തെപ്പറ്റി പറയുമ്പോഴാണ് വേറെ ഇതുപോലെയുണ്ടായ ഒരു അനുഭവം എനിയ്ക്ക് ഓർമ്മ വരുന്നത്. ഹാ! ആ സംഭവം മൂന്നു കൊല്ലംമുമ്പ് ഇവിടെ വെച്ചു തന്നെയാണ് നടന്നത്. അതെ. ഇവിടെ വെച്ചു തന്നെ. ഇതു വല്ലാത്ത ഒരു പ്രത്യക്ഷഫലം തന്നെയാണ്." ഇത്രയും പറഞ്ഞു പൊല്ലീസ്സ് സൂപ്രണ്ട് വളരെ നേരം കസേരമേൽ നിശ്ചേഷ്ടനായി മലന്നു കിടന്നു. കുറച്ചു കഴിഞ്ഞതിന്നു ശേഷം സാമാന്യം വലിയ മുഖത്തോടുകൂടി അടുക്കെ മേശപ്പുറത്തുണ്ടായിരുന്ന പെട്ടിയിൽ നിന്നു ഒരു ചുരുട്ടെടുത്ത് "മിസ്റ്റർ ജോർഡൻ, നിങ്ങൾ ആ ചെരുപ്പുകാരൻ കാർട്ടരെ അറിയില്ലെന്നുണ്ടോ?" എന്നു ചോദിച്ചു.

ജോർഡൻ:— ഏതു കാർട്ടർ? ഒരു കൊല്ലം മുമ്പു കാശ്മീരത്തിൽ നായാട്ടിന്നുപോയ ദിക്കിൽ വെച്ചു മരിച്ച വിദ്വാനേയോ? ഓ! ഹൊ! അറിയും. അയാളുടെ മരണവൃത്താന്തം വളരെ താമസിച്ചാണ് ഞാൻ അറിഞ്ഞതെങ്കിലും വിവരം അറിഞ്ഞപ്പോൾ നന്നെ വ്യസനിച്ചു

ക്രിട്ടൻ— കഷ്ടം! ആർക്കാണ് വ്യസനം തോന്നാതിരിയ്ക്കുക.

ജോർഡൻ— പ്രത്യക്ഷഫലം എന്നു പറഞ്ഞത് എന്തിനെ സൂചിപ്പിച്ചാണെ

ന്നറിഞ്ഞില്ല.

ക്രിട്ടൻ:—ഹാ എന്റെ മാവി! അതു സാമാന്യം വലുതായ ഒരു കഥയാണ്. ആശ്ചര്യമായ ഒരു സംഭവമാണ്! ഞാൻ ഇന്ന് ഇവിടേയ്ക്കു തന്നെ സക്കിറു വന്നതിന്റെ അർത്ഥം നോക്കു! അതൊക്കെ ഇരിയ്ക്കട്ടെ. ഞാൻ മുമ്പു കഴിഞ്ഞ ആ സംഭവം പറയാം.

മൂന്നു കൊല്ലം മുമ്പു മരിച്ച കാർട്ടരും ഞാനും, കൊച്ചിയിൽ ഒരു കപ്പവടക്കാരനായ ജർവിസ്സ് എന്നാളും കൂടി ഈ ദിക്കിലേയ്ക്കു നായാട്ടിന്നു പുറപ്പെട്ടു. മേല്പറഞ്ഞ രണ്ടുപേരും എന്റെ പരിചയക്കാരായിരുന്നുവെന്ന് അറിയാമല്ലൊ. ഞങ്ങളുടെ കൂടാരവും സാമാനങ്ങളും ഒക്കെക്കൂടി ഇങ്ങട്ട് അയച്ചിരുന്നു. ഈ പ്രദേശത്തു തന്നെയായിരുന്നു ഞങ്ങൾ തമ്പടിച്ചുകൂടിയത്. നാം ഇങ്ങട്ടു വരുമ്പോൾ വലത്തുവശം ഒരു കുളം കണ്ടില്ലെ? ആ കുളത്തിന്റെ അരികെ ഒരു ഉയൎന്ന വിസ്താരമായ മണ്ണത്തിട്ട കാണാം. അതിന്മേൽ മുമ്പ് ഒരു ക്ഷേത്രം ഉണ്ടായിരുന്നുവെന്നു തെളിയിപ്പാൻ ചിത്രപ്പണികളോടുകൂടിയ കരിങ്കൽകഷണങ്ങൾ അവിടവിടെ ഇപ്പോഴും കാണാനുണ്ട്.

ജ്ജോർഡൻ:—ശരി. ഞാനും അതു കണ്ടു.


ക്രിട്ടൻ:—അതെ. ആ ക്ഷേത്രപ്പറമ്പിൽ തന്നെയാണ് കഴിഞ്ഞ തവണ ഞങ്ങൾ തമ്പടിച്ചുകൂടിയിരുന്നത്. ഞങ്ങൾ ഗ്രാമാധികാരിയെ വരുത്തി കൂലിക്കാരേയും കൂട്ടി നായാട്ടിന്നു പുറപ്പെടാറായപ്പോഴാണ് ഞാൻ പറവാൻ പോകുന്ന സംഭവം ഉണ്ടായത്. വളരെ മെലിഞ്ഞു നീണ്ട വയസ്സനായ ഒരു യോഗി കൂലിക്കാരുടെ ഇടയിൽക്കൂടി ഞങ്ങളുടെ മുമ്പിൽ കടന്നുവന്നു. ഈ യോഗി ശരീരം ആസകലം ഭസ്മം പൂശി കാവിവസ്ത്രം ഉടുത്തിട്ടുണ്ട്. കയ്യിൽ ഒരു ദണ്ഡും ഉണ്ടായിരുന്നു. ഇതിലൊക്കെ വിശേഷം അയാളുടെ ജടയായിരുന്നു. ഹാ! കയറുപോലെ പിരിച്ചു, വലുതായ ഇഴകളാക്കി ഞെരിയാണി വരെ നീണ്ടു കിടക്കുന്ന ആ ജട! ഈ യോഗി വളരെ വിശിഷ്ടനായിരുന്നുവെന്നതിന്നു സംശയമില്ല. ഇദ്ദേഹം ഞങ്ങളുടെ അടുക്കെ വന്നു പൂശിയ ഭസ്മത്തിന്റെ ഉള്ളിൽക്കൂടി കോപതാമ്രാക്ഷനായി എന്റെ നേരേ അസ്ത്രംപോലെ ഒരു നോട്ടം വിട്ടു. യോഗിയെ കണ്ട മാത്രയിൽ തന്നെ ഗ്രാമാധികാരിയും കൂലിക്കാരും ഒക്കെ ഒളിച്ചോടിക്കളഞ്ഞു. അവരെയൊന്നും പിന്നെ ഞാൻ അന്നു കണ്ടിട്ടില്ല. യോഗി വളരെ ദേഷ്യത്തോടെ എന്നെ നോക്കിയതിന്നു ശേഷം:

"അങ്ങുന്ന്! ഈ സ്ഥലത്തു കൂടാരം കെട്ടി താമസമാക്കിയതു നന്നായില്ല. അതു ഇവിടെ നിന്നു പൊളിച്ചു നീക്കം ചെയ്യേണമെന്ന് അപേക്ഷിപ്പാനാണ് ഞാൻ തന്നെ വന്നത്. ഈ സ്ഥലം ഒരു പുണ്യഭൂമിയാണ്. മാംസഭക്ഷകരും മ്ലേച്ഛന്മാരുമായ ഇവിടത്തെ ദാസന്മാർ ഈ സ്ഥലം അശുദ്ധമാക്കിക്കഴിഞ്ഞിരിയ്ക്കുന്നു. ഇതു വളരെ പുരാതനമായിത്തന്നെ ഹരന്മാരുടെ പുണ്യക്ഷേത്രസ്ഥലമാണ്. ഈ സ്ഥലം മറ്റൊരാളുടെ വാസസ്ഥലമാക്കേണ്ടതല്ല. മനുഷ്യർക്കു കണക്കാക്കാൻ കഴിയുന്നതായ കാലങ്ങൾക്ക് എത്രയോ മുമ്പുതന്നെ ഇത് ഒരു പുണ്യക്ഷേത്രമായിരുന്നു. നിങ്ങളുടെ ദാസന്മാരെ ഈ വിവരമൊക്കെ മുമ്പുതന്നെ പറഞ്ഞു മനസ്സിലാക്കിയിരുന്നു. അതിന്നു പകരം അവർ എ

ന്നെ പരിഹസിച്ചു ശകാരിക്കയാണ് ചെയ്തത്. ഈ നീചന്മാർ! ഈ ചണ്ഡാളന്മാർ! ഈ രാക്ഷസന്മാർ!"

എന്നൊക്കെ അവിടെ ഒരു ദിക്കിൽ വട്ടംകൂടിയിരുന്ന എന്റെ ദാസന്മാരെ യോഗി അധിക്ഷേപിച്ചു പറഞ്ഞ് അവരുടെ മുഖത്തെല്ലാം അതിരൂക്ഷമായി നോക്കി.

എത്രതന്നെ ശ്രേഷ്ഠനായ ഒരു യോഗിയാണെങ്കിൽ കൂടി (ഒരു കറുത്ത മനുഷ്യൻ) ഒരു സായ്വിന്റെ മുമ്പിൽ വെച്ചു മനഃപൂർവ്വമായി ഇപ്രകാരം അവമാനിക്കുന്നതു കാണുമ്പോൾ ക്ഷമയോടെ കണ്ടു നില്ക്കുക എന്നത് അസംഭവമല്ലെ. എനിക്കു സാമാന്യത്തിലധികം ദേഷ്യമാണ് വന്നത്. ഈ വൃദ്ധനായ ഭ്രാന്തൻ യോഗിയെ പിടിച്ചു പുറത്തു തള്ളാനും അയാളെ ഒരിക്കലും ഞങ്ങളുടെ മുമ്പിൽ കടത്തിവിടാതിരിപ്പാനും ഒരു കൺസ്റ്റേബിളോടു ഞാൻ ആ



'എന്നാൽ ഒന്നാമത് അന്തകൻ നിന്നെയാണ് കൊണ്ടുപോകുക.'

ജ്ഞാപിച്ചു. കൺസ്റ്റബ്ൾ പിടിച്ചു തള്ളാൻ ചെന്നപ്പോൾ ആ വിദ്വാനെ ദണ്ഡംകൊണ്ടു തട്ടിയകററി ഞങ്ങൾ മൂന്നുപേരുടേയും നേരേ തിരിഞ്ഞു ആ യോഗിഞങ്ങളെ കട്ടധികം ശകാരിക്കുയും ഞങ്ങൾ മൂന്നുപേരും മൂന്നു കൊല്ലത്തിനകം മരിക്കുമെന്നു ശപിക്കുയും ചെയ്തു. യോഗിയുടെ ഈ ധിക്കാരം സ്നേഹിതൻ കാട്ടർക്ക് അത്ര പിടിച്ചില്ല. ആയാൾ സഹിക്കാൻ കഴിയാത്ത കോപത്തോടെ ആ വൃദ്ധനായ യോഗിയുടെ തലയ്ക്കു ഒരു അടി കൊടുക്കുകയും യോഗി അടികൊണ്ടു കമിഴ്ന്നു വീണു ഉരുളുകയും ചെയ്തു.

"ആ പ്രദേശക്കാരുടെ ഭയഭക്തി ബഹുമാനഭാജനമായ യോഗിയെ അടിച്ചതു വളരെ അവിവേകമായിപ്പോയെന്നു എനിക്കു അപ്പോൾ തന്നെ തോന്നി. ഇതു കാരണമായി ആ ഗ്രാമക്കാരുടെ ഇടയിൽ എന്തൊക്കെ ക്ഷോഭങ്ങളാണു ഉണ്ടാക്കിത്തീക്കുക എന്നു ഞാൻ നന്നെ ഭയപ്പെട്ടു. എന്റെ ഈ വക ആലോചനകൾക്കിടയിൽ യോഗി തപ്പിപ്പിടഞ്ഞു എഴുനീററു "എന്നാൽ ഒന്നാമൻ അന്തകൻ വിന്നയാണു കൊണ്ടുപോകുക." എന്നു കാട്ടരെ ചൂണ്ടി പറകയും, പിന്നെയും എന്തൊക്കെയോ പിറുപിറുത്തുകൊണ്ടു അവിടെ നിന്നു പോകയും ചെയ്തു."

ക്രീട്ടൻസായ്പു ഇത്രയും പറഞ്ഞു ചുരുട്ടു കത്തിച്ചു വലിപ്പാനും തുടങ്ങി.

ജോർഡൻ;—ഇതുകൊണ്ടായില്ല. കഥ മുഴുവനും പറഞ്ഞു അവസാനിപ്പിക്കുക തന്നെ.

ക്രീട്ടൻ:—ഇവിടെ വെച്ചു വിശേഷവിധിയൊന്നും പിന്നെയുണ്ടായില്ല. ഞാൻ സക്കിററു കഴിഞ്ഞു കോയമ്പത്തൂരേക്കു മടങ്ങിപ്പോയി. മേപ്പടി സംഭവം കഴിഞ്ഞു ശരിക്കു ഒരു കൊല്ലം കഴിയുന്ന ദിവസം കാട്ടർ മരിച്ച വത്തമാനം എനിക്കു കിട്ടി.

ജോർഡൻ:—ഈ മരണം യോഗിയുടെ ശാപഫലമാണെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടൊ?

ക്രീട്ടൻ:—സാധാരണപോലെ ഒരു സംഭവമായിരുന്നുവെങ്കിൽ ഈ വക ദുശ്ശങ്കയൊന്നും എനിക്കുണ്ടാകയില്ലായിരുന്നു. യോഗി ശപിച്ച ദിവസത്തിന്റെ ആണ്ടുപിറപ്പു ദിവസം മരിച്ചതു ആലോചിച്ചാൽ—ആയതു അല്പം ആലോചിക്കേണ്ടതായ ഒരു കാര്യമല്ലെ.

ജോർഡൻ:—ഈ സംഭവം അസാധാരണമായൊന്നാണെന്നു ഞാനും സമ്മതിക്കാം. പക്ഷെ അങ്ങിനെ യാദൃച്ഛികമായുണ്ടായിക്കൂടെന്നില്ല.

ക്രീട്ടൻ:—അതങ്ങിനെ ഇരിക്കട്ടെ. കാട്ടർ മരിച്ചു ഒരു കൊല്ലം കഴിയുന്ന ദിവസം ജാർവിസ്സ കൊച്ചിക്കായലിൽ മുങ്ങിച്ചത്തതൊ? കഷ്ടം! ആ സാധുവിന്റെ ശവശരീരം കൂടി കിട്ടിയില്ലത്രെ. മുതല പിടിച്ചു തിന്നിട്ടുണ്ടായിരിക്കണം."—എന്നു പറഞ്ഞു കഴിഞ്ഞപ്പോൾ ക്രീട്ടന്റെ വിളറിയ മുഖത്തുനിന്നു വിയപ്പു ധാരയായി ഒഴുകിത്തുടങ്ങിയിരിക്കുന്നു.

"ഇനി ഞാൻ മാത്രമാണു ആ ശാപം കിട്ടിയവരിൽ ജീവനോടെയുള്ളത്. ആ ഞാൻ ഇതാ ആ ശാപത്തിന്റെ മൂന്നാമത്തെ ആണ്ടുദിവസം യാദൃച്ഛികമായി ഇവിടെത്തന്നെ എത്തിച്ചേന്നിരിക്കുന്നു. ആ സാദൃശ്യം നോക്കു" എന്നും പറഞ്ഞു ക്രീട്ടൻസായ്പു ഒരു ദീർഘശ്വാസം വിട്ടു.

ജോർഡൻ:—ഛെ! നിങ്ങൾ ഇത്ര ഭീരുവാണൊ? ഇപ്രകാരം നിസ്സാരങ്ങളായ

ഓരോ സംഭവങ്ങൾ വിചാരിച്ചു മനസ്സു പുണ്ണാക്കിയാൽ നിങ്ങൾക്കു പനി പിടിക്കും. കൊച്ചിക്കായലിൽ എത്ര പേർ മുങ്ങിച്ചത്തിട്ടുണ്ട്? നിങ്ങളുടെ ജാർവിസ്സു മാത്രമാണോ അവിടെ മുങ്ങിച്ചത്തിട്ടുള്ളത്?

ക്രിട്ടൻ:—വാസ്തവത്തിൽ എനിയ്ക്കു മനസ്സിന്നു നല്ല സുഖമില്ല. ഇതൊന്നും പോരെങ്കിൽ ഇപ്പോൾ ഞാൻ അന്വേഷണം ചെയ്യാൻ വന്നിട്ടുള്ള കുട്ടായ്ക്കുവച്ചുകേസ്സും എന്നെ വല്ലാതെ കുഴക്കിട്ടുണ്ട്. സ്നേഹിതാ! നിങ്ങൾ ഇന്നു മടങ്ങിപ്പോകേണ്ട. നമുക്ക് ഇന്ന് ഇവിടെ കൂടാം.

ജോർഡൻസായ്പ് ഇതൊക്കെ കേട്ടു സ്നേഹിതനെ ആപാദചൂഡം ഒന്നു നോക്കി. ഭയംകൊണ്ടോ, യഥാർത്ഥത്തിൽ മാറുവല്ല രോഗംകൊണ്ടോ, എന്തോ എന്നറിഞ്ഞില്ല ക്രിട്ടൻസായ്വു വല്ലാതെ ക്ഷീണിച്ചു പരവശനായിട്ടുണ്ടെന്നും അയാളുടെ മനോഗതി നല്ല പന്തിയിലല്ലെന്നും ജോർഡൻസായ്വു മനസ്സിലാക്കി.

ജോർഡൻ:—നിങ്ങളുടെ സല്ക്കാരം സ്വീകരിക്കുന്നതിന്നു യാതൊരു വിരോധവുമില്ല. നേരെ മറിച്ചു, നിങ്ങൾക്ക് എന്റെ താമസം സന്തോഷവും ഉപകാരവുമായിത്തീരുമെങ്കിൽ എനിക്കും അതു വളരെ സന്തോഷമാണ്. പക്ഷെ ഞാൻ ഇന്നു മടങ്ങി വരുന്നതല്ലെന്ന് എന്റെ ഓവർസീയരെ മുൻകൂട്ടി അറിയിപ്പാൻ ഒരാളെ അയയ്ക്കണം എന്നാൽ മതി.

III

അന്നത്തെ ദിവസം സന്ധ്യ കഴിഞ്ഞതിന്നു ശേഷം രണ്ടു സായ്പന്മാരും കൂടി കൂടാരത്തിന്നു പുറത്തിരുന്നു ചായ കുടിച്ചു ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. ഉച്ചയ്ക്കുണ്ടായിരുന്ന അസഹനീയമായ സൂര്യരശ്മി വായുമണ്ഡലം മുഴുവനും ചുട്ടുപഴുപ്പിച്ചിരുന്നു. കാറ്റിന്റെ യാതൊരു ലക്ഷണവും കാണ്മാനില്ലായിരുന്നു.

ജോർഡൻ:—ഇന്നു രാത്രി ഇടിയും കൊടുങ്കാറ്റും മഴയും ഒക്കെ ഉണ്ടാകുന്ന മട്ടൊക്കെ കാണ്മാനുണ്ട്. എന്താ നിങ്ങളുടെ അഭിപ്രായം?

ക്രിട്ടൻ:—ശരിയാണ്. ഈ ചൂടിന്റെ ശക്തിയെ ആലോചിക്കുമ്പോഴാണ് നമ്മുടെ പ്രിയപ്പെട്ട സ്വരാജ്യമായ ഇംഗ്ലാണ്ട് ഓർമ്മയിൽ വരുന്നത്. ദൈവം എത്തിച്ചാൽ വരുംകൊല്ലം ഈ കാലത്തു ഞാൻ കല്പനയെടുത്ത് ഇംഗ്ലാണ്ടിൽ പോയി താമസിച്ചു സുഖിക്കയായിരിക്കും.

ഇതു പറഞ്ഞു കഴിഞ്ഞപ്പോഴാണ് രാവിലെ നടന്ന സംഭാഷണം ക്രിട്ടൻസായ്പിന്ന് ഓർമ്മയിൽ വന്നത്.

ക്രിട്ടൻ:—ഹാ! ദൈവമേ! വരുംകൊല്ലം ഈ കാലത്തു ഞാൻ എവിടെയായിരിക്കും.


ജോർഡൻ:—സ്നേഹിതാ! എനിക്കു നിങ്ങളുടെ ഈ ചാപല്യം അത്ര രസിക്കുന്നില്ല. നിങ്ങൾക്ക് ആധിതന്നെ വ്യാധിയായിത്തീരും. നേരം പന്ത്രണ്ടു മണി കഴിയാറായിത്തുടങ്ങി. എനിക്ക് ഉറക്കം വന്നുതുടങ്ങി. ഞാൻ ഇതാ കിടപ്പാൻ പോകുന്നു. നിങ്ങളും നല്ല ഒരു ഡോസ്സ് കൊയിനാവ് കഴിച്ചു സുഖമായി കിടന്നുറങ്ങുക. നാളെ കാലത്തേക്കു ഒക്കെ സുഖമാവും.

IV

രാത്രി രണ്ടുമണി സമയമായപ്പോൾ ഭയങ്കരമായ ഇടിമുഴക്കം കേട്ടു ജോർഡൻ സായ്വു പെട്ടെന്നുണൎന്നു കിടക്കയിൽ എഴുനീററിരുന്നു. വായുമണ്ഡലം നല്ലവണ്ണം തണുത്തു കണ്ടതുകൊണ്ടു മഴ കലശലായുണ്ടായിട്ടുണ്ടെന്നു മനസ്സിലായി. അപ്പോഴും കലശലായി വൎഷിക്കുന്നുണ്ട്. കൂടാരത്തിന്മേൽ നിന്നു വെള്ളം നിലത്തു വീഴുന്ന ശബ്ദവും ഇടമുറിയാതെ കേൾപ്പാനുണ്ട്. ഇടക്കിടെ മിഴികൾ മൂടത്തക്ക മിന്നൽപ്രഭ കൂടാരത്തിന്നുള്ളിൽ കടന്നു വിലസുന്നുണ്ട്. അവയെ തുടൎന്ന് ഇടിമുഴക്കം ചെകിടടപ്പിക്കുന്നുണ്ട്. ഈവക ശബ്ദങ്ങൾക്കിടയിൽക്കൂടി മരണവേദനയോടെ ഒരാൾ നിലവിളിക്കുന്നശബ്ദം ജോർഡന്റൊരക്കു കേട്ടതായി തോന്നി. കുറച്ചു നേരം ശ്രദ്ധിച്ചു. ഈ ദീനസ്വരത്തിന്റെ ശക്തി ഇടക്കിടെ അധികരിച്ചും കുറഞ്ഞും വരുന്നുണ്ട്. ജോർഡൻസായ്വു പെട്ടെന്ന് എന്തെന്നില്ലാത്ത ഭയത്തോടെ തലയണയുടെ ചുവട്ടിൽനിന്നു കൈത്തോക്കു കയ്യിലാക്കി കൂടാരത്തിൽ നിന്നു പുറത്തേക്കു ചാടി. മുമ്പു കേട്ട ആൎത്തനാദം വീണ്ടും കേൾപ്പാനുണ്ടായിരുന്നു. ആയതു ക്രീട്ടൻസായ്വിന്റെ കൂടാരത്തിൽ നിന്നാണെന്നു മനസ്സിലാക്കുവാൻ അധികം വിഷമം ഉണ്ടായില്ല. അപ്പോഴേക്കും തമ്പിന്നുള്ളിൽ ഉണ്ടായിരുന്ന എല്ലാവരും ഉണൎന്ന് അങ്ങോട്ടും ഇങ്ങോട്ടും ഓട്ടവും ചാട്ടവും ഒക്കെ ആയിരിക്കുന്നു. കൂട്ടത്തിൽ ക്രീട്ടൻ സായ്വിന്റെ കൂടാരത്തിന്റെ ശീല കീറി ജോർഡൻസായ്വ് അതിന്നകത്തു കടന്നുകഴിഞ്ഞിരിക്കുന്നു. ഉള്ളിൽ കടന്നപ്പോൾ ജോർഡൻ സ്തംഭിച്ചു നിന്നുപോയി.

വളരെ ശക്തിയോടുകൂടിയ ഒരു ദുൎഗ്ഗന്ധം ആ കൂടാരത്തിന്നുള്ളിലുള്ള വായുവെ മുഴുവൻ മലിനപ്പെടുത്തിയിരിക്കുന്നു. കൂടാരത്തിന്നുള്ളിലുള്ള സാമാനങ്ങളൊക്കെ താറുമാറായി അവിടെയും ഇവിടെയും വാരി വലിച്ചിട്ടപോലെ കിടക്കുന്നു. ക്രീട്ടൻസായ്വിന്റെ ശരീരത്തിൽ ഏതാനും ഭാഗം കിടക്കയോടുംകൂടി കട്ടിലിന്മേലും നിലത്തുമായി ഞാന്നുകിടക്കുന്നു. അയാളുടെ ഉടുപ്പുകളൊക്കെ കീറി നാനാവിധമാക്കിയിരുന്നു. ക്രീട്ടന്റെ ശരീരത്തിൽ കയറി നില്ക്കുന്ന ഒരു രൌദ്രരൂപി കൂടാരത്തിന്നുള്ളിലേക്കു കടന്ന ജോർഡൻസായ്വിനെ നോക്കി പല്ലിളിക്കുന്നുണ്ട്. ക്രീട്ടൻസായ്വും ഈ മൃഗവും തമ്മിൽ ഒരു മല്ലയുദ്ധം കൂടാരത്തിന്നുള്ളിൽ വെച്ചു കഴിച്ചിട്ടുണ്ടെന്നു അതിന്നുള്ളിലുള്ള സ്ഥിതി ആകപ്പാടെ നോക്കിയാൽ മനസ്സിലാകും. ജോർഡൻസായ്വും മൃഗവും അന്യോന്യം വളരെ നേരം നോക്കിക്കൊണ്ടു നിന്നില്ല. പെട്ടെന്നു ഒരു ഭയങ്കര ശബ്ദം പുറപ്പെടുവിച്ച് ആ മൃഗം ജോർഡൻ സായ്വിന്റെ നേൎക്കു ഒരു ചാട്ടം ചാടി. ഈ ചാട്ടവും ജോർഡൻ സായ്വിന്റെ കൈത്തോക്കു പൊട്ടിയ ശബ്ദവും ഒപ്പമായിരുന്നു. ജോർഡൻസായ്വിന്റെ കുപ്പായത്തിന്റെ ഒരു കഷണവും കയ്യിലാക്കി ആ രൌദ്രമൂൎത്തി ഒരുഭാഗത്തു മലൎന്നുവീണു. ജോർഡൻസായ്വിന്റെ പിന്നത്തെ ശ്രമം ക്രീട്ടൻസായ്വിനെ സഹായിപ്പാനായിരുന്നു. കഷ്ടം! സാധു ക്രീട്ടൻസായ്വു മരിച്ചു വിളറികിടക്കുന്നു. അദ്ദേഹത്തിന്റെ കഴുത്തിൽ മാംസമൊന്നുമില്ല. തലയും ദേഹവും തമ്മിലുള്ള ബന്ധം വിട്ടിട്ടില്ലെന്നു മാത്രമേ ഉണ്ടായിരുന്നുള്ളു.

പെട്ടെന്നുണ്ടായ ഒരു കലശലായ കാററ് ക്രീട്ടൻസായ്വിന്റെ കൂടാരത്തിൽ മങ്ങിക്കത്തിയിരുന്ന വിളക്കു കെടുത്തു. ജോർ



"ഈ ചാട്ടവും ജോർഡൻസായ്യിൻെറ കൈത്തോക്ക പൊട്ടിയ ശബ്ദവും ഒപ്പമായിരുന്നു."

ഡൻസായ്യ കൂടാരത്തിൽനിന്നു പുറത്തേയ്ക്കു കടന്നു.

"ഇവിടെയുള്ള എല്ലാ വിളക്കുകളും വേഗം കത്തിച്ചുകൊണ്ടുവരിക. ഈ ദിക്കിലെ ഗ്രാമാധികാരിയെ വിളിച്ചുകൊണ്ടു വരുവാൻ ഉടനെ ആളെ അയയ്ക്കുക. ഈ കൂടാരത്തിന്നുള്ളിൽ ഞാൻ സമ്മതിയ്ക്കാതെ ആരും കടന്നുപോകരുത്. പൊല്ലീസ്സുകൺസ്റ്റബിൾമാരൊക്കെ എവിടെ?"

എന്നും മറും വളരെ പരിഭ്രമത്തോടെ ജോർഡൻസായ്യ നിലവിളിച്ചു പറയുന്നുണ്ട്. കുറച്ചു കഴിഞ്ഞപ്പോൾ മഴയും നിന്നു. മേഘത്തെയൊക്കെ കാററും കൊണ്ടുപോയി. ചന്ദ്രൻ തെളിഞ്ഞു പ്രകാശിച്ചുതുടങ്ങി. അര മണിക്കൂറിന്നകം ഗ്രാമാധികാരിയും എത്തിച്ചേൎന്നു. താടിയും നരച്ചു വളരെ വയസ്സനായ ഒരു മാന്യനായിരുന്നു ഇദ്ദേഹം. അധികാരി ഈ പരിഭ്രമത്തിൻെറ കാരണമെന്തെന്നറിയാതെ സാമാന്യത്തിലധികം പേടിച്ചു വിറച്ചുംകൊണ്ടാണ് ജോർഡൻസായ്യിൻെറ അരികെ വന്നത്.

"നിങ്ങളുടെ പൊല്ലീസ്സു സൂപ്രഡേണ്ടൊരയെ കൊലപ്പെടുത്തിയിരിയ്ക്കുന്നു നോക്കു! എന്നും പറഞ്ഞു ജോർഡൻസായ്യ് ഒരു വെളിച്ചവും കയ്യിലെടുത്തു ഗ്രാമാധി

കാരിയോടുകൂടി കൂടാരത്തിനുള്ളിലേക്കു കടന്നു. ദൊരയുടെ മരണവർത്തമാനം ഇതേവരെ മനസ്സിലാക്കിക്കഴിഞ്ഞിട്ടില്ലാത്ത ദാസന്മാരുടെ ഇടയിൽ ജോർഡൻ സായ്പിന്റെ ഈ വാക്കുകൾ കേട്ടപ്പോഴുണ്ടായ ക്ഷോഭം പറയേണ്ടതുണ്ടോ? ഗ്രാമാധികാരി കൂടാരത്തിനുള്ളിൽ കടന്ന ഉടനെ,

"അയ്യോ! എന്റെ സ്വാമി! കുരങ്ങച്ചൻ! കുരങ്ങച്ചൻ!" എന്നും മറ്റും ഓരോന്നു പറഞ്ഞു മുട്ടുകുത്തി മോഹാലസ്യമായി വീണുപോയി.

ജോർഡൻ—എന്താണ് ഇദ്ദേഹം പറയുന്നത്.

ഒരു ദാസൻ—സാർ, ഇദ്ദേഹം പറയുന്നത് ഈ കുരങ്ങ് അടുത്തുള്ള ക്ഷേത്രത്തിൽ താമസിക്കുന്നതാണെന്നും ദൊര അതിനെ കൊന്നുകളഞ്ഞതു കഷ്ടമായിപ്പോയെന്നും കൊടുങ്കാറ്റും ഇടിയും മഴയും കാരണമായി ഭ്രാന്തുപിടിച്ചാണ് ക്രിട്ടൻ സായ്പിനെ കുരങ്ങു കൊന്നതെന്നും ജനങ്ങൾ വളരെ ഭക്തിയോടെ വിചാരിച്ചുപോരുന്ന ഈ കുരങ്ങിന്റെ മരണം ഗ്രാമക്കാർക്ക് എന്തൊക്കെ അനർത്ഥങ്ങളാണ് ഉണ്ടാക്കിത്തീർക്കുന്നതെന്നറിഞ്ഞില്ലെന്നും മറ്റുമാണ്.

"ഗ്രാമക്കാർക്കു ..................." എന്നു പറഞ്ഞു കഴിയുമ്പോഴേക്കും ജോർഡൻ സായ്പിനുംതന്നെ ഒരു മോഹാലസ്യം ഉണ്ടാവാനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അവിടെ തിക്കിത്തിരക്കി കൂടിയിരുന്ന വാലിയക്കാരുടേയും കൺസ്റ്റേബിൾമാരുടേയും ഇടയിൽ ജടാധാരിയായി ദേഹം ആസകലം ഭസ്മം അണിഞ്ഞു കയ്യിൽ കപാലവും ദണ്ഡും ധരിച്ചതായ ഒരു യോഗി പുച്ഛരസത്തോടെ തന്നെ വീക്ഷിക്കുന്നതാണ് ജോർഡൻ കണ്ടത്. ഇതുതന്നെയായിരുന്നു ജോർഡനു മോഹാലസ്യം വരുമോ എന്നു ശങ്കിപ്പാൻ കാരണമായിത്തീർന്നത്. ജോർഡൻ കുറച്ചുനേരത്തേക്കു സ്തംഭിച്ചു നിന്നുപോയെങ്കിലും പിന്നെ കഠിനമായ കോപത്തോടെ:—

"ഹേ! ആ യോഗിയെ പിടിച്ചുനിർത്തു. ഹനുമാൻ ക്ഷേത്രത്തിലെ പൂജാരിയായ ആ കള്ളനെ വിട്ടയക്കരുത്. എവിടെ! ഒളിച്ചോടിപ്പോകുന്ന ആ യോഗിയെ തടഞ്ഞുനിർത്തുന്നവനു 100ക. ഇനാം ഞാൻ കൊടുക്കും. വേഗം!"

എന്നൊക്കെ ജോർഡൻ സായ്പു നിലവിളിച്ചു പറയുമ്പോൾ യോഗി യോഗിയുടെ പാട്ടിൽ പോയി. മറ്റാരും യോഗിയെ കണ്ടിട്ടുമില്ല. ദൊരക്കും കുരങ്ങിനെപ്പോലെ ഭ്രാന്താണെന്ന് അവിടെക്കൂടിയവർ ശങ്കിച്ചു. ഈവക ലഹളയിൽ ഗ്രാമാധികാരിക്കും സുബോധം വന്നു.

"സായ്പേ! ഇവിടെ ഒരു യോഗിയും വന്നിട്ടില്ല. മുമ്പുണ്ടായിരുന്ന ആ വയസ്സൻ യോഗി ആറുമാസം മുമ്പെ മരിച്ചുപോയിരിക്കുന്നു. അയാളുടെ മൃതശരീരം ക്ഷേത്രത്തിനടുത്തുള്ള വലിയ വൃക്ഷത്തിന്റെ ചുവട്ടിൽ ഞങ്ങളാണ് സംസ്കരിച്ചത്."

എന്നു ഗ്രാമാധികാരി ഇഞ്ചിനീയർ ജോർഡൻ ദൊരയെ പറഞ്ഞു മനസ്സിലാക്കി.

എം. ആർ. കെ. സി.

—:o:—

## വായനശാലയും
# അതിന്റെ ആവശ്യകതയും

ശ്രീമത്തിപ്പോളുകാലവും, ശ്രീതർത്തനി-
സ്സന്ദേഹമെന്നല്ല, നൽ-
പ്പേർമന്നിൽപ്പരമപ്പസിദ്ധ്യ, മെവനും
കണ്ടാൽക്കരംനൽകിടും
ഈമട്ടിൽപ്പലതുണ്ടുമെച്ചമമല-
ശ്രീവാച്ചിടുംവിദ്ദ്യയാ-
മോമൽസ്സാദ്ധ്വിസദാപിതന്നുടെവശ-
ത്താണെങ്കിലാക്കാകിലും. 1

രാജിസ്സുംരമണീയകീർത്തികലരും-
രാജാധിരാജേന്ദ്രനേ-
പ്പൂജിസ്സാൻനിജപൌരരേനിയതമു-
ണ്ടാവൂന്നിനച്ചീടുകിൽ
യോജിസ്സുന്നിതുസർവ്വതുംവിരുതനാം
വിദ്വാനെവന്ദിസ്സുവാ-
നാജിക്ഷോണിയിലുംനരന്നുകവചാം
വിദ്ദ്യാവിലാസോദയം. 2

ലോകംജീവിതനാടകക്കളരിയാ,-
ണീനാ:നടന്മാർ, പലേ
പാകംനോക്കിനമുക്കുവേഷമണിയാ-
നാകുന്നപാഠാലയം
ഹാകഷ്ടം! കരളിങ്കലിക്കഥനിന-
സ്സാതെത്രയോപേർമഹാ-
ശോകത്തിക്കടലിൽക്കിടന്നുതലത-
ല്ലീടുന്നുമൂഢവ്രജം. 3

നന്നായുള്ളനവീനരീതികലരും
പാഠാലയംനാട്ടിൽമുൻ-
പൊന്നാമട്ടിനുപുഷ്ടികൂട്ടുവതിനായ്-
വേണ്ടോളമുണ്ടാവണം
എന്നാൽവായനശാലയൊന്നിതിനൊരം-
ഗംതന്നെയാണായതും
വന്നാലേപരിപൂർണ്ണവിദ്ദ്യപരിശോ-
ഭിയ്ക്കുള്ളപാരംമെത്ത്യരിൽ. 4

പാരാകെപ്പുത്തുപ്പൂന്നുകൾപ്രഭപെടും-
പാശ്ചാത്യരാജ്യങ്ങളിൽ-
ധാരാളംവിലയുള്ളവായനമുറി-
ക്കൂട്ടങ്ങൾകോട്ടംവിനാ
പാരാതിന്നുലസിച്ചിടുന്നു, ഭരത-
ക്ഷ്മാമണ്ഡലത്തിങ്കലും
നേരായ്പ്പണ്ടുനിറഞ്ഞിരുന്നുവിമല-
ഗ്രന്ഥാവലീശാലകൾ. 5

പണ്ടുണ്ടായപവിത്രമാനസർപരം
ക്ലേശിച്ചതിൻസൽഫലം-
കൊണ്ടുണ്ടായ്പലമാതിരിസ്സുവിലസൽ-
ഗ്രന്ഥങ്ങളിങ്ങെങ്കിലും
രണ്ടുംനാലുമൊഴിച്ചൊരെണ്ണമധികം
കാണില്ലെഴുത്താണിയെ-
ക്കൊണ്ടുണ്ടാക്കണമിക്കണക്കിലെഴുതി-
ത്തീക്കാൻഞെരുക്കംപരം. 6

എന്നാലച്ചുഗ്രുണോദയപ്പൊലിമയാ-
ലാക്കംരസിസ്സുംവിധം
നന്നായച്ചടിയന്ത്രതന്ത്രമഹിമാ-
വാലേമഹീമണ്ഡലേ
ഇന്നാരാലനവദ്യപുസ്തകഗണം
കണ്ടീടിലുംവേണ്ടപോ-
ലെന്നാണിന്ത്യയിലൊക്കെവായനമുറി-
സ്സൽക്കർഷമൊക്കുംവിധൌ. 7

ഭാഷപ്പെൺകൊടിയാൾക്കഭൌവുകമണ-
സ്സാതെത്ര്യുംക്ഷുദ്രമാം
വേഷത്തിൽപ്പലപുസ്തകാവലിപുറ-
ത്താകുന്നനിത്യംഭുവി

ദോഷപ്പാടൊഴിവായിനിർമ്മലകൃതി-
ക്കൂട്ടങ്ങളൊട്ടാകെനൽ-
ഭാഷയ്ക്കൂഴിയിലുൽഭവിക്കണമതാ-
ണിക്കാലമാക്കുംപ്രിയം. 8
ഓരുമ്പോളൊരുപാട്ടരക്കുവതിനാ-
യുണ്ടാകുമുൾക്കൌതുകം
ചേരുംവായനശാലയെന്നവിഷയം
വർണ്ണിക്കുവാനോക്കുകിൽ
ആരുംതൽഗ്ഗുണമാകമാനമറിയു-
ന്നുണ്ടെങ്കിലിപ്പാരിലെ-
പ്പേരുംപണ്ഡിതമണ്ഡലിക്കൊരുപ-
വിത്രോത്തംസമുത്താസ്പദം. 9
ഭൂയിഷ്ഠപ്രഥിതപ്രഭാവമിയലും
ഭൂവൃത്തമോരോതരം
വായിക്കാം,പലകമ്പിവാർത്തയറിയാം
പത്രങ്ങൾപാർത്താദരാൽ
ആയില്ലായതു,മഞ്ചിതാശയമെഴും
കാവ്യങ്ങൾനോക്കാംനമു-
ക്കായിട്ടാര്യർചമച്ചശാസ്ത്രനിവഹം
കാണാംകണക്കെന്നിയേ. 10
ചാരുശ്രീചിതറുന്നനോവൽപലതും
നോക്കാംരസിക്കാം,ഗുണം
ചേരുന്നോരുപുരാണസംഹതിസദാ
പാരായണംചെയ്തിടാം
നേരുംനീതിയുമൊത്തതത്വനിവഹം
നിത്യംധരിക്കാം,നമു-
ക്കാരുംസ്നേഹിതരാവു,മാശയഗുണം
വർദ്ധിച്ചുവർത്തിച്ചിടാം. 11
ഏവംസർവ്വഗുണോല്ലസൽക്കളരിയാ-
യാക്കുംകുളക്കുരസം
കൈവന്നീടുവതിന്നുനല്ലവിഷയം
വേറെ വിചാരിക്കുകിൽ
ശ്രീവർദ്ധിച്ചവിശുദ്ധവായനമുറി-
യ്ക്കൊക്കുന്നതല്ലൊന്നുമേ;
ദൈവംമേലിലിതിന്നനുഗ്രഹമണ-
ക്കട്ടേവരട്ടേശുഭം! 12

കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്.

# ശാസ്ത്രീയതത്വങ്ങൾ

## ബ്രഹ്മാണ്ഡങ്ങൾ

ബ്രഹ്മാണ്ഡകോടികൾനഷ്ടങ്ങളായതും
ബ്രഹ്മണാസൃഷ്ടങ്ങളായതുംപാർക്കിലൊ.

എന്ന മതസിദ്ധാന്തം പ്രത്യക്ഷാനുഭവമായി കാണുന്നതുവരെ സാധാരണന്മാർ വിശ്വസിക്കുന്നതല്ല. നാം ആകാശത്തിൽ കാണുന്ന ഓരോ നക്ഷത്രങ്ങളും ഓരോ ബ്രഹ്മാണ്ഡങ്ങളാണെന്ന് അഭിപ്രായപ്പെടുന്ന പാശ്ചാത്യന്മാർതന്നെ ഇപ്പോൾ പലരും ഉണ്ട്. നവഗ്രഹങ്ങൾ ജീവജാലങ്ങൾ താമസിക്കുന്ന നവാണ്ഡങ്ങൾ ആണെന്നു സിദ്ധാന്തിച്ചും ദിനംപ്രതി പരീക്ഷകൾ നടത്തി തെളിവു ശേഖരിച്ചും വരുന്ന തത്വശാസ്ത്രജ്ഞന്മാരുടെ സംഖ്യ ദിവസംപ്രതി വർദ്ധിച്ചുവരുന്നതേയുള്ളു. ചന്ദ്രനിൽ കാണുന്ന "ഉരഃകളങ്കം" പർവ്വതനിരകളാണെന്നും, ശുക്രനിൽ പാർക്കുന്ന ജീവികൾ ബുദ്ധിശക്തികൊണ്ടും ജ്ഞാനംകൊണ്ടും ഈ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യവർഗ്ഗത്തെ ജയിക്കുമെന്നു തെളിയിക്കത്തക്കവണ്ണം ചില ലക്ഷണങ്ങൾ ശുക്രനിൽ കാണുമാറുണ്ടെന്നും, ചൊവ്വ എന്ന ഗ്രഹം ഭൂമിയുടെ മകനാണെന്നുള്ള പക്ഷാന്തരം യഥാർത്ഥമാണോ എന്നു സംശയിക്കത്തക്കവിധം ചൊവ്വായിലും ഭൂമിയിലും ഉള്ള ശീതോഷ്ണസ്ഥിതികൾക്കു സാമ്യമുണ്ടെന്നും,

ബുധസ്സതോഭ്രന്നവസ്യ ഗ്രഫേഷ്യ
രതോഷ്യ മുക്താഫലവന്മനോജ്ഞഃ

എന്ന അഭിപ്രായം ഏതാണ്ടു ശരിയാണെന്നും മററും ഇപ്പോഴും പല യോഗ്യന്മാരും പറഞ്ഞുതുടങ്ങിയിരിക്കുന്നു. ഇതൊക്കെ ആലോചിയ്ക്കുമ്പോഴാണ് പ്രകൃതിവൈഭവത്തെപ്പററി ഏവനും ആശ്ചര്യമുണ്ടാകുന്നത്.

## പ്രേതലോകം.

"അപുത്രസ്യ ഗതിന്നാസ്തി" എന്ന പ്രമാണത്തെ വിശ്വസിച്ചുപോരുന്ന ഒരു വർഗ്ഗക്കാർ ഉത്തരധ്രുവത്തിന്നടുത്ത അലാസ്കാരാജ്യത്തിൽ പാർത്തുവരുന്ന എസ്കിമൊ എന്ന ജാതിക്കാരാണ്. പ്രേതലോകത്തേയും പ്രേതങ്ങളേയുംപററി ഇവൎക്കുള്ള ധാരണയും ഹിന്തുക്കളുടെ ധാരണയും തമ്മിൽ വളരെ സാമ്യമുണ്ട്. എസ്കിമൊ ജാതിക്കാർ മനുഷ്യവർഗ്ഗത്തിൽപെടുമെന്നല്ലാതെ പരിഷ്കൃതരാജ്യങ്ങളിൽ കണ്ടുവരുന്ന നടവടി വ്യത്യാസങ്ങളൊന്നും ഈ വർഗ്ഗക്കാരെ ബാധിച്ചിട്ടില്ല. പഴയ സമ്പ്രദായങ്ങൾ ഒന്നുംവിടാതെ മുറുകെപ്പിടിയ്ക്കേണമെന്ന നിർബ്ബന്ധം ഈ സമുദായക്കാരുടെ ഇടയിൽ ഇപ്പോഴും ശക്തിയോടെ നിലനിന്നുപോരുന്നുണ്ടെന്നു മാത്രമല്ല ആ വക സമുദായ നടവടികൾ ഭേദിച്ചുനടക്കുന്നവൎക്കുള്ള ശിക്ഷയും കഠിനമാണ്. വൈദ്യനും മന്ത്രവാദിയുംകൂടി ഏകീകരിച്ച ഒരു മൂർത്തിയെ മാത്രമാണ് ഇവൎക്ക് അല്പം ബഹുമാനമുള്ളത്. ഈ വകക്കാർ ഇവരുടെ വർഗ്ഗത്തിൽ ഒട്ടധികം ഉണ്ടുതാനും. പ്രേതോപാസനയാണ് ഇവരുടെ കർമ്മങ്ങളിൽ പ്രധാനമായ ഒരു കർമ്മം. കൊല്ലത്തിൽ പ്രേതപൂജയ്ക്കായി അനവധി ദ്രവ്യം ഇവർ ചിലവഴിയ്ക്കാറും ഉണ്ട്. രോഗികളായ വൃദ്ധന്മാരും വൃദ്ധമാരും ജീവനോടെ ഇരിക്കരുതെന്ന് ഇവരുടെ ഇടയിൽ വളരെ നിഷ്കൎഷയാണത്രെ. പ്രായാധിക്യം വന്നവൎക്ക് ആത്മഹത്യ ചെയ്യാനുള്ള സാമഗ്രികൾ കൊടുത്താൽ ജീവനെ ഒടുക്കിക്കൊള്ളണം. ഇല്ലെങ്കിൽ അവരെ കൊല്ലുന്നതിന്നുംകൂടി വിരോധമില്ലെന്നാണ് സമുദായനിയമം. ചത്താലും ശരി കൊന്നാലും ശരി, ശവസംസ്കാരം വളരെ ഘോഷമായി പല കർമ്മങ്ങളോടുംകൂടിയാണ് കഴിച്ചുപോരുന്നത്. ജീവനോടെ ഇരിയ്ക്കുമ്പോൾ എന്തൊക്കെ സാധനങ്ങൾ ആവശ്യമുണ്ടോ അതൊക്കെ മരിച്ചാലും വേണമെന്ന നിലയിൽ ശവത്തോടൊപ്പം സംസ്കരിയ്ക്കുമത്രെ. ഇന്ത്യയിലെ പൂർവ്വനിവാസികളും ഇവരുമായി പല സംഗതികളിലും സാമ്യമുണ്ടെന്നാണ് കാണുന്നത്.

## സൂര്യമണ്ഡലം.

കാലത്രയഹേതോ!കരുണാസാഗര!സൂര്യ!
(നമസ്തേ.
ലോകത്രയസൃഷ്ടിസ്ഥിതിലയകാരണഭൂത!
(നമസ്തേ.
താപത്രയശമന!ചരാചരബോധപ്രകട!ന
(മസ്തേ.
വേദത്രയമൂർത്തെ!ബഹുവിധകീർത്തെ!മിഹി
(ര!നമസ്തേ.

ലോകത്തിലുള്ള സസ്യജാലങ്ങൾക്കും ജീവജാലങ്ങൾക്കുമൊക്കെ ജീവനാധാരമായിരിയ്ക്കുന്നതു സൂര്യഭഗവാനാണെന്ന ബോധം നമ്മുടെ ഇടയിൽ നൂതനമായിട്ടുള്ളതല്ല. പൌരസ്ത്യരാജ്യത്തിൽ സൂര്യനെ ഈശ്വരനായി സങ്കല്പിച്ച് ആരാധിച്ചുവരുന്നവർ പലരും ഉണ്ട്. ഹിന്തുക്കളുടെ പ്രധാന മന്ത്രമായ ഗായത്രിയുടെ ദേവത സൂര്യനാണ്. സൂരോസ്ത്രമതക്കാൎക്ക സൂര്യൻതന്നെ

യാണ് ഈശ്വരൻ. ഈശ്വരതേന ഹിന്ദുക്കൾ സങ്കല്പിച്ചുപോരുന്ന ശ്രീരാമചന്ദ്രനെക്കൊണ്ടുതന്നെ രാവണയുദ്ധത്തിൽ സൂര്യഭഗവാനെ ആദിത്യഹൃദയമന്ത്രംകൊണ്ട് ഉപാസിപ്പിച്ചതും, ഭഗവാനായ ശ്രീകൃഷ്ണന്റെ കണ്ണിലുണ്ണികളായ പാണ്ഡവന്മാരെക്കൊണ്ടു കാട്ടിൽ കിടന്നു കഷ്ടപ്പെട്ടപ്പോൾ ആപന്നിവാരണത്തിന്നായി സൂര്യഭഗവാനെ സേവിപ്പിച്ചതും ആലോചിക്കുമ്പോൾ ഹിന്ദുക്കൾതന്നെ സൂര്യഭഗവാനെ സർവ്വേശ്വരനായി കല്പിച്ചിട്ടില്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ദിനംപ്രതി നാം പ്രത്യക്ഷമായി കാണുന്ന ഈ സൂര്യന്ന് എന്താണ് ഇത്രയെല്ലാം മഹത്വം കല്പിപ്പാനുള്ളത് എന്നു സ്മൃതിപുരാണാദികളിൽ അവിശ്വാസം ജനിച്ചു സംശയിക്കുന്നെങ്കിൽ ആ സംശയനിവൃത്തിക്കാണെന്നു തോന്നുമാറു പാശ്ചാത്യന്മാർ ചില വിദ്യകൾ ഇതിനിടെ കണ്ടുപിടിച്ചിരിക്കുന്നു. ഭക്ഷണസാധനങ്ങൾ പാകം ചെയ്വാനുള്ള തീയ്യായും, രാത്രിയിൽ വീടുകൾ പ്രകാശിപ്പിക്കുന്ന വിളക്കായും, തീവണ്ടി കപ്പൽ മുതലായ യന്ത്രങ്ങൾ നടത്തിപ്പിക്കുന്ന ശക്തിയായും മററും ഇപ്പോൾ അധികമായി ഉപയോഗിച്ചുവരുന്ന കല്ക്കരിയുടെ പ്രയോജനം സൂര്യരശ്മികൊണ്ടു നടത്താമെന്നാണ് കണ്ടുപിടിച്ചിരിക്കുന്നത്. സൂര്യരശ്മിയെ പകൽസമയം ഒരു യന്ത്രസഹായത്താൽ ഇഷ്ടംപോലെ സംഭരിച്ചു സൂക്ഷിപ്പാനും ഈ രശ്മികൾ ആവശ്യംവരുമ്പോൾ യഥേഷ്ടം ഉപയോഗപ്പെടുത്തുവാനും സാധിക്കുമെന്നാണ് കാണുന്നത്. ഭവനങ്ങളുടെ മേൽപുരമേൽ പകൽസമയം ഒരു യന്ത്രംവെച്ചാൽ ആ യന്ത്രം ആകർഷിച്ചെടുക്കുന്ന രശ്മികൾകൊണ്ട് ആ ഭവനത്തിലെ തീകൊണ്ടുള്ള ആവശ്യങ്ങൾ ഒക്കെ നിവൃത്തിക്കാമത്രെ.

ഉപ്പാവേണ്ടാവിറകുവേണ്ടാ
വെപ്പാനുള്ളവരാരുംവേണ്ടാ

എന്നു പറഞ്ഞപോലെ ലോകരെ സഹായിക്കുന്ന സൂര്യൻ "ലോകബന്ധു"വല്ലെ? ആ സൂര്യൻതന്നെയല്ലെ ഈശ്വരൻ.

(സി. കെ.)

---

# ബാലകൃഷ്ണന്റെ പിറന്നാൾ

(പി. ആർ. നാരായണയ്യർ.)

"എന്റെ പിറന്നാൾ സദ്യക്ക് ആയാളെ വിളിച്ചില്ലെങ്കിൽ ഞാൻ നിങ്ങളോടു മിണ്ടില്ല."

ഇങ്ങിനെ ഗൌരവത്തോടെ തന്റെ കോമളമായ മുഖം കറച്ചു ചരിച്ചു ദ്വേഷ്യഭാവത്തോടെ കാൽകൊണ്ടു നിലത്തിൽ വരഞ്ഞു നയനങ്ങളിൽനിന്ന് അശ്രുകണങ്ങൾ പൊഴിച്ചു ഗദ്ഗദാക്ഷരത്തിൽ പറഞ്ഞത് എന്റെ ജ്യേഷ്ഠത്തിയുടെ മകൻ ബാലകൃഷ്ണനായിരുന്നു. അവനെ മുഷിപ്പിക്കുന്നത് എന്റെ തറവാട്ടിൽ ആൎക്കും തന്നെ രസമില്ല. അവൻ ജനിച്ച് ഒരു കൊല്ലം തികയുന്നതിന്നു മുമ്പെ എന്റെ ജ്യേഷ്ഠത്തി കാലഗതിയെ പ്രാപിച്ചി

ന്നു മരിയ്ക്കുമ്പോൾ എന്റെ പ്രിയജ്യേഷ്ഠത്തി എന്നോട് ഇങ്ങിനെയായിരുന്നു പ്രത്യേകമായപേക്ഷിച്ചത്:—

"ശിന്നു! നിണക്ക് എന്നോടു സ്നേഹം ഉണ്ടല്ലോ. ബാലകൃഷ്ണന്റെ അച്ഛൻ മരിച്ചതിന്റെശേഷം എനിയ്ക്കു ജീവനോടെ ഇരിപ്പാൻ അസാദ്ധ്യമാണ്. നീ ബാലകൃഷ്ണനെ മാത്രം കാമനായായി വളത്തണേ കുട്ടിയെ ഒട്ടും മുഷിപ്പിയ്ക്കരുതെ. കുട്ടിയെ വേണ്ടപോലെ സംരക്ഷിച്ച് അവന്റെ അമ്മ മരിച്ചതായി അവനെ അറിയിക്കാതിരിയ്ക്കേണ്ടത് നിന്റെ ഭാരമാകുന്നു."

ഇങ്ങിനെ പറഞ്ഞുംകൊണ്ടായിരുന്നു എന്റെ ജ്യേഷ്ഠത്തി കണ്ണടച്ചത്. ജ്യേഷ്ഠത്തി മരിയ്ക്കുന്നതിന്നു രണ്ടു ദിവസം മുമ്പായിരുന്നു അവളുടെ ഭർത്താവു പ്ലേഗ് രോഗത്താൽ ബങ്കളൂരിൽനിന്നു മരിച്ചതായി ഞങ്ങൾക്കു കമ്പി കിട്ടിയത്.

അച്ഛനും അമ്മയും ഇല്ലാത്ത ഒരു കുട്ടിയെ രക്ഷിയ്ക്കേണ്ടുന്ന ഭാരം മുഴവനും എന്റെ തലയിലായിരുന്നു. ബാലകൃഷ്ണനെ കരയിക്കുന്നതിൽപരം കഠിനമായ കർമ്മമൊന്നുമില്ലെന്നാണ് ഞാനും അമ്മയും കരുതിയിരുന്നത്. വിശേഷിച്ചു, ബാലകൃഷ്ണന്റെ അഞ്ചാമത്തെ വയസ്സു പൂർത്തിയാകുന്ന വിശേഷദിവസത്തിൽ ആയിരുന്നു ബാലകൃഷ്ണന്റെ ഈ രോദനം.

ബാല—എളയമ്മ പോയി ആയാളെ കൂട്ടിക്കൊണ്ടു വന്നില്ലെങ്കിൽ ഞാൻ പോയി കൂട്ടിക്കൊണ്ടുവരും.

ഞാൻ—ഏതാളെയാണ് കൂട്ടിക്കൊണ്ടു പോരേണ്ടത്?

ബാല—താഴിലെ ലക്ഷ്മിയും ഞാനും അമ്പലത്തിൽ പോയപ്പോൾ ഒരാൾ എന്റെ കൈ പിടിച്ചില്ലെ. ആയാൾ.

ഞാൻ—ആയാളുടെ പേരെന്താണ്?

ബാല—എനിക്കറിഞ്ഞുകൂടാ.

ഞാൻ—പിന്നെ എങ്ങിനെ നീ ആയാളെ ക്ഷണിയ്ക്കും.

ബാല—ഞാൻ ഉണ്ണാൻ വരണമെന്നു പറഞ്ഞിട്ടുണ്ട്. ആയാൾ വരും.

ബാലകൃഷ്ണന്റെ വിവരണംകൊണ്ടൊന്നും എനിയ്ക്ക് ആളെ മനസ്സിലായില്ല. ബാലകൃഷ്ണൻ കരഞ്ഞു തുടങ്ങി. അവന്റെ പിറന്നാൾ ദിവസം അവനെ കരയിക്കുന്നതു കണ്ടിരുന്നുവെങ്കിൽ എന്റെ ജ്യേഷ്ഠത്തി എന്തുപറയും? മരണസമയത്ത് എന്നോടു പറഞ്ഞ വാക്കുകളെ ഞാൻ അനാദരിയ്ക്കാൻ പാടുണ്ടോ? എന്റെ ജ്യേഷ്ഠത്തിയുടെ പുടമുറി ദിവസം എന്റെ ഹൃദയത്തിൽ ശിലാരേഖപോലെ പതിഞ്ഞിരുന്നു. ആ ദിവസമായിരുന്നു എന്റെ ഹൃദയത്തെ കവരുന്ന സുന്ദരപുരുഷനെ ഞാൻ കണ്ടുമുട്ടിയത്. എന്റെ ജ്യേഷ്ഠത്തിയുടെ ഭർത്താവിന്റെ സഖാവായിട്ടാണ് അദ്ദേഹം വന്നിരുന്നത്. രാജഗോപാലൻ എന്നായിരുന്നു പേർ. അടിയന്തരം കഴിഞ്ഞ് ഒരു മാസത്തോളം ജ്യേഷ്ഠത്തിയുടെ ഭർത്താവോടുകൂടി അദ്ദേഹം എന്റെ വീട്ടിൽ താമസിച്ചു. ഈ ഒരു മാസത്തിന്നുള്ളിൽ രാജഗോപാലനും ഞാനും വളരെ സ്നേഹത്തിലായി. തമ്മിൽ വിട്ടുപിരിയുന്നത് ഞങ്ങൾക്കു മരണതുല്യമായിരുന്നു. ഭാര്യാഭർത്താക്കന്മാരായി സുഖിച്ചിരിയ്ക്കേണ്ടുന്ന കാലം ജഗദീശ്വരൻ ഉടനെ വരുത്തേണമെന്നു ഞങ്ങൾ രണ്ടുപേരും പ്രാർത്ഥിച്ചുംപോന്നു. എന്നാൽ ഞങ്ങളുടെ ദാമ്പത്യത്തിന്നു വലിയമ്മാമന്റെ സമ്മതം അത്യാവശ്യമായിരുന്നു. സംഗതിവശാൽ ഗവർമ്മെണ്ടുദ്യോഗം ഭരിയ്ക്കുന്ന ആളുകളുമായി തന്റെ തറവാട്ടിൽ ഒരിയ്ക്കലും ബാന്ധ

വം നടത്തില്ലെന്നു വലിയമ്മാമൻ ഒരു പ്രതിജ്ഞ ചെയ്തിരുന്നത് ഞാൻ അറിയും. രാജഗോപാലൻ മദിരാശി ഗവൎമ്മെണ്ടാപ്പീസിൽ 100ക. ശമ്പളം വാങ്ങുന്ന ഒരു ഗൃഹസ്ഥനായിരുന്നു. രാജഗോപാലനും ഞാനും വിട്ടുപിരിയുവാനുള്ള സംഗതി താഴെ കാണിച്ച സംഭാഷണത്തിൽനിന്നാണ് ഉത്ഭവിച്ചത്.

രാജ—ശിന്നു! എപ്പോഴാണ് നിന്നെ 'ഭാൎയ്യേ' എന്നു വിളിപ്പാൻ ജഗദീശ്വരൻ അനുഗ്രഹിക്കുന്നത്.

ഞാൻ—ഉദ്യോഗം രാജികൊടുത്ത് അമ്മാമനോടപേക്ഷിക്കാതെ നിങ്ങൾക്ക് അങ്ങിനെ വിളിപ്പാൻ സാധിക്കും എന്നു തോന്നുന്നില്ല.

രാജ—ഞാൻ അമ്മാമനോടപേക്ഷിക്കാം. ഉദ്യോഗം രാജികൊടുത്താൽ പട്ടിണികിടന്നു പല്ലിളിക്കേണ്ടിവരും.

ഞാൻ—അങ്ങിനെയാണെങ്കിൽ നിങ്ങൾ ഒരിക്കലും—വലിയമ്മാമൻ മരിക്കുന്നതുവരെ എന്റെ ഭൎത്താവാകയില്ല. എന്നെ ഇഷ്ടമുണ്ടെങ്കിൽ നിങ്ങൾ രാജികൊടുക്കുകയില്ലേ. എന്നേക്കാൾ നിങ്ങൾക്കു നിങ്ങളുടെ ഉദ്യോഗം വലിയതാണെങ്കിൽ നിങ്ങളുടെ ഉദ്യോഗത്തെ ഭാൎയ്യയായി വെച്ചോളൂ.

രാജ—ശിന്നു! നീ പറയുന്നതിന്റെ സാരം നിണക്കു മനസ്സിലായോ?

എന്നു പറഞ്ഞുകൊണ്ടു രാജഗോപാലൻ എന്റെ കൈപിടിച്ചു. പക്ഷെ ഞാൻ അദ്ദേഹം പറയുന്നതു കൂട്ടാക്കാതെ കയ്യും കുടഞ്ഞു വീട്ടിലേക്കു വരികയും ചെയ്തു. പിന്നെ എന്റെ പ്രിയരാജഗോപാലനെപ്പററി ബാലകൃഷ്ണന്റെ ജനനദിവസംവരെ ഒന്നും കേട്ടതേയില്ല. അന്നേദിവസം എന്റെ മുറിയിൽ ഒരു കടലാസ്സിന്റെ കഷണം കിടക്കുന്നതു കണ്ടു. കടലാസ്സിൽ എഴുതിയിരുന്നതു രാജഗോപാലന്റെ കയ്യക്ഷരംപോലെ തോന്നി. അത്യാഗ്രഹത്തോടെ ഞാൻ അതിനെ വായിച്ചു.

മകരം 27-ാം നു-
ബുധനാഴ്ച.

"ശ്രീ.

പ്രിയശിന്നു! ഇന്നു വൈകുന്നേരം 4 മണിമുതൽ 6 മണിവരെ നാം മുമ്പു കണ്ടു സന്ധിച്ചിരുന്ന സ്ഥലത്തിൽ ഞാൻ നിന്നെ കാത്തുനില്ക്കും. നീ അവിടെ വന്നിട്ടില്ലെങ്കിൽ നിണക്ക് എന്നിൽ ഉള്ള അനുരാഗം അസ്തമിച്ചുവെന്നു ഞാൻ ഊഹിക്കും.

എന്ന് നിന്റെ പ്രിയപ്പെട്ട
രാജഗോപാലൻ."

ഞാൻ ഈ എഴുത്തു വായിക്കുമ്പോൾ നേരം 6 മണി കഴിഞ്ഞിരുന്നു. എന്റെ രാജഗോപാലൻ എന്റെ വരവും കാത്തു വളരെ നേരം നിന്നിരിക്കാം. പക്ഷെ അത് എന്റെ കുററമല്ലയായിരുന്നു. അതിന്റെശേഷം ഞാൻ രാജഗോപാലനെ കാണുകയാവട്ടെ അദ്ദേഹത്തെപ്പററി വല്ല വിവരവും അറിയുകയാവട്ടെ ഉണ്ടായിട്ടില്ല. ഈ സംഭവങ്ങൾ അങ്ങിനെയിരിക്കട്ടെ.

ബാലകൃഷ്ണന്റെ കരച്ചിൽ അധികരിച്ചുതുടങ്ങി. ലക്ഷ്മിയെ വിളിച്ചു ചോദിച്ചപ്പോൾ ബാലകൃഷ്ണനുമായി അമ്പലത്തിൽ നിന്നു സംസാരിച്ച ആളെ അവൾക്കു നിശ്ചയമുണ്ടെന്നറിഞ്ഞു. ദാസി ലക്ഷ്മിയും ബാലകൃഷ്ണനുംകൂടി അദ്ദേഹത്തെ പിറന്നാൾ സദ്യക്കു ക്ഷണിക്കാൻ പുറപ്പെട്ടു.

---

നേരം പത്തരമണിയായിരുന്നു. സദ്യക്ക് എല വെക്കേണ്ട നേരമായി. ബാല

കൃഷ്ണൻ അവന്റെ അതിഥിയേയും കൂട്ടി എന്താണ് വരാത്തത് എന്ന് എന്റെ അമ്മ പിറുപിറുത്തുകൊണ്ടിരുന്നു. എന്റെ കുട്ടിയുടെ അതിഥി ആരാണെന്നറിയാതെ ഞാനും കുഴങ്ങി. നേരം പതിനൊന്നു മണിയായപ്പോൾ ബാലകൃഷ്ണനും അവന്റെ അതിഥിയും എത്തി. അതിഥിയെ കണ്ടപ്പോൾ എനിക്കു ദേഹം മുഴുവനും രോമാഞ്ചം ഉണ്ടായി. എന്റെ ഹൃദയത്തിൽ സർവ്വദാ കുടികൊണ്ടിരുന്ന രാജഗോപാലനായിരുന്നു ആ അതിഥി. പിറന്നാൾ സദ്യ അതികേമമായി കഴിഞ്ഞു. എനിക്കും രാജഗോപാലനും ഭക്ഷണത്തിന്നു രുചി ഉണ്ടായിരുന്നില്ല. കാമിനീകാമുകന്മാർക്കു സഹജമായുണ്ടാകുന്ന പരസ്പരാനുരാഗം വൈകുന്നേരം 5 മണിക്കു ഞങ്ങളുടെ പൂർവ്വസങ്കേതസ്ഥാനത്തിൽ രണ്ടുപേരേയും യോജിപ്പിച്ചു. കുറെ നേരത്തേക്കു രണ്ടുപേരും മൌനം ദീക്ഷിച്ചു. രാജഗോപാലനാണ് ആദ്യം സംസാരിച്ചത്.

രാജ—ഞാൻ അന്നു ശിന്നുവേയും കാത്ത് ഇവിടെ എത്രനേരം നിന്നു? അപ്പോൾ ശിന്നുവിന്നു എന്റെ മേൽ ദയതോന്നിയില്ലേ?

ഞാൻ—ഞാൻ വരാഞ്ഞത് എന്റെ കുറ്റമല്ലയായിരുന്നു. രാജഗോപാലന്റെ എഴുത്തു കിട്ടിയപ്പോൾ നേരം 6 മണി കഴിഞ്ഞിരുന്നു.

രാജ—സമയത്തിന്ന് എഴുത്തു കിട്ടിയെങ്കിൽ ശിന്നു ഇവിടെ വരുമായിരുന്നുവോ?

ഞാൻ—അതിന്നെന്താണ് സംശയം.

ഞാൻ ഇങ്ങിനെ പറയുമ്പോഴേക്ക് എന്റെ ദേഹം രാജഗോപാലന്റെ കരപല്ലവങ്ങളാൽ വലയിതമായിക്കഴിഞ്ഞു. ഇപ്പോൾ ഞങ്ങളുടെ ദാമ്പത്യഭാവത്തെ തടസ്ഥം ചെയ്വാൻ എന്റെ വലിയ അമ്മാമൻ ഉണ്ടായിരുന്നില്ല. അദ്ദേഹം രണ്ടു സംവത്സരങ്ങൾക്ക മുമ്പെ പരലോകപ്രാപ്തനായിരിക്കുന്നു. ഞാൻ ഇതാ ഇപ്പോൾ എന്റെ പ്രിയഭർത്താവായ രാജഗോപാലനോടുകൂടെ മദിരാശിയിൽ സുഖമായിരിക്കുന്നു.

# കൈലാസയാത്രാപ്രബന്ധം

(തുടച്ച്)

ഇതിപ്രിയാസഹജസമീരിതം വച-
സ്സ്വാസ്സ്വഹംസഹിനിശമ്യനീതിമാൻ
കൃതസ്മിതം കനിവൊടു ധർമ്മനന്ദനൻ
പതുക്കിലങ്ങവരോടുവാചമൂചിവാൻ.
ഹേ ധീമൻ വായുസൂനോ ദ്രുപദനൃപസുതേ
നിങ്ങളിച്ചൊന്നതെല്ലാം
മിത്ഥേമിത്ഥേമദീയേ ഹൃദി പരമൊഴിയ-
ന്നൊന്നപോലായ് ചമഞ്ഞു
ഹാ ദൈവേ വൈപരീത്യസ്ഥിതിമതിവരു
രാപദാംമൂലമാകേ (വോ-
വീതാശങ്കം തടുക്കാവതു? പുനരതിനി-
ന്നേഷ ഞാൻ മൂലമായേ.
ഭീഷ്മദ്രോണകൃപാദിവീര്യപുരുഷാ-
മേബാന്ധവാവൈരികൾ-
ക്കായിപ്പോയ് ശകുനിച്ഛലേനപണയം
വെച്ചാശ്രുതദ്ദേവനേ
ഏൽപ്പനാമവരോടിതെങ്കിലധുനാ
കേൾകൈവരാമാദൃശം
വാഴ്ത്തേറുന്നജയന്ത്രിലോകഭയദ-
വ്യാപാരിണസ്സേരണേ.
അപനേയമുദേതുമിച്ഛതാ
തിമിരം രോഷമയം ധിയാപുരഃ
അവിഭിദ്യനിശാകൃതം തമഃ
പ്രഭയാനാംശുമതാപ്യുദീയതേ.
നയവാൻ വിനയപ്രമാഥിന-
സ്സമുപേക്ഷതസമുന്നതിഃ ദ്വിഷഃ
സൃജയഃ ഖലുതാദൃഗന്തരേ
വിപദന്താഹ്യവിനീതസമ്പദഃ.
ക്രോധാവേഗം വിദൂരേ വിസൃജ തമധുനാ
സർവ്വസമ്പൽഗുണാനാ-
മാധാരം പോൽ വിവേകം കരുതു കിലമുനാ
പരിലൊന്നില്ലസാദ്ധ്യം

സ്വാധീനാപിത്രിലോകീവിജയിനിവിഭവേ
വിശ്വകൃത്യേഷുരാജ്ഞാം
നീതിജ്ഞാനാംസദൈവേങ്ഗിതമനസിദശാ-
ദേശകാലാവലോകം.
രാമാൽബലീയാന്നപരോസ്തികശ്ചിൽ
ദാരാപഹാരാന്നപരോപമാനഃ
തഥാപിരാമസ്സരഭംനിരീക്ഷ്യ
ബബന്ധസിന്ധൌസേതുമരിംജഘാന.
മുന്നംവന്നെന്നുകേൾപ്പുണ്ടരിയപരിഭവം
വീര്യഭാജാംപലർക്കും
നിർണ്ണീതംകാലയോഗൈസ്സുഖശമവരതി
ന്നന്തരംവീണ്ടുകൈക്കൊണ്ടു
എന്നാലിപ്പോൾവിപന്നാവയമപശരണാ
ശ്ശത്രുവർഗ്ഗേസമഗ്രേ
കചന്തെത്തുന്നാരമെന്തസ്സുഖമിതിമനസോ
ഹന്ത ചിന്താതുരന്താ.
സദയമിതിപറഞ്ഞ
ജാതനിശ്വാസമസ്മിൻ
ഗതധൃതിമനുജേന്ദ്രേ
സ്വാധിഷണ്ണേവിഷണ്ണേ
അതിശയിതകൃപാപാ-
നാവിരാസീത്തദാനീം
ബുധജനമണിഭൂഷാ
വ്യാസനാമാദ്വിജന്മാ.
ഇവണ്ണമൂചെമുനിരച്ചിതായം
പ്രവാസപീഡാംഭവതാമറിഞ്ഞോർ
ഭവേദ്യഥാമാവിപദോമഹത്യാ
സ്തപശ്യമുത്താരയിതാജ്ഞനോസൌ.
ഉപായമിത്ഥംവിരവോടതിന്നെ-
ന്നരൌതദാന്യോന്യമമന്ത്രയേതാം
കൃപാകുലാത്മാസമുനിസ്തിരോഭൂ-
ദപേതഖേദശ്ചബഭൂവരാജാ.
ഏകാന്തെരാജതനയ-
ശ്ശോകാദ്ധ്യാശയമജ്ജനം
സാകൂതമാഹനൃപതിഃ
പാകശാസനിമാദരാൽ.
ദ്രുപദരാജസഭാപത്യയോഃ
പരുഷവാങ്മയപാവകവർഷിണോഃ
യദസിലോകജഘന്യമയിമൌനവാൻ
വിജയതേനമനോമമതാവകം.
പുണ്യാജ്ജ്യേഫൽഗുനാഞാൻനിറമിയലിന
ബാഹുവീര്യാവലംബം (ന്നിൻ
അന്നെചിന്തിച്ചദുർവ്വനപരിഭവഖേ-
ദംപൂഴ്ക്കുന്നിതേറ്റം
എന്നാൽനീഞങ്ങളെക്കാനനകൃതവസതീ-
നജ്ഞനാകാട്ടിലാക്കി-
ട്ടന്നോരുദ്യോഗമൂലംകൊണ്ടിഹചെറുതിനി
വ്യാപരിക്കേണമല്ലോ. (യ്യം
ഗാന്ധാരീതനയേനനിർഘൃണതയാ
രാജ്യംനനോദീയതേ
ഭീഷ്മദ്രോണപുരോഗമൈർന്നൃപഗണൈ-
സ്സാദ്ധ്യാവിരോധോഭവേൽ
തസ്മാദർജ്ജുനദുർജ്ജനാന്തകരതേ
സ്വസ്ഥപ്രസ്ഥഗതാഗിരിം
ബാണംപാശുപതംഗൃഹീതുമധുനാ
മാരാരിമാരാധയ.
വ്യാസൻചൊല്ലീരഹസ്യാന്തരമിതുഭഗവാ-
നിന്ദ്രകീലാദ്രിധന്യാ-
ധ്യാതേശൈലേതപംചെയ്തമരപരിവൃഢം
ലബ്ധ്വയാതൽപ്രസാദാൽ
പാർത്ഥേട്ടംമന്ത്രശക്ത്യാപുരവിജയിനമാ-
രാധ്യൈകൈക്കൊൾകപാർത്ഥ-
ന്നേരാലസ്ത്രോത്തമംപാശുപതമരികുലം
വെല്ലുവാനെന്നിവണ്ണം.
മാഗാശ്ചിരായൈകചരഃപ്രമാദം
വസന്നസംബാധശിവേപിദേശേ
മാത്സര്യരാഗോപഹതാത്മനാംഹി
സ്ഖലന്തിസാധുഷ്വപിമാനസാനി.
പ്രിയംവദായൈഃപാർത്ഥവിനോപപത്തേ-
ശ്ചിചിന്ത്യമാനൈഃക്ലമമേതിചേതഃ
തവപ്രിയാതസ്യജയായതേഷാം
ക്രിയാഫലാനാംമഹിമാവിഘാതം.
എന്നുദീര്യശിരസിപ്രസാധയൻ
മന്ദമാത്മകരപല്ലവാഞ്ചലം
സന്ദിദേശതപസേനിജാനുജം
ചിന്തയൻഝടിതിഭാവിസംഗരം.

# മേപ്പത്തൂർ
# നാരായണൻ ഭട്ടതിരിപ്പാട്

(എൻ. പി.)

കവികലാഗ്രഗണ്യനും, മഹാവിദ്വാനും പരമഭക്തനും ആയിരുന്ന മേപ്പത്തൂർ നാരായണഭട്ടതിരിയെക്കുറിച്ചു നമുക്കുള്ള അറിവു വളരെ നിസ്സാരമാണെന്നു് അറിയുന്നതു് ഏററവും പരിതാപകരമാണെന്നു പറയാതെനിവൃത്തിയില്ല. നമ്മുടെ പൂർവ്വന്മാർ ചരിത്രസംബന്ധമായ ഗ്രന്ഥങ്ങൾ രചിയ്ക്കുന്നതിൽ ഉദാസീനന്മാരായിരുന്നു എങ്കിലും ആധുനീകന്മാർക്കു് ആ വിഷയത്തിലേയ്ക്കു ശ്രമിയ്ക്കുന്നതിനു വേണ്ടതായ വഴികളെ അവർ നിർമ്മിച്ചിട്ടുണ്ടായിരുന്നു എന്നു വളരെ സന്തോഷപൂരസ്സരം സമ്മതിച്ചുകൊള്ളുന്നു. എന്നാൽ ആ വിഷയത്തിൽ അവർ ചെയ്തിരുന്ന പരിശ്രമത്തിന്റെ ശതാംശം എങ്കിലും അനുഭവിയ്ക്കുന്നതിനു നമുക്കു സംഗതിയായിട്ടില്ല എന്നുള്ളതു വാസ്തവമാണു്. ഞാൻ പറയാൻ ഭാവിയ്ക്കുന്നതു "ഗ്രന്ഥവരി"യെക്കുറിച്ചാകുന്നു. ഓരോ 'ഇട്ടവെപ്പു'കളേയും, 'ഗ്രന്ഥപ്പുര'കളേയും പരിശോധിയ്ക്കുന്നതായാൽ, ചരിത്രസംബന്ധമായി മൂടിക്കിടക്കുന്ന അനേകം സാരമായ സംഗതികൾ വെളിയ്ക്കുവരുമെന്നുള്ളതു നിരാക്ഷേപമാകുന്നു. ഞാൻ ഇപ്പോൾ നാരായണഭട്ടതിരിയെപ്പററി പറയാൻ പോകുന്നതുതന്നെ ഒരു ഗ്രന്ഥവരിയുടെ അംശമാണു്. ഈ ഗ്രന്ഥവരി എഴുതിയിട്ടുള്ള മഹാത്മാവിന്റെ കൃതികൾ ഓരോന്നായി വെളിയ്ക്കുവരുമ്പോൾ വായനക്കാർക്കു് അദ്ദേഹത്തെപ്പററി പൂർണ്ണമായി അറിയാറാവുമെന്നുള്ളതിനാൽ ഇപ്പോൾ അതിനെപ്പററി കൂടുതലായി ഒന്നും പറയുന്നില്ല. എങ്കിലും അദ്ദേഹം തന്റെ കൃതിയിൽ എടുത്തു താഴെ വരുന്ന പ്രകാരം പറഞ്ഞിരിയ്ക്കുന്നു. "കോളംബം തൊള്ളായിരത്തെഴുപത്തയ്യാമാണ്ടിൽ കോമളമായ മേടമാസമെട്ടാം തിയ്യതി ഭഗവാൻ സ്വപ്നം കാണിച്ചതിന്റെ ആറാം ദിനം ഭജനത്തിന്നു ഞാനും ഷഡധ്യഃശാലയംപൂകാൻ" ആ ഗ്രന്ഥത്തിൽ ഭട്ടതിരിയെപ്പററിയും ഇപ്രകാരം പറഞ്ഞിരിയ്ക്കുന്നു. "പൊതുവാളിന്റെ ഗുരുവച്യുതപ്പിഷാരടി അതിമാനുഷനവൻ സകലവിദ്യാത്മകൻ അൻപത്തിമൂന്നു വയസ്സിരട്ടിയിരുന്നുള്ള മേപ്പത്തൂർപട്ടേരിയ്ക്കു ഗുരുവായുള്ളദേഹം തന്നുടെ പാദപത്മയുഗളം വിശേഷിച്ചുമെന്നുടെ മനതാരിൽനിത്യവുംനിനയ്ക്കുന്നേൻ" ഈ രണ്ടു പദ്യശകലങ്ങളെക്കൊണ്ടു നൂതനമായ എന്താനും കാര്യങ്ങൾ മനസ്സിലായി എന്നു മാത്രമല്ല പട്ടേരി ഒരുനൂററാറു സംവത്സരം ജീവിച്ചിരുന്നുവെന്നും തെളിയുന്നുണ്ടല്ലൊ. മേപ്പത്തൂർ ഭട്ടതിരിയെ സംബന്ധിച്ചു് ഒരു ഗ്രന്ഥവരി കണ്ടെത്തിയതു താഴേ പകർത്തുന്നു.

## ഗ്രന്ഥവരി.

കൊല്ലം 735-ാമാണ്ടു മേപ്പത്തൂർ പട്ടേരിയുടെ ജനനം.

762-ാമാണ്ടു വൃശ്ചികമാസം 28-ാംനു ഞായറാഴ്ചയും കൃഷ്ണചതുർദ്ദശിയും കൂടിയ ദിവസം ഗുരുവായൂര് ഇരുന്നുനാരായണീയം ഉ

ണ്ടാക്കി. "ആയുരാരോഗ്യസൌഖ്യ"മെന്ന് അന്നത്തെ കലി.

'കാമാസന്നസാ' എന്ന് അന്നത്തെ വാക്യം. 'ഗ്ലൌരദ്ധ്യായം പൂജ്യഃ' വാഗ്ദ്ധ്രുവം 'സായകഃ' സംക്രമധ്രുവം.

786-ാമാണ്ടു മിഥുനമാസം 22-ാംനു 'ഭാരതപ്പുഴ' പെരുകി അന്നത്തെ കലി "നദീപുഷ്ടിരസഹ്യാന്ന നദ്യാസാരം പയോജനീ നിജാൽകടീരാൽസായാഹ്നേനഷ്ടാത്മാഃ പ്രയുജ്ഞ്യനാഃ" എന്നു പട്ടേരി പേരിട്ടു.

കൊല്ലം 791-ാമാണ്ടു മകരമാസം 27-ാംനു-'സർവ്വസ്വം' ഉണ്ടാക്കിത്തുടങ്ങി. മീനമാസം 8-ാംനു-സർവ്വസ്വം കുറേതീൎത്തു.

ഇതു സംബന്ധമായി താഴെ കൊടുക്കുന്ന ശ്ലോകവും ചില വിവരങ്ങളും തരുന്നതാണ്.

"ഭൂഖണ്ഡകേരളാഖ്യെസരിതമഹാറിളാ
മുത്തരൈണൈവനാവാ-
ക്ഷേത്രേഗവ്യൂതിമാത്രേപുന*രുപരിനവ
ഗ്രാമ്ലിധർമ്മിസാധാര്‍മ്മി
ധർമ്മിഷ്ഠാൻഭട്ടതന്ത്രാദ്യഖിലമതപടോ-
മാതൃദത്താദ്വിജേന്ദ്രാ (ലാം
ജ്ഞാതോനാരായണാഖ്യോനിരവഹദിതു
ദേവനാരായണാജ്ഞാം.

മേല്പത്തൂർ പട്ടേരി സർവ്വസ്വം ഉണ്ടാക്കിക്കുറെത്തീർത്ത ഉപസംഹാരശ്ലോകമാണിത്. 'കൃതരാഗരസോദ്യ' എന്ന് അന്നത്തെ കലി

ശ്ലോകം

കാമേ സീദതികണ്ഠഃ രാധിനികഷേ
കണ്ഠേ ച വാണീപഥേ
ജിഹ്മായാം ദ്വിശിജീവിതേജിഗമിഷൌ
ശ്വാസേശനൈശ്ശാമ്യതി
ആശത്യസായമേവനഃകരുണയാ
കാത്യായിനീകാമുകഃ
കണ്ണേവണ്ണേയതാൽഭവാണ്ണവഭയാ-
ദുത്താരകംതാരകം. 1

* ഉപരിനവഗ്രാമം മേല്പത്തൂരെന്നൎത്ഥം. തിരുനാവാക്ഷേത്രത്തിൽനിന്നു രണ്ടു വിളിപ്പാടു ദൂരെ മേല്പത്തൂരില്ലം. തൽപിതൃ ശ്രീമാതൃദത്താഖ്യമാതൃദത്താഖ്യത്തീയമാത്രനാരായണനാലിഖിതം.

---

# വിദ്യാഭ്യാസം

## അതിന്റെ ഉദ്ദേശ്യവും വ്യാപ്തിയും.

വിദ്യാഭ്യാസമെന്നതു മനുഷ്യനിൽ അദൃശ്യമായി സ്ഥിതിചെയ്യുന്ന മനശ്ശരീരങ്ങളുടെ പല ശക്തികളും കഴിവുകളും ഇടത്തോളം വളൎന്നു പൂൎണ്ണതയെ പ്രാപിക്കത്തക്കവണ്ണം അവയെ വലിച്ചു പുറത്തുകൊണ്ടുവരികയും പാകപ്പെടുത്തുകയും വികസിപ്പിക്കയും ചെയ്യുകയാകുന്നു.

പരമാൎത്ഥത്തിൽ ഇപ്രകാരമുള്ള ഒരു വികാസം മനുഷ്യന്റെ ജീവദശ ഒടുക്കം അവന്റെ സകല ശക്തികൾക്കും നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്തെന്നാൽ അനുഭവിക്കപ്പെട്ട ഓരോ പരിചയവും പഠിച്ചറിയപ്പെട്ട ഓരോ പുതിയ തത്വവും അവന്റെ ജ്ഞാനത്തെ വൎദ്ധിപ്പിക്കയും, അവന്റെ നിരന്തരവികസ്വരങ്ങളായ ശക്തികളെ വീണ്ടും ബലപ്പെടുത്തുകയും ചെയ്വാൻ ഉപകരിക്കുന്നു.

എന്നാൽ ഇവിടെ നാം വിദ്യാഭ്യാസപദത്തിന്റെ ചുരുങ്ങിയ പരിമിതിയെ സ്വീകരിച്ചു, യഥാൎത്ഥജീവിതത്തിൽ മനുഷ്യന്റെ കൎത്തവ്യകൎമ്മങ്ങളെ ശരിയായി ചെയ്തുതീൎക്കത്തക്കവണ്ണം അവനെ സന്നദ്ധനാക്കുന്നതിനു, ചെറുപ്പകാലത്തിൽ നൽകപ്പെടുന്ന ഒരു ശിക്ഷാക്രമമായി മാത്രം

പ്രതിപാദിക്കാനാണുദ്ദേശിക്കുന്നത്.

ഈ പ്രകാരമുള്ള ഒരു വിദ്യാഭ്യാസത്തിന്റെ പ്രധാനാംശങ്ങൾ എവയാണെന്നു കണ്ടുപിടിക്കേണമെങ്കിൽ മാനുഷ്യപ്രകൃതിയുടെ പ്രധാനാംശങ്ങൾ എവയാണെന്നു അവശ്യം കണ്ടുപിടിക്കേണ്ടതാണല്ലോ.

ഒന്നാമതായി മനുഷ്യനു പ്രാപഞ്ചികങ്ങളായ സകല കർമ്മങ്ങളും ചെയ്യുന്നതിന് ഉപകരണമായി ഒരു സ്ഥൂലശരീരമുണ്ടെന്നു നാം കാണുന്നു. രണ്ടാമതായി അവനു മനസ്സ് എന്ന് ഒരുവകയുണ്ട്. ആയതു, പ്രകാരാന്തരേണ ബുദ്ധിയായി ശരീരത്തോടുചേന്നു ബഹിർല്ലോകത്തെക്കുറിച്ചുള്ള അറിവു സമ്പാദിക്കയും, കാര്യകാരണസംബന്ധമായി അനുമാനിച്ചു നിർണ്ണയിക്കാനുള്ള വിവേകത്തെ വ്യാപരിപ്പിക്കയും ചെയ്യുന്നു. മൂന്നാമതായി, മരണത്തിനതീതനായ ആത്മരൂപിയെന്നു ഗണിക്കപ്പെട്ടവനും വിചാരശക്തിക്കധിപനും ശരീരത്തിൽ കൊള്ളുന്നവനും ആയ സാക്ഷാൽ പുരുഷൻ (പുരമാകുന്ന ശരീരത്തിൽ പാക്കുന്നവൻ) സ്ഥിതിചെയ്യുന്നു.

വിദ്യാഭ്യാസത്തിന്റെ യഥാർത്ഥമായ ഉദ്ദേശ്യം മനുഷ്യപ്രകൃതിയിൽ അന്തർഭവിച്ചിരിക്കുന്ന ഈ മൂന്നു അംശങ്ങളേയും ശരിയായി വികസിപ്പിക്കയോ സാധകപ്പെടുത്തുകയോ ചെയ്യുകയാണെന്നും അവയിൽ ഏതെങ്കിലും ഉപേക്ഷിക്കപ്പെട്ടാൽ വിദ്യാഭ്യാസം ഉദ്ദിഷ്ടഫലത്തെ തരുന്നതല്ലെന്നും സ്പഷ്ടമാണല്ലോ.

ഈ മൂന്നു അംശങ്ങളിൽ ഓരോന്നിന്റെയും ക്രമമായ ശിക്ഷണത്തിന് ഉപയുക്തങ്ങളായ സംഗതികൾ എന്തെല്ലാമെന്നു അല്പം ഒന്നു നിന്നു ആലോചിക്കാം.

ശരീരം ആരോഗ്യത്തോടെ വളരുന്നതിനു നാം കഴിക്കുന്ന ഭക്ഷണം ആരോഗ്യകരവും പോഷകശക്തിയുള്ളതും ശുചിയുള്ളതും ശുദ്ധവും ആയിരിക്കണമെന്നുള്ളതു നിശ്ചയംതന്നെ. വർത്തമാനകാലത്തെ ശാസ്ത്രപരിശോധനകൾ, പുതിയ പഴങ്ങളും പാലും നമുക്കേററവും ഗുണകരമായ ഭക്ഷണസാധനമാണെന്നും, ജന്തുക്കളുടെ ചീഞ്ഞുകൊണ്ടിരിക്കുന്ന മൃതശരീരത്തിൽ ഒരംശം അല്ലാതെ മറെറാന്നുമല്ലാത്ത 'മാംസം' അതിന്റെ വർജ്ജനീയമായ ദൂഷ്യങ്ങളെ മറയ്ക്കാനായി എപ്രകാരമെല്ലാം പചിക്കപ്പെട്ടാലും കൂട്ടുകലർത്തി സംസ്കരിക്കപ്പെട്ടാലും, മനുഷ്യാഹാരത്തിനു യോഗ്യമായിട്ടുള്ളതല്ലെന്നും പ്രത്യക്ഷത്തിൽ ദോഷകരമായിട്ടുള്ളതാണെന്നും, ഉള്ള പരമാർത്ഥത്തെ തർക്കംകൂടാതെ സ്ഥാപിച്ചുവരുന്നുണ്ട്.

അതിന്മണ്ണംതന്നെ മദ്യവും പുകയിലയും നേരിട്ടു ദോഷം ചെയ്യുന്നവയാണ്. അതിനാൽ അവയും വർജ്ജനീയങ്ങളത്രെ.

ആരോഗ്യദൃഢഗാത്രത്വത്തിലേയ്ക്ക് ഇതുപോലെ തുല്യപ്രധാനമായിട്ടുള്ളതാകുന്നു 'വ്യായാമം'. വ്യായാമം കൂടാതെ യാതൊരവയവവും വളരുന്നതല്ല. യാതൊരു മാംസപേശിയും ബലപ്പെടുന്നതുമല്ല. അതിനാൽ ശരീരത്തിന്റെ ക്രമമായ രക്ഷണത്തിനു മുറയുള്ള വ്യായാമം അപരിത്യാജ്യമാകുന്നു. ആരോഗ്യകരമായ പരിസരപ്രദേശങ്ങളും ശുദ്ധവായുവും പൂർണ്ണമായ ശുചിത്വവും ഏററവും ആവശ്യകമാകുന്നു.

എന്നാൽ മനസ്സ് എങ്ങിനെയാണ വളരുന്നത്? അതും മിക്കവാറും ഇപ്രകാരംതന്നെ. ദേഹത്തിനെന്നപോലെ വ്യായാമം അതിനും ആപേക്ഷിതമാകുന്നു. നിരീക്ഷണം ചെയ്തും കാര്യകാരണസംബന്ധമായി അനുമാനങ്ങൾ നടത്തിയും ആലോചന ചെയ്തും, നിങ്ങൾ മനസ്സിനു വ്യായാമം കൊടുക്കുന്നു. അഥവാ യഥാർത്ഥവിദ്യാഭ്യാസം കൊണ്ടാകുന്നു. ഉരുവിട്ടു നിറയ്ക്കുന്നതുകൊണ്ടല്ല മനശ്ശക്തികൾ വളർന്നുവരുന്നതു. നിങ്ങളുടെ ശരീരത്തെ ആരോഗ്യാവസ്ഥയിൽ സൂക്ഷിച്ചുകൊള്ളുന്നതിനു നിങ്ങൾ ശുദ്ധമായ ഭക്ഷണം കഴിക്കേണ്ടതാവശ്യമായിരിക്കുംപോലെ നിങ്ങളുടെ വിചാരങ്ങളേയും നിങ്ങൾ ശുചിയായും ശുദ്ധമായും വെച്ചുകൊള്ളണമെന്നത് അത്യന്താപേക്ഷിത

മാകുന്നു. ദോഷകരമായൊ അശുദ്ധമായൊ കളവായൊ ഉള്ള യാതൊരു വിചാരവും നിങ്ങളുടെ പരിശുദ്ധാന്തരംഗത്തിൽ പ്രവേശിപ്പാനിടകൊടുക്കരുത്.

നാം ഇനിമേൽ ദേഹത്തിൽ അധിവസിക്കുന്ന ദേഹിയായ പുരുഷനെക്കുറിച്ചു വിചാരിക്കാം. അവൻ എപ്രകാരം വളരുന്നു. അവൻ എപ്രകാരം വികാസത്തെ പ്രാപിക്കുന്നു. സദാചാരവും സദ്വൃത്തിയും പരിശീലിക്കുകയാലും സ്വകൃത്യത്തെ അതിനായിത്തന്നെ ഫലാസക്തി കൂടാതെ ചെയ്കയാലും— ചുരുക്കത്തിൽ അവന്റെ ഉൽകൃഷ്ടപ്രകൃതിയെവളൎത്തിക്കൊണ്ടുപോകയാലും— തന്നെയാകുന്നു. മതവിഷയവിദ്യാഭ്യാസത്തിന്നുള്ള ആവശ്യകത ഇവിടെ കടന്നുകൂടുന്നു. അസ്ഥിരമായ മതത്തിന്റെ ഉറച്ച പാറക്കെട്ടിന്മേലല്ലാതെ സദാചാരസൌധം കെട്ടിയുയൎത്താവുന്നതല്ല. എന്തെന്നാൽ സദാചാരലോകത്തിന്റെയും മൃണ്മയലോകത്തിന്റെയും അന്തൎയ്യാമിയായി അവയ്ക്കാധാരമായി സ്ഥിതി ചെയ്യുന്ന സനാതന തത്വങ്ങളേയും, മാററമില്ലാത്തതും മാററപ്പെടാവുന്നതല്ലാത്തതും ആയ ശാശ്വതനിയമങ്ങളേയും, കുറിച്ചു നമ്മെ പഠിപ്പിക്കുന്നതു 'മതം' എന്നതു ഒന്നു മാത്രം ആകുന്നു.

ഏതാദൃശമായ പദ്ധതിപ്രകാരം പ്രാപിക്കേണ്ട വിദ്യാഭ്യാസത്തിന്റെ പ്രയോജനം 1 സുവികസിതവും ആരോഗ്യമുള്ളതും ആയ ഒരു ഉറച്ച ശരീരവും 2. യഥാൎത്ഥത്തെ ക്ഷണേന ഗ്രഹിക്കുന്നതിലും ധരിച്ചുകൊള്ളുന്നതിലും ശേഷിയുള്ളതും തീക്ഷ്ണവും, ആയ ഒരു മനശ്ശക്തിയും 3. മതതത്വത്തിന്മേലും സദാചാരത്തിന്മേലും ഉറപ്പിച്ചുവെക്കപ്പെട്ടിട്ടുള്ള ഒരു ഉത്തമസ്വഭാവവും, ഒരുവനിൽ ഉണ്ടാക്കിവെക്കുന്നതിനായിരിക്കും.

ഈ മൂന്ന് അംശങ്ങളും തികയാതെ വിദ്യാഭ്യാസപദത്തിന്റെ ശരിയായ അൎത്ഥത്തിൽ ഒരുവൻ വിദ്യാഭ്യാസമുള്ളവനെന്നു പറവാൻ പാടില്ല

(തൎജ്ജമ) കെ. വി. എസ്സ്).

# ഭ്രമരികാവിലാപം

(സി. ഗോദവൎമ്മ തിരുമുല്പാട്)

ഒരുനാളൊരുമത്തഭൃംഗിവിങ്ങി-
പ്പെരുകുംസന്മഥമാലിവാഞ്ഞുലഞ്ഞും
വരുമോവരനെന്നുനോക്കിയുംകൊ-
ണ്ടൊരുവൃന്തൊത്തിലമൎന്നുകൊണ്ടിരുന്നു. 1

പരമപ്പൊഴുതന്തിയാകമാററായ്
തരസാചെങ്കതിരോനമാമരൌഘം
വിരവാട്ടവിളങ്ങിനിന്നപീതാം-
ബരമാരത്തഴനാട്ടിടുംകണക്കെ. 2

അരുണാരുണകാന്തിതട്ടിമിന്നും
പുരുവൃന്തൊത്തൊട്ടുകാററിലാഞ്ഞുലഞ്ഞും
തരുവല്ലിതദാഭിസാരികസ്ത്രീ
തെരുവൃകാന്തുടരുംവിധംവിളങ്ങി. 3

മലയാനിലനല്ലസൽപ്രസൂന-
ക്കലതോറുംമധുചെന്നുമാഹരിച്ചും
അലസതമിയന്നുമന്ദമന്ദം
വിലസുന്നുണ്ടുമദാതുരൻകണക്കെ. 4

ഘനമേറിനമുല്ലതൊട്ടെഴുംപൂ-
മണമെങ്ങുംപരിചിൽപ്പരന്നിടുന്നു
ചുണകെട്ടവിയോഗിവൃന്ദവുംപൂ-
ക്കണയേററന്ത്യദശാന്തമെത്തിടുന്നു. 5

പലവൃക്ഷകോടരങ്ങളെത്തൻ-
നിലയത്തിൻനിലയേറുപക്ഷിവൃന്ദം
പലപാട്ടുകൾപാടുമാപ്പിടക്കായ്
പലഭക്ഷ്യാവലികാഴ്ചവെച്ചിടുന്നു. 6

പതനംവരുമാക്കമെന്നുമേമുൻ-
പതനത്തിന്നിലകാത്തുകൊണ്ടിടാഞ്ഞാൽ
ഇതനല്പമുദാഹരിച്ചുസൂൎയ്യൻ
പതനംചെയ്തിതുവാരുണീമടത്താൽ. 7

(തുടരും)

☞ കൊച്ചി മഹാരാജാവു്, കൊച്ചി സാഹിത്യസമാജത്തിന്റെ രക്ഷാധികാരത്വം കല്പിച്ചു സമ്മതിച്ചതായി അറിയിക്കുന്നതിൽ സന്തോഷിക്കുന്നതോടുകൂടി പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

---

# കൊച്ചി സാഹിത്യസമാജം

---

## രക്ഷാധികാരി.

---

**മഹാമഹിമശ്രീ സർ. രാമവൎമ്മ ജി. സി. എസ്. ഐ.**
**കൊച്ചി മഹാരാജാവ്.**

---

## നിൎവ്വാഹകസംഘസമാജികന്മാർ.

---

അദ്ധ്യക്ഷൻ

1. മഹിമശ്രീ രാമവൎമ്മ 10-ാംകൂറ് തമ്പുരാൻ (അപ്പൻതമ്പുരാൻ) തിരുമനസ്സുകൊണ്ട്, അയ്യന്തോൾ, തൃശ്ശിവപേരൂർ.

പത്രാധിപർ

2. മ-രാ-രാ- സി. അച്യുതമേനോൻ ബി. എ. തൃശ്ശിവപേരൂർ. അവർകൾ

സിക്രട്ടരി

3. ,, ടി. കെ. കൃഷ്ണമേനോൻ ബി. എ. എം. ആർ. എസ്. എഫ്. ആർ. എച്. എസ്. കമാരാലയം, എറണാകുളം. ,,

ഖജാൻജി

4. ,, കെ. ഗോവിന്ദൻനമ്പ്യാര് ബി. എ. ബി. എൽ. വക്കീൽ, തൃശ്ശിവപേരൂർ. ,,

സഹായകന്മാർ

5. ,, വി. കെ. കുഞ്ഞന്മേനോൻ തൃശ്ശിവപേരൂർ ,,
6. ,, സി. അന്തപ്പായി ബി. എ. ,,
7. ,, സി. കുഞ്ഞിരാമമേനോൻ മംഗളോദയംകമ്പനി മാനേജർ ,,

---

## സാധാരണ സമാജികന്മാർ.

8. ,, എം. നാരായണമേനോൻ ബി.എ. ബി.എൽ. ,,
വക്കീൽ എറണാകുളം.
9. ,, കെ. രാമമേനോൻ, ബി. എ. ,,
തൃശ്ശിവപേരൂർ.
10. ,, സി. നാരായണമേനോൻ ,,
'ലക്ഷ്മീഭായി' പത്രാധിപർ തൃശ്ശിവപേരൂർ.
11. ,, എം. ദേവേശപിഷാരോടി ,,
വക്കീൽ, തൃശ്ശിവപേരൂർ.
,, കെ. പി. പീററർ ,,
'പ്രാചീനതാരക' പത്രാധിപർ എടത്തുരുത്തി.
13. ,, എം. കുമാരമേനോൻ ,,
സ്കൂൾമാസ്റ്റർ, തൃശ്ശിവപേരൂർ.
14. ,, എ. കൃഷ്ണപിഷാരോടി. ,,
മഹാരാജാസ് കോളേജ് തിരുവനന്തപുരം.
15. ,, ടി. എൻ. വൈദീശ്വര അയ്യർ ,,
'ലോകപ്രകാശം' പത്രാധിപർ, തൃശ്ശിവപേരൂർ.
16. ,, പണ്ഡിതർ പുന്നശ്ശേരി നീലകണ്ഠശർമ്മാ ,,
വിജ്ഞാനചിന്താമണി പത്രാധിപർ പട്ടാമ്പി.
17. ,, കെ. വാസുദേവൻ മൂസ്സത് ,,
സംസ്കൃത കോളേജ് അദ്ധ്യാപകൻ പട്ടാമ്പി.
18. ,, എ. ഗോപാലമേനോൻ ,,
എം. എ. എം. ആർ. എ. എസ്.
ചരിത്രപണ്ഡിതർ മഹാരാജാസ് കോളേജ്, തിരുവനന്തപുരം.
19. ,, കത്താമ്പള്ളി രാമൻനമ്പ്യാര് ,,
പാലക്കാട്.
20. ,, വരവൂർ അമ്മുമേനോൻ ,,
കിഴക്കൻ ചിററൂർ.
21. ,, മൂർക്കോത്തു കുമാരൻ ,,
തലശ്ശേരി.
22. ,, ടി. എ. ദൊരസ്വാമി അയ്യർ ,,
ചീഫ്കോർട്ടു വക്കീൽ എറണാകുളം.
പാറക്കാട്ടു ദാമോദരമേനോൻ ,,
ബി. എ. ദിവാൻസ് സിക്രട്ടറി എറണാകുളം

24. " പാറാശ്ശേരിൽ കൃഷ്ണമേനോൻ ബി. എ. "
വക്കീൽ എറണാകുളം.

25. " കെ. രാമൻമേനോൻ "
ക്രിമിനാൽവക്കീൽ എറണാകുളം.

26. " കെ. ശിവരാമകൃഷ്ണയ്യർ "
സാൾട്ട് ഇൻസ്പെക്ടർ എറണാകുളം.

27 " കെ. ഗോവിന്ദപ്പിള്ള "
സെഷ്യൻകോർട്ടുവക്കീൽ എറണാകുളം.

28. " കെ. പി. പത്മനാഭമേനോൻ ബി.എ; ബി. എൽ. എം.
ആർ. എ. എസ്, "
ഹൈക്കോർട്ട വക്കീൽ എറണാകുളം.

29. " വി. ലോനൻ അന്ത "
ബോർഡ് ഓഫ് എക്സാമിനർ ആപ്പീസ്സ് എറണാകുളം.

30. " സി. ഗോവിന്ദൻ എളേടം "
മലയാളപണ്ഡിതർ കോളേജ് എറണാകുളം.

31. " തോട്ടേക്കാട്ട നാണുമേനോൻ "
പുത്തൻമഠം എറണാകുളം.

32. " തത്തമ്പിള്ളിയിൽ കുഞ്ഞുണ്ണിമേനോൻ ബി. എ. "
എറണാകുളം.

33. " എം. കെ. ഗോപാലമേനോൻ ബി. എ. "
ടീച്ചർ എറണാകുളം.

34. " കടെക്കഴി രാമൻമേനോൻ "
കോളേജ് ലൈബ്രേറിയൻ എറണാകുളം.

35. " ടി. എസ്. അപ്പു അയ്യർ ബി. എ. എൽ. ടി. "
ടീച്ചർ സക്കാർ ഹൈസ്കൂൾ എറണാകുളം.

36. " കെ. വി. നാരായണമേനോൻ ബി. എ. ബി. എൽ. "
വക്കീൽ എറണാകുളം.

" എ. വേലായുധമേനോൻ ബി. എ. ബി. എൽ. "
എറണാകുളം.

38 " പുത്തേഴത്തു ഗോവിന്ദമേനോൻ ബി. എ. "
സ്റ്റാമ്പ് സൂപ്രണ്ട് എറണാകുളം.

39. " കെ. വി. കരുണാകരപിഷാരോടി ബി. എ. "
വക്കീൽ എറണാകുളം.

" സി. എസ്. ഗോപാലപണിക്കർ ബി. എ. "
എറണാകുളം.

" കെ. പി. കണ്ണൻനായർ ബി. എ. ബി. എൽ. "
എറണാകുളം.

42. ,, കെ. ശങ്കരമേനോൻ ബി എ എൽ. ടി. ,,
എറണാകുളം.
43. ,, പി. കെ. നാരായണനമ്പീശൻ ,,
ആയുൎവ്വേദവൈദ്യശാല തൃശ്ശിവപേരൂർ.
44. ബ്രഹ്മശ്രീ മാത്തൂർ മനയ്ക്കൽ വാസുദേവൻ നമ്പൂതിരിപ്പാട് ,,
പാഞ്ഞാൾ—ചേലക്കര.
45. ,, കരൂർ മനയ്ക്കൽ ദാമോദരൻ നമ്പൂതിരിപ്പാട് ,,
ഭാരതീഭൂഷണം തൃശ്ശിവപേരൂർ.
46. ,, കരിയന്നൂർ മനയ്ക്കൽ വാസുദേവൻ നമ്പൂതിരി ,,
വാടാനാംകുറുശ്ശി ഷൊറണ്ണൂർ.
47. ,, ചിറൂർ മനയ്ക്കൽ നാരായണൻ നമ്പൂതിരിപ്പാട് ,,
ഉദരകം.
48. ,, മാടമ്പമനയ്ക്കൽ ശങ്കരൻ നമ്പൂതിരി ,,
മുണ്ടയൂര്.
49. ,, എ. കെ. ടി. കെ. യം. ചെറിയ നാരായണൻ
നമ്പൂതിരിപ്പാട് ,,
ഷൊറണ്ണൂർ.
50. മാ-രാ-രാ- വല്ലടിപ്പുറത്തു കോമപ്പൻനായർ ,,
മംഗളോദയം കമ്പനി തൃശ്ശിവപേരൂർ.
51. ,, ആർ. ഗോവിന്ദമേനോൻ ,,
ഹൈസ്കൂൾമാനേജർ നെന്മാറ.
52 ,, കെ. അച്യുതമേനോൻ ബി. എ. ബി. എൽ. ,,
എറണാകുളം.
53. ,, മാറായിൽ കൃഷ്ണമേനോൻ ബി. എ. ,,
വക്കീൽ എറണാകുളം.
54. ,, വി രാമൻമേനോൻ ബി. എ. ,,
ഹജൂർ എറണാകുളം.
55. ,, വി. ദാമോദരൻ ഉണ്ണി ബി. എ. ,,
ചീഫ് സൂപ്രഡേണ്ട് ഹജൂർ എറണാകുളം.
56. ,, വി. ഗോപാലമേനോൻ ,,
ഹജൂർ എറണാകുളം.
57. ,, മാങ്കയിൽ ഗോവിന്ദപ്പണിക്കർ ,,
ഹജൂർ എറണാകുളം.
58. ,, ചൊപ്പിള്ളിയിൽ ശങ്കുണ്ണിമേനോൻ ,,
ഹജൂർ എറണാകുളം.
59. ,, പി. എസ്സ്. അനന്തനാരായണശാസ്ത്രി.
സംസ്കൃതപണ്ഡിതർ സൎക്കാർ ഹൈസ്കൂൾ തൃശ്ശിവപേരൂർ.
60. ,, കുറിപ്പുറത്തു കേശവൻനായർ
പണ്ഡിതർ സൎക്കാർ ഹൈസ്കൂൾ തൃശ്ശിവപേരൂർ.

(തു

## മേടം, എടവം, മിഥുനം മാസങ്ങളിൽ 89- തുലാം കൂടി മാസിക വരിസംഖ്യ അടച്ചവരുടെ പേര്.

| | | | | |
|---|---|---|---|---|
| ബ്രഹ്മശ്രീ പുലാക്കഴി ചെറിയ കേശവൻ നമ്പൂരി | അവർകൾ | 2 | 8 | 0 |
| മ-രാ-രാ- കിഴിപ്പിള്ളിമഠത്തിൽകുഞ്ഞികൃഷ്ണൻനമ്പ്യാർ | ,, | 2 | 8 | 0 |
| ,, എടപ്പിള്ളി ശങ്കരരാജാ | ,, | 2 | 9 | 0 |
| ബ്രഹ്മശ്രീ ചിറവുരുമനക്കൽ അഫൻ നാരായണൻനമ്പൂതിരിപ്പാട് | ,, | 2 | 8 | 0 |
| മ-രാ-രാ- ടി. കെ. കൃഷ്ണമേനോൻ ബി. എ., എം. ആർ. എ. എസ്സ്. | ,, | 2 | 0 | 0 |
| ബ്രഹ്മശ്രീ ചിരട്ടമണ്ണ കുഞ്ഞുനാരായണൻ മൂസ്സ | ,, | 2 | 8 | 0 |
| ,, എൻ. കൃഷ്ണൻനമ്പൂരി | ,, | 2 | 8 | 0 |
| ,, കുറുവട്ടവണാവുമനയ്ക്കൽ നാരായണൻ നമ്പൂരിപ്പാട് | ,, | 2 | 8 | 0 |
| മഹാമഹിമശ്രീ കേരളവമ്മ വലിയ കോയിത്തമ്പുരാൻ | ,, | 2 | 8 | 0 |
| മ-രാ-രാ പത്മനാഭൻപോററി ബി. എ. | ,, | 2 | 8 | 0 |
| ,, എം. ഉദയവമ്മരാജാ ബി. എ. | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ തിട്ടയിൽ മനയ്ക്കൽ തുപ്പൻനമ്പൂരി (88 തുലാം വരെ) | ,, | 2 | 8 | 0 |
| മ-രാ-രാ- വി. കെ. രാമൻമേനോൻ | ,, | 2 | 8 | 0 |
| ,, പൂഞ്ഞാററിൽ അശ്വതിനാൾ രാജാ വി. രാമവമ്മരാജാ | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ പോക്കളത്ത് പയ്യൂരുമനയ്ക്കൽ നീലകണ്ഠൻ ഭട്ടതിരിപ്പാട് | ,, | 2 | 9 | 0 |
| മ-രാ-രാ- ശങ്കരൻതമ്പി | ,, | 2 | 8 | 0 |
| ,, മാപ്പിള തിരുമുല്പാട് കേരളവമ്മൻ | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ തെക്കേടത്ത് കടലായി മനയ്ക്കൽ കുഞ്ചുണ്ണിനമ്പൂരിപ്പാട് | ,, | 2 | 8 | 0 |
| ,, സർവ്വാധികാര്യക്കാര് | ,, | 2 | 8 | 0 |
| ,, അകവൂര മനയ്ക്കൽ വലിയ നമ്പൂരിപ്പാട് | ,, | 2 | 8 | 0 |
| മ-രാ-രാ- ഡോക്ടർ സുബ്രഹ്മണ്യയ്യർ എം. എ. | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ എ. എൻ. ഗംഗാധരൻ നമ്പൂരി | ,, | 2 | 8 | 0 |
| മ-രാ-രാ-എ. ആർ. രാജരാജവമ്മ കോയിത്തമ്പുരാൻ എം. എ. | ,, | 2 | 8 | 0 |
| ,, പി. വലിയ കൊച്ചുണ്ണി അച്ചൻ | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ കുന്നത്തൂര മനയ്ക്കൽ അനുജൻ ഭട്ടതിരിപ്പാട് | ,, | 3 | 8 | 0 |
| മ-രാ-രാ- കാളമ്പിള്ളി നാരായണപണിക്കർ | ,, | 2 | 8 | 0 |
| ,, അരിയമ്പറമ്പത്ത് കിട്ടുണ്ണിമേനോൻ | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ നെടുമ്പിള്ളി തരണനെല്ലൂര് പത്മനാഭൻനമ്പൂതിരിപ്പാട് | ,, | 2 | 8 | 0 |
| ,, ടി. പുരുഷോത്തമൻനമ്പൂരി | ,, | 2 | 8 | 0 |
| ,, പുന്നോർക്കോട്ട മനയ്ക്കൽ തുപ്പൻനമ്പൂരിപ്പാട് | ,, | 2 | 9 | 0 |
| ,, കിള്ളിമംഗലത്തു മനയ്ക്കൽ തുപ്പൻനമ്പൂരിപ്പാട് | ,, | 2 | 8 | 0 |
| — ടി 90-ലേക്കുള്ള | ,, | 2 | 8 | 0 |
| മ-രാ-രാ- പട്ടാഭിഷേകവായനശാലാ സിക്രട്ടരി | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ കോഴിപ്പുറത്തു നാരായണൻനമ്പൂരി | ,, | 2 | 8 | 0 |
| മ-രാ-രാ- കിളിമാനൂർ അച്ചൻ കോയിത്തമ്പുരാൻ ബി. എ. | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ ആററുപുറത്തു മനയ്ക്കൽ ഈശ്വരൻ ഭട്ടതിരിപ്പാട് | ,, | 2 | 8 | 0 |
| മ-രാ-രാ- മണലിക്കര തന്ത്രി കല്പമംഗലത്ത് കേശവരു വാസുദേവരു | ,, | 2 . | 8 | 0 |

| | | | | |
|---|---|---|---|---|
| ബ്രഹ്മശ്രീ ശിരവള്ളി നാരായണൻ നമ്പൂരി | അവർകൾ | 2 | 8 | 0 |
| മ-രാ-രാ- വാസുദേവൻപോററി | ,, | 2 | 8 | 0 |
| ,, എസ്സ്. എം. സിക്രട്ടരി | ,, | 2 | 8 | 0 |
| ,, ആർ. ഗോവിന്ദപ്പിള്ള | ,, | 2 | 8 | 0 |
| ,, എൻ. സുബ്രായശ്ശേണായി | ,, | 2 | 11 | 0 |
| ,, പ്രിൻസിപ്പാൾ, രാജകീയകോളേജ്, തിരുവനന്ത : | | 2 | 8 | 0 |
| ,, എൻ. നാരായണപിള്ള | ,, | 2 | 8 | 0 |
| ,, കെ. പി. പത്മനാഭമേനോൻ ബി. എ., ബി. എൽ | ,, | 2 | 8 | 0 |
| ,, ആർ. കൃഷ്ണയ്യർ | ,, | 2 | 8 | 0 |
| ,, എ. ശങ്കരമേനോൻ | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ സി. നാരായണൻഭട്ടതിരി | ,, | 2 | 8 | 0 |
| മ. രാ-രാ- കെ. രാജരാജവർമ്മ കോയിത്തമ്പുരാൻ | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ ആറവുപുറത്ത് മനയ്ക്കൽ നാരായണൻനമ്പൂര് | ,, | 2 | 8 | 0 |
| ,, വി. വാമനൻനമ്പൂരി | ,, | 2 | 8 | 0 |
| മ-രാ-രാ- എ. കേരളവർമ്മരാജാ | ,, | 2 | 8 | 0 |
| ,, കെ. കുഞ്ഞിക്കുട്ടൻരാജാ | ,, | 2 | 8 | 0 |
| ,, പി. കെ. നാരായണക്കുറുപ്പ് | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ ചേന്ദമംഗലത്തുമനയ്ക്കൽ വാസുദേവൻ ശങ്കരൻപ്പാട | ,, | 2 | 8 | 0 |
| മ-രാ-രാ- കെ. വർഗ്ഗീസ്സ് | ,, | 2 | 11 | 8 |
| ,, പാലിയത്ത് കുഞ്ചു അച്ഛൻ | ,, | 2 | 8 | 0 |
| ,, ചിരട്ടപ്പുറത്ത് കുഞ്ഞൻ തിരുപ്പാട് | ,, | 2 | 8 | 0 |
| ,, വി. വാസുദേവശർമ്മ | ,, | 2 | 8 | 0 |
| ,, വി. എസ്സ്. കൃഷ്ണപ്പിള്ള | ,, | 2 | 8 | 0 |
| ,, കെ. ശങ്കരപിള്ള | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ വിഷ്ണു ഭട്ടതിരി | ,, | 2 | 8 | 0 |
| ,, സി. എൻ. നാരായണൻനമ്പൂരി | ,, | 2 | 8 | 0 |
| ,, കാലടി മനക്കൽ സൂര്യൻഭട്ടതിരിപ്പാട് | ,, | 2 | 8 | 0 |
| ശ്രീമതി കാർത്തികതിരുനാൾ തമ്പുരാട്ടി | ,, | 2 | 8 | 0 |
| മ-രാ-രാ- പി. എ. സ്റ്റീഫൻ ബി. എ. | ,, | 2 | 8 | 0 |
| ,, കോറണേഷ്യൻ വായനശാലാ സിക്രട്ടരി | ,, | 2 | 8 | 0 |
| ,, കുറൂർ വൈദ്യൻ കൃഷ്ണവാരിയർ | ,, | 2 | 8 | 0 |
| ,, കെ. ആർ. പരമുപിള്ള | ,, | 2 | 8 | 0 |
| ,, പത്മനാഭമേനോൻ, ചാലുങ്കൽവീട് | ,, | 2 | 8 | 0 |
| ,, ടി. ആർ. അനന്തക്കുറുപ്പ് | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ കൊക്കരമനക്കൽ ത്രപ്പൻനമ്പൂരി | ,, | 2 | 11 | 0 |
| മ-രാ-രാ- കെ. മാധവൻപിള്ള | ,, | 2 | 8 | 0 |
| ,, ആർ. അനന്തകൃഷ്ണയ്യർ | ,, | 1 | 0 | 8 |
| ,, പി. ജി. നാരായണൻനായർ | ,, | 0 | 2 | 0 |
| ,, ജി. നാരായണപിള്ള | ,, | 2 | 8 | 0 |
| ,, എസ്സ്. പത്മനാഭയ്യർ | ,, | 2 | 8 | 0 |
| ,, എ. രാമൻപിള്ള | ,, | 0 | 10 | 0 |
| ,, പി. കെ. ശങ്കരപിള്ള | ,, | 0 | 10 | 0 |

| | | | | |
|---|---|---|---|---|
| മ. രാ. രാ. ആർ. എഫ്. എൻ. ആസ്ക്രൂത്ത് എം. എ. | അവർകൾ | 2 | 8 | 0 |
| ബ്രഹ്മശ്രീ എം. എസ്സ്. കേശവൻ നമ്പൂരി | ,, | 2 | 0 | 0 |
| മ. രാ. രാ. ഹെഡ് മാസ്റ്റർ, ഫോർട്ട് ഹൈസ്കൂൾ, തിരുവനന്തപുരം | | 2 | 0 | 0 |
| ,, വി. രാമയ്യർ | ,, | 2 | 8 | 0 |
| ,, ഇ. എൽ. ജോർജ്ജ് | ,, | 2 | 5 | 0 |
| ,, ആന്തിക്കാട്ട് വി. ലൂയിസ്സ് | ,, | 0 | 12 | 0 |
| ,, എൻ. രാമകൃഷ്ണപിള്ള | ,, | 0 | 8 | 0 |
| ,, എൻ. എ. മേനോൻ | ,, | 1 | 6 | 0 |
| ,, രാമൻകണ്ടത്ത് കൃഷ്ണപ്പൊതുവാൾ | ,, | 2 | 8 | 0 |
| ,, കുഞ്ഞിക്കാമത്ത് കൊച്ചുഗോവിന്ദമാരാർ | ,, | 2 | 8 | 0 |
| ,, കെ. ആർ. കുട്ടൻപിള്ള | ,, | 1 | 0 | 0 |
| ,, പി. ഉക്കണ്ടനുണ്ണിനായർ എം. എ. എൽ. ടി. | ,, | 2 | 8 | 0 |
| ,, കെ. കേശവപിള്ള | ,, | 2 | 8 | 0 |
| ,, സി. എസ്സ്. അച്യുതമേനോൻ | ,, | 2 | 8 | 0 |
| ,, യം. കണ്ടുണ്ണിമേനോൻ | ,, | 2 | 8 | 0 |
| ,, വൈ. എസ്സ്. നാരായണയ്യർ ബി. എ. | ,, | 2 | 8 | 0 |
| ശ്രീമതി എൻ. ഗൌരി അമ്മ | ,, | 2 | 8 | 0 |
| മ. രാ. രാ. പി. കെ. ഗോദവർമ്മൻതിരുമുല്പാട് | ,, | 2 | 8 | 0 |
| ,, കെ. പരമേശ്വരൻ നമ്പ്യാതി | ,, | 1 | 6 | 0 |
| ,, സി. അച്യുതമേനോൻ | ,, | 2 | 8 | 0 |
| ശ്രീമതി എടക്കുന്നി വാരിയത്ത് തായിക്കുട്ടി വാരസ്യാർ | ,, | 2 | 8 | 0 |
| മ. രാ. രാ. സി. പി. ശ്രീകുമാരശർമ്മാ | ,, | 2 | 8 | 0 |
| ,, സി. ചക്രപാണിവാരിയർ | ,, | 3 | 10 | 0 |
| ,, കെ. ഗോവിന്ദപിള്ള | ,, | 0 | 14 | 0 |
| ,, പനയ്ക്കൽ മാത്തു ഔസേപ്പൻ | ,, | 2 | 8 | 0 |
| ,, കെ. ആർ. കുഞ്ഞൻപണിക്കർ | ,, | 2 | 8 | 0 |
| ,, പി. വി. ഹരിശ്ശേണായി | ,, | 2 | 8 | 0 |
| ,, പി. കെ. കേശവപിള്ളശാസ്ത്രി | ,, | 2 | 8 | 0 |
| ,, ആർ. സുബ്ബരായശാസ്ത്രി | ,, | 1 | 6 | 0 |
| ,, എച്ച്. വെങ്കിടേശ്വരയ്യർ | ,, | 2 | 0 | 0 |
| ശ്രീമതി ടി. ജാനകി അമ്മ | ,, | 2 | 8 | 0 |
| മ. രാ. രാ. ആർ. പത്മനാഭപിള്ള | ,, | 2 | 8 | 0 |
| ,, കെ. വേലായുധൻപിള്ള | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ പി. എസ്സ്. വിഷ്ണു നമ്പൂരി | ,, | 2 | 8 | 0 |
| മ. രാ. രാ. കെ. എം. വർക്കി | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ പാതായ്ക്കര മനയ്ക്കൽ ഇട്ട്യപ്പൻനമ്പൂതിരിപ്പാട് | ,, | 4 | 15 | 0 |
| ,, പള്ളിപ്പാട്ട് എന്ന മുല്ലമംഗലത്തു മനയ്ക്കൽ ഇട്ട്യപ്പൻഭട്ടതിരിപ്പാട് | ,, | 1 | 1 | 0 |
| മ. രാ. രാ. ടി. എസ്സ്. ജഗന്നാഥയ്യർ | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ കിടക്കോട്ടുതല മനയ്ക്കൽ പശുപതിനമ്പൂതിരി | ,, | 1 | 4 | 0 |
| ,, നാറാണമംഗലത്ത് വാസുദേവൻനമ്പൂതിരി | ,, | 2 | 8 | 0 |
| മ. രാ. രാ. എ. കെ. രാമവർമ്മരാജാ | ,, | 2 | 8 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്രഹ്മശ്രീ | ഏഴിക്കോട്ടമനക്കൽ നാരായണൻനമ്പൂരി | അവർകൾ | 2 | 8 | 0 |
| മ-രാ-രാ- | എം. കെ. വെങ്കിടേശ്വരയ്യർ ബി. എ., ബി എൽ. | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ | കരുമാറപ്പാറ മനക്കൽ വാസുദേവൻ നമ്പൂതിരിപ്പാട്, | ,, | 1 | 0 | 0 |
| ,, | മരനാട്ടമനക്കൽ വാസുദേവൻ നമ്പൂതിരിപ്പാട് | ,, | 2 | 8 | 0 |
| ,, | കെ. പരമേശ്വരൻ നമ്പൂതിരിപ്പാട് | ,, | 2 | 8 | 0 |
| മ-രാ-രാ | ഇ. നാരായണൻ നായർ ബി. എ. ബി. എൽ. | ,, | 2 | 8 | 0 |
| ,, | പി. ജി. രാമയ്യർ, ബി. എ. ബി. എൽ. | ,, | 2. | 8 | 0 |
| ,, | എം സി. കൃഷ്ണവർമ്മരാജാ | ,, | 2 | 8 | 0 |
| ,, | ടി. എ. ശേഷയ്യർ ബി. എ. ബി. എൽ. | ,, | 2 | 8 | 0 |
| ,, | ചോണ്ടത്തു ഗോവിന്ദനുണ്ണി മന്നാടിയാർ | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ | ഇ. പി. വാസുദേവൻ നമ്പൂതിരിപ്പാട് | ,, | 2 | 8 | 0 |
| മ-രാ-രാ- | ബഹുമാനപ്പെട്ട രാജാ വാസുദേവരാജാ | ,, | 7 | 8 | 0 |
| ബ്രഹ്മശ്രീ | മൂത്തമല പുരുഷോത്തമൻ നമ്പൂരി | ,, | 2 | 8 | 0 |
| മ-രാ-രാ- | കെ. ഉണിക്കണ്ടൻ നായർ | ,, | 2 | 8 | 0 |
| ,, | ടി. ആർ പരമേശ്വരയ്യർ | ,, | 2 | 8 | 0 |
| ,, | കോണിക്കോലടത്തു ചാത്തുക്കുട്ടി അച്ചൻ | ,, | 2 | 8 | 0 |
| ,, | ചെറുകര നാരായണനുണ്ണി പിഷാരൊടി | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ | തേനഴി മനക്കൽ പരമേശ്വരൻ നമ്പൂതിരിപ്പാട് | ,, | 2 | 8 | 0 |
| ,, | ഏറനൂര് മനക്കൽ നാരായണൻ നമ്പൂരി | ,, | 2 | 8 | 0 |
| ,, | കോയത്തടി മനക്കൽ പരമേശ്വരൻ സോമയാജിപ്പാട് | ,, | 1 | 13 | 0 |
| മ-രാ-രാ- | കെ. പി മാധവമേനോൻ | ,, | 2 | 8 | 0 |
| ,, | ടി. ആർ. രാമചന്ദ്രയ്യർ | ,, | 4 | 1 | 0 |
| ,, | നെല്ലിക്കലേടത്തിൽ കോമ്പി അച്ചൻ | ,, | 2 | 8 | 0 |
| ,, | ഒാമ്പ്രമോളി രാമുണ്ണി വൈദ്യൻ | ,, | 2 | 9 | 0 |
| ,, | ജസ്റ്റിസ്, ശങ്കരൻനായർ | ,, | 2 | 8 | 0 |
| ബ്രഹ്മശ്രീ | മേലേടത്തു മനക്കൽ ഹിരണ്യഗർഭൻ നമ്പൂരി | ,, | 2 | 9 | 0 |
| ,, | കിഴക്കേ ചെറുമുക്ക മനക്കൽ നമ്പോത നമ്പൂരി | ,, | 2 | 8 | 0 |
| മ-രാ-രാ- | എ. വി. പിള്ള | ,, | 2 | 1 | 0 |
| ബ്രഹ്മശ്രീ | തിമിരിമാടമന നാരായണഭട്ടതിരി | ,, | 2 | 8 | 0 |
| മ-രാ-രാ- | ജോസേഫ്, പുല്ലോക്കാരൻ | ,, | 2 | 8 | 0 |
| ,, | എം. ആർ. അനന്തകൃഷ്ണയ്യൻ | ,, | 1 | 4 | 0 |
| ,, | കുത്താളി അച്ചമ്പടത്തിൽ നായർ | ,, | 2 | 0 | 0 |
| ,, | യം. കഞ്ഞിരാമൻ | ,, | 0 | 14 | 0 |
| ,, | എലിയങ്ങാട്ട രാമരാജാ | ,, | 2 | 8 | 0 |
| ,, | എൻ. നാരായണൻ | ,, | 1 | 2 | 0 |
| ,, | മലയാളി ക്ലബ് | ,, | 1 | 4 | 0 |
| ,, | ബ്ളാഹയിൽ കണ്ടുണ്ണി നായർ | ,, | 2 | 8 | 0 |
| ,, | പി. വി. സുബ്രഹ്മണ്യയ്യർ | ,, | 2 | 8 | 0 |
| ,, | വി. കുഞ്ഞി അബ്ദുള്ള വലിയ പുരയിൽ | ,, | 2 | 8 | 0 |
| ,, | പൂന്നത്തൂർ 3-ാം കൂർ രാജാ | ,, | 2 | 8 | 0 |
| ,, | കെ. എം. ഗോവിന്ദ പിള്ള | ,, | 1 | 6 | 0 |
| ,, | എൻ. കേശവപിള്ള | ,, | 2 | 8 | 0 |

# പുതിയ പുസ്തകങ്ങൾ

## പ്ര വേ ശി ക.

(വില ക. 0—8—0)

പ്രകൃതിശാസ്ത്രപാഠനത്തിൻെറ താക്കോലായി ഉപയോഗിക്കപ്പെടാവുന്ന ഈ പുസ്തകം എല്ലാവരും വായിക്കേണ്ടതാണ്.

## ദ മ യ ന്തീ നാ ട കം.

(വടക്കാഞ്ചേരി ഗ്രാമം രാമകൃഷ്ണഭാഗവതര് ഉണ്ടാക്കിയത് വില 12ണ.)

കംസനാടകം, മീനാക്ഷിനാടകം മുതലായ നാടകങ്ങളുടെ കൂട്ടത്തിൽ സുപ്രസിദ്ധി നേടിയ ഈ നാടകത്തെ ജയിപ്പാൻ തക്കവണ്ണം നളചരിതംകഥ ഇതുവരെ ആരും നാടകമാക്കീട്ടില്ല. സംഗീതനൈഷധം മുതലായ നാടകങ്ങൾ ഈ പുസ്തകത്തിൻെറ അളവിൽ സാരമില്ല. സംഗീതപ്രിയന്മാരും നാടകപ്രിയന്മാരും ഈ പുസ്തകം ഒന്നു വരുത്തി വായിക്കേണ്ടതാണ്.

## വേ ദാ ന്ത സാ രം.

(വില നാലണമാത്രം.)

കിളിപ്പാട്ടു രീതിയിൽ ഏതോ ഒരു മഹായോഗ്യൻ എത്രയോ കൊല്ലങ്ങൾ മുമ്പ് എഴുതിവെച്ച ഈ പുസ്തകം ഇപ്പോൾ മാത്രമാണ് അച്ചടിച്ചു പുറത്തായിട്ടുള്ളത്.

# ബി. വി. ബുക്ക ഡിപ്പോവക

പ്രസിദ്ധീകരണങ്ങൾ.

| | ക. | ണ. | പ. | | ക. | ണ. | പ |
|---|---|---|---|---|---|---|---|
| അഭിജ്ഞാനശാകുന്തളം | 1 | 4 | 0 | കേരളവർമ്മ | 1 | 0 | 0 |
| മലയാളശാകുന്തളം | 0 | 10 | 0 | അക്ബർ | 0 | 14 | 0 |
| മയൂരസന്ദേശം | 0 | 8 | 0 | വിജ്ഞാനമഞ്ജരി | 0 | 4 | 0 |
| അന്യാപദേശശതകം | 0 | 8 | 0 | അതിരൂപചരിതം | 0 | 3 | 6 |
| ഭാസ്കരമേനോൻ | 0 | 8 | 0 | ഭാഷാഭൂഷണം | 1 | 4 | 0 |
| ഗദ്യമാലിക 1-ാം ഭാഗം | 1 | 0 | 0 | വൃത്തമഞ്ജരി | 0 | 6 | 0 |
| ടി 2-ാം ഭാഗം | 1 | 0 | 0 | ശബ്ദശോധിനി | 0 | 9 | 0 |
| ടി 3-ാം ഭാഗം | 1 | 0 | 0 | സാഹിത്യസാഹ്യം | 1 | 0 | 0 |
| മാർത്താണ്ഡവർമ്മ | 1 | 0 | 0 | രാമചന്ദ്രവിലാസം | 1 | 0 | 0 |
| കഥാരത്നമാല 1-ാം ഭാഗം | 0 | 8 | 0 | | | | |
| ടി 2-ാം ഭാഗം | 0 | 8 | 0 | | | | |
| നേതാജിപാലർ | 0 | 10 | 0 | | | | |
| നീതികഥകൾ | 0 | 4 | 0 | | | | |

മററും അനേകം ഉത്തമഗ്രന്ഥങ്ങൾ എപ്പോഴും തയ്യാർ.

മംഗളോദയം കമ്പനി ക്ലിപ്തം,

തൃശ്ശിവപേരൂർ.

# മംഗളോദയം

വരിസംഖ്യ തപാൽ കൂലി അടക്കം

ഒരു കൊല്ലത്തേയ്ക്കു മുൻകൂർ 2—8—0 ആറുമാസത്തേയ്ക്കു മുൻകൂർ 1—6—0

ഒററപ്രതിക്ക് മുൻകൂർ 0—4—0 വി. പി. കമ്മിഷൻ പുറമെ.

☞ വരിസംഖ്യ ബാക്കിവെച്ചിട്ടുള്ളവർ, അവരവർ അടയ്ക്കേണ്ടുംസംഖ്യ ഉടനെ തീൎത്തു രശീതി വാങ്ങേണ്ടതാണ്


---


## സ്ഥിരപരസ്യങ്ങൾ

പരസ്യക്കൂലി എപ്പോഴും മുൻകൂറ്

വരി ഒന്നിന്ന് മാസത്തിൽ 8-ണ പ്രകാരം എല്ലാ പരസ്യവും സ്വീകരിക്കുന്നതാണ്.


---

# മംഗളോദയം കമ്പനി

ക്ലിപ്തം, തൃശ്ശിവപേരൂർ.

## ഡയറക്ടന്മാർ.

1. മഹാമഹിമശ്രീ കൊച്ചി 10-ാംകൂർ രാമവൎമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു
2. ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. ചെറിയനാരായണൻനമ്പൂതിരിപ്പാട് അവർകൾ
3. ,, വടക്കിനിയേടത്തു കിരാങ്ങാട്ടുമനയ്ക്കൽ ശ്രീധരൻഅനുജൻനമ്പൂതിരിപ്പാട് ,,
4. ,, സി. ടി. അവഞ്ഞിക്കാട്ടു നീലകണ്ഠൻ ഭട്ടതിരിപ്പാട് ,,
5. ,, എടവലത്തു പുടയോരുമനയ്ക്കൽ വാസുദേവൻ നമ്പൂതിരിപ്പാട് ,,
6. ,, പുന്നശ്ശേരിനമ്പി നീലകണ്ഠശൎമ്മാ ,,
7. മ-രാ-രാ- ചങ്ങരംകോത കൃഷ്ണൻകൎത്താവ് ,,
8. ,, ടി. സി. കൃഷ്ണമേനോൻ (സബ്ബ അസിസ്റ്റാണ്ട് സൎജ്ജൻ) ,,
9. ,, വി. കെ. കുഞ്ഞൻമേനോൻ. ,,

## ആഡിററർമാർ.

1. ബ്രഹ്മശ്രീ എ.കെ. ടി. കെ. എം. വലിയനാരായണൻനമ്പൂതിരിപ്പാട് അവർകൾ
2. ,, കുറൂർ ദാമോദരൻ നമ്പൂതിരിപ്പാട് ,,

മലയാളഭാഷാഭിവൃദ്ധിയേയും പൊതുജനയോഗക്ഷേമത്തേയും മുൻനിറുത്തി, ഷെയർ 1-ക്ക് 10ക. വീതം 3000 ഷെയറിൽ കൂടി 30,000ക. മൂലധനമായി ഏൎപ്പെടുത്തിയിരിക്കുന്നതാണ് ഈ കമ്പനി. ഈ കമ്പനിയിലേക്കു, വളരെ കാലമായി ഉത്തമരീതിയിൽ നടത്തപ്പെട്ടിരുന്ന കല്പദ്രുമം അച്ചുക്കൂടം തീറുവാങ്ങിയിരിക്കുന്നു. ഇവിടെ ഇംഗ്ലീഷ്, ദേവനാഗരം, തമിഴ്, മലയാളം എന്നീ അക്ഷരങ്ങളിൽ എല്ലാതരത്തിലുമുള്ള അച്ചടിവേലകളും ആദായനിരക്കിൽ വൃത്തിയായും കൃത്യത്തിന്നും നടത്തിക്കൊടുക്കുന്നതാണ്.

ഇതിന്നുംപുറമെ ദേശമംഗലത്തുനിന്നു ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. ചെറിയനാരായണൻ നമ്പൂതിരിപ്പാടവർകളുടെ ഉടമസ്ഥതയിൽ പ്രസിദ്ധം ചെയ്തിരുന്ന മംഗളോദയം മാസികയും കമ്പനിയിൽ നിന്നു ഏറെറടുത്തിരിക്കുന്നു. ഗ്രാഹ്യങ്ങളായ പല വിഷയങ്ങളേയും പ്രതിപാദിക്കുന്ന ഈ മാസിക മേലിൽ പൂൎവ്വാധികം പരിഷ്കൃതരീതിയിൽ നടത്തുവാൻ ശ്രമം ചെയ്യുന്നുണ്ട്.

കമ്പനിയിൽ ഷെയർ ചേരുവാൻ ആഗ്രഹിക്കുന്നവർ ടി. കമ്പനിമാനേജൎക്ക് അറിയിച്ചാൽ ഹരജിഫാറം അയച്ചുകൊടുക്കുന്നതാണ്. അല്പം ഷെയറുകൾ മാത്രമെ ബാക്കിയുള്ളു.

മാനേജർ

മംഗളോദയം

൧൦൮൯

പുസ്തകം ൬ } ചിങ്ങമാസം { ലക്കം ൧൦

## മംഗളം.

മിന്നുംഭിന്നാഞ്ജനത്തിൻരുചിരരുചിയെവെല്ലുന്നശോഭാവിശേഷം
ചിന്നുംകാന്തന്റെമെയ്യിൽക്ഷണരുചിസമരുചിസ്സിക്കൊണ്ടുകൊണ്ടാടിയേറ്റം
എന്നുംനിന്നിട്ടുവർണ്ണംഹരിമഹിഷികരുത്തോടുനിൻദൃഷ്ടിയുഗ്മം
നന്നായിത്തന്നിടട്ടേമമഗുരുകരുണാരംഗമേമംഗളത്തെ.

കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ.

# മലയാളഭാഷാപോഷണം

മ. മ. ൰. രാ., എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകൾ, എം. എ., എം. ആർ. എസ്., കൊച്ചി ഭാഷാപോഷണക്കമ്മറ്റിക്ക് അയച്ചുകൊടുത്ത അഭിപ്രായം.

മലയാളഭാഷയ്ക്കു് ഇപ്പോഴുള്ള ന്യൂനതകളും അവയുടെ പരിഹാരങ്ങളും.

(൧) ന്യൂനത:—

വിദ്യാഭ്യാസം മുഴുവനും അന്യഭാഷാപ്രധാനമാക്കിയിരിക്കുന്നതു നിമിത്തം മലയാളഭാഷയെക്കുറിച്ച് ആലോചിക്കേണ്ട കാര്യംതന്നെ ഇല്ലാതിരിക്കുന്ന സ്ഥിതി.

പരിഹാരം:—

ഉയർന്നതരം വിദ്യാഭ്യാസം ഭാഷയിൽ ഏർപ്പെടുത്തണം. എന്നാൽ ഭാഷയ്ക്കു പുറമേ ചരിത്രങ്ങൾ, ഭൂമിശാസ്ത്രം, കണക്ക്, രസതന്ത്രം, പ്രകൃതിശാസ്ത്രം മുതലായ വിഷയങ്ങളിൽ സാമാന്യജ്ഞാനം ഉണ്ടാകത്തക്കവിധം ആ വക വിഷയങ്ങൾ മലയാള 14
ഭാഷയിൽതന്നെ പഠിപ്പിക്കുന്നതിന് ഏർപ്പാടു ചെയ്യണം.

(൨) ന്യൂനത:—

ഭാഷയിൽ പ്രത്യേകവിധം. 15

ന്പാദിക്കുന്നതുകൊണ്ട് ഉപജീവനത്തിനു വഴിയില്ലാതിരിക്കുന്ന സ്ഥിതി.

പരിഹാരം:—

ഒന്നാം സംഗതിയിൽ കാണിച്ചപ്രകാരം ഉയൎന്നതരം വിദ്യാഭ്യാസം സിദ്ധിച്ചവൎക്ക് ഏതെങ്കിലും ക്രമമനുസരിച്ച് ഗവൎമ്മെണ്ടുദ്യോഗങ്ങളിൽ പ്രവേശം അനുവദിക്കണം. ഇപ്പോഴുള്ള സ്കൂൾ ഫൈനൽ മുതലായ പരീക്ഷകളെപ്പോലെതന്നെ മേൽകാണിച്ച ഭാഷാവിദ്യാഭ്യാസപരീക്ഷയേയും ഗണിക്കണം. ഈ ഭാഷാവിദ്യാഭ്യാസത്തിലും ഇംഗ്ലീഷ് ഉപഭാഷയായി ആദ്യം മുതൽക്കതന്നെ പഠിപ്പിക്കേണ്ടതാകയാൽ കാൎയ്യനിൎവ്വഹണത്തിനു മതിയാകാതെ വരുന്നതല്ല.

(൩) ന്യൂനത:—

ഇംഗ്ലീഷ് സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നുണ്ടെങ്കിലും ആ വിഷയത്തിൽ വേണ്ട നിഷ്കൎഷവരുന്നതിന്നു യാതൊരേൎപ്പാടുമില്ല. പൊതുവായുള്ള പരിശോധകന്മാർ, വിദ്യാഭ്യാസാധ്യക്ഷൻ മുതലായവരെ ഭാഷയിൽ തീരെ അഭിനിവേശവും ജ്ഞാനവുമില്ലാത്തവരായിട്ടാണ് പ്രായേണ കണ്ടുവരുന്നത്.

പരിഹാരം:—

ആ വക സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിന്നും പരിശോധിക്കുന്നതിന്നും പ്രത്യേകിച്ചുവേണ്ട പരിഷ്കരണങ്ങൾ ചെയ്യുന്നതിന്നും തക്കതായ ഏൎപ്പാടുണ്ടാക്കണം.

(൪) ന്യൂനത:—

ഗവൎമ്മെണ്ടു വക എഴുത്തുകുത്തുകളും റിക്കാൎട്ടുകളും മിക്കതും ഇംഗ്ലീഷിലാക്കിയതുല്യനിമിത്തം ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചകളിലായ ഉദ്യോഗസ്ഥന്മാൎക്ക മലയാളം തീരെയാൽ ആവശ്യമില്ലാതാക്കിത്തീൎന്നിട്ടുള്ള സ്ഥിതി.

തെളിയുന്നതു:—

ഒന്ന അചലാവശ്യമായിട്ടുള്ള റിക്കാൎട്ടുകളൊ അനുബന്ധിപ്പാം മലയാളത്തിലാക്കണമെ കളായ രണ്ടു ശക്തിണ്ടായിരിക്കണം. കോടതികളിലെ വിധി, വിധിന്യായങ്ങൾ, കീഴ്‌ഉദ്യോഗസ്ഥന്മാൎക്കും മററും അയയ്ക്കുന്ന കല്പനകൾ മുതലായതു മലയാളത്തിലാകണമെന്നു വരുമ്പോൾ ആ വക ഉദ്യോഗസ്ഥന്മാർ അവശ്യം ഭാഷയിൽ പരിചയിക്കുകയും അതുനിമിത്തം ഭാഷയ്ക്കു പല ഗുണങ്ങളും ഉണ്ടാകുകയും ചെയ്യും. ആവശ്യമായിവരുന്ന റിക്കാൎട്ടുകൾ ഇംഗ്ലീഷിലേക്ക തൎജ്ജമ ചെയ്യാൻ ഏൎപ്പാടുണ്ടായാൽ മതിയാകുന്നതാണ്.

(൫) ന്യൂനത:—

ഓരോരോ വിഷയങ്ങളിലും കാലത്തെ അനുസരിച്ചുണ്ടാകേണ്ട പുസ്തകങ്ങൾ മലയാളഭാഷയിൽ ഉണ്ടാകുന്നില്ല. പ്രകൃതിശാസ്ത്രം, രസതന്ത്രം മുതലായ ശാസ്ത്രങ്ങളിൽ ഇംഗ്ലീഷിലുള്ള പരിഭാഷികപദങ്ങൾക്ക തക്കതായ മലയാളപദങ്ങൾ കാണിക്കുന്ന ഒരു നിഘണ്ടു ഒന്നാമതായുണ്ടാകേണ്ടതാണ്. അതും ഉണ്ടായിട്ടില്ല.

പരിഹാരം:—

ആ വക പുസ്തകങ്ങൾ ഉണ്ടാക്കിച്ചു പ്രസിദ്ധം ചെയ്യുന്നതിന്നായി കൊല്ലംതോറും ഒരു സംഖ്യ ഗവൎമ്മെണ്ടിൽനിന്നനുവദിക്കുകയും ഏതേതെല്ലാം വിഷയങ്ങളിൽ ഏതേതു തരം പുസ്തകങ്ങൾ ഉണ്ടാകേണ്ടതുണ്ടെന്നും മററും ആലോചിക്കുന്നതിന്നും ആ വക കാൎയ്യങ്ങൾ നടത്തുന്നതിന്നുമായി ഒരു കമ്മിററി ഏൎപ്പെടുത്തുകയും വേണം. അങ്ങിനെ ഉണ്ടാകുന്ന പുസ്തകങ്ങളും ഭാഷയെപ്പററി നല്ല അറിവുണ്ടാകുന്ന പുസ്തകങ്ങളും പാഠപുസ്തകങ്ങളാക്കി മേൽപറഞ്ഞ കമ്മിററിക്കാരുടെ അധീനത്തിലോ മറേറാ ഒരു പരീക്ഷനിശ്ചയിക്കുകയും ഏററവും ഉയൎന്ന ഉദ്യോഗം കഴികെ മററു ഗവൎമ്മെണ്ടുദ്യോഗങ്ങൾക്കെല്ലാം ആ പരീക്ഷയിൽ ജയിച്ചവരെ മാത്രം അൎഹതയുള്ളവരായി ഗണിക്കുകയും വേണം.

# ഒരു മഹാച്ചരമം

കുഞ്ഞിക്കുട്ടൻകവി'നവ'സമാ
ജോത്തമൻസോദരൻമേ
പഞ്ഞിട്ടെല്ലാക്കുംസ്വച്ഛസിതയശസാ
പൂണ്ണമാംലോകതല്ലേ
രഞ്ജിച്ചീടുംപടികവിതയാം
പുത്രിതന്നെക്കിടത്തി-
ബ്ഭഞ്ജിച്ചീടാതജിതപദമോ
ടൊത്തവൃത്താംകഥിപ്പൻ. 1

സുകവീന്ദ്ര'സിതോപലാ'ത്മജൻ
മകരപ്പത്തിൽ മരിച്ചഭാഗ്യവാൻ,
ശുകതാതനരച്ചഭാരതം
സകലംതജ്ജമചെയ്തപൂരുഷൻ 2

ഹരിലോകമണഞ്ഞപുണ്യസ-
ച്ചരിതംകിഞ്ചനകേൾപ്പിനേവരും
പരിതാപജമശ്രുപോക്കുവിൻ
പരിതോഷാശ്രുഝരത്തിൽമുങ്ങുവിൻ 3

മതികൊണ്ടഖിലത്തിനുംപെടു-
ന്നതിസാരത്തെയടക്കുമിപ്പുമാൻ
അതിസാരമെടുത്തുഹന്ത!തൻ
മൃതിയാമുത്സവലീലതന്നിലും. 4

ഒരുപൂരുഷനുംസഹിക്കുവാ-
നരുതാത്തുള്ളതിസാരമാകിലും
നിരുപദ്രവനായ്ക്കിടന്നുനൽ-
പ്പുരുപുണ്യാംബുധിയാകുമിപ്പുമാൻ. 5

ഒരുനാളതിസാരമോക്കിലു-
ണ്ടൊരുനൂറാറമ്പതുവട്ടമെങ്കിലും
ഒരുലേശവുമില്ലമുക്കലി-
ല്ലുരുസത്വാംബുനിധിക്കുവിസ്മയം. 6

ധൃതിയുള്ളവനുംനിനയ്ക്കിലി-
ല്ലതിസാരംപരമല്പമാകിലും
അതിയാകിയചുക്കമൂലമാ-
യ്മതിയുംവേദനയാൽകരഞ്ഞുപോം. 7

ചിതമോടതിസാര,'മഹ്നാം
സിതമാംഛത്രയുഗംധരിക്കുവാൻ'
മതമിങ്ങനെതൽപ്രവാഹികാ-
ഹതനാംരാഘവനുത്ഭവിച്ചപോൽ. 8

ഇതിദാരുണവിക്രമംകല-
ന്നതിസാരംപിടിപെട്ടുവെങ്കിലും
അതിനാലൊരുപദ്രവംവിനാ
സ്ഥിതിചെയ്താൻനവശക്തിജാത്മജൻ 9

കൃതധീമണിമാടഭൂപസ-
ത്തമനാംപിള്ള'നമശ്ശിവായനും'
അഥരോഗവിധിജ്ഞഡാക്ടരിൽ
പ്രഥമൻ'ക്രുപ്സ്'മണഞ്ഞുസാദരം. 10

പലമട്ടവർചെയ്തുനോക്കിനാർ
വിലകൂടീടുമുപക്രമങ്ങളെ
ബലമേറീടുമഗ്ദേതദാ
ഫലമില്ലാതെഭവിച്ചസവ്വവും. 11

ജനനീജരതൻവിവൃദ്ധിയും
ഘനമാംസ്വാമയതീവ്രവൃദ്ധിയും
മനസാനിരുപിച്ചുമാഴ്കിനാൻ
പുനരക്കേരളബാദരായണൻ. 12

പുനരാശുസമസ്തമീശ്വരേ
മനസാപ്പിച്ചുമഹാകവീശ്വരൻ
മുനിപോലെനിമീലിതാക്ഷനാ-
യ്യിനിവൃത്താഖിലകമ്മനായഹോ!. 13

ഉടനാക്കവികാളരാത്രിസു-
സ്ഫുടമാംഗള്യമണഞ്ഞുഭംഗിയിൽ
തടവെന്നിയെസവ്വവുംസമു-
ൽക്കടപുണ്യനുസുഖപ്രദംധ്രുവം. 14

ശശിയന്നുവളക്ഷയാംചതു-
ദ്ദശിയിൽക്കൂരിരുൾവന്നിടാതുടൻ
നിശിഹന്ത!തെളിഞ്ഞുബോധമ-
ങ്ങശിവംനീക്കിവിളങ്ങിടുംനിധം. 15

സതതംദ്വിജസേവ്യമായ്സമു-
ന്നതമായുള്ളമുരാരിതൻപദേ
നിതരാംതെളിവോടുചേൎന്നത-
ത്സിതകാന്ത്യാമതിബിംബമുത്തമം. 16

പരിതാപമൊഴിഞ്ഞുസൎവ്വവും
ഹരിപാദംപ്രസരിക്കുകാരണാൽ
തരസാഖിലപങ്കജാതവും
പരമാമീലിതമായിഭൂതലേ. 17

പഴതാറുനിറഞ്ഞുഭൂതലം
മുഴുവൻചന്ദ്രകരാമൃതത്തിനാൽ
മുഴകീഭുവനംസമസ്തമ-
ന്നൊഴുകീടുംഹിമസമ്മദാശ്രുവിൽ. 18

പലമാതിരിയീവിധംശുഭം
വിലസീടുംനിജകാളരാത്രിയിൽ
അലസാതെസുഖാലിതോതിനാൻ
മലയാളക്ഷിതിബാദരായണൻ. 19

"ജവമോടിവിടത്തിൽവന്നിടു-
ന്നിവരാരുത്തമശീലമൂൎത്തികൾ
ഭുവനത്രയമാന്യരായിടു-
ന്നിവരൊന്നിച്ചുഗമിച്ചിടുന്നുഞാൻ". 20

പലതിങ്ങിനെകേട്ടുഭൃത്യരിൽ
ചിലർപോവാക്കകളെന്നുചൊല്ലിനാർ
ചിലരിക്കഥയെന്നൊടോതിനാർ
നിലവിട്ടുള്ളപരിഭ്രമത്തിനാൽ. 21

"അഹമുത്തമയാംസരസ്വതി-
സ്തുതിചെയ്യേണ്ടതുചെയ്തുസൎവ്വവും"
സഹസാപുനരേവമോതിനാൻ
മഹനീയാശയനക്കവീശ്വരൻ. 22

മകൾതന്റെവിചാരമാണിതെ-
ന്നകതാരിൽചിലരോൎത്തുതൽക്ഷണേ
ശുകതാതസമാനനാകുമി-
സ്സുകവിക്കൊത്തതിതെന്നഹോചിലർ. 23

പരമക്കവിയന്നിശക്കുടൻ
ചരമാവസ്ഥയണഞ്ഞിടുംവിധൌ
ത്വരയാദരവോടുചൊല്ലിനാൻ
സരസംസാഞ്ജലിബന്ധമിങ്ങനെ. 24

"ജിതമായിസമസ്തമാദരാ-
ലിതകൃഷ്ണാദികൾവന്നസൎവ്വരും
ഹിതമോടഖിലംകൊടുത്തുകൊൾ-
കിതശേഷംശരിയല്ലതാമസം." 25

പരദേവതയായകാളിതൻ
ചരണാബ്ജസ്മരണംകലൎന്നുടൻ
ഉരചെയ്തുഞെരുക്കമോടുവി-
സ്വരമാസ്സൃത്യയുഗംമഹാകവി. 26

സ്വവിരാമവിധൌകരങ്ങളാൽ
സവിളംബം"ഹരിമുദ്ര"കാട്ടിനാൻ
കവിയുന്നതളച്ചുതേടുമ-
ക്കവികുഞ്ഞുണ്ണിമഹീശപൂൎവ്വജൻ. 27

വരബാന്ധവർമംഗളങ്ങളി-
ത്തരമീക്ഷിച്ചുവസിച്ചിടുംവിധൌ
ചരമാബ്ധിപനക്കവീശ്വരൻ
ചരമശ്വാസമയച്ചടങ്ങിനാൻ. 28

ഇതിതൻചരിതങ്ങളാൽനൂനം
മതിയിൽഖേദസുഖാത്ഭുതങ്ങളെ
അതിയായിവളൎത്തഭാഗ്യവാൻ
സ്തുതിയോഗ്യൻപരിശോച്യനല്ലഹോ. 29

"ദേഹ"മബ്ദഹനമാരുതാദിജം
മോഹമററിതുവിധംവെടിഞ്ഞുടൻ
മോഹനംസ്ഥിരതരംയശോമയം
ദേഹമക്കവിയെടുത്തുഭാഗ്യവാൻ. 30

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

എടച്ചേന കുങ്കന്റെ

# പരാക്രമങ്ങൾ

## V.

## കുറ്റ്യാടിസ്സങ്കേതം



പഴശ്ശിൽ നിന്നു വയനാട്ടിലേയ്ക്കു കടപ്പാൻ കാലം വൈകിട്ടുണ്ടെന്നും ഒരു നാഴിക കഴിയുന്തോറും തമ്പുരാന്റെയും ആശ്രിതന്മാരായ ഞങ്ങളുടെയും സ്ഥിതി വളരെ അപകടത്തിലായി വരികയായിരുന്നുവെന്നും പറഞ്ഞുവല്ലോ. വയനാട്ടിൽ അധികപക്ഷക്കാരും തമ്പുരാന്റെ ആഗമനം പ്രതീക്ഷിച്ചിരിക്കുന്നുണ്ടെങ്കിലും കപ്പത്തോട്ടുനായരുടെ നയം എന്താണെന്നു നല്ലവണ്ണം മനസ്സിലാവാഞ്ഞാൽ ചില അപകടങ്ങൾ പിണയുവാനുണ്ടെന്നു ഞാൻ മുമ്പു തിരുമനസ്സുണർത്തിച്ചിട്ടുണ്ടായിരുന്നു. വയനാട്ടിലേക്കു എഴുന്നെള്ളുന്നതിന്നു മുമ്പായി ഈവക ഗൌരവങ്ങളായ കാര്യാലോചനകൾ ചെയ്വാനാണ് തിരുമനസ്സുകൊണ്ടു കല്യാട്ടും, നാരങ്ങോളിയും നമ്പ്യാന്മാരേയും എന്നേയും പള്ളിയറയിലേയ്ക്കു കല്പിച്ചുവിളിച്ചത്.

തിരുമേനി—പ്രധാനമായി മൂന്നു കാര്യമാണ് ഇപ്പോൾ ആലോചിപ്പാനുള്ളത്. ഒന്നാമതു കപ്പത്തോട്ടു നായരെ ചെന്നുകണ്ട് അയാളുടെ സഹായം നമുക്ക് എത്രത്തോളം ഉണ്ടാവുമെന്ന് അറിയണം. രണ്ടാമതു കുറുമ്പ്രനാട്ടു പോയി എന്റെ ഭാര്യയെ ആരും അറിയാതെ കൂട്ടിക്കൊണ്ടുപോരണം. മൂന്നാമത് കമ്പനിസ്സൈന്യം നമ്മെ വന്നു വളയുന്നതിന്നു മുമ്പായി പഴശ്ശിയിൽ നിന്നു നാമെല്ലാവരും നാളെ രാത്രി പുറപ്പെട്ടു കൊട്ടിയൂര് ജനബാധയില്ലാത്ത കാട്ടിൽ ഒരിടത്തു തമ്പടിച്ചു കൂടണം. അതോടുകൂടി ഒന്നുരണ്ടു മാസത്തേയ്ക്കു നമുക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ ശേഖരിച്ചു നമ്മുടെ കൂടെ കൊണ്ടുപോകയും വേണം. ഇതിൽ ഓരോകാര്യം നിങ്ങൾ ഓരോരുത്തർ ഏല്ക്കേണ്ടതുണ്ട്. കാര്യം വളരെ അടിയന്തരമാണ്. ആലോചിച്ചു വേണ്ടവിധം വേഗം തീർച്ചയാക്കിക്കൊള്ളുവിൻ.

തിരുമേനി ഇതു കല്പിച്ചു കഴിയുമ്പോഴെയ്ക്കും ഞങ്ങൾ മൂന്നുപേരും അന്യോന്യം നോക്കിക്കൊണ്ടു നില്പായിരിക്കുന്നു. ഈ മൂന്നു കാര്യങ്ങളും സാധിക്കുന്നതു വളരെ എളുപ്പമല്ല. വയനാട്ടിലേക്കു കടപ്പാനുള്ള പ്രധാന മാർഗ്ഗങ്ങളിലൊക്കെ കമ്പനിക്കാരുടെ വെള്ളപ്പട്ടാളം പാറാവുണ്ട്. വയനാട്ടിൽ കടക്കാതെ കപ്പത്തോട്ടു നായരെ കാണ്മാനും തരമില്ല. തിരുമേനിയുടെ കെട്ടിലമ്മ ശത്രുപക്ഷത്തിൽ പ്രധാനിയായ കുറുമ്പ്രനാട്ടു തമ്പുരാന്റെ അധീനത്തിലാണ് ഇപ്പോഴുള്ളത്. അവിടെ ചെന്ന് ഉപായത്തിൽ കെട്ടിലമ്മയെ കൊണ്ടുവരുന്ന കാര്യവും എളുപ്പമല്ല. രണ്ടു മാസത്തെ ഭക്ഷണസാധനം ഒരുക്കിക്കൂട്ടേണമെങ്കിൽ കോട്ടയത്തങ്ങാടിയിൽ കടന്നല്ലാതെ യാതൊരു നിവൃത്തി

യുമില്ല. അവിടെയാണെങ്കിൽ, കമ്പനി പട്ടാളക്കാർ കാവലും ഉണ്ട്. പയശ്ശിത്തമ്പുരാന്റെ ആൾക്കാർക്ക് സാമാനം വില്ക്കുന്ന കച്ചവടക്കാരെ വെടിവെച്ചു കൊല്ലുവാനാണ് കമ്പനിക്കാരുടെ കല്പന. ഞങ്ങളെ ഭക്ഷണം കിട്ടാതെ പട്ടിണിയിട്ടു കൊല്ലേണമെന്നാണ് അവരുടെ നിശ്ചയം. വയനാട്ടിൽ കടന്നാൽ ഉപ്പും വെളിച്ചെണ്ണയും ഒഴികെ മറ്റു സകല സാധനവും നാലാഞ്ചോ കൊല്ലത്തെയ്ക്കു സുലഭമായി ശേഖരിപ്പാൻ യാതൊരു പ്രയാസവുമില്ലെന്ന് എനിയ്ക്കു നല്ല ധൈര്യവുമുണ്ടായിരുന്നു. അതുകൊണ്ടായോ? കൊട്ടിയൂർ കാട്ടിൽ താമസിപ്പാൻ നിശ്ചയിച്ച ഒരു മാസക്കാലത്തേയ്ക്കു വേണ്ടുന്നതു സംഭരിയ്ക്കുന്നത് അത്ര എളുപ്പവുമല്ല. ഇതിൽ ഏതെങ്കിലും ഒന്നു് ആരാണ് ഏറ്റുകൊള്ളേണ്ടത് എന്ന ആലോചനയോടെയാണ് ഞങ്ങൾ മുഖത്തോടു മുഖം നോക്കി നിന്നത്. എന്താണ് പറയേണ്ടത് എന്ന് ആർക്കും നിശ്ചയമില്ലാതെ കുറെ നേരത്തേയ്ക്കു പരുങ്ങിനിന്നു. കുറെ കഴിഞ്ഞപ്പോൾ കല്യാട്ടു നമ്പ്യാര് ഇപ്രകാരം പറഞ്ഞു.

"വയനാട്ടിലേയ്ക്കു ഒരാളെ കല്പിച്ച് അയയ്ക്കുന്നുണ്ടെങ്കിൽ അതു കങ്കൻനായരെ തന്നെയാണ് വേണ്ടത്. ശത്രുപക്ഷത്തിൽ കടന്നുകൂടി കാര്യം നേടി തനിയ്ക്കൊന്നും പററാതെ രക്ഷ പ്രാപിച്ചു മടങ്ങി വരുവാൻ കങ്കൻനായർക്കു പ്രത്യേകം വാസനയുണ്ട്. കുറുമ്പ്രനാട്ടു ചെന്നു കട്ടിലമ്മയെ കൂട്ടിക്കൊണ്ടുവരുന്ന കാര്യം നാരങ്ങോളി നമ്പ്യാരു നിവൃത്തിയ്ക്കണം. അടിയൻ കൊട്ടിയൂരേയ്ക്കു യാത്രയ്ക്കുള്ള ഒരുക്കങ്ങൾ കൂട്ടിക്കൊള്ളാം."

കല്യാട്ടു നമ്പ്യാരുടെ ഈ അഭിപ്രായം തിരുമനസ്സിലേയ്ക്കു വളരെ തൃപ്തികരമായിട്ടുണ്ടെന്ന് അവിടത്തെ മുഖംതന്നെ വെളിവാക്കിയിരുന്നു. "കല്യാട്ടു രയരപ്പന് ഞാൻ ഒരു എഴുത്തെഴുതിക്കളയാം" എന്നും കല്പിച്ചു തിരുമനസ്സുകൊണ്ടുതന്നെ ഓലയും എഴുത്താണിയും എടുത്ത് എഴുതിത്തുടങ്ങി.

"താമരശ്ശേരി ചുരമോ അല്ല കുററ്യാടി ചുരമോ ഏതാണ് കങ്കൻനായരുടെ മാർഗ്ഗം." എന്നു നാരങ്ങോളിനമ്പ്യാര് ഇതിനിടയ്ക്കു എന്നോടു സ്വകാര്യമായി ചോദിച്ചു. ഈ ചോദ്യത്തിന്റെ ഉത്തരം എന്താണെന്നു് എനിയ്ക്കുതന്നെ നിശ്ചയമില്ലാത്തതുകൊണ്ടു "ആലോചിയ്ക്കാം" എന്നു ഞാൻ മറുവടി പറഞ്ഞു. അപ്പോഴേയ്ക്കും തമ്പുരാൻ ഓലയും എഴുത്താണിയും ചാരുപടിമേൽവെച്ചു.

"കങ്കൻ വയനാട്ടിലേയ്ക്കും, നാരായണൻ കുറുമ്പ്രനാട്ടേയ്ക്കും പോകാമെന്നല്ലേ നിശ്ചയിച്ചത്? കുറുമ്പ്രനാട്ടു പോകുന്നാൾ അവിഞ്ഞാട്ട് ഏളമയെ കണ്ടാൽ മതി. എഴുത്തൊന്നും വേണ്ട. കങ്കൻ പതിനാറടി കഴിഞ്ഞ് എന്നെ വന്നു കണ്ടതിന്നുശേഷം പുറപ്പെട്ടാൽ മതി. നിങ്ങൾ ഇപ്പോൾപോയി അവരവരുടെ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ കൂട്ടുകതന്നെ".

എന്നു കല്പിച്ചു. ഞങ്ങൾ പള്ളിയറയിൽനിന്നു പിരിവാങ്ങി.

നാരങ്ങോളി നമ്പ്യാര്: — ഏതു ചുരംവഴിയാണ് കങ്കൻനായരു വയനാട്ടിലേയ്ക്കു കടക്കുന്നതെന്നു ഞാൻ ചോദിച്ചതിന്നു അർത്ഥമില്ലെന്നില്ല. താമരശ്ശേരിയ്ക്കാണെങ്കിൽ ഒപ്പം കുറെ ദൂരത്തേയ്ക്കു ഞാനും കൂടെ വരാമെന്നുവെച്ചാണ്.

ഞാൻ: — നമ്പ്യാർക്ക് കാര്യം സാധിച്ചില്ലല്ലോ എന്നു ഇച്ഛാഭംഗത്തിനാല്ലാതെ, ജീവൻ കളയേണ്ടിവരുമെന്നു ഭയത്തി

ന്ന് അവകാശമില്ലല്ലോ. എൻെറ സ്ഥിതിയെന്താണ്. എനിക്കു പല കാൎയ്യവും ആലോചിച്ചു തീൎച്ചപ്പെടുത്തുവാനുണ്ട്. എൻെറ കൂടെ വേറെ ഒരാൾകൂടി ഉണ്ടാകുന്നത് ഒരു പ്രതിബന്ധമാണ്. നാം ഒരുമിച്ചു വഴിയാത്ര ചെയ്യുന്ന കാൎയ്യം അത്ര യുക്തവുമല്ല.

എന്നും പറഞ്ഞു ഞാൻ എൻെറ സ്ഥാനത്തേക്കുപോയി. എന്തൊരു വേഷത്തിലാണ് വയനാട്ടേക്കു പുറപ്പെടേണ്ടത്, എന്തൊക്കെ ആയുധങ്ങളാണ് കയ്യിൽ എടുക്കേണ്ടത്, ആയുധപാണിയായി കാണുന്നവനെ തടങ്ങൽ ചെയ്തു നിൎത്തുന്നതിനു ന്യായം അധികം ഉണ്ടാവില്ലേ, അന്യന്മാർ കണ്ടാൽ എന്നെ മനസ്സിലാവാതെ കഴിച്ചുകൂട്ടുവാൻ എന്താണ് വിദ്യ, ഈവക ആലോചനയോടുകൂടിയാണ് നേരം പതിററടിയാകുന്നതുവരെ ഞാൻ കഴിച്ചുകൂട്ടിയത്.

എന്തെങ്കിലും കല്പനപോലെ സമയത്തിന്ന് ഞാൻ തിരുമുമ്പാകെ ചെന്നു. കപ്പത്തോടു നായൎക്കുള്ള തിരുവെഴുത്ത് എഴുതിവെച്ചിട്ടുണ്ടായിരുന്നു.

തിരുമേനി:— ഈ എഴുത്തു കപ്പത്തോടു രയരപ്പൻെറ കയ്യിൽ ഏതുവിധമെങ്കിലും എത്താതെ തരമില്ലെന്നു കങ്കനോടു പറയേണ്ടതില്ലല്ലോ. തരമുണ്ടെങ്കിൽ മടക്കത്തിൽ അവിഞ്ഞാട്ട് എളമയെക്കണ്ട് ഈ എഴുത്ത് അവിടെയും കൊടുക്കണം. നാരായണൻ കുറുമ്പ്രനാട്ടേക്കു പോകുന്നുണ്ടെങ്കിലും അവനു വല്ല സഹായവും വേണ്ടിവരാതെ ഇരിക്കില്ല.

ഞാൻ:— അഭിപ്രായമൊന്നും വിടകൊള്ളരുതെന്നു കല്പിച്ചിട്ടുണ്ടെങ്കിലും അടിയന്ന് ഒന്നു തിരുമനസ്സുണൎത്താനുണ്ട്. കട്ടിലമ്മയെ ഇപ്പോൾ കൂടെക്കൂട്ടുന്നതായാൽ പല പ്രതിബന്ധങ്ങളും ഉണ്ടായിത്തീരുമെന്നാണ് അടിയൻെറ വിശ്വാസം. "സ്ത്രീണാഞ്ച ചിത്തം" എന്നുണ്ടല്ലോ.

ഇത്രത്തോളംതന്നെ അപ്പോൾ തിരുമനസ്സറിയിപ്പാൻ ഞാൻ ധൈൎയ്യപ്പെട്ടത് എങ്ങിനെയാണെന്നു പിന്നീടു പലപ്പോഴും ഞാൻ ആലോചിക്കാറുണ്ട്. അല്പനേരത്തേക്ക് എൻെറ മുഖത്തു നോക്കി തിരുമേനിയൊന്നും മിണ്ടാതെ നിന്നു. പിന്നെ:—

"സ്ത്രീണാഞ്ച ചിത്തം പുരുഷസ്യഭാഗ്യം" രണ്ടും പരിക്ഷിക്കേണ്ടുന്ന ഒരു അവസരമല്ല ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ആട്ടെ കങ്കനെ ഏല്പിച്ച കാൎയ്യത്തെപ്പററി മാത്രം ആലോചിച്ചാൽ മതി. എൻെറ വിവരമൊന്നും കാച്ചുദിവസമായി വയനാട്ടിൽനിന്ന് ഇല്ല."

ഞാൻ:— "തിരുമനസ്സിലെ അനുഗ്രഹമുണ്ടെങ്കിൽ ഒരാഴ്ചക്കകം എല്ലാ വിവരവും ശേഖരിച്ചു അടിയൻ മടങ്ങിയെത്തിക്കൊള്ളാം."

എന്നും പറഞ്ഞു തിരുവെഴുത്തുകളും വാങ്ങി പുറത്തേക്കുപോന്നു. കാവ്യാടി ചൊരംവഴിക്കു ചെന്ന് അവിടെ കമ്പനി പട്ടാളക്കാരുടെ സ്ഥിതി അറിഞ്ഞതിന്നുശേഷം മററുകാൎയ്യങ്ങൾ ആലോചിക്കാമെന്ന നിലയിൽ സന്ധ്യക്കുമുമ്പായിത്തന്നെ ഞാൻ പുറപ്പെട്ടു.

കാട്ടുപ്രദേശങ്ങളിൽ എത്തുന്നതുവരെ പകൽ അധികം സഞ്ചരിക്കാതെ വഴിയാത്ര രാത്രിയിൽ കഴിച്ചുകൊണ്ടു പയ്യൎമലയിൽനിന്നു പുറപ്പെട്ട പിറേറദിവസം രാത്രി ഏകദേശം പത്തുനാഴിക രാച്ചെല്ലു

ബോൾ കുറ്റ്യാടിയ്ക്കും വടകരയ്ക്കും മദ്ധ്യേ കരുദിക്കിൽ ഞാൻ എത്തിച്ചേൎന്നു. വല്ല തണ്ണീർപന്തലും കണ്ടാൽ അല്പം വിശ്രമിക്കാമെന്ന നിലയിൽ ഊടുവഴിയിൽക്കൂടി ജാഗ്രതയായി നടക്കുന്ന എന്റെ കാലിന്മേൽ വഴിയിൽ രണ്ടു മരങ്ങളിലായി കെട്ടിയിരുന്ന ഒരു കയർ തടയുകയും ഞാൻ കമിഴ്ന്നുവീണു നാലഞ്ചുരുളുകയും ചെയ്തു. തല നിലത്തുവെച്ചടിച്ചതിനാൽ അല്പനേരത്തേയ്ക്കു് എനിയ്ക്കു ബോധംതന്നെയുണ്ടായിരുന്നില്ല. എനിയ്ക്കു ബോധം വന്നപ്പോഴേയ്ക്കും നാലഞ്ചുപേർ എന്നെ വളഞ്ഞു് എന്റെ കാലുകളും കെട്ടിക്കഴിഞ്ഞിരിയ്ക്കുന്നു. ഇതിനിടയ്ക്കു ഞാൻ കിടന്ന ദിക്കിൽനിന്നു എന്റെ കൈപ്പിടിച്ചു കെട്ടുവാൻ ശ്രമിച്ചവന്റെ ചെകിട്ടത്തു് ഒരു പ്രഹരംകൊടുത്തുവെങ്കിലും വീഴ്ചയുടെ ക്ഷീണംകൊണ്ടു ഈ നാലഞ്ചുപേരോടു് എതിൎപ്പാൻ ഞാൻ അപ്പോൾ അശക്തനായിരുന്നു.

“ഈ പന്നീനെ കിട്ടാൻ എത്ര നിലാവായപ്പാ തടി ഫലാക്കാക്കുന്നു്. ഓന പിടിയ്ക്കടോ! മൂപ്പന്റെ അടെ കൊണ്ടുപോ” എന്നു് ഒരു വിദ്വാൻ കൂട്ടത്തിൽനിന്നു പറഞ്ഞു. ഈ പറഞ്ഞവൻ ഒരു മാപ്പിളയാണെന്നു ഞാൻ എളുപ്പത്തിൽ മനസ്സിലാക്കി. ഒന്നും മിണ്ടാതെ കൂടുകയാണു് നല്ലതെന്ന നിലയിൽ ഞാൻ അനങ്ങാതെ കൂടി. എന്റെ കൈ നല്ലവണ്ണം കെട്ടിയതിനുശേഷം കാലിന്റെ കെട്ടു് അഴിച്ചു രണ്ടുപേർ എന്റെ ഇരുവശവുംനിന്നു “നട” എന്നു് ആജ്ഞാപിച്ചു. കാട്ടിൽക്കൂടിയും കുന്നിൽക്കൂടിയും ഏകദേശം രണ്ടുനാഴിക നടന്നപ്പോൾ ഒരു വലിയ കുന്നിൻചെരുവിൽ ഒരു ഗുഹയ്ക്കരികെ ഞങ്ങൾ എത്തി. അവിടെ പത്തുപതിനഞ്ചുപേർ വെപ്പും ഊണും മറ്റുമായി കൂടിയിരിയ്ക്കയാണു്.

“പടച്ചോന്റെ കൃപകൊണ്ടായി ഈ പന്നീനെ പുടികിട്ടിയതു് ഞമ്മേടെ ബല്യ പാക്യം തന്നെ. ഒണക്ക! ഈ പന്നീന്റെ മോനെ നല്ലോണം മാട്ടിവിട്.”

എന്നു് ഇവരുടെ പ്രധാനിയുടെ കല്പനയും ആയി. ഇവർ ഉണ്ണിമൂത്ത മൂപ്പന്റെ നായകത്വത്തിൻകീഴിൽ മുമ്പു് ഏൎപ്പെടുത്തിയ കൊള്ളക്കാരാണെന്നാണു് ആദ്യം ഞാൻ ശങ്കിച്ചതു്. പക്ഷെ അവിടെയും ഇവിടെയും ചാക്കിൽ കെട്ടിക്കൂട്ടിയിരുന്ന കുരുമുളകും കാപ്പിക്കുരുവും കണ്ടപ്പോൾ കമ്പനി ഉദ്യോഗസ്ഥന്മാരെ കബളിച്ചു് ആ പ്രദേശങ്ങളിലെ വിളവുകൾ കയ്ക്കലാക്കാൻ വന്നവരാണെന്നു ക്ഷണത്തിൽ എനിയ്ക്കു മനസ്സിലായി. കമ്പിനിക്കാരെ കബളിച്ചു കടൽ വക്കത്തുനിന്നു കള്ളു്, റാക്കു്, ശൎക്കര, വെളിച്ചെണ്ണ, ഉപ്പു മുതലായവ ഗൂഢമായി നാട്ടുപുറത്തു് എത്തിച്ചുകൊടുത്തു പ്രതിഫലമായി കുരുമുളകു്, കാപ്പി, മുതലായതു വാങ്ങി ഫ്രഞ്ചുകാൎക്കും മറ്റും കൊണ്ടുകൊടുത്തു വരുന്ന ഒരു തരം തീയ്യരും മാപ്പിളമാരും ധാരാളം വൎദ്ധിച്ചിട്ടുണ്ടെന്നും ഇവരെ അമൎച്ച ചെയ്യാൻ കുറെ കോൽക്കാരന്മാരെയും അവരുടെ മേലധികാരിയായി കണാരമേനോൻ എന്ന ഒരു കോഴിക്കോട്ടുകാരൻ ഉദ്യോഗസ്ഥനെയും നിശ്ചയിച്ചിട്ടുണ്ടെന്നും ഞാൻ മുമ്പുതന്നെ കേട്ടിരുന്നു. ഈ കൊള്ളക്കാർ എന്നെ ആവക ഉദ്യോഗസ്ഥന്മാരിൽ ഒരുവനാണെന്നു ശങ്കിച്ചിട്ടുണ്ടെന്നും എനിയ്ക്കു മനസ്സിലായി.

“നീ എടുന്നു് വരുന്നു്. നിന്റെ പേരെന്തു്” എന്നു ഒണക്കൻ എന്ന സംബോധന കിട്ടിയ വിദ്വാൻ എന്നോടു ചോദിച്ചു.

"എന്റെ പേര് കങ്കൻനായര എന്നാണ്. ഞാൻ കോട്ടയത്തുനിന്നാണ് വരുന്നത്".
ഒരുവൻ—"പച്ചക്കളവ്. നിന്റെ പേര് കണാരമേനോൻ എന്നാണ്. നീ ഇന്നു കുറ്റ്യാടി ചുരത്തിലേയ്ക്കു രാത്രി കടന്നുപോകുമെന്നു ഞങ്ങൾക്ക് ശരിയായ ബിബരം കിട്ടീട്ടുണ്ട്—നേരു പറ"

ഞാൻ ഇതിന്ന് ഉത്തരം പറയുന്നതിന്നുമുമ്പായി അല്പം ദൂരെനിന്നു ഒരു ലഹള കേട്ട് എല്ലാവരും ഒരങ്ങട്ടു തിരിഞ്ഞുനോക്കി. നാലഞ്ചു പേർ എന്നെപ്പോലെ വേറെ ഒരു വിദ്വാനെ കെട്ടിയെടുത്തുകൊണ്ടു വരുന്ന ലഹളയാണ് ആ കേട്ടത്. ഒരു നിമിഷം കഴിയുമ്പോഴെയ്ക്കും അവർ അടുത്തെത്തിക്കഴിഞ്ഞിരിയ്ക്കുന്നു.

"കണാരമേനോൻ ഇതാ. ഈ കള്ളന്റെ കൂടെയുണ്ടായിരുന്നവർ ഓടിക്കളഞ്ഞു" എന്നു വന്നവരിൽ ഒരുവൻ പറഞ്ഞപ്പോൾ എല്ലാവരുംകൂടി എന്റെ മുഖത്തുനോക്കി.

കണാരമേനോൻ— ഈസ്റ്റിന്ത്യാ കമ്പനിക്കാരുടെ വിളംബരത്തിലെ നാലാം വകുപ്പിൽ പ്രസ്താവിച്ചപ്രകാരം നിങ്ങളെയൊക്കെ കള്ളന്മാരെന്ന നിലയിൽ പിടിപ്പാനുള്ള വാറാണ്ട് എന്റെ കയ്യശമുണ്ട്. എല്ലാവരും ആയുധം താഴെ വെച്ചു വഴിപ്പെട്ടുകൊള്ളുവിൻ!

"ആയുധം നിന്റെ നെഞ്ഞത്താടാ വെയ്ക്കുന്നത്" എന്നും പറഞ്ഞു ഗദ കൊണ്ട് ഒരുവൻ കണാരമേനവന്റെ നെഞ്ഞത്തു ഒരു കുത്തു കൊടുത്തപ്പോൾ ആ സാധു മലന്നു നിലത്തു വീണു. യഥാർത്ഥത്തിൽ ഈ കള്ളന്മാർ കമ്പനിക്കാൎക്കു വിരോധികളായതുകൊണ്ട് എനിയ്ക്കു യാതൊരു ഉപദ്രവവും ഉണ്ടാകയില്ലെന്ന് ഒരു സമാധാനം എനിയ്ക്കുണ്ടായി. എന്നോടായി ഇതിലിടയ്ക്ക്.

മൂപ്പൻ—'നീ എടത്തെ കങ്കൻനായരാ. രാജ്യം എവിടെയാ?

ഞാൻ—വയനാട്ടിൽ എടച്ചേനത്തറവാട്ടിലെയാണ്. പഴശ്ശിത്തമ്പുരാന്റെ ആശ്രിതനാണ്. കപ്പത്തോട്ട നായരുടെ അടുക്കെ ഒരു തിരുവെഴുത്തുംകൊണ്ടു പോകയാണ്.

'എന്ത്! ആ ആൺകുട്ടിനീയോ. വിശ്വാസമായില്ല' എന്നു പറഞ്ഞു മൂപ്പനും കുറെ പേരും ആശ്ചര്യത്തോടെ വിളക്കും കൊണ്ടുവന്നു എന്റെ മുഖത്തു നോക്കി. കണാരമേനവൻ കിടന്ന ദിക്കിൽനിന്നു ഒരു നോക്ക് എന്നെ കണ്ടപ്പോൾ പെട്ടന്ന് എഴുനീററ് ഇരുന്നു. 'കങ്കൻനായരെ പിടിച്ചു ഏല്പിക്കുന്നവന്നു 10000ക. സമ്മാനംകിട്ടും ഇവൻ ഒരു രാജദ്രോഹിയാണ്. ഇവനെ സഹായിച്ചാൽ നിങ്ങളെയൊക്കെ കമ്പനിക്കാർ വെടിവെച്ചു കൊല്ലും. ഇവനെ കമ്പനിക്കാൎക്ക് ഇപ്പോൾ ഏല്പിച്ചുകൊടുത്താൽ നിങ്ങളുടെ മിക്കകുറ്റങ്ങളും അവർ ക്ഷമിച്ചു നിങ്ങൾക്കു നല്ല സമ്മാനം തരും.'

മൂപ്പൻ—മതി പന്നി. ചെലക്കാതെ ആട കെടന്നോ. ഇവൻ നല്ല ഒരു ആൺകുട്ടിയാണ്. നാട്ടുകാരെ ദ്രോഹിച്ചു കമ്പനിക്കാൎക്കു കൊണം ഉണ്ടാക്കിക്കൊടുക്കുന്ന നിനക്കുള്ള ചിച്ച ഞാൻ കണ്ടുവെച്ചിട്ടുണ്ട്. കങ്കൻനായര് എമാനനെ കെട്ടഴിച്ചു വിട്. പഴച്ചിത്തമ്പുരാൻ ഞങ്ങന്റെ തമ്പുരാനാണ്. ഈ കമ്പനിക്കാരെ ഈടന്നു തച്ചോടിച്ചാൽ തമ്പുരാൻ നമുക്കു വേണ്ട കൊണം ഒക്കെ ചെയ്യും.

എന്നു പറഞ്ഞപ്പോഴെയ്ക്കു ഞാൻ സാമാന്യം സ്വാതന്ത്ര്യത്തിലായി കഴിഞ്ഞിരിയ്ക്കു

ന്നു. പിന്നെ അവർ അവരുടെ കൂട്ടത്തിൽ ഒരുവനെപ്പോലെ എന്നെ സ്നേഹിച്ചുവെന്നു പറയേണ്ടതില്ലല്ലോ. കൊള്ളക്കാർ കണാരമേനോനെ അടുത്തുള്ള ഒരു വൃക്ഷത്തോടു കെട്ടിയിട്ടു. പ്രഥമാദി കഷായം കുറെ കുടിപ്പിച്ച്, ആ നിലയിൽത്തന്നെ നിർത്തി അവർ ഭക്ഷണത്തിന്നുള്ള ഒരുക്കമായി. കുറ്റ്യാടിച്ചുരത്തിന്നരികെയും വയനാട്ടിലുമായി നാലായിരത്തിലധികം പട്ടാളക്കാരും പുതുതായി ഏർപ്പെടുത്തിയ വളരെ കോല്ക്കാരന്മാരും ഉണ്ടെന്നും അതിലെ കൂടി വയനാട്ടിൽ കടക്കുന്ന കാര്യം വളരെ അപകടമാണെന്നും വയനാട്ടിൽ നികുതി പിരിവു കമ്പനിക്കാർ മുറയ്ക്കു തുടങ്ങിയിരിക്കുന്നുവെന്നും ചുങ്കം കുത്തക മുതലായ കമ്പനിക്കാരുടെ പുതിയ നിശ്ചയങ്ങൾ സാധുക്കൾക്കു വളരെ ബുദ്ധിമുട്ടുണ്ടാക്കിത്തീർത്തിരിക്കുന്നുവെന്നും കിഴക്കൻ വയനാട്ടുകാർ മുഴുവനും കമ്പനിക്കാർക്കു കാൽപ്പൈസപോലും കരം കൊടുക്കാതെ വിരോധമായ പ്രവൃത്തികൾ ചെയ്ത് എതിർത്തു നില്ക്കയാണെന്നും, കുപ്പുത്തോടു നായരുടെ സഹായത്താൽ മാത്രം പടിഞ്ഞാറൻ വയനാട്ടിൽ കമ്പനിക്കാർക്ക് ഇരിപ്പുപൊറുതി കിട്ടിയതാണെന്നും ഈ കള്ളന്മാരുടെ കൂട്ടത്തിൽ ചിലർ താമരശ്ശേരിച്ചൂടുക്കെ ഒരു ഗൂഢമായ വഴിയിൽക്കൂടി രണ്ടു ദിവസത്തിന്നകം വയനാട്ടേക്കു പോകുന്നുണ്ടെന്നും വേണമെങ്കിൽ എന്നെ ബുദ്ധിമുട്ട് അധികംകൂടാതെ വയനാട്ടിൽ ഉപായവഴികളിൽക്കൂടി കടത്തിവിടാമെന്നും തമ്പുരാന്റെ ആൾക്കാരനെ തടങ്ങൽ ചെയ്തതിൽ തങ്ങൾ വ്യസനിക്കുന്നുവെന്നും മറ്റും മൂപ്പൻ വളരെ ദയയോടെ എന്നോടു പറഞ്ഞു. അവസരം കിട്ടിയാൽ എന്നോടു കാണിച്ച ഈ ഔദാര്യത്തിന്നു പ്രതിഫലം എന്റെ തമ്പുരാൻ ചെയ്യാതിരിക്കയില്ലെന്നും എന്നെ തടങ്ങൽ ചെയ്തതു നന്നാവുകയാണ് ചെയ്തതെന്നും അല്ലെങ്കിൽ കണാരമേനോനും ആൾക്കാരും വഴിയിൽവെച്ചു പക്ഷെ എന്നെ കണ്ടുപിടിച്ചു ബുദ്ധിമുട്ടിൽ ആക്കുമായിരുന്നുവെന്നും മറ്റും ഞാനും മറുപടി പറഞ്ഞു.

ഞാൻ—'ഈ കണാരമേനോനെ നിങ്ങൾ കൊല്ലരുത്. ഈ വിദ്വാൻ കമ്പനിക്കാരുടെ ഒരു ഒറ്റുകാരനാണെന്നു ഞാനറിയും. ഇയാൾ എന്നെ കണ്ടപ്പോൾ ആളെ മനസ്സിലാക്കി. ഇയാളുടെ കയ്യിലുള്ള എഴുത്തുകൾ മുതലായതു പരിശോധിപ്പെടുത്തു നോക്കിയാൽ തരക്കേടില്ല. ഒരു മാസക്കാലത്തേക്കു പുറത്തു വിടാതെ ഇയാളെ ഇവിടെ തടങ്ങൽ ചെയ്തു നിർത്തിയാൽ തമ്പുരാന് അതു് ഒരു സഹായവുമായിത്തീരും.

ഇതു പറഞ്ഞു തീരുംമുമ്പെ രണ്ടുമൂന്നു പേർ കണാരമേനോന്റെ കുപ്പായക്കീശയും അരയിൽ കെട്ടിയ ഭാണ്ഡവും പരിശോധിച്ചു കഴിഞ്ഞിരിക്കുന്നു. കുറെ എഴുത്തുകളും ഒരു നല്ല കയ്ത്തോക്കും, കുറെ വെടിസ്സാമാനങ്ങളും, ഒരു കട്ടാരവും കണാരമേനവന്റെ കയ്യിൽനിന്നു കിട്ടി. ഇതൊക്കെ ഞാനും മൂപ്പനും ഇരിക്കുന്നിടത്തിൽ കൊണ്ടുവെച്ചു. എഴുത്തുകളുടെ കൂട്ടത്തിൽ 'വളരെ അടിയന്തരം' എന്നു വെച്ച ഒരു എഴുത്തു കണ്ടു. ഈ എഴുത്തു വളരെ ഭദ്രമായി ഒരു ചരടുകൊണ്ടു കെട്ടി സൂക്ഷിച്ചിട്ടും ഉണ്ടായിരുന്നു. ചരടു കെട്ടഴിച്ച് അതു വായിക്കാമെന്നുറച്ചു നോക്കിയെങ്കിലും സാരം ഒന്നും എനിക്കു മനസ്സിലായില്ല. എഴുത്തിലെ വാചകം ഇതായിരുന്നു.

"അന്തമിത്രഷ് ഉന്ന്യാഹശിസ്യക്ഷഉ
ഴെറെലറ്റ്യപ്പെ ഒച്ചശപ്പെക്ക് ഒന്നതോ

ഫാൻകാശോടിക്കമ്മ കമിശമെ കൊമ്മൽ തിചികിച്ചം. ഷശഷത്തൽ കമിശമേശ്ശും കാഠക്കാഷേശ്ശാ വിശമാച്ചിസേക്ക അച പ്പിഫിഷചഷ്യച്. അച്ചിസമ്മശ്ശചെ ആ ർശ്ലംയച്ചം ടെശ്പിച്ചൻത. കപകെറ്സ്സാം ഞ്ചുംലവാശനാശിപ്പീഷം. ടെസഫിസെ ക്ക് ഉന്യ്യാചിശ്ശ ഷ ഞർഞ്ഞൽ 1000ആ. അഫിചെപ്പഷുംകി കവ്വപ്പ് ഞ്ചുവിഷമ്മ അഷ്യഞാവിഷർ ഫിസ്സപ്പാഞ്ഞ് –" (ശങ്കരവർമ്മ)

ഇതിന്റെ തലയും വാലും മനസ്സിലാവാതെ ഞങ്ങളൊക്കെ ബുദ്ധിമുട്ടി. ഒരു അക്ഷരത്തിന്നുപകരം മറ്റൊരക്ഷരത്തെ പ്രയോഗിച്ചും മറു പ്രകാരേണയും എഴുത്ത് എഴുതുന്നാൾക്കും വായിക്കുന്നാൾക്കും മാത്രം കാൎയ്യം മനസ്സിലാവുന്ന മട്ടിൽ സ്വകാൎയ്യമായ കത്തെടവാടുകൾ കേരളത്തിലെ രാജാക്കന്മാർ തമ്മിൽ നടത്താറുണ്ടെന്ന് എനിക്കു വിവരമുണ്ടായിരുന്നു. ഇതിൽ മൂലമന്ത്രിക, നാമമന്ത്രിക, അഷ്ടമന്ത്രിക എന്നൊക്കെ ഓരോ സമ്പ്രദായഭേദമുള്ളതായും ഞാൻ ധരിച്ചിട്ടുണ്ട്. ഈ എഴുത്തിലെ വാചകം കണാരമേനവൻതന്നെ നിശ്ചയമുണ്ടോ എന്നു സംശയമായിരുന്നുവെങ്കിലും മൂപ്പൻ കൊല്ലുമെന്നു ഭയപ്പെടുത്തിയാൽ ഒരു സമയം കാൎയ്യം സാധിച്ചുവെങ്കിലോ എന്നുള്ള എന്റെ സംശയം മൂപ്പനെ അറിയിച്ചു. വിചാരിച്ചപോലെ തന്നെ ഭേദ്യം ചെയ്തപ്പോൾ താഴെപ്പറയുന്ന ഒരു ശ്ലോകം കണാരമേനോൻ വളരെ ഗോപ്യമായി കുപ്പായത്തിൽ ഒളിടത്തു തുന്നിക്കെട്ടിയത് എടുത്തുതന്നു.

'അകോഖഗോഘങ്ങൈഞ്ചവ ചടോ ഞ്ഞന്തപോ നമ യശോരഷോലസൈഞ്ചവ വഫക്ഷളജഡാദബ. റഴററ നമിതി ശ്ലോകം ഇത്യേതേമൂലമന്ത്രികാ'

എന്നായിരുന്നു ആ ശ്ലോകം. ഈ ശ്ലോകം കിട്ടിയപ്പോൾ മേല്പറഞ്ഞ എഴുത്തു വായിപ്പാൻ എനിക്കു വളരെ എളുപ്പമായി.

'കമ്പനിക്കാർ കുറ്റ്യാടിയിലുള്ള കുറെ സൈന്യത്തെ കോട്ടയത്തേക്കു കൊണ്ടുപോവാൻ ആലോചിക്കുന്നു. അനിയനെ എന്നാൽ പിടികൂടും. രയരപ്പൻ അനിയനേയും ആൾക്കാരേയും വയനാട്ടിലേക്കു കടത്തിവിടരുത്. കട്ടിലമമയുടെ കാൎയ്യം ശട്ടം ചെയ്തിട്ടുണ്ട്. അത് എല്ലാംകൊണ്ടും സഹായമായിത്തീരും. ചെലവിലേക്കു കുറ്റ്യാടിയിലുള്ള കുന്നൻ 1000 ക. അവിടെ തരും. ഈ എഴുത്തുകൊണ്ടുവരുന്ന കരുണാകരൻ വിശ്വസ്തനാണ്' (ശങ്കരവർമ്മ)

കുറുമ്പ്രനാട് തമ്പുരാൻ കമ്പനിക്കാരുടെ ആവശ്യപ്രകാരം എഴുതിയ എഴുത്താണ് ഇതെന്നു പറയേണ്ടതില്ലല്ലൊ. ഇതുകൊണ്ടു കപ്പത്തോടുനായർ സഹായിക്കുന്നതായാൽ തമ്പുരാനും ആൾക്കാൎക്കും കുറ്റ്യാടിമാൎഗ്ഗം വയനാട്ടിൽ കടപ്പാൻ ഒരു പ്രയാസവുമുണ്ടാകയില്ലെന്ന് എനിക്കു നല്ലബോദ്ധ്യമായി. കട്ടിലമ്മയുമായുള്ള ശട്ടം മാത്രമാണ് മനസ്സിലാവാഞ്ഞത്. തന്നെയും കൂടെ കൊണ്ടുനടക്കേണമെന്നു കട്ടിലമ്മയുടെ കത്തുകൾ ഇടക്കിടെ തമ്പുരാനു കിട്ടിയിരുന്നു. ആ മാൎഗ്ഗമായി എന്തൊക്കെ അപകടമാണ് വരുന്നതെന്ന ഭയത്തോടെ എനിക്കു യാതൊരു സമാധാനവുമില്ലാതെയായി.

കയ്ത്തോക്കും വെടിമരുന്നു സാമാനങ്ങളും മൂപ്പൻ എനിക്കു സമ്മാനിച്ചു. ആയത് ഉപയോഗമായിത്തീരുമെന്ന നിലയിൽ ഞാൻ സ്വീകരിച്ചു. പുലരുന്നതിന്നു മുമ്പായി മൂപ്പന്റെ ആൾക്കാരും ഞാനും താമരശ്ശേരിവഴി വയനാട്ടിൽ കടപ്പാൻ പുറപ്പെടുകയും ചെയ്തു.

എം. ആർ. കെ. സി.

# പ്രകൃതിതന്ത്രസാരം

(തുടർച്ച)

(പകർപ്പവകാശം സ്വായത്തം)

6. ന്യൂനാധികവേഗലക്ഷണം.

സരളമായ ഒരു രേഖയിങ്കൽ ചലിച്ചുകൊണ്ടിരിക്കുന്ന വസ്തുക്കളിൽ ചിലത് ഏതെങ്കിലും ഒരു ദിക്കിലേയ്ക്കും മററു ചിലതു വിപരീതമായ ദിക്കിലേയ്ക്കും നിയുക്തങ്ങളായിരിക്കുമ്പോൾ ആ വസ്തുക്കളുടെ വേഗങ്ങളെ പ്രത്യേകസംജ്ഞകൾകൊണ്ടു ശാസ്ത്രജ്ഞന്മാർ പരാമർശിക്കുന്നു. അങ്ങനെ ചെയ്യുന്നതു ഗണിതശാസ്ത്രാനുസൃതവും സൌകര്യസമ്പാദകവുമാണെന്നു വേഗത്തിൽ പ്രത്യക്ഷമാകും. മേൽപ്രസ്താവിച്ച വസ്തുക്കളിൽ ഏതെങ്കിലും ഒന്നു പൂർവദിക്കിനെ ലക്ഷ്യമാക്കി സമവേഗത്തോടുകൂടി ചലിക്കുന്നു എന്നിരിക്കട്ടെ. ഈ ചലനം പ്രവൎത്തമായിരിക്കുന്നിടത്തോളം ആ വസ്തുവിനു പൂർവദിക്കോടുള്ള സാമീപ്യം ക്രമേണ അധികമാകയും; അതേപ്രകാരം തന്നെ, അപരദിക്കുമായുള്ള സാമീപ്യം ക്ഷയിച്ചുപോകയും ചെയ്യുന്നു. അതായത് ഓരോ ഘടികയിലും 10 ക്രോശം ആ വസ്തുവിന്റെ വേഗമാണെങ്കിൽ ഓരോ ഘടികയിലും 10 ക്രോശം വീതം ആ വസ്തു പൂർവദിക്കിലേയ്ക്ക് അടുത്തുചെല്ലുകയും, അത്രയും ദൂരം തന്നെ അപരദിക്കിൽനിന്ന് അകലുകയും ചെയ്യുന്നു. ആകയാൽ പൂർവദിക്കിനെ ലക്ഷ്യമാക്കിയിട്ടുള്ള ചലനത്തിൽ ആ വസ്തുവിനുള്ള വേഗത്തെ അധികവേഗമെന്നും, അപരദിക്കിലേയ്ക്കുള്ള വേഗത്തെ ന്യൂനവേഗമെന്നും നിർദ്ദേശിക്കുന്നതു സയുക്തികമായിരിക്കും. ഈ വേഗങ്ങളെത്തന്നെ സൌകര്യത്തിലേയ്ക്കായിധനവേഗം (Positive Velocity) ക്ഷയവേഗം (Negative Velocity) എന്നിങ്ങനെ പ്രകാരാന്തരേണ സംജ്ഞ ചെയ്യാം. ധനക്ഷയവേഗങ്ങളെ + എന്ന സങ്കലനചിഹ്നംകൊണ്ടും, —എന്ന വ്യവകലനചിഹ്നംകൊണ്ടും മററും സൂചിപ്പിക്കുന്നു.

ഈ ഘട്ടത്തിൽ, വേഗം എന്തെന്നുള്ള ശരിയായ ബോധം ആവശ്യമായിരിക്കുന്നു. വേഗമെന്നതു ദൂരകാലങ്ങൾ ഹാൎയ്യഹാരകങ്ങളായി വരുന്ന ഹരണക്രിയയിലെ ലബ്ധി (quotient) ആകുന്നു; അതായത്, ദൂരത്തെ കാലംകൊണ്ട് അംശിക്കുമ്പോൾ കിട്ടുന്ന ഫലമാകുന്നു. ഈ സംഗതി, അവയുടെ പരസ്പരസംബന്ധത്തെ നിരൂപിച്ചിട്ടുള്ള പ്രകരണത്തിൽനിന്നു സ്പഷ്ടമാകും. ആ പ്രകരണത്തിൽ ദൂരം എന്ന ശബ്ദം എവിടെയൊക്കെ പ്രയോഗിച്ചിട്ടുണ്ടോ അവിടെയൊക്കയും ദിഗ്വ്യവസ്ഥ ചെയ്തിട്ടുള്ള ദൂരം വിവക്ഷിതമാണെന്നറിയണം. എന്തുകൊണ്ടെന്നാൽ ദൂരത്തെ ദിഗ്വ്യവസ്ഥ ചെയ്തും അല്ലാതെയും ഇങ്ങനെ രണ്ടുപ്രകാരത്തിൽ നിർദ്ദേശിക്കാൻ കഴിയും. എ, ബി, എന്ന നിയതസ്ഥാനങ്ങൾ തമ്മിലുള്ള ദൂരത്തെ എ സ്ഥാനത്തുനിന്നു ബി സ്ഥാനത്തെ ലക്ഷ്യമാക്കിയോ, തദ്വിപരീതമായോ രണ്ടു വിധത്തിൽ അളക്കാവുന്നതാണ്. ഈ രണ്ടു വിധം അളവുകളിലും ദൂരത്തിന്റെ പരിമാണം നിൎവ്വികാരമായി നില്ക്കുന്നെങ്കിലും, ദിക്കിനു പ്രത്യക്ഷമായ വ്യത്യായം സംഭവിക്കുന്നുവെന്നു സ്പഷ്ടമാണല്ലോ. ആകയാൽ ദൂ

രനിവേദനത്തിങ്കൽ ദിക്ക് അവ്യവസ്ഥിതമായിരിമ്പോൾ ദൂരത്തെപ്പററിയുള്ള ജ്ഞാനം പൂൎണ്ണമാകുന്നില്ല. ദിഗ്വ്യവസ്ഥിതമായ ദൂരത്തിൽ കാലത്തോടുള്ള സംബന്ധത്തെ കാണിയ്ക്കുന്നതുകൊണ്ടു വേഗശ്ശബ്ദത്തിൽ (1) ദിക്ക് (2) മാനം എന്ന വ്യക്തങ്ങളായ രണ്ടു രാശികൾ (Known quantities) ഉൾപ്പെടുന്നുവെന്നു സ്പഷ്ടം. ദിങ്നിൎദ്ദേശത്തിൻെറ അഭാവത്തിങ്കൽ ദൂരകാലങ്ങൾക്കുള്ള പരസ്പരസംബന്ധത്തെ ജവം (Speed) എന്ന വാക്കുകൊണ്ടു വിവക്ഷിയ്ക്കാം. വേഗവിഷയമായി പ്രയോഗിച്ചിട്ടുള്ള സമവിഷമാദി വിശേഷണങ്ങൾ ജവവിഷയത്തിലും തുല്യങ്ങളാകുന്നു.

### 7. ആപേക്ഷിക ചലനം.

ഏതെങ്കിലും വിധത്തിൽ ചലിച്ചുകൊണ്ടിരിയ്ക്കുന്ന രണ്ടു വസ്തുക്കളുടെ ചലനസ്വരൂപത്തെ പരസ്പരാപേക്ഷയാ നിരൂപണം ചെയ്യുമ്പോൾ ഓരോന്നിൻെറയും ചലനത്തെ ആപേക്ഷികചലനം (Relative motion) എന്നും, നിരപേക്ഷയാ നിരൂപിയ്ക്കുമ്പോൾ നൈരപേക്ഷികചലനം Absolute motion) എന്നും പറയുന്നു. നൈരപേക്ഷികചലനമാകട്ടെ, വസ്തുക്കൾക്കുള്ള സാക്ഷാൽ ചലനമാകുന്നു. ഒരു വസ്തുവിന്നു കാണപ്പെടുന്ന ചലനം അതിൻെറ സാക്ഷാൽ ചലനമായിരിയ്ക്കണമെന്നു നിർബ്ബന്ധമില്ല. ഈ സംഗതി, താഴെപ്പറയുന്ന, ഉദാഹരണത്തിൽ നിന്നു വ്യക്തമാകും.


ഓടിപ്പോകുന്ന ഒരു കപ്പലിൻെറ പൃഷ്ഠഭാഗത്ത് ഒരാൾ സഞ്ചരിയ്ക്കുന്നു എന്നിരിയ്ക്കട്ടെ. ആ ആളുടെ പാദം സ്പർശിയ്ക്കുന്ന സ്ഥലം മുറയ്ക്കു മുറയ്ക്കു മാറുന്നതുകൊണ്ട് അയാൾ ചലിയ്ക്കുയാകുന്നു. കപ്പലിൽ ഇരിയ്ക്കുന്നവർ അയാളെ നോക്കുന്നതായാൽ, അയാൾ ചലിച്ചുകൊണ്ടിരിയ്ക്കുന്നതായിക്കാണും. എന്നാൽ ഇപ്രകാരം കാണപ്പെടുന്ന ചലനമാകട്ടെ അയാളുടെ സാക്ഷാൽ ചലനമല്ല. പിന്നെയോ, കപ്പലിൽ സ്ഥിതിചെയ്യുന്നവരുടെ ദൃഷ്ടിയ്ക്ക് ഈ ചലനം ഏതു പ്രകാരം ഗോചരമാകുന്നുവോ അതാകുന്നു. എന്നാൽ കപ്പലിൽ ഇരിയ്ക്കുന്നവരാകട്ടെ, നിശ്ചലാവസ്ഥയിലിരിയ്ക്കുന്നില്ല. എന്തുകൊണ്ടെന്നാൽ കപ്പലിൻെറ ചലനം അവരിലും സംക്രമിയ്ക്കുന്നുണ്ട്. ആകയാൽ അതിൻെറ പൃഷ്ഠഭാഗത്തു സഞ്ചരിയ്ക്കുന്ന ആളിനുള്ള ചലനമാകട്ടെ, ഈ ചലനത്തെ അപേക്ഷിച്ചിരിയ്ക്കുന്നുവെന്നു സ്പഷ്ടം.

ആപേക്ഷികചലനത്തിൽ കാലവിവക്ഷയില്ല. ഈ വിവക്ഷ കൂടിച്ചെയ്യുമ്പോൾ ആപേക്ഷികവേഗം (Relative velocity) കിട്ടും. ആപേക്ഷികവേഗത്തെ താഴെക്കാണുന്നപ്രകാരം നിശ്ചയിയ്ക്കാം. ഏതെങ്കിലും മാൎഗ്ഗങ്ങളിൽക്കൂടി ഒരേ സമയം ചലിച്ചുകൊണ്ടിരിയ്ക്കുന്ന രണ്ടു വസ്തുക്കളിൽ ഓരോന്നിൻേറയും വേഗം മററതിനുള്ള വേഗത്തെ അധികരിച്ചു നിരൂപിയ്ക്കപ്പെടുമ്പോൾ, ആ വേഗം, അതിൻെറ ആപേക്ഷികവേഗം എന്നു പറയപ്പെടുന്നു. എ. എന്ന ഒരു വസ്തുവിന്നു ബി. എന്ന മറെറാരു വസ്തുവുമായുള്ള ആപേക്ഷികവേഗമാകട്ടെ, പരിമാണത്തിൽ ബിയുടെ വേഗത്തിനു തുല്യമായി വിപരീതദിക്കിലേയ്ക്കു നീതമായിരിയ്ക്കുന്ന ഒരു വേഗത്തെ എ. യുടെ വേഗത്തോടു സങ്കലനം ചെയ്തു കിട്ടുന്ന ഫലമാകുന്നു. ഇതിനെ ഉദാഹരിച്ചു കൊള്ളുന്നു.

ബാഷ്പപ്രവൎത്തങ്ങളായ രണ്ടു വണ്ടികൾ ഒരേ പാഥയിൽ കൂടി ഒരേ ദിക്കിലേയ്ക്കു ഗമിയ്ക്കുന്നു എന്നിരിയ്ക്കട്ടെ. ഇവയിൽ ഒന്നാമ

ത്തെ വണ്ടിയ്ക്കു് ഒരു ഘടികയിൽ 40-ഃ, രണ്ടാമത്തേതിന് 30-ം ക്രോശം വീതം വേഗമാണെങ്കിൽ ഒന്നാമത്തെ വണ്ടിയ്ക്കു രണ്ടാമത്തേതിനെ അപേക്ഷിച്ചുള്ള വേഗമാകട്ടെ, (40-30) അതായതു് ഓരോ ഘടികയിലും 10 ക്രോശമാകുന്നു.

എന്നാൽ ഇവയിൽ ഒന്നു കിഴക്കുദിക്കിലേയ്ക്കും മറേറതു വടക്കു ദിക്കിലേയ്ക്കും ഓടുകയാണെങ്കിൽ ഓരോന്നിനുമുള്ള ആപേക്ഷികവേഗം, ബീജഗണിതാനുസാരം ചെയ്യപ്പെടുന്ന സങ്കലനക്രിയകൊണ്ടു കിട്ടുന്നതല്ല. എന്തുകൊണ്ടെന്നാൽ അങ്ങനെ ചെയ്യുന്നതായാൽ അവയുടെ വേഗങ്ങളെ സംബന്ധിച്ചുള്ള ദിഗ്ഭേദഗണനം ശരിയാകുന്നതല്ല. ആകയാൽ ഈ വിഷയത്തിൽ താഴെ കാണിയ്ക്കുന്ന സമ്പ്രദായം സ്വീകാര്യമാകുന്നു. ഒന്നാമത്തെ വണ്ടിയുടെ വേഗമായ 40 ക്രോശങ്ങളെ എ. ബി. എന്ന രേഖകൊണ്ടും, രണ്ടാമത്തെ വണ്ടിയുടെ വേഗമായ 30 ക്രോശങ്ങളെ എ. സി. എന്ന രേഖകൊണ്ടും നിർദ്ദേശിയ്ക്കണം. മേൽ കൊടുത്തിട്ടുള്ള നിർവ്വചനമനുസരിച്ചു ഒന്നാമത്തെ വണ്ടിയുടെ ആപേക്ഷികവേഗമാകട്ടെ, അതിന്റെ സാക്ഷാൽ വേഗത്തോടു രണ്ടാമത്തെ വണ്ടിയുടെ വേഗത്തിനു സമാനമായും എതിരായും ഉള്ള ഒരു വേഗത്തെ കൂട്ടുമ്പോൾ കിട്ടുന്ന ഫലമാകുന്നു. ആകയാൽ രണ്ടാമത്തെ വണ്ടിയുടെ വേഗത്തോടു തുല്യമായി വിപരീതദിക്കിലേയ്ക്കു നയിച്ചിരിക്കുന്ന വേഗത്തെ എ. ഡി. രേഖകൊണ്ടു പ്രദർശിപ്പിയ്ക്കണം. അപ്പോൾ ഒന്നാമത്തെ വണ്ടിയുടെ ആപേക്ഷികവേഗമാകട്ടെ എ. ബി, എ. ഡി. എന്ന രണ്ടു രേഖകളാൽ സൂചിപ്പിയ്ക്കപ്പെടുന്ന വേഗങ്ങളുടെ ഫലരൂപവേഗമാകുന്നു. സമാന്തരചതുർഭുജപ്രമേയമനുസരിച്ചു് ഈ വേഗത്തെ എ. ഇ. രേഖ നിർദ്ദേശിയ്ക്കുന്നുവെന്നു സ്പഷ്ടം.




(തുടരും)

പി. കൃഷ്ണപിള്ള ബി. എ.

# താമരേത്തെ ചെകിത്താൻ

I

പാലപ്പുറത്തു മാധവമേനോൻ വലിയ പരിഷ്കാരിയാണ്. ചെറുപ്പത്തിൽതന്നെ വീട്ടുകാരുമായി കലഹിച്ചു നാടുവിട്ടുപോയി, ആടി അലഞ്ഞു ബോമ്പായിൽ ചെന്നു, ജേംസുബോയ് നാത്തുബോയ് എന്ന കോടീശ്വരവർത്തകന്റെ കണക്കെഴുത്തുകാരനായി കുറെ നാൾ കഴിച്ചു. കാലക്രമേണ കൃത്യനിഷ്ഠകൊണ്ടും, പരിശ്രമം കൊണ്ടും ആ കമ്പനിയിലെ ദ്വിഭാഷിയും ആയിത്തീർന്നു. ആ ഉദ്യോഗത്തിൽ ഏകദേശം ഇരുപതു സംവത്സരത്തോളം ഇരുന്നതിനിടയ്ക്ക് അദ്ദേഹം കണക്കില്ലാത്ത ദ്രവ്യം സമ്പാദിച്ചു. വയസ്സു അയ്മ്പത്തി ഏഴോളമായി. ഇനി നാട്ടിൽപോയി ശേഷമുള്ള കാലം കഴിച്ചുകൂട്ടാമെന്നു തീർച്ചയാക്കിയെങ്കിലും പരിഷ്കൃതബുദ്ധിയായ അദ്ദേഹത്തിനു തറവാട്ടുഭവനത്തിൽ താമസിക്കുന്നതിനു മനസ്സുണ്ടായിരുന്നില്ല. അതുകൊണ്ടു പ്രത്യേകം ഒരു വീടും പറമ്പും വാങ്ങാമെന്നുറച്ചു. തന്റെ അവസ്ഥയ്ക്കും ആവശ്യങ്ങൾക്കും യോജിക്കുന്നതായി താമരേത്തു വീടെന്ന ഒരു വീടേ ഉണ്ടായിരുന്നുള്ളു. താമരേത്തുവീടിന്റെ ഖ്യാതി അക്കാലത്തു കേരളം ഒട്ടുക്കും വ്യാപിച്ചിരുന്നു. ആദ്യമായി ഈ വസ്തു സമ്പാദിച്ചത് ഒരു നാട്ടുകോട്ടച്ചെട്ടിയാണ്. ആയാളിൽനിന്നു കൈമറിഞ്ഞു കുറച്ചുകാലം കോഴിക്കോട്ടു സാമൂതിരിപ്പാടും, സാമൂതിരിപ്പാടിന്റെ കയ്യിൽനിന്നു മംഗലാപുരത്തുകാരനായ ഒരു ഗൃഹസ്ഥനും ഈ വസ്തു അനുഭവിക്കയുണ്ടായി. അനന്തരം ഈ ഗൃഹസ്ഥൻ മൈസൂരിൽ ഒരു 'പ്രഭു'വിനു വിററു. അതനുസരിച്ചു വീട്ടുപറമ്പും ആ പ്രഭുവിന്റെ കൈവശം ഇരിക്കുകയാണ്. അനവധി വലിയ മുറികൾ, എടനാഴികൾ, മൂന്നോ നാലോ നാലുകെട്ടുകൾ, ഊട്ടുവഴികൾ, കല്ലറകൾ മുതലായതുകളോടുകൂടിയ അത്യുക്കന്നായ താമരേത്തെ മാളികയും, അതിനെ ചുററി ഏകദേശം നൂറ് ഏക്രോളം വിസ്തീർണ്ണമുള്ളതും വിവിധങ്ങളായ ഫലവൃക്ഷങ്ങളും പൂച്ചെടികളും സമൃദ്ധിയായി നട്ടുവളർത്തിയിരുന്നതും ആയ ഒരു തോട്ടവും ഉള്ള താമരേത്തു വീട് ഏതു പ്രഭുവിനും ഏതു 'ഗവർണ്ണർ സായ്വിനും' വസതിക്കു അനുരൂപമായിട്ടുള്ളതായിരുന്നു. പക്ഷെ ചന്ദ്രനു മുയലെന്നപോലെ താമരേത്തു വീടിനും ഒരു കളങ്കമുണ്ടായിരുന്നത് അവിടെ ഒരു ചെകിത്താന്റെ ഉപദ്രവം ഉണ്ടെന്നുള്ളതു മാത്രമാണ്. പച്ചപ്പരമാർത്ഥിയായ താമരേത്തുവീടിന്റെ ഉടമസ്ഥൻ ശാലീനപ്രഭു ഈ വസ്തുത അത് വില്ക്കുന്നതിനുമുമ്പു മാധവമേനോനെ ധരിപ്പിക്കയും ചെയ്തു.

പ്രഭു:—ഒരുദിവസം എന്റെ അമ്മൂമ്മ ഉണ്ണാനിരിക്കുമ്പോൾ അസ്ഥി മാത്രമായ രണ്ടു കൈകൾ അവരുടെ കണ്ണിന്റെ മുമ്പിൽ വന്നുനിന്നു. ആ കൈകളിൽനിന്നും ഊതനിറത്തിലുള്ള രക്തം എററിററു വീഴുന്നുണ്ടായിരുന്നു. അതു കണ്ടതോടുകൂടി അവർക്ക് അപസ്മാരത്തിന്റെ ബാധയും പിടിപെട്ടു. അവരുടെ അവസാനവും അതുകൊണ്ടുതന്നെയാ

യിരുന്നു. അന്നുമുതല്ക്കു ഞങ്ങളിവിടെ താമസിച്ചാറേ ഇല്ലാ. ഇവിടത്തെ ചെകിത്താനെ കണ്ണുകൊണ്ടു കണ്ടവരുണ്ട്. സകലക്കും വലിയ പേടിയുമാണ്. ഇവിടെ താമസിക്കുന്നതിനു വാല്യക്കാരെ കിട്ടാൻകൂടി പ്രയാസമാണ്. ഇവിടെ താമസിക്കുന്നവർ രാത്രി ഉറങ്ങാമെന്നു വിചാരിച്ചു പോകണ്ടാ. എങ്ങിനെ ഉറങ്ങും? വിളക്കൂതിയാൽ ചില ഭയങ്കര ശബ്ദങ്ങൾ എവിടെനിന്നെന്നില്ലാതെ കേൾക്കുകയായി. ഇതൊക്കെ നല്ലവണ്ണം ആലോചിച്ചിട്ടു മതി വസ്തു വാങ്ങാൻ.

മാ-മേ—നല്ലതു, വസ്തുവിനുപുറമെ, നിങ്ങളുടെ ചെകിത്താൻ ഇവിടത്തെ ഒരു സ്ഥിരതാമസക്കാരനാകയാൽ, അതിനെയും വിലവെച്ചു എടുത്തുകൊള്ളാം. എന്റെ സ്നേഹിതാ, ഞാൻ വരുന്നതു വാണിജ്യഭഗവതി നൃത്തമാടുന്ന ഒരു പരിഷ്കൃതരാജ്യത്തുനിന്നാണ്. അവിടെപണംകൊടുത്താൽ എന്തും കിട്ടും. പക്ഷെ ഒരു ചെകിത്താനെമാത്രം കിട്ടാൻ സാധിച്ചിട്ടില്ലാ. ഇവിടെവെച്ച് ഒന്നു കിട്ടുകയാണെങ്കിൽ ഞാനതു പ്രസിദ്ധപ്പെട്ട ബോമ്പെ മ്യൂസിയത്തിലേക്കു കൊടുത്തു നല്ലതായ ഒരു ലാഭം എടുക്കുകയോ, അല്ലെങ്കിൽ ഇങ്ങേറ്റം ഒരു "റാവുബഹദൂർ" സ്ഥാനമെങ്കിലും വാങ്ങുകയോ ചെയ്യും.

പ്രഭു—മാധവമേനോനെ നിങ്ങൾ പുച്ഛിക്കേണ്ടാ. ചെകിത്താനും മറ്റും ഇല്ലെന്നാണോ വിചാരം? ഒരു മുന്നൂറുകൊല്ലമായിട്ട് ഈ വീട്ടിൽ വല്ലപ്പോഴും മരണമുണ്ടായിട്ടുണ്ടെങ്കിൽ അതിനു കാരണം ആ ചെകിത്താനാണേ.

മാ-മേ—അപ്പോൾ നിങ്ങൾ പറയുന്നതിന്റെ അർത്ഥം നിങ്ങളുടെ ചെകിത്താനും നമ്മുടെ നാട്ടിലെ ഡോക്ടർമാരും ഒരുപോലെയെന്നേയുള്ളു. എന്റെ വിശ്വാസം ഞാൻ തുറന്നു പറഞ്ഞേക്കാം. ചെകിത്താനെന്ന് ഒന്നില്ലാ, തീർച്ചതന്നെ. പ്രകൃതിനിയമങ്ങൾ കേരളത്തിലേക്കു മാത്രം പ്രത്യേകം നിർമ്മിച്ചിട്ടുണ്ടോ? (പ്രഭുവിന് ഒടുവിൽ പറഞ്ഞതിന്റെ സാരം നല്ലതുപോലെ മനസ്സിലായില്ലാ).

പ്രഭു—ഇതൊക്കെ നിങ്ങളുടെ ബോമ്പയിൽ പറയാം. ചെകിത്താനെക്കുറിച്ചു നിങ്ങൾക്കു വിശ്വാസമില്ലെങ്കിൽ വേണ്ടാ. ഞാൻ കാലേക്കൂട്ടി പറഞ്ഞില്ലെന്നു വരരുതല്ലോ എന്നുവെച്ചാണ് ഇത്രയും പറഞ്ഞത്.

മാധവമേനോൻ താമരേത്തു ഭവനം വാങ്ങുകയും അധികം താമസിയാതെ കളത്രസന്താനസമേതം അവിടെ താമസം തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ ശാന്താംബയ്ക്കു വയസ്സു നാല്പത്തിഎട്ടിൽ കുറവല്ലെങ്കിലും അവരുടെ ശരീരദാർഢ്യത്തിനോ, സൌന്ദര്യസൌഷ്ഠവത്തിനോ ഇതുവരെ പറയത്തക്ക ഹാനി വന്നിട്ടില്ലാ. പട്ടണക്കാരുടെ ഭാര്യമാർക്കു സഹജമായിട്ടുള്ളതോ, ഉണ്ടാകേണ്ടതോ, അല്ലെങ്കിൽ ഉണ്ടെന്നു അവർ നടിക്കേണ്ടതോ, നടിക്കാറുള്ളതോ, ആയ 'ആലസ്യങ്ങളും' 'ജലദോഷങ്ങളും' ശാന്താംബക്കില്ലാ. ആ ഭാഗ്യവതിയുടെ യൌവനപ്രസരിപ്പ് ഇനിയും ശമിച്ചിട്ടില്ലാ. വിദേശങ്ങളിൽ വളരെക്കാലം എടവിടാതെ താമസിച്ചിരുന്നുവെങ്കിലും അവരിപ്പോഴും ഒരു നല്ല നായർ സ്ത്രീതന്നെയാണ്. ഈ ദമ്പതിമാരുടെ സന്താന

ങ്ങളിൽ മൂത്തത് ഒരു ആൺകുട്ടിയാണ്. തന്റെ യജമാനനായ 'നാത്തു' ബോയ് വത്തകനോടുള്ള ഭക്തി പ്രമാണിച്ച് മാധവമേനോൻ അവന് അദ്ദേഹത്തിന്റെ പേരായ 'നാഥൻ' എന്നു പേരിട്ടു. ഇങ്ങിനെ നാമകരണം ചെയ്യുന്നത് ഇപ്പോൾ ഏതാണ്ടു സാധാരണയാണല്ലോ. പക്ഷെ അങ്ങിനെ പേരിട്ടല്ലോ എന്നുവെച്ചു മാധവമേനോനു പിന്നിടു മനസ്താപം ഉണ്ടായില്ലെന്നുമാത്രം ഈ സംഗതിയിൽ വ്യത്യസ്തമായിട്ടുണ്ട്. നാഥൻ ഒരു സുമുഖനാണ്. അമ്മയുടെ സ്ഥിരോത്സാഹവും, വിനോദശീലവും, പ്രസരിപ്പും അച്ഛന്റെ ശരീരാരോഗ്യവും, പരിഷ്കാരഭ്രമവും, സ്വാതന്ത്ര്യബുദ്ധിയും നാഥനു വേണ്ടുവോളം കിട്ടീട്ടുണ്ട്. ബി. എ.യും. ബി. എല്ലും മററും പാസ്സാകാത്തതുകൊണ്ടോ എന്തോ, നാഥൻ ബുദ്ധിവികാസവും പാകതയും വന്നിട്ടുള്ള ഒരു യുവാവാണ്. സംഗീതത്തിൽ വെറുപ്പു നടിച്ചില്ലെന്നു തന്നെയല്ലാ അല്പം ജ്ഞാനവും വാസനയും ഉണ്ടായിരുന്നു എന്നുള്ളതു മാത്രം വേണമെങ്കിൽ നാഥനു ഒരു കുറവായിട്ടു പറയാം. രണ്ടാമത്തേത് ഒരു പെൺകുട്ടിയാണ്. പേരു ഓമനയെന്നാണ്. വിളിക്കാനുള്ള പേരും അതുതന്നെയാണ്. ഓമനയുടെ ദീർഘമായ നയനങ്ങൾകൊണ്ടുള്ള ഒരൊററ നോട്ടം കണ്ടിട്ടുള്ളവർ അവളൊരു മനോഹരിയും, ചോരാ, ധൈര്യശാലിയും സ്വാതന്ത്ര്യബുദ്ധിയും ആണെന്നും നിസ്സംശയം പറയും. ഓമനയ്ക്കു രസകരമായിരുന്ന സൈക്കളോട്ടം, കുതിരസ്സവാരി മുതലായതു ബോമ്പയിൽവെച്ചു അത്ര അസാധാരണയായി ജനങ്ങൾ കരുതിട്ടില്ലെങ്കിലും, കേരളത്തിൽ വന്നതിൽ പിന്നെ അതുകളെപ്പററി ചില 'കളിനോട്ടങ്ങളും' ചില ദുർവ്യാഖ്യാനങ്ങളും പുറപ്പെടാൻ തുടങ്ങിയെന്നു പറയാതെ നിവൃത്തിയില്ലാ. എങ്കിലും, കേരളീയരിലും വാക്കിൽ മാത്രമല്ലാ, പ്രവൃത്തിയിൽക്കൂടി സ്വാതന്ത്ര്യം കാണിക്കാൻ മടിക്കാത്തവർ ചിലരുണ്ടെന്നുള്ളതിന് ഓമനയുടെ കുതിരസ്സവാരിയിലുള്ള സാമർത്ഥ്യം കണ്ടു മോഹിച്ചു പിന്നീടു അവളുമായി സംബന്ധത്തിന്നാവശ്യപ്പെട്ട എള്ളോട്ടത്തു സുകുമാരനുണ്ണി എടപ്രഭുതന്നെ ഒരു നല്ല ദൃഷ്ടാന്തമായിരുന്നു. ഓമനയുടെ അനുജന്മാരായി ഇരട്ടപെററ രണ്ടു കുട്ടികളും ഉണ്ടായിരുന്നു. പന്ത്രണ്ടു വയസ്സു പ്രായമുള്ള ഈ വികൃതികളുടെ അഭിപ്രായപ്രകാരം ഇന്ദ്രനും ചന്ദ്രനും അച്ഛനും അമ്മയും എല്ലാവരും തങ്ങൾക്കു സമന്മാരാണെന്നായിരുന്നു. ഇവർക്കു മുദ്രയായി ഇട്ടിരുന്ന ഓമനപ്പേർ 'അടിക്കൊച്ചന്മാർ' എന്നാണ്. ഈ പേർ അവർക്കു നന്നേ പിടിക്കുകയും ചെയ്തു.

മാധവമേനോനും കുഡുംബവും താമരേത്തു വീട്ടിൽ എത്തിയത് ഒരു ദിവസം പ്രഭാതത്തിലാണ്. അടുത്ത റെയിൽവെസ്റ്റേഷനിൽ വണ്ടിയിറങ്ങി ജട്കവണ്ടികളിൽ കയറി താമരേത്ത് എത്തിയപ്പോൾ അവരെ എതിരേല്ക്കുന്നതിനു ശാലീനപ്രഭ ആവശ്യമില്ലാത്ത പഴയ സാമാനങ്ങളുടെ കൂട്ടത്തിൽ ഇട്ടേച്ചുപോയിരുന്ന ഒരു വൃദ്ധ മാത്രമേ ഉണ്ടായിരുന്നുള്ളു. എഴുപതിലപ്പരം വയസ്സോ, ദന്തസമൃദ്ധിയോ, സന്താനഭാഗ്യമോ, ഇല്ലാതിരുന്ന നമ്മുടെ ഉമ്മിണിയമ്മ ഗൃഹനായികയെപ്പോലെ തന്റെ പുതിയ യജമാനന്മാരെ സല്ക്കരിച്ച് അകത്തുകൊണ്ടുപോയി വേഗത്തിൽ കുറെ ചായയുണ്ടാക്കിക്കൊടുത്തു. ചായയും കുടിച്ച് അങ്ങിനെയിരിക്കുമ്പോൾ ശരാംബെ നിലത്ത് ഒരു ഭാഗത്തു രക്തംപോലെ എന്തോ പുരണ്ടിരിക്കുന്നതു കണ്ടിട്ട്, അതിന്റെ

വാസ്തവം ഒന്നും മനസ്സിലാക്കാതെ, 'ഇവിടെ എന്തോ തട്ടിമറിഞ്ഞുപോയിരിയ്ക്കുന്നു' എന്നു പറഞ്ഞു. അപ്പോൾ ഉമ്മിണിയമ്മ, 'തട്ടിമറിഞ്ഞതും മറ്റുമല്ലാ. ചോര. കട്ടഞ്ചോരയാണത്. അതെ, അവിടത്തന്നെയാണ് കട്ടനിണം ചൊരിഞ്ഞതു്'. എന്നു തന്റെ അപൂർവ്വജ്ഞാനത്തെ പ്രതിപാദിച്ചപ്പോൾ, ശതാംബ, 'എയ്, എന്റെ മുറികളിൽ ഒന്നിലും രക്തം പുരട്ടിവെയ്ക്കുന്നതു് എനിയ്ക്കു് ഇഷ്ടമല്ലാ. ഇപ്പോൾ തന്നെ അതെല്ലാം തുടച്ചുകളയണം' എന്നു് അവരുടെ വാസനാവൈശിഷ്ട്യത്തേയും അധികാരബലത്തേയും തുറന്നു പ്രകടിപ്പിച്ചു.

ഈ സംഭാഷണം ഇങ്ങിനെ ആരംഭിച്ച ഉടനെ ആകാശം പെട്ടെന്നു ഘനപടലങ്ങൾകൊണ്ടു നിറഞ്ഞു. അത്യുഗ്രമായ ചുഴലിക്കാറു വീശിത്തുടങ്ങി. കണ്ണടച്ചു ഞെട്ടത്തക്കവണ്ണം ഒരു മിന്നലും അതോടുകൂടി 'ട! ഠെ!' എന്നു് അത്യുച്ചത്തിൽ തലയ്ക്കു മീതെ നിന്നു് ഒരു ഇടിവെട്ടലും ഉണ്ടായി. അതിനെ തുടൎന്നുകൊണ്ടു പുരപ്പുറത്തു് ഉഴക്കോടെ ചരൽ എറിയുകയോ എന്നു തോന്നുമാറു ഒരു മഴയും ചാറി. മൂന്നു മിനിട്ടിനിടയ്ക്കു് ഈ പ്രകൃതി വൈചിത്ര്യങ്ങൾ ഉണ്ടായി അസ്തമിച്ചു. ഉമ്മിണിയമ്മ സംഭാഷണം തുടൎന്നു.

ഉമ്മിണിയമ്മ — കേട്ടോ, അരത്തത്തെപറ്റി പറഞ്ഞപ്പോ ഉണ്ടായതു കേട്ടോ. തനോത്തുങ്ക പ്രപു നമ്മുടെ ശാലീനസ്സാമിടെ അച്ഛന്റെ മുത്തച്ഛന്റെ അച്ഛൻ, അത്യേത്തിന്റെ പാശ്ശ ശൈവാലിനിപായീടെ ചോരയാണ് ആ കിടക്കണതു്. ശൈവാലിനി അമ്മയെ തേനാ, അവിടെവെച്ചു തനോത്തുങ്ക വല്യസാമി കട്ടാരി എടുത്തൊരു കത്തു്. അവരവിടെ വീണു. പിന്നെ എണ്ണിററിട്ടില്ലാ. ടിപ്പുവിന്റെ പടയോട്ടത്തിനും മാറും ഇശ്ശി മുമ്പാണതു്. കാരണം എന്തോ, ഈ കൊച്ചിങ്ങളിരിയ്ക്കുമ്പോ പറയാൻ കൊള്ളില്ലാ, അതാണ് കാരണം. അതു കഴിഞ്ഞിട്ടു എട്ടോ പത്തോ കൊല്ലംകൂടി തനോത്തുങ്കസ്സാമി ചാവാണ്ടു് ചത്തു് പിരാന്തനെപ്പോലെ നടന്നമ്പോലും. പിന്നെ ഒരു ദിവസം പെട്ടെന്നു കാണാണ്ടായി. അതു ശൈവാലിനി അമ്മെടെ ചേട്ടന്മാർ മയിത്തൂരിൽനിന്നു് ഇവിടെ സാമസിയ്ക്കുമ്പഴാ കാണാണ്ടായതു് എന്താ, അത്യേത്തിന്റെ തേഹാണ്. പൃതത്തിന്ന് അടക്കം വന്നിട്ടില്ലാ. അതിനെ ഇവിടെ എപ്പോം കാണാം. പിന്നെ ഇവിടത്തെ ഈ അരത്തം അതു തേച്ചാലും മാച്ചാലും പോവേംയില്ലാ.

നാഥനു ആ വയസ്സി പറഞ്ഞതൊന്നും വിശ്വാസമായില്ലാ. 'എന്തെല്ലാം വിഡ്ഢിത്തം പുലമ്പുന്നു! തേച്ചാലും മാച്ചാലും പോവില്ലെ? 'പിങ്കർട്ടൺസ്സ് സ്റ്റെയിൻ റിമൂവർ ആൻഡ് പാറാഗൺ ഡിറ്റെർജൻ്റു കൊണ്ടു് (ഇതു സ്ഥിരമായി അഴുക്കുകൾ പാറിയാൽ തേച്ചുകളയുന്നതിനു പിങ്കർട്ടൺ എന്നാൾ ഉണ്ടാക്കീട്ടുള്ള ഒരു പദാൎത്ഥമാണ്) ഞാനൊന്നു പരീക്ഷിച്ചുനോക്കട്ടെ' എന്നു നാഥൻ പറഞ്ഞതും ഒരു തോൽപ്പെട്ടി തുറന്നു കറുത്ത പെൻസിൽ പോലെയുള്ള ഒരു സാധനം എടുത്തു നിലത്തു മുട്ടുകുത്തി രക്തബിന്ദുക്കൾ തേച്ചു മാക്കുവാൻ തുടങ്ങിയതും ഒരേ നിമിഷത്തിൽ കഴിഞ്ഞു. ഈ പിതൃദ്രോഹകൃത്യം കണ്ടു ഭയപ്പെട്ടു് ഉമ്മിണിയമ്മ അതിനു തടസ്സം ചെയ്യുന്നതിനുമുമ്പായി നിലത്തു

കണ്ടപാട മിക്കതും ഉളകിയിരിക്കുന്നു. അല്പനേരംകൊണ്ട് അശേഷം ഇല്ലാതാവുകയും ചെയ്തു.

നാഥൻ വൃഴന്നോറു 'മായില്ലെ?' എന്നു ജയസൂചകമായി നാലുപാടും നോക്കി ചോദിച്ചുകൊണ്ട് ബാക്കിയുള്ള പിങ്കട്ടനെ തോൽസഞ്ചിയിൽ ഇടാൻ ഭാവിക്കുമ്പോൾ അവരിരുന്നിരുന്ന മുറിക്കകത്തു തന്നെ പെട്ടെന്നു അതിഭയങ്കരമായ ഒരു മിന്നലും അതോടുകൂടി ഒരു ഇടിനാദവും ഉണ്ടായി. ഉമ്മിണിയമ്മ മോഹാലസ്യപ്പെട്ടു താഴത്തു പതിച്ചു. മുറിയിലെ സാമാനങ്ങൾ കിടുകിടന്നനെ വിറച്ചു. അടിക്കൊച്ചന്മാർ രണ്ടും രസംകൊണ്ടു പൊട്ടിച്ചിരിച്ചു. ഈ സംഭവംകൊണ്ടു അശേഷം സംഭ്രമം കൂടാതെ മാധവമേനോൻ പതുക്കെ എഴുന്നേററു പെട്ടി തുറന്ന് ഒരു ചുരുട്ടെടുത്ത് 'എന്തൊരു ക്ലൈമററാണ് ഈ കേരളത്തിൽ. ഇടിയും മഴയും മാറും ഇന്ന കാലത്തെന്നും ഇന്ന ദിക്കിലെന്നും ഇല്ലെന്നൊ. ശരി, ശരി, കേരളത്തിലും ആളുകളധികമായിക്കഴിഞ്ഞു. ചുമലോടു ചുമൽ തൊടാതെ പാക്കണമെങ്കിൽ ഇനിമേൽ ഇവിടെ സാധിക്കില്ലാ. സുഖമൊ മേൽഗതിയൊ വേണമെങ്കിൽ പുറത്തുപോവുക തന്നെ വേണം' എന്നു ഗംഭീരമായ തത്വം തന്റെ ശ്രോതാക്കളെ ധരിപ്പിച്ചുകൊണ്ട് ആ ചുരുട്ടു രസത്തോടെ വലിച്ചു തുടങ്ങി.

ശതാംബ—മിണ്ടുമ്പോൾ മോഹാലസ്യപ്പെടുന്ന ഇവരെയും വെച്ചു കഴിച്ചുകൂട്ടുന്നതെങ്ങിനെ?

മാ-മേ—അല്പം ഇലക്ട്രിസിററി പിടിച്ചുകയററിയാൽ മതി ഇതു പറഞ്ഞപ്പോഴക്കു ഉമ്മിണിയമ്മക്കു സ്വബോധം ഉണ്ടായി എഴുന്നേററു.

ഉമ്മിണിയമ്മ—എന്തൊക്കെ വരാൻ പോണോ ആവൊ. ഒന്നു തീച്ചയാക്കിക്കോളിൻ. വലിയൊരാപത്ത് ഉണ്ടാവാൻ പോണുണ്ട്. എന്റെ ഏമാന്മാരെ, ഉമ്മിണീടെ ഈ നാച്ച എഴുപതിനിടയ്ക്കു ശേഷൊള്ളോര് കേട്ടാ വിറച്ചോണ്ടോടുന്ന ചിലതൊക്കെ ഉമ്മിണീടെ ഈ കണ്ണുകൾ കൊണ്ട് ഈ താമരേത്ത വീട്ടിൽ കണ്ടിട്ടുണ്ടെ.

ശതാംബയ്ക്കും മററും ചെകിത്താനെക്കുറിച്ച് അശേഷം ഭയമില്ലെന്ന് അവർ ആ സ്ത്രീയോടു പറഞ്ഞു. 'എന്തോ, നിങ്ങൾക്കു നല്ലതു വരട്ടെ' എന്നു പറഞ്ഞുകൊണ്ട് ഉമ്മിണിയമ്മ അടുക്കളയിലേക്കു പോവുകയും ചെയ്തു.

—x—

## II

അന്നു രാത്രി ഇടിയും മഴയും അതിഭയങ്കരമാകുംവണ്ണം തകൃതി കലുക്കന്നുണ്ടായിരുന്നു. അതുകൂടാതെ വിശേഷവിധിയായി ഒന്നുമുണ്ടായില്ലാ. പിറെറന്നാൾ രാവിലെ ആ മുറിയിൽ ചെന്നപ്പോൾ പിന്നേയും അതേസ്ഥലത്തു രക്തം വീണ പാടുകൾ കണ്ടു. 'ഇതു പിങ്കട്ടന്റെ കുററമല്ലാ. പിങ്കട്ടൻ ഒരിക്കലും ഫലിക്കാതിരുന്നിട്ടില്ലാ. ചെകിത്താൻ തന്നെയായിരിക്കണം ഇത്' എന്നു പറഞ്ഞുകൊണ്ടു നാഥൻ ഒരിക്കൽ കൂടി ആ പാറ ഗൺഡിററഞ്ജന്റു കൊണ്ടു മാച്ചുകളഞ്ഞു. എന്തിന്? അന്നു രാത്രി അവർ ആ മുറിയുടെ വാതലും ജന്നലും എല്ലാം നിഷ്കർഷയായി ബന്ധിച്ചുവെങ്കിലും നേരം വെളുത്തപ്പോൾ പാടുകൾ ആ സ്ഥലത്തു തന്നെ പിന്നെയും കണ്ടു. അന്നു മുതൽ ഈ രക്തലാഞ്ഛനകളെക്കുറിച്ച് എല്ലാവക്കും അസാധാരണമായ രസം തോന്നിത്തുടങ്ങി. മിസ്റ്റർ മേനോന് താൻ ചെകിത്താന്മാരെക്കുറിച്ചു പറഞ്ഞത് അല്പം കടന്നുപോയില്ല

യൊ എന്നു തോന്നി. ശതാംബ ആത്മവിദ്യാസംഘത്തിൽ ഒരു അംഗമാകാനുറച്ചു. നാഥൻ കുലക്കററത്തിനോടു സംബന്ധപ്പെട്ടു രക്തബിന്ദുക്കളുടെ സ്ഥിരതയെക്കുറിച്ചു 'കുടിലവിലാപം' മാസികയിലേയ്ക്കു് ഒരു ലേഖനവും എഴുതി അയച്ചു.

അന്നുച്ചയ്ക്കു് ഉഷ്ണം അതികഠിനമായിട്ടുണ്ടായിരുന്നു. അതുകൊണ്ടു മാധവമേനോൻ ഭാര്യയും കുട്ടികളും ഒരുമിച്ചു കാററുകൊള്ളാൻ പോയി. മടങ്ങി വീട്ടിലെത്തിയപ്പോൾ നേരം മണി എട്ടായി. ഉടനെ എല്ലാവരും കൂടിയിരുന്നു് അത്താഴവും കഴിച്ചു. വൈകുന്നേരം ലാത്തുമ്പോഴൊ ഊണു കഴിയ്ക്കുമ്പോഴൊ ചെകിത്താനെക്കുറിച്ചു അവരൊന്നും സംസാരിച്ചില്ലാ. ഭാരതമഹാജനസഭ, ഭക്ഷണസാധനങ്ങളുടെ വില കയററം, ചീനരാജ്യത്തെ ക്ഷോഭം, ഹവാനാചുരുട്ടിന്റെ ഗുണദോഷം, മുതലായ ഗൌരവമുള്ള വിഷയങ്ങളെക്കുറിച്ചേ അവരൊക്കെ സംസാരിയ്ക്കയുള്ളു. ഇതിന്റെ സൂക്ഷ്മം ഞാൻ തന്നെ പിന്നിടൊരുദിവസം ശതാംബയോടു ചോദിച്ചു മനസ്സിലാക്കിയതാണ്. എന്തുകൊണ്ടെന്നാൽ, അന്നു രാത്രിയുണ്ടായ ചില സംഭവങ്ങൾ കേട്ടപ്പോൾ അവർ ചെകിത്താനെപ്പററി അന്നു മുഴുവനും ചിന്തിച്ചതുകൊണ്ടു് അങ്ങിനെയൊക്കെ ഉണ്ടായി എന്നു് ഉറക്കത്തിൽ തോന്നിപ്പോയതൊ, സ്വപ്നം കണ്ടതൊ ആയേയ്ക്കാമെന്നു് എനിയ്ക്കൊരു സംശയമുണ്ടായി. എന്റെ ശുദ്ധതയെന്നേ വിചാരിയ്ക്കാനുള്ളു. അത്ര നിസ്സാരമായ ഒരു വിഷയം അവരുടെ ശ്രദ്ധയെ ആകർഷിച്ചു എന്നു ഞാൻ വിചാരിച്ചുപോയത് അവൎക്കു് അശേഷം രസിച്ചില്ലാ. അന്നു രാത്രി പതിനൊന്നു മണിയ്ക്കു എല്ലാവരും ഉറങ്ങാൻ അതാതു മുറികളിൽ പോയി. പതിനൊന്നരമണിയോടുകൂടി വിളക്കുകളും എല്ലാം കെടുത്തി. കുറച്ചു കഴിഞ്ഞപ്പോൾ മാധവമേനോന്റെ മുറിയിലേയ്ക്കു പോകുന്ന കുടുസ്സായ എടനാഴിയിൽനിന്നു് അദ്ദേഹം ഒരു ശബ്ദം കേട്ടുണർന്നു. എന്നുതന്നെയല്ലാ, നിമിഷംതോറും ആ ശബ്ദം അടുത്തടുത്തു വരുന്നതായും തോന്നി. ചങ്ങല കിലുങ്ങുമ്പോൾ ഉണ്ടാകുന്നതുപോലെ ഒരു ശബ്ദമായിരുന്നു. മിസ്റ്റർ മേനോൻ ഉടനെ തപ്പിപ്പിടിച്ചു് എണീററു് തീപ്പെട്ടിക്കോലുരച്ചു വാച്ചെടുത്തു സമയംനോക്കി. മണി ശരിയ്ക്കു ഒന്നായിരിയ്ക്കുന്നു. ഉടനെ അദ്ദേഹത്തിന്റെ നാഡി പിടിച്ചുനോക്കി. മാത്രയും മററും ശരിയായിരിയ്ക്കുന്നു. ഇങ്ങിനെ തനിയ്ക്കു പനിയൊ പരിഭ്രമമൊ ഒന്നുമില്ലെന്നു് അദ്ദേഹം തീരുമാനിച്ചു. ഉടനെ പോക്കററു ബുക്കെടുത്തു ഈ സംഗതികൾ കുറിച്ചുവെച്ചു. ശബ്ദം പിന്നെയും അടുത്തടുത്തു വരുന്നുണ്ടു്. അതോടുകൂടി കാൽവെയ്ക്കുന്ന ശബ്ദവും കേൾക്കാനുണ്ടു്. വേഗം മേനോൻ ഒരു പെട്ടി തുറന്നു ഒരു കുപ്പിയും എടുത്തു വാതൽ തുറന്നു മുററത്തേയ്ക്കു നോക്കി. നിലാവു കുറേശ്ശെയുണ്ടു്. അവിടെ ഭയങ്കരസ്വരൂപിയായ ഒരാൾ നില്ക്കുന്നു. അയാളുടെ കണ്ണുകൾ കനൽക്കട്ടപോലെ ജ്വലിയ്ക്കുന്നുണ്ടു്. വെളുത്ത ദീൎഘമായ ചിടപിടിച്ച രോമക്കെട്ടുകൾ ശിരസ്സും സ്കന്ധവും മൂടി താണുകിടക്കുന്നു. പഴയ കീറിപ്പറിഞ്ഞ വസ്ത്രങ്ങളാണുടുത്തിട്ടുള്ളത്. കാലിലും കയ്യിലുംകൂടി ഒരുകനത്ത ചങ്ങല കൊണ്ടു ബന്ധിച്ചിട്ടുണ്ടു്. ഈ കാഴ്ച കണ്ടപ്പോൾ മിസ്റ്റർ മേനോൻ ഇങ്ങിനെ പറഞ്ഞു:—

'അല്ലയൊ സ്നേഹിതാ, ഞാൻ മുറിയിൽ വെച്ചു് ആ ചങ്ങലയുടെ ശബ്ദം കേട്ടപ്പോൾ തന്നെ അതു വളരെ തുരുമ്പു പിടിച്ചതാണെന്നു തീർച്ചയാക്കി. ശബ്ദം ഉറക്ക

ത്തിനു കുറെ ഉപദ്രവം തന്നെയാണ്. അതു കൊണ്ട് ഈ 'ടാമ്പറിറൈസിങ്ങ് സൺലൈറ്റ് ല്യൂബ്രിക്കേറ്റർ' അതിൽ അല്പം ഇടാനായി ഞാൻ അപേക്ഷിക്കുന്നു. അല്ലാ, നിർബ്ബന്ധിക്കുക തന്നെയാണ് ചെയ്യുന്നത്. ഒരിക്കൽ ഉപയോഗിച്ചാൽ മതി. അത്ര നല്ലതാണത്. അനേകം എം. സി. കളുടേയും എൽ. ആർ. സി. പി. കളുടേയും ഒന്നാംതരം സർട്ടിഫിക്കേറ്റുകൾ പൊതിഞ്ഞിട്ടുള്ള കടലാസ്സുകളിൽ കാണാം. ഈ വിളക്കിൻെറ അരികത്തു വെച്ചേക്കാം' എന്നും പറഞ്ഞ് സമീപത്തുണ്ടായിരുന്ന ഒരു മാർബ്ബിൾമേശയിന്മേൽ ഒരു മെഴുതിരി വിളക്കും ല്യൂബ്രിക്കേറ്റർ കുപ്പിയും വെച്ച് അകത്തുപോയി വാതിലടച്ച് ഉറങ്ങാൻ കിടക്കുകയും ചെയ്തു.

താമരേത്തെ ചെകിത്താൻ കോപം കൊണ്ടു വിറച്ചു. ഇങ്ങിനത്തെ ധിക്കാരമൊ? ഓടിച്ചെന്നു കുപ്പിയെടുത്ത് നിലത്തൊരേറ്. അതു സഹസ്രകഷണങ്ങളായി നിലത്ത് ചിതറി വീണു. എന്നിട്ട് ഉദരത്തിൽ നിന്നെന്നു തോന്നുമാറ് ഒരു ഭയങ്കരശബ്ദവും, നാലുവശവും പച്ചവെളിച്ചവും പുറപ്പെടുവിച്ചുകൊണ്ട് എടനാഴിയിൽക്കൂടെ പാഞ്ഞു. കോണിപ്പടിയുടെ സമീപമായപ്പോൾ ഒരേ തരത്തിലുള്ള രണ്ടു കൊച്ചു മനുഷ്യസന്താനങ്ങൾ ഒരു മുറിയുടെ വാതൽ പെട്ടെന്നു തുറന്നു പുറത്തു വന്ന് ഒരു വലിയ തലയിണകൊണ്ടു ചെകിത്താൻെറ തലക്കൊരേറു. കോപാന്ധനായ ചെകിത്താൻ തല്ക്കാലം തരമല്ലെന്നു കണ്ട് ഒരു മരനിരയിലേക്കു ലയിക്കുകയും പെട്ടെന്നു ഭവനം മുഴുവനും പ്രശാന്തതയെ പ്രാപിക്കുകയും ചെയ്തു.

രഹസ്യമായ ഒരു മുറിയിലെത്തിയപ്പോൾ ചെകിത്താൻ ഒരു ചന്ദ്രരശ്മിയിന്മേൽ ചാരിനിന്നു നേക്ക ശ്വാസം വിട്ടു വിശ്രമിച്ചുകൊണ്ടു തൻെറ തല്ക്കാലത്തെ സ്ഥിതിയെ മനസ്സുകൊണ്ട് ഒന്നു സർവ്വേ ചെയ്തു. ഈ കഴിഞ്ഞ മുന്നൂറുകൊല്ലത്തെ വിജയസംയുതമായ ജിവിതത്തിനിടക്ക് അയാളെ ('അയാൾ' എന്നല്ലാതെ വേറൊരു സംജ്ഞാനാമം എറിയുകൂടാ.) ഇതുപോലെ ആരും ധിക്കരിക്കയോ അപമാനിക്കയൊ ചെയ്തിട്ടില്ല. ശാലീനൻെറ അമ്മൂമ്മക്ക് അയാൾ അപസ്മാരബാധയുണ്ടാക്കി വിട്ടു. അതുകൊണ്ട് അവരുടെ കഥയും കഴിഞ്ഞു. പിന്നെയൊരിക്കൽ നാലു വാല്യക്കാരത്തികളെ ഒരൊററ അട്ടഹാസംകൊണ്ടു കൊന്നു. ഒരിക്കൽ താമരേത്തു വന്നു താമസിച്ചിരുന്ന ഒരതിഥിയുടെ അകത്തു വെച്ചിരുന്ന വിളക്കു ഊതികെടുത്തിയതേയുള്ളൂ. അയാളുടെ ഞെരമ്പുകൾക്കു വികാരിച്ചതിലധികം ഗോഷ്ഠി സംഭവിച്ചു. കുറച്ചു കാലം മുമ്പ് അയാൾ അസ്ഥിപഞ്ജരമായി ഒരു കസേരയിൽ ഇരിക്കുന്നതു കണ്ടിട്ടാണ് അവിടത്തെ ഒരു സ്ത്രീക്കു മാറാസ്സുന്നി ഉണ്ടായിപ്പോയത്. ഇങ്ങിനെ തലയോടു കണ്ടു പേടിച്ചു തന്നത്താൻ വെടിവെച്ചു മരിച്ച വാല്യക്കാരൻ തൊട്ട് ഞെട്ടൽകൊണ്ടു വെള്ളത്തിൽ വീണു മരിച്ച ശാലീനൻെറ അമ്മവരെക്ക് അയാളുടെ കൃത്യങ്ങൾക്ക് അധീനന്മാരായ എണ്ണത്തിൽ ചിലരാനം പേരെ അയാൾ ഓരോന്നോരോന്നായി ഓർത്തു. ഓരോന്നിൻേറയും ഫലപ്രാപ്തി വിചാരിച്ച് അയാൾ പുഞ്ചിരികൊണ്ടു. ഒടുവിൽ അന്നു സംഭവിച്ച അപമാനകരമായ സംഭവം ഓർത്തപ്പോൾ പല്ലൊന്നു കടിച്ചമർന്നിട്ട്, ല്യൂബ്രിക്കേറ്റർ എനിക്കു കാണിക്കുകയോ! തലയിണ വലിച്ച്

ഈ ശിരസ്സിന്മേൽ എറിയുകയോ! ചരിത്രത്തിൽ എവിടെയെങ്കിലും ചെകിത്താന്മാരെ ഈ വിധം അപമാനിച്ചുകേട്ടിട്ടുണ്ടോ! ഹും. പകരം ചോദിക്കാതെ അടങ്ങുന്നവനല്ലാ ഈ ധനോത്തുംഗൻ എന്നു ഈ മനുഷ്യകീടങ്ങൾ ഓർത്തുകൊള്ളട്ടെ' എന്നിങ്ങിനെ നിശ്ചയിച്ച് ആ രാത്രി മുഴുവനും ചിന്താമഗ്നനായി ആ നിലയിൽ തന്നെ നിന്നു കഴിച്ചുകൂട്ടി. (തുടരും)

കെ. ആർ. കെ. (ബി. എ. ബി. എൽ.)

# കൈത്തൊഴിൽ പ്രദർശനം

പ്രദർശനത്തിന്റെ ഉദ്ദേശം

(1) അതാതു കാലത്തിൽ രാജ്യത്തുള്ള കൈത്തൊഴിൽ സാമാനങ്ങളിൽ വെച്ച് ഏററവും നല്ലതു ശേഖരിക്കുവാനും (2) സ്വരാജ്യത്തിൽ എന്നു മാത്രമല്ലാ ഇതരരാജ്യങ്ങളിൽകൂടി ഇപ്പോഴുള്ളതിലധികം ആവശ്യം ജനിപ്പിക്കുന്നതിനു തക്കതായ ഭേദഗതിയോ അഭിവൃദ്ധിയോ അവക്കു വരുത്തുവാൻ പാടില്ലേ എന്നു നോക്കുവാനും (3) സാധനങ്ങൾക്കു ആകൃതിയിലും ഭാവത്തിലും അലങ്കാരത്തിലും കാലാവസ്ഥക്കനുസരിച്ച് ഓരോ കൃത്രിമമായ അഭിവൃദ്ധികൾ വരുത്താനും ആകുന്നു പ്രദർശനങ്ങൾ നടത്തുന്നത്.

ഇതു സാധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

ഇതിന് ഒന്നാമതായി ചെയ്യേണ്ടതു സാമാനങ്ങൾ ഭംഗിയായി ക്രമപ്പെടുത്തി നിരത്തിവെക്കുകയാകുന്നു. അങ്ങിനെ ചെയ്യുന്നതിനാൽ വന്നുകാണുന്ന ആളുകൾക്കു കൈവേലയുടെ ഓരോ പതനങ്ങളെപ്പററിയും ഒരേ സാധനത്തിന്റെയോ പണിയുടെയോ പല ജാതികളെപ്പററിയും ഉള്ള ഒരു സ്വഭാവജ്ഞാനമുണ്ടാവാൻ അല്പം എളുപ്പമുണ്ട്. ഓരോ പദാർത്ഥങ്ങൾ തന്നെ പലേപ്രകാരത്തിലും ഉണ്ടാക്കാം. സാധനങ്ങളുടെ ജാതിഭേദം അവ ഉണ്ടാക്കുന്ന ആളുകളുടെ കരകൌശലത്തിന്റെയും ഉണ്ടാക്കപ്പെടുന്ന പദാർത്ഥത്തിന്റെയും ഭേദഗതിയെ അനുസരിച്ചിരിക്കും. ഉദാഹരണമായി ഒരു മേശ ഉണ്ടാക്കുക എന്നു വിചാരിക്കുക. ഇതു മരംകൊണ്ടും, കല്ലുകൊണ്ടും, മുളശാന്തകൊണ്ടും, മററു അനേക സാധനങ്ങൾകൊണ്ടുമുണ്ടാക്കാം. ഇതു തന്നെ പലേ ഭാഷയിലുമുണ്ടാക്കാം. മടക്കാവുന്നതായും, മടക്കാൻ വയ്യാത്തതായും, കാലുള്ളതായും, ഇല്ലാത്തതായും, കൊത്തുപണിയോടുകൂടിയതായും, കൂടാത്തതായും, മററു പലപ്രകാരത്തിലും ആശാരിയുടെ കല്പനാശക്തിപോലെ വിചിത്രമായുണ്ടാക്കാം. എന്നാൽ ഈ വക സാധനങ്ങൾ എല്ലാം അവയുടെ കൈത്തൊഴിൽ സംബന്ധമായും കച്ചവടസംബന്ധമായുമുള്ള ആവശ്യമോ വിലയോ കാണിക്കുന്നതിലേക്കു മാത്രമായി ക്രമപ്പെടുത്തിവെച്ചാൽ പോരാ. അവകൾ എല്ലാം സ്വരാജ്യത്തിലുണ്ടാവുന്നതും ഇതരരാജ്യങ്ങളിലുണ്ടാവുന്നതുമായി എളുപ്പത്തിൽ താരതമ്യപ്പെടുത്തുവാൻ കഴിയത്തക്കവണ്ണം ക്രമപ്പെടുത്തിവെക്കണം. ഇതിന്റെ ഉദ്ദേശം കാണികൾക്കു കണ്ടതായ സാധനങ്ങളിൽ ഓരോ പ്രത്യേകമായ കൈത്തൊഴിലിലും ഒരു പൂർത്തിയായ അറിവു

ഗ്രഹിക്കുന്നതിലേക്കാകുന്നു. ഇങ്ങിനെ ക്രമപ്പെടുത്തി ചെയ്യുന്നതുകൊണ്ട് അതാത് തൊഴില്കാൎക്ക് കാണികളേക്കാൾ അധികം ഉപകാരം സിദ്ധിക്കുന്നതുമാകുന്നു. രണ്ടാമതായി ചെയ്യേണ്ടത് സാമാനങ്ങൾ കൊണ്ടുവരുന്ന ആളുകൾക്ക പോക്കവരത്തിനുള്ള ചിലവുകൾ ഏതാനും കൊടുക്കുകയും പ്രദൎശനസ്ഥലത്തുവന്നാൽ താമസിപ്പാൻ വേണ്ട സൌകൎയ്യങ്ങൾ ഉണ്ടാക്കിക്കൊടുക്കയുമാകുന്നു. ഇങ്ങിനെ ചെയ്യുന്നതു പല ദിക്കുകളിൽനിന്നും ജനങ്ങളെ വരുത്തുവാനുള്ള ഒരു ആകൎഷണമാൎഗ്ഗമാകുന്നു. ഇപ്രകാരമുള്ള പ്രദൎശനങ്ങളും അവയുടെ ഉപയോഗങ്ങളും തൊഴിൽക്കാൎക്ക പ്രയോജനകരമാക്കിയില്ലെങ്കിൽ അതുകൊണ്ടു കാൎയ്യമായ ഫലം സിദ്ധിക്കയില്ലാ. കഴിഞ്ഞ കൊല്ലം നമ്മുടെ രാജ്യത്തിൽവെച്ചു നടത്തിയ പ്രദൎശനത്തിൽ ഈ വക ഏൎപ്പാടുകൾ യാതൊന്നും ചെയ്തതായി അറിയുന്നില്ല. ഇന്ത്യയിൽ മദിരാശി, കൽക്കത്താ മുതലായ പട്ടണങ്ങളിലും മറ്റും അമേരിക്ക ഇംഗ്ലാണ്ട് മുതലായ ആംഗ്ലേയരാജ്യങ്ങളിലും ഈ കാൎയ്യത്തിൽ വളരെ ദൃഷ്ടിവെയ്ക്കുന്നതായി കാണുന്നുണ്ട്. മൂന്നാമതായി ജനങ്ങൾക്ക പ്രദൎശനം കഴിഞ്ഞാൽ മനസ്സിൽ ഇങ്ങിനെ ഒരു കാൎയ്യം ഉണ്ടായി എന്നല്ലാതെ വേറെ യാതൊരു വിചാരവും ഉണ്ടാവുന്നില്ലാത്തതിനാൽ അതു കേൾക്കുവാൻ ശ്രമിക്കണം. ഇതിന്നുള്ള മാൎഗ്ഗം പ്രദൎശനത്തെപ്പററി വളരെ പൂൎത്തിയായും വിസ്താരമായുമുള്ള ഒരു ചരിത്രം എഴുതിവെയ്ക്കുകയാകുന്നു. ആ ചരിത്രത്തിൽ പ്രദൎശനത്തിന്നു ശേഖരിച്ച സാമാനങ്ങൾ ഇന്നതെന്നും കാണിച്ച സാധനങ്ങൾ ഇന്നവിധത്തിലാണ് ഉപയോഗിച്ചത് എന്നും ശേഖരിച്ചതും കാണിച്ചതുമായ സാധനങ്ങൾ മേലാൽ കച്ചവടപുഷ്ടിയും കരകൌശലനൈപുണിയും വരുത്തത്തക്ക യോഗ്യതയോടുകൂടിയതോ അല്ലാത്തതോ എന്നും മററുമുള്ള വേണ്ട വിവരങ്ങൾ അടങ്ങിയിരിക്കണം. ചുരുക്കത്തിൽ പ്രദൎശനം കാണാത്ത ഒരാൾ അറിവാൻ ആഗ്രഹിക്കുന്നതായ സകല വിവരങ്ങളും അതിൽ ഉണ്ടായിരിക്കുന്നം. ഇതുകൊണ്ടു തൊഴിലുകാൎക്ക അവാച്യമായ ഉപകാരമുണ്ട്.

ഇതുകൊണ്ടുള്ള ഗുണങ്ങൾ

(1) പ്രദൎശനം ഓരോരൊ സാമാനങ്ങൾ വിററഴിഞ്ഞുപോവാൻ വേണ്ടി ചെയ്യുന്ന ഒരു തരം പരസ്യം തന്നെയാകുന്നു. (2) ഇതു മൂലം തൊഴിൽക്കാരും പൊതുജനങ്ങളായ കാണികളും കൂടി ഒരേ സ്ഥലത്തുവെച്ചു കണ്ടെത്തുവാൻ സംഗതിവരികയും അതു മൂലം തൊഴിൽക്കാൎക്ക എന്തെന്തു സാധനങ്ങൾ ചിലവാകുന്നവയാണെന്നും, അവ എവിടെവിടെ ചിലവാവുമെന്നും, കാണികൾക്ക് അതേത് സാധനങ്ങൾ നല്ലതെന്നും അവ ഏതേതു സ്ഥലങ്ങളിൽ കിട്ടുമെന്നും ഉള്ള അറിവുണ്ടാവുന്നതാകുന്നു. (3) ഇതിന്നും പുറമെ പൊതുജനങ്ങൾക്ക അവനവന്റെ ആവശ്യങ്ങൾ അവനവന്റെ രാജ്യത്തുണ്ടായ സാധനങ്ങൾകൊണ്ട് എത്രമാത്രം തീരുമെന്നും അന്യരാജ്യങ്ങളിലെ സാധനങ്ങൾ കഴിയുന്നതും കൂടാതെ കഴിച്ചു സ്വരാജ്യസാധനങ്ങളെ ഉപയോഗിച്ചു രക്ഷിപ്പാൻ കഴിയുമോ എന്നും മനസ്സിലാക്കാം. (4) ഏതു സാധനങ്ങളാണ് അധികം ആവശ്യമെന്നും, ഏതേതു ഭാഷകളാണ് ജനങ്ങൾക്ക അധികം രുചിക്കുന്നവ എന്നും, തൊഴിൽക്കാർ മനസ്സിലാക്കിയാൽ അവർ പിന്നെ ആ വക തൊഴിലുകളിൽ ശ്രദ്ധവെയ്ക്കുകയും, തന്മൂലം നല്ല സാധനങ്ങൾ സുലഭമാകയും,

കച്ചവടത്തിന്നു പ്രചാരമുണ്ടാകയും, രാജ്യം ധനസമൃദ്ധിയുള്ളതായിത്തീരുകയുംചെയ്യും. (5) ഉപയോഗപ്രദവും നല്ലതുമായ സാധനങ്ങൾക്കു ധാരാളം ചിലവുണ്ടാകും. (6) തൊഴിൽക്കാർ സാധനങ്ങൾ പരിശോധിച്ച് അവ തമ്മിൽ കാഴ്ചയിലും ഉപയോഗത്തിലും ഉള്ള വ്യത്യാസങ്ങൾ കണ്ടുപിടിക്കയും, പലേ തൊഴിൽക്കാരും ഉപയോഗിക്കുന്ന യന്ത്രങ്ങളും കൌശലപ്പണികളും തമ്മിൽ താരതമ്യപ്പെടുത്തുകയും ചെയ്യുന്നതാകയാൽ പ്രദൎശനം അറിവുവരുത്തുന്നതിലേക്കു ഒരു മാൎഗ്ഗമായിത്തീരുകയും ചെയ്യുന്നതാണ്. (7) ഇങ്ങിനെയുള്ള പ്രദൎശനത്താൽ തൊഴിൽക്കാൎക്കു ഉത്സാഹം വൎദ്ധിക്കുകയും മേലേക്കടയാവാനുള്ള മോഹം ജനിക്കയും തമ്മിൽ തമ്മിൽ മത്സരം കൂടിക്കൂടി വരികയും ചെയ്യുന്നതാകുന്നു. ഇതിന്നും പുറമെ നമുക്ക് ഇതരരാജ്യങ്ങളിലെ സാധനങ്ങൾ കഴിയുന്നതും കൂടാതെകഴിപ്പാൻ തരമാകുന്നതും തന്മൂലം നമ്മുടെ പണം നമ്മുടെ രാജ്യത്തിൽ തന്നെ കിടക്കുന്നതും നമ്മുടെ രാജ്യം ധനപുഷ്ടിയുള്ളതായിത്തീരുന്നതുമാകുന്നു.

നമ്മുടെനാട്ടിൽ ഇപ്പോൾ നടക്കുന്ന പൂരം മുതലായ ഓരോ കാഴ്ചവേലകൾക്കായി ചിലവഴിക്കുന്ന പൊതുജനദ്രവ്യം മററുവല്ലവിഷയങ്ങൾക്കായി ചിലവ് ചെയ്യുന്നതായിരിക്കും അധികം ഉപകാരപ്രദമെന്നും ഇങ്ങിനെചെയ്യുന്നത് ആവക ഏൎപ്പാടുകൾ വെച്ച നമ്മുടെ പൂൎവ്വീകന്മാരുടെ ആലോചനക്കുറവിനാലാണെന്നും മററും ചില ആധുനിക ദ്രവ്യവ്യയശാസ്ത്ര മൎമ്മജ്ഞന്മാർ പറഞ്ഞു കേട്ടിട്ടുണ്ട്. അവരുടെ ആ അഭിപ്രായത്തെപ്പററി ഇപ്പോൾ ഒന്നും പറയേണ്ടതില്ല. പൂൎവ്വീകന്മാർ മൂഢന്മാരൊ അല്ലയൊ എന്നഭാഗത്തെപ്പററി ആലോചിപ്പാൻ മതി എന്നാൽ മാററു വ്യക്തമാക്കാമല്ലൊ. അവർ മൂഢന്മാരൊ അല്ലയൊ എന്നതു പൂരം മുതലായ കാഴ്ചകൾ കൊണ്ടു ജനസാമാന്യത്തിന്നു എന്തു ഫലം സിദ്ധിക്കുന്നു എന്നു നോക്കിയാൽ തീൎച്ചയാവുന്നതുമാണല്ലൊ. പകൽമുഴുവൻ ഓരൊ ദേഹാദ്ധ്വാനങ്ങളാലൊ മനോവ്യാപാരങ്ങളാലൊ മററൊ ക്ഷീണിച്ചു തലകാഞ്ഞവൎക്കു ഒരു ദിവസത്തിൽ അല്പനേരമെങ്കിലും വിശ്രമസമയം വേണ്ടതാണെന്നു ആരും സമ്മതിക്കാതിരിക്കയില്ല. ആ വിശ്രമസമയം മനസ്സിന്നു ആഹ്ലാദകരമാകത്തക്കവിധത്തിൽ നയിക്കേണ്ടതാണെന്ന് ആരും സമ്മതിക്കും. എന്തുകൊണ്ടെന്നാൽ അങ്ങിനെയുള്ള ആഹ്ലാദം ഒരുത്തന്റെ ശരീരസുഖത്തിന്ന് അത്യന്താപേക്ഷിതമാകുന്നു. ഒരുത്തന്റെ ശരീരസുഖത്തേയൊ ക്ഷേമത്തെയൊ പോലെ തന്നെ ഒരു കുഡുംബത്തിന്റെയും ക്ഷേമത്തെ നോക്കണം. അതിനാൽ ഒരുത്തന്നു ഒരു വിനോദവേള എപ്രകാരം ആവശ്യമൊ അപ്രകാരം തന്നെ പൊതുവിൽ ഒരു കുഡുംബത്തിന്നും ആവശ്യമാകുന്നു. എത്ര ദരിദ്ര കുഡുംബമായാലും പൊതുവിൽ വിനോദജനകമായ ഒരു ആഘോഷദിവസമെങ്കിലും ഉണ്ടാക്കാതിരിക്കയില്ല. ആഘോഷങ്ങൾ അവരവരുടെ അവസ്ഥക്കനുസരിച്ചിരിക്കുമെന്നേയുള്ളു. അഷ്ടപ്പൻ വിളക്ക്, ഏഴാമുത്തി, പൊറാട്ടുനാടകം മുതലായ ഓരൊ അടിയന്തരങ്ങളും കളികളും ഓരോരുത്തരുടെ അവസ്ഥക്കും ജാതിക്കും മതത്തിന്നും അനുസരിച്ചു ദരിദ്ര കുഡുംബങ്ങളിലും നിന്നു വരുന്നതായി നാം ഇപ്പോഴും കണ്ടുവരുന്നുണ്ട്. അല്പം ഭേദമായ കുഡുംബങ്ങളിലും പ്രഭുക്കളുടെ ഗൃഹങ്ങളിലും കോവിലകങ്ങളിലുംമററും തുള്ളൽ, കഥകളി, നാടകം മുതലായവയാകുന്നു വിനോദവിഷ

യങ്ങൾ. ഒരു കുഡുംബത്തിന്നു പൊതുവിലുള്ള ആഹ്ലാദംപോലെതന്നെ ഒരു നഗരത്തിന്നും അതുപോലെ തന്നെ ഒരു പട്ടണത്തിന്നും ഒരു പട്ടണത്തിന്റെ പ്രകാരമാ അപ്രകാരം തന്നെ ഒരു രാജ്യത്തിന്നും ആഹ്ലാദം ജനിപ്പിക്കുന്നാ അങ്ങിനെയുള്ളതിന്ന് പൊതുജനാഹ്ലാദോത്സവങ്ങൾ എന്ന് പറയുന്നു. ആംഗ്ലേയന്മാരുടെ ഇടയിൽ ഇങ്ങിനെയുള്ള പൊതുജനാഹ്ലാദോത്സവങ്ങൾ (National Festivels) എത്രയൊ ഉണ്ടു. ഒളിമ്പക്ക് ഗെയിംസ്, (Olympic games) ക്രിസ്തുമസ്സ് ഡേയിസ്, (christmas days) ബാൾസ്, (Balls) പ്രദൎശനങ്ങൾ, മുതലായ രാജ്യസംബന്ധമായും സാമുദായികമായും മുള്ള വിനോദകരങ്ങളായ ഓരോ കാഴ്ചകൾ അല്ലെങ്കിൽ ആഘോഷങ്ങൾ നാം ആംഗ്ലേയന്മാരുടെ ഇടയിലും കണ്ടുവരുന്നുണ്ടു. ഇത് ഓരോരോ രീതിയിൽ എല്ലാജാതിക്കാരുടെ ഇടയിലും എല്ലാ രാജ്യത്തിലും ഉള്ളതുമാകുന്നു. ഈ വക ഏൎപ്പാടുകൾ നിയമിച്ചിട്ടുള്ളതിന്റെ ഉദ്ദേശങ്ങളിൽ പ്രധാനമായ ഒന്നാകുന്നു. വന്നു കാണുന്ന ആളുകൾക്കു മനോവിനോദത്തെ കൊടുക്കേണമെന്നുള്ളത് ഓരോ പ്രധാന പട്ടണങ്ങളിൽ കാഴ്ചബങ്കളാവു, മൃഗശാല മുതലായവ ഏൎപ്പെടുത്തിയിട്ടുള്ളതും ഈ ആവശ്യത്തിലേയ്ക്കാണ്. അതുകൊണ്ട് ഈ വക ഏൎപ്പാടുകൾക്കു ഒരു നല്ല ഉദ്ദേശം ഉണ്ടെന്നുവരുന്നു. അതിനാൽ അപരിഷ്കൃതന്മാരായിരുന്നാലും പൂരം മുതലായ ഏൎപ്പാടുകൾ വെച്ചിട്ടുള്ള നമ്മുടെ പൂൎവ്വികന്മാർ അവയെല്ലാം എന്തെങ്കിലും ഒരു ഫലത്തെ പ്രതീക്ഷിച്ച ചെയ്തിട്ടുള്ളതാകുന്നു. അതിനാൽ അവർ മൂഢന്മാരല്ലെന്നും തെളിയുന്നു. ഇത്രയും പറഞ്ഞതിൽനിന്ന് ഏതൽപ്രദൎശനങ്ങൾ കൊണ്ടു മേൽ വിവരിച്ച ഗുണങ്ങൾക്കു പുറമെ ഒരു മുഖ്യഗുണമുള്ളതു ജനങ്ങൾക്കു ബുദ്ധിവികാസത്തേയും മനോമോദത്തേയും നയനാനന്ദത്തേയും കൊടുക്കുകയാണെന്നു വരുന്നുവല്ലോ. അങ്ങിനെ ഇരിക്കെ ഇപ്രകാരമുള്ള ഒരു കാഴ്ച കാണ്മാനുള്ള അവസരങ്ങൾ ആരും കൈവിട്ടുകളയരുത്. അങ്ങിനെ കൈവിട്ടു കളയുന്നവരോട്, ഈ നാട്ടിൽ വെച്ചുണ്ടായ പ്രഥമപ്രദൎശനകാലത്തിൽ ഒരു സരസകവി പറഞ്ഞപോലെ, ഇപ്രകാരമുള്ള കാഴ്ച "കണ്ടുനോക്കാൻ തോന്നാത്ത നിന്റെ മിഴി (സ്ത്രീയാണെങ്കിൽ) മാൻമിഴി നിഷ്ഫലം താൻ" എന്നേ എനിക്കു പറവാനുള്ളൂ.

കോയത്തു കൊച്ചുണ്ണിമേനോൻ.

---

# തിരുവോണം *

വഞ്ചിപ്പാട്ട്

---

മഹാബലശാലിയാകുംമഹാബലിമന്നൻമുന്നം
മഹീകാത്തുവാഴുംകാലമഹിമവാഴ്ത്താൻ

മഹാരസംകലൎന്നല്ലോമഹാജനങ്ങളേ!നാമീ
ഗൃഹാന്തരാളത്തിലണിഞ്ഞണഞ്ഞതി-
പ്പോൾ.

---

* കഴിഞ്ഞ കൊല്ലത്തിൽ മലയാളി ക്ലബ്ബ് വകയായ തിരുവോണാഘോഷത്തിന്നു വേണ്ടി ഉണ്ടാക്കിച്ചൊല്ലിയതു.

ഇതുപോലെനമുക്കെല്ലാമതുലമായകക്കാ-
(ന്മിൽ
കുതുകത്തെക്കൊടുക്കുന്നാസ്സദിനമുണ്ടോ?
പുതുതരരസമുള്ളിലൊരുപോലെവളൎത്തുന്നാ
ത്തിരുവോണമെന്നാദ്യദിനംനമുക്കിന്നല്ലോ.
മന്നനുമൊന്നില്ലഭേദംകന്നനുമൊന്നില്ലഭേദ.
മന്നത്തിന്റെവട്ടമിന്നുചതുൎവ്വിധംതാൻ.
ഇടിപൊടിയായിസ്സദ്യവടിപോടേയുണ്ട-
കണ്ട-
വെടിചൊല്ലിത്തകൎക്കുന്നാദ്യദിനമിന്നല്ലോ.
“കാട്ടുമൃഗങ്ങളെ”യെന്നായ്ചൊട്ടുംവെച്ച
(കളിച്ചുകൊ-
ണ്ടാട്ടുമൃഗാക്ഷികൾക്കുള്ളദ്യദിനമിന്നല്ലോ.
മറിമൃഗമിഴിമാൎമറികൊട്ടത്തീടാൻതല-
ക്കുറിച്ചെന്നാലതിന്നേറാംശുഭമിന്നല്ലോ.
ഓണപ്പുടവകൾകൊടുത്തേണപ്പിടാക്ഷിക-
(ത്താർ
ളോണപ്പടക്കിറക്കുന്നാദ്യദിനമിതല്ലോ.
പന്തടിക്കളികൾനല്ലപന്തയില്ലാട്ടമോട്ട-
മെന്തെന്നില്ലാതിവസ്തുള്ളാദ്യദിനമിതല്ലോ.
ആടേണംനമുക്കുനല്ലനാടകമൊന്നാതുകൊ-
(ണ്ടു
പാടേകേട്ടരസിക്കുവിൻപ്രഭുക്കൾനിങ്ങൾ.
എന്നുമോണമിതുപോലെവന്നുനമുക്കണയു-
(വാൻ
കുന്നുപെറ്റകുഞ്ഞിൻകഴൽകുമ്പിടുന്നേൻ
(ഞാൻ.

കോയാത്തു കൊച്ചുണ്ണിമേനോൻ.

---

# ഭ്രമരികാവിലാപം

(തുടൎച്ച.)

(സി. ഗോദവൎമ്മ തിരുമുല്പാട്)

ഇതനല്പമുദാഹരിച്ചസൂൎയ്യൻ
പതനംചെയ്തിതുവാരുണീമദത്താൽ. 7

കലപാതകമൊന്നുസംഭവിച്ചാ-
നിലകാണുന്നിതുവാരുണീദിശാന്തേ
നിലവിട്ടുനിണംതുളുമ്പിമുങ്ങി-
പ്പലതങ്ങേറുപയോധരപ്രകാണ്ഡം. 8

ഉടലിന്നുമുദാരമോടികൂട്ടീ-
സ്ഫുടരാഗോല്ക്കരമാദരാൽമുറുക്കി
വിടപാളികൾയാത്രയായിമോദാൽ
മടവാൎതങ്ങടെമന്ദിരങ്ങൾനോക്കി. 9

പലദീപികയുംവിളങ്ങിതാരാ.
കുലമായംബരമിന്ദുവിൻനിലാവും
അലസാക്ഷികൾതന്റെപുഞ്ചിരിശ്രീ
കലവിട്ടേറെയുമത്തലുംപരത്തി. 10

ഇതുമാതിരിയേവരുംമദത്താൽ
കുതുകംപൂണ്ടുമനംമറന്നിരിക്കെ
പുതുതേൻഭരമേറുകാന്തനെത്താ-
ഞ്ഞതുചിന്തിച്ചളിനിസ്സുമത്തലേറി. 11

ഇളകാതെവിലോകനത്തിനെത്തു-
ന്നളവോളംമിഴിയേറ്റിനോക്കിടുമ്പോൾ
പുളകാങ്കിയെമുക്കിയേറുകണ്ണീർ-
ക്കുളമാക്കിത്തനുവല്ലിയങ്ങൊഴുക്കി. 12

നെടുവീൎപ്പുകൾതീൎത്തിരുത്തിയൂത്താൽ-
പ്പെടുമാത്തിപ്പൊരിപൊങ്ങിടുംപ്രകാരം
വിടുമപ്പൊഴുതായതേറുദേഹം
നെടുവേനൽക്കിളവല്ലിപോൽക്കരിഞ്ഞു. ()

വിടുവാൻവിഷമംപ്രിയാഗമത്തിൽ-
പ്പെടുമാശാവശമായജീവിതത്തെ
കടുതാപഭരാൽഭരിക്കുവാനും
പടുവാകാഞ്ഞവളേറെയുംകുഴങ്ങി. 14

തലതല്ലിനിലത്തടിച്ചുവീണാൾ
മലയിൽക്കാററിലൊടിഞ്ഞമാമരംപോൽ
അലതട്ടിമറിഞ്ഞിടുന്നതോണി-
ത്തലപൊങ്ങുംപടിപിന്നെയേററിരുന്നാൾ

പരമൂക്കൊടുകാററിടിച്ചെരിഞ്ഞാ-
പ്പുരമേൽപ്പേമഴചാറിടുംപ്രകാരം
വിരഹാനലദഗ്ദ്ധയായിടുംപോൽ-
ക്കരമെല്ലാംവിലപിച്ചുവാൻതുടങ്ങി. 16

കരുണാകര!കാന്ത!താങ്കളെന്തേ?
വരുവാനിന്നൊരമാന്തമേല്പതയ്യോ!
ഒരുവൻതുണയില്ലയന്തിയായാൽ
കരുതുന്നില്ലേ?മനസ്സിലായതുംനീ 17

അറിയാതൊരുശബ്ദമിങ്ങുകേട്ടാൽ
വെറിയല്ലേവിറപ്പുണ്ടുകാണ്മതില്ലേ?
ചെറിയോരുനതാംഗിയല്ലയോ?ഞാൻ
നെറികെട്ടെന്തിനിരാത്രിചെയ്യിടേണ്ടു. 18

അരികത്തൊരുവീടുമില്ലവേറെ-
പ്പരിചിൽപ്പിന്തുണക്കൂട്ടുവാനൊരാളേ!
തിരിയാവതുമല്ലനിസ്സുമെങ്ങു.
ന്നരിശംനിന്മനമേററിടൊല്ലതെല്ലും. 19

മരണംവരെമത്തകാശിനി!നിൻ-
വരനായിപ്പിരിയാതെവാഴുമെന്നായ്
വിരവോടുരചെയ്തതാററിലേലും
വരപോലായതുഭാഗ്യദോഷമെൻറ. 20

വിധുരേ!തവചുത്തനായപൊയ്ത്താർ
മധുഞാൻകൊണ്ടുവരാമിവണ്ണമിന്നും
മധുപേശ!പുലർച്ചയിൽപ്പറഞ്ഞാ-
മധുവാക്കെന്നെമയക്കമാത്രമാമോ. 21

മൊഴിയങ്ങുപറഞ്ഞതൊന്നുമാററി-
പ്പൊഴിയായ്ത്തീർത്തൊരുകേട്ടുകേൾവിയില്ല
വഴിവാടുവിധേനകാര്യമേകം
തൊഴിലുംഹന്ത!ഭവാനിലില്ലപണ്ടേ. 22

ജനനംമുതലൊന്നുപോലിന്നങ്ങി-
ത്തനതായിട്ടൊരുകാര്യവുംപെടാതെ
മനമൊത്തുവസിച്ചുഞങ്ങളങ്ങും
മനസാമറെറാരുചിന്തയുംപെടാതെ. 23

പരനാരിയിൽമാനസത്തിനുംനീ
പരമേലാനിടയാക്കിയില്ലബാഢം
വരമെന്നിലയീവിധത്തിലെന്നായ്-
ച്ചിരമാവർത്തനവണ്ടതിപ്പതെല്ലാം. 24

അയി!മൽപ്രിയ!നിന്തലയ്ക്കൊരാറ-
ത്തായിരുന്നെങ്കിൽവരാതിരിക്കകില്ല
മയിനിൻകൃപയത്രയുണ്ടതൊന്നീ-
ദ്ദയിതസ്സുംസുഖമാക്കിടുംഖമേകി. 25

കരിവണ്ടുകൾകാലമേവിരഞ്ഞോ-!
വിരിയുമ്പൂനിരപററിതേൻചിലത്തി
തിരിയേവരുമന്തിയോടടുത്താൽ-
പ്പിരിയേത്തന്നുദയേവമാവതല്ലേ. 26

എവിടെപ്പ്രണയംപെരുക്കമായാൾ-
ക്കവിടെത്താൻപലദുർവ്വിശങ്കക്കൂട്ടം
കവിയിങ്ങിനെയോതിടുന്നതൊന്നാ-
ണവിടെസ്സുതലിലെന്മനംകടത്താൻ. 27

അതിയാസ്സുതതേനെടുത്തുപോരും
ഗതികണ്ടെത്തിനകാട്ടുകള്ളരാരോ
ചതിയിൽപ്പിടികൂടിയേററുതൻപ-
ക്ഷതിയററങ്ങുകിടപ്പതെന്നതാമോ. 28

ഒരുനാളുമുപദ്രവംപരന്മാ-
ർക്കുളിപ്പോയൊരുകേട്ടുകേൾവിയില്ല
നിരുപദ്രവിയിൽപ്പകയ്ക്കുമൂലം
കരുതാമോ?പിഴയെന്തസജ്ജനത്തിൽ. 29

ഇതുമുണ്ടൊരുശങ്കമത്തനായി
ട്ടതുലംനിന്നരചാരിമാരിലാരോ?
ഇതുകാലമൊരല്പലേററതാററാൻ
കുതുകത്താൽപ്പരിചർച്ചചെയ്തതാമോ? 30

മറയാണുപരോപകാരമെന്നാൽ-
ക്കുറവല്ലായതിലാശയംഭവാനും
നിറവേററൊരുകൂരിരുട്ടിലെങ്ങോ-
പാവക്കൂററനുക്കുറുകാട്ടിടുന്നു. 31

ഒരുശങ്കയുമുണ്ടുമത്തനാനാ-
പ്പെരുമാൾതന്നുടെഗന്ധഭിത്തിതന്നിൽ
പെരുകുംമദധാരതന്മണത്താൽ
പൊരുളേശാതെപരിഭ്രമിച്ചുമണ്ടി. 32

കരിഗണ്ഡമണഞ്ഞുദാനനീരിൽ
ത്വരിതംമുങ്ങിമദാന്ധനായിരിക്കെ
പരിചിൽച്ചെവിയാട്ടിടുന്നതേറ്റുൾ-
ത്തിരിയാതങ്ങുപതിച്ചുപോവതല്ലി. 33

സ്മരനാത്തപമേലുമാമുനീന്ദ്ര-
ക്കരളോടേറ്റുപടസ്സൊതുങ്ങിവീരൻ
വരചാപമണച്ചുകെട്ടിയോയെ-
ന്നരമാരോടുതെരക്കിയാൽധരിക്കാം. 34

നെടിലാക്ഷമഹാമുനീന്ദ്രനോടയ്-
പ്പൊടിപാറ്റിപ്പടകൂട്ടിമുമ്പണഞ്ഞു
പൊടിഭസ്മമതായ്ചമഞ്ഞതൊന്നും
നെടിയോനായവനാര തുംപറയുന്നോ? 35

കനകപ്രഭതാമരക്കുളത്തിൽ-
ക്കനമേലുംകുതുകേന ചെന്നിറങ്ങി
അനഘാമൃതമാസവംകഴിച്ചാ-
മനവുംകെട്ടുമയങ്ങിമങ്ങിപാരം. 36

ദിനനായകനസ്തമിച്ചുപോയ്നീ
മനതാരിൽത്തെളിവായിടാതെവാഴ്കേ
കനകാബ്ജവുമങ്ങുകൂമ്പിയുംപോയ്
നിനവേറ്റാധിയിലമ്പരന്നുപോയ്നീ. 37

ഇതുമോക്ഷകിലായിടാംവിധാതാ-
വിതുപോലെന്മനമതലിൽപ്പെട്ടത്താൻ
പുതുവിദ്യയെടുത്തതാകിലെന്താ-
വതുഞാൻഹന്ത!സഹിക്കതന്നെയല്ലോ.

പരമേശ്വര!നിൻകൃപാബലത്താൽ
പരമെന്നാധിയുമസ്തമിക്കുവാനായ്
വിരവോടൊരുനോക്കുനോക്കിടാനായ്
ചിരമാശിച്ചടികമ്പിടുന്നുഞാനും. 39

ഗിരമേഘമുരച്ചമത്തഭൃംഗ-
കരൾകട്ടോരുന്നതാംഗിമൗലിമാല
വിരമിച്ചുവിചാരമഗ്നയായി
ച്ചിരമേറ്റാൾചെറുതണ്ടുതാൻമയക്കം. 40

പൊന്താരിലേറ്റിരവുവന്നതറിഞ്ഞിടാതെ
സ്സന്താപമേറ്റുപുലരുംവരെമത്തദാരേ
കാന്താഭമെത്തിവിരഹാതുരയായ്മയങ്ങും
കാന്താകരംതടവിയേറ്റിയുമത്തലാറ്റി. 41

---


സമ്മാനം! പുസ്തകസമ്മാനം!!

പത്തുറുപ്പികയോളം വിലപിടിച്ച

# 100 നല്ല

മലയാള

# പുസ്തകങ്ങൾ

അഞ്ചുറുപ്പിക കൊടുത്താൽ കിട്ടുമെങ്കിൽ ആയത് ഒരു സമ്മാനം തന്നെയല്ലെ? പരോപകാരത്തിന്നായി പൊതുജനങ്ങളാൽ നടത്തപ്പെടുന്ന "മംഗളോദയം" കമ്പനിക്കാർ ആദ്യത്തെ 1000 അപേക്ഷക്കാർക്ക് ഓരോ പുസ്തകത്തിന്ന് എട്ടണവരെ വിലപിടിച്ച പല തരത്തിലുമുള്ള 100 നല്ല പുസ്തകങ്ങൾ 5 ഉറുപ്പിക വിലയ്ക്ക് (തപാൽകൂലി ഉൾപ്പെടില്ല) അയച്ചുകൊടുപ്പാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ എല്ലാ ഭവനങ്ങളിലും ഗ്രന്ഥശാലകൾ ഉണ്ടാകുവാൻ മാത്രമാണ് ഇതിന്റെ ഉദ്ദേശം. ഒടുവിൽ ഇച്ഛാഭംഗം വരാതിരിപ്പാൻ അപേക്ഷകൾ താഴെ പറയുന്ന മേൽവിലാസത്തിൽ ഉടനെ അയയ്ക്കുക—

മാനേജർ, മംഗളോദയം കമ്പനി, (ക്ലിപ്തം)
തൃശ്ശിവപേരൂർ.

# पिकसन्देशः ॥

तत्रालोक्यो विपुलकटको नातिदूरे महाद्रि-
र्यस्मिन् सीतासरसलतिकावेष्टितो रामशाखी ।
तातादेशानुचरणवशात्तिष्ठमानो वनान्ते
तत्रायातान् विगतशरणांस्तापसांस्त्रायते स्म ॥ ३७ ॥

ग्रीष्मे प्राप्ते सुखवसतये राजकीया महान्तो
दारोपेता घनतरतनुत्राणसंवीतदेहाः ।
चित्राकारे निबिडितशिलानिर्मिते मन्दिरौघे
स्थित्वा नित्यं सुखितसुखिताः कालमत्र क्षिपन्ति ॥ ३८ ॥

पश्चादीषन्निहितचरणो द्रक्ष्यसि स्वर्गतुल्यं
संपद्धारातुलितधनदैरूरुजातैः समग्रम् ।
नानादेशप्रभवबहुसंमूल्यवासोविराजत्-
पण्यं पुण्यं कुमिळनगरं नित्यपुष्टं विशालम् ॥ ३९ ॥

संवीक्षेथाः कुमिळनगरीमुत्तरेणाऽत्र सौम्य
श्रीमद्रामानुजपदमहासंप्रदायाभिरामान् ।
वेदोद्घोषैः क्षितिसुरकृतैः शास्त्रबृन्दैश्च रम्यान्
ग्रामानैन्द्रैरुपलशकलैर्निर्मिता वेदिकाश्च ॥ ४० ॥

सायं तस्मिन धरणिविबुधैर्मण्डिते वीतशङ्क-
स्तत्रत्ये द्राक् विविधतरुसंसेवितारामकुञ्जे ।
श्रान्तः स्तोकं सुरभिकुसुमैर्भासुरं सद्रसालं
भद्र स्वैरं पथिकसुखदं विश्रमायाश्रयेथाः ॥ ४१ ॥

आनन्दिष्यत्यधिकमधिकं तेऽन्तरात्मा चिरं यत्
संजल्पेयुः कुतुकभरितास्त्वत्सपक्षा विहंगाः ।

सर्वः प्रायो भवति निजपक्ष्यावलोके सहर्षो
न्याय्यं ह्येतत्स्वजनविषये मोदनं प्राणभाजाम् ॥ ४२ ॥

अस्तं याते भगवति रवौ कुत्रचिन्मा विलम्बं
कार्षीः क्षिप्रं भुवनमहितं शंकरक्षेत्रमीयाः ।
रात्रौ यात्राकरणमशिवं संगिरन्ते प्रवृद्धाः
शिष्टोक्तिं को न परिगणयेत् कार्यकाले मनस्वी ॥ ४३ ॥

तस्मिन् पश्येस्तरलचरणास्तप्तजाम्बूनदाभा-
स्तन्वाकारास्तलिनवसनास्तान्तकान्तोदरश्रीः ।
तारानाथप्रतिमवदनास्ताम्रबिम्बाधरोष्ठी-
स्ताम्बूलाक्तास्तरुणहरिणीलोचनास्तत्र तन्वीः ॥ ४४ ॥

इन्द्रश्यामोपलचलमिलद्रोचिवीचिच्छटाश्चत्-
पक्षाभ्यां खे भवति तरसा गाहमानेऽतिमाने ।
सद्योजातैः शबलहरितैर्भूषिताङ्ग्यो मृगाक्ष्यो
नूनं नीलोत्पलचलदृशां राजिभिस्त्वां प्रहृष्युः ॥ ४५ ॥

तां सेवेथास्तवाकितकरः शंकरं वीततन्द्रः
प्राहुः प्राज्ञाः सकलभुवनक्षेमरक्षाकरं यम् ।
यस्मिन् तस्य प्रसरतितरां भावपूर्णः कटाक्ष-
स्तस्मिन् क्षिप्रं भवति नियतं मङ्गलानां विलासः ॥ ४६ ॥

अंतःक्षेत्रं त्वयि गतवति त्वत्सगर्भ्या विहंगा-
श्चित्रन्यस्ता रुचिररचना नन्दयिष्यन्ति नूनम् ।
त्वद्देहाभासदृशबहुलाऽऽशोभिरत्नध्वजांशु-
प्रच्छन्नांगोऽनयनविषयश्चिन्तयान्तः पुरारिम् ॥ ४७ ॥

यस्य त्रातू रणभुवि महाधन्विनो वाहनं भू-
र्विष्णुः शस्त्रं विबुधनिवहः स्यन्दनांगं विधाता ।
सूतश्चापः कनकगिरिराद् वासुकिश्चापि मौर्वी
सोऽयं लोकत्रयशिवकरः शंकरीजानिरव्यात् ॥ ४८ ॥

इत्थं नत्वा गिरिवरसुतावल्लभं सौम्य रात्रा-
वध्वश्रान्तिं परिहर बहिर्मन्द्रमाकन्दतल्पे ।
रात्रौ निद्रासुखमनुभवेः साहसं मा स्म कार्षीः
पीडां पश्चाज्जनयति सखे साहसं कर्मठानाम् ॥ ४९ ॥

मार्गायासग्लपितमनसां मादृशानां जनाना-
मुष्णोच्छ्वासैरपहृतहिमस्तोमबाधो निशान्ते ।
मन्द्राक्रान्तैर्मधुपकलितैर्मञ्जुनादैः प्रबुद्धः
पुष्प्यत्पुष्पोद्भवरसकणानीषदाचूष काल्ये ॥ ५० ॥

सर्वां रात्रीर्विरहमथिताश्चक्रवाकीवधूटी-
रह्नायाह्वां पतिरुदितवानेवमाबोधयन्तः ।
तत्रोद्ग्रीवा अरुणचरणास्ताम्रचूडा रुवन्तो
निद्रालुं त्वामुषसि महित क्षिप्रमुद्बोधयेयुः ॥ ५१ ॥

भ्रातस्तुभ्यं नम इदमहो भूरिवारान् मयाही-
त्येवं भूयः कथनविषये कातरः किं ब्रवीमि ।
बन्धुस्नेहो दृढयति धृतिं मानसीं मादृशानां
नष्टे तस्मिन् कथय शरणं कामिनां विद्यते किम् ॥ ५२ ॥

विष्वक् पश्यन् करटरटितं शाखिवृन्दाग्रसिक्त-
प्रालेयाश्रुं विगतसुषमं पश्चिमं शीतभानुम् ।
प्राचीं क्षामां तिमिरमलिनां खण्डितां वीक्षमाण-
स्तंद्रालुस्त्वं कथमिव भवेर्निद्रया मुद्रितोपि ॥ ५३ ॥

धात्रीभूता अपि पथि गताः शैशवे काकगोष्ठी-
रेता नीचा निपुणसरणौ जोषभावं भजेथाः ।
नीचैर्जुष्टे सदसि रसिकः प्रायशो वाग्यतो हि
व्याप्ते देशे तिमिरनिकरैः किं विराजेत् सुवर्णम् ॥ ५४ ॥

आम्रैस्ताम्रैः सरलबकुलैर्मंजुलैः पारिजातैः
कूलद्वय्यां फलभरनतैर्हारभूतैर्लसन्तीम् ।

नित्यस्रोतामखिलशमलध्वंसिनीं रम्यवेणीं
पुण्यां पूर्णाममलसलिलां सह्यजां वीक्ष्य तुष्येः ॥ ५५ ॥

तीरे तीरे विपुलविपुलान् पावनांस्तीर्थघट्टान्
घट्टे घट्टे निगमवचसां ब्राह्मणानां च गेहान् ।
गेहे गेहे मरतकमयान्यब्जपीठानि पश्येः
पीठे पीठे महितमहितान् देशिकानां प्रबन्धान् ॥ ५६ ॥

आम्रावल्या अनु परिसरं राजमाने प्रधाने
कारूराख्ये प्रतिकलमलं संपदापद्यमाने ।
शारीरश्रीविहसितमनोजन्मनारीपरीते
पारे वाचां विपणिमहिते भूतयो लोकनीयाः ॥ ५७ ॥

यस्मिन् रम्या विपणिसरणिः प्रत्यहं वर्धमाना
स्कायच्छ्रीका वणिज अनिशं यत्र नन्दन्ति हृष्टाः ।
आतन्वाना अभिनवनवानद्भुतान् वस्तुराशीन्
विक्रय्यांस्ते करधृततुलासंभ्रमा रंजयन्ति ॥ ५८ ॥

यः कावेर्या विमलसलिलैः पावनैश्चाभिषिक्तः
सेवाकामान् प्रणतनिवहान् लब्धकामान् वितन्वन् ।
अद्रिं भित्वा सकलजनतारक्षणायावतीर्णो
यस्मिन् भाति त्रिभुवनगुरुः श्रीनिवासः स्वयंभूः ॥ ५९ ॥

ख्यातं लोके जनपदमथाऽद्वितीयं त्रिशीर्षं
यूरोपीयैर्भुवनभरणायोद्यतै राजकीयैः ।
आढ्यं माद्रीमहितधरणीहारहीरायमाणं
वाणीलक्ष्म्योर्वसतिसदनं किंचिदध्यक्षयेथाः ॥ ६० ॥

तस्मिन विद्यासदनमतुलं सूरिबृन्दैः प्रगल्भं
यस्पीजीति प्रथितविभवं चांगलेयानुमोद्यम् ।
नानाशास्त्रैस्सुमतिगहनैः पञ्चभूतप्रमेयै-
रन्यैरन्यैर्बहुतयनयैर्भूषितं लोकनीयम् ॥ ६१ ॥

(क्रमशः) को. र. रंगाचार्यः

# മംഗളോദയം

ഫറവ്വൻ

| പുസ്തകം ൫ | കന്നിമാസം | ലക്കം ഫഫ |
|---|---|---|


## മംഗളം.

ചേരുംവണ്ണംനടത്താനൊരുജനഹിതനുണ്ടാകില്ലടാറകാട-
ന്മാരുംലോകോപകാരത്തൊഴിലിൽവിരുതരാമെന്നുകാട്ടിക്കൊടുപ്പാൻ
പാരിൽത്തോഷിപ്പ രക്ഷോഹതിവനചരരെക്കൊണ്ടു ചെയ്യിച്ചസാക്ഷാൽ
ചാരുശ്രീരാമചന്ദ്രൻതിരുവടികശലംനാൾക്കുനാൾനൽകിടട്ടെ.

വള്ളത്തോൾ നാരായണമേനോൻ

കൊച്ചിയിലെ മനുഷ്യവർഗ്ഗങ്ങളും

# ജാതികളും

### കാടന്മാർ.

സാധുക്കളായ ഒരുവക കാട്ടുജാതി ക്കാർ കൊച്ചിരാജ്യത്തെ മലകളി
മുഖവുര
ലും കാടുകളിലും സ്വൈരമായി പാ ൎത്തുവരുന്നു. അവർ ജാത്യാചാരഭേദത്താൽ കാടന്മാരെന്നും മലയന്മാരെന്നും രണ്ടു വകക്കാരായി കാണപ്പെടുന്നുണ്ട്. ഇരുകൂട്ടരും തമ്മിൽ കൂടിക്കഴിച്ചൽ ചുരുക്കമാണ്, അവരുടെ സ്വഭാവത്തിന്നു വളരെ സാമ്യമുള്ളതും അത് അവർ അധിവസിച്ചവരുന്ന കാട്ടുപ്രദേശത്തിന്റെ രൌദ്രതക്കുടിയുണ്ടായ പ്പോലെയുമാകുന്നു. എന്നാൽ അതിൽ നിഷ്ഠുരമായ ക്രൂരതയില്ല. കാടന്മാർ മുഖ്യമായി കാണപ്പെടുന്നതു കൊച്ചിരാജ്യത്തിലെ നെല്ലിയാമ്പതി മലകളിലും കോടശ്ശേരി മലകളിലും, മതിരാശി സംസ്ഥാനത്തിൽ ചേൎന്ന കോയമ്പത്തൂർ ജില്ലയിലെ ആനമല എന്ന മലകളിലുമാണ്. കൊച്ചി മലകളിലുള്ളവർ തമിഴും മലയാളവും കൂടിക്കലൎന്ന ഒരുവക ഭാഷയാണ് സംസാരിച്ചവരുന്നത്. എന്നാൽ ആനമല എന്ന മലയിലുള്ളവർ സംസാരിയ്ക്കുന്നതു മലസർ *

* പ്രാകൃതമായ ഒരുവക തമിഴ്

എന്ന ഒരുവക തമിഴാണ്. മുൻ 1901-ലെ കാനേഷുമാരി കണക്കപ്രകാരം കൊച്ചിയിൽ 161 ആണുങ്ങളും 149 പെണ്ണുങ്ങളുംകൂടി ആകെ 310 കാടന്മാർ മാത്രമേയുള്ളൂ.

**ഉൽപത്തിയും ഐതിഹ്യവും**

ഹിന്തുലക്ഷണം വിവരിക്കുമ്പോൾ ഡാക്ടർ ടൊപിനാർഡ് (Dr. Topinard) അദ്ദേഹത്തിന്റെ പ്രസിദ്ധപ്പെട്ട 'നരകുലശാസ്ത്രം' എന്ന പുസ്തകത്തിൽ ഇന്ത്യാരാജ്യത്തിലെ ജനങ്ങളെ കറുത്ത വർണ്ണക്കാർ, മങ്കോളിയന്മാർ, ആര്യന്മാർ, എന്ന മൂന്നു പ്രധാന ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഇതിൽ ആദ്യത്തെ വകക്കാരുടെ അവശിഷ്ടങ്ങൾ ദക്ഷിണഖണ്ഡത്തിലേയും തെക്കെ ഇന്ത്യയിലേയും കാടുകളിൽ കാണപ്പെട്ടുവരുന്നതും, അവരുടെ കറുത്ത നിറവും ആകാരവും നീക്കിയാൽ ആദ്യലക്ഷണങ്ങൾ കണ്ടുപിടിപ്പാൻ പ്രയാസമായിട്ടുള്ളതുമാകുന്നു. ആനമല എന്ന മലകളിലും, കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള മലകളിലും പാൎത്തുവരുന്ന മലയന്മാർ, കാടന്മാർ, മുടുവന്മാർ എന്ന കാട്ടുജാതിക്കാർ അപരിഷ്കൃതന്മാരായ ദ്രാവിഡജാതിയിൽപെട്ടവരാണെന്നാണ് ദേനികർ (Deniker) അദ്ദേഹത്തിന്റെ 'മനുഷ്യവംശം' എന്ന പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. മൃഗപ്രായന്മാരായ പുലയന്മാർ, മുടുവന്മാർ, തടിച്ചുചുണ്ടുകളോടും കറിയ ദേഹത്തോടുംകൂടിയവരും മലകളിലെ അധികാരികളുമായ കാടന്മാർ എന്നീ ചിന്നിച്ചിതറിയ കാട്ടുജാതിക്കാരുടെ ഒരു സങ്കേതമാണ് ആനമല എന്ന മലനിരകൾ. "പൎവ്വതഗഹ്വരങ്ങളിൽ ഭൂതത്വജ്ഞന്മാർ കണ്ടെത്തിയ ശിലാജാതമായ അസ്ഥ്യാദിശേഷങ്ങളെന്നപോലെ, ഒരു കാലത്തു തങ്ങളുടെതായിരുന്ന നാട്ടുപ്രദേശങ്ങളിൽ നിന്നും ആര്യന്മാരാൽ ആട്ടിയോടിക്കപ്പെട്ട ഈ പൂൎവ്വനിവാസികൾ മലകളിലെ നിഗൂഢസ്ഥാനങ്ങളിൽ പോയിമറിഞ്ഞു. പക്ഷെ ഈ 'സാധനങ്ങൾ' ഉണങ്ങിയ അസ്ഥികളല്ല, ഒരുവക ജീവനുള്ള മനുഷ്യവൎഗ്ഗമാണെന്നേയുള്ളൂ. മിക്കവാറും നിൎജ്ജനമായ ഈ മലകളിൽ മരിച്ചവരുടെ ശവസ്ഥാനങ്ങളുടെമീതെ ആദ്യകാലങ്ങളിൽ ഈ വകക്കാർ കരിങ്കല്ലുകൊണ്ടുണ്ടാക്കിയ അനവധി സ്മാരകചിഹ്നങ്ങൾ കാണാം."* ഡാക്ടർ എ. എച്ച്. കീൻ (Dr. A. H. Keane) ഇങ്ങിനെ പറയുന്നു—"പക്ഷെ നീഗ്രിട്ടോക്കാർ തന്നെയാണെന്നു മിക്കവാറും വിശ്വസിക്കാവുന്ന ഒരുവക കറുത്ത ജനങ്ങളാണ് ഇന്ത്യയിൽ ആദ്യമായി വന്നതെന്നു കാണിപ്പാൻ നല്ല തെളിവുകളുണ്ട്. ഇവർ മലയേഷ്യയിൽനിന്നും വങ്കാളക്കടൽ ചുറ്റി ഇന്ത്യയിൽ വന്നു, ഹിമവാൻ പൎവ്വതത്തിന്റെ ചെറുമലകളിൽ താമസിച്ച്, അവിടെനിന്നും കാലക്രമത്തിൽ ഇന്ത്യാരാജ്യം മുഴവൻ എന്നല്ല വഴിയെ ലങ്കാദ്വീപിൽക്കൂടിയും വ്യാപിച്ചു. ഇപ്പോൾ ഇവിടെ കലൎപ്പില്ലാത്ത നിഗ്രിട്ടോ സംഘങ്ങൾ ഇല്ല. കലൎപ്പുകൂടാതെ തെളിവായ നിഗ്രിട്ടൊ ഭാഷ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുമില്ല. എന്നാൽ നിഗ്രിട്ടോ ലക്ഷണങ്ങൾ ഹിമാലയം മുതൽ കന്യാകുമാരിവരേയും ലങ്കാദ്വീപിലുള്ള ഉയൎന്ന പ്രദേശങ്ങളിലും സൎവ്വദാ കണ്ടുവരുന്നതുമുണ്ട്. വാസ്തവം പറയുന്നതായാൽ പിന്നീടു വന്നവരാൽ ഈ നീഗ്രിട്ടോക്കാർ ഗ്രസിക്കപ്പെടുകയോ അല്ലെങ്കിൽ അധികമായി ഏകീകരിക്കപ്പെടുകയോ ചെയ്തിരിക്കുന്നു.

---

* Sir Wilsom Hunter's Indian Empire, P. P. 29 & 93.

അവരിൽ നാലു പ്രത്യേക വർഗ്ഗക്കാരുള്ളതുകൊണ്ടു നാം നീഗ്രിട്ടോക്കാരെ 'പഞ്ചമപ്ലാപനന്മാർ' എന്നാണ് വിളിക്കുന്നത്. ഈ പ്ലാപനത്തിനു ധാരാളം തെളിവുകളുമുണ്ട്.

ഇപ്പോഴും അനവധി പ്രാഥമിക ജാതിക്കാർ ദക്ഷിണഖണ്ഡത്തിലേയും തെക്കെ ഇന്ത്യയിലേയും മലകളിൽ പാർത്തുവരുന്നതാണ്. അവർ കൊളേറിയന്മാരോട് വളരെ അടുത്തവരുമാണ്. അനവധിപേർ വളരെ അകന്ന കാലങ്ങളിൽ ലങ്കയിലേക്കും കടക്കുകയും പക്ഷെ അവിടത്തെ സാക്ഷാൽ ആദിമനിവാസികളായി ഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇവരിൽ ചേർന്നവരാണ് മലയന്മാർ, കാടന്മാർ, ഉള്ളാടന്മാർ, എരവാലന്മാർ, പണിയന്മാർ ഇവരും മററു അനവധി ജാതിക്കാരും. ഇവർ പ്രാകൃതമായ ദ്രാവിഡഭാഷയാണ് സംസാരിക്കുന്നത് എങ്കിലും തനിദ്രാവിഡബീജക്കാരല്ല—നീഗ്രിട്ടോക്കാർ, കൊളേറിയന്മാർ, ദ്രാവിഡന്മാർ, ആര്യന്മാർ ഇവരെല്ലാവരുടേയുംകൂടിയ ഒരു സമ്മിശ്രബീജമാണ് ആര്യന്മാരായ (അനാഹൂതപ്രവേശകന്മാരിൽ) നിന്നും അകന്നു നില്ക്കകൊണ്ട് ഇവർ നിഗ്രിട്ടോക്കാരുടെ വഴിയും ആര്യന്മാർക്ക ചേർന്നതല്ലാത്ത മറേറാരോ പ്രാഥമികസമ്പ്രദായങ്ങളുംതന്നെ ആചരിച്ചുംവരുന്നു. ഒരിക്കലും പിടിച്ചടക്കപ്പെടാഞ്ഞതുകൊണ്ട് എന്തെങ്കിലും മതം ദീക്ഷിപ്പാൻ സംഗതിയായിട്ടില്ലാത്തതിനാൽ മതകാര്യത്തിൽ ഇന്നും ആനിമിസ്റ്റ്കളു * (Animists)

* ആനിമിസ്റ്റുകൾ = ഗുണദോഷങ്ങളെ ചെയ്യാൻ സാധിക്കുമെന്നു വിചാരിക്കപ്പെട്ടുവരുന്ന ഭൂതങ്ങളും മററു പ്രേതപിശാചുക്കളും അന്തർഭൂതമായിരിക്കുന്നുണ്ടെന്നു വിശ്വസിച്ച് അവരുടെ പ്രീതിക്കായി, പ്രാർത്ഥനകളും ആരാധനകളും ബലികളും ചെയ്യുന്നവർ. ഇവരുടെ മതത്തിന്ന് ആനിമിസം എന്നു പറയുന്നു.

മാകുന്നു. പ്രാഥമിക ജാതിക്കാരുടെ വർഗ്ഗപ്പെരുപ്പത്തിനു കാരണം അവരുടെ സർവ്വദിക്കിലേക്കുമുള്ള പ്രസരണവും ആനുലോമസങ്കലനവുമാണെന്നു റെട്സൻ (Retzun) എന്ന സായ്പ് അദ്ദേഹത്തിന്റെ 'മനുഷ്യചരിത്രം' എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു.

വാസസ്ഥലം

കാടന്മാരുടെ കുടികൾ അധികവും ഒരു ഗ്രാമത്തിന്റെ സമ്പ്രദായത്തിൽ അടുത്തടുത്തു സ്ഥിതിചെയ്തിരിക്കും. ഇതിനുള്ള കാരണം രക്ഷയെപ്പററിയുള്ള ആലോചനയാണെന്നാണ് തോന്നുന്നത്. ഈ വക ഗ്രാമങ്ങൾക്ക 'പതികൾ' എന്നു പേർ. പതികൾ കുന്നുകളുടെ ചരിവുകളിലോ അല്ലെങ്കിൽ കരെമുകളിലായിട്ടോ ജലം കിട്ടുവാൻ സൌകര്യമുള്ളേടം നോക്കിയാണ് ഉണ്ടാക്കപ്പെടുന്നത്. അതു സാധാരണയായി തോട്ടുവക്കുകളിലൊ അല്ലെങ്കിൽ കാട്ടിൽ വല്ല ഉറവുകളിലൊ ആയിരിക്കും. വളരെ ദുർല്ലഭമായിട്ടെ പതികൾ ഒരിടത്തു സ്ഥിരമായിരിക്കു പതിവുള്ളു. ഓരോന്നിൽ പത്തും പതിനഞ്ചും ഇരുപതും വീതം മാടങ്ങളുണ്ടാവും. മാടങ്ങൾ സാധാരണയായി മുളകൊണ്ടും അപൂർവ്വമായി മരംകൊണ്ടും ഉണ്ടാക്കപ്പെടുന്നു. ചുമരിന്നും മേൽപുരക്കും ഒരേ സാധനം തന്നെ, വാതിലുകൾ തഴതൽകൊണ്ടായിരിക്കും. മേൽപുര തേക്ക് പൂന്ന മുതലായ വൃക്ഷങ്ങളുടെ ഇലകൊണ്ടൊ പുല്ലുകൊണ്ടൊ ഏതാണ് പതിവായി കിട്ടുവാൻ കഴിയുന്നതെങ്കിൽ അതുകൊണ്ടാണ് മേയുക. മാടത്തിന്റെ അന്തർഭാഗത്തിൽ തറയുടെ ഒരു ഭാഗം അല്പം ഉയർന്നിരിക്കുന്നതാണ്. അവിടെയാണ കാടന്മാർ കിടന്നുറങ്ങുക. കിടപ്പാനുള്ളതു കോരകൊണ്ടു അവർ തന്നെ മെടഞ്ഞു

ണ്ടാക്കുന്ന ഒരു വക പരുത്ത പായയാണ്. നിലത്ത് ഓരമുണ്ടായിരുന്നാൽ പായ ഒരു തഴതലിന്റെ മുകളിൽ വിരിയ്ക്കും. വർഷകാലങ്ങളിലുണ്ടാവുന്ന ശൈത്യവും, അട്ട ഈച്ച മുതലായ ജീവികളെക്കൊണ്ടുള്ള ഉപദ്രവവും തടുത്തു നിൎത്തുവാനും ദുഷ്ടമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും രക്ഷപ്പെടുവാനുമായി ഈ വക ശയനഗൃഹങ്ങൾ ചില സ്ഥലങ്ങളിൽ കുറെ പൊക്കത്തിൽ പണിതുവരാറുമുണ്ട്. ചിലപ്പോൾ ഇതിലേയ്ക്കുവേണ്ടി കോണിപ്പടികൾ കെട്ടിയുണ്ടാക്കയും പതിവാണ്. മാടത്തിന്റെ ഒരു മൂക്കിൽ ഒരു അടുപ്പും ഉണ്ടായിരിയ്ക്കും.

എല്ലാ വാസസ്ഥലങ്ങളിലും വേണ്ടുന്ന ഗൃഹോപകരണങ്ങളും തീകൂട്ടുവാനും കത്തിയ്ക്കുവാനുമുള്ള സാമഗ്രികളുമുണ്ടാവും. ഇതിൽ ആദ്യത്തേതു ചില പരുക്കൻ പായകളും തഴതലും പലകക്കഷ്ണങ്ങളുമാകുന്നു. മാടത്തിന്റെ ഒരു ഭാഗത്തു സദാ തീ സൂക്ഷിച്ചിരിയ്ക്കും. തീയുണ്ടാക്കുവാനുള്ള ബുദ്ധിമുട്ടും താമസവും വിചാരിച്ച് ഏററവും വിലപിടിച്ച വസ്തുക്കളിലൊന്നുപോലെയാണ് അതിനെ സൂക്ഷിയ്ക്കുന്നത്. മിക്കയിടത്തും അതു സ്ത്രീകളുടെ ബന്തവസ്സിലും നോട്ടത്തിലുമായിരിയ്ക്കും. ആസ്ത്രേലിയക്കാർ തീ കെട്ടുപോവാൻ സംഗതിയാക്കിയ സ്ത്രീയെ കഠിനമായി ശിക്ഷിയ്ക്കുന്നതും, ന്യൂഗിനിയിലെ പാപ്പുവന്മാർ തീയുണ്ടാക്കുവാനുള്ള ബുദ്ധിമുട്ടും കഷ്ടപ്പാടും വിചാരിച്ച്, അടുത്തുള്ള മറെറാരു കുടിൽ എത്രതന്നെ ദൂരത്തായാലും, അവിടെ പോയി കൊണ്ടുവരുന്നതും, 'പുതിയതിയ്യി'ന്റെ ഉപകല്പനം, പ്രത്യേകിച്ച അമേരിക്കയിലും ഓഷ്യാനിയയിലും, സദ്യകളെക്കൊണ്ടും മതകൎമ്മങ്ങളെക്കൊണ്ടും ആഘോഷിയ്ക്കപ്പെടുന്നതുമാണ്. ഒരു കഷ്ണം തീക്കല്ലിന്മേൽ ഒരു കഷ്ണം ഉരുക്കുകൊണ്ടു മുട്ടി തീപ്പൊരിയുണ്ടാക്കി അതു പഞ്ഞിയെപ്പോലുള്ള ഒരു വക കെടേശ്ശയിന്മേൽ വീഴിച്ചാണ് മലയന്മാരും കാടന്മാരും തീയുണ്ടാക്കുന്നത്. ഇങ്ങിനെ തന്നെയാണ് താഴ്ന്നതരം ഫ്യൂജിയന്മാരും എസ്കിമോക്കാരും അലിയൂട്ടുകാരും ചെയ്തുവരുന്നത്. കാടന്മാൎക്കു വീട്ടുസാമാനങ്ങളായി, വെയ്പാൻ കുറെ മൺപാത്രങ്ങളും മററു ആവശ്യങ്ങൾക്കു കുറെ മുളമ്പാത്രങ്ങളും മാത്രമേ ഉണ്ടായിരിയ്ക്കയുള്ളൂ. അവർ വെള്ളം സൂക്ഷിയ്ക്കുന്നതു മുളക്കുംഭങ്ങളിലാണ്. അതുകൾക്ക് ഒരു വാരയോ രണ്ടു വാരയോ നീളമുണ്ടാവും. ഒന്നോ രണ്ടോ ദിവസം ദൂരെ പോയി താമസിയ്ക്കേണ്ടതായി വന്നാൽ ഇമ്മാതിരിയുള്ള പാത്രങ്ങളിൽ വെള്ളം കൂടെക്കൊണ്ടുപോകുന്നതാണ്. ആവശ്യം വളരെ ചുരുക്കവും ജീവിതം വളരെ ഉപായവുമായ ഇവരുടെ മിടുക്കും സാമൎത്ഥ്യവും കണ്ടാൽ ഏവനും ആശ്ചൎയ്യം തോന്നും. കാട്ടിലെ മുളകൊണ്ടും വൃക്ഷങ്ങളുടെ ഇലകൊണ്ടും കയറുപോലെ പിരിച്ചുണ്ടാക്കാവുന്നതായ ചില വള്ളികളുടെ തോലുകൊണ്ടും അവർ അല്പസമയത്തിന്നുള്ളിൽ അവരുടെ വെട്ടുകത്തികൊണ്ടു സൌകൎയ്യമുള്ള ഗൃഹങ്ങൾ കെട്ടിയുണ്ടാക്കുന്നു; എന്നു മാത്രമല്ല, സമീപത്തു ലഭിപ്പാൻ കഴിയുന്ന സാധനങ്ങൾ കൊണ്ടുതന്നെ എല്ലാ ആവശ്യവും നടത്തിവരികയും സമീപമുള്ള സകലവും ഗുണപ്രദമായ വിധം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

കല്യാണസമ്പ്രദായങ്ങൾ.

പെൺകുട്ടികളെ പ്രായം ചെന്നതിന്നുശേഷം മാത്രം കല്യാണം കഴിയ്ക്കുന്നതുകൊണ്ടു കല്യാണകാൎയ്യം തീൎച്ചപ്പെടുത്തുന്നതു കല്യാണം ചെയ്യാനുള്ളവർ തന്നെയാകു

ന്നു. ഒരു പുരുഷന്നു തന്റെ എളയച്ഛന്റെയോ മൂത്തച്ഛന്റെയോ മകളോ തുടങ്ങി ആൺവഴി സംബന്ധമുള്ള യാതൊരു പെണ്ണിനെയും കല്യാണം ചെയ്വാൻ പാടില്ലെന്നാണ് അവരുടെ നിശ്ചയം. അന്യോന്യമുള്ള സംബന്ധം കണ്ടുപിടിക്കാൻ കഴിയുമെങ്കിൽ ഒരേ പിതാവിങ്കൽ നിന്നും ഉണ്ടായിട്ടുള്ള താവഴിക്കാർ തമ്മിലുള്ള ദാമ്പത്യവും പാടില്ലാത്തതാണ്. ഈ സംഗതികൊണ്ട് ഇവർ അധികവും ഭിന്നഗോത്രങ്ങളിൽ നിന്നല്ലാതെ വേളി കഴിക്കുകയില്ല. പരകല വേളിക്കാരാകുന്നു. എന്നാൽ ഒരു പുരുഷൻ തന്റെ അമ്മാമന്റെ (അമ്മയുടെ സഹോദരന്റെ) മകളെ കല്യാണം ചെയ്യുന്ന സമ്പ്രദായം പ്രായേണ നടന്നുവരുന്നില്ലെന്നില്ല.

ഒരു പെണ്ണു തെരണ്ടാൽ അവളെ ഏഴു ദിവസം ഒരു പ്രത്യേകമാടത്തിൽ താമസിപ്പിക്കുന്നു. ഏഴാം ദിവസം കുളിക്കുമ്പോൾ അവളുടെ അശുദ്ധി പോകും. ഈ ദിവസം സമീപമുള്ളവർക്കെല്ലാവർക്കും ഒരു അടിയന്തരദിവസമാണ്. തെരണ്ടിരിക്കുന്നവൾ ഒരു തോട്ടിൽ കുളിക്കുമ്പോൾ ഒഴുകിവരുന്ന വെള്ളം അന്യർ തൊടുന്നതായാൽ അശുദ്ധപ്പെടുമെന്നു വിചാരിച്ചു വരത്തക്കവണ്ണം അത്ര ദൃഢമാണ് അശുദ്ധിയിൽ അവർക്കുള്ള വിശ്വാസം.

ഭാര്യയായി സ്വീകരിപ്പാൻ പോകുന്ന പെണ്ണിന് ഒരു കാടൻ കാഴ്ചയായി കന്നം കൊടുക്കുകയില്ല. എന്നാൽ അവളുടെ മാതാപിതാക്കന്മാർക്കും അമ്മാമന്മാർക്കും സഹോദരന്മാർക്കും സഹോദരിമാർക്കും വസ്ത്രം സമ്മാനിക്കുക പതിവുണ്ട്. അവർ വിവാഹത്തിനുള്ള വാഗ്ദാനം ഉറപ്പിക്കുന്നതു വധൂവരന്മാരാകുവാൻ പോകുന്നവരുടെ മാതാപിതാക്കന്മാർ തമ്മിൽ വെറ്റിലയും അടക്കയും കൈമാററം ചെയ്തിട്ടാണ്. ഇതിനുശേഷം കല്യാണദിവസംവരെ വരന്റെ മാതാപിതാക്കന്മാർ വധുവിന് ഊണും അരിയും മററോരോ സാധനങ്ങളും കൊടുക്കണം. കല്യാണദിവസം മതസംബന്ധമായ യാതൊരു ക്രിയയും ചെയ്വാനില്ല. അന്നു ചെറുക്കൻ ബന്ധുമിത്രങ്ങളോടുകൂടി പെണ്ണിന്റെ മാടത്തിൽ ചെല്ലും. അവരുടെ സൽക്കാരവും മററും കഴിഞ്ഞാൽ കുടിലിന്റെ ഉമ്മറത്തു പ്രത്യേകം കെട്ടിയുണ്ടാക്കി അലങ്കരിക്കുന്ന ഒരു പന്തലിൽ വധൂവരന്മാർ അഭിമുഖമായി നില്ക്കും. അപ്പോൾ എല്ലാ സ്ത്രീപുരുഷന്മാരും ചെണ്ട കുഴൽ മുതലായ വാദ്യഘോഷങ്ങളോടുകൂടി വെവ്വേറെ ആടികളിക്കും. അതു കഴിയുമ്പോൾ വധുവിന്റെ അമ്മ സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ ഉണ്ടാക്കിയ കല്യാണത്താലി പെണ്ണിന്റെ കഴുത്തിൽ കെട്ടുകയും അച്ഛൻ ഒരു തലപ്പാവു ചെറുക്കന്റെ തലയിൽ വെക്കുകയും ചെയ്യും. പിന്നെ സമാഗമത്തിന്റെ ഒരു അടയാളമായി ദമ്പതിമാർ കൈകോർത്തു പിടിച്ചു മററുള്ളവരോടും ആഘോഷത്തോടുംകൂടി പന്തലിന്നു പ്രദക്ഷിണം ചെയ്തിട്ട് ഒരു പായിൽ ചെന്നിരുന്നു വെററില കൈമാറും. അതു കഴിഞ്ഞാൽ വധൂവരന്മാരൊന്നിച്ച് അവന്റെ മാടത്തിലേക്കു പോകുകയും ചെയ്യും. അവിടെയും ഇതുപോലെതന്നെ രണ്ടു ദിവസം ഇരുകക്ഷികളുടെയും ബന്ധുമിത്രങ്ങളോടുകൂടി ഉത്സവം ഘോഷിക്കുന്നതാണ്.

ചിലേടങ്ങളിൽ, കല്യാണം ചെയ്യണമെന്നാഗ്രഹിക്കുന്നവൻ സ്വന്തം പതിയിൽനിന്നും ഒരു കൊല്ലത്തോളം ദൂരെപ്പോയി താമസിച്ച് അതിന്നിടയിൽ അനുരൂപയായ ഒരുത്തിയെ തിരഞ്ഞെടുത്തിട്ടു,

പ്പെടുന്നു. അവരും അപ്പോൾ തന്റെ മാതാപിതാക്കന്മാരുടെ മാടത്തിലെയ്ക്കു മടങ്ങിപ്പോകും. ചിലപ്പോൾ ദാമ്പത്യവിച്ഛേദം ചില ജാത്യാചാരനടവടിപ്രകാരം ഉറപ്പിയ്ക്കപ്പെട്ടുവരുന്നതുമുണ്ട്. ഭാൎയ്യ കീഴ്വണക്കവും അനുസരണവുമില്ലാത്തവളായി കാണപ്പെട്ടാൽ കല്യാണബന്ധം വേണ്ടെന്നു വെയ്ക്കാമെന്നാണ് നിശ്ചയം. അവളുടെ നടവടിദോഷം പ്രത്യക്ഷപ്പെടുമ്പോൾ പ്രായം ചെന്നവരെല്ലാവരും കൂടി ഒരു ആലോചനാസംഘം ചേൎന്ന് ഇരുകക്ഷികളുടെയും വാദം കേട്ടു തീൎപ്പുകല്പിയ്ക്കും. ഈ സംഘത്തിന്ന് അവരുടെ മേൽ പൂൎണ്ണാധികാരമുണ്ട്. അവരുടെ തീൎപ്പിന്ന് അപ്പീലുമില്ല. സ്ത്രീയായാലും വേണ്ടില്ല പുരുഷനായാലും വേണ്ടില്ല, കീഴ്വണക്കമില്ലാതെയൊ ദുൎന്നടവടിക്കാരായൊ കാണപ്പെടുന്നപക്ഷം കൂട്ടത്തിൽനിന്നും തള്ളിക്കളയുന്നതാണ്. പിന്നെ അവർ ആ കാട്ടിൽ കടക്കാനെ പാടില്ല. എവിടെയെങ്കിലും പോയി നിത്യവൃത്തി കഴിച്ചുകൊള്ളണം. ഇങ്ങിനെയുള്ള സംഭവങ്ങളുണ്ടായാൽ നാട്ടിലെ താഴ്ന്ന ജാതിക്കാരുടെ അടുക്കലാണ് സ്ത്രീപാപി ശരണം പ്രാപിയ്ക്കുന്നത്.

ബഹുഭാൎയ്യത്വവും ബഹുഭൎത്തൃവും.

കുലവൎദ്ധനക്കായിക്കൊണ്ടു കാടന്മാർ ബഹുഭാൎയ്യത്വം ആചരിച്ചുവരാറുണ്ട്. ബഹുഭാൎയ്യാചാരനിയമപ്രകാരം ആദ്യത്തെ ഭാൎയ്യയ്ക്കു മററുള്ളവരെക്കാൾ പ്രാധാന്യം കൂടും. ഓരോരുത്തിയ്ക്കും വെയ്പുപാത്രങ്ങൾ പ്രത്യേകമായിരിയ്ക്കും. ഒരുവന്റെ ഭാൎയ്യമാരുടെ എണ്ണം വൎദ്ധിയ്ക്കുന്നതനുസരിച്ച് അവന്റെ ധനവും കീൎത്തിയും വൎദ്ധിയ്ക്കുന്നതായിട്ടാണ് ഗണിക്കപ്പെടുന്നത്. മുഹമ്മദീയർ, ആസ്ത്രേലിയക്കാർ, അമേരിക്കയിലെ ഇന്ത്യന്മാർ ഇവരുടെയിടയിൽ നാടപ്പുള്ള രീതിയിലൊ പൌരസ്ത്യപ്രദേശങ്ങളിൽ വെപ്പാട്ടികളെ വെച്ചു വരുന്ന രീതിയിലൊ ഏതെങ്കിലും ഒരു തരത്തിൽ ലോകം മുഴുവനും ഈ ബഹുഭാൎയ്യത്വമെന്നവസ്ഥ വ്യാപിച്ചിട്ടുള്ളതും, വിഷയസുഖം ലഭിപ്പാനും പണി എടുപ്പിക്കാനും മാത്രം ഉപകരിയ്ക്കപ്പെടുന്ന ഈ സ്ത്രീകളെ അവരുടെയിടയിൽ കേവലം അടിമകളെപ്പോലെ കരുതിവരുന്നതുമാണല്ലൊ. കാടന്മാരുടെയിടയിലും ഏതാണ്ട് ഈ ആലോചനതന്നെയാണ്. അവരുടെയിടയിൽ ബഹുഭൎത്തൃത്വം നടപ്പില്ല. ഈ സന്ദൎഭത്തിൽ, ഒരു കാടത്തിയുടെ ചാരിത്രശുദ്ധി അത്യന്തം പ്രശംസനീയമാണെന്നും വൈദികമായ വിവാഹസമ്പ്രദായം പ്രായേണ ഇല്ലെന്നുതന്നെ പറയാവുന്ന ഈ കൂട്ടരുടെയിടയിൽ ഇത് എങ്ങിനെ സംഭവിയ്ക്കുന്നുവെന്നു വിസ്മയം തോന്നത്തക്കവണ്ണം സ്ത്രീകൾ ഉദ്വാഹബന്ധത്തെ അത്ര സാരമായി കരുതിവരുന്നുണ്ടെന്നുമുള്ള സംഗതി സന്തോഷത്തോടെ സ്മരിയ്ക്കേണ്ടതാകുന്നു. വിധവകളെ ഒരിയ്ക്കലും കല്യാണംചെയ്യാൻ അനുവദിയ്ക്കുന്നതല്ല. എന്നാൽ ഗണികവൃത്തിയിൽ കഴിച്ചുകൂട്ടുവാൻ വിരോധിക്കുന്നതുമല്ല.

കുടുംബജീവിതം.

ഇന്ത്യയിലെ പല ആദ്യനിവാസികളുടെയിടയിലും കുടുംബഘടന ഇനിയും ഉണ്ടായിട്ടില്ലാത്തതും അതിന്നായി ഇപ്പോഴും പരിശ്രമം ചെയ്തുവരുന്നതുമാണല്ലൊ. എന്നാൽ കൊച്ചിയിലെ കാട്ടുജാതിക്കാരുടെയിടയിൽ ഈ അവസ്ഥ വളരെക്കാലം മുമ്പുതന്നെ നടപ്പിലായിരിയ്ക്കുന്നു. ഇവരുടെയിടയിൽ കുടുംബസ്ഥിതി നല്ലനിലയിലെത്തിട്ടുള്ളതും പിതാവിന്റെ

പ്രാമാണ്യം എല്ലായ്പോഴും പ്രബലമായിട്ടുള്ളതുമാണ്. അച്ഛൻ മക്കൾക്കു അവരുടെ നടവടിയെപ്പററിയുള്ള ഗുണദോഷങ്ങളെ പറഞ്ഞുകൊടുത്തു പൂൎവ്വികന്മാരിൽനിന്നും പാരമ്പൎയ്യാ കിട്ടിവരുന്ന സദാചാരനടവടികളെ ഉറപ്പിച്ചുവരുന്നു. ഭൎത്താക്കന്മാൎക്ക് അനുസരണമുള്ളവരായിരിക്കാനും അവരെ സന്തോഷിപ്പിക്കാൻ ശ്രമിക്കുന്നതിന്നും അമ്മമാർ പെൺമക്കളെയും ഉപദേശിക്കുന്നു. കുട്ടികളെ പ്രായം തികയുന്നതുവരെ അച്ഛനും അമ്മയും ഒന്നിച്ചു അച്ഛന്റെ സംരക്ഷണയിൽ പാൎപ്പിക്കുന്നതാണ്. പ്രായംതികഞ്ഞാൽ അവരെ കല്യാണം കഴിച്ചുകൊടുക്കുകയും, ആൺമക്കൾ കല്യാണശേഷം അവരുടെയും ഭാൎയ്യമാരുടെയും ചിലവിലെക്കുള്ളതു വാങ്ങി ഭാൎയ്യമാരുടെ മാതാപിതാക്കന്മാരൊന്നിച്ചോ അല്ലെങ്കിൽ തന്നെത്താൻ കെട്ടിയുണ്ടാക്കുന്ന പ്രത്യേകമാടങ്ങളിലൊ താമസിക്കുകയും ചെയ്യുന്നു.

ചില മാസങ്ങളിൽ കാടരുടെ മുഖ്യജോലി കാട്ടിലെ വിലപിടിച്ച ഉല്പന്നസാധനങ്ങൾ ശേഖരിക്കുകയാണ്. അതുകളുടെ വില്പനയാൽ അക്കാലങ്ങളിൽ ഭക്ഷണത്തിന്നും മററും ധാരാളം വകയുണ്ടാവും. എന്നാൽ മററുള്ള കാലങ്ങളിൽ സമീപം കിട്ടുവാൻ കഴിയുന്ന വല്ല കായോ കിഴങ്ങോ കൊണ്ടു കാലക്ഷേപം ചെയ്യേണ്ടതായിട്ടാണ് വരുന്നത്. ഈ വക സാധനങ്ങളെത്തേടി ചിലപ്പോൾ അധികം ദൂരം പോകേണ്ടതായും, മടങ്ങിപ്പോരാൻ സാധിക്കാതെയും വന്നാൽ വാഴയിലകൊണ്ടോ മറേറാ മേയുന്ന ഉറപ്പില്ലാത്ത ചെറുമാടം കെട്ടിയുണ്ടാക്കി ദുഷ്ടമൃഗങ്ങളിൽനിന്നും രക്ഷപ്പെടുവാൻ നാലുപുറവും തിയ്യിട്ടു കത്തിച്ചുകൊണ്ട് അവർ അവിടെ രാത്രി കഴിച്ചുകൂട്ടുന്നു. സ്ത്രീകളും ഭക്ഷണത്തിന്നാ‌പയോഗപ്പെടുത്താവുന്ന പലേ കിഴങ്ങുകളും തൂമ്പകൊണ്ടു കിളച്ചെടുത്തു ശേഖരിക്കാറുണ്ട്. അവർ കുടുംബഭക്ഷണം തയ്യാറാക്കുകയും, കുട്ടികളെ പോററിരക്ഷിക്കുകയും, അടുത്തുള്ള തോട്ടിൽപോയി വെള്ളം കൊണ്ടുവരികയും, മാടത്തിലെ സാമാനങ്ങൾ വേണ്ടുംവിധം സൂക്ഷിക്കുകയും, വേല ചെയ്യാൻ ഭൎത്താക്കന്മാരൊന്നിച്ചു പുറത്തുപോകയും ചെയ്യുന്നതാണ്. പുരുഷന്മാർ അവരെ ദയയോടെ സംരക്ഷിച്ചും അവൎക്ക് ഒരുവിധം സ്വാതന്ത്ര്യം അനുവദിച്ചും വരുന്നുണ്ട്. കുട്ടികളെ യാതൊരു വിദ്യാഭ്യാസവും ചെയ്യിക്കാതെയാണ് വളൎത്തിക്കൊണ്ടുപോരുന്നത്. ആറോ ഏഴോ വയസ്സു പ്രായമാവുമ്പോൾതന്നെ അവരെ മാതാപിതാക്കന്മാർ ദിവസേന തങ്ങളുടെ യാത്രയൊന്നിച്ചു കാട്ടിലേക്കു കൊണ്ടുപോയി അവിടെവെച്ചു ചില്ലറ സാധനങ്ങളെ ശേഖരിക്കേണ്ടുന്ന ക്രമവും രീതിയും പഠിപ്പിച്ചുകൊടുത്തുവരുന്നു. സൎവ്വദാ പൂജിക്കപ്പെട്ടുവരുന്ന പൂൎവ്വികന്മാരാൽ ഏൎപ്പെടുത്തപ്പെട്ടിട്ടുള്ള പദ്ധതികളിൽനിന്നും അല്പമെങ്കിലും തെററിനടക്കുന്നതു കാടന്മാൎക്കു മഹാ വിരോധമാകുന്നു. ഇവരെ വിദ്യ പഠിപ്പിച്ചു തന്റെ മതത്തിൽ ചേൎക്കണമെന്നു കരുതി ഉപകാരതല്പരനായ ഒരു പാതിരി ഒരിക്കൽ ഒരു സ്കൂൾ സ്ഥാപിച്ചുനോക്കി. പക്ഷെ കുട്ടികൾ ശരിയായി വരാതിരിക്ക കാരണം അതു വേണ്ടെന്നു വെക്കേണ്ടതായി വന്നയുള്ളു.

അവകാശവും ഗോത്രസംസ്ഥാപനവും.

കാടന്മാരുടെയിടയിൽ ഒരുവന്റെ സ്വത്തിന്ന് അവന്റെ മകനാകുന്നു അവകാശി. എന്നാൽ മൂപ്പന്മാരുടെ കാൎയ്യത്തിൽ മൂത്ത അനന്തിരവനാണ്. പത്തോ ഇരുപതോ കുട്ടികൾ കൂടിയ

താണ് ഒരു പതിയെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. പതിയിലെ ആളുകളെല്ലാം 'മൂപ്പൻ' എന്ന ഒരു മേലാളുടെ അധികാരത്തിൻകീഴിലാണ്. ഇവനെ അവരുടെ സമ്മതപ്രകാരം മഹാരാജാവു തിരുമനസ്സുകൊണ്ടാണ് നിശ്ചയിക്കുന്നത്. മൂപ്പനു തല വെള്ളികൊണ്ടു കെട്ടിയ ഒരു വടി കല്പിച്ചുകൊടുക്കും. ഇതു അവന്റെ അധികാരത്തിന്റെ മുദ്രയാണ്. കല്യാണം മരണം എന്നിവ സംബന്ധിച്ചുണ്ടാവുന്ന എല്ലാ അടിയന്തരങ്ങളിലും അവൻ അദ്ധ്യക്ഷം വഹിക്കുകയും, വഴക്കുകൾ കേട്ടു തീർപ്പു കല്പിക്കുകയും, ആവശ്യംപോലെ കുററക്കാൎക്ക അടി ശിക്ഷ കൂടി കൊടുക്കുകയും ചെയ്യും. കാടന്മാർ എല്ലാവിധനൂതനമാൎഗ്ഗപ്രവൎത്തനങ്ങളിലും പരാങ്മുഖന്മാരും, മൂപ്പന്റെ സമ്മതംകൂടാതെ യാതൊരു നൂതനമാൎഗ്ഗവും സ്വീകരിക്കാത്തവരുമാകുന്നു. മൂപ്പന്റെ ഭാൎയ്യയെ 'മൂപ്പത്തി' എന്നാണ് വിളിക്കുക. മൂപ്പന്ന് അവരുടെയിടയിലുള്ള സ്ഥാനവും നിലയും അവൾക്കു സ്ത്രീകളുടെയിടയിലുമുണ്ട്.

മതം.

കാടന്മാർ ആനിമിസ്റ്റുകളാണെന്നു മുമ്പൊരിടത്തു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എല്ലാവിധദീനങ്ങളും കഷ്ടപ്പാടുകളും ഭൂതകോപംകൊണ്ടുണ്ടാവുന്നതാണെന്നാണ് അവരുടെ വിശ്വാസം. അവർ ദൈവഭയമുള്ളവരും കാളീപൂജയിൽ പ്രത്യേകം വിശ്വാസമുള്ളവരുമാകുന്നു. അരിയും മററു ചില സസ്യപദാൎത്ഥങ്ങളും കൂടി തേനിൽ വേവിച്ച പായസംപോലുണ്ടാക്കുന്ന ഒരുവിധം മധുരദ്രവ്യമാണ് അവരുടെ ദൈവനിവേദ്യസാധനം. ഇതിലേക്കുള്ള അരി കന്യകമാരായ കുറെ സ്ത്രീകൾ കുളിച്ചു ശുദ്ധമായി വന്നു കുത്തി തയ്യാറാക്കണം. ഈ നിവേദ്യം വളരെ ദിവ്യമായിട്ടാണ് ഗണിക്കപ്പെട്ടിരിക്കുന്നത്. അവിടെ കൂടുന്ന എല്ലാ ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളും അതു അനുഭവിക്കുകയും ചെയ്യും. അയ്യപ്പൻ അവരാൽ ആരാധിക്കപ്പെടുന്ന മറെറാരു മൂൎത്തിയാകുന്നു. അവർ ആ മൂൎത്തിയുടെ സഹായം എല്ലാ ഉദ്യമങ്ങളിലും പ്രാൎത്ഥിക്കും. അവർ മരിച്ച കാരണവന്മാരെ പൂജിക്കുകയും കുടുംബങ്ങളിൽ ദീനമോ മററുവല്ല കഷ്ടതയോ സംഭവിക്കുമ്പോഴും എന്തെങ്കിലും ശുഭകരമായ പ്രവൃത്തി ചെയ്വാൻ തുടങ്ങുമ്പോഴും അവരുടെ അനുഗ്രഹവും സഹായവും പ്രത്യേകം പ്രാൎത്ഥിക്കുകയും ചെയ്യുന്നു. 'മലവാഴി' എന്ന കാട്ടുദേവത അവരുടെ മറെറാരു ദൈവമാകുന്നു. ദുഷ്ടമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും അവരെ രക്ഷിക്കുന്നത് ഈ മൂൎത്തിയാണെന്നാണ് അവരുടെ വിശ്വാസം. അവർ ശുദ്ധാശുദ്ധങ്ങളെ ഇത്ര വളരെ കാൎയ്യമായി ഗണിച്ചുവരുന്നത് ഈ മൂൎത്തിയെ വിചാരിച്ചാകുന്നു. അങ്ങിനെ ചെയ്യാതിരുന്നാൽ ദുഷ്ടമൃഗങ്ങളുടെ ശല്യങ്ങൾക്ക് അവർ ഇരയായിത്തീരുമത്രെ.

കാടന്മാർ 'ആചരിച്ചുവരുന്ന ആനിമിസം' എന്ന മതത്തെപ്പററി ഇമ്പീരിയൽ സെൻസസ്സ് റിപ്പോൎട്ടിൽ (Imperial census Report) ഇങ്ങിനെ പറഞ്ഞിരിക്കുന്നു:— "ബങ്കാളത്തിലെ ആദിമനിവാസികളുടെയിടയിലെന്നപോലെ, കാലക്രമംകൊണ്ടു ബ്രാഹ്മണജാതിയിലേക്കു ചേരുവാൻ സംഗതിയുള്ള ഒരുവക മതത്തിന്റെ ആദ്യനിലതന്നെയാണ് കാടന്മാരുടെ മതവും പ്രത്യക്ഷപ്പെടുത്തുന്നത്. എന്നാൽ ഈ വൎഗ്ഗക്കാരുടെ നേരായ മതം, ഹിന്തുക്കളുടെ പ്രഭാവം കേവലം ബാധിക്കാതെ ചോട്ടാനാഗപുരത്തെ ഓറന്മാരുടെയും മു

ണ്ടരുടെയും ഇടയിൽ ഇപ്പോഴും നിലനിന്നുവരുന്ന രീതിയിലുള്ള ഏനിമിസംതന്നെയാകുന്നു. കാറന്മാർ മുതലായവരെപ്പോലെ തന്നെ അനവധി അദൃശ്യശക്തികളാൽ തങ്ങൾ ആവേഷ്ടിതന്മാരായിരിക്കുന്നുവെന്നു കാടന്മാരും വിശ്വസിക്കുന്നു. ഈ അദൃശ്യശക്തികളിൽ ചിലവ അവരുടെ പൂർവ്വികന്മാർതന്നെ. മററുള്ളവ അവരുടെ മൂഢവിചാരപ്രകാരം കുന്നുകൾ തോടുകൾ എല്ല കഠത്തമായ കാടുകൾ ഇവയെല്ലാം നിഗ്രഹാനുഗ്രഹാദിപ്രഭാവങ്ങളുള്ള ചില അധിഷ്ഠാനദേവതകളുണ്ടെന്നുള്ള ബോധമല്ലാതെ മററു യാതൊന്നുമില്ല. അവർ ഈ ദേവതകൾക്ക പ്രതിമകൾ സൃഷ്ടിക്കുകയോ സ്വരൂപവും ആകൃതിയുമുണ്ടെന്നു വിചാരിക്കുകയോ ചെയ്യുന്നില്ല. ഉറപ്പായി ഒരു സ്ഥലത്തു സ്ഥാപിക്കപ്പെടുന്ന പരുക്കനായുരുട്ടിയുണ്ടാക്കിയ ഒരു ചളിക്കട്ടയും, ആവനാഴിയുടെ ആകൃതിയിലുണ്ടാക്കി ചായില്യം തേച്ച ഒരു കല്ലും മാത്രമാണ് അവരുടെ ഇഷ്ടദേവതാപ്രതിമകൾ. അവക്ക പറഞ്ഞാലൊടുങ്ങാത്തവണ്ണമുള്ള നാമങ്ങളും വിചാരിപ്പാൻപോലും കഴിയാത്തവണ്ണമുള്ള മഹിമയും ഉണ്ടെന്നും, അവരെ പൂജിക്കാനുപേക്ഷ ചെയ്താൽ വീട്ടുകാരനു അനത്ഥങ്ങളും വീട്ടുകാക്ക മരണമല്ലെങ്കിൽ വ്യാധിയും കന്നുകൾക്ക മഹാമാരിയും വിളവുകൾക്ക നാശവും ഉണ്ടാക്കിത്തീക്കുന്നതാണെന്നുമാണ് അവരുടെ വിശ്വാസം. ഈവക ദോഷങ്ങളെ പരിഹരിപ്പാൻവേണ്ടി, തങ്ങളുടെ ദൈവങ്ങൾ ഇരിക്കുന്നെടമായി വിശ്വസിക്കുന്ന പുണ്യസ്ഥലങ്ങളിൽ കാടന്മാർ നെയ്യ്, ശക്കര, ധാന്യക്കതിരു മുതലായ സാധനങ്ങളെക്കൊണ്ടു പൂജിക്കുകയും കോഴി, ആടു മുതലായ ജന്തുക്കളെ ബലി കൊടുക്കുകയും ചെയ്യുന്നതാണ്. അവരുടെ പൂജാരി അവരിൽതന്നെയൊരുവനും അവൻ അവരുടെ ക്ഷൌരകവൃത്തികൂടി നടത്തുന്നവനുമാകുന്നു. അവരുടെ നിവേദ്യസാധനങ്ങൾ പൂജക്കാർ ഭക്ഷിക്കുന്നതാണ്. കാടന്മാരോട് അവരുടെ മതത്തെപ്പററി ചോദിക്കുന്നതായാൽ, അവർ വാസ്തവത്തിൽ ബ്രാഹ്മണസമ്പ്രദായത്തിൽനിന്നും തീരെ അകന്നിരിക്കുന്നവർ തന്നെയെങ്കിലും, അങ്ങിനെയല്ലാതെ അവരുടെ ശാസ്ത്രാനുസാരം അല്പമെങ്കിലും വിടാതെ നടക്കുന്നവരായാലെന്നപോലെ, വിഷ്ണു, ശിവൻ എന്ന ഹിന്തുദൈവങ്ങളെപ്പററി അനിശ്ചിതമായി സംസാരിച്ചുകൊണ്ട്, ഹിന്തുക്കളാണെന്നു മറുവടി പറയുള്ളു. അന്യമതം എളുപ്പത്തിൽ സ്വീകരിക്കാതെ ദൃഢതയോടുകൂടി നില്ക്കുന്നവർ ആചാരപൂർവ്വവും സ്പഷ്ടവുമായി മതം മാറുന്നതു കാണാം. എന്നപോലെ, ഇവർ ഹിന്തുദൈവങ്ങളെപ്പററി സംസാരിക്കുന്നത് ഹിന്തുമതത്തിന്റെ ബാഹ്യതത്വങ്ങളെ സ്വീകരിക്കുന്നതിലേക്കുള്ള ആരംഭമാകുന്നു. ഇവരുടെ പിന്നത്തെ പതനം ബ്രാഹ്മണരെ പ്രവൃത്തിക്കാക്കുകയാണ്. അവരുടെ ശക്തി കൊണ്ടും ലോകശക്തികളെക്കൊണ്ടും ഇവരുടെ ദൈവങ്ങളെ മാററി വൈദികമതാനുസാരികളായ മൂർത്തികളാക്കിത്തീക്കുകയും, അതുകൾക്ക ഒന്നല്ലെങ്കിൽ മറെറാരു സുപ്രസിദ്ധമായ മൂലതത്വത്തിന്റെ ദൈശികാവിഷ്കരണമായി വിശ്വദേവതാഗണത്തിൽ സ്ഥാനം കൊടുത്ത് അതുകളെ വീട്ടുദൈവമോ ഗ്രാമദൈവമോ ആക്കി എന്തെങ്കിലും ഗൂഢമായ ഒരു സ്ഥലത്ത് സ്ഥാപിക്കുകയും ചെയ്യുന്നു. വംശം കുറെ പ്രബലപ്പെട്ടതാണെങ്കിൽ, ഒടുക്കം ക്ഷത്രിയന്മാരെപ്പോലെ, ആധാരമില്ലാത്ത ഒരു സ്ഥാനവലിപ്പംതന്നത്താൻ നല്കിവരികയും ചെയ്യുന്നു.

കാടന്മാർ ശവം കഴിച്ചിടുകയാണ്. ഒരു പുരുഷൻ മരിച്ചാൽ അവന്നു മകനുണ്ടെങ്കിൽ അവനും സ്ത്രീ മരിച്ചാൽ മകളും ശവം കുളിപ്പിക്കും. പെണ്ണുങ്ങളൊക്കെ കൂട്ടമായിച്ചേർന്നു വാവിട്ടു നിലവിളിക്കും. അതിലേക്കു പുരുഷന്മാരും ചേരും. പിന്നെ മരിച്ചവന്റെ ഗുണഗണത്തെപ്പററി പ്രശംസിച്ചുകൊണ്ടു ക്ഷീണിച്ചു വശംകെടുന്നവരെ എല്ലാവരും വിലപിക്കും. അതു കഴിഞ്ഞാൽ എല്ലാവരും ചേർന്ന് ഒരു സംസ്കാരനർത്തനം നടത്തും. ചിലർ, ഇവരോടുകൂടി ശവം മറവു ചെയ്യുന്നേടത്തേക്കു പോവാതെ, മാടത്തിന്റെ പുറത്ത് ഒരിടത്ത് ചെണ്ട കുഴൽ മുതലായവയെക്കൊണ്ട് അവരുടെ പ്രാകൃതമായ വാദ്യമാഘോഷിക്കും. ശവം ഒരു കോടിവസ്ത്രംകൊണ്ടു മൂടി മുളകൊണ്ടുണ്ടാക്കിയ ഒരു മഞ്ചത്തിൽ വെച്ചാണ് മറവു ചെയ്യാൻ എടുത്തുകൊണ്ടു പോകുന്നത്. കൊണ്ടുപോകുന്നതിന്നു മുമ്പായി അതിന്റെ മേൽ കുറെ അരി വിതറും. ശവക്കുഴിയുണ്ടാക്കുന്നതു പതിയിൽ നിന്നും വളരെ ദൂരത്തായിരിക്കും. ഇതിന്നു നാലഞ്ചടി ആഴമുണ്ടാവും. ഇതിന്നുള്ളിൽ ഒരു പായിൽ ശവം തെക്കോട്ടു തലയാക്കി വെച്ച് കുഴി മണ്ണിട്ടു തൂർക്കുകയാണ് പതിവ്. ഈ സ്ഥലം അറിയുന്നതിലേക്ക് അതിന്റെ മീതെ എന്തെങ്കിലും കല്ലോ അല്ലെങ്കിൽ സ്മാരകചിഹ്നമായ മററുവല്ലതുമോ സ്ഥാപിക്കുക പതിവില്ല. എന്നാൽ ചിലസമയം ഒരു വലിയ കല്ലു ശവത്തിന്റെ തലയ്ക്കൽ വെച്ച് അതിന്മേൽ മരിച്ചവന്നു കടവിൽ കുടിക്കാൻ കൊടുത്ത വെള്ളത്തിൽ ബാക്കിയുള്ളത് അഭിഷേകം ചെയ്ക പതിവുണ്ട്. മരണസമയം ദേഹത്തിൽ വല്ല ആഭരണവുമുണ്ടായിരുന്നാൽ ആയതു ശവത്തോടൊന്നിച്ചു മറവു ചെയ്യും, പുല കഴിയുന്ന ദിവസം എടുത്തുകൊണ്ടു പോരുകയും ചെയ്യും. ചത്തവന്റെ പ്രേതത്തെ ഭയന്നു ശ്മശാനസ്ഥലത്ത് ആരും ചെല്ലുക പതിവില്ല. അങ്ങിനെ ചെയ്താൽ പ്രേതങ്ങൾ വീട്ടിൽ വന്നു ബാധിച്ച് കുട്ടികളെ പീഡിപ്പിക്കുമെന്നാണ് അവർ വിശ്വസിക്കുന്നത്. അവർ പത്തു ദിവസം പുല ആചരിക്കുകയും പത്താംദിവസം കാലത്തു മുങ്ങിക്കുളി കഴിച്ചാൽ ശുദ്ധമായിത്തീരുകയും ചെയ്യുന്നു. അന്നു ബന്ധുമിത്രങ്ങൾക്കു ഒരു സദ്യദിവസമാണ്. കൊല്ലാവസാനത്തിലും ഒരു സദ്യക്കു സമീപസ്ഥന്മാരേയും ബന്ധുക്കളേയും ക്ഷണിക്കുകയും എല്ലാവരും മദ്യപാനവും കളിയുമായി കോലാഹലം കൂട്ടുകയും ചെയ്യുന്നതാണ്. “ആനിയമലകളിലും കോയമ്പത്തൂർ മലകളിലും പലതരത്തിലും ആകൃതിയിലുമുള്ള കല്ലുകൾ നാട്ടിക്കാണുമാറുണ്ട്. ഇതുകളുടെ സമീപം ഒരിക്കലും ശവം ദഹിപ്പിക്കാറില്ല. ഇതുകളിൽ ഏതാണ്ട് അത്താണിയുടെ സ്വഭാവത്തിൽ രണ്ടു കല്ലുകളുടെ മീതെ മറെറാരു കല്ലു വെച്ചു കാണപ്പെടുന്നവ ബലിപീഠമാണെന്നോ, ഒററയായി പലേടത്തും കാണപ്പെടുന്ന സ്തംഭങ്ങൾ ശിലാപൂജയ്ക്ക് ഉപയോഗപ്പെടുത്തിയിരുന്നവയാണെന്നോ തോന്നിപ്പോകും. എല്ലാവൃത്തങ്ങളും ശിലാസ്തംഭങ്ങളും ശവക്കുഴി സംബന്ധമായിട്ടുള്ളതാണ്. മേൽപറഞ്ഞ അത്താണികളിന്മേൽ വിശേഷമായി പണിയപ്പെട്ടിട്ടുള്ള മൺപാത്രങ്ങളും ഇരിമ്പിന്റെ അവശിഷ്ടങ്ങളും കാണാം.” *

ശേഷക്രിയാരീതി

കാടരുടേയും മററു കാട്ടുജാതിക്കാരുടേയും മുഖ്യ തൊഴിൽ കാട്ടിലെ ഉല്പന്നങ്ങൾ ശേഖരിക്കുകയാണ്. കാട്ടിലെ ചെറുതരം ഉല്പന്നങ്ങൾ താഴെ വിവരിക്കുന്നവയാകുന്നു:—

* Ratzelis history of mankind Vol I

# താമരശ്ശേരി ചെകിത്താൻ

III

പിറെറ ദിവസം മാധവമേനവനും മററും ഒരുമിച്ചിരുന്നു തലേനാളത്തെ സംഭവത്തെക്കുറിച്ചും ഭൂതപിശാചുക്കളെപ്പററി പൊതുവായും ചില വാദപ്രതിവാദങ്ങൾ നടത്തി. യാതൊരു പ്രതിഫലേച്ഛയും കൂടാതെ കാണിച്ച സമ്മാനം ചെകിത്താൻ നിരസിച്ചതു മിസ്റ്റർ മേനോന് അശേഷം രസിച്ചില്ലാ. അദ്ദേഹം ഇങ്ങിനെ പറഞ്ഞു:—

'ചെകിത്താന് എന്തെങ്കിലും ദേഹോപദ്രവം ഏല്പിക്കണമെന്ന് എനിക്കു് ആഗ്രഹമില്ലാ. ഈ ഭവനത്തിലെ ഒരംഗത്തിൻെറ നിലയിൽ അയാൾ ഇവിടെ പെരുമാറിയ കാലദൈർഘ്യത്തെ ആലോചിക്കുമ്പോൾ അയാളുടെ മേൽ തലയിണ വലിച്ചെറിഞ്ഞതു് ആകപ്പാടെ മര്യാദയായില്ലെന്നാണ് എൻെറ അഭിപ്രായം. (ഇതു കേട്ടപ്പോൾ അടിക്കൊച്ചന്മാർ പൊട്ടിച്ചിരിച്ചുപോയി). പക്ഷേ ല്യൂബ്രിക്കേററർ ഉപയോഗിക്കയില്ലെന്ന് അയാൾ നിർബ്ബന്ധം പിടിക്കയാണെങ്കിൽ, ഒന്നു തീച്ച തന്നെ, ആ ചങ്ങല അയാളുടെ ദേഹത്തിൽ നിന്ന് എടുത്തു മാററിക്കളയാതെയും നിവൃത്തിയില്ലാ. അങ്ങിനെയുള്ള ശബ്ദം ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ ഉറക്കം വരുന്നതു കുറെ പ്രയാസം തന്നെയാണ്. ഞാൻ ഒരു ലഘുനിദ്രക്കാരനാണെന്നുള്ള വസ്തുത അയാൾ ഗ്രഹിച്ചിട്ടില്ലായിരിക്കും'.

പിന്നീട നാലഞ്ചു ദിവസത്തേക്കു രക്തലാഞ്ഛനകൾ ആദ്യം കണ്ട മുറിയിൽ കണ്ടുകൊണ്ടിരുന്നു എന്നല്ലാതെ ചെകിത്താനെക്കൊണ്ടു പറയത്തക്ക ഉപദ്രവം ഒന്നും ഉണ്ടായില്ലാ. മുറിയുടെ വാതലും ജനലും എല്ലാം പൂട്ടിയിട്ടിരുന്നിട്ടും അതിനു കുറവില്ലാഞ്ഞതും, അതിനു പുറമെ ആ പാടുകളുടെ നിറം ദിനംപ്രതി മാറിക്കൊണ്ടിരുന്നതും അവരെയെല്ലാം ഏറക്കുറെ വിനോദിപ്പിക്കയും വിസ്മയിപ്പിക്കയും ചെയ്തു. ചിലദിവസം ഇളംചുകപ്പായിക്കാണാം. ചിലദിവസം കടുംചുകപ്പാണ്. ചിലപ്പോൾ നല്ല മഞ്ഞയായിരിക്കും. പച്ചനിറത്തിലും കണ്ടിട്ടുണ്ട്. ഓമനക്കുട്ടിക്കു മാത്രം ഈ നിറഭേദത്തെക്കുറിച്ചു യാതൊരു വിനോദവും തോന്നിയില്ലെന്നു മാത്രമല്ലാ അല്പം വിഷാദവും കൂടി ഉള്ളതായിക്കണ്ടു. പച്ചനിറത്തിലുള്ള രക്തം കണ്ടുതുടങ്ങി എന്നു അറിഞ്ഞപ്പോൾ അവൾ 'അയ്യോ' എന്നൊന്നു കരയുകകൂടി ചെയ്തു. പക്ഷെ വേഗത്തിൽ അമത്തിക്കളഞ്ഞു.

ചെകിത്താൻ രണ്ടാമത് ആവിർഭവിച്ചതു ശനിയാഴ്ച രാത്രിയാണ്. എല്ലാവരും ഉറങ്ങാൻ കിടന്നു കുറച്ചു കഴിഞ്ഞപ്പോൾ മുൻവശത്തെ ഹാളിൽ ഒരു സാധനം നിലത്തു വീണതുപോലെ അത്യുച്ചത്തിൽ ഒരു ശബ്ദം കേട്ടു. മേനോനും മററും പുറത്തു വന്നു നോക്കിയപ്പോൾ ആണിയിൽ തൂക്കിയിരുന്ന ഒരു ഭാരിച്ച ഇരുമ്പുകവചം നിലത്തു കിടക്കുന്നതും ഒരു വലിയ കസേരയിൽ ചെകിത്താനിരുന്ന് വേദനപ്പെട്ടു മുഖം ചുളിച്ചു മുട്ടു തിരുമ്മുന്നതും കണ്ടു. അടിക്കൊച്ചന്മാർ സൌകര്യമായ സ്ഥിതിയിൽ തങ്ങളുടെ കളിപ്പാട്ടം ഇരിക്കുന്നതു കണ്ട

ത്തും അവർ കൊണ്ടുവന്നിരുന്ന രണ്ടു മാർബിൾ തുണ്ടുകൾകൊണ്ടു കളിപ്പാട്ടത്തിൻെറ നെററിയിൽ ഉന്നംവെച്ച് 'ഠെ' എന്ന് എറിഞ്ഞുകൊള്ളിച്ചതും ഒരുമിച്ചു കഴിഞ്ഞു. അതിനിടയ്ക്കു മിസ്റ്റർ മേനോൻ ധാമ്മികനായ യോധാവിനെപ്പോലെ ഒരു റിവോൾവറെടുത്ത്, ചെകിത്താൻെറ നേക്കു പിടിച്ച് "വേണെങ്കിൽ കൈപൊക്കിക്കൊള്ളണം" എന്നാജ്ഞാപിച്ചു. ചെകിത്താൻ കോപവിഹ്വലനായി കതിച്ചെഴുനേററ് ഏകദേശം പത്തടി പൊക്കത്തിൽ സ്തംഭാകൃതിയിലുള്ള മൂടൽമഞ്ഞായി രൂപംമാററി അവരുടെ ഇടയിൽ കൂടി നാഥൻെറ കയ്യിൽ ഇരുന്ന മെഴുകുതിരിവിളക്കിനെ കെടുത്തിയതിൽ പിന്നെ അന്തദ്ധാനം ചെയ്യുകയും ചെയ്തു. എന്നിട്ട് ആ കൂരിരുട്ടിൽ കോണിപ്പടിയുടെ മുകളിൽ ചെന്നുനിന്നു. അയാളുടെ സുപ്രസിദ്ധമായ അട്ടഹാസം ഒന്നടിച്ചുവിട്ടു. അതിൻെറ ധ്വനിയും പ്രതിധ്വനിയും ആ കെട്ടിടത്തിൽ ദീർഘനേരത്തേയ്ക്കു മുഴങ്ങിക്കൊണ്ടിരുന്നു. ആ ധ്വനി മുഴുവൻ അവസാനിച്ചില്ലാ, അപ്പോഴെയ്ക്കും അടുത്തൊരു മുറി തുറന്നു. ശതാംബ പുറത്തുവന്ന്, "നിങ്ങൾക്കു ദേഹത്തിനു നല്ല സുഖമില്ലെന്നു തോന്നുന്നു. ഞാനിതാ ഡോക്ടർ സോബല്ലിൻെറ ടിങ്ക്ചർ കുറെ കൊണ്ടുവന്നിട്ടുണ്ട്. ദഹനക്ഷയമാണെങ്കിൽ ഇതിലും നല്ല മരുന്നില്ലാ", എന്നു ചെകിത്താനോടു ദയാപൂർവ്വം പറഞ്ഞു. ഇത് കേട്ടപ്പോൾ ചെകിത്താൻെറ കണ്ണിൽ നിന്നു കനൽകട്ടകൾ ചിതറിത്തുടങ്ങി. ഉടനെ തനിയ്ക്കു വശമായിരുന്ന കറുത്ത കരടിപ്പട്ടിയാവുന്ന വിദ്യയെടുത്ത് ശതാംബയെ കുരുടിയാക്കിക്കളയാമെന്നു വെച്ച് അതിനു തുനിയുന്നതിനിടയ്ക്കു രണ്ടു ചെറിയ കാലടി ശബ്ദങ്ങൾ കേൾക്കുകയാൽ കാര്യം നല്ല പന്തിയല്ലെന്നു കണ്ട്. പെട്ടെന്നു ഒരു അഗ്നിസ്ഥൂണമായിത്തീൻ ഒരു മരടലോടുകൂടി അടിക്കൊച്ചന്മാരുടെ ഇടയിൽ കൂടെ അന്തരീക്ഷത്തിൽ മറയുകയും ചെയ്തു.

ചെകിത്താൻ മുറിയിലെത്തിയതും ബലവത്തായ വികാരങ്ങൾക്കധീനനായി ക്ഷീണിച്ചു വീണുപോയതും ഒരുമിച്ചു കഴിഞ്ഞു. ആ യമളന്മാരുടെ ഹീനബുദ്ധി, ശതാംബയുടെ തഴമ്പിച്ച അനാത്മികത്വം, മേനോൻെറ ധിക്കാരം, നാഥൻെറ വികൃതിസ്വഭാവം, ഇതുകൾ അയാളെ ക്രമത്തിലധികം ക്രോധപ്പെടുത്തി. അതോടുകൂടി ആ കവചം ധരിയ്ക്കാൻ സാധിച്ചില്ലല്ലൊ എന്നുള്ള കുണ്ഠിതം കൂടി ചേന്നപ്പോൾ അയാൾക്കു 'കിടയ്ക്കപ്പൊറുതിയും' ഇല്ലാതായി. അതിലും ഭാരിച്ച കവചങ്ങൾ ഇട്ടുംകൊണ്ടു അയാൾ എത്രയൊ അഭ്യാസങ്ങൾ നടത്തീട്ടുണ്ട്! തത്സമയം അതെടുത്തു പോകുവാൻ കൂടി പാടില്ലാതായതെങ്ങിനെ? കലി മൂക്കുമ്പോൾ പിടിപെടുന്ന ബലഹീനത ചെകിത്താന്മാരെയും ബാധിയ്ക്കുമോ? എന്തൊരു വീഴ്ചയാണ് വീണത്? എന്തൊരു രക്തപ്രവാഹമായിരുന്നു? പണ്ടു വലിയവലിയ വൃക്ഷങ്ങളുടെ മുകളിൽ നിന്നു കതിച്ചുചാടിയാൽ പൊടിയുംതട്ടി എണീറ്റു പോകുന്ന താമരേത്തു ചെകിത്താന് ഇപ്പോൾ ഈ വിധം സംഭവിച്ചത് ഓക്കുമ്പോൾ നാം ഊഹിയ്ക്കേണ്ടത് ആ സാധുവിൻെറ കാലം അടുത്തു എന്നു തന്നെയാണൊ?

അതിൽപിന്നെ കുറെ ദിവസത്തേയ്ക്കു ചെകിത്താൻ ദീനമായി മുറിയിൽ തന്നെ കിടന്നു. അക്കാലത്ത് മറേറ മുറിയിൽ രക്തബിന്ദുക്കൾ ശരിയ്ക്കുവെക്കുന്നതിനു മാത്രമേ പുറത്തു പോകാറുള്ളു. ഇങ്ങിനെ ചെ

കിത്താന്റെ അസ്വാസ്ഥ്യമെല്ലാം ഭേദമായി, ഉത്സാഹശീലം പുനൎജ്ജീവിച്ചു. അപ്പോൾ തന്റെ ശത്രുക്കളെ ഭീഷണിപ്പെടുത്തുന്നതിനുള്ള മാൎഗ്ഗവും ആലോചനയായി. ഒന്നുകൂടി ശ്രമിക്കാമെന്നു തീൎച്ചയാക്കി. ചിങ്ങം 17-ാംനു- ചൊവ്വാഴ്ച അതിന്നു ഒരു നല്ല ദിവസമായികണ്ടു. വേഷം മാറുന്നതിനുള്ള സാമഗ്രികളെല്ലാം ഒന്നു നല്ലവണ്ണം പരിശോധിച്ച്, അവയിൽനിന്നു സൎപ്പപ്രതിമയോടുകൂടിയ ഒരു വലിയ മുലത്തൊട്ടിയും, കറുത്തു കീറിയ ഒരു കരിമ്പടവും, ഇരുമ്പു പിടിച്ച ഒരു കഠാരിയും തല്ക്കാലത്തേക്കു മതിയാവുമെന്നുവെച്ച് തിരഞ്ഞെടുത്തു. തന്റെ ശത്രുക്കൾ പരിഷ്കാരികളാകയാൽ കൃത്രിമോപായങ്ങൾ അധികമില്ലാതിരിക്കുകയാണ് നല്ലത്, എന്നായിരുന്നു ചെകിത്താന്റെ യുക്തി. സായാഹ്നമായതോടുകൂടി കോരിച്ചൊരിയുന്ന മഴയും അത്യുഗ്രമായ കാററും ആരംഭിച്ചു. തന്റെ സന്നാഹങ്ങൾക്ക് ഏതാദൃശമായ കാലാവസ്ഥ ആവശ്യമായിരുന്നതിനാൽ ചെകിത്താൻ വളരെ സന്തോഷിച്ചു. അയാൾ നിശ്ചയിച്ച പുറപ്പെട്ടത് ഈ വിധമാണ്:- ആദ്യമായി, നാഥന്റെ മുറിക്കകത്തു പ്രവേശിച്ച്, കട്ടിലിന്റെ കാല്ക്കൽനിന്ന്, ചെറിയൊരു പാട്ടും പാടികൊണ്ട്, അതിന്നു താളമായി നാഥന്റെ കഴുത്തിൽ മൂന്നു പ്രാവശ്യം ഞെക്കി ആറു പ്രാവശ്യം കുത്തുക, രക്തലാഞ്ഛനകളുടെ വിഷയത്തിൽ തനിക്കു ലഭിച്ചിരുന്ന ന്യായമായ കീൎത്തിക്ക് ആ വികൃതി ഒരുതടസ്ഥമായി വന്നതുകൊണ്ടാണ് അയാളുടെ കഥ ആദ്യം കഴിക്കാമെന്ന് വെച്ചത്. എന്നിട്ട്, മാധവമേനോനും ശതാംബയും ഉറങ്ങുന്ന മുറിയിൽ ചെന്ന്, നീണ്ട് എല്ലിച്ച് ശോണിതമയമായ ഒരു കൈ ശതാംബയുടെ നെററിയിൽ വെക്കുക. അതോടുകൂടി മേനോന്റെ ചെവിയിൽ ഒരു പുൽക്കാരം പുറപ്പെടുവിച്ചു രണ്ടു പേരേയും ഉണൎത്തുക. ഇതുകൊണ്ട് അവൎക്ക് സ്ഥിരമായ വിമൂഢത പിടിപെടുമെന്ന് അയാൾ ഉറച്ചു. രാമനക്കുട്ടി അയാളെ ഒരിക്കലും അപമാനിച്ചിട്ടില്ലാതിരുന്നതുകൊണ്ട് വലിയ കയ്യൊന്നും ആവശ്യമില്ലെന്നും, ഒന്നു രണ്ടു ചെറിയ അട്ടഹാസങ്ങൾ മതിയാവുമെന്നും, അതുകൊണ്ട് രാമനക്കുട്ടി ഉണരാത്ത പക്ഷം വാതലിന്മേൽ പൂച്ചമാന്തുംപോലെ മാന്താമെന്നും തീൎച്ചയാക്കി. അടികൊച്ചന്മാരെ ഒരു പാഠം പഠിപ്പിച്ചു വിടണമെന്നുതന്നെ ചെകിത്താൻ നിശ്ചയിച്ചു. അതിനാൽ ആദ്യമായി അവരുടെ വക്ഷസ്സുകളിൽ കയറി അമക്കനെപ്പോലെയിരിക്കുക. എന്നിട്ട് അവരുടെ ശയ്യകളുടെ മദ്ധ്യത്തിൽ പച്ച നിറത്തിലുള്ള മൃതശരീമായി രണ്ടു മിനിട്ടുനേരം നിന്നതിൽ പിന്നെ, കരിമ്പടം ആകാശത്തിൽ പരത്തിയെറിഞ്ഞ് നെററിയിൽ 'മൂന്നാം തൃക്കണ്ണ്'പോലെയുള്ള ഒരു കണ്ണിട്ട് ചുഴററിക്കൊണ്ട് വെളുത്ത ഒരു അസ്ഥിപഞ്ജരമായി ആ അകം മുഴുവനും ഒന്നു മുട്ടുകുത്തി ഇഴയുക. ഈ വിശ്വവിശ്രുതമായ വിദ്യകൊണ്ട് ആ സാഹസികൾ പേടിച്ചരണ്ട് രണ്ടു കരിക്കൊള്ളികളായി തീൎന്നില്ലെങ്കിൽ താമരത്തെ ചെകിത്താൻ ചെകിത്താനല്ലെന്ന് അയാൾ വീരവാദം ചെയ്തു. ഏവം വിധമായ ആലോചനകളുടെ പരിപൂൎണ്ണതയാലോചിച്ച് അയാൾ സംതൃപ്തിയോടുകൂടി ഒരു പുഞ്ചിരിയും ഇട്ടു.

ഭവനത്തിലുള്ളവർ പത്തു മണിയോടുകൂടി ഉറങ്ങാൻ കിടന്നെങ്കിലും കുറച്ചു നേരത്തേക്ക അടികൊച്ചന്മാരുടെ മുറിയിൽനിന്ന് ചില ലഹളകളും പൊട്ടിച്ചിരിയും മററും കേൾക്കാമായിരുന്നു. പതിനൊന്നേകാൽ മണിയായപ്പോഴേക്കും എല്ലാം നിശ്ശ

ച്ചമായി. ഒരു കൂമൻ പക്ഷി മേൽപുരയിന്മേൽ ഇരുന്ന് ഊ-ം, ഊ-ം, എന്നു കരയുന്നുണ്ട്. അതിനു ശ്രുതിയായിട്ടോ എന്നു തോന്നുമാറു മിസ്റ്റർ മേനോൻ ധാരമുറിയാതെ ക്രൂക്കംവലിക്കുന്നതുമുണ്ട്. മഴ അല്പം ശമിച്ചുവെങ്കിലും കാററ് ഊക്കോടെ വീശുന്നു. കഷ്ടം മിസ്റ്റർ മേനോനും കുഡുംബത്തിനും സംഭവിക്കാൻ പോകുന്ന അത്യാപത്തിനെകുറിച്ച് അവരെന്തറിയാം. സാധുക്കൾ സുഖമായി നിദ്രചെയ്യുന്നു. അതു അവരുടെ ദീർഘനിദ്രയുടെ മുഖവുരയായിരിക്കുമോ? ചെകിത്താൻനിരയിൽനിന്നും ആവിർഭവിക്കുന്നു. അയാളുടെ ചുളുങ്ങിയ മുഖം ക്രൌര്യസൂചകമായ ഒരു പുഞ്ചിരിയാൽ ഭയാനകമാവുന്നു. പെട്ടെന്നു മുഖത്തിനു ചുററും കുറച്ചു ദൂരത്തിൽ അന്ധകാരം വ്യാപിക്കുന്നു. ഒരു ഛായാരൂപമായി അയാൾ മുമ്പോട്ട് ചലിയ്ക്കുന്നു. താമരേത്തു ഭവനത്തിൽ വ്യാപിച്ചിരുന്ന അന്ധകാരം അയാളുമായി സംസർഗ്ഗം ഉണ്ടാവരുതെന്നുവെച്ചിട്ടോ എന്നു തോന്നുമാറ് ആ ബീഭത്സാകാരത്തിൽനിന്നു പിൻവാങ്ങുന്നു. അങ്ങിനെ അയാൾ ചരിക്കുന്നതിനിടയ്ക്ക് ഒരു ശബ്ദം കേട്ടിട്ടു, 'പണ്ടാരം പിടിച്ച്" എന്നു തുടങ്ങിയ ഒരു ശാപത്തോടുകൂടി സ്വല്പനേരത്തേക്കു എങ്ങുമില്ലാതെയാവുന്നു. ഫേയ്, അതൊരു പട്ടികരച്ചതു മാത്രമാണ്. പിന്നെയും സ്വസ്വരൂപം ധരിച്ച് വിജയ സൂചകമായി കഠാരിയെ വീശിക്കൊണ്ട് മുന്നോട്ടു പായുന്നു. നാഥനുറങ്ങുന്ന മുറിക്കടുത്തെത്തുന്നു. കാററ് ഒന്നുകൂടി മുറികി വീശുന്നു. മണി പതിനൊന്നരയടിക്കുന്നു. മുഹൂർത്തസമയമായി.

ചെകിത്താനൊന്നു പതുക്കെ ചിരിച്ചു. നാഥന്റെ മുറിക്കകത്ത് അസ്ഥിക്കാലൊന്നെടുത്തുവെച്ചു. അപ്പോൾ അയാളുടെ തീക്കണ്ണുകളിൽപെട്ട കാഴ്ചയെപ്പററി എന്തു പറയേണ്ടു? ഭയങ്കരം! ഭയങ്കരം! ആ സാധു പേടിച്ചരണ്ട് മുമ്പോട്ടുവെച്ച കാൽ പിന്നോക്കം തന്നെവെച്ച്, അസ്ഥിക്കൈകൾകൊണ്ടു കണ്ണുപൊത്തിപ്പിടിച്ചു. കണ്ടാൽ വെട്ടുകിട്ടത്തക്ക ഭീമാകൃതിയിൽ ഒരു ശരീരം മുമ്പിൽ തന്നെ യാതൊരു ചലനവുമില്ലാതെ നില്ക്കുന്നു. അതിന്റെ ശിരസ്സ് മിനുമിനുത്ത കഷണ്ടി. വെളുത്തു വൃത്താകാരമായ മുഖം അത്യന്തം മാംസളം. മുഖത്തെ അംഗങ്ങൾ പൈശാചികം. ആ അംഗങ്ങൾ ഒരു ഫാസത്തെ അനുഷ്ഠിക്കുന്നതിനൊ എന്നു തോന്നത്തക്കവണ്ണം സ്വസ്ഥാനങ്ങളെ ത്യജിച്ചിരിയ്ക്കുന്നു. വട്ടക്കണ്ണുകളിൽനിന്ന് ഒരു ചുമന്ന വെളിച്ചം ഉൽഗമിക്കുന്നു. വായ ഒരു തീക്കിണറുതന്നെ. ഒരു ശുഭ്രവസ്ത്രംകൊണ്ട് തുംഗതാമായ ശരീരം ആപാദചൂഡം ആവരണം ചെയ്തിരിക്കുന്നു. വക്ഷസ്സിൽ അജ്ഞേയങ്ങളായ ലിപികളിൽ എന്തോ എഴുതി ഒട്ടിച്ചിരിക്കുന്നു. വലതു കയ്യിൽ ധവളമായ ഒരു ഖഡ്ഗം ഉയർത്തിപ്പിടിച്ചിട്ടുണ്ട്.

അതിനു മുമ്പ് ഒരു ചെകിത്താനെ നമ്മുടെ ചെകിത്താൻ കണ്ടിട്ടില്ലാതിരുന്നതുകൊണ്ടു ക്ഷണനേരത്തേയ്ക്കു പേടികൊണ്ട് ബുദ്ധിഭ്രമിച്ച് അയാൾ അമ്പരന്നു നിലകൊണ്ടു. പിന്നെ, സ്വബോധം വന്നപ്പോൾ നിലത്തു തൊട്ടുതൊട്ടില്ല എന്ന വിധത്തിൽ എടനാഴിയിൽക്കൂടെ, കയ്യിലിരുന്ന കഠാരി മാധവമേനോന്റെ മുറിയുടെ മുൻവശത്തു വീണുപോയത് അറിയാതെ സ്വന്തമുറിയിലേക്കു കുതിച്ചു പാഞ്ഞു. (നേരം പുലന്നപ്പോൾ ഉമ്മിണിയമ്മ കഠാരി കാണുകയും മാധവമേനെ എല്പിക്കയും ചെയ്തു എന്നു എടയ്ക്കു പറഞ്ഞുകൊള്ളട്ടെ) മുറിയിൽ എത്തി ചിരകാലംകൊണ്ട് ശേഖരിച്ചുവെച്ച സൂര്യരശ്മികൾകൊണ്ടുണ്ടാക്കിയ ഒരു 'സൂര്യപടം' കിടയ്ക്ക നിവർത്തിയിട്ടു അതിൽ കണ്ണുകൾ ഇറുക്കി അടച്ചുകൊണ്ടു കുറച്ചു നേരം കമഴ്ന്നു കിടന്നു. അനന്തരം ആ സ്ഥ

തിയിൽ കിടക്കുന്നതു് തന്റെ ധീരതയ്ക്കു യോജിക്കുന്നതല്ലെന്നു കണ്ടു് ഇങ്ങിനെ ആലോചിച്ചുറച്ചു: 'നാം ഒന്നു പുലരുന്നാകട്ടെ. എന്നിട്ടു് ആ ചെകിത്താനോടു പോയി നേരിട്ടു സംസാരിച്ചുകളയാം.' അനുവാദം കൂടാതെ സ്വപക്ഷത്തിൽപ്പെട്ട ഒരുത്തൻ അവിടെ കടന്നു ചെന്നതു മറ്റൊരു കാലത്തായിരുന്നുവെങ്കിൽ താമരേത്തെ ചെകിത്താൻ ഒരു പാഠം പഠിപ്പിച്ചു വിടുമായിരുന്നുള്ളു. പക്ഷേ തല്ക്കാലം കാലപ്പിഴയായതുകൊണ്ടും പരസഹായം അധികമാകാനിടയില്ലാത്തതുകൊണ്ടും പുതിയ ചെകിത്താനെ കൈവിട്ടു കളയുന്നതു് അവിവേകമായിരിക്കുമെന്നു് ആലോചിച്ചു. സൂര്യപ്രകാശം നല്ലവണ്ണം കണ്ടു തുടങ്ങിയപ്പോൾ ചെകിത്താൻ പതുക്കെ എഴുന്നേറ്റു നാഥന്റെ മുറിയിലേക്കു യാത്രയായി. അവിടെ ചെന്നപ്പോൾ ഭയങ്കരമായ വേറൊരു കാഴ്ച! തലേന്നാളത്തെ ഭൂതത്തിനു് എന്തോ അപകടം പറ്റി, തീർച്ച തന്നെ. അതിന്റെ കുഴിഞ്ഞ നേത്രങ്ങളിൽനിന്നു ചിതറിക്കൊണ്ടിരുന്ന വെളിച്ചം അശേഷം കാണുന്നില്ല. തിളങ്ങിക്കൊണ്ടിരുന്ന ഖഡ്ഗവും എവിടെയോ പോയിരിക്കുന്നു. ഭൂതം തന്നെ അത്യന്തം അസൌകര്യത്തോടുകൂടി ചുമരിനോടു ചേർന്നു ഒട്ടിനില്ക്കുന്നു. ചെകിത്താനു ഭയവും പരിഭ്രമവും അധികമായുണ്ടായെങ്കിലും തന്റെ വർഗ്ഗക്കാരനായ ഒരുവനു ആവിധം ആപത്തു വന്നിരിക്കെ അതുകണ്ടുംകൊണ്ടു് കണ്ണടച്ചുപോകുന്നതു ലോകസ്വഭാവത്തിനു വിരോധമായിരിക്കില്ലെങ്കിലും തന്റെ യോഗ്യതയ്ക്കു ചേർന്നതല്ലെന്നു കരുതി, അകത്തു കടന്നു പിടിച്ചു മാറ്റാൻ തുടങ്ങിയപ്പോൾ—വേറൊരു ഭയങ്കരസംഭവം! പരിഷ്കാരിയായ നാഥന്റെ വട്ടത്തൊപ്പി നിലത്തു വീണുരുളുന്നു. സമീപത്തു കിടന്നിരുന്ന കട്ടിലിന്റെ കൊതുവല തൊപ്പി വെച്ചിരുന്ന 'മട്ടു'ത്തിന്മേൽ ഉടക്കി നിന്നതു വിട്ടു് ആകാശത്തിൽ സ്ഥിതി ചെയ്യുന്നു. ഒരു ദന്തംകെട്ടിയ വടി ചെകിത്താന്റെ കാൽക്കൽതന്നെ പതിയുന്നു. ഈ ആശ്ചര്യകരങ്ങളായ മാറ്റങ്ങളുടെ സാരം മനസ്സിലാക്കാൻ സാധിക്കാതെ ഭൂതത്തിന്റെ മാറത്തു ഒട്ടിച്ചിരുന്ന കടലാസ്സെടുത്തു നോക്കിയപ്പോൾ അതിൽ ഒന്നിലധികം ഏടുകൾ ഉള്ളതായും മുൻവശത്തു് ഇരുന്നതിൽ താഴെ കാണുന്ന വർണ്ണങ്ങൾ അടങ്ങിയിരുന്നതായും കണ്ടു:

HUMBEG & Co.,
Robbing Square Bombay

Pilferers — Pickpockets
etc. etc. — etc. etc.

| 1908 | | | September | | | 1908 |
|---|---|---|---|---|---|---|
| Sun | Mon | Tues | Wed | Thur | Fri | Sat |
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |

ചെകിത്താനു കാര്യമെല്ലാം പെട്ടെന്നു മനസ്സിലായി. തന്റെ സന്നാഹങ്ങൾ എന്തെല്ലാമെന്നു മനസ്സിലാക്കി ആ ദ്രോഹിനാഥൻ തന്നെ പറ്റിക്കുന്നതിനു് എടുത്ത വിദ്യയായിരിക്കണം അതു്! ഈ വിചാരം മനസ്സിൽ കടന്നു കൂടിയപ്പോൾ ചെകിത്താൻ കോപംകൊണ്ടും ജാള്യതകൊണ്ടും പരവശനായി അനന്തരം ശുഷ്കിച്ച കരങ്ങളെ പൊക്കിപ്പിടിച്ചു്, കണ്ണടച്ചു്, വലത്തേക്കാൽ അല്പം മുമ്പോട്ടുവെച്ചു, 'ഭദ്രകാളിയാണെ, രക്തചാമുണ്ഡിയാണെ,' എന്നു തൊട്ടു് 'ഈ ദ്രോഹികളെ ഞാൻ തീക്കുണ്ഡത്തിലിട്ടു് ഭസ്മമാക്കിക്കളയുന്നുണ്ടു്, സത്യം, സത്യം, സത്യം' എന്നു് നീട്ടിപ്പിടിച്ചു് ഒരു സത്യവും ചെയ്തു. ഈ ഭയങ്കര സത്യം അവസാനിച്ചുടനേ പുരപ്പുറത്തുനിന്നു് ഒരു പൂവൻകോഴി 'കൊക്കൊ കോ കോ' എന്നൊന്നു കൂകി. ചെകിത്താൻ സന്തോഷിച്ചു ചിരിച്ചു. കോഴി പിന്നെ കൂകീല്ല. അതു് അശുഭസൂചകമാകയാൽ ചെകിത്താനത്ര രസിച്ചില്ല. പക്ഷേ

കാൎയ്യമില്ലാത്തപ്പോൾ മാത്രം ശകുനം നോക്കിയാൽ മതിയെന്ന് പ്രമാണമുണ്ടല്ലോ. അനന്തരം തന്റെ സത്യം ദീക്ഷിക്കുന്നതിനു തക്കതായ മാൎഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടി അയാൾ ചില പഴയ വട്ടെഴുത്തു ഗ്രന്ഥങ്ങളെടുത്തുവെച്ചു വായിച്ചു.

പിറ്റെ ദിവസം താമരേത്തെ ചെകിത്താനു വളരെ ക്ഷീണവും തളൎച്ചയും തോന്നി. ഏകദേശം ഒരു മാസമായി ഒരു നേരമെങ്കിലും മനസ്സിന്നു ഭേദത്തിന്നു സ്വൈരമില്ലാഞ്ഞതുകൊണ്ട് അതിന്റെ ഫലമായിട്ടോ എന്താണെന്നറിഞ്ഞില്ലാ, ചെകിത്താനു സദാ 'ഒരു ആധിയും പരിഭ്രമവും' എന്ന മട്ടിലായി. ചെറിയൊരു ശബ്ദം എവിടന്നെങ്കിലും കേട്ടാൽ മതി, ഉടനെ അയാൾ പേടിച്ചു ഞെട്ടുകയായി. മുറിയിൽനിന്നു പുറത്തിറങ്ങുന്നതിനുതന്നെ വലിയ ഭയമായിത്തീൎന്നു. അവിടെ ഇരിക്കുമ്പോൾ തന്നെയും എടയ്ക്കിടയ്ക്കു നാലുപാടും നോക്കും. വെളിയിൽക്കൂടെ പറന്നുപോകുന്ന പക്ഷികളുടെ നിഴൽ അകത്തെങ്ങാനും വീണാൽ അത് ആ പരമദ്രോഹി നാഥന്റെയോ, അടിക്കൊച്ചന്മാരുടെയോ വല്ല കൂടമന്ത്രപ്രയോഗവുമാണൊ എന്ന് ആ സാധു സംശയിക്കും. ഈ വിധം അഞ്ചുദിവസം കഴിച്ചുകൂട്ടി. ഒടുവിൽ രക്തലാഞ്ഛനകൾ ഉണ്ടാക്കാൻ കഴിയില്ലെന്നു അയാൾ നിശ്ചയിച്ചു. ആരെ ഉദ്ദേശിച്ചു അതുകൾ ഉണ്ടാക്കുന്നുവൊ അവൎക്ക് അതു വേണ്ടെന്നു വ്യക്തമായി തെളിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ആ ദിവ്യവസ്തു കാണുന്നതിനുള്ള യോഗ്യതയും അവൎക്കില്ലെന്നായിരുന്നു അയാളുടെ യുക്തി. സംസ്കരണം ഉണ്ടായിട്ടില്ലാത്ത കാമക്രോധാദ്യുഗ്രചേതോവികാരങ്ങളെ മനുഷ്യദൃഷ്ടിക്കു ഗോചരമാക്കുന്നതിനുള്ള ഉപകരണങ്ങളാണല്ലോ രക്തം മുതലായ വസ്തുക്കൾ. തത്സംബന്ധമായ ജ്ഞാനം അവൎക്ക് വേണ്ടെങ്കിൽ ചെകിത്താനെന്തുചേതം? എന്നാൽ ആത്മാവിന്റെ രൂപഭേദങ്ങൾ വിവിധവേഷങ്ങൾ ധരിച്ചു മനുഷ്യൎക്ക് കാണിച്ചുകൊടുക്കുന്നത് ഐഹികധൎമ്മങ്ങളിൽ ഒന്നായി വിചാരിക്കാവുന്നതല്ലാ. ബുദ്ധിഹീനന്മാരായ മനുഷ്യൎക്ക് വേണമെങ്കിലും വേണ്ടെങ്കിലും അത് ഒരു ചെകിത്താൻ അവശ്യം ചെയ്യേണ്ട കൃത്യമാണ്. അതിനു പുറമെ ആത്മാവിന്റെ അനശ്വരതത്വത്തെയും ഉണൎച്ചയെയും പ്രകടിപ്പിക്കുന്നതിന് അസാധാരണയായ, അല്ലെങ്കിൽ ബീഭത്സങ്ങളായ, ശബ്ദങ്ങൾ പുറപ്പെടുവിക്കേണ്ടതും ഒഴിച്ചുകൂടാവുന്ന ചുമതലയല്ലാ. അതിനാൽ അതു രണ്ടും ക്രമമായി നിൎവ്വഹിക്കുവാൻ ചെകിത്താൻ തീൎച്ചപ്പെടുത്തി. അന്നുതൊട്ടു അൎദ്ധരാത്രി മുതൽ ഏഴുവെളുപ്പാനുള്ളതുവരെ എടനാഴിയിൽക്കൂടെ ചില ചെറിയ ശബ്ദവും ഉണ്ടാക്കിക്കൊണ്ട് സഞ്ചരിച്ചു. ഇങ്ങിനെ മൂന്നുദിവസം കഴിഞ്ഞു. ആരെയും ഉണൎത്താതിരിക്കുന്നതിനും അയാൾ ചില കരുതലുകളൊക്കെ ചെയ്തു. കരങ്ങളെ ബന്ധിച്ചിരുന്ന ശൃംഖല ഉരസുമ്പോൾ ശബ്ദമുണ്ടാകാതിരിക്കുന്നതിനു ല്യൂബ്രിക്കേറ്റർ കുറെയെടുത്തുപയോഗിച്ചു. വളരെനേരം ആലോചിച്ചതിനുശേഷമെ ഇതിനു മനസ്സുവന്നുള്ളു. എല്ലാവരും ഉണ്ണാനിരിക്കുമ്പോൾ ആ 'വിദ്വാൻ' പതുക്കെ മേനോന്റെ അകത്തുകടന്ന്, വളരെ വൈമനസ്യത്തോടുകൂടിയാണെങ്കിലും, തുറന്നുകിടന്ന പെട്ടിയിൽനിന്നു ല്യൂബ്രിക്കേറ്റർ കുപ്പിയെടുത്ത്, സ്വന്തമുറിയിൽ പോയി ഉപയോഗിച്ചുനോക്കി. അപ്പോഴാണ് മിസ്റ്റർ മേനോൻ അതിനെക്കുറിച്ചു പറഞ്ഞതൊക്കെ വാസ്തവമായിരുന്നു എന്നും, ആദ്യം ധിക്കരിച്ചത് അത്ര ഉചിതമായില്ലെന്നും അയാൾക്കു തോന്നിയത്. എന്തൊക്കെയായാലും സാധു! അയാൾക്കു സ്വൈരമായിരിക്കുന്നതിനു നിവൃത്തിയില്ലാതായി. ഒരു ദിവസം ചെകിത്താൻ എടനാഴിയിൽ വെച്ചു പിറകിൽ ഒരു ശബ്ദം കേട്ടു ഭയപ്പെട്ടു കോണിപ്പടിയോടിയിറങ്ങുമ്പോൾ ഒരു കുടുക്കിൽ അകപ്പെട്ടു തലകുത്തി പടികളിൽക്കൂടെ ഉരുണ്ടുപിരണ്ടു താഴത്തെത്തി ഭൂദേവിയെ പുണൎന്നു. ഭയംകൊണ്ടും, വേദനകൊണ്ടും, അവമാനംകൊണ്ടും പരവശനായി തിരിഞ്ഞുനോക്കിയപ്പോൾ അടിക്കൊച്ചന്മാ

ർ മുകളിൽനിന്നു കൈകൊട്ടിച്ചിരിക്കുന്നതും കണ്ടു.

ആ മഹാപാപികളെ ഇനി വെച്ചേക്കില്ലെന്നു ശപഥം ചെയ്തുകൊണ്ടു ചെകിത്താൻ സ്വന്തമുറിയിൽ ചെന്നു, 'ശിരസ്സില്ലാബ്രഹ്മരക്ഷസ്സാ'വുന്നതിനുള്ള വട്ടം കൂട്ടിത്തുടങ്ങി. പണ്ടൊരിക്കൽ താമരേത്ത് അതികോലാഹലമായിത്തുടങ്ങിയ വിവാഹഘോഷം ആകപ്പാടെ മുടക്കിയത് ആ വേഷത്തിൽ കല്യാണപ്പന്തലിൽകൂടി ഒരു പോക്കുപോയതുകൊണ്ടാണ്. തന്നെ കുടുക്കിൽ വീഴിച്ച ദ്രോഹികൾ ഈ കുടുക്കിൽ വീഴാതിരിക്കില്ലെന്നു ചെകിത്താൻ തീർച്ചപ്പെടുത്തി. മൂന്നുമണിക്കുറുകൊണ്ടു വേഷമെല്ലാം ഒരുങ്ങി മുറിയിൽനിന്നു പുറത്തിറങ്ങി ഇടനാഴിയിൽക്കൂടെ യാത്ര തുടങ്ങി. അടിക്കൊച്ചന്മാരുടെ മുറിയുടെ സമീപം ചെന്നപ്പോൾ വാതൽ പകുതി തുറന്നുവെച്ചിരിക്കുന്നതു കണ്ടു. തന്റെ പ്രവേശനം ഏറ്റവും ഭയങ്കരമാക്കുന്നതിനുവേണ്ടി വാതൽ മലർത്തിത്തുറന്നുവെയ്ക്കാമെന്നു നിശ്ചയിച്ച് അങ്ങിനെ ചെയ്തതും വാതലിന്റെ മുകളിൽ ചരടുകൊണ്ടു ബന്ധിച്ചുവെച്ചിരുന്ന ഒരു കലം മറിഞ്ഞ് അതിൽ നിറഞ്ഞിരുന്ന വെള്ളത്തിൽ ചെകിത്താൻ ആപാദകണ്ഠം അഭിഷേകം ചെയ്തതും ഒരേ നിമിഷത്തിൽ കഴിഞ്ഞു. ഓർക്കാപ്പുറത്തുണ്ടായ ഈ സംഭവം ചെകിത്താനെ അവിടെനിന്ന് ഓടിച്ചു. അടിക്കൊച്ചന്മാർ കുറെ നേരം പിറകിൽക്കൂടെ ഹ! ഹ! ഹ! എന്നു പൊട്ടിച്ചിരിച്ചും കൂക്കിവിളിച്ചുംകൊണ്ട് ഓടിച്ചെന്നു. ഈ സംഭവം കഴിഞ്ഞു കുറച്ചു ദിവസത്തേക്കു ചെകിത്താൻ കഠിനമായ ജലദോഷം കാരണം പുറത്തിറങ്ങാറേ ഇല്ല. ആ കാലത്തു അയാളുടെ ഏകസമാധാനം അടിക്കൊച്ചന്മാരുടെ അടുക്കൽ തലയും കൊണ്ടുപോയിരുന്നുവെങ്കിൽ വല്ല ജ്വരമൊ നിമോണിയയൊ പിടിച്ചു കിടപ്പിലായിപ്പോകുമായിരുന്നു എന്നുള്ളതായിരുന്നു.

ഈ സംഭവം മുതല്ക്കു താമരേത്തെ പുതിയ നിവാസികളെ ഭയപ്പെടുത്തി അമർത്തിക്കളയാമെന്നുള്ള മോഹം ചെകിത്താൻ നിറുത്തിവെച്ചു. അന്നുമുതൽ എല്ലാവരും ഉറക്കമായി എന്നു തീർച്ചയാക്കിട്ടല്ലാതെ അയാൾ മുറിയിൽനിന്നും പുറത്തിറങ്ങുകയില്ല. കഷ്ടം, ആ സാധുവിന്റെ കഷ്ടപ്പാടുകൾ ഇനിയും തീരാറായില്ലല്ലോ. ഒരു ദിവസം രാത്രി രണ്ടുമണിക്കുശേഷം ജലദോഷം വരാതിരിക്കുന്നതിനു കഴുത്തിൽ 'മഫ്ളറു' കെട്ടി കറുത്തൊരു ചകലാസ്സും പുതച്ച്, ഉറങ്ങുന്നതിന് ആരും ഉപയോഗിക്കാത്ത മുൻവശത്തെ വലിയ ഹാളിൽ, കയ്യിൽവെച്ചിരുന്ന റാന്തൽ വെളിച്ചത്തിൽ ശതാംഗളുടെയും മറ്റും ഫോട്ടോപടങ്ങൾ വെച്ചിരുന്നതു നോക്കി രസിച്ചുകൊണ്ടു നില്ക്കുമ്പോൾ ഒരു മേശയുടെ ചുവട്ടിൽനിന്ന് ആ നിർദ്ദയന്മാരായ അടിക്കൊച്ചന്മാർ 'ശ_ശ_!' എന്നൊരു ശബ്ദവും ഉണ്ടാക്കിക്കൊണ്ടു ചെകിത്താന്റെ പിറകിൽ ചാടിവീണു. ചെകിത്താൻ വല്ലാതെ ഞെട്ടിക്കുതിച്ചുപാഞ്ഞു കോണിപ്പടികയറാൻ തുടങ്ങുമ്പോൾ നാഥൻ അതിന്റെ മേൽവശത്തു വലിയൊരു വെട്ടുകത്തിയും പിടിച്ചുനില്ക്കുന്നതു കണ്ടു. ഇങ്ങിനെ മുമ്പിലും പിന്നിലും ശത്രുക്കളാൽ ആക്രമിക്കപ്പെട്ട ചെകിത്താൻ അടുത്തുള്ള ഒരു ഓവുമുറി തുറന്നുകിടക്കുന്നതു കണ്ട് അതിൽ കടന്നു ഓവിൽക്കൂടി അഴുക്കും ചെളിയും മറ്റു മലിനങ്ങളും മേലെല്ലാം പൂശിക്കൊണ്ടു പുറത്തിറങ്ങി സ്വന്തമുറിയിൽ ശരണംപ്രാപിച്ചു.

അന്നുമുതൽക്കു ചെകിത്താൻ രാത്രിയെന്നല്ലാതെ ഒരിക്കലും മുറിയിൽനിന്നു പുറത്തുവരാറില്ല. അടിക്കൊച്ചന്മാരും നാഥനും പിന്നെയും അയാളുടെ തേർവീഴ്ചസ്ഥലങ്ങളിൽ മുള്ള്, എലിക്കത്തിര, കുടുക്കുകൾ, ഞെരിഞ്ഞിൽ മുതലായതുകൊണ്ടു വെച്ചെങ്കിലും ചെകിത്താനെ കണികാണാൻ കിട്ടിയില്ല. ഈ വിധം താമരേത്തെ ചെകിത്താന്റെ ബാധയൊഴിഞ്ഞു എന്നെല്ലാവരും വിശ്വസിച്ചു. ആ വിവരത്തിനു മിസ്റ്റർ മേനോൻ ശംഭൂനമ്പ്രളുവിന് ഒരെഴുത്തെഴുതുകയും അദ്ദേഹം സന്തോഷിച്ചു മറുപടി അയക്കയും ചെയ്തു. ഇതിനിടക്കു മാധവമേനോന്നു കേരളത്തിൽ അനവധി സ്നേഹിതന്മാരു

ണ്ടായിക്കഴിഞ്ഞിരിക്കുന്നു. അവരോരോരുത്തരും താമരത്തുവന്ന് അതിഥികളായി താമസിക്കാനും തുടങ്ങി. മേനോനോ കേരളത്തിൽ ഒരു പുതിയ ആൾ — താമരത്തെ വീടിന്റെ ഉടമസ്ഥൻ — ധനവാൻ — ജനങ്ങൾക്കു അസാമാന്യമായിട്ടുള്ളവൻ — പരിഷ്കാരി, വലിയ പരിഷ്കാരി — അങ്ങിനെയിരിക്കെ സ്നേഹിതന്മാരും അതിഥികളും ഉണ്ടാവുന്നതിനെപ്പറ്റി പറയാനുണ്ടോ? ഈ അതിഥികളുടെ കൂട്ടത്തിൽ രാമനക്കുട്ടിയുടെ കുതിരസ്സവാരികണ്ടു ഭ്രമിച്ച സുകുമാരനുണ്ണിയും ഉണ്ടായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ആ യുവാവു താമരത്തു വന്നു പാളയമടിച്ചിട്ടു കുറെ നാളായി. ഉണ്ണിയും രാമനയും ഒരുമിച്ച്, പുറത്തേക്കില്ലെങ്കിലും, തോട്ടത്തിൽ മുക്കുകളും മൂലകളും വരെയും കുതിരപ്പുറത്തു സവാരിപോകും. ശതാംബിയും മററും ഇതിന്നൊന്നും തടസ്ഥം പറഞ്ഞതുമില്ല. ഈ കൂട്ടുകെട്ടു ചെകിത്താനത്ര രസിച്ചില്ലെന്നു പറയാതെ നിവൃത്തിയുമില്ല. എന്താണെന്നുവെച്ചാൽ, ഒരിക്കൽ ഉണ്ണിയുടെ ഒരു വലിയമ്മാമൻ ചെകിത്താനെ ഒഴിപ്പിക്കുന്നതിനു താമരത്തുപ്രഭുവിനെക്കൊണ്ടു ചില മന്ത്രവാദങ്ങളെല്ലാം നടത്തി. അതുകൊണ്ടു നിവൃത്തിയുണ്ടെങ്കിൽ ഉണ്ണിയുടെ അടുപ്പം വേണ്ടെന്നു വെക്കുമായിരുന്നു. പക്ഷെ, അടിക്കൊച്ചമ്മാൾ! അവരുള്ളതുകൊണ്ട് ഉണ്ണിക്ക് രാമനക്കുട്ടിയെ സ്വപ്നം കണ്ടുകൊണ്ടു സുഖമായി കിടന്നുറങ്ങാൻ സാധിച്ചു.

'സുകുമാരനുണ്ണി താമരത്തു താമസം തുടങ്ങി കുറച്ചു കാലമായിരിക്കുന്നു. ഉണ്ണിയും രാമനയും കൂടി ദിവസേന സവാരിക്കു പോകാറുണ്ട്. ചുരുക്കിപ്പറഞ്ഞാൽ സവാരിയില്ലാത്ത സമയം ചുരുങ്ങി. അവരുടെ ബാന്ധവത്തിനുള്ള പരിഷ്കൃതരീതികൾ എന്തെല്ലാമെന്നു മേനോനും ശതാംബിയും കൂടി ആലോചനയുമായി. ഈ ആലോചനകൾ നടന്നുവരുന്ന കാലത്തു ഒരു ദിവസം രാമന സവാരി ചെയ്യുമ്പോൾ ഉടുത്തിരുന്ന വസ്ത്രം മുള്ളുകൊണ്ടു കീറി, വസ്ത്രം മാറുന്നതിന്നായി ബംഗ്ലാവിന്റെ പിറകിൽക്കൂടി ചെന്നു ഭവനത്തിനകത്തു കയറി. തനിക്കു പിണഞ്ഞ അബദ്ധം ആരും അറിയരുതെന്നു വെച്ചു സാധാരണ ഉപയോഗിക്കാത്ത മുറികളിൽ കൂടി കയറിപ്പോകുമ്പോൾ അതിലൊന്നിൽ, ഒരു ജനാലിന്റെ സമീപം, പ്രകൃതിവൈചിത്ര്യങ്ങളെക്കുറിച്ചു ഗാഢമായി ആലോചിക്കുകയാണൊ എന്നു തോന്നുമാറു നമ്മുടെ ചെകിത്താനിരിക്കുന്നു! ചെകിത്താന്റെ മുഖത്തു അതികഠിനമായ വ്യസനം പ്രത്യക്ഷമായിക്കാണാനുണ്ട്. മുഖം കൈപ്പടത്തിൽ വെച്ചിരിക്കയാണ്. വ്യസനത്തിന്റെ ഉഗ്രതകൊണ്ടോ ആലോചനയുടെ തീക്ഷ്ണതകൊണ്ടോ രാമന അകത്തു കടന്നതു അയാളറിഞ്ഞതേയില്ല. ചെകിത്താനെക്കണ്ടപ്പോൾ രാമനക്കുട്ടിക്കു് ആദ്യമായിത്തോന്നിയതു ഓടിപ്പോയ്ക്കളയാമെന്നാണ്. പക്ഷെ അത്ര വ്യസനാക്രാന്തനായ ഒരുത്തന്റെ അടുക്കൽ നിന്നും പൊയ്ക്കളയുന്നതു ധൃഷ്ടതയാകുമല്ലോ എന്നു കരുതി ആ സ്ത്രീരത്നം അടുത്തുചെന്ന് ഇങ്ങിനെ ചോദിച്ചു:

രാമന — ഇത്ര വലിയ വ്യസനമെന്തിന്? ആനുജന്മാർ രണ്ടുപേരും സ്കൂളിൽ ചേരുന്നതിന്നായി നാളെ ഇവിടെ നിന്നു പോകും. പിന്നീട്ട് അവരെക്കൊണ്ടുള്ള ഉപദ്രവമില്ലല്ലോ. പിന്നെ, നിങ്ങൾ മര്യാദക്കു പെരുമാറിയാൽ ബാക്കിയുള്ളവരും നിങ്ങളെ ഒന്നും ചെയ്യില്ല.

ചെകിത്താൻ ശബ്ദംകേട്ടു തിരിഞ്ഞു നോക്കിയപ്പോൾ അതിമനോഹരിയായ ഒരു പെൺകുട്ടി തന്റെ മുമ്പിൽ നില്ക്കുന്നതു കണ്ടിട്ടു, അല്പം ആശ്ചര്യത്തോടെ ഇങ്ങിനെ പറഞ്ഞു.

ചെകിത്താൻ — മര്യാദക്കു പെരുമാറുകയോ! എന്നോടിങ്ങിനെ പറയുന്നത് എന്തൊരു സംബന്ധമാണ്- എന്റെ ചങ്ങല ഇളകാതിരിക്കുന്നമെങ്കിൽ ഞാനനങ്ങാതിരിക്കണം. അതു സാധിക്കുന്നതാണോ? പിന്നെ, എടുക്കും മുറക്കും എനിക്കു താക്കോൽപഴുതുകളിൽ കൂടി മുരളാതെയും നിവൃത്തിയില്ല. ഇതൊക്കെയാണൊ എന്റെ

കുട്ടി ഉപദ്രവം എന്നു പറയുന്നതു. ഞാൻ ജീവിച്ചിരിക്കുന്നതു തന്നെ അതൊക്കെ ചെയ്യുന്നതിനായിരുന്നാൽ അതു നിറുത്താൻ പറയുന്നതു അസംബന്ധമല്ലേ?

രാമൻ—ജീവിച്ചിരിക്കുന്നതിനുള്ള സമാധാനം വിശേഷം തന്നെ. അധികം പറഞ്ഞിട്ടാവശ്യമില്ലല്ലോ—നിങ്ങൾ വലിയൊരു ദുസ്സ്വഭാവിയാണ്, സംശയമില്ല. ഞങ്ങളിവിടെ എത്തിയ അന്നു തന്നെ ഉമ്മിണിയമ്മ നിങ്ങളുടേയും നിങ്ങളുടെ ഭാര്യയുടെയും ചരിത്രമെല്ലാം പറഞ്ഞു. ഒരു മനുഷ്യനെ കൊല്ലുകയൊ? വിചാരിക്കു വയ്യാ.

ചെകിത്താൻ—ശരി; ഞാനും സമ്മതിക്കുന്നു. പക്ഷെ അതെന്റെ 'സ്വന്തം' കാര്യമല്ലേ? ഒരുത്തന്റെ സ്വകാര്യങ്ങളിൽ അന്യർക്ക് പ്രവേശിച്ചിട്ട എന്തു കാര്യമാണ്?

രാമൻ—സ്വന്തം കാര്യം! സ്വകാര്യം! എത്ര സ്വന്തമായാലും ഒരുത്തൻ മറെറാരുത്തനെ കൊല്ലുക എന്നതു ഈശ്വരനും മനുഷ്യനും ഒരുപോലെ നിരക്കാത്തതാണ്.

ചെകിത്താൻ—ഹും! ഇതൊക്കെപ്പറഞ്ഞ് ഉപാദ്ധ്യായന്മാൎക്ക കുട്ടികളെ പഠിപ്പിക്കാൻ കൊള്ളാം. അൎത്ഥഹീനങ്ങളായ സന്മാൎഗ്ഗവാക്യങ്ങളെക്കുറിച്ചു എനിക്കു സ്വതവെറുപ്പാണ്. എന്റെ കുട്ടി ചോദിച്ചതുകൊണ്ടു ഞാൻ പറയാം—എന്റെ ഭാൎയ്യക്കു സൌന്ദൎയ്യമില്ലായിരുന്നു. പഠിപ്പും അറിവും അങ്ങിനെ തന്നെ. എന്റെ പണത്തിന്റെ കണക്കു വെക്കാൻ പോലും അവളാലാവില്ല. ചോറും കറിയും വല്ലവരും വെച്ചുകൊടുത്താൽ അനുഭവിക്കാനറിയാം. ഒരു ദിവസം ഒരു സ്നേഹിതൻ കുറെ പിഞ്ചുവഴുതിനങ്ങയും വെണ്ടക്കയും എനിക്കു കൊടുത്തയച്ചു. എനിക്കു വളരെ താല്പൎയ്യമാണ് ആ പദാൎത്ഥങ്ങളെന്നു അവൾക്കറിയാം. എന്നിട്ട് അവൾ അതുകൊണ്ട് എന്തു ചെയ്തു എന്നു കേൾക്കണോ?, വേണ്ടാ

എന്തായാലും ആ കാൎയ്യമൊക്കെ അവസാനിച്ചില്ലേ? ഇതെല്ലാററിന്നും പുറമെ സദാ 'എാതപ'ത്തിന്നും വാസനയുണ്ട്. ഞാൻ ഇങ്ങിനെയുള്ളവളെ കൊന്നതു തെററായി എന്നു വരുന്നു പക്ഷെ വും അതിനു പകരമായി എന്നെ പട്ടിണിയിട്ടു കൊന്നതു ശരിയായൊ? അവളുടെ സഹോദരന്മാർ, ആ കാലപാപികൾ, അങ്ങിനെയല്ലേ ചെയ്തതു?

രാമൻ— പട്ടിണിയിട്ടു കൊല്ലുകയൊ? ശിവശിവ! അല്ലയൊ, മിസ്റ്റർ ചെകിത്താനെ, അല്ല, ധനോത്തുംഗപ്രഭുവെ, നിങ്ങൾക്കു വിശക്കുന്നുണ്ടൊ? ഞാനൊരു പെട്ടി ബിസ്കററു കൊടുത്തയക്കട്ടെ? ബിസ്കററ് ഇഷ്ടമല്ലേ?

ചെകിത്താൻ—വേണ്ട. ഇപ്പോൾ ഞാനൊന്നും ഭക്ഷിക്കാറില്ല. എങ്കിലും കുട്ടിയുടെ ഔദാൎയ്യത്തിനു ഞാൻ വന്ദനം പറഞ്ഞുകൊള്ളട്ടെ. മററുള്ളവരിൽ നിന്നു കുട്ടിക്കു എത്ര വ്യത്യാസം! അവരെത്ര ഭയങ്കരന്മാർ, മൎയ്യാദകെട്ടവർ, ഹീനന്മാർ, കള്ളന്മാർ, വിചാരിക്കക്കൂടി വയ്യാ.

രാമൻ—(അല്പം ദേഷ്യത്തോടെ) നിങ്ങളാണ് മൎയ്യാദകെട്ടവൻ, ഭയങ്കരത്വവും ഹീനത്വവും നിങ്ങൾക്കെയുള്ളു. പിന്നെ, കള്ളനാരാണെന്നു പറയാതിരിക്കുയാണ് ഉത്തമം. രക്തപാഞ്ചരനകളുണ്ടാക്കണമെന്നു വെച്ചിട്ട് എന്റെ ചായങ്ങൾ ആസകലം മോഷ്ടിച്ചതു നിങ്ങളല്ലേ? ചുവപ്പു, മഞ്ഞ, ഊത, വെളുപ്പു മുതലായി ഓരോന്നായി നിങ്ങൾ കട്ടെടുത്തു. ഞാൻ പോട്ടെ എന്നും വെച്ചു. എന്നിട്ടും പോരാ, ആ വില പിടിച്ച പച്ചച്ചായത്തിന്മേൽ കൂടി നിങ്ങൾ കൈവെച്ചു. പച്ചരക്തം ആരെങ്കിലും എവിടെയെങ്കിലും ഉള്ളതായി കേട്ടിട്ടുണ്ടൊ?

ചെകിത്താൻ—(വിനീതനായിട്ട്) ശരി, ശരി. അല്ലാതെ ഞാനെന്തു ചെയ്യും. ഇക്കാലത്തു ശരിയായ രക്തം ലഭിക്കുന്നതിനു പ്രയാസമായിരിക്കുന്നു. നിങ്ങളുടെ ആ

യുധാക്ടം, ഗയിമ്നാക്ടം (ജന്തുസംരക്ഷണനിയമം) മറ്റും കൊണ്ടു് ഒന്നിനേയും കൊന്നുകൂടാ. പിന്നെ ഇമിറേഷൻ രക്തംതന്നെ ശരണം. മോഷ്ടിച്ചതിന്നും ന്യായമില്ലെന്നില്ല. നല്ല രക്തം കിട്ടിയതു ആദ്യം ഉപയോഗിച്ചപ്പോൾ അതിനെ ഉല്ലായ്സ് ചെയ്തു കുട്ടിയുടെ ബന്ധുവായതുകൊണ്ടു കുട്ടിയുടെ ഛായയും ഞാനെടുത്തുവെന്നേയുള്ളൂ. അല്ലെങ്കിൽ അതുപോലെയുള്ള ദിവ്യവസ്തുവിന്റെ നേക്ക് പാറഗൺഫിറഞ്ജന്റും മറ്റും പ്രയോഗിയ്ക്കാമെ.?

ഓമന— നിങ്ങളുടെ തസ്കര പ്രവൃത്തികൾക്കു ന്യായം കാണുന്നോ? ഞാൻപോയി അടിക്കൊച്ചന്മാരെ വിളിച്ചുകൊണ്ടുവരാം, അവരോടു ഈ ന്യായം പറഞ്ഞുനോക്കു. അല്ലെങ്കിൽ വേണ്ട, ഒരാഴ്ചവട്ടം കൂടി കഴിഞ്ഞതിന്നുമേൽ അവരെ പറഞ്ഞയച്ചാൽ മതിയെന്നു ഞാൻ അച്ഛനോടു ശിപാർശി ചെയ്യും.

ചെകിത്താൻ— അരുതെ, ഓമനക്കുട്ടി, അരുതെ. പോകാൻ വരട്ടെ. തനിച്ചിരിക്കുക ദുസ്സഹമായിരിക്കുന്നു. വല്ലതും പ്രവൃത്തിക്കാമെന്നു വെച്ചാൽ അശിനും നിവൃത്തിയില്ല. ഉറക്കവും വരുന്നില്ല.

ഓമന— ഇതെന്തൊരുവിഷ്ടിത്തമാണ്. ഉറക്കം വരുന്നില്ലെന്നൊ? ഞാൻ പറയും പോലെ കേൾക്കു. അകത്തു ചെന്നു വിളക്കു കെടുത്തി കിടയ്ക്കയിൽ കയറി കണ്ണടച്ചു കിടന്നാൽ ആരോടും ചോദിക്കാതെ ഉറക്കം കിട്ടും. ഉറങ്ങാതിരിപ്പാനാണ് എനിയ്ക്കു പ്രയാസം. എന്തിനു, കൊച്ചുകുട്ടികൾക്കുകൂടി ഉറങ്ങാനറിയാം. അപ്പോൾ നിങ്ങൾക്കറിഞ്ഞുകൂടെന്നു പറഞ്ഞാൽ ആർ വിശ്വസിക്കും.

ചെകിത്താൻ—ഇക്കഴിഞ്ഞ മുന്നൂറു കൊല്ലമായി ഞാൻ കണ്ണിന്റെപോള കൂട്ടീട്ടില്ല, ഹൌ, എന്തൊരു ക്ഷീണം!

ഇതു കേട്ടപ്പോൾ ഓമനക്കുട്ടിയുടെ ദീർഘമായ നയനങ്ങൾ അത്യാശ്ചര്യത്താൽ മുഴുവനും തുറന്നു. അധരങ്ങൾ പനിനീർ പൂവിന്റെ ഇതളുകൾപോലെ വിറച്ചു. നേരമ്പോക്കെല്ലാം വിട്ടു് അയാളുടെ സമീപത്തു ചെന്നു ക്ഷീണംകൊണ്ടു വടിത്തളൎന്നു ഒട്ടിയ മുഖത്തു ഗാഢമായി നോക്കി.

ഓമന— നിങ്ങൾക്കു കിടപ്പാൻ ഒരു സ്ഥലവുമില്ലെന്നോ?

ചെകിത്താൻ— ഉണ്ടു്. പക്ഷെ, ഒരുനാളും എനിക്കതു അനുവദിച്ചു കിട്ടുകയില്ലെന്നാണ് തോന്നുന്നതു്. (ഏറ്റവും ഖിന്നതയോടുകൂടി അടുത്തുണ്ടായിരുന്ന ഒരു ശ്മശാനത്തിന്റെ നേരെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) ആ കാണുന്ന അരയാലിന്റെ ചുവട്ടിലാണ് ഞാൻ ആഗ്രഹിക്കുന്ന വാസസ്ഥലം. അവിടെയായാൽ എത്ര പരമാനന്ദത്തോടെ ശയിക്കാം, ഉറങ്ങാം!

ഓമന— ഇതെന്തൊരു കഥ! അതു മൃത്യുവിന്റെ ഉദ്യാനമല്ലേ? മരിക്കണമെന്നാണൊ മോഹം?

ചെകിത്താൻ— അതെ, മൃത്യുവിന്റേതുതന്നെ. അവിടം എത്രയോ മനോഹരമാണ്! ഭൂദേവിയുടെ മൃദുവായ വക്ഷസ്സിൽ ശയിച്ചു്, തലക്കുമീതെ ആടുന്ന പുൽക്കൊടികളും കാട്ടുപുഷ്പവൃന്ദങ്ങളും കണ്ടാനന്ദിച്ചു്, നിരന്തരമായ നിശ്ശബ്ദതയെ ശ്രവിച്ചു്, ഭൂതഭാവികളെപ്പറ്റി ചിന്തിക്കാതെ—ഹാ! അങ്ങിനെ കാലയാപനം ചെയ്യുന്നതു പരമാനന്ദമല്ലയൊ? സമയത്തെ വിസ്മരിക്കാം, ജീവിതാപരാധങ്ങളെ ക്ഷമിക്കാം, സുസ്ഥിരസമാധാനം അനുഭവിക്കാം—ആ പരമാനന്ദം എനിക്കുണ്ടാകുന്നതിനു ഭാഗ്യമില്ല. പക്ഷെ എന്റെ ഓമനയ്ക്കു എന്നെ ഭാഗ്യവാനാക്കാൻ കഴിയും. മൃത്യുശാലയുടെ വിസ്തൃതകവാടങ്ങൾ ഓമനയുടെ സ്പർശംകൊണ്ടു തുറന്നു മലന്നു വീഴും. ഓമനയെന്നെ സ്നേഹിക്കുന്നു. സ്നേഹത്തിന്നു മരണത്തെക്കാൾ ശക്തിയുമുണ്ടു്. അങ്ങിനെയിരിക്കെ മരണദേവത ഓമനയുടെ ആഗ്രഹപ്രകാരം എന്നെ രക്ഷിയ്ക്കും.

ഓമനക്കുട്ടി ഭയംകൊണ്ടു വിറച്ചു തുടങ്ങി. താൻ ഘോരമായൊരു സ്വപ്നം കാണുകയൊ എന്നു അവൾക്കു തോന്നി. ചെ

കിത്താൻ പിന്നെയും സംസാരിച്ചു തുടങ്ങി.

ചെകിത്താൻ— വലിയ ഹാളിലേക്കു കയറി വരുന്ന വാതലിന്മേൽ കൊത്തിവെച്ചിട്ടുള്ളതു രാമന വായിച്ചിട്ടുണ്ടൊ?

രാമന— പലപ്പോഴും കണ്ടിട്ടുണ്ട്. വായിക്കാൻ അറിഞ്ഞുകൂടാ.

ചെകിത്താൻ- ആ ശ്ലോകാൎദ്ധത്തിന്റെ സാരം മനസ്സിലായിട്ടുണ്ടൊ? വട്ടെഴുത്തായതുകൊണ്ടു നിങ്ങൾക്കൊക്കെ അതുവായിച്ചു മനസ്സിലാക്കുന്നതു എളുപ്പമല്ല. അതിന്റെ അൎത്ഥം ഇങ്ങിനെയാണ്. സുശീലയും നിൎമ്മലഹൃദയത്തോടുകൂടിയവളും ആയ ഒരു പെൺകുട്ടി വിചാരിച്ചാൽ താമരശ്ശേത്ത ചെകിത്താനെ ആത്മമുക്തി വരുത്തുവാൻ സാധിക്കുമെന്നാണ്. എന്റെ ശാപമോക്ഷമാണത്. രാമനക്കുട്ടി അതുപോലെയുള്ള ഒരു കുട്ടിയാകയാൽ എന്നെ രക്ഷിച്ചു തീരും. പക്ഷെ ഒന്നു മുൻകൂട്ടി പറഞ്ഞേക്കാം. ആ ശ്രമത്തിൽ അപകടങ്ങൾ നേരിട്ടേക്കാം. ഭീഷണിപ്പെടുത്തുന്നതിനും അനവധി സംഗതികൾ കാണും. എന്നാൽ നിഷ്കളങ്കയായതുകൊണ്ടു രാമനക്കുട്ടിക്കൊന്നും ഭയപ്പെടാനുമില്ല.

രാമന- നിമിഷനേരം ആലോചനയിൽ അകപ്പെട്ട് അധോമുഖിയായി നിന്നു. അതിനിടയ്ക്കു എന്തു മറുപടി പറയാൻ പോകുന്നു എന്നറിയാതെ ചെകിത്താന്റെ മനസ്സിൽകൂടി കടന്നുപോയ വിചാരങ്ങൾ വൎണ്ണിക്കാൻ പാടില്ല. പെട്ടെന്നു ശിരസ്സുയൎത്തി ആ വനിതാരത്നം ഇങ്ങിനെ പറഞ്ഞു: 'ഞാൻ നിങ്ങളെ രക്ഷിക്കുന്നുണ്ട്. മൃത്യുദേവതയോടു നിങ്ങളെ കൊണ്ടുപോകാൻ ഞാൻ പറയാം.'

ആഹ്ലാദഭരിതനായ ചെകിത്താൻ കുതിച്ചെഴുനേററു രാമനക്കുട്ടിയെ എടുത്തു മടിയിൽ ഇരുത്തി നിറുകയിൽ കൃതജ്ഞതാപൂൎവ്വം ചുംബിച്ചു. ചെകിത്താന്റെ സ്പൎശമേററപ്പോൾ രാമനക്കുട്ടിക്കു ചില അപൂൎവ്വ വിചാരങ്ങളുണ്ടായി. അയാളുടെ ശരീരം, പ്രത്യേകിച്ചു വിരലുകൾ, മഞ്ഞുകട്ടപോലെ തണുത്തിരിക്കുന്നു. ശിരസ്സിൽ അധരങ്ങൾ വെച്ചടിക്കിൽ ഇരുമ്പു പഴുപ്പിച്ചുവെച്ചതുപോലെ തോന്നി. രാമന അധൈൎയ്യപ്പെടാതെ ചെകിത്താനെ അനുഗമിക്കാനാഞ്ഞു. ഇങ്ങിനെ ഉറച്ചയുടനെ ആ മുറിയുടെ ചുമരുകളിൽ എഴുതീട്ടുണ്ടായിരുന്ന ചിത്രങ്ങളിലെ രൂപങ്ങൾ പെട്ടന്നു ജീവനോടുകൂടിയ ഭീമാകൃതികളായിച്ചമഞ്ഞ് ആ സാഹസത്തിനൊരുമ്പെടാതെ തിരിച്ചുപോകുന്നതിന് അവളോടാജ്ഞാപിച്ചു. ചെകിത്താൻ ഇതു കണ്ടപ്പോൾ പരിഭ്രമിച്ച് രാമനയുടെ കരങ്ങളിൽ മുറുക്കെപ്പിടിക്കുകയും രാമന കണ്ണടച്ചുകളകയും ചെയ്തു. വേറൊരിടത്തു ചെന്നപ്പോൾ ഏകദേശം ഒരാളോളം പോന്ന ഗൌളികൾ കനൽക്കട്ടപോലുള്ള നേത്രങ്ങൾ ഉരുട്ടിമിഴിച്ചുകൊണ്ടു രാമനയെ കടിക്കാനോടിയെത്തി. എന്നിട്ടു "വേണ്ടാ, സൂക്ഷിച്ചോ നിനക്കു തിരികെപ്പോരാൻ സാധിക്കില്ലാ" എന്നു നിൎബ്ബന്ധമായി ഉപദേശിച്ചു. ചെകിത്താൻ ഗതി ത്വരിതമാക്കി. രാമനക്കുട്ടി ചെവിയും പൊത്തി പിന്നാലെ നടകൊണ്ടു. പിന്നെ ഒരിടത്തു എത്തിയപ്പോൾ ചെകിത്താൻ രാമനക്കുട്ടിക്കു അറിയാൻ പാടില്ലാത്ത ഒരു ഭാഷയിൽ എന്തോ മന്ത്രിച്ചു. രാമന കണ്ണു തുറന്നു നോക്കിയപ്പോൾ നാലുവശമുള്ള ചുമരുകൾ പുകയായി നീങ്ങുന്നതു കാണുകയും ഇരുട്ടടഞ്ഞ ഒരു ഗുഹാമുഖം അവൾക്കു പ്രത്യക്ഷമാവുകയും ചെയ്തു. അത്യന്തം ശീതളമായ ഒരു കാററു ഗുഹയിൽ നിന്നും പുറപ്പെട്ട് അവരുടെ മേൽ അടിച്ചു. "വേഗം വരു, വേഗം വരു", എന്നു പറഞ്ഞുകൊണ്ടു ചെകിത്താൻ രാമനക്കുട്ടിയെ കൈപിടിച്ചു വലിക്കുകയും അവരിരുവരും ആ ഇരുട്ടറയിൽ പ്രവേശിക്കുകയും ചെയ്തു.

ചായ കുടിക്കാനുള്ള സമയമായിട്ടും രാമനക്കുട്ടിയെ കാണാനില്ല. വൈകുന്നേരമായാൽ ചിലപ്പോൾ തോട്ടത്തിൽ പൂപറിക്കാൻ പോകാറുള്ളതുപോലെ പോയതായിരിക്കുമെന്നു വിചാരിച്ചു. സന്ധ്യ നല്ലവണ്ണം മയങ്ങി. എന്നിട്ടും രാമനയെ കാണാനില്ല. ശാന്താംബതന്നെ പുരമുറികളെ

ല്ലാം തുറന്നുനോക്കി. കുട്ടികളേയും വാല്യക്കാരേയും തോട്ടത്തിലയച്ച് അന്വേഷിപ്പിച്ചു. ഓമനയെക്കാണുന്നില്ല. എല്ലാവരും കലശലായ പരിഭ്രമമായി. എവിടെയോ ഒരു വലിയ 'പാലം കെട്ടുന്നതുറയ്ക്കുന്നതിന്നു വേണ്ടി ജന്മാന്തിരമുള്ള കുട്ടികളെ ബലി കഴിക്കാനായി പിടിച്ചുകൊണ്ടു പോകുന്നതിന്നു ഒരു കൂട്ടം കാക്കാലക്കുറവന്മാർ ആ പ്രദേശത്തു താമസിച്ചുവരുന്നുണ്ടെന്നു ഒരുസംസാരമുണ്ടായിരുന്നതുമേനോൻ പെട്ടെന്നോർത്തു. ചട്ടവും ന്യായവും മുഴുത്തിരിക്കുന്ന ഈ കാലത്തു അങ്ങിനെയൊന്നുമുണ്ടാവില്ലെന്നു മിസ്റ്റർ മേനോൻ വാദിക്കാറുണ്ടായിരുന്നെങ്കിലും ഇതു സ്വന്തം കുട്ടിയായതുകൊണ്ടു അവിടെയും ഒന്നന്വേഷിച്ചുകളയാമെന്നു കരുതി നാഥനും രണ്ടു വാല്യക്കാരും ഒരുമിച്ച് അങ്ങോട്ടു പുറപ്പെട്ടു. ഏതൊരുത്തനും തന്റെ പ്രാണപ്രേയസിയെ ഒരാപത്തിൽനിന്നു രക്ഷിച്ചതിനുശേഷം വിവാഹം ചെയ്യുന്നതായാൽ അവർ തമ്മിലുള്ള സ്നേഹത്തിന്നു കുറെക്കൂടി ദൃഢതയുണ്ടായിരിക്കുമെന്നു ചില ഇംഗ്ലീഷുപുസ്തകങ്ങളിലും മറ്റും വായിച്ചിട്ടുണ്ടായിരുന്ന നമ്മുടെസുകുമാരനുണ്ണി 'ഇതുതന്നെ തരം' എന്നു വിചാരിച്ചു പുറപ്പെട്ടപ്പോൾ കുറവന്മാരുമായി വല്ല ലഹളയും ഉണ്ടായേക്കുമെന്നും അതിൽവെച്ചു ഉണ്ണിക്ക് എന്തെങ്കിലും അപകടം നേരിട്ടാൽ അത് അതിഥിധർമ്മത്തിന്നു വിപരീതമായി വന്നേക്കുമെന്നും ആലോചിച്ചു മിസ്റ്റർ മേനോൻ 'അതെല്ലാം വിവാഹം കഴിഞ്ഞിട്ടാവാം' എന്നു പറഞ്ഞു തടസ്സം ചെയ്തു. കുറവന്മാരുടെ വാസസ്ഥലത്തു ചെന്നു നോക്കിയപ്പോൾ അവർ അല്പം മുമ്പ് അവിടം വിട്ടുപോയതായി അറിഞ്ഞു. ഉടനെ കമ്പിയാപ്പീസ്സിൽ പോയി ഒരു പെൺകുട്ടിയെ കാണ്മാനില്ലെന്നും വഞ്ചിക്കടത്തുകളിലും, വണ്ടിപ്പേട്ടകളിലും, തീവണ്ടിസ്റ്റേഷനിലും മറ്റും നിഷ്കർഷയായി അന്വേഷണം നടത്തിക്കൊള്ളണമെന്നു മേനോൻ ആ താലൂക്കിലെ എല്ലാ പോലിസ്സ് ഇൻസ്പെക്ടർമാൎക്കും കമ്പി കൊടുത്തു. ഇൻസ്പെക്ടർമാരിലൊരു യോഗ്യൻ കുട്ടിയും അവളെ അപഹരിച്ചവരും എവിടെത്താമസിക്കുന്നു എന്നു കൃത്യമായിട്ടുള്ള അറിവു കൊടുത്താൽ ശേഷം കാൎയ്യമെല്ലാം 'ഭദ്ര' മാക്കിക്കൊള്ളാമെന്നു മറുകമ്പികൊടുത്തു. മിസ്റ്റർ മേനോന്നു അയാളുടെ കൃത്യനിഷ്ഠയെക്കുറിച്ചു ദുരഭിപ്രായം ഉണ്ടാക്കിയെങ്കിലും തല്ക്കാലം മനസ്സിന്നു കുറെ അസ്വാസ്ഥ്യം ഉണ്ടായിരുന്നതുകൊണ്ടു അയാളെക്കുറിച്ചു മേലധികാരത്തിലേക്കു ആവലാധി ബോധിപ്പിക്കുന്നതിന്നു അദ്ദേഹം തുനിഞ്ഞില്ല. നാഥനേയും വാല്യക്കാരേയും അവിടെമൊക്കെ ഒന്നു കൂടി അന്വേഷിക്കുന്നതിന്നു ശട്ടം കെട്ടിയതിൽപ്പിന്നെ മേനോൻ വീട്ടിലെത്തി ശതാംബയോടും മറ്റും അനാവശ്യമായി പരിഭ്രമിക്കരുതെന്നു ഏൎപ്പാടു ചെയ്ത് ഒരു കുതിരയെക്കോപ്പിട്ടു വരുത്തി അതിന്മേൽ കയറി അടുത്തറെയിൽവെ സ്റ്റേഷനിലേക്കു ഓടിച്ചു പോവുകയും ചെയ്തു. അങ്ങിനെ ഒരു രണ്ടു നാഴിക പോയില്ല, അപ്പോഴേക്കും പിറകിൽനിന്നു വേറൊരു കുതിരക്കുളമ്പിന്റെ ശബ്ദം കേട്ടു. തിരിഞ്ഞു നോക്കിയപ്പോൾ നമ്മുടെ ഉണ്ണിയും വേറൊരു കുതിരപ്പുറത്തു കയറി അതിവേഗത്തിൽ ഓടിച്ചുവരുന്നതു കണ്ടു. അടുത്തായപ്പോൾ ഉണ്ണി തിങ്ങിവിങ്ങി കിതച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു. "നിങ്ങൾ പറഞ്ഞതിന്നു വിപരീതമായി പ്രവൃത്തിക്കുന്നതിൽ എനിക്കു വ്യസനമുണ്ട്. മാപ്പുതരണം, ഞാനും കൂടി വരും. ഓമനയെക്കാണാഞ്ഞിട്ടു എനിക്കു ചോറു ചെല്ലുന്നില്ല. ഞങ്ങൾ തമ്മിൽ അടുത്തുപെരുമാറാൻ തുടങ്ങീട്ടു ഒരു സംവത്സരമെങ്കിലും ആയിരുന്നുവെങ്കിൽ ഇങ്ങിനെ പുറപ്പെടുന്നതിന്നു ആഗ്രഹമുണ്ടാവില്ലായിരുന്നു. കോപിക്കരുതെ. ഞാൻ തിരിച്ചു പോവില്ല". മിസ്റ്റർ മേനോന്നു തന്റെ ജാമാതാവാവാൻ പോകുന്ന യുവാവിനെക്കുറിച്ചു വലിയ തൃപ്തിയും സന്തോഷവും തോന്നി. ഒരു പുഞ്ചിരിയോടുകൂടി "നിങ്ങൾ പോവില്ലെങ്കിൽ കൂടെകൊണ്ടു പോകുന്നതിന്നല്ലേ നിവൃത്തിയുള്ളൂ. ഒരു ഷർട്ടെങ്കിലും എടുത്തിടാമായിരുന്നില്ലേ?" എന്നു മേനോൻ മറുപടിയായി ചോദിച്ചതിന്നു എ

നിക്കു ഷർട്ടില്ലെങ്കിലും വേണ്ടില്ലാ, രാമനക്കുട്ടിയെക്കിട്ടിയാൽ മതി എന്നു പറഞ്ഞു രണ്ടു പേരും ഒപ്പം കുതിരയോടിച്ചു പോയി. സ്റ്റേഷനിൽ അന്വേഷിച്ചിട്ടും ഫലമൊന്നുമുണ്ടായില്ലാ. കുറെ കുറവന്മാർ അടുത്തൊരു ദിക്കിൽ താമസിക്കുന്നുണ്ടെന്നു മനസ്സിലാക്കി അവർ അവിടേയും അന്വേഷിച്ചു. പ്രയോജനം മുണ്ടായില്ലാ. പാതിരാവായപ്പോൾ മേനോനും ഉണ്ണിയും താമരേത്തു മടങ്ങിയെത്തി. അതിനിടയ്ക്കു നാഥൻ ആദ്യം സംശയിക്കപ്പെട്ട കുറവന്മാരെ കാണുകയും അവരും നിരപരാധികളാണെന്നറിയുകയും ചെയ്തിരുന്നു. ശതാംബ ആധികൊണ്ടും വ്യസനംകൊണ്ടും തളർന്നു ഒരു കട്ടിലിൽ പോയി വീണു. അനന്തരം, എല്ലാവരും കൂടിയിരുന്നു ഉണ്ടു ഉണ്ടില്ല എന്നു പേരുവരുത്തി. അടികൊച്ചന്മാരുടെ നേരംപോക്കുകൾ കൂടി അസ്തമിച്ചുപോയി. എന്തായാലും ഉറക്കമിളച്ചിരുന്നിട്ടു ഫലമൊന്നുമുണ്ടാവാനില്ലെന്നും നേരം പുലർന്ന ഉടനെ മദിരാശിക്കു കമ്പിയടിച്ചു സി. എ. ഡി. പൊല്ലീസ്സുകാരെ വരുത്താമെന്നും പറഞ്ഞു മേനോൻ എല്ലാവരോടും ഉറങ്ങാൻ പോകുന്നതിനു നിർബ്ബന്ധിച്ചു. ശതാംബയും മറ്റും എണീററയുടനെ മണിയൊന്നടിക്കുന്നതു കേട്ടു. അതടിച്ചതോടു കൂടി ഭവനത്തിന്റെ അന്തർഭാഗത്തു ഒരു വാതൽ അത്യുച്ചശബ്ദത്തോടു കൂടി തുറക്കുന്നതും ഒരു നിലവിളിയും ഒരുമിച്ചുകേട്ടു. ഉടനെ ഒരു ഇടിനാദവും അതിനെ തുടർന്നുകൊണ്ടു അത്യാനന്ദകരമായ സംഗീതവും കേൾക്കാറായി. ഏകദേശം ഒരു മിനിട്ടു കൂടി കഴിഞ്ഞപ്പോൾ കോണിപ്പടിയുടെ മേൽ വശത്തു മരനിര തുറന്നു അവർ നിന്നിരുന്ന ഹാളിൽ രാമനക്കുട്ടി പ്രവേശിച്ചു കയ്യിൽ ഒരു ചെറിയ സണ്ണപ്പെട്ടിയും ഉണ്ട്. ശതാംബ ഓടിച്ചെന്നു മകളെപ്പിടിച്ചു മാറോടണച്ചു ചുംബിച്ചു. അടികൊച്ചന്മാർ അവരുടെ ചുററും ഓടിക്കൊണ്ട് ഒരാട്ടവും ആരംഭിച്ചു.

മാധവമേനോൻ—(അല്പംദേഷ്യത്തോടെ) എന്റെ കുട്ടി, നീ എവിടെ പോയിരുന്നു? ഞാനും ഉണ്ണിയും കൂടി അന്വേഷിച്ച് എവിടെയെല്ലാം പോയി? നിന്റെ അമ്മ ഭയംകൊണ്ടു ചത്തുപോകുമായിരുന്നു. ഇങ്ങിനത്തെ കളിച്ചുകളിയും നേരംപോക്കുകളും ഇനിയെടുക്കല്ലേ.

അടികൊച്ചന്മാർ—അല്ലാ അച്ഛാ, ചെകിത്താനോടുമാത്രം എടുത്തോട്ടെ.

ശതാംബ—എന്റെ രാമനെ, ദൈവം സഹായിച്ചു നിന്നെ ഞങ്ങൾക്കു കിട്ടി. ഇനിമേൽ എന്റെ അടുക്കൽ നിന്നു നിന്നെ വിട്ടുകയേ ഇല്ല. എന്നുപറഞ്ഞുകൊണ്ടു മകളുടെ മുഖത്തും ശിരസ്സിലും 'ശരവഷം' ചുംബിച്ചു.

രാമന—അച്ഛാ, ഞാൻ ചെകിത്താന്റെ കൂടെയായിരുന്നു. ആ സാധു മരിച്ചുപോയിരിക്കുന്നു. അച്ഛൻ ചെന്നു കാണണം. അയാളൊരു വലിയ വികൃതിയായിരുന്നെങ്കിലും ഒടുവിൽ വളരെ പശ്ചാത്താപവും ഉണ്ടായിട്ടുണ്ട്. ഇതാ നോക്കു, ഈ സമ്മാനം എനിക്കു അയാൾ തന്നതാണ്.

യാതൊരു സ്തോഭവുമില്ലാതെ ആ പെൺകുട്ടി ഇങ്ങിനെ പറയുന്നതു കേട്ടപ്പോൾ അവർക്കെല്ലാം വലിയ അത്ഭുതം തോന്നി. അനന്തരം മരനിരയിൽ കൂടെ കടന്നു രഹസ്യമായ ഒരു എടനാഴിയിൽ കൂടി രാമനക്കുട്ടിയൊരുമിച്ചു ചെന്നു. കുറച്ചു ചെന്നപ്പോൾ ഇരുമ്പാണികൾ സർവ്വാംഗം അടിച്ചിട്ടുള്ള ഒരു വാതൽ കണ്ടു. രാമനക്കുട്ടി അതിന്മേൽ കൈവെച്ചയുടനെ അതു മലക്കെത്തുറക്കുകയും ഒരു ചെറിയ മുറി അവർക്കു കാണാറാവുകയും ചെയ്തു. അതിന്നു ഇരുമ്പഴികളോടു കൂടിയ ഒരു കിളിവാതലേയുള്ളു. ഈ വാതലിന്നെതിരായി ചുമരിലുണ്ടായിരുന്ന ഒരു വട്ടക്കണ്ണിയിൽ നിലത്തു നീണ്ടു നിവർന്നുകിടക്കുന്ന ഒരു അസ്ഥിപഞ്ജരത്തെ ഇരട്ടച്ചങ്ങല കൊണ്ടു പൂട്ടിയിരിക്കുന്നതും കണ്ടു. അതിന്റെ കൈകൾ രണ്ടും സമീപം വെച്ചിരുന്ന ഒരു വെള്ളപ്പാത്രത്തിലേക്കു നീട്ടിപ്പിടിച്ചിരുന്നുവെങ്കിലും കൈകൾ അതിലേക്കെത്തുന്നില്ല, പാത്രത്തിൽ വെ

ള്ളവുമില്ല. ആ ഭയങ്കര കാൎയ്യവും അതുസംബന്ധിച്ച ഭയങ്കരരഹസ്യങ്ങളും മേനോൻ മുതലായവരെ വിസ്മയിപ്പിച്ചു.

താമരേത്തെ ചെകിത്താന്റെ ജഡസംസ്കാരത്തിന്നു മാധവമേനോൻ ശാലീനപ്രഭുവിനെ കമ്പിയടിച്ചുവരുത്തി. കാൎയ്യങ്ങളെല്ലാം ബഹുഭംഗിയായി നടത്തുകയും ചെയ്തു. ഏകദേശം അയ്മ്പതുകൊല്ലമായി നമ്മുടെ ഉമ്മിണിയമ്മ ചെകിത്താൻ മൂലം ഭയപ്പെട്ടിട്ടുള്ളതുനിമിത്തം ആ വൃദ്ധ തനിക്കും ചെകിത്താന്റെ ശവംപിടിക്കുന്നതിന്നു അവകാശമുണ്ടെന്നു വാദിച്ചു. മഹാ മനസ്സനായ ശാലീനപ്രഭു സമ്മതിക്കുകയും ചെയ്തു. ചെകിത്താൻ ഓമനക്കുട്ടിക്കു കാണിച്ചുകൊടുത്തിരുന്ന അരയാൽ ചുവടിൽ തന്നെയാണ് ശവദാഹം കഴിച്ചതു.

ശാലീനപ്രഭു താമരേത്തുനിന്നു പോകുന്നതിന്നു മുമ്പായി ചെകിത്താൻ ഓമനക്കുട്ടിക്കു സമ്മാനിച്ച ആഭരണങ്ങളേക്കുറിച്ചു അദ്ദേഹവും മേനോനുമായി ഒരു സംഭാഷണമുണ്ടായി. മേനോന്റെ അഭിപ്രായപ്രകാരം അത്രവിലപിടിച്ച ആഭരണങ്ങൾ അവൾസ്വീകരിപ്പാൻ പാടില്ലെന്നും അതു താമരേത്തെ പ്രഭുക്കന്മാരുടെ വകയായി കരുതണമെന്നും ആയിരുന്നു. അതിന്നു പുറമെ പഴയരീതിയിൽ ചെയ്തിട്ടുള്ളതും ഇമിറേഷനല്ലാതെ തനി വൈരവും ചുവപ്പും മാത്രമുപയോഗിച്ചിട്ടുള്ളതുമായ ആഭരണങ്ങൾകൊണ്ടു പുതിയപരിഷ്കാരമനുസരിച്ചു ആവശ്യമെഇല്ല. എന്നാൽ ആഭരണങ്ങൾ വെച്ചിട്ടുള്ളപെട്ടിക്കുറെ പഴക്കംചെന്നതാകയാൽ അതു മാത്രം ഓമനക്കുട്ടിയും ചെകിത്താനും കൂടിയുണ്ടായ സംസൎഗ്ഗത്തിന്റെ സ്മാരകമായി മിസ്റ്റർ മേനോനും ശതാംബസ്സാ വിരോധമില്ലെന്നും അവർ സമ്മതിച്ചു. അതിന്നു മറുവടിയായി താമരേത്തെ ഭവനത്തിന്നു പുറമെ ചെകിത്താനെ കൂടി മേനോൻ വിലവെച്ചെടുത്തിട്ടുണ്ടായിരുന്നതുകൊണ്ടു ചെകിത്താന്റെ സ്വത്തുക്കൾക്കും അദ്ദേഹത്തിന്നു അവകാശമുണ്ടെന്നും ആഭരണങ്ങൾ ആ കൂട്ടത്തിൽ പെട്ടതാണെന്നും പ്രഭു യുക്തിപൂൎവ്വം വാദിച്ചു. അതുകൂടാതെ ഓമനക്കുട്ടിയുടെ ധൈൎയ്യംകൊണ്ടും മിടുക്കുകൊണ്ടും താമരേത്തെ പൂൎവ്വികന്നു ജീവന്മുക്തിയുണ്ടാവുകകാരണം ആ കുഡുംബത്തിന്നും അദ്ദേഹത്തിന്നും വലിയൊരുപകാരം അവൾ ചെയ്തതായിവിചാരിക്കാമെന്നും അതിന്നു പ്രതിഫലമായി മാത്രം ആഭരണങ്ങൾ കൊടുത്തതായി കരുതാമെന്നും അദ്ദേഹം നിൎബ്ബന്ധിച്ചു. അധികം വിസ്തരിച്ചിട്ടാവശ്യമില്ലല്ലൊ. മിസ്റ്റർ മേനോൻ കീഴടങ്ങി.

ഓമനക്കുട്ടിയുടേയും ഉണ്ണിയുടേയും വിവാഹം ബഹുകേമമായിനടന്നു. രണ്ടോ മൂന്നോ തവണ വലിയ വിരുന്നു സദ്യയും മറ്റും കഴിച്ചു, തന്റെ മകൾ കാൎത്ത്യായിനിക്കുട്ടിയെ ഉണ്ണിയേക്കൊണ്ടു സംബന്ധം ചെയ്യിപ്പിക്കണമെന്നു ശ്രമിച്ചു കൊയിക്കലത്തെ നാരായണിക്കുഞ്ഞമ്മയ്ക്കൊഴികെ ആ ബാന്ധവം മറ്റെല്ലാവൎക്കും നന്നെപിടിക്കുകയും ചെയ്തു. കുഞ്ഞമ്മയുടെ ഇച്ഛാഭംഗത്തെപ്പറ്റി കേട്ടപ്പോൾ അവരുടെ ചായവിരുന്നും സദ്യകളും, കാൎത്ത്യായിനിക്കുട്ടിയും സംഗീതവും സ്വൈരസല്ലാപവും അനുഭവിച്ചു മതിയും കൊതിയും തീൎന്നിരുന്ന സുകുമാരനുണ്ണി രസംപൂണ്ടു കൈകൊട്ടിച്ചിരിച്ചു; അത്തരത്തിലുള്ള ദുരാഗ്രഹികൾക്കു തന്റെ ദൃഷ്ടാന്തം മാൎഗ്ഗദൎശകമായിരിക്കുമല്ലൊ എന്നുവിചാരിച്ചു തൃപ്തിപ്പെട്ടു.

വിവാഹം കഴിഞ്ഞു മൂന്നാം ദിവസം വൈകുന്നേരം ഉണ്ണിയും ഓമനയും കൂടി ചെകിത്താനെ ദഹിപ്പിച്ചേടത്തുപോയി. അവിടെയെത്തിയപ്പോൾ ഉണ്ണിക്കു പെട്ടെന്നു ചില സ്മൃതികൾ ഉണ്ടാവുകയാൽ ഇങ്ങിനെപറഞ്ഞു:

ഉണ്ണി—ഓമനെ, ഒരു ഭാൎയ്യ അവളുടെ ഭൎത്താവിൽനിന്നു യാതൊന്നും ഒളിച്ചുവെക്കരുതു.

ഓമന—ഞാനൊന്നും ഒളിച്ചിട്ടില്ലല്ലൊ.

ഉണ്ണി—ഉണ്ടു. അന്നുരാത്രി ചെകിത്താനൊരുമിച്ചു ഓമന ആ ഇരുട്ടറയിൽ അകപ്പെട്ടപ്പോൾ നിങ്ങൾ ചെയ്തതു എന്തെല്ലാമെന്നു ഇതുവരെ എന്നോടു പറഞ്ഞിട്ടില്ലല്ലൊ.

രാമന — ആരോടും പറഞ്ഞിട്ടില്ലാ.

ഉണ്ണി — എനിക്കറിയാം അതു. അതുപോരാ. എന്നോടു പറയരുതെ?

രാമന — ദയവുചെയ്തു അതുമാത്രം എന്നോടു ചോദിക്കരുതു. സാധുചെകിത്താൻ. അതുവരെക്കു എനിക്കില്ലാതിരുന്ന ചില അപൂൎവ്വജ്ഞാനങ്ങൾ അന്നാണു എനിക്കുണ്ടായതു. അയ്യെ — ചിരിക്കരുതെ! ഞാൻ പറയുന്നതു വാസ്തവമാണ്. ജീവിതം എന്താണെന്നും മരണത്തിൻെറ സ്വഭാവം എന്തിനേയെന്നും എനിക്കു അപ്പോഴാണ് മനസ്സിലായതു. സ്നേഹം ജീവിതത്തേക്കാളും മരണത്തേക്കാളും ബലവത്തായിട്ടുള്ളതാണെന്നും ആ ഇരുട്ടറയിൽ വെച്ചു ചെകിത്താനാണെന്നെ പഠിപ്പിച്ചതു.

ഉണ്ണി രാമനയുടെ നയനങ്ങളിൽ ഗാഢമായി കണ്ണുനോക്കി.

ഉണ്ണി — രാമനയുടെ ഹൃദയം എനിക്കധീനമായിരിക്കുന്ന കാലത്തോളം ആ രഹസ്യം എന്നോടു പറയണമെന്നില്ലാ.

രാമന — എൻെറ ഹൃദയം ആജീവനാന്തം അങ്ങേക്ക അധീനമാണല്ലൊ.

ഉണ്ണി — നമ്മുടെ കുട്ടികളോടെങ്കിലും രാമനയുടെ രഹസ്യം ഒരു കാലത്തു പറയുമല്ലൊ?

രാമനക്കുട്ടി ലജ്ജിച്ചു.

കെ. ആർ. കെ. ബി. എ. ബി. എൽ.

# മലയാളഭാഷാപോഷണം.

മിസ്റ്റർ സി. ഗോവിന്ദൻ എളേടം കൊച്ചി മലയാളഭാഷാപോഷണക്കമ്മററിക്കു അയച്ചുകൊടുത്ത അഭിപ്രായം:—

നമ്മുടെ ഭാഷക്കു വല്ല ന്യൂനതകളുമുണ്ടെങ്കിൽ അവയെ പരിഹരിക്കുവാനുള്ള മാൎഗ്ഗങ്ങളെ ഏൎപ്പെടുത്തുന്നതു സാഹിത്യരസിരസികന്മാരായ ഭാഷാഭിമാനികൾക്ക രസാവഹമായിരിക്കുമല്ലൊ. ഇതരപരിഷ്കൃതഭാഷകളെപ്പോലെ നമ്മുടെ ഭാഷയും വാമൊഴി (സംസാരഭാഷ)യായും വരമൊഴി (ഗ്രന്ഥഭാഷ)യായും കേരളത്തിലെങ്ങും പ്രചരിക്കുന്നുണ്ട്. ആദ്യമലയാളത്തേയൊ പഴയ മലയാളത്തേയൊ ഇവിടെ എടുത്തു പരിശോധിക്കേണ്ട ആവിശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോഴത്തെ മലയാളസാഹിത്യരീതിയെപ്പററി മാത്രം ആലോചിച്ചാൽ മതിയാവുന്നതാണ്.

നമ്മുടെ ഭാഷയെ തെക്കൻ മലയാളമെന്നും മദ്ധ്യമലയാളമെന്നും വടക്കൻ മലയാളമെന്നും മൂന്നുതരമായി വിഭജിക്കാം. ഈ മൂന്നുദിക്കിലും സംസാരഭാഷ മൂന്നു വിധമാണ്. തെക്കൻമലയാളം തമിഴിൻെറ സംസൎഗ്ഗാധിക്യത്താലും അക്ഷരങ്ങളെ അനാവശ്യമായി നീട്ടുകയും കുട്ടുകയും ചെയ്യുന്നതിനാലും ദുഷിച്ചുപോയിരിക്കുന്നു. വടക്കൻ മലയാളം കൎണ്ണാടകത്തിൻെറ സംസൎഗ്ഗാധിക്യത്താലും അക്ഷരങ്ങളെ ഒരു വ്യവസ്ഥയും കൂടാതെ ചുരുക്കിക്കളയുന്നതിനാലും ദുഷിച്ചുപോയിരിക്കുന്നു. എന്നാൽ മദ്ധ്യമലയാളമാകട്ടെ ഭാഷാന്തരസമ്പൎക്കരാഹിത്യനിമിത്തം എത്രയും ശുദ്ധമായിട്ടുതന്നെ ഇരിക്കുന്നു.

അതിനാൽ സംസാരത്തിൽ ശുദ്ധിയുള്ളതായ ഈ മദ്ധ്യമലയാളത്തെത്തന്നെയാണ് ഗ്രന്ഥകാരന്മാർ സാഹിത്യവിഷയത്തിൽ ഉപയോഗിക്കേണ്ടത് എന്നുള്ള സംഗതിയിൽ ഭിന്നാഭിപ്രായക്കാരുണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ വൎണ്ണവിന്യാസക്രമം സുസ്ഥിരമല്ലാത്തതിനാൽ ഗ്രന്ഥകാരന്മാർ പലരും പല അഭിപ്രായക്കാരായിട്ടാണ് തീൎന്നിട്ടുള്ളത്. അതുകൊണ്ടു ഭാഷക്കു ഐകരൂപ്യമില്ലെന്നുള്ള ന്യൂനതയാണ് ഒന്നാമതായി നില്ക്കുന്നത്. കേരളപാണിനീയം ഇതിലേക്ക ചില നിവൃത്തിമാൎഗ്ഗങ്ങൾ ഏൎപ്പെടുത്തീട്ടുണ്ട്. എന്നാലും പഴയ സമ്പ്രദായത്തെ വിട്ടുകളയുവാനുള്ള വൈമനസ്യംകൊ

ണ്ടോ താൻതാൻ വിചാരിക്കുന്നതുതന്നെ ശരിയായിട്ടുള്ളതെന്നു ചില ഗ്രന്ഥകാരന്മാരുടെ ഹൃദയത്തിൽ കടന്നുകൂടീട്ടുള്ള മർക്കടമുഷ്ടിഭാവംകൊണ്ടോ കേരളപാണിനീയനിബന്ധനകളെ യഥാർത്ഥത്തിൽ അനുകരിയ്ക്കുന്നവർ നന്നെ ചുരുക്കമെയുള്ളു എന്നു പറയേണ്ടിയിരിയ്ക്കുന്നു. ന്യൂനതകളെയെല്ലാം ഒന്നായി ചൂണ്ടിക്കാണിക്കുവാൻ ആർക്കും അത്ര എളുപ്പത്തിൽ സാധിക്കുന്നതല്ല. എന്നാലും സാഹിത്യതല്പരന്മാർ മനസ്സുവെച്ചാൽ നിഷ്പ്രയാസം പരിഹരിക്കാവുന്ന ഏതാനും ചില ന്യൂനതകളെ ഇവിടെ ചൂണ്ടിക്കാണിക്കാം.

1. നന, പന ഇത്യാദി പദങ്ങളിലുള്ള അന്ത്യാക്ഷരോച്ചാരണത്തിന്നു രാജരാജവർമ്മ കോയിത്തമ്പുരാനവർകളുടെ മധ്യമവ്യാകരണത്തിൽ നിശ്ചയിച്ചിട്ടുള്ള ഒരു പ്രത്യേകലിപിയെ എല്ലാവരും കൈക്കൊള്ളുന്നതു നന്നായിരിയ്ക്കുമെന്നു തോന്നുന്നു.

2, ദ്വിതീയപ്രത്യയമായ "എ"കാരം ഒരു അനിശ്ചിതസ്ഥിതിയിലാണിരിയ്ക്കുന്നതു. ഇതിനെ കിഞ്ചിജ്ഞന്മാർ മാത്രമല്ല പ്രാജ്ഞന്മാർ കൂടി ചിലപ്പോൾ ഒരു വ്യവസ്ഥയുമില്ലാതെ ദീർഘമായിട്ടും ഹ്രസ്വമായിട്ടും ഉപയോഗിച്ചുവരുന്നുണ്ടു. ഈ സംഗതിയിൽ സർവ്വസമ്മതമായ ഒരു തീർച്ച വരുത്തിവെയ്ക്കേണ്ടതാണ്.

3. തൃതീയ പ്രത്യയങ്ങളിലൊന്നായ "ഓടു" എന്നതിനെ ഹ്രസ്വമാക്കി "ഒടു" എന്നുപയോഗിയ്ക്കുന്ന സമ്പ്രദായം പരിത്യജിയ്ക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

4. "ങ്ക-മ്പ" ഈ അക്ഷരങ്ങൾ വിവേകപൂർവ്വം എഴുതേണ്ടവയാണ്. "ങ്ക" എന്നുള്ള അക്ഷരം ങകാരവും കകാരവും കൂടിയതാണെന്നും "മ്പ" എന്ന അക്ഷരം മകാരവും പകാരവും കൂടിയതാണെന്നും സ്പഷ്ടമായി ഗ്രഹിച്ചിരിയ്ക്കുന്ന ഒരാൾ ഈ അക്ഷരങ്ങളെ പിഴച്ചെഴുതുവാൻ ന്യായമില്ല. എന്നാൽ വിദ്വാന്മാരുടെ എഴുത്തുകളിൽ പലപ്പോഴും ഈ സംഗതിയിൽ അബദ്ധം നേരിടുന്നതായി കാണുന്നതിനാൽ ഇതിലേയ്ക്കും ഒരു പരിഹാരം ആലോചിയ്ക്കേണ്ടതാണ്. 'ൻക', 'ൻപ', എന്നിങ്ങിനെയുള്ള ഉച്ചാരണങ്ങൾ വരുന്നദിക്കിൽ 'ൻക' 'ൻപ', എന്നുതന്നെ എഴുതണം എന്നൊരു നിയമം വെയ്ക്കുന്നതു കൊള്ളാമെന്നു തോന്നുന്നു.

5. 'ക്ക', 'യ്ക്ക', ഈ അക്ഷരങ്ങളേയും വ്യവസ്ഥയില്ലാതെയാണ് മലയാളികൾ ഉപയോഗിയ്ക്കുന്നതു. 'മറക്കുന്നു', 'മറയ്ക്കുന്നു', ഈ രണ്ടു പദങ്ങളേയും ഒരു വ്യത്യാസംകൂടാതെ 'മറക്കുന്നു' എന്നുതന്നെ എഴുതുന്നതായിരുന്നാലുണ്ടാകുന്ന ക്ലിഷ്ടഭാവം കുറെ ദുസ്സഹമാണെന്നാണ് എനിയ്ക്കുതോന്നുന്നത്. അതിനാൽ യകാരോച്ചാരണം ആവശ്യമായി വരുന്നദിക്കിൽ 'യ്ക്ക'എന്നും അല്ലാത്ത ദിക്കിൽ 'ക്ക' എന്നുംതന്നെ എഴുതേണ്ടതാണെന്നും നിർബ്ബന്ധിയ്ക്കുന്നതു കൊള്ളാം.

6, അർദ്ധലകാരത്തേയും അർദ്ധതകാരത്തേയും മിക്ക മലയാളികളും പിഴച്ചാണ് ഉപയോഗിച്ചുവരുന്നത്. അർദ്ധതകാരത്തെ കാണിയ്ക്കുന്ന മലയാളലിപി 'ൽ'എന്നാണ്. അർദ്ധലകാരത്തിനു കൂട്ടക്ഷരങ്ങളിൽ ലകാരം ചേർക്കുകയാണ് പതിവു. 'താൽപര്യം' എന്നോ 'താത്പര്യം' എന്നോ എഴുതേണ്ടതിനു പകരം 'താല്പര്യം' എന്നെഴുതിവരുന്ന സമ്പ്രദായം തീരെ തെറ്റാണ്. ഇതുപോലെതന്നെ അർദ്ധതകാരം ഉപയോഗിക്കേണ്ട പലദിക്കുകളിലും ലകാരംചേർത്തു വാക്കുകളെ പിഴച്ചെഴുതിവരുന്നുണ്ട്. അർദ്ധലകാരത്തിനു പകരം അർദ്ധതകാരം ഉപയോഗിയ്ക്കുന്ന സമ്പ്രദായവും ഒട്ടും ചുരുക്കമല്ല. 'കല്പന' എന്നതന്നെ

എഴുതേണ്ടതിന്നു പകരം 'കല്പന എന്നു എഴുതി വരുന്നതു് ഒരിക്കലും അനുവദിക്കുവാൻ യോഗ്യമായിട്ടുള്ളതല്ല.

7. പഴയസമ്പ്രദായങ്ങളെ ബലമായി സ്വീകരിച്ചു നടക്കുന്ന വിദ്വാന്മാരായ എത്രമലയാളികളാണ് "എനിക്കു" എന്നെഴുതേണ്ടതിന്നു പകരം 'ഇനിക്കു' എന്നെഴുതണമെന്നു മക്കടമുഷ്ടി പിടിക്കുന്നതു്. ഇതു് ആലോചനക്കുറവാണെന്നെ പറവാനുള്ളു. 'എനിക്കു' എന്നല്ലാതെ 'ഇനിക്കു' ഒരിക്കലും എഴുതുവാൻ അനുവദിച്ചുകൂടാ.

8. 'കൈയിൽ' എന്നല്ലാതെ 'കയ്യിൽ' എന്നെഴുതിവരുന്ന സമ്പ്രദായം നന്നല്ല.

9. 'ഉണ്ടെന്നു' 'ഉണ്ടെങ്കിൽ' 'പെട്ടെന്നു' 'വരുമല്ലൊ', 'എന്നെല്ലാം', 'ഓടിപ്പോയി', 'ആയിത്തീൎന്നു', ഈ വാക്കുകളെ സാധാരണയായിട്ടു് എല്ലാവരും ആലോചിക്കാതെ പിഴച്ചു 'ഉണ്ടന്നു', 'ഉണ്ടങ്കിൽ', പെട്ടന്നു', 'വരുമല്ലൊ','എന്നല്ലാം', 'ഓടിപോയി', 'ആയിതീൎന്നു', ഇങ്ങിനെ എഴുതിവരുന്നതു ഒരിക്കലും സ്വീകാരയോഗ്യമാണെന്നു തോന്നുന്നില്ല.

10. 'അതിർ', 'എതിർ', ഈ വാക്കുകളിൽ നിന്നുണ്ടായിട്ടുള്ള 'അതിൎത്തി', 'എതിൎക്കു' ഈ വാക്കുകളെ 'അതൃത്തി', 'എതൃക്കു', എന്നിങ്ങിനെ പലരും എഴുതിക്കാണുന്നതു തെററാണെന്നാണു് എനിക്കു തോന്നുന്നതു്.

11. 'ക്ലുപ്തം' ഈ വാക്കിനെ 'ക്ലിപ്തം' എന്നും, 'കുടുംബം' ഈ വാക്കിനെ 'കുഡുംബം', 'കുടുമ്മം', എന്നും പലരും എഴുതിവരുന്നതു ഒരിക്കലും സാധുവായിട്ടുള്ളതല്ല.

12. തത്ഭവപദങ്ങളെ ഒരിക്കലും തള്ളിക്കളയുന്നതു നന്നല്ല. ഇങ്ങിനെ നോക്കുന്നതായാൽ നമ്മുടെ ഭാഷയിൽ പരിഹരിക്കേണ്ടവയായിട്ടുള്ള ന്യൂനതകൾ അനവധിയുണ്ടു്. എന്നാൽ ഗ്രന്ഥകാരന്മാർ ഈ വക ന്യൂനതകളിൽ ദൃഷ്ടിവെച്ചു് അവരുടെ ഗ്രന്ഥം പരിശുദ്ധമാക്കുന്ന പക്ഷം ഈ വക ന്യൂനതകൾ നമ്മുടെ ഗ്രന്ഥഭാഷയിൽനിന്നു ഒരിക്കൽ വിട്ടുപോകുന്നതാണെന്നു തോന്നുന്നു. ഈ ഭാഷാസാഹിത്യസംസ്കരണക്കമ്മിററിയുടെ ഒരു മേലന്വേഷണം പാഠശാലകളിൽ പുസ്തകങ്ങളെ നിശ്ചയിക്കുന്ന സംഗതിയിലുണ്ടായിരിക്കുന്നതു വളരെ നന്നായിരിക്കും. നല്ലതെന്നു ഈ കമ്മിററി അഭിപ്രായപ്പെടാത്ത യാതൊരു പുസ്തകവും സക്കാരന്വേഷണമുള്ള പാഠശാലകളിൽ പഠിപ്പിക്കുവാൻ പാടുള്ളതല്ലെന്നു ഒരു നിശ്ചയം വരുത്തിവെക്കേണ്ടതാണു്.

സംസ്കൃതത്തിൽനിന്നൊ ഇംഗ്ലീഷിൽനിന്നൊ ഇതരഭാഷകളിൽനിന്നൊ നല്ല പുസ്തകങ്ങളെ ഭാഷാന്തരം ചെയ്തു് നമ്മുടെ ഭാഷക്കു് അഭിവൃദ്ധിയെ ഉണ്ടാക്കുന്ന ഗ്രന്ഥകാരന്മാരെ ഭാഷാഭിവൃദ്ധിക്കു് നിശ്ചയിക്കുന്ന മൂലധനത്തിന്റെ പലിശയിൽ ഒരംശംകൊണ്ടു് സഹായിക്കുകയും അവരുടെ പുസ്തകങ്ങളുടെ പകപ്പവകാശം ഈ കമ്മിററി വാങ്ങി പുസ്തകങ്ങൾ വിററുണ്ടാകുന്ന ധനത്തെ മൂലധനത്തോടു ചേക്കുകയും ചെയ്യുന്നതു് നന്നായിരിക്കും. സ്വകല്പിതകഥകളെ എഴുതി ഉണ്ടാക്കുന്ന നല്ല ഗ്രന്ഥകാരന്മാരേയും ഇങ്ങിനെതന്നെ സഹായിക്കേണ്ടതാണു്. പ്രവൃത്തിതോറും ഓരോ വായനശാല ഏപ്പെടുത്തുന്നതും ആ വഴിക്കു് പത്രങ്ങളേയും മാസികകളേയും സഹായിക്കുന്നതും ഭാഷാഭിവൃദ്ധിക്കു് നല്ല മാൎഗ്ഗങ്ങളാണു്.

ഏതു ഭാഷയുടേയും അഭിവൃദ്ധിക്കു് ഒരു പ്രധാനകാരണമായി നില്ക്കുന്നതു് ആ ഭാഷയിലുള്ള നല്ല ഗദ്യപുസ്തകങ്ങളുടെ ബാഹുല്യമാണു്. അതുകൊണ്ടു് നമ്മുടെ മലയാളഭാഷയിൽ നല്ല ഗദ്യഗ്രന്ഥങ്ങൾ വൎദ്ധിക്കുമ്പോൾ നമ്മുടെ ഭാഷയും നിശ്ചയമായും ഉന്നതിയെ പ്രാപിക്കും. നല്ല ഭാഷക്കു് അടിസ്ഥാനമായിട്ടുള്ളതു് നല്ല വ്യാകരണമാണു്. നമ്മുടെ ഭാഷ ഇപ്പോൾ ശൈശവാവസ്ഥയിലിരിക്കുന്നതിനാൽ ഇതിൽ വ്യാകരണത്തിനു വേണ്ടത്തക്ക പുഷ്ടിവന്നു കഴിഞ്ഞു എന്നു പറവാൻ പാടുള്ളതല്ല. വ്യാകരണങ്ങൾ പലരും ഉണ്ടാക്കീട്ടുണ്ടെങ്കിലും ഇതുവരെ ഉണ്ടായിട്ടുള്ള വ്യാകരണങ്ങളിൽവെച്ചു് എല്ലാംകൊണ്ടും ഉപരിയായി നില്ക്കുന്നവ രാജരാജവൎമ്മ കോയിത്തമ്പുരാനവർകളുടെ

പ്രഥമവ്യാകരണവും മദ്ധ്യമവ്യാകരണവും ശബ്ദശോധിനിയും കേരളപാണിനീയവും തന്നെയാണെന്നു ഏവരും സമ്മതിക്കും. അതിനാൽ വ്യാകരണത്തിൽ ഇവയേക്കാൾ ഉപരിഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ ഉണ്ടാകുന്നതുവരെ പാഠശാലകളിൽ മുൻപറഞ്ഞ ഗ്രന്ഥങ്ങളെ മാത്രമേ വ്യാകരണസംബന്ധമായ പഠിപ്പിനുപയോഗിക്കാവു എന്നൊരു നിശ്ചയം വരുത്തിവെക്കുന്നതു ഭാഷയുടെ അഭിവൃദ്ധിക്കു് നന്നായിരിക്കുമെന്നു തോന്നുന്നു. ഇദ്ദേഹം നമ്മുടെ ഭാഷയുടെ അഭിവൃദ്ധിക്കുവേണ്ടി പ്രയത്നിച്ചിട്ടുള്ളതുപോലെ മററാരുംതന്നെ പ്രയത്നിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അതിനാൽ ഇദ്ദേഹം മലയാളഭാഷയിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളെല്ലാം നമ്മുടെ ഭാഷക്കു മേല്ക്കുമേലഭിവൃദ്ധിയേയും അനശ്വരമായ ശ്രേയസ്സിനേയും ഉണ്ടാക്കുന്നവയാണ്.

പ്രൗഢശാസ്ത്രഗ്രന്ഥങ്ങളെ ഭാഷാന്തരപ്പെടുത്തുമ്പോൾ ശാസ്ത്രസങ്കേതസംജ്ഞകളെ ഭാഷയിൽ പുതുതായി നിർമ്മിക്കേണ്ടിവരുന്നു. ഇങ്ങനെ വരുന്ന സംഗതികളിൽ സംസ്കൃതവാക്കുകളെത്തന്നെ ആശ്രയിക്കുകയല്ലാതെ ഗത്യന്തരമില്ല. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു നമ്മുടെ ഭാഷക്കു് അഭിവൃദ്ധി വരുന്നതല്ലാതെ ഒരിക്കലും ദോഷമുണ്ടാകുന്നതല്ല.

അതിനാൽ മലയാളഭാഷയുടെ അഭിവൃദ്ധിക്കായി അനുവദിച്ചു കിട്ടുന്ന മൂലധനം ഈ വക ഭാഷാപോഷണമാർഗ്ഗങ്ങളിൽ ഉപയോഗിക്കുന്നതു് ഉത്തമമായിരിക്കും.

---

# കൈലാസയാത്രാപ്രബന്ധം

(തുടർച്ച)

ധർമ്മരാജപദതാർവണങ്ങിമുറുകെപ്പി-
ടിച്ചുപുണ്യരുന്നടി-
മംമൂരാകഴൽപണിഞ്ഞതണഞ്ഞനുസരിച്ചു
വെച്ചഥനിജാനുജൌ
കമ്രപീവരപയോധരേകിടുകിടെന്നു
ചാടിമറിയുന്നബാ-
ഷ്പാംബുനാകഴുകമാനനാംപ്രണയിനിം
വലാരിതനയോജ്ജ്വലീൽ.
യജ്ഞസേനസുകൃതൌഘമേളരുനിയോഗ-
മേറുഭവതിഃ പിരി-
ഞ്ഞച്ചനായഗിരിജാപതേസ്സ്വപദിപോവ-
തിന്നഥരിഥാരഭേ
വിശപഥാരിതവവക്ത്രപത്മമകകമ്പ്രു
കൊണ്ടിഥന്നിനച്ചുകൊ-
ണ്ടശ്രുമംമഹിതകാര്യമേഷവരുവൻവി-
രത്തിനിയുമോമലേ.
എന്നിവണ്ണമകകാമ്പഴിഞ്ഞുബതയാത്ര
ചൊല്ലിവിരവോടുപോ-
കുന്നതന്നുടയകാന്തനോടുഘനബാഷ്പ
ധൂളിതഗളാക്ഷരാ
ഒന്നുമേപറവതിന്നുധൈര്യമിയലാക്ക
കൊണ്ടുവിരഥാതുരാ
കണ്ണുനീർകിടുകിടെന്നവാർത്തുളവിനിന്നി
തൻപിനൊടുപാഷ്തീ.
പുണ്യാത്മൻനീപിരിഞ്ഞാൽവരുമെരി-
(പൊരികേ-
ളെങ്ങിനെഞാൻപൊറുപ്പു
ഖിന്നായംമേകദാനിന്തിരുമുഖമിനിയും
വീര!കാണാവ്വതന്നു
ഇന്നീയാത്രാമമാലംബനമിതിവചസാ
വാച്യമാകുന്നതെല്ലാം
ധന്യാംഗീസാതദാനീമുഴറിനനയനം
കൊണ്ടുതന്നെപറഞ്ഞാൾ.
പ്രയാണപ്രാണേശപ്രണയിജനസന്താപ
(ജനകം
തദാസ്ഥാംതദപാത്താമഥതികരണീയേച്ച
(പ്പന്നതേ
യഥാകാര്യംയായാംതദപിചമയാതൽക്ഷ-
(ണാഗതിം

ഖിചിന്ത്യപ്രാണനാമനന്മതമനാത്രധപ-
(ന്തനാം.
അകൃത്രിമപ്രേമരസാഭിരാമം
രമാപ്തിതംഭൂഷ്ടിവിദലാദിദൃഷ്ടം
മനഃപ്രസാദാഞ്ജലിനാനികാമം
ജഗ്രാഹപാഥേയമിവേന്ദ്രസൂനുഃ.
പാണിനാമഹിതഗാണ്ഡീവത്തെയുമെട്ടു-
ബാണപരിപൂരിതതൂ (ത്തൂ
ചേണലാവുമിഷുധീനിബദ്ധ്യസതലത്ര-
വാന്നിശിതഹേതിമാൻ
കാനനേബത ചടക്കനോക്കിനടകൊണ്ടു
നേരമഥപാണ്ഡവൻ
മാനസാന്ത്യപിമൃതിന്റെ വന്നുതുണയാകി..
നാർത്തദനസോദരാഃ.

ഗദ്യം:— അഭ്രേത്തൊഴം പഥികവർഗ്ഗം ൻ വിളിച്ചരികിലുറ്റക്കൌതുകേനവിചരന്തം, അക്ഷ്നോട്ടുപട പൊരുതമെയ്ക്കുരണതതിഭിരുട നൊക്കടിശിതെളിമകലയന്തം, അകളങ്ക ചന്ദ്രനിഭമുഖപങ്കജം പ്രകൃതിസുകമാരത്രപഗുണവന്തം, അഖിലജനമിരുപുറവുമകലുമളവവരവരോടുകമലിയ മൃദുമൂലവന്തം, ആകാശചുംബിഘനശാഖാൻ മഹാതരുസമൂഹാൻവിലോക്യവലമാനം, ആകലിതഗുണരവസമാകുലിതഭുവനതലമേകമതിഗഹനമഹിമാനം അകളേബരാഭമേഥവനദേവതാനിഭൃതമകമേനിത്രധബഹുമാനം, അകമലരിലുദിതരസമകലെവിരചിതവസതിവിഗതധൃതിഭദ്രശ്രുരസമാനം, ശങ്കാംവിനാ ചിലകൊട്ടങ്കാട്ടുപൂക്കളുവസംഖ്യം മൃഗങ്ങളുമെഴുന്നു, ശംഖനിഭമൊരുപരിഷപിംഗതരമപരഗണ മങ്കളവിപലവകതുടർന്നു, ശരദങ്ങളുംനിശിതശരഭംഗഭീതരളമൊരുഭംഗിപൂണ്ടിടന്ടന്നു, ശരണമിതിചരണഭുവിമരണഭയചകിതമതി ശബരകുലമൊരുമയൊടുവന്നു, ആത്തുംഗമത്തവനമാതംഗസംഘമധികാതങ്കസങ്കുലമിരണ്ടു ആധിയോടുവനഹരിണജാതമുട നഗകഹഖോസരതമവശതതിരണ്ടു, അതിവേലദപ്പമതിപഥികണ്ടു സിംഹകുലമധികാകുലംബതവിരണ്ടു, അതികുതുകതരളമതിസിതതുരഗനടവികളിലതതുബതകരുതിനടകൊണ്ടു.

ചേണേലുംനൽപ്രവാളാംശുകമതിശിഥി-
താങ്ങിയുംകൊണ്ടുപീന- (ലം
ശ്രോണീഭാരാദ്ദരാകമ്പിതകുചവില്വാ-
ന്നഞ്ജുഗുഞ്ജാകലാപാഃ
സാനന്ദംവന്നൊരോരോശബരതരുണിമാർ
ക്കൂട്ടമിട്ടാസ്പദിച്ചാ
രേനംഭ്രലോകചന്ദ്രംകുതുകവികസിതേ
കണ്ണിൽവെച്ചൊട്ടുനേരം.

(തുടരും.)

---

# വ്യായാമവും
# അതിന്റെ ഫലങ്ങളും

മണ്ണ്, മരം, കല്ല്, കമ്മായം വെള്ളം എന്നിവകളാൽ ഉണ്ടാക്കപ്പെട്ട ഒരു വീടു പോലെതന്നെ നമ്മുടെ ശരീരം മാംസം, അസ്ഥി, മേദസ്സ്, ജലം എന്നിവകളാൽ ഉണ്ടാക്കപ്പെട്ട ഒരു കൂടാകുന്നു. ഇവ രണ്ടും തമ്മിൽ പലേ അവസ്ഥകളിലും സാദൃശ്യമുണ്ട്. രണ്ടും ഓരോ കൂടാകുന്നു. രണ്ടിലും ശരീരികളുമുണ്ട്. ഒരു വീട്ടിൽ ഒന്നോ അധികമോ ശരീരികൾ ഉണ്ടാവാം. ഒരു ശരീരത്തിൽ ശരീരി ഒന്നേയുള്ളൂ. ഒരു

വീടിന്റെ സകല ഭാഗങ്ങളും അചേതനങ്ങളാകുന്നു. ഒരു ശരീരത്തിലെ സകല പരമാണുക്കളായ അംശങ്ങളും ചേതനങ്ങളാകുന്നു. ശരീരിയോടുകൂടിയ വീടു അചരമാണു്. ശരീരിയോടുകൂടിയ ശരീരം ചരമാണു്. ഇത്രമാത്രമെ ഇവ രണ്ടും തമ്മിൽ മുഖ്യമായി അന്തരമുള്ളു. ഒരു വീടിന്നു കാലാവധികളിൽ ഇളക്കിമേച്ചിൽ വേണം. കൂടക്കൂടെ അതിന്റെ അററകുററങ്ങളും നോക്കണം. അതുപോലെ തന്നെ ഒരു ശരീരത്തിന്നും ഇളക്കിമേച്ചിലും, അററകുററാന്വേഷണവും വേണം. വീടിളക്കിമേയുന്നതു് ഓലകൊണ്ടോ, വയ്ക്കോൽകൊണ്ടൊ, ഓടുകൊണ്ടോ, ആകുന്നു. ശരീരത്തെ മേയുന്നതു, ജഗന്നാഥൻ, മൽമൽ, ചീട്ടി, ഫ്ലാനൽ, പട്ടു മുതലായ വസ്ത്രങ്ങളെക്കൊണ്ടാകുന്നു. ഒരു വീടിന്റെ ഭിത്തികളെ വെടിപ്പുവരുത്തി ഭംഗിയാക്കിയിടുന്നതു കുമ്മായമൊ, ചായങ്ങളോ തേച്ചാണല്ലൊ. നമ്മുടെ ശരീരഭിത്തികളെയാകട്ടെ നാം സ്നാനാദികളാൽ വെടിപ്പാക്കുന്നു. വിള്ളലൊ, പൊളിവൊ, ചിതൽക്കേടുകളൊ, മററൊ ഉണ്ടെങ്കിൽ വീടിന്റെ കഴുക്കോലുകൾ മുതലായതു മാറുന്നു. അപ്രകാരം തന്നെ ശരീരത്തിൽ വല്ല വെട്ടോ, മുറിവോ, വ്രണമോ, ചൊറി ചിരങ്ങുകളൊ ഉള്ള ഭാഗങ്ങളെ നാം ശസ്ത്രപ്രയോഗങ്ങൾകൊണ്ടും, ഔഷധങ്ങൾകൊണ്ടും, മാററി സുഖപ്പെടുത്തുന്നു. ശരീരത്തിലെ ഏതെങ്കിലും ഒരു ഭാഗം എടുത്തുകളഞ്ഞതു് ആ സ്ഥാനത്തു പകരമായി മറെറാരു സാധനം വെക്കാൻ വയ്യല്ലൊ. ഇനി വീടു സൂക്ഷിക്കുന്ന ഭാഗമെടുക്കുക. ഒരു വീടു ശുചിയായും വൃത്തിയായും ഇരിക്കേണമെങ്കിൽ അടിച്ചുതളിക്കുക, മെഴുകുക, വെള്ളം പകൎന്നു കഴുകുക, മുതലായവ ചെയ്യണം. അതുപോലെ തന്നെ ഒരു ദേഹത്തിന്നും കേടുകൂടാതെയിരിക്കേണമെങ്കിൽ മലമൂത്രവിസർജ്ജനാദികൾ ശരിയായുണ്ടായിരിക്കണം. ഒരു ശരീരത്തിന്നു നവദ്വാരങ്ങൾ ഉണ്ടു്. ഒരു വീടിന്നും — പണിതീൎന്ന ഉടൻ — നവദ്വാരങ്ങൾ ഉണ്ടു്. മലിനജലം പുറത്തേക്കൊഴുകിപ്പോകുന്നതിന്നുള്ള ഓവുകളും, വായുപ്രവേശനദ്വാരങ്ങളും, മററും വല്ല കാരണത്താലും അടഞ്ഞിരുന്നാൽ ഓവുകളിൽ കെട്ടിനില്ക്കുന്ന ചീഞ്ഞളിഞ്ഞ അഴുക്കുകളിൽനിന്നു ചലിക്കുന്ന അനിൎമ്മലവായുക്കളാലും, ഭൂതക്കണ്ണാടിയുടെ സഹായത്താൽ മാത്രം കാണ്മാൻ കഴിയുന്ന കൃമികളാലും, ആ ഗൃഹത്തിലെ നിവാസികൾക്കു പലേ ദീനങ്ങളും നേരിടുവാനിടയുണ്ടു്. ഇതുപോലെ തന്നെ ശരീരത്തിലെ ദ്വാരങ്ങളും അതാതിന്റെ ജോലികളെ ശരിയായി ചെയ്യില്ലെങ്കിൽ പലേ സുഖക്കേടുകൾ ഉണ്ടാകുന്നു. മലമൂത്രാദികൾ കെട്ടിനില്ക്കയൊ, ശ്വാസോച്ഛ്വാസം ചെയ്യുന്നതിന്നു ശ്വാസധമനിയിൽ വല്ല രോഗബാധയാലും പ്രതിബന്ധം നേരിടുകയൊ, രോമകൂപങ്ങൾ അടഞ്ഞു സ്വേദബന്ധം വരികയോ ചെയ്താൽ ആ ശരീരത്തിലെ നിവാസിക്കും കഷ്ടപ്പാടുകൾ ഉണ്ടാകുന്നു. മുററത്തെ പുല്ലു പറിക്കുക; കൂടക്കൂടെ മാറാമ്പിലയും, ചിതലും, മററും അടിക്കുക; ചുമരുകളിലും വാതിലുകളിലും മററും അശ്രീകരത്വം ബാധിക്കുന്ന പദാൎത്ഥങ്ങൾ തേക്കാതിരിക്കുക; ഭിത്തികളും മററും മഴയും വെയിലുംകൊണ്ടു നാനാവിധമാകാൻ അനുവദിക്കാതെ നോക്കുക എന്നിത്തരത്തിലാകുന്നു വീടുസൂക്ഷിക്കൽ. കൂടക്കൂടെ നഖങ്ങൾ ചെത്തുക; വിയൎപ്പും പൊടിയും തുടക്കുക; ജലദോഷം, പനി മുതലായതു പിടിക്കാതിരിപ്പാൻ വെയിലും മഴയും കൊള്ളാതിരിക്കുക; മിതമായും ഹിതമായും ഭക്ഷിക്കു

ക; ദേഹത്തിൽ വീഴ്ചമൂലമോ മറ്റൊ അപായങ്ങളാൽ ഒടി, മുറി, ഉളുക്ക് എന്നിത്യാദികൾ ഒന്നും വരാതെ നോക്കുക; ഇവയൊക്കെയാകുന്നു ശരീരത്തെക്കുറിച്ചുള്ള സൂക്ഷ്മങ്ങൾ. ഇനിയൊന്നുള്ളതു പെരുമാററമാണ്. ഇതു രണ്ടിന്നും ആവശ്യമാകുന്നു. പെരുമാററമില്ലാത്ത വീടും ശരീരവും കൊള്ളില്ലാ. ആൾപ്പെരുമാററമില്ലാത്ത ഒരു ഗൃഹം വൃത്തിയായിക്കിടക്കയില്ലാ. അധികപ്പെരുമാററംകൊണ്ടു വൃത്തിയും ബലവും കുറകയും ചെയ്യും. അങ്ങിനെ തന്നെ എടവും വലവും തിരിയാതെയും, അനങ്ങാതേയും, പെരുമാററം കൂടാതെ സൂക്ഷിക്കുന്ന ഒരു ദേഹംകൊണ്ടും ഫലമില്ലാ. അധികപ്പെരുമാററംകൊണ്ടു ഇതിന്നും കേടുതട്ടും. അതിനാൽ മിതമായ പെരുമാററം രണ്ടിന്നും ആവശ്യമാണെന്നുവരുന്നുവല്ലോ. 'ഇരിമ്പു തൊഴിലും ഇരിക്കെ കെട്ട്' മെന്നില്ലേ? രണ്ടു താക്കോലുകൾ പുതുതായിപ്പണിയിപ്പിച്ച് ഒന്നു ഒരു വട്ടക്കണ്ണിയിലോ മറേറാ കോർത്തിട്ടു സദാ കയ്യിൽ കൊണ്ടുനടക്കുക. മററതു ഒരു അലമാറിയിലോ മറേറാ ഭദ്രമായി സൂക്ഷിച്ചു വെയ്ക്കുക. കുറച്ചു ദിവസം കഴിഞ്ഞെടുത്ത് ഇവ രണ്ടുംകൂടി നോക്കിയാൽ സദാ പെരുമാറിക്കൊണ്ടിരുന്ന താക്കോൽ വളരെ നിറക്കുറവും കൂടാതെയും മിനുസമുള്ളതായും മററതു തുരുമ്പുപിടിച്ചതായും കാണുന്നില്ലേ? ഒരു തുലാം തൂക്കമുള്ള ഒരു കല്ല് ഒരാൾ ദിനംപ്രതി കുറേശ്ശ കുറേശ്ശ പൊക്കുവാൻ ശ്രമിച്ച് അല്പദിവസം കഴിയുമ്പോൾ അതു അവൻ തന്നത്താൻ നിഷ്പ്രയാസം പൊക്കുന്നു. നിത്യപരിചയം വിട്ട് അല്പനാൾ കഴിഞ്ഞാൽ ആ ആൾക്ക തന്നെ അതു പൊക്കുവാൻ സാധിക്കാതെയും വരുന്നു. ഇതുപോലെ തന്നെയാണ് കായികമായോ, മാനസികമായോ ഉള്ള ഓരോരോ തൊഴിലുകളും നിത്യപെരുമാററത്താൽ അഭിവൃദ്ധിയുണ്ടായും, പെരുമാററക്കുറവിനാൽ അതില്ലാതെയും നാം പ്രായേണ കണ്ടുവരുന്നതു. എന്നാൽ ശരീരത്തെപ്പററിയുള്ള ആ പെരുമാററത്തെ അല്പമൊന്നു വിശേഷിപ്പാനുണ്ട്. ഇതിന്നു സ്വതസ്സിദ്ധമായുള്ള ഒരു ചലനശക്തിയുണ്ടല്ലോ. ആ ചലനത്തെയല്ല ഇവിടെ ഉദ്ദേശിക്കുന്നതു. സ്വതേയുള്ളതിന്നു പുറമെയുള്ള ദേഹായാസപ്രദമായ പെരുമാററമാണ് വേണ്ടതു. അങ്ങിനേയുള്ള ദേഹപ്പെരുമാററത്തെയാണ് ഇവിടെ വ്യായാമം എന്നു പറയുന്നതും.

വ്യായാമം പലവിധത്തിലുള്ള കായികാഭ്യാസങ്ങൾ ആകുന്നു. ഇതു ദേഹത്തിലെ സകല അംശങ്ങൾക്കും ചലനവും, ആയാസവും ഉണ്ടാകത്തക്കവിധത്തിലായിരിക്കണം. അതിനാൽ ശരീരത്തിന്നാസകലം ചൂടും, ബലവും, ഉണ്ടാകുന്നു. ദേഹത്തിന്നിടും, ബലവും ഉണ്ടായാൽ ശരീരസുഖമുണ്ടാവുന്നതാണല്ലോ. ശരീരസുഖം എല്ലാവരും ഉണ്ടാവാനിച്ഛിക്കുന്ന ഒരു ഗുണവുമാണല്ലോ. അതിനാൽ ശരീരസുഖം എല്ലാവർക്കും വേണമെന്നു വരുമ്പോൾ അതിന്നാസ്പദമായ വ്യായാമവും അത്യന്താവശ്യകമെന്നു വരുന്നുവെല്ലൊ. ശരീരത്തിന്നു വ്യായാമത്തിൽ നിന്നു പല ഗുണങ്ങളും സിദ്ധിപ്പാനുണ്ടെന്നുള്ളത് കാൎമ്മസ്സു് അഗോചരമായ കാലംമുതല്ക്കു തന്നെ പലരാലും സമ്മതിക്കപ്പെട്ട ഒരു തത്വമാണെങ്കിലും ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയ്ക്കു ഇതു വിഷയീഭവിച്ചിട്ടു വളരെക്കാലമായിട്ടില്ലാ. ഒരു പ്രത്യേകതരം വ്യായാമത്തിന്റെ വിശിഷ്ടതയെപ്പററി ഖണ്ഡിച്ചു പറവാനായി ശരീരശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള ധാതുക്കളുടെ ക്രിയാശക്തി സൂചകമായ വിവരങ്ങൾ നിർദ്ദ്രവ്യവശാൽ ഇതേവരെ വളരെ ഒന്നുമില്ലതാ

൩൦. ലോകമെങ്ങുമുള്ള മഹാത്മാരായ ശരീരശാസ്ത്രജ്ഞന്മാർ ഈ വിഷയത്തെപ്പററി വളരെ ശാസ്ത്രീയയത്നങ്ങൾ ഇപ്പോഴും ചെയ്തുവരുന്നുണ്ട്. അതിനാൽ മനുഷ്യശരീരത്തിൽ വ്യായാമംകൊണ്ടുണ്ടാകുന്ന ഫലങ്ങളെപ്പററി അനുഭവസിദ്ധമായ ഒരു അറിവു നമുക്ക് അടുത്തകാലത്തിന്നുള്ളിൽ ഗ്രഹിക്കാവുന്നതാണെന്നും ഉറപ്പായും വിശ്വസിക്കാം. വ്യായാമത്തിന്റെ ഫലങ്ങളിൽ അധികഭാഗവും അഗാധങ്ങളാകയാൽ ഈ വിഷയത്തെപ്പററി നമുക്കിപ്പോഴുള്ള അറിവുകൊണ്ടു അവയെ സകാരണം വിവരിപ്പാൻ പ്രയാസമാകുന്നു. (തുടരും)

കോയാത്തു കൊച്ചുണ്ണിമേനോൻ.

---

# നമ്മുടെ ഭാഷ

---

മലയാളഭാഷയുടെ അഭിവൃദ്ധിക്കായി കുറെ ധനം സർക്കാരിൽനിന്നും ചിലവഴിക്കുവാൻ നിശ്ചയിച്ചിട്ടുള്ളതും കൊച്ചിസാഹിത്യസമാജം എന്ന ഒരു ഭാഷായോഗം ഭാഷയെ പോഷിപ്പിക്കുവാനായി കൂടീട്ടുള്ളതും വായനക്കാർ അറിവാനിടയായിട്ടുണ്ട്.

ഭാഷാപോഷണവിഷയത്തിൽ മുഖ്യമായും ആദ്യമായും ചെയ്യേണ്ടത് ഒരു നിഘണ്ടു ഉണ്ടാക്കുകയാണെന്നു ഭാഷാവ്യുല്പന്നന്മാരും ഭാഷാഭിമാനികളും ഒരുപോലെ സമ്മതിക്കുന്നുണ്ട്. എങ്ങിനെയാണ് ഈ കാൎയ്യം നടത്തേണ്ടതെന്ന് ഇതുവരെ ആലോചിച്ചതായി അറിയുന്നില്ല. എന്റെ അഭിപ്രായത്തിൽ ഇത് എത്രയൊ പരപ്പായിട്ടുള്ള ഒരു വിഷയമാണ്. ഒരു നിഘണ്ടുവെന്നുവെച്ചാൽ മൂൎത്തങ്ങളായും അമൂൎത്തങ്ങളായും ഉള്ള സകല പദാൎത്ഥങ്ങൾക്കും ഉള്ള പേരുകൾ സ്വരൂപിച്ചൊ ഇല്ലാത്ത പേരുകൾ ഉണ്ടാക്കിയൊ രേഖപ്പെടുത്തുന്ന ഒരു ഗ്രന്ഥം എന്നാണല്ലൊ അൎത്ഥം. ഇതിനു വിഷയമല്ലാതെ ബ്രഹ്മാണ്ഡകടാഹത്തിൽ യാതൊന്നും ഉണ്ടാകുന്നതല്ല. കാണുന്ന വസ്തുക്കൾ, കേൾക്കുന്ന വസ്തുക്കൾ, വിചാരിക്കാവുന്ന വസ്തുക്കൾ, എന്നുവേണ്ട മനസ്സടക്കം ആറു ഇന്ദ്രിയങ്ങൾക്കും ഗോചരമായിട്ടുള്ള സകലതും ഇതിൽ ഉൾപ്പെടുന്നതാണ്. ഇവയുടെ പേരുകളെല്ലാം രേഖപ്പെടുത്തുന്നത് ഒരാളെക്കൊണ്ടൊ ഒരു ദിവസം കൊണ്ടൊ എന്നല്ല അനേകം ആളുകളെക്കൊണ്ടും ദിവസങ്ങൾകൊണ്ടും ദുസ്സാദ്ധ്യമായിട്ടുള്ളതാണ്. ആയതുകൊണ്ടു ഒരു മലയാളനിഘണ്ടു ആവുന്നതും ശുദ്ധമാവേണമെങ്കിൽ മലയാളഭാഷ അറിയാവുന്ന എല്ലാവരും ഒരുപോലെ ഒത്തു പ്രവൃത്തിച്ചു സാധിക്കകയുള്ളു.

ഒന്നാമതു വിഷയങ്ങളെ തരംതിരിക്കണം. പക്ഷികൾ, മൃഗങ്ങൾ, ഗോളങ്ങൾ, മനോവികാരങ്ങൾ, തൊഴിലുകൾ എന്നിങ്ങിനെയുള്ള സാമാന്യവിഭാഗങ്ങളെ വ്യവസ്ഥപ്പെടുത്തി അവയെത്തന്നെ വീണ്ടും അവാന്തരങ്ങളായി വിഭജിക്കണം. ഇങ്ങിനെ ഒന്നൊ രണ്ടൊ ആളുകൾകൂടി ഓരോ ചെറുവിഭാഗത്തെ എടുത്താൽ അതുസംബന്ധമായ എല്ലാ വാക്കുകളേയും ശേഖരിക്കുവാൻ സാധിക്കത്തക്കവണ്ണം വിഭാഗങ്ങൾക്കു ചെറുപ്പമുണ്ടായിരിക്കണം. അതിന്റെ ശേഷം ദേശഭേദേന ഈ വാക്കുകളെ വ്യവസ്ഥപ്പെടുത്തുവാനൊ ദേശ്യങ്ങൾ ചേൎക്കുവാ

ന്നൊ അതാതു ദേശങ്ങളിലുള്ള ആളുകളെ അധികാരപ്പെടുത്തണം. അതിന്നുപുറമെ ഇതേവരെ പ്രസിദ്ധം ചെയ്തിട്ടുള്ള പുസ്തകങ്ങളിൽ നിന്നും പഴയ റിക്കാർട്ടുകളിൽ നിന്നും ഓരോരോ ഇനങ്ങളിലേക്കു വാക്കുകൾ തരംതിരിച്ച് എഴുതിച്ചേർപ്പാൻ പണ്ഡിതന്മാരെ നിശ്ചയിക്കണം. ഇങ്ങിനെ കാലഭേദങ്ങൾകൊണ്ടു നശിച്ചതും ഉണ്ടായതും ആയ വാക്കുകളെ സ്വരൂപിച്ചതിന്റെ ശേഷം തർജ്ജമയുടെ ആവശ്യത്തിന്നായൊ മറ്റൊ കാലത്തിന്റെ മാററത്തിന്നനുസരിച്ചു സൃഷ്ടിക്കേണ്ടതായ വാക്കുകൾ തമിഴ്, സംസ്കൃതം ഈ ഭാഷകളിൽ ഇല്ലാത്തപക്ഷം മററു ദാക്ഷിണാത്യഭാഷകളെ അവലംബിക്കണം. ഒന്നുകൊണ്ടും പററാത്ത ദിക്കുകളിൽ ഏതേതു ഭാഷകളിൽ നിന്നാണൊ വാക്കുകൾ കടംവാങ്ങണമെന്നു വിചാരിക്കുന്നതെന്നുവെച്ചാൽ അതാതുഭാഷകളിൽനിന്നുതന്നെ ഉച്ചാരണസൌകര്യത്തിന്നുവേണ്ടി ഒരു സാമാന്യനിയമം അനുസരിച്ചു വർണ്ണവ്യത്യാസത്തിൽ വേണ്ട മാറ്റങ്ങൾ ചെയ്തു മലയാളഭാഷയിലേക്കു ദത്ത് എടുക്കേണ്ടതാണ്.

സാങ്കേതികശബ്ദങ്ങൾ വ്യവസ്ഥപ്പെടുത്തിയതിന്നുശേഷമല്ലാതെ മേലാൽ ശാസ്ത്രപുസ്തകങ്ങൾ തർജ്ജമചെയ്യുന്നത് അനുചിതമായിരിക്കും. നിഘണ്ടുവിലേക്കു സ്വീകരിക്കാവുന്ന വിധത്തിലെ നിഘണ്ടു ഉണ്ടാവുന്നതിന്നുമുമ്പ് ആ വക വാക്കുകൾ നിർമ്മിക്കാവു. സാങ്കേതികങ്ങളായ ശബ്ദങ്ങൾ മുൻകൂട്ടിത്തന്നെ തർജ്ജമചെയ്തു സാഹിത്യസമാജത്തിന്റെയും ഭാഷാസംസ്കരണക്കമ്മിററിയുടെയും ഒത്താശയോടും അനുമതിയോടും കൂടി വ്യവസ്ഥപ്പെടുത്തി ശാസ്ത്രഗ്രന്ഥങ്ങൾ തർജ്ജമചെയ്യുന്നതായാൽ സർവ്വസമ്മതമായ ഒരു നിഘണ്ടു ഉണ്ടായതിന്നുശേഷം ആ വാക്കുകൾക്കു മാററംവരാതെ വെക്കാവുന്നതാണ്. ഭാഷക്കും വ്യവസ്ഥയുണ്ടാവുന്നതാണ്. ഭാഷക്ക് ഐകരൂപ്യം സമ്പാദിക്കുവാനും എളുപ്പമുണ്ട്. നിഘണ്ടുവിൽ ഭാഷാശബ്ദങ്ങളുടെ വ്യുല്പത്തികൂടി ചേർക്കുന്നതായാൽ ഭാഷാവ്യാകരണം അതുകൊണ്ടുതന്നെ വ്യവസ്ഥപ്പെടുന്നതാണ്. ഇതേവരെ ഉണ്ടായിട്ടുള്ള മലയാളപുസ്തകങ്ങളിൽ തള്ളേണ്ടതും കൊള്ളേണ്ടതും വേർതിരിച്ചു, തള്ളേണ്ടതിനെ കൊണ്ടാടുകയില്ലെന്നു സാഹിത്യസമാജത്തിൽ നിന്ന് ഒരു നിയമംപാസ്സാക്കുന്നതു നന്നായിരിക്കും. സമാജത്തിന്റെ സമ്മതം കൂടാതെ പുസ്തകശാലകൾ സ്കൂളുകൾ മുതലായവകളിലേക്കു പുസ്തകങ്ങൾ സ്വീകരിക്കുന്നതല്ലെന്നു ഭാഷാസംസ്കരണക്കമ്മററിക്കാർ ഒരു ഏർപ്പാടു ചെയ്യുന്നതും നന്നായിരിക്കും.

ഭാഷ മേലാൽ കലമ്പാതിരിക്കുവാൻ വേണ്ടി ഇപ്പോൾ പ്രസിദ്ധംചെയ്തിട്ടുള്ളതും ഇനി പ്രസിദ്ധംചെയ്യുന്നതും ആയ പുസ്തകങ്ങൾ, മാസികകൾ, വർത്തമാനപത്രങ്ങൾ ഇവയിലുള്ള ഭാഷയെ സമാജത്തിലെ അംഗങ്ങൾ സൌകര്യംപോലെ പരിശോധിച്ച് ഒരു മാസികയേയൊ വർത്തമാനപത്രത്തേയൊ പ്രതിനിധിയായി സ്വീകരിച്ച് അഭിപ്രായങ്ങൾ കൂടക്കൂടെ പ്രസിദ്ധം ചെയ്യുന്നതു വളരെ ഉപകാരമായിരിക്കും. വിഷയവും കാഠിന്യവും, ഭാഷയും, തരാതരംപോലെ മാറി ഇപ്പോൾ സ്കൂളുകളിൽ പഠിപ്പിച്ചുവരുന്ന പാഠപുസ്തകങ്ങൾ ഉടച്ചുവാർക്കുവാൻ കാലം അതിക്രമിച്ചിരിക്കുന്നു.

സഫ്റജിസ്റ്റ് (Suffragist) എന്ന വാക്കിന്നു 'സമ്മതിദാനാവകാശവാദിനി' എന്നു നാവു കൊഴയാതെ പറയാൻ സാധിച്ചുവെങ്കിലും ഭാഷക്കു 'സഫ്റജിസ്റ്റ്' എന്നു പറയുന്നതായാൽ കപത്രപ്രവർത്തകന്മാർക്ക്

ല്ലാതെ ഭാഷാഭിമാനികൾക്കൊക്കെ അസഹ്യതയുണ്ടാകുമെന്നു തോന്നുന്നില്ല. "ആത്മത്തിന്നു വേണ്ട ക്ലദാശകൾ" ശൃംഗേരിസ്വാമികൾ സ്വർഗ്ഗാരോഹണം ചെയ്യുന്ന സമയത്ത് ആവശ്യമാണെന്നു ആരും സിദ്ധാന്തിക്കുന്നതല്ല. "എ. കെ. പാർത്ഥസാരഥി അയ്യങ്കാരുടെ അഗ്രാസനത്തിന്റെ ചോട്ടിൽ ഒരു പ്ലേ//സഭകൂട." എന്ന് ഇംഗ്ലീഷിൽ പറഞ്ഞല്ലാതെ പച്ചമലയാളത്തിൽ പറഞ്ഞാൽ അർത്ഥം മാറി അന്ധാളിക്കുന്നത് വായനക്കാരുടെ കുറ്റമാണെന്നു പറഞ്ഞുകൂടാ.

മുൻപറഞ്ഞ മാതിരിയുള്ള വൈകല്യങ്ങൾ ഇനിയെങ്കിലും വന്നുകൂടാതെ ദേശഭേദവും, ജാതിഭേദവും, ഭാഷാഭേദവും അനുസരിച്ചു മലയാളവാക്കുകളേയും വാചകങ്ങളേയും കലുഷമാക്കിത്തീർക്കാതെ കാത്തുരക്ഷിക്കേണ്ടുന്ന ഭാരം ഭാഷാഭിമാനികൾക്കു സാമാന്യേനയും സാഹിത്യസമാജം ഭാഷാസംസ്കരണക്കമ്മററി ഇവക്കു പ്രത്യേകിച്ചും ചുമതലയുള്ളതാണെന്നുള്ള എന്റെ അഭിപ്രായത്തെ പറഞ്ഞുകൊണ്ടു തല്ക്കാലം വിരമിക്കട്ടെ.

സാമാജികൻ.

---


# സമ്മാനം പുസ്തകസമ്മാനം

പത്തുറുപ്പികയോളം വിലപിടിച്ച

## 100 നല്ല മലയാള പുസ്തകങ്ങൾ

അഞ്ചുറുപ്പിക കൊടുത്താൽ കിട്ടുമെങ്കിൽ ആയത് ഒരു സമ്മാനം തന്നെയല്ലേ? പരോപകാരത്തിന്നായി പൊതുജനങ്ങളാൽ നടത്തപ്പെടുന്ന "മംഗളോദയം" കമ്പനിക്കാർ ആദ്യത്തെ 1000 അപേക്ഷക്കാർക്ക് ഓരോ പുസ്തകത്തിന്ന് എട്ടണ വരെ വിലപിടിച്ച പല തരത്തിലുമുള്ള 100 നല്ല പുസ്തകങ്ങൾ 5 ഉറുപ്പിക വിലക്കു (തപാൽകൂലി ഉൾപ്പെടില്ല) അയച്ചുകൊടുപ്പാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ എല്ലാഭവനങ്ങളിലും ഗ്രന്ഥശാലകൾ ഉണ്ടാക്കുവാൻമാത്രമാണ് ഇതിന്റെ ഉദ്ദേശം. ഒടുവിൽ ഇച്ഛാഭംഗം വരാതിരിപ്പാൻ അപേക്ഷകൾ താഴെ പറയുന്ന മേൽവിലാസത്തിൽ ഉടനെ അയക്കുക—

മാനേജർ, മംഗളോദയം കമ്പനി, (ക്ലിപ്തം) തൃശ്ശിവപേരൂർ.

# पिकसन्देशः।

सेण्जोसफ् प्राग्बहुधनयुतं विश्वविख्यातमन्यत्
नानादेश्यैर्विमलधिषणैः शिष्यवर्गैः समृद्धम् ।
लोकन्याये भुवनचरिते भूमिशास्त्रे नदीष्णै-
स्तीक्ष्णैर्विद्यायुवतिरसिकैर्मण्डितं दर्शनीयम् ॥ ६२ ॥

सेपश्येथास्तिमितमनसा रंगमध्ये ज्वलन्तं
लक्ष्मीलीलालुलितहृदयं चार्थिनां पारिजातम् ।
जीमूताभं प्रणववपुषं गर्भिताशेषलोकं
श्रीरंगेशं निगममहितं नीरजास्यं नितान्तम् ॥ ६३ ॥

नामं नामं नळिनचरणं नामशेषीकृतारिं
नाभीपद्मं नरकमथनं नर्तिताद्रिं नताप्तम् ।
नाळीकाक्षं नरहरितनुं नागभोगाधिवासं
नादिं नांतं नयनसुभगं नाथनारायणं तम् ॥ ६४ ॥

नित्यं नित्यं पयसि विमले पावने सह्यजायाः
स्नायं स्नायं विगतमलिना योगिनो भोगिनश्च ।
ध्यायं ध्यायं भुजगशयनं चिन्तिताश्चित्तरंगे
भूयो भूयो जयगिरमहो संगिरन्तेऽन्तरंगे ॥ ६५ ॥

नैजार्हन्तीप्रचिकटयिषासंप्रवृत्ता नयज्ञा
जिह्वारंगोत्तरलसरलोल्लोलकल्लोलवादाः ।
वाचोयुक्त्या प्रतिकथयितुः पूर्वपक्षांश्च रोषात्
धिक्कुर्वाणा विवृतवदना वावदूका वदन्ते ॥ ६६ ॥

यस्मिन् रंगे प्रतिमतमहातूलवातूललीलः
श्रीमद्रामावरजचरणद्वंद्वसच्चंचरीकः ।
दुस्तर्कौघस्थतिकथकवाराशिकुंभोद्भवो यो
ज्ञानाचार्यो यतिपरिवृढो रंगरामानुजोऽभूत् ॥ ६७ ॥

हर्षोन्मीलद्विबुधनिवहैः पारिजातप्रसूनै-
र्मध्येरंगं निशि निशि च यः पूज्यते दीनबन्धुः ।
तस्य छत्रीकुरु मरतकश्यामलाभ्यां गरुद्भ्यां
भक्त्या दत्ता सलिलकणिका चापि तुष्ट्यै प्रभूणाम् ॥ ६८ ॥

वीचीसुभ्रूं सलिलवसनां फेनहारामुदारां
तीर्थश्रोणिं शफरनयनां कोकवक्षोजभाराम् ।
शैवालाळीकुटिलचिकुरां संततावर्तनाभिं
कावेरीं कः सरससुदतीं वीक्ष्य साधो न तुष्येत् ॥ ६९ ॥

रंगक्षेत्रं जलधिदुहितुर्दिव्यदेशेषु चाद्यं
तीर्थं सेयं कनकतटिनी यां श्रुतिस्तोष्टवीति ।
अस्येशानः सकलजगतां नायको रंगनाथः
वासः स्याच्चेदिह जगति वैकुण्ठमुत्कण्ठते कः ॥ ७० ॥

शालीधान्यैर्नियतकपिशां सह्यजावारिपूतां
नानाजींद्रप्रभुशहजिकेंद्रादिकानन्दरायैः ।
राज्ञां वर्यैः विपुलनगरी पालिता या चिरात्तां
तंजां कंजावसथमहिनां नैव गच्छेरपश्यन् ॥ ७१ ॥

(क्रमशः)

को. र. रंगाचार्यः ।

# മംഗളോദയം

ഫാവ്യൻ

പുസ്തകം 5 } തുലാമാസം { ലക്കം 12


## മംഗളം

ഉടലിലമലനീറും ഉത്തമാംഗത്തിലാറും
തുഹിനകിരണകീറും താമ്രകോടീരമാറും
നിടിലഭുവി ചനീറും തീയപാംഗത്തിലേറും—
കരുണരസമിതാറും കാൺമൂ ഞാൻ നാളുതോറും.

ഒരു പ്രാചീനകവി.

---

കൊച്ചിയിലെ മനുഷ്യവർഗ്ഗങ്ങളും

# ജാതികളും

## II

കാടരുടേയും മറ്റു കാട്ടുജാതിക്കാരുടേയും മുഖ്യ തൊഴിൽ കാട്ടിലെ ഉല്പന്നങ്ങൾ ശേഖരിക്കുകയാണ്. കാട്ടിലെ ചെറുതരം ഉല്പന്നങ്ങൾ താഴെ വിവരിക്കുന്നവയാകുന്നു:-

1 കടുക്ക
2 മാകാണിക്കിഴങ്ങ്
3 ഇഞ്ചി
4 മഞ്ഞൾ
5 പൂവക്കുരു
6 തേൻ
7 മെഴുക്
8 മട്ടിപ്പാൽ
9 കുങ്കിലിയം
10 ചീനിക്ക
11 ലവങ്ഗപ്പട്ട
12 ഏലക്കായ
13 കാട്ടുമുളക്
14 താന്നിക്ക
15 നെല്ലിക്ക
16 പരുത്തി
17 തിപ്പലി
18 പാതിരി
19 വെള്ള (എലിഞ്ഞി
20 കാഞ്ഞിരക്കുരു
21 ജോനകപ്പുല്ല്

ഇതുകൾ ഗവമ്മേണ്ടുവക സ്വത്താകുന്നു. ഗവമ്മേണ്ടിൽനിന്നും എന്തെങ്കിലും സംഖ്യക്കു കൺട്രാക്ടന്മാർ കുത്തകയായിക്കൊടു

ത്, അവർ കാടന്മാരുടെയും മലയന്മാരുടെയും സഹായത്താൽ ശേഖരിച്ച് കമ്പോളത്തിൽ കൊണ്ടുപോയി വിററഴിക്കുകയാണ്. കൺട്രാക്ടന്മാർ അവൎക്ക് അരിയും ഉപ്പും ചിലപ്പോൾ മുളകും പുകയിലയും കരുപ്പും ശേഖരിച്ചുകൊടുക്കും. മുണ്ടു മുതലായ സാധനങ്ങൾ വാങ്ങുന്നതിലേക്കു പണവും കൊടുക്കും. വേനല്ക്കാലത്ത് ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനു മാത്രം ഇവർ ഉദ്യോഗിക്കപ്പെടുന്നതും അപ്പോൾ അവൎക്കു ഉപജീവനത്തിനുവക ധാരാളമുള്ളതുമാകുന്നു. ചില്ലറ ഉല്പന്നങ്ങളിൽനിന്നും ഗവൎമ്മേണ്ടിലേക്കു ആണ്ടിനാൽ 3000 ഉറുപ്പികയോളം കിട്ടിവരുന്നുണ്ട്.

കാടന്മാരും ആനകളുമില്ലെങ്കിൽ കൊച്ചിയിലെ മലകളെക്കൊണ്ട് ഉപയോഗമില്ലെന്നാണ് പറയാറ്. രണ്ടും മലകളിലെയും കാടുകളിലെയും നിവാസികൾതന്നെ. രണ്ടും വേണ്ടുംവിധം ഉപയോഗപ്പെടുത്തുന്നതായാൽ കാട്ടിലെ അമൂല്യമായ നിക്ഷേപം കൈവശമാക്കുന്നതിന്ന് അനൎഘമായ സഹായവുമാകുന്നു. ആനകളില്ലാഞ്ഞാൽ ഒരു തടി പൊന്തിക്കുവാൻപോലുമോ, കാടന്മാരില്ലാഞ്ഞാൽ കാട്ടിലേക്കു ഒരടിവെക്കുവാനോ അസാദ്ധ്യമാണ്. കാടന്മാൎക്കു മരംകേററം സഹജമാകുന്നു. അവരതിൽ പ്രത്യേകിച്ചും സമൎത്ഥന്മാരുമാണ്. ചില വൃക്ഷങ്ങൾക്ക് 100-ം 150-ം അടി ഉയരവും 20-ൽപരം അടി ചുററളവും ഉണ്ടായിരിക്കും. വൃക്ഷം ഇത്രയോ ഇതിലധികമോ വലിപ്പമുള്ളതായിരുന്നാലും വേണ്ടില്ല, അവർ കരിംകുരങ്ങന്മാരെപ്പോലെ അതിന്റെ മുകളിൽ നിഷ്പ്രയാസമായി കേറിക്കളയും. തേനെടുക്കൽ അവരുടെ ഇഷ്ടപ്പെട്ട ഒരു തൊഴിലാണ്. ഈച്ചകളുടെ കുത്തുകൊള്ളാതിരിക്കാനായി അധികമായും രാത്രിസമയങ്ങളിൽ ചൂട്ടും കൊളുത്തിക്കൊണ്ടുപോയിട്ടാണ് അവർ തേനെടുക്കാറ്. കൊമ്പുകളോ ചില്ലകളോ ഇല്ലാതെ തടി നേരെ ചൊവ്വുള്ളതായിരുന്നാൽ അടിക്കടി തടിയിൽ മരത്തിന്റെ പൂളു് തള്ളിക്കേററി അതിന്മേൽ ചവിട്ടിയാണ് മരത്തിന്റെ മുകളിൽ കയറുന്നത്. അവർ ഈ വിധം ശേഖരിക്കുന്ന തേൻ കുറച്ചൊന്നുമല്ല. ഇതു നാലു പ്രത്യേകതരം ഈച്ചകളിൽനിന്നും ഉണ്ടാവുന്നതാണ്. തേനിൽ അധികഭാഗവും ശേഖരിക്കുന്നതു മൂപ്പെത്തിയ മരങ്ങളുടെ പൊത്തുകളിൽ ഒരു വക ഏടത്തരം ഈച്ചകൾ ഉണ്ടാക്കുന്നതിൽനിന്നാകുന്നു. കാടന്മാർ തേനീച്ചക്കൂട്ടുകളെ നിൎഭയമായി ആക്രമിക്കും. മന്ത്രശക്തികൊണ്ടാണ് അവൎക്ക് ഈച്ചകളുടെ കടി പററാതിരിക്കുന്നത് എന്നാണ് അവരുടെ നാട്യം. എന്നാൽ അവരുടെ നാട്യം എന്തെങ്കിലുമാവട്ടെ– നമുക്ക് ഇത്രയേ വിചാരിപ്പാനുള്ളു: ഈച്ചകളുടെ അടുക്കൽ ചെല്ലുന്നതിനു സാമാന്യം ധൈൎയ്യമാണ് മുഖ്യമായി വേണ്ട 'മന്ത്രം'.– വലിയ ധൈൎയ്യംകൂടി ആവശ്യമില്ല. എന്തെന്നാൽ പാറകളിൽ വസിക്കുന്ന ഈച്ചകളെപ്പോലെ മരങ്ങളിൽ വസിക്കുന്നവ കൂട്ടമായി ഉപദ്രവിക്കാൻ എത്തുകയില്ല. അതിനാൽ ഒന്നാമത്തു കുറച്ചു കടികൾ മാത്രമേ ഏല്ക്കുകയുള്ളു. അതുതന്നെ അവരുടെ മാൎദ്ദവമില്ലാത്ത തൊലിയിൽ ഏല്ക്കത്തക്കവണ്ണം കഠിനമായിരിക്കയുമില്ല. തേൻ ശേഖരിക്കുന്നതിൽ മുഖ്യമായ ബുദ്ധിമുട്ടു കൂടിന്റെ ദ്വാരം വിസ്താരപ്പെടുത്തുന്നതിലാണ്. പാറകളിലുള്ള ഈച്ചകൾ ഉണ്ടാക്കുന്ന തേനാണ് അധികം ഗുണമുള്ളത്. ഇതിനു 'മലന്തേൻ' എന്നു പറയുന്നു. ഇത്തരം ഈച്ചകൾക്കു വലിപ്പം കൂടിയിരിക്കും.

ൾ തുകൾ കൂട്ടുണ്ടാക്കുന്നതു പാറകളുടെ പിളൎപ്പുകളിലും ഭയങ്കരങ്ങളായ പ്രപാതങ്ങളുടെ വക്കുകളിലുമാകുന്നു. ഇവററ മഹാ ഭയങ്കരങ്ങളാണ്. ഇവററയുടെ ഉപദ്രവം ഭയന്നു സാമാന്യമായും പകൽസമയം തേനെടുക്കാൻ തുനിയാറില്ല. ആരെങ്കിലും അസഹ്യപ്പെടുത്തിയാൽ അവ എല്ലാംകൂടി ഒരുമിച്ച് എതിൎക്കും. ഇവയുടെ കുത്തു ദുസ്സഹമാകകൊണ്ട് അതിൽനിന്നും രക്ഷപ്പെടുക അസാദ്ധ്യവും അടുത്തുചെല്ലുന്നത് ഏററവും അപകടവുമാകുന്നു. കാടന്മാർ രാത്രിയാണ് തേൻകൂട് എടുക്കുന്നത്. അതിന്നു അവർ ഉപയോഗിക്കുന്ന രീതിയും സമ്പ്രദായവും, ഇത്തരം ഭീരുക്കൾ കാണിക്കുമെന്ന് ഒരിക്കലും വിചാരിപ്പാൻ തരമില്ലാത്ത വിധം, ധൈൎയ്യവും വിവേകവും പ്രത്യക്ഷപ്പെടുത്തുന്നതാണ്. ചൂരൽകൊണ്ടോ മുളകൊണ്ടോ ഉള്ള കണ്ണികളാലുണ്ടാക്കപ്പെട്ടതും നൂറടിയിൽപരം നീളമുള്ളതുമായ ഒരു ചങ്ങല കൂടുകൾക്കു സമീപം ഒരിടത്ത് എത്തുന്നതുവരെ എറാക്കി പ്രപാതത്തിന്റെ മുകളിൽ ഒരിടത്തു കാലേകൂട്ടി ബന്ധിച്ചു ശട്ടംചെയ്തിട്ട്, ഇരുട്ടും കാററുമുള്ള ഒരു രാത്രി കൂരിരുട്ടുള്ള സമയം ഒരു കാടൻ തനിച്ചോ ഭാൎയ്യയോ സഹോദരനോ മകനോ കൂടിയോ ചെന്ന്, ഒരു പന്തവും കൊളുത്തി, ഉറച്ചുനില്ക്കാതെ ആടിക്കിടക്കുന്ന ഈ ചങ്ങലയിൽ കൂടി ഇറങ്ങി, പന്തംകൊണ്ട് ഈച്ചകളെ ആട്ടിനിൎത്തിക്കൊണ്ടാണ് തേൻ ശേഖരിച്ച് അവർ വില വാങ്ങുന്നത്. ഒരു ഭയങ്കരമായ കൽമലയുടെ മുഖത്ത് ഇമ്മാതിരി ഒരു ചങ്ങലക്കോണി തൂങ്ങിക്കിടക്കുന്നതു കണ്ട് അതിന്മേൽ നടക്കുവാൻപോകുന്ന സംഭവത്തെപ്പററി ആലോചിക്കുമ്പോൾതന്നെ ഒരുവന്റെ രക്തം തിളച്ചുപോകും. എന്നാൽ ഇതിന്മേൽ ചെയ്യുന്ന അഭ്യാസത്തിന്നു പ്രതിഫലമായി ഒരുറുപ്പിക കൊടുത്താൽ അവൎക്കു പരമ സന്തോഷമായി. ഇരുട്ടുള്ള രാത്രികളിൽ ഈച്ചകൾ മഹാ മന്ദന്മാരായി കാണപ്പെടുന്നതുകൊണ്ടാണ് ഈ സമ്പ്രദായം കൈക്കൊണ്ടുവരുന്നതും ഫലപ്രദമായിത്തീരുന്നതും. കുററിക്കാട്ടിൽ ഇലയോ മറവോ ഇല്ലാത്ത മരങ്ങളിൽ കൂടുകളുണ്ടാക്കുന്ന മറെറാരുതരം തേനീച്ചകളുണ്ട്. അവററയുടെ തേൻകൂട്ടു സാധാരണയായി ഒരു പാത്തമുട്ടയുടെ ആകൃതിയും വലിപ്പവുമാണ്. അതു മെഴുകും എല്ലാംകൂടി എടുത്തവഴിയെ ഭക്ഷിപ്പാൻ വിരോധമില്ലാത്ത വിധം അത്ര തെളിവും നേൎമ്മയും വൃത്തിയുമുള്ളതുമാകുന്നു. വൃക്ഷങ്ങളുടെ കൊമ്പുകളിൽ കൂടുകളുണ്ടാക്കുന്ന നാലാമതൊരുതരം ഈച്ചകളുണ്ട്. ഈ വൃക്ഷങ്ങളിൽ ചിലവ വളരെ ഉയരമുള്ളതുമായിരിക്കും. ഇന്ദ്രിയങ്ങൾക്കുള്ള ഐകാഗ്ര്യം, ശരീരത്തിന്റെ ഉറപ്പ്, മരണത്തെപ്പററി കൂസലില്ലായ്മ, കൌശലം, പ്രകൃതിയെപ്പററിയുള്ള അറിവ് — ഇവയാണ് കാട്ടുജാതിക്കാരുടെ ജന്മസിദ്ധമായ സ്വഭാവങ്ങൾ. കാടന്മാരും ഈ സ്വഭാവങ്ങളിൽനിന്നു ഭിന്നിച്ചവരല്ല. മേൽപറഞ്ഞ തൊഴിലുകൾക്കു പുറമെ മരം മുറിക്കുക, വിശ്രമക്കുടിലുകൾ കെട്ടിയുണ്ടാക്കുക മുതലായ സാധാരണ കൂലിപ്പണികൾ അവർ ചെയ്യുകയും ദിവസം 5 മുതൽ 7 വരെ അണ കൂലി സമ്പാദിക്കുകയും ചെയ്യുന്നുണ്ട്. കാട്ടിലെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന്നുള്ള കൂലി സാധനങ്ങളുടെ ഗുണത്തിന്റെ കൂടുതൽകുറവുകളുടെ അവസ്ഥപോലിരിക്കും. കൊല്ലംതോറും മലവകഡിപ്പാൎട്ടുമെണ്ടിൽനിന്നും കാണസ്സമ്മാനമായി അവൎക്ക് അരി, മുണ്ടു, കുപ്പായം, തൊപ്പി, കടുക്കൻ, മോതിരം, പുകയില, കറുപ്പ്, ഉപ്പ്, എണ്ണ, നാളികേരം മുതലായ

വ കൊടുക്കാറുണ്ട്. കുംഭം,മീനം മാസങ്ങളിൽ മെഴുകും തേനും; മിഥുനം, കൎക്കടകം മാസങ്ങളിൽ ഏലക്കായും ശേഖരിക്കുന്നതിലാണ് അവർ മുഖ്യമായി ഏൎപ്പെട്ടിരിക്കാറ്.

കാടിനെപ്പററിയുള്ള സകലം അറിയാമെന്നാണ് കാടന്മാരുടെ അഭിമാനം. ഓരോ പതിയിലുള്ളവൎക്കും അതിനു ചുററും അവൎക്കു ചേരുന്ന സ്ഥലങ്ങളെപ്പററി പ്രത്യേകം അറിവുണ്ടായിരിക്കും. ജന്മാന്തരവാസനയാലെന്നപോലെ കാട്ടിൽ തെററിപ്പോയ വഴികളെ കണ്ടുപിടിക്കാനും, അതിലെ സഞ്ചരിക്കാവുന്ന മൃഗങ്ങളുടെ സംഖ്യ എത്രയുണ്ട് സൂക്ഷ്മമായി തീൎച്ചപ്പെടുത്തുവാനും അവൎക്കു പ്രയാസമില്ല. ഇതിനും പുറമെ കാലടി കണ്ടു ജന്തുക്കളെ മനസ്സിലാക്കുവാനും ഗന്ധഗ്രഹണസാമൎത്ഥ്യംകൊണ്ട് അവ സഞ്ചരിക്കുന്നേടം കണ്ടുപിടിപ്പാനും പ്രയാസമില്ല. അവർ മുറിയേല്ക്കപ്പെട്ട മൃഗത്തിന്റെ കാലടി നോക്കിപ്പോയി അതിനെ കണ്ടുപിടിക്കുന്നത് അത്ഭുതകരമായ ഒരു സംഗതിയാണ്. ഒന്നും അവരുടെ കണ്ണിൽ പെടാതിരിക്കയുമില്ല. ഒരു കാടനൊ മലയനൊ പതിയിൽ നിന്നും കാട്ടിൽ വളരെ ദൂരം പോകേണ്ടതായി വന്നാൽ, ഭാൎയ്യയൊ മകനൊ താൻ പോയ വഴി കണ്ടുപിടിച്ച് ഭക്ഷണം കൊണ്ടുചെല്ലേണ്ടതിനു, വഴിയിൽ ചുള്ളിക്കൊമ്പുകളും ഇലകളും വെട്ടിയിട്ടുംകൊണ്ടെ പോവുകയുള്ളു. കാടുതെളിക്കുന്നതിനും മൃഗങ്ങളെ നോക്കിക്കണ്ടെത്തുന്നതിനും നായാട്ടുകാൎക്കു ഇവരുടെ സഹായം വളരെ ആവശ്യമാണ്. 'പ്രകൃതിയെയും പ്രകൃതിയുടെ രഹസ്യങ്ങളെയും പററിയുള്ള അത്ഭുതകരമായ ഒരു ജ്ഞാനമാകുന്നു ഈ വിധം ജീവിതംകൊണ്ട് ഒരു കാട്ടുനിവാസിക്കുള്ള മെച്ചം. അവന്റെ ദൃഷ്ടിശക്തിയും ചെവിടോൎമ്മയും ആശ്ചൎയ്യകരംതന്നെ. ഒരു പുലി അതിന്റെ മടയിലേക്ക് ഒളിച്ചുപോകുന്നതു നായാട്ടുകാരനെക്കാൾ മുമ്പിൽ അവൻ കാണുകയൊ കേൾക്കുകയൊ ചെയ്യുന്നു. പുലി വൃക്ഷത്തിന്റെ ചുവട്ടിൽകൂടി പോകുമ്പോൾ മുകളിലിരിക്കുന്ന കുരങ്ങന്റെ ചിലയ്ക്കലൊ കലമാൻ പേടിച്ചു പുറപ്പെടുവിക്കുന്ന ശബ്ദമൊ കേട്ടാൽ അതുകളുടെ കാരണം അവനു മനസ്സിലാകും. എന്നല്ല, കാട്ടിൽ കാണുന്നതും സംഭവിക്കുന്നതുമായ എല്ലാററിന്റെയും കാരണവും അതുകളുടെ സംഗതിയും അവനറിയാം. കഴുകന്മാർ ആകാശത്തിൽ ചുററിപ്പറക്കുന്നതു കണ്ടാൽ പുലി അതിന്റെ തീററ കഴിഞ്ഞുപോയി, അല്ലെങ്കിൽ ഇല്ല, എന്ന് അവനു പറവാൻ കഴിയും. ഒരു ചരൽക്കല്ലുപോലും സ്ഥാനത്തുനിന്നു ചലിച്ചുകണ്ടാൽ അതിൽനിന്നും അവൻ ഒരു സംഗതി കണ്ടുപിടിക്കും. ഒരു പുൽക്കൊടി ഒടിഞ്ഞുകിടക്കുന്നതു കണ്ടാൽ അതിൽനിന്നും എന്തെങ്കിലുമൊന്നു മനസ്സിലാക്കും.' ഇപ്രകാരം ഇന്ത്യയിലെ മഹാമൃഗവംശവിദ്വാനായ സർ വില്യം ക്രൂക്സ് പറഞ്ഞിരിക്കുന്നു. കാടന്മാർ നായാട്ടുകാരെക്കാൾ കാടുതെളിക്കാനും മൃഗത്തെ കണ്ടുപിടിക്കാനും സാമൎത്ഥ്യം കൂടുന്നതുകൊണ്ടു യൂറോപ്യന്മാരും മററും നായാട്ടിനു പോകുമ്പോൾ ഇവരെ കൂട്ടിക്കൊണ്ടുപോകാറുണ്ട്. അവർ പുലി, കാട്ടുപോത്തു, കരടി മുതലായ മൃഗങ്ങളെ വെടിവെച്ചും മാനിനെയും പന്നിയെയും കണിവെച്ചുംപിടിക്കും. അവർ രണ്ടുഭാഗമായിത്തിരിഞ്ഞ് ഒരു കൂട്ടക്കാർ മൃഗങ്ങളെ തെളിക്കയും മററവർ എയ്യൊ ചെറുതരം മൃഗങ്ങളെ കു

ണ്ണിവെച്ചോ പിടിക്കുകയും ചെയ്യുന്നു. കാട്ടുകളിൽകൂടിയൊഴുകുന്ന തോടുകൾ കെട്ടി നിൎത്തി അതിൽ നഞ്ഞുകലക്കി മത്സ്യവും പിടിക്കും. കാടന്മാർ പ്രസിദ്ധപ്പെട്ട വിഷവൈദ്യന്മാരുമാണ്. വിഷം തീണ്ടിയാൽ ഒരു പച്ചിലയുടെ നീരു സേവിക്കുകയും കോളുവായിൽ പുരട്ടുകയും ചെയ്താൽ ഒരിക്കലും പിഴയ്ക്കാതെ ജീവിക്കുന്നതായ ഒരു തരം വൃക്ഷം ഇവൎക്ക് അറിവുണ്ടത്രെ.

ആനപിടുത്തത്തിൽ ഇവർ ഗവൎമ്മെണ്ടിന്നും മററു കാട്ടുടമസ്ഥന്മാൎക്കും വലിയ സഹായികളാണ്. തങ്ങളെ നായാട്ടുകാൎക്ക് കാണിച്ചുകൊടുത്തു കൊന്നു നശിപ്പിക്കുവാൻ സഹായിക്കുന്നതിന്ന് ആനകൾ പക വീട്ടുവാൻ ചെന്നാൽ ഓടിക്കേറി രക്ഷപ്രാപിക്കുന്നതിലേക്കായി കാടന്മാർ ഉറപ്പും ഉയരവുമുള്ള വൃക്ഷങ്ങളിൽ പടികൾ കെട്ടിയുണ്ടാക്കും. ആനകളെ ചിലപ്പോൾ കുഴിയിൽനിന്നാണ് പിടിക്കുന്നത്. കുഴിക്കു സാധാരണയായി 15 അടി ആഴവും വായക്കു 14 മുതൽ 18 വരെ അടി വീതിയുമുണ്ടായിരിക്കും. വേനൽക്കാലത്തു വെള്ളം കുടിപ്പാനായി അവററ തോടുകളിലേക്കും മററു ജലാശയങ്ങളിലേക്കും പലപ്പോഴും പൊയ്ക്കൊണ്ടിരിക്കു പതിവുള്ളതുകൊണ്ടു കുഴികൾ അതുകൾക്കരികെയാണ് ഉണ്ടാക്കുന്നത്. കുഴികളുടെ അടിക്കു വായോളം വിസ്താരമുണ്ടായിരിക്കയില്ല. വായ മുളത്തഴതലുകളും വൃക്ഷശാഖകളും പാവി മണ്ണിട്ടു കരിയിലകൾ വിരിച്ചു മൂടിക്കളയും. സാധാരണ പെരുമാററമുള്ള വഴികളിൽ കണിയുണ്ടാകുമെന്നു സംശയിച്ച് ഇവററ തെററിനടക്കുന്നതുകൊണ്ടു കുഴികൾ വഴിവിട്ടെ ഉണ്ടാക്കപ്പെടുന്നുള്ളൂ. വഴിയരികെ വല്ല വൃക്ഷങ്ങളും കണ്ടാൽ അതിന്നടുക്കൽ ചെന്ന് ആന അതിന്റെ ശരീരം ഉരസ്സുന്നു. ഈ ഉരസൽകൊണ്ടുണ്ടാവുന്ന രസത്താൽ മതിമറന്ന് അത് അതിനെ ആവാഠിക്കുവാൻ ഒരുമ്പെട്ടിരിക്കുന്ന കുഴിയിൽ ചെന്നു വീഴുവാൻ സംഗതിയാവുന്നു. സാധാരണയായി കുട്ടിയാനകളെയാണ് പിടിക്കാറുള്ളത്. കുഴിയിൽ ആന വീണുവെന്നറിഞ്ഞാൽ തൽക്ഷണം ആ വിവരം കാടന്മാർ മലവക അധികാരികൾക്ക് അറിവുകൊടുക്കുന്നു. സമീപത്തുള്ള കാടന്മാരൊ മലയന്മാരൊ വൃക്ഷങ്ങളുടെ വലിയ കൊമ്പുകൾ വെട്ടിക്കൊണ്ടുവന്ന് ആന രക്ഷപ്പെട്ടു കയറിപ്പോകാതിരിക്കാനായി കുഴിയുടെ മുകളിൽ വിലങ്ങനെ വെക്കും. കുഴിയിൽനിന്നും ആനയെ വേണ്ടുംവിധം കയററിക്കൊണ്ടുവരുവാൻ നാട്ടാനകളെ പരിശീലിപ്പിച്ചിട്ടുണ്ട്. അതിന്റെ മുൻകാലുകൾ ശരിയായി ഉറച്ചു നില്ക്കത്തക്കവിധം കുഴി മണ്ണിട്ടു നികത്തി, അതിന്നു ഒരു വിധം നില്പ്പൊറുതിയാക്കിയതിന്നുശേഷം, വല്ല ഇലകളൊ മററൊന്തെങ്കിലും തീററസാധനങ്ങളൊ കാണിച്ചുകൊടുത്ത്, അതു വാങ്ങുവാനായി തുമ്പിക്കൈ നീട്ടുന്ന സമയം ഉറപ്പുള്ള കയറുകൾ അതിന്റെ കഴുത്തിൽ ബന്ധിക്കുന്നു. എന്നിട്ട് അതിന്റെ ഒളിച്ചോടുവാനുള്ള ശ്രമത്തെയൊ ഉപദ്രവത്തെയൊ അടക്കി നിൎത്തിയുംകൊണ്ട് അതിനെ കുഴിയിൽനിന്നും കയററി രണ്ടു താപ്പാനകളുടെ നടുവിലാക്കി പുറത്തെയ്ക്കു കൊണ്ടുവന്ന്, അസംഖ്യം കാടരുടെയും മലയരുടെയും നാട്ടാനകളുടെയും സഹായത്താൽ കൊട്ടിലിലാക്കുന്നു. അതിനെ പിന്നെ അവിടെ പുറത്തെയ്ക്കിറക്കാതെ നിൎത്തി നാട്ടാനകളുടെയും ആനക്കാരുടെയും ശിക്ഷകൊണ്ടും അടികൊണ്ടും തടിപിടിക്കു

വാനും വഴിയിടുവാനും ഭാരം വഹിപ്പാനും യോഗ്യമായിത്തീരുന്നതുവരെ കഷ്ടപ്പെടുത്തുന്നു. ഒരിക്കൽ പിടിച്ചിട്ട രക്ഷപ്പെട്ടോടിപ്പോകാൻ സംഗതിയായ ആന വൃക്ഷത്തിന്റെ വലുതായ ഒരു കൊമ്പു തുമ്പിക്കയ്യിൽ പിടിച്ച് അതുകൊണ്ടു നിലം പരിശോധിച്ചു നോക്കിട്ടല്ലാതെ ഒരിക്കലും സഞ്ചരിക്കില്ലെന്നാണ് പറയാറുള്ളത്.

കാട്ടുനിവാസികൾ ഏതു മലവകഡിപ്പാർട്ടുമേണ്ടിന്റെ അധികാരഅതിർത്തിയിൽ താമസിക്കുന്നുവോ ആ ഡിപ്പാർട്ടുമേണ്ടിനെ സേവിച്ചുവരുന്നതായിട്ടാണ് വിചാരിക്കപ്പെട്ടിട്ടുള്ളത്. അവർക്ക നാട്ടിൽ പാർക്കുന്നവർക്കനുവദിക്കപ്പെട്ടിട്ടില്ലാത്ത ചില സമ്മാനങ്ങളും സ്വാതന്ത്ര്യങ്ങളും നൽകീട്ടുണ്ട്. ഇതു വളരെക്കാലം മുമ്പെ ഈ നാട്ടിലുള്ള ഒരു നടപ്പാണ്. എങ്കിലും നാട്ടിലെ കച്ചവടക്കാരായുള്ള നിത്യസമ്പർക്കവും, കാപ്പിത്തോട്ടക്കാരിൽനിന്നും മറ്റും ലഭിക്കുന്ന അധികക്കൂലിയും ഇവരെ ഗവമ്മേണ്ടുമായിട്ടുള്ള സംബന്ധത്തിൽനിന്നും അകറ്റുന്നതിനു പ്രോത്സാഹിപ്പിച്ചുവരുന്നു. ഇവരും ഗവമ്മേണ്ടുമായുള്ള സംബന്ധം സ്വാമിഭൃത്യന്മാരുടെ നിലയിലാണ്. ഗവമ്മേണ്ടുദ്യോഗസ്ഥന്മാർക്ക കാട്ടിൽ വഴികാട്ടിക്കൊടുക്കുക, ആനക്കുഴികൾ മൂടുക, കുഴിയിൽ ആന വിഴുന്നുണ്ടൊ എന്നു കാക്കുക, വിഴുമ്പോൾ ആ വിവരം മലവക ഉദ്യോഗസ്ഥന്മാക്കറിവുകൊടുക്കുക, കൊട്ടിലിൽ കൊണ്ടുപോയാക്കുന്നതുവരെ ആനക്ക് തീററയും വെള്ളവും കൊടുക്കുക, ഗവമ്മേണ്ടിലേക്കാവശ്യം വരുമ്പോൾ മാടംകെട്ടിക്കൊടുക്കുക — ഇതുകളാണ് അവരുടെ പ്രധാനമായ ചുമതലകൾ. ആനക്കുഴി മൂടുന്നതിന്നും കാക്കുന്നതിന്നും അവക്ക ദിവസത്തിൽ ഇടങ്ങഴി അരിവീതം കൂലിയാണ്. എന്നാൽ വഴികാട്ടുകയും മാടം കെട്ടുകയും ചെയ്യുമ്പോൾ മൂന്നണയ്ക്കരിയും അരയണയും വീതം കൊടുത്തുവരുന്നുണ്ട്. കുഴികാക്കുന്നവരുടെ എണ്ണം നിശ്ചയിക്കുന്നത് ഒരു മലമ്പതിയിലുള്ള കുഴികൾ കണക്കാക്കിയാണ്. കുഴിയിൽ ആനക്ക തീററകൊടുക്കുന്നതിന്നു ദിവസം മൂന്നണയ്ക്കരിയും കാലണയും കൂലിയാണ്. ആനയെ കൊട്ടിലിലാക്കുന്നദിവസം ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും ആബാലവൃദ്ധം അരിയും കൊടുക്കും. ഈ സമയം മലയന്മാർ അവരുടെ കുടുംബദേവതയേയും(അതായതു കഴിഞ്ഞുപോയ കാരണവന്മാരെയും) ചാത്തനെയും(ശാസ്താവിനെയും,)മന്ത്രവാദികളിൽവെച്ച് ഏററവും യോഗ്യനാണെന്നു വിശ്വസിച്ചുവരുന്ന പുളിയമ്പിള്ളിനമ്പൂരി അച്ഛനെയും പ്രസാദിപ്പിക്കുവാനായി ഗവമ്മേണ്ടു ചിലവിന്മേൽ ചോറ്, നാളികേരം, കള്ളു മുതലായ സാധനങ്ങളെക്കൊണ്ട് ഒരു ബലികഴിക്കുക പതിവുണ്ട്.

കാടത്തികൾ ഒരു വക പരുത്ത പുല്ലായയും ഉറപ്പുള്ള ചൂരക്കൊട്ടയും നെയ്യുവരുന്നു.

ആയുധങ്ങൾ. ഒരു വെട്ടുകത്തിയും ഒരു കയ്യോട്ടും മാത്രമെ കാടന്മാക്ക് ആയുധമായുള്ളു. ഇതുകൾകൊണ്ട് അവർ അത്ഭുതകരങ്ങളായ ക്രിയകൾ നടത്തുന്നു. വെട്ടുകത്തിയുടെ സഹായത്താൽ സൌകര്യമുള്ള വീടുകളും, ചൂരൽകൊണ്ടും മരക്കൊമ്പുകൊണ്ടുമുള്ള പാലങ്ങളും, മുളകൊണ്ടുള്ള ചങ്ങാടങ്ങളും, ഈററകൊണ്ടു കൊത്തുപണിയുള്ള ഒരു വക കത്തിയും, മുളകൊണ്ടുള്ള ചീപ്പും, ഉണക്കമരംകൊണ്ടുള്ള തീപ്പെട്ടിക്കോലുകളും ഉണ്ടാക്കുകയും, കൈക്കോട്ടുകൊണ്ടു കിഴങ്ങുകളും

മാറും കിളച്ചുപറിയ്ക്കുകയും ചെയ്യുന്നു. വെട്ടുകത്തി ആത്മരക്ഷയ്ക്കുള്ള ഒരു ആയുധവുമാണ്. ഈ ഏകസാധനം ഇത്രയൊക്കെ കാൎയ്യങ്ങൾക്ക് ഉപയോഗമാകുന്നു. എന്നാൽ അതിന്റെ വില എത്രയൊ തുച്ഛം.

രാജാവായിട്ടുള്ള അടുപ്പം.

കാടന്മാരെ രാജാവിന്റെ അടിമകളായിട്ടാണ് ഗണിച്ചുവരുന്നത്. അവിടത്തെക്കുറിച്ച് അവൎക്ക് വലുതായ സ്നേഹവും ബഹുമാനവുമുണ്ട്. കാട്ടിലേയ്ക്ക് എഴുന്നള്ളുമ്പോഴൊക്കെയും അവിടത്തെ എടുത്തു ദിക്കുതോറും കൊണ്ടുപോകുക, സാമാനങ്ങളെടുക്കുക മുതലായ എല്ലാ പ്രവൃത്തികളും അവർ ചെയ്യും. തിരുമനസ്സിലേയ്ക്ക് അവരുടെ നേരെയും വലിയ പ്രീതിയാണ്. അവിടുന്ന് അവൎക്ക് ഭക്ഷണം കൊടുക്കുകയും, ആഭരണം ചീപ്പ്കണ്ണാടി മുതലായ സാധനങ്ങൾ സമ്മാനിയ്ക്കുകയും പതിവുണ്ട്. ഇവരെ പേടിപ്പിച്ച് ഒന്നും ചെയ്വാൻ ആരാലും കഴിയുന്നതല്ല. എന്തെങ്കിലും കഠിനമായി പേടിപ്പിച്ചുപറഞ്ഞാൽ അവർ മെല്ലെ വേറെ ഒരിടത്തേയ്ക്കു മാറിക്കളയും. ഒരു കാട്ടു മറോറതിനെപ്പോലെതന്നെ അവൎക്ക് ഘ്രണമുള്ളതാണ്. ഇവിടെയായാലും അവിടെയായാലും അവരുടെ ലഘുവായ ആവശ്യങ്ങളെല്ലാം നടക്കുകയും ചെയ്യും. എല്ലാവരും വളരെ ശുദ്ധന്മാരും, നിഷ്കളങ്കന്മാരും, ഉരുട്ട് ചതി മുതലായ ദുൎഗ്ഗുണങ്ങൾ തീരെ ഇല്ലാത്തവരുമാകുന്നു. പ്രവൃത്തികളിലെല്ലാം ക്രമവും സത്യവുമുണ്ട്. ഒരിയ്ക്കലും അസത്യം പറകയില്ല. പരസ്പരം വഞ്ചിയ്ക്കുകയുമില്ല. ഒരിയ്ക്കലും ജോലിയിൽ ഉപേക്ഷ കാണിയ്ക്കുകയുമില്ല. ശരീരത്തിന്നു നല്ല ആരോഗ്യവും ബലവുമുള്ളതിനാൽ അവൎക്ക് കായികശക്തിയും സഹനശക്തിയും ഏവശ്രമമായ ഏതു പണിയും ചെയ്വാൻ കഴിയും. ഭാരം ചുമക്കുന്ന കാൎയ്യത്തിൽ വലിയ സഹനശക്തിയും വേഗം സഞ്ചരിപ്പാനുള്ള സാമൎത്ഥ്യവുമുണ്ട്. ആകപ്പാടെ നോക്കിയാൽ അവർ വളരെ ശാന്തന്മാരും, വണക്കമുള്ളവരും, ആക്കും എന്തെങ്കിലും ആഗ്രഹമുണ്ടെന്നു സ്പഷ്ടമായ അറിവു കിട്ടിയാൽ അതിനെ അനുസരിക്കുന്നവരും, അവൎക്ക് അന്യന്മാർ അല്പം വല്ല സഹായമോ യത്നമൊ രക്ഷയൊ ചെയ്തുകൊടുത്താൽ അതിനെപ്പററി വലിയ നന്ദിയുള്ളവരുമാകുന്നു.

സാമുദായികനില

കാടന്മാരെ കാട്ടിലെ ചണ്ഡാലന്മാർ (അല്ലെങ്കിൽ 'കാട്ടുനീചന്മാർ') എന്നു വിളിച്ചുവരുന്നു. ഒരു മലയൻ കാടനെ തൊട്ടാൽ ഇരുവരും ശുദ്ധം മാറുന്നു. ആൎക്കാണ് ശ്രേഷ്ഠത കൂടുകയെന്നു ചോദിച്ചാൽ ഇരുവരും തങ്ങൾക്കാണെന്നു പറയും. കാടന്മാർ കാട്ടുപോത്തിനെ ഒരു അശുദ്ധമൃഗമായിട്ടാണ് വിചാരിച്ചുവരുന്നത്. അതിനെ അവർ ഒരിയ്ക്കലും തൊടുന്നതുമല്ല. ഇതുമാതിരി തന്നെയാണ് അവർ ആനപ്പിണ്ടവും കരുതിവരുന്നത്. കാട്ടാനകളിൽ അവൎക്ക് വലിയ ഭക്തിയാണ്. അവ ഇണങ്ങിക്കഴിഞ്ഞാൽ അവയിലുള്ള ഈശ്വരാംശം പൊയ്പ്പോകുമെന്നാണ് അവരുടെ വിശ്വാസം. അപ്പോൾ അവരുടെ ഭക്തിയും ഇല്ലാതാവുന്നു. കറിയ വാലുള്ള കരിങ്കുരങ്ങന്മാർ കാട്ടിലേയ്ക്ക് ഒരു ശാപമാണെന്നു വിശ്വസിച്ചു വരികയാൽ അവർ അവററയെ കണ്ടേടം കൊന്നുകളയും. അവൎക്ക് പറയൻ, പുലയൻ, ഉള്ളാടൻ ഇവരുടേതൊഴിച്ചു ബാക്കി ഏതു ജാതിക്കാരുടെയും ഭക്ഷണം കഴിപ്പാൻ വിരോധമില്ല.

താഴെ പറയുന്ന ചെടികളുടെ കിഴങ്ങുകളാണ് കാടന്മാരുടെ മുഖ്യഭക്ഷണസാധനങ്ങൾ.

*ഭക്ഷണസാധനങ്ങൾ*

| | |
|---|---|
| 1. നൂറാക്കിഴങ്ങ് | 5. ചേൽ |
| 2. താളി | 6. കന്നിര |
| 3. നാരം | 7. ചാവൽ |
| 4. ചന്ദനം | 8. ചൊറില |

ചില സന്ദർഭങ്ങളിൽ മത്സ്യം ഭക്ഷിക്കാറുണ്ടെങ്കിലും അപൂർവ്വമായിട്ടേ അവർ മാംസം ഭക്ഷിപ്പാൻ കൂടുകയുള്ളൂ. കാട്ടുപോത്തിന്റെ മാംസം സുലഭമായിക്കിട്ടുവാൻ കഴിയുമെങ്കിലും അവർ അതു തൊടുകകൂടിയില്ല. മുഹമ്മദീയർ പന്നിയിറച്ചിപോലെയാണ് ഇവർക്ക് കാട്ടുപോത്തിന്റെ മാംസം. ചോറുണ്ണുകയെന്നത് ഇവരുടെയിടയിൽ ഒരു സുഖോപഭോഗമാണ്. അതു കഴിക്കുന്ന സന്ദർഭങ്ങൾ വളരെ അപൂർവ്വമാണ്. ലഹരിസാധനങ്ങൾക്ക് ഇവർ അപരിചിതന്മാരല്ല. കറുപ്പും കള്ളും അവർക്ക് ഏറ്റവും പ്രിയപ്പെട്ടവയാണ്. അവർ കറുപ്പ് ലഘുവായി തിന്നുകയും അധികമായി ഇഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ കള്ള് ഇതിലുമധികം ഇഷ്ടപ്പെട്ടതു തന്നെ. ഒരത് ആണുങ്ങളും പെണ്ണുങ്ങളും ധാരാളമായി കുടിക്കുകയും ചെയ്യും.

*ആകൃതിയും ശരീരപ്രകൃതിയും*

കാടന്മാരുടെ നിറം സാധാരണയായി കറുപ്പാണ്. എന്നാൽ ദിഗ്ഭേദംകൊണ്ട് ഓരോ പ്രദേശങ്ങളിൽ അല്പാല്പം വ്യത്യാസപ്പെട്ടിരിക്കും. നാട്ടിലെ താണജാതിക്കാർ പെരുമാറാറുള്ള പ്രദേശങ്ങളിൽ പാർക്കുന്നവർ ഇരുകൂട്ടരുടെയും വംശജന്മാരായിട്ടാണ് കണ്ടുവരുന്നത്. എന്നാൽ അതില്ലാത്ത ഉൾക്കാടുകളിൽ പാർക്കുന്നവർക്ക് അവരുടെ ശരിയായ വംശലക്ഷണങ്ങളുണ്ട്. അവർ ആകൃതിയിൽ കുറിയവരാണ്. ആണുങ്ങൾക്ക് 61½-ഉം പെണ്ണുങ്ങൾക്ക് 56-ഉം അംഗുലമാണ് ശരാശരി ഉയരം. മൂക്ക് പരന്നും അമർന്നും ഇരിക്കും. ഇരുകൂട്ടർക്കും നീണ്ടിരുണ്ട തലമുടിയുണ്ട്. അതു നിറുകയിൽ വകഞ്ഞു വെളിച്ചെണ്ണ തൊട്ടുമിനുക്കി പിന്നിൽ കെട്ടിവെയ്ക്കുന്നു. തല വകഞ്ഞു പിന്നിൽ കെട്ടുന്ന സമ്പ്രദായവും സ്വാഭാവികമായുള്ള ലജ്ജാസ്വഭാവവും കൂടുമ്പോൾ ആണുങ്ങളും പെണ്ണുങ്ങളുടെ പ്രകൃതി തന്നെയാണ് പ്രത്യക്ഷപ്പെടുത്തുന്നത്. ചിലർക്ക് നീണ്ടുചുരുണ്ട തലമുടിയുമുണ്ട്. ഇവരുടെ ശരീരം ശക്തിയുള്ളതും, ചുമലുകളും തുടകളും ഉറപ്പുള്ളതും, കൈകൾ പണിയന്മാരുടേതുപോലെ ദീർഘമുള്ളതും മാറിടം വിസ്തൃതവും ദൃഢവുമാകുന്നു. ഈ ഒടുവിൽ പറഞ്ഞ ഗുണം കാട്ടുസഞ്ചാരത്തിന്നു വളരെ ആവശ്യവുമാകുന്നു. ഭക്ഷണത്തിന്നു ഫലമൂലാദികളെത്തേടി അധികം ദൂരം പോകുന്ന സമ്പ്രദായക്കാരാകകൊണ്ടു പലപ്പോഴും അന്നന്നു മടങ്ങി വരാൻ സാധിക്കുന്നതല്ലാത്തതിനാൽ പെണ്ണുങ്ങൾ വെയ്പുസാമാനങ്ങളെയും ചിലപ്പോൾ അതുകളുടെ മുകളിൽ കുട്ടികളെയും എടുത്തേറ്റിക്കൊണ്ടു കൂടെപ്പോവുക പതിവാണ്. ഒരു മുഷിഞ്ഞ വസ്ത്രത്തിൽ കുട്ടിയെ കിടത്തി ചുമലിൽ കൂടി ഞാന്നുകിടക്കത്തക്കവണ്ണം അതിന്റെ രണ്ടറ്റവും കഴുത്തിൽ കെട്ടി, മാറിൽ കൈകൊണ്ടു താങ്ങിപ്പിടിച്ചാണ് സാധാരണ അമ്മ യാത്രാസമയം കുട്ടിയെ കൊണ്ടുപോകാറുള്ളത്. യാതൊരു വിശേഷജ്ഞാനമൊ പഠിപ്പൊ കൂടാതെ ജീവിതം

സുഖമായിക്കഴിച്ചുകൂട്ടുന്നതിന്ന് ഈ കൂട്ടർ ഉദാഹരണം കാണിച്ചുതരുന്നു. 'വിദ്യാഭ്യാസത്തിന്റെ ഉൽഗതിയിലുള്ള തിരമാലകളിൽ നിമഗ്നന്മാരായി ബാധിക്കപ്പെടാത്തതുകൊണ്ട് ഇപ്പോഴും അവരുടെ ആദ്യനടപടിയും സ്വഭാവവും നിലനിൎത്തിക്കൊണ്ടുവരുന്നുണ്ട്'. * അതിനാൽ അവരുടെ വംശപാരമ്പൎയ്യം തകരാറാവാതെ ശരിയായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അവർ അധികവും ശുദ്ധന്മാരും എളുപ്പത്തിൽ സമാധാനപ്പെടുന്നവരുമാണ്. ആദ്യം കാണുമ്പോഴുള്ള നാണം തീൎന്നുകഴിഞ്ഞാൽ പിന്നെ വലിയ സംവാദശീലന്മാരായി കാണപ്പെടും. അവർ പ്രകൃത്യാ നിഷ്കപടന്മാരും നാട്ടിൽ പാൎക്കുന്നവരെക്കാൾ എത്രയൊ അധികം സത്യസന്ധന്മാരും തന്നെ. എന്നാൽ ഈയിടെ കുറച്ചുകാലമായിട്ടു മോശവും നിസ്സാരവുമായുള്ള ചില കളവുകളിലേക്കു അവരുടെയിടയിൽ വാസന കടന്നുകൂടി വരുന്നുണ്ട്. സാഹസമായ വേല ചെയ്തുവരുന്നവരും, നിരുത്സാഹമായ ശ്രമം അനുഭവിക്കുന്നത് അത്യന്തം സുഖകരമാണെന്നു ഗ്രഹിപ്പാൻ കഴിയുന്നവരുമായ ഈ കാട്ടുജനങ്ങളെക്കാൾ അധികം സുഖമായി ജീവിതം നയിക്കുന്നവരായിട്ടുള്ള ആളുകൾ വാസ്തവത്തിൽ ചുരുക്കമാണ്. മറ്റു ജനസമുദായത്തിൽ നിന്നും വേറിട്ടിരിക്കയാൽ അവർ എല്ലാ ആവശ്യങ്ങൾക്കും സുഖാസക്തികൾക്കും സ്വന്തപരിശ്രമത്തെത്തന്നെ ആശ്രയിച്ചിരിക്കുകയും, വനജീവിതത്തിൽ തങ്ങളുടെ ക്ഷേമത്തെ കാക്കുന്നവരായി വിശ്വസിക്കപ്പെട്ടുവരുന്ന ഭൂതങ്ങളിലുള്ള ഭക്തിയിൽ ലീനന്മാരായിക്കൊണ്ട് അതിങ്കൽ പരമാനന്ദപൂൎവ്വം സന്തുഷ്ടന്മാരായിരിക്കുകയും ചെയ്യുന്നു.

* Madras Museum Bulletin. Vol. II. p. 113.

ഉടുപ്പും ആഭരണങ്ങളും.

മറ്റു കാട്ടുജനങ്ങളെപ്പോലെ തന്നെ ആണുങ്ങൾ അപൎയ്യാപ്തമായിട്ടെ വസ്ത്രധാരണം ചെയ്യുന്നുള്ളൂ. അവർ മോടിയില്ലാത്ത ഒരു തുണി അരയിലും അമ്മാതിരിയുള്ള മറ്റൊന്നു കഴുത്തിന്നു ചുറ്റുമായി ധരിക്കും. എനിക്കു കണ്ട് സ്വഭാവം മനസ്സിലാക്കുവാൻ കൊണ്ടുവന്ന നെല്ലിയാമ്പതിമലയിലെ കാടന്മാരിൽ ചിലർ ഇംഗ്ലീഷ് നെയ്ത്തുവേഷ്ടികൾ അരയിലും അമ്മാതിരിയുള്ള വസ്ത്രംകൊണ്ടു കെട്ടിയ തലപ്പാവു തലയിലും വൃത്തിയായി ധരിച്ചിട്ടുണ്ടായിരുന്നു. അവരെല്ലാം കാഴ്ചയിൽ നാട്ടിൽ പാൎക്കുന്ന തമിഴചെട്ടികളെപ്പോലെയാണ്. ചിലർ പിച്ചളക്കടുക്കനും ധരിക്കുന്നുണ്ട്. പെണ്ണുങ്ങൾ എട്ടുവാര നീളത്തിൽ ഒരു പുടവയാണ് ഉടുക്കുന്നത്. അതിൽ പകുതി അരയിൽ ചുറ്റുകയും ബാക്കി പകുതികൊണ്ടു ദേഹം മറയ്ക്കുകയും ചെയ്യുന്നു. ചിലർ സിന്ദൂരംകൊണ്ടു നെററിയിൽ പൊട്ടുതൊടും. എല്ലാവരും കാതു കുത്തി വളൎത്തുകയും ചെയ്യും. സാധാരണ ദിവസങ്ങളിൽ അവർ കാതിൽ ഓലകൊണ്ടുള്ള ചുരുൾ ആണ് ധരിക്കുന്നത്. വിശേഷദിവസങ്ങളിൽ മുക്കുതോടയും ഉപയോഗിക്കും. ചിലർ മുക്കുത്തിയും സ്ഫടികംകൊണ്ടും പിച്ചളകൊണ്ടുമുള്ള മണിമാലകളും ധരിക്കുന്നുണ്ട്. ചിലർ കൈകളിൽ മുട്ടിന്നു മേലെയും താഴെയും ഉരുക്കുകൊണ്ടൊ പിച്ചളകൊണ്ടൊ ഉള്ള വളകളും കാൽവിരലിന്മേൽ മോതിരങ്ങളും ധരിക്കുന്നുണ്ട്. ഈ കോപ്പോടെ കണ്ടാൽ അവർ, ചൊക്കംകറുത്തു കറുത്താണെങ്കിലും, ചെട്ടിച്ചികളെന്നു തോന്നത്തക്കവണ്ണം

അത്ര നന്നായും ധാരാളമായും അലങ്കരിച്ചിരിക്കും.

ഇവക്ക് മററുള്ളവരിൽ അസാധാരണമായ ഒരു സമ്പ്രദായം കൂടിയുണ്ട്. അതു അവരുടെ മുമ്പല്ലുകൾ രാവിക്കൂർമ്പിക്കുന്നതാണ്. ആൺകുട്ടികൾക്കു 18-ം പെൺകുട്ടികൾക്കു 10-ം വയസ്സു പ്രായമാവുമ്പോൾ കൂട്ടത്തിൽ പരിചയമുള്ളവർ ഉളിയൊ വെട്ടുകത്തിയൊ കൊണ്ടും അരംകൊണ്ടുമാണ് പല്ലു രാവുന്നത്. പല്ലു രാവേണ്ടതായ പെൺകുട്ടിയുടെ തല ഏതെങ്കിലുമൊരു സ്ത്രീയുടെ മടിയിൽ വെച്ചു അനങ്ങാതെ പിടിച്ചുനിർത്തി മൂന്നാമതൊരാൾ ഒരു മൂച്ചയുള്ള കത്തി കൊണ്ടുവന്നു പല്ലു രാവുമ്പോൾ കുട്ടി വല്ലാതെ പിടഞ്ഞുനിലവിളിക്കുന്നു. രാവൽ കഴിയുമ്പോൾ അവൾക്കു തന്റേടമുണ്ടാവില്ല. അല്പം കഴിയുമ്പോഴേക്കും മുഖംമുഴുവനും നീരുവന്നു വീങ്ങും. വേദനയും നീരും ഒന്നുരണ്ടു ദിവസം നില്ക്കുന്നതാണ്. അപ്പോൾ കലശലായ തലകുത്തുമുണ്ടായിരിക്കും. ഈ വിധം മനുഷ്യസൃഷ്ടിയെ വിരൂപപ്പെടുത്തുന്ന സമ്പ്രദായം തെക്കൻ ഇന്ത്യയിൽ മാത്രമല്ല, ആസ്ട്രേലിയയിലുമുള്ള പലേ ജാതിക്കാരുടെയിടയിലുമുണ്ട്. എന്നാൽ അവർ മുന്നിരപ്പല്ലു മാത്രമെ രാവുകയുള്ളൂ. 'എല്ലാ പല്ലുകളുമുണ്ടായാൽ വിരൂപതയിൽ നിരസിക്കപ്പെടുമെന്നു കരുതി, കുട്ടികൾ തെരുളുണ്ട പ്രായമാവുമ്പോൾ പല്ലുകളിൽ ചിലവ പറിച്ചുകളയുന്ന സമ്പ്രദായം ആഫ്രിക്ക, ആസ്ട്രേലിയ ഈ രാജ്യങ്ങളിൽ പലേടങ്ങളിലുമുണ്ട്. മലയ അർദ്ധദ്വീപിൽ പല്ലു രാവുന്നതും കറുപ്പിക്കുന്നതും കല്യാണത്തിന്റെ പൂർവ്വാംഗമാണ്". * 'തങ്ങൾക്കു മൃഗങ്ങളുടെ മാതിരി ആവശ്യമില്ലെന്നും പറഞ്ഞ് അപ്പർനൈൽ പ്രദേശങ്ങളിലുള്ളവർ മുമ്പിലുള്ള നാലു പല്ലുകൾ പറിച്ചുകളയുന്നു". (1) ചില വർഗ്ഗക്കാർ മുന്നാരപ്പല്ലുകൾ മുഖത്തിനു ബീഭത്സമായ ആകൃതിയുണ്ടാക്കുന്നതാണെന്നും പറഞ്ഞ് അവകൾ രണ്ടും പറിച്ചുകളയുന്നു എന്നു ഡോക്ടർ ലിവിംഗ്സ്ടൺ പ്രസ്താവിച്ചിട്ടുണ്ട്. "കാഠിന്യമുള്ള കിഴങ്ങുകൾ എളുപ്പത്തിൽ കടിച്ചുമുറിക്കുവാനേ ഉപയോഗപ്പെടുത്തുന്നതിലേക്ക് ഈ കറിയ മനുഷ്യർ പല്ലുകൾ രാവിക്കൂർമ്പിക്കുന്നു. ഇതിൽ കുറെ ഔചിത്യം പ്രത്യക്ഷപ്പെടുന്നുണ്ട്. തങ്ങളെ രാജ്യത്തിൽനിന്നു ആട്ടിയോടിച്ചു രാജ്യം കൈവശപ്പെടുത്തിയവരെ സേവിക്കുന്നതിൽ ഭേദമാണ് തങ്ങളുടെ സ്വാഭാവികമായ ശക്തിയിൽ കടന്നതും ഈവിധം ദന്തങ്ങളെ ഭാഷാഭേദപ്പെടുത്തിയാൽ മാത്രം അനുഭവിപ്പാൻ സംഗതിവരുന്നതുമായ ഭക്ഷ്യങ്ങളുള്ളേടത്തു ചെന്നുപാർക്കുന്നതെന്നു ഇവർ നിശ്ചയിച്ചു കാണുമ്പോൾ അത്ഭുതപ്പെടുകയും ഇവരെ ബഹുമാനിക്കുകയും വേണം. പ്രശസ്തതരമായ മററു ആയുധങ്ങളില്ലായിരിക്കെ, ജേതാക്കൾ അവരെ പർവ്വതഗുഹകളിലേക്കു പിന്തുടരുന്നതായാൽ ഈവക കൂർത്ത പല്ലുകൾ ആയുധങ്ങളായി ഉപയോഗപ്പെടുത്തണമെന്നുകൂടി ഒരുസമയം അവർ കരുതീട്ടുണ്ടായിരിക്കാനും മതി". *

കാടിന്മാർ പാട്ടിൽ ഭ്രമമുള്ളവരാണ്. ചിലപ്പോൾ അധികം പേർ കളികൾ വൃത്താകാരത്തിൽ കൈകോത്തുനിന്നു മുന്നോട്ടു നടന്ന് അടുത്തു

---

* Westermark's History of Human Marriage,

(1) Darwin's Descent of man.

* Madras Journel of Literature and Science.

ടിയും പിന്നോട്ടുനടന്നു ദൂരെമാറിയുംകൊണ്ടു വട്ടത്തിൽ ചുററിക്കളിയ്ക്കും. ക്ഷീണിച്ചാൽ പാട്ടുപാടുകയായി. എന്റെ ആഗ്രഹപ്രകാരം അവരിൽ 8 പേർ ചേൎന്നു ചില തമിഴ് പാട്ടുകൾ പാടിക്കൊണ്ട് ആടിക്കളിച്ചു. കാടന്മാർ പലപ്പോഴും നാട്ടിൽവന്ന് ഓരോ ആഘോഷങ്ങളിൽച്ചേൎന്ന് ഓരോ കളികളും മററും കണ്ടു മൂക്കററം കടിച്ചു മടങ്ങിപ്പോക പതിവാണ്. തീരെ അസംസ്കൃതന്മാരും അജ്ഞാനാന്ധന്മാരും മിനുങ്ങാത്ത ചുരുണ്ട തലമുടിയുള്ളവരുമായ കാട്ടികൾ തങ്ങളുടെ അപരിഷ്കൃതങ്ങളായ വിനോദങ്ങളിൽ സന്തുഷ്ടന്മാരായി സന്ധ്യാസമയം ആട്ടങ്ങളിൽപ്രവേശിച്ചിരിക്കുമ്പോൾ അവർ ജനിപ്പിയ്ക്കുന്ന ഹൃദയരഞ്ജകമായ ഹാസവിലാസങ്ങൾ കേൾക്കുവാൻ ബഹു കൌതുകമായിട്ടുള്ളതാകുന്നു.

അവസാനം. “ഒരു ജാതിയോ വൎഗ്ഗമോ അല്ലെങ്കിൽ ഗോത്രമോ യൂറോപ്യന്മാരായി അകന്നും അപരിചയപ്പെട്ടുമിരിക്കുന്നെടത്തോളം അവരായി ചുരുക്കം ഇടവിട്ടിരിക്കുവാൻ കാരണമാകകൊണ്ട്, അവർ എത്രത്തോളം അകന്നും അപരിചയപ്പെട്ടുമിരിക്കുന്നുവോ അവരുടെ ഏൎപ്പാടുകളെപ്പററിയുള്ള അദ്ധ്യയനത്താൽ ലഭിയ്ക്കപ്പെടുന്ന തെളിവുകൾ അത്രത്തോളം വിലയുള്ളതാണെന്നാണ് പറയുക. ഇന്നാൾവരെ തണുത്തതും നിസ്സാരവുമായ ഇലകൊണ്ടുണ്ടാക്കിയ ഉടുപ്പുകൾ മാത്രം ധരിച്ചും, വനമദ്ധ്യത്തിൽ പാൎത്തും വന്നിരുന്ന ചില വൎഗ്ഗക്കാർ യൂറോപ്യന്മാരുടെ സമ്പൎക്കംകൊണ്ടു പ്രേരിതന്മാരായിട്ട്, ഇപ്പോൾ അവരുടെ ജീവിതത്തിന്നും നടവടിറീതിയ്ക്കും ഭാഷയ്ക്കുതന്നെയും വലിയ വ്യത്യാസം വരുത്തീട്ടുണ്ട്”, വയനാട്ടിലെ പണിയന്മാരും, നീലഗിരി മലഞ്ചെരിവുകളിലെ ഇരുളന്മാരും, കൊച്ചിമലകളിലെ കാട്ടുനിവാസികളും ഇപ്പോൾ ഓരോ തോട്ടങ്ങളിൽ ക്രമമായി വേലചെയ്തു ദിവസക്കൂലി പററിവരുന്നു. ഇക്കാലത്തെ കാട്ടുജാതികളുടെ ദിവസംപ്രതിയുള്ള ക്ഷയവും, പാശ്ചാത്യന്മാരുടെയും ഉയൎന്നജാതിക്കാരുടെയും നടവടിസമ്പ്രദായത്തിലേയ്ക്കുള്ള ആകൎഷണത്തിന്റെ ദ്രുതഗതിയും, കഴിയുന്നതും വേഗത്തിൽ അവരുടെ തൊഴിലുള്ള മാൎഗ്ഗങ്ങളെ ശരിപ്പെടുത്തുക ആവശ്യമാക്കിത്തീൎത്തിരിക്കുന്നു. “മേച്ചിലിന്ന് ആദ്യം ഉപയോഗപ്പെടുത്തിയിരുന്ന സാധനങ്ങൾക്കു പകരമായി ഓടിന്റെയും തകരത്തിന്റെയും ഉപയോഗം, ഓലകൊണ്ടുപൊതിഞ്ഞ കുടയ്ക്കും നാട്ടുചരക്കുകൾക്കും പകരമായി ശീലക്കുടയുടെയും മററു തുന്നിച്ചരക്കുകളുടെയും ഇറക്കുമതി, നാടൻ ഉടുപ്പുകളുടെ ക്ഷയം, ക്രിഷീവലന്മാരുടെ സ്വദേശീയമായ ആഭരണങ്ങൾക്കുപകരം യൂറോപ്പിൽ ഉണ്ടാക്കപ്പെടുന്ന മുത്തുകളുടെയും മററു ആഭരണങ്ങളുടെയും ഉപയോഗം, പണ്ടു തീക്കല്ലുരസി തീപ്പിടിപ്പിച്ചുവന്നിരുന്ന ആദിമനിവാസികളുടെയിടയിൽ തീപ്പെട്ടിയുടെ ഉപയോഗം, അങ്ങാടികളിൽ പുതുതായ ഭക്ഷണസാധനങ്ങളുടെയും ബിയറിന്റെ (Beer) യും മററു ലഹരിസാധനങ്ങളുടെയും സൌലഭ്യം, പണ്ടു വില്ലേജ് പഞ്ചായത്തുകാർ നടത്തിവന്നതിന്നു പകരമായുള്ള ന്യായഭരണം, മേൽജാതിക്കാരുടെ നടവടിസമ്പ്രദായങ്ങളെ അനുകരിച്ചു നടന്ന് ഉയൎന്ന നിലയിലെത്തുവാൻ താണവൎക്കുള്ള പരിശ്രമം, പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ പ്രചാരം, പാതിരിമാരാൽ കൊടുക്കപ്പെടുന്ന മതസംബന്ധമായ ഉപദേശം, ക്രിസ്തു

മതാലംബനം—ഇതുകളും മററനേകസംഗതികളുമാണ് ഈ രാജ്യത്തിലെ ജനങ്ങളുടെ ആചാരനടവടി സമ്പ്രദായങ്ങളിൽ നൈസർഗ്ഗികമായ മാററത്തിന്നു കാരണമായി തീർന്നിരിക്കുന്നത്". കേമ്പ്രിഡ്ജിലെ പ്രൊഫസർ എ. സി. ഹാഡൻ പറഞ്ഞിട്ടുള്ളപോലെ, "ഇതാണ് രേഖപ്പെടുത്തുവാനുള്ള സമയം." അതിരററതായ ഒന്നു നമുക്കു നഷ്ടമാകുകയും, വളരെ അധികം ഇപ്പോൾ വേഗേന അദൃശ്യമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവയുടെ അന്തർദ്ധാനംകൊണ്ടു മാത്രമല്ല, അവ നമ്മുടെ ദൃഷ്ടിയിൽനിന്നും മാഞ്ഞുപോവുന്നതിന്നുമുമ്പ് എഴുതിവെക്കുവാൻ ഉത്സാഹിക്കേണ്ടവരുടെ ഔദാസീന്യം കൊണ്ടും, ഏററവും രസകരമായ സംഗതികൾകൂടി നമുക്കു നഷ്ടമായിക്കൊണ്ടിരിക്കുന്നു.

—ooooo—

# കൈലാസയാത്രാപ്രബന്ധം

(തുടച്ച)

ഇത്ഥംകാട്ടുംതത്രന്നാംപടലിയുമുടനേ
ഘോരഘോരാൻമൃഗൌഘാൻ
പശ്യൻഗാണ്ഡീവധന്വാപുകൾചെരുകിന്ന
നീഹാരശൈലേന്ദ്രപാദേ
ശൃംഗേചെന്നിന്ദ്രകീലാചലമുകളിൽമുദാ
ദേവഭർത്തുർന്നിദേശവാം
നിത്യംനിത്യംതപസ്യാക്രമവിമലമനാഃ
സാവധാനംവ്യതാനീൽ.
ശുദ്ധതീർത്ഥേകളിച്ചങ്ങുഷസികലിത-
പത്മാസനോരക്തവേഷം
നിദ്ധ്യായൻപാരിജാതത്താമുകളിൽമഹാ-
രത്നപീഠേനിഷണ്ണം
ചിത്താംഭോജേമഹേന്ദ്രാനിജകരയുഗളോ-
ദസ്തപൊൻകാർമ്മുകന്നി-
ദ്ധാസാരാഭിഷിക്താപരമതപസിമൈ-
ന്മേല്പാച്ഛാസ്ഥിതോഭൂൽ.
അത്യന്തംവിസ്മയിച്ചുസകലമുനിജനം
ഘോരഘോരംതപസ്യാ-
വൃത്തിംകണ്ടിന്ദ്രസൂനോരമരകളുമഴൽ-
ക്കൊണ്ടിളക്കംകലർന്നു
മെത്തുംപ്രീത്യാപരീക്ഷിപ്പതിനുനിജതനൂ-
ജസ്യധൈര്യംസമാധേ-
ർമ്മദ്ധ്യേരംഭാംവിളിച്ചാദരവൊടുസവിധേ
ദേവരാജോബഭാഷേ.
ചൊല്ലേറുംനാകനല്ലാർമകുടികൾമകുടേ
ചേർത്തമാണിക്യരത്ന-
കല്ലേസാമ്രാജ്യലക്ഷ്മീനൊടിവിനമമ
വമ്പായതി നീമനോജ്ഞേ!
ചൊല്ലാംനിന്നോടൊരർത്ഥാന്തരമധികനി-
ഢംമദീയാത്മജന്മാ (ശ്ലൂ
വില്ലാളിപ്രൌഢനാമർജ്ജുനനിഹസവിധേ
സേവതേസാവധാനം.
ആശ്ചര്യപ്രാഭവന്തംപശുപതിഭഗവ-
ന്തംമമാനുഗ്രഹംകൊ-
ണ്ടാശപസ്ഥാത്മതപംചെയ്തധിഗതമഹി-
ന്ദ്രോർവ്വിപക്ഷാൻവിജേതും (തു

വാച്ചീടുംവാഞ്ഛരകല്യാണദേവദിനമിഹമാം
സേവമാനോയമാസ്തേ
പോയ്ച്ചെന്നേതത്സമാധേഃസ്ഥിരമഹിമപ
ക്ഷിച്ചറിഞ്ഞാജിഹീഥാഃ. (ശ്രീ

അരഥലളിതാംഗീരംഭാതൽക്ഷണമം
ഭോജാക്ഷീ തൊഴുതുപുറപ്പെട്ടിതവിലാസാം
കമനഖശിഖായാ ചിക്കിയുലത്തിപ്പൂതുമലർ
ചൂടി വകഞ്ഞതിൽമദ്ധ്യേ സീമന്തംചേ
ത്തഴകൊടുതിരുകിന പുരികുഴൽനെറിവും
കസ്തൂരിമയതിലകക്കോപ്പും ചില്ലീലളിതം
തുണയായ്നില്ക്കും മല്ലക്കൺകോൺമധുര
മുഴറവും ഭാസാമേവിനനാസാമണിയും പ
ത്തിക്കിറവുപതിച്ചകപോലവുമതിലലമ്പി
നപുഞ്ചിരിനെറിയും താംബൂലീദലരാഗം
മെന്മേ ലാമ്രേഡിച്ചോരുതാമ്രാധരവും തോ
ളൊടുകവിളൊടു തല്ലിയുലഞ്ഞണികാതില
ടിഞ്ഞൊരുപൊൻകുണ്ഡലവും ത്രിവലീലളി
തംഗളതലവടിവും മാറിൽത്തിങ്ങിവളൎന്നു
തടിച്ചുമിനുത്തണികുങ്കുമമിഴകുംകൊങ്കയിൽ
മിതെ ഭംഗിയൊടണിയുംമണിമാലകളും
തോൾവളകടകംകൈമോതിരവും തരിവള
യെന്നിവപുതുമയൊടണിയുംഭുജവല്ലികളും
കൈപ്പിടി തന്നിലടങ്ങിനനടുവും കാണും
ജഗതാമകമലരൊക്കെ ത്തഴിപെടുമാറൊരു
മധുരിമസീമാരോമാവലിയും മിന്നുംനവനവ
പൊന്നിൻമേഖല തഞ്ചിക്കൊഞ്ചിനനാഭീ
മൂലം ഭംഗ്യാചാത്തിനകോമപ്പട്ടിനുള്ളിൽ
നിഴൽകൊണ്ടുല്ലസിതംഘന ജഘനാഭോ
ഗവുമൊട്ടൊട്ടിടയിൽ കാട്ടിനതുടയും കന
കചിലമ്പിൻനിനദമനോജ്ഞം മദഗജഭം
ഗിയിലിയലിനനടയും കല്യാണദ്യാകുങ്കു
മപങ്കംമെയ്യിൽതേച്ചും തരിയില്ലാപ്പൊടി
ധൂളിപ്പിച്ചും ചവ്വാതിന്മന്നമൊക്കെവിത
ച്ചും പുഴകിൻപരിമളമിടപൂരിച്ചാ കസ്തൂ
രിക്കളിമെമ്മേല്പൂന്തും ചാരുകലമ്പൻമലാം

സൌരഭമോരോദിക്കിൽ വിതച്ചുവിതച്ചാ
പനിനീർവപുഷിതളിച്ചുതളിച്ചും ചതുരഗു
ണംതകുമൃതുഗണസഹിതാ മോഹയിതും
ബതനാരായണസംഘ മദിമതമാരാമമരവ
ധൂടി സ്സാകംപോയ്ചെന്നാകമൂർത്തി പ
ത്മാസനകൃതസംസ്ഥിതമുഞ്ചെ രധികനി
മീലിതലോചനയുഗളം വിജിതശ്വാസംപ്ര
ഗുണായതതനു മന്ത്രഭൃതബ്രഹ്മാനന്ദാമൃതമ
രികെവന്നവിലേഹന ലോലുപമൃഗപരിവാ
രിതമചലസമാധിം ഫൽഗുനമുഗ്രമനോഭ
രമഗ്രേ മൃഖ്യമുനിംകണ്ടാശ്ചര്യപ്പെട്ടുഭ്രത
വിഭ്രമമോഹിതളവനാ പരിസരസീമനിസ
രസമണഞ്ഞാൾ.

അന്നേരംമന്ദമന്ദ-മലയപവനനും
നീളെവീയിത്തുടങ്ങി
മന്നിൽപാടപരന്തുപരഭൃതപടലീ
ഗാനവുംമാനനീയം
ഉന്നിദ്രംപൂത്തവന്യദ്രുമനവസുമന-
സ്സൌരഭോന്മേഷമയ്യോ!
ചിന്നുംമോദപ്രമദാന്ധഭ്രമരനികര-
ത്ധംകാരരമ്യംവളൎന്നു.
ചിത്രംചിത്തവിലോഭനംചലതരം
വിസ്താരവസ്ത്രാഞ്ചലം
മുഗ്ദ്ധാംഗീനവപുഞ്ചിരിപ്രസരചാരി-
ത്തൊമന്ദമാസേദുഷീ
ഉദ്യൽഭ്രൂചിലമേൽതൊടുത്തൊരുകട-
ക്കണ്ണായകൂരമ്പുകൊ-
ണ്ടസ്ത്രാശംകമെറിഞ്ഞുസാഞ്ജലിപുടാ-
രംഭാപറഞ്ഞീടിനാൾ.
ശ്രീമൽസോമാന്വയാലങ്കരണതിലകമേ
നിൻഗുണാഭോഗമഗ്രേ
സാമർത്ഥ്യാദഗ്രമന്നാന്നവരവർവചസാ
കേട്ടുകൌതൂഹലാത്മാ
താമഭ്യാലോക്യമാദ്യത്തരുണിമരമണീ-
യാകൃതിംഭാഗ്യലക്ഷ്മീ
സാമഗ്ര്യംനേത്രഭാജാംപ്രണയപരവശാ
കിഞ്ചിദഭ്യർത്ഥയേഞാൻ.

(തുടരും)

4 ●

# ഒരു അസാധാരണപരസ്യം

നേരം പുലരുന്നതെയുള്ളു. സൈപരക്കേട്ട അപ്പോഴേയ്ക്കും തുടങ്ങി 'എന്നു നാരായണപിള്ള സമീപത്തുണ്ടായിരുന്ന കേശവനോടു പറഞ്ഞു. അവർ കോഴിക്കോട്ടു കടപ്പുറത്തിന്നരികെ ചെറിയൊരു ബംഗ്ലാവിന്റെ മുററത്തു നടക്കുകയായിരുന്നു.

പെട്ടന്നു കേശവൻ ഗെയിററിന്നും നിരത്തിലെല്ലാം നോക്കി.

നാ-പി— ഒന്നും കണ്ടില്ലേ?

കേ—ഇല്ല. കാണാൻ സംഗതിയുമില്ല. ഇവിടുന്നെത്തിയതു ആൎക്കും മനസ്സിലായിട്ടില്ല. ആളുകൾ വന്നു ബുദ്ധിമുട്ടിച്ചുതുടങ്ങുമെന്നു കരുതീട്ടാണ് ഇന്നലെ ഞാൻ പുറത്തിറങ്ങാഞ്ഞത്.

നാ-പി—ഞാൻ വന്നവിവരം ന്യൂസ്പേപ്പറിലുണ്ട്.

കേ—ഇവിടുന്നതു പറഞ്ഞില്ലല്ലോ.

നാ-പി—ഞാനും ഇപ്പോൾ മാത്രം അറിഞ്ഞതാണ്.

കേ—ഞാൻ ഇവിടെ നില്ക്കുമ്പൊഴോ അതുണ്ടാവുമോ?

നാ-പി—നിരത്തിലെല്ലാ നോക്കു.

കേശവൻ നോക്കുമ്പോൾ നൂററിയമ്പതോളം വാര ദൂരത്തു നാലഞ്ചാളുകൾ നില്ക്കുന്നുണ്ട്. 'എനിയ്ക്കൊന്നും മനസ്സിലായില്ല' എന്നു പറഞ്ഞു.

നാ-പി—ഇതാണ് ഭേദം. മനുഷ്യന്നു കണ്ണുകൾ നേരംപോക്കുകൾ കാണാൻവേണ്ടി മാത്രം മുഖത്തിങ്കലൊരലങ്കാരമായി ദൈവം കല്പിച്ചിട്ടുള്ളതല്ല. മനസ്സുമായി അല്പമെങ്കിലും യോജിച്ചുനിന്നാൽ മാത്രമെ ന്യായമായ ഉപയോഗം അവകൊണ്ടുള്ളു. അതാ അവിടെ അഞ്ചാളുകൾ നില്ക്കുന്നു. ഞാൻ പുറത്തുവരുമ്പോൾ നിരത്തിൽ ആളില്ല. പിന്നെ ഒരാൾ ഈ പടിയ്ക്കൽകൂടി കടന്നുപോയി. ആ കാണുന്ന വീട്ടിന്റെ നേരെയെത്തിനില്ക്കുമ്പോഴെയ്ക്കു വീട്ടിൽനിന്നു രണ്ടുപേർ വന്നിറങ്ങി. പിന്നെ ഒരാളുംകൂടി ഈ വഴിയ്ക്കു പോയി അവരുടെ യോഗത്തിൽ ചേൎന്നു. എതിരായി മറെറാരാളും വന്നുകൂടി. ഒടുവിൽ വന്നാൾ എന്നെ തിരഞ്ഞുവരുന്നതാണെന്നു ഞാൻ തീർച്ചയാക്കുകയും ചെയ്തു.

കേ—അതെങ്ങിനെയാണ്? ഒരു ആൾക്കൂട്ടം നോക്കി ഇങ്ങിനെ ചില ലക്ഷണം പറയുന്നത് ആശ്ചര്യംതന്നെ.

നാ-പി—ഒരാശ്ചര്യവുമില്ല. വലിയൊരു ആൾക്കൂട്ടത്തിലെല്ലാ നോക്കിയാൽ ഒന്നും മനസ്സിലായില്ലെങ്കിൽ വേണ്ട. കഴിയുന്നതും നാം നമ്മുടെ ചുററും നോക്കിക്കൊണ്ടുതന്നെയിരിയ്ക്കണം. സ്വതേ ജനസഞ്ചാരം കുറയുന്ന ഈ നിരത്തിലെ വിവരങ്ങൾ ചില സമയത്തെങ്കിലും ദൃഷ്ടിവെച്ചാൽ അറിഞ്ഞുകൂടേ? പരിചയിയ്ക്കാഞ്ഞിട്ടാണിങ്ങിനെ തോന്നുന്നത്? നാലാളുടെ സ്വഭാവത്താൽ വിശേഷവിധിയൊന്നും കാണുന്നില്ല. മറെറയാൾ അങ്ങിനെയല്ല. ആയാൾ ഡ്രസ്സു ധരിച്ചതിൽ വലിയ അശ്രദ്ധയുണ്ട്. കോട്ടിന്റെ നടുവിൽ ഒന്നുരണ്ടു ബട്ടൻസ് മാത്രം കുടുക്കിയിട്ടിട്ടുണ്ട്. മുഖത്താകപ്പാടെ പരുങ്ങലുമുണ്ട്. മുടന്തുന്നതുകാണുമ്പോൾ വടി ഉപയോഗിയ്ക്കേണ്ട

ന്നും തല്ക്കാലം എന്തോ പരിശ്രമത്താൽ എടുക്കാത്തതാണെന്നും വെളിവാകുന്നു. അതിന്നുപുറമെ കയ്യിലുള്ള ഒരു പേപ്പർ നോക്കി, വഴിയിലുള്ളവരോട് എന്തോ ചോദിച്ചതു, ഈ ലെയിനിൽ പൊല്ലീസ്സുകാർ മുതലായ ഭേദപ്പെട്ടവരാരും താമസിച്ചവരാത്തതുകൊണ്ട് എന്നെക്കുറിച്ചാണെന്നു വിശ്വസിപ്പാൻ പ്രബലമായ കാരണമുണ്ട്. അതിരാവിലെ ന്യൂസ്സ്പേപ്പർ നോക്കി വിടന്വേഷിക്കുന്നതു അസാധാരണയല്ലല്ലൊ. ആയാളുടെ ദൃഷ്ടി പുരകളിന്മേലുക്കാണ് കണ്ടില്ലേ?

കേ--ശരി. ഇങ്ങോട്ടുതന്നെ പുറപ്പെട്ടു. എന്തായാലും നാലുദിവസത്തിന്നു തരമില്ലെന്നു പറഞ്ഞയച്ചേക്കണം. ഇവിടെ ദേഹസുഖം നല്ലവണ്ണമില്ലല്ലൊ.

നാ.പി--എന്തോ ഒരാൾ അപ്പത്തിലാണെന്നറിയുമ്പോൾ വെറുതെയിരിപ്പാൻ തോന്നുന്നില്ല.

ഇത്രത്തോളം പറയുമ്പോഴേക്കു തടിച്ചൊരു നാടൻനായർ പടിയറു കടന്നുവന്നു. മുഷിഞ്ഞൊരു മിഷ്യൻവെച്ചു കോട്ടിന്നുള്ളിൽ തിങ്ങിവിങ്ങുന്ന കുടവയറും കാതിലെ രുദ്രാക്ഷക്കടുക്കനും മുഷിഞ്ഞ കീറത്തൊപ്പിയും മഷിത്തുള്ളികൾ നിറഞ്ഞ മുണ്ടും മുഖപ്പുക്കു നല്ല യോജിപ്പുണ്ട്. കണ്ടാൽ ഒരു ദരിദ്രനൊ ലുബ്ധനൊ എന്നെന്തെങ്കിലും തോന്നാതിരിക്കയില്ല. കയ്യിലും പോക്കററിലും ചില കടലാസ്സുകളുണ്ട്. ആയാൾ പിള്ളയുടെ മുമ്പിലെത്തി ഒന്നു പരുങ്ങി.

നാ.പി--എന്താണ്? എവിടുന്നു വരുന്നു?

അ നായർ നാരായണപിള്ളയല്ലെ? ഡിടക്റ്റീവ്--

നാ.പി--അതെയതെ നിങ്ങളെന്നെചോദിച്ചറിഞ്ഞ സ്ഥിതിക്കു ചോദിക്കാതെതന്നെ നിങ്ങളെ അറിയണമല്ലൊ. ഉങ്ങൾ ന്നേക്കച്ചവടക്കാരനല്ലേ? ബാങ്കർ?

നായർ--ഇതെന്തുകഥ? എന്നെ മുമ്പു അറിയുമോ? ഒരു പണക്കാരന്റെ പത്രാസ്സ് എന്താണിനിക്കുള്ളത്? പിശുക്കനെന്നാണ് നാട്ടുകാർ എനിക്കു പേരിട്ടിട്ടുള്ളത്.

നാ.പി--അതു നിങ്ങളുടെ വേഷംതന്നെ പറയുന്നുണ്ട്. ഷർട്ടിന്റെ കൈകൾ കാരോ കയ്യിന്നുകൂടി പ്രവേശത്തിന്നു ഇടയുള്ളവിധം അയഞ്ഞിരിക്കുന്നു. കോട്ടു ഇരുപതുകൊല്ലം മുമ്പത്തെതാണ്. കോട്ടു പുതിയതാണ്. ഈ കാലംകൊണ്ടു നിങ്ങളുടെ ദേഹത്തിന്നു വല്ലാതെ അഭിവൃദ്ധി കൂടീട്ടുണ്ടെന്നു തീർച്ചയാണ്. ഒരു ക്ലാസ്സിന്ന് ഒരു കൃതാർത്ഥത കിട്ടുമ്പോഴെ ഇതിന്നു സംഗതിയുള്ളു. ദ്രവ്യം കെട്ടി വെക്കുന്നവർക്ക് നാല്പതുവയസ്സിന്നുശേഷം ഇങ്ങിനെ വയർ വളർച്ച കാണുകയുള്ളു. അല്ലെങ്കിൽ ദിനം വല്ലതും വേണം. അതു നിങ്ങളുടെ മുഖത്തു നോക്കിയാൽ ഇല്ലെന്നു തീർച്ചയാവുന്നു. എന്നാൽ ഷർട്ട് മററാരാളുടെയോ അല്ലെങ്കിൽ സ്വന്തം നാവകയോ ആയിക്കൂടെ എന്നാണെങ്കിൽ രണ്ടിന്റെയും കയ്യുകൾ വളരെ അകമായും നിങ്ങളുടെ ദേഹത്തിന്നു പാകമായും കാണുന്ന സ്ഥിതിക്കു അവക ആലോചനക്കിടയില്ല. പോക്കററിൽ പൊങ്ങിക്കാണുന്ന കവറിന്മേൽ കുറിച്ചിട്ടുള്ളതു നോട്ടുകളുടെ നമ്പ്രുകളാണല്ലൊ. അതു ബാങ്കുകാരുടെ രീതിയുമാണ്--

അപ്പോഴേക്കു നായർ കടന്നു പറഞ്ഞു സമ്മതിച്ചു. ഇതെല്ലാം വലിയ ആലോചനതന്നെ എന്നു പറഞ്ഞാൽ പോരാ തീർച്ച

ചക്ഷുസ്സുതന്നെ. ആളുകൾ അങ്ങോ വിടാത്തതു കാറമല്ല. വലിയൊരു ബുദ്ധിമുട്ടിൽ സഹായത്തിന്നപേക്ഷിയ്ക്കാനാണ് ഞാൻ വന്നത്. ഇന്നലെ നിങ്ങൾ ഇവിടെ എത്തുമെന്നായി പത്രികയിൽ കണ്ടിട്ടില്ലെങ്കിൽ ഞാൻ കഷ്ടത്തിലാവുമായിരുന്നു. എനിക്കെല്ലാം നേരെയാവും. എന്നു പറഞ്ഞ് കയ്യെ കടലാസ്സു പിള്ളയുടെ കയ്യിൽ കൊടുത്തു.

പിള്ള അതു നോക്കി ഇങ്ങിനെ വായിച്ചു.

'സ്വകാര്യ ചരിത്രാന്വേഷണകമ്മിററി വക പരസ്യം. വിവരവും വിശ്വസ്തതയും കൂടുന്നവർ വളരെ ചുരുക്കം. അങ്ങിനെയുള്ളവരെ തിരഞ്ഞെടുപ്പാൻ ആകൃതികൊണ്ടു തന്നെ കഴിയുമെന്നു ഞങ്ങൾ പഠിച്ചറിഞ്ഞിട്ടുണ്ട്. കഷണ്ടി ധാരാളമുള്ള പുരുഷന്മാർ ബുദ്ധിയും ശുദ്ധതയുമുള്ളവരായിരിയ്ക്കും. അങ്ങിനെയുള്ള ഒരാളെ ഞങ്ങൾക്ക് ആവശ്യമുണ്ട്. പ്രവൃത്തി ക്ലാക്കിന്റേതാണെങ്കിലും ശമ്പളം സ്വയാധികാരിയായ ഒരു ഉദ്യോഗസ്ഥനുള്ളപോലെ കൊടുക്കാം. ദിവസം ഓരോ മണിക്കൂർ നേരത്തെ പണിയേ വേണ്ടു. ഞങ്ങളുടെ പ്രവൃത്തി, ഫലത്തിൽ വന്നാൽ രാജ്യത്തിന്നാകെ വൃത്തിയൊരു നന്മ വരുത്തുന്നതും അതു വഴിയെ ജനസമുദായത്തിന്നു മനസ്സിലാക്കിക്കൊള്ളാമെന്നു ഞങ്ങൾ ആഗ്രഹിയ്ക്കുന്നതുകൊണ്ടു ഇതിലെ അപേക്ഷക്കാർ എല്ലാം സ്വകാര്യമായി വെയ്ക്കേണ്ടതുമാകുന്നു. ഇതിലേയ്ക്ക് ആവശ്യക്കാർ ജൂൻ 17-ാംനു വൈകുന്നേരം 7½മണിയ്ക്കു മാററിത്തെരുവിൽ 35-ാം നമ്പ്ര് വീട്ടിൽ എത്തേണ്ടതാണ്.

കാര്യദർശി എം. കൃഷ്ണസ്വാമി നായഡു.

പിള്ള ഉൽക്കണ്ഠയായി അല്പം നിന്ന ശേഷം പറഞ്ഞു: 'ഇതിലെ തിയ്യതി രണ്ടുമാസം മുമ്പത്തെ ആണല്ലൊ. അതിന്നു ശേഷം'—

നായർ—കണ്ണൂരാണെന്റെ വീട്. തെക്കേടത്തു കൃഷ്ണമേനോനെന്നു പറയും. അല്പം മുതൽ സമ്പാദിച്ചിട്ടുണ്ട്. എന്നാൽ പറയാൻമാത്രമൊന്നുമില്ല. രണ്ടുകൊല്ലമായി ഇവിടെ വന്നു ബാങ്കിന്റെ നിലയിൽ കുറേശ്ശ പണം പണ്ടത്തിന്മേൽ കൊടുത്തു വാങ്ങാറുണ്ട്. എന്റെ കീഴിൽ പണിയ്ക്ക് ഒന്നുരണ്ടാളുള്ളതിനാൽ ഈ പരസ്യം കണ്ട ഉടനെ ഒന്നു ശ്രമിയ്ക്കതന്നെയെന്നു നിശ്ചയിച്ചു. അദ്ധ്വാനമില്ലാതെയുള്ള സമ്പാദ്യമല്ലെ? തലയിൽ രോമം തീരെയില്ലാതായിട്ടു കാലം അധികമായതിനാൽ പരസ്യത്തിൽ കാണിച്ച ഗുണം ഉണ്ടെന്നു നിശ്ചയിച്ചു ശ്രമിച്ചതാണ്. ഉദ്യോഗം കിട്ടുകയും ചെയ്തു. എനിയ്ക്കു തപാൽ വഴിയ്ക്കാണ് പരസ്യം കിട്ടിയതു. എതിരാളികൾ എറെയുണ്ടായില്ല. തിരഞ്ഞെടുക്കേണ്ടതിന്നും പല യോഗ്യന്മാരുടേയും പേരന്വേഷിച്ചു പരസ്യം അയച്ചുകൊടുത്തിരുന്നുവെന്നു നായഡുവിൽനിന്നു പിന്നെ എനിയ്ക്കറിവായി. ഞാൻ പുറപ്പെട്ടാൽ ഇക്കാര്യത്തിൽ വളരെ പേർ മത്സരിപ്പാനുണ്ടാകയില്ല. പ്രവൃത്തിയിലേപ്പെട്ടതോടുകൂടി വിചാരിച്ചിരുന്നതിലധികം തൃപ്തിയുണ്ടായി. ആഴ്ചയിൽ പതിനാലുറുപ്പികയാണ് ശമ്പളം. ഒരു വ്യാഴാഴ്ച പണിതുടങ്ങി. അടുത്ത ബുധനാഴ്ച ശമ്പളവും കിട്ടി. പിന്നെ ശനിയും ബുധനുമായി എല്ലാ ആഴ്ചയിലും പതിനാലുറുപ്പിക കിട്ടും. പ്രവൃത്തിക്കാർക്ക് ഒരിയ്ക്കലും ബുദ്ധിമുട്ടു വരരുതെന്നു വെച്ചാണ് അദ്ദേഹം ശമ്പളം ആഴ്ചതോറും

കൊടുക്കുന്നത്. മാസത്തിൽ അറുപതായിപ്പൊറം ഉറുപ്പിക. ഞാൻ കുറച്ചു ഇംഗ്ലീഷും മാറും പടിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ ഈ ശമ്പളം കിട്ടത്തക്ക യോഗ്യത കുറിയ്ക്കലുമില്ല. എന്തൊരൗദാൎയ്യമാണ് അദ്ദേഹം കാണിച്ചത്? മിനിഞ്ഞാന്നെയ്ക്കു രണ്ടുമാസവും എട്ടു ദിവസവും കഴിഞ്ഞു. ഇന്നലെ രാത്രിയ്ക്ക് എന്റെ ഭാഗ്യവും കഴിഞ്ഞു. പതിവുപ്രകാരം ഞാൻ ആഫീസ്സിലെത്തി വളരെ താമസിച്ചിട്ടും അദ്ദേഹത്തെ വന്നുകണ്ടില്ല. അവിടെ മേശയിലുള്ള കടലാസ്സുകൾ മാത്രം കൊണ്ടുപോയിട്ടുണ്ട്. മാസ്സപ്പടി ഞാൻ ഒരുറുപ്പിക അധികപ്പററാണ്. ആ ഉദാരപുരുഷന്റെ ഒരുമിച്ചു ഒരു കൊല്ലമെങ്കിലും താമസിയ്ക്കേണമെന്നു എനിയ്ക്കു മോഹമുണ്ടായിരുന്നു. എനിയ്ക്കു കണ്ടാൽ എന്നെ അദ്ദേഹം വിടില്ല. അത്രയ്ക്കു സ്നേഹമാണ്. ഈ സങ്കടത്തിന്നു നിങ്ങൾ തന്നെ നിവൃത്തിയുണ്ടാക്കിത്തരാനപേക്ഷയുണ്ട്.'

നാരായണപിള്ള കുറെ ആലോചിച്ചശേഷം 'നിങ്ങൾക്കു എഴുത്തുപണിയായിരുന്നുവല്ലോ.' എന്താണ് എഴുത്ത്. എപ്പോഴായിരുന്നു?

കൃ-മേ—രാത്രിയിൽ ഒമ്പതുമണിയ്ക്കു ശേഷം ഓരോ മണിക്കൂറേ പണിയുള്ളൂ. മലയാളമാണെഴുത്ത്. റവറണ്ട് ബി. ബൈയിലി (Bailoy) യുടെ മലയാളം ഇംഗ്ലീഷു ഡിക്ഷ്ണറി പകൎക്കുന്ന പണിയാണുണ്ടായിരുന്നത്. ആ ആശ്ചൎയ്യപുരുഷൻ അതുകൊണ്ടെന്താണ് ചെയ്യാൻ പോകുന്നതെന്നു ആരു കണ്ടു? ഇംഗ്ലീഷുവാക്കൊഴിച്ചിട്ടാണ്.

നാരായണപിള്ള—അതു മുഴുവൻ എഴുതിക്കഴിഞ്ഞുവോ?

കൃ-മേ—ഇല്ല. വഴിയ്ക്കുവഴിയായി എഴുതീട്ടേ ഇല്ല. അവിടവിടെ പകൎക്കും ചില പേജുകൾ അഞ്ചും എട്ടും പ്രാവശ്യം പകൎക്കണം. ചില പേജുകൾ ഒഴിച്ചിട്ടും ഇങ്ങിനെയാണ്.

നാ-പി—അധികം പകൎത്തും കല്പിച്ചു കൂട്ടിവിട്ടതുമായ പേജുകൾ ഏതാണെന്നു പറയാമോ?

കൃ-മേ—ഓൎമ്മയില്ല. എന്റെ ഡയറിയിൽ പക്ഷെ കാണും. നോക്കി വന്നു പറയാം. രണ്ടുമൂന്നു ദിക്കിൽ മദ്ധ്യത്തിന്റെ പേരുള്ള ഒരു ഭാഗം ഒന്നിലധികം പകൎത്തീട്ടുണ്ടെന്നു തോന്നുന്നുണ്ട്.

നാ-പി—ആയാൾ പാൎത്തിരുന്നതെവിടെ?

കൃ-മേ—പാഴ്സിബജാറിൽ.

നാ-പി—അവിടെ നിങ്ങൾ പോയിട്ടുണ്ടോ?

കൃ-മേ—അതിന്നിട വന്നിട്ടില്ല. എന്റെ വീട്ടിൽ അദ്ദേഹം പല തവണയും വരാറുണ്ട്. ഞങ്ങൾ രാത്രി ആഫീസ്സുവക്ക് കഴിഞ്ഞിട്ട് അങ്ങോട്ടു പോവും. ചിലപ്പോൾ അവിടെ തന്നെ കിടക്കയും ചെയ്യും. വീട്ടിലുള്ളവൎക്കു ധാരാളം പരിചയമാണ്. നല്ല നേരംപോക്കുകാരനാണ്.

നാ-പി—എന്തെല്ലാമാണ് നേരംപോക്കു പറക.

കൃ-മേ—അതിന്നു കണക്കൊന്നുമില്ല. വീട്ടിലെ ഓരോ നടപടികളന്വേഷിച്ചറിഞ്ഞു മലയാളത്തിലെ സമ്പ്രദായങ്ങളെ കുറിച്ചു പരിഹസിയ്ക്കും. ചിലപ്പോൾ വല്ലവരേയും ഞാൻ വിളിയ്ക്കുമ്പോൾ അതെ നിലയിൽ വിളിച്ചു കളിയാക്കും. എന്നാൽ ആയാൾക്കു സാധാരണ തമിഴല്ല ഭാഷ വല്ലാത്ത തമിഴാണ്. അങ്ങിടനായുള്ളൊരാൾ മലയാളം പറയാറാക്കിയതിൽ ആശ്ചൎയ്യപ്പെടണം.

നാ പി—ഡിക്ഷ്ണറി കൂടാതെ മറെറാന്നും എഴുതുക ഉണ്ടായിട്ടില്ലേ?

കൃ-മേ—മറെറാന്നും സാരമില്ല. മലയാള രീതിയിൽ പല തരത്തിലും എഴുത്തെഴുതി അദ്ദേഹം ശീലിയ്ക്കാറുണ്ട്. ഞാനെഴുതി കാണിച്ചുകൊടുക്കാം.

നാ-പി—ആപ്പീസ്സായിരുന്ന സ്ഥലത്തു ഇപ്പോളൊന്നു പോയി നോക്കാമൊ?

കൃ-മേ—ഞാനൊരുക്കം. വാടക ഇമ്മാസത്തെ മുഴുവനും ചെന്നിട്ടുള്ളതിനാൽ ഉടമസ്ഥനെ ഏല്പിച്ചിട്ടില്ല. ഇപ്പോൾ എന്റെ കയ്യുശം തന്നെയാണ്. അതിലിരുന്ന കസേലകൾക്കു അദ്ദേഹം വില തന്നിരുന്നുവെങ്കിലും എന്റെവകയായതുകൊണ്ടു ഞാൻ ഇന്നലെ രാത്രിയിൽ തന്നെ കൊണ്ടുപോയി.

മറാട്ടിത്തെരുവിൽ മുൻവിവരിച്ച ഒഴിഞ്ഞ ആപ്പീസ്സെടുപ്പിൽ അവർ മൂന്നുപേരും എത്തി. നിരത്തിൽ നിന്നു അല്പം അകലെ ജനസംബാധയൊഴിഞ്ഞു മൂന്നു മുറികൾ മാത്രമുള്ള ചെറിയൊരു വീടാണത്. നടുവിലെ മുറി ആപ്പീസ്സും ഒന്നു കലവറയും മറെറാന്നു കഴിഞ്ഞിട്ടുമായിരുന്നുവെന്നു കൃഷ്ണമേനോൻ പറഞ്ഞുകൊടുത്തു.

മുക്കു, മൂല, മുറം, തൊടി, മേപ്പടി മുതലായടിക്കെല്ലാം പിള്ളതിരഞ്ഞു. ഒടുവിൽ. "നിങ്ങടെ എജമാനൻ ഒരു വഴിയ്ക്കു ഔദാര്യവാനാണെങ്കിൽ മറെറാരു വഴിയ്ക്കു നിദ്ദയനമാണ്. ഒരൊററകണ്ടം കടലാസ്സെങ്കിലും വിട്ടേച്ചുപോയില്ലല്ലൊ. ആട്ടെ, ഞാൻ ചില ലക്ഷണങ്ങൾ പറയട്ടെ. പരസ്യമായി അദ്ദേഹം സിഗററ് വലിക്കില്ലെങ്കിലും സ്വകാര്യത്തിൽ വലിയ്ക്കും. കലോറയുടെ മൂക്കിൽ പൊളിഞ്ഞ തകരപ്പെട്ടിയിൽ അനവധി കററികൾ കാണുന്നുണ്ട്. അടുത്ത ചുമരിന്മേൽ പുകയുടെ ലാഞ്ഛനവുമുണ്ട്. സിഗററ് കററികൾ ഒരുക്കൂടിയാൽ ഭൂരെകളയാമെന്നു കരുതി സൂക്ഷിച്ചതായിരിക്കും.

കൃ—മേ. ശരി. നാം ചുരുട്ടുപയോഗിക്കുന്നതാണെങ്കിലും പരസ്യമായി അരുതെന്നു ചിലപ്പോഴും എന്നോടു ഗുണദോഷിയ്ക്കാറുണ്ട്.

നാ-പി—നിങ്ങളും കൂട്ടത്തിൽ കറേശ്ശ കൂടാറുണ്ടല്ലൊ.

കൃ-മേ—ശിവ ശിവ: ഇങ്ങിനെ പറയരുതെ. ഈ ജന്മം ഞാനാവകതൊട്ടിട്ടില്ല. കലോറമുറിയിൽ ഇന്നലെ സാമാനം ഒഴിയ്ക്കേണ്ടതിന്നു കൂടി കടന്നിട്ടില്ല.

നാ-പി—ആയാൾ നിങ്ങളെപ്പോലെ ഒരു മുഷിഞ്ഞതൊപ്പിയാണൊ ഇടാറുള്ളത്?

കൃ-മേ—തലേക്കെട്ടു വെച്ചല്ലാതെ ആയാളെ ഞാൻ കണ്ടിട്ടില്ല.

നാ-പി—ഒന്നുകൂടി പറഞ്ഞു കേക്കുമൊ എന്നു നോക്കട്ടെ. ആയാളും നിങ്ങളും ഉയരം ഏതാണ്ടു ശരിയായിരിയ്ക്കും.

കൃ-മേ—നിങ്ങടെ പ്രശ്നമൊന്നും ഒക്കാതെ വരുന്നത് എന്റെ ഗ്രഹപ്പിഴ കൊണ്ടു തന്നെയായിരിയ്ക്കാം. എന്നേക്കാൾ അരച്ചാൺ ഏകരം കുറയും.

നാ-പി—ഇവിടെ പ്യൂൺ ഇല്ലേ?

കൃ-മേ—ഉണ്ടായിരുന്നു. തമിഴനാണ്. ഒരു മിച്ചു പോയിരിയ്ക്കും.

നാ-പി—അവനു തൊപ്പിയാണൊ?

കൃ-മേ—അതുമല്ല. ചുകന്നൊരു തലേക്കെട്ടാണ്.

നാ-പി—നായഡു ഒരു മീശക്കാരനാണു നിശ്ചയം.

കൃ-മേ—വലിയ മീശയാണ്.

നാ-പി—കലോറയിൽ നിങ്ങൾ കടന്നിട്ടില്ലെന്നാണോ തീച്ചപറയുന്നത്?

കൃ-മേ—സത്യം ചെയ്യാം. ഞാൻ വരുമ്പോഴൊക്കെ പൂട്ടിയിട്ടിരിയ്ക്കും.

നാ പി—എന്നാൽ ഇപ്പോൾ പിരിയുക. എനിയ്ക്കുരാവിലെയൊന്നും കഴിഞ്ഞിട്ടില്ല.

ഈ ആപ്പീസ്സു സംബന്ധമായ കടലാസ്സുകൾ വല്ലതും തിരഞ്ഞു കണ്ടാൽ എത്ര നിസ്സാരമായാലും എന്നെ കൊണ്ടുവന്നു കാണിയ്ക്കണം. ഡയറിയും പരിശോധിച്ചുവരണം.

ക്രു-മേ— അങ്ങിനെതന്നെ. എന്റെ കാൎയ്യം സാധാരണ കൂട്ടത്തിൽ കരുതരുതെ. എങ്ങിനെയെങ്കിലും അദ്ദേഹത്തെകണ്ടു ഒരു നന്ദി പറവാനിടവരുത്തിത്തരണം.

അന്നുപിള്ളയ്ക്കു മറന്നുപോയ ആശ്ചൎയ്യം പുരുഷനെക്കുറിച്ചുള്ള ആലോചന തന്നെയായിരുന്നു. കേശവൻ എത്ര ചോദിച്ചിട്ടും ഉറച്ചൊരഭിപ്രായം പറഞ്ഞില്ല. വൈകുന്നേരം കൃഷ്ണമേനോൻ രണ്ടു കീറക്കടലാസ്സുകൊണ്ടു കൊടുത്തു. നായുഡുവിന്റെയും മററും ചില കയ്യെഴുത്തുകൾ അവയിൽ നിന്നു കാണാനിടവന്നു. ഡിക്ഷ്ണേറിയുടെ 223. 655. മുതലായി പല ഭാഗങ്ങളും അധികം തവണ പകൎത്തിയതായിക്കണ്ടു. അന്നുരാത്രിയിലേയ്ക്കു ഒരു സ്നേഹിതന്റെ വക്കൽനിന്നു മേൽപറഞ്ഞ ഡിക്ഷ്ണേറിയും വരുത്തി.

പിറെറദിവസത്തേയ്ക്കു പിള്ള ചിലതെല്ലാം ഉറച്ചുകഴിഞ്ഞിരിയ്ക്കണം. വൈകുന്നേരം കടപ്പുറത്തു പിയറിന്മേൽ അസ്തമനശോഭയുംകണ്ടു നില്ക്കുമ്പോൾ "വെപ്പുകാരൻ" ഓടിച്ചെന്നു ഒരു യോഗ്യൻ കാണാൻ വന്നിട്ടുണ്ടെന്നു പറഞ്ഞു. പിള്ള വേഗം മടങ്ങി വീട്ടിലെത്തുമ്പോൾ പൂമുഖത്തിരിയ്ക്കുന്ന ആൾ എഴുന്നേററു. അയാൾ കാഴ്ചയിൽ ഒരു ധനികനായ മുഹമ്മദീയന്റെ ആഡംബരമുള്ളാളും ഒത്തൊരു ദേഹപ്രകൃതിയുമാണ്. ഇരുപത്തഞ്ചിലധികം പ്രായമില്ല. തലമുടി കഴുത്തിലേയ്ക്കു പാകമായി മുറിച്ചിട്ടുണ്ട്. പിള്ള ഇരിയ്ക്കാൻ ക്ഷണിച്ച ശേഷം രണ്ടുപേരും ഇരുന്നു ആ മനുഷ്യൻ ഇംഗ്ലീഷിൽ ഇങ്ങിനെ പറഞ്ഞു. "ഞാൻ വലിയൊരാപത്തിലകപ്പെട്ടുപോയി. എന്റെരാജ്യം മദിരാശിയാണ്. അല്പം സ്വത്തുണ്ട്. അബ്ദുബേക്കർ എന്നു പേരാണ്. ഭാൎയ്യയ്ക്കുസ്ഥായിയായുള്ള ക്ഷയരോഗത്തിനു മലയാളത്തിലെ ചികിത്സ പററുമെന്നുവെച്ചു് അതിലേയ്ക്കു ഇന്നലെ പുറപ്പെട്ടു. ഞാനും ഭാൎയ്യയും അവളുടെ സഹോദരനും ഒരു രണ്ടാംക്ലാസ്സുമുറിയിലായിരുന്നു. രാത്രിയിൽ ഞാനും അവളും ഉറങ്ങിപ്പോയി. ഏതാണ്ടുകാട്ടുപാടിയെത്തുമ്പോഴയ്ക്കു ഉറങ്ങിയ ഉറക്കം സേലത്തെത്തുമ്പോഴാണു ഉണൎന്നത്. അപ്പോഴയ്ക്കു് അളിയനും എഴുത്തുപെട്ടിയും മറഞ്ഞിരിയ്ക്കുന്നു. അവനൊരു പതിനാറു വയസ്സുണ്ട്. അതിൽനിന്നു പററിയനഷ്ടം കഠിനമാണ്. പെട്ടിയിൽ നാണ്യവും നോട്ടുമായി അയ്യായിരത്തിലധികമില്ലെങ്കിലും അവളുടെ വൈരക്കാപ്പുകൾ എന്റെ മോതിരങ്ങൾ എല്ലാംകൂടി നോക്കുമ്പോൾ അയ്മ്പതിനായിരം ഉറുപ്പികയ്ക്കുള്ള സ്വത്തുണ്ട്. ഡയറിയും അതിലുണ്ടായിരുന്നു. തൽക്ഷണം ചില കമ്പികൾ കൊടുത്തു. പൊല്ലീസ്സിലും അറിയിച്ചു." "മൈസൂരിൽ ഇയ്യിടെ വമ്പിച്ച കുലക്കേസ്സുകൾ തെളിയിച്ച നാരായണപിള്ള മലബാറിൽ കോഴിക്കോട്ടുണ്ട്. അങ്ങോട്ടല്ലേ നിങ്ങൾ പോകുന്നതു. എന്നാണ് പല മനുഷ്യന്മാരും എന്നോടു പറഞ്ഞത്. അഞ്ഞൂറുറുപ്പികയുടെ നോട്ടു, മാററാൻ വേണ്ടി കയ്യിൽ വെച്ചിരുന്നതിനാൽ ബുദ്ധിമുട്ടാതെ ഇവിടെയെത്തി. ചാവടിത്തെരുവിന്നു സമീപം ഒരു വീടു മുമ്പുതന്നെ ആളെ അയച്ചു ഏൎപ്പാടു ചെയ്തിട്ടുണ്ടായിരുന്നതിൽ ഭാൎയ്യയെ താമസിപ്പിച്ചശേഷം നിങ്ങളെ അന്വേഷിച്ചു. ഇപ്പോഴെ കണ്ടുകിട്ടിയുള്ളു. ഇതിലധികമൊന്നും പറയേണ്ടല്ലൊ.

നാ-പി— കഷ്ടംതന്നെ. പൊല്ലീസ്സുകാരിൽ ഏതൊരുവനോടു ചോദിച്ചാലും എന്നെ അറിവാൻ പ്രയാസമുണ്ടായിരുന്നില്ല. ആട്ടെ നിങ്ങൾ കൎണ്ണാടകരാജ്യങ്ങളിൽ പാൎത്തിട്ടുണ്ടോ?

അബ്ദുബേക്കർ— അതാണ് സൂത്രം. വാക്കിൽ റാവുച്ചൊയ വരുന്നു. അല്ലേ. ശരി. എന്റെ രക്തം കൎണ്ണാടകരാജ്യത്തെ സംബന്ധിയ്ക്കുന്നതുതന്നെയാണ്.

നാ-പി— എന്നാൽ ഇറങ്ങാം. നിങ്ങടെ ഭാൎയ്യയോടു ചില ചോദ്യം വേണ്ടതുണ്ട്.

അബ്ദു— ഈ രാത്രി ബുദ്ധിമുട്ടേണ്ടതില്ല,

ഘോഷാസിസ്റ്റവുമാണല്ലൊ. നാളെമതി.

പോകുമ്പോൾ പിറെറദിവസം രാവിലെ വരാമെന്നാണ് അബ്ദുബേക്കർ പറഞ്ഞിരുന്നതെങ്കിലും രണ്ടുമണി സമയത്തേ വന്നുള്ളൂ. മുഖത്തു സന്തോഷം സ്ഫുരിച്ചിരുന്നു. പിള്ളയുടെ കയ്യിൽ അബ്ദുബേക്കർ ഒരു കമ്പി കൊടുത്തു. അതു താഴെപറയും പ്രകാരമായിരുന്നു.

'റേണിഗുണ്ടയിൽ നിന്നു പേട്ടിയോടുകൂടി പിടികിട്ടി.'

നാ-പി— സന്തോഷമായി.

അബ്ദു--ഞാൻ ഉടനെ പല ദിക്കിലേക്കും കമ്പി അടിച്ചിരുന്നു. റേണിഗുണ്ടയിലും എന്റെ സ്നേഹിതന്മാരുണ്ട്. കഴിച്ചുകളഞ്ഞിരുന്ന ഈ മുതൽ തിരികെ കിട്ടിയതിൽ എനിക്കുള്ള സന്തോഷം അവസാനമില്ല. ഇതിന്റെ അല്പഫലം സ്നേഹിതനായ നിങ്ങളും അനുഭവിക്കണമല്ലോ. ഇതൊരു പ്രതിഫലമല്ല. എനിക്കുവേണ്ടി നിങ്ങടെ വിലയേറിയ കുറെ സമയം ചിലവുചെയ്തിട്ടുണ്ടല്ലോ. എന്നു പറഞ്ഞ് ൲ഉറുപ്പികയുടെ നോട്ടു കയ്യിൽവെച്ചു.

നാ-പി- പ്രവൃത്തി കഴിഞ്ഞാലെ ഞാൻ പ്രതിഫലം വാങ്ങാറുള്ളൂ. ഇപ്പോളിതിന്നേതുവിധവും ന്യായമില്ല എന്നു പറഞ്ഞു മടക്കികൊടുത്തു. അബ്ദുബേക്കർ പോകയുംചെയ്തു.

അന്നു കൃഷ്ണമേനോൻ വന്നു. തന്റെ കാര്യം ഒന്നും ആവാത്തതിനാൽ ആയാൾക്കു കുറെ കുണ്ഠിതമായി.

നാ-പി- നിങ്ങൾ തന്നിട്ടുള്ള കടലാസ്സുകൾ പരിശോധിച്ചതിൽ നിങ്ങൾ കൂടാതെ രണ്ടാളുടെ കയ്യക്ഷരമുണ്ടല്ലൊ.

കൃ-മേ- അതിന്നു വഴിയില്ല. വീട്ടിലും മറെറാരാളുണ്ടെന്ന് ആയാൾ പറഞ്ഞിട്ടില്ല.

നാ-പി- സൂക്ഷ്മമായി നോക്കുമ്പോഴെ മനസ്സിലാവുള്ളൂ. നിങ്ങൾക്കു രാഘവൻ കേശവൻ എന്ന രണ്ടു ഭൃത്യന്മാരുണ്ടോ?

കൃ-മേ- ഒന്നേ ഭൃത്യനുള്ളൂ. മററത് അനന്തിരവനാണ്.

നാ-പി- രണ്ടുദിവസം കഴിയട്ടെ. ഇപ്പോൾ പൊയ്ക്കോളൂ. എല്ലാം നേരെയാവും.

'ജ്യോതിഷം പറയാഞ്ഞിട്ടാണ്. ഈ കാലംകൊണ്ടു രാഘവന്റേയും കേശവന്റേയും പേർ അന്വേഷിച്ചറിഞ്ഞതു് അത്ഭുതംതന്നെ.' എന്നും മററും വിചാരിച്ചുകൊണ്ടു മേനോൻ മടങ്ങിപ്പോകയും ചെയ്തു.

അടുത്തദിവസം പിള്ളയും കേശവനും കൃഷ്ണമേനോന്റെ വീടുകാണാൻ ചെന്നു. മേനോൻ ലൌകികത്തിൽ ഇവരെ സ്വീകരിച്ച് അകങ്ങളെല്ലാം കാണിച്ചുകൊടുത്തു ഒടുവിൽ ഇങ്ങിനെ പറഞ്ഞു. 'വല്ലാതെ അരിഷ്ടിച്ചിട്ടാണ് അങ്ങുന്നെ! ഞാൻ നാലുകാശു സമ്പാദിച്ചിട്ടുള്ളത്. അമ്മാമന്മാരുടെ കാലമെല്ലാം ബുദ്ധിമുട്ടികൊണ്ടുതന്നെ കഴിഞ്ഞു. അവരുടെ അനുഗ്രഹംകൊണ്ടുതന്നെയായിരിക്കാം ഇവൻ ഒന്നും പറയാതെ കഴിച്ചുകൂട്ടുന്നത്. അഞ്ചുലക്ഷമുണ്ട് പത്തുലക്ഷമുണ്ട് എന്നൊക്കെയാണ് സംസാരം. എന്നാൽ അത്രയൊന്നുമില്ലതാനും. ഉള്ളതു സൂക്ഷിപ്പാൻ ഞാൻ വളരെ കരുതുന്നു. രാത്രി മൂന്നടിച്ച് നിരത്തിൽ ഒച്ചയും വിളിയും തുടങ്ങിയേ ഞാൻ കിടക്കുക പതിവുള്ളൂ. പൊല്ലീസ്സുസ്റ്റേഷന് ഇത്രയടുക്കെയായതുകൊണ്ടു കവൎച്ചക്കാരെ പേടിക്കേണ്ടല്ലൊ'.

അവിടെനിന്നു മടങ്ങുമ്പോൾ സന്ധ്യക്ക് ആറുമണി ആയിരിക്കുന്നു. മേനോന്റെ വീട്ടിൽനിന്നിറങ്ങി അര ഫർല്ലോങ്ങു കഴിയുന്നതിന്നു മുമ്പുള്ള മൂന്നുംകൂടിയ നിരത്തിലെത്തിയ സമയം അല്പം അകലെ ഒരുവന്റെ മുഖത്തു കണ്ണുപതിയുകയാൽ പിള്ളയൊന്നു ഭ്രമിച്ചു. ഉടനെപ്പാഴക്കും ആയാൾ ആയാളുടെ വഴിക്കു പോയികഴിഞ്ഞു. വഴിക്കു കേശവൻ ചില ചോദ്യം ചെയ്തതിന്നു ഇങ്ങിനെയാണ് മറുപടി പറഞ്ഞത്. 'ഞാൻ ഓരോ യുക്തികൾ കണ്ടുപിടിക്കുന്നതു ദൃഷ്ടിവെച്ചുകൊൾക. ക്രമത്തിൽ നീയും പഠിക്കും.'

നാരായണപിള്ളക്കു അബ്ദുബേക്കർ മററുള്ള സ്നേഹിതന്മാരിൽ ഒരു മടങ്ങധികം താല്പര്യത്തിലായി. ദിവസം എവിടെ

വെച്ചെങ്കിലും ഒരിയ്ക്കൽ തമ്മിൽ കാണാതിരിയ്ക്കയില്ല. പല കുറിയും ക്ഷണിച്ചുവെങ്കിലും പിള്ള ആയാളുടെ വീട്ടിലേയ്ക്കു പോവുകയുണ്ടായില്ല. ഒരു ദിവസം ഉച്ച്യെയ്ക്കു രണ്ടുമണിക്കുശേഷം അവിടെ പോയി. കോയമ്പത്തൂരിൽനിന്ന് അടിയന്തരക്കമ്പി വരികയാൽ അബ്ദുബേക്കർ അന്നുരാവിലത്തെ വണ്ടിയ്ക്കു പോയിരിയ്ക്കുന്നുവെന്നു ചെറുപ്പക്കാരനായ ഒരു തമിഴൻ വാല്യക്കാരൻ പറകയാൽ മടങ്ങിപ്പോരുകയും ചെയ്തു. അബ്ദുബേക്കർ മടങ്ങിയെത്തിയശേഷം, പിള്ള തന്റെ വീട്ടിൽ വന്നസമയം താനില്ലാതിരുന്നതിനെപ്പററി വളരെ മാപ്പുചോദിച്ചു. അടുത്തൊരു ദിവസത്തെയ്ക്കു ക്ഷണിയ്ക്കയും ചെയ്തു.

ഒരാഴ്ചയോളം പിന്നെയും കഴിഞ്ഞു. നായഡുവിനെയും ചരിത്രാന്വേഷണക്കമ്മിററിയെയും അറിയുന്നവർ അന്വേഷണത്തിലാരുമില്ല. ഒരു തമിഴൻ മററാട്ടിത്തെരുവിലൊരു വീടു വാടകയ്ക്കെടുത്തിരുന്നുവെന്നതിലധികമായി ആരിൽനിന്നും പിള്ളയ്ക്ക് അറിവാൻ കഴിഞ്ഞില്ല. കൃഷ്ണമേനോനു കുറേശ്ശ വെറുപ്പു തുടങ്ങിയെങ്കിലും പിള്ള ചിലപ്പോൾ ആയാളുടെ വീട്ടിൽ പോകാറുണ്ടായിരുന്നു.

ഒരു ഞായറാഴ്ചയാണ്. നാലുമണിക്കു അബ്ദുബേക്കരുടെ വീട്ടിൽ സൽക്കാരത്തിന്നൊരു എഴുത്തു കിട്ടി. അദ്ദേഹം അന്നു പാലക്കാട്ടെയ്ക്കു ഭാൎയ്യയെ ചികിത്സയ്ക്കു കൊണ്ടുപോവുന്ന ദിവസമായിരുന്നു.

പിള്ളയും ഭൃത്യനും നിശ്ചിതസമയത്തെത്തി. സൽക്കാരം പൊടിപൊടിച്ചു. പുറമെ അധികം ആരുമുണ്ടായിരുന്നില്ല. ചായ കഴിഞ്ഞശേഷം ഉമ്മറത്തെയ്ക്കുള്ള വാതിലിന്റെ മറവിൽ നില്ക്കുന്ന ഭാൎയ്യയെ കടാക്ഷിയ്ക്കുന്ന നിലയിൽ അബ്ദുബേക്കർ ഇങ്ങിനെ പറഞ്ഞു. 'നിങ്ങളെപ്പോലെയൊരു സ്നേഹിതനെ ഞങ്ങൾക്കു കിട്ടീട്ടില്ല. ഇന്നുരാത്രി വണ്ടിയ്ക്കുപോവുകയായി. ഈ സ്നേഹം എന്നെന്നും നിലനില്ക്കണം. ഭാൎയ്യയ്ക്കുവേണ്ടിയും സ്വന്തം നിലയിലും ഞാനിതപേക്ഷിയ്ക്കുന്നു. കളഞ്ഞുപോയ മുതൽ കിട്ടിയതുതന്നെ നിങ്ങളുടെ ഗുരുത്വംകൊണ്ടാണെന്നാണ് ഇവൾ പറയുന്നത്.' ഇതിന്നു പിള്ള നന്ദിപറഞ്ഞു. രാത്രിവണ്ടിയ്ക്കുതന്നെ അബ്ദുബേക്കറും ഭാൎയ്യയും പോവുകയും ചെയ്തു.

തിങ്കളാഴ്ച രണ്ടുമണിയ്ക്കു കൃഷ്ണമേനോൻ പിള്ളയ്ക്ക് ആളെ അയച്ചു. പിള്ളയും കേശവനും എത്തിയ ഉടനെ മേനോൻ ചിരിച്ചുകൊണ്ട് ഒരെഴുത്തു കയ്യിൽ കൊടുത്തു. പിള്ള ഇങ്ങിനെ വായിച്ചു.

'കണ്ണൂർ 28-8-912 യാത്ര പറവാനിടവരാത്തതിന്മേൽ ക്ഷമായാചനം ചെയ്യുന്നു. അതിലെയ്ക്കു പെട്ടെന്നു സംഭവിച്ച കാരണം തമ്മിൽ കാണുമ്പോൾ പറഞ്ഞുകൊള്ളാം. എന്റെ സ്വഭാവമറിയുന്നതുകൊണ്ടു നിങ്ങൾ ക്രോധിയ്ക്കയില്ലെന്നുള്ള ഉറപ്പും എനിയ്ക്കു സമാധാനമായുണ്ട്. വടക്കെ മലയാളത്തിൽ പല ദിക്കിലും സഞ്ചരിച്ച് ഇപ്പോൾ ഞാൻ ഇവിടെ എത്തിയിരിയ്ക്കുന്നു. ഇവിടെ നിങ്ങളെക്കൊണ്ടു വലിയൊരാവശ്യം സാധിയ്ക്കേണ്ടതുണ്ട്. സമ്പാദ്യം മുമ്പത്തേതിൽ അധികമുണ്ടാക്കാം. കോഴിക്കോട്ടുനിന്നു പോരുവാനുള്ള ചിലവും നഷ്ടങ്ങളും ഒന്നും നിങ്ങൾ സഹിയ്ക്കേണ്ടതില്ല. കഴിയുന്നവേഗത്തിൽ വരുവാനപേക്ഷ. നിങ്ങടെ വീട്ടിലെത്തിയാൽ മതി. അവിടെ ഞാൻ അന്വേഷിച്ചുകൊള്ളാം. സ്വന്തം കൃഷ്ണസ്വാമി നായഡു'.

നാ-പി- എനി എന്തു വിചാരിക്കുന്നു?

കൃ-മേ. സംശയമുണ്ടോ? എനിയത്തെ വണ്ടിക്കുതന്നെ യാത്ര. പിള്ള വിചാരിച്ചിട്ടു് ഒരു വിവരവും കിട്ടിയില്ലല്ലൊ. എന്നു കരുതി കുറച്ചൊരു പുച്ഛവും മേനോന്റെ വാക്കിൽപുറപ്പെട്ടു. 'ഓഹോ! അങ്ങിനെയാട്ടെ' എന്നുമാത്രം പറഞ്ഞു പിള്ള മടങ്ങുകയും ചെയ്തു. പിറ്റേദിവസം കുറെ നേരത്തെ നടക്കാനിറങ്ങി. കൃഷ്ണമേനോന്റെ വീട്ടിൽ ചെന്നപ്പോൾ കൃഷ്ണമേനോന്റെ അനന്തിരവനും കാര്യസ്ഥനും അകത്തു ചില പ്രവൃത്തിയാണ്. അന്നത്തെ മെയിലിൽ കിട്ടിയ കൃഷ്ണമേനോന്റെ ഒരെഴുത്തു കേശവമേനോൻ സ്വകാര്യമായി പിള്ളക്കു കാണിച്ചുകൊടുത്തു. ആയാൾക്കും പിള്ള വിശ്വസ്തനായിരുന്നു. കച്ചവടം കണ്ണൂരിലാക്കുന്നതുകൊണ്ടു് ഇരട്ടി ലാഭം കിട്ടുമെന്നു കണ്ടിരിക്കുന്നുവെന്നും അതിനാൽ പണ്ടം പണം മുതലായ വിലപിടിച്ച സാധനങ്ങളെല്ലാം വലിയ പിച്ചളപ്പെട്ടിയിലാക്കിവെക്കണമെന്നും താൻ മെയിലിനുതന്നെ തെക്കോട്ടുപോരുന്നുണ്ടെങ്കിലും വീട്ടിലെത്തുന്നതു് എപ്പോഴാണെന്നു തീർച്ചയാക്കാൻ സാധിക്കയില്ലെന്നും മറ്റുമായിരുന്നു എഴുത്തു്. അവിടെ നിന്നിറങ്ങുമ്പോൾ ഇന്നൊരു നേരംപോക്കുണ്ടാവുമെന്നു മാത്രം പിള്ള കേശവനോടു പറഞ്ഞു. അയാൾ സന്ധ്യയോടുകൂടി ഭക്ഷണം കഴിച്ചു് കൃഷ്ണമേനോന്റെ വീട്ടിന്നരികെ ഒരു മാപ്പിളക്കടിയിലെ മാളിക ആ രാത്രിക്കുമാത്രം വാടകക്കുവാങ്ങി കൃഷ്ണമേനോന്റെ വീട്ടിലേക്കു ദൃഷ്ടി വെച്ചുകൊണ്ടു അവിടത്തിലിരുന്നു.

..........................................

മണി പന്ത്രണ്ടു കഴിഞ്ഞു. ദുർല്ലഭം ചില വീടുകളിൽ നിന്നു ശ്വാക്കളുടെ കുരയും കുട്ടികളുടെ കരച്ചിലും കേൾക്കുന്നില്ലെങ്കിൽ നഗരം നിശ്ശബ്ദമാണെന്നു പറയാവുന്നതാണ്. ചില നിർജ്ജനസ്ഥലങ്ങളിൽ മങ്ങിനില്ക്കുന്ന മുൻസിപ്പാൽ വിളക്കുകൾ ഏകാകികളായി സഞ്ചരിക്കുന്നവർക്കു ഭയമുണ്ടാക്കുന്നു. ഒരു ജട്ക്ക കൃഷ്ണമേനോന്റെ പടിക്കൽ ചെന്നു 'രാഘവാ രാഘവാ' എന്നു രണ്ടു വിളിച്ചു. എജമാനന്റെ വിളികേട്ടു് ഭൃത്യൻ കൊട്ടിപ്പിടഞ്ഞെഴുന്നേല്ക്കുമ്പോഴക്കു 'വെളിച്ചം കയ്യിലുണ്ടെന്നു മേനോൻ വണ്ടിയിൽ നിന്നു വിളിച്ചുപറഞ്ഞു് ഒരു സൂഷ്കാന്തപ്പാനിസ്സോടുകൂടി രണ്ടാം വണ്ടിയിൽ നിന്നിറങ്ങി. അതിലൊരാൾ കൃഷ്ണമേനോന്റെ പ്രാണനായ കൃഷ്ണസ്വാമിനായഡു തന്നെയാണ്. അപ്പോഴേക്കും മാളികയിൽ രണ്ടാൾക്കും വിരിച്ചുകഴിഞ്ഞു. വണ്ടിക്കാരനോടു എന്തോ പറഞ്ഞു് അതിഥിയെ മോളിൽ കൊണ്ടാക്കി. കൃഷ്ണമേനോൻ മുതൽ സൂക്ഷിച്ച അകത്തു കടന്നുനോക്കി തിരികെ പോയി കിടക്കുകയും ചെയ്തു. എവിടെയെങ്കിലും പോയി വന്നാൽ പണം സൂക്ഷിക്കുന്ന സ്ഥലം പരിശോധിക്കാതെ മറ്റൊന്നും മേനോൻ ചെയ്കയില്ല.

.... .... .... .... ...

കൃഷ്ണമേനോനും മറ്റും അകത്തു കടന്നശേഷം നാരായണപിള്ളയും കേശവനും ഇറങ്ങി പൊല്ലീസ്സ് സ്റ്റേഷനിൽ ചെന്നു. തനിക്കു ആ രാത്രിയിൽ ചില സഹായം വേണ്ടിവരുമെന്നു മുൻകൂട്ടി പറഞ്ഞിരുന്നതിനാൽ ഇൻസ്പക്ടർ ശങ്കരക്കുറുപ്പ് സ്റ്റേഷനിലാണ് കിടന്നിരുന്നതു്. കുറുപ്പിനെയും അഞ്ചെട്ടു കൺസ്റ്റബിൾമാരെയും വിളിച്ചുണർത്തി കൃഷ്ണമേനോന്റെ

വീട്ടിന്നു സമീപമുള്ള മൂന്നുംകൂടിയ വഴിയിൽ എല്ലാവരുംകൂടി കാത്തിരിപ്പായി.

രണ്ടു മണിക്കു ശേഷം ഒരു ജട്കാവണ്ടി അതിലെ വന്നു. എത്തിയപ്പോഴക്കു കുതിരയെ പിടിച്ചുനിൎത്തലും വണ്ടിക്കുള്ളിലുള്ളവരെ രണ്ടുമൂന്നാൾ കേറിച്ചെന്നു പിടിക്കലും ഒരുമിച്ചു കഴിഞ്ഞു. വണ്ടിയിൽ നിന്നു കൈത്തോക്കുവെടിയൊന്നു പൊട്ടിയെന്നല്ലാതെ ആക്ഷേപം കൊന്നടില്ല. 'അടിയന്തരയാത്രയാണ്. വിട്ടയക്കണം. എന്തു വേണമെങ്കിലും തരാം'. എന്നും മററും വണ്ടിയിലുള്ളവർ പറഞ്ഞതിന്നു 'ഈ സമയത്തു കടത്തിവിടാൻ പാടില്ല. നേരം പുലരട്ടെ' എന്നു മാത്രം ഇൻസ്പെക്ടർ പറഞ്ഞ് അവരെ വണ്ടിയിൽ നിന്നിറക്കി പിൻകെട്ടുകെട്ടി. ചില കെട്ടും ഭാണ്ഡവുമുണ്ടായിരുന്നതെല്ലാം എടുപ്പിച്ച് എല്ലാവരും സ്റ്റേഷനിലെത്തി. തടവുകാരെ ഒരു മുറിയിലാക്കി നിൎബ്ബന്ധത്തിൽ സൂക്ഷിച്ചു.

പുലൎന്നതിന്നു ശേഷം പിള്ളയും കേശവനും കൃഷ്ണമേനോന്റെ വീട്ടിൽ ചെന്നു. വീട്ടുടമസ്ഥൻ പണമെല്ലാം ശേഖരിച്ച് ആരും അറിയാതെ പോയതിനാൽ അവിടെയുള്ളവർ പരിഭ്രമത്തിലായിരുന്നു. 'വ്യസനിക്കേണ്ട പന്ത്രണ്ടു മണിക്കുള്ളിൽ മടങ്ങിയെത്തുമെന്നു പറഞ്ഞാശ്വസിപ്പിച്ച് ഇവർ നേരെ റെയിൽവേ സ്റ്റേഷനിലേക്കു പോയി. രാവിലത്തെ വടക്കൻ വണ്ടിക്കു—എന്താശ്ചര്യം തെക്കേടത്തു കൃഷ്ണമേനോൻ വന്നിറങ്ങി.

'പുലച്ചെക്കു കമ്പി കിട്ടി ഇതേവരെ എന്തെല്ലാമാണ് എന്റെ ഉള്ളിലുണ്ടായതെന്നു പറവാൻ സാധിക്കില്ല. എന്റെ മുതൽ വല്ലതും പോയോ'?—

'ഒന്നും പോയിട്ടില്ല. വരു' എന്നു പറഞ്ഞു പിള്ള കൃഷ്ണമേനോനെ പൊല്ലീസ്സ് സ്റ്റേഷനിലേക്കു കൊണ്ടുപോയി. തടവുകാർ രണ്ടാളെയും ഇൻസ്പെക്ടർ വരുത്തി. അവരുടെ മുഖത്തുള്ള പൌഡറും കൃത്രിമമീശയുമെല്ലാം പൊല്ലീസ്സുകാർ കളഞ്ഞിട്ടുണ്ടായിരുന്നു.

കണ്ടില്ലേ? കൃഷ്ണസ്വാമിനായഡു: എന്നു ഇൻസ്പെക്ടർ പറഞ്ഞു.

കൃ-മേ—കഷ്ടാകഷ്ടം! കണ്ണൂരിൽ ഞാനെത്തിയപ്പോഴക്ക് ഈ വിദ്വാൻ അവിടം വിട്ടുകഴിഞ്ഞിരിക്കുന്നു. അതിനാൽ എന്റെ തലപോയില്ല.

ശങ്കരക്കുറുപ്പ്—നിങ്ങൾ ഇക്കാൎയ്യത്തിൽ എപ്പെട്ടതു എങ്ങിനെയാണെന്ന് ഇനി പറയണം.

നാ-പി—പറയാം. ഇവൻ മൈസൂർ രാജ്യക്കാരനായ ഒരു കൌണ്ടനാണെന്നാണ് ഞാൻ വിചാരിക്കുന്നത്. വഴിയെ അറിയാമല്ലോ. അവിടെയൊരു കവൎച്ചക്കേസ്സിൽ അന്വേഷിച്ചിട്ട് എനിക്കിവനെ പിടിക്കാൻ സാധിച്ചിട്ടില്ല. ഞാനിവിടെ എത്തിയെന്നറിഞ്ഞു പെട്ടെന്നു മാറുകയാണുണ്ടായത്. അബ്കാരിക്കാരുടെ ധാരാളിത്തം കണ്ട മാത്രയിൽ തന്നെ നായഡു വേഷംമാറിയതോ എന്നു സംശയിച്ചു. നായഡുവിന്നു കൃത്രിമമീശമേൽ കരുതൽ വളരെയുണ്ടെന്നു തലക്ക് അല്പംമാത്രം ദഹിച്ചിട്ടുള്ള സിഗററുകൾ അധികം കണ്ടപ്പോൾ ഞാൻ തീൎച്ചയാക്കി. മിശയായിരുന്നുവെന്ന ഊഹവും രാത്രിനേരം ആപ്പീസ്സു പ്രവൃത്തി നടത്തിയിരുന്നതിന്റെ ഉദ്ദേശവും അബ്കാരിക്കാരുടെ സന്താപസന്തോഷങ്ങളും എല്ലാംകൂടി നോക്കിയപ്പോൾ കാൎയ്യം തീൎച്ചയായി കഴിഞ്ഞു. എന്നാൽ ഇവൻ ഒരു ചില്ലറ കള്ളനാണെന്നു വിചാ

രിച്ചുപോവരുത്. ഇവനെപ്പോലെ തന്ത്രങ്ങളുള്ളവർ ലോകത്തിൽ ചുരുങ്ങും. പഠിച്ചറിവുള്ളവനുമാണ്. പല രാജ്യങ്ങളിലും ഇവന്നു സഹായക്കാരുണ്ട്. കൃഷ്ണമേനോൻെറ സ്വത്തു ാപഹരിക്കുണ്ടതിന്നു പല വഴിയും ആലോചിച്ചു. പണം കാട്ടിയാൽ ഈ ലുബ്ധനെ പാട്ടിൽ വരുത്താമെന്നു നിശ്ചയിച്ച് യത്നിച്ചു. ഞാനതിന്നു തടസ്ഥമായപ്പോൾ വേഷമൊന്നു മാറി എന്നെയും കബളിപ്പാൻ നോക്കി. നായഡു കള്ളനായിരിക്കുമെന്നോ മറ്റൊ ഞാൻ കൃഷ്ണമേനോനെ ധരിപ്പിക്കുന്നതായാൽ ഇവന്നു സ്വന്തകാര്യസാദ്ധ്യത്തിന്നു തടസ്ഥം നേരിട്ടുമൊ എന്നും ഞാനെന്താണ് പ്രവൃത്തിക്കുന്നതെന്നും മറ്റും അറിവാൻ ഇവന് ഈ ദിക്കിൽ തന്നെ താമസിക്കേണ്ടതായി വന്നു. അതിലേക്കു വേഷം മാററി എന്നെ ഇവൻ നല്ലവണ്ണം ദൃഷ്ടിവെച്ചിരുന്നു. ഞാനിവനെ സംശയിക്കുന്നുവെന്നു ലേശമെങ്കിലും അറിവാനിടയാക്കീട്ടില്ല. കൃഷ്ണമേനോൻെറ വീട്ടിലേക്കു ഞാൻ പോകുമ്പോളെല്ലാം ഇവൻ സൂക്ഷിക്കാറുണ്ടെന്നു ഒരു സന്ധ്യക്ക് എനിക്കു ദൃഷ്ടാന്തമായി. അന്നു ഈ വേഷത്തിൽ തന്നെയാണ് ഇവനെ കണ്ടത്. എൻെറ അന്തർഗ്ഗതം മുഖഭാവം കൊണ്ടൊ മറ്റൊ ഇവന്നു സംശയിപ്പാനിടവരുത്തരുതെന്ന ധാരണയാലാണ് എൻെറ രണ്ടാമത്തെ ഹൃദയമായ കേശവനെ കൂടി ഒന്നും ഞാൻ അറിയിക്കാതിരുന്നത്. അബ്ദുബേക്കറുടെ ഭാര്യയായവനെ പിടിക്കാൻ കഴിഞ്ഞില്ല. ആ ചെറുപ്പക്കാരൻ തമിഴനെ ഞാൻ കണ്ടാലറിയും. ഇവൻ താമസിച്ചിരുന്ന വീട്ടിൽ പോയതിന്നു ശേഷമാണ എനിക്കു തീർച്ചയായതു. കൃഷ്ണമേനോൻെറ അക്ഷരങ്ങളുള്ള ഈ തുല്യക്കനെ ഇവൻ ഇയ്യിടെയാണ് യോഗത്തിൽ ചേർത്തതെന്നു തോന്നുന്നു. നല്ലവണ്ണം പഠിക്കാഞ്ഞിട്ടായിരിക്കാം കളിയിൽ നിത്തിയിരുന്നത്. കൃഷ്ണമേനോനെപ്പോലെ ഒരാൾ കൂട്ടത്തിലുണ്ടെന്നു ആപ്പീസ്സു കലവറമുറിയിലെ പൊളിഞ്ഞ മേശമേൽ തൊപ്പി വെച്ചിട്ടുള്ള മിഴക്കലാഞ്ചരനയിൽനിന്നു തന്നെ മനസ്സിലായി. കൃഷ്ണമേനോൻെറ കയ്യെഴുത്തും സംസാരവും അനുകരിച്ച് ശീലിക്കയാണ് രണ്ടു മാസംകൊണ്ടിവരുണ്ടായത്. മലയാളമെഴുതി മുമ്പു പരിചയമില്ലാത്ത ഇവർ ഡിക്‌ഷ്ണറി പകൎക്കുമ്പോൾ മേലാൽ ആവശ്യംവരുന്ന വാക്കുകളിൽ ചിലതാകട്ടെ എന്നു വിചാരിച്ചായിരിക്കും 223_655 മുതലായ ഭാഗങ്ങൾ അധികം തവണ പകത്തത്. കൃഷ്ണമേനോൻെറ വീട്ടുകാൎക്ക എഴുതുമ്പോൾ കേശവൻ രാഘവൻ എന്നും മററുമുള്ള വാക്കുകൾ ആവശ്യമാണല്ലൊ. ഇവനെ തിരക്കുമ്പോൾ കോയമ്പത്തൂൎക്ക പോയിയെന്നു കേട്ടപ്പോൾ തന്നെ ചതിക്കുള്ള ദിവസം അടുത്തുവെന്നു ഞാൻ കരുതിപ്പോന്നു. ഇവൻ തുല്യക്കനെ കണ്ണൂരിലെക്കയച്ചു കൃഷ്ണമേനോന് എഴുത്തയപ്പിച്ചു. വഴിയെ മേനവൻെറ എഴുത്തുപോലെ എഴുതി അനന്തിരവനും അയച്ചു. ആകെ പറയുന്നതായാൽ ഭയങ്കരന്മാരാൽ ജീവനും ദ്രവ്യവും പോവാതെ കിട്ടിയതു കൃഷ്ണമേനോൻെറ ഭാഗ്യവും ഈ കള്ളന്മാരുടെ 'അസാധാരണ പരസ്യം' അതിന്നൊരു മാർഗ്ഗദർശകവുമായിത്തീൎന്നു—

കൃഷ്ണമേനോൻ ഇതെല്ലാം കേട്ടു സ്തബ്ധനായിരിക്കുന്നു.

ശങ്കരകുറുപ്പു —ശേഷമുള്ളവൎക്ക വലിയൊരു പാഠവുമായി. എനി വേണ്ടുന്നതെല്ലാം ഞങ്ങൾ പ്രവൃത്തിച്ചുകൊള്ളാം.—

... ... ... ...

... ... ... ....

തേലപ്പുറത്തു നാരായണനമ്പി.

വ്യായാമവും

# അതിന്റെ ഫലങ്ങളും

(തുടൎച്ച)

മേൽപറഞ്ഞ സംഗതികൾകൊണ്ടു വ്യായാമം അത്യാവശ്യകമെന്നു സ്ഥാപിച്ചുവല്ലൊ, ഇനി ശരീരത്തിലെ ഓരോരോ ധാതുക്കളിലുള്ള അതിന്റെ ഫലത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടത്.

## മാംസധാതുക്കളിലുള്ള ഫലങ്ങൾ.

ശരീരത്തിൽ ഓരോ മാംസവർഗ്ഗത്തിന്നും ഓരോ പ്രത്യേക ജോലികൾ ഉണ്ട്. ചിലതിന്റെ ജോലി ഓരോ ഭാഗങ്ങളെ മടക്കുകയാണെങ്കിൽ മറ്റു ചിലതിന്റെ ജോലി അവയെ നിവിർത്തുകയാകുന്നു. ചിലതു ഒരു ഭാഗത്തെ ഒരു വശത്തേയ്ക്കു തിരിക്കുന്നതാണെങ്കിൽ മറ്റു ചിലതു മറ്റേ ഭാഗത്തേയ്ക്കു വലിക്കുന്നതാകുന്നു. ഇങ്ങിനെ വിരുദ്ധ കർമ്മങ്ങൾ നിർവ്വഹിക്കുന്നവയാകുന്നു ദേഹത്തിലെ മിക്ക മാംസവർഗ്ഗങ്ങളും. എന്തെങ്കിലും ഒരു അഭ്യാസം ചെയ്കയൊ, ഏതെങ്കിലും ഒരംശത്തിന്നൊ ഭാഗത്തിന്നൊ അധികമായ ചലനം കൊടുക്കയൊ ചെയ്യുമ്പോൾ ചില മാംസവർഗ്ഗങ്ങൾ ചുരുങ്ങുകയും മറ്റു ചിലവ അയയുകയും ചെയ്യുന്നു. അങ്ങിനെ ചെയ്യുമ്പോൾ ദേഹത്തിലെ മറ്റു ചില അംശങ്ങളിലും ഓരോരോ മാറ്റങ്ങൾ ഉണ്ടാകുന്നു. രക്തനാഡികളാലും ഞരമ്പുകളാലും സമ്മിശ്രമായി ഒരു വക കൊഴുപ്പുകൊണ്ട് ഒട്ടിപ്പിടിച്ചിരിക്കുന്ന സൂക്ഷ്മങ്ങളായ അനവധി നാരുകൾ കൂടിയതാകുന്നു മാംസം. ഒരു മാംസം ചുരുങ്ങുമ്പോൾ അതിന്റെ ഭിന്നാംശങ്ങളായ സകല നാരുകളും ഒപ്പം ചുരുങ്ങുന്നു. ഇതു അതിൽകൂടി വ്യാപരിക്കുന്ന ഞരമ്പുകളുടെ ശക്തികൊണ്ടാകുന്നു. ശരീരത്തിൽ സ്വതന്ത്രങ്ങൾ എന്നും, അസ്വതന്ത്രങ്ങൾ എന്നും, രണ്ടു തരം മാംസങ്ങൾ ഉണ്ട്. അതായിത് ചിലതു നമുക്കധീനങ്ങളും (Voluntary) മറ്റു ചിലതു അനാധീനങ്ങളും (Involuntary) ആകുന്നു. അധീനങ്ങളായ മാംസങ്ങൾ നമ്മുടെ ആഗ്രഹത്തിന്നൊ ആജ്ഞയ്ക്കൊ കീഴടങ്ങി പ്രവൃത്തിക്കുന്നവയാകുന്നു. നമ്മുടെ ആഗ്രഹത്തിന്ന് യാതൊരു മേലധികാരവും ഇല്ലാത്തവയാകുന്നു അനാധീനങ്ങൾ. ഉദാഹരണമായി ഹൃദയത്തിലെ മാംസമെടുക്കുക. അതു തീരെ അനാധീനമാണ്. അതു നാം പറയുംപോലെയൊ, വിചാരിക്കുംപോലെയോ യാതൊരു ജോലിയും ചെയ്കയില്ല. അതു പരിഷ്കൃതരാജ്യവാസികളുടെ കൂട്ടത്തിൽ ഒന്നാണ്. സ്വാതന്ത്ര്യത്തിനുവേണ്ടി ആയുസ്സുകളയും. തന്റെ ഇഷ്ടംപോലെയെ നടക്കയുള്ളു. നേരെ മറിച്ച് കയ്യിന്മേലും മറ്റുമുള്ള മാംസങ്ങൾ തീരെ അടിമകളാകുന്നു. കയ്യോ കാലോ ഒന്നു മടക്കേണമെന്ന് നാം ആഗ്രഹിച്ചാൽ നമുക്കു തൽക്ഷണം അവയെ മടക്കാൻ സാധിക്കുന്നു. അനങ്ങാതെ നിർത്തേണമെങ്കിൽ അതും ചെയ്യാം. അത് എന്തുകൊണ്ടെന്നാൽ ആ പ്രവൃത്തികൾ ചെയ്യുന്ന മാംസങ്ങൾ അടിമകളാകകൊണ്ടത്രെ. ഹൃദയത്തിലെ മാംസം യാതൊരു ജോലിയും കൂടാതെ അല്പനേരം സ്വസ്ഥമായി നില്ക്കട്ടെ എന്നു നാം വിചാരിച്ചാൽ അതു അപ്രകാരം ചെയ്യുന്നതല്ല. ഇതാകുന്നു അധീനവും അനാധീനവുമായിട്ടുള്ള വ്യത്യാ

സം. അങ്ങിനെ ഇരിക്കെ നമുക്കധീനങ്ങളായ മാംസങ്ങൾക്കെ ആയാസം കൊടുപ്പാൻ സാധിക്കയുള്ളു. ഈ രണ്ടു തരം മാംസങ്ങളുടേയും ശക്തി ശരീരത്തിൽ വെവ്വേറേ ഫലിക്കുന്നുണ്ടോ എന്നത് ഇതേവരെ തീൎച്ചപ്പെട്ടിട്ടില്ല.

ഒരു മാംസത്തിന്റെ വ്യാപാരസമയത്തുണ്ടായിട്ടുള്ള ശക്തിക്ഷയം വിശ്രമസമയത്തിൽ തീരുന്നു. വ്യായാമം അധികമായാൽ ബലക്ഷയം അധികമാകുകയും വളൎച്ച കുറകയും ചെയ്യും. വേണ്ടമാതിരിയുള്ള വ്യായാമം ഇല്ലാഞ്ഞാലും വളൎച്ചയും ബലവും കുറയും, വ്യായാമം ഇല്ലാതിരുന്നാൽ മാംസങ്ങൾക്ക ചുറ്റും കൊഴുപ്പുവന്നു നിറയുന്നതാകുന്നു. പതിവായി ദേഹത്തിന്നു മിതമായും ക്ലിപ്തമായും ആയാസം കൊടുത്താൽ ശരീരത്തിലെ മാംസങ്ങൾക്ക നല്ല ഉണൎച്ചവരുന്നതാകയാൽ അവക്ക് എളുപ്പത്തിൽ വളൎച്ചയും പുഷ്ടിയും ഉണ്ടായിക്കാണുന്നതു ഒട്ടും അസാധാരണമല്ല. ഇതിന്നു ശാസ്ത്രീയമായി യാതൊരു കാരണവും ഇതേവരെ പറഞ്ഞു കാണുന്നില്ല. ക്ലിപ്തമായ വ്യായാമംകൊണ്ട് മാംസങ്ങൾ വലുതാവുന്നതിന്നു പുറമെ അവയുടെ ഭിന്നാംശങ്ങളായ ഓരോ നാരുകളും തടിച്ചു അധികം ബലവും ഉറപ്പും ഉള്ളതാവുന്നതിനാൽ സാധാരണ മനുഷ്യരെ തവിടുപൊടിയാക്കുന്ന ഒരു ശക്തിയെ, ഒരു കായികാഭ്യാസിക്കു യാതൊരു അപായംകൂടാതെ തടുപ്പാൻ സാധിക്കുന്നതാകുന്നു.

### തൊക്കിലുള്ള ഫലങ്ങൾ.

ഓട്ടം, ചാട്ടം മുതലായ ദേഹായാസജനകമായ അദ്ധ്വാനപ്രവൃത്തികൾ വല്ലതും ചെയ്താൽ നമ്മുടെ തൊക്ക് ആസകലം തുടിച്ചും സ്വേദത്തിൽ മുങ്ങിയും സാധാരണ കാണാറുണ്ടല്ലൊ. സ്വേദം തൊക്കിലെ രോമകൂപങ്ങളെ നന്നായികഴുകി വെടിപ്പുവരുത്തുകയും സൂക്ഷ്മങ്ങളായ കൃമികൾക്ക ശരീരത്തിലേക്ക പ്രവേശനം കൊടുക്കാതെ തടഞ്ഞു നിൎത്തുകയും ചെയ്യുന്നു. വ്യായാമം തൊക്കിനെ പോഷിപ്പിച്ച് അതിന്നു മാൎദ്ദവവും ഭംഗിയും കൊടുക്കുന്നു. ചുരുക്കത്തിൽ വ്യായാമം തൊക്കിന്നൊരു വാൎണ്ണീഷെന്നുതന്നെ പറയാം. അതു തൊക്കിലെ സൂക്ഷ്മങ്ങളായ രക്തനാഡികൾക്കുണൎച്ച വരുത്തുകയും തന്മൂലം ശൈത്യബാധ തടവാനതിന്നു ശക്തിയുണ്ടാക്കുകയും ചെയ്യും. ചിലരുടെ വിയൎപ്പിന്നു അസഹ്യമായ ദുൎഗ്ഗന്ധമുണ്ടാവും. വ്യായാമംകൊണ്ട് ആ ദുൎഗ്ഗന്ധവും പോവുന്നതാണ്.

### ശ്വാസധാനിയിലുള്ള ഫലങ്ങൾ.

വ്യായാമത്താൽ ശ്വാസധാനിയിൽ ജീവവായു സഞ്ചരിപ്പാൻ അധികം തരമാകയും തന്മൂലം ശ്വാസോച്ഛ്വാസഹേതുകമായ മാംസങ്ങൾ പുഷ്ടിയുള്ളതായും, ശ്വാസഗതി സാവധാനമാകയും ചെയ്യുന്നു. അങ്ങിനെ വന്നാൽ രക്തം തെളിയുകയും, ക്ഷയം മുതലായ ശ്വാസകോശസംബന്ധമായ രോഗങ്ങൾക്കുള്ള എളുപ്പം കുറയുകയും ചെയ്യുന്നതാകുന്നു.

### രക്തനാഡികളിലുള്ള ഫലങ്ങൾ.

രക്തനാഡികളിലുള്ള വ്യായാമത്തിന്റെ ഫലങ്ങൾ കൈത്തണ്ടയിലെ നാഡിയിന്മേൽ പ്രത്യക്ഷപ്പെട്ടു കാണാം. വ്യായാമത്തിൽ ഹൃദയം അധികമായി മിടിക്കും. ഇതു ചിലപ്പോൾ യാതൊരു ദീനവുമില്ലാത്ത ആൾക്കാണെങ്കിൽ സാധാരണയിൽ രണ്ടോ മൂന്നോ ഇരട്ടിക്കുകയും, വ്യായാമത്തിന്നുശേഷം പണ്ടത്തെ സ്ഥിതിയിൽതന്നെ വരികയും ചെയ്യും. ദുഷ്ടരക്തനാഡികൾക്കു മറ്റും ഒരു വഴിക്കു മാത്രം ചോരയോടാനനുവദി

ക്കുന്ന ഒരു മാതിരി അടപ്പുകൾ ഉണ്ട്. വ്യായാമസമയത്തിൽ മാംസങ്ങൾ ചുരുങ്ങുകയോ കുറിയതാകയോ ചെയ്യുമ്പോൾ, ആ നാഡികളെ അമൎക്കുകയും, തന്മൂലം ദുഷ്ടരക്തഗതിക്കു സൌകൎയ്യവും എളുപ്പവും ഉണ്ടാകയും ചെയ്യുന്നു. അങ്ങിനെ ചെയ്യുന്നതിനാൽ ശരീരത്തിലെ മലിനപദാൎത്ഥങ്ങളെ ധാതുക്കളിൽനിന്നു വേർപെടുത്തി ബഹിഷ്കരിപ്പാൻ അവധിക്കുന്നു.

### ശരീരാഗ്നിയിലുള്ള ഫലം.

വ്യായാമസമയത്തിൽ പുറമെ വിയൎപ്പാണ് കാണുന്നത് എങ്കിലും അകത്ത് അഗ്നി അധികരിച്ചിരിക്കും. അതുകൊണ്ടു ശ്വാസയന്ത്രത്തിന്റേയും ഹൃദയത്തിന്റേയും തലസ്ഥാനങ്ങൾക്ക് ഉയിർ വൎദ്ധിക്കയും; ശ്വാസകോശവും, ഹൃദയവും, വളരെ ഉണൎച്ചയോടും ചൊടിയോടുംകൂടി ജോലി എടുക്കുകയും ചെയ്യും. രക്തം മറവുള്ള ധാതുക്കൾക്കു ജീവവായുവിനെ ധാരാളം ശേഖരിച്ചു കൊടുക്കുകയും ചെയ്യും.

### ആമാശയപക്വാശയാദികളിലുള്ള ഫലം.

വ്യായാമം രുചിയേയും ദീപനത്തേയും വൎദ്ധിപ്പിക്കുന്നു. ഭക്ഷണത്തിന്നുശേഷം ഉടൻ തന്നെ വലിയ ദേഹാദ്ധ്വാനം ചെയ്യുന്നതായാൽ പലപ്പോഴും ദഹനക്ഷയം ഉണ്ടാവുന്നതാകുന്നു. വ്യായാമം ആന്തരാവയവങ്ങൾക്കു വേറെയും ഒരു വിധത്തിൽ ഗുണത്തെ ചെയ്യുന്നു. കുക്ഷിയിലെ മാംസങ്ങൾ ചിലപ്പോൾ ഉഴിച്ചിൽക്കാരായ കുരുപ്പന്മാരുടെ ജോലി ചെയ്യുന്നു. വ്യായാമസമയത്തിൽ അവകൾ ചുരുങ്ങുമ്പോൾ ആന്തരാവയവങ്ങളെ ഉഴിഞ്ഞ് അവയ്ക്കു ഓജസ്സും, ബലവും കൊടുക്കുന്നു. ഇതു ദീപനക്ഷയത്തിന്നും ശോധനക്കുറവിന്നും വളരെ നല്ലതുമാകുന്നു.

### മനസ്സിൽ ചെയ്യുന്ന ഫലങ്ങൾ.

മിതവ്യായാമം ബുദ്ധിമാന്ദ്യത്തെ ഇല്ലാതാക്കുകയും, മനസ്സിനെ ആഹ്ലാദിപ്പിക്കയും ചെയ്യും. അത് അധികമായാൽ മനസ്സിനേയും, ദേഹത്തേയും ക്ഷീണിപ്പിക്കും. പാകമായാൽ സ്നായുക്കൾക്കു വീൎയ്യവും, പുഷ്ടിയും ഉണ്ടാകും. സാധാരണ എല്ലാവൎക്കും ഒരേ വിഷയത്തിൽതന്നെ കുറച്ചധികനേരം ശ്രദ്ധ സ്ഥിരമായി നിൎത്തുവാൻ സാധിക്കയില്ല. വ്യായാമംകൊണ്ട് ഇതു എളുപ്പത്തിൽ സാധിക്കാം. മനസ്സിന്നു ധൈൎയ്യവും ഉറപ്പും ഉണ്ടാകുന്നതിന്നു പുറമെ വ്യായാമത്താൽ കാൎമ്മശക്തി വൎദ്ധിക്കുന്നതും അതു ശരിയായി ശീലിക്കുന്നവർ കൃത്യനിഷ്ഠാതല്പരന്മാരായി തീരുന്നതുമാകുന്നു.

(തുടരും)

കോയാത്തു കൊച്ചുണ്ണിമേനോൻ.

# സജ്ജനസഭ

'നാലാൾ കൂടിയിരിക്കുന്നേടത്തു ദൈവമുണ്ട്'' എന്നു പണ്ടുള്ളവർ പറഞ്ഞിട്ടുള്ളതിന്റെ സാരം കുറഞ്ഞപക്ഷം ഒരു സഭയിൽ നാലാൾ ഉണ്ടായിരിക്കേണമെന്നും, അവരുടെ അഭിമതം ആദരണീയമാണെന്നുമാണല്ലോ. സൽപ്രവൃത്തികളെ (സൎവ്വേശ്വരനു ഹിതമായുള്ള കൎമ്മങ്ങളെ) നിഷ്കളങ്കം ആചരിക്കുന്നവർ സജ്ജനങ്ങളും അവരുടെ യോഗം (സമൂഹം) സജ്ജനസഭയുമാകുന്നു. അവർ പ്രായേണ പഠിച്ചറിവു

കൊണ്ടോ സഹവാസഗുണംകൊണ്ടോ വിഭിന്നാരുമായിരിക്കുന്നതാണു്. തന്നിമിത്തം തെളിവായ അർത്ഥങ്ങളോടുകൂടിയ വാക്യങ്ങൾകൊണ്ടു വാസ്തവധർമ്മത്തെ പ്രവചിക്കുന്നവരായ മഹാന്മാരുടെ സമൂഹത്തിനാണു് സഭയെന്നു പറയുന്നതായാൽ അനുചിതമായി വരുന്നതല്ലല്ലോ. 'സഹഭാതി ഇതി സഭാ' അതായതു് 'ഒരുമിച്ചു ശോഭിക്കൽ' എന്നാണല്ലോ 'സഭാ' എന്ന വാക്കിന്റെ അർത്ഥം. ദുർജ്ജനങ്ങളുടെ സമുദായത്തിനും സഭാ എന്നുതന്നെയാണു് പറയുന്നതു്. പക്ഷേ സജ്ജനസഭയിൽനിന്നു സിദ്ധിക്കുന്ന ഗുണം ദുർജ്ജനസഭയിൽനിന്നു കിട്ടുകയില്ല. 'നിർമ്മലനദീജലംസാഗരം തന്നിൽചേർന്നാലൊക്കവേപുളിച്ചുപോം' എന്നപോലെ ദുർജ്ജനസഭാപ്രവേശനംകൊണ്ടു സജ്ജനങ്ങൾ മലിനപ്പെടുവാനിടവന്നേക്കാം. സജ്ജനങ്ങളുടേയും ദുർജ്ജനങ്ങളുടേയും മനസ്സിനും വ്യാപാരങ്ങൾക്കും മററും ഗത്യന്തരമുണ്ടാകയാൽ ഒരുമിച്ചു ശോഭിക്കുക എന്ന ഗുണം വാസ്തവത്തിൽ സത്തുക്കൾ തമ്മിൽ അല്ലാതെ നികൃഷ്ടബുദ്ധികൾ തമ്മിൽ ഉണ്ടാകുവാൻ തരമില്ല. നിർദ്ദയത്വം, അകാരണകലഹം, ധനത്തിലും പരസ്ത്രീയിലും കാംക്ഷ, സജ്ജനങ്ങളിലും മിത്രങ്ങളിലും, സുജനങ്ങളിലും ഈർഷ്യ ഇത്യാദികളായ ദുർഗ്ഗുണങ്ങൾ ദുഷ്ടന്മാൎക്കു സ്വാഭാവികമായിട്ടുള്ളവയാകയാൽ അവർ തമ്മിൽ യോജിപ്പാനിടയുണ്ടാകുന്നതല്ല. എന്നുമാത്രമല്ല, അവരുടെ ചേർച്ച ശോഭാവഹവുമായിരിക്കുന്നതല്ലാത്തതിനാൽ ദുഷ്ടന്മാർ തമ്മിൽ യോജിക്കുവാനവകാശമുണ്ടാകുന്നതെങ്ങിനെ?

'ഐകമത്യം മഹാബലം'. ഇതാണു് ഒരു സഭയുടെ ശക്തിക്കും നിലനില്പിനും അത്യന്തം ആവശ്യമായിട്ടുള്ളതു്. ഏകമതിത്വം, ഏകമതത്വം എന്നിങ്ങിനെ 'ഐകമത്യത്തെ' വിഗ്രഹിക്കാവുന്നതാകകൊണ്ടു്, ഏകമതികളായും ഏകമതസ്ഥന്മാരായുമിരിക്കൽ എന്നർത്ഥമാണു് 'ഐകമത്യം' എന്ന പദത്തിനുണ്ടാകുന്നതു്. ഇവയിൽ ഏതെങ്കിലും ഒന്നിനു് ഏകരൂപതയില്ലാതെ വന്നാൽ യാതൊരു സഭയും നിലനില്ക്കുന്നതുമല്ല. ഒരു സഭയിൽ ഉള്ളവരെല്ലാം അല്പബുദ്ധികളായിരുന്നാൽ കൂടിയും അവർ എല്ലാവരും കൂടി ഒരുമിച്ചു ചേരുവാൻ സംഗതിയാകുമ്പോൾ അവരുടെ അല്പബുദ്ധിയുടെ ഐക്യത നിമിത്തം അനിതരസാധാരണമായ ഒരു ശക്തിയുണ്ടാകുന്നതുമാണു്. ഒരു ചുള്ളിവെറുകു് ആൎക്കും അനായാസേന ഒടിക്കാമെങ്കിലും, ആ തരം ചുള്ളികൾ പത്തോ ഇരുപതോ ഒന്നിച്ചു കെട്ടിയ ഒരു കെട്ടു ഒരുവൻ എത്ര ശക്തനായിരുന്നാലും അവനാൽ ഒടിക്കപ്പെടുവാൻ അസാദ്ധ്യമാണെന്നുള്ളതു് ഇതിനു ദൃഷ്ടാന്തവും അനുഭവപ്പെടുത്തുവാൻ പ്രയാസമില്ലാത്തതുമാണല്ലോ.

സാധുക്കളുടെ ഗൂഢമായ ഹൃദയസൌഹാർദ്ദം പരിശുദ്ധമനസ്സുള്ളവർ തമ്മിൽ അല്ലാതെ കാമക്രോധാദികളുടെ ആവാസമാകുന്ന മനസ്സോടുകൂടിയവരിൽ ഒരിക്കലും ഉണ്ടാകാത്തതാകയാൽ ആ ദോഷങ്ങളെ ദൂരീകരിക്കേണ്ടതു് വളരെ ആവശ്യമാകുന്നു. ഇവയിൽ ഓരോന്നിനും മനുഷ്യരുടെ ശ്രേയസ്സിനേയും സുഖജീവിതത്തേയും മലിനപ്പെടുത്തുവാനുള്ള ശക്തിയുണ്ടായിരിക്കെ, ഇവയെല്ലാം ഒരുവനിൽ ചേർന്നാലുണ്ടോ അവൻ നേരെയാകുന്നു? ദുർജ്ജനങ്ങളുടെ അവസ്ഥ ഇതല്ലേ. പിന്നെയുണ്ടോ അവരുടെ സമൂഹം വല്ല ഗുണവും കൊടുക്കുന്നു? അവരവൎക്കുള്ള വിദ്യയെ അന്യൎക്കു്

ഉപയോഗപ്പെട്ടവാനാകുന്നതെന്നു കരുതുന്ന സ്വാത്ഥതല്പരന്മാരുടെ യോഗം ഒരു സഭയായിത്തീരുന്നതല്ലെന്നും, ഒരു സഭയുടെ പൂണ്ണോദ്ദേശം അതിൽനിന്നു സിദ്ധിക്കുന്നതല്ലെന്നും, ആവക യോഗങ്ങളിൽ പ്രവേശിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനമുണ്ടാകുന്നതല്ലെന്നും സംശയരഹിതമായ സംഗതിതന്നെ.

സജ്ജനസമുദായത്തിൽ ദുജ്ജനങ്ങൾ ചെന്നാൽ വല്ല ഗുണവും കിട്ടുമോയെന്നാണ് സംശയിക്കുന്നതെങ്കിൽ "കാചഃ കാഞ്ചനസംസഗ്ഗാൽ ധത്തേമാരതികീംദ്യുതിം തഥാസൽസന്നിധാനേന മൂഢോ യാതി പ്രവീണതാം"—എന്നുള്ളതുകൊണ്ടു സജ്ജനസഹവാസത്താൽ മൂർഖനും നിപുണതയെ പ്രാപിക്കുന്നതാണെന്നു തെളിയുന്നുണ്ടല്ലോ. പക്ഷെ ചിരകാലസഹവാസത്താലെ അതു സാധിക്കയുള്ളൂ. ബുദ്ധിമാന്മാരുടെ ജീവകാലം കാവ്യശാസ്ത്രാദിവിനോദങ്ങളാലാണല്ലോ കഴിച്ചുകൂട്ടുന്നത്. പാമരന്മാർ നായാട്ടു, ചൂതുകളി, സ്ത്രീസേവ, മദ്യപാനം, കലഹം, ഉറക്കം എന്നിത്യാദികളാലും അവരുടെ ജീവദശയെ കഴിച്ചുകൂട്ടുന്നു. അതുകൊണ്ട് ഇക്കൂട്ടരുടെ സഹവാസം യാതൊരുത്തക്കും ഗുണപ്രദമായി വരികയില്ല.

ധമ്മാധമ്മങ്ങളെ വിവേചിച്ചറിഞ്ഞു അവരവരുടെ മതാചാരങ്ങൾക്കു പിഴപറ്റാതെ പ്രവൃത്തികൾ ചെയ്യേണമെന്നുള്ളതാണല്ലോ മനുഷ്യരുടെ മുറ. ഇതിന്നു ആസ്ഥാനമായിട്ടുള്ളതു ശ്രുതീതിഹാസപുരാണങ്ങളുമാണല്ലോ. എന്നാൽ ഇവയെല്ലാം പഠിക്കുകയെന്നത് എല്ലാവക്കും അത്ര സുസാദ്ധ്യമല്ലാതിരിക്കെ, സജ്ജനസഭയിൽ പ്രവേശിക്കുന്നതിനാൽ ധമ്മാധമ്മവിവേചനഗുണം അനായാസേന ചിരാലെങ്കിലും സാധിക്കുന്നതുകൊണ്ട് അക്കായ്യത്തിൽ മനുഷ്യരുടെ മനസ്സു ചെല്ലേണ്ടതു അത്യന്താവശ്യമാണ്. പരിഷ്കാരിയാണെന്നറിയിക്കാനോ കീത്തിക്കോ മറ്റോ ആയി സഭയിൽ പ്രവേശിച്ചാൽ പോരാ. ജ്ഞാനസമ്പാദ്യത്തിന്നുദ്ദേശിപ്പാനിതു നല്ലൊരു മാഗ്ഗമാണെന്നു മനഃപൂവ്വമായി കരുതിക്കൊണ്ടുതന്നെ ഒരു സഭയിൽ പ്രവേശിച്ചാലേ ഗുണമുള്ളൂ. സജ്ജനസഭയിൽനിന്നല്ലാതെ ആ ലാഭം കിട്ടുന്നതുമല്ല.

പൂവ്വകാലങ്ങളിൽ ജനങ്ങൾക്കു ഇഹപരങ്ങളിൽ പുരുഷാത്ഥങ്ങളുണ്ടായിട്ടുള്ളതു സഭ നിമിത്തമാണെന്നു പുരാണങ്ങൾ മൂലം നാമിന്നറിയുന്നുണ്ടല്ലോ. മനുഷ്യർ പലവിധ പ്രാരബ്ധകമ്മങ്ങളിൽ നിരതന്മാരായിരിക്കുന്നതിനാലും, വിദ്വാന്മാരായ മഹാന്മാർ അങ്ങുമിങ്ങുമായി പല സ്ഥലങ്ങളിൽ അധിവസിക്കുന്നതുകൊണ്ടും, അവരുടെ മനസ്സിൽ ഓരോ കാലങ്ങളിൽ നാനാപ്രകാരേണ അങ്കുരിക്കുന്ന പലേ വിശേഷസംഗതികളെ ഒരു സമുദായം കൂടുന്നതിൽ വെച്ചല്ലാതെ നമുക്ക് എളുപ്പത്തിൽ അറിവാൻ കഴിയുന്നതല്ലല്ലോ. അറിവുള്ളവക്കുംകൂടി പണ്ഡിതസഭാപ്രവേശനത്താലാണ് അവരുടെ ഓമ്മയിൽ ഇരിക്കുന്ന സാംഗത്യാസാംഗത്യങ്ങളുടെ ഗുണാഗുണവിവേചനത്തിന്നും അഭിവൃദ്ധിക്കും മാറും സംഗതിവരുത്തുന്നത്. മനുഷ്യബുദ്ധിക്കു പ്രായേണ ഭ്രമവും പ്രമാദവും സഹജങ്ങളായിരിക്കെ, മനുഷ്യക്ക് എത്രതന്നെ പഠിപ്പുണ്ടായിരുന്നാലും തെറ്റായ ധാരണകളുണ്ടാകുന്നതു സാധാരണമാണല്ലോ. അതും സജ്ജനസഭാപ്രവേശനത്താൽ നീങ്ങുന്നതാണ്. ഈ സ്ഥിതിക്കും സത്തുക്കളായ വിദ്വാന്മാരുടെ സഭ അവശ്യം ആവശ്യവും അതിൽ പ്രവേശിക്കുന്നതു സവ്വഗുണപ്രദവുമാണെന്ന് ഏവരും ഐകകണ്ഠ്യേന സമ്മതിക്കു

ന്നതാണ്. ആ ഗുണങ്ങൾ മാടഭൂവാസികളുടെ സൌഭാഗ്യത്താൽ ഇപ്പോൾ പരിപൂർണ്ണഗർഭത്തിൽ ഇരിക്കുന്ന 'സാഹിത്യസമാജപ്രജ' ഞങ്ങൾക്ക് അചിരാൽ തരുവാൻ സംഗതി വരുത്തേണമെന്നാഗ്രഹിച്ചും, ആ സമാജത്തിന്നും അതിന്റെ രക്ഷാകർത്താക്കന്മാർക്കും സർവ്വശക്തിയും നൽകുന്നതിന്നു സർവ്വശക്തിയെ പ്രാർത്ഥിച്ചും തൽക്കാലം അവസാനിപ്പിച്ചുകൊള്ളുന്നു.

തോരണത്തു പരമേശ്വരമേനോൻ.

# വള്ളോർകവിത

## കൂട്ടിലെ കിളി.

(കെ. പി. കറുപ്പൻ.)

വെളിയിൽതലകാട്ടിടാതെപീഡാ-
മിളിതാസ്യങ്ങളുയർത്തിടാതെനിത്യം
കളിവിട്ടിതുകൂടുതോറുമയ്യോ
കിളിയുംമകളുമത്രകണ്ടിടുന്നു. 1

അതികോമളതൂലികസ്സുമോമ-
ന്നതിമാലാറിവരംസ്വരസ്ഥിതിയ്ക്കും
ശ്രുതിപെറ്റകിളിക്കിടാങ്ങളിന്നീ
ച്ചതിയിൽപെട്ടുവലഞ്ഞിടുന്നുവല്ലോ. 2

ചിലപിഞ്ചുകിടാങ്ങൾതന്തയോടാ-
സ്സിലചിക്കുന്നുപുറത്തയക്കുവാനായ്
ഖലലോകർവിടാതെകൂട്ടിലിട്ടി-
വിലയേറുംജനിപാഴിലാക്കിടുന്നു. 3

ഫലവൃദ്ധിയെഴുംവസന്തകാലം
പുലരുന്നു;ഫലമില്ലിവയ്ക്കതൊന്നും
ജലപാനവുമല്പമായ്നിദാനം
ചിലതേകുന്നതുമുണ്ടിവയ്ക്കശിപ്പാൻ. 4

കിളിജാതികളംബരത്തിലേറ്റം
കളിയാടുന്നയഥേഷ്ടമങ്ങുമിങ്ങും
ഗളിതാശ്രുവൊടായതൊക്കെനോക്കി
ത്തെളിവില്ലാതിവർദൈന്യമാർന്നിടുന്നു. 5

വിവശതപെഴുന്നമട്ടിലിപ്പോ-
ളിവരെന്തോപറയുന്നതൊന്നുകേൾക്കാം
അവ,തങ്ങടെദുഷ്ടദിഷ്ടമോർത്തി-
ട്ടവശപ്പെട്ടിതുപോലെചൊൽകയല്ലീ? 6

"സമസൃഷ്ടികളിൽപ്രിയംകളിക്കും
സുമഹാന്മാരവരസ്മരിച്ചപോയോ
സമവർത്തികളോജനങ്ങളെല്ലാം
മമതാശാലികളാകയോമഹാന്മാർ" 7

"മഹനീയതതെല്ലുമില്ല;ഞങ്ങൾ
ക്കിഹലോകംനരകപ്രമാണമാണോ;
സഹസാഖലർമൂലമിങ്ങുകാരാ-
ഗൃഹവാസത്തിനുയോഗമുത്ഭവിച്ചു". 8

പതഗങ്ങളിവണ്ണമോതിടുമ്പോൾ
പരവന്നു,മതിമാലിലാണ്ടിടുന്നു;
ഇതനൽഭുതമത്രമർത്ത്യർപോലും
ഹതദൈവത്തിനധീനരാണപാരം 9

മലയാളമതിങ്കലുള്ളഹിന്ദു-
ത്തലയാളിപ്രവരർക്കുപാട്ടുപണ്ടേ
പുലയാളൊരുജാതിയെന്നുകൊണ്ടോ
വിലയാളെന്നുപറഞ്ഞുവന്നിടുന്നു!!! 10

അതികാർഷ്ണ്യമെഴുന്നൊരിന്ദ്രനീല-
ദ്യുതിചേരുംപുലയാനനത്തിൽനിന്നും
മതിമഞ്ജുളമാംയശസ്സുപൊങ്ങു-
ന്നതിലാശ്ചര്യമെഴാത്തലോകരുണ്ടോ? 11

ഇനരശ്മിവഹിസ്സയാൽകറുത്തീ-
യിന,മല്ലാതിങ്കളിന്റെമക്കളല്ല
ഘനകോമളനായിടുംയശോദാ-
തനയൻതന്നവതാരമെന്നുമാകാം. 12

ശരിയാണതിനുണ്ടുയുക്തി,ഭൂമീ-
പരിരക്ഷാപരനായപത്മനാഭൻ
അരിനെല്ലിവവൃദ്ധിയായിരിപ്പാൻ
പരിതോഷാൽപുലയസ്വരൂപനാകാം. 13

ചിലനാൾമഴ,മറ്റൊരിക്കൽവേലും
ചിലനാൾമഞ്ഞു, ചിലപ്പോളുറ്റകാറ്റും
നിലനിന്നിവയൊക്കെയുംസഹിപ്പും
പുലയന്മാർശിവരാമ!യോഗിമാരോ? 14

പുലരുംകതിരോൻമുതൽക്കുപിന്നെ
പലദിവ്യപ്രഭകണ്ടുതുഷ്ടിയോടെ
തലമൊട്ടയടിച്ചുവാഴുമോമൽ-
പുലയൻനല്ലൊരുരാജയോഗിയാണോ? 15

ദിവസാദിമുതൽക്കതെറ്റിനത്തി-
നവസാനംവരെനല്ലവേലചെയ്യും.
അവസാദനമറ്റുധീരധീരൻ
വ്യവസായത്തിനൊഴുന്നമൂർത്തിയാണോ? 16

അഹിതംപറയാതെ ഹന്ത!ശാന്ത്യാ
സഹിതംജോലികൾചെയ്തിടുന്നമൂലം
മഹിതൻ പുലയൻപുകഴ്ന്നൊരിന്ത്യാ-
മഹിതൻമഞ്ജുളഭാഗ്യപൂരമെന്നോ? 17

അതുലോദ്യമരാംകൃഷീവലക്കാ-
ക്കതുകംചേപ്പവരാണുവല്ലവന്മാർ;
അതുകൊണ്ടിവരാഭിരമ്യമോലും
പുതുമോഹാളിമനുഷ്യരായതല്ലേ? 18

മണിമഞ്ജുളകാന്തിചിന്തിടുന്നൊ-
ന്മണിശാലീനിലയങ്ങളിൽപരത്തി
പണിചെയ്യുവനിക്കു,ഞാറുവമ്പ
ട്ടണിയിക്കുംപുലയൻജഗൽപിതാവോ? 19

വിളവെത്തിയനൽക്കതിർക്കുലപ്പ-
ട്ടിളയാകുന്നിളമാൻമിഴിക്കുചാർത്തി
ഇളകാപ്പുകളുറ്റുഭൂവിലെങ്ങും
വിളയാടുന്നിവർഭ്രമണാളരെന്നോ? 20

മധുവൈരിമഹൽകടാക്ഷവീക്ഷാ-
മധുപന്മാർമധുപാനലോലുപന്മാർ
അധുനാപിമനുഷ്യരായ്ധരിത്രീ-
വിധുരാവസ്ഥകൾനീക്കിനിന്നിടുന്നോ? 21

സമയത്തിനുതീറ്റി,വേല,നിത്യം
പ്രമദാമൌലികളൊത്തുസഞ്ചരിപ്പും
ക്രമമീവകയാൽവിലാത്തിവാഴും
സുമഹാന്മാരെയധഃകരിപ്പവോരോ? 22

അവരല്ലിവർകേരളത്തെയെല്ലാ-
മവനംചെയ്യുതിനുണ്ടുതുമ്പകയ്യിൽ
ഇവർപശ്ശുധരന്റെമക്കളാണോ
സ്തവനാർഹതപമിയന്നുനിന്നിടുന്നു. 23

പലതിങ്ങിനെചിന്തചെയ്തിടുമ്പോൾ
പുലയന്മാർപുരുപുണ്യമുള്ളകൂട്ടം
ചിലനന്മകൾചെയ്തിടേണ്ടതല്ലേ
ബലവാന്മാർകരുണാർദ്രമാനസന്മാർ. 24

അതിരമ്യതയുള്ളപുഞ്ചിരിപ്പൂ
വുതിരുന്നുണ്ടിഹവല്ലവക്കശേഷം
മതിരശ്മിഫലനാളിയിങ്കൽനിന്നീ
ക്ഷിതിയിങ്കൽപ്രസരിച്ചിടുന്നപോലെ. 25

തടവിൽസതതംകുടക്കൈകൊണ്ടു-
ല്ലുടകാന്തിപ്രസരംകുറഞ്ഞിടുന്നു.
സ്ഫുടശോഭകലർന്നകൊമ്മതിച്ചാ
ത്തടവീഭാഗമതിങ്കലെന്നപോലെ. 26

വ്യവസായവിശേഷരാണപത്താ
ലിവരെന്നാലുമതീവദുർജ്ജനങ്ങൾ
അവധീരണചെയ്തിടുന്നുകഷ്ടം
നവപിഞ്ഛരത്തെമയൂരമെന്നപോലേ. 27

ഉടൽവാടിവിയർത്തുവേലചെയ്തു-
ന്നിടരില്ലാപ്പുലയപ്രമാണിവർഗ്ഗം
ഉടനേഫലമാസ്വദിപ്പവാനാ-
യുടമക്കാരരുഗ്രന്നുവന്നിടുന്നു. 28

പുരുവേലകൾചെയ്യുവല്ലവന്മാ
രരുളച്ചോറിനുയന്നഹിന്നുവർഗ്ഗം
ഒരുമാതിരിനല്ലവൻപാടസ്സും
പുരുമോദാലതുനല്ലവർവിളമ്പും. 29

പൂതനാറയിൽകതിർക്കലക്കെ
ട്ടമെത്തി;പുമയൻ വിരോധിയായി
കരപാറിയവർസ്വകീയമോടാ
ചാരണംകൊണ്ടുചവിട്ടിനീക്കമെല്ലോ. 30

കരുണാപരരാരമാട്ടിയോട്ടീ
ടരുതെവള്ളുവസാധുസഞ്ചയത്തെ
അരങ്ങുംവിടപത്തിനുള്ളമൂലം
കരുതിക്കൊണ്ടൊരുവർമുറിക്കുമെന്നോ. 31

മലിനാശയർവച്ചതീണ്ടലോത്തി
ട്ടലിവില്ലാതിവരെപകക്കയാണോ?
ഒളിതോൽക്കവതിന്നുനാല്ലാരില്ലം
പൊലിയുംതീക്കെരയാണ്ടൊട്ടപ്പതാരോ?32

ചെറുമക്കളുമൊക്കെഫിന്ദുവല്ലേ?
ചെറുതൊന്നോർക്കമുക്കപിമ്പുവേണ്ട
വെറുതെനിരസിക്കൊലാ;സ്വപുഷ്ടം
കുകമിൻതുഴയാതെചത്തുപാകം. 33

അകളങ്കതയുള്ളവള്ളുവന്മാർ
സകലംനമ്മുടെഹിന്ദുസോദരന്മാർ
അകലത്തിനിയാട്ടിടൊല്ലകാർണ്യം
അകമേനിക്കളവാകിലാക്കമാററാം 34

മനുജാതികളാണവള്ളുവന്മാർ
അന്യാഹിന്ദുക്കളുമാണപോരയെങ്കിൽ
കന്മഷീക്കിവിടുന്നനിങ്ങൾനിങ്ങൾ
മനുജന്മാരൊടുനിത്യയത്നമുണ്ടോ? 35

ഒരിണംപിഴചെയ്കയില്ലപക്ഷെ
തരികൊല്ലുന്നിതുപോലെമൂഢലോകം
ഹര!ശങ്കര!വള്ളുവന്റെനേരെ
പരിപന്ഥിത്തൊഴിൽകൊണ്ടുചെന്നിടുന്നു.

പുലിയുംപുലിയോടിണക്കം,മപ്പോ
ഖലിമരുള്ളെലിയോടുവേഴ്ചകാണാം
കലിയിങ്കൽമനുഷ്യരെകമത്യ-
സ്ഖലിതന്മാരൊരുജാതിഭിന്നജാതി. 37

പലവേലകൾചെയ്തിലുംപ്രമാദം
പുലയന്നില്ലിതുപോൽവിധിച്ചമൂലം
കുലദവിധിതന്നിരിമ്പുപോന-
ലകയ്യോടെതുരന്നുതിന്നുപോട്ടെ. 38

വിമലൻപുലയന്നുരാജവീഥി-
ഗമനംകൂടിമുടക്കിടുന്നമർത്ത്യൻ
സുമനസ്സുകളോടുചേർന്നിടാതാ
ഗ്ഗമനാഗാരമണഞ്ഞുകേണിടട്ടെ.

സരണിത്തടവേകിവള്ളുവന്മാ-
ർക്കരമാധിക്കടയാക്കിടുന്നകേചിൽ
നരകണ്ടകരത്തരത്തിലുള്ളോർ
നരകത്തിൻനടുവിൽപതിച്ചിടട്ടെ. 40

നിനവെന്ന്യെമതാന്തരത്തിലേയ്ക്കി-
യിനമോരോന്നുകടന്നുപോകവാനായ്
ഘനകാരണമൂററമേററിവയ്ക്കും
വിനയംകെട്ടവർകെട്ടുപോയിടട്ടേ. 41

വലിയോർനിജവല്ലിയാളൊടെല്ലാ
മലിവായിപ്പെരുമാറിടേണ്ടതല്ലോ.
പുലിയല്ലവർപൃഥ്വയല്ലുടൽക്കൂർ-
പ്പൊലിമച്ചന്തമെഴുംമനുഷ്യരല്ലേ? 42

കരുണാപരരേ!വിളിക്കവേഗി
വരുമെന്നാൽപരിശുദ്ധർവള്ളുവന്മാർ
അരുതേചെറുമക്കളോടുവൈരം
കരുതേണംപ്രിയമക്കളോടുതുല്യം. 43

"രസ"ബോധമുദിക്കുവാൻസ്വഭാഷാ-
ഭ്യസനംകൊണ്ടവരെപ്പരിഷ്കരിക്കൂ;
അസമത്വരമല്ലവള്ളുവന്മാ-
രസഹായസ്ഥിതിയൊന്നുദുഃഖമൂലം. 44

സദുപായനിലക്കുപക്ഷിലോകം
മൃദുഭാഷാഗതിയഭ്യസിക്കമെങ്കിൽ
"മിട്ടരായധവാണി"വള്ളുവന്മാ-
ർക്കുരന്തംഖലുഹൈണിയുംപഠിക്കാം. 45

ഉയരുന്നിത!വള്ളുവാന്വയത്തിൻ
ദയനീയസ്വരമിന്നുകേരളത്തിൽ
വയമൊന്നുമനസ്സുവച്ചു,കേൾക്കാം;
സ്വയമില്ലാതവരേവമോതുകല്ലേ? 46

'മാടത്തിൽപുലരുവോരെഷഞ്ഞങ്ങൾപള്ളി-
ക്കൂടത്തിൽകതുകമരംകടന്നിടട്ടേ
പാടത്തിൽ പണികൾമുടക്കകില്ല;വിദ്യാ-
വാടത്തിൻകതകധുനാതുറന്നുകട്ടെ. 47

(തുടരും.)

(प्रथमसर्गः)

---

ताम्रुद्वीक्ष्य प्रथितधानिकामुत्तरेण क्रमेथाः
कुंभाकारस्तनभरनमत्सुन्दरीभिः समग्रम् ।
रंभास्तम्भैर्मधुरसफलैर्भूषितागारजालं
कुम्भीशस्यावसथमतुलं कुम्भकोणं प्रसिद्धम् ॥ ७३ ॥

मायूरं द्रागगजपुरमथो पारसीकानटित्वा
तीर्त्वा पुण्या मधुरसरितो वल्लभक्षेत्रदेशान् ।
गत्वा काञ्चीं वरदमहितां मञ्जुलां संचरेथाः
क्षीरस्रोतस्सरितमथ सच्छंखिनीं चाभिगच्छेः ॥ ७४ ॥

काञ्चीं काञ्चीमुदधिवसनाया वराणां प्रदातु-
स्थानं वेधस्सवनविदितां नेत्रपात्रीकुरुष्व ।
श्रीमद्रामावरजविहितप्रत्नफाक्किप्रकृष्टां
वेदान्तार्थप्रथितकविसंभूतिपुण्यां च पश्येः ॥ ७५ ॥

अद्धां पत्यौ चिरविरहिणीं वारुणीं संगते द्राक्
कान्तोदारं करिपतिपुरं त्वत्सखीवासभूमिम् ।
देशं प्राप्यं स्थिरपरिमलं वल्लभास्पर्शरम्यं
दिव्यं भास्वत्कटकरुचिरं सौम्यजाने श्रयेथाः ॥ ७६ ॥

इति

कोडुंगल्लूर्. राजकीयकन्यकापाठशालासंस्कृतपण्डितेन
र. रंगाचार्येण विरचिते पिकसन्देशे प्रथमसर्गः
॥ समाप्तः ॥

## द्वितीयसर्गः ।

---

यत्रोत्तुङ्गा मरतकमयी राजते सद्मराजिः
घण्टानादैर्मुखरितमुखा राजवीथीप्रतोल्यः ।
अस्तिक्षीरा हरितकपिशा यत्र गोवष्कयिण्यो
वल्गत्वल्गन्मधुरवचना यत्र केलीशुकाश्च ॥ १ ॥

यत्र स्त्रीणां सहजनयनान्येव भूषाविशेषो
व्याजाथन्ते कुवलयदलान्यङ्गनानां मुखेषु ।
वाणी वीणासरसमधुरा गौणमात्रं तु तन्त्री-
स्वाना हारा हृदयनिहिताः केवलं भारभूताः ॥ २ ॥

चक्षूरागः परभृतकुले नान्यकांताजनौघे
जाड्यं यस्मिन्नुपवनतटीचंदने नो नरौघे ।
धूमेष्वग्नेः किल मलिनता नो चरित्रे जनानां
यस्मिन् भोगा भुजगनिवहे पक्षपातः खगेषु ॥ ३ ॥

यस्मिन् रात्रौ मरतकशिलानिर्मिते नित्यभास्वत्-
सौधैः कृत्स्ने तमसि विहते यद्दिवाभूयते द्राक् ।
कामाक्रान्तैरविघटितसंयोगरक्त्यै रथाङ्ग-
दीपा नित्यं सुरतविहिता नैव मोचीक्रियन्ते ॥ ४ ॥

यस्मिन् दृष्ट्वा कुसुमधनुषं फालनेत्राग्निदग्धं
संशोचन्त्या निटिलनयनं प्रार्थयन्त्याः प्रसादम् ।
रत्या दीर्घाः कृपणकरुणा विप्रलापा इवालं
शोश्रूयन्ते मधुरनिनदा हंसकोलाहलानाम् ॥ ५ ॥

नक्तं लोलैः पवनलुलितैरुल्लसद्भिर्दुकूलैः
दूरोत्क्षिप्तध्वजनिजभुजान्युच्चहर्म्यस्थलानि ।
दीर्घाक्षीणां वदनकमलैर्लज्जितस्यामृतांशो-
रन्तस्तापानुपशमयितुं प्रोद्यतानीव भान्ति ॥ ६ ॥

(क्रमशः) को. र. रंगाचार्यः ॥

## പണമടച്ചവരുടെ പേരുവിവരം

(1088 കർക്കടകം ലക്കത്തിന്റെ തുടർച്ച)

| ബ്രഹ്മശ്രീ. | അവർകൾ<br>ക. ണ. |
|---|---|
| ,, ചെല്ലൂരമനക്കൽ ഇട്ടിരവിനമ്പൂരി,, | 2—8 |
| ,, ആലത്തൂർ അനുജൻ നമ്പൂരിപ്പാട്,, | 2—8 |
| ,, മേലേടത്ത് നാരായണൻ ഭടതിരിപ്പാട്,, | 2—8 |
| ,, നടുവത്ത് മഹൻ നമ്പൂരി ,, | 2—8 |
| ,, കുന്നത്തൂർ പടിഞ്ഞാറേടത്തു മഹൻ നീലകണ്ഠൻ ഭട്ടതിരിപ്പാട്,, | 2—8 |
| ,, വിനൂര് കടലായിമനക്കൽ കുഞ്ഞിക്കുട്ടൻ നമ്പൂരിപ്പാട് ,, | 2—8 |
| ,, കുപ്പിങ്ങാട്ട് മനക്കൽ നീലകണ്ഠൻ നമ്പൂരി,, | 2—8 |
| ,, പുതുമന പരമേശ്വരൻ നമ്പൂരി,, | 2—8 |
| ,, കുറവല്ലൂര കൃഷ്ണൻ നമ്പൂരി ,, | 2—8 |
| ,, മണ്ണൂഴിമനക്കൽ മഹൻ ഉപ്പൻ നമ്പൂരിപ്പാട്,, | 2—8 |
| ,, കാഞ്ഞിയൂരമനക്കൽ നാരായണൻ നമ്പൂരിപ്പാട്,, | 2—8 |
| ,, എ. നീലകണ്ഠൻ ഭട്ടതിരിപ്പാട്,, | 2—8 |
| ,, ഒരുപുലാശ്ശേരി നീലകണ്ഠൻ നമ്പൂരിപ്പാട്,, | 2—8 |
| ,, പാലയനൂര് മനക്കൽ കൃഷ്ണൻ നമ്പൂരി,, | 2—8 |
| ,, കാടമ്പറമനക്കൽ അച്ഛൻ നമ്പൂരി,, | 2—8 |
| ,, പൂമുള്ളി വലിയ നമ്പൂരിപ്പാട് ,, | 2—8 |
| ,, പാഴൂർ പടുതോൾ നാരായണൻ നമ്പൂരി,, | 2—8 |

| ബ്രഹ്മശ്രീ | അവർകൾ<br>ക. ണ. |
|---|---|
| ,, ക്രോധമംഗലത്തു വാസുദേവൻ നമ്പൂരി,, | 2—8 |
| ,, എം. ദിവാകരൻ നമ്പൂരി ,, | 2—8 |
| ,, യം. ജി. വാസുദേവൻനമ്പൂരി,, | 2—8 |
| ,, മുണ്ടനാട്ട് ശങ്കരനാരായണൻ നമ്പൂരി,, | 2—8 |
| ,, ടി. ജി. അഗ്നിശർമ്മ ,, | 1—4 |
| ,, എം. എ. കൃഷ്ണശർമ്മ ,, | 1—4 |
| ,, എം. മാധവൻ നമ്പൂരി ,, | 1—4 |
| ,, പി.ജെ ശങ്കരൻ നമ്പൂരിപ്പാട് ,, | 1—4 |
| മ. രാ. രാ. എം. രാജരാജവർമ്മ കോയിത്തമ്പുരാൻ,, | 2—8 |
| ,, കെ. എസ്. രാമമേനോൻ ,, | 1—14 |
| ,, ചിറളയത്ത് വലിയ രാജാ ,, | 2—8 |
| ,, എസ. കെ. നാരായണപിള്ള ,, | 2—8 |
| ,, കൊച്ചി ദിവാൻപേഷ്കാർ ,, | 2—7 |
| ,, മലയാളം ലൈബ്രറി സിക്രട്ടരി ,, | 2—8 |
| ,, ആർ അനന്തകൃഷ്ണയ്യർ ,, | 1—8 |
| ,, പി. ഗംഗാധരൻപിള്ള ,, | 1—4 |
| ,, കവളപ്പാറ കൊട്ടാരത്തിൽ മൂപ്പിൽനായര്,, | 2—8 |
| ,, കണ്ണമ്പ്രരാമനുണ്ണിവലിയനായർ,, | 2—8 |
| ,, യു. കേളുമേനോൻ ,, | 1—8 |
| ,, എ. വി. ജോസേഫ് ,, | 2—8 |
| ,, എം. കെ. ഉണ്ണിപ്പിള്ള ,, | 1—6 |
| ടി ,, | 1—2 |
| ,, എ. നാരായണമേനോൻ ,, | 2—8 |
| ,, കെ. ശങ്കരനാരായ ശർമ്മ ,, | 2—8 |

| മ. രാ. രാ. അവർകൾ | ക. ണ. |
|---|---|
| ,, ജി. കൃഷ്ണപിള്ള ബി. എ. | ,, 2—8 |
| ,, ഡാക്ടർ ഇ. രാമവാരിയർ | ,, 2—8 |
| ,, കെ. സി. വീരരായൻ രാജാ | ,, 1—8 |
| ,, കടത്തനാട്ട് വലിയതമ്പുരാൻ | ,, 2—8 |
| ,, വഞ്ഞിപ്പുഴരാജ | ,, 2—8 |
| ,, പാഞ്ചായത്തിൽ നാരായണൻ പിള്ള | ,, 1—4 |
| ,, കെ. എൻ. രാമൻപിള്ള | ,, 1—4 |
| ,, സി. ജി. കൃഷ്ണപിള്ള | ,, 3—8 |
| ,, എ. കെ. ഗോപാലമേനോൻ | ,, 1—4 |
| ,, എൻ. കെ. രാമുണ്ണി | ,, 2—8 |
| ,, സി. ജി. വാസുദേവപ്പൈ | ,, 2—8 |
| ,, എൻ. രാമൻപിള്ള | ,, 1—4 |
| ,, പി. എസ്സ്. രാമൻപിള്ള | ,, 1—4 |
| ,, ഇ. എൻ. കേശവപിള്ള | ,, 2—8 |
| ,, സി. എസ്സ്. ഉണ്ണികൃഷ്ണക്കയ്യാം | ,, 1—4 |
| ,, എൻ. നാരായണൻപിള്ള | ,, 1—0 |
| ,, എം. എസ്സ്. രാമമേനോൻ | ,, 1—8 |
| ,, അനന്തകൃഷ്ണയ്യർ | ,, 2—8 |
| ,, പോത്താഞ്ചേരി നാരായണൻനമ്പ്യാർ | ,, 1—4 |
| ,, K. K. Jeseph | ,, 2—8 |
| ,, ജി. ബാലകൃഷ്ണപിള്ള | ,, 1—6 |
| ,, എൻ കൃഷ്ണക്കുറുപ്പ് | ,, 1—4 |
| ,, സി. ആർ. ഗോവിന്ദപ്പിള്ള | ,, 2—8 |
| H. H. Rama Varma Reading Room വല്ലങ്കി | ,, 2 8 |
| രാ. രാ. രാ. എസ്. വെങ്കിടേശ്വരയ്യര | 2 8 |
| ,, എസ്. സുബ്രഹ്മണ്യയ്യര് | ,, 2 8 |
| ,, എ. കൃഷ്ണമേനോൻ | ,, 2 8 |
| ,, കെ. രാമകൃഷ്ണകുറുപ്പ് | ,, 2 8 |
| ,, കെ. വി. കൃഷ്ണപിള്ള | ,, 1—4 |
| ,, ടി. സി. ശങ്കരനാരായണയ്യർ | ,, 1—10 |

| മ. രാ. രാ. അവർകൾ | ക. ണ. |
|---|---|
| ,, കെ. പപ്പുണ്ണിപിള്ള | ,, 2—8 |
| ,, ആററുകടവിൽ കൃഷ്ണൻ | ,, 0—10 |
| ,, സി. ജി. പരമേശ്വരൻപിള്ള | ,, 2—8 |
| ,, കെ. കെ. മേനോൻ | ,, 2—8 |
| ,, ടി. എം. കഞ്ഞിരാമൻനായര് | ,, 2—8 |
| ,, കെ. എസ്. ഗോപാലകൃഷ്ണയ്യർ | ,, 1—4 |
| ,, കെ. പി. മേനോൻ | ,, 2—8 |
| ,, എസ്. മാധവൻപിള്ള | ,, 2—8 |
| ,, കെ. ജെ. വർഗ്ഗീസ് | ,, 2—8 |
| ,, എം. പരമേശ്വരൻപിള്ള | ,, 1—4 |
| ,, വി. ശങ്കുപിള്ള | ,, 1—6 |
| പി. ഗോവിന്ദമേനോൻ | ,, 1—0 |
| ,, എസ്സ്. സുബ്രഹ്മണ്യയ്യര | ,, 1—4 |
| ,, കെ. പി. ശങ്കരപിള്ള | ,, 2—8 |
| ,, ഭാസ്കരഭാസ്സ് വായനശാല സിക്രട്ടരി | ,, 2—8 |
| ,, എം. ഐ. അബ്രഹാം | ,, 1—4 |
| ,, ചമ്പക്കുളം ഗോവിന്ദപ്പിള്ള | ,, 0—5 |
| ,, ടി. കെ. നാരായണപിള്ള | ,, 2—8 |
| ,, സി. പീറർ | ,, 1—4 |
| ,, എസ്സ്. ഗോവിന്ദവിദ്യാർത്ഥി | ,, 2—0 |
| ,, സി. അച്യുതമേനോൻ കണ്ണൂർ | ,, 2—0 |
| ,, കെ. സി. ഉമ്മൻ | ,, 1—6 |
| ,, J ohnUooken | ,, 2—8 |
| ,, ടി. കെ. ദാമോദരമേനോൻ | ,, 2—8 |
| ,, എ. കെ. അയ്യർ | ,, 2—8 |
| ,, കെ. കുമാരവൈദ്യൻ | ,, 2—8 |
| ,, Miss Emmy Allen | ,, 1—6 |
| ,, വി. എൻ. പരമേശ്വരൻപിള്ള | ,, 1—4 |
| ,, എൻ. ആർ. നാരായണപിള്ള | ,, 2—8 |
| ,, കെ. എം. നാരായണൻ | ,, 1—4 |
| ,, വി. കെ. മാധവകുറുപ്പ് | ,, 1—4 |
| ,, Hd. master H. G. E. School കോട്ടൂർ | ,, 2—8 |

| മ. രാ. രാ. | അവർകൾ<br>ക. ണ. |
|---|---|
| ,, Hd. master H. G. E. School. ,, ശുചീന്ദ്രം | 2—8 |
| ടി പരവൂർ | 2—8 |
| ടി ചാത്തന്നൂർ | ടി |
| ടി മയ്യനാട് | ടി |
| ടി കരുനാഗപ്പിള്ളി | ടി |
| ടി കായങ്കുളം | ടി |
| ടി വെമ്പനാട് | ടി |
| ടി ഇരണിയൽ | ടി |
| ടി തിരുവട്ടാർ | ടി |
| ടി കല്ലൂളം | ടി |
| ,, എ. വി. വെങ്കിട രാമയ്യർ | ,, 2—8 |
| ,, M. J. Lazar | ,, 2—8 |
| ,, സി. പരമേശ്വരമേനോൻ | ,, 2—8 |
| ,, പി. അച്യുതമേനോൻ (പുല്ലയിൽമഠം) | ,, 1—4 |

| മ. രാ. രാ. | അവർകൾ<br>ക. ണ. |
|---|---|
| ,, C. A. Vargese | ,, 1—4 |
| ,, Piocurator St. josepeh College ,, Teppakulam | 2—8 |
| ,, എം. ഗോവിന്ദൻ | ,, 2—8 |
| ,, പി. ആർ. ഗോവിന്ദവാരിയർ | ,, 1—0 |
| ,, ജി. രാമൻപിള്ള | ,, 1—0 |
| ,, കെ. ആർ. കുഞ്ഞുകൃഷ്ണൻ | ,, 1—0 |
| ,, വി. കുഞ്ഞിരാമൻ | ,, 2—8 |
| ,, പി. നാരായണപിള്ള | ,, 1—4 |
| ,, ടി. വി. വർഗ്ഗീസ് | ,, 10ണ. 8പൈ. |
| ,, കെ. ജി. കൊച്ചുണ്ണിനായര | ,, 1—4 |
| ,, എൻ. അയ്യപ്പകുറുപ്പ് | ,, 1—4 |
| ,, Hd. Master St. Aloysius Thiruvalla | ,, 0—10 |
| ,, കെ. എസ്സ്. നാരായണപിള്ള | ,, 1—4 |
| ,, എൻ. ജി. ഉണ്ണിത്താൻ | ,, 1—4 |

പേരിനോ സംഖ്യക്കോ വ്യത്യാസമുണ്ടെങ്കിൽ ഉടനെ അറിവുതരേണ്ടതാണ്.